

ഗുരുസമക്ഷം

ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ

ശ്രീ എം

തികഞ്ഞ അർഷണമനോഭാവവും ആത്മാർത്ഥതയും ഏകാഗ്രതയും കൊണ്ട് ആത്മീയ ദാരിദ്ര്യത്തിൽനിന്നും ആത്മീയ സമ്പന്നതയിലേക്ക് ഉയർന്ന് ശ്രീ എം എന്ന യോഗിയായിത്തീർന്ന കേരളീയയുവാവിന്റെ ജീവിതകഥയാണ് ഈ പുസ്തകം. അദ്ദേഹം തന്റെ ലളിത മായ ഗദ്യത്തിൽ ഹിമാലയനിരകളിലേക്കും തിരിച്ചുമുള്ള വിസ്മയകരമായ യാത്ര, ഉപനിഷത് ചിന്തകൾ, നേർ അനുഭവ ത്തിൽനിന്നും രൂപംകൊണ്ട ആഴമേറിയ ആധ്യാത്മിക ഉൾക്കാഴ്ചകൾ തുട ങ്ങിയവ വിവരിക്കുന്നു. ചിന്തോദ്ദീപക മായൊരു യാത്രാനുഭവംപോലെ സവി ശേഷമായൊരു വായനാനുഭവം പ്ര ദാനം ചെയ്യുന്ന കൃതി. ഈ സംഭവകഥ യുടെ അസാധാരണതകളിൽ ഒന്നുമാ ത്രമാണ് ശ്രീ എമ്മിന്റെ ജനനം മുംതാസ് അലി ആയിട്ടായിരുന്നു എന്നത്.

'കാര്യങ്ങൾ ലളിതവും വളച്ചുകെട്ടി ല്ലാത്തതുമാക്കുക. കോലാഹലങ്ങ ളൊന്നും വേണ്ട. മറ്റെല്ലാവരെയും പോലെതന്നെ ഈ ലോകത്തു ജീവി ക്കുക. മഹത്ത്വം ഒരിക്കലും പരസ്യ പ്പെടുത്തേണ്ടതില്ല. അടുത്തെത്തുന്ന വർ അത് സ്വയം കണ്ടെത്തിക്കൊള്ളും. സുഹൃത്തുക്കൾക്കും കൂടെ പ്രവർത്തി ക്കുന്നവർക്കും ഒരു മാതൃകയായി ത്തീരുക. നിങ്ങൾക്ക് ഈ ലോകത്ത് സന്തോഷപൂർവ്വം ആത്മീയതയുമായി സമരസപ്പെട്ടു ജീവിക്കാനാകും'.

-ബാബാജി

'വ്യാപിക്കുക എന്ന അർത്ഥമുള്ള ബൃഹ് എന്ന പദത്തിൽനിന്നാണ് ബ്രഹ്മൻ എന്നവാക്ക് രൂപംകൊണ്ടത്. അനന്ത മായ ഈ വ്യാപകത്വമാകട്ടെ ആന്തരി കമായൊരു യാഥാർഥ്യമാണ്. എന്നാൽ ബഹുഭൂരിപക്ഷം മനുഷ്യരും ഇതിനെ ബാഹ്യമായ പ്രക്രിയയായി തെറ്റിദ്ധരി ച്ചിരിക്കുന്നു. ഈ തെറ്റിദ്ധാരണയാണ് മനുഷ്യന്റെ എല്ലാ ദുരിതങ്ങൾക്കും കാരണം. ക്രിയയുടെ പാഠങ്ങളും സങ്കേതങ്ങളും അനുയോജ്യരായ വർക്കു പകർന്നു നൽകുക. അവരുടെ ബോധം ബഹുമുഖമായിത്തീരട്ടെ.

-ശ്രീ ഗുരു

ഗുരുസമക്ഷം

ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ

ഡി. തങ്കപ്പൻനായർ

1932-ൽ തിരുവനന്തപുരത്തു ജനിച്ചു. മാവേലിക്കര ബിഷപ്പ് മൂർ കോളജ് ഹിന്ദി വിഭാഗം തലവനായി ഔദ്യോഗികജീവിതത്തിൽനിന്നും വിരമിച്ചു. *കുറ്റവും ശിക്ഷയും, അവസാനത്തെ മോഹികൻ, അന്ന കരെനീന, അമ്മ, പാവങ്ങൾ, യുദ്ധവും സമാധാനവും, തൗസന്റ് ലീഗ്സ് അണ്ടർ ദി സീ* തുടങ്ങി വിശ്വസാഹിത്യത്തിലെ ക്ലാസ്സിക് രച നകളെല്ലാംതന്നെ മലയാളത്തിൽ പുനരാഖ്യാനംചെയ്ത് പ്രസിദ്ധീകരി ച്ചിട്ടുണ്ട്.

ശ്രീ എമ്മിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഗുരുസമക്ഷം-ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ
ഹൃദയകമലത്തിലെ രത്നം-സനാതനധർമ്മത്തിന്റെ ശാശ്വതമൂല്യങ്ങൾ
ഋഷീശ്വരൻമാരുടെ ദിവ്യദർശനം

ശ്രീ എം

ഗുരുസമക്ഷം

ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ

വിവർത്തനം

ഡി. തങ്കപ്പൻനായർ

MALAYALAM LANGUAGE
ORIGINAL ENGLISH TITLE
Apprenticed to a Himalayan Master-A Yogi's Autobiography

LITERATURE/AUTOBIOGRAPHY
by Sri M

MALAYALAM TITLE
Gurusamaksham-Oru Himālayan Yogiyude Āthmakadha

Translated by D. Thankappan Nair
All Rights Reserved

First Published April 2012
6th impression October 2014

FRONT COVER PHOTOGRAPH
Naresh Raman

PUBLISHERS
DC Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA

Sri M.
Gurusamaksham: oru Himalayan yogiyude athmakadha/Sri M;
Malayalam translation/D. Thankappan Nair.
384p., 21cm.
ISBN 978-81-264-3504-3.
Malayalam translation of 'Apprenticed to a Himalayan Master'.
I. Biographies. 2. Hinduism. 3. Malayalam translations.
1. Sri M. II. Title. III. Title-English.
922.945 4—dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 978-81-264-3504-3

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 295.00

594/14-15-Sl.No. 13970-dcb 5084-(6)2000-6540-10-14-Spb 18.1-p en-r (t) sh-d (t) sk

കടപ്പാട്

ഇനിപ്പറയുന്ന സുഹൃത്തുക്കളോട് ഞാൻ എന്റെ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കട്ടെ. അവരുടെ സഹായമില്ലായിരുന്നെങ്കിൽ ഈയൊരു പുസ്തകം സാധ്യമാകുകയില്ലായിരുന്നു.

പലപ്പോഴും അവ്യക്തമായ എന്റെ കുറിപ്പുകളെ അധ്വാനത്തോടും ശ്രദ്ധയോടുംകൂടി പരിശ്രമിച്ച്, വായിക്കാവുന്ന തരത്തിലുള്ളൊരു കൈയെഴുത്തുപ്രതിയാക്കി മാറ്റിയ കൈസർ കറാച്ചിവാല.

ആരംഭംമുതൽതന്നെ പ്രസാധനത്തിന്റെയും വില്പനയുടെയും ചുമതലകൾ നിസ്വാർത്ഥമായി ഏറ്റെടുക്കുകയും കാര്യപ്രാപ്തിയോടെ നടപ്പാക്കുകയും ചെയ്ത ബാലാജിയും ശ്രീധറും.

തുടക്കം മുതൽതന്നെ ചിത്രങ്ങൾ സൂക്ഷിക്കുകയും അവരുടെ ഉദ്യമത്തെ അംഗീകരിക്കാനുള്ള എന്റെ മടിയെ അവഗണിച്ചുകൊണ്ട് മോശമല്ലാത്തൊരു ഫോട്ടോ ആർക്കൈവ് ഉണ്ടാക്കുകയും ചെയ്ത ശോഭാ റെഡ്ഡി. ഈ പുസ്തകത്തിൽ നിങ്ങൾ കാണുന്ന ചിത്രങ്ങൾ തിഞ്ഞെടുക്കാൻ എന്നെ സസൂക്ഷ്മം സഹായിച്ചതും അവർതന്നെ.

ചിത്രങ്ങൾ തിരഞ്ഞെടുക്കുവാനും ചിത്രപ്പേജുകൾ തയ്യാറാക്കുവാനും സഹായിച്ച എന്റെ മകൻ റോഷൻ, സുഹൃത്ത് രാഗമഹേന്ദ്രു.

ഓഫീസ് കാര്യങ്ങൾ നിർവ്വഹിച്ച വിജയ് ഭാസ്കർ. എന്റെ ജീവിതത്തിലെ ഇതുവരെ രഹസ്യമായിരുന്ന, ആർക്കും അറിയാൻ പാടില്ലാത്ത അധ്യായങ്ങൾ അറിയണമെന്നാഗ്രഹിക്കുകയും ഈ പുസ്തകം രചിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയും ചെയ്ത എല്ലാ സുഹൃത്തുക്കളും.

ഓരോരുത്തർക്കും നന്ദി.

ശ്രീ എം.

ആമുഖം

ഈ സാഹസിക യാത്രയിൽ നിങ്ങളെ, ഞാനെന്നോടൊപ്പം ഭാരതത്തിന്റെ ദക്ഷിണതീരത്തുനിന്നും നിഗൂഢമായ ഹിമാലയത്തിന്റെ മഞ്ഞുമൂടിയ മലകളിലേക്കു കൂട്ടിക്കൊണ്ടു പോയി അസാധാരണ വ്യക്തിത്വങ്ങളുമായുള്ള കണ്ടുമുട്ടലും അസാമാന്യവും അത്യുജ്ജ്വലവുമായ ചില സംഭവങ്ങളും വിവരിക്കുന്നതിനുമുമ്പ് എല്ലാറ്റിനെയും അതിന്റെ ശരിയായ കാഴ്ചപ്പാടിലുറപ്പിക്കുന്നതിന് ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള അനുഭവങ്ങളിലധികവും ഞാൻ ഇതുവരെ എന്റെ ഹൃദയത്തോടു ചേർത്തുവച്ചിരിക്കുകയായിരുന്നു. എന്റെ മനസ്സിന്റെ അടിത്തട്ടിൽ കിടക്കുന്നവയെക്കുറിച്ച് ചെറിയ ചില സൂചനകളിൽ കൂടുതലൊന്നുംതന്നെ നല്കുന്നതിന് എന്നെ നിർബ്ബന്ധിക്കാൻ എന്റെ ഏറ്റവുമടുത്ത സുഹൃത്തുക്കളെപ്പോലും ഞാൻ അനുവദിച്ചിട്ടില്ല.

എന്തുകൊണ്ടാവും ഞാൻ ഇക്കാര്യങ്ങളിൽ ഇത്രയും രഹസ്യാത്മകമായത്? എന്തുകൊണ്ടാവും അവ ഇപ്പോൾ കൂടുതുറന്നുവിടുന്നത്?

ഈ ചോദ്യങ്ങൾക്ക് ഞാൻ ഉത്തരം പറയാം.

എന്നെങ്കിലുമൊരിക്കൽ ഞാനൊരു ആത്മകഥ എഴുതുമെന്ന് എന്റെ ഗുരുബാബാജി മുന്നേ സൂചിപ്പിച്ചിരുന്നെങ്കിലും അദ്ദേഹം അതിനുള്ള പച്ചക്കൊടി കാട്ടിയത് രണ്ടു വർഷം മുമ്പ് മാത്രമാണ്. അതിനായി കാത്തിരിക്കുകയായിരുന്നു ഞാൻ. അതിനുശേഷവും ഒരു ആറുമാസം കൂടി അവധാനപൂർവ്വം ആലോചിച്ചതിനുശേഷമാണ് ഞാൻ മടിച്ചുമടിച്ച് എഴുതിത്തുടങ്ങിയത്. പ്രധാനമായും രണ്ടു കാരണങ്ങൾകൊണ്ടായിരുന്നു അത്.

മനോമോഹനമായ അനുഭവകഥയുടെ വിചിത്രലോകത്ത് അകപ്പെട്ടുപോയാൽ, യഥാർത്ഥ ആത്മീയാന്വേഷകർക്ക് ആധ്യാത്മികയാത്രയുടെ പ്രായോഗികവും അവശ്യവുമായ ഘടകങ്ങൾ നഷ്ടപ്പെട്ടുപോയേക്കാമെന്ന ഭീതിയാണ് ആദ്യത്തേത്.

വിമർശനാത്മകമായി പഠിക്കുന്നവർക്ക് ഈ പുസ്തകത്തിലെ ചില വിവരണങ്ങൾ അവിശ്വസനീയമാംവിധം അപരിചിതമാണ്. അവർ ഈ ഗ്രന്ഥമപ്പാടെ കെട്ടുകഥയാണെന്നു പറഞ്ഞു തള്ളിക്കളയാമെന്നത് രണ്ടാമത്തെ കാരണമാണ്.

എന്നിരുന്നാലും ഇനി ഞാൻ പറയുന്ന കാരണങ്ങൾ ആത്മകഥ എഴുതുന്നതിലേക്കുതന്നെ എന്നെ നയിച്ചു.

ഒന്നാമതായി അനുഭവിച്ചത് എന്തായാലും അതു രേഖപ്പെടുത്തുക എന്നതാണ് എന്റെ കർത്തവ്യമെന്ന് ഞാൻ കരുതുന്നു. അതു സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യുക എന്നത് സംശയാലുക്കളായ ചെറിയ ഒരു കൂട്ടം വായനക്കാർക്കു വിടുന്നു. ഒരു ന്യൂനപക്ഷത്തെ ഭയന്നിട്ട്, എന്റെ അനുഭവകഥകൾ പങ്കുവയ്ക്കാതിരുന്നാൽ അതു ഭൂരിപക്ഷത്തോടു ചെയ്യുന്ന അനീതിയാകുമെന്നാണ് എനിക്കു തോന്നുന്നത്.

രണ്ടാമതായി, 'ഒരു യോഗിയുടെ ആത്മകഥ' പ്രസിദ്ധീകരിക്കപ്പെട്ട ശേഷം പുറത്തുവന്നിട്ടുള്ള ആധികാരികമായ ആധ്യാത്മിക ജീവചരിത്രങ്ങളുടെ എണ്ണം തുലോം കുറവാണ്. അങ്ങനെ വന്നവയുടെതന്നെയാകട്ടെ രചയിതാക്കൾ ഇന്ന് ജീവിച്ചിരിക്കുന്നവരോ സംവാദങ്ങൾക്കായി ലഭ്യമാകുന്നവരോ അല്ല. സ്വാമി യോഗാനന്ദന്റെ ആത്മകഥ എത്രമാത്രം ആധികാരികമായിരുന്നാലും അദ്ദേഹം വ്യക്തിപരമായി വളരെയധികം സമയം ഹിമാലയത്തിൽ ചെലവഴിച്ചിട്ടുള്ളയാളല്ല. അതുകൊണ്ടൊക്കെ, എന്റെ അനുഭവങ്ങൾ, പ്രത്യേകിച്ചും ഹിമാലയത്തിൽവച്ച് ലഭ്യമായവ ഇപ്പോൾത്തന്നെ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കേണ്ടതു പ്രധാനമാണെന്നു തോന്നി. അപ്പോൾ നിങ്ങൾക്കു നേരിട്ടൊരു സംഭാഷണത്തിന് എന്നെ ലഭിക്കുകയും ചെയ്യും.

ബാബാജി, ശ്രീഗുരു തുടങ്ങിയ മഹാഗുരുക്കന്മാരുടെ അസ്തിത്വം വളരെക്കുറച്ചുപേർക്കേ അറിയൂ. എങ്കിലും ആത്മീയതരംഗങ്ങളുടെ രൂപപ്പെടലിൽ അവരുടെ മൗനസ്വാധീനമുണ്ടെന്നു തെളിയിക്കുക എന്നതാണ് എന്റെ മൂന്നാമത്തെ ആഗ്രഹം.

വായനക്കാരോട് എനിക്ക് ഒരു അഭ്യർത്ഥന മാത്രമേയുള്ളൂ. ചില ഭാഗങ്ങൾ അങ്ങേയറ്റം ഭാവനാത്മകമാണെന്നു തോന്നുന്നെങ്കിൽ ആ ഭാഗമങ്ങു വിട്ടുകളയുക. എന്നിട്ടു ബാക്കി ഭാഗങ്ങൾ വായിക്കുക. അതുകൊണ്ട് അവർക്ക് ശ്രീഗുരുവും ബാബാജിയും നല്കുന്ന പാഠങ്ങൾ നഷ്ടമാകാതിരിക്കും. "അദ്ദേഹത്തിന്റെ അനുഗൃഹീതമായ പാദത്തിൽ നിന്നുള്ള ഒരു ധൂളിക്കുപോലും ആയിരക്കണക്കിന് വിവേകാനന്ദൻമാരെ സൃഷ്ടിക്കാൻ കഴിയും." സ്വാമി വിവേകാനന്ദൻ തന്റെ ഗുരുവിനെപ്പറ്റി പറഞ്ഞതാണ് ഈ വാചകം. ഇതുതന്നെയാണ് എനിക്ക് എന്റെ ഗുരുനാഥനെപ്പറ്റിയും പറയാനുള്ളത്.

അവിടെ വിവേകാനന്ദൻ എന്നയിടത്ത് 'എം' എന്നു ചേർത്തുനോക്കൂ, ഞാൻ പറഞ്ഞതെന്താണെന്നു മനസ്സിലാകും. അതുകൊണ്ട് പ്രിയപ്പെട്ട വായനക്കാരേ, വിസ്മയകരമായ ഈ യാത്രയിൽ എന്നോടൊപ്പം പങ്കുചേരൂ, ഗുരുകടാക്ഷങ്ങൾ എപ്പോഴും നിങ്ങളോടൊപ്പമുണ്ടാകട്ടെ.

ഉള്ളടക്കം

ആരംഭം	13
ഹിമാലയത്തിലെ ഗുരുവിന്റെ സന്ദർശനം	27
ഗായത്രി മന്ത്രം	32
യോഗി ഗോപാലസ്വാമിയുമായുള്ള കൂടിക്കാഴ്ച	38
ഈശ്വരലഹരിയിൽ മുഴുകിയ സൂഫി	46
സുബ്രഹ്മണ്യക്ഷേത്രത്തിനുള്ളിൽ	50
ആരോഹണത്തിനുള്ള തയ്യാറെടുപ്പ്	54
ശ്രീനാരായണഗുരു ചരിതം	61
തക്കസമയത്ത് ലഭിച്ച അസാധാരണമായ ഊർജ്ജം	65
മസ്താൻ ചൊരിഞ്ഞ അനുഗ്രഹങ്ങൾ	70
മൂന്നു സന്ന്യാസിമാർ	77
മായിമാ	84
വിശുദ്ധമായ ആഹ്ലാദോന്മാദം	89
പരീക്ഷണ ഓട്ടം	93
ഹിമാലയത്തിലേക്ക്	99
വസിഷ്ഠഗുഹ	114
നാഗസന്ന്യാസിയും മഹാമന്ത്രപഠനവും	120
ചെരുപ്പുകുത്തിയും സന്ന്യാസിയും	126
ബദരീനാഥിൽ എത്തിയ സത്യാന്വേഷകൻ	130
ബാബാജീ ദർശനം	135
എന്റെ പ്രഥമ ദീക്ഷാസംസ്കാരം	138
കുണ്ഡലിനിയെ ഉണർത്തൽ	143
പ്രായംചെന്ന ടിബറ്റൻ ലാമ	146
യോഗവും വേദാന്തവും നാഥസമ്പ്രദായവും	151
തോലിംഗ്മഠവും പർവ്വത മനുഷ്യനും	157

പൂക്കളുടെ താഴ്വരയും ഹേമകുണ്ഡും 165
സിദ്ധരുമായുള്ള കൂടിക്കാഴ്ച 170
പല മാർഗ്ഗങ്ങളിലേക്കും നയിച്ച കേദാർനാഥ് 179
ആകാശത്തുനിന്നൊരു അത്ഭുതം 185
ശ്രീഗുരുബാബാജി ദർശന സുകൃതം 192
യഥാർത്ഥ പുണ്യാത്മാവ് 207
ശ്രീ വിദ്യാദീക്ഷ 216
ജർമ്മൻകാരനിൽ നിന്നും പഠിച്ച പാഠങ്ങൾ 221
തിരുവനന്തപുരത്തേക്കുള്ള മടക്കയാത്ര 225
ദൗത്യത്തിനുള്ള തയ്യാറെടുപ്പുകൾ 231
സൂഫിഗുരുവിൽനിന്നും ലഭിച്ച പാഠങ്ങൾ 235
രാമകൃഷ്ണമിഷൻ 244
ശ്രീദേവിയും നീംകരോലി ബാബയും 253
ബനാറസ്സിലെ അഘോരി 261
ആളന്ദിയും ഷിർദ്ദിയും 269
കൂടുതൽ യാത്രകളും പുതിയ ഉൾക്കാഴ്ചകളും 276
മുംബൈയിലെ താജിൽ ബാബാജി 286
ലക്ഷ്മൺ ജൂ, ജെ.കൃഷ്ണമൂർത്തി എന്നിവരുമായുള്ള സമാഗമം 292
വസന്ത് വിഹാർ 302
ബാബാജി ദേഹം വെടിയുന്നു. 317
കൃഷ്ണമൂർത്തിയുടെ അന്ത്യം 322
വിവാഹവും നീൽബാഗിലെ താമസവും 327
നീൽബാഗും സത്സംഗ് ട്രെയിനും 332
കൈലാസ - മാനസസരോവർ യാത്ര 337
യാത്ര തുടരുന്നു 348

ഇനി നമുക്ക് യാത്ര തുടങ്ങാം

ഒന്ന്

ആരംഭം

ഭാരതത്തിന്റെ ഏറ്റവും തെക്കേ അറ്റത്തെ സംസ്ഥാനമായ കേരളത്തിലെ പത്തൊമ്പതു വയസ്സുള്ള ഒരു യുവാവ് നാല്പതു വർഷം മുമ്പ് ഹിമാലയത്തിന്റെ മുകൾഭാഗത്ത് ഭാരത - ടിബറ്റൻ അതിർത്തി പ്രദേശങ്ങളിലൊന്നായ ബദരീനാഥിനു സമീപത്തുള്ള വ്യാസഗുഹയിൽ അഗാധമായ ധ്യാനത്തിൽ മുഴുകിയിരുന്നത് ശ്രദ്ധിക്കപ്പെടുകയുണ്ടായി. അക്കാലത്ത് ഒരു കൗമാരപ്രായക്കാരൻ വിദൂരമായ ഹിമാലയത്തിലേക്ക് ധ്യാനിക്കുന്നതിനു പോകുക എന്നത് ഒരു സാധാരണ സംഭവമായിരുന്നില്ല. പ്രസ്തുത യുവാവ് ഹിന്ദു ആയിരുന്നില്ല. അതിനാൽ ആ സംഭവം ഏവർക്കും ഏറക്കുറെ അവിശ്വസനീയമായി അനുഭവപ്പെട്ടു.

ഈ യുവാവ് എങ്ങനെ ഒരു യോഗി ആയി എന്നതും, സങ്കല്പിക്കാനാവാത്ത ആത്മീയ ശക്തിയും ചിന്താശക്തിയും ആവശ്യമുള്ള നിഗൂഢവും ആകർഷകവുമായ ഒരു ലോകത്തിലേക്ക് എങ്ങനെ ആനയിക്കപ്പെട്ടു എന്നതുമാണ് എന്റെ ജീവിതകഥ. പ്രസ്തുത യുവാവ് ഞാനായിരുന്നു.

നിങ്ങൾ എന്നെ അനുവദിക്കുമെങ്കിൽ, ഞാൻ ആദ്യം മുതൽ ആരംഭിക്കാം. നമുക്കു കഴിവതും വേഗം ഹൈമവതഭൂമിയിലേക്ക് ഒരുമിച്ചു പോകാം. മഞ്ഞുകൊണ്ടു മൂടിയ ഹിമാലയസാനുക്കളിലാണ് എന്റെ സുഹൃത്തും, ദാർശനികനും, മാർഗ്ഗദർശിയും, എനിക്കേറ്റവും പ്രിയപ്പെട്ട ആചാര്യനും ആയ എന്റെ ഗുരു വസിച്ചിരുന്നത്. അദ്ദേഹത്തിന്റെ കാരുണ്യവും അനുഗ്രഹവുംകൊണ്ടാണ് ഞാൻ ബോധത്തിന്റെ അത്യുന്നതതലങ്ങളിൽ വിഹരിക്കാൻ അഭ്യസിച്ചത്.

ആ പ്രദേശങ്ങളുടെ മഹിമയെ വാഴ്ത്താൻ എന്റെ വാക്കുകൾക്കു കഴിയുമെന്നു തോന്നുന്നില്ല. എങ്കിലും അതിനുവേണ്ടി വാക്കുകളെ ആശ്രയിക്കാതെ എന്തു ചെയ്യാൻ കഴിയും? നല്ല സുഹൃത്തുക്കളായി നമുക്കു യാത്ര തുടരാം. അത്ഭുതകരമായ പല കാഴ്ചകളും കണ്ടുകൊണ്ട് മരക്കൂട്ടങ്ങൾ നിറഞ്ഞ കാട്ടിലൂടെ സഞ്ചരിക്കാം. ഇളംകാറ്റിൽ ഉലയുന്ന മനോഹരമായ പൂക്കൾ കാണാം. പാഞ്ഞൊഴുകുന്ന വലിയ പുഴ കാണാം. ആ പുഴയെ നിശ്ശബ്ദം നോക്കി നില്ക്കുന്ന വൻമരങ്ങൾ കാണാം. ഈ യാത്ര ഒടുവിൽ നമ്മെ ഒരിടത്ത് കൊണ്ടെത്തിക്കും. അന്നേരം മഞ്ഞുകൊണ്ടു മൂടിയ ധവള ഹിമാലയ ദർശനം നമ്മെ അത്ഭുതസ്തബ്ധരാക്കും. പ്രാചീന ഋഷികളും ഹിമാലയത്തെ പാടിപ്പുകഴ്ത്തിയിട്ടുണ്ട്: *യദ് വാചാ ന അഭ്യുതിതം:* വാക്കുകൾക്കുപോലും അതിന്റെ ശക്തിയും മഹിമയും ഉൾക്കൊള്ളാൻ കഴിയുകയില്ല.

തിരുവനന്തപുരത്താണ് ഞാൻ ജനിച്ചത്. അനന്തനിൽ വിഷ്ണുഭഗവാൻ ശയിക്കുന്ന നഗരമാണ് തിരുവനന്തപുരം. *അനന്തം* എന്ന വാക്കിന് അവസാന

മില്ലാത്തത്, അപാരം എന്നൊക്കെ അർത്ഥമുണ്ട്. നൂറുകൊല്ലം ഇന്ത്യ ഭരിച്ച ബ്രിട്ടീഷുകാരാണ് തിരുവനന്തപുരത്തെ ട്രിവാൻഡ്രം എന്ന് പുനർനാമകരണം ചെയ്തത്. ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കടലോരനഗരമായ തിരുവനന്തപുരം കേരളസംസ്ഥാനത്തിന്റെ രാജധാനിയാണ്. 1948-ലെ കേരളം മലകളും പുഴകളും നിറഞ്ഞ ഹരിതാഭമായ വിശാലമായൊരു ഗ്രാമം പോലെയായിരുന്നു.

1948 നവംബർ മാസം ആറിനാണ് ഞാൻ ജനിച്ചത്. എന്റെ പൂർവ്വികർ തിരുവിതാംകൂർ ഭരിച്ചിരുന്ന ശക്തനായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് തിരുവിതാംകൂറിലേക്കു കുടിയേറിപ്പാർത്ത പത്താൻ വംശജരായിരുന്നു.

ചില സന്ദർഭങ്ങളിൽ നാം പറയാറുണ്ട്: 'കുചേലൻ കുബേരനായി' എന്ന്. ഈ പ്രസ്താവം എനിക്കും ബാധകമാണ്, മറ്റൊരു രീതിയിലാണെന്നുമാത്രം. എന്തുകൊണ്ടെന്നാൽ, തികഞ്ഞ ആത്മാർത്ഥതയും, അടിയുറച്ച ലക്ഷ്യ ബോധവും, അപകടങ്ങളെ നേരിടാനുള്ള സന്നദ്ധതയും, പരാജയം സ്വീകരിക്കാൻ കൂസാത്ത മനസ്സും ഉള്ള ഒരു സാധാരണ ബാലന്റെ വികാസം പ്രാപിച്ച ബോധം ഹിമാലയത്തിന്റെ ഔന്നത്യത്തിൽ എത്തിച്ചേർന്നതിന്റെ കഥയാണ് എനിക്കു പറയാനുള്ളത്.

ഇത്തരുണത്തിൽ ഏറ്റവും സുപ്രധാനമായ ഒരു സത്യം വെളിപ്പെടുത്താനാഗ്രഹിക്കുന്നു. എനിക്കു മഹാനായ ഒരു ഗുരുവിന്റെ മാർഗ്ഗനിർദ്ദേശങ്ങളും ആശീർവാദങ്ങളും വേണ്ടുവോളം ലഭിക്കുകയുണ്ടായി. അദ്ദേഹം എന്നോട് അളവറ്റ സ്നേഹവും വാത്സല്യവും പ്രകടിപ്പിക്കുകയും കണ്ടിട്ടില്ലാത്ത ഏറെ പ്രദേശങ്ങളിലൂടെ യാത്ര ചെയ്യുന്നതിന് എന്നെ സഹായിക്കുകയും ചെയ്തു. അദ്ദേഹം ഒരിക്കൽപ്പോലും ചോദ്യം ചെയ്യാനുള്ള എന്റെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തിയിട്ടില്ല. സഹായത്തിനുവേണ്ടി കൈനീട്ടാൻ എന്നെ അനുവദിച്ചിരുന്നില്ല. അല്ലായിരുന്നുവെങ്കിൽ ഞാൻ അലസനും മറ്റുള്ളവരെ ആശ്രയിച്ചു കഴിയുന്ന ഒരാളും ആയി മാറുമായിരുന്നു. അദ്ദേഹം എന്നിലുള്ള എല്ലാ കുറവുകളും ക്ഷമിച്ചു. പ്രതികരണങ്ങളെ നിയന്ത്രിക്കുകയും ചെയ്തു. അദ്ദേഹംതന്നെയാണ് എന്റെ അച്ഛനും അമ്മയും ഗുരുവും പ്രിയ സുഹൃത്തും ഒക്കെ. അങ്ങനെയുള്ള ആ മഹാത്മാവിനെ എനിക്ക് എപ്പോഴെങ്കിലും മറക്കാൻ കഴിയുമോ?

എനിക്കു കഷ്ടിച്ച് ഒമ്പത് വയസ്സുള്ളപ്പോൾ എന്റെ ജീവിതത്തിലേക്കു കടന്നുവരാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് എന്നോടുള്ള ദയയാണോ? അതോ ലൗകികജീവിതത്തിൽ നാം കണക്കാക്കുന്ന ആയുസ്സുകൾക്ക് അപ്പുറത്ത് നിലനില്ക്കുന്ന ഒരു ബന്ധമാണോ? ഈ കഥ അവസാനിച്ചതിനുശേഷം അതെപ്പറ്റി നിങ്ങൾക്കുതന്നെ ഒരു തീരുമാനത്തിലെത്താം.

ബാബാജി (അച്ഛൻ) എന്നാണ് ഞാൻ എന്റെ ഗുരുവിനെ സംബോധന ചെയ്തിരുന്നത്. അദ്ദേഹം പലപ്പോഴും എന്നോടു പറഞ്ഞിട്ടുണ്ട്: "എല്ലാ കാര്യങ്ങളിലും ലാളിത്യം പുലർത്തണം. നേരായ മാർഗ്ഗത്തിൽ ചരിക്കണം: ആരുംതന്നെ നിങ്ങളെ ഒരു ഭീകരജീവിയായി കാണാൻ ഇടയാക്കരുത് മറ്റുള്ളവരെപ്പോലെതന്നെ നിങ്ങൾ ഈ ലോകത്തിൽ ജീവിക്കൂ. മഹത്ത്വം ഒരിക്കലും പരസ്യപ്പെടുത്തരുത്. അടുത്തു കഴിയുന്നവർ സ്വയം അത് മനസ്സിലാക്കിക്കൊള്ളും. ഈ ലോകത്തിൽ സന്തോഷത്തോടെ ജീവിക്കുകയും അതേസമയം പര

ബ്രഹ്മത്തിൽ ലീനചിത്തനായി വിപുലമായ ഊർജ്ജവും മഹിമയും എങ്ങനെ കൈവരിക്കാൻ കഴിയും എന്നത് സ്വന്തം ജീവിതത്തെ മാതൃകയാക്കി സുഹൃത്തുക്കൾക്കു കാണിച്ചുകൊടുക്കൂ."

ചില കാര്യങ്ങൾ എനിക്കു പറയാതിരിക്കാൻ കഴിയുകയില്ല. അത് എന്റെ ഒമ്പതാമത്തെ ജന്മദിനത്തിനുശേഷം ആറുമാസം കഴിഞ്ഞ് ദയാപരനായ ഗുരു വിധിനിർണ്ണായകമായ ദിവസത്തിൽ എന്റെ ജീവിതത്തിലേക്കു കടന്നുവരുന്നതിനു മുമ്പുള്ള കാര്യങ്ങളാണ്.

(i) ഞാൻ ജനിച്ച നാൾ മുതൽ ഒരു കാൽ മടക്കി മറ്റേ കാലിന്റെ മുട്ടിൽ വയ്ക്കുന്ന ഒരു പ്രവണത എനിക്കുണ്ടായിരുന്നു. എന്റെ ആദ്യത്തെ ഫോട്ടോയിൽ (ജനിച്ച് രണ്ടരമാസം മാത്രം കഴിഞ്ഞപ്പോൾ എടുത്തത്) ഇത്തരത്തിലുള്ള അംഗവിന്യാസം കാണാവുന്നതാണ്. ഈ ശീലം തുടരുകയും പ്രായമായപ്പോൾ യോഗികൾ ഒരു കാൽ മറ്റേകാലിന്റെ മുട്ടിൽ പരസ്പരം വച്ചുകൊണ്ടിരിക്കുന്നതും കാണാനിടയായിട്ടുണ്ട്. ആ ഇരിപ്പ് എനിക്ക് ഏറ്റവും സുഖകരമായ രീതിയിലുള്ളതാണ്. ഞാൻ എവിടെ പോയാലും ഇന്നും ഊണുമേശയ്ക്കരികിൽ ഇട്ടിരിക്കുന്ന കസേരയിൽ ആതിഥേയന് എതിർപ്പില്ലെങ്കിൽ അങ്ങനെയാണ് ഇരിക്കാറ്.

(ii) അഞ്ചരവയസ്സു മുതൽ പത്തുവയസ്സുവരെ ഞാൻ പതിവായി ഭയാനകമായ സ്വപ്നങ്ങൾ കണ്ടിരുന്നു. ഏകദേശം അർദ്ധരാത്രി സമയത്ത് ഉറക്കത്തിൽ ഞാൻ ഭീമാകാരനായ പകുതി മനുഷ്യരൂപമുള്ള, കോമ്പല്ലുകളും കൂർത്ത നഖങ്ങളുമുള്ള ഒരു രാക്ഷസനെ കാണും. കഥകളിനടന്റെ വേഷത്തോട് സാദൃശ്യമുണ്ടായിരുന്നു ആ സാത്താന്. ആ രൂപം എന്നെ പിടിച്ചുകൊണ്ടു പോകാൻ ശ്രമിക്കും. ബാഹ്യലോകം ഉറക്കത്തിലാണ്ടിരിക്കുന്ന ആ സമയത്ത് ഞാൻ നിലവിളിച്ചുകൊണ്ട് വീടിനു പുറത്തേക്ക് ഓടും. ഭീകരരൂപങ്ങളെ പിന്തുടർന്നുകൊണ്ട് 'എനിക്ക് അങ്ങോട്ട് പോണം' എന്ന് അലറി വിളിക്കും.

മിക്കപ്പോഴും എന്റെ അച്ഛനമ്മമാർ എന്നെ പിന്തുടരും. എന്റെ അച്ഛനു മാത്രമേ എന്റെ ചെവിയിൽ എന്റെ പേര് അത്യുച്ചത്തിൽ വിളിച്ചുകൊണ്ട് എന്നെ മയക്കത്തിൽനിന്ന് ഉണർത്താൻ കഴിഞ്ഞിരുന്നുള്ളൂ. എന്തൊക്കെയായാലും ഒരിക്കൽപ്പോലും പ്രേതങ്ങൾക്ക് എന്റെ ദേഹത്ത് കൈവയ്ക്കാൻ കഴിഞ്ഞിട്ടില്ല.

പല ചികിത്സകളും നടത്തിനോക്കി. മാന്ത്രികച്ചരട് കെട്ടി നോക്കി. ഒരു പ്രയോജനവും കിട്ടിയില്ല. ഞാൻ എന്റെ ഗുരുവിനെ ആദ്യമായി സന്ദർശിച്ചതിനുശേഷം പിന്നീടൊരിക്കലും പേടിസ്വപ്നങ്ങൾ കണ്ടിട്ടില്ല. ഞാൻ എന്തിൽനിന്നാണ് ഓടിക്കൊണ്ടിരുന്നത് എന്നും എവിടേക്കാണ് പോകേണ്ടത് എന്നും മനസ്സിലാക്കുന്നതിന് എനിക്ക് എത്രയോ വർഷങ്ങൾവേണ്ടിവന്നു.

(iii) എന്റെ അമ്മയുടെ അമ്മ സൂഫി ബന്ധങ്ങൾ ഉള്ളവരായിരുന്നു. അവർ സൂഫികളുടെ കഥകൾ പറഞ്ഞ് എന്നെ മോഹിപ്പിക്കുമായിരുന്നു.

അമ്മൂമ്മയ്ക്കും എനിക്കും ഏറെ ഇഷ്ടപ്പെട്ട ഒരു കഥയുണ്ട്. സൂഫി സന്ന്യാസിയായ പീർ മൊഹമ്മദ് സാഹിബിന്റെ ജീവിതത്തെ സംബന്ധിച്ചുള്ളത്. അദ്ദേഹം പണ്ടത്തെ തിരുവിതാംകൂർ രാജ്യത്തിൽപെട്ട തക്കല എന്ന കൊച്ചു ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. ബനാറസ്സിലെ വിഖ്യാതനായ സന്ന്യാസി കബീർദാസിനെപ്പോലെ അദ്ദേഹവും ഒരു നെയ്ത്തുകാരനായിരുന്നു. അദ്ദേഹം സ്വന്തം കൈത്തറിയിൽ പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ ഭക്തിനിർഭരവും ആദ്ധ്യാത്മിക രഹസ്യാനുഭൂതി ഉൾക്കൊള്ളുന്നതുമായ ഗാനങ്ങൾ തമിഴിൽ പാടിക്കൊണ്ടിരിക്കും. ഈ ഗാനങ്ങൾ തമിഴിൽ *പാടൽ* എന്നാണ് അറിയപ്പെടുന്നത്. തമിഴ് നാട്ടിലെ ചില സൂഫി വിഭാഗങ്ങൾക്കിടയിൽ 'പാടൽ' ഇന്നും ജനപ്രീതിയോടെ നിലനില്ക്കുന്നു. പ്രായം ചെന്നപ്പോൾ അദ്ദേഹത്തിനു കാഴ്ചശക്തി നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ശിഷ്യനായ ഒരു ബാലനാണ് അദ്ദേഹത്തെ എല്ലാ കാര്യങ്ങളിലും സഹായിച്ചിരുന്നത്.

ഈ സൂഫി സന്ന്യാസിയുടെ ജീവിതത്തിലെ ഒരു സംഭവം എത്ര തവണ പറഞ്ഞുകേൾപ്പിച്ചാലും എന്റെ അമ്മൂമ്മയ്ക്കു മതിവരില്ല. എത്ര തവണ കേട്ടാലും എനിക്കും മടുപ്പ് തോന്നിയിരുന്നുമില്ല. ആ കഥ ഇപ്രകാരമാണ്: ദൈവശാസ്ത്രത്തിൽ മഹാപണ്ഡിതരായ രണ്ട് അറബികൾ ഇന്ത്യയുടെ തെക്കുഭാഗത്ത് ഒരു വിശുദ്ധൻ ജീവിച്ചിരിക്കുന്നു എന്ന് അറിയാനിടയായി. രണ്ടുപേരും വിശുദ്ധ വ്യക്തിയെ കാണാനെത്തി. വിശുദ്ധന്റെ എല്ലാ കാര്യങ്ങളും അവർക്ക് ഇഷ്ടപ്പെട്ടു. ഒരു കാര്യത്തിൽ മാത്രം അവർക്കു വിശുദ്ധനോട് അപ്രീതി തോന്നി. ശാരീരികശേഷിയുള്ള ഏതൊരു മുസൽമാനും തന്റെ മതപരമായ കടമകളുടെ ഭാഗമായി വിശുദ്ധ നഗരമായ മക്കയിലേക്കു തീർത്ഥാടനത്തിനു പോകണം. പക്ഷേ, തക്കലയിലെ വിശുദ്ധൻ ഹജ്ജ് കർമ്മത്തിനു പോയിരുന്നില്ല. അതിന് അദ്ദേഹത്തിന്റെ വിശദീകരണം ഇപ്രകാരമായിരുന്നു: "എനിക്ക് കണ്ണു കാണാൻ പാടില്ല. അതുകൊണ്ട് എനിക്ക് ഇത്രയും ദൂരം എങ്ങനെ യാത്ര ചെയ്യാൻ കഴിയും? എങ്കിലും മക്കയിലെ തീർത്ഥാടനം ഞാൻ കണ്ടിട്ടുണ്ട്. ഞാൻ താമസിക്കുന്ന ഇവിടംതന്നെയാണ് മക്ക."

അറബികളായ സന്ദർശകർക്ക് അദ്ദേഹത്തിന്റെ സംസാരം മതനിന്ദയായി അനുഭവപ്പെട്ടു. അദ്ദേഹം പറഞ്ഞത് ഒരു ഭ്രാന്തന്റെ പിച്ചും പേയും ആയി കരുതി. എന്നാൽ മൊഹമ്മദ് സാഹിബ് തന്റെ അവകാശവാദത്തിൽ ഉറച്ചുനിന്നു. അദ്ദേഹം തന്റെ ശിഷ്യനോട് വെള്ളം നിറച്ചുവച്ചിരിക്കുന്ന പഴയ മൺകലം എടുത്തുകൊണ്ടുവരാൻ ആവശ്യപ്പെട്ടു. എന്നിട്ട് അദ്ദേഹം സന്ദർശകരോട് കലത്തിന്റെ ഉള്ളിലുള്ള വെള്ളത്തിൽ നോക്കാൻ പറഞ്ഞു. ഓരോരുത്തരായി നോക്കി. രണ്ടുപേരും മക്കയിലെ തീർത്ഥാടനം ദർശിച്ചു. അവരെ അതിശയിപ്പിച്ചുകൊണ്ട് അവർ രണ്ടുപേരും *കാബ*യെ, കണ്ണു കാണാൻ പാടില്ലാത്ത നെയ്ത്തുകാരനായ വിശുദ്ധനോടൊപ്പം പ്രദക്ഷിണം നടത്തുന്നതും കാണുകയുണ്ടായി. രണ്ടുപേരും അദ്ദേഹത്തിന്റെ കാൽക്കൽ വീണ് നമസ്കരിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു.

ഈ വിശുദ്ധന്റെ ശവകുടീരത്തിനടുത്ത്, എന്റെ അച്ഛന്റെ പൂർവ്വികരിൽ ഒരാളിന്റെ ശവകുടീരവും സ്ഥിതി ചെയ്യുന്നു. അദ്ദേഹം വിശുദ്ധന്റെ ശിഷ്യരിൽ ഒരാളായിരുന്നു.

(iv) എനിക്ക് അഞ്ചിനും ഒമ്പതിനും ഇടയ്ക്കു വയസ്സായിരുന്നപ്പോൾ ഹിന്ദുമതവും ക്രിസ്തുമതവുമായി സമ്പർക്കമുണ്ടായി. ആ പ്രായത്തിൽത്തന്നെ ഒരു മതത്തിൽപെട്ടവർ അന്യമതസ്ഥരോട് പെരുമാറുന്നത് മുൻവിധികളോടെയാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. ഒരു ഉദാഹരണം പറയാം. ഇസ്ലാം മതത്തിലെ വിശുദ്ധരെപ്പറ്റി സംസാരിക്കുന്ന സമയത്ത് എന്റെ അമ്മൂമ്മ അത്യധികം ആനന്ദം അനുഭവിച്ചിരുന്നു. എന്നാൽ ഹിന്ദുമതത്തെയും ഹൈന്ദവദൈവങ്ങളെയും പരാമർശിക്കുമ്പോൾ വെറുപ്പു പ്രകടിപ്പിച്ചിരുന്നു. അയൽപക്കത്തുള്ള ഹിന്ദുക്കളുടെ ഭവനങ്ങളിൽനിന്ന് ഭക്ഷണം കഴിക്കുന്നതിൽനിന്ന് എന്നെ വിലക്കിയിരുന്നു. ദേവന്മാർക്ക് നിവേദിച്ച ഭക്ഷണമായിരിക്കും അതെന്നും അത്തരം ഭക്ഷണം നിഷിദ്ധമാണെന്നും അമ്മൂമ്മയ്ക്ക് ആശങ്കയുണ്ടായിരുന്നു. ഹിന്ദുക്കൾ വിഗ്രഹാരാധകരാണെന്നും ഇസ്ലാംമതത്തിന്റെ ആവിർഭാവം മനുഷ്യരാശിക്കു ലഭിച്ച ഏറ്റവും മഹത്തായ സംഭാവനയാണെന്നും അവർ പലപ്പോഴും പറഞ്ഞിരുന്നു. നല്ല മുസ്ലിങ്ങൾക്ക് സ്വർഗ്ഗം ഉറപ്പാണെന്നും അവർ വിശ്വസിച്ചിരുന്നു.

ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ക്രൈസ്തവ കന്യാസ്ത്രീകൾ സമൂഹത്തിലെ ഉന്നതവർഗ്ഗത്തിലെ കുട്ടികൾക്കുവേണ്ടി നടത്തിയിരുന്ന ഒരു ഇംഗ്ലിഷ്മീഡിയം സ്കൂളിലായിരുന്നു എന്റെ വിദ്യാഭ്യാസം. ഈ വിദ്യാലയത്തിലെ കന്യകാമറിയത്തിന്റെ ചാപ്പലിന്റെയും പൂന്തോട്ടത്തിലെ കൃത്രിമഗുഹയുടെയും സമീപത്തുകൂടി പോകുമ്പോൾ നെഞ്ചിൽ കുരിശുവരയ്ക്കുന്നതിന് നിർബന്ധിച്ചിരുന്നില്ലെങ്കിലും അതിനു പ്രോത്സാഹിപ്പിക്കുമായിരുന്നു. ധാരാളം ക്രിസ്ത്യൻ പ്രാർത്ഥനകളും പഠിപ്പിച്ചിരുന്നു. ദയ ചൊരിയുന്ന, താടിയുള്ള ഇടയനായ ക്രിസ്തുവിന്റെ ചിത്രങ്ങൾ പലേടത്തും ചുമരുകളിൽ പതിപ്പിച്ചിരുന്നു. ഒരിക്കൽ ഒരു കന്യാസ്ത്രീ ഇങ്ങനെ പറയുന്നതു കേട്ട് ഞാൻ അത്ഭുതപ്പെട്ടു. മുസ്ലിങ്ങൾ സൂര്യനെ ആരാധിക്കുന്നവരും ഹിന്ദുക്കൾ ദുർഭൂതങ്ങളെ ഉപാസിക്കുന്നവരുമാണെന്ന്.

ഞങ്ങളുടെ അയൽക്കാർ എല്ലാവരും ഹിന്ദുക്കളായിരുന്നു. അവരുടെ ഭവനങ്ങളിൽ പോയിരുന്നപ്പോൾ അവർ ആരാധിക്കുന്ന പല ദൈവങ്ങളും എന്നെ ആകർഷിക്കുകയുണ്ടായി. യാഥാസ്ഥിതിക ബ്രാഹ്മണ കുടുംബത്തിലെ ഒരു സ്ത്രീ എന്നെ വളരെയധികം ഇഷ്ടപ്പെടുകയും സ്നേഹപൂർവ്വം മധുരപലഹാരങ്ങൾ തരികയും ചെയ്തിരുന്നത് എന്നെ അത്ഭുതപ്പെടുത്തി. പക്ഷേ, എന്റെ അമ്മൂമ്മ അത് കഴിക്കരുതെന്ന് വിലക്കിയിരുന്നു. എന്റെ അമ്മ രുചികരമായ മട്ടൺബിരിയാണി ഉണ്ടാക്കിയിരുന്നു. അയൽപക്കത്തെ ഹിന്ദുക്കളിൽ ചിലർ അത് ആസ്വദിച്ച് കഴിച്ചിരുന്നു. റംസാൻ, ബക്രീദ് എന്നിവ ആഘോഷിക്കുമ്പോൾ അയൽപക്കത്തെ നായർ ഭവനങ്ങളിൽ മട്ടൺബിരിയാണി വിതരണം ചെയ്തിരുന്നു. എന്നെ

സംബന്ധിച്ചിടത്തോളം എനിക്ക് ഇഷ്ടപ്പെട്ട ഭക്ഷണം ഇഡ്ഡലിയും സാമ്പാറും, വാഴയിലയിൽ വിളമ്പുന്ന പരമ്പരാഗതരീതിയിലുള്ള മലയാളികളുടെ സസ്യഭോജനവും ആയിരുന്നു.

അയലത്തെ വീടുകളിലെ സ്വകാര്യ ആരാധനാലയങ്ങളിൽ ദൈവങ്ങളുടെ പ്രതിമകളും പടങ്ങളും വച്ച് ആരാധിക്കുന്നത് ഞാൻ കാണാനിടയായിട്ടുണ്ട്. എന്നാൽ ആദ്യമായി ഹിന്ദുക്കളുടെ ഭക്തിനിർഭര മായ അനുഷ്ഠാനങ്ങളുമായി ബന്ധപ്പെടുന്നത് ഒരു ഞായറാഴ്ചദിവസം ഞങ്ങളുടെ ഭവനത്തിന്റെ മുന്നിലൂടെ കീർത്തനങ്ങൾ ആലപിച്ചു കൊണ്ട് നീങ്ങിക്കൊണ്ടിരുന്ന ഒരു ഭജനസംഘത്തെ കണ്ടതു മുതലാണ്. അപ്രതീക്ഷിതമായിട്ടാണ് അത് കാണാനിടയായത്. ഞാൻ വീട്ടിലെ അടുക്കളയിലിരുന്നുകൊണ്ട്, എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് അറിയാനുള്ള കൗതുകത്തോടെ സ്വയം പൊളിച്ചെടുത്ത യാന്ത്രിക കളിപ്പാട്ടത്തെ വീണ്ടും ശരിപ്പെടുത്താനുള്ള ശ്രമം നടത്തുകയാ യിരുന്നു. ആ സമയത്താണ് ഇമ്പമാർന്നതും ആത്മാവിനെ പുളകം കൊള്ളി ക്കുന്നതുമായ കീർത്തനം കേട്ടത്. കീർത്തനത്തിന് മൃദംഗവും ഇലത്താളങ്ങളും മാധുര്യം പകർന്നിരുന്നു. ഭക്തിനിർഭരമായ മധുരനാദ ധാരയിൽ എന്റെ മനസ്സ് പൂർണ്ണമായി ലയിച്ചു.

ഞാൻ ഷർട്ട് ധരിച്ചിട്ടില്ലായിരുന്നു. നിക്കർ ധരിച്ചിട്ടുണ്ടായിരുന്നു. ഞാൻ കൈയിലിരുന്ന കളിപ്പാട്ടം വലിച്ചെറിഞ്ഞിട്ട് ഗേറ്റിന്റെയടുത്തേക്ക് ഓടി. അപ്പോൾ എന്റെ ഹൃദയം അതിവേഗത്തിൽ മിടിച്ചുകൊണ്ടി രുന്നു. ഞാൻ കണ്ടത് എനിക്കു വിചിത്രമായി തോന്നി. നടുറോഡിൽ മദ്ധ്യവയസ്കരായ നാലു പുരുഷന്മാർ പാടുന്നതും നൃത്തം ചെയ്യുന്നതും കണ്ടു. അവരിൽ ഒരാളൊഴിച്ച് ബാക്കിയുള്ളവർ മഞ്ഞനിറമുള്ള കൗപീനം മാത്രമാണ് ധരിച്ചിരുന്നത്. ആ ഒരാളാകട്ടെ നീട്ടിവളർത്തിയ തലമുടിയും നീണ്ട താടിയുമുള്ള നല്ല പൊക്കമുള്ള സുന്ദരനും സുമുഖനുമായിരുന്നു. ആ വ്യക്തി കഴുത്തിൽ വെള്ളപ്പൂക്കൾ കോർത്ത ഹാരം അണിഞ്ഞിരുന്നു. കട്ടി കുറഞ്ഞതും കാവിനിറമുള്ളതുമായ കൗപീനം കഷ്ടിച്ച് ജനനേ ന്ദ്രിയം മറയ്ക്കാനായി ധരിച്ചിരുന്നതൊഴിച്ചാൽ ബാക്കി ശരീരഭാഗം മുഴുവനും നഗ്നമായിരുന്നു.

നാലുപേരും നഗ്നപാദരായിരുന്നു. ഒരാളിന്റെ കഴുത്തിൽ മൃദംഗം തൂക്കിയിട്ടിരുന്നു. ആ വ്യക്തി കണ്ണടച്ചുകൊണ്ട് രണ്ടു കൈയും ഉപയോഗിച്ച് മൃദംഗം കൊട്ടുകയും ഇടയ്ക്കിടയ്ക്ക് സന്തോഷവും ഉത്സാഹവും പ്രകടിപ്പിച്ചുകൊണ്ട് ഉറക്കെ ചിരിക്കുകയും ചെയ്യുന്നത് കാണാമായി രുന്നു. മറ്റൊരാൾ തന്റെ തല രണ്ടുവശത്തേക്കും മാറി മാറി ചരിച്ചു കൊണ്ട് ഇലത്താളങ്ങൾ കൊട്ടിക്കൊണ്ടിരുന്നു. മൂന്നാമത്തെയാൾ ഓരോ വീടിന്റെയും വാതിൽക്കൽ ചെന്ന് അരിയും മലക്കറിയും പഴങ്ങളും ചിലപ്പോൾ പണവും സംഭാവനയായി സ്വീകരിക്കുന്നുണ്ടാ യിരുന്നു. ഞങ്ങളുടെ അയൽക്കാർ ബഹുമാനപൂർവ്വം വാതിൽക്കൽ നിന്നുകൊണ്ടാണ് അവ നല്കിക്കൊണ്ടിരുന്നത്.

സംഘത്തിന്റെ നേതാവ് എന്നു തോന്നിപ്പിച്ചിരുന്ന താടി വളർത്തിയ ഉയരം കൂടിയ ആൾ തത്സമയം 'ഹരേ രാമ, ഹരേ രാമ' എന്നു പാടി

ക്കൊണ്ട് നൃത്തം വച്ചുകൊണ്ടിരുന്നു. പാട്ടിന്റെ താളത്തിനനുസരിച്ച് കൂടെയുള്ളവർ ഭംഗിയായി മൃദംഗവും ഇലത്താളവും പക്കമേളവും വായിച്ചു. അന്നേരം പാടിക്കൊണ്ടിരുന്നയാളിന്റെ കണ്ണിൽനിന്നും ആനന്ദാശ്രുകണങ്ങൾ കവിളിലൂടെ ഒഴുകിയിരുന്നു. ഒരുതരം അർദ്ധ ബോധാവസ്ഥയിൽ കണ്ണുകൾ അടയുമായിരുന്നു. ചില അയൽക്കാർ ആ മനുഷ്യന്റെ അടുത്തുചെന്ന് കാലിൽ വീണു നമസ്കരിച്ചു.

അത്യപൂർവ്വമായ ഒരാനന്ദം എന്റെ മനസ്സിൽ നിറഞ്ഞു തുളുമ്പി. ഞാനും ആഹ്ലാദത്തോടെ ചിരിച്ചതായി ഓർക്കുന്നു. ഞാൻ ഉടനേ വീടിനുള്ളിലേക്ക് ഓടിക്കയറി. ഒരു നാണയത്തുട്ട് കൈയിലെടുത്തു. അതിന്റെ മൂല്യം എത്രയാണെന്ന് ഞാൻ ഇപ്പോൾ ഓർക്കുന്നില്ല. നാണയത്തുട്ടുമായി ഞാൻ ഗേറ്റിന്റെയടുത്തേക്ക് വേഗത്തിൽ മടങ്ങി, റോഡു കുറുകെ നടന്ന് സംഭാവന പിരിക്കുന്നയാളിന്റെ ചെറിയ സഞ്ചിയിൽ അത് ഇട്ടുകൊടുത്തു. ആ സമയത്ത് അമ്മൂമ്മ എന്നെ വിളിക്കുന്ന ശബ്ദം എന്റെ ചെവിയിൽ പതിച്ചു. കുറ്റബോധത്തോടെ ഞാൻ വീട്ടിലേക്ക് മടങ്ങി. ചെയ്യാൻ പാടില്ലാത്തത് ചെയ്തു എന്ന ബോധം മനസ്സിലാകെ പടർന്നു. വെറും കൗപീനധാരിയായി കീർത്തനം പാടിക്കൊണ്ട് പോകുകയായിരുന്ന ആ മനുഷ്യനെ ഒരിക്കൽകൂടി കാണാൻവേണ്ടി ഞാൻ ഒന്നു തിരിഞ്ഞുനോക്കി. അപ്പോൾ ആ മനുഷ്യൻ വിടർന്ന കണ്ണുകളോടെ എന്നെ ഒരു നിമിഷം നോക്കി. അപ്പോഴേക്കും ഞാൻ വീട്ടിനുള്ളിലേക്കു കടന്നിരുന്നു.

ഭജനസംഘം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. ക്രമേണ കീർത്തനാലാപനത്തിന്റെ ശബ്ദം നിലച്ചു. അന്തരീക്ഷം നിശ്ശബ്ദമായി. എന്റെ അമ്മൂമ്മയ്ക്ക് ആ പ്രവൃത്തിയെ അംഗീകരിക്കാൻ കഴിഞ്ഞില്ല. എന്നെ ഉപദേശിച്ചതിനുശേഷം വെറുതെ വിട്ടു. അനേകം വർഷങ്ങൾക്കു ശേഷമാണ് ആ ഭജനസംഘത്തിലെ ആഹ്ലാദഭരിതനായി കാണപ്പെട്ട വ്യക്തി സ്വാമി അഭേദാനന്ദനാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ആശ്രമം എന്റെ താമസസ്ഥലത്തുനിന്നും അത്ര ദൂരെയായിരുന്നില്ല. ഞാൻ കോളജിൽ പഠിച്ചിരുന്ന കാലത്ത് അദ്ദേഹവുമായി നടത്തിയിട്ടുള്ള പല കൂടിക്കാഴ്ചകളും സന്തോഷജനകമായിരുന്നു. അതെപ്പറ്റി കൂടുതൽ വിവരങ്ങൾ പിന്നീട് നല്കാം.

(v) ഏതാണ്ട് അക്കാലത്തുതന്നെ ഒരു ദിവസം എന്റെ അമ്മയുടെ അമ്മാവൻ എന്നെയും കൂട്ടിക്കൊണ്ട് കിഴക്കേക്കോട്ടയ്ക്കുള്ളിൽ ആറാട്ട് ഉത്സവം കാണാൻ പോയി. അദ്ദേഹം നല്ലൊരു ഫോട്ടോഗ്രാഫർ ആയിരുന്നു. അനന്തപത്മനാഭസ്വാമിക്ഷേത്രത്തിനു ചുറ്റുമുള്ള പഴയ കോട്ടകൾ നിർമ്മിച്ചത് മഹാരാജാക്കന്മാർ ആയിരുന്നു. ക്ഷേത്രം മഹാരാജാക്കന്മാരുടെ പരദേവതയുടേത് ആയിരുന്നു. ഞാൻ മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ തിരുവനന്തപുരം എന്ന പേര് നഗരത്തിനു ലഭിച്ചത് പ്രസ്തുത ക്ഷേത്രത്തിലെ ദേവപ്രതിഷ്ഠയെ അടിസ്ഥാനമാക്കിയാണ്. ക്ഷേത്രത്തിലെ ദേവനെ 'പത്മനാഭൻ' (നാഭിയിൽ താമരയുള്ളവൻ) എന്നാണ് വിശേഷിപ്പിക്കുന്നത്. എല്ലാവർഷവും ഉത്സവനാളുകളിൽ

ക്ഷേത്രവളപ്പാകെ ഇലകളും പൂക്കളുംകൊണ്ടുണ്ടാക്കിയ തോരണങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. ദീപാലങ്കാരവുമുണ്ടായിരുന്നു. എല്ലാ ഹൈന്ദവദേവന്മാരുടെയും ഒരാൾ പൊക്കത്തിലോ അതിലും കൂടുതൽ വലിപ്പത്തിലോ ഉള്ള പ്രതിമകൾ നിറപ്പകിട്ടുള്ള ആടയാഭാരണങ്ങൾ അണിയിച്ച് പ്രദർശിപ്പിച്ചിരുന്നു. പ്രസ്തുത പ്രാചീന ദേവാലയത്തിലെ ഗോപുരം കാണുന്ന മാത്രയിൽ എന്റെ നാഭിയിൽ ഏതോ ഒരു ശക്തിയുടെ ചലനം അനുഭവപ്പെട്ടിരുന്നു. ദേവാലയത്തിനുള്ളിലേക്കു പോകാനുള്ള വല്ലാത്തൊരു അഭിനിവേശവും തോന്നിയിരുന്നു. അന്ന് വെറുമൊരു ആറുവയസ്സുകാരനായിരുന്ന എനിക്ക് ദേവാലയത്തിനുള്ളിൽ എന്താണ് ഉള്ളത് എന്നതിനെപ്പറ്റി യാതൊരു വിവരവും ഇല്ലായിരുന്നു. നാം ഹിന്ദുക്കളല്ലാത്തതുകൊണ്ട് അകത്ത് കടക്കാൻ അനുവദിക്കുകയില്ലെന്ന് അമ്മയുടെ അമ്മാവൻ എന്നോടു പറയുകയുണ്ടായി.

അദ്ദേഹം വെളുത്ത പെയിന്റടിച്ച ഒരു പരസ്യപ്പലക കാണിച്ചുതന്നു. അതിൽ മലയാളത്തിലും ഇംഗ്ലിഷിലും എഴുതിയിരുന്നു: "ഹിന്ദുക്കൾ അല്ലാത്തവർക്ക് പ്രവേശനമില്ല." ഒരേ മാനവകുലത്തിൽപെട്ട രണ്ടു സമുദായങ്ങളെ ഇങ്ങനെ വേർതിരിക്കുന്നത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. അന്ന് എനിക്ക് പരാജയം സ്വീകരിച്ചുകൊണ്ട് പിന്തിരിഞ്ഞുപോകാനേ കഴിഞ്ഞുള്ളൂ. കാലം കടന്നുപോകുമ്പോൾ ഭാവിയിൽ മതഭ്രാന്തന്മാർ മതത്തിന്റെ പേരിൽ മനുഷ്യസമുദായത്തെ വല്ലാതെ ഭിന്നിപ്പിക്കും എന്ന സത്യം മനസ്സിലാക്കാൻ ആ പ്രായത്തിൽ കഴിഞ്ഞിരുന്നില്ല.

എന്റെ വിഷമം തീർക്കാനും എനിക്ക് ഉത്സാഹം പകരാനുംവേണ്ടി അമ്മയുടെ അമ്മാവൻ കുറച്ച് പെപ്പർമിന്റ് മിട്ടായി വാങ്ങിത്തന്നു. എന്നിട്ട് എന്നെയും കൂട്ടി അവിടെനിന്നും നാലു കിലോമീറ്റർ അകലെയുള്ള സെൻട്രൽ സെക്രട്ടേറിയറ്റിന്റെ തെക്കേഗേറ്റിലേക്കു പോയി. പ്രവേശനകവാടത്തിനു സമീപത്ത് സാമാന്യം തടിച്ച, ഷേവ് ചെയ്യാത്ത, നരച്ച മുടിയുള്ള ഒരു മനുഷ്യൻ പ്രസന്നവദനനായി ഒരു മുണ്ടു മാത്രം ധരിച്ചുകൊണ്ട് കട്ടിലിൽ കിടക്കുന്നതു കണ്ടു. ആ മനുഷ്യൻ എന്നോട് സൗമ്യമായി സംസാരിച്ചു. അദ്ദേഹം എന്റെ കൈ പിടിച്ചു കുലുക്കുകയും കഴിക്കാൻ മിഠായി തരികയും ചെയ്തു. ഞാൻ ചുവന്ന നിക്കർ ധരിച്ചതുകൊണ്ട് ആ മനുഷ്യന് സന്തോഷമുണ്ടെന്നും പറഞ്ഞു.

പിൽക്കാലത്ത് എനിക്ക് ആ വ്യക്തിയെപ്പറ്റി അറിയാൻ കഴിഞ്ഞു. അദ്ദേഹം പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാവായ എ.കെ. ഗോപാലൻ ആയിരുന്നു. അന്ന് ഭരിച്ചിരുന്ന കോൺഗ്രസ് ഗവൺമെന്റിനെതിരെ അദ്ദേഹം മരണംവരെ നിരാഹാരം അനുഷ്ഠിക്കുകയായിരുന്നു. എന്റെ അമ്മയുടെ അമ്മാവൻ ഇടതുപക്ഷ ചിന്താഗതിക്കാരനായിരുന്നു. താൻ വളരെയധികം ആദരിക്കുന്ന നേതാവിനെ സന്ദർശിക്കുന്നതിനുവേണ്ടിയാണ് അദ്ദേഹം എന്നെയും കൂട്ടിക്കൊണ്ട് അവിടെ പോയത്. ഒരുപക്ഷേ, ഞാൻ കോളജിൽ പഠിച്ചിരുന്ന കാലത്ത് കാറൽമാർക്സിലേക്കും *ദാസ് കാപ്പിറ്റലി*ലേക്കും ആകർഷിതനായതിന്റെ കാരണം അദ്ദേഹത്തിന്റെ സൗമ്യമായ പെരുമാറ്റമോ അദ്ദേഹത്തിൽനിന്ന് ലഭിച്ച മൃദുലമായ സ്നേഹസ്പർശമോ ആകാം.

(vi) ആറു വയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ എന്റെ ജീവിതത്തിൽ സംഭവിച്ച ചില ഐന്ദ്രജാലിക നിമിഷങ്ങൾ ഓർമ്മയിലേക്കു കടന്നു വരുന്നു. വീടിന്റെ പുറകുവശത്ത് ഇരുന്നുകൊണ്ട് ഞാൻ പല സായാഹ്നങ്ങളിലും മേഘങ്ങളുടെ ചലനങ്ങൾ നോക്കിയിരിക്കും. എന്റെ ഭാവനയിൽ അവ ഞാൻ കാണാൻപോകുന്ന ഹിമശൃംഗങ്ങളായി തോന്നിയിരുന്നു. വളരെ കാലങ്ങൾക്കുശേഷം ഒരിക്കൽ കോഫീ ടേബിൾ ബുക്കിൽ ഹിമാലയത്തിന്റെ ചിത്രം കാണാനിടയായ ഞാൻ സ്വയം പറഞ്ഞു: "ഞാൻ ഇതൊക്കെ മുമ്പ് എന്റെ വീടിന്റെ പുറകുവശത്തുവച്ച് കഷ്ടിച്ച് ആറു വയസ്സുള്ളപ്പോൾ കണ്ടിട്ടുള്ളതല്ലേ?"

ഈ അദ്ധ്യായം അവസാനിപ്പിക്കുന്നതിനുമുമ്പ് എന്റെ ഗുരു എന്നോട് പറഞ്ഞ ഒരു കഥ നിങ്ങളോട് പറയാം. ഹിമാലയത്തിൽനിന്നു വളഞ്ഞുപുളഞ്ഞ് താഴോട്ട് ഒഴുകുന്ന ഭഗീരഥീനദിക്കരികിൽ ശാന്തമായ ഒരിടത്ത് ഞാൻ എന്റെ ഗുരുവിനോടൊപ്പം ഇരിക്കുകയായിരുന്നു. അടുത്ത അദ്ധ്യായത്തിലേക്കു കടക്കുന്നതിനുമുമ്പ് ചില കാര്യങ്ങൾ പറയേണ്ടത് സന്ദർഭത്തിന് അനുയോജ്യമാണെന്നു കരുതുന്നു. എന്റെ ഗുരു എന്നോടു പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നു: "ഞാൻ പറയുന്ന കഥയിൽനിന്ന് നിങ്ങൾക്ക് സ്വന്തം നിഗമനങ്ങളിൽ എത്തിച്ചേരാം. ഞാൻ പറയുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ഒരിക്കലും തിടുക്കം കാണിക്കരുത്."

"സമുദ്രനിരപ്പിൽനിന്നും 13,000 അടി ഉയരത്തിലാണ് ഹിമാലയത്തിലെ വിഖ്യാതവും വിശുദ്ധവുമായ ബദരീനാഥ് സ്ഥിതി ചെയ്യുന്നത്. ബദരീനാഥിന്റെ പിന്നിലുള്ള ദുർഗ്ഗമമായ മലഞ്ചെരിവുകളിൽ ഏതാനും വലുതും ചെറുതുമായ ഗുഹകൾ ഉണ്ട്. വേനൽക്കാലത്തുമാത്രമാണ് ദേവാലയം തീർത്ഥാടകർക്കായി തുറന്നുകൊടുക്കുന്നത്. വർഷത്തിന്റെ ബാക്കി സമയം ആ പ്രദേശം മുഴുവനും മഞ്ഞുകൊണ്ട് മൂടപ്പെട്ടിരിക്കും. ശങ്കരാചാര്യരുടെ കാലം മുതൽ കേരളത്തിൽനിന്നുമുള്ള നമ്പൂതിരി പുരോഹിതന്മാരാണ് ബദരീനാഥിൽ പൂജാദികർമ്മങ്ങൾ നടത്തുന്നത്. (ശങ്കരാചാര്യരുടെയും ജന്മസ്ഥലം കേരളമാണ്. അദ്ദേഹമാണ് നൂറ്റാണ്ടുകൾക്കുമുമ്പ് ദേവാലയത്തിന്റെ പുനരുദ്ധാരണം നടത്തിയത്). മഞ്ഞുമൂടിക്കിടക്കുന്ന കാലത്ത് പുരോഹിതർ ജോഷിമഠ് ഗ്രാമത്തിലേക്ക് ഇറങ്ങിവരികയും അടുത്ത തീർത്ഥാടനകാലംവരെ അവിടെ കാത്തിരിക്കുകയും ചെയ്യുന്നു. ശൈത്യകാലത്തുപോലും അനിതരസാധാരണക്കാരായ ചിലർമാത്രം തുടർന്ന് അവിടെ താമസിക്കുകയും ധ്യാനത്തിൽ മുഴുകിയിരിക്കുകയും ചെയ്യുന്നു.

നൂറുകൊല്ലം മുമ്പ് ഈ ഗുഹകളിലൊന്നിൽ അസാധാരണനായ ഒരു യോഗി ശരീരത്തിൽ കൗപീനമല്ലാതെ മറ്റു യാതൊരു വസ്ത്രവും ധരിക്കാതെ ആത്മലീനനായി ധ്യാനത്തിൽ മുഴുകിയിരുന്നു. തരംഗാകൃതിയായി തൂങ്ങിക്കിടക്കുന്ന തലമുടിയും കറുത്ത താടിയുമുള്ള അദ്ദേഹം സുന്ദരനും സുമുഖനും ആയിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരിക്കുമ്പോൾ ശാന്തസുന്ദരമായ പുഞ്ചിരി മുഖത്തിന് അപൂർവ്വശോഭ പകർന്നിരുന്നു. ആ സമയം അദ്ദേഹം പരബ്രഹ്മത്തിൽ മുഴുകി ആനന്ദാനുഭൂതി അനുഭവിക്കുകയായിരിക്കും. അന്ന്

ആ യുവയോഗിക്ക് കഷ്ടിച്ച് പത്തൊമ്പത് വയസ്സായിരുന്നു. അദ്ദേഹം വിശുദ്ധ നഗരമായ വാരാണസിയിലെ വേദപണ്ഡിതന്മാരുടെ പ്രശസ്തമായ ഒരു കുടുംബത്തിലെ അംഗമായിരുന്നു.

അദ്ദേഹത്തിന്റെ പൂർവ്വികർ വിഖ്യാതനായ യോഗി ശ്രീ ഗുരുബാബാജിയുടെ ശിഷ്യന്മാരായിരുന്നു. ബാബാജി തന്റെ ഭൗതികശരീരത്തിന്റെ യൗവനകാന്തി നിലനിർത്തിക്കൊണ്ട് നൂറ്റാണ്ടുകൾ ജീവിച്ചിരുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു. ഇന്നും അത് തുടരുകയാണെന്നും വിശ്വസിക്കപ്പെടുന്നു.

ഈ യുവയോഗിയുടെ അച്ഛനും ഗുരുബാബാജിയുടെ ശിഷ്യനായിരുന്നു. ഈ യുവയോഗിക്ക് ഒമ്പതുവയസ്സ് പ്രായമായിരുന്നപ്പോൾ അച്ഛൻ കുട്ടിയെ മഹാനായ യോഗിക്ക് കൈമാറുകയായിരുന്നുവത്രെ. അന്നു മുതൽ സ്ഥിരമായ ഒരു വാസസ്ഥലമില്ലായിരുന്നു. മഹായോഗിയോടൊപ്പം കുട്ടിയും ഹിമാലയത്തിൽ അങ്ങോളമിങ്ങോളം അലഞ്ഞുനടന്നു. ഒരു വർഷം മുമ്പ് യുവയോഗിയുടെ പതിനെട്ടാം വയസ്സിൽ ഒരു പൂർണ്ണയോഗിയായി. അപ്പോൾ മുതൽ അദ്ദേഹം ഏകനായി മഞ്ഞുമൂടിയ കേദാറിലെയും ബദരിയിലെയും സാനുക്കളിൽ അലഞ്ഞുതിരിഞ്ഞു.

യുവയോഗി പരിപൂർണ്ണ നിശ്ചലാവസ്ഥയിൽ സമാധിസ്ഥനായി ഇരിക്കുന്ന സമയത്ത് അദ്ദേഹത്തിന്റെ അടഞ്ഞിരുന്ന കൺമുമ്പിൽവച്ച് ഒരു വിചിത്രമായ നാടകം നടക്കുകയായിരുന്നു. ആ സ്ഥലത്തുള്ള കിഴുക്കാം തൂക്കായ ഒരു പാറയിൽ അള്ളിപ്പിടിച്ച് ഗുഹയുടെ മുൻവശത്തുള്ള പാറയുടെ മുകളിലത്തെ പരന്ന ഭാഗത്തിലേക്ക് വലിഞ്ഞു കയറാൻ വൃദ്ധനായ ഒരാൾ ശ്രമിച്ചുകൊണ്ടിരുന്നു. വൃദ്ധന്റെ വസ്ത്രം ചെളിപുരണ്ടതും കീറിപ്പറിഞ്ഞതും ആയിരുന്നു. ആ വ്യക്തിയുടെ പച്ചനിറമുള്ള തലപ്പാവും അഴുക്കു പുരണ്ടതായിരുന്നു. കഴുത്തിൽ അണിഞ്ഞിരുന്ന ജപമാലയും മയിലാഞ്ചികൊണ്ട് ചുവപ്പിച്ച താടിയുമൊക്കെ ആ മനുഷ്യൻ ഒരു മുസ്‌ലിം ഫക്കീർ (സന്ന്യാസി) ആണെന്നു വെളിപ്പെടുത്തി.

ഫക്കീറിന്റെ കൈകളിലും കാലുകളിലും, പുറമേ കാണാവുന്ന ശരീരഭാഗങ്ങളിലെല്ലാം ക്ഷതമേറ്റിരുന്നു. മുറിവുകളിൽനിന്നും രക്തം വാർന്നൊലിച്ചുകൊണ്ടിരുന്നു. കൊടും തണുപ്പും വിശപ്പും കാരണം ആത്മവിശ്വാസം തകർന്ന് നശിക്കാൻ പോകുന്ന നിമിഷമായിരുന്നു അത്. പൊടുന്നനേ ഫക്കീറിന്റെ ദൃഷ്ടി ഗുഹയിൽ ഇരിക്കുന്ന യുവയോഗിയിൽ പതിച്ചു. ഉടനെ മുഖത്ത് വ്യാപിച്ചിരുന്ന വേദനയുടെ സ്ഥാനത്ത് പുഞ്ചിരി കളിയാടി. ഉന്മാദാവസ്ഥയിൽ ചിരിച്ചുകൊണ്ട് ഫക്കീർ ഉറക്കെ വിളിച്ചുപറഞ്ഞു: അള്ളാഹുവിന് സ്തുതി! എന്നിട്ട് ഫക്കീർ നെടുവീർപ്പിട്ടുകൊണ്ട്, കഷ്ടപ്പാടുകളും വേദനയും മറന്ന് അപ്പോഴും ധ്യാനനിരതനായിരുന്ന യോഗിയുടെ മുന്നിൽ ചെന്ന് നമസ്കരിച്ചു. ഒരു ഹിന്ദു ഒരിക്കലും സ്വപ്നത്തിൽപോലും ഒരു യോഗിയോട് ചെയ്യാത്ത ഒരു കാര്യം ഫക്കീർ ചെയ്യുകയുണ്ടായി. ഫക്കീർ യോഗിയെ കെട്ടിപ്പിടിച്ചു.

യോഗിയുടെ തന്മയാവസ്ഥയ്ക്കു ഭംഗം നേരിട്ടു. കണ്ണു തുറന്നതിനുശേഷം തന്റെ ശരീരത്തിൽ പറ്റി നില്ക്കുന്ന ആളിനെ തട്ടിമാറ്റി. യാത്ര ചെയ്ത് അഴുക്കു പുരണ്ടതും രക്തം വാർന്നൊഴുകുന്നതുമായ അപരിചിതന്റെ ദേഹത്തുനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന ദുർഗന്ധത്തിൽനിന്നും മോചനം കിട്ടുന്നതിനുവേണ്ടി യോഗി തന്റെ മൂക്കു ചീറ്റി. എന്നിട്ട് കോപംകൊണ്ട് അലറി: "ധിക്കാരി!

ഇവിടെ കണ്ടു പോകരുത്" ക്രോധം എല്ലാത്തിനെയും നശിപ്പിക്കുന്ന കൊടിയ വിഷമാണ്. ഋഷിമാർക്കുപോലും പലപ്പോഴും അതിനെ തടുക്കാൻ കഴിയുന്നില്ല. അതിനാൽ അവർ ക്രോധത്തിന് അടിമപ്പെടുന്നു. അതുതന്നെയാണ് യോഗിക്കും സംഭവിച്ചത്.

ഫക്കീർ യോഗിയോട് കേണപേക്ഷിച്ചു: "അങ്ങ് ദയവായി എന്റെ കഥ ഒന്നു കേൾക്കണം." ഫക്കീർ പറയുന്നത് കേൾക്കാൻ കൂസാതെ യോഗി പിന്നെയും പറഞ്ഞു: "എന്റെ മുമ്പിൽനിന്നും പോകൂ! ഞാൻ ഭാഗീരഥിയിൽ സ്നാനം ചെയ്തതിനുശേഷം ധ്യാനം തുടരട്ടെ. മാംസഭുക്കായ തന്നെപ്പോലെയുള്ള ഒരാൾക്ക് ഇവിടെ എന്തു കാര്യം?...."

ഫക്കീർ തുടർന്നു: "ദയവായി ഞാൻ പറയുന്നത് അങ്ങ് കേൾക്കണം. അല്ലയോ മഹാനായ യോഗി! ഞാൻ ഒരു സൂഫിയാണ്. നഖ്ശാബന്ദിയാ വിഭാഗത്തിൽപ്പെട്ട ഒരു സൂഫി സന്ന്യാസിശ്രേഷ്ഠന്റെ ശിഷ്യനാണ് ഞാൻ. ആറുമാസം മുമ്പ് എന്റെ ഗുരു അന്തരിച്ചു. അതിനുമുമ്പ് അദ്ദേഹം എന്നോട് പറഞ്ഞു: 'എനിക്ക് എത്തിച്ചേരാൻ കഴിഞ്ഞ ആദ്ധ്യാത്മികതലംവരെ ഞാൻ നിന്നെയും എത്തിച്ചുകഴിഞ്ഞു. ഞാൻ ഒട്ടും വൈകാതെ ദേഹം വെടിയും. നിന്നെ ഉയർന്ന ആദ്ധ്യാത്മികതലത്തിലേക്ക് നയിക്കുന്നതിന് ഒരു സൂഫി ഗുരുവിനെ കിട്ടുമെന്നു തോന്നുന്നില്ല. എങ്കിലും നീ വിഷമിക്കേണ്ടാ. ഇപ്പോൾ ഹിമാലയത്തിൽ ബദരിക്കു സമീപം ഒരു യുവയോഗിയുണ്ട്. അദ്ദേഹത്തെ കണ്ട് സഹായം സ്വീകരിക്കൂ.' എന്റെ ഗുരു അങ്ങയുടെ പേരാണ് നിർദ്ദേശിച്ചിട്ടുള്ളത്. അങ്ങേക്കു മാത്രമേ എന്നെ രക്ഷിക്കാൻ കഴിയൂ....."

ഫക്കീർ അപേക്ഷ തുടർന്നു: "അങ്ങയെ കണ്ടെത്തുന്നതിനുവേണ്ടി ഞാൻ നിരവധി ബുദ്ധിമുട്ടുകളും യാതനകളും സഹിച്ചു. ആകെ തളർന്ന് വിവശനായ എന്റെ അന്ത്യം അടുത്തുവെന്നു തോന്നുന്നു. അതുകൊണ്ട് അങ്ങ് എന്നെ ശിഷ്യനായി സ്വീകരിക്കൂ. എന്റെ ആത്മാവ് ശാന്തി കൈവരിച്ചുകൊണ്ട് ദേഹം വെടിയട്ടെ. ഞാൻ അങ്ങയോട് കേണപേക്ഷിക്കുന്നു."

"നിങ്ങൾ പരാമർശിക്കുന്ന സൂഫി ആചാര്യനെപ്പറ്റിയോ മറ്റു സൂഫികളെപ്പറ്റിയോ എനിക്ക് ഒന്നും അറിഞ്ഞുകൂടാ. എനിക്ക് ആരിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുമില്ല. മാത്രവുമല്ല, ഞാൻ ആരെയും ശിഷ്യരാക്കാറുമില്ല." കോപത്തോടെ യോഗി വീണ്ടും പറഞ്ഞു: "എന്നെ തടസ്സപ്പെടുത്താതിരിക്കൂ. എനിക്ക് ഗംഗയിൽ സ്നാനം ചെയ്യണം. എന്നിട്ടുവേണം ധ്യാനം തുടരേണ്ടത്. നിങ്ങൾ എന്റെ സമയം പാഴാക്കാതെ ഇവിടെനിന്നും കടന്നുപോകൂ."

അതു കേട്ട് ഫക്കീർ പറഞ്ഞു : "അല്ലയോ മഹാനായ യോഗി! ഇത് അങ്ങയുടെ അവസാനവാക്കാണെങ്കിൽ ഞാൻ ഇനി ജീവനോടെ ഇരിക്കാൻ ആഗ്രഹിക്കുന്നില്ല. എന്റെ ജീവിതത്തിന്റെ സ്വപ്നം തകർന്നു കഴിഞ്ഞു. ഞാൻ ഗംഗയിൽ ചാടി ജീവനൊടുക്കും. പ്രപഞ്ചനാഥൻ ഇനി എനിക്ക് വഴി കാട്ടിത്തരട്ടെ."

ഉടനെ യോഗി തറപ്പിച്ചു പറഞ്ഞു : "നിങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യാം. നിങ്ങൾക്കുവേണ്ടി എനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ഞാൻ കോപിച്ച് നിങ്ങളെ ശപിച്ചില്ല എന്നത് നിങ്ങൾ ഭാഗ്യമായി കരുതൂ. നിങ്ങൾ നിങ്ങളുടെ വഴിക്ക് പോകൂ. ഞാൻ എന്റെ വഴിക്കു പോട്ടെ."

ഫക്കീർ യോഗിയുടെ കാൽക്കൽ വീണ് നമസ്കരിച്ചിട്ട് വിടവാങ്ങി. കണ്ണുനീർ പൊഴിച്ചുകൊണ്ട് അനേകം അടി താഴെ ഒഴുകിക്കൊണ്ടിരുന്ന ഗംഗയുടെ തീരത്തേക്ക് നടന്നു ആ മനുഷ്യൻ. പ്രപഞ്ചനാഥനിൽനിന്ന് മാർഗ്ഗദർശനത്തിനു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് നീർച്ചുഴികളുള്ള ഗംഗാജലത്തിലേക്ക് ചാടി അദ്ദേഹം ജീവനൊടുക്കി.

യുവയോഗി തന്റെ നിലപാട് ശരിയായിരുന്നുവെന്ന് വിശ്വസിച്ചുകൊണ്ട് തെല്ലും പശ്ചാത്താപം ഇല്ലാതെ താഴോട്ടിറങ്ങി. ഗംഗയിലെ മനോഹരമായ തീരത്ത് എത്തി. ശുദ്ധീകരണത്തിന് അനുയോജ്യമായ മന്ത്രങ്ങൾ ജപിച്ചു. കൊടുംതണുപ്പുള്ള പവിത്രമായ ഗംഗാജലത്തിൽ സ്നാനം ചെയ്തു. കരയിൽ കയറി ആകെയുണ്ടായിരുന്ന തോർത്തുകൊണ്ട് ദേഹം തുടച്ചു. തന്റെ ശരീരത്തെയും മനസ്സിനെയും ശുദ്ധമാക്കിയതിന് ഒരു പാറയിൽ കയറിയിരുന്ന് ഗംഗയ്ക്കു നന്ദി പറഞ്ഞു. എന്നിട്ട് ഗുഹയിലേക്ക് പോകാൻവേണ്ടി മുകളിലോട്ട് കയറാൻ തുടങ്ങവേ ഗുരു തന്നെ സുപരിചിതമായ മധുരസ്വരത്തിൽ വിളിക്കുന്നത് കേട്ടു: "മധു!"

പുറകിലുള്ള ഒരു പാറക്കെട്ടിനിടയിൽ മഹാനായ ഗുരു ബാബാജി പ്രത്യക്ഷപ്പെട്ടു. സന്ധ്യയുടെ മങ്ങിയ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം പെട്ടെന്ന് അവിടെയാകെ പ്രകാശം പരത്തി. നല്ല ഉയരമുള്ള കാണാൻ സുന്ദരനായ അദ്ദേഹത്തിന്റെ നിറം നല്ലപോലെ വെളുത്തതായിരുന്നു. തരംഗാകൃതിയിലുള്ള തലമുടിക്ക് തവിട്ടുനിറമായിരുന്നു. മുഖത്തു രോമങ്ങൾ നന്നേ കുറവായിരുന്നു. കണ്ടാൽ പതിനാറു വയസ്സ് തോന്നിച്ചിരുന്നു. ആകാരഭംഗിയുള്ള ശരീരത്തിൽ കൗപീനമല്ലാതെ മറ്റൊന്നും ധരിച്ചിരുന്നില്ല. ഗാംഭീര്യവും മഹാത്മ്യവും വിളിച്ചോതുന്ന രീതിയിലായിരുന്നു അദ്ദേഹം നടന്നു നീങ്ങിയത്.

ബാബാജിയുടെ വിശാലവും ധ്യാനനിരതവുമായ നേത്രങ്ങൾ യുവശിഷ്യനായ മധുവിൽ പതിച്ചു. അദ്ദേഹം സൗമ്യതയാർന്ന സ്വരത്തിൽ ചോദിച്ചു "എന്റെ കുട്ടി, നീ എന്തു കടുംകൈയാണ് ചെയ്തത്?"

തൽക്ഷണം മിനിട്ടുകൾക്കു മുമ്പു താൻ ചെയ്ത പ്രവൃത്തിയുടെ ആഘാതം ഒരു ഇടിത്തീ ഏല്ക്കുന്നതുപോലെ യുവയോഗിക്ക് അനുഭവപ്പെട്ടു. 'ബാബാജി....' എന്നു പറയാൻ മാത്രമേ കഴിഞ്ഞുള്ളൂ. അതിനുമുമ്പ് കണ്ണുനീർ ധാരയായി വാർത്തുകൊണ്ട് ബാബാജിയുടെ കാൽക്കൽവീണ് നമസ്കരിച്ചു.

"എന്റെ കുട്ടീ! സ്വയം നിയന്ത്രിക്കൂ. നമുക്ക് നിന്റെ ഗുഹയിലേക്ക് ഒരുമിച്ചു പോകാം."

രണ്ടുപേരും വേഗത്തിൽ ഗുഹയിലേക്ക് പോകാൻ മുകളിലേക്കു കയറി. ഗുഹയിൽ എത്തിച്ചേർന്നതിനുശേഷം രണ്ടുപേരും മുഖാമുഖം ഇരുന്നു. ബാബാജി പറഞ്ഞു: "ഞാൻ പലപ്പോഴും നിന്നോടു പറഞ്ഞിട്ടുള്ളതാണല്ലോ. നീ എന്തെങ്കിലും പറയുകയാണെങ്കിൽ എന്താണ് പറയാൻ പോകുന്നതെന്ന് മുൻകൂട്ടി ആലോചിക്കണം. ആരോടാണ് സംസാരിക്കുന്നതെന്നും ഏതു സാഹചര്യത്തിലാണ് സംസാരിക്കുന്നതെന്നും തികഞ്ഞ ബോധ്യം വേണം. നീ ആ വൃദ്ധൻ പറഞ്ഞ കാര്യങ്ങൾ അല്പംകൂടി ക്ഷമയോടെ കേൾക്കണമായിരുന്നു. അദ്ദേഹം എന്താണ് പറയാൻ ആഗ്രഹിക്കുന്നതെന്ന് ശ്രദ്ധയോടെ കേൾക്കേണ്ടിയിരുന്നു. ബാഹ്യമായി കാണുന്ന രൂപത്തെ ആധാരമാക്കിയാണോ

ഒരാൾ വിശുദ്ധനാണോ അല്ലയോ എന്ന് തീരുമാനിക്കപ്പെടുന്നത്? നിങ്ങൾ വാളിനെക്കാൾ മഹത്ത്വം നല്കേണ്ടത് വാളിന്റെ ഉറയ്ക്കാണോ? എന്റെ മഹാനായ ശിഷ്യൻ കബീർ ചോദിച്ചിട്ടില്ലേ? നീ ജഗദീശ്വരന്റെ ഒരു വലിയ ഭക്തനെയാണ് മുറിവേല്പിച്ചതും വേദനിപ്പിച്ചതും. അനേകം കൊല്ലങ്ങളായി ചെയ്തുകൊണ്ടിരുന്ന തപസ്സും കഠിനനിഷ്ഠകളുമെല്ലാം ഒരൊറ്റ നിമിഷംകൊണ്ട് നീ പാഴാക്കിക്കളഞ്ഞു. നൂറുകൊല്ലത്തെ കഠോരതപസ്സിനെക്കാൾ വിലപ്പെട്ടത് ഒരു നിമിഷം പ്രകടിപ്പിക്കുന്ന ദയയാണ്. അതുകൊണ്ട് നീ പ്രതിവിധി ചെയ്യേണ്ടിയിരിക്കുന്നു."

അപ്പോഴേക്കും യുവശിഷ്യൻ സ്വയം നിയന്ത്രിക്കുകയും ശാന്തത കൈവരിക്കുകയും ചെയ്തു. "ഗുരോ, താങ്കളെന്തു പറഞ്ഞാലും അതനുസരിക്കാൻ ഞാൻ തയ്യാറാണ്." ബാബാജി തുടർന്നു: "ഇനി ഫക്കീറിന്റെ കാര്യം പറയാം. ഞാൻ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുന്നതായിരിക്കും. നീ നിന്റെ അഹങ്കാരം നിറഞ്ഞ പ്രവൃത്തി കാരണം സ്വന്തം ആദ്ധ്യാത്മികപുരോഗതിയെ തടഞ്ഞുനിർത്തി. ആദ്ധ്യാത്മികപാതയിലേക്ക് വീണ്ടും കടന്നുവരണമെങ്കിൽ ഫക്കീർ അനുഭവിച്ച കഷ്ടപ്പാടുകളും വേദനകളും നീയും അനുഭവിച്ചേ തീരൂ. പൂർണ്ണ*ഖേചരിമുദ്ര*യുടെ അവസാനത്തെ ക്രിയ ചെയ്യാനായി ഒരുങ്ങിക്കൊള്ളൂ. ആജ്ഞാചക്രത്തിലൂടെ നിന്റെ പ്രാണൻ പുറത്തേക്കു പോകട്ടെ. അതിനുശേഷം നിന്റെ ആത്മാവ് ആ പാവം മനുഷ്യൻ അനുഭവിച്ചതുപോലുള്ള കഷ്ടപ്പാടുകളും വേദനകളും അനുഭവിക്കത്തക്ക സാഹചര്യങ്ങളിൽ പുനർജനിക്കുന്നതിന് ഞാൻ വേണ്ടതു ചെയ്യും. അതുകൊണ്ട് ഞാൻ പറയുന്നത് ഇപ്പോൾ അനുസരിക്കൂ."

"അങ്ങയുടെ ആഗ്രഹം എനിക്ക് എല്ലായ്പോഴും ആജ്ഞതന്നെയാണ്. അങ്ങ് പറയുന്നത് ഞാൻ അനുസരിക്കും. പക്ഷേ, എനിക്ക് ഒരു അന്ത്യാഭിലാഷം ഉണ്ട്."

"കുഞ്ഞേ, അത് എന്താണെന്നു പറയൂ" ബാബാജി പറഞ്ഞു.

യുവയോഗി കൂപ്പുകൈകളോടെ അഗാധമായ വികാരത്തിന് അടിപ്പെട്ടുകൊണ്ട് പറഞ്ഞു: "ഞാൻ അങ്ങയെ അങ്ങേയറ്റം സ്നേഹിക്കുന്നു. അങ്ങ് എന്നെ ഒരിക്കലും കൈവെടിയുകയില്ലെന്ന് എനിക്ക് ഉറപ്പു തരണം. ഞാൻ സഞ്ചരിക്കേണ്ട പാത അങ്ങ് ഒരുക്കിത്തരണം. ഞാൻ ലൗകികചിന്തകളുടെയും ഭൗതികസുഖങ്ങളുടെയും നീർച്ചുഴികളിൽപെട്ടുപോകാതെ നോക്കണം. എന്റെ തുടർന്നുള്ള ജീവിതം അങ്ങ് നിരീക്ഷിച്ചുകൊണ്ടിരിക്കണം. ഒടുവിൽ അങ്ങയുടെ അനുഗൃഹീത പാദങ്ങളിൽ എന്നെ കൊണ്ടെത്തിക്കുകയും വേണം."

മഹാനായ ഗുരു അറിയിച്ചു: "ശരി... ഞാൻ അതേറ്റു." അന്നേരം അദ്ദേഹത്തിന്റെ തിളക്കമാർന്ന നേത്രങ്ങളിലൂടെ സഹാനുഭൂതിയും ആർദ്രതയും കവിഞ്ഞൊഴുകി. അദ്ദേഹം തുടർന്നു: "എനിക്ക് മഹേശ്വരനാഥ് എന്ന പ്രിയപ്പെട്ട ഒരു ശിഷ്യനുണ്ട്. അയാളെ നീ ഇതുവരെയും കണ്ടിട്ടില്ല. നിന്റെ അടുത്ത ജന്മത്തിൽ ജീവിതാരംഭത്തിൽതന്നെ അയാൾ നിന്നെ വന്നു കാണും. അയാളായിരിക്കും നിന്റെ മാർഗ്ഗദർശകൻ. ജീവിതത്തിലെ ഒരു പ്രത്യേക ഘട്ടത്തിൽ നീ എന്നെ കാണുകയും നാം തമ്മിൽ ഇപ്പോൾ സംസാരിക്കുന്നതു

പോലെ പരസ്പരം സംസാരിക്കുകയും ചെയ്യും. ഇപ്പോൾ നിനക്ക് സമയം ഒട്ടും പാഴാക്കാനില്ല. ഇതാണ് നിനക്ക് പോകേണ്ട സമയം."

അപ്പോഴേക്കും സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരുന്നു. രജതശോഭയാർന്ന ചന്ദ്രൻ മേഘങ്ങൾക്കുള്ളിലേക്ക് പിൻവാങ്ങിക്കൊണ്ട് അവിടെ നടന്നുകൊണ്ടിരുന്ന പവിത്രമായ നാടകത്തിന് സാക്ഷിയായി. യുവശിഷ്യൻ നിറകണ്ണുകളോടെ ഒരിക്കൽകൂടി തന്റെ രക്ഷകനെ സാഷ്ടാംഗം പ്രണമിച്ചു. ബാബാജി അദ്ദേഹത്തിന്റെ വലതു കൈ മുന്നോട്ടു നീട്ടി ശിഷ്യന്റെ ശിരസ്സിൽ വച്ച് അനുഗ്രഹിച്ചു. ഉടനേ അദ്ദേഹം രാത്രിയുടെ അന്ധകാരത്തിൽ വിലയം പ്രാപിച്ചു. അതോടെ മധു ഏകനായി. യുവയോഗി പത്മാസനസ്ഥിതനായി ഏതാനും ദീർഘശ്വാസമെടുത്തു. തുടർന്ന് *ഖേചരി മുദ്ര*യിലൂടെ ബലം പ്രയോഗിച്ച് തന്റെ ശ്വാസോച്ഛ്വാസത്തിന് ഭംഗം വരുത്തി. പുരികങ്ങൾക്കിടയിലുള്ള ചക്രത്തിൽ ശ്രദ്ധയൂന്നിക്കൊണ്ട് യുവാവ് ദേഹം വെടിഞ്ഞു.

എന്റെ ഗുരുവായ മഹേശ്വർനാഥ് എന്നോട് പറഞ്ഞ കഥ ഇവിടെ സമാപിക്കുന്നു.

രണ്ട്

ഹിമാലയത്തിലെ ഗുരുവിന്റെ സന്ദർശനം

ഏറക്കുറെ വിചിത്രമായ രീതിയിൽ എന്റെ ഗുരു എന്നോടു ബന്ധപ്പെട്ടതിന്റെയും ബന്ധം പുനഃസ്ഥാപിച്ചതിന്റെയും കാര്യങ്ങൾ നിങ്ങളോട് പറയാനുള്ള സമയമായി എന്നു കരുതുന്നു.

അന്ന് എന്റെ പ്രായം ഒമ്പത് വയസ്സ് കഴിഞ്ഞിരുന്നു. അംബുജവിലാസം റോഡിലെ സാമാന്യം വിശാലമായ ഭവനത്തിലാണ് ഞാനും അച്ഛനും അമ്മയും ഇളയസഹോദരിയും അമ്മൂമ്മയും ഉൾപ്പെട്ട കുടുംബം താമസിച്ചിരുന്നത്. സ്ഥലത്തിന്റെ പേര് വഞ്ചിയൂർ എന്നാണ്. പ്രധാനപ്പെട്ട വീഥികളിൽ നിന്നും വളരെ അകലെ അല്ലായിരുന്നുവെങ്കിലും, വളരെ ശാന്തമായ സ്ഥലമായിരുന്നു അത്. വീടിന്റെ പേര് പള്ളിവീട് എന്നായിരുന്നു. വാടക നാല്പത് രൂപയായിരുന്നു. അന്നത്തെ കാലത്ത് അത് ഒരു വലിയ തുകതന്നെയായിരുന്നു.

വീടിന്റെ മുൻവശത്തെ വാതിലിനും പ്രധാന വീഥിയിലേക്കു തുറക്കുന്ന ഗേറ്റിനുമിടയിൽ സ്ഥലം കുറവായിരുന്നു. പക്ഷേ, വീടിന്റെ പുറകുവശം വളരെ വിശാലമായിരുന്നു. അര ഏക്കറോളം സ്ഥലമുണ്ടായിരുന്നു. അവിടെ നിറയെ തെങ്ങും പ്ലാവും പൂച്ചെടികളും ഉണ്ടായിരുന്നു. അമ്മ മുറ്റത്ത് കോഴികളെ വളർത്തിയിരുന്നു. കുട്ടിക്കാലത്ത് തള്ളക്കോഴി ഇളം ചുവപ്പുനിറം പൂശിയ മൃദുവായ രോമങ്ങളുള്ള കോഴിക്കുഞ്ഞുങ്ങളുമായി പോകുന്നത് ആഹ്ലാദം നല്കുന്ന കാഴ്ചയായിരുന്നു. പരുന്തു റാഞ്ചിക്കൊണ്ടുപോകുന്നത് തടയാൻ വേണ്ടിയാണ് കോഴിക്കുഞ്ഞുങ്ങളുടെ ദേഹത്ത് ചായം പുരട്ടിയിരുന്നത്. ഞങ്ങൾ രണ്ട് കോലാടിനെയും വളർത്തിയിരുന്നു.

എന്റെ അച്ഛൻ കെട്ടിടനിർമ്മാണക്കരാറുകാരനായിരുന്നു. കൂടാതെ വേസ്റ്റ് പേപ്പർ വ്യാപാരവും നടത്തിയിരുന്നു. പ്രിന്റിങ് പ്രസ്സിൽനിന്നും ശേഖരിക്കുന്ന വേസ്റ്റ്പേപ്പർ ചാക്കുകളിൽ കെട്ടി സൂക്ഷിക്കും. അതിനുവേണ്ടി വീടിന്റെ പുറകുവശത്ത് ഒരു വലിയ ഷെഡ് പണിയിച്ചിരുന്നു. ഞാനും എന്നെക്കാൾ രണ്ടര വയസ്സ് പ്രായം കുറഞ്ഞ സഹോദരിയും കൂടക്കൂടെ പോകുന്ന ഇഷ്ടപ്പെട്ട സ്ഥലമായിരുന്നു അത്. ഇവിടെ ഞാനും സഹോദരിയും ഒളിച്ചു കളിക്കുകയും ചാക്കുകളുടെ പുറത്ത് കയറിയിരുന്നു രസിക്കുകയും ചെയ്തിരുന്നു. ചിലപ്പോൾ പുതിയ വാക്കുകൾ ഉണ്ടാക്കുകയും അർത്ഥമില്ലാത്ത കവിതകൾ സൃഷ്ടിച്ച് ആഘോഷിക്കുകയും ചെയ്തിരുന്നു.

മുറ്റത്തെ ചുറ്റുമതിലിനു പൊക്കം നന്നേ കുറവായിരുന്നു. കഷ്ടിച്ച് മൂന്നടി ഉയരം വരും. മണ്ണുകുഴച്ചാണ് ചുമരുണ്ടാക്കിയിരുന്നത്. മുറ്റത്തിന്റെ മദ്ധ്യത്തിൽ പഴക്കം ചെന്ന പ്ലാവിന്റെ ഒരു കൊമ്പ് ചാഞ്ഞ് തൂങ്ങിക്കിടന്നിരുന്നു. ഞങ്ങൾ അതിൽ കയറിയിരുന്ന് ആടുമായിരുന്നു. ഞങ്ങളോടൊപ്പം അയൽപക്കത്തെ

കുട്ടികളും കൂടും. ചുറ്റുമതിലിന് ഉയരം കുറവായിരുന്നതിനാൽ കുട്ടികൾക്ക് മതിലിലൂടെ കയറി വീട്ടിലേക്ക് കടന്നുവരാൻ എളുപ്പമായിരുന്നു. മുറ്റത്ത് വലതുഭാഗത്ത് ഏറ്റവും അറ്റത്ത് വളരെ പഴക്കം ചെന്ന ഒരു വലിയ പ്ലാവും നില്ക്കുന്നുണ്ടായിരുന്നു. എന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ച നാടകീയമായ സംഭവം നടന്നത് ഈ പ്ലാവിന്റെ ചുവട്ടിൽവച്ചായിരുന്നു.

ഞാനും സഹോദരിയും പഠിച്ചിരുന്നത് ഹോളി ഏൻജൽസ് കോൺവെന്റിലാണ്. വീട്ടിൽനിന്നും നടന്നുപോകാവുന്ന ദൂരത്തിലായിരുന്നു ആ സ്കൂൾ. സ്കൂളിൽനിന്നും മടങ്ങി വന്നയുടനേ ഞങ്ങൾ കൈയും കാലും മുഖവും കഴുകി വൃത്തിയാക്കും. എന്നിട്ട് ലഘുവായി എന്തെങ്കിലും കഴിച്ചതിനുശേഷം സന്ധ്യവരെ വീടിന്റെ പുറകുവശത്ത് കളിക്കും. സന്ധ്യയ്ക്കു കൈയും കാലും മുഖവും കഴുകി ശുദ്ധിയാക്കിയതിനുശേഷം നിത്യവും അമ്മൂമ്മയോടൊപ്പം ഇരുന്ന് അറബിയിലും ഉർദുവിലും അല്പസമയം പ്രാർത്ഥിക്കും. അതിനുശേഷം ഞങ്ങൾ ഗൃഹപാഠം ചെയ്യും. അത്താഴം കഴിച്ചതിനുശേഷം അമ്മൂമ്മ പറയുന്ന അറേബ്യൻ രാവുകളിൽനിന്നുള്ള കഥകളോ അവരുടെ അനുഭവകഥകളോ കേൾക്കും. എന്നിട്ട് ഉറങ്ങാൻ പോകും.

അന്നത്തെ ആ ദിവസം, പഠിക്കാൻ എന്നെക്കാൾ കൂടുതൽ താൽപര്യം പ്രകടിപ്പിക്കുന്ന എന്റെ സഹോദരി (അവൾ സീനിയർ ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആയതിൽ അതിശയത്തിന് വകയില്ല) തന്റെ കളിക്കാനുള്ള സമയം വെട്ടിച്ചുരുക്കിയിട്ട് പതിവിന് വിപരീതമായി നേരത്തേ വീടിനുള്ളിലേക്ക് കയറി. വിശേഷിച്ചൊന്നും ചെയ്യാതെ ഞാൻ മുറ്റത്ത് അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. സന്ധ്യയോടടുത്ത സമയമായിരുന്നു. അന്നേരം മങ്ങിയ വെളിച്ചമായിരുന്നു. വീടിനുള്ളിൽ പോയി അടുക്കളയിൽനിന്ന് എന്തെങ്കിലും എടുത്ത് കഴിച്ചാലെന്താ എന്നു ഞാനും വിചാരിച്ചു. അങ്ങനെ ഞാൻ വീടിനെ അഭിമുഖീകരിച്ചു തിരിഞ്ഞു. എന്നിരുന്നാലും ഇന്നും എനിക്ക് വിശദീകരിക്കാൻ കഴിയാത്ത കാരണങ്ങളാൽ ഞാൻ തിരിഞ്ഞു നടന്നത് മുറ്റത്തു നില്ക്കുന്ന പ്ലാവിനടുത്തേക്ക് ആയിരുന്നു. പ്ലാവിന്റെ ചുവട്ടിൽ ആരോ ഒരാൾ നില്ക്കുന്നുണ്ട്. ആ മനുഷ്യൻ ആംഗ്യം കാണിച്ച് എന്നെ അടുത്തേക്ക് വിളിച്ചു.

സാധാരണഗതിയിൽ ഞാൻ വല്ലാതെ പേടിച്ച് ഞെട്ടുകയാണ് വേണ്ടിയിരുന്നത്. എന്നാൽ എന്തുകൊണ്ടോ എനിക്ക് അന്നേരം യാതൊരു ഭീതിയും അനുഭവപ്പെട്ടില്ല. എന്റെ ഹൃദയത്തിൽ പ്രസ്തുത അപരിചിതന്റെ അടുത്തേക്ക് പോകാനുള്ള അഭിനിവേശം ഉണർന്നു. ഞാൻ എന്റെ ചുവടുകൾക്ക് വേഗം പകർന്നു. ഞാൻ ആ വ്യക്തിയുടെ മുന്നിലെത്തി. എനിക്ക് വ്യക്തമായി കാണാൻ കഴിഞ്ഞു: അപരിചിതന് നല്ല ഉയരമുണ്ട്. കാണാൻ സുന്ദരനും സുമുഖനും ആയിരുന്നു. നല്ല ആകാരസൗഷ്ഠവം. അരയിൽ മുട്ടോളംവരെ എത്തുന്ന വെള്ളനിറമുള്ള തുണി ചുറ്റിയിരുന്നു. അല്ലാതെ മറ്റു വസ്ത്രങ്ങളൊന്നും ധരിച്ചിരുന്നില്ല. ആ മനുഷ്യൻ നഗ്നപാദനായിരുന്നു.

ഉയരമുള്ള ആ വിചിത്ര മനുഷ്യൻ എന്നെ അമ്പരപ്പിച്ചു. നീണ്ട ജടപിടിച്ച മുടി നെറ്റിയിൽ വീണു കിടന്നിരുന്നതിനെ കെട്ടിവച്ചിരുന്നു. അത് നീണ്ട തൊപ്പിപോലെ തോന്നിച്ചിരുന്നു. കാതിൽ ചെമ്പുകർണ്ണകുണ്ഡലം അണിഞ്ഞിരുന്നു. വലതുകൈയിൽ കറുത്ത ചായം പൂശിയ ഒരു ജലപാത്രം ഉണ്ടായിരുന്നു.

ഇതിലുമുപരി എടുത്തു പറയേണ്ട മറ്റൊരു കാര്യം ആ മനുഷ്യന്റെ കണ്ണുകളെപ്പറ്റിയാണ്. വിശാലമായ തവിട്ടും കറുപ്പും കലർന്ന നിറമുള്ള നേത്രങ്ങളിലൂടെ സ്നേഹവും വാത്സല്യവും കവിഞ്ഞൊഴുകിക്കൊണ്ടിരുന്നു. ആ മനുഷ്യൻ ഒരു മടിയും കൂടാതെ തന്റെ വലതുകരതലം എന്റെ ശിരസ്സിൽ വച്ചു. എന്നിട്ട് ആർദ്രമായ സ്വരത്തിൽ ഹിന്ദിയിൽ പറഞ്ഞു: "കുഛ് യാദ് ആയാ?" (എന്തെങ്കിലും ഓർക്കുന്നുണ്ടോ?)

അപരിചിതൻ പറഞ്ഞത് എനിക്ക് പൂർണ്ണമായും മനസ്സിലായി. തലമുറകളായി ഞങ്ങളുടെ കുടുംബക്കാർ കേരളത്തിൽ സ്ഥിരതാമസമാക്കിയിരുന്നുവെങ്കിലും പ്രത്യേക രീതിയിലുള്ള ദഖ്നി എന്നുപറയുന്ന ഉർദുവാണ് ഞങ്ങൾ സംസാരിച്ചിരുന്നത്. 'നഹി' (ഇല്ല) എന്ന് ഞാൻ മറുപടി നല്കി.

ആ മനുഷ്യൻ അപ്പോൾ ശിരസ്സിൽനിന്നും കൈമാറ്റിയിട്ട് നെഞ്ചിൽ തലോടിക്കൊണ്ട് പറഞ്ഞു: "ബാദ് മേ മാലൂം ഹോ ജായേഗാ. അബ് വാപസ് ഘർ ജാവോ (പിന്നീട് എല്ലാം മനസ്സിലായിക്കൊള്ളും. ഇപ്പോൾ വീട്ടിലേക്ക് മടങ്ങിപ്പോകൂ) എന്തു സന്ദേശമാണ് അദ്ദേഹം തരാൻ ഉദ്ദേശിക്കുന്നത് എന്ന് എനിക്ക് അപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എന്നിരുന്നാലും പറഞ്ഞതനുസരിച്ചു. ഞാൻ ധൃതിയിൽ വീട്ടിലേക്ക് പോയി. അജ്ഞാതന്റെ സ്പർശനം എന്റെ ഹൃദയത്തിനു കൂടുതൽ ലാഘവം നല്കിയതായി അനുഭവപ്പെട്ടു. വീടിന്റെ പിറകുവശത്തെ വാതിലിനടുത്തു ചെന്ന് വീട്ടിനുള്ളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് പ്ലാവിന്റെ ചുവട്ടിൽ അപരിചിതനെ ഒന്നു നോക്കുന്നതിനു വേണ്ടി തിരിഞ്ഞുനോക്കി. അപ്പോഴേക്കും അപരിചിതൻ പോയിക്കഴിഞ്ഞിരുന്നു. അവിടെ ആരെയും കാണാനില്ലായിരുന്നു.

ഇരുട്ട് കൂടിക്കൊണ്ടിരുന്നു. ആവേശഭരിതനായി ഞാൻ അടുക്കളയിലേക്ക് ഓടി. ഒരു ധീരകൃത്യം അമ്മയെയും ഇളയസഹോദരിയെയും അറിയിച്ച് അവരിൽ വിഭ്രാന്തി ജനിപ്പിക്കാൻ മനസ്സ് വെമ്പൽകൊണ്ടു. അന്നേരം അടുക്കളയിൽനിന്നും അമ്മ കൊഞ്ചുകറി വച്ചുകൊണ്ടിരുന്നതിന്റെ നറുമണം പരന്നുകൊണ്ടിരുന്നു. ഞാൻ സംഭവങ്ങൾ വിവരിക്കാൻവേണ്ടി വായ് തുറന്നുവെങ്കിലും ഒരു വാക്കുപോലും ഉരിയാടാനായില്ല. എന്റെ കണ്ഠനാളത്തെ ആരോ എന്തോ തടസ്സപ്പെടുത്തുന്നതുപോലെ തോന്നി. ഞാൻ വീണ്ടും സംസാരിക്കാൻ ശ്രമിച്ചു. പക്ഷേ, ഫലമുണ്ടായില്ല. അന്നേരം ഞാൻ ശ്വസിക്കാൻ ബുദ്ധിമുട്ടി. എന്റെ അമ്മ ഉത്കണ്ഠയോടെ ആരാഞ്ഞു: "നിനക്ക് എന്തുപറ്റി? നീ വേഗത്തിൽ ഓടിയോ?" "അതെ" എന്നുപറയുന്ന ശബ്ദം എന്റെ ചെവിയിലും പതിച്ചു. പക്ഷേ, പ്രസ്തുത സംഭവത്തെപ്പറ്റി വിവരിക്കാൻ തുടങ്ങുമ്പോൾ മാത്രം എനിക്ക് സംസാരിക്കാൻ കഴിയാത്ത അവസ്ഥയായി.

പിന്നീടും ഏതാനും അവസരങ്ങളിൽ ആ സംഭവം വിവരിക്കാൻ നടത്തിയ ശ്രമം വിജയിച്ചില്ല. എനിക്ക് ഒരു കാര്യം ബോധ്യമായി. അജ്ഞാതമായ ഏതോ ഒരു ബാഹ്യശക്തി ഈ സംഭവത്തെപ്പറ്റി പുറത്തറിയിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. അതിനാൽ അതു പുറത്തു പറയാനുള്ള ശ്രമം ഞാൻ ഉപേക്ഷിച്ചു. അതെപ്പറ്റി പിന്നീട് ആരോടെങ്കിലും പറയുന്നതിനു പത്തു വർഷമെടുത്തു. ഈ വിവരം ആദ്യമായി പറഞ്ഞത് എന്റെ ഗുരുവിനോടുതന്നെയായിരുന്നു. പ്ലാവിൻചുവട്ടിൽവച്ച് ആദ്യമായി കണ്ട ഗുരുവിനോട് പിന്നീട് ഹിമാലയ

സാനുക്കളിൽവച്ച് തികച്ചും വ്യത്യസ്തമായ സാഹചര്യങ്ങളിലായിരുന്നു അതെപ്പറ്റി സംസാരിച്ചത്. അന്നത്തെ കൂടിക്കാഴ്ചയിലാണ് അദ്ദേഹം എന്നെ ഔപചാരികമായി ശിഷ്യനായി സ്വീകരിച്ചത്. അതെപ്പറ്റി പിന്നീട് പറയാം.

പ്ലാവിൻചുവട്ടിലെ സംഭവത്തിനുശേഷം ബാഹ്യമായി എന്റെ പ്രായത്തിലുള്ള മറ്റേതൊരു കുട്ടിയെയുംപോലെയാണ് ഞാൻ കാണപ്പെട്ടിരുന്നത്. എന്നിരുന്നാലും വ്യക്തിപരമായി എന്നിൽ വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. ദൈനംദിന ജീവിതത്തിലെ സാധാരണ സംഭവങ്ങൾക്കൊപ്പം ആന്തരികമായി നിഗൂഢമായ ഒരു ജീവിതവും എന്നിൽ തുടർന്നുകൊണ്ടിരുന്നു. അന്തർയാത്ര തുടങ്ങിക്കഴിഞ്ഞതിന്റെ ആദ്യത്തെ ലക്ഷണവും പ്രകടമായിക്കഴിഞ്ഞു. ധ്യാനം എന്ന വാക്കിന്റെ അർത്ഥതലം എന്താണെന്നു മനസ്സിലാക്കാതെതന്നെ ഞാൻ ധ്യാനത്തിൽ മുഴുകാൻ തുടങ്ങി.

സംഭവിച്ചത് ഇങ്ങനെയൊക്കെയാണ്. എനിക്കുണ്ടായ അത്യപൂർവ്വമായ അനുഭവം എന്താണെന്ന് മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ എനിക്കു കഴിയുമായിരുന്നില്ല. എന്നിരുന്നാലും ആ സ്നേഹം തുളുമ്പുന്ന നോട്ടം എന്റെ മനസ്സിൽ മായാതെ കിടന്നിരുന്നു. ഒരു രാത്രിയിൽ ഞാൻ അമ്മയുടെയും സഹോദരിയുടെയും സമീപത്ത് ആ മനുഷ്യന്റെ ആർദ്രമായ നോട്ടം ഓർത്തുകൊണ്ട് കിടക്കുകയായിരുന്നു. സാധാരണഗതിയിൽ എന്റേതു ഗാഢനിദ്രയായിരുന്നു. നേരം വെളുത്താലും പല പ്രാവശ്യം വിളിച്ചാണ് എന്നെ ഉണർത്താറുള്ളത്. എന്നാൽ അന്നത്തെ രാത്രി വ്യത്യസ്തതയുള്ളതായിരുന്നു. ഏകദേശം അർദ്ധരാത്രി സമയത്ത് എന്റെ നെഞ്ചിന്റെ മദ്ധ്യഭാഗത്തിൽ ഹൃദ്യമായ ആനന്ദാനുഭൂതി അനുഭവപ്പെട്ടു. മൃദുലമായ ഒരു തൂവൽകൊണ്ട് ആരോ എന്റെ ഹൃദയത്തെ ഇക്കിളിപ്പെടുത്തുന്നതുപോലുള്ള അനുഭവമായിരുന്നു അത്. ഈ അനുഭവം സാവധാനത്തിൽ മുകളിലോട്ട് നട്ടെല്ലിലേക്കു വ്യാപിച്ചു. ഞാൻ എണീറ്റിരിക്കാൻ ആഗ്രഹിച്ചു. എണീറ്റിരുന്നാൽ അമ്മ ഉണരുകയും ജിജ്ഞാസ കാണിക്കുകയും ചെയ്യുമെന്ന് ആശങ്കയുണ്ടായി. അതിനാൽ ഞാൻ കണ്ണടച്ചുകൊണ്ട് ഉള്ളിലേക്കു നോക്കാൻ ശ്രമം നടത്തി.

അപ്പോൾ സ്നേഹാർദ്രമായ നേത്രങ്ങൾ പ്രകടമായി. ഉടനേ അപ്രത്യക്ഷമാകുകയും ചെയ്തു. തൽസ്ഥാനത്ത് കുളിർമ്മ പ്രദാനം ചെയ്ത വെളിച്ചം നട്ടെല്ലിലേക്കു കടന്നുവന്ന് ഹൃദയത്തിലാകെ നിറഞ്ഞു. രതിമൂർച്ഛ ഏതുപോലെയായിരിക്കും എന്ന് എനിക്ക് അന്ന് അറിയാമായിരുന്നുവെങ്കിൽ ആ അനുഭവത്തെ ലൈംഗികാർത്ഥത്തിലല്ലാതെയുള്ള ഹൃദയത്തിന്റെ രതിമൂർച്ഛ എന്നു വിളിക്കുമായിരുന്നു. ഇങ്ങനെ താരതമ്യം ചെയ്യാൻ കഴിയാത്തവിധം നന്നേ ചെറു പ്രായമായിരുന്നു അന്ന് എനിക്ക്. ലഹരി പിടിപ്പിക്കുന്ന ആനന്ദാനുഭൂതിയായിരുന്നു അത് എന്നുമാത്രം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

ധ്യാനത്തിന്റെ ആദ്യാനുഭവം എത്ര സമയം നീണ്ടുനിന്നു എന്ന് എനിക്ക് അറിഞ്ഞുകൂടായിരുന്നു. എന്റെ അമ്മയുടെ ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്: "മോനേ എണീക്ക്. സ്കൂളിൽ പോകാൻ സമയമായി" കൈകൊണ്ട് രണ്ടു മൂന്നു തവണ ചെറുതായി തട്ടിയുണർത്തിയപ്പോൾ ഞാൻ കണ്ണുതുറന്നുകൊണ്ട് എണീറ്റിരുന്നു. ഒരു നിമിഷം കൊണ്ട് ആനന്ദവും പ്രകാശവും ഇക്കിളിപ്പെടുത്തുന്ന അനുഭവവും ഒക്കെ ഇല്ലാതായി. ഞാൻ കുളി കഴിഞ്ഞ്, പ്രാതൽ കഴിച്ചിട്ട്

വേഷം മാറി സ്കൂളിൽ പോകാൻ ഒരുങ്ങി. അപ്പോഴും ധ്യാനത്തിൽ ദർശിച്ച അനുതാപപൂർണ്ണമായ നേത്രങ്ങൾ മാത്രം എന്നെ വിടാതെ പിന്തുടർന്നു കൊണ്ടിരുന്നു.

അന്നുമുതൽ എല്ലാ രാത്രികളിലും ധ്യാനം തുടർന്നുകൊണ്ടിരുന്നു. അനിതര സാധാരണമായ ചില അനുഭവങ്ങൾ എനിക്കുണ്ടായി. അതും ഇപ്പോൾ പറയാനാഗ്രഹിക്കുന്നു. പക്ഷേ, അതിനെക്കാൾ പ്രാധാന്യമർഹിക്കുന്നത് എന്റെ ജീവിതത്തിലേക്കു കടന്നുവന്ന വിശുദ്ധരും മഹാത്മാക്കളുമാണ്. ഈശ്വരനിശ്ചയംപോലെ ഞാൻ വായിച്ചിരിക്കേണ്ട പല രചനകളും എന്റെ കൈകളിലേക്ക് എത്തുകയുണ്ടായി.

മൂന്ന്

ഗായത്രി മന്ത്രം

എനിക്കുണ്ടായ അനിതരസാധാരണമായ അനുഭവങ്ങളിൽ ആദ്യത്തെ അനുഭവം മുതൽ തുടങ്ങാം. എന്നോട് അടുത്തു കഴിഞ്ഞിരുന്ന അമ്മയ്ക്കും അമ്മൂമ്മയ്ക്കും അല്ലാതെ മറ്റാർക്കുംതന്നെ എന്റെ വ്യക്തിത്വത്തിൽ ഉണ്ടായ മാറ്റങ്ങൾ ശ്രദ്ധിക്കാൻ കഴിഞ്ഞിരുന്നില്ല. ഞാൻ മുമ്പത്തെക്കാൾ അന്തർമുഖനായി മാറിക്കഴിഞ്ഞിരുന്നു. ഞാൻ പ്ലാവിന്റെ ചുവട്ടിൽ ഇരിക്കുകയോ അല്ലെങ്കിൽ നിന്നുകൊണ്ട് ആകാശത്തേക്കോ ശൂന്യതയിലേക്കോ നോക്കുന്നത് അമ്മ പലപ്പോഴും ശ്രദ്ധിക്കുമായിരുന്നു. ചില രാത്രികളിൽ ഉറക്കത്തിൽ വിചിത്രമായ ഭാഷയിൽ ഞാൻ എന്തൊക്കെയോ സംസാരിക്കുമെന്നും അമ്മ പതിവായി പറഞ്ഞിരുന്നു. എന്തായാലും ഒരു കാര്യത്തിൽ അമ്മയ്ക്ക് ആശ്വാസമായി. ഉറക്കത്തിൽ നിലവിളിച്ചുകൊണ്ട് പുറത്തേക്ക് ഇറങ്ങി ഓടുന്ന വിചിത്രമായ അസുഖത്തിൽനിന്ന് ഇതിനകം മോചനം കിട്ടിക്കഴിഞ്ഞിരുന്നു. ഈ അസുഖത്തെപ്പറ്റി മുമ്പ് ഒന്നാമത്തെ അദ്ധ്യായത്തിൽ സൂചിപ്പിച്ചിരുന്നുവല്ലോ. പിശാചുകൾപോലെയുള്ള ചില സത്ത്വങ്ങൾ എന്നെ പിടികൂടാൻ ശ്രമിക്കുന്ന ദുഃസ്വപ്നങ്ങൾ കാണുന്നത് പ്ലാവിൻ ചുവട്ടിൽവച്ച് അപരിചിതനെ കണ്ടതിനുശേഷം ഒരിക്കലും സംഭവിച്ചിട്ടില്ല. സൂഫികളുടെയും വിശുദ്ധരുടെയും കഥകൾ കേൾപ്പിക്കാൻ ഞാൻ പലപ്പോഴും അമ്മൂമ്മയെ ശല്യം ചെയ്തിരുന്നു. കഥകളുടെ സ്റ്റോക്ക് തീർന്നുകഴിഞ്ഞപ്പോൾ അമ്മൂമ്മ മുമ്പ് പറഞ്ഞ കഥകൾ തന്നെ ആവർത്തിച്ചപ്പോഴും വീണ്ടും കേൾക്കാനുള്ള സന്നദ്ധത ഞാൻ പ്രകടിപ്പിച്ചിരുന്നു.

രാത്രിയിൽ ധ്യാനത്തിൽ മുഴുകിയിരിക്കുമ്പോൾ ഞാൻ വളരെയധികം ആനന്ദം അനുഭവിച്ചിരുന്നു. ധ്യാനത്തിൽ ഇരിക്കവേ ചില അവസരങ്ങളിൽ ഞാൻ ഗാഢനിദ്രയിലേക്ക് വഴുതിവീഴുകയും വൈവിധ്യമാർന്ന നീണ്ട സ്വപ്നങ്ങൾ കാണുകയും ചെയ്തിരുന്നു. അവയിൽ പലതും ഇപ്പോൾ ഓർമ്മയിൽ ഇല്ല. എന്നാൽ ചില സ്വപ്നങ്ങൾ എന്റെ മനസ്സിനെ തികച്ചും സ്വാധീനിച്ചിട്ടുള്ളവയാണ്. ആ സ്വപ്നങ്ങൾ എന്റെ ആദ്ധ്യാത്മിക യാത്രയിൽ സംഭവിക്കാനിരിക്കുന്ന പല കാര്യങ്ങളെപ്പറ്റിയുമുള്ള സൂചനകൾ നല്കുന്നവയായിരുന്നു. പ്ലാവിൻ ചുവട്ടിൽവച്ച് ഉണ്ടായ സംഭവം കഴിഞ്ഞിട്ട് മൂന്നുമാസം പിന്നിട്ടപ്പോൾ ഒരിക്കൽ അത്തരത്തിലുള്ള ഒരു സ്വപ്നം കാണുകയുണ്ടായി.

സ്വപ്നത്തിൽ സസ്യസമൃദ്ധമായ, മനോഹരമായ ഒരു താഴ്വര കാണുകയുണ്ടായി. എല്ലാവശത്തും മഞ്ഞുകൊണ്ടുമൂടിയ പർവ്വതങ്ങളാൽ ചുറ്റപ്പെട്ട ഒരു താഴ്വര. അത്തരമൊരു കൊടുമുടിയുടെ കീഴിൽ ഒരു ഗുഹയുണ്ടായിരുന്നു. ഗുഹയ്ക്കുള്ളിൽനിന്നും അജ്ഞാതമായ ഭാഷയിൽ മധുരസ്വരത്തിലുള്ള ജപം

കേട്ടു. ആ ശബ്ദം എനിക്കു പരിചിതമായി അനുഭവപ്പെട്ടു. ഞാൻ ഗുഹാമുഖത്തേക്കു നീങ്ങി. എന്നിട്ട് ഉള്ളിലേക്കു നോക്കി. സാമാന്യം വലിപ്പമുള്ള ഗുഹയായിരുന്നു അത്. തറയിൽ മദ്ധ്യഭാഗത്തുള്ള തുറസ്സായ സ്ഥലത്ത് തീ കൂട്ടിയിട്ടിരുന്നു. അഗ്നികുണ്ഡത്തിൽനിന്ന് തീനാളങ്ങൾ ഉയർന്നുകൊണ്ടിരുന്നു. ഗുഹയുടെ അങ്ങേയറ്റത്ത് എന്നെയും തീക്കുണ്ഡത്തെയും അഭിമുഖീകരിച്ച് ഉയർന്ന ഒരു തിട്ടയും ഉണ്ടായിരുന്നു. അതിൽ താടിയും കറുത്തിരുണ്ട നീണ്ട തലമുടിയും ഉള്ള മധ്യവയസ്കനായ ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. ഒരുതരം തവിട്ടുനിറമുള്ള മരവുരി അരയിൽ ചുറ്റിയിരുന്നു. നെഞ്ചിൽ കുറുകെ കട്ടിയുള്ള നൂൽച്ചരട് തൂങ്ങിക്കിടന്നിരുന്നു.

അദ്ദേഹം കൊച്ചുകുട്ടികൾക്ക് ജപം ചൊല്ലിക്കൊടുക്കുകയായിരുന്നു. കുട്ടികൾ അത് ഏറ്റുപറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വേഷംതന്നെയായിരുന്നു കുട്ടികളുടേതും. കുട്ടികൾ അഗ്നികുണ്ഡത്തെയും അദ്ദേഹത്തെയും അഭിമുഖീകരിച്ചുകൊണ്ട് അർദ്ധവൃത്താകൃതിയിൽ ഇരിക്കുകയായിരുന്നു. മന്ത്രജപത്തിന്റെ സ്വാധീനത്താൽ പ്രചോദിതനായി ഞാനും അത്യുച്ചത്തിൽ ജപം ഏറ്റുപറഞ്ഞു.

അതോടെ പെട്ടെന്ന് ജപംചൊല്ലൽ തടസ്സപ്പെട്ടു. തിട്ടയിൽ ഇരിക്കുകയായിരുന്ന അദ്ദേഹത്തിന്റെ ദൃഷ്ടികൾ എന്നിൽ പതിച്ചു. അദ്ദേഹം പറഞ്ഞു: "കുട്ടീ, ഇങ്ങോട്ടുവരൂ." അജ്ഞാതമായൊരു ഭാഷയിലാണ് അദ്ദേഹം സംസാരിച്ചതെങ്കിൽപ്പോലും എനിക്കതു മനസ്സിലായി എന്നത് എന്നെ അത്ഭുതപ്പെടുത്തി. ഞാൻ ഗുഹയുടെ ഉള്ളിലേക്ക് കടന്നു. അപ്പോഴേക്കും എല്ലാ കുട്ടികളുടെയും ശ്രദ്ധ എന്നിലേക്ക് തിരിഞ്ഞു. ഞാൻ നിക്കറും കൈയില്ലാത്ത ഉടുപ്പും ആണ് ധരിച്ചിരുന്നത്. മുടി പറ്റെ വെട്ടിയിരുന്നു. എന്നെ നോക്കി കുട്ടികൾ അടക്കിച്ചിരിക്കുകയും എന്തൊക്കെയോ പരസ്പരം കുശുകുശുക്കുകയും ചെയ്തു.

"നിർത്തൂ!" അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു. കുട്ടികൾ നിശ്ശബ്ദരായി. അദ്ദേഹം എന്റെ നേർക്ക് നോക്കിക്കൊണ്ടു പറഞ്ഞു: "ജപിക്കൂ!" ഞാൻ ജപിക്കുന്നത് നേരയാകുകയില്ലെന്ന് വിചാരിച്ചുകൊണ്ട് നിറുത്തി നിറുത്തി ജപിച്ചു. കുട്ടികൾ വീണ്ടും അടക്കിച്ചിരിക്കാൻ തുടങ്ങി. അവരെ പഠിപ്പിച്ചുകൊണ്ടിരുന്ന ഗുരു പറഞ്ഞു: "നിർത്തൂ!" എന്നിട്ട് എന്റെ നേരേ നോക്കിക്കൊണ്ടു പറഞ്ഞു: "ശരിയായ വിധത്തിൽ ജപിക്കുന്നത് നീ മറന്നുകഴിഞ്ഞു. വീട്ടിൽ മടങ്ങിപ്പോയിട്ട് ശരിയായി ജപിക്കാൻ പഠിക്കൂ." എങ്ങനെ വേണം പഠിക്കേണ്ടത് എന്ന് ചോദിക്കുന്നതിനുമുമ്പുതന്നെ ഞാൻ സ്വപ്നത്തിൽനിന്ന് ഉണർന്നു. അന്നേരം എന്റെ ചെവിയിൽ അമ്മയുടെ ശബ്ദമാണ് കേട്ടത്: "എണീക്ക് ...എണീക്ക്..."

സ്വപ്നത്തെപ്പറ്റിയോർത്ത് അത്ഭുതത്തോടെ ഞാൻ എണീറ്റു. അന്ന് ഞായറാഴ്ചയായിരുന്നു. സ്കൂളിൽ പോകേണ്ടതില്ലല്ലോ എന്നോർത്ത് സന്തോഷിച്ചു. വീടിന്റെ പുറകുവശത്ത് ഇഷ്ടംപോലെ അലഞ്ഞു നടക്കാം. ചായംകൊണ്ട് പടം വരയ്ക്കാം; അല്ലെങ്കിൽ തട്ടുമ്പുറത്ത് കയറിയിരുന്നു പഴയ ക്ലോക്കുകളും ചെറിയ ഉപകരണങ്ങളും നന്നാക്കി ഉല്ലസിക്കാം. രാവിലത്തെ പ്രാതലിന് നല്ല രുചിയുള്ള അപ്പവും ഉരുളക്കിഴങ്ങ് കറിയും ഓംലേറ്റും

കഴിച്ചതിനുശേഷം കൈയുള്ള ചൂരൽകസേരയിൽ ഇരുന്നുകൊണ്ട് അടുത്ത പരിപാടിയെപ്പറ്റിയുള്ള ആലോചനയിൽ മുഴുകി.

വിശാലമായ ആ മുറിയിലെ ഒരുമൂല അച്ഛൻ തന്റെ ഓഫീസ്മുറിപോലെ ഉപയോഗിച്ചിരുന്നു. ഈ മൂലയിൽ ഈട്ടികൊണ്ട് പണിഞ്ഞ ഒരു മേശ കിടന്നിരുന്നു. അതിന്റെ ഡ്രായർ എല്ലായ്പോഴും പൂട്ടിക്കിടക്കുന്നത് കണ്ടിരുന്നു. എന്റെ നോട്ടം മേശയിൽ പതിച്ചു. പൂട്ടിയിരുന്ന പൂട്ടിൽത്തന്നെ താക്കോൽ തൂങ്ങിക്കിടക്കുന്നത് കാണാനിടയായി. മേശ പൂട്ടിയിട്ടില്ലായിരിക്കാം എന്നു മനസ്സിൽ വിചാരിച്ചു. അതിനുള്ളിൽ എന്താണ് ഉള്ളത് എന്ന് അറിയാൻ അതിനു മുമ്പും എനിക്ക് കൗതുകമുണ്ടായിരുന്നു. ഇപ്പോൾ അത് അറിയാനുള്ള സുവർണ്ണാവസരമാണ് കൈവന്നിരിക്കുന്നുത്. അച്ഛൻ അതിരാവിലെ ഒരു മെഡിക്കൽ ചെക്കപ്പിനുവേണ്ടി പോയിരിക്കുകയായിരുന്നു. പ്രസ്തുത മേശ എന്നെ അതിന്റെ അടുത്തേക്ക് മാടിവിളിക്കുകയുണ്ടായി.

ഞാൻ അച്ഛന്റെ കസേരയിൽ ഇരുന്നുകൊണ്ട് താക്കോലെടുത്ത് മേശ തുറന്നു. ഡ്രായർ തുറന്ന് അതിന്റെ ഉള്ളിലേക്ക് നോക്കി. അതിനകത്ത് ചില ഫയലുകളും, കട്ടിയുള്ള കണക്കുപുസ്തകങ്ങളും, ബില്ലുകളും, സ്റ്റാമ്പ് പാഡുകളും, മനോഹരമായ പാർക്കർ പേനകളും, പെൻസിലുകളും മറ്റും ഉണ്ടായിരുന്നു. ചുറ്റും നോക്കിയിട്ട് എന്നെ ആരും ശ്രദ്ധിക്കുന്നില്ല എന്നു ഉറപ്പ് വരുത്തിയതിനുശേഷം ഡ്രായറിന്റെ ഉള്ളിലേക്ക് ചികഞ്ഞു നോക്കിയപ്പോൾ കട്ടിയുള്ള രണ്ടു പുസ്തകങ്ങൾ സൂക്ഷിച്ചുവച്ചിരിക്കുന്നത് കാണാനിടയായി. ഒന്ന് ഓറഞ്ച് നിറമുള്ള പുറംചട്ടയോടുകൂടിയ ചെറിയ ഒരു പുസ്തകമായിരുന്നു. പുസ്തകത്തിന്റെ പേര് 'ജപ യോഗാ ആന്റ് ഗായത്രി' എന്നാണ്. മറ്റേ പുസ്തകം ചിത്രങ്ങളോടുകൂടിയതാണ്. പുസ്തകത്തിന്റെ പേര് 'ലൈറ്റ് ഓൺ യോഗാ' എന്നും. രണ്ടാമത്തെ പുസ്തകത്തിൽ പ്രായം ചെന്ന ആളിന്റെ പലതരം അംഗവിന്യാസങ്ങളോടു കൂടിയ ധാരാളം ചിത്രങ്ങൾ ഉണ്ട്. അവയൊക്കെ കായികാഭ്യാസപ്രകടനങ്ങളുടെ ചിത്രങ്ങളാണെന്നു ഞാൻ കരുതി.

പിന്നീട് ഈ രണ്ടു പുസ്തകങ്ങളെപ്പറ്റിയും കൂടുതൽ വസ്തുതകൾ ഗ്രഹിക്കാൻ എനിക്കു കഴിഞ്ഞു. ആദ്യം കണ്ട ലഘുഗ്രന്ഥം രചിച്ചത് വിഖ്യാത വേദാന്താചാര്യനായ സ്വാമി ചിന്മയാനന്ദനാണ്. മറ്റേ വലിയ പുസ്തകം യോഗ അഭ്യസിക്കുന്നതിനുവേണ്ടി രചിക്കപ്പെട്ട ഒരു ശാസ്ത്രഗ്രന്ഥമാണ്. അതിന്റെ രചയിതാവ് അത്യന്തം പ്രശസ്തനായ യോഗാചാര്യൻ ബി.കെ. എസ്.അയ്യങ്കാരായിരുന്നു. ഈ രണ്ടു പുസ്തകങ്ങളോടും അന്ന് വെറുതെ ഒരാകർഷണം തോന്നി. അവ കൈക്കലാക്കണമെന്നു വിചാരിക്കുകയും ചെയ്തു. അവ അവിടെനിന്നു മാറ്റപ്പെട്ട വിവരം അച്ഛൻ അറിയാൻ ഇടയാകുകയില്ലെന്നു കരുതി.

ഇത്തരുണത്തിൽ എന്റെ അച്ഛനെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ പറയേണ്ടിയിരിക്കുന്നു. അച്ഛൻ ബിൽഡിങ് കോൺട്രാക്ടർ ആയിരുന്നു. അതായിരുന്നു ഉപജീവനമാർഗ്ഗം. എന്നാൽ അദ്ദേഹം ബോഡിബിൽഡിങ്ങിനുവേണ്ടിയുള്ള വ്യായാമങ്ങൾ ചെയ്യുന്നതിലും പ്രത്യേകമായ താൽപര്യം കാണിച്ചിരുന്നു. കളരിപ്പയറ്റ് അഭ്യസിച്ചിരുന്ന അദ്ദേഹം ഹൈന്ദവതത്ത്വശാസ്ത്രത്തിലും സിനിമയിലും തത്പരനായിരുന്നു. അദ്ദേഹം മലയാളം

മുഖ്യവിഷയവും ഭാരതീയതത്ത്വശാസ്ത്രം ഐച്ഛികവിഷയമായും എടുത്ത് കേരളാ യൂണിവേഴ്സിറ്റിയിൽനിന്ന് ഡിഗ്രി കരസ്ഥമാക്കുകയുണ്ടായി. ഈ വിഷയങ്ങളിൽ വളരെയധികം താൽപര്യം കാണിച്ചിരുന്ന അദ്ദേഹം പ്രസിദ്ധരായ വിദഗ്ധരുടെ വേദാന്തത്തെയും വേദാന്തവുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങളെയും സംബന്ധിക്കുന്ന പ്രഭാഷണങ്ങൾ കേൾക്കാൻ പോകാറുണ്ടായിരുന്നു. മതപരമായ ചടങ്ങുകളിൽ പരസ്യമായി പങ്കെടുത്തിരുന്നത് വളരെ ചുരുക്കമായിട്ടാണ്. ഇസ്ലാം മതത്തിലുള്ള അദ്ദേഹത്തിന്റെ വിശ്വാസത്തിനുള്ള തെളിവ് എല്ലാ വർഷവും രണ്ടുതവണ ജുമാമസ്ജിദ് പള്ളിയിൽ, ബക്രീദിനും ഈദിനും ഒന്നിച്ചുകൂടുക എന്നതായിരുന്നു. അദ്ദേഹം എല്ലായ്പോഴും ഉല്ലാസവാനായി കാണപ്പെട്ടിരുന്നു. യോഗാഭ്യാസം പരിശീലിക്കുന്നതിനു മുമ്പ് പുതുതായി തിയേറ്ററിൽ വരുന്ന എല്ലാ സിനിമയും മുടങ്ങാതെ കണ്ടിരുന്നു. യോഗാഭ്യാസം പരിശീലിക്കാൻ തുടങ്ങിയതോടെ അദ്ദേഹം പുകവലി പാടേ ഉപേക്ഷിച്ചു. മുമ്പ് നിരന്തരം പുകവലിക്കുമായിരുന്നു. യോഗാഭ്യാസം പരിശീലിക്കുന്നതിന് മുമ്പും അദ്ദേഹം അതിരാവിലെ ഉറക്കം ഉണർന്ന് ഒന്നരമണിക്കൂർ ഊർജ്ജസ്വലതയോടെ വ്യായാമം ചെയ്യാറുണ്ടായിരുന്നു. ചിലപ്പോഴൊക്കെ അദ്ദേഹം എന്നെ ഉണർത്തുകയും ലളിതമായ ചില വ്യായാമമുറകൾ പഠിപ്പിക്കുകയും ചെയ്തിരുന്നു.

അച്ഛന്റെ മേശയിൽനിന്ന് കിട്ടിയ രണ്ടു പുസ്തകങ്ങളിൽ എന്നെ ഏറ്റവും ആകർഷിച്ചത് ഓറഞ്ച് നിറമുള്ള പുറംചട്ടയോടുകൂടിയ ലഘുഗ്രന്ഥമാണ്. യോഗാസനങ്ങളെ സംബന്ധിക്കുന്ന പുസ്തകമായിരുന്നില്ല. എന്തായാലും രണ്ടു പുസ്തകങ്ങളും അവിടെനിന്നും എടുത്തു മാറ്റാൻ തീരുമാനിച്ചു. ഞാൻ ഡ്രായർ അടച്ചു. മേശ പൂട്ടിയും മുമ്പുണ്ടായിരുന്ന അതേ അവസ്ഥയിൽത്തന്നെയാണെന്ന് ഉറപ്പുവരുത്തി. പൂട്ടും താക്കോലും നേരത്തേ കണ്ട മാതിരിയിൽത്തന്നെ മേശയിൽ വച്ചിട്ട് ഞാൻ നേരേ ബെഡ്റൂമിലേക്ക് പോയി. അവിടെയാണ് എന്റെ സ്കൂൾ ബാഗ് വച്ചിരുന്നത്. ഞാൻ അതിനുള്ളിൽ രണ്ടു പുസ്തകങ്ങളും ഭദ്രമായി വച്ചു. എന്നിട്ട് വീണ്ടും ഹാളിലേക്കു വന്നു. അതിനുശേഷം കുറെ സമയം കളിച്ചു. ലഘുഗ്രന്ഥം വായിക്കുന്നതിനുള്ള അവസരത്തിനുവേണ്ടി ഞാൻ കാത്തിരുന്നു.

ഉച്ചഭക്ഷണത്തിനുശേഷം ഞാൻ സ്കൂൾ ബാഗിൽനിന്ന് ചെറിയ പുസ്തകം എടുത്തുകൊണ്ട് നേരേ വീടിന്റെ പുറകുവശത്തേക്ക് ഓടി. പോകുന്നതിനിടയിൽ ഞാൻ സഹോദരിയെ കണ്ടു. അവൾ ഗൃഹപാഠം ചെയ്യുകയായിരുന്നു. അവളിൽനിന്ന് ഒരു ശല്യവും ഉണ്ടായില്ല. പ്ലാവിന്റെ ചുവട്ടിൽ എത്തിയ ഞാൻ ചുവട്ടിൽത്തന്നെ ഇരുന്നു. സാവധാനം പുസ്തകം തുറന്നു. അതിൽ ഒരു മന്ത്രം ഉണ്ടായിരുന്നു. അത് ഞാൻ മുമ്പ് കേട്ടിട്ടുള്ളതായിരുന്നു. സ്വപ്നത്തിൽ അത് ഉരുവിടാൻ ശ്രമിച്ചുവെങ്കിലും ഭംഗിയായി ചൊല്ലാൻ കഴിഞ്ഞിരുന്നില്ല. മൂലഭാഷയായ ദേവനാഗരി ലിപി നല്ലപോലെ വായിക്കാൻ എനിക്ക് കഴിഞ്ഞിരുന്നില്ല. ഞാൻ ഹിന്ദി പഠിക്കാൻ തുടങ്ങിയതേയുള്ളൂ. എന്നാൽ ഞാൻ ഇംഗ്ലിഷ് മീഡിയം സ്കൂളിൽ പഠിച്ചിരുന്നതുകൊണ്ട് അതിന്റെ നല്ല തർജ്ജമ എനിക്ക് എളുപ്പത്തിൽ വായിക്കാൻ കഴിഞ്ഞു:

ഓം ഭൂർ ഭുവഃ സ്വഃ
തത് സവിതുർ വരേണ്യം
ഭർഗോ ദേവസ്യ ധീമഹി
ധിയോ യോനഃ പ്രചോദയാത്

കഴിഞ്ഞ രാത്രിയിൽ കണ്ട സ്വപ്നത്തിൽ കേട്ട മന്ത്രജപധ്വനി എന്റെ കർണ്ണപുടങ്ങളിൽ അലയടിച്ചു. എനിക്ക് സ്വരവും, സ്വരാവരോഹണവും സ്വരാഘാതവുമെല്ലാം ശരിയായ രീതിയിൽ കേൾക്കാൻ കഴിഞ്ഞു. ഉടനേ ഞാനും സ്വപ്നത്തിൽ കണ്ട ഗുഹയിലുള്ളവർ മധുരമായി മന്ത്രം ജപിച്ചതു പോലെ ആനന്ദം അനുഭവിച്ചുകൊണ്ട് ജപിച്ചു. അതിനുശേഷം ഏകാന്തമായ ഒരു സ്ഥലം കിട്ടിയപ്പോഴൊക്കെ ഞാൻ അഭ്യാസം തുടർന്നു. ചുറ്റും ആളുകൾ ഉള്ളപ്പോൾ ഞാൻ മന്ത്രം മനസ്സിൽ ഉരുവിടും. ബുദ്ധിയെ പ്രകാശമാന മാക്കാനുള്ള ഒരു മന്ത്രമാണെന്ന് പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടായിരുന്നു. അനേകം വർഷങ്ങൾ കഴിഞ്ഞതിനുശേഷം എന്റെ ഗുരു എനിക്കുവേണ്ടി മന്ത്രം വ്യാഖ്യാനിച്ചുതന്നു. അദ്ദേഹം പറഞ്ഞു: സൂര്യൻ അന്തരാത്മാവാണ്. ഒരാളിന്റെ ബോധത്തിന്റെ സാരം അതാണ്. അവസാനത്തെ വരി വളരെ കൃത്യമായിട്ട് ഇങ്ങനെ തർജ്ജമ ചെയ്യാൻ കഴിയുന്നതാണ്: 'എന്റെ ബുദ്ധിയെ പ്രചോദിപ്പിക്കട്ടെ.'

രണ്ടാമത്തെ പുസ്തകത്തിലെ ഒരു കാര്യം മാത്രമാണ് എന്റെ ശ്രദ്ധയെ ആകർഷിച്ചത്. കാലുകൾ വിപരീത ദിശയിൽ കോർത്തുവച്ചുകൊണ്ട് പത്മാസന ത്തിൽ ഇരിക്കുന്ന അംഗവിന്യാസമായിരുന്നു അത്. കുട്ടികൾക്കുവേണ്ടി രചിക്കപ്പെട്ട ഒരു സചിത്ര ചരിത്ര പുസ്തകത്തിൽ ശ്രീബുദ്ധൻ പത്മാസനത്തിൽ ഇരിക്കുന്ന ചിത്രം ഞാൻ മുമ്പ് കണ്ടിട്ടുണ്ട്. ഞാൻ ബുദ്ധനാണെന്ന് മനസ്സിൽ സങ്കല്പിച്ചുകൊണ്ട് ഈ അംഗവിന്യാസം എളുപ്പത്തിൽ ചെയ്യാൻ എനിക്കു കഴിഞ്ഞിട്ടുണ്ട്. ഒരു ദിവസം സ്റ്റോർ റൂമിലെ തടികൊണ്ടുള്ള ഒരു വലിയ പെട്ടിയുടെ പുറത്ത് പത്മാസനത്തിൽ ഇരിക്കുന്ന എന്നെ എന്റെ അമ്മ പിടികൂടി. "നിനക്ക് ഇത് ആരു പഠിപ്പിച്ചുതന്നു" എന്ന അമ്മയുടെ ചോദ്യത്തിന് ഞാൻ ഉത്തരം നല്കി: "ആരും പഠിപ്പിച്ചുതന്നതല്ല." അമ്മ മുറിയിൽനിന്നും പോകുന്ന സമയത്ത് പറയുകയായിരുന്നു: "അത് യോഗയാണ്."

അച്ഛൻ ഒരിക്കലും പുസ്തകങ്ങളെപ്പറ്റി പരാമർശിക്കാതിരുന്നതുകൊണ്ട് എന്റെ മോഷണം അദ്ദേഹം കണ്ടുപിടിച്ചില്ല എന്നു മനസ്സിൽ കരുതി. പുസ്തക ങ്ങളുടെ ആവശ്യം കഴിഞ്ഞിരുന്നതിനാൽ ആരും അറിയാതെ പുസ്തകങ്ങൾ അതേപടി മേശയിൽ വയ്ക്കുന്നതിനെപ്പറ്റി ആലോചിച്ചു കഴിയുകയായിരുന്നു. ഒരു ദിവസം അതിനുള്ള അവസരം കിട്ടി. അന്ന് മുമ്പത്തെപ്പോലെ പൂട്ടിൽ താക്കോൽ ഇരിക്കുന്നത് ശ്രദ്ധിച്ചു. അവിടെ ആരുംതന്നെ ഇല്ലായിരുന്നു. ഞാൻ പതുക്കെ മേശയുടെ ഡ്രായർ തുറന്ന് ആശ്വാസത്തിന്റെ നെടുവീർപ്പിട്ടുകൊണ്ട് മുമ്പ് പുസ്തകങ്ങൾ ഇരുന്ന അതേ രീതിയിൽതന്നെ വച്ചു. ഞാൻ പുസ്തക ങ്ങൾ എടുത്തുവായിച്ചത് അച്ഛൻ അറിഞ്ഞില്ലായിരുന്നു എന്ന എന്റെ ധാരണ തെറ്റായിരുന്നുവെന്ന് തെളിയിക്കപ്പെട്ടു. ഒരു ദിവസം രാവിലെ പ്രാതൽ കഴിച്ചുകൊണ്ടിരുന്ന സമയത്ത് അച്ഛൻ പറഞ്ഞു: "നീ എന്റെ മേശയിൽനിന്ന് എടുത്തു വായിച്ച പുസ്തകങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ഗുരുവിന്റെ

സഹായത്താൽ മാത്രമേ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ശരിയായ മാർഗ്ഗ നിർദ്ദേശം ലഭിക്കാതെ യാതൊന്നും പരിശീലിക്കാൻ പാടില്ല. യോഗ പഠിക്കണ മെന്നുണ്ടെങ്കിൽ നിനക്ക് ശ്രീ ശർമ്മയെ സമീപിക്കാവുന്നതാണ്. അദ്ദേഹം കിഴക്കേക്കോട്ടയിലാണ് താമസിക്കുന്നത്. അദ്ദേഹം എന്നെ യോഗ പഠിക്കാൻ സഹായിക്കുന്നതിനുവേണ്ടി നാളെ രാവിലെ ഇവിടെ വരുന്നുണ്ട്." അച്ഛന്റെ വാക്കുകൾ കേട്ട് ഞാൻ പുളകംകൊണ്ടു. "അതെ, എനിക്കും പഠിക്കണം." ഞാൻ അച്ഛനോട് പറഞ്ഞു.

അടുത്ത ദിവസം ഞാൻ ശ്രീശർമ്മയെ കണ്ടു. ക്ലീൻഷേവ് ചെയ്ത മദ്ധ്യ വയസ്കനായ ബ്രാഹ്മണനായിരുന്നു അദ്ദേഹം. യോഗാസനങ്ങളും പ്രാണാ യാമവും എനിക്ക് പഠിപ്പിച്ചുതരാമെന്ന് അദ്ദേഹം സസന്തോഷം സമ്മതിച്ചു. ഏതാനും മാസങ്ങൾക്കുള്ളിൽ സുഗമമായിട്ട് അഭ്യാസങ്ങൾ ചെയ്യാൻ കഴിഞ്ഞു. ഒരു ദിവസം അദ്ദേഹം എന്റെ അച്ഛനോട് പറയുന്നത് അവർ അറിയാതെ ഞാൻ കേൾക്കാനിടയായി: "അയാൾ എല്ലാം നന്നായി ചെയ്യുന്നുണ്ട്. ദിവസവും അഭ്യാസം തുടർന്നുകൊണ്ടുപോകുമെങ്കിൽ അയാൾക്ക് നല്ല പുരോഗതി കൈവരിക്കാൻ കഴിയും." അന്നുമുതൽ കൃത്യമായി യോഗപരിശീലനം തുടർന്നുകൊണ്ടിരുന്നു. ഇപ്പോഴും ദിവസവും കുറഞ്ഞത് അരമണിക്കൂറെങ്കിലും ആസനങ്ങളും ശ്വസനക്രിയകളും ചെയ്യുന്നുണ്ട്. എന്റെ നല്ല ആരോഗ്യത്തിനും ശാരീരികവും മാനസികവുമായ കരുത്തിനും ഊർജ്ജസ്വലതയ്ക്കും കാരണം തീർച്ചയായും ഈ പരിശീലനംതന്നെയാണ്.

നാല്

യോഗി ഗോപാലസ്വാമിയുമായുള്ള കൂടിക്കാഴ്ച

യോഗി ഗോപാലസ്വാമിയുമായുള്ള അവിചാരിതമായ കൂടിക്കാഴ്ചയെ സംബന്ധിച്ചാണ് ഇനി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അദ്ദേഹം ആത്മീയ ഉന്നതി നേടിയ ഒരു മഹാനായിരുന്നു. അദ്ദേഹം താമസിച്ചിരുന്നത് എന്റെ ഭവനത്തിൽനിന്ന് അത്ര അകലെ അല്ലായിരുന്നു. ആ സമയത്ത് ഞാൻ അഞ്ചാം ക്ലാസ് പഠനം പൂർത്തിയാക്കിക്കഴിഞ്ഞിരുന്നു. ഹോളി ഏൻജൽസ് കോൺവെന്റിൽ അഞ്ചാംക്ലാസ്സിനുശേഷം ആൺകുട്ടികൾക്കു പ്രവേശനം നല്കിയിരുന്നില്ല. അതുകൊണ്ട് എന്നെ തുടർന്നു പഠിക്കുന്നതിനു മോഡൽ സ്കൂളിലാണ് ചേർത്തത്.

മോഡൽ സ്കൂൾ സ്ഥാപിച്ചത് ഇംഗ്ലിഷുകാരനായ മിസ്റ്റർ ക്ലാർക്ക് ആയിരുന്നു. സ്വാതന്ത്ര്യം കിട്ടിയതിനുശേഷം സ്കൂൾ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. പ്രസ്തുത സ്കൂൾ നിർമ്മിക്കപ്പെട്ടത് പഴയ ഇംഗ്ലിഷ് പബ്ലിക് സ്കൂളിന്റെ മാതൃകയിൽ ചുവന്ന ഇഷ്ടികയും ഗ്രാനൈറ്റും കൊണ്ടായിരുന്നു. വിശാലമായ മൈതാനവും സ്കൂളിന്റെ സവിശേഷതയാണ്. ആൺകുട്ടികൾക്കുവേണ്ടിയുള്ള ഈ സ്കൂൾ അദ്ധ്യാപനത്തിൽ ഉയർന്ന നിലവാരം പുലർത്തിയിരുന്നതു കൂടാതെ സംഗീതം, നാടകം, കലകൾ, പ്രവൃത്തിവൈദഗ്ദ്ധ്യം എന്നിവയിൽ വിദ്യാർത്ഥികൾക്ക് പ്രാവീണ്യം ലഭിക്കുന്നതിനുവേണ്ടി പ്രത്യേകം വകുപ്പുകൾ സജ്ജമാക്കിയിരുന്നു.

എന്റെ വീട്ടിൽനിന്ന് മൂന്നു നാലു കിലോമീറ്റർ അകലെയായിരുന്നു സ്കൂൾ. വളരെയധികം ആൺകുട്ടികൾ ഒരുമിച്ചാണ് നടന്നു സ്കൂളിൽ പോയിരുന്നത്. ഞാനും ആ സംഘത്തിൽ ഒരാളായിരുന്നു. പലതരം നേരമ്പോക്കുകളും പറഞ്ഞുകൊണ്ടാണ് ഞങ്ങൾ സ്കൂളിൽ പോയിക്കൊണ്ടിരുന്നത്. അവരിൽ സീനിയറായ രണ്ടു പേർ എന്റെ വീട്ടിൽനിന്ന് അരകിലോമീറ്റർ അകലെയാണ് താമസിച്ചിരുന്നത്. അവരിരുവരും സഹോദരന്മാരായിരുന്നു. നല്ലവരും ആയിരുന്നു. പഠിത്തത്തിലും വളരെ ശുഷ്കാന്തി കാണിച്ചിരുന്ന അവർ തമിഴ്നാട്ടിൽനിന്നും കേരളത്തിലേക്കു കുടിയേറിപ്പാർത്ത കുടുംബത്തിൽപെട്ടവരായിരുന്നു.

അവരുടെ അച്ഛന്റെ പേര് അനന്തനാരായണപിള്ള എന്നായിരുന്നു. പോലീസ് വകുപ്പിൽ ചെറുകിട ഉദ്യോഗസ്ഥനായിരുന്ന അദ്ദേഹം ജോലിയിൽനിന്ന് വിരമിച്ചുകഴിഞ്ഞിരുന്നു. കുട്ടികളുടെ അമ്മയുടെ പേര് കമലമ്മ എന്നായിരുന്നു. സ്നേഹസമ്പന്നയായ ഒരു സ്ത്രീ ആയിരുന്നു അവർ. രണ്ടു പേരിൽ മൂത്തയാളിന്റെ പേര് മാർത്താണ്ഡപിള്ള എന്നാണ്. എല്ലാവരും അയാളെ പെരിയതമ്പി എന്നു വിളിച്ചിരുന്നു. ഇളയസഹോദരന്റെ പേര്

ശിവാനന്ദപിള്ള എന്നാണ്. എല്ലാവരും ഇളയ സഹോദരനെ ചിന്നതമ്പി എന്നു വിളിച്ചിരുന്നു. മാർത്താണ്ഡപിള്ള പഠിക്കാൻ മിടുക്കനായിരുന്നു. പില്ക്കാലത്ത് നല്ല ഒരു ന്യൂറോളിജിസ്റ്റ് ആയിത്തീർന്നു അദ്ദേഹം. മുമ്പ് തിരുവനന്തപുരത്തെ മെഡിക്കൽ കോളജിൽ ന്യൂറോ സർജറി വിഭാഗത്തിന്റെ അദ്ധ്യക്ഷനായിരുന്നു. അദ്ദേഹം ഇപ്പോൾ തിരുവനന്തപുരം നഗരത്തിന്റെ പ്രാന്തപ്രദേശത്ത് അനന്തപുരി എന്ന പേരിൽ സ്വന്തമായി ഒരു മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രി നടത്തുന്നുണ്ട്. അനുജൻ ശിവാനന്ദപിള്ള എൻജിനീയറായി. അദ്ദേഹം തമിഴ്നാട് ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെന്റിൽനിന്ന് സീനിയർ എൻജിനീയറായി വിരമിച്ചു. അവരുടെ വീട്ടിൽ ഇലക്ട്രിസിറ്റി കണക്ഷൻപോലും ഇല്ലായിരുന്നു. മണ്ണെണ്ണ വിളക്കിന്റെ ചുവട്ടിലിരുന്നായിരുന്നു രണ്ടുപേരും തങ്ങളുടെ ഗൃഹപാഠങ്ങൾ ചെയ്തിരുന്നത് എന്ന കാര്യം പ്രത്യേകം ഓർക്കേണ്ട കാര്യമാണ്.

വിശാലമായ പുരയിടമുള്ള ഒരു ചെറിയ വീട്ടിലാണ് *പെരിയ തമ്പിയും ചിന്ന തമ്പിയും* താമസിച്ചിരുന്നത്. പുരയിടത്തിന്റെ ഒരു ഭാഗത്ത് തടിക്കച്ചവടം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിരുന്നു. അവിടെ കത്തിക്കാനുള്ള വിറകും വിറ്റിരുന്നു. ശ്രീഅനന്തനാരായണൻ സർവ്വീസിൽനിന്ന് വിരമിച്ചതിനു ശേഷം വിറകുകച്ചവടം തുടങ്ങിയിരുന്നു. അന്നൊക്കെ വീട്ടാവശ്യത്തിനു കത്തിക്കാനായി വിറകാണ് ഉപയോഗിച്ചിരുന്നത്. അവരെയെല്ലാം അറിയാൻ ഇടയാകുന്നത് അവിടെനിന്ന് വിറക് വാങ്ങാൻ തുടങ്ങിയതു മുതലാണ്. പിന്നീട് അവരെപ്പറ്റി കൂടുതൽ കാര്യങ്ങൾ അറിയാൻ കഴിഞ്ഞു. അവർ കേരളത്തിലേക്കു വന്നത് തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽനിന്നായിരുന്നു. എന്റെ അമ്മയുടെ അപ്പൂപ്പനും കന്യാകുമാരി ജില്ലക്കാരനായിരുന്നു. അതിനാൽ രണ്ടു കുടുംബങ്ങളും തമ്മിൽ പരിചിതരായിരുന്നു.

രണ്ടു തമ്പിമാരെയും കാണാൻവേണ്ടി ഞാൻ ദിവസവും അവരുടെ വീട്ടിൽ പോകാൻ തുടങ്ങിയതോടെ കുടുംബങ്ങൾ തമ്മിലുള്ള സൗഹൃദത്തിന് ആക്കം കൂടി. എന്നും അവരെയും കൂട്ടിക്കൊണ്ടായിരുന്നു സ്കൂളിലേക്ക് പോയിക്കൊണ്ടിരുന്നതും മടങ്ങിവന്നിരുന്നതും. അവരുടെ അമ്മ കമലമ്മ എന്ന മഹതി ദയാലുവായിരുന്നു. അവർക്ക് എന്നെ വളരെ ഇഷ്ടമായിരുന്നു. അന്ന് കാഴ്ചയിൽ ഞാൻ സുന്ദരനും എന്റെ കവിൾത്തടങ്ങൾ തടിച്ചുകൊഴുത്തവയും ആയിരുന്നു. ഞാൻ രാവിലെ നടന്ന് അവരുടെ വീട്ടിൽ എത്തുമ്പോൾ ചുവന്നിരുന്ന എന്റെ കവിൾത്തടത്തെ വിരലുകൾകൊണ്ട് തട്ടിനോക്കിയിട്ട് അവർ മകളോട് പറയുമായിരുന്നു: "അയ്യോ? പാവം കൊച്ച്... കൊച്ചിന്റെ മുഖം തക്കാളിപോലെ ചുവന്നുപോയല്ലോ?"

ധാരാളം അംഗങ്ങളുള്ള കുടുംബമായിരുന്നു അവരുടേത്. നേരത്തേ സൂചിപ്പിച്ച രണ്ട് ആൺകുട്ടികളെ കൂടാതെ ഗോപാൽ എന്നു പേരുള്ള ഇളയ സഹോദരനും അവർക്കുണ്ടായിരുന്നു. അവരുടെ അച്ഛനമ്മമാരും, സഹോദരിമാരായ ശ്യാമളയും തങ്കവും ആ ചെറിയ വീട്ടിൽ താമസിച്ചിരുന്നു. അവരുടെ മൂത്തസഹോദരിയായ ശാന്തയെ കൊലസുപിള്ള എന്ന ഒരാൾ വിവാഹം കഴിക്കുകയും ശുചീന്ദ്രത്ത് താമസമാക്കുകയും ചെയ്തിരുന്നു. വീട്ടിലുണ്ടായിരുന്ന രണ്ടുപേരിൽ മൂത്തവളായ ശ്യാമള ഒരു പ്രൈവറ്റ് കമ്പനിയിൽ ടൈപ്പിസ്റ്റ് ആയി ജോലി നോക്കിക്കൊണ്ടിരുന്നു. ഇളയസഹോദരിയായ

തങ്കം അപ്പോഴും കോളജിൽ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശ്യാമളയെ അവളുടെ മുറച്ചെറുക്കനായ രാമസ്വാമിക്കു വിവാഹം കഴിച്ചുകൊടുത്തു. അദ്ദേഹം ഗണിതശാസ്ത്രത്തിൽ ബിരുദാനന്തരബിരുദംനേടിയ ആളും കേരളാഗവൺമെന്റിന്റെ പെൻഷൻ ഡിപ്പാർട്ടുമെന്റിൽ ജോലിനോക്കുന്ന ആളും ആയിരുന്നു. ഒരു തരത്തിൽ അഭിവന്ദ്യനായ ഗോപാലസ്വാമിയെ കാണാൻ അവസരമൊരുക്കിയത് ശ്രീ രാമസ്വാമിയാണ്.

ഹോളി ഏൻജൽസ് കോൺവെന്റിൽ പഠിച്ചിരുന്നപ്പോൾ എനിക്ക് ഇംഗ്ലിഷും ചരിത്രവും സയൻസും നന്നായിട്ട് അറിയാമായിരുന്നു. എന്നാൽ ഗണിത ശാസ്ത്രത്തിൽ താൽപര്യം കുറവായിരുന്നു. പുതിയ സ്കൂളിൽ ചേർന്നു കഴിഞ്ഞപ്പോൾ പാഠപദ്ധതി കുറച്ചുകൂടി വിഷമകരമായി തോന്നി. കണക്ക് ആയിരുന്നു ഏറ്റവും വിഷമം പിടിച്ചത്. വിഷയത്തോടുള്ള പ്രതിപത്തി കാരണം എനിക്ക് കണക്കു പറഞ്ഞുതരാമെന്ന് രാമസ്വാമി ഏറ്റു. ചെറിയ ഫീസ് കൊടുത്തിരുന്നത് വൈമനസ്യത്തോടെയാണ് അദ്ദേഹം സ്വീകരിച്ചത്. പണത്തെ മോഹിച്ചല്ലായിരുന്നു അദ്ദേഹം എന്നെ പഠിപ്പിച്ചത്. ആഴ്ചയിൽ മൂന്നു ദിവസം വൈകുന്നേരത്ത് പിള്ളയുടെ വീട്ടിൽ വച്ചായിരുന്നു ക്ലാസ്.

ഒരു ദിവസം വൈകുന്നേരം പുസ്തകങ്ങളുമായി ട്യൂഷൻ ക്ലാസ്സിനു ചെന്നപ്പോൾ രാമസ്വാമിസാർ വാതിൽക്കൽ നില്ക്കുന്നത് കണ്ടു. അന്ന് ക്ലാസ്സ് ഉണ്ടായിരിക്കുകയില്ലെന്ന് സാർ എന്നോടു പറഞ്ഞു. അദ്ദേഹത്തിന് അന്ന് ചില പരിപാടികൾ ഉണ്ടെന്നും പിറ്റേന്നു വരാൻ കഴിയുമോ എന്നും ചോദിച്ചു. ഞാൻ സന്തോഷത്തോടെ പറഞ്ഞു: "നാളെ വരാം സാർ." വീട്ടിൽ പോയി കളിക്കാമല്ലോ എന്നോർത്തുകൊണ്ടാണ് സന്തോഷിച്ചത്. എങ്കിലും ഞാൻ പെരിയതമ്പിയും ചിന്നതമ്പിയും എവിടെയാണെന്ന് അന്വേഷിച്ചു. അവർ അകത്ത് ഉണ്ടെന്നും ചില കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണെന്നും അറിഞ്ഞു. അപ്പോൾ അവർ എന്താണ് ചെയ്യുന്നത് എന്ന് അറിയാനുള്ള കൗതുകം തോന്നി. അകത്ത് എന്തൊക്കെയോ വിചിത്രമായ കാര്യങ്ങൾ നടക്കുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അന്നേരം ഹൃദ്യമായ സുഗന്ധം പുറത്തേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. അകത്ത് പതിഞ്ഞ സ്വരത്തിൽ എന്തൊക്കെയോ പറയുന്നതും കേൾക്കാൻ കഴിഞ്ഞു. അപ്പോഴേക്കും ശ്യാമളയും, അവളുടെ അച്ഛനമ്മമാരും, ചിന്നതമ്പിയും വീട്ടിനുള്ളിൽനിന്നും പുറത്തേക്കുവന്നു. ഞാൻ നേരിട്ടു ചോദിച്ചറിയാനുറച്ചു. ഞാൻ ആരാഞ്ഞു: "നല്ല സുഗന്ധം! ഇവിടെ എന്താണ് നടക്കുന്നത്?" അന്നേരം അവിടെയാകെ നിശ്ശബ്ദത കളിയാടി. ഓരോരുത്തരും അന്യോന്യം നോക്കി. ഒടുവിൽ അമ്മയാണ് സംസാരിച്ചത്. "സ്വാമി വന്നിട്ടുണ്ട്. നിനക്ക് അദ്ദേഹത്തെ കാണണോ?"

'സ്വാമി' എന്ന പദം പൊതുവേ ബ്രാഹ്മണരെ സംബോധന ചെയ്യുന്നതിന് ഉപയോഗിക്കാറുണ്ട്. ശബരിമലയിൽ പോകാൻവേണ്ടി വ്രതമെടുത്ത് കറുത്ത വേഷം ധരിക്കുന്ന ഭക്തന്മാരും സ്വാമി എന്നും അയ്യപ്പസ്വാമി എന്നും അറിയപ്പെടുന്നു. ഇത് ഏതുതരത്തിലുള്ള സ്വാമിയാണെന്ന് ഒരു പിടിയും കിട്ടിയില്ല. എന്തായാലും ഉള്ളിൽ ചെന്ന് സ്വാമിയെ ദർശിക്കാൻ നിശ്ചയിച്ചു. അതുകൊണ്ട് ഞാൻ പറഞ്ഞു: "എനിക്ക് അദ്ദേഹത്തെ കാണണം."

"അല്പസമയം കാത്തിരിക്കൂ." എന്നു പറഞ്ഞിട്ട് ശ്രീഅനന്തനാരായണൻ ഉള്ളിലേക്കു കയറി. ഏതാനും മിനിട്ടുകൾ കഴിഞ്ഞ് അദ്ദേഹം മടങ്ങിവന്നു പറഞ്ഞു: "അകത്തേക്ക് വരൂ." ഞാൻ അകത്തേക്കു കടന്നു. ചെറിയ മുറിയുടെ മദ്ധ്യഭാഗത്ത് നല്ല ഒത്ത ശരീരമുള്ള പ്രായം ചെന്ന ഒരാൾ കൈയുള്ള കസേരയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ കാലുകൾ നിലത്തുള്ള ഒരു ചെറിയ പീഠത്തിൽ വച്ചിരുന്നു. അദ്ദേഹം വെള്ളനിറത്തിലുള്ള വരകളുള്ള അരക്കയ്യൻ നീല ഷർട്ടും കരയില്ലാത്ത വെളുത്ത മുണ്ടും ആണ് ധരിച്ചിരുന്നത്. ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്ന് അദ്ദേഹത്തെ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ നരച്ച മുടി പറ്റെവെട്ടിയിരുന്നു. ചതുരാകൃതിയിലുള്ള താടിയെല്ലും ആകർഷകമായ മുഖവും. മുഖം കണ്ടാൽ കുറെ നാളായി ഷേവ് ചെയ്തിട്ടില്ല എന്ന് വ്യക്തമായിരുന്നു. ഏതാനും ആഴ്ചകൾ പഴക്കമുള്ള വെളുത്ത നിറമുള്ള കുറ്റിമുടികൾ താടിയെല്ലിനെയും, കവിളുകളെയും, മേൽച്ചുണ്ടിനെയും പൊതിഞ്ഞിരുന്നു. ഒരു കാര്യം ഒഴിച്ചാൽ എല്ലാം സാധാരണ മട്ടിൽത്തന്നെയായിരുന്നു. വ്യത്യസ്തമായി തോന്നിയതു കമ്പിപോലെയുള്ള അദ്ദേഹത്തിന്റെ ഗാംഭീര്യത്തോടെയുള്ള നിവർന്നിരിപ്പാണ്. പിന്നീട് എന്റെ ശ്രദ്ധ പതിഞ്ഞത് അദ്ദേഹത്തിന്റെ കണ്ണുകളിലേക്കാണ്. അതുപോലെ തുളച്ചു കയറുന്ന തീക്ഷ്ണമായ നോട്ടം അതിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ല.

മനഃപൂർവ്വമല്ലെങ്കിൽപ്പോലും അപ്പോൾ ഞാൻ എന്റെ ദേഹത്ത് വസ്ത്രങ്ങളൊക്കെ ഉണ്ടോ എന്നു പരിശോധിച്ചു. ആ നോട്ടം ഒരു എക്സ്-റേ എടുക്കുന്ന മട്ടിലാണെന്നു തോന്നിപ്പോയി. അദ്ദേഹത്തിന്റെ നോട്ടം എന്നിലൂടെ എന്റെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്നതായിരുന്നു. ഞാൻ വിചാരിച്ചു: "ഭഗവാനേ! ഈ മനുഷ്യൻ എന്റെ എല്ലാ രഹസ്യങ്ങളും അറിയുന്നു." അന്നേരം അദ്ദേഹം പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "വരൂ!" ഞാൻ ഒട്ടുംതന്നെ പ്രതീക്ഷിക്കാത്ത രീതിയിൽ ആ സ്വരം മൃദുവായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അരികിലേക്കു ചെന്ന് കസേരയുടെ കൈയിൽപിടിച്ചുകൊണ്ടു നിന്നു. അദ്ദേഹം തുടർന്നും പുഞ്ചിരിതൂകിക്കൊണ്ട് തന്റെ വലതുകൈ എന്റെ നേർക്കു നീട്ടി എന്റെ നെറ്റിയിൽ തൊട്ടു. ഒരു നിമിഷാംശംമാത്രം തൊട്ടതിനുശേഷം കൈ പിൻവലിച്ചു.

അവാച്യമായ ആനന്ദാനുഭൂതിയുടെ തിരകൾ എന്റെ നെറ്റിയിൽ അലയടിച്ചുയർന്നുകൊണ്ട് എന്റെ ശരീരത്തെ മുഴുവൻ ഗ്രസിച്ചു. മിക്കവാറും എല്ലാ രാത്രികളിലും ഞാൻ അനുഭവിച്ചറിഞ്ഞിരുന്ന അനുഭൂതിയിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നു ഈ അനുഭവം. ആർത്തിരമ്പുന്ന അലകടൽ പൊടുന്നനേ നിലച്ചതുപോലെയും കടലിന്റെ ഉപരിതലം ഓളങ്ങൾ ഇല്ലാത്ത കായൽപോലെ പ്രശാന്തമായതുപോലെയും തോന്നി എന്നുമാത്രമേ എനിക്കിതു വിവരിക്കാൻ കഴിയൂ. ഒരു ബാഹ്യശബ്ദവും എനിക്കു കേൾക്കാൻ കഴിഞ്ഞില്ല. എന്റെ ഹൃദയാന്തർഭാഗത്തെ അഗാധതയിൽനിന്ന് അജ്ഞാതമായ ജപം കേൾക്കുകയുണ്ടായി. എന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ ധാരയായി ഒഴുകാൻ തുടങ്ങി. എനിക്ക് എവിടെയെങ്കിലും ഒന്ന് ഇരുന്നാൽ കൊള്ളാമെന്നുണ്ടായിരുന്നു. നിലത്ത് ഉറയ്ക്കാത്ത പാദങ്ങളോടെ ഞാൻ പുറത്തേക്കു പോകാനൊരുങ്ങവേ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ആരോ പറഞ്ഞു: "നമിക്കൂ. അദ്ദേഹത്തിന്റെ പാദങ്ങൾ സ്പർശിക്കൂ!" അപ്പോഴേക്കും ഞാൻ

വാതിലിനടുത്ത് എത്തിക്കഴിഞ്ഞിരുന്നു. ഞാൻ ഉടനെ മറ്റുള്ളവർ ചെയ്തതു പോലെ വാതിൽപ്പടിയിൽ സ്പർശിക്കുകയും എന്നിട്ട് എന്റെ കൈ ശിരസ്സിൽ വയ്ക്കുകയും ചെയ്തു. എന്നിട്ട് പിന്തിരിഞ്ഞ് ഓടുകയും ചെയ്തു.

അദ്ദേഹത്തെ പിന്നീട് ഞാൻ ഒരിക്കലും കണ്ടിട്ടില്ല. വളരെ വേഗത്തിലാണ് ഓടിയത് എന്ന് എനിക്ക് ഓർമ്മയുണ്ട്. ഞാൻ മിനിട്ടുകൾക്കുള്ളിൽ വീട്ടിൽ എത്തിച്ചേർന്നു. ഞാൻ വീട്ടിനുള്ളിലേക്കു കടക്കുന്നത് ആരുടെയും ശ്രദ്ധയിൽ പെട്ടില്ല. ചുറ്റുമതിലിനോട് ചേർന്ന ഇടനാഴിയിലൂടെ ഞാൻ അതിവേഗം പ്ലാവിന്റെ ചുവട്ടിലേക്ക് ചെന്ന് അവിടെ ഇരുന്നു. അപ്പോഴേക്ക് ആനന്ദാനുഭൂതി നിലച്ചു. എങ്കിലും സവിശേഷമായ നിശ്ശബ്ദത കുറച്ചുസമയത്തേക്കുകൂടി തുടർന്നു. പക്ഷേ, നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് പുറകുവശത്തെ വാതിലിനടുത്തു നിന്നും അമ്മയുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ടു: "ഇന്ന് എന്തു പറ്റി. ട്യൂഷൻ ഇല്ലായിരുന്നോ?" എന്റെയും മറുപടി ഉറക്കെ ആയിരുന്നു: "ഇന്ന് ട്യൂഷൻ ഇല്ല." അമ്മ തുടർന്നു പറഞ്ഞു: "വന്ന് വല്ലതും കഴിച്ചിട്ടുപോ." ഞാൻ മറുപടി പറഞ്ഞു: "ഞാനിതാ വരുന്നു." അമ്മ എപ്പോഴും എനിക്ക് തരുന്നതിൽ താൽപര്യമെടുത്തിരുന്നു.

അടുത്ത ദിവസം ഞാൻ ട്യൂഷൻ പഠിക്കാൻ പോയപ്പോൾ രാമസ്വാമി സാറും മറ്റുള്ളവരും കഴിഞ്ഞദിവസം എനിക്ക് എന്തുസംഭവിച്ചുവെന്ന് ആകാംക്ഷയോടെ ആവർത്തിച്ചു ചോദിച്ചുകൊണ്ടിരുന്നു. ഞാൻ ഒന്നും സംഭവിച്ചില്ല എന്നു പറഞ്ഞു. എന്നിൽ പല രഹസ്യങ്ങളും സംഭവിക്കാറുണ്ടായിരുന്നു. കമിതാക്കൾക്കു സംഭവിക്കുന്നതുപോലെയുള്ള അനുഭവങ്ങളായിരുന്നു അവയൊക്കെ. സ്വർണവും അമൂല്യങ്ങളായ വൈരക്കല്ലുകളും മറ്റും ഭദ്രമായി ലെജനാവിൽ സൂക്ഷിച്ചുവയ്ക്കുന്നതുപോലെ രഹസ്യമായി വയ്ക്കേണ്ടവയാണ്. ഉചിതമായ സമയത്തുമാത്രം മറ്റുള്ളവരുടെ പ്രയോജനത്തിനായി പ്രകടമാക്കേണ്ടവയാണത്.

പിള്ളൈ കുടുംബത്തിൽനിന്ന് അദ്ദേഹത്തിന്റെ പേര് ഗോപാലപിള്ള എന്നാണെന്ന് അറിയാൻ കഴിഞ്ഞു. അവർ അദ്ദേഹത്തെ ആദരവോടെ ഗോപാലസ്വാമി എന്നാണ് വിളിക്കാറുള്ളത്. അനേകം വർഷങ്ങൾക്കുശേഷം അദ്ദേഹത്തിന്റെ ഉപദേശങ്ങളുടെ ഒരു ശേഖരം പ്രഭു എന്ന ഒരാൾ അച്ചടിച്ചു പ്രസിദ്ധീകരിച്ചത് കാണാനിടയായി. അരുൾമൊഴികൾ എന്നാണ് സമാഹാരത്തിന് നല്കിയിരിക്കുന്ന പേര്. ഞാൻ ആ പുസ്തകം ഒന്ന് ഓടിച്ചു മറിച്ചുനോക്കിയപ്പോൾ ആദ്യത്തെ പേജിൽ എന്റെ ദൃഷ്ടി പതിച്ചു. ആ പേജിൽ അദ്ദേഹം എപ്പോഴും ഉരുവിടാറുള്ള അദ്ദേഹത്തിന്റെ പ്രിയവചനങ്ങൾ ഉണ്ടായിരുന്നു. *ആനന്ദോഹം, ആനന്ദോഹം, അചലപരോഹം, അചലപരോഹം.*

അപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. ഏകദേശം ആറു വർഷം മുമ്പ് അദ്ദേഹത്തെ കണ്ടപ്പോൾ അദ്ദേഹം ഉരുവിട്ട അതേ വാക്കുകളാണ് പുസ്തകത്തിന്റെ ആദ്യത്തെ പേജിൽ ഉണ്ടായിരുന്നത്. അന്ന് അദ്ദേഹം ഉച്ചരിച്ച വാക്കുകൾ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. വാക്കുകളുടെ അർത്ഥം മനസ്സിലാക്കിയപ്പോൾ ഒരുപക്ഷേ, അല്പ സമയത്തേക്കാണെങ്കിൽപ്പോലും ആശയം അനുഭവവേദ്യമായി. *ആനന്ദോഹം, ആനന്ദോഹം, അചലപരോഹം, അചലപരോഹം:* 'ഞാൻ ആനന്ദമാണ്, ഞാൻ ആനന്ദമാണ്; ശ്രദ്ധ വ്യതിചലിക്കപ്പെട്ടിട്ടില്ല, ശ്രദ്ധ വ്യതിചലിക്കപ്പെട്ടിട്ടില്ല.'

തെക്കൻ തിരുവിതാംകൂറിലെ കൊല്ലങ്കോട് എന്ന സ്ഥലത്ത് 1900 ആഗസ്റ്റ് മാസത്തിലാണ് ഗോപാലപിള്ള ജനിച്ചത്. അദ്ദേഹത്തിന്റെ അമ്മയുടെ പേര് കുന്നിപ്പറമ്പ് വീട്ടിൽ കൊച്ചു കുഞ്ഞമ്മ എന്നാണ്. ശ്രീനാരായണപിള്ളയാണ് അദ്ദേഹത്തിന്റെ പിതാവ്. അദ്ദേഹത്തിന് മുതിർന്ന രണ്ടു സഹോദരന്മാരും രണ്ടു സഹോദരിമാരും ഉണ്ടായിരുന്നു. പിന്നീട് കുടുംബം തിരുവനന്തപുരത്തേക്കു താമസം മാറ്റി. മൂത്ത സഹോദരനായ ശങ്കരപ്പിള്ളയാണ് കുടുംബത്തിന്റെ കാര്യങ്ങൾ നോക്കിയിരുന്നത്.

ഹെഡ്മാസ്റ്റർ പദവിയിൽനിന്ന് വിരമിച്ച വിദ്വാൻ ശ്രീവരാഹം ഇ.വി.പിള്ള ഗോപാലപിള്ളയുടെ ബാല്യകാല സുഹൃത്തായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗോപാലപിള്ളയുടെ ജീവിതരീതി തികച്ചും വിചിത്രമായിരുന്നു. അദ്ദേഹം എത്രയോ മണിക്കൂർ തുടർച്ചയായി കണ്ണു തുറന്നുവച്ചുകൊണ്ട് ധ്യാനത്തിൽ മുഴുകിയിരിക്കും. ഇടയ്ക്കിടെ സമാധിയിലാകും. അദ്ദേഹത്തിനു പന്ത്രണ്ട് വയസ്സ് ആയിരുന്നപ്പോൾ ഒരിക്കൽ നട്ടുച്ച സമയത്ത് സൂര്യനെ നോക്കിക്കൊണ്ട് പിൻഭാഗം വില്ലുപോലെ വളച്ച് കാലുകൾ കുറുകെ പിണഞ്ഞുകൊണ്ട് ധ്യാനത്തിലിരിക്കുകയായിരുന്നു. ഈ വിവരം അദ്ദേഹത്തിന്റെ മൂത്ത സഹോദരനായ ശങ്കരപ്പിള്ളയെ അറിയിച്ചു. അദ്ദേഹം മറുപടിക്കുറിപ്പ് കൊടുത്തയച്ചു: "ആരും ഇടപെടരുത്. അയാൾക്കിഷ്ടമുള്ളത് ചെയ്യട്ടെ."

അദ്ദേഹത്തിന് ഇരുപത് വയസ്സായി. എന്നിട്ടും സെക്കണ്ടറി സ്കൂൾ എക്സാമിനേഷൻ പാസ്സായിട്ടില്ലായിരുന്നു. അദ്ദേഹത്തിന്റെ അമ്മ കൂടുതൽ ശ്രദ്ധ ചെലുത്തി പഠിക്കാനാവശ്യപ്പെട്ടപ്പോൾ ഗോപാലസ്വാമി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: "എനിക്ക് വേണമെങ്കിൽ എളുപ്പത്തിൽ പാസ്സാകാൻ കഴിയും. പക്ഷേ, എന്തിനുവേണ്ടി? എന്തായാലും പണത്തിനുവേണ്ടിയോ, ലാഭത്തിനുവേണ്ടിയോ ജോലി ചെയ്യുകയില്ലെന്നു തീരുമാനിച്ചിട്ടുണ്ട്. എന്നെ ആരെങ്കിലും സംരക്ഷിച്ചുകൊള്ളും." അതിനുശേഷം അദ്ദേഹം സ്കൂളിൽ പോകുന്നത് മതിയാക്കി.

ഗോപാലപിള്ള അദ്ദേഹത്തിന്റെ ചെറുപ്പകാലത്ത് വിചിത്രമായ പല സ്ഥലങ്ങളും സന്ദർശിക്കുന്നതിനു താൽപര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന് ഇഷ്ടപ്പെട്ട പ്രദേശങ്ങളിൽ ഒന്ന് മുട്ടത്തറ ആയിരുന്നു. അദ്ദേഹത്തിനു മുമ്പ് ശ്രീ നാരായണഗുരുവും ചട്ടമ്പിസ്വാമികളും ആ സ്ഥലം പതിവായി സന്ദർശിച്ചിരുന്നു. (നോക്കുക: അദ്ധ്യായം 8, ശ്രീനാരായണഗുരുചരിതം). എത്രയോ ഏക്കർ വിസ്തീർണ്ണമുള്ള മുട്ടത്തറയിലെ സസ്യശ്യാമളമായ നെൽപ്പാടങ്ങളിലൂടെ ശ്രീനാരായണഗുരു നടക്കും. പാടങ്ങൾ അവസാനിക്കുന്നിടത്ത് കടൽത്തീരത്തിലെ നല്ലപോലെ വെളുത്ത മണൽക്കുന്നുകളുള്ള മണൽപ്രദേശം തുടങ്ങും. പിന്നെയും മുമ്പോട്ടു പോകുകയാണെങ്കിൽ കടും നീല നിറമുള്ള അറബിക്കടൽ കാണാൻ കഴിയും. ചില സമയങ്ങളിൽ തിരമാലകൾ ഇരമ്പിക്കൊണ്ട് പൊങ്ങിമറിയുന്നതു കാണാം. ചിലപ്പോൾ മണൽത്തിട്ടകളിലേക്കു തിരകൾ ശാന്തമായി അടിയുന്നതു കാണാം.

അദ്ദേഹത്തിന്റെ പ്രിയ സുഹൃത്തായ ഇ.വി.പിള്ള അദ്ദേഹത്തെപ്പറ്റി പറഞ്ഞിട്ടുണ്ട്: പലപ്പോഴും അദ്ദേഹവുമൊത്ത് ഇ.വി.പിള്ള മുട്ടത്തറയിൽ പോയിട്ടുണ്ട്. നെല്പാടങ്ങളിലൂടെ നടന്നുനീങ്ങിക്കൊണ്ടിരിക്കുമ്പോൾ

അവരുടെ ചർച്ചാവിഷയം വേദാന്തം ആയിരുന്നു. ഒരിക്കൽ മണൽക്കുന്നിൽ അദ്ദേഹം ഒരിടത്ത് നിശ്ശബ്ദനായി ഇരുന്നു. അദ്ദേഹം വീരാസനത്തിലാണ് ഇരുന്നത്. അദ്ദേഹത്തിനു കണ്ണുകൾ തുറന്നുവച്ചുകൊണ്ട് നിശ്ചലനായി മണിക്കൂറുകളോളം ഇരിക്കാൻ കഴിയും. ധ്യാനാവസ്ഥയിൽനിന്ന് ഉണരുന്നതിനു മുമ്പ് അദ്ദേഹം ചിലപ്പോൾ വിചിത്രമായ രീതിയിൽ മുറുമുറുക്കുകയും, ചിലപ്പോൾ ഒരു കാരണവും കൂടാതെ ഉറക്കെ ചിരിക്കുകയും ചെയ്യും. അതു കണ്ട് പലപ്പോഴും ഇ.വി.പിള്ള പേടിച്ചിട്ടുണ്ട്.

ഇ.വി.പിള്ള രേഖപ്പെടുത്തിയിട്ടുള്ള മറ്റൊരു സംഭവമുണ്ട്: മുട്ടത്തറയ്ക്ക് അപ്പുറം പൂന്തുറയ്ക്കു സമീപത്ത് പൂർണ്ണമായും വിജനമായ കാട്ടുപ്രദേശം ഉണ്ടായിരുന്നു. ആ സ്ഥലത്തിനെ ഒറ്റപ്പനമൂട് എന്നുവിളിക്കും. ഒരുകാലത്ത് ആ സ്ഥലം ഉപയോഗിച്ചിരുന്നത് സെൻട്രൽ ജയിലിലെ ആരാച്ചാർ കൊല്ലുന്ന ശവങ്ങളെയും, ഗവൺമെന്റ് മോർച്ചറിയിലെ അവകാശികളില്ലാത്തതും ചീഞ്ഞളിഞ്ഞതുമായ ശവങ്ങളെയും കൊണ്ടിടാൻവേണ്ടിയായിരുന്നു. ഒരു ദിവസം ഉച്ച സമയത്ത് ഇ.വി.പിള്ള ഗോപാലസ്വാമിയോടൊപ്പം അവിടേക്കു പോയി. അവിടെ ആ സമയത്ത് ചുക്കിച്ചുളിഞ്ഞ, ജടകെട്ടിയ തലമുടിയുള്ള വൃദ്ധനായ ഒരാൾ ചുട്ടുപഴുത്ത മണലിൽ നഗ്നനായി ഇരിക്കുന്നതു കണ്ടു. ഗോപാലപിള്ളയും ആ വിചിത്രജീവിയും പരസ്പരം പുണർന്നു. ഇ.വി. പിള്ളയോട് ഒരു പുളിമരത്തിന്റെ ചുവട്ടിൽ കാത്തിരിക്കാൻ പറഞ്ഞിട്ട് രണ്ടുപേരും കുറച്ചകലെയുള്ള പനകൾ നിറഞ്ഞ തോട്ടത്തിലേക്കു പോയി.

ഒരു മണിക്കൂർ കഴിഞ്ഞ് ക്ഷീണിതനും ഉത്കണ്ഠകുലനുമായ ഇ.വി.പിള്ള തോട്ടത്തിലേക്കു ചെന്നു. തോട്ടത്തിൽവച്ച് അവർ രണ്ടുപേരും അടുത്തടുത്ത് കിടക്കുന്നതു കണ്ടു. രണ്ടുപേരും ഗാഢനിദ്രയിലായിലായിരുന്നതുപോലെ തോന്നി. ഇ.വി. പിള്ള അവരുടെ തൊട്ടടുത്ത് എത്തിയപ്പോൾ ഞെട്ടലോടെ ചാടിയെണീറ്റ്. ഗോപാലപിള്ള ഇ.വി.പിള്ളയോടൊപ്പം വീട്ടിലേക്കു മടങ്ങിപ്പോയി. ഗോപാല സ്വാമിയും ആ വിചിത്ര മനുഷ്യനും തമ്മിൽ കൂടക്കൂടെ കാണുമായിരുന്നു. ആ വൃദ്ധനെപ്പറ്റി എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ നിശ്ശബ്ദതയായിരിക്കും മറുപടിയുടെ രൂപത്തിൽ കിട്ടിയിരുന്നത്.

അനേകം വർഷങ്ങൾക്കുശേഷം ആദ്ധ്യാത്മികാന്വേഷകരുടെ ഒരു ചെറിയ വൃത്തത്തിൽ ഗോപാലപിള്ള ഗോപാലസ്വാമി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. അദ്ദേഹം അർദ്ധരാത്രിയിൽ അവർക്കുവേണ്ടി ക്ലാസ്സുകൾ എടുക്കുമായിരുന്നു. പലപ്പോഴും ഹോമിയോപ്പതി ക്ലിനിക്കിൽവച്ചായിരുന്നു ക്ലാസ്സെടുത്തത്. ക്ലാസ്സുകളിൽ വേദാന്തത്തിലെ പരമസത്യങ്ങൾ ചർച്ചചെയ്യപ്പെട്ടിരുന്നു. ചർച്ചകൾ സമാഹരിച്ച് പിന്നീട്, 'അരുൾ മൊഴികൾ' എന്ന പേരിൽ പുസ്തകരൂപത്തിൽ പ്രസീദ്ധികരിക്കപ്പെട്ടു.

ഗോപാലസ്വാമി പോകാൻ ഇഷ്ടപ്പെട്ടിരുന്ന മറ്റൊരു സ്ഥലം സമാധി തോട്ടം ആയിരുന്നു. അത് ശ്രീരാമദാസ് സ്വാമിയുടെ ശവകുടീരമാണ്. തിരുവിതാംകൂറിലെ മഹാരാജാവായിരുന്ന (1805–1880) ആയില്യം തിരുനാളിന്റെ ഭരണകാലത്ത് ജീവിച്ചിരുന്ന ജലന്ധർയോഗി ഹരിഹര ബ്രഹ്മശാസ്ത്രിയുടെ ഗുരുവായിരുന്നു രാമദാസ് സ്വാമി. അത് ഒരു ജീവസമാധി ആയിരുന്നു. എന്നുവച്ചാൽ യോഗി ശവകുടീരത്തിലേക്കു സ്വമേധയാ ജീവനോടെ കയറി

ച്ചെല്ലുകയും ശിഷ്യന്മാർ ഗുരുവിന്റെ നിർദ്ദേശങ്ങൾ അനുസരിച്ചുകൊണ്ട് ശവകുടീരം അടയ്ക്കുകയും ചെയ്യുന്നു. ഗോപാലസ്വാമി ഔപചാരികമായി നടത്തിയ അവസാനത്തെ പൂജ സമാധി തോട്ടത്തിൽവച്ചായിരുന്നു. അദ്ദേഹം തന്റെ അനുയായികളോട് അത് സമാധി തോട്ടത്തിലേക്കുള്ള തന്റെ അവസാനത്തെ യാത്രയായിരിക്കും എന്നുപറഞ്ഞിട്ടാണ് പോയത്. അടുത്തദിവസം അദ്ദേഹത്തിനു കലശലായ വയറ്റുവേദന അനുഭവപ്പെട്ടു. മൂന്നാമത്തെ ദിവസം അദ്ദേഹത്തിനു ശസ്ത്രക്രിയ നടത്തുകയുണ്ടായി. വളരെ നിർബന്ധത്തിനു വഴങ്ങിയാണ് വൈമനസ്യത്തോടെ ശസ്ത്രക്രിയയ്ക്കു വിധേയനാകാൻ അദ്ദേഹം സമ്മതം മൂളിയത്. ശസ്ത്രക്രിയ ചെയ്യുകയാണെങ്കിൽ ഒരു ശസ്ത്രക്രിയകൂടി ചെയ്യേണ്ടിവരുമെന്ന് അദ്ദേഹം പറഞ്ഞിരുന്നു. അദ്ദേഹം പ്രവചിച്ചതുപോലെതന്നെ ഡോക്ടറും രണ്ടാമതൊരു ശസ്ത്രക്രിയകൂടി വേണ്ടിവരുമെന്നു പറഞ്ഞു.

രണ്ടാമത്തെ ശസ്ത്രക്രിയയ്ക്കുവേണ്ടി കാത്തിരിക്കുന്ന സമയത്ത് ഗോപാലസ്വാമി തന്റെ കിടക്കയിൽ ഇരുന്നുകൊണ്ട് ദീർഘമായി ശ്വാസമെടുക്കുകയും പിറകോട്ട് വീഴുകയും ചെയ്തു. അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊണ്ടിരുന്നവർ അദ്ദേഹം അഗാധമായ ധ്യാനത്തിൽ ആയിരിക്കും എന്നു വിചാരിച്ചു. അദ്ദേഹത്തെ ഓപ്പറേഷൻ തീയേറ്ററിലേക്കു കൊണ്ടുപോയി. ഡോക്ടറും അനസ്തേഷ്യ കൊടുക്കുന്ന ആളും അദ്ദേഹത്തെ മരിച്ചനിലയിൽ കൊണ്ടുവന്നിരിക്കുകയാണെന്ന് പ്രഖ്യാപിച്ചു. അത് സംഭവിച്ചത് 1960 മാർച്ചു മാസം 8-ാം തീയതി ആയിരുന്നു.

അഞ്ച്

ഈശ്വരലഹരിയിൽ മുഴുകിയ സൂഫി

ഗോപാലസ്വാമിയെ കണ്ടതിനുശേഷം ഒരു മാസമോ മറ്റോ കഴിഞ്ഞിരിക്കും, എന്റെ അമ്മയുടെ അമ്മാവനും എന്റെ അമ്മൂമ്മയും എന്റെ അകന്ന ബന്ധത്തിലുള്ള മാമിയും ബീമാപള്ളിയിൽ അവരോടൊപ്പം പോകാൻ എന്നെയും ക്ഷണിച്ചു.

ഒരു മുസ്‌ലിം വിശുദ്ധയായ ബീമാബീബിയുടെ ശവകുടീരമാണ് ബീമാപള്ളി. തിരുവനന്തപുരം എയർപോർട്ടിൽനിന്നും കുറച്ചകലെയുള്ള കടൽത്തീരത്താണ് ബീമാപള്ളി സ്ഥിതി ചെയ്യുന്നത്. ബാധ ഒഴിപ്പിക്കലിനു പ്രസിദ്ധിയാർജ്ജിച്ച സ്ഥലമാണ് അത്. ഭൂതപ്രേതാദികൾ ആവേശിച്ചിട്ടുള്ളവരെ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും അവിടെ കൊണ്ടുവരാറുണ്ട്. അക്രമാസക്തരായിട്ടുള്ളവരെ കൽത്തൂണുകളിലോ മരത്തൂണുകളിലോ കെട്ടിയിടുന്നു. ഈ സാധുക്കൾ ഉന്മത്തതയ്ക്കും ചിത്തക്ഷോഭത്തിനും മറ്റും അടിപ്പെട്ടവരാണ്. അവർ കൃഷ്ണമണികൾ വട്ടം കറക്കിക്കൊണ്ട്, തല ചുഴറ്റിക്കൊണ്ട്, ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് ബീമാബീബിയോട് തങ്ങളെ പീഡിപ്പിക്കരുതേ എന്നു കേണപേക്ഷിക്കും. ബാധകൾ ഒഴിഞ്ഞു പോയിക്കൊള്ളാം എന്നു നിലവിളിച്ചുകൊണ്ട് അവർ പറയും. ഒടുവിൽ അവർ തങ്ങളുടെ ശിരസ്സ് ഗംഭീരമായ ശവക്കല്ലറയുടെ വാതിൽപ്പടിയിൽ ഇടിച്ചുകൊണ്ട് ബോധം കെട്ടുവീഴും. ഇതൊക്കെ പ്രേതങ്ങളുടെ പ്രവൃത്തികളാണെന്നു കരുതപ്പെടുന്നു. ബാധയൊഴിക്കപ്പെട്ട വ്യക്തി പ്രേതത്തിൽനിന്ന് മോചനം പ്രാപിക്കുകയും ബോധം വീണ്ടുകിട്ടുന്നതോടെ സാധാരണ ജീവിതം നയിക്കാൻ പ്രാപ്തനാകുകയും ചെയ്യുന്നു.

രോഗശാന്തി നേടുന്നത് വിശുദ്ധയായ ബീമാബീബിയുടെ നേരിട്ടുള്ള ഇടപെടൽ മൂലമാണെന്നു വിശ്വസിക്കപ്പെടുന്നു. ഇതു സംബന്ധിച്ചുള്ള ഐതിഹ്യം ഇപ്രകാരമാണ്: വിശുദ്ധയായ ബീമാബീബിയുടെയും മകന്റെയും ശരീരങ്ങൾ അടക്കം ചെയ്തിരുന്ന ശവപ്പെട്ടികളെ അറബിക്കടലിലെ തിരമാലകളുടെ ഒഴുക്ക് എടുത്തുകൊണ്ടുപോയി. പിന്നീട് ശവപ്പെട്ടികൾ കരയ്ക്കടിഞ്ഞു. ഇപ്പോൾ ബീമാപള്ളിയിൽ ശവകുടീരം സ്ഥിതി ചെയ്യുന്ന കടൽത്തീരത്താണ് ശവപ്പെട്ടികൾ കരയ്ക്കടുത്തത്. തദ്ദേശവാസികൾ വിശുദ്ധ ബീമാബീബിക്കായി ഒരു ശവകുടീരം നിർമ്മിച്ചു. അവരുടെ ശവപ്പെട്ടിയെ സ്പർശിച്ചയുടനെ പ്രേതബാധിതരുടെ ഉപദ്രവം ഒഴിഞ്ഞുമാറുന്നതായി അനുഭവപ്പെട്ടു. പ്രസ്തുത പ്രദേശത്ത് നിവസിക്കുന്ന മുസ്‌ലിങ്ങളായ മീൻപിടുത്തക്കാർ ബീമാബീബി അറേബ്യയിലെ മുസ്‌ലിം വിശുദ്ധ ആണെന്നു വിശ്വസിക്കുന്നു. ശവകുടീരത്തിനോട് ചേർന്ന് ഒരു പള്ളിയും പണിയിച്ചിട്ടുണ്ട്. അത് ദർഗ എന്ന് അറിയപ്പെടുന്നു.

ഞങ്ങൾ ദർഗായിൽ പോയത് ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു. കടൽത്തീരത്തെ മണൽപ്പരപ്പിലൂടെ അങ്ങോട്ടേക്കു നടന്നു നീങ്ങവേ വെളുത്ത മണൽത്തരികളുടെ ചൂട് അപ്പോഴും വിട്ടുമാറിയിരുന്നില്ല. ദർഗയുടെ വളപ്പിൽ തലങ്ങനെയും വിലങ്ങനെയും ധാരാളം ചെറിയ ലോഡ്ജുകൾ ഉണ്ടായിരുന്നു. രോഗികൾക്കും അവരുടെ കൂടെ വരുന്നവർക്കുംവേണ്ടി നിർമ്മിച്ചവയാണ് അത്. അങ്ങുമിങ്ങുമായി ഏതാനും തെങ്ങുകളും കൽത്തൂണുകളും തടികൊണ്ടുള്ള തൂണുകളും കാണാമായിരുന്നു. തെങ്ങുകളിലും ചില തൂണുകളിലും രോഗികളെ ചങ്ങലകൊണ്ട് കെട്ടിയിട്ടിരിക്കുന്നതു കണ്ടു. ചിലരുടെ സ്ഥിതി അത്യന്തം ദയനീയമായിരുന്നു. ശരീരമാകെ ശോഷിച്ച് വെറും അസ്ഥികൂടം മാത്രമായിത്തീർന്ന അവരുടെ ദയനീയമായ നോട്ടം നൊമ്പരപ്പെടുത്തുന്നതായിരുന്നു. ഞങ്ങൾ മുമ്പോട്ടു നടന്നപ്പോൾ ചങ്ങലയ്ക്കിട്ടിരിക്കുന്ന ഒരു സ്ത്രീയെ കണ്ടു. മഞ്ഞളിച്ച പല്ലുകളുള്ള ആ സ്ത്രീ കൃഷ്ണമണികൾ ചലിപ്പിച്ചുകൊണ്ട് ഞങ്ങളെ നോക്കി എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരുന്നു. എന്റെ മാമി പേടിച്ചുനിലവിളിച്ചുകൊണ്ട് അവിടെനിന്നും ധൃതിയിൽ മാറിക്കളഞ്ഞു. അതു കണ്ട് ഞാനൊഴികെ എല്ലാവരും ചിരിച്ചുപോയി. എനിക്കു പേടി തോന്നിയില്ല എന്നു പറയുന്നില്ല, പക്ഷേ, അതിനെക്കാളുപരി ഭാഗ്യഹീനരായ അവിടത്തെ അന്തേവാസികളോടുള്ള അങ്ങേയറ്റത്തെ അനുകമ്പ മനസ്സാകെ നിറഞ്ഞു.

ഞങ്ങൾ ദർഗയിലേക്കു പ്രവേശിച്ചു. മതിൽക്കെട്ടിനകത്തുള്ള ശവകുടീരം സ്ഥിതി ചെയ്തിരുന്ന സ്ഥലം ജനനിബിഡമായിരുന്നു. ഒരു ഭാഗം രോഗികൾക്കായും മറ്റേ ഭാഗം ഭക്തജനങ്ങൾക്കായും പ്രത്യേകം നീക്കിവച്ചിട്ടുണ്ടായിരുന്നു. ശവകുടീരം പച്ചനിറത്തിലുള്ള ഭംഗിയുള്ള സാറ്റിൻ തുണികൊണ്ട് മൂടിയിരുന്നു. ഇരുവശത്തുമുള്ള കർട്ടനുകൾ ചുവന്ന വെൽവെറ്റ് തുണികൊണ്ട് തയ്പിച്ചവയായിരുന്നു. മതിൽക്കെട്ടിനുള്ളിൽ തിളങ്ങിനിന്ന പച്ചയും നീലയും നിറമുള്ള ബൾബുകളുടെ പ്രകാശംതന്നെ ഭയാനകത സൃഷ്ടിക്കുന്നതായിരുന്നു.

പള്ളിയിലെ പുരോഹിതൻ മുല്ലാ ഞങ്ങൾ നേർച്ചയായി കൊണ്ടുപോയിരുന്ന വാഴപ്പഴങ്ങൾ സ്വീകരിക്കുകയും ഖുറാനിലെ വരികൾ ചൊല്ലുകയും ചെയ്തു. കൂപ്പുകൈകളോടെ പ്രാർത്ഥനാനിരതരായി ഞങ്ങൾ നിന്നു. ഞങ്ങളുടെ ശിരസ്സുകൾ വസ്ത്രംകൊണ്ട് മൂടിയിരുന്നു. ഖുറാനിലെ വരികൾ ചൊല്ലുന്നത് അവസാനിപ്പിക്കുന്നതുവരെ 'ആമീൻ ...ആമീൻ' എന്നു പറഞ്ഞുകൊണ്ടിരുന്നു. പിന്നീട് ഞങ്ങൾ കരതലംകൊണ്ട് മുഖം തിരുമ്മുകയും മുല്ലായിൽനിന്നും പവിത്രീകരിച്ച ഉണങ്ങിയ റോസാദളങ്ങളും പഞ്ചസാരയും സ്വീകരിക്കുകയും ചെയ്തു. ശിരസ്സു നമിച്ചുകൊണ്ട് നില്ക്കുകയായിരുന്ന ഞങ്ങളുടെ ദേഹത്തിൽ മയിൽപ്പീലികൾകൊണ്ടുണ്ടാക്കിയ ജണ്ടുകൊണ്ട് തട്ടിക്കൊണ്ട് മുല്ലാ ബീമാബീബിയുടെ അനുഗ്രഹങ്ങൾ ഞങ്ങൾക്കു പകർന്നുതന്നു. എന്റെ അമ്മൂമ്മ നേർച്ചപ്പെട്ടിയിൽ കാണിക്ക ഇട്ടതിനുശേഷം ഭക്തർക്ക് ഇരിക്കാനുള്ള സ്ഥലത്ത് ചെന്ന് ഇരുന്നു.

തൊട്ടടുത്ത പള്ളിയിൽനിന്നും പ്രാർത്ഥനയ്ക്കുള്ള വിളി കേട്ടു. അതു കേട്ടയുടനേ പ്രേതബാധിതർ ഉത്തേജിതരായി തങ്ങളുടെ പ്രവൃത്തികൾ

ചെയ്യാൻ തുടങ്ങി. അവർ ഭയാനകമായ ശബ്ദങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് വിചിത്രമായ രീതിയിൽ ചലിക്കാൻ തുടങ്ങി. ആ അന്തരീക്ഷം അസഹ്യമായി അനുഭവപ്പെട്ടു.

അതിനിടയിൽ ഞങ്ങളുടെ സമീപത്ത് ഇരിക്കുകയായിരുന്ന, കാഴ്ചയിൽ സാധാരണ ജീവിതം നയിക്കുന്നതായി തോന്നുന്ന ഒരു മദ്ധ്യവയസ്കൻ പെട്ടെന്ന് ചാടിയെണീറ്റ് വിചിത്രമായി പെരുമാറാൻ തുടങ്ങി. ആ മനുഷ്യൻ തന്റെ ശരീരം വൃത്താകൃതിയിൽ ചുഴറ്റിക്കൊണ്ട് മറുവശത്ത് ഇരിക്കുന്ന ആൾക്കാരെപ്പോലെ 'ഹും ഹും' എന്ന ശബ്ദം പുറപ്പെടുവിക്കാൻ തുടങ്ങി. എന്നിട്ട് ശരീരം ചലിപ്പിക്കുന്നത് മതിയാക്കിയിട്ട് എന്റെ നേർക്കു നോക്കിക്കൊണ്ട് കളിയാക്കുന്ന മട്ടിൽ പറഞ്ഞു: "നീ... നീ... നീ എന്നെ കണ്ടുപിടിച്ചു, അല്ലേ? നീ എന്നെ ചുട്ടെരിക്കാൻ നോക്കി, എന്നാൽ ഞാൻ പോകുകയില്ല." മുന്നിലോട്ട് ചാടിക്കൊണ്ട് ചുറ്റുമതിലിന്റെ വാതിൽക്കലേക്ക് ഓടിപ്പോയി. അവിടെ ആയിരുന്നു ശവകുടീരം. ആ മനുഷ്യൻ വാതിൽപ്പടിയിൽ തലകൊണ്ടിടിച്ചു നിലവിളിച്ചു: "ശരി, ഞാൻ പോകാം. ആ കൊച്ചൻ എന്നെ കണ്ടുപിടിച്ചു. ബീബീ, ഞാൻ തീർച്ചയായും പോകും. എന്നെ തീ കൊളുത്തരുതേ. അല്ലാതെതന്നെ ഞാൻ എരിഞ്ഞുകൊണ്ടിരിക്കുന്നു." ഇങ്ങനെ പറഞ്ഞുകൊണ്ട് പ്രസ്തുത വ്യക്തി വികൃതമായ രീതിയിൽ കൂകി. എന്നിട്ട് ബോധം കെട്ടുവീണു. ജീവിതത്തിൽ ആദ്യമായി എനിക്കു വല്ലാത്ത പേടിയും വെറുപ്പും അനുഭവപ്പെട്ടു.

എന്റെ അമ്മൂമ്മയ്ക്ക് അങ്ങേയറ്റത്തെ അസഹ്യത അനുഭവപ്പെട്ടു. അവർ സഹോദരനോട് പറഞ്ഞു: "നമുക്ക് ഇവിടെനിന്നും ഇപ്പോൾത്തന്നെ പുറത്തേക്കു പോണം." ഞങ്ങൾ എല്ലാവരും അവിടെനിന്നും പുറത്തേക്കിറങ്ങി. അമ്മൂമ്മ എന്റെ കൈയിൽ മുറുകെ പിടിച്ചിരുന്നു. എന്നെ ആരെങ്കിലും പിടിച്ചുകൊണ്ട് പൊയ്ക്കളയുമോ എന്ന് ഭയന്നിട്ടെന്നപോലെയായിരുന്നു അപ്പോഴത്തെ അമ്മൂമ്മയുടെ പെരുമാറ്റം. പുറത്തേക്കിറങ്ങിയപ്പോൾ ഞങ്ങൾ മറ്റൊരു വിചിത്രമായ കാഴ്ച കണ്ടു. നരച്ച തലമുടിയും ചെറുതായി വളർത്തിയ താടിയും ഉള്ള ഒരു വൃദ്ധൻ നഗ്നനായി മണൽപ്പരപ്പിലൂടെ ഓടിക്കൊണ്ട് ഞങ്ങളുടെ അടുത്തുവന്ന് നില്ക്കുകയുണ്ടായി. ആ വ്യക്തി ആരെയും നോക്കാതെ പുഞ്ചിരിക്കുകയും, ചിലപ്പോൾ പൊട്ടിച്ചിരിക്കുകയും, കൈകൊണ്ട് ആകാശത്തിലേക്കു നോക്കി എന്തൊക്കെയോ ആംഗ്യം കാണിക്കുകയും ചെയ്തു. ആ മനുഷ്യൻ തല മുകളിലോട്ടും താഴോട്ടും ആട്ടിക്കൊണ്ടിരുന്നു. ശരീരമാസകലം മണൽ പുരണ്ടിരുന്നു. കറുത്ത ശരീരം മറച്ചിരുന്നത് വെളുത്ത നിറമുള്ള മണൽകൊണ്ടായിരുന്നു.

ആ വ്യക്തി ഒരു പ്രേതബാധിതനാണെന്ന് ആരും തെറ്റിദ്ധരിച്ചുപോകും. പക്ഷേ, വാസ്തവം മറ്റൊന്നായിരുന്നു. ആ മനുഷ്യന്റെ പിന്നാലെ വളരെ ആദരവോടെ കൂപ്പുകൈകളോടെ അസംഖ്യം പുരുഷന്മാരും സ്ത്രീകളും നടന്നുകൊണ്ട് ഒപ്പം എത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. ഞങ്ങളുടെ മുന്നിലൂടെ കടന്നുപോന്ന ആൾ അടുത്ത നിമിഷം പെട്ടെന്നു നിന്നതിനുശേഷം പുറകോട്ട് വന്ന് എന്റെ മുമ്പിൽ വന്നു നിന്നു. ഒരു മിനിട്ട് സമയത്തേക്ക് ആ മനുഷ്യന്റെ മുഖത്ത് വല്ലാത്ത ഗൗരവം പകർന്നു. ചുവന്ന കണ്ണുകൾ എന്റെ മുഖത്ത് സൂക്ഷിച്ചുനോക്കി. എന്നിട്ട് വീണ്ടും ചിരിക്കാൻ തുടങ്ങി. എനിക്ക് എല്ലാം

നേരമ്പോക്കായി അനുഭവപ്പെട്ടു. ആ മനുഷ്യൻ തമിഴിൽ പറഞ്ഞു: "ശരി, ശരി... പോ... പോ... അപ്പറോം വാടാ." ഇത്തവണ എനിക്കെന്തുകൊണ്ടോ ഭയം തോന്നിയില്ല.

ഞാൻ ആ വ്യക്തിയെ ഒരു ഭ്രാന്തനാണെന്നു വിചാരിച്ചു. അന്ന് എനിക്ക് ഒരു യാഥാർത്ഥ്യം അറിയാൻ കഴിഞ്ഞിരുന്നില്ല. യഥാർത്ഥത്തിൽ ഭ്രാന്തിന്റെയും മതപരമായ ആനന്ദത്തിന്റെയും അതിർവരമ്പ് തീരെ ലോലമാണ്. എന്റെ അമ്മയുടെ അമ്മാവൻ പിന്നീട് അത് കാലടിമസ്താൻ എന്ന് അറിയപ്പെടുന്ന സിദ്ധികളുള്ള ആളാണെന്നു പറഞ്ഞുതന്നു. അദ്ദേഹം ഈശ്വരഭക്തിയുടെ ലഹരിയിൽ ഉന്മത്തനാണെന്നും ബാഹ്യലോകത്തെപ്പറ്റി ബോധവാനല്ലായിരുന്നുവെന്നും അറിയിച്ചു. അദ്ദേഹം എന്നോടു പറഞ്ഞു: "ചില വിശുദ്ധന്മാർ അങ്ങനെയാണ്" എനിക്ക് വിശദീകരിച്ചുതന്നുവെങ്കിലും എനിക്ക് ഒന്നുംതന്നെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. എങ്കിലും ഞാൻ അദ്ദേഹത്തോട് ചോദിച്ചു: "എന്തിനാണ് വസ്ത്രം ധരിക്കാത്തത്?" ചോദ്യത്തിന് ഉടനെ അമ്മാവൻ മറുപടി നല്കി: "എന്തിനാണെന്ന് എനിക്ക് അറിഞ്ഞു കൂടാ. എല്ലായ്പോഴും ആരെങ്കിലും പുതിയ മുണ്ട് അരയിൽ ചുറ്റിക്കൊടുക്കും. മിനിട്ടുകൾക്കകം അത് അദ്ദേഹം ഏതെങ്കിലും പാവപ്പെട്ട ഭിക്ഷക്കാരനു കൊടുത്തിട്ട് വീണ്ടും വിവസ്ത്രനാകും."

അപ്പോൾ പറഞ്ഞത് എനിക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞു. വേനൽക്കാലത്ത് വസ്ത്രം ധരിക്കുന്നത് എനിക്കും ഇഷ്ടമുള്ള കാര്യമല്ലായിരുന്നു. ഞാനും എന്റെ വസ്ത്രം ഏതെങ്കിലും പാവപ്പെട്ട യാചകനു കൊടുത്തിട്ട് സ്വാതന്ത്ര്യത്തോടെ നഗ്നനായി നടക്കാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ, എനിക്ക് അതിനു കഴിയുകയില്ലെന്നും അറിയാമായിരുന്നു. എന്തുകൊണ്ടെന്നാൽ മറ്റുള്ളവർ എന്നിൽനിന്ന് പ്രതീക്ഷിക്കുന്നത് സഭ്യവും, ഉചിതവുമായ പെരുമാറ്റമാണ്.

"പോ പോ അപ്പറോം വാടാ" എന്ന് അദ്ദേഹം പറഞ്ഞ വാക്കുകൾ വർഷങ്ങൾക്കുശേഷം യാഥാർത്ഥ്യമായി മാറി. അക്കഥ ഞാൻ മറ്റൊരു അദ്ധ്യായത്തിനുവേണ്ടി മാറ്റിവയ്ക്കുന്നു.

ആറ്

സുബ്രഹ്മണ്യക്ഷേത്രത്തിനുള്ളിൽ

എന്റെ സഹപാഠികളിൽ ഒരാളായിരുന്നു ശ്രീനിവാസ റാവു. ഞങ്ങൾ പരസ്പരം അങ്ങേയറ്റത്തെ സൗഹൃദം പുലർത്തിയിരുന്നു. ജീവിതത്തിൽ ആദ്യമായി ഞാൻ ഹിന്ദുക്കളുടെ ഒരു ക്ഷേത്രത്തിൽ പ്രവേശിച്ചതിനു കാരണക്കാരൻ റാവു ആയിരുന്നു.

ഞങ്ങളുടെ സ്കൂളിലേക്കു പോകാൻ രണ്ടു വഴികളുണ്ടായിരുന്നു. മെയിൻ റോഡിൽകൂടി പോകുകയാണെങ്കിൽ ദൂരം കുറവായിരിക്കും. എന്നാൽ മെയിൻ റോഡിൽ വല്ലാത്ത ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടിരുന്നു. സ്കൂളിൽ പോകാൻ വേറേ ഒരു ഇടറോഡ് ഉണ്ട്. നല്ല കാറ്റ് കിട്ടുന്ന ഇടറോഡിൽക്കൂടി പോകുകയാണെങ്കിൽ കൂടുതൽ ദൂരം യാത്ര ചെയ്യണം. എന്നാൽ ട്രാഫിക്കിന്റെ ശല്യം ഇല്ലായിരുന്നു. ദൂരം കൂടുതലാണെങ്കിലും ഞാനും സുഹൃത്തുക്കളും പൊതുവേ ശാന്തമായ ഇടറോഡിൽകൂടി സ്കൂളിൽ പോകാനാണ് ഇഷ്ടപ്പെട്ടിരുന്നത്. ഞങ്ങൾ സാവധാനം നടക്കും; വഴിയിൽ കാണുന്ന മാവിൽ കല്ലെറിഞ്ഞു മാങ്ങ വീഴ്ത്തും. ജീവിതത്തിന്റെ പുതിയ അനുഭവങ്ങളിലൂടെ ഞങ്ങൾ പലതും ഉൾക്കൊണ്ടു.

ഈ റോഡിലൂടെ പോകുമ്പോൾ ചെറിയ ഒരു കയറ്റം ഉണ്ട്. കയറ്റം കയറിയിട്ട് വലത്തോട്ടു തിരിയുമ്പോൾ സുബ്രഹ്മണ്യക്ഷേത്രം സ്ഥിതി ചെയ്യുന്നതു കാണാം. ചെറിയ കുന്നിന്റെ മുകളിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത് ഓടു മേഞ്ഞ കേരളമാതൃകയിലാണ്. ക്ഷേത്രത്തിനോടു ചേർന്ന് ഒരു വലിയ കുളമുണ്ട്. കുളത്തിനു ചുറ്റും നാലു ഭാഗത്തും പരുക്കൻ കരിങ്കല്ലുകൊണ്ട് നിർമ്മിച്ച പടികൾ ഉണ്ട്. അതിനാൽ നാലുഭാഗത്തുകൂടിയും കുളത്തിലേക്ക് ഇറങ്ങാൻ കഴിയും. ഭക്തജനങ്ങൾ അമ്പലക്കുളത്തിൽ കുളിച്ചിരുന്നു. ഉത്സവനാളുകളിൽ ദേവനെ കുളിപ്പിക്കുന്നതും ഈ കുളത്തിലാണ്,. കുളത്തിൽ നിന്ന് കുറച്ചകലെ ഓടുമേഞ്ഞ ചെറിയ ഒരു വീടുണ്ട്. അവിടെയാണ് പൂജാരി സകുടുംബം താമസിച്ചിരുന്നത്. ശ്രീനിവാസൻ പൂജാരിയുടെ മകനാണ്. പ്രസ്തുത വീട്ടിൽ ശ്രീനിവാസനും അയാളുടെ സുന്ദരിയായ സഹോദരിയും അയാളുടെ അച്ഛനമ്മമാരും താമസിച്ചിരുന്നു.

പുരോഹിതനായ റാവു കർണ്ണാടകത്തിൽനിന്നുമുള്ള തുളു ബ്രാഹ്മണനായിരുന്നു. തുളു എന്ന ദേശ്യഭാഷയ്ക്കു സ്വന്തമായ ലിപിയില്ല. സാധാരണയായി കന്നട ലിപിയിലാണ് എഴുതാറുള്ളത്. കേരളത്തിലുള്ളവർ തുളു ബ്രാഹ്മണരെ പോറ്റിമാർ എന്നാണ് വിളിക്കാറുള്ളത്. അവർ നല്ലവണ്ണം ഭക്ഷണം പാചകം ചെയ്യുന്നവരാണ്. പോറ്റി ഹോട്ടൽ എന്ന വാക്ക് വെജിറ്റേറിയൻ ഹോട്ടലിന്റെ പര്യായമായി മാറിക്കഴിഞ്ഞിട്ടുണ്ട്.

ഒരു ദിവസം ഞാനും ശ്രീനിവാസനും സ്കൂളിൽനിന്നും നടന്നു ക്ഷീണിച്ച് വരികയായിരുന്നു. ശ്രീനിവാസൻ എന്നെ വീട്ടിലേക്കു ക്ഷണിച്ചു. അയാൾ പറഞ്ഞു: "ഞാൻ നിനക്ക് മയിലുകളെ കാണിച്ചുതരാം" വേലികെട്ടിയ വളപ്പിനുള്ളിൽ മയിലുകളെ പാർപ്പിച്ചിരുന്നു. ഞാൻ ശ്രീനിവാസനോടൊപ്പം അകത്തേക്കു കയറി. മനോഹരമായ പൂന്തോട്ടവും പച്ചനിറമുള്ള ജലത്തോടു കൂടിയ കുളവും എന്നെ അത്ഭുതപ്പെടുത്തി. ശ്രീനിവാസൻ പറഞ്ഞിരുന്നതു പോലെ മിന്നിമിന്നി തിളങ്ങുന്ന പീലികൾ വിടർത്തിയ അനേകം മയിലുകൾ ഉണ്ടായിരുന്നു. ചില മയിലുകൾ പറമ്പിൽ ചുറ്റി നടക്കുന്നതു കണ്ടു. അവ പുൽത്തകിടികളിൽനിന്ന് എന്തോ കൊത്തിത്തിന്നുന്നതു കണ്ടു. എന്താണ് തിന്നുന്നത് എന്ന് കാണാൻ കഴിഞ്ഞില്ല. ഒരു മയിൽ വിശറിപോലെ പീലികൾ വിടർത്തി നൃത്തം ചെയ്യുകയായിരുന്നു.

വീട്ടിനുള്ളിൽനിന്നും ശ്രീനിവാസന്റെ അച്ഛൻ പുറത്തേക്കിറങ്ങി വന്നു. ഒത്ത ശരീരമുള്ള, കാണാൻ സുന്ദരനും സുമുഖനുമായിരുന്ന അദ്ദേഹം നഗ്നമായ മാറിടത്തിൽ പൂണുനൂൽ ധരിച്ചിരുന്നു. ഉടുത്തിരുന്നത് ക്രീം നിറത്തിലുള്ള പട്ടുധോത്തിയായിരുന്നു. നീണ്ട കറുത്ത തലമുടി ചുരുട്ടി കെട്ടി വച്ചിരുന്നത് കഴുത്തിന്റെ പിന്നിലേക്കു വീണു കിടന്നിരുന്നു. അദ്ദേഹത്തിന്റെ രൂപത്തിൽ എടുത്തു പറയേണ്ട ഒരു കാര്യം അദ്ദേഹത്തിന്റെ മൂക്കിന്റെ ആകൃതിയാണ്. കഴുകന്റെ ചുണ്ടിന്റെ ആകൃതിയാണ് അദ്ദേഹത്തിന്റെ നീണ്ടു വളഞ്ഞ മൂക്കിന്. ജൂലിയസ് സീസറിന്റെ മൂക്കുപോലെയായിരുന്നു അത്. അദ്ദേഹത്തിന്റെ തീക്ഷ്ണമായ നോട്ടം ഒരു സ്വേച്ഛാധിപതിയുടേതുപോലെയായിരുന്നു. സത്യസന്ധമായി പറയുകയാണെങ്കിൽ ഞാൻ പേടിച്ചാണ് അവിടെ നിന്നത്.

എന്റെ സുഹൃത്തായ ശ്രീനിവാസൻ തുളു ഭാഷയിൽ എന്തോ പറഞ്ഞു. എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ ഒരു വാക്ക് എന്റെ പേര് മാത്രമാണ്. ദാക്ഷിണ്യമില്ലാത്ത മുഖഭാവമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം ചോദിച്ചു:

"മുസ്ലിം ആണോ?"

"അതെ."

"ആട്ടെ, നിനക്ക് മയിലുകളെ ഇഷ്ടമാണോ?"

"ഇഷ്ടമാണ്."

"സുബ്രഹ്മണ്യ ഭഗവാൻ മയിലിനെ യാത്രയ്ക്കുള്ള വാഹനമായി ഉപയോഗിക്കുന്നു. മയിൽവാഹനത്തിൽ ഇരുന്ന് അതിവേഗം സഞ്ചരിക്കുന്നു."

"അങ്ങ് അത് കണ്ടിട്ടുണ്ടോ?"

അദ്ദേഹം ആദ്യം ഒന്നു പരുങ്ങി. എന്നിട്ട് പറഞ്ഞു. "എല്ലാവർക്കും അത് കാണാൻ പറ്റുകയില്ല. പവിത്ര ജീവിതം നയിക്കുന്നവർക്കേ കാണാൻ കഴിയുകയുള്ളൂ. നാം അമ്പലത്തിൽ ഭഗവാന്റെ ബിംബം വച്ച് ആരാധിക്കുന്നു."

"എനിക്ക് കാണാൻ കഴിയുമോ?"

അപ്പോൾ അദ്ദേഹത്തിന്റെ മുഖം ഗൗരവമാർന്നു. അദ്ദേഹം വിസമ്മതിക്കുമെന്നാണ് ഞാൻ കരുതിയത്. ഒരു മിനിട്ടു കഴിഞ്ഞ് അദ്ദേഹം നെടുവീർപ്പിട്ടു. എന്നിട്ട് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഏതായാലും ഞാൻ ഇപ്പോൾ അങ്ങോട്ട് പോകുന്നുണ്ട്. എന്റെ കൂടെ വരൂ. പക്ഷേ, കുട്ടി ശ്രീകോവിലിനു പുറത്ത്

നില്ക്കണം. അവിടെ നിന്നുകൊണ്ട് ബിംബം കാണാം. ഞാനല്ലാതെ മറ്റാർക്കും ശ്രീകോവിലേക്ക് കടക്കാൻ പാടില്ല."

ശ്രീനിവാസൻ വീട്ടിനുള്ളിലേക്ക് പോയി. ഞാൻ പൂജാരിയോടൊപ്പം നടന്നു. എന്നെ പുറത്തു നിർത്തിയിട്ട് അദ്ദേഹം ശ്രീകോവിലിൽ പ്രവേശിച്ചു. ഒരല്പം കഴിഞ്ഞ് വലിയ വാതിൽ തുറന്നു. ഞാൻ നിന്നിരുന്ന സ്ഥലത്തു നിന്നുകൊണ്ടു തന്നെ എനിക്ക് ദേവന്റെ ബിംബം കാണാൻ കഴിഞ്ഞു. രണ്ടു വശത്തും ചെറിയ രണ്ടു ബിംബങ്ങൾകൂടി ഉണ്ടായിരുന്നു. ശ്രീകോവിലിലെ മങ്ങിയ വെളിച്ചത്തിൽ മയിൽവാഹനനായ സുബ്രഹ്മണ്യന്റെ യുവത്വം തുളുമ്പുന്ന തുടുത്ത മുഖം ഞാൻ കണ്ടു. ഒരു കൈയിൽ ശൂലം ഉണ്ടായിരുന്നു. മറ്റേ കൈ ആശീർവദിക്കാനായി ഉയർത്തിപ്പിടിച്ചിരുന്നു. ഇടതും വലതും ഭാഗത്ത് സുന്ദരികളായ രണ്ടു യുവതികളുടെ പ്രതിമകളും കാണുകയുണ്ടായി.

ക്ലീൻഷേവ് ചെയ്ത സന്തോഷം കളിയാടുന്ന സുബ്രഹ്മണ്യന്റെ മോഹന രൂപം എനിക്കു വളരെ ഇഷ്ടപ്പെട്ടു. ഞാൻ മനസ്സിൽ മുഖം കനപ്പിച്ച, താടി നീട്ടി വളർത്തിയ, ചെറിയ കാര്യത്തിനുപോലും കോപംകൊണ്ടു ജ്വലിക്കുന്ന സങ്കല്പത്തിലുള്ള മറ്റൊരു ഈശ്വരരൂപത്തോട് തുലനം ചെയ്തു.

"എന്ത് ആയുധമാണ് ദേവന്റെ കൈയിലിരിക്കുന്നത്?"

"അത് വേൽ ആണ്. ഒരു തരത്തിലുള്ള ശൂലം. അത് മനുഷ്യരാശിയെ സംരക്ഷിക്കാൻവേണ്ടിയുള്ളതാണ്." അദ്ദേഹം എന്റെ ജിജ്ഞാസയെ ശമിപ്പിച്ചു.

"ഇരുഭാഗത്തും ഇരിക്കുന്ന സ്ത്രീകൾ ആരാണ്?"

"അവർ ഭാര്യമാരാണ്", പുരോഹിതൻ കണ്ണു ചിമ്മിക്കൊണ്ട് തുടർന്നു: "മുസ്ലിങ്ങളെപ്പോലെ ഞങ്ങളുടെ ദേവന്മാർക്കും അനേകം ഭാര്യമാരുണ്ട്." അവസാനം പറഞ്ഞത് എനിക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞില്ല. മുസ്ലിങ്ങൾക്ക് ഒന്നിൽക്കൂടുതൽ വിവാഹം കഴിക്കാം എന്ന കാര്യം എനിക്ക് അറിയാൻ പാടില്ലായിരുന്നു. അദ്ദേഹം എന്റെ കൈയിലേക്ക് ഒരു വാഴപ്പഴം എറിഞ്ഞുതന്നു. കൈയിൽ കുറച്ചു ഭസ്മവും ഇട്ടു തന്നു. വാഴപ്പഴം തിന്നാനുള്ളതാണ്. ഭസ്മം ഞാൻ എന്തു ചെയ്യും എന്നു വിചാരിക്കാൻ തുടങ്ങിയപ്പോൾ അദ്ദേഹം പറഞ്ഞു: ഭസ്മം കഴിച്ചുകൊള്ളൂ. "ഭസ്മം മുസ്ലിങ്ങൾ നെറ്റിയിൽ തൊടുകയില്ല." ഞാൻ ഒരു നുള്ള് ഭസ്മം കഴിച്ചു.

അവിടെനിന്നും പുറത്തേക്കിറങ്ങിയപ്പോൾ ഒരു സ്റ്റീൽ ടംബ്ളറിൽ കാപ്പിയുമായി കാത്തുനില്ക്കുന്ന ശ്രീനിവാസനെ കണ്ടു. എന്റെ അമ്മ നിനക്കുവേണ്ടി ഉണ്ടാക്കിയതാണെന്ന് അയാൾ പറഞ്ഞു. ഞാൻ കുളത്തിന്റെ കരയിൽ നിന്നുകൊണ്ട് കാപ്പികുടിച്ചു. ടംബ്ളർ തിരികെ കൊടുത്തിട്ട് വീട്ടിലേക്ക് മടങ്ങി. അവിടെനിന്നും അത്ര ദൂരെയല്ലായിരുന്നു എന്റെ മറ്റൊരു സുഹൃത്തായ ശാന്തികുമാർ താമസിച്ചിരുന്നത്. ഇന്നും ശാന്തികുമാർ നല്ല സുഹൃത്താണ്. ഞാൻ അമ്പലത്തിൽനിന്നും ഇറങ്ങിവരുന്നത് അയാൾ കാണുകയുണ്ടായി. അയാൾ അത്ഭുതത്തോടെ ചോദിച്ചു: "നീ അമ്പലത്തിനുള്ളിൽ കയറിയോ?" ഞാൻ അയാളോട് പറഞ്ഞു: "ശ്രീനിവാസൻ എന്നെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഞാൻ ദേവനെ കാണുകയും ചെയ്തു."

അന്ന് വൈകുന്നേരം അമ്മ തന്ന ചൂടുദോശയും രുചിയുള്ള സാമ്പാറും കഴിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ ചോദിച്ചു: "മുസ്‌ലിങ്ങൾക്ക് ഒന്നിലധികം ഭാര്യമാരുണ്ടോ?" അമ്മപറഞ്ഞു: "മുസ്‌ലിങ്ങൾക്ക് അതിനുള്ള അനുവാദമുണ്ട്." എന്നിട്ട് അവർ അഭിമാനത്തോടെ പറഞ്ഞു: "പക്ഷേ, നമ്മുടെ കുടുംബത്തിൽ മൂന്നു തലമുറകളായിട്ട് ആർക്കുംതന്നെ ഒന്നിലധികം ഭാര്യമാരില്ല." ഞാൻ ദോശ കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അത്ഭുതത്തോടെ ചിന്തിച്ചു: "അപ്പോൾ ഒരാൾക്ക് രണ്ട് അമ്മമാർ ഉണ്ടെങ്കിൽ ആകെ കുഴപ്പമാകുമല്ലോ!"

ഏഴ്

ആരോഹണത്തിനുള്ള തയ്യാറെടുപ്പ്

നിങ്ങളെ ഹിമാലയത്തിന്റെ ഉന്നതങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ എനിക്ക് ഏറെ ഔത്സുക്യം ഉണ്ടെങ്കിലും എന്റെ വളർച്ചയെ സ്വാധീനിച്ച വർഷങ്ങളുടെ അടിവാരക്കുന്നുകളിൽ കുറച്ചു സമയംകൂടി ചുറ്റിപ്പറ്റി നില്ക്കാൻ ആഗ്രഹിക്കുന്നു. ഈ വർഷങ്ങൾ മഹത്തായ ആരോഹണത്തിനുവേണ്ടിയുള്ള തയ്യാറെടുപ്പുകളുടേതായിരുന്നു.

മോഡൽ സ്കൂളിൽ പഠിച്ചിരുന്ന കാലം തികച്ചും രസകരവും ഉത്കൃഷ്ടവുമായ വിദ്യാഭ്യാസാനുഭവങ്ങൾകൊണ്ട് സമ്പന്നമായിരുന്നു. നല്ല പരിശീലനം ലഭിച്ചവരും സമർപ്പിതമാനസരുമായ ഒരു കൂട്ടം അദ്ധ്യാപകരുടെ കരങ്ങളിൽ വിദ്യാർത്ഥികളുടെ ഭാവി ഭദ്രമായിരുന്നു. അതിലുപരി എനിക്കു കലകളിലും, ശില്പചാതുര്യത്തിലും കായികവിനോദങ്ങളിലും വളരെയേറെ താൽപര്യമുണ്ടായിരുന്നു.

സ്കൂളിൽ ഞാനുൾപ്പെടെ ഒരു സംഘം വിദ്യാർത്ഥികൾ ചിത്രം വരയ്ക്കുന്നതിലും ചായം നല്കുന്നതിലും മരപ്പണിയിലും നല്ല പുരോഗതി കൈവരിച്ചിരുന്നു. (ഡ്രോയിങ്ങും പെയിന്റിങ്ങും ഇന്നും എന്റെ ഇഷ്ടവിനോദങ്ങളാണ്) ഫുട്ബോളും ഹോക്കിയും കളിക്കുന്നതിലും ഞാൻ ആനന്ദം കണ്ടെത്തിയിരുന്നു. ഞങ്ങളിൽ ചിലർ കബഡികളിയിൽ കേമന്മാരായിരുന്നുവെന്ന് സ്വയം കരുതിയിരുന്നു. മണൽ വിരിച്ച നിലത്ത് കബഡി കളിക്കുന്നതിന് കായികശേഷിയും, കൈകൊണ്ട് തള്ളാനും വലിക്കാനുമുള്ള കഴിവും വേണ്ടിയിരുന്നു. തൊട്ടടുത്ത എതിരാളിയെ എതിരിടാനുള്ള കൗശലം ഞാൻ നേടിയത് എന്റെ അച്ഛനിൽനിന്നാണ്. അദ്ദേഹം കളരിപ്പയറ്റും ജു-ജിറ്റ്സുവും അഭ്യസിച്ചിരുന്നു. തന്റെ ശക്തി ദുർബ്ബലരെ പീഡിപ്പിക്കാൻവേണ്ടി ഉപയോഗിക്കുന്ന, നിങ്ങളെക്കാൾ ഇരട്ടിവലിപ്പമുള്ള ഒരാളെപ്പോലും ശരിയായൊരു പ്രയോഗത്തിലൂടെ അയാളുടെ സന്തുലനത്തെ ഇല്ലാതാക്കിക്കൊണ്ട് നിങ്ങൾക്ക് നിശ്ചലനാക്കാൻ കഴിയും. മറ്റുള്ളവർക്കുവേണ്ടി നന്മ ചെയ്യാനും, അവരെ സംരക്ഷിക്കാനും സന്നദ്ധതയുള്ള ഒരു ചെറിയ സംഘം എന്നെ ചുറ്റിപ്പറ്റി ഉടലെടുക്കാൻ തുടങ്ങി. മറ്റുള്ളവരെ ഭീഷണിപ്പെടുത്തി ഭരിക്കാൻ ആഗ്രഹിക്കുന്നവരിൽ നിന്ന് ദുർബ്ബലരെ രക്ഷിക്കാനുള്ള മനോഭാവം എന്നിൽ രൂഢമൂലമായിരുന്നു.

ഞാൻ വളരുന്നതോടൊപ്പം അറിവിനെ വളർത്തിക്കൊണ്ട് പുതിയ ലോകത്തിന്റെ നിഗൂഢതകളും പ്രകടമായിക്കൊണ്ടിരുന്നു. ക്രമേണ ഐതിഹ്യങ്ങളെയും പല പൊതു സങ്കല്പങ്ങളെയും കൈവെടിയാൻ തുടങ്ങി. ഒരു ഉദാഹരണം പറയാം. സ്കൂളിനു സമീപം താമസിച്ചിരുന്ന കുട്ടികൾ ഒഴിച്ച് ബാക്കി കുട്ടികൾ ക്ലാസ്സ് റൂമുകളിൽനിന്ന് അകലെയുള്ള കോമൺ ഡൈനിങ് റൂമുകളിൽ ഇരുന്നു ഭക്ഷണം കഴിച്ചിരുന്നു.

വർഷങ്ങൾക്കു മുമ്പ് ഉപയോഗയോഗ്യമല്ലാത്ത ക്ലാസ്സ് മുറികൾ ആയിരുന്നു ഇവ. കാലപ്പഴക്കംകൊണ്ട് അവ ജീർണ്ണാവസ്ഥയിലായിരുന്നു. അവിടെ പല പ്പോഴും തേളും പഴുതാരയും വലിപ്പമുള്ള ചിത്രശലഭപ്പുഴുവുമൊക്കെ ധാരാള മായി കണ്ടിരുന്നു. ചിത്രശലഭപ്പുഴുവിനെ ആരെങ്കിലും തൊടുകയാണെങ്കിൽ അത് പെട്ടെന്നു കട്ടിയുള്ള വളയംപോലെ ചുരുണ്ടുകൂടുകയും. ചുമരുകളിൽ അവിടവിടെ പൊട്ടലുകൾ ഉണ്ടായിരുന്നു. കസേരകളും മേശകളും ഇല്ലായി രുന്നുവെങ്കിലും വെളിയിൽ ഒരു മൂലയിൽ വാട്ടർടാപ്പ് ഉണ്ടായിരുന്നു.

ഞങ്ങളെ സംബന്ധിച്ചിടത്തോളം സ്കൂളിലെ ഉച്ചയൂണു സമയം വീര സാഹസപ്രവൃത്തികൾക്കുവേണ്ടിയുള്ളതായിരുന്നു. ഞങ്ങളെ നിരീക്ഷിക്കു ന്നതിന് അദ്ധ്യാപകരാരും വരാത്തതാണ് അതിനു കാരണം. ഞങ്ങളുടെ അമ്മമാർ ഉച്ചഭക്ഷണം ചെറിയ അലുമിനിയം ടിഫിൻ ബോക്സുകളിൽ തന്നയയ്ക്കും. എന്റെ അമ്മ ടിഫിൻ ബോക്സ് മുറുകെ അടച്ചിരിക്കും. അതിനുള്ളിൽ മാംസംകൊണ്ടുള്ള പല വിഭവങ്ങളും മീൻകറിയും ഉണ്ടാകും. ചിലപ്പോൾ ഓംലേറ്റും കാണും. എനിക്കു നല്ല കായികശേഷിയും ബുദ്ധിശക്തിയും കിട്ടുന്നതിന് മാംസാഹാരമാണ് പറ്റിയതെന്ന് അമ്മ ധരിച്ചിരുന്നു. പോഷകമൂല്യത്തിനു മാംസാഹരത്തിന് പകരം വയ്ക്കാൻ മറ്റൊന്നില്ലെന്നായിരുന്നു അവരുടെ ഉറച്ച ധാരണ.

എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കൾ പാലക്കാടൻനിന്നുള്ള അയ്യരുമാർ ആയിരുന്നു. അവരുടെ പൂർവ്വികർ തമിഴ്നാട്ടിൽനിന്നും വന്ന് പാലക്കാടിന്റെ അതിർത്തി പ്രദേശങ്ങളിൽ താമസിക്കുകയും പിൽക്കാലത്ത് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടികയറിപ്പാർക്കുകയും ചെയ്തവരാണ്. ബുദ്ധിസാമർത്ഥ്യത്തിലും സമ്പന്നതയിലും മുന്നിൽ നില്ക്കുന്നവരായിരുന്നു അവർ. ഈ ബ്രാഹ്മണർ തലമുറകളായി ഭരണരംഗത്തും സാംസ്കാരിക രംഗത്തും ഉയർന്ന പദവികൾ വഹിക്കുന്നവരാണ്. അവർ തദ്ദേശവാസികളുടെ സംസ്കാരവുമായി ഇഴുകിച്ചേർന്നു. അതിന്റെ ഫലമായി അവർ വീടുകളിൽ സംസാരിക്കുന്ന തമിഴ് ഭാഷയ്ക്കുപോലും മലയാളത്തിന്റെ ചുവയുണ്ടായി രുന്നു. തങ്ങൾ മലയാളികളാണെന്ന് പറയുന്നതിൽ അവർ അഭിമാനിക്കുകയും ചെയ്തിരുന്നു.

ശങ്കരനാരായണൻ, അനന്തനാരായണൻ, വിശ്വനാഥ അയ്യർ, വെങ്കടേശ്, കൃഷ്ണമണി എന്നിവരും വേറെ ചിലരും ഉൾപ്പെട്ട തമിഴ് ബ്രാഹ്മണ സുഹൃദ്വലയത്തിൽ എന്നെയുൾപ്പെടുത്തിയിരുന്നു. ഉച്ചഭക്ഷണസമയത്ത് ഞങ്ങൾ ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. ഭക്ഷണം കഴിക്കുന്നതിനിട യിൽ പല കഥകളും പരസ്പരം പറഞ്ഞ് രസിക്കും.

എന്റെ ടിഫിൻ ബോക്സ് തുറക്കുമ്പോൾ അതിൽനിന്നും പുറപ്പെടുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ ഗന്ധം കൂട്ടുകാരെ ആകർഷിച്ചിരുന്നു. അവർ ടിഫിൻ ബോക്സിലേക്ക് എന്താണെന്നു നോക്കിയതിനുശേഷം അമ്പരന്നു പോയിട്ടുണ്ട്. എനിക്ക് അവരെ പ്രശംസിക്കാതിരിക്കാൻ കഴിയുകയില്ല. എന്തെ ന്നാൽ അവരിൽ ആരുംതന്നെ എന്നോട് യാതൊരു അപ്രിയവും കാണിച്ചിരു ന്നില്ല. ഞങ്ങൾ ഉറ്റ സുഹൃത്തുക്കളായിരുന്നു. എല്ലാവരും എന്റെ അടുത്തിരുന്ന്

അവരുടെ ലളിതമായ ഭക്ഷണം കഴിക്കുന്നതിൽ ഒരിക്കലും വൈമനസ്യം കാണിച്ചിട്ടില്ല.

ഞാൻ ആശ്ചര്യത്തോടെ അവർ കൊണ്ടുവന്നിരുന്ന ലളിതമായ ഇനങ്ങൾ ശ്രദ്ധിച്ചിരുന്നു. തൈരുശാതവും ഇലക്കറിയും ഉപ്പിലിട്ടതും അല്ലെങ്കിൽ ഇഡ്ഡലിയും സാമ്പാറും ചമ്മന്തിയും ആണ് കൊണ്ടുവന്നിരുന്നത്. ശുദ്ധമായ സസ്യാഹാരമാണ് അവർ കഴിച്ചിരുന്നത്. ഏതു നേരവും സസ്യാഹാരം കഴിക്കുന്നു. എന്നാൽ അർദ്ധവാർഷിക പരീക്ഷകളുടെയും വാർഷിക പരീക്ഷക ളുടെയും റിസൾട്ട് പ്രഖ്യാപിക്കുമ്പോൾ കണക്കിലും സയൻസിലും ഏറ്റവും കൂടുതൽ മാർക്ക് അവർ വാങ്ങിച്ചിരുന്നു. പക്ഷേ, എനിക്കും എന്റെ സുഹൃത്തായ സിദ്ധിക്കിനും ഈ വിഷയങ്ങളിൽ കഷ്ടിച്ച് പാസ്സാകാനേ കഴിഞ്ഞിരുന്നുള്ളൂ.

ഒരു ദിവസം രാവിലെ അമ്മ എന്റെ ടിഫിൻ ബോക്സിൽ ഭക്ഷണം കുത്തി നിറയ്ക്കുകയായിരുന്നു. പൊരിച്ച മീൻ കഷണങ്ങളും മീൻ കറിയും ചോറ്റുപാത്ര ത്തിൽ വയ്ക്കുന്നത് കണ്ട് ഞാൻ അമ്മയോടു പറഞ്ഞു: "ആഹാരക്രമത്തെ പ്പറ്റിയുള്ള അമ്മയുടെ ധാരണ തികച്ചും അസംബന്ധമാണ്. മീനും ഇറച്ചിയും പോലെ സാമ്പാർശാതവും ഉപ്പിലിട്ടതും ബുദ്ധിശക്തിയെ പോഷിപ്പിക്കുന്നു." ഞാൻ പറഞ്ഞത് അമ്മയ്ക്കു വിശ്വാസയോഗ്യമായില്ല. ഞാൻ തുടർന്നുവാദിച്ച പ്പോൾ അമ്മ ഞങ്ങളുടെ പൂർവ്വികരായ പഠാണികളുടെ കാര്യം പറഞ്ഞു. അവർ ശക്തിശാലികളായിരുന്നത് മാംസം കഴിച്ചിരുന്നതുകൊണ്ടാണ് എന്ന് അമ്മയും തർക്കിച്ചു.

അമ്മ പറഞ്ഞതിനോട് എനിക്കു യോജിക്കാൻ കഴിഞ്ഞില്ല. അന്നുമുതൽ ഭക്ഷണക്രമത്തെ സംബന്ധിച്ച എന്റെ ധാരണയിൽ മാറ്റം സംഭവിച്ചു. സസ്യഭോജന ത്തിലൂടെ വേണ്ടത്ര പോഷകമൂല്യങ്ങൾ ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങൾക്ക് വേണമെങ്കിൽ മാംസം കഴിക്കാം. മനുഷ്യശരീരത്തിന് അത് കൂടിയേ തീരൂ എന്നു കരുതുന്നത് വിഡ്ഢിത്തമാണ്.

എന്റെ ജീവിതത്തിൽ വിപുലമായ സ്വാധീനം ചെലുത്തിയ അദ്ധ്യാപ കരെ എനിക്ക് ഒരിക്കലും വിസ്മരിക്കാൻ കഴിയുകയില്ല. ഈ അദ്ധ്യാപകരുടെ പട്ടികയിൽ പ്രഥമഗണനീയൻ അന്നത്തെ ഹെഡ്മാസ്റ്ററായിരുന്ന ടൈഗർ കുട്ടൻപിള്ള സാറാണ്. യഥാസമയം കുട്ടികൾക്ക് ശിക്ഷ നല്കി അവരെ നന്നാക്കണം എന്ന സിദ്ധാന്തമായിരുന്നു അദ്ദേഹത്തിന്റേത്. ജോർജ്ജ് സാർ ഓക്സ്ഫോർഡ് സർവ്വകലാശാലയിൽനിന്ന് പരിശീലനം നേടിയിരുന്നു. ഇംഗ്ലിഷ് ഭാഷയെ സംബന്ധിക്കുന്ന സൂക്ഷ്മതലങ്ങളെപ്പറ്റിപ്പോലും കുട്ടികൾക്ക് നല്ല അവഗാഹം നല്കുന്നതിൽ അദ്ദേഹം ദത്തശ്രദ്ധന ായിരുന്നു. ഹരിഹരഅയ്യർ സാർ യഥാർത്ഥത്തിൽ ശാസ്ത്രാധ്യാപകന ായിരുന്നു. എന്നാൽ അദ്ദേഹം കോനൻ ഡൊയിൽ രചിച്ച 'ഹൗണ്ട് ഓഫ് ബാസ്കെർവിൽ' എന്ന കൃതി നാടകീയമായി വായിച്ചു കേൾപ്പിച്ചത് ഇന്നും എന്റെ ഓർമ്മയിൽ തങ്ങിനില്ക്കുന്നു. കണക്ക് എന്ന വിഷയത്തിനോട് യാതൊരു താൽപര്യവുമില്ലായിരുന്ന എന്റെ മസ്തിഷ്കത്തിലേക്ക് കണക്ക് കുത്തിച്ചെലുത്താൻ കഴിഞ്ഞത് ഗോപാലകൃഷ്ണ അയ്യർ സാറിന്റെ മിടുക്കുതന്നെയാണ്. ബയോളജി പഠിപ്പിച്ചിരുന്നത് ടാർസൻ ദാമോദരൻ പിള്ള സാറായിരുന്നു. അദ്ദേഹം ഞങ്ങളെ അറിവിന്റെ പുതിയൊരു ലോകത്തിലേക്കു

നയിച്ചു. അദ്ദേഹമാണ് ദുർഗ്രാഹ്യവും സങ്കീർണ്ണവും എന്നു തോന്നിപ്പിക്കുന്ന ജീവിതം തുടങ്ങുന്നത് ഏകകോശജീവിയിൽനിന്നാണെന്ന സത്യം ഞങ്ങൾക്കു പറഞ്ഞുതന്നത്. എൻ.സി.സി.കമാൻഡന്റായ മാധവൻനായർ സാറാണ് ഞങ്ങളെ സോഷ്യൽ സ്റ്റഡീസ് പഠിപ്പിച്ചിരുന്നത്. ശുഭ്രവസ്ത്രധാരിയായ അദ്ദേഹം തേച്ചതും ഉടയാത്തതുമായ വേഷമാണ് എപ്പോഴും ധരിച്ചിരുന്നത്. അതിനാൽ അദ്ദേഹം 'ഇസ്തിരിപ്പെട്ടി' എന്ന ഇരട്ടപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. ശ്രീനായകം ആണ് ഒമ്പതാം ക്ലാസ്സിൽ എന്റെ ക്ലാസ് ടീച്ചർ ആയിരുന്നത്. അദ്ദേഹം അസാധാരണമായ അന്തർജ്ഞാനത്താലെന്നപോലെ എന്നെ സംബന്ധിച്ച് ഒരു പ്രവചനം നടത്തുകയുണ്ടായി. അദ്ദേഹം പ്രവചിച്ചു: "എന്റെ ജീവിതത്തിൽ എന്റെ സജീവതാൽപര്യം സത്യാന്വേഷണം അഥവാ ഏതുപേരിലും വിളിക്കപ്പെടുന്ന ഈശ്വരാന്വേഷണം ആയിരിക്കും."

ക്ലാസ്ടീച്ചറായി ചുമതലയേറ്റ ആദ്യത്തെ ദിവസം ചുരുക്കത്തിൽ സ്വയം പരിചയപ്പെടുത്തി. അന്നേരം ഞങ്ങളിൽ ചിലർ ഡെസ്കിന്റെ മറവിൽ ഇരുന്ന് അടക്കിച്ചിരിക്കുകയായിരുന്നു. നെറ്റിയിൽ കുറുകെ വരിയായി ഭസ്മക്കുറിയിട്ടുകൊണ്ട് ആദ്യമായിട്ടാണ് ഞങ്ങളുടെ ക്ലാസിലേക്ക് ഒരു അദ്ധ്യാപകൻ കയറി വന്നത്. വിദ്യാർത്ഥികളോട് അദ്ദേഹം താൻ ശിവഭക്തനാണെന്നും നെറ്റിയിലെ നീളത്തിലുള്ള ഭസ്മക്കുറി അതിന്റെ അടയാളമാണെന്നും പറഞ്ഞു. പെട്ടെന്ന് അദ്ദേഹത്തിന്റെ വിഷയം മതപരമായ കാര്യങ്ങളിലേക്ക് വഴുതി വീണു. ഒരല്പം കഴിഞ്ഞ് അദ്ദേഹം ഓരോരുത്തരോടും ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ ഇല്ലയോ എന്ന് പറയാൻ ആവശ്യപ്പെട്ടു. ഞാനൊഴിച്ച് എല്ലാവരും തങ്ങൾ ഈശ്വരവിശ്വാസികളാണെന്ന് അറിയിച്ചു. ഞാൻ തറപ്പിച്ചു പറഞ്ഞു: "ഞാൻ ഈശ്വരനിൽ വിശ്വസിക്കുന്നില്ല." അതുകേട്ട് നായകം സാർ ചോദിച്ചു: "എന്തുകൊണ്ട്?" ഞാൻ മറുപടി നല്കി: "എന്തുകൊണ്ട് വിശ്വസിക്കാതിരിക്കാൻ പാടില്ല? ഞാൻ ഈശ്വരനെ ഒരിക്കലും കണ്ടിട്ടില്ല. ഈശ്വരൻ ഉണ്ട് എന്നതിന് തെളിവൊന്നും ഇല്ല. എപ്പോഴെങ്കിലും കാണുകയാണെങ്കിലും എനിക്കു വിശ്വസിക്കേണ്ട ആവശ്യമില്ല... എന്തെന്നാൽ സത്യത്തിനു വിശ്വാസത്തിന്റെ പിൻബലം ആവശ്യമില്ല."

ഒരല്പസമയം ക്ലാസ്സിലാകെ നിശ്ശബ്ദത തളം കെട്ടിനിന്നു. നായകം സാർ പറഞ്ഞു: "എനിക്ക് ഒരു സഹപാഠി ഉണ്ടായിരുന്നു. അദ്ദേഹം ഈശ്വര വിശ്വാസി ആയിരുന്നില്ല. പിന്നീട് അദ്ദേഹത്തെ മുപ്പതുവർഷം കഴിഞ്ഞ് കാണുന്നത് തല മുണ്ഡനം ചെയ്ത് കാവിവസ്ത്രധാരിയായിട്ടാണ്. അദ്ദേഹം രാമകൃഷ്ണമിഷനിലെ സന്ന്യാസിയായി കഴിഞ്ഞിരുന്നു. ശരി, നമുക്ക് കാണാം. ഒരുപക്ഷേ, ഇന്നു മുതൽ ഈശ്വരാന്വേഷണത്തിന്റെ തുടക്കം കുറിക്കുകയായിരിക്കും നിങ്ങൾ. നിങ്ങൾ സത്യസന്ധനാണെന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. എന്താ, നിങ്ങളുടെ പേര്?" ഞാൻ അദ്ദേഹത്തോട് എന്റെ പേര് പറഞ്ഞു കഴിഞ്ഞപ്പോൾ അദ്ദേഹം ആകെ അന്ധാളിച്ചു പോയി. എന്തുകൊണ്ടെന്നാൽ എന്റെ സമുദായത്തിൽപെട്ട ഒരാൾ ഈശ്വരവിശ്വാസി അല്ലെന്നു പറയുമെന്ന് അദ്ദേഹം ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ആന്തരികമായി എന്നിൽ ഓരോ രാത്രിയിലും സംഭവിച്ചുകൊണ്ടിരുന്ന മാറ്റങ്ങളെപ്പറ്റി അദ്ദേഹവുമായി ആശയവിനിമയം ചെയ്യാൻ ആഗ്രഹിച്ചു.

അവാച്യമായ ഏതോ ശക്തി എന്നെ അപ്രകാരം ചെയ്യുന്നതിൽനിന്ന് പിന്തിരിപ്പിക്കുകയുണ്ടായി.

ഞാൻ ഏറ്റവും ഒടുവിൽ പറയാൻ പോകുന്നത് എന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ കുട്ടൻ ആചാരിസാറിനെപ്പറ്റിയാണ്. അദ്ദേഹം ഞങ്ങളെ സോഷ്യൽസ്റ്റഡീസും ഡ്രായിങ്ങും, പെയിന്റിങ്ങും ചിലപ്പോൾ തച്ചുപണിയും പഠിപ്പിച്ചിരുന്നു. എല്ലാത്തിനുമുപരി അദ്ദേഹമായിരുന്നു ഞങ്ങളുടെ സ്കൂളിലെ ഡ്രാമാ ട്രൂപ്പിന്റെ പ്രചോദനകേന്ദ്രം. അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ മലയാളത്തിലും ഇംഗ്ലിഷിലും നാടകങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഷേക്സ്പിയർ രചിച്ച *മർച്ചന്റ് ഓഫ് വെനീസ്* നാടകത്തിലെ കോടതിരംഗം ഇംഗ്ലിഷ് മീഡിയം വിദ്യാർത്ഥികളായ ഞങ്ങൾ അവതരിപ്പിച്ചു. അന്റോണിയോ എന്ന കഥാപാത്രത്തെയാണ് ഞാൻ അവതരിപ്പിച്ചത്. കെവിൻ ഫെർനാണ്ടെസ് ഷൈലാക്ക് എന്ന കഥാപാത്രത്തിനു ജീവൻ നല്കി. പ്രസ്തുത നാടകം സ്റ്റേറ്റ് യൂത്ത് ഫെസ്റ്റിവലിലേക്കു തിരഞ്ഞെടുക്കപ്പെടുകയും അവാർഡുകൾ നേടുകയും ചെയ്തു. കെവിൻ ഫെർനാണ്ടെസ് പിന്നീട് സൈനിക മെഡിക്കൽ കോളജിൽ ചേരുകയും എയർ കമ്മോഡോർ എന്ന പദവിയിൽനിന്ന് വിരമിക്കുകയും ചെയ്തു.

എല്ലാവരോടും സൗഹൃദം പുലർത്തിയിരുന്നതുകൊണ്ട് എനിക്ക് സ്കൂളിൽ അനേകം സുഹൃത്തുക്കൾ ഉണ്ടായിരുന്നു. എന്നാൽ ചിലരുമായിട്ടുള്ള അടുപ്പം എനിക്ക് ആഹ്ലാദകരമായ അനുഭവമായിരുന്നു. അവരിൽ ഒരാളാണ് ഗുജറാത്തി സംസാരിക്കുന്ന മേമൺ വിഭാഗത്തിൽപെട്ട സിദ്ധിഖ്. അയാളുടെ പൂർവ്വികർ പോർബന്ദറിൽനിന്നും വന്നവരായിരുന്നു. അയാളുടെ മുത്തച്ഛനായ അബ്ദുള്ളാ ഇബ്രാഹിം തിരുവനന്തപുരത്തുള്ള ചാല ബസാറിലെ ഏറ്റവും വലിയ ടെക്സ്റ്റൈൽ മൊത്തവ്യാപാരകേന്ദ്രത്തിന്റെ ഉടമയായിരുന്നു. അദ്ദേഹത്തിന്റെ നീട്ടി വളർത്തിയ താടിയും വടിവൊത്ത ശരീരവും കണ്ടാൽ പഴയ നിയമത്തിലെ പ്രവാചകനെ ഓർമ്മിച്ചുപോകും. സിദ്ധിഖിനാണെങ്കിൽ ആരോഗ്യം മോശപ്പെട്ട നിലയിലായിരുന്നു. മെലിഞ്ഞ് ദുർബ്ബലമായിരുന്നു ശരീരം. ആ പ്രായത്തിൽപോലും കണ്ണിനു ഗുരുതരമായ രോഗം ബാധിച്ചിരുന്നു. ഒരു കണ്ണിനു മിക്കവാറും കാഴ്ച നഷ്ടപ്പെട്ട അവസ്ഥയായിരുന്നു. ഞാൻ അയാളുമായിട്ട് കൂടുതൽ അടുത്തത് സ്കൂളിലെ ശല്യക്കാരിൽനിന്നും രക്ഷിക്കാൻവേണ്ടിയാണ്.

സിദ്ധിഖ് അച്ഛനമ്മമാരോടും മൂത്ത സഹോദരിയോടുമൊപ്പം ഞങ്ങളുടെ വീട്ടിൽനിന്നും അത്ര അകലെയല്ലാത്ത സ്ഥലത്താണ് താമസിച്ചിരുന്നത്. ഞാൻ മിക്കപ്പോഴും അയാളുടെ വീട്ടിൽ പോകാറുണ്ടായിരുന്നു. അയാളുടെ അമ്മയുമായി നല്ല സ്നേഹബന്ധമാണ് പുലർത്തിയിരുന്നത്. എനിക്ക് എന്തെങ്കിലും തിന്നാൻ തരാൻ വളരെ താൽപര്യം കാണിച്ചിരുന്നു. എന്നിൽ ഉണ്ടായിക്കൊണ്ടിരുന്ന ആന്തരികമായ മാറ്റങ്ങൾ അവർ എങ്ങനെയോ മനസ്സിലാക്കിയതുപോലെ എനിക്കു തോന്നി. (എന്നാൽ ഞാനാകട്ടെ എന്റെ ആന്തരിക ജീവിതത്തെപ്പറ്റി യാതൊന്നുംതന്നെ അവരോട് പറഞ്ഞിരുന്നില്ല). അവർ സൂഫി സന്ന്യാസികളുടെയും രോഗശാന്തി നല്കുന്ന സിദ്ധന്മാരുടെയും കഥകൾ കേൾപ്പിച്ച് എന്നെ ആഹ്ലാദിപ്പിക്കുമായിരുന്നു.

അവധിക്കാലങ്ങളിൽ സിദ്ധിഖ് പലപ്പോഴും മുംബൈയിലേക്കു പോയിരുന്നു. അയാൾ മടങ്ങിവരുന്നതുവരെ അയാളെ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കും. ആകാംക്ഷയ്ക്കു കാരണം അയാൾ മടങ്ങിവന്നു കഴിഞ്ഞാൽ മുംബൈ മഹാനഗരത്തെ സംബന്ധിക്കുന്ന മോഹിപ്പിക്കുന്ന കഥകൾ കേൾപ്പിച്ച് എന്നെ രസിപ്പിക്കും. വിലക്കപ്പെട്ട ആനന്ദത്തെ സംബന്ധിക്കുന്ന കഥകൾ തന്മയത്വത്തോടെ ആവർത്തിച്ചു പറയുന്നതിൽ അയാൾ വിദഗ്ധനായിരുന്നു. ചാരുതയോടെ ഹിന്ദി സിനിമയിലെ നായകന്മാരെപ്പറ്റിയും നായികമാരെപ്പറ്റിയും മറ്റു സ്ത്രീകളെപ്പറ്റിയും കഥകൾ മെനഞ്ഞുണ്ടാക്കുന്നത് അയാളുടെ ഇഷ്ടവിനോദമായിരുന്നു. അയാൾ പറഞ്ഞിരുന്നു: ഒരു നിശ്ചിതതുക കൊടുക്കുകയാണെങ്കിൽ നിങ്ങൾക്ക് പ്രസിദ്ധമായ താജ്മഹൽ ഹോട്ടലിലോ ഗേറ്റ് വേ ഓഫ് ഇന്ത്യയിലോ അവരോടൊപ്പം ശയിക്കാൻ കഴിയും. അനന്തനാരായണനും ഞാനും ഒക്കെ അയാൾ കേൾപ്പിക്കുന്ന കഥകൾ കേട്ട് രസിക്കും. ഈ കഥകൾ കൗമാരമനസ്സുകളെ ഉത്തേജിപ്പിക്കുന്നവയായിരുന്നു.

ഒരു ചെറിയ കാര്യംകൂടി പരാമർശിക്കേണ്ടതുണ്ട്. ചെറിയ കാര്യമാണെങ്കിലും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. എനിക്കും സിദ്ധിഖിനും ഇഡ്ഡലിയും സാമ്പാറും വളരെ ഇഷ്ടമായിരുന്നു. എന്റെ അമ്മ ഇഡ്ഡലിയും സാമ്പാറും തയ്യാറാക്കുന്നതിന് കഴിവുള്ളവരായിരുന്നു. എന്നാൽ ഞങ്ങളുടെ സുഹൃത്തായ അനന്തനാരായണന്റെ അമ്മയ്ക്കു കൂടുതൽ വൈദഗ്ധ്യം ഉണ്ടായിരുന്നുവെന്ന് ഞങ്ങൾക്കറിയാമായിരുന്നു. സസ്യഭോജനം നന്നായിട്ട് പാചകം ചെയ്തിരുന്ന അവർ നല്ല ഒരു ആതിഥേയയുമായിരുന്നു. അവരുടെ മകന്റെ രണ്ടു മുസ്‌ലിം സുഹൃത്തുക്കളെയും ഹൃദ്യമായ പുഞ്ചിരിയോടെയാണ് ഒരു യാഥാസ്ഥിതിക ബ്രാഹ്മണ ഭവനത്തിലേക്കു സ്വാഗതം ചെയ്തിരുന്നത്. അവർ ഞങ്ങൾക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ ഒരുക്കി മതിയാവോളം തീറ്റിക്കുമായിരുന്നു. അതു കഴിഞ്ഞ് ഒരു സ്റ്റീൽ ടംബ്ളർ നിറച്ച് ചൂടുള്ള കാപ്പിയും തരും.

വിശ്വനാഥ അയ്യരുടെ പുത്രനായ അനന്തനാരായണനും ഒരു മുംബൈ ബന്ധമുണ്ട്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ ജോലി നോക്കിയിരുന്ന അനന്തനാരായണന്റെ അച്ഛനെ മുംബൈയിലേക്കു സ്ഥലം മാറ്റി. അതിനാൽ അനന്തനാരായണൻ ആറാം സ്റ്റാൻഡേർഡുവരെ മുംബൈയിലാണ് പഠിച്ചത്. പിന്നീട് തിരുവനന്തപുരം ബ്രാഞ്ചിലേക്കു സ്ഥലംമാറ്റം കിട്ടിയപ്പോൾ സകുടുംബം തിരുവനന്തപുരത്ത് താമസമായി.

അനന്തനാരായണന്റെ ഭവനത്തിൽ കൂടക്കൂടെ പോകാൻ എനിക്കു വല്ലാത്ത അഭിനിവേശം തോന്നിയിരുന്നു. അതിനു കാരണം അവിടെനിന്നും കിട്ടിയിരുന്ന രുചികരമായ ഭക്ഷണമോ അതോ അനന്തനാരായണന്റെ സുന്ദരിയായ സഹോദരി സുവർണ്ണയോട് തോന്നിയിരുന്ന ആകർഷണമാണോ എന്ന് എനിക്ക് അറിഞ്ഞുകൂടാ. ആ സന്ദർശനങ്ങളിലൂടെ ഒരു ബ്രാഹ്മണ ഭവനത്തെപ്പറ്റിയുള്ള പല കാര്യങ്ങളും എനിക്കു ഗ്രഹിക്കാൻ കഴിഞ്ഞു. ഉദാഹരണമായി പറയുകയാണെങ്കിൽ അനന്തനാരായണന്റെ അമ്മയ്ക്ക് ആർത്തവനാളുകളിൽ അടുക്കളയിൽ പ്രവേശിക്കാൻ അനുവാദമില്ലായിരുന്നു. ആ നാളുകളിൽ ഭക്ഷണം മുമ്പത്തെക്കാൾ രുചികരമായിരുന്നു. വിശ്വനാഥ അയ്യർ അവരെക്കാൾ നന്നായിട്ട് പാചകം ചെയ്തിരുന്നു.

ഇതുവരെയും പറഞ്ഞതിനേക്കാൾ വളരെ പ്രധാനപ്പെട്ട ഒരു കാര്യം എടുത്തു പറയേണ്ടതുണ്ട്. അത് എന്റെ ആദ്ധ്യാത്മികജീവിതത്തെ അത്യധികം സ്വാധീനിച്ച ഒരു സംഭവമാണ്. അതു സംഭവിച്ചതാകട്ടെ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിലെ വിശ്വനാഥ അയ്യർ എന്ന ടൈപ്പിസ്റ്റിന്റെ ഒരു സാധാരണ ഭവനത്തിൽ വച്ചായിരുന്നു. അദ്ദേഹത്തിന്റെ ഭവനത്തിൽ ആരാധനയ്ക്കുവേണ്ടി പ്രത്യേകം ഒരു പൂജാമുറി ഉണ്ടായിരുന്നു. അവിടം അനേകം ദേവീദേവന്മാരുടെ ചിത്രങ്ങൾ കൊണ്ട് അലങ്കരിച്ചിരുന്നു. ആ ദേവീദേവന്മാരെപ്പറ്റിയുള്ള കാര്യങ്ങൾ വളരെ ക്ഷമയോടെ എനിക്കു വിശദീകരിച്ചു തന്നിരുന്നു. ചുമരിലെ സുപ്രധാനമായ സ്ഥാനത്ത് അലങ്കരിച്ചിരുന്ന ഏറ്റവും വലിയ ചിത്രം കീറിപ്പറിഞ്ഞ കുപ്പായവും പ്രത്യേകമായ രീതിയിൽ തലയിൽ കെട്ടിയ തുണിയും ധരിച്ചിരുന്ന മുസ്‌ലിം ഫക്കീർ എന്നു തോന്നിപ്പിക്കുന്ന ഒരാളിന്റേതായിരുന്നു.

അന്നാദ്യമായിട്ടാണ് 1918-ൽ സമാധിയായ ഷിർദ്ദിയിലെ സായിബാബായുടെ ചിത്രം ഞാൻ കാണുന്നത്. ഹൈന്ദവ ദേവീദേവന്മാർക്കു നല്കുന്ന എല്ലാ ആദരവും ഒരു ബ്രാഹ്മണ ഭവനത്തിൽ ഒരു ഫക്കീറിനു ലഭിക്കുന്നു. സായീ കീർത്തനങ്ങൾ ആലപിക്കപ്പെടുകയും അദ്ദേഹത്തിന് ആരതി ഉഴിയുകയും ചെയ്യുന്നു. എല്ലാ വ്യാഴാഴ്ചകളും ഷിർദ്ദി സായി ആരാധനയ്ക്കുവേണ്ടിയുള്ള പ്രത്യേക ദിവസമായി കണക്കാക്കപ്പെടുന്നു. വ്യാഴാഴ്ചകളിലെ സായീ ഭജനയിൽ ഞാനും പങ്കെടുത്തിരുന്നു. ഞാൻ ഭജനപാടുകയും ആദ്യമായി ഹിന്ദിയിൽ ഒരു ഭജൻ എഴുതുകയും ചെയ്തു- *ഹേ പ്രഭു, ഹേ സായിനാഥ്.* ശ്രീവിശ്വനാഥ അയ്യർ ഷിർദ്ദി സായിബാബയുടെ ജീവിതത്തെപ്പറ്റി ഒരു ലഘു വിവരണം നല്കുകയുണ്ടായി. അദ്ദേഹം ഈശ്വരനാണെന്ന് വിശ്വനാഥ അയ്യർ വിശ്വസിച്ചിരുന്നു. ഞാൻ ശ്രദ്ധിച്ചു; കേട്ടു; എനിക്ക് അത്ഭുതം തോന്നി.

ഒരു രാത്രിയിൽ സ്വാത്മപ്രേരിതമായ രഹസ്യധ്യാനത്തിൽ ഞാൻ മുഴുകി ഇരിക്കുകയായിരുന്നു. ഞാൻ പതിവായി ഹൃദയത്തിനുള്ളിൽ ദർശിക്കാറുള്ള പ്രകാശത്തിൽ ഷിർദ്ദി സായിബാബയുടെ രൂപം തെളിഞ്ഞു. അദ്ദേഹം എന്റെ മുമ്പിൽ നില്ക്കുന്നതായി അനുഭവപ്പെട്ടു. എന്നിട്ട് അദ്ദേഹം മുമ്പ് ഞാൻ പ്ലാവിൻ ചുവട്ടിൽവച്ച് കണ്ടിരുന്ന അസാധാരണനായ യോഗിയുടെ രൂപം ധരിച്ചു. ഈ സംഭവം ആർക്കും അറിയാൻ കഴിഞ്ഞിട്ടില്ല. മുമ്പത്തെപ്പോലെതന്നെ ഈ അനുഭവവും മറ്റുള്ളവരെ അറിയിക്കാൻ എന്നെക്കൊണ്ട് കഴിഞ്ഞിട്ടില്ല. ഷിർദ്ദിയിലെ സായിബാബായുമായിട്ടുള്ള ബന്ധത്തെപ്പറ്റി പറയാനുള്ളത് ഞാൻ മറ്റൊരു സമയത്തേക്കു മാറ്റിവയ്ക്കുന്നു. ഞാൻ ആദ്യമായി ഷിർദ്ദി സന്ദർശിച്ച കാര്യവും ഉചിതമായ സമയത്ത് പറയാം.

കേരളത്തിൽ തൃശ്ശൂരിലെ ഗുരുവായൂർ കൃഷ്ണക്ഷേത്രത്തിൽ ഞാൻ പ്രവേശിക്കുന്നതിനും വിശ്വനാഥഅയ്യർ വലിയ പങ്കു വഹിച്ചിട്ടുണ്ട്.

എട്ട്

ശ്രീനാരായണഗുരു ചരിതം

എനിക്ക് ഏതാനും അടുത്ത സുഹൃത്തുക്കളായി മറ്റുചിലരുംകൂടി ഉണ്ടായിരുന്നു. നാരായണപ്രസാദും സഖറിയായും അയാളുടെ സഹോദരൻ മാമ്മൻ സഖറിയായും ആയിരുന്നു അവർ. സഖറിയായുടെ അച്ഛൻ സുവിശേഷ പ്രസംഗകൻ ആയിരുന്നു. നാരായണപ്രസാദ് ഡോക്ടറായി. സഖറിയായും ഡോക്ടറായി. അദ്ദേഹം അമേരിക്കയിൽ സ്ഥിരതാമസവുമാക്കി. മുൻ അമേരിക്കൻ രാഷ്ട്രപതി ജോർജ് ഡബ്ല്യു ബുഷിന്റെ പേഴ്സണൽ കാർഡിയോളജിസ്റ്റായും അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം റിപ്പബ്ളിക്കൻ പാർട്ടിയുടെ ഫണ്ട് റയിസർ എന്ന രീതിയിലും പ്രവർത്തിച്ചു. ഇവരെക്കൂടാതെ മോഹൻ ദാസ്, സുധീർ, താൻ ഒരു ശാസ്ത്രജ്ഞനാണെന്ന് സ്വയം കരുതിയിരുന്ന വെങ്കടേശ് എന്നിവരും സുഹൃത്തുക്കളായിരുന്നു. വേറെയും ചിലരുണ്ടായിരുന്നു. ഞാൻ ഏറ്റവും അടുത്ത ബന്ധം പുലർത്തിയിരുന്നത് രൺജിത്ത് സദാശിവനോടായിരുന്നു.

രൺജിത്ത് സദാശിവൻ മോഡൽ സ്കൂളിൽ ഒമ്പതാം സ്റ്റാൻഡേർഡിൽ ചേർന്നു. അപ്പോൾ ഞാനും ഒമ്പതാം സ്റ്റാൻഡേർഡിൽതന്നെയായിരുന്നു. അയാൾ ബി ഡിവിഷനിലും ഞാൻ എ ഡിവിഷനിലും ആയിരുന്നു. എങ്കിലും തമ്മിൽ കാണുമ്പോഴെല്ലാം അടുത്തിടപഴകുകയും പരസ്പരം നന്നായിട്ടു മനസ്സിലാക്കുകയും ചെയ്തു. കാലം ചെല്ലുന്തോറും ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധം ദൃഢതരമായിക്കൊണ്ടിരുന്നു. രൺജിത്ത് ദൃഢഗാത്രനും ധീരനും ആയിരുന്നു. ആർക്കും അയാളെ ഭീഷണിപ്പെടുത്തി കീഴ്പെടുത്താൻ കഴിയുകയില്ല എന്നുമാത്രമല്ല, തന്റെ ദൃഷ്ടിയിൽ അനീതി എന്നു തോന്നുന്ന എന്തിനുമെതിരെ പോരാടാനും സദാ സന്നദ്ധനായിരുന്നു. മുമ്പ് പഠിച്ചിരുന്നത് സൈന്യം നേരിട്ടു നടത്തുന്ന സൈനിക് സ്കൂളിലായിരുന്നു. പിൽക്കാലത്ത് സൈനികസേവനരംഗത്ത് വലിയ പദവികൾ അലങ്കരിച്ച പലരെയും എനിക്കു പരിചയപ്പെടാൻ കഴിഞ്ഞത് രൺജിത്തിലൂടെയാണ്. അവരിൽ വേലായുധൻ നായർ എയർകമ്മോഡോർ ആയി. മാധവൻ നായർ വൈസ് അഡ്മിറൽ ആയി. രാധാകൃഷ്ണൻ എയർ വൈസ് മാർഷലരായി. മോഹൻദാസ് വിംഗ് കമാൻഡർ ആയതിനുശേഷം സ്വമേധയാ സർവ്വീസിൽനിന്ന് വിരമിക്കുകയും ഇന്ത്യൻ മിലിട്ടറി അക്കാഡമിയിൽ പ്രവേശനം ലഭിക്കാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കുവേണ്ടി ഒരു ട്രെയിനിങ് സ്കൂൾ ആരംഭിക്കുകയും ചെയ്തു.

ഈഴവ സമുദായത്തിൽപ്പെട്ടയാളാണ് രൺജിത്ത്. നൂറ്റിയമ്പതു കൊല്ലം മുമ്പ് ഈഴവ സമുദായത്തിനു സാമൂഹ്യരംഗത്തുള്ള സ്ഥാനം ഏറ്റവും താഴത്തെ തട്ടിലായിരുന്നു. ശ്രീനാരായണഗുരുവിന്റെ പ്രചോദനവും ആശീർവാദവും

അവരെ ഉന്നതിയിലേക്കു നയിച്ചു. താഴ്ന്ന പദവിയിൽനിന്ന് ഈഴവ സമുദായം വിജയത്തിന്റെ ചവിട്ടുപടികൾ കയറി. ഞാൻ ഇതിവിടെ സൂചിപ്പിക്കുന്ന സമയത്ത് മിക്കവരും സമ്പത്തും വിദ്യാഭ്യാസവും നേടിയിരുന്നു. അവർ സാമൂഹ്യ രംഗത്തും രാഷ്ട്രീയരംഗത്തും അസൂയാർഹമായ പദവികൾ അലങ്കരിക്കുന്നു.

തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തിലുള്ള ചെമ്പഴന്തി എന്ന ഗ്രാമത്തിലാണ് 1854-ൽ ശ്രീനാരായണഗുരു ഒരു ഈഴവ കുടുംബത്തിൽ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് മാടൻ ആശാൻ കർഷകൻ മാത്രമായിരുന്നില്ല, ഒരു പണ്ഡതനും ജ്യോതിശാസ്ത്രനിപുണനും ആയുർവേദ ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വിദഗ്ധനും ആയിരുന്നു. ഗ്രാമത്തിൽ ഒരു അദ്ധ്യാപകൻ എന്ന നിലയിലും അദ്ദേഹം പരക്കേ അംഗീകാരം നേടിയിരുന്നു. ഗ്രാമീണർ അദ്ദേഹത്തെ ആശാൻ എന്നു വിളിച്ചിരുന്നു. ആശാൻ എന്ന വാക്ക് ആചാര്യൻ എന്ന പദത്തിന്റെ പ്രാദേശിക രൂപമാണ്. അദ്ദേഹം രാമായണവും മഹാഭാരതവും ജനങ്ങൾക്കു വ്യാഖ്യാനിച്ചുകൊടുത്തിരുന്നതു കൊണ്ടാണ് അദ്ദേഹത്തെ അങ്ങനെ വിളിച്ചിരുന്നത്.

അന്നൊക്കെ സംസ്കൃതഭാഷാജ്ഞാനം ആവേശത്തോടെ ആർജ്ജിച്ചിരുന്നത് നമ്പൂതിരി ബ്രാഹ്മണരായിരുന്നു. അബ്രാഹ്മണർക്ക് വേദാദ്ധ്യയനം വിലക്കിയിരുന്നു. എന്നിരുന്നാലും ആയുർവേദ വൈദ്യന്മാർ സംസ്കൃതം പഠിച്ചിരുന്നു. ചികിത്സാശാസ്ത്രഗ്രന്ഥങ്ങളായ ചരക-ശുശ്രുതസംഹിതകൾ പഠിക്കുന്നതിനും സംസ്കൃതജ്ഞാനം അനിവാര്യമായിരുന്നു. അവർക്കും ഉപരിപഠനത്തിനു വിലക്ക് ഏർപ്പെടുത്തിയിരുന്നു. നാരായണന് പതിനഞ്ചു വയസ്സായിരുന്നപ്പോൾ അമ്മ മരിച്ചു. മുപ്പതുവയസ്സായപ്പോൾ അച്ഛനും അന്തരിച്ചു. നാരായണനെ ആളുകൾ ആദ്യമെല്ലാം നാണു എന്നും പിന്നീട് നാണു ആശാൻ എന്നും വിളിച്ചിരുന്നു. അദ്ദേഹം ചുറ്റിസഞ്ചരിക്കുന്ന അധ്യാപകനായി മാറിക്കൊണ്ടിരുന്നു. അനേകം മാസങ്ങൾ കൂടുമ്പോൾ ഒരിക്കൽ മാത്രമേ വീട്ടിൽ വന്നിരുന്നുള്ളൂ.

ആയുർവേദത്തിന്റെ സീമകൾ അതിലംഘിച്ചുകൊണ്ട് തന്റെ അറിവിനെ വികസ്വരമാക്കാൻ അദ്ദേഹം ധൈര്യം കാണിച്ചു. അദ്ദേഹം വേദവേദാംഗ ഗ്രന്ഥങ്ങളുടെ ഗഹനമായ അദ്ധ്യയനത്തിൽ വ്യാപൃതനായി. സംസ്കൃതം പഠിക്കാനാഗ്രഹിച്ചുകൊണ്ട് അദ്ദേഹത്തെ സമീപിച്ചവർക്ക് സംസ്കൃതം പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു. യാഥാസ്ഥിതികർ താഴ്ന്ന ജാതിക്കാരെ അകറ്റിനിർത്തിയിരുന്നുവെങ്കിലും സവർണ്ണനായ രാമൻപിള്ള ആശാൻ എല്ലാവരേയും സമന്മാരായി അംഗീകരിച്ചിരുന്നു. നാണു രാമൻപിള്ള ആശാനിൽ നിന്ന് കാവ്യം, നാടകം, സാഹിത്യനിരൂപണം, അലങ്കാരശാസ്ത്രം എന്നിവ അഭ്യസിച്ചു. ഉപനിഷത്തുകൾ സ്വാദ്ധ്യായത്തിലൂടെ പഠിക്കുകയുണ്ടായി. അദ്ദേഹം വിദൂരസ്ഥലങ്ങളിൽ സഞ്ചരിച്ചു. തെക്ക് കന്യാകുമാരി മുതൽ വടക്ക് മംഗലാപുരം വരെയും സഞ്ചരിച്ചു. ഈ സഞ്ചാരമെല്ലാം ഉപയോഗിച്ചിരുന്നത് അദ്ധ്യയനത്തിനും ധ്യാനത്തിനും ആത്മാന്വേഷണത്തിനുംവേണ്ടിയാണ്.

രണ്ട് അദ്ധ്യാപകർ നാണുവിനെ വളരെയധികം സ്വാധീനിച്ചു. അവരിൽ ഒരാൾ കുഞ്ഞൻപിള്ള ആയിരുന്നു. അദ്ദേഹം ചട്ടമ്പിസ്വാമി എന്ന പേരിൽ അറിയപ്പെട്ടിരുന്നു. സംസ്കൃത അലങ്കാരശാസ്ത്രം പഠിപ്പിക്കുന്ന ക്ലാസ്സിലെ

മോണിട്ടറായിരുന്നു കുഞ്ഞൻപിള്ള. മോണിട്ടറെ ചട്ടമ്പി എന്നാണ് വിളിച്ചിരുന്നത്. ആളുകൾ ചട്ടമ്പി എന്ന പേരുകൂടി ചേർത്ത് വിളിച്ചത് ഒടുവിൽ അദ്ദേഹത്തിന്റെ പേരിന്റെ അവിഭാജ്യഭാഗമായിത്തീർന്നു. പിൽക്കാലത്ത് നാണുവിന്റെ ദേശാടനങ്ങളിൽ ചട്ടമ്പിസ്വാമിയും പങ്കുചേർന്നു. രണ്ടാമൻ തമിഴ്ഭാഷ സംസാരിക്കുന്ന തൈക്കാട് അയ്യാവായിരുന്നു. അദ്ദേഹം തിരുവനന്തപുരത്തുള്ള ബ്രിട്ടീഷ് റസിഡന്റിന്റെ ബംഗ്ലാവിലെ മാനേജരായിരുന്നു. അദ്ദേഹം തമിഴ് ആദ്ധ്യാത്മിക പാരമ്പര്യപ്രകാരമുള്ള യോഗശാസ്ത്രത്തിൽ അവഗാഹം നേടിയിരുന്നു. അദ്ദേഹത്തിൽനിന്ന് ഗൂഢമായ യോഗശാസ്ത്രത്തിൽ നാണു പ്രാവീണ്യം നേടി. ചുരുക്കത്തിൽ അദ്ദേഹം സാധനയിലൂടെ ആത്മബോധത്തിന്റെ ആന്തരികമായ അഗാധതകളിലേക്ക് ആഴ്ന്നിറങ്ങി പരമമായ സത്യത്തെ കണ്ടെത്തുകയുണ്ടായി. ഉപനിഷത്തുകൾ ഉദ്ഘോഷിച്ച സർവ്വവ്യാപിയായ ആത്മാവിനെയാണ് അദ്ദേഹത്തിന് സാക്ഷാത്കരിക്കാൻ കഴിഞ്ഞത്.

അദ്ദേഹം ആർജ്ജിച്ച അനുഭവങ്ങൾ ഒരു ഭാഗത്ത് ആദ്ധ്യാത്മിക ഉപദേശങ്ങളായി പുറത്തുവന്നുവെങ്കിൽ മറുഭാഗത്ത് സാമൂഹ്യമായ പരിഷ്കാരങ്ങളിൽ അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഏതാനും നാളത്തെ അസുഖത്തെ തുടർന്ന് ഭാര്യ അന്തരിച്ചതിനുശേഷം (അവർക്ക് സന്തതികളില്ലായിരുന്നു) അദ്ദേഹം മുഴുവൻ സമയവും അലഞ്ഞുതിരിയുന്ന സന്ന്യാസിയുടെ ജീവിതം നയിച്ചു. അദ്ദേഹത്തിന് അനേകം അനുയായികൾ ഉണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ശ്രീനാരായണഗുരു എന്നു വിളിക്കാൻ തുടങ്ങി. അദ്ദേഹം ഉപേക്ഷിക്കപ്പെട്ട ദേവാലയങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. വിഗ്രഹങ്ങൾ പ്രതിഷ്ഠിക്കുന്നതിന് ബ്രാഹ്മണരുടെ സഹായം തേടാതെ അദ്ദേഹംതന്നെ പ്രതിഷ്ഠിച്ചു. നിലവിലിരുന്ന ആചാരങ്ങൾക്ക് എതിരായിരുന്നു അത്. ദേവവിഗ്രഹങ്ങൾ ഇല്ലാതിരുന്ന ആരാധനാലയങ്ങളിൽ വിഗ്രഹങ്ങളുടെ സ്ഥാനത്ത് അദ്ദേഹം കണ്ണാടി പ്രതിഷ്ഠിച്ചു. അതിലൂടെ അദ്ദേഹം വേദാന്തപ്രതിപാദിതവും സോക്രട്ടീസിന്റെ പ്രമാണവചനവുമായ ഈ സന്ദേശമാണ് നല്കിയത്: "മനുഷ്യാ, നീ സ്വയം അറിയൂ."

അദ്ദേഹം ആലുവായിൽ ഒരു ആശ്രമം സ്ഥാപിച്ചു. മറ്റൊരു ആശ്രമം തിരുവനന്തപുരത്തുനിന്നും വളരെ അകലെയല്ലാത്ത വർക്കലക്കുന്നിലാണ് സ്ഥാപിച്ചത്. പ്രസ്തുത ആശ്രമം ശിവഗിരി എന്ന പേരിൽ അറിയപ്പെടുന്നു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ട് ശിവഗിരിയിൽ അബ്രാഹ്മണർക്കും എല്ലാ ജാതികളിൽപെട്ടവർക്കും വേദങ്ങൾ അദ്ധ്യയനം ചെയ്യുന്നതിനുള്ള സൗകര്യമുണ്ടാക്കിക്കൊടുത്തു. (അലഞ്ഞുതിരിഞ്ഞു നടന്ന നാളുകളിൽ ഞാൻ രണ്ടു മാസം ശിവഗിരിയിൽ കഴിഞ്ഞിട്ടുണ്ട്.)

അദ്ദേഹം മഹത്തായ വേദാന്തസത്യം ലളിതമായ ഭാഷയിലൂടെ അവതരിപ്പിച്ചു. അദ്ദേഹം പാടി:

"ഒരു ജാതി, ഒരു മതം
ഒരു ദൈവം മനുഷ്യന്
ഒരുയോനിയൊരാകാര-
മൊരുഭേദവുമില്ലതിൽ."

അദ്ദേഹം തന്റെ സഹജീവികളോട് ഹീനതാബോധം വെടിഞ്ഞ് ഔന്നത്യത്തിലേക്ക് ഉയരാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. 1928 സെപ്റ്റംബർ 20-ാം തീയതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അപ്പോൾ അദ്ദേഹത്തിന് എഴുപത്തിനാല് വയസ്സായിരുന്നു. നമുക്ക് ആദ്ധ്യാത്മികവും സാമൂഹികവുമായ ഒരു വലിയ നിധി തന്നതിനുശേഷമാണ് അദ്ദേഹം യാത്രയായത്.

നമുക്ക് രൺജിത്തിലേക്കു മടങ്ങിവരാം. തന്റെ സുഹൃത്തുക്കളെ രക്ഷിക്കാൻവേണ്ടി ഏത് അപകടകരമായ സാഹചര്യങ്ങളെയും അഭിമുഖീകരിക്കാനുള്ള അയ്യാളുടെ കഴിവിൽ ആകൃഷ്ടനായതുകൊണ്ടാണ് എനിക്ക് അയ്യാളെ വളരെയധികം ഇഷ്ടമായത്. പല അവസരങ്ങളിലും അത് തെളിയിച്ചിട്ടുണ്ട്. കോളജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് സാമൂഹ്യവിരുദ്ധരുടെ ഉപദ്രവങ്ങളിൽനിന്ന് മര്യാദക്കാരായ വിദ്യാർത്ഥികളെ സംരക്ഷിക്കാൻ വേണ്ടി അയാൾ പലപ്പോഴും തെരുവിൽ വച്ച് ഏറ്റുമുട്ടിയിട്ടുണ്ട്.

രൺജിത്തിനെപ്പറ്റി എനിക്ക് മറ്റൊരു കാര്യംകൂടി എടുത്തുപറയേണ്ടതുണ്ട്. ശ്രീരാമകൃഷ്ണപരമഹംസൻ എല്ലാം പതിവായി എത്തിച്ചുകൊടുക്കുന്നവരെ 'ദാതാവ്' എന്നു വിളിച്ചിരുന്നു. എനിക്കും രൺജിത്ത് 'ദാതാവ്' ആയിരുന്നു.. പില്ക്കാലത്ത് ആരെയും അറിയിക്കാതെ ഹിമാലയത്തിലോ മറ്റ് ഏകാന്ത സ്ഥലങ്ങളിലോ ഞാൻ പോകാൻ ആഗ്രഹിച്ചപ്പോഴെല്ലാം എനിക്ക് അതിനുള്ള സാമ്പത്തികസഹായം എത്തിച്ചുതന്നത് രൺജിത്താണ്. ഞാൻ എവിടെ ആയിരുന്നുവെന്ന് രൺജിത്തിനു മാത്രമേ അറിയാൻ കഴിഞ്ഞിരുന്നുള്ളൂ. എന്നെ എങ്ങനെ ബന്ധപ്പെടണമെന്നതും അയാൾക്കല്ലാതെ മറ്റാർക്കും അറിയാൻ പാടില്ലായിരുന്നു. അയാൾ എന്റെ അച്ഛനമ്മമാരെ സമാശ്വസിപ്പിച്ചിരുന്നു. അയാൾ ഞാനുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന് അവരെ ധരിപ്പിച്ചുകൊണ്ടിരുന്നു. ഏതെങ്കിലും അടിയന്തരമായ ആവശ്യം വരികയാണെങ്കിൽ അയാൾ എന്നെ നാട്ടിലെത്തിക്കുമെന്ന് വാക്കു കൊടുക്കുകയും ചെയ്തിരുന്നു. അയാൾ എപ്പോഴും എന്നെ സഹായിക്കാൻ സന്നദ്ധനായിരുന്നു. എന്തിനാണെന്ന് എന്നോട് ഒരിക്കലും ചോദിച്ചിട്ടില്ല. യാദൃച്ഛികമെന്നു പറയട്ടെ, ആദ്യമായി ശ്രീനാരായണഗുരുവിന്റെ ഒരു ചിത്രം കാണുന്നതും രൺജിത്തിന്റെ ഭവനത്തിൽവച്ചായിരുന്നു.

ഒൻപത്

തക്കസമയത്ത് ലഭിച്ച അസാധാരണമായ ഊർജ്ജം

എന്റെ ഉള്ളിന്റെ ഉള്ളിൽ ആന്തരികമായ രൂപാന്തരീകരണത്തിന്റെ പ്രക്രിയ തുടങ്ങിക്കഴിഞ്ഞിരുന്നു. ബോധമാകുന്ന നദി നിശ്ശബ്ദമായി പോഷക നദികൾക്കു ജന്മം നല്കി. ഒടുവിൽ അവ മഹാസമുദ്രത്തിൽ ഒഴുകിയെത്തും. ഈ പ്രക്രിയയെ ത്വരിതപ്പെടുത്തുന്നതിനു വേണ്ടിവരുന്ന ബാഹ്യമായ ഊർജ്ജം അലൗകികമായ മാർഗ്ഗങ്ങളിലൂടെ പ്രദാനം ചെയ്യപ്പെട്ടുകൊണ്ടിരുന്നു.

യോഗാഭ്യാസത്തെ സംബന്ധിച്ചും, തത്ത്വശാസ്ത്രത്തെയും മതത്തെയും സംബന്ധിച്ചും ഏതെങ്കിലും സൂക്ഷ്മതരമായ ആശയത്തിനു വിശദീകരണം ആവശ്യമുള്ള സന്ദർഭത്തിൽ പ്രസ്തുത വിഷയത്തെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ ജാലവിദ്യയിലെന്നപോലെ എന്റെ കരങ്ങളിലെത്തും. എനിക്ക് പ്രായമാകാൻ തുടങ്ങിയതോടെ അടുത്ത സ്ഥലങ്ങളിൽ തനിയെ പോകാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. അതോടെ ഞാൻ പതിവായി തിരുവനന്തപുരത്തുള്ള പബ്ലിക് ലൈബ്രറിയിൽ പോകാൻ തുടങ്ങി. ലൈബ്രറിഭവനം പ്രാചീന വിക്ടോറിയൻ വാസ്തുശില്പ ശൈലിയിലാണ് നിർമ്മിച്ചിരുന്നത്. അവിടെ തത്ത്വശാസ്ത്രം, മതം, ഇന്ദ്രജാല പ്രകടനം തുടങ്ങിയ വിഷയങ്ങളെപ്പറ്റിയുള്ള പ്രാചീന ഗ്രന്ഥങ്ങളുടെ വിലപ്പെട്ട ശേഖരം ഭദ്രമായി സൂക്ഷിച്ചിരുന്നു.

അവിടെ തലമുടി നീട്ടി വളർത്തിയ താടിയുള്ള ഒരു ലൈബ്രേറിയൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ഓർക്കുന്നില്ല. അദ്ദേഹം സ്വയം എന്റെ ഉപദേശകനായി നിയുക്തനായതുപോലെ എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് ശരിയായ സമയത്ത് ശരിയായ പുസ്തകങ്ങൾ തെരഞ്ഞെടുക്കാൻ സഹായിച്ചിരുന്നു. 'ദി കംപ്ലീറ്റ് വർക്സ് ഓഫ് സ്വാമി വിവേകാനന്ദ, 'ദി ഗോസ്പൽ ഓഫ് രാമകൃഷ്ണ, 'ജീസസ് അൺവെയിൽഡ്, മാഡം ബ്ലാവറ്റ്സ്കി രചിച്ച 'ദി സീക്രട്ട് ഡോക്ട്രിൻ', 'ദി സോഹർ', 'ദി ഉപനിഷദ്സ്, 'ദി ഭഗവദ് ഗീത', എന്നീ കൃതികളും ഗ്രീക്ക് തത്ത്വചിന്തകരായ അരിസ്റ്റോട്ടിൽ , പ്ലാറ്റോ തുടങ്ങിയവരുടെ കൃതികളും അവയിൽ ചിലതാണ്.

അത്യന്തം അസാധാരണമായ രണ്ടു സംഭവങ്ങളെ വെറും യാദൃച്ഛികം എന്നു പറഞ്ഞ് തള്ളിക്കളയാൻ കഴിയുകയില്ല. ഒരു ദിവസം എന്റെ വീട്ടിൽനിന്നും അത്ര അകലെയല്ലായിരുന്ന ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയിലേക്കു കാൽനടയായി പോയി. വിദ്യാരണ്യവിരചിതമായ വേദാന്തശാസ്ത്ര ഗ്രന്ഥം *പഞ്ചദശി*യിൽ ദർശിക്കാനിടയായ ചില വൈരുദ്ധ്യങ്ങൾക്ക് എന്തെങ്കിലും വിശദീകരണങ്ങൾ ലഭിക്കുമോ എന്ന് ആരായാൻവേണ്ടിയാണ് ലൈബ്രറിയിലേക്കു പോയത്. മതഗ്രന്ഥങ്ങളും തത്ത്വശാസ്ത്രഗ്രന്ഥങ്ങളും സൂക്ഷിച്ചിരുന്ന ഭാഗത്ത് പുസ്തകങ്ങൾ ആനന്ദത്തോടെ തെരഞ്ഞു. പക്ഷേ, പറയത്തക്ക പ്രയോജനമുണ്ടായില്ല.

അതിനിടയിൽ ഒരു ഗ്രന്ഥം എന്റെ ദൃഷ്ടിയിൽപ്പെട്ടു. ഡോക്ടർ രാധാകൃഷ്ണനാണ് ഗ്രന്ഥകർത്താവ്. പുസ്തകം ഉപനിഷത് തർജ്ജമയും വ്യാഖ്യാനവും. അത് ഷെൽഫിന്റെ താഴത്തെ തട്ടിലാണ് ഇരുന്നത്. അതെടുക്കാൻവേണ്ടി ഞാൻ കുനിഞ്ഞു. അതേ നിമിഷത്തിൽ കട്ടി ബയിൻഡോടുകൂടിയ മൂന്നു പുസ്തകങ്ങൾ മുകളിലത്തെ ഫെൽഫിൽനിന്നും എന്റെ കഴുത്തിലേക്കു മറിഞ്ഞുവീണു. കഴുത്തിലെ വേദന മാറ്റാൻവേണ്ടി കൈകൊണ്ട് തടവിയതിനുശേഷം ഞാൻ ആ പുസ്തകങ്ങൾ എടുത്തു. ഒരു പുസ്തകം ആൽഡസ് ഹക്സ്ലി രചിച്ച *ദി പെരിണിയൽ ഫിലോസഫി* ആയിരുന്നു. മറ്റു രണ്ടു പുസ്തകങ്ങൾ ജെ. കൃഷ്ണമൂർത്തി രചിച്ച *ദി കമ്മെന്ററീസ് ഓൺ ലിവിങ്* എന്ന പുസ്തകത്തിന്റെ രണ്ടു വാല്യങ്ങളായിരുന്നു. ഈ ഗ്രന്ഥങ്ങൾ എല്ലാംതന്നെ വേദാന്തസംബന്ധമായ കുഴയ്ക്കുന്ന പല സംശയങ്ങൾക്കും പരിഹാരം നല്കുന്നവയായിരുന്നു. മറ്റു പുസ്തകങ്ങളൊന്നും വീഴാതെ ഈ പുസ്തകങ്ങൾ മാത്രം എന്റെ ദേഹത്തു വീഴാനിടയായതെങ്ങനെ എന്നതിനെപ്പറ്റി എനിക്ക് ഒന്നും പറയാൻ കഴിയുകയില്ല. ആ ബുക്ക് ഷെൽഫിന്റെ സമീപത്ത് ആരുംതന്നെ ഇല്ലായിരുന്നു.

ഇതിനെക്കാൾ അസാധാരണമായിരുന്നു മറ്റൊരു സംഭവം. അന്ന് എനിക്ക് പതിന്നാല് വയസ്സ് ആയിരുന്നു. അതിനകംതന്നെ യോഗശാസ്ത്രം, ബ്രഹ്മവിദ്യ, മതം, തത്ത്വശാസ്ത്രം എന്നീ വിഷയങ്ങളെപ്പറ്റി രചിച്ചിട്ടുള്ള ധാരാളം പുസ്തകങ്ങൾ വായിച്ചിരുന്നു. എന്റെ നെഞ്ചിന്റെ മദ്ധ്യഭാഗത്ത് പ്രകടമായിരുന്ന പ്രകാശത്തെ കേന്ദ്രീകരിച്ചുള്ള രാത്രിയിലെ സ്വാത്മപ്രേരിതമായ ധ്യാനം തുടർന്നുകൊണ്ടിരുന്നു. അതിന്റെ ഫലമായി ഞാൻ അഭിമുഖീകരിച്ച സവിശേഷമായ പ്രശ്നം എന്നെ സംബന്ധിച്ചിടത്തോളം അത്യന്തം ഗൗരവമേറിയതായിരുന്നു. ഹൃദയചക്രത്തെ സംബന്ധിച്ച പല ഗ്രന്ഥങ്ങളും പല ഗുരുക്കന്മാരും ഹൃദയചക്രത്തിന്റെ സ്ഥാനത്തെപ്പറ്റി വിവിധ അഭിപ്രായങ്ങളാണ് പ്രകടിപ്പിച്ചിട്ടുള്ളത്. രമണമഹർഷി ഹൃദയചക്രം നെഞ്ചിന്റെ വലതു വശത്താണെന്ന് ശഠിച്ചിരുന്നു. കബീർ പന്ഥികൾ മാത്രമല്ല, രാമകൃഷ്ണപരമഹംസൻപോലും ഹൃദയചക്രത്തിന്റെ സ്ഥാനം നെഞ്ചിന്റെ ഇടതു വശത്ത് യഥാർത്ഥ ഹൃദയത്തിന്റെ അടുത്താണെന്നു പ്രസ്താവിച്ചിട്ടുണ്ട്.

ഹഠയോഗ പ്രദീപിക ഉൾപ്പെടെയുള്ള അനേകയോഗ ശാസ്ത്ര ഗ്രന്ഥങ്ങളിലും ഹൃദയചക്രം നെഞ്ചിന്റെ മദ്ധ്യഭാഗത്ത് ആണെന്ന് പറയുന്നു. അതിനെ അനാഹതചക്രം എന്നു പറയുന്നു (ഈ ചക്രമാണ് എന്നിൽ സ്വയമേവ പ്രവർത്തനനിരതമായത്) ആദ്ധ്യാത്മികരംഗത്തെ സമുന്നതരും, വ്യക്തിപരമായി ആദ്ധ്യാത്മികാനുഭവങ്ങൾ ആർജ്ജിച്ചിട്ടുള്ളവരെന്ന് ആളുകൾ കരുതുന്നവരുമായ രമണ മഹർഷിയെയും രാമകൃഷ്ണപരമഹംസനെയുംപോലെയുള്ളവർ ഒരു സുപ്രധാനമായ പ്രാണശക്തിയുടെ സ്ഥാനത്തെ സംബന്ധിച്ച് വിരുദ്ധാഭിപ്രായം പറയുന്നതെന്തുകൊണ്ടെന്നോർത്ത് എനിക്ക് ആശ്ചര്യം തോന്നി. ഒരാൾ പറയുന്നത് ശരിയാണെങ്കിൽ മറ്റെയാൾ പറയുന്നത് തെറ്റായിരിക്കുമല്ലോ. ഈ ചക്രങ്ങളുടെ ഉൺമയെപ്പറ്റി എന്റെ മനസ്സിൽ പ്രബലമായ സന്ദേഹങ്ങൾ ഉണ്ടാകാൻ തുടങ്ങി. ഇതെല്ലാമൊരു സങ്കല്പമാണോ? ഞാൻ ചിന്തിക്കുന്നതും മറ്റുള്ളവർ വിചാരിക്കുന്നതും ഒക്കെ.

എന്റെ ആദ്ധ്യാത്മിക ജീവിതയാത്രയിലെ ആദ്യത്തെ ഏറ്റവും വലിയ പ്രതിസന്ധി ആയിരുന്നു അത്. എത്രയും വേഗത്തിൽ എന്റെ പ്രശ്നം പരിഹരിക്കപ്പെടണമെന്ന് നിശ്ചയിച്ചു. അതിനുവേണ്ടി ഞാൻ ഒരു പദ്ധതി ആസൂത്രണം ചെയ്തു. എന്റെ ട്യൂഷൻ മാസ്റ്റർ രാമസ്വാമിസാർ ഞങ്ങളുടെ ഭാഗത്തുനിന്നും കുറച്ച് അകലെയുള്ള മണക്കാട് എന്ന സ്ഥലത്തേക്കു താമസം മാറ്റിയിരുന്നു. അതിനാൽ ഞാൻ പഠിക്കാൻ പോകുന്നത് മതിയാക്കിയിരുന്നു. ഞങ്ങളുടെ സ്കൂളിൽ പഠിച്ചിരുന്ന അദ്ദേഹത്തിന്റെ അളിയനോട് ഒരു ദിവസം തനിക്ക് കണക്കിനെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ അദ്ദേഹത്തോട് ചോദിക്കാനുണ്ടെന്നു പറഞ്ഞു. ഞാൻ വീട്ടിൽ ചെന്ന് അച്ഛനമ്മമാരോടും ഇക്കാര്യം പറഞ്ഞു. ഒരു കാര്യംകൂടി ഞാൻ വീട്ടിൽ പറഞ്ഞു. വൈകുകയാണെങ്കിൽ ഞാൻ അവിടെ കിടന്നുറങ്ങിയിട്ട് പിറ്റേന്നു രാവിലെ വരാമെന്നും പറഞ്ഞു. പിറ്റേന്ന് ഞായറാഴ്ച ദിവസമായിരുന്നു.

ഞാൻ വീട്ടിൽനിന്ന് അകന്നു കഴിയുന്ന ആദ്യത്തെ രാത്രിയായിരുന്നു അത്. അമ്മയ്ക്ക് ആദ്യം ആശങ്കയുണ്ടായിരുന്നുവെങ്കിലും ഒടുവിൽ പോകാൻ അനുവദിച്ചു. വാസ്തവത്തിൽ എനിക്ക് ജ്യോമട്രിയിൽ ചില സംശയങ്ങൾ ഉണ്ടായിരുന്നു. അത് രാമസ്വാമിസാറിന്റെ സഹായംകൊണ്ടു മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂവെന്നും എനിക്കറിയാമായിരുന്നു. അത് ഒരു അർദ്ധ സത്യം മാത്രമായിരുന്നു.

ബാക്കി സത്യം ഇതാണ്. രാമസ്വാമി സാറിന്റെ വീട്ടിൽനിന്നും കുറച്ചകലെ ഒരു തോട്ടം ഉണ്ട്. അത് സമാധിത്തോട്ടം എന്ന് അറിയപ്പെട്ടിരുന്നത്. ട്യൂഷൻ കഴിഞ്ഞതിനുശേഷം ഞാൻ സാറിനോട് വീട്ടിലേക്കു മടങ്ങുകയാണെന്നു പറയും. പക്ഷേ, ഞാൻ പോകുന്നതു സമാധിത്തോട്ടത്തിലേക്ക് ആയിരിക്കും. സമാധിത്തോട്ടത്തിൽ രാത്രി കഴിച്ചു കൂട്ടും. ഇതായിരുന്നു എന്റെ പദ്ധതി. രാത്രിയിലെ സംഭവങ്ങൾ വിവരിക്കുന്നതിനു മുമ്പ് സമാധിത്തോട്ടത്തെ സംബന്ധിച്ചും, ഞാൻ എന്തിനാണ് സമാധിത്തോട്ടത്തിൽ പോയതെന്നും പറയാനാഗ്രഹിക്കുന്നു.

മണക്കാട്ടുനിന്ന് അകലെയുള്ള ഒരു ഒഴിഞ്ഞ പ്രദേശത്ത് തെങ്ങുകളും മറ്റു മരങ്ങളും ധാരാളമുള്ള ആരും നോക്കാനില്ലാതെ കിടക്കുന്ന ഒരു തോട്ടമുണ്ടായിരുന്നു. കുറുനരികളും നായ്ക്കളും അവിടത്തെ പതിവു സന്ദർശകരായിരുന്നു. അവിടെ വളരെ പഴക്കം ചെന്ന ഒരു അരയാൽ മരത്തിന്റെ ചുവട്ടിൽ ഒരു വലിയ യോഗിയുടെ സമാധി ഉണ്ടായിരുന്നു. രാമദാസസ്വാമി എന്നാണ് യോഗിയുടെ പേര്. അദ്ദേഹം ആയില്യം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് (1865–1880) തിരുവനന്തപുരത്ത് ജീവിച്ചിരുന്നു. ഞാൻ മുമ്പ് സൂചിപ്പിച്ചിട്ടുള്ളതുപോലെ വിശുദ്ധരുടെയും യോഗികളുടെയും ശവകുടീരമാണ് സമാധി. അവർ അതിനുള്ളിലേക്കു സ്വമേധയാ പ്രവേശിക്കുമെന്നു കരുതപ്പെടുന്നു.

വിശേഷപ്പെട്ട ഒന്നാണ് ജീവസമാധി. ജീവിച്ചിരിക്കുമ്പോൾത്തന്നെ യോഗി ശവകുടീരത്തിനുള്ളിലേക്കു പ്രവേശിക്കും. ബുദ്ധൻ ഇരിക്കുന്നതുപോലെ കാലുകൾ പിണഞ്ഞ് കുറുകെ വച്ചു കൊണ്ട് ഇരിക്കും. യോഗിയുടെ നിർദ്ദേശപ്രകാരം ശിഷ്യന്മാർ ശവകുടീരം ഭദ്രമായി അടയ്ക്കും. മണക്കാട്ടുള്ള

സമാധി ജീവസമാധിയെന്നാണ് കരുതപ്പെടുന്നത്. കഴിഞ്ഞ കാലങ്ങളിൽ മഹാന്മാരായ യോഗികൾ രാത്രിയിൽ സമാധിത്തോട്ടത്തിൽ പോയിരുന്ന് ധ്യാനിച്ചിരുന്നുവെന്ന് കേട്ടിട്ടുണ്ട്; രാത്രിയിൽ ധ്യാനത്തിൽ ഇരുന്നുകൊണ്ട് ദീപ്തമായ ആദ്ധ്യാത്മിക അനുഭൂതി ആർജ്ജിച്ചിട്ടുണ്ട്. എനിക്കും അതു പോലെ നേടണമെന്ന് ആഗ്രഹമുണ്ടായി. ഒന്നുമില്ലെങ്കിലും എന്റെ സംശയത്തിനു നിവൃത്തിയെങ്കിലും ഉണ്ടാകണമെന്ന് ആഗ്രഹിച്ചിരുന്നു. ഞാൻ സമാധിത്തോട്ടത്തെപ്പറ്റി ട്യൂഷൻ മാസ്റ്ററോടോ, അദ്ദേഹത്തിന്റെ കുടുംബത്തിനോടോ യാതൊന്നുംതന്നെ സംസാരിച്ചില്ല.

ഞാൻ കിഴക്കേക്കോട്ട ബസ്സ്റ്റാൻഡിൽ ഇറങ്ങി. പിന്നെ കുറച്ചു ദൂരം നടന്നാണ് രാമസ്വാമിസാറിന്റെ വീട്ടിലേക്കു പോയത്. ഞാൻ സന്ധ്യയ്ക്ക് ഏകദേശം ഏഴുമണിക്ക് വീട്ടിലെത്തി. ട്യൂഷൻ കഴിഞ്ഞപ്പോൾ സമയം എട്ടുമണിയായിരുന്നു. സാറിന്റെ വീട്ടിലുള്ളവർ രാത്രി അവിടെ തങ്ങാനാവശ്യപ്പെട്ടു. എനിക്ക് വീട്ടിലേക്കുള്ള ബസ്സ് തീർച്ചയായും കിട്ടുമെന്ന് അവർക്ക് ഉറപ്പുകൊടുത്തു. ഒരു വിധത്തിൽ ഞാൻ അവിടെനിന്നും ഇറങ്ങി. സാറിന്റെ വീട്ടിൽ ടെലിഫോൺ കണക്ഷൻ ഇല്ലാതിരുന്നത് വലിയ ആശ്വാസത്തിന് വകനല്കി. ഞാൻ രാത്രി അവിടെയല്ലാ തങ്ങുന്നത് എന്ന കാര്യം എന്റെ അച്ഛനമ്മമാർക്ക് അറിയില്ലല്ലോ.

എന്റെ സുഹൃത്ത് മാർത്താണ്ഡപിള്ള എന്റെ കൂടെ കുറച്ച് ദൂരം നടന്നു. സുഹൃത്തിനെ ഒഴിവാക്കിയതിനുശേഷം ഞാൻ ഒറ്റയ്ക്കു സമാധിത്തോട്ടത്തിലേക്കു പോയി. ഇടയ്ക്ക് പലരോടും വഴി ചോദിക്കേണ്ടിവന്നു. ഒടുവിൽ ഏകദേശം ഒമ്പതര മണിക്ക് ഞാൻ സമാധിത്തോട്ടത്തിലെത്തി. എന്റെ കൈയിൽ വാച്ചില്ലാതിരുന്നതുകൊണ്ട് എത്ര മണിക്കാണ് എത്തിയതെന്നു പറയാൻ കഴിയുകയില്ല.

ഒരു ചെറിയ ഗേറ്റ് തുറന്നിരുന്നു. സമപാർശ്വങ്ങളുമുള്ള സമാധിക്കു മുമ്പിൽ ഒരു എണ്ണവിളക്ക് കത്തിക്കൊണ്ടിരുന്നതിന്റെ പ്രകാശമല്ലാതെ വേറെ പ്രകാശമെന്നും ഇല്ലായിരുന്നു. കാറ്റടിക്കുമ്പോൾ ദീപനാളം മിന്നിമിന്നി കത്തും. ഞാൻ വല്ലാത്ത സംഭ്രമത്തിന് അടിപ്പെട്ടുപോയി. കുറച്ചകലെ നിന്നും കുറുനരികൾ ഓലിയിടുന്ന ശബ്ദം കേട്ടു. മനുഷ്യരെ ആരെയും അവിടെയെങ്ങും കണ്ടില്ല. മരങ്ങളിലും കുറ്റിക്കാട്ടിലും പതിയിരിക്കുന്ന വിചിത്ര ജീവികൾ കാറ്റിൽ മുമ്പോട്ടും പുറകോട്ടും ആടിക്കൊണ്ടിരിക്കുന്നതായി തോന്നി. ഞാൻ സമാധിയുടെ പുറകിൽ പോയി അവിടെ ഇരുന്നു. ഒരുവിധത്തിൽ ആഞ്ഞുവീശുന്ന കാറ്റിൽനിന്ന് അഭയം കിട്ടി. അതിനിടെ പെട്ടെന്ന് കാറ്റ് ശക്തിയായി വീശിയടിച്ചു. അപ്പോൾ മേഘങ്ങളുടെ മറനീക്കി ചന്ദ്രക്കല കാണുകയുണ്ടായി. അന്നേരം അലൗകികമായ ശാന്തി എന്നെയാകെ പൊതിഞ്ഞതുപോലെ അനുഭവപ്പെട്ടു. ഞാൻ സമാധിയിലേക്കു ചാഞ്ഞു. ആകെ ക്ഷീണിതനായിരുന്ന ഞാൻ അവിടെ കിടന്ന് ഉറങ്ങിപ്പോയി.

എത്രസമയം ഉറങ്ങിയെന്നു പറയാൻ കഴിയുകയില്ല. ആരോ, അതോ എന്തോ ഒന്ന് കാലിൽ ശക്തിയായി പിടിച്ചുലയ്ക്കുന്നതുപോലെ തോന്നി. സംഭ്രമത്തോടെ ഞാൻ പിടഞ്ഞെണീറ്റു. ഭീതികാരണം രോമങ്ങൾ എണീറ്റു നിന്നു. ശരീരമാകെ തരിച്ചുപോയി. എന്റെ മുമ്പിൽ ഇരിക്കുന്ന ഒരു വിചിത്ര

രൂപത്തെ കണ്ട് ഞാൻ തികച്ചും അത്ഭുതസ്തബ്ധനായി. വിരൂപവും ഭയാനകവുമായിരുന്നു ആ രൂപം. മെലിഞ്ഞതും അസ്ഥിമാത്രവുമായ ആ രൂപം ഒരു മനുഷ്യന്റേതായിരുന്നു. കറുത്തിരുണ്ട അയാളുടെ നീണ്ട ജടകെട്ടിയ മുടിയും നീണ്ട താടിയും കുഴിഞ്ഞ കണ്ണുകളും ഭീതിദമായിരുന്നു. ആശ്വാസജനകമായ ഒരു കാര്യം മാത്രമാണ് ഉണ്ടായത്. അവിടെയെങ്ങും ആനന്ദത്തിൽ ആറാടിക്കുന്ന ഹൃദ്യമായ സുഗന്ധം പൊടുന്നനേ പരന്നു. അത് പുറപ്പെട്ടുകൊണ്ടിരുന്നത് കഴുകാത്ത അയാളുടെ ശരീരത്തിൽനിന്നാണെന്നു മനസ്സിലായി.

ആ മനുഷ്യൻ മലയാളത്തിൽ പറഞ്ഞു: "കുട്ടി പേടിക്കാതിരിക്കൂ." ഇത്രയും പറഞ്ഞിട്ട് മെലിഞ്ഞതും കൂർത്ത നഖങ്ങളുമുള്ള വിരലുകൾകൊണ്ട് എന്റെ തോളിൽ തട്ടിക്കൊണ്ട് തന്റെ മഞ്ഞനിറമുള്ള പല്ലുകൾ പുറത്ത് കാണിച്ചുകൊണ്ട് ഭയാനകമായി ചിരിച്ചു. ആ മനുഷ്യന്റെ സൗഹൃദഭാവം കണ്ടിട്ട് ധൈര്യം സംഭരിച്ചുകൊണ്ട് ഞാൻ ചോദിച്ചു: "നിങ്ങൾ ആരാണ്?" ഉടനേ പ്രത്യുത്തരം കിട്ടി. "ഞാനോ?...ഹഹാ....ഹഹാ...ഞാൻ ആരും അല്ല... എനിക്ക് ശരീരവും ഇല്ല... ഞാൻ വെറും പുകയും ആവിയുമാണ്." ഞാൻ നിശ്ശബ്ദനായിരുന്നു. വീണ്ടും ശബ്ദം എന്റെ ചെവിയിൽ വീണു: "നിനക്ക് ഒരു പ്രശ്നം ഉണ്ട്. ശരിയല്ലേ? ഹൃദയപദ്മം എവിടെയാണെന്ന് അറിയണം? അതല്ലേ വേണ്ടത്? അത് എവിടെയുമുണ്ട്. ഇവിടെയും അവിടെയും എല്ലായിടത്തും.... ഹഹ ഹഹ... പലർക്കും പല കേന്ദ്രങ്ങളിൽ ആയിരിക്കും. അതിനാൽ അത് തർക്കിക്കേണ്ട വിഷയമല്ല."

അദ്ദേഹം തത്സമയം എന്റെ നെഞ്ചിന്റെ മദ്ധ്യഭാഗത്ത് തട്ടി. എന്നിട്ടു പറഞ്ഞു: "നിനക്ക് ഇതാ ഇവിടെയാണ്... അനാഹത ചക്രം... അതിൽ ഉറച്ചുനിന്നാൽ മതി. ഇത് ബാബാജിയുടെ ആജ്ഞയാണ്." മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത തരത്തിലുള്ള അതിതീക്ഷ്ണമായ പ്രകാശം എന്റെ ഹൃദയചക്രത്തിൽ നിറഞ്ഞു. എന്റെ കണ്ണുകൾ തുറന്നിരുന്നപ്പോഴും എനിക്കത് അറിയാൻ കഴിഞ്ഞു. അതിനിടയിൽ പെട്ടെന്ന് ആ രൂപം ചാടിയെണീൽക്കുകയും അന്ധകാരത്തിലേക്ക് ഓടിമറയുകയും ചെയ്തു. നിലത്തുനിന്നും വെളുത്ത ഒരു ജ്വാല മുകളിലോട്ട് ഉയർന്നു. അത് എന്റെ തോന്നൽ ആയിരിക്കുമോ? അങ്ങനെയാണ് അവസാനമായി ആ രൂപത്തെ ഞാൻ കണ്ടത്.

അപ്പോഴും എന്റെ കണ്ണുകൾ തുറന്നുതന്നെ ഇരിക്കുകയായിരുന്നു. അതിതീക്ഷ്ണമായ പ്രകാശം എനിക്ക് അത്യപൂർവ്വമായ ആനന്ദമാണ് നല്കിയത്. പ്രസ്തുത പ്രകാശം സാവധാനം രാത്രിയുടെ അന്ധകാരത്തിൽ വിലീനമായി. പ്രകാശം ഇല്ലാതായിക്കഴിഞ്ഞപ്പോൾ ഞാൻ എണീറ്റു. അടുത്ത് ആരെയും കാണാൻ കഴിഞ്ഞില്ല. മൂന്നു കിലോമീറ്റർ ദൂരം നടന്നു. ഭാഗ്യത്തിന് ഒരു ബസ്സ് കിട്ടി. അതിൽ കയറിയ ഞാൻ പൂളിമൂട് ജങ്ഷനിൽ ഇറങ്ങി . അവിടെനിന്നും വീട്ടിലേക്കു പോയി.

എന്റെ അമ്മ ഒഴിച്ച് ആരുംതന്നെ എന്നോട് ഒന്നും ചോദിച്ചില്ല. അമ്മ ചോദിച്ചു: "ട്യൂഷൻ എങ്ങനെയിരുന്നു." ഞാൻ പറഞ്ഞു. "നന്നായിരുന്നു." അമ്മ പറഞ്ഞു. "പോയി കുളിച്ചിട്ട് പ്രാതൽ കഴിക്കു. ഞാൻ ഇടിയപ്പവും ഉരുളക്കിഴങ്ങു കറിയും ഉണ്ടാക്കിയിട്ടുണ്ട്" ഞാൻ പ്രാതൽ കഴിച്ചുകൊണ്ടിരുന്നപ്പോൾ എന്റെ മനസ്സ് രാത്രിയിലെ ധീരകൃത്യത്തിൽ വ്യാപരിക്കുകയായിരുന്നു.

പത്ത്

മസ്താൻ ചൊരിഞ്ഞ അനുഗ്രഹങ്ങൾ

പതിന്നാലര വയസ്സായപ്പോൾ ഞാൻ എസ്.എസ്.എൽ.സി. (ഹൈസ്കൂൾ) പരീക്ഷ പാസ്സായി. ഒമ്പതു മാർക്കിന്റെ കുറവിന് എനിക്ക് ഫസ്റ്റ് ഗ്രേഡ് നഷ്ടപ്പെട്ടു. അതിനു കാരണമുണ്ട്. ഞാൻ കണക്കും ഹിന്ദിയും പഠിക്കേണ്ടിയിരുന്ന സമയത്ത് വിദ്യാരണ്യൻ രചിച്ച വേദാന്തശാസ്ത്രഗ്രന്ഥമായ *പഞ്ചദശി*യുടെ ഇംഗ്ലിഷിലുള്ള വിവർത്തനം വായിക്കുന്നതിൽ മുഴുകിക്കഴിയുകയായിരുന്നു.

എന്റെ സഹപാഠികളുടെ ചില രക്ഷാകർത്താക്കൾ തങ്ങളുടെ കുട്ടികളെ ലയോളാ കോളജിൽ ചേർക്കാൻ തീരുമാനിച്ചു. എന്നെയും ലയോളാ കോളജിലാണ് ചേർത്തത്. തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ശ്രീകാര്യത്തായിരുന്നു ആ സ്ഥാപനം. അത് പുതുതായി തുടങ്ങിയ കോളജായിരുന്നു. മറ്റു സഹപാഠികൾ ഗവൺമെന്റ് ഇന്റർമീഡിയറ്റ് കോളജിലും, മാർ ഇവാനിയോസ് കോളേജിലും മഹാത്മാഗാന്ധി കോളജിലും ചേർന്നു. പഴയ സുഹൃത്തുക്കൾ പലരും വേർപിരിഞ്ഞു. പുതിയ സുഹൃത്തുക്കളെ ലഭിക്കുകയും ചെയ്തു. ഏതാനും സുഹൃത്തുക്കൾ ലയോളാ കോളജ് ഹോസ്റ്റലിൽ താമസിച്ചു. ഞാൻ വീട്ടിൽനിന്നും ദിവസവും പോയി പഠിച്ചുകൊണ്ടിരുന്നു. ബസ്സിൽ കോളജിൽ പോകാൻ ഒരു മണിക്കൂർ സമയം വേണം.

എന്റെ ചില സുഹൃത്തുക്കളെ ഒരിക്കലും മറക്കാൻ കഴിയുകയില്ല. അവരിൽ തോമസ് കുര്യൻ, രാജരാജവർമ്മ, ജോണി ജോസഫ്, നാരായണൻ എന്നിവർ പെടും. ഞാൻ സ്വന്തം കാലിൽ നില്ക്കാൻ പഠിക്കുന്ന കാലമായിരുന്നു അത്. എനിക്ക് കുറച്ചു ദിവസത്തേക്കു വീട്ടിൽനിന്ന് അകന്നു കഴിയാൻ അവസരം ഉണ്ടായി. അതിനുവേണ്ടി എന്തെങ്കിലും കാരണവും കണ്ടെത്തിയിരുന്നു. പതിന്നാലു വയസ്സു മുതൽ പത്തൊമ്പതു വയസ്സുവരെയുള്ള ഈ കാലയളവിൽ ലൗകികവും അലൗകികവുമായ അനേകം അനുഭവങ്ങൾക്കു ഞാൻ വിധേയനായി.

പിന്തിരിഞ്ഞു നോക്കുമ്പോൾ എനിക്ക് ഒരു കാര്യം വ്യക്തമായി. സാധാരണ ഗതിയിൽ ഉന്നതമായ ആദ്ധ്യാത്മിക തലങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി മനസ്സിനെ പാകപ്പെടുത്തുന്നതിനു കുറഞ്ഞത് പന്ത്രണ്ടു വർഷമെങ്കിലും വേണ്ടിയിരുന്നു. എന്നാൽ ഞാൻ അതിനുവേണ്ടി അഞ്ചുവർഷമേ എടുത്തുള്ളൂ.

ലൗകിക തലത്തിൽ വിലക്കപ്പെട്ട വസ്തുക്കളുടെ ഉപയോഗത്തിനു ഞാൻ വിധേയനായി. കൗമാരപ്രായക്കാരെ മയക്കുമരുന്ന്, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങൾ പിടികൂടാറുണ്ട്. ഞാനും ഇതുപോലുള്ള ദുശ്ശീലങ്ങൾക്ക് ഇരയായിയെങ്കിലും തക്ക സമയത്ത് പിന്തിരിയാനിടയായി. ഏതോ അജ്ഞാത

വ്യക്തി അഥവാ അദൃശ്യശക്തി എന്റെ ചലനങ്ങളെ വീക്ഷിച്ചുകൊണ്ടിരിക്കുകയും യഥാസമയം രക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. പില്ക്കാലത്ത് എന്റെ ഗുരു ആ കാലയളവിനെ താന്ത്രിക് ഘട്ടം എന്നു വിശേഷിപ്പിക്കുകയുണ്ടായി. പ്രസ്തുത ഘട്ടത്തിൽ തങ്ങളുടെ ജീവിതാനുഭവങ്ങൾകൊണ്ട് എന്റെ ജീവിതത്തെ സമ്പന്നമാക്കിയ ഓരോ സുഹൃത്തിനെയും ഞാൻ ഉപഗുരുവായി കണ്ട് ഹൃദയം നിറഞ്ഞ നന്ദി പ്രകാശിപ്പിക്കുന്നു. പിന്നീടുള്ള ജീവിതത്തിൽ മയക്കുമരുന്നു കഴിക്കുന്നവരും മദ്യപാനികളും പ്രേമവിലാസത്തിൽ അനിയന്ത്രിതരായി വിഹരിച്ചു നടക്കുന്നവരും, പല തരത്തിലും വഴിതെറ്റിപ്പോയവരും ഒക്കെ തങ്ങളുടെ വിഷമസന്ധിയിൽ ഒരു തുണയ്ക്കായി എന്റെയടുത്തേക്കു വരുമെന്ന് അന്നൊന്നും ഒരിക്കലും കരുതിയിരുന്നില്ല. ഞാൻ ഒരു സ്വാധീനശക്തിക്കു വിധേയമാക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ എനിക്ക് അവരെ മനസ്സിലാക്കാനോ അവരെ നേർവഴിയിലേക്കു നയിക്കാൻ സഹായിക്കാനോ കഴിയുമായിരുന്നില്ല. മാത്രവുമല്ല അവരുടേതുപോലെ ഭയാനകവും ദുരിതപൂർണ്ണവുമായ ജീവിതത്തിലേക്കു ഞാനും വഴുതിവീണു പോയേനേ.

ഇത് ആദ്ധ്യാത്മിക ജീവചരിത്രം കൂടിയായതിനാൽ ആദ്ധ്യാത്മിക തലത്തിൽ എനിക്ക് എന്ത് സംഭവിച്ചുവെന്നതിനെ സംബന്ധിച്ച് അല്പമൊന്നു വിസ്തരിച്ചു പറയേണ്ടിയിരിക്കുന്നു.

ആദ്യമായി കാലടി മസ്താനുമായുള്ള എന്റെ സമാഗമത്തെപ്പറ്റി പറയാം. അഞ്ചാമത്തെ അദ്ധ്യായത്തിൽ ഞാൻ ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നത് ഓർക്കുമല്ലോ. കടൽക്കരയിലെ സൂഫി വിശുദ്ധയുടെ ശവകുടീരത്തിനു പുറത്ത് കാഴ്ചയിൽ ഭ്രാന്തനെന്നു തോന്നിപ്പിക്കുന്ന ഒരാളെപ്പറ്റി പരാമർശിച്ചിരുന്നു. അദ്ദേഹം എന്റെ മുഖത്തു നോക്കി ചിരിച്ചിട്ടു പറഞ്ഞു: "കൊച്ചനേ, ഇപ്പോൾ പോകൂ. പിന്നീട് വരൂ." അന്ന് അദ്ദേഹം പറഞ്ഞതിനു വലിയ പ്രാധാന്യം കല്പിച്ചില്ല. എന്നാൽ ഇപ്പോൾ ഏകദേശം ആറോ ഏഴോ കൊല്ലങ്ങൾക്കു ശേഷം അതേ വ്യക്തിയെ മുഖാമുഖം കാണുകയാണ്. രണ്ടാമത്തെ തവണയാണ് അദ്ദേഹത്തെ കാണുന്നത്.

അന്ന് എനിക്ക് പതിനാറു വയസ്സ് പ്രായം. കോളജിലെ ആദ്യവർഷം അവസാനിക്കാറായ സമയമായിരുന്നു. ഞാൻ എൻ. സി. സി.യിൽ ചേർന്നിരുന്നു. മഹാത്മാഗാന്ധി കോളജ് കാമ്പസിൽവച്ചു നടന്നുകൊണ്ടിരുന്ന ആർമി അറ്റാച്ച്മെന്റ് ക്യാമ്പിലേക്ക് എന്നെയും തിരഞ്ഞെടുക്കുകയുണ്ടായി. മൂന്നു ദിവസം ക്യാമ്പിൽ പങ്കെടുത്തതിനുശേഷം ഞാൻ സിക്ക് ലീവിന് അപേക്ഷിച്ചു. എനിക്കു പനിയും തലവേദനയും സന്ധിവേദനയും അനുഭവപ്പെട്ടിരുന്നു. ലീവ് അനുവദിച്ചതോടെ ഞാൻ അവിടെനിന്നും പുറത്തിറങ്ങി. എന്നാൽ കാമ്പസിൽനിന്നും പുറത്തു കടന്നയുടനെ എന്റെ അസുഖമൊക്കെ പെട്ടെന്നങ്ങ് മാറിയത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. വീട്ടിലുള്ള എല്ലാവരും ഞാൻ ഒരാഴ്ച കഴിഞ്ഞേ മടങ്ങിവരികയുള്ളൂ എന്നാണ് കരുതിയിരിക്കുന്നത്. വേണ്ടുവോളം സമയം ഉണ്ടായിരുന്നതിനാൽ ഒന്നു ചുറ്റിക്കറങ്ങാമെന്നു ഞാനും വിചാരിച്ചു. രണ്ടു ബസ്സു മാറിക്കയറി ഞാൻ കടൽക്കരയിലെ ബീമാപള്ളിയിലെ ശവകുടീരത്തിന്റെയും ആരാധനാസ്ഥലത്തിന്റെയും അടുത്ത് ഉച്ചയോടെ എത്തി.

ആരാധനാലയത്തിന്റെ കവാടത്തിൽ നിന്നുകൊണ്ട് ഞാൻ ഒരു കാര്യം ശ്രദ്ധിച്ചു. ഒരിക്കൽ കടലോരത്തെ കൊച്ചു ഗ്രാമപ്രദേശമായിരുന്ന ആ പ്രദേശത്തെ സംഘടിതമതം വല്ലാതെ സ്വാധീനിച്ചിരുന്നു. ആരാധനാലയത്തിനു സമീപത്തുണ്ടായിരുന്ന കൊച്ചു പള്ളിയുടെ സ്ഥാനത്തുള്ളത് അതിമനോഹരമായ കൂറ്റൻ പള്ളിയാണ്. ഒരുപക്ഷേ, പ്രവാസികളുടെ സംഭാവനകൾ കൊണ്ടായിരിക്കാം വലിയ പള്ളി പണിയിച്ചിരിക്കുന്നത്. അന്ന് വെള്ളിയാഴ്ച ദിവസമായിരുന്നു. ആരാധനാലയത്തിനുള്ളിൽ ഉണ്ടായിരുന്ന പ്രേതബാധിതർ കാരണം സംജാതമായ പ്രക്ഷുബ്ധാവസ്ഥ കണ്ടിട്ട് അകത്തേക്കു കടക്കേണ്ടാ എന്നു വിചാരിച്ചു. മിലിട്ടറി സ്റ്റൈലിലുള്ള ഹോൾഡാളും തൂക്കിപ്പിടിച്ച് ഞാൻ മണൽപ്പരപ്പിലൂടെ കുറുകെ നടന്ന് റോഡിൽ എത്തി. അടുത്തെങ്ങാനും ചായക്കട ഉണ്ടോ എന്ന് നോക്കി. നല്ല കടുപ്പത്തിൽ ഒരു ചായ കുടിച്ചാൽ കൊള്ളാമെന്നുണ്ടായിരുന്നു.

മുന്നിൽ വലതുഭാഗത്തായി അടുത്തുതന്നെ ഒരു ചായക്കട കണ്ടു—'ദർഗ്ഗാ ടീ സ്റ്റാൾ'. അത് ഓലമേഞ്ഞ പുര ആയിരുന്നു. മുമ്പിൽ ചെറിയ പൊക്കത്തിൽ ഒരു വരാന്തയുണ്ടായിരുന്നു. ഞാൻ നടന്നു നീങ്ങിയപ്പോൾ പത്തുപന്ത്രണ്ടു പേരുള്ള ചെറിയ ഒരാൾക്കൂട്ടം കണ്ടു. അവർ വരാന്തയ്ക്കു ചുറ്റും നിശ്ശബ്ദരായി പുറം തിരിഞ്ഞ് നില്ക്കുകയായിരുന്നു. ഞാനും ആൾക്കൂട്ടത്തിൽ ഒരാളായി. മെലിഞ്ഞ്, നഗ്നനായ വൃത്തികെട്ട ഒരാൾ ചമ്രം പടിഞ്ഞ് തന്നത്താൻ ചിരിച്ചുകൊണ്ടിരിക്കുന്നതു കണ്ടു.

ആ മനുഷ്യന്റെ ചെമ്പിച്ച തലമുടി പറ്റെ വെട്ടിയിരുന്നു. ഇരുണ്ടനിറമുള്ള മുഖത്തെ വെളുത്ത താടി അറ്റം വെട്ടി നിരപ്പാക്കിയിരുന്നു. വിശാലമായ കണ്ണുകൾ ആകർഷകവും സ്നേഹം തുളുമ്പുന്നവയും ആയിരുന്നു. ആ കണ്ണുകൾ എന്റെമേൽ പതിച്ചു. പൊടുന്നനേ ഒരു രംഗം എന്റെ കൺമുമ്പിൽ മിന്നിമറഞ്ഞു. എന്റെ മനസ്സ് മന്ത്രിച്ചു. അതെ അത് അദ്ദേഹംതന്നെയാണ്. അദ്ദേഹം പ്രവചിച്ചിരുന്നതുപോലെ ഞാൻ അദ്ദേഹത്തെ കാണാൻ മടങ്ങിച്ചെന്നിരിക്കുന്നു.

അദ്ദേഹത്തിൽനിന്ന് ഉതിർന്നു വീണ വാക്കുകൾ എന്റെ വിശ്വാസത്തെ ഉറപ്പിച്ചു. എന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു. "വന്തിട്ടാൻ, ശൊന്നമാതിരി വന്തിട്ടാൻ" ഞാൻ പറഞ്ഞമാതിരി അവൻ വന്നിരിക്കുന്നു" പൊട്ടിച്ചിരിച്ചുകൊണ്ടാണ് അത് പറഞ്ഞത്. വീണ്ടും പൊട്ടിച്ചിരിക്കിടയിൽ പറഞ്ഞു: "വലിയ കള്ളൻ എന്റെ നിധി കട്ടെടുക്കാൻ വന്നിരിക്കുന്നു... " പെട്ടെന്നുണ്ടായ ഞെട്ടലിൽനിന്ന് മനസ്സാന്നിദ്ധ്യം കൈവരിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തെ ശ്രദ്ധിച്ചു. അദ്ദേഹം ഒരു ഗ്ലാസ്സ് ടംബ്ളറിൽനിന്ന് ചായ കുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതോടൊപ്പം സിഗരറ്റ് വലിക്കുന്നുണ്ടായിരുന്നു. സിഗരറ്റ് ആരോ കത്തിച്ച് അദ്ദേഹത്തിന്റെ ചുണ്ടിൽ പിടിപ്പിക്കുകയായിരുന്നു. അദ്ദേഹം സിഗരറ്റ് ദൂരെയെറിഞ്ഞിട്ട് എന്നെ നോക്കി ആംഗ്യം കാണിച്ചു: "ഇവിടെ ഇരിക്കൂ."

എന്റെ കൈയിലുണ്ടായിരുന്ന ഹോൾഡാൾ വരാന്തയിൽ എറിഞ്ഞിട്ട് ഞാൻ അദ്ദേഹത്തിന്റെ സമീപത്ത് തറയിൽ ഇരുന്നു. "എല്ലാവരും പോകട്ടെ." എന്ന് അദ്ദേഹം തമിഴിൽ പറഞ്ഞു. ഉടനെ കൂട്ടം പിരിഞ്ഞുപോയി.

ചായക്കടക്കാരൻ ഒരു ഗ്ലാസ്സ് ചായ കൊണ്ടുവന്ന് അദ്ദേഹത്തിന് കൊടുത്തു. പ്രായം ചെന്ന അദ്ദേഹം പറഞ്ഞു. "അയാൾക്ക് പണം കൊടുക്കൂ" ഞാൻ ഉടനെ ചായക്കടക്കാരന്റെ കൈയിൽ അര രൂപാവച്ചു കൊടുത്തു. ഗ്ലാസ്സിൽനിന്ന് പകുതി ചായ കുടിച്ചിട്ട് ബാക്കി എനിക്കു തന്നിട്ട് കുടിക്കാൻ പറഞ്ഞു. ഒരിക്കലും തേച്ചിട്ടില്ലാത്ത മഞ്ഞളിച്ച പല്ലുകൾ കണ്ടിട്ട് ഞാൻ അറച്ചു. ഉടനേ ചായക്കട ഉടമസ്ഥൻ പതിഞ്ഞ സ്വരത്തിൽ എന്നോടു പറഞ്ഞു: "അത് വാങ്ങി കുടിക്കൂ. നിങ്ങൾ പരമഭാഗ്യവാൻ തന്നെ. അപൂർവ്വമായി കിട്ടുന്ന ഭാഗ്യം!" തീർച്ച യായും വാങ്ങി കുടിക്കണം എന്ന് എന്റെ മനസ്സും പറഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകളിൽ നിറഞ്ഞു തുളുമ്പിയിരുന്ന സ്നേഹമാണ് അതിനു കാരണം. ഞാൻ അദ്ദേഹത്തിന്റെ കൈയിൽനിന്നും ഗ്ലാസ്സ് വാങ്ങി ചായ മുഴുവൻ കുടിച്ചു. അപ്പോഴേക്കും ഇരുട്ട് പരക്കാൻ തുടങ്ങി. പ്രായം ചെന്ന അദ്ദേഹം ചാടിയെ ണീറ്റ് ഉറക്കെ "വാ... എന്റെ കൂടെ വാ... " എന്നു പറഞ്ഞുകൊണ്ട് ഓടാൻ തുടങ്ങി. ചട്ടപ്രകാരം ഞാൻ സൂക്ഷിക്കേണ്ട ഹോൾഡാൾ അവിടെത്തന്നെ ഉപേക്ഷിച്ചിട്ട് ഞാനും അദ്ദേഹത്തിന്റെ പുറകേ ഓടി.

അധികം വൈകാതെ ഞങ്ങൾ കടൽക്കരയിലെത്തി. അദ്ദേഹം ഒരു മീൻ പിടുത്തക്കാരന്റെ, ആൾതാമസമില്ലാത്ത, പകുതി മേൽക്കൂര പൊളിഞ്ഞുപോയ ഒരു കുടിലിന്റെ മുന്നിൽനിന്നു. കടലിനെ അഭിമുഖീകരിക്കുന്ന ജീർണ്ണിച്ച വരാന്ത യിൽ ഇരുന്നുകൊണ്ട് എന്നോടു പറഞ്ഞു: "ഇരിക്കൂ." ഞാൻ കാലുകൾ കുറുകെ വച്ച് നിലത്തിരുന്നു. രണ്ടുപേരും കടലിനെ നോക്കിയാണ് ഇരുന്നത്. അദ്ദേഹം ചോദിച്ചു:

"ഹിമാലയത്തിൽനിന്നല്ലേ അദ്ദേഹം വന്നത്?"

"ആര്?"

"അദ്ദേഹം നിന്റെ ശിരസ്സിൽ കൈവച്ചു. കാണാൻ സുന്ദരനും സുമുഖനും ആയിരുന്നുവല്ലോ. ജടകെട്ടിയ മുടിയുള്ള ആൾ..."

"അതെ." എന്നു പറയുമ്പോൾ അദ്ദേഹം ഇതൊക്കെ എങ്ങനെ അറിഞ്ഞുവെന്ന് ആശ്ചര്യപ്പെടുകയായിരുന്നു ഞാൻ.

"ഞാനും ഇപ്പോൾ നിന്റെ തലയിൽ തൊടും. പെരുങ്കള്ളൻ... എന്റെ നിധി മോഷ്ടിക്കാൻ എത്തിയ കള്ളൻ."

ഉടനേ ഞാൻ ഒരല്പം ദേഷ്യത്തോടെ പറഞ്ഞു:

"ഞാൻ കള്ളനല്ല. ഞാൻ ഒന്നും മോഷ്ടിച്ചില്ല."

"നീ വലിയ കള്ളനാണ്. നീ കണ്ണനെപ്പോലെയാണ്. വെണ്ണ കട്ടെടു ക്കുന്ന കണ്ണനെപ്പോലെ ഗോപികമാരുടെ ഹൃദയം കവർന്നെടുത്തവൻ. സ്നേ ഹത്തോടെ നോക്കി ഹൃദയം കവരുന്നവൻ... പെരുങ്കള്ളൻ...."

"എങ്കിൽ എന്തു വേണം?"

ഉച്ചത്തിലുള്ള പൊട്ടിച്ചിരിയായിരുന്നു ചോദ്യത്തിനുള്ള മറുപടി. അദ്ദേഹം എന്റെ നെഞ്ചിൽ തൊട്ടു. എന്നിട്ട് വലതുകൈയിലെ വിരലുകൾകൊണ്ട് എന്റെ നെറ്റിയിൽ തൊട്ടു.

ആദ്യം വെള്ളിയുടെ നിറമുള്ള പ്രകാശം ഹൃദയത്തിൽ നിറഞ്ഞു. അത് ശിരസ്സിലേക്കു തള്ളിക്കയറി. പ്രസ്തുത പ്രകാശത്തിന്റെ സാന്നിദ്ധ്യമല്ലാതെ ഞാൻ മറ്റെല്ലാം മറന്നുപോയി. ആ പ്രകാശം നെറ്റിയിൽനിന്നും ഹൃദയത്തി

ലേക്കും, ഹൃദയത്തിൽനിന്നും നെറ്റിയിലേക്കും മാറിമാറി ഒഴുകിക്കൊണ്ടി രുന്നു. പരമമായ ആനന്ദത്തിന്റെ അലകളാൽ ഹൃദയം നിറഞ്ഞു. അവിടെ നിന്നും അത് ശരീരമാകെ പടർന്നു കയറി. ഞാൻ പുളകിതഗാത്രനായി. എന്റെ ഹൃദയം സമസ്തലോകത്തെയും പുണരാൻ വെമ്പൽകൊണ്ടു. എത്ര സമയം ഞാൻ അവിടെ ഇരുന്നുവെന്നും ബാഹ്യലോകത്തിൽ അപ്പോൾ എനിക്ക് എന്തു സംഭവിച്ചുവെന്നും എനിക്ക് അറിയാൻ കഴിഞ്ഞില്ല.

ആനന്ദാനുഭവം ശമിച്ചുകഴിഞ്ഞപ്പോൾ ഞാൻ എന്റെ കണ്ണുകൾ തുറന്നു. അന്നേരം ഞാൻ മീൻപിടുത്തക്കാരന്റെ കുടിലിൽ ഇരിക്കുകയായിരുന്നു. വൃദ്ധനും എന്റെ അരികിൽ ഉണ്ടായിരുന്നു. അദ്ദേഹം ഒരു തൊട്ടിയിൽ നിറയെ മണൽ നിറച്ച് എന്റെ ശിരസ്സിൽ വീഴ്ത്തിക്കൊണ്ട് പറഞ്ഞു: "മതി... മതി... പാവം കുട്ടി മടങ്ങി വന്നു."

ഞാൻ എന്റെ മുഖത്തുനിന്നും മണൽ തുടച്ചുനീക്കിക്കൊണ്ട് എണീറ്റു. അപ്പോൾ ഞാൻ നഗ്നനായിരുന്നുവെന്ന് എനിക്കു മനസ്സിലായി. പരിഭ്രമിച്ചു കൊണ്ട് ഞാൻ ചോദിച്ചു: "എന്റെ വസ്ത്രങ്ങൾ എവിടെ."

"എല്ലാം ഇവിടെത്തന്നെയുണ്ട്. നീ പോയി കുളിച്ചിട്ട് വരൂ." എന്റെ അടുത്തു നില്ക്കുകയായിരുന്ന ചായക്കട ഉടമ പറഞ്ഞു. അയാൾ എനിക്ക് ഉടുക്കാൻ ഒരു ടൗവ്വൽ തന്നു. കുളിക്കുന്നതിനുവേണ്ടി എന്നെ കൂട്ടിക്കൊണ്ട് അയാളുടെ വീട്ടിലേക്കു കൊണ്ടുപോയി. നേരം വെളുക്കാറായിരുന്നു. അപ്പോഴും എന്റെ ഹൃദയചക്രത്തിൽ ആനന്ദത്തിന്റെ നേരിയ അലകളുടെ ചലനം അനുഭവ പ്പെട്ടുകൊണ്ടിരുന്നു. ഞാൻ കുളിച്ചുകഴിഞ്ഞപ്പോൾ ചായക്കട ഉടമയായ ഹമീദ് എന്റെ വസ്ത്രങ്ങൾ എനിക്കു തന്നു. അയാൾതന്നെ അവയൊക്കെ നനച്ച് ഉണക്കി ഇസ്തിരിയിട്ട് വച്ചിരിക്കുകയായിരുന്നു. അവ ധരിച്ചുകൊണ്ട് ഞാൻ പുറത്തേക്കിറങ്ങി.

ഞാൻ നാലു ദിവസം ആനന്ദത്തിന്റെ ഉന്മാദാവസ്ഥയിലായിരുന്നുവെന്ന് ഹമീദ് പറഞ്ഞു. ഞാൻ വിവസ്ത്രനായി അലഞ്ഞു തിരിയുന്നത് ഒഴിവാക്കാൻ വേണ്ടി എന്നെ ശാരീരികമായി തടഞ്ഞുവച്ചിരിക്കുകയായിരുന്നു. വൃദ്ധൻ നിർദ്ദേശിച്ചതനുസരിച്ച് എന്റെ ഹോൾഡാൾ ഭദ്രമായി വച്ചിട്ടുണ്ടെന്നും അറിയിച്ചു. പോക്കറ്റിലുണ്ടായിരുന്നു പണവും പോക്കറ്റിലുണ്ടെന്ന് അറിയിച്ചു. എന്നിട്ട് ഹമീദ് പറഞ്ഞു: "മസ്താൻ സാഹിബ് വെളിയിൽ നിങ്ങളെ കാത്തിരിക്കുകയാണ്, വേഗമാകട്ടെ."

ഹമീദ് കാലടി മസ്താൻ എന്നു വിളിച്ചിരുന്ന മനുഷ്യൻ ചായക്കടയിലെ വരാന്തയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം ഒരിക്കലും ഒരു കടയ്ക്കുള്ളിലോ വീട്ടിനുള്ളിലോ പ്രവേശിക്കുകയില്ല. എന്നെ കണ്ടയുടനെ ഉറക്കെ ചിരിച്ചു കൊണ്ട് അദ്ദേഹം പറഞ്ഞു: "പുതു മാപ്പിള... മഹാകള്ളൻ... ഇനി മടങ്ങി വരരുത്. തരാൻ നിധി ബാക്കിയില്ല. പൊയ്ക്കോ." ഞാൻ നമിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അഴുക്കു പുരണ്ട വിശുദ്ധപാദങ്ങളെ ചുംബിച്ചു. എപ്പോഴെത്തെയും പോലെ നഗ്നനായ അദ്ദേഹം ഓടിപ്പോയി. അതിനുശേഷം സാഹചര്യങ്ങൾ കാലടി മസ്താനെ കാണാൻ അവസരം ഒരുക്കിയില്ല. വർഷങ്ങൾക്കുശേഷം ഒരു ദിവസം കാണാൻവേണ്ടി പോയിരുന്നു. പക്ഷേ, കണ്ടത് അദ്ദേഹത്തിന്റെ ശവകുടീരമായിരുന്നു.

ഹമീദ് രാവിലത്തെ ഭക്ഷണം തരുന്നതിനിടയിൽ എന്നോടു പറഞ്ഞു. എനിക്കു കാലടി മസ്താനെക്കുറിച്ച് അധികമൊന്നും അറിഞ്ഞുകൂടാ. ഏതാനും വർഷം മുമ്പ് കാലടി മസ്താനെ ആ സ്ഥലവാസികൾ കാണാനിടയായി. കുളിക്കാതെ, വസ്ത്രം ധരിക്കാതെയാണ് കാണപ്പെട്ടിരുന്നത്. ആളുകൾ അദ്ദേഹം ഭ്രാന്തനാണെന്നു ധരിച്ചു. ഒരിക്കൽ ആ ഭാഗത്ത് ഒരു കൊടുങ്കാറ്റ് ആഞ്ഞുവീശി. റോഡിൽ വെള്ളം കയറി. ഹൈ ടെൻഷൻ ഇലക്ട്രിക് ലൈനിന്റെ കമ്പികൾ പൊട്ടി വീണു കിടന്നു. ആർക്കും തന്നെ റോഡു മുറിച്ചു കടക്കാൻ കഴിഞ്ഞിരുന്നില്ല. ഗതാഗതം പാടേ നിലച്ചു. ജലസ്പർശം ഏറ്റാൽ തീർച്ചയായും വൈദ്യുതാഘാതമേല്ക്കും. അങ്ങനെ രണ്ടുപേർ മരിക്കുകയും ചെയ്തു. ഫയർ സർവ്വീസും, സൈന്യവും, പോലീസും ചേർന്ന് ആളുകളും, കന്നുകാലികളും അങ്ങോട്ട് പോകാതിരിക്കാൻവേണ്ടി കൃത്രിമമായ തടസ്സം സൃഷ്ടിച്ചു. അങ്ങോട്ട് പേയാൽ മരണം ഉറപ്പായിരുന്നു.

കാണികളെയെല്ലാം അത്ഭുതസ്തബ്ധരാക്കികൊണ്ട് കാലടി മസ്താൻ അതിവേഗത്തിൽ ഓടിക്കൊണ്ട് തടസ്സം മറികടന്നു. ആർക്കും തടയാനുള്ള സാവകാശം കിട്ടിയില്ല. മുട്ടോളം വെള്ളത്തിലൂടെ അദ്ദേഹം നടന്നു നീങ്ങി. അദ്ദേഹത്തിന് വൈദ്യുതിഷോക്ക് ഏറ്റില്ലെന്നു മാത്രമല്ല, അദ്ദേഹം അക്ഷോഭ്യനായി നടന്ന് കടൽക്കരയിലെത്തി. ഒരു പട്ടാളക്കാരനാണ് ആദ്യമായി അദ്ദേഹത്തിന്റെ പാദങ്ങൾ തൊട്ട് നമസ്കരിച്ചത്.

അന്നു മുതൽ അദ്ദേഹം സ്ഥലവാസികളുടെയിടയിൽ പ്രശസ്തനായി. ആളുകൾ അദ്ദേഹത്തിനു ചായ നല്കി സത്കരിക്കാൻ തുടങ്ങി. അദ്ദേഹം ചായമാത്രം കൂടക്കൂടെ കുടിക്കും... ഭക്ഷണം കഴിക്കുന്നത് ആരുംതന്നെ കണ്ടിട്ടില്ല. ചിലപ്പോൾ പുക വലിക്കുകയും ചെയ്യും. അദ്ദേഹത്തെ വസ്ത്രം ധരിപ്പിക്കാനുള്ള ആളുകളുടെ ശ്രമം ഒരിക്കലും വിജയിച്ചില്ല. കടുത്ത യാഥാസ്ഥിതിക മുസ്ലിങ്ങൾ അദ്ദേഹത്തെ അകറ്റി നിർത്തിയിരുന്നു. വസ്ത്രം ധരിക്കാതെ അലഞ്ഞു നടക്കുന്നത് ഇസ്ലാമിക സിദ്ധാന്തങ്ങൾക്ക് എതിരായിരുന്നു. സൂഫികളുടെ സിദ്ധാന്തങ്ങൾ അറിയാമായിരുന്ന ചില മുസ്ലിങ്ങൾ അദ്ദേഹത്തെ ഉൾക്കൊണ്ടിരുന്നു. അവർ അദ്ദേഹത്തെ ആദരിക്കുകയും അദ്ദേഹത്തെ സൂഫികളായ റബിയ, നഗ്നനായി ജീവിച്ച മൻസൂർ അൽ ഹല്ലജ് എന്നിവരോട് തുലനം ചെയ്യുകയും ചെയ്തിരുന്നു. അവർ അദ്ദേഹത്തിന് എല്ലാ ആദരവും നല്കി. ഹിന്ദുക്കളായ മീൻപിടുത്തക്കാർ അദ്ദേഹത്തെ അവധൂതനായി കരുതി. സാമൂഹ്യാചാരങ്ങൾക്കും നിയമങ്ങൾക്കും അദ്ദേഹം അതീതനാണെന്ന് അവർ വിശ്വസിച്ചു."

ആ ചെറിയ ഗ്രാമത്തിലെ ആളുകളിൽ മിക്കവരും അദ്ദേഹത്തിന് എന്തെങ്കിലും കഴിക്കാൻ കൊടുക്കുകയാണെങ്കിൽ സൗഭാഗ്യം നേടുമെന്നു വിശ്വസിച്ചിരുന്നു. ഹമീദ് അദ്ദേഹത്തെ മസ്താൻ സാഹബ് എന്നു വിളിച്ചിരുന്നു. മസ്താൻ സാഹബ് എന്നുവച്ചാൽ ലഹരിയിൽ ആറാടുന്ന വിശുദ്ധൻ എന്നാണ്. അദ്ദേഹം തമിഴ്നാട്ടിലെ കാലടിയിൽനിന്നും വന്ന സൂഫി എന്നാണ് ഹമീദിന്റെ വിശ്വാസം. പൊതുജനങ്ങൾക്ക് അദ്ദേഹത്തെപ്പറ്റി കൂടുതലൊന്നും അറിയാൻ പാടില്ലായിരുന്നു. വളരെ കുറച്ചു ശിഷ്യന്മാരേ അദ്ദേഹത്തിന് ഉണ്ടായിരുന്നുള്ളൂ.

അവരിൽ ഒരാളായിരുന്നു ഹമീദ്. ഹമീദ് ഇങ്ങനെ വിശ്വസിച്ചിരുന്നു. "അദ്ദേഹത്തിൽനിന്നും എനിക്ക് അനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ട്. ആ അനുഗ്രഹങ്ങൾ അദ്ധ്യാത്മിക പുരോഗതിക്ക് സഹായകരമാകും." ഈ വിവരിച്ച സംഭവങ്ങൾ കഴിഞ്ഞ് ഒരു വർഷത്തിനുശേഷം ഹമീദ് ഈ ലോകത്തുനിന്നും യാത്രയായി.

പതിനൊന്ന്

മൂന്നു സന്ന്യാസിമാർ

ഞാൻ ബന്ധപ്പെട്ട സവിശേഷ വ്യക്തിത്വമുള്ള ചിലരെപ്പറ്റി പറയാനാഗ്രഹിക്കുന്നു. അവരിൽ മൂന്നുപേർ സന്ന്യാസിമാരാണ്. ഓരോരുത്തരും മറ്റെയാളിൽനിന്നും തികച്ചും വ്യത്യസ്തനായിരുന്നു. സ്വാമി അഭേദാനന്ദൻ, ചെമ്പഴന്തിസ്വാമി, രാമകൃഷ്ണമിഷനിലെ തപസ്യാനന്ദ എന്നിവരായിരുന്നു. അവർ.

ഒന്നാമത്തെ അധ്യായത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നിങ്ങൾ ഓർക്കുന്നുണ്ടാകും. അതിൽ ഞാൻ ഹിന്ദുക്കളുടെ ഭക്തിപരമായ അനുഷ്ഠാനങ്ങളുമായുള്ള എന്റെ ആദ്യത്തെ പരിചയപ്പെടലിനെപ്പറ്റി പരാമർശിച്ചിരുന്നു. അന്ന് മൃദംഗത്തിന്റെയും ഇലത്താളത്തിന്റെയും മധുരനാദം കേട്ട് കൗതുകത്തോടെ ഞാൻ വീടിനുള്ളിൽനിന്ന് റോഡിലേക്ക് ഓടിച്ചെന്നപ്പോൾ കണ്ടത് ആനന്ദകരമായ കഴ്ചയായിരുന്നു. ഒരു ചെറിയ ഭജനസംഘം ഭക്തിലഹരിയിൽ മതിമറന്ന് ആടുകയും പാടുകയും ചെയ്യുകയായിരുന്നു. അവരിൽ നീട്ടിവളർത്തിയ താടിയുള്ള നല്ല ഉയരമുള്ള സുന്ദരനായ ഒരാൾ എന്റെ ശ്രദ്ധയെ ആകർഷിച്ചു. അദ്ദേഹമായിരുന്നു സ്വാമി അഭേദാനന്ദൻ.

കിഴക്കേക്കോട്ട ഭാഗത്തായിരുന്നു സ്വാമി അഭേദാനന്ദന്റെ ആശ്രമം സ്ഥിതിചെയ്തിരുന്നത്. അന്ന് എനിക്കു സ്വന്തമായി ഒരു സൈക്കിൾ ഉണ്ടായിരുന്നു. സ്വതന്ത്രമായി സഞ്ചരിക്കാൻ കഴിയുന്ന സ്വാതന്ത്ര്യം ഞാൻ ശരിക്കും ആഘോഷിച്ചിരുന്നു. ഞാൻ മിക്കവാറും ദിവസങ്ങളിൽ സൈക്കിളിൽ കിഴക്കേക്കോട്ടയിൽ പോകാറുണ്ടായിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് തിരുവിതാംകൂറിലെ മഹാരാജാക്കന്മാർ കിഴക്കേക്കോട്ട നിർമ്മിച്ചത്. കോട്ടയ്ക്കുള്ളിലെ സ്ഥലം ആൾപ്പാർപ്പുള്ളതായിരുന്നു. ബ്രാഹ്മണർ താമസിച്ചിരുന്ന സ്ഥലം അഗ്രഹാരം എന്ന് അറിയപ്പെട്ടിരുന്നു. ഒടുവിൽ അവിടം ഒരു ചെറിയ പട്ടണമായിത്തീർന്നു. കടകളും ഹോട്ടലുകളും വലിയ ആഭരണക്കടകളും അവിടെ എങ്ങും നിറഞ്ഞു. എന്തായാലും അമ്പലക്കുളത്തിന് ഒരു കുഴപ്പവും വന്നിട്ടില്ല.

കുളത്തിന്റെ പടിഞ്ഞാറു വശത്താണ് അഭേദാശ്രമം സ്ഥിതിചെയ്യുന്നത്. അന്ന് അഭേദാശ്രമത്തിൽ ആകെയുണ്ടായിരുന്ന കെട്ടിടങ്ങൾ സ്വാമിയുടെ ലളിതമായ താമസസ്ഥലവും, അവിടത്തെ അന്തേവാസികൾക്കായുള്ള താമസസൗകര്യങ്ങളും, തുറസ്സായ ഒരു ഓഡിറ്റോറിയവും, ഭജനഹാളിന്റെ നേർക്കുള്ള രാധാകൃഷ്ണദേവാലയവുമാണ്. ഞാൻ അദ്ദേഹത്തെ കാണാൻ പോയിരുന്ന സമയത്ത് അദ്ദേഹത്തിന് അമ്പതു വയസ്സായിരുന്നു. ഹിമാലയത്തിലെ ആരാധനാകേന്ദ്രങ്ങൾ ഉൾപ്പെടെ ഭാരതത്തിലെ എല്ലാ

തീർത്ഥങ്ങളിലേക്കും കാൽനടയായി ചുറ്റി സഞ്ചരിച്ചതിനുശേഷം മടങ്ങി വന്നിട്ട് നാളുകൾ അധികമായിട്ടില്ലായിരുന്നു.

സുന്ദരനും സുമുഖനുമായിരുന്ന അദ്ദേഹത്തിനു നല്ല ഉയരം ഉണ്ടായി രുന്നു. അദ്ദേഹത്തിന്റെ ചുരുണ്ട തലമുടി തോളറ്റംവരെ നീണ്ടുകിടന്നി രുന്നു. അങ്ങിങ്ങു നരച്ച താടി അദ്ദേഹത്തിനു രാജകീയ പ്രൗഢി പ്രദാനം ചെയ്തിരുന്നു. ഞാൻ കണ്ടിട്ടുള്ളവരിൽ അദ്ദേഹം ഏറ്റവും മൃദുല ഹൃദയനാ യിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ സൗമ്യവും സ്നേഹമസൃണവുമായിരുന്നു. അദ്ദഹം ബൗദ്ധികതലത്തിലുള്ള ഒരു വേദാന്തി ആയിരുന്നില്ല, മറിച്ച് തികഞ്ഞ ഭക്തനായിരുന്നു. ലീലാ മാനുഷനായ ഗോപാലകൃഷ്ണനുവേണ്ടി പൂർണ്ണ മായും സമർപ്പിതമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

ഭക്തിയുടെ മാധുര്യഭാവം എന്താണെന്ന് ഞാൻ അദ്ദേഹത്തിൽനിന്നാണ് മനസ്സിലാക്കിയത് (മാധുര്യഭക്തിയിൽ ഭക്തർ വൃന്ദാവനത്തിലെ കൃഷ്ണന്റെ ആരാധികമാരും ഗോപികമാരുമാണെന്ന് സ്വയം സങ്കല്പിക്കുന്നു). അദ്ദേഹം സ്വരവും ശ്രുതിയും സ്ത്രീകളുടേതുപോലെയാക്കുകയും, ഭക്തിയുടെ അശ്രു ക്കൾ പൊഴിക്കുകയും, സമാധിയിൽ ലയിക്കുകയും ചെയ്തിരുന്നു.

ഞാൻ ആശ്രമത്തിൽ പോയിരുന്നപ്പോഴെല്ലാം എനിക്ക് അദ്ദേഹത്തെ കാണു ന്നതിന് ഒരു തടസ്സവും നേരിട്ടിരുന്നില്ല. അദ്ദേഹം വിശ്രമിക്കുന്ന സമയത്തു മാത്രമേ കാണാൻ കഴിയാതിരുന്നിട്ടുള്ളൂ. അദ്ദേഹത്തിന്റെ ഭക്തരുടെ ചെറിയ കൂട്ടത്തിൽ ഇരുന്നുകൊണ്ട് ഞാൻ ചർച്ചകൾ ആസ്വദിച്ചു. ഭക്തി തന്നെയായിരുന്നു പ്രധാന വിഷയം. സ്വാമി എപ്പോഴും ചെറിയ പുഞ്ചിരിയോ ടെയാണ് എന്നെ സ്വാഗതം ചെയ്തിരുന്നത്. കൂടെയിരുത്തി ഭക്ഷണം കഴിപ്പിക്കാതെ എന്നെ ഒരിക്കലും മടങ്ങാൻ അനുവദിച്ചിരുന്നില്ല.

ഒരു വെള്ളിയാഴ്ച ദിവസം. സമയം രാവിലെ പതിനൊന്നുമണി. ഞാൻ സ്വാമിയെ കാണാൻ ചെന്നപ്പോൾ അദ്ദേഹം ഒറ്റയ്ക്കായിരുന്നു. അദ്ദേഹം എനിക്കുവേണ്ടി കാത്തിരിക്കുന്നതുപോലെ തോന്നി. എന്നെ കണ്ട മാത്രയിൽ ചാരുകസേരയിൽ എണീറ്റിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അരികിൽ നില ത്തിരുന്നു. സ്നേഹനിർഭരമായ നേത്രങ്ങളോടെ എന്നെ നോക്കി എന്റെ താടിയിൽ തട്ടിക്കൊണ്ടു പറഞ്ഞു: "വേണ്ടത് സ്നേഹമാണ്. പരബ്രഹ്മത്തെ തർക്കങ്ങളിലൂടെയും ചർച്ചകളിലൂടെയും അറിയാൻ കഴിയുകയില്ല. എന്നാൽ പ്രേമത്തിലൂടെ അതിനു കഴിയും. ഹൃദയകവാടം തുറക്കൂ. കൃഷ്ണനെ കാണൂ. ഗോപികമാരെപോലെ കൃഷ്ണനെ പ്രേമിക്കൂ."

എന്റെ തോളിൽ കൈവച്ചുകൊണ്ട് അദ്ദേഹം സമാധിയിൽ മുഴുകി. അശ്രു കണങ്ങൾ കവിളുകളിലൂടെ ഒഴുകി. ഒരല്പസമയം കഴിഞ്ഞ് ശരീരം ഒന്നു കുലുങ്ങി. അദ്ദേഹം ബോധതലത്തിലേക്ക് മടങ്ങിവന്നു. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ദൂരെ ഹിമാലയത്തിൽ പോകൂ. ഗുരു നിങ്ങളെ കാത്തിരിക്കുന്നു. ശ്രദ്ധ വേണം. രാധയും കൃഷ്ണനും നിങ്ങളെ കാത്തുരക്ഷിക്കും." അദ്ദേഹം കരഞ്ഞു. തന്റെ കരങ്ങൾ എന്റെ ശിരസ്സിൽ അർപ്പിച്ചു. അതായിരുന്നു എന്റെ അവസാനത്തെ സന്ദർശനം.

അന്നു രാത്രി സാധാരണ ചെയ്യാറുള്ള ധ്യാനവേളയിൽ ഞാൻ അസാധാരണ മായ ഒരു കാഴ്ച കണ്ടു. പ്രകൃതിരമണീയമായ, വൃക്ഷനിബിഡമായ ഒരു

വനത്തിലൂടെ പോകുകയായിരുന്നു. ഒരു നദി ശാന്തമായി ഒഴുകിക്കൊണ്ടിരുന്നു. അന്നേരം വിദൂരതയിൽനിന്നും ഓടക്കുഴലിന്റെ മധുരനാദം കേൾക്കുകയുണ്ടായി. അതിനിടയിൽ സ്ത്രീകൾ ചിരിക്കുന്ന ശബ്ദം കേട്ടു. ഞാൻ ചുറ്റും നോക്കി. അതീവ സുന്ദരികളായ അഞ്ചാറു കുമാരികൾ നിറപ്പകിട്ടാർന്ന വേഷങ്ങളും പല തരത്തിലുള്ള ആഭരണങ്ങളും അണിഞ്ഞ് എന്റെ സമീപത്ത് നില്ക്കുകയായിരുന്നു. എന്നെ കളിയാക്കിക്കൊണ്ട് കുമാരിമാരിൽ ഒരുവൾ പറഞ്ഞു: "നിങ്ങൾ ആരാധിക്കുന്ന പ്രേമസ്വരൂപനായ കൃഷ്ണൻ ഓടക്കുഴൽ നാദത്തിലൂടെ അടുത്തേക്കു വിളിക്കുന്നു." കൂടെയുണ്ടായിരുന്ന സുന്ദരികൾ ആവേശത്തോടെ അനിയന്ത്രിതമായി ചിരിച്ചുകൊണ്ടിരിക്കുന്നു. ഞാൻ വളകൾ അണിഞ്ഞ എന്റെ കൈത്തണ്ടകളിലേക്കു നോക്കി. കാൽച്ചിലങ്കകളിലും ഞാൻ ശ്രദ്ധിച്ചു. ഉടനേ ഞാനും സുന്ദരികളിൽ ഒരുവൾ ആണെന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു.

ഒരു സുന്ദരി പറഞ്ഞു: "ഈ കണ്ണാടി വാങ്ങൂ. എന്നിട്ട് ഒന്നുകൂടി ഭംഗിയായി അണിഞ്ഞൊരുങ്ങൂ." ആ സുന്ദരി വൃത്താകൃതിയിലുള്ള മുഖം നോക്കുന്ന കണ്ണാടി എനിക്കു തന്നു. സർവ്വാഭരണഭൂഷിതയായ അവൾ പുഞ്ചിരിച്ചുകൊണ്ട് എന്റെ സമീപത്തുതന്നെ നില്ക്കുകയായിരുന്നു. കണ്ണാടിയിൽ സ്വന്തം മുഖം നോക്കിയ ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. ഞാൻ എന്റെ മുഖത്ത് കണ്ടത് തുടുത്ത കവിൾത്തടങ്ങളായിരുന്നു. എന്റെ സഖിമാരായി നില്ക്കുകയായിരുന്ന അവർ പറഞ്ഞു: "കണ്ടില്ലേ മുഖത്തെ നാണം!" അപ്പോഴും അവർ അനിയന്ത്രിതമായി ചിരിച്ചു. ഞാൻ എന്റെ വളഞ്ഞ പുരികം കണ്ടു, മനോഹരമായ കൺപീലികൾ കണ്ടു, ചുവന്ന ചുണ്ടുകൾ കണ്ടു. എല്ലാം ഭംഗിയായിരിക്കുന്നു. ഞാൻ എന്റെ പ്രിയനെ കാണാൻ ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

ലജ്ജയാലും ആവേശത്താലും ഞാൻ വിറച്ചു. അന്നേരം സംഗീതധ്വനി നിലച്ചു. അന്തരീക്ഷമാകെ ചന്ദനത്തൈലത്തിന്റെ സുഗന്ധം പരന്നു. പെട്ടെന്ന് ആരോ ഒരാൾ പിന്നിൽനിന്ന് എന്റെ തോളിൽ പിടിച്ചു. വളകളുടെയും ചിലങ്കകളുടെയും കിലുക്കം പുറപ്പെടുവിച്ചുകൊണ്ട് കുമാരിമാർ ഓടിപ്പോയി. ഞാൻ പിന്നിലേക്കു തിരിഞ്ഞുനോക്കി. അപ്പോൾ ഞാൻ എന്റെ പ്രിയനെ, കമലലോചനനെ കണ്ടു. അതോടെ എന്റെ ബോധം ക്ഷയിച്ചു. എന്നാൽ ഉണർന്നപ്പോൾ പ്രഭാതമായിരുന്നു. ഇതുപോലുള്ള അനുഭവം പിന്നീട് ജീവിതത്തിൽ ഒരിക്കൽക്കൂടി ഉണ്ടായി. അനേകം വർഷങ്ങൾക്കുശേഷം വൃന്ദാവനത്തിൽവച്ചായിരുന്നു അത്.

തിരുവനന്തപുരത്ത് ആദ്യമായി നഗരസങ്കീർത്തനം തുടങ്ങിവച്ചത് സ്വാമി അഭേദാനന്ദനായിരുന്നു. അദ്ദേഹംതന്നെയായിരുന്നു അഖണ്ഡനാമ സങ്കീർത്തനത്തിനും തുടക്കം കുറിച്ചത്. ഇന്നും അത് തുടർന്നുകൊണ്ടിരിക്കുന്നു. ആളുകൾ മാറിമാറി ജപത്തിൽ പങ്കെടുക്കുന്നു. ജപം ഒരിക്കലും നിലയ്ക്കുന്നില്ല.

ഇത്തരം അനുഷ്ഠാനങ്ങളുടെ ഗുണദോഷങ്ങൾ ചർച്ചചെയ്യാനുള്ള അധികാരം നമുക്കില്ല. തീർച്ചയായും ചിലർക്കെങ്കിലും പ്രയോജനമുണ്ടാകും. എന്തായാലും സ്വാമി അഭേദാനന്ദന്റെ ലളിതവും ശിശുസഹജവുമായ നൈർമ്മല്യവും സഹജഭക്തിയും എന്നിലും ഭക്തിഭാവം ഉണർത്തിവിട്ടു. ഈ

ഭക്തി എന്റെ ഉള്ളിന്റെ ഉള്ളിൽ ബോധത്തിന്റെ അഗാധതലത്തിൽ ഉറഞ്ഞു കിടന്നിരുന്നത് എനിക്ക് അറിയാൻ കഴിഞ്ഞീരുന്നില്ല.

ചെമ്പഴന്തിസ്വാമി തികച്ചും വ്യത്യസ്തനായിരുന്നു. കാഴ്ചയിൽ അദ്ദേഹത്തിന്റെ രൂപം ആരിലും യാതൊരു സ്വാധീനവും ചെലുത്തിയിരുന്നില്ല. തീരെ മെലിഞ്ഞ ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. വെറും അസ്ഥിമാത്രശേഷനായ ഒരാൾ. അദ്ദേഹം തന്റെ ജട കെട്ടിയ മുടികൊണ്ട് തലയിൽ ചുറ്റിക്കെട്ടിയിരുന്നു. നമ്മുടെ പഴയ സൗന്ദര്യസങ്കല്പമനുസരിച്ച് അദ്ദേഹം സുന്ദരനായിരുന്നില്ല. അദ്ദേഹം ആരോടും അധികമൊന്നും സംസാരിച്ചിരുന്നില്ല. അദ്ദേഹത്തെ ആരെങ്കിലും തെരുവിൽവച്ച് കാണുകയാണെങ്കിൽ ഒരു ഭ്രാന്തനാണെന്നേ വിചാരിക്കൂ. അദ്ദേഹം ഒരു തോർത്ത് ഉടുത്തുകൊണ്ട് ഓലകൊണ്ട് മേഞ്ഞ ഒരു ചെറിയ പുരയിലിരിക്കും, അതാണ് പതിവ്.

തിരുവനന്തപുരത്തിന്റെ പ്രാന്തപ്രദേശത്തുള്ള ചെറിയ ഗ്രാമമാണ് ചെമ്പഴന്തി. ശ്രീനാരായണ ഗുരുവിനു ജന്മം നല്കിയ ഗ്രാമം എന്ന നിലയിൽ ആ ഗ്രാമം വിഖ്യാതമാണ്. ഞാൻ പ്രീഡ്രിഗി കോഴ്സിനു പഠിച്ചിരുന്ന ലയോള കോളജ് ചെമ്പഴന്തിയിൽനിന്ന് അത്ര ദൂരെയല്ല. അതിനാൽ ഞാൻ ഒരു ദിവസം സ്വാമിയെ കാണാൻ പറ്റുമെങ്കിൽ കാണാൻവേണ്ടി അവിടെ പോയിരുന്നു.

ആയിടെ ഞങ്ങൾ മറ്റൊരു വീട്ടിലേക്കു താമസം മാറ്റിയിരുന്നു. ഞങ്ങളുടെ അയൽക്കാരിൽ ഒരാളാണ് സ്വാമിയുടെ പേര് പറഞ്ഞത്. അയൽക്കാരന്റെ പേര് മറന്നുപോയി. അയൽക്കാരനിൽനിന്നാണ് സ്വാമി മുമ്പ് ചെമ്പഴന്തിയിൽ ഒരു ചായക്കട നടത്തിയിരുന്നുവെന്ന വിവരം അറിഞ്ഞത്. ഒരു രാത്രിയിൽ ഉത്തരഭാരതത്തിൽനിന്നു വന്ന ഒരു അവധൂതൻ സ്വാമിക്ക് ശ്രീരാമമന്ത്രം ഓതിക്കൊടുത്തു. സ്വാമി നിരന്തരം മന്ത്രം ജപിച്ചുകൊണ്ടിരുന്നു. മന്ത്രലഹരിയിൽ സ്വാമി സദാ സമയവും മുഴുകിക്കഴിഞ്ഞിരുന്നു. ക്രമേണ ഭൗതിക വ്യാപാരങ്ങളിൽ വിരക്തനാകുകയും ചെയ്തു. അദ്ദേഹം ചായക്കട ഉപേക്ഷിക്കുകയും സമീപത്തുള്ള വനത്തിൽ കഴിയുകയും ചെയ്തു. ദീർഘകാലം അങ്ങനെ കഴിഞ്ഞു.

രാമഭക്തനായിരുന്ന സ്വാമിക്കു ചില സമയത്ത് ഹനുമാന്റെ അനുഗ്രഹം ലഭിച്ചിരുന്നു. ഹനുമദ്ഭാവത്തിൽ മുഴുകിയിരുന്ന സ്വാമി കുരങ്ങന്മാരെപ്പോലെ പെരുമാറുകയും മരക്കൊമ്പുകളിൽ താമസിക്കുകയും ചെയ്തു. കായ്കൾ ഭക്ഷിക്കുകയും ഒരു മരക്കൊമ്പിൽനിന്നും മറ്റേ കൊമ്പിലേക്കു കൊമ്പു ചായ്ച്ച് കയറുകയും ചെയ്തിരുന്നു. ഒരു ദിവസം ശ്രീരാമദർശനം ലഭിച്ച സ്വാമി മരക്കൊമ്പിൽനിന്നും താഴെ ഇറങ്ങിവന്നതിനുശേഷം ഒരു ചെറിയ രാമക്ഷേത്രത്തിനു സമീപത്ത് ഓലമേഞ്ഞ ഒരു പുരയിൽ താമസിച്ചുകൊണ്ടിരുന്നു. അവിടെ ചെന്നാണ് ഞാൻ അദ്ദേഹത്തെ സന്ദർശിച്ചത്.

പ്രസ്തുത കുടിലിനു മുന്നിൽ ഒരാൾ ഉണ്ടായിരുന്നു. ഞാൻ എന്റെ വരവിന്റെ ഉദ്ദേശം അറിയിച്ചപ്പോൾ അയാൾ പെട്ടെന്ന് അകത്തേക്കു പോകുകയും ഉടനേ മടങ്ങിവരികയും ചെയ്തു. അകത്തുനിന്നും മടങ്ങിവന്ന ആൾ എന്നോട് അകത്തേക്ക് പോകാം എന്നു മാത്രം പറഞ്ഞു. ചാണകംകൊണ്ടു മെഴുകിയ തിണ്ണയിൽ ജടാധാരിയായി ദുർബ്ബലനായ ഒരാൾ ഇരിക്കുന്നതുകണ്ടു. ഈറ

കൊണ്ടുള്ള തടുക്കിൽ ഇരിക്കുകയായിരുന്ന അദ്ദേഹം എന്നോട് വരൂ എന്ന അർത്ഥം ദ്യോതിപ്പിക്കുന്ന ആംഗ്യം കാണിച്ചു. അടുത്തു ചെന്നയുടനേ എന്നാട് ഇരിക്കൂ എന്നു പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ ഇരുന്നു.

എന്റെ നേർക്ക് സൂക്ഷിച്ചുനോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു:

"രാമായണം"

ഉടനേ ഞാൻ പറഞ്ഞു: "ഞാൻ രാമായണം വായിച്ചിട്ടുണ്ട്. എങ്കിലും..."

അദ്ദേഹം ഇടയ്ക്ക് കയറി പറഞ്ഞു:

"വായിച്ചത് പോരാ."

"എന്താ വേണ്ടത്?"

അദ്ദേഹം പറഞ്ഞു "രാ – മായണം."

ഇപ്പോൾ അദ്ദേഹം പറഞ്ഞതിന്റെ പൊരുൾ എനിക്കുകിട്ടി. അദ്ദേഹം വാക്കുകൾക്കു നല്കിയ ഊന്നലിന്റെ മഹത്ത്വം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം ഉദ്ദേശിച്ചത് രാമായണം മഹാകാവ്യത്തെപ്പറ്റിയല്ല. അദ്ദേഹം രാമായണം എന്ന വാക്കിനെ രണ്ടായി വിഭജിച്ചുകൊണ്ടു പറഞ്ഞു. "രാ മായണം " അദ്ദേഹം തുടർന്നു. "രാ എന്നു വച്ചാൽ ഇരുട്ട്. ഇരുട്ടു മായണം. അപ്പോൾ രാമനെ കാണാൻ കഴിയും."

എനിക്ക് എന്റെ സ്വന്തം കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. നിരക്ഷരനായ മുൻ ചായക്കടക്കാരൻ വേദാന്തത്തിലെ മഹാസത്യത്തെ എത്ര ലളിതമായിട്ടാണ് വ്യാഖ്യാനിച്ചത്!. രാമനെ കാണണമെങ്കിൽ ഒരാൾ തീർച്ചയായും അജ്ഞാനമാകുന്ന അന്ധകാരത്തെ ഇല്ലാതാക്കണം. കായ്കനികൾ തിന്നുകൊണ്ട്, ഒരു മരക്കൊമ്പിൽനിന്നും മറ്റേ മരക്കൊമ്പിലേക്കു ചാടിക്കൊണ്ട് കുരങ്ങനെപ്പോലെ ജീവിച്ച ഒരാളിൽനിന്നാണല്ലോ ഈ ഉപദേശം ഗ്രഹിക്കാനായത്.

അദ്ദേഹം മൗനത്തിൽ മുഴുകി. അരമണിക്കൂർകൂടി അവിടെ കാത്തിരുന്നതിനുശേഷം ഞാൻ പോകാൻ എണീറ്റു. വിട പറയുന്നതിനു മുമ്പ് ഞാൻ അദ്ദേഹത്തിന്റെ പാദങ്ങൾ സ്പർശിച്ചു. അന്നേരം കുരങ്ങന്മാർ പുറപ്പെടുവിക്കുന്നതുപോലുള്ള ഒരു വിശേഷപ്പെട്ട ശബ്ദം പുറപ്പെടുവിച്ചു. എന്നിട്ട് അദ്ദേഹം തന്റെ വലതു കൈയിലെ ചൂണ്ടുവിരൽകൊണ്ട് എന്റെ നെറ്റിയിൽ തൊട്ടു. ഞാൻ അവിടെനിന്നും പുറത്തേക്കിറങ്ങി. ഞാൻ ബസ്സ്റ്റാൻഡിലേക്ക് ധൃതിയിൽ നടന്നു. എന്തുകൊണ്ടന്നാൽ അപ്പോഴേക്കും സമയം വളരെ വൈകിയിരുന്നു. ബസ്സിൽ ഇരുന്നുകൊണ്ട് ഞാൻ ചിന്തയിലാണ്ടു. ഇരുട്ടു മായണം, അതെ ഇരുട്ടു പോകണം.

ഈരണ്ടു പേരിൽനിന്നും തികച്ചും വ്യത്യസ്തമായ വ്യക്തിത്വമാണ് സ്വാമി തപസ്യാനന്ദയുടേത്. അദ്ദേഹം ശാസ്തമംഗലത്ത് സ്ഥിതി ചെയ്യുന്ന രാമകൃഷ്ണമിഷന്റെ അദ്ധ്യക്ഷനായിരുന്നു. രാമകൃഷ്ണമിഷൻ ഒരു ധർമ്മാശുപത്രിയും നടത്തിയിരുന്നു. മഹാനായ സന്ന്യാസിവര്യൻ രാമകൃഷ്ണപരമഹംസനെപ്പറ്റിയും, കഴിവുറ്റ ശിഷ്യന്മാരെപ്പറ്റിയും ഞാൻ വായിച്ചിട്ടുണ്ടായിരുന്നു. എന്നാൽ തിരുവനന്തപുരത്ത് രാമകൃഷ്ണമിഷന്റെ ഒരു ശാഖ ഉണ്ടെ

ന്നുള്ള കാര്യം എനിക്ക് അറിഞ്ഞുകൂടായിരുന്നു. മിഷന്റെ ശാഖ ഉണ്ടായിരുന്നു എന്ന വിവരം എങ്ങനെ അറിയാനിടയായി എന്ന കാര്യം ആദ്യം പറയാം.

തിരുവനന്തപുരത്തുള്ള പബ്ലിക് ലൈബ്രറിയിൽനിന്നും അത്ര ദൂരെയല്ല മനോഹരമായ മ്യൂസിയം ഗാർഡൻസ്. *ദി കംപ്ലീറ്റ് വർക്സ് ഓഫ് വിവേകാനന്ദ* എന്ന പുസ്തകത്തിന്റെ എല്ലാ ഭാഗങ്ങളും ഞാൻ വായിച്ചത് മ്യൂസിയം ഗാർഡൻസിൽ ഇരുന്നാണ്. പബ്ലിക് ലൈബ്രറിയിൽനിന്നും നടന്ന് മ്യൂസിയം ഗാർഡൻസിൽ പോയി അവിടെയുള്ള ഒരു ബെഞ്ചിൽ ശാന്തമായ അന്തരീക്ഷത്തിൽ ഇരിക്കുക എന്നത് എന്റെ ശീലമായിരുന്നു. അവിടെവച്ച് നല്ല തേജസ്സ് കളിയാടുന്ന മുഖമുള്ള കാവിവസ്ത്രധാരിയായ ഒരു യുവസന്ന്യാസിയെ കാണാനിടയായി. അറിയാനുള്ള കൗതുകംകൊണ്ട് അദ്ദേഹം ആരാണെന്ന് ആരാഞ്ഞു. ഒരു കുട്ടിയെപ്പോലെ ചിരിച്ചുകൊണ്ട് അദ്ദേഹം ഞാൻ രാമകൃഷ്ണമിഷനിൽനിന്നാണെന്നു പറഞ്ഞു. ആശ്രമം അത്ര ദൂരെയായിരുന്നില്ല. എനിക്ക് ആശ്രമം സന്ദർശിക്കാൻ കഴിയുമോ എന്ന് അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പിന്നെയും ചിരിച്ചുകൊണ്ടുപറഞ്ഞു: "അതിനുവേണ്ടി നിങ്ങൾ മഠാധിപതി സ്വാമി തപസ്യാനന്ദയെ കാണണം അദ്ദേഹം മഹാത്മാവാണ്. എപ്പോഴെങ്കിലും വരൂ. എന്റെ പേര് ഗോലോകാനന്ദ എന്നാണ്."

ഒരു ഞായറാഴ്ച ദിവസം ഞാൻ രാവിലെ അവിടെ പോയി. സ്വാമി ഗോലോകാനന്ദാ എന്നെ സ്വാമി തപസ്യാനന്ദയ്ക്കു പരിചയപ്പെടുത്തി. രാമകൃഷ്ണമിഷനിലെ എല്ലാ സന്ന്യാസിമാരെയുംപോലെ അദ്ദേഹവും കാവി നിറമുള്ള കുർത്തയും ധോത്തിയുമാണ് ധരിച്ചിരുന്നത്. നിശ്ചയദാർഢ്യവും അച്ചടക്കവും ഉള്ള വ്യക്തിയാണെന്ന് അദ്ദേഹത്ത കണ്ടപ്പോൾത്തന്നെ എനിക്കു തോന്നി. ദിവസങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ മറ്റൊരു വശം അനാവരണം ചെയ്യപ്പെട്ടു. മനപ്പൂർവ്വമായി ഭാവിച്ചിരുന്ന കർക്കശതയ്ക്കുള്ളിൽ മൃദുലഭാവവും സ്നേഹവും ഒളിഞ്ഞുകിടന്നിരുന്നു.

എനിക്ക് അദ്ദേഹത്തിൽനിന്നും പല കാര്യങ്ങളും പഠിക്കാൻ കഴിഞ്ഞു. ആദ്യമായിട്ടാണ് ശ്രീരാമകൃഷ്ണ വിവേകാനന്ദ പ്രസ്ഥാനങ്ങളെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞത്. മാനവസേവയാണ് മാധവസേവ എന്ന വിവേകാനന്ദന്റെ പ്രമാണ വചനവും എന്നെ ഹഠാദാകർഷിക്കുകയുണ്ടായി. ദുരിതമനുഭവിക്കുന്ന മാനവരാശിക്കുവേണ്ടി നൊമ്പരപ്പെടുന്ന വിവേകാനന്ദന്റെ ഹൃദയവും സഹജീവികളോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ ആഴവും ഞാൻ അറിഞ്ഞു. രാമകൃഷ്ണമിഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയും, ശ്രീരാമകൃഷ്ണന്റെ ശിഷ്യന്മാരിൽ അഗ്രഗണ്യനായ സ്വാമി വിവേകാനന്ദന്റെ കീഴിൽ അക്ഷീണം പ്രവർത്തിച്ച മഹത് വ്യക്തികളെപ്പറ്റിയും തപസ്യാനന്ദ വേണ്ടുവോളം അറിവ് എനിക്ക് പകർന്നുതന്നു. അദ്ദേഹംതന്നെ സ്വാമി ശിവാനന്ദന്റെ ശിഷ്യനായിരുന്നു. ശ്രീരാമകൃഷ്ണന്റെ ശിഷ്യനായ ശിവാനന്ദൻ മഹാപുരുഷ് മഹാരാജ് എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ശ്രീരാമകൃഷ്ണന്റെ പത്നിയായ ശാരദാ ദേവിയെയും അദ്ദേഹം സേവിക്കുകയുണ്ടായി. വർഷങ്ങളോളം ശാരദാ ദേവിയെ സേവിച്ച അദ്ദേഹത്തെ അവർ പലവട്ടം ആശീർവദിക്കുകയുണ്ടായി.

സ്വാമി തപസ്യാനന്ദജിയാണ് എന്നെ പ്രൊഫസർ ബാലകൃഷ്ണൻ നായർക്ക് പരിചയപ്പെടുത്തിയത്. ഭാര്യയും രണ്ടു കുഞ്ഞുങ്ങളുമൊത്ത്

കുടുംബജീവിതം നയിക്കവേതന്നെ വേദാന്തവിഷയങ്ങളിൽ അത്യഗാധമായ ജ്ഞാനം ആർജ്ജിച്ചിരുന്നു. പല ഞായറാഴ്ച ദിവസങ്ങളിലും കളരി അഭ്യസിക്കാൻവേണ്ടി ശംഖുമുഖത്തേക്കു പോകുന്നതിനിടയിൽ ഞാൻ പ്രൊഫസ്സർ ബാലകൃഷ്ണൻ നായരുടെ ഭവനത്തിൽ ഇറങ്ങിയിരുന്നു. ശ്രീരാമകൃഷ്ണന്റെ ഉദാഹരണങ്ങൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം അത്യന്തം ലളിതമായ ഭാഷയിൽ വേദാന്തം വ്യാഖ്യാനിച്ചുതന്നിരുന്നു. ഞാൻ അതീവ ശ്രദ്ധയോടെ കേട്ടു കൊണ്ടിരിക്കും.

വർഷങ്ങൾക്കുശേഷം സ്വാമി തപസ്യാനന്ദ ചെന്നൈയിലെ രാമകൃഷ്ണ മിഷന്റെ അദ്ധ്യക്ഷനും, രാമകൃഷ്ണപ്രസ്ഥാനത്തിലെ ഉപാദ്ധ്യക്ഷനുമായി. മുമ്പ് രാമകൃഷ്ണമിഷന്റെ പല കേന്ദ്രങ്ങളിലും ഞാൻ കുറെ കാലം പ്രവർത്തനങ്ങളിൽ ഒരു സഹായിയായി പ്രവർത്തിച്ചിരുന്നു. പ്രസ്തുത കേന്ദ്രങ്ങൾ മന്ത്രദീക്ഷ നല്കുന്നതിൽനിന്ന് എന്നെ ഒഴിവാക്കിയിരുന്നുവെങ്കിലും തപസ്യാനന്ദജി എനിക്കു മന്ത്രദീക്ഷ നല്കാൻ കനിവു കാണിച്ചു. അതിന് ഞാൻ എക്കാലവും അദ്ദേഹത്തോടു കടപ്പെട്ടിരിക്കുന്നു.

പന്ത്രണ്ട്

മായിമാ

അസാധാരണമായ ജീവിതം നയിക്കുന്ന വിവസ്ത്രയായ മായിമാ ആണ് ഈ അദ്ധ്യായത്തിന്റെ പ്രതിപാദ്യം. മായിമായെപ്പറ്റി ഞാൻ ആദ്യമായി കേൾക്കുന്നത് ശ്രീഅനന്തനാരായണപിള്ളയിൽനിന്നാണ്. അദ്ദേഹത്തിന്റെ ഭവനത്തിൽവച്ചാണ് ശ്രീഗോപാലസ്വാമിയെ ആദ്യമായി കണ്ടതെന്ന കാര്യം നിങ്ങൾ ഓർക്കുമല്ലോ. അവർ ഒരു അവധൂത ആണെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. ആദ്ധ്യാത്മികമായി വളരെ പുരോഗതി കൈവരിച്ചവരായിരുന്നു അവർ. സാമൂഹ്യമായ മര്യാദകൾ പാലിക്കാൻ അവർ തെല്ലും കൂട്ടാക്കിയിരുന്നില്ല. അലഞ്ഞുതിരിയുന്ന നായ്ക്കളോടൊപ്പം അവർ കന്യാകുമാരിയിലെ കടലോരത്ത് മണൽപ്പരപ്പിൽ വസിച്ചു.

ഈ വിവരം കിട്ടി രണ്ടു ദിവസം കഴിഞ്ഞ് ഞാൻ തിരുവനന്തപുരത്തു നിന്നും കന്യാകുമാരിയിലേക്കു പോകുന്ന ബസ്സിൽ കയറി. അന്നത്തെ കന്യാകുമാരിയിൽ നൈസർഗ്ഗികമായ സൗന്ദര്യത്തെയും പവിത്രതയെയും ഹനിക്കുന്ന രീതിയിലുള്ള കെട്ടിടങ്ങളും മറ്റും ഇല്ലായിരുന്നു. ഒരാൾക്കു വേണമെങ്കിൽ ശക്തമായ തിരമാലകളില്ലാത്ത കടൽഭാഗത്തിലൂടെ വിവേകാനന്ദ പ്പാറയിലേക്കു നീന്തിക്കയറാൻ പറ്റുമായിരുന്നു. അവിടെ ഉച്ചത്തിലുള്ള തിരയടിക്കുന്ന ശബ്ദത്തിനിടയിൽ ഇരുന്നുകൊണ്ട് ധ്യാനത്തിൽ മുഴുകാനും കഴിയുമായിരുന്നു. അവിടെ ധ്യാനത്തിൽ മുഴുകിയിരുന്നപ്പോഴാണ് സ്വാമി വിവേകാനന്ദനു സമൂഹത്തിലെ പാവപ്പെട്ടവർക്കും മർദ്ദിതജനവിഭാഗത്തിനും വേണ്ടി പ്രവർത്തിക്കാനുള്ള പ്രചോദനം ലഭിച്ചത്.

കടലിനെ അഭിമുഖീകരിച്ചാണ് പുരാതനമായ കന്യാകുമാരിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. പണ്ട് ദേവിയുടെ മൂക്കിൽ അമൂല്യമായ വജ്രം പതിച്ച മൂക്കുത്തി ഉണ്ടായിരുന്നു. അതിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന പ്രകാശം ദീപ സ്തംഭംപോലെ നാവികർക്കു കപ്പലോടിക്കാൻ സഹായകരമായിരുന്നുവത്രേ. പല ഐതിഹ്യങ്ങളെയുംപോലെ ഇക്കാര്യം സ്വീകരിക്കാനോ നിരാകരി ക്കാനോ കഴിയുകയില്ല. അത്രയ്ക്ക് വിലപ്പിടിപ്പുള്ള വജ്രമായിരിക്കണം അത്. എന്തായാലും ഇപ്പോൾ അത് കാണാനില്ല. ഒരുപക്ഷേ, മനുഷ്യന്റെ ദുരാഗ്രഹത്തിനു ദേവിയും ഇരയായിത്തീർന്നിരിക്കും.

ഞാൻ ആദ്യം കന്യാകുമാരിക്ഷേത്രം സന്ദർശിക്കാൻ നിശ്ചയിച്ചു. ഉച്ചയ്ക്ക് അമ്പലം അടച്ചിടുമെന്ന് എനിക്ക് അറിയാമായിരുന്നു. വിലപിടി പ്പില്ലാത്ത കൃത്രിമ വജ്രത്തിൽ പണിഞ്ഞ മൂക്കുത്തിയണിഞ്ഞിരുന്ന ദേവി അതിമനോഹരിയായി കാണപ്പെട്ടു. സാധാരണ ചെയ്യാറുള്ളതുപോലെ പുരോഹിതന്റെ കണ്ണ് എന്റെ പോക്കറ്റിലുള്ള പണത്തിലാണ്. എന്നിട്ട് ദീപാ

രാധന ഉഴിഞ്ഞു. എന്റെ മുന്നിലേക്കു നീട്ടിയ തളികയിൽ ഞാൻ ഒറ്റരൂപാത്തുട്ട് ഇട്ടുകൊടുത്തു. അതിലിരുന്ന ജമന്തിപ്പൂവും ചന്ദനവും എടുത്തിട്ട് ദേവിയെ വന്ദിച്ചതിനുശേഷം പുറത്തേക്കിറങ്ങി.

എന്റെ അടുത്ത ദൗത്യം മായിമായെ കണ്ടുപിടിക്കുക എന്നതായിരുന്നു. പക്ഷേ, അപ്പോഴേക്കും എനിക്കു വല്ലാത്ത വിശപ്പ് അനുഭവപ്പെട്ടുതുടങ്ങി. ഞാൻ രാവിലെ ഒന്നും കഴിച്ചിട്ടില്ലായിരുന്നു. അതുകൊണ്ട് അടുത്തുള്ള ഏതെങ്കിലും ഹോട്ടലിൽ കയറി ഭക്ഷണം കഴിക്കുകയും മായിമായെ സംബന്ധിക്കുന്ന വിവരങ്ങൾ തിരക്കുകയും ചെയ്യാമെന്ന് വിചാരിച്ചു. ആദ്യംകണ്ട മുരുകവിലാസം എന്ന ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ കയറി. ക്യാഷ്കൗണ്ടറിന്റെ സമീപത്തുള്ള മേശയ്ക്കരികിൽ ഇരുന്നു. നല്ല രുചിയുള്ള മസാലദോശ കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഞാൻ ഹോട്ടലുടമയെന്നു തോന്നിച്ചിരുന്ന ആളിനെ ശ്രദ്ധിച്ചു. നരച്ച തലമുടി, അഗ്രങ്ങൾ താഴോട്ടു ഞാന്നു കിടക്കുന്ന മീശ, കൈയിൽ സ്വർണച്ചെയിനുള്ള റിസ്റ്റ് വാച്ചും, മൂക്കുകണ്ണട ധരിച്ചിരുന്നതുമായ അയാളോട് ഞാൻ മായിമായെപ്പറ്റി ചോദിച്ചു. ഹോട്ടലുടമ പറഞ്ഞു: "എനിക്ക് അവരെ അറിയാം." അവർ എവിടെനിന്നും വന്നവരാണ് എന്ന് അറിയാമോ എന്ന ചോദ്യത്തിന് അയാളുടെ ഉത്തരം ഇങ്ങനെയായിരുന്നു: "അവർ എവിടെനിന്നും വന്നുവെന്ന് ആർക്കുംതന്നെ അറിയാൻ പാടില്ല. മുപ്പതു വർഷം മുമ്പ് അവർ ആദ്യമായി കന്യാകുമാരിയിൽ പ്രത്യക്ഷപ്പെട്ടു." അയാൾ തന്റെ കുട്ടിക്കാലം മുതൽ അവരെ കണ്ടിട്ടുണ്ടെന്നും അവരെ അന്നു കണ്ടതുപോലെതന്നെയാണ് ഇന്നും കാണപ്പെടുന്നതെന്നും പറഞ്ഞു. വല്ലപ്പോഴും വസ്ത്രം ധരിക്കും. എപ്പോഴും അവരുടെ ചുറ്റും അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കൾ കാണും. നായ്ക്കളോടൊപ്പം ഇരുന്നാണ് അവർ ഭക്ഷണം കഴിച്ചിരുന്നത്.

ഞങ്ങളുടെ സംഭാഷണത്തിൽ ഹോട്ടലിലെ മദ്ധ്യവയസ്കനായ പരിചാരകനും പങ്കുകൊണ്ടു. അയാൾ അവർ മനുഷ്യരൂപത്തിലുള്ള പ്രപഞ്ചമാതാവാണെന്നു പറഞ്ഞു. വിശദീകരണം ആവശ്യപ്പെട്ടപ്പോൾ അയാൾ പറഞ്ഞത് തനിക്കു ധാരാളം അനുഭവങ്ങൾ ഉണ്ടെന്നായിരുന്നു. ആ അനുഭവങ്ങൾ നിസ്സാരമായി തള്ളിക്കളയേണ്ടവയല്ലെന്നും അയാൾ പറഞ്ഞു. ഞാൻ ആ മനുഷ്യനോട് കൗതുകത്തോടെ ചോദിച്ചു: "അവർക്ക് ഭക്ഷണം കിട്ടുന്നത് എവിടെനിന്നുമാണ്?" അയാൾ പറഞ്ഞു: "ആദ്യമൊക്കെ ആളുകൾ ഒരു ഭ്രാന്തിയാണെന്നു കരുതി ഭക്ഷണം കൊടുത്തിരുന്നില്ല. അപ്പോൾ അവർ സമുദ്രത്തിലേക്കു നടന്നിറങ്ങുകയും വെറും കൈകൊണ്ട് മീൻ കോരിയെടുക്കുകയും കടൽപ്പോച്ചകൾകൊണ്ട് മീനുകളെ പൊതിയുകയും ചെയ്യും. എന്നിട്ട് മീനുകളുടെ കൂമ്പാരം കരയിൽ കൂട്ടിയിട്ടിട്ട് എല്ലാവരും നോക്കിക്കോ എന്നു പറയുമ്പോഴേക്കും തീ ആളിക്കത്തുകയും കഴിക്കാൻ വേണ്ടത്ര മീൻ പൊരിച്ചു കിട്ടുകയും ചെയ്യും."

അതിനുശേഷം ആളുകൾ അവർക്ക് ഭക്ഷണം കൊടുക്കാൻ തുടങ്ങി. അവർ തങ്ങളുടെ ഹോട്ടലുകളിൽ വന്ന് ഭക്ഷണം യാചിക്കുകയാണെങ്കിൽ തങ്ങൾക്കു ഭാഗ്യം വന്നുചേരുമെന്നു ഹോട്ടലുടമകൾ വിശ്വസിച്ചിരുന്നു. അതുകൊണ്ട് അവർക്ക് വേണ്ടുവോളം ഭക്ഷണം കൊടുത്തിരുന്നു. എന്നാൽ അവർ അപൂർവ്വമായിട്ടേ ഭക്ഷണം ചോദിക്കാൻ പോയിരുന്നുള്ളൂ."

ഞാൻ ആകാംക്ഷയോടെ ചോദിച്ചു: "എവിടെ ചെന്നാൽ അവരെ കാണാൻ കഴിയും?" ക്ഷേത്രത്തിനപ്പുറത്തുള്ള പാറക്കെട്ടുകളുടെ കീഴ്ഭാഗത്ത് അന്വേഷിക്കാൻ പറഞ്ഞു. അവിടെ അവർ നായ്ക്കളോടൊത്ത് ഇരിക്കും. കടൽക്കരയിൽ വ്യാപിച്ചു കിടക്കുന്ന പാറക്കെട്ടുകൾ കാരണം അവരെ ആർക്കും കാണാൻ കഴിയുകയില്ല.

ഞാൻ ഭക്ഷണം കഴിച്ചതിനുശേഷം എനിക്കു വിവരം തന്ന ആളിന്റെ ഉപദേശപ്രകാരം കുറെ ദോശ പൊതിഞ്ഞു വാങ്ങി. എല്ലാവരിൽനിന്ന് തെന്നിമാറുന്ന മായിമായെ തിരക്കി കടൽക്കരയിലേക്ക് ഇറങ്ങി. അപ്പോഴേക്കും മണൽത്തരികൾ ചുട്ടുപൊള്ളാൻ തുടങ്ങി. മെതിയടി ധരിച്ചിരുന്നതിനാൽ പ്രശ്നമില്ലായിരുന്നു.

ചിലപ്പോൾ മണൽപ്പരപ്പിലൂടെയും ചിലപ്പോൾ പാറകളിൽ കയറിയും ചിലപ്പോൾ പാറകളിൽനിന്നും താഴോട്ടിറങ്ങിയും നടന്നുകൊണ്ടിരുന്നു. ചിലപട്ടികൾ മുറുമുറുക്കുന്ന ശബ്ദം കേൾക്കുന്നതുവരെ നടത്തം തുടർന്നു. ഒരു വലിയ പാറയുടെ സമീപത്ത് പല നിറങ്ങളിലും പല വലിപ്പത്തിലുമുള്ള പട്ടികൾ വട്ടത്തിൽ നിന്നുകൊണ്ട് എന്റെ നേർക്കു നോക്കി മുറുമുറുക്കുന്നതു കണ്ടു. അവയുടെ നേർക്ക് തുറിച്ചുനോക്കിക്കൊണ്ടു നില്ക്കാനല്ലാതെ മറ്റൊന്നും എനിക്കു ചെയ്യാൻ കഴിഞ്ഞില്ല. എന്നെ ആക്രമിക്കുകയില്ലെന്ന പ്രതീക്ഷയിൽ അവിടെത്തന്നെ നില്ക്കുകയായിരുന്നു. അന്നേരം പാറക്കെട്ടിന്റെ പുറകിൽനിന്നും സംഗീതസാന്ദ്രമായ ഒരു സ്ത്രീശബ്ദം കേട്ടു. ഞാൻ ധൈര്യം സംഭരിച്ചുകൊണ്ട് പാറക്കെട്ടിന്റെ അപ്പുറത്തേക്കു നോക്കി.

അവിടെ അവർ ഒരു പാറമേൽ ചാരിയിരിക്കുകയായിരുന്നു. ഒരു കൊച്ചു കുഞ്ഞിനെപ്പോലെ അവർ നഗ്നയായിരുന്നു. വെയിലേറ്റ് കരുവാളിച്ചിരുന്ന ആ മുഖം ഒരിക്കൽ അതിമനോഹരമായിരുന്നിരിക്കണം എന്നു ചിന്തിച്ച് അത്ഭുതപ്പെടാതിരിക്കാൻ എനിക്കു കഴിഞ്ഞില്ല. നരച്ച കഴുകാത്ത തലമുടി കെട്ടിയുള്ളതും ഞെരുങ്ങിയതുമായിരുന്നു. അവർ പുഞ്ചിരി തൂകിയപ്പോൾ ആ മുഖത്ത് അപൂർവ്വമായ പ്രസാദാത്മകത കളിയാടി. ആ കണ്ണുകളുടെ തിളക്കം എനിക്ക് വർണ്ണിക്കാനാവില്ല. അവർ *ആവോ* (വരൂ) എന്നു പറഞ്ഞു. സ്നേഹശീലയായ അമ്മ സ്വന്തം കുഞ്ഞിനെ വിളിക്കുന്ന സ്വരത്തിലാണ് വിളിച്ചത്.

ഞാൻ ആകെ അമ്പരന്നു. ഒരു കൊച്ചു കുട്ടിയെപ്പോലെ കണ്ണുനീർ വാർത്തുകൊണ്ട് അറിയാതെ പൊട്ടിക്കരഞ്ഞുപോയി. എന്റെ തേങ്ങലുകൾ ഹൃദയത്തിന്റെ അഗാധതലങ്ങളിലേക്ക് ആഴ്ന്നിറങ്ങി. അതിന്റെ ഫലമായി ശരീരം വിറച്ചു. അവരുടെ സ്തനങ്ങളിൽനിന്നും മനുഷ്യകാരുണ്യത്തിന്റെ ദുഗ്ധം നുകരാൻ ഞാൻ ആശിച്ചുപോയി.

മായിമാ അവരുടെ കരങ്ങൾ മുന്നോട്ടു നീട്ടി. എന്റെ ശരീരം മുഴുവൻ സ്നേഹവാത്സല്യങ്ങളോടെ തലോടി. ഇമ്പമാർന്ന സ്വരത്തിൽ മനസ്സിലാകാൻ കഴിയാത്ത ഭാഷയിൽ എന്തൊക്കെയോ അവർ പറഞ്ഞു. ഒരല്പം കഴിഞ്ഞപ്പോൾ എന്റെ ശരീരത്തിന് അപൂർവ്വമായ ലാഘവം അനുഭവപ്പെട്ടു. ഒഴുകിയ കണ്ണീർത്തുള്ളികൾ എല്ലാ ജീവിതഭാരങ്ങളും കഴുകിക്കളഞ്ഞതുപോലെ തോന്നി. ഞാൻ അവരിൽനിന്ന് വിട്ടുമാറിക്കൊണ്ട് കൊണ്ടുവന്നിരുന്ന ദോശ അവർക്ക് നല്കി.

അവർ പൊതി തുറന്നു. ഒരു ദോശ അവർക്കുവേണ്ടി മാറ്റിവച്ചിട്ട് ബാക്കി മുഴുവൻ തന്റെ സഹചാരികളായ നായ്ക്കൾക്കു വിതരണം ചെയ്തു. ഒരു കഷണം അവർ എന്റെ വായ്ക്കുള്ളിലിട്ടു തന്നു. അതിനുശേഷം അവർ പറഞ്ഞ ഒരു വാക്ക് എന്താണെന്നു മനസ്സിലായി ജാവോ, ജാവോ (പോ, പോ). എന്നെ പറഞ്ഞുവിടാനുള്ള അടയാളമാണെന്നു മനസ്സിലാക്കിയ ഞാൻ അവരുടെ കാൽക്കൽ വീണ് സാഷ്ടാംഗം നമസ്കരിച്ചു. എന്നിട്ട് എണീറ്റ് അവിടെനിന്നും നടന്നുനീങ്ങി.

ഞാൻ ബസ്സ് സ്റ്റാൻഡിലേക്ക് നടന്നു. ആ സമയത്ത് മൂന്നു സമുദ്രങ്ങളുടെയും തിരകൾ തഴുകുന്ന വിവേകാനന്ദപ്പാറ വിദൂരതയിൽ കാണാൻ കഴിഞ്ഞു. ഞാൻ ഒരു കാര്യം ഓർത്തുകൊണ്ട് അത്ഭുതം കൂറി. പ്രിയങ്കരനായ ശ്രീരാമ കൃഷ്ണനെ കണ്ട സമയത്ത് വിവേകാനന്ദനും ഇതുപോലെ വികാരവിവശനായിരുന്നിരിക്കും. അന്നേരം തിരുവനന്തപുരത്തേക്ക് പോകുന്ന ബസ്സ് സ്റ്റാൻഡിൽ പിടിച്ചിട്ടിരിക്കുകയായിരുന്നു. ഞാൻ അതിൽ കയറി തിരുവനന്തപുരത്തെത്തി.

ഞാൻ വളരെ വൈകിയാണ് വീട്ടിലെത്തിയത്. അപ്പോഴും എന്റെ അമ്മ ഉണർന്നിരിക്കുകയായിരുന്നു. അമ്മ ആഹാരം അടുപ്പത്തു വച്ച് ചൂടാക്കി മേശപ്പുറത്ത് വച്ചിട്ട് കിടപ്പുമുറിയിലേക്കു പോയി. ഒന്നും ചോദിച്ചില്ല. അമ്മ പറഞ്ഞത് ഇതുമാത്രം: "വളരെ വൈകി. കഴിച്ചിട്ട് കിടന്നുറങ്ങൂ."

ആ രാത്രിയിൽ ഞാൻ ഒരു സ്വപ്നം കണ്ടു. ഞാൻ ഒരു വൻ അരയാൽ മരച്ചുവട്ടിൽ നില്ക്കുകയായിരുന്നു. മരം ഒരു നാല്ക്കവലയുടെ നടുക്കാണ് നിന്നിരുന്നത്. ഞാൻ ആ മരച്ചുവട്ടിൽ കാലുകൾ പിണഞ്ഞ് കുറുകെ വച്ചുകൊണ്ട് ബുദ്ധൻ ഇരിക്കുന്നതുപോലെ ഇരുന്നു. വിവസ്ത്രനായ എന്റെ ശരീരം മെലിഞ്ഞതായിരുന്നു. കൗപീനം മാത്രം ധരിച്ചിരുന്ന എന്റെ തലമുടി ജട കെട്ടിയിരുന്നു. എനിക്ക് കറുത്ത താടിയും ഉണ്ടായിരുന്നു.

റോഡുകളിൽ ഒന്നിൽനിന്നും ആരോ ഒരാൾ പരുക്കൻ ഊന്നുവടിയുമായി എന്റെ അടുത്തേക്കു വന്നു. ഞാൻ തിരിച്ചറിഞ്ഞു. അത് അവരായിരുന്നു–മായിമാ. പക്ഷേ, ഇപ്പോൾ അവർ അണിഞ്ഞിരിക്കുന്നത് ചുവപ്പു കലർന്ന നീല നിറമുള്ള സാരിയാണ്. ഞാൻ അവരുടെ നേർക്കു നോക്കിയപ്പോൾ പെട്ടെന്ന് അവരുടെ ഉയരം വർദ്ധിക്കാൻ തുടങ്ങി. അവർ ആൽമരത്തോളം ഉയർന്നു. അവർ എന്നെ നോക്കി പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "എനിക്ക് വിശക്കുന്നു. തിന്നാൻ വല്ലതും തരൂ." എന്റെ പക്കൽ തിന്നാൻ കൊടുക്കാൻ ഒന്നും ഇല്ലാതിരുന്നതിനാൽ ഞാൻ വല്ലാതെ പരുങ്ങി.

അന്നേരം അവർ പറഞ്ഞു: "നീ നിന്റെ ഭിക്ഷാപാത്രത്തിലേക്ക് നോക്കൂ. ഞാൻ ഭിക്ഷാപാത്രത്തിലേക്ക് നോക്കി. അതിൽ ഒരു വറ്റ് ചോറ് ഉണ്ടായിരുന്നു. ഞാൻ ക്ഷമ ചോദിച്ചുകൊണ്ട് അത് അവർക്ക് കൊടുത്തു. അവർ അത് രുചിയോടെ കഴിച്ചു. എന്നിട്ട് അവർ അവരുടെ വലതു കൈകൊണ്ട് എന്റെ നെറ്റിയിൽ തൊട്ടുകൊണ്ടു പറഞ്ഞു: "കണ്ണടയ്ക്കൂ." എന്റെ നെറ്റിയിലൂടെ അനിർവ്വചനീയ ആനന്ദം ശരീരത്തിന്റെ എല്ലാ കോശങ്ങളിലും അലയടിച്ചു. അപ്പോൾ ഞാൻ ഉണർന്നു. നേരം വെളുത്തുകഴിഞ്ഞിരുന്നു. അപ്പോഴും എന്റെ ശരീരമാകെ ആനന്ദം തുടിച്ചു നിന്നിരുന്നത് ഏറ്റവും വലിയ അതിശയമായി

അനുഭവപ്പെട്ടു. മദ്യലഹരിയിൽ അടിപ്പെട്ട ഒരു മദ്യപനെപ്പോലെയായിരുന്നു എന്റെ അവസ്ഥ. എനിക്ക് എന്റെ കാലുകളിൽ ഉറച്ചു നിൽക്കാൻ കഴിഞ്ഞില്ല.

ഒരു വിധത്തിൽ ഞാൻ ആടി ആടി കുളിമുറിയിലേക്കു പോയി. പൂർവ്വ സ്ഥിതിയിൽ ആയിക്കഴിഞ്ഞുവെന്ന് ഉറപ്പായതിനുശേഷം ഞാൻ തിരികെ ഉറങ്ങാൻ പോയി. എനിക്കു നല്ല സുഖം തോന്നുന്നില്ല എന്ന് ഞാൻ അമ്മയോട് പറഞ്ഞു. അതുകൊണ്ട് എനിക്ക് കോളജിൽ പോകാൻ കഴിയുകയില്ലെന്നും അറിയിച്ചു. അമ്മ എന്റെ നെറ്റിയിൽ കൈവച്ചുനോക്കി. എനിക്ക് കടുത്ത പനിയാണെന്നു മനസ്സിലായി. ഞാൻ രാവിലെ കഞ്ഞി മാത്രം കഴിച്ചു. വൈകുന്നേരം ആയപ്പോൾ എന്റെ അവസ്ഥ സാധാരണ ഗതിയിലായി. എങ്കിലും ഓർമ്മകൾ എല്ലാ കാലത്തും നിലനിന്നു.

പതിമൂന്ന്

വിശുദ്ധമായ ആഹ്ലാദോന്മാദം

നമ്മുടെ മുന്നോട്ടുള്ള യാത്ര തുടരുന്നതിനുമുമ്പ് ഒരു അസാധാരണമായ കൂടിക്കാഴ്ചയെപ്പറ്റിയും പ്രതിപാദിക്കാനാഗ്രഹിക്കുന്നു. ഒരു തച്ചനിൽ നിന്നാണ് ഞാൻ അത് അറിയാനിടയായത്. ബീമാപള്ളിയിൽ കാലടി മസ്താനെ കണ്ടിരുന്ന സ്ഥലത്തുനിന്നും കുറച്ചകലെയുള്ള പൂന്തുറ എന്ന സ്ഥലത്ത് ആളുകളെ കാലുകൊണ്ട് തൊഴിക്കുന്ന ഒരു വിശുദ്ധൻ ഉണ്ടെന്ന് അറിഞ്ഞു. ക്രിസ്തുമസ് അവധിക്കാലത്ത് ഒരു വെള്ളിയാഴ്ച ദിവസം ഒരു ഭ്രാന്തനെ കാണാനുള്ള എന്റെ വൈമനസ്യത്തെ എന്റെ ജിജ്ഞാസ കീഴടക്കുകയുണ്ടായി. രാവിലെതന്നെ പൂന്തുറയിലേക്കു പോകാൻ ബസ്സിൽ കയറി. അവിടെ എത്തിയപ്പോൾതന്നെ ബസ്സിൽനിന്നിറങ്ങിയ ഞാൻ ഒരു വിചിത്ര മനുഷ്യൻ മണൽപ്പരപ്പിൽ കുത്തിയിരിക്കുന്നതു കണ്ടു. ഒരു ചെറിയ ആൾക്കൂട്ടം ആ മനുഷ്യന്റെ ചുറ്റും കൂടി നില്ക്കുന്നുണ്ടായിരുന്നു.

ആ മനുഷ്യന്റെ ശോഷിച്ച ശരീരത്തിൽ അഴുക്കുപാളികൾ പറ്റിപ്പിടിച്ചിരുന്നു. ഒരു കൗപീനമല്ലാതെ മറ്റു വസ്ത്രങ്ങളൊന്നും ധരിച്ചിരുന്നില്ല. ജടപിടിച്ച തലമുടിയും താടിയും അസാമാന്യമായി നീണ്ടതായിരുന്നു. അവ നിലത്ത് തൊടുന്നുണ്ടായിരുന്നു. ആ വ്യക്തിയുടെ നേത്രങ്ങൾ ഭയാവഹമായിരുന്നു. കുരുക്കിൽ അകപ്പെട്ട മെരുങ്ങാത്ത മൃഗത്തിന്റെ കണ്ണുകൾ പോലെ അവ അങ്ങോട്ടും ഇങ്ങോട്ടും ചലിച്ചുകൊണ്ടിരുന്നു. ഞാനും ജനക്കൂട്ടത്തിൽ ചേർന്നു. ഒരല്പം കഴിഞ്ഞ് സ്ഥലം വിടുന്നതാണ് ഉചിതമെന്നു വിചാരിച്ചുകൊണ്ട് പോകാൻ തുടങ്ങിയപ്പോൾ ആ വിചിത്ര മനുഷ്യൻ തന്റെ അടുത്തേക്ക് വരാൻ ആംഗ്യം കാണിച്ചു. ഞാൻ അറച്ചു. അന്നേരം എന്റെ അടുത്ത് നില്ക്കുകയായിരുന്ന ആരോ ഒരാൾ എന്നോടു പറഞ്ഞു: "പോകൂ... അടുത്തേക്ക് പോകൂ... നിങ്ങൾക്ക് സൗഭാഗ്യം കിട്ടും."

മനസ്സില്ലാ മനസ്സോടെ ഞാൻ മുന്നോട്ടു നീങ്ങി. ആ മനുഷ്യന്റെ അടുത്ത് ചേർന്നുനിന്നു. ആ മനുഷ്യൻ എന്നോട് കുനിയാൻ പറഞ്ഞു. ഞാൻ അദ്ദേഹത്തിന്റെ നേർക്കുനിന്നുകൊണ്ട് കുനിഞ്ഞു. വിചിത്ര മനുഷ്യന്റെ അഴുക്കുപുരണ്ട ശരീരത്തിൽനിന്നും രൂക്ഷമായ ദുർഗന്ധമാണ് പ്രതീക്ഷിച്ചത്. അത്ഭുതകരമെന്നുപറയട്ടെ, അതീവ ഹൃദ്യമായ പരിമളമാണ് അനുഭവപ്പെട്ടത്. അതോടൊപ്പം മറ്റൊരനുഭവവും ഉണ്ടായി. എന്റെ വലതുഭാഗത്തെ ചെകിട്ടിൽ കാലുകൊണ്ടുള്ള ശക്തിയായ തൊഴി കിട്ടി. കണ്ണിലൂടെ മിന്നൽ പാഞ്ഞതുപോലെ തോന്നി. പ്രഹരമേറ്റ് ഞാൻ നിലംപതിച്ചു. ഒരു തവണ നിലത്ത് ഉരുളുകയും ചെയ്തു. എന്നിട്ട് ഞാൻ എണീറ്റു. വേദനയകറ്റാൻ കൈകൊണ്ട് ചെകിട്ടത്ത് തിരുമ്മി. രണ്ടുപേരും പരസ്പരം ഒന്നും പറഞ്ഞില്ല. സ്വാമിക്ക്

എന്നിൽ താൽപര്യമില്ലാത്തതുപോലെ എവിടേക്കോ നോക്കി. അവിടെ ഇനി നിന്നിട്ട് കാര്യമില്ലെന്ന് മനസ്സിലാക്കിയ ഞാൻ അവിടെനിന്നും യാത്രയായി. ബസ്സ്റ്റാൻഡിലേക്കാണ് പോയത്.

ഞാൻ ബസ്സിൽ കയറിയിരുന്നു. അന്നേരം എനിക്ക് ഒരു കാര്യം ബോധ്യമായി. ഏതാനും മാസങ്ങൾ മുമ്പ് ശീർഷാസനം ചെയ്യവേ പെട്ടെന്ന് മറിഞ്ഞുവീണതിനുശേഷം മുതുകിന്റെ താഴെ വലതുഭാഗത്ത് അനുഭവപ്പെട്ടിരുന്ന വേദന പൂർണ്ണമായും ഇല്ലാതായി. മടങ്ങിപ്പോയി വിശുദ്ധന് നന്ദി പറയണമെന്നു വിചാരിച്ചുകൊണ്ടിരുന്നതിനിടയിൽ ബസ്സ് മുന്നോട്ട് നീങ്ങിക്കഴിഞ്ഞിരുന്നു. ഞാൻ മനസ്സിൽ അദ്ദേഹത്തിനോട് നന്ദി പറഞ്ഞു. പിന്നീട് ഒരിക്കലും അദ്ദേഹത്തെ കാണാനിടയായിട്ടില്ല. പൂന്തുറ സ്വാമി എന്റെ ആദ്ധ്യാത്മിക വളർച്ചയിൽ എന്തു പങ്കുവഹിച്ചുവെന്ന് എനിക്കു പറയാൻ കഴിയുകയില്ല. പൊതുവേ സംശയാലുവായ ഞാൻ എന്റെ നടുവേദനയ്ക്കു പെട്ടെന്നുണ്ടായ ശമനം ആകസ്മികമായ ഒരു നേട്ടമായിരിക്കാം എന്നു വിചാരിച്ചു. എന്തായാലും അത്ഭുതകരമായ അനുഭവമായിരുന്നു അത്.

ഇതുവരെ പ്രതിപാദിക്കപ്പെട്ട വിശുദ്ധരുടെ ജീവിതകഥകൾ വായിച്ചു കഴിയുമ്പോൾ സ്വാഭാവികമായും ഒരു കാര്യം ഓർത്ത് നിങ്ങൾക്കത്ഭുതം തോന്നാനിടയുണ്ട്. ഞാൻ കണ്ടിട്ടുള്ള ഇവരെല്ലാവരും അസാധാരണമായ ജീവിതം നയിക്കുന്നവരും, നഗ്നരും, കാഴ്ചയിൽ വ്യത്തികെട്ടവർ എന്ന് തോന്നിക്കുന്നവരും വിചിത്രസ്വഭാവക്കാരും ആണ്. ഹൈന്ദവ പാരമ്പര്യത്തിൽ ഭ്രാന്തർ എന്നു തോന്നിപ്പിക്കുന്ന വിശുദ്ധരായ സ്ത്രീപുരുഷന്മാരെ അവധൂതന്മാർ എന്നുവിളിക്കുന്നു. സൂഫി പാരമ്പര്യമനുസരിച്ച് അവർ മസ്ത് അഥവാ മസ്താൻ എന്ന് അറിയപ്പെടുന്നു.

അവധൂതന്മാരും മസ്താന്മാരും ആദ്ധ്യാത്മിക പുരോഗതി നേടിയ വിശുദ്ധാത്മാക്കളാണ്. പരമമായ സത്യത്തെ പ്രാപിച്ചുകഴിഞ്ഞ അവർക്ക് സംസ്കാരസമ്പന്നർ എന്ന് അവകാശപ്പെടുന്ന സമൂഹത്തിന്റെ നിയമങ്ങളും വിലക്കുകളും ബാധകമല്ല. അവർ ഇവയിൽനിന്നൊക്കെ മുക്തരാണ്. അതിനാൽ അവരുടെ പെരുമാറ്റം സാധാരണക്കാരിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. സാമൂഹ്യനിയമങ്ങൾക്ക് അതീതരായി അവർ വർത്തിക്കുന്നു. അത്തരം ഒരു വ്യക്തിയോട് എന്തിനാണ് ഇങ്ങനെ ഭ്രാന്തരെപ്പോലെ പെരുമാറുന്നത് എന്നുചോദിച്ചപ്പോൾ കിട്ടിയ ഉത്തരം ഇപ്രകാരമായിരുന്നു: "താൻ ഈ ലോകത്തിൽ ഭ്രാന്തില്ലാത്ത ഒരു വ്യക്തിയെ കാണാനിരിക്കുന്നതേയുള്ളൂ. എല്ലാ വ്യക്തികളും എന്തിനെങ്കിലുംവേണ്ടി ഭ്രാന്തെടുത്തു പരക്കം പായുകയാണ്. ഒരു വ്യത്യാസം മാത്രമാണുള്ളത്. ചിലർ ബാഹ്യലോകത്തിൽ ഭ്രാന്ത് ഉള്ളവരാണെങ്കിൽ, മറ്റുചിലരുടെ ഭ്രാന്ത് ആന്തരികതലത്തിലുള്ളതാണ്."

മറ്റൊരു വിഭാഗം വിശുദ്ധരും ഉണ്ട്. അവർ അവധൂതന്മാരുടെ സ്വാഭാവികമായുണ്ടാകുന്ന അവസ്ഥയെ അനുകരിക്കുന്നു. അവർ നഗ്നരായി സഞ്ചരിക്കുകയും വിചിത്രമായ രീതിയിൽ പെരുമാറുകയും ചെയ്യുന്നു. എന്നിരുന്നാലും നാഗസന്ന്യാസിമാരും ദിഗംബര ജൈനന്മാരും തങ്ങളുടെ നഗ്നത വസ്ത്രം ഉൾപ്പെടെ സർവ്വതും ത്യജിച്ചതിന്റെ ലക്ഷണമാണെന്നു പറയുന്നു. ഒരു

ശിശുവിന്റെ സഹജമായ സ്വഭാവമാണ് തങ്ങൾക്കുള്ളതെന്ന് അവർ പറയുന്നു.

സൂഫി പാരമ്പര്യത്തിലുള്ള മസ്തൂർ ആ പേരിൽ അറിയപ്പെടുന്നത് അവർ സദാസമയവും ഭഗവൽപ്രേമത്തിന്റെ ആനന്ദലഹരിയിൽ രമിച്ചു കഴിയുന്നതുകൊണ്ടാണ്. അവർ തങ്ങളുടെ പ്രിയതമനുമായി ആത്മബന്ധത്തിൽ മുഴുകിയിരിക്കുന്നു. സാധാരണക്കാരനായ ഒരു ഭ്രാന്തനെയും വിശുദ്ധനായ ഭ്രാന്തനെയും വേർതിരിക്കുന്ന അതിർവരമ്പ് അതിലോലമാണ്. പല സന്ദർഭങ്ങളിലും ഭ്രാന്തനായ ഒരാൾ വിശുദ്ധനെന്നും മറിച്ചും തെറ്റിദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇങ്ങനെ പലപ്പോഴും സംഭവിക്കാറുണ്ടെന്നത് സത്യമാണ്. ഇരുകൂട്ടരെയും തിരിച്ചറിയുന്നതിനുള്ള ചില മാർഗ്ഗരേഖകൾ ഉണ്ട്. അതിനാൽ തികച്ചും ബോധവാനായ വ്യക്തിയിൽനിന്ന് സാധകർ മാർഗ്ഗരേഖകൾ സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

അതിവിചിത്രമായി പെരുമാറുന്ന മറ്റൊരുതരം വിശുദ്ധരും ഉണ്ട്. തങ്ങളുടെ സ്വകാര്യനിമിഷങ്ങളിൽ സന്തുലിതമായി പെരുമാറുമെങ്കിലും അയോഗ്യരായ ആളുകളെ അകറ്റി നിർത്താൻവേണ്ടി അവർ അപമാനിക്കുന്ന രീതിയിലും അന്യരോട് പെരുമാറുന്നുണ്ട്. അത്തരത്തിലുള്ള ഒരു സൂഫിവിഭാഗമാണ് 'മലമതിസ്.'

ഇപ്പോൾ ഞാൻ അപൂർവ്വമായ ഒരു യാത്രയ്ക്ക് ഒരുങ്ങുകയാണ്. അതിനു മുമ്പ് അടുപ്പക്കാരും ഉറ്റബന്ധുക്കളുമായുള്ള ബന്ധം വിച്ഛേദിക്കും. എന്നിട്ട് വിപുലമായ പാതകളിലൂടെ അന്വേഷണാർത്ഥം സഞ്ചരിക്കും. രണ്ടു പ്രധാന ഘടകങ്ങളാണ് മുന്നിൽ നോക്കാതെ ഏതെങ്കിലും സംരംഭത്തിൽ ചെന്നു ചാടാതിരിക്കാനും, തെറ്റായ മാർഗ്ഗത്തിൽ ചരിക്കാതിരിക്കാനും എനിക്കു പ്രേരകമായി വർത്തിച്ചത്. അതിനാൽ എനിക്ക് തൃപ്തികരമായ രീതിയിൽ പ്രശ്നപരിഹാരം കാണാൻ കഴിഞ്ഞു. ഞാൻ വിശദീകരിക്കാം.

യാഥാസ്ഥിതിക ഇസ്ലാംമതം നിഗൂഢമായ അനുഷ്ഠാനങ്ങൾക്കു നേരേ നെറ്റി ചുളിക്കും എന്നത് ഒരു വസ്തുതയാണ്. എനിക്ക് വഹാബി തത്ത്വസംഹിതകളെപ്പറ്റിയുള്ള പ്രബോധനം നല്കപ്പെട്ടില്ലായിരുന്നുവെങ്കിൽ ഞാൻ ഒരിക്കലും അല്പകാലത്തേക്കുപോലും വീടുവിട്ടിറങ്ങിപ്പോകുകയോ സാമൂഹ്യപ്രതിബദ്ധതകൾ വെടിയുകയോ ചെയ്യുമായിരുന്നില്ല. ഭാഗ്യത്തിന് എന്നെയും എന്റെ സഹോദരിയെയും ഖുറാനും ശരിയത്തും പഠിപ്പിക്കാൻ ചുമതലപ്പെടുത്തിയത് ഇബ്രാഹിംഭായി എന്ന സൂഫിയെ ആയിരുന്നു. ഞാൻ അദ്ദേഹത്തിനോട് ആജീവനാന്തം കടപ്പെട്ടിരിക്കുന്നു. അദ്ദേഹമാണ് എനിക്ക് സൂഫി സിദ്ധാന്തങ്ങളുടെ ആന്തരിക രഹസ്യങ്ങൾ പഠിപ്പിച്ചുതന്നത്. ഏതെങ്കിലും കാരണവശാൽ എന്റെ സഹോദരി പഠിക്കാൻ വരാത്ത നാളുകളിൽ അദ്ദേഹം സൂഫികൾ സഞ്ചരിച്ച പാതകളെപ്പറ്റി അതിമനോഹരമായി എനിക്കു വിശദീകരിച്ചു തന്നു. അതിലൂടെ അദ്ദേഹം എനിക്കു സ്വന്തം നിലയിൽ എന്തു ത്യാഗവും സഹിച്ച് ആദ്ധ്യാത്മിക നിധി കണ്ടെത്താനുള്ള പ്രചോദനം നല്കി.

രണ്ടാമതായി എനിക്കു പറയാനുള്ളത് ആദ്ധ്യാത്മിക സാധകർക്ക് ആദ്ധ്യാത്മികരംഗത്തെ മഹാത്മക്കൾ നല്കിയിട്ടുള്ള മുന്നറിയിപ്പുകളെ സംബന്ധിച്ചാണ്. സാധകർ ഒരിക്കലും അമാനുഷികശക്തികളിലും

ദിവ്യാത്ഭുതങ്ങളിലും ആകർഷിക്കപ്പെടരുത്. അവ നേടാൻവേണ്ടി ആഗ്രഹം പുലർത്താനും പാടില്ല. രാമകൃഷ്ണപരമഹംസൻ പറഞ്ഞിട്ടുണ്ട്: "ഏതെങ്കിലും ഒരു വിശുദ്ധൻ ദിവ്യാത്ഭുതങ്ങൾ കാണിക്കുകയാണെങ്കിൽ നിങ്ങൾ അവിടെ നിന്നു കഴിവതും വേഗം ഓടിപ്പോകണം." കുട്ടിക്കാലം മുതൽ എനിക്ക് ജാലവിദ്യയിലും അമാനുഷിക ശക്തികളിലും താൽപര്യം ഉണ്ടായിരുന്നതിനാൽ ഞാൻ കൈയടക്കത്തെയും ജാലവിദ്യാപ്രകടനത്തെയും സംബന്ധിക്കുന്ന വിപുലമായ സാഹിത്യം വായിച്ചിട്ടുണ്ട്. ഞാൻ അനേകം ജാലവിദ്യക്കാരുമായി നേരിട്ടു ബന്ധപ്പെട്ടിട്ടുണ്ട്. അവരിൽനിന്ന് പല വിദ്യകളും പഠിച്ചിട്ടുള്ള ഞാൻ ചെറിയ ആൾക്കൂട്ടത്തിനു മുമ്പിലും കോളജിലും ജാലവിദ്യാപ്രകടനം നടത്തിയിട്ടുണ്ട്. എനിക്ക് പൂർണ്ണതോതിലുള്ള ഇന്ദ്രജാലപ്രകടനം നടത്താൻ കഴിയും. ആകാശവും ഭൂമിയും തൊടാതെയുള്ള നില്ക്കൽ (ലെവിറ്റേഷൻ), സ്ത്രീയെ വാളുകൊണ്ട് മുറിച്ച് രണ്ടാക്കൽ, ഗ്രേറ്റ് ഇന്ത്യൻ റോപ്പ് ട്രിക്ക് തുടങ്ങിയ പരിപാടികൾ അവതരിപ്പിക്കാൻ കഴിയും.

അന്തരീക്ഷത്തിൽനിന്ന് വിഭൂതി വരുത്തൽ, സ്വർണ്ണമോതിരങ്ങൾ സൃഷ്ടിക്കൽ, സ്ഫടികലിംഗങ്ങൾ സൃഷ്ടിക്കൽ മുതലായവ എനിക്കു വളരെ ലാഘവത്തോടെ ചെയ്യാൻ കഴിയും. പല വിശുദ്ധരുടെയും ശിഷ്യന്മാരുടെ മുന്നിൽ ഇത്തരം പ്രകടനങ്ങൾ നടത്തിയത് വിശുദ്ധരെ പ്രകോപിപ്പിക്കാൻ ഇടയാക്കിയിട്ടുണ്ട്. ഇന്ദ്രജാലവും ദിവ്യാത്ഭുത പ്രകടനങ്ങളും അഭ്യസിച്ചിട്ടും ഇതിലേക്ക് ആകർഷിക്കപ്പെട്ടില്ല എന്നതാണ് സാംഗത്യം. ഇത്തരം ദിവ്യാത്ഭുത പ്രകടനങ്ങൾ ഒന്നും അത്ര വലിയ കാര്യമായി എടുക്കേണ്ടതില്ല. ചെപ്പടിവിദ്യകൾ കാണിക്കുന്ന വിശുദ്ധർ എന്ന് അവകാശപ്പെടുന്നവരാൽ ഞാൻ ഒരിക്കലും വഞ്ചിക്കപ്പെട്ടിട്ടില്ല. എന്നാൽ കേട്ടമാത്രയിൽ വിശ്വസിക്കുന്ന എത്രയോ പാവങ്ങൾ നമ്മുടെ നാട്ടിലുണ്ട്. അവർ ഇത്തരം വിശുദ്ധന്മാരാൽ വഞ്ചിതരാകുന്നു. ഒരു ആദ്ധ്യാത്മിക ഗുരുവിനെ അന്വേഷിക്കുന്നതിനു ഞാൻ തയ്യാറായിക്കഴിഞ്ഞു. അതിനുവേണ്ടി എന്തു ബുദ്ധിമുട്ടും സഹിക്കാൻ ഞാൻ ഒരുക്കമാണ്. കാഷായവേഷം ധരിച്ച ജാലവിദ്യക്കാരാൽ ഞാൻ ഒരിക്കലും വിഡ്ഢിയാക്കപ്പെടുകയില്ല.

പതിന്നാല്

പരീക്ഷണ ഓട്ടം

യാത്രയ്ക്ക് മനസ്സ് തീവ്രമായി ഒരുങ്ങിക്കഴിഞ്ഞു. ഹിമാലയത്തിനോടുള്ള അഭിനിവേശം തടുക്കാനാവാത്തതായിരുന്നു. ആകാശത്ത് മനോഹരമായി മേഘങ്ങൾ ഉരുണ്ടു കൂടുന്നതു കാണുമ്പോൾ എന്റെ ഭാവന ഹിമശൃംഗങ്ങളെ മനസ്സിലേക്ക് ആവാഹിക്കും. ഹിമസാന്ദ്രമായ എന്റെ മനസ്സ് പാറക്കുന്നുകളുടെ ചിത്രങ്ങൾക്കു ധവളിമ നല്കാൻ പ്രേരിപ്പിച്ചു. അതിവിദൂരതയിൽ നിന്നുകൊണ്ട് ഹിമാലയം എന്നെ മാടി വിളിച്ചുകൊണ്ടിരുന്നു. ഞാൻ കാണുന്ന സ്വപ്നങ്ങളിൽ മഹാന്മാരായ യോഗികളെ കാണും. അവർ ഹിമാലയത്തിന്റെ മുകളിൽ കിഴുക്കാംതൂക്കായ പാറക്കെട്ടുകൾക്കു സമീപം ധ്യാനനിരതരായിരിക്കുന്നതു കണ്ടിട്ടുണ്ട്. ഒരിക്കൽ സ്വപ്നത്തിൽ കാണാനിടയായ യോഗി എനിക്ക് ഒമ്പതര വയസ്സുണ്ടായിരുന്നപ്പോൾ പ്ലാവിൻ ചുവട്ടിൽ വച്ചു കണ്ട അതേ യോഗിയായിരുന്നുവെന്ന് ഉറപ്പായിരുന്നു. അദ്ദേഹം എന്നെ പ്രതീക്ഷിച്ചുകൊണ്ട് ഹിമാലയത്തിൽ എവിടെയോ ഒരു ഗുഹയ്ക്കു സമീപം നില്ക്കുകയായിരുന്നു.

അതൊരു നിമിത്തമായി. യാത്രാവിവരണങ്ങളും, റയിൽവേ ഗൈഡുകളും ഉൾപ്പെടെ ഹിമാലയത്തെപ്പറ്റി പ്രതിപാദിക്കുന്ന എല്ലാ രചനകളും ഞാൻ വായിച്ചു. ഹിമാലയത്തിൽ പോകാനുള്ള ഒരു കർമ്മപദ്ധതി തയ്യാറാക്കുകയും ചെയ്തു.

എന്നിലുള്ള പ്രായോഗിക മനുഷ്യൻ അതിൽപെട്ടു. നിർദ്ദിഷ്ട സങ്കേതത്തിലേക്ക് പോകുന്നതിനുമുമ്പ് ഞാൻ ഒരു പരീക്ഷണ ഓട്ടം നടത്തുന്നത് എന്തുകൊണ്ടും അഭികാമ്യമായിരിക്കുമെന്നാണ് പ്രായോഗിക ബുദ്ധിയുടെ നിർദ്ദേശം. അതിന്റെ മുന്നോടിയായി പത്തു ദിവസം വീട്ടിൽനിന്ന് അകന്നു കഴിയുന്നത് പ്രയോജനകരമായിരിക്കും. ഒന്നാമതായി വീട്ടിൽനിന്ന് അകന്ന് എനിക്കു കഴിയാൻ പറ്റുമോ എന്നു മനസ്സിലാക്കാനുള്ള അവസരം കിട്ടും. രണ്ടാമതായി സ്നേഹിക്കുന്ന അച്ഛനമ്മമാർ, വിശേഷിച്ചും എന്റെ അമ്മ മടങ്ങിവരുമ്പോൾ എങ്ങനെയായിരിക്കും പ്രതികരിക്കുന്നതെന്ന് അറിയാനുള്ള അവസരം കിട്ടും. മൂന്നാമതായി അഞ്ചരവയസ്സുമാത്രം പ്രായമുള്ള എന്റെ ഏറ്റവും പ്രിയപ്പെട്ട അനിയത്തിയുമായി അകന്നുകഴിയുന്നത് എങ്ങനെ എന്നെ സ്വാധീനിക്കും എന്ന് അറിയാൻ ഒരവസരം കിട്ടും.

സർവ്വീസിൽനിന്ന് വിരമിച്ച ബന്ധുവായ ഒരു മജിസ്ട്രേറ്റിൽനിന്ന് ചില കാര്യങ്ങൾ അറിയാനിടയായി. തിരുനെൽവേലിയിൽനിന്നും കുറച്ചുദൂരെ താമ്രപർണ്ണീനദീ തീരത്ത് ഒരു കൊച്ചു ഗ്രാമം ഉണ്ട്. പോട്ടൽപ്പുത്തൂർ എന്നാണ് ഗ്രാമത്തിന്റെ പേര്. അവിടെ ഗംഭീരമായ ഒരു ശവകുടീരമുണ്ട്. അവിടെ രണ്ടു

മെതിയടികൾ സൂക്ഷിച്ചിരിക്കുന്നു. അവ മഹാനായ സൂഫി വിശുദ്ധനായ അബ്ദുൾഖാദർ ഗിലാനിയുടേതാണ്. ഖാദരിയ വിഭാഗത്തിൽപെട്ട ഏതാനും സൂഫി സന്ന്യാസികൾ അവിടെ താമസിക്കുന്നുമുണ്ട്.

മറ്റൊരു കാര്യംകൂടി എനിക്ക് അറിയാൻ കഴിഞ്ഞു. അവിടെനിന്നും കുറച്ചു ദൂരെയുള്ള ഘോരവനത്തിലെ ഒരു കുന്നിൻപുറത്ത് അജ്ഞാതനായ ഒരു വിശുദ്ധന്റെ ശവകുടീരം ഉണ്ട്. അവിടെ കൂടക്കൂടെ ഖാദരിയാ വിഭാഗത്തിൽപെട്ടവർ പോയിരുന്നു. ചില രാത്രികളിൽ പ്രസ്തുത ഗുഹയിൽ ചില വിചിത്ര ജീവികൾ സന്ദർശിച്ചിരുന്നതായി പറയപ്പെടുന്നുവത്രെ.

എന്റെ യാത്രയുടെ ലക്ഷ്യസ്ഥാനം പോട്ടൽപ്പുത്തൂർ ആയി നിശ്ചയിച്ചു. തിരുവനന്തപുരത്തുനിന്നും വളരെ ദൂരെയായിരുന്നില്ല ആ സ്ഥലം. ടിക്കറ്റിനുള്ള പണം എന്റെ പക്കൽ ഉണ്ടായിരുന്നു. മറ്റു ചെലവുകൾക്കുള്ള പണവും കരുതി. ഞാൻ നേരേ നാഗർകോവിലേക്കു തിരിച്ചു. അവിടെനിന്നും തിരുനെൽവേലിക്കുള്ള ബസ്സിൽ കയറി. വൈകുന്നേരം ആയപ്പോൾ പോട്ടൽപ്പുത്തൂരിൽ എത്തിച്ചേർന്നു. ഞാൻ ധരിച്ചിരുന്ന വെള്ള ഷർട്ടും വെള്ള മുണ്ടും അല്ലാതെ വേറെ വസ്ത്രമൊന്നും കൊണ്ടുപോയിരുന്നില്ല. ഞാൻ കഴുത്തിൽ ഒരു ടൗവൽ ചുറ്റിയിരുന്നു. ഞാൻ എവിടേക്കു പോകുന്നു എന്നതിനെപ്പറ്റി ആർക്കും ഒരു വിവരവും ഇല്ലായിരുന്നു.

ഞാൻ പോട്ടൽപ്പുത്തൂരിൽ എത്തിയ ഉടനേ കേട്ടറിഞ്ഞ സൂഫി സമൂഹത്തെ കണ്ടെത്താനുള്ള ശ്രമം ആരംഭിച്ചു. വെള്ളനിറം പൂശിയ ഒരു വലിയ ഭവനം ഉണ്ടെന്നും അവിടെനിന്നും വളരെ ദൂരയല്ല പ്രസ്തുത ശവകുടീരമെന്നും ചിലരിൽനിന്ന് അറിയാൻ കഴിഞ്ഞു. ശവകുടീരത്തിന്റെ സമീപത്ത് ഒരു പള്ളിയുണ്ട്. പ്രസ്തുത പള്ളിയിലാണ് സൂഫി വിഭാഗത്തിലെ തലവനായ ഷേഖ് പരമ്പരാഗതമായി താമസിക്കുന്നത്. തലവനെ ഇനാംദാർ എന്നും വിളിക്കുന്നുണ്ട്. ഞാൻ ഷേഖിന്റെ ബംഗ്ലാവ് സന്ദർശിച്ചു. അവിടെ അല്പസമയം കാത്തുനിന്നതിനുശേഷം അകത്തേക്കു പ്രവേശിക്കാനുള്ള അനുമതി കിട്ടി. ഞാൻ അദ്ദേഹത്തെ കണ്ട് അത്ഭുതപ്പെട്ടു. അദ്ദേഹം ധരിച്ചിരുന്നത് സാധാരണ വേഷമായിരുന്നു. വെള്ള ഷർട്ടും വെള്ള ട്രൗസറും. മദ്ധ്യവയസ്കനായ അദ്ദേഹം കാഴ്ചയിൽ സുന്ദരനായിരുന്നു. ചെറിയ മീശയും ഭംഗിയായി വളർത്തിയ താടിയും ഉണ്ടായിരുന്നു. തലപ്പാവുമില്ല; തൊപ്പിയുമില്ല.

അദ്ദേഹം ഇരുന്നിരുന്ന കസേരയുടെ പിന്നിലെ ചുവരിൽ ഒരു ചിത്രം തൂക്കിയിട്ടിരുന്നു. കാണാൻ പ്രൗഢിയുള്ള ആൾ ധരിച്ചിരുന്നത് പച്ചനിറമുള്ള കുപ്പായവും കാവിനിറമുള്ള തലപ്പാവും ആയിരുന്നു. നീണ്ട താടിയും ഉണ്ടായിരുന്നു. ഞാൻ ചിത്രത്തിലേക്കു ശ്രദ്ധിക്കുന്നതു കണ്ട് അദ്ദേഹം പറഞ്ഞു: "അത് എന്റെ അച്ഛന്റെ ഛായാചിത്രമാണ്." ഞങ്ങൾ അനൗപചാരികമായി പല വിഷയങ്ങളെയുംപറ്റി സംസാരിച്ചു. ഞാൻ അവരുടെ സൂഫി സമ്പ്രദായത്തിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അറിയിച്ചപ്പോൾ അദ്ദേഹം വിനീത സ്വരത്തിൽ വിസമ്മതിച്ചു. അതിനു രണ്ടു കാരണങ്ങളാണ് അദ്ദേഹം പറഞ്ഞത്. സൂഫി സമ്പ്രദായത്തിൽ ചേരുന്നതിന് കുറഞ്ഞത് നാല്പതു വയസ്സെങ്കിലും ആയിരിക്കണം. സൂഫികൾ നയിക്കുന്നത് പൂർണ്ണ ജീവിതമാണ്. അതിനാൽ ഈ സമ്പ്രദായത്തിൽ ചേരാൻ ആഗ്രഹിക്കുന്ന സാധകൻ വിവാഹിതനായി

രിക്കണം. ഞാൻ അവിവാഹിതനായതുകൊണ്ട് ഇനിയും കാത്തിരിക്കണം. എന്നാൽ സൂഫി സമൂഹത്തിൽ ചേർക്കുന്നതിനുള്ള തടസ്സം പറഞ്ഞുവെങ്കിലും അദ്ദേഹം സൂഫി സിദ്ധാന്തത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും ചർച്ച ചെയ്യാനുള്ള സന്നദ്ധത പ്രകടിപ്പിച്ചു. ഞാൻ ഡോർമിറ്ററിയിൽ കിടന്ന് ഉറങ്ങിക്കൊള്ളാം എന്നുപറഞ്ഞപ്പോൾ അദ്ദേഹം മനസ്സില്ലാമനസ്സോടെ സമ്മതിച്ചു. പക്ഷേ, ഭക്ഷണം തന്നോടൊപ്പം ഇരുന്നു കഴിക്കണമെന്നു നിർബന്ധിച്ചു.

ഞാൻ പള്ളിയിലേക്കു പോയി. രാത്രി സുഖമായി ഉറങ്ങി. അതിരാവിലെ പ്രാർത്ഥന ചൊല്ലുന്നതു ഞാൻ കേട്ടുണർന്നു. വെറും ഔപചാരികമായ ചടങ്ങായി നമാജ് ചൊല്ലുന്നതിൽ എനിക്കു വിശ്വാസമില്ലായിരുന്നു. എങ്കിലും ഞാൻ നമാജ് ചൊല്ലുന്ന അവരോടൊപ്പം ചേർന്നു. അതിനുശേഷം ഞാൻ വജ്രാസനത്തിൽ ഇരുന്നു ധ്യാനിച്ചു. പള്ളിയുടെ കൂരയിൽ കൂടുകെട്ടി പാർത്തിരുന്ന പ്രാവുകളുടെ ശബ്ദം നിരന്തരം കേട്ടുകൊണ്ടിരുന്നു.

ഞാൻ ഷേഖിനോടൊപ്പം ഇരുന്നു പ്രാതൽ കഴിച്ചു. അതുകഴിഞ്ഞ് ഖാദരിയാ സമ്പ്രദായത്തിലെ ചില സന്ന്യാസികളുമായി സംസാരിച്ചു. സൂഫി സമ്പ്രദായത്തിലെ തലവനെപ്പോലെയായിരുന്നില്ല അവരുടെ വേഷം. അവർ സൂഫിസന്യാസിമാരുടെ പരമ്പരാഗതമായ വേഷമാണു ധരിച്ചിരുന്നത്. അവർ താടി വളർത്തിയിരന്നു. കാവി തലപ്പാവും ധരിച്ചിരുന്നു. ഷേഖ് അവർക്ക് എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. ആദ്യ ദിവസം അദ്ദേഹവുമായി നടത്തിയ ചർച്ചകളെപ്പറ്റിയും അദ്ദേഹം പരാമർശിച്ചു.

ഉച്ചയ്ക്ക് ഭക്ഷണസമയത്തും ഞാൻ ഷേഖിനെ കണ്ടു. അദ്ദേഹത്തിൽ നിന്നും സൂഫി തത്ത്വസംഹിതകളെപ്പറ്റിയും അനുഷ്ഠാനങ്ങളെപ്പറ്റിയും പല കാര്യങ്ങളും ഗ്രഹിച്ചു. അദ്ദേഹം *കസ്ഫ്-അൽ-മെഹബൂബ്* എന്ന ഗ്രന്ഥത്തിന്റെ നല്ല ഇംഗ്ലിഷ് തർജ്ജമ എനിക്ക് വായിക്കാൻ തന്നു. ഈ ഗ്രന്ഥം രചിച്ചത് അലി ഹുജിവാരി ആണ്. അത് സൂഫി തത്ത്വസംഹിതകൾ അടങ്ങിയ ഒരു മഹത്തായ കൃതിയാണ്. സർദാർ ഇഖ്ബാൽ ആലിഷാ രചിച്ച *ദി സൂഫീസ്* എന്ന ഗ്രന്ഥവും വായിക്കാൻ തന്നു. അദ്ദേഹം സമ്പ്രദായത്തിലെ ഒരു മുതിർന്ന അംഗത്തെ സൂഫി സമ്പ്രദായത്തെപ്പറ്റി എന്നോട് ചർച്ച ചെയ്യാൻ നിയോഗിച്ചു. പകലും രാത്രിയിലും ആനന്ദകരമായ ധ്യാനത്തിൽ മുഴുകാൻ കഴിഞ്ഞു. സന്തോഷപ്രദമായിരുന്നു അവിടെ കഴിച്ചുകൂട്ടിയ സമയം. കഴിക്കാൻ നല്ല ഭക്ഷണമാണു കിട്ടിയിരുന്നത്.

ഏഴു ദിവസങ്ങൾ പിന്നിട്ടു. ഞാൻ ഗുഹയിലേക്ക് പോകുന്ന വിഷയം അവതരിപ്പിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുകയും ചെയ്തു. മാർഗ്ഗനിർദ്ദേശങ്ങൾ നല്കപ്പെട്ടുവെങ്കിലും ഷേഖ് ഞാൻ ഒറ്റയ്ക്കു പോകുന്നതിനോട് വൈമനസ്യം പ്രകടിപ്പിച്ചു. ഇടതൂർന്ന വനപ്രദേശമാണെന്നും ആ സ്ഥലത്ത് പുള്ളിപ്പുലികൾ ഉണ്ടെന്നും പറഞ്ഞു. അതുപോലെതന്നെ ഗുഹയിലേക്ക് പോകുന്ന വഴിയും സുഗമമല്ല. വഴി കണ്ടുപിടിക്കാനും പ്രയാസമാണ്. പോകാനുള്ള ഏർപ്പാടുകൾ ചെയ്തു. നല്ലപൊക്കമുള്ള ബലിഷ്ഠനായ സമുദായത്തിലെ ഒരു മുതിർന്ന ആളിനെ എന്റെ കൂടെ വരാൻ ചുമതലപ്പെടുത്തി. കോലാടിന്റെ കീഴ്ത്താടിയിലെ രോമക്കൂട്ടത്തിന്റെ ആകൃതിയിലുള്ള താടിമീശയുള്ള ആ

മനുഷ്യന്റെ പേര് ഇബ്രാഹിം എന്നായിരുന്നു. അനേകംതവണ അവിടെ പോയിട്ടുള്ള ആളായിരുന്നു അദ്ദേഹം. അദ്ദേഹത്തെ സഹായിക്കാൻവേണ്ടി ദൃഢഗാത്രനായ ഇരുണ്ടനിറമുള്ള ഒരു യുവാവിനെയും നിയോഗിച്ചു. അധികം സംസാരിക്കുന്ന പ്രകൃതക്കാരനായിരുന്നില്ല ആ യുവാവ്.

ഒരു ദിവസം ഉച്ചയ്ക്ക് ഞങ്ങൾ ബസ്സിൽ കയറി. ഒരു മണിക്കൂർ കഴിഞ്ഞ് ഞങ്ങൾ വിജനമായ ഒരു ഗ്രാമത്തിലെത്തി. ഷേക്ക് പറഞ്ഞതു തികച്ചും വാസ്തവമായിരുന്നു. അവിടം നിബിഡവനപ്രദേശമായിരുന്നു. പലയിടങ്ങളിലും കൂടെയുണ്ടായിരുന്ന സഹായി മുൾച്ചെടികൾ നിറഞ്ഞ കുറ്റിക്കാട് വെട്ടിനിരത്തിയാണ് മുന്നോട്ടു പോകാനുള്ള വഴിയൊരുക്കിയത്. അങ്ങിങ്ങായി ഗോത്രവർഗ്ഗക്കാർ ആരാധിക്കുന്ന ഭയാനകമായ പ്രതിമകൾ കണ്ടു. അവർ ദുർമന്ത്രം ചെയ്യാൻ വൈദഗ്ദ്ധ്യം നേടിയവരായിരുന്നു. ചില ഇടങ്ങളിൽ മൃഗങ്ങളുടെ തലകളും വെട്ടിമാറ്റിയിട്ടിരിക്കുന്നതു കണ്ടു. അവ വനദേവതകൾക്ക് നല്കപ്പെട്ട ബലിയാണ്. അന്തരീക്ഷമാകെ ഭയാനകമായിരുന്നു.

സന്ധ്യയോടടുത്ത സമയത്ത് ഞങ്ങൾ ഒരു ചെറിയ കുന്നിന്റെ സമീപമെത്തി. അതിലാണ് ഗുഹ സ്ഥിതി ചെയ്തിരുന്നത്. പാറയിൽ പടികൾ നിർമ്മിച്ചിരുന്നു. വെറും പത്തുമിനിട്ടുകൊണ്ട് ഞങ്ങൾ ഗുഹയുടെ സമീപമെത്തി. ഗുഹയെ സംരക്ഷിക്കാനെന്നപോലെ ചുറ്റും പടുകൂറ്റൻ മരങ്ങൾ നിന്നിരുന്നു. അന്തരീക്ഷം ഇരുണ്ടുകൊണ്ടിരുന്നു. ചെറുപ്പക്കാരനായ ഹസൻ ധൃതിയിൽ കത്തിക്കാനുള്ള വിറക് ശേഖരിക്കാൻ തുടങ്ങി. അതിനിടയിൽ ഞാൻ അത്ര വലിപ്പമില്ലാത്ത ഗുഹ പരിശോധിക്കാൻ തുടങ്ങി. ശൂന്യമായ ഗുഹ നല്ല വെടിപ്പുള്ളതായിരുന്നു. അടുത്ത കാലത്ത് ഗുഹ ആരോ വെടിപ്പാക്കിയിരുന്നതുപോലെ തോന്നി.

ഗുഹാമുഖത്തായിരുന്നു ശവകുടീരം. ഇബ്രാഹിം സാഹബ് ശവകുടീരത്തെപ്പറ്റി വിശദീകരണം നല്കി: ഒരിടത്തും സ്ഥിരമായി താമസിക്കാത്ത മലംഗബാബാ എന്ന് അറിയപ്പെട്ടിരുന്ന സൂഫി വിശുദ്ധന്റെ ശവകുടീരമായിരുന്നു അത്. ഇബ്രാഹിം സാഹബ് ചന്ദനത്തിരി കത്തിച്ചുവച്ച് കണ്ണടച്ചിരുന്നു പ്രാർത്ഥിച്ചു. അതിനുശേഷം ഗുഹയുടെ സമീപമുള്ള വലിയ പാറയുടെ നിരപ്പായ ഭാഗത്ത് തീ കത്തിച്ചു. ഗുഹയുടെ അടുത്തുള്ള അരുവിയിൽ നിന്ന് വെള്ളം കൊണ്ടുവന്നു. എന്റെ കൂടെ വന്നവർ തുണിസഞ്ചികളിൽ പലവ്യഞ്ജനങ്ങൾ കൊണ്ടുവന്നിരുന്നു. ഹസ്സൻ ചപ്പാത്തി തീയിലിട്ട് ചുട്ടെടുത്തു. ഉള്ളിയും തേങ്ങാപ്പീരയും പുളിയും ഉപ്പും മുളകുംകൊണ്ട് ചമന്തിയുണ്ടാക്കി. ഇബ്രാഹിം സാഹബും ഞാനും കൈയും കാലും മുഖവും കഴുകി പ്രാർത്ഥിക്കാനിരുന്നു.

കുറച്ചു കഴിഞ്ഞ് ഞങ്ങൾ ഒരുമിച്ചിരുന്ന് ചപ്പാത്തിയും രുചികരമായ ചമ്മന്തിയും വയർനിറയെ കഴിച്ചു.

ഭക്ഷണം കഴിച്ചുകഴിഞ്ഞിട്ട് ഇബ്രാഹിം സാഹബും ഹസനും അവരുടെ തംബുരു എടുത്ത് ഉർദുവിൽ അതിമനോഹരവും ഭക്തിനിർഭരവുമായ രണ്ടു സൂഫിഗീതങ്ങൾ ആലപിച്ചു. ഈശ്വരനെ പ്രാപിക്കാനുള്ള തീവ്രമായ അഭിവാഞ്ഛ ആ ഗീതങ്ങളിൽ പ്രകടമായിരുന്നു. എന്നിട്ട് രണ്ടുപേരും കൊണ്ടുവന്നിരുന്ന പുൽപ്പായ് വിരിച്ച് അതിൽ കിടന്നു. അപ്പോഴും പാറക്കെട്ടിലെ

തീ ആളിക്കത്തുന്നുണ്ടായിരുന്നു. ഉറങ്ങുന്നതിനുമുമ്പ് ഇബ്രാഹിം സാഹബ് എന്നോടു പറഞ്ഞു: "രാത്രിയിൽ ഞങ്ങളല്ലാതെ മറ്റാരെങ്കിലും നിങ്ങളെ വിളിച്ചുണർത്തുകയാണെങ്കിൽ എന്നെ ഒന്നു വിളിച്ചാൽ മതി. ഇരുട്ടത്ത് കാട്ടിൽ പോകാനുള്ള മണ്ടത്തരം കാണിക്കരുത്. രാത്രിയിൽ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ ഈ പാറയുടെ അറ്റം വരെ മാത്രമേ പോകാവൂ."

അതിനുശേഷം പേടി കാരണം എനിക്ക് ഉറക്കം വന്നില്ല. ക്ഷീണിച്ചിരുന്നതിനാലും നല്ല കുളിർ കാറ്റ് വീശിക്കൊണ്ടിരുന്നതിനാലും അറിയാതെ ഉറങ്ങിപ്പോയി. എത്ര നേരം ഉറങ്ങി എന്ന് അറിഞ്ഞുകൂടായിരുന്നു. നേരം വെളുക്കാറായപ്പോൾ എന്തോ ഒന്ന് എന്റെ വലതുകൈ പിടിച്ചുവലിച്ചതിനാൽ ഞാൻ ഉണർന്നു. ഏതെങ്കിലും വന്യജീവി എന്റെ വിരൽ കടിച്ചു തിന്നുകയായിരിക്കും എന്ന് പെട്ടെന്ന് മനസ്സിൽ വിചാരിച്ചു. ഞാൻ വലതുഭാഗത്തേക്കു തിരിഞ്ഞു നോക്കി. ആ കാഴ്ച കണ്ട് എന്റെ ശരീരമാകെ മരവിച്ചുപോയി. ഭയംകാരണം രോമങ്ങൾ എണീറ്റുനിന്നു.

എന്റെ അരികിൽ കക്ഷത്ത് ചൂലുമായി, വിരൂപിയായൊരു കിഴവി ദുഃഖം തളം കെട്ടി നില്ക്കുന്ന മുഖവുമായി മുട്ടുകുത്തി ഇരിക്കുന്നതു കണ്ടു. അവളുടെ അസ്ഥി മാത്രമായ വിരൽകൊണ്ട് എന്റെ വലതുകൈ പിടിച്ചു വലിച്ച് ദയനീയമായ സ്വരത്തിൽ മന്ത്രിച്ചു: "മോനേ, വാ... എന്റെ കൂടെ വാ... ഞാൻ പ്രായംചെന്ന രോഗിയാണ്. എന്റെ കൂടെ വന്ന് എന്നെ സഹായിക്കൂ... വാ..."

പൊടുന്നനേ ഇബ്രാഹിം സാഹബിന്റെ മുന്നറിയിപ്പ് മനസ്സിലേക്ക് പാഞ്ഞെത്തി. എനിക്ക് എന്റെ തൊട്ടടുത്ത് കിടക്കുകയായിരുന്ന ഇബ്രാഹിം സാഹബിനെ ഇടതുകൈകൊണ്ട് തൊടാനോ സഹായത്തിനുവേണ്ടി നിലവിളിക്കാനോ കഴിഞ്ഞില്ല. എന്റെ ശരീരം മുഴുവനും എന്റെ കണ്ഠനാളവും മരവിച്ചതുപോലെ അനുഭവപ്പെട്ടു. ഭയഗ്രസ്തനായിരുന്നു ഞാൻ. വൃദ്ധസ്ത്രീ തന്റെ മുഖം എന്റെ മുഖത്തോട് അടുപ്പിക്കുകയായിരുന്നു. അഴുകിയ മാംസത്തിന്റെ ദുർഗന്ധം എന്റെ മൂക്കിലേക്ക് തുളച്ചു കയറിക്കൊണ്ടിരുന്നു. ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു. എന്നിട്ട് അവസാനമായി ഒരു ശ്രമം നടത്തി നോക്കാൻ ഉറച്ചു.

ഞാൻ എന്റെ എല്ലാ ശ്രദ്ധയും ഹൃദയചക്രത്തിൽ കേന്ദ്രീകരിച്ചു. അപ്പോൾ വെള്ളിപോലെ തിളക്കമാർന്ന ഒരു പ്രകാശനാളം അവിടെനിന്നും ബഹിർഗമിച്ചുകൊണ്ട് സഹായാർത്ഥം ഇബ്രാഹിം സാഹബിന്റെ അടുത്തേക്കു പോയി. ഫലമുണ്ടായി. എന്റെ ഇടതുവശത്തുനിന്നും ഒരു നിലവിളികേട്ടു. അതോടൊപ്പം ഇബ്രാഹിം സാഹബ് പിടഞ്ഞെണീറ്റു. അടുത്തനിമിഷം തീക്കുണ്ഡത്തിൽ നിന്നെടുത്ത ഒരു തീക്കൊള്ളിയും കൈയിലേന്തി അദ്ദേഹം എന്റെയടുത്തേക്ക് വന്നു. അദ്ദേഹത്തിനും ആ പിശാചിനെ കാണാൻ കഴിയുന്നുണ്ടെന്ന് ഞാൻ ഊഹിച്ചു. തമിഴിൽ ഉച്ചത്തിൽ എന്തോ ജപിച്ചു.

മായാരൂപം അപ്രത്യക്ഷമായി. ഞാൻ എണീറ്റിരുന്നു. കുറച്ചു സമയത്തേക്ക് അനങ്ങാൻ കഴിഞ്ഞില്ല. അപ്പോഴേക്കും ഹസനും എണീറ്റ് അമ്പരപ്പോടെ നോക്കി. എന്താണ് സംഭവിച്ചതെന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം ഇത്രമാത്രം പറഞ്ഞു: "കാട്ടിൽ ശരീരം നഷ്ടപ്പെട്ട ആരോ ആയിരിക്കും. ഏതോ പിശാച്..." അദ്ദേഹം കൂടുതലൊന്നും പറഞ്ഞില്ല.

രാവിലെ കുളി കഴിഞ്ഞതിനുശേഷം ധ്യാനിച്ചു. പിന്നീട് മടക്കയാത്രയ്ക്ക് ഒരുങ്ങി. എനിക്ക് രണ്ടു രാത്രികൂടി അവിടെ തങ്ങിയാൽ കൊള്ളാമെന്നുണ്ടായിരുന്നു. പക്ഷേ, രാത്രിയിലെ ഞെട്ടിപ്പിക്കുന്ന അനുഭവം കാരണം വേണ്ടെന്നുവച്ചു. ഇബ്രാഹിം സാഹബും ഹസനോടും ഒപ്പം ഞാൻ മടങ്ങി.

ഒരു ദിവസംകൂടി പോട്ടൽപ്പുത്തൂരിൽ തങ്ങി. ഞാൻ ഇനാംദാറിനോട് വിട പറഞ്ഞു. ബസ്സിൽ കയറി വൈകുന്നേരം ആകാറായപ്പോൾ തിരുവനന്തപുരത്തെത്തി. ലോക്കൽ ബസ്സിൽ കയറി വീട്ടിലേക്ക് പോകാൻ പണമില്ലാതിരുന്നതിനാൽ നടന്നാണ് വീട്ടിലെത്തിയത്. ഞാൻ വീട്ടിൽനിന്നും തിരിച്ചപ്പോൾ ധരിച്ചിരുന്ന അതേ വേഷമാണ് അപ്പോഴും ധരിച്ചിരുന്നത്. ഞാൻ ഷേവ് ചെയ്തിട്ടില്ലായിരുന്നു. വസ്ത്രവും മുഷിഞ്ഞിരുന്നു. എന്നെ കണ്ടാൽ അലഞ്ഞുതിരിഞ്ഞു നടക്കുന്നവൻ ആണെന്നു തോന്നിക്കും.

എന്നെ ആദ്യം കണ്ടത് എന്റെ അമ്മ ആയിരുന്നു. അവർ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു. എന്റെ സഹോദരി എന്നെ കണ്ട് ഉത്സാഹഭരിതയായി. എന്റെ മുറിയിൽ വന്ന് എന്റെ കൂടെ കളിക്കാം എന്ന ചിന്തയാണ് അപ്പോൾ അവൾക്കുണ്ടായത്. മറ്റേ സഹോദരി സന്തോഷം പുറമേ കാണിച്ചില്ല, എന്നാൽ സന്തോഷവതിയാണെന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞു. അച്ഛനാകട്ടെ ഒരു മാസത്തോളം എന്നോട് സംസാരിച്ചില്ല. പിന്നീട് അദ്ദേഹത്തിന്റെ മനസ്സലിഞ്ഞു.

ആയിടെ ഞങ്ങൾ ഒരു പുതിയ വീട്ടിലേക്ക് താമസം മാറ്റിയിരുന്നു. വീട്ടിലെ കോവണിപ്പടികളുടെ മുകളിൽ ഒരു ചെറിയ മുറിയുണ്ടായിരുന്നു. ചന്ദ്രവിലാസം എന്നായിരുന്നു വീടിന്റെ പേര്. ഞാൻ മുറിയിലിരുന്നു കൂടുതൽ സമയവും ധ്യാനിക്കാൻ വിനിയോഗിച്ചു.

അക്കാലത്ത് വീട്ടിൽനിന്നും അകന്നുകഴിയാനുള്ള ആഗ്രഹം പ്രബലമായിക്കൊണ്ടിരുന്നു. എന്റെ സുഹൃത്തുക്കളോടും കുടുംബത്തിനോടും പുലർത്തിയിരുന്ന മമത്വം ഇല്ലാതാക്കുന്നതിനു ഞാൻ സ്വയം നടത്തിയ പരീക്ഷണത്തിൽ വിജയം കൈവരിക്കുകയുണ്ടായി. ഹിമാലയത്തിലേക്ക് പറന്നുയരാൻ എന്റെ മനസ്സ് വെമ്പൽകൊണ്ടു. എനിക്കുവേണ്ടി ആരോ അവിടെ കാത്തിരിക്കുന്നതായി എന്റെ മനസ്സ് മന്ത്രിച്ചു. ഓരോ ദിവസം കഴിയുന്തോറും ഹിമാലയത്തിലേക്കുള്ള ആഹ്വാനം ശക്തി പ്രാപിച്ചുകൊണ്ടിരുന്നു. ഞാൻ അതിനുള്ള ശരിയായ അവസരം കാത്തു കഴിയുകയായിരുന്നു.

അതിനുള്ള അവസരം വന്നുചേർന്നത് പരീക്ഷാഫീസ് അടയ്ക്കാൻ വേണ്ടി എനിക്കു കിട്ടിയ പണത്തിലൂടെയാണ്. ആ പണം മറ്റൊരു പരീക്ഷ പാസ്സാകാൻവേണ്ടി വിനിയോഗിക്കാനുറച്ചു. അത് ഇതിനെക്കാൾ പ്രധാനപ്പെട്ട പരീക്ഷയാണ്. രൺജിത്ത് എന്ന എന്റെ സുഹൃത്ത് മാത്രമേ ഞാൻ ദീർഘയാത്രയ്ക്ക് ഒരുങ്ങുന്ന വിവരം അറിഞ്ഞിരുന്നുള്ളൂ. അയാൾ എനിക്കു കുറച്ചുപണംകൂടി തന്നത് എന്റെ യാത്രയ്ക്ക് സഹായകരമായി.

പതിനഞ്ച്

ഹിമാലയത്തിലേക്ക്

ഫെബ്രുവരിമാസത്തിലെ മനോഹരമായ ഒരു സായാഹ്നത്തിൽ ഞാൻ ചെന്നൈ എക്സ്പ്രസ്സിൽ കയറി. ഹിമാലയത്തിലേക്കുള്ള യാത്രയ്ക്കു തുടക്കമായി. എനിക്ക് ഏകദേശം ഇരുപതു വയസ്സ് പ്രായമായിരുന്നു അപ്പോൾ.

അന്നൊക്കെ ചെന്നൈയിൽ എത്തിച്ചേരുന്നതിന് ഇരുപതുമണിക്കൂറിൽ കൂടുതൽ സമയം എടുക്കും. സഹയാത്രക്കാരുമായി സംസാരിക്കുന്നത് ഞാൻ കഴിയുന്നിടത്തോളം ഒഴിവാക്കി. ട്രെയിൻ പിറ്റേന്ന് വൈകുന്നേരം എപ്പോഴോ എഗ്മോർ സ്റ്റേഷനിലെത്തി. എന്റെ മുത്തച്ഛൻ ചെന്നൈയിൽ താമസിച്ചിരുന്നു. ഞാൻ അവധിക്കാലങ്ങളിൽ മൂന്നു പ്രാവശ്യം അവിടെ പോയിരുന്നു. അതുകൊണ്ട് എനിക്ക് സ്ഥലം സുപരിചിതമായിരുന്നു. ചെന്നൈയിലെ ബസ്സ്സർവ്വീസ് നല്ല രീതിയിൽ നടത്തിപ്പോന്നിരുന്നു. തിയോസൊഫിക്കൽ സൊസൈറ്റിയിലേക്കും, രാമകൃഷ്ണാമിഷനിലേക്കും മൈലാപ്പൂരിലെ കാപാലീശ്വര ക്ഷേത്രത്തിലേക്കും പോകേണ്ട വഴി എനിക്കറിയാമായിരുന്നു. ഹിമാലയത്തിലേക്ക് പോകുന്നതിന് ആദ്യം വേണ്ടത് ഡൽഹിയിലേക്കുള്ള ടിക്കറ്റ് എടുക്കുക എന്നതായിരുന്നു.

എഗ്മോർ സ്റ്റേഷനിൽനിന്നും ചെന്നൈ സെൻട്രലിലേക്ക് പോകാനായി ബസ്സിൽ കയറി. ഞാൻ ബുക്കിങ് ഓഫീസിൽനിന്ന് മറ്റെന്നാൾ ഡൽഹിയിലേക്കുള്ള സെക്കന്റ് ക്ലാസ് സ്ലീപ്പർ ടിക്കറ്റ് തരപ്പെടുത്തി. സ്റ്റേഷനടുത്തുള്ള വാടക കുറവുള്ള ഹോട്ടലിൽ മുറിയെടുത്തു. കുളി കഴിഞ്ഞ് വേഷം മാറ്റിയിട്ട് മസാലദോശ വാങ്ങിക്കഴിച്ചു. എന്നിട്ട് കിടക്കയിൽ കിടന്നുകൊണ്ട് ധ്യാനിച്ചു. എന്നാൽ ക്ഷീണം കാരണം അറിയാതെ പെട്ടെന്ന് ഉറങ്ങിപ്പോയി. പിറ്റേന്ന് രാമകൃഷ്ണാ മിഷനും, കാപാലീശ്വരക്ഷേത്രവും, തിയോസഫിക്കൽ സൊസൈറ്റിയും സന്ദർശിച്ചു.

തിയോസഫിക്കൽ സൊസൈറ്റിയുമായുള്ള എല്ലാ ബന്ധങ്ങളും വിടർത്തിയിരുന്ന ജെ.കൃഷ്ണമൂർത്തിയുടെ ജീവചരിത്രവും പ്രബോധനങ്ങളും ഞാൻ വായിച്ചിട്ടുണ്ടായിരുന്നു. തിയോസഫിക്കൽ സൊസൈറ്റി (ബ്രഹ്മവിദ്യാസംഘം) യിലെ ആചാര്യന്മാരുടെ ഈശ്വരജ്ഞാനം കേവലം ഭാവനാസൃഷ്ടമാണെന്ന് അദ്ദേഹം ആരോപിച്ചിരുന്നു. എന്നാൽ ആദ്ധ്യാത്മിക പുരോഗതി കൈവരിച്ച നിരവധി ആചാര്യന്മാർ അവിടെ ഉണ്ടെന്ന് ഞാൻ വ്യക്തിപരമായി ഉറച്ചു വിശ്വസിച്ചിരുന്നു. മുമ്പൊരിക്കൽ സമുദ്രത്തിനു സമീപത്ത് സ്ഥിതി ചെയ്യുന്ന, വളഞ്ഞു പുളഞ്ഞു വിശാലമായി കിടക്കുന്ന തിയോസഫിക്കൽ സൊസൈറ്റി കാമ്പസ് സന്ദർശിച്ചപ്പോൾ മനസ്സിന് അളവറ്റ

ശാന്തി അനുഭവവേദ്യമായി. ഇത്തവണ ഞാൻ അരയാൽചുവട്ടിലെ ബെഞ്ചിൽ ഇരുന്നു. അന്നേരം മനസ്സ് വിശാലതയും പ്രശാന്തതയും കൈവരിച്ചു. അതോടൊപ്പംതന്നെ മനസ്സിന് നിശ്ചയദാർഢ്യവും ലഭിച്ചു. ഞാൻ ചെയ്യാനിരിക്കുന്ന സാഹസികയാത്രയെ സംബന്ധിക്കുന്ന എല്ലാ ഉത്കണ്ഠകൾക്കും ശമനമുണ്ടായി.

അതിനുശേഷം ഞാൻ സുപ്രസിദ്ധനായ സൂഫി വിശുദ്ധൻ മോത്തീബാബയുടെ ശവകുടീരം സന്ദർശിച്ചു. വൈകുന്നേരം ഹോട്ടലിലേക്ക് മടങ്ങി. എനിക്ക് നല്ല വിശപ്പുണ്ടായിരുന്നു. വയർനിറയെ ഭക്ഷണം കഴിച്ചു. എന്നിട്ട് വേഷം മാറിയിട്ട് വിവേകാനന്ദ സാഹിത്യ സർവ്വസ്വത്തിന്റെ രണ്ടാമത്തെ വാള്യം കുറച്ചുസമയം വായിച്ചു. അതിനുശേഷം ധ്യാനിക്കാനിരുന്നു.

ഹൃദയചക്രത്തിൽ സ്ഥിരമായി കാണാറുണ്ടായിരുന്ന വെള്ളിയുടെ നിറമുള്ള വെളിച്ചം അന്ന് ധ്യാനിക്കുന്ന സമയത്ത് ആദ്യം ഓറഞ്ചുനിറത്തിലും പിന്നീട് കടുത്ത വയലറ്റ് നിറത്തിലും കാണപ്പെട്ടു. വയലറ്റ് നിറമുള്ള ചക്രം വികസിക്കുകയും നടുക്കുവച്ച് രണ്ടായി, പിളർന്ന് ഹിമാലയത്തിലെ രംഗങ്ങൾ കാണിച്ചു തരികയും ചെയ്തു. ഹിമാച്ഛാദിതമായ കൊടിമുടിയുടെ താഴ്വാരത്തിൽ ഞാൻ ചെറിയ ഒരു ഗുഹ കണ്ടു. ഗുഹയുടെ പുറത്ത് ആരോ നില്ക്കുന്നുണ്ടായിരുന്നു. രൂപം വ്യക്തമായി കാണാൻ കഴിഞ്ഞില്ല. മഞ്ഞുകൊണ്ട് മൂടിയിരുന്നതുകൊണ്ടാകാം എന്നു ഞാൻ വിചാരിച്ചു. ഒരു ശബ്ദം എന്നെ വിളിക്കുന്നുണ്ടായിരുന്നു. വിചിത്രമായ പേരു പറഞ്ഞാണ് വിളിച്ചത്. അതും എനിക്കു വ്യക്തമായില്ല. പിന്നീട് പെട്ടെന്ന് ഞാൻ ഉറങ്ങിപ്പോയി.

പിറ്റേന്ന് അതിരാവിലെ ഞാൻ ന്യൂഡൽഹി എക്സ്പ്രസ്സിലെ സ്ലീപ്പർ ബോഗിയിൽ ഇരുന്നു. ആ യാത്ര സംഭവബഹുലമായിരുന്നില്ല. ഞാൻ എന്നിൽത്തന്നെ ഒതുങ്ങിക്കൂടിയതാണ് അതിനുകാരണം. നാല്പത്തിയെട്ടു മണിക്കൂർ കഴിഞ്ഞ് രാവിലെ ഓൾഡ് ഡെൽഹി റയിൽവേസ്റ്റേഷനിലെത്തി. ആ സ്ഥലം ഡൽഹിയിലെ ഏറ്റവും പ്രാചീനവും വൃത്തിഹീനവും ആണ്. പല കെട്ടിടങ്ങളും, വിശേഷിച്ചും ഗാംഭീര്യം പ്രകടിപ്പിച്ചുകൊണ്ട് നില്ക്കുന്ന റെഡ്ഫോർട്ടും, ജുമാമസ്ജിദും ദീർഘകാലത്തെ ഇസ്ലാമിക ഭരണത്തിന്റെ അവശിഷ്ടങ്ങളാണ്. ഈ റെഡ്ഫോർട്ടിൽ ഇരുന്നുകൊണ്ടാണ് വൃദ്ധനും ദുർബ്ബലനുമായ അവസാനത്തെ മുഗൾചക്രവർത്തി ബഹദൂർഷാ ശിപായിലഹളയ്ക്ക് നേതൃത്വം നല്കുകയും ദയനീയമായി പരാജയപ്പെടുകയും ചെയ്തത്.

രാവിലെ എട്ടുമണിക്ക് ഡെറാഡൂണിലേക്കുള്ള ട്രെയിനിൽ കയറി. അത് ഹരിദ്വാറിൽ നിന്നു. എട്ടുമണിക്കൂറിൽ കൂടുതൽ സമയം എടുത്താണ് വൈകുന്നേരം ഹരിദ്വാറിൽ എത്തിയത്. അപ്പോഴാണ് ഋഷികേശിലേക്കുള്ള ട്രെയിൻ രാവിലെയാണ് പുറപ്പെടുന്നതെന്ന് അറിഞ്ഞത്. അതിനാൽ കുറച്ചു സമയം ഹരിദ്വാറിൽ കഴിച്ചുകൂട്ടാമെന്നു കരുതി. ഹരിദ്വാർ എന്നുപേരു നല്കാൻ കാരണം ഹിമാലയത്തിലെ ഉയർന്ന സ്ഥലങ്ങളിലേക്ക് പോകാനുള്ള പ്രവേശനകവാടമാണ് ഹരിദ്വാർ. ഇത്തരം ഉന്നതസ്ഥാനങ്ങളിലാണ് ബദരീനാഥിലെ ദേവനായ ഹരിയും കേദാരനാഥിലെ ദേവനായ ഹരനും കുടികൊള്ളുന്നത്. ഹരി കി പവ്രി എന്ന ഭാഗത്ത് ആദ്യമായി മഹത്തായ ഗംഗാനദി

പ്രതാപത്തോടുകൂടി ഒഴുകുന്നതു കണ്ടു. കിടിലം കൊള്ളിക്കുന്ന കാഴ്ചയായിരുന്നു അത്. അനേകം വിനോദസഞ്ചാരികളും തീർത്ഥാടകരും പല ആവശ്യങ്ങൾക്കായി പൊയ്ക്കൊണ്ടിരുന്നു. കുളിർമ്മ പകരുന്ന നിർമ്മലമായ ജലപ്രവാഹത്തിൽനിന്ന് എന്റെ ശ്രദ്ധ വ്യതിചലിച്ചില്ല.

പെട്ടെന്ന് എന്റെ മനസ്സിലൂടെ ഒരു ചിന്ത കടന്നുപോയി. അത് പ്രാവർത്തികമാക്കാൻവേണ്ടി ഞാൻ മഞ്ഞനിറമുള്ള ഒരു ധോത്തിയും, മഞ്ഞനിറത്തിൽത്തന്നെ മുട്ടോളം ഇറക്കമുള്ള അരക്കയ്യൻ ഷർട്ടും ഒരു മഞ്ഞ സഞ്ചിയും വിലയ്ക്കുവാങ്ങി. എന്നിട്ട് ഞാൻ ബാർബർഷാപ്പിൽ പോയി. എന്റെ തലമുടിയും മീശയും വടിച്ചുകളഞ്ഞു. എന്നാൽ തലയിൽ ചെറിയ വട്ടത്തിലുള്ള കുടുമ മാത്രം വച്ചിരുന്നു. ശതാബ്ദങ്ങളായി ബ്രഹ്മചാരികൾ ഉപയോഗിച്ചുവരുന്ന ഒരു അടയാളം ആണ് അത്.

ബാർബർഷാപ്പിലെ കണ്ണാടിയിൽ നോക്കി ഞാൻ സ്വയം ആസ്വദിച്ചു. നിശ്ചയദാർഢ്യത്തോടെ വിദൂരമായ ഹിമാലയത്തിലെ ഗുരുവിനെ എന്തു കഷ്ടപ്പാടുകളും സഹിച്ചുകൊണ്ട് അന്വേഷിക്കാൻ പുറപ്പെട്ട ഒരു ബ്രഹ്മചാരിയുടെ തേജസ്സുറ്റ മുഖത്തിനു തുല്യമായി അനുഭവപ്പെട്ടു.

ഹരി കി പവ്രിയിൽ ഞാൻ ഗംഗയിൽ കുളിച്ചു. മഞ്ഞ മുണ്ടും മഞ്ഞ ഷർട്ടും ധരിച്ചു. പല സന്ന്യാസികളും റബ്ബർ ചെരുപ്പുകൾ ധരിച്ചിരുന്നതിനാൽ ഞാനും റബ്ബർ ചെരുപ്പുകൾ ഉപേക്ഷിച്ചില്ല. എന്റെ വലതു തോളിൽ തൂക്കിയിട്ടിരുന്ന തുണിസഞ്ചിയിൽ ഏതാനും പുസ്തകങ്ങളും, ഒരു ടവ്വലും, ഒരു പെൻസിലും ടൂത്ത് ബ്രഷും ഉണ്ടായിരുന്നു. ഇടതുവശത്തെ തോളിൽ ഒരു കമ്പിളിപ്പുതപ്പും ഉണ്ടായിരുന്നു. അത് രാത്രിയിൽ കിടക്കാനും ധ്യാനത്തിനും ഉപയോഗിച്ചിരുന്നു. പിന്നെ വേണ്ടിയിരുന്നത് ഒരു ജലപാത്രം (കമണ്ഡലം) ആയിരുന്നു. അത് സമീപത്ത് കണ്ട കടയിൽനിന്ന് വാങ്ങി. കാണാൻ ചന്തമുള്ള പിത്തളപ്പാത്രമായിരുന്നു അത്. ഞാൻ എന്റെപക്കൽ ബാക്കി എത്ര പണമുണ്ടെന്നു പരിശോധിച്ചു. ആവശ്യത്തിനു പണം ഉണ്ടെന്ന് ഉറപ്പുവരുത്തി. ആ പണം എന്റെ ഷർട്ടിന്റെ പോക്കറ്റിൽ സൂക്ഷിച്ചു.

അപ്പോഴാണ് ഞാൻ ഒരു കാര്യം ശ്രദ്ധിച്ചത്. രണ്ടു വർഷം മുമ്പ് എന്റെ മുത്തച്ഛൻ എനിക്കു സമ്മാനിച്ച എനികാർ വാച്ച് ഞാൻ കൈയിൽ കെട്ടിയിരുന്നു. ഒരു സത്യാന്വേഷിയായ എന്റെ പ്രതിഛായക്ക് അത് അനുയോജ്യമല്ലെന്നു കരുതി ആ വാച്ച് ഞാൻ ഉപേക്ഷിക്കാൻ തീരുമാനിച്ചു. ഞാൻ അതു കൈയിൽനിന്നൂരി കുളിക്കടവിന്റെ പടിയിൽ കൊണ്ടുവച്ചു. ഒരുപക്ഷേ, ഹരിദ്വാറിൽവച്ച് ഏതെങ്കിലും മഹായോഗിയെ കണ്ടുമുട്ടിയേക്കും എന്ന പ്രതീക്ഷയിൽ ഹരിദ്വാറിൽ അന്വേഷണം തുടർന്നു.

ഹരി കി പവ്രിയിൽ നിന്നുകൊണ്ട് എനിക്ക് ശിവാലിക് കുന്നുകൾ കാണാമായിരുന്നു. കൂടാതെ അനേകം ആശ്രമങ്ങളുടെയും ദേവാലയങ്ങളുടെയും മേൽക്കൂരകളും കാണാൻ കഴിഞ്ഞു. ഞാൻ റോഡിലൂടെ മുകളിലോട്ട് പോയപ്പോൾ ഒരു ചെറിയ ഹനുമാൻ ക്ഷേത്രം കണ്ടു. ബ്രാഹ്മണപുരോഹിതൻ എന്റെ നെറ്റിയിൽ ചുവന്ന തിലകം ചാർത്തി. അദ്ദേഹത്തിന് ദക്ഷിണ കൊടുക്കാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മുഖത്ത് മ്ലാനത പരന്നു. ഉടനേ

ഞാൻ ഒരു രൂപാ ദക്ഷിണ കൊടുത്തു. അപ്പോൾ അദ്ദേഹം എനിക്കു മംഗളം നേരുകയും ദീർഘായുസ്സിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ഞാൻ അനേകം ക്ഷേത്രങ്ങളും ആശ്രമങ്ങളും സന്ദർശിച്ചു. അനേകം സന്ന്യാസിമാരെയും സാധകരെയും കാണാൻ കഴിഞ്ഞു. മുമ്പു കണ്ടിട്ടില്ലാത്ത രീതിയിലുള്ള അടയാളക്കുറികൾ കാണാനിടയായി. വൈഷ്ണവർ കുത്തനെയുള്ള വരകളാണ് നെറ്റിയിൽ ഇടുന്നത്. ശൈവമതവിശ്വാസികൾ ഭസ്മം കൊണ്ട് സമാന്തരമായ നേർവരകളാണ് ഇടുന്നത്. ശാക്തന്മാരാണെങ്കിൽ രക്തവർണ്ണത്തിലുള്ള പൊട്ടാണ് തൊടുന്നത്. അതുപോലെ പലതരത്തിലുള്ള വ്യത്യസ്തതകൾ കാണാൻ കഴിഞ്ഞു. അതുപോലെതന്നെ വേഷത്തിന്റെ കാര്യത്തിലും വ്യത്യാസങ്ങൾ കാണുകയുണ്ടായി. ചിലർ അസാധാരണ വസ്ത്രങ്ങളും, വേറെ ചിലർ വിദേശവസ്ത്രങ്ങളും മറ്റുചിലർ സാധാരണ കാവിമുണ്ടും എന്നാൽ വേറെ ചിലർ അരയിൽ നാമമാത്രമായി അതായത് കൗപീനവും മാത്രമാണ് ധരിച്ചിരുന്നത്.

ഇവരെക്കൂടാതെ ജടാധാരികളായ നാഗസന്ന്യാസിമാരും ഉണ്ടായിരുന്നു. അവർ ദിഗംബരന്മാരായിരുന്നു. എന്നുവച്ചാൽ അവർ തികച്ചും നഗ്നരായിരുന്നു. അവർ നിർവ്വികാരരായി, തങ്ങൾക്ക് പൊതുജനങ്ങളിൽനിന്നും കിട്ടുന്ന ആദരവിൽ ഉത്സാഹഭരിതരായി സഞ്ചരിക്കുന്നതും കാണാൻ കഴിഞ്ഞു.

നിർവാണി പരമഹംസ അഖാഡാ വിഭാഗത്തിന്റെ ഒരാശ്രമത്തിൽ പോകാനിടയായി. പ്രധാന മഠാധിപതി മഹാമണ്ഡലേശ്വർ എന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ വച്ച് ഒരു കേരളീയനെ പരിചയപ്പെടുകയുണ്ടായി. അയാൾ പ്രധാന മഠാധിപതിയുടെ അടുത്ത ശിഷ്യനാണെന്ന് അവകാശപ്പെട്ടു. എന്റെ ഉച്ചാരണരീതി കേട്ടിട്ടായിരിക്കണം ഞാൻ ഒരു കേരളീയനാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞത്. ആശ്രമത്തിലെ ഭക്ഷണം കഴിക്കുന്ന ഹാളിലേക്കു എന്നെ കൂട്ടിക്കൊണ്ടു പോയ അയാൾ എനിക്ക് ഒരു ഗ്ലാസ് നിറയെ ചൂടുള്ള പശുവിൻ പാൽ കുടിക്കാൻ തന്നു. ഞാൻ ഏറെ നേരം അയാളുമായി സംസാരിച്ചു. അയാൾ മുമ്പ് ഭാരത സർക്കാരിന്റെ ഉദ്യോഗസ്ഥനായിരുന്നു. സർവ്വീസിൽനിന്ന് വിരമിച്ചതിനുശേഷം അയാൾ ആശ്രമത്തിലെ അന്തേവാസിയായി കഴിയുന്നു. അയാളുടെ ഭാര്യ മരിച്ചതിനുശേഷമാണ് ആശ്രമത്തിൽ തന്റെ സുന്ദരിയായ മകളോടൊപ്പം വന്നത്. അവർ ആശ്രമം വക സ്കൂളിലെ അദ്ധ്യാപികയാണ്.

ഞാൻ എന്റെ യഥാർത്ഥ പേര് പറഞ്ഞപ്പോൾ അയാൾ ഒന്നു ഞെട്ടി. അല്പ സമയം സംസാരിച്ചു കഴിഞ്ഞപ്പോൾ അയാൾക്ക് എന്റെ ആത്മാർത്ഥതയിലും, ഹൈന്ദവ തത്ത്വശാസ്ത്രത്തോടുള്ള പ്രതിബദ്ധതയിലും, അടിയുറച്ച വിശ്വാസത്തിലും മതിപ്പു തോന്നി. അയാൾ എന്നോടു പറഞ്ഞു: "നിങ്ങൾ യഥാർത്ഥ സാധകനാണ്. നിങ്ങൾ നിങ്ങളുടെ യഥാർത്ഥ പേര് വെളിപ്പെടുത്തുകയാണെങ്കിൽ അദ്ധ്യയനം തുടരുന്നതിന് തടസ്സങ്ങൾ നേരിട്ടെന്നുവരും. ആദ്ധ്യാത്മിക ദീക്ഷ ലഭിക്കാനും ബുദ്ധിമുട്ടേണ്ടിവരും. അതിനു കാരണമുണ്ട്. നിർഭാഗ്യവശാൽ ആദ്ധ്യാത്മികരംഗത്ത് ഇപ്പോഴും യാഥാസ്ഥിതിക മനോഭാവം വച്ചു പുലർത്തുന്നവർ ഉണ്ട്."

അയാൾ തുടർന്നു: "അതിനാൽ ഞാൻ ഒരു നിർദ്ദേശം തരാം. നിങ്ങൾ ഒരു ഹൈന്ദവനാമം സ്വീകരിക്കൂ. ഹിന്ദുക്കളിലും നവദീക്ഷിതർ പുതിയ പേര്

സ്വീകരിക്കാറുണ്ടല്ലോ. നിങ്ങളുടെ ഇഷ്ടദേവൻ ആരാണ്? 'ശിവൻ' ആണെന്ന് ഞാൻ അറിയിച്ചു. "കൈലാസവാസിയും ധ്യാനനിരതനുമായ ശിവൻ ആണ് എന്റെ ഇഷ്ടദേവൻ" ഞാൻ തുടർന്നു പറഞ്ഞു. അയാൾ എന്നെ അഭിനന്ദിച്ചു: "കൊള്ളാം. ഞാൻ 'ശിവപ്രസാദ്' എന്ന പേര് നിർദ്ദേശിക്കാം. അത് മഹത്തായ നാമം ആണ്. ഇപ്പോൾമുതൽതന്നെ ഈ പേര് സ്വീകരിക്കൂ. ഞാൻ സ്വാമിയെ കാണുമ്പോൾ നിങ്ങളെ ഈ പേരിൽ പരിചയപ്പെടുത്താം. എന്തു പറയുന്നു? സമ്മതമാണോ?"

ഞാൻ ആശ്രമവാസിയോട് ആരാഞ്ഞു: "ഞാൻ പുതിയ പേര് സ്വീകരിക്കുകയാണെങ്കിൽ അത് എന്റെ ആദ്ധ്യാത്മികാന്വേഷണത്തിനു സഹായകരമാകുമോ?" ആശ്രമവാസി തറപ്പിച്ചു പറഞ്ഞു: "തീർച്ചയായും." ഇങ്ങനെ പറഞ്ഞിട്ട് ആശ്രമവാസി തന്റെ സുന്ദരിയായ മകൾ ശ്രീദേവിയെ അടുത്തേക്ക് വിളിച്ചു. എന്നെ അവൾക്ക് പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: "ഇദ്ദേഹം ബ്രഹ്മചാരി ശിവപ്രസാദാണ്." പിന്നീടുള്ള എന്റെ ആത്മീയയാത്രയിൽ മിക്കവാറും ഈ പേരിലാണ് മറ്റുള്ളവരുമായി ബന്ധപ്പെട്ടത്. ശിവപ്രസാദ് എന്ന പേര് പലതുകൊണ്ടും എനിക്ക് സഹായകരമായി.

ഞാൻ മഠാധിപതിയെ വൈകുന്നേരം കണ്ടു. (ഞാൻ അദ്ദേഹത്തിന്റെ പേര് പറയാൻ ഉദ്ദേശിക്കുന്നില്ല). ആശ്രമവാസിയായ എന്റെ സുഹൃത്ത് ശ്രീ അയ്യർ എന്നെ മഠാധിപതിക്ക് പരിചയപ്പെടുത്തി. മഠാധിപതി ഞാൻ ആശ്രമത്തിൽ കഴിയുകയും ആശ്രമം വക സ്കൂളിൽ കുറച്ചു സമയം ജോലി ചെയ്യുകയും ധ്യാനിക്കുകയും ചെയ്യട്ടെ എന്ന് നിർദ്ദേശിച്ചു. മഠാധിപതി പറഞ്ഞു: "ഞാൻ നിങ്ങൾക്ക് ധ്യാനത്തിനു സഹായകരമായ ദീക്ഷ നല്കാം. നിങ്ങൾക്ക് താത്പര്യമുണ്ടെങ്കിൽ അത് നാളെത്തന്നെയാകാം. ഹരിദ്വാർ ഒരു പുണ്യസ്ഥലമാണ്. ആശ്രമത്തിലെ അന്തേവാസിയായി കഴിഞ്ഞുകൊണ്ട് നിങ്ങൾക്ക് ആദ്ധ്യാത്മികതലത്തിൽ നല്ല പുരോഗതി കൈവരിക്കാൻ കഴിയും. പക്ഷേ, പുറത്തേക്ക് എവിടെയെങ്കിലും പോകുകയാണെങ്കിൽ പ്രത്യേകം കരുതൽ വേണം. ഇത് കലിയുഗമാണ്. ഇവിടെ കാണപ്പെടുന്ന പല സന്ന്യാസിമാരും വഞ്ചകരാണ്. അവർ നിങ്ങൾക്ക് സത്യത്തിലേക്കുള്ള കുറുക്കുവഴികൾ പറഞ്ഞുതരും. പക്ഷേ, നിങ്ങൾക്ക് ഒടുവിൽ നിരാശപ്പെടേണ്ടിവരും."

ഒരു നിമിഷം ഒന്നും മിണ്ടാതിരുന്നു. എന്നിട്ട് തുടർന്നു: "ഈ സ്ഥലത്ത് ആധുനികരീതിയിലുള്ള ചില ആശ്രമങ്ങളും കാണാൻ കഴിയും. ഈ ആശ്രമങ്ങൾക്ക് സ്വന്തം ഹെലികോപ്റ്ററുകൾ ഉണ്ട്. അവിടെ എയർകണ്ടീഷൻ ചെയ്ത ധ്യാനകേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. വിദേശീയരും വിദ്യാസമ്പന്നരുമായ ശിഷ്യന്മാർക്കുവേണ്ടിയാണ് ഈ സജ്ജീകരണങ്ങൾ. ഈ ആശ്രമങ്ങൾ വിദ്യാസമ്പന്നരായ ശിഷ്യന്മാരെ തെരഞ്ഞുപിടിക്കും. കാര്യങ്ങൾ ശരിക്കു മനസ്സിലാക്കുന്നതിനുമുമ്പുതന്നെ നിങ്ങളെപ്പോലെയുള്ളവർ ചതിക്കുഴിയിൽ വീഴുകയും ചെയ്യും. കൂടാതെ വേറൊരു കൂട്ടരുണ്ട്. കഞ്ചാവിനും മറ്റും അടിപ്പെട്ടവരാണ് അവർ. വിശുദ്ധരായി നടിച്ചുകൊണ്ട് അവർ ധനം ആർജ്ജിച്ച് ജീവിതം നയിക്കുന്നു. അവരിൽനിന്ന് നിങ്ങൾക്ക് എന്തു പഠിക്കാൻ കഴിയും? മിസ്റ്റർ അയ്യർ നിങ്ങൾക്ക് താമസിക്കാനുള്ള മുറി കാണിച്ചുതരും."

ശ്രീ അയ്യർ എനിക്കു തങ്ങാനുള്ള മുറി കാണിച്ചുതന്നു. മുറിയിലെ ജനാല യിലൂടെ നോക്കിയാൽ ഗംഗാനദി കാണാമായിരുന്നു. ഏതാനും ദിവസം ഞാൻ അവിടെ സുഖമായി കഴിഞ്ഞു. ആശ്രമത്തിൽ പല പ്രവർത്തനങ്ങളും നടക്കുന്നുണ്ടായിരുന്നു. അവിടെ അറുപതിലധികം പശുക്കൾ ഉണ്ടായിരുന്നു. നല്ല ഭക്ഷണമാണ് കിട്ടിയിരുന്നത്. ഇഷ്ടംപോലെ പാലും നെയ്യും പഴങ്ങളും കഴിക്കാൻ കിട്ടിയിരുന്നു. ശ്രീ അയ്യരും അദ്ദേഹത്തിന്റെ മകളും വളരെ സൗഹാർദ്ദത്തോടെയാണ് എന്നോടു പെരുമാറിയിരുന്നത്. അധികം വൈകാതെ തന്നെ എനിക്ക് ഒരു കാര്യം ബോധ്യമായി. സുന്ദരിയായ ശ്രീദേവിയോട് കൂടുതൽ കൂടുതൽ അടുത്തുകൊണ്ടിരിക്കുന്നതായി അനുഭവപ്പെട്ടു. അതു പോലെതന്നെ ശ്രീദേവി എന്നോടും അടുത്തുകൊണ്ടിരുന്നു.

കാര്യങ്ങൾ കൂടുതൽ കുഴപ്പത്തിലേക്കു നീങ്ങുന്നതിനുമുമ്പ്, ഞാൻ അവിടെ നിന്നും പോകുന്നതായിരിക്കും കരണീയമെന്നു വിചാരിച്ചു. മാത്രവുമല്ല എന്റെ പ്രാഥമികമായ ലക്ഷ്യം ഇതുവരെയും നിറവേറ്റാനായില്ല. ഹിമാലയത്തിന്റെ മുകൾപ്പരപ്പിലേക്കുള്ള യാത്രയായിരുന്നു എന്റെ ലക്ഷ്യം. അതിൽനിന്ന് പിന്തിരിയാനാഗ്രഹമില്ലായിരുന്നു. ഒരു ദിവസം രാവിലെ എന്റെ ചുരുക്കം ചില സാധനങ്ങളുമായി ഋഷികേശിലേക്ക് പുറപ്പെട്ടു.

ഋഷികേശിലേക്കുള്ള ട്രെയിൻയാത്ര അതീവ ഹൃദ്യമായ ഒരനുഭവമാ യിരുന്നു. മിക്ക യാത്രക്കാരും വിവിധ സമ്പ്രദായത്തിൽപെട്ട സന്ന്യാസിമാർ ആയിരുന്നു. ഞാൻ മാത്രമായിരുന്നു ടിക്കറ്റെടുത്ത് യാത്ര ചെയ്തത്. ട്രെയിനിൽ അങ്ങോട്ടുമിങ്ങോട്ടും ടിക്കറ്റ് എക്സാമിനർ നടക്കുന്നതു കണ്ടുവെങ്കിലും ആരോടും ടിക്കറ്റ് ചോദിച്ചിരുന്നില്ല. ഞാൻ എന്റെയടുത്ത് ഇരുന്ന ഒരു ബൈ രാഗിബാബാജിയോട് അതെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചു കൊണ്ടു പറഞ്ഞു: "കുട്ടീ, നീ ഈ സ്ഥലത്ത് ആദ്യമായി വരികയാണെന്നു തോന്നുന്നു. ഈ ട്രെയിൻ ഭഗവാന്റെ ട്രെയിനാണ്. ഇത് ഞങ്ങൾക്കുവേണ്ടിയുള്ള താണ്. അതുകൊണ്ട് ഞങ്ങളോട് ടിക്കറ്റ് ഉണ്ടോ എന്നു ആർക്ക് ചോദിക്കാൻ കഴിയും?"

ട്രെയിനിൽനിന്നിറങ്ങി ഏതാനും സന്ന്യാസിമാരെ പിന്തുടർന്ന് മുനി-കീ-രേത്തി എന്ന സ്ഥലത്തേക്കു പോയി. അവിടെ ഗംഗാനദിയുടെ ഇരുകര കളിലും അനേകം ആശ്രമങ്ങൾ കാണപ്പെട്ടു. അപ്പോൾ സമയം വൈകുന്നേരം ആയിരുന്നു. നൂറു പടികൾ ചവിട്ടിക്കയറി ഞാൻ സ്വാമി ശിവാനന്ദ സരസ്വതി സ്ഥാപിച്ച പ്രസിദ്ധമായ ഡിവൈൻ ലൈഫ് സൊസൈറ്റിയിൽ പോയി. ശിവാന ന്ദസരസ്വതി അന്ന് ജീവിച്ചിരിപ്പില്ലായിരുന്നു. സ്വാമി ചിദാനന്ദനായിരുന്നു അന്ന് സൊസൈറ്റിയുടെ അദ്ധ്യക്ഷപദവി അലങ്കരിച്ചിരുന്നത്. സ്വാമി ചിദാനന്ദൻ സ്വാമി ശിവാനന്ദ സരസ്വതിയുടെ പ്രധാനപ്പെട്ട ശിഷ്യന്മാരിൽ ഒരാളായിരുന്നു. ആ സമയത്ത് തുറസ്സായ ആഡിറ്റോറിയത്തിൽ വച്ച് ഒരു സത്സംഗം നടക്കാൻ പോകുകയായിരുന്നു.

കാലുകൾ കുറുകെ പിണഞ്ഞുവച്ചുകൊണ്ട് സ്വാമി ചിദാനന്ദൻ വേദിയിൽ ഇരിക്കുകയായിരുന്നു. മെലിഞ്ഞ ശരീരവും നല്ല പൊക്കവുമുള്ള അദ്ദേഹം നിവർന്നിരിക്കുകയായിരുന്നു. ഏകദേശം അമ്പത് ശ്രോതാക്കൾ ഉണ്ടായിരുന്നു. അവരിൽ ചിലർ പാശ്ചാത്യർ ആയിരുന്നു. അദ്ദേഹം ആരോ

ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരം ഇംഗ്ലിഷിൽ നല്കുകയായിരുന്നു. ഞാൻ ശബ്ദമുണ്ടാക്കാതെ ആഡിറ്റോറിയത്തിലേക്കു കടന്ന് ഒരു മൂലയിൽ ഇരുന്നു.

അദ്ദേഹം തന്റെ സംസാരം ഇടയ്ക്കുവച്ച് നിർത്തിയിട്ട് എന്റെ നേർക്കു നോക്കിക്കൊണ്ടു ചോദിച്ചു: "നിങ്ങൾ എപ്പോൾ എത്തി?" ചിരകാല സുഹൃത്തിനോടെന്നപോലെയാണ് അദ്ദേഹം ചോദിച്ചത്. ആശ്ചര്യചകിതനായ ഞാൻ വിക്കി വിക്കി പറഞ്ഞു: "ഒരല്പം മുമ്പ്". ഉടനെ അദ്ദേഹം പറഞ്ഞു: "എന്റെ അഭിപ്രായത്തിൽ നിങ്ങൾ ഇപ്പോൾ പോയി കുളിച്ചിട്ട് വിശ്രമിക്കൂ. നിങ്ങൾക്ക് നാളെ സത്സംഗത്തിൽ പങ്കെടുക്കാവുന്നതാണ്."

അദ്ദേഹം തിരിഞ്ഞ് തന്റെ അരികിൽ നില്ക്കുകയായിരുന്ന ബ്രഹ്മചാരിയായ ഒരു യുവാവിനോട് എന്തോ മന്ത്രിച്ചു. ബ്രഹ്മചാരി എന്റെ സമീപത്തു വന്ന് എന്നോടു പറഞ്ഞു: "വരൂ?" ഞാൻ സ്വാമിയെ വണങ്ങിയതിനുശേഷം ബ്രഹ്മചാരിയോടൊപ്പം പോയി. തത്സമയം സ്വാമി ചൊല്ലിയ 'ഹരി ഓം' എന്ന മധുരസ്വരത്തിലുള്ള മന്ത്രധ്വനി എന്റെ കാതുകൾക്ക് ആനന്ദം പകർന്നു.

അടിവാരത്തിന്റെ മുകൾഭാഗത്തുള്ള ഒരു മുറി എനിക്കു കാണിച്ചുതന്നു. അടിസ്ഥാനസൗകര്യങ്ങളുള്ള മുറി വൃത്തിയും വെടിപ്പും ഉള്ളതായിരുന്നു. ഞാനും തമിഴ് സംസാരിക്കും എന്നറിഞ്ഞപ്പോൾ തമിഴ്നാട്ടുകാരനായ ബ്രഹ്മചാരിക്ക് സന്തോഷമായി. രണ്ടു കോട്ടൺ ടൗവലുകൾ തന്നിട്ട് കൃത്യം ഏഴരമണിക്ക് ഭക്ഷണം കഴിക്കുന്ന ഹാളിലേക്ക് ചെല്ലണമെന്നു പറഞ്ഞു: ഹാൾ എവിടെയാണെന്നു പറഞ്ഞുതന്നിട്ട് അവിടെവച്ച് കാണാം എന്നു പറഞ്ഞുകൊണ്ട് ബ്രഹ്മചാരി ധൃതിയിൽ പോയി.

ഞാൻ തണുത്ത വെള്ളത്തിൽ കുളിച്ചു. തണുപ്പുകൊണ്ടുള്ള വിറയൽ തീർന്നതിനുശേഷം കൂടെ കൊണ്ടുപോയിരുന്ന രണ്ടാമത്തെ ജോടി മഞ്ഞ ധോത്തിയും മഞ്ഞ ഷർട്ടും ധരിച്ചുകൊണ്ട് പടിയിറങ്ങി. ഭക്ഷണം കഴിക്കുന്ന ഹാളിലേക്ക് റോഡ്മുറിച്ചാണ് പോകേണ്ടിയിരുന്നത്. ഇനിയും വളരെ സമയം ഉണ്ടായിരുന്നതുകൊണ്ട് ഞാൻ കടവിലേക്ക് പോയി ഒരു പടിയിൽ ഇരുന്നു. ഗംഗയുടെ ഒഴുക്കും നോക്കിയിരുന്നു. തോണികൾ അങ്ങോട്ടുമിങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു. നദിയുടെ അക്കരെയും അനേകം ആശ്രമങ്ങൾ ഉണ്ടായിരുന്നു. ബാബാ കാലീ കംബളിവാലായുടെ സ്വർഗ്ഗാശ്രമം പഴക്കം ചെന്ന ആശ്രമങ്ങളിൽ ഒന്നായിരുന്നു.

സമയം സന്ധ്യയായി. നദിയുടെ ഇരുകരകളിലും കൊച്ചു കൊച്ചു ദീപങ്ങൾ നദീപ്രവാഹത്തിൽ ഒഴുക്കിക്കൊണ്ട് ഗംഗാദേവിയെ ആളുകൾ ആരാധിക്കുകയും കീർത്തനങ്ങൾ പാടുകയും ദീപാരാധന ഉഴിയുകയും ചെയ്തുകൊണ്ടിരുന്നു. ആ സന്ധ്യ എത്രയും മനോഹരമായിരുന്നു. നദിയുടെ അക്കരയിൽനിന്നും പ്രാചീന സംസ്കൃതഭാഷയിലുള്ള മനംകവരുന്ന മധുരസ്വരത്തിലുള്ള ജപധ്വനികൾ മുഴങ്ങിക്കൊണ്ടിരുന്നു.

പെട്ടെന്ന് ഡൈനിങ്ഹാളിലെ മണിയുടെ മുഴക്കം കേട്ടു. ഞാൻ പടിയിൽ നിന്ന് ചാടിയെണീറ്റു. ആത്മാവിന്റെ വിശപ്പ് ശമിച്ചിരുന്നുവെങ്കിലും, ശരീരത്തിന് വിശപ്പ് അനുഭവപ്പെട്ടിരുന്നു. ഹാളിനുള്ളിൽ സന്ന്യാസിമാരും ദണ്ഡിസ്വാമികളും ഒരു ഭാഗത്തും മറ്റുള്ളവർ മറുഭാഗത്തും ഇരുന്നു. എല്ലാവരും നിലത്ത് ഇരുന്നുകൊണ്ട് സ്റ്റീൽ പ്ലേറ്റുകളിലാണ് ഭക്ഷണം കഴിച്ചത്. തമിഴ്നാട്ടിൽ

നിന്നുവന്ന ബ്രഹ്മചാരി അവിടെ ഉണ്ടായിരുന്നു. മറ്റുള്ളവരോടൊപ്പം അയാളും ഭക്ഷണം വിളമ്പി. ചോറും, ഇലക്കറികളും, സാമ്പാറും ഒരു ലഡ്ഡുവും ആയിരുന്നു ഓരോരുത്തർക്കും ലഭിച്ച വിഭവങ്ങൾ. നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ട് രണ്ടാമതും വാങ്ങി കഴിച്ചു.

വയറുനിറച്ചു കഴിച്ചതു കാരണം എനിക്കു ക്ഷീണവും ഉറക്കവും അനുഭവപ്പെട്ടു. ബ്രഹ്മചാരിയിൽനിന്ന് അവിടത്തെ ദിനചര്യ മനസ്സിലാക്കിയ ഞാൻ മുറിയിൽ അല്പസമയം വിശ്രമിച്ചു. ജനാലകൾ തുറന്നിട്ടുകൊണ്ട് കട്ടിലിൽ ഇരുന്നു കുറച്ചു സമയം ധ്യാനിച്ചു. അതിനുശേഷം ഞാൻ കിടക്കയിൽ കിടന്നതും ഉറങ്ങിയതും ഒരുമിച്ചായിരുന്നു.

ഉറക്കത്തിൽ ഞാൻ സ്വപ്നം കണ്ടു. ഞാൻ ഒരു താഴ്വരയിലെ ചെറിയ പാതയിലൂടെ നടക്കുകയായിരുന്നു. പാതയുടെ ഒരു വശത്തുകൂടി കാഴ്ചയിൽ സ്ഫടികംപോലെ തോന്നിക്കുന്ന ശുദ്ധജലം ഒഴുകുന്ന ഒരു പുഴ ഉണ്ടായിരുന്നു. പുഴയോരത്ത് ഓലമേഞ്ഞ ഒരു കുടിൽ ഉണ്ടായിരുന്നു. ഞാൻ നടന്ന് കുടിലിനു സമീപമെത്തി. അവിടെ വെള്ളത്തുണികൊണ്ട് മുഖം മറച്ച ഒരാൾ നില്ക്കുന്നതുകണ്ടു. ഞാൻ പേടിച്ച് തരിച്ചുനിന്നു.

ആ മനുഷ്യൻ പറഞ്ഞു : "പേടിക്കേണ്ടാ. ഞാൻ നിങ്ങളുടെ സുഹൃത്താണ്. എല്ലാവരും എന്നെ 'എം' എന്നുവിളിക്കുന്നു. ഇതേ പേരിൽ ഭാവിയിൽ നിങ്ങൾ വിളിക്കപ്പെടും. അലംഭാവം കാണിക്കരുത്. താഴ്വാരത്തിൽ തങ്ങരുത്. നടക്കുക. പർവ്വതത്തിന്റെ മുകളിലേക്കു കയറുക. അദ്ദേഹം നിങ്ങൾക്കുവേണ്ടി കാത്തിരിക്കുന്നു." പിന്നീട് എല്ലാം അപ്രത്യക്ഷമായി. താഴ്വരയും പുഴയും കുടിലും മുഖം മറച്ചിരുന്ന മനുഷ്യനും എല്ലാം അപ്രത്യക്ഷമായി. ഞാൻ തനിച്ചായി. എനിക്കു ചുറ്റും മഞ്ഞുമല മാത്രം കാണപ്പെട്ടു. അതിശൈത്യം കാരണം ഞാൻ കിടുകിടാ വിറച്ചു. ഞാൻ നിലവിളിച്ചുകൊണ്ടു പറഞ്ഞു: "ഭഗവാനേ! എന്നെ രക്ഷിക്കൂ!" ഞാൻ ചാടിയെണീറ്റു. അപ്പോഴും വല്ലാത്ത തണുപ്പ് അനുഭവപ്പെട്ടുകൊണ്ടിരുന്നു. മൂടാൻ തന്നിരുന്ന പഞ്ഞിനിറച്ച പുതപ്പുകൊണ്ട് ഞാൻ ശരീരം മൂടിയിരുന്നില്ല. നേരം വെളുക്കാറായിരുന്നു. അന്നേരം ശംഖുവിളി മുഴങ്ങുന്നതു കേട്ടു.

ആശ്രമത്തിലെ ദിനചര്യ അതിരാവിലെതന്നെ തുടങ്ങിയിരുന്നു. ദേവാലയത്തിലെ ആരാധന കഴിഞ്ഞിട്ട് ആറുമണിക്ക് യോഗാസനക്ലാസ്സ് തുടങ്ങും. യോഗാക്ലാസ്സിനുശേഷം അര മണിക്കൂർ ധ്യാനമാണ്. കുളിക്കുന്നതിനും മറ്റുമുള്ള ഇടവേളയ്ക്കുശേഷം എട്ടുമണിക്ക് ലഘുവായ പ്രാതൽ ആണ്. അതു കഴിഞ്ഞാൽ പത്തരമണിവരെ ലൈബ്രറിയിൽ പോയി ഇരുന്നോ അഥവാ സ്വന്തം മുറിയിൽ പോയി ഇരുന്നോ സ്വാദ്ധ്യായം നടത്തേണ്ടതാണ്. പത്തരമണിക്ക് സ്വാമി ശിവാനന്ദന്റെ പ്രമുഖ ശിഷ്യനും, ഡിവൈൻ ലൈഫ് സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയുമായ സ്വാമി കൃഷ്ണാനന്ദന്റെ ഉപനിഷത്തു ക്ലാസ്സായിരിക്കും. ഉച്ചഭക്ഷണത്തിനുശേഷം മൂന്നു മണിവരെ വിശ്രമസമയമാണ്. വൈകുന്നേരം ആറരമണിക്ക് സത്സംഗം ഉണ്ടായിരിക്കും. പിന്നീട് സന്ധ്യയ്ക്ക് ഏഴരമണിക്ക് ഭക്ഷണസമയമാണ്. ഭക്ഷണത്തിനുശേഷം അന്തേവാസികൾ പുറത്തേക്കു പോകുന്നതിനും അനാവശ്യമായി അലഞ്ഞുതിരിഞ്ഞു നടക്കുന്നതിനും വിലക്കുണ്ട്.

ഇതിനകം എന്റെ നല്ല സുഹൃത്തായി കഴിഞ്ഞിരുന്ന ബ്രഹ്മചാരി രാവിലെ ഒമ്പതരമണിക്ക് എന്റെ അടുത്തു വരികയും രാവിലെ പത്തരമണിക്ക് സ്വാമി ചിദാനന്ദജി അദ്ദേഹത്തിന്റെ ഭവനത്തിൽവച്ച് എന്നെ കാണാൻ ആഗ്രഹിക്കുന്നുവെന്ന് അറിയിക്കുകയും ചെയ്തു. അതുകേട്ട് ഞാൻ ഉത്സാഹഭരിതനായി. ഞാൻ ആകാംക്ഷയോടെ ബ്രഹ്മചാരിയെ കാത്തിരുന്നു. സ്വാമി കൃഷ്ണാനന്ദന്റെ ഉപനിഷത്ത് ക്ലാസ്സ് നഷ്ടപ്പെടുന്നതോർത്ത് കുണ്ഠിതം തോന്നി. അതിനെക്കാൾ പ്രധാനവും ഒരു വലിയ ബഹുമതിയുമാണല്ലോ, തനിക്കു കിട്ടാൻ പോകുന്നത് എന്ന് ഓർത്ത് മനസ്സിൽ ആഹ്ലാദം അലതല്ലി. കൃത്യം പത്തടിച്ച് ഇരുപത് മിനിട്ടായപ്പോൾ ബ്രഹ്മചാരി എന്നെ കൂട്ടിക്കൊണ്ടു പോകാൻ വന്നു. ബ്രഹ്മചാരി എന്നെ ഓർമ്മിപ്പിച്ചു: "സ്വാമിജി മഹാരാജിനെ കാണുമ്പോൾ അദ്ദേഹത്തെ സാഷ്ടാംഗം നമസ്കരിക്കണം."

ഞാൻ എവിടെനിന്നാണ് വരുന്നത്, എനിക്ക് എന്തു പ്രായമാണ്, എന്തെല്ലാം സാധനങ്ങളാണ് കൊണ്ടുവന്നിട്ടുള്ളത്, തന്നിരിക്കുന്ന മുറി സൗകര്യപ്രദമാണോ തുടങ്ങിയ പ്രാഥമികാന്വേഷണങ്ങൾക്കുശേഷം അദ്ദേഹം പെട്ടെന്നു ചോദിച്ചു:

"എന്താ, നിങ്ങളുടെ പേര്?

"ശിവപ്രസാദ്" ഞാൻ പറഞ്ഞു. പുതിയ പേരിൽത്തന്നെ ഞാൻ ഉറച്ചു നിന്നു.

"മുമ്പ് യോഗപരിശീലനം നടത്തിയിട്ടുണ്ടോ?

"നടത്തിയിട്ടുണ്ട് മഹാരാജ് ...എട്ടുവയസ്സുള്ളപ്പോൾ മുതൽ..."

"സംസ്കൃതം പഠിച്ചിട്ടുണ്ടോ?"

"അധികമൊന്നും പഠിച്ചിട്ടില്ല. എന്നാൽ ദേവനാഗരി ലിപി വായിക്കാൻ കഴിയും. ഹിന്ദി എന്റെ സെക്കന്റ് ലാംഗ്വേജ് ആയിരുന്നു."

"ശരി... ധ്യാനമോ?"

"ഒരു തരത്തിലുള്ള ധ്യാനം സ്വാഭാവികമായി ചെയ്യുന്നു. ഞാൻ കൊച്ചുകുട്ടി ആയിരുന്നപ്പോൾ ഒരു യോഗിയെ കണ്ടിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹം..." വലിയൊരാഘാതമേറ്റതുപോലെ ഒന്നും ഉരിയാടാൻ എന്നെക്കൊണ്ടു കഴിഞ്ഞില്ല. പ്ലാവിൻചുവട്ടിൽ വച്ച് ഒരു യോഗിയുമായുണ്ടായ സമാഗമത്തെപ്പറ്റി എപ്പോഴെല്ലാം പറയാൻ ശ്രമിച്ചിട്ടുണ്ടോ അപ്പോഴെല്ലാം എന്റെ കണ്ഠനാളത്തെ ഏതോ അജ്ഞാതശക്തി അമർത്തി ഒന്നും സംസാരിക്കാൻ കഴിയാത്ത അവസ്ഥയിൽ ആക്കുമായിരുന്നു. അതേ അവസ്ഥയിലായിരുന്നു അപ്പോഴും. ഞാൻ കൂടുതലായി ഒന്നും പറഞ്ഞില്ല. ഒന്നും പറയാൻ ശ്രമിച്ചതുമില്ല.

സ്വാമി ചിദാനന്ദജി എന്റെ കണ്ണുകളിലേക്കു സൂക്ഷിച്ചുനോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ദീർഘമായി നിശ്വസിച്ചുകൊണ്ട് ഉള്ളിൽ തട്ടുന്നവിധത്തിൽ 'ഹരി ഓം' എന്ന് ജപിച്ചുകൊണ്ടിരുന്നു. സ്നേഹപൂർവ്വം ശിരസ്സിൽ തലോടിക്കൊണ്ടു പറഞ്ഞു: "കഴിഞ്ഞ ജന്മങ്ങളുടെ സ്വാധീനമാണ്. ഈശ്വരൻ അനുഗ്രഹിക്കട്ടെ. ജനിച്ചപ്പോൾ നല്കിയ പേര് എന്തായിരുന്നു?" ആ ചോദ്യം രണ്ടാമത്തെ ആഘാതമായിരുന്നു. ഞാൻ എന്തെങ്കിലും പറയുന്നതിനുമുമ്പുതന്നെ അദ്ദേഹം പറഞ്ഞു: "ശരി. പറയണമെന്നില്ല. ആസനങ്ങൾ അഭ്യസിക്കൂ. പ്രാണായാമവും കൂടുതലായി പരിശീലിക്കൂ. അതിന്

ഇവിടത്തെ ആസന ആചാര്യൻ സഹായിക്കും. നിങ്ങൾക്ക് എത്ര ദിവസങ്ങൾ വേണമെങ്കിലും ഇവിടെ താമസിക്കാം. ഹിമാലയത്തിലെ മുകൾ ഭാഗം നിങ്ങളെ വല്ലാതെ ആകർഷിക്കുന്നുവെന്ന് എനിക്കറിയാം. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും പോകാം. ഒരുവേള നിങ്ങളുടെ ഭാഗധേയം പർവ്വതങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ എന്നോടു പറയൂ. ഭഗവാൻ നിങ്ങളെ കാത്തു രക്ഷിക്കട്ടെ. ഹരി ഓം."

ആശ്രമത്തിലെ ഒരു മാസത്തെ ജീവിതം അത്യന്തം പ്രയോജനകരമായിരുന്നു. ഞാൻ യോഗാ ക്ലാസ്സിൽ ചേർന്നു. ശ്രീകൃഷ്ണാനന്ദജിയുടെ ഉപനിഷത് ക്ലാസ്സുകളിലും പൊയിക്കൊണ്ടിരുന്നു. ആശ്രമത്തിലെ വിപുലമായ ഗ്രന്ഥശേഖരവും ഞാൻ പ്രയോജനപ്പെടുത്തി. സ്വാമി ചിദാനന്ദജിയുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരുന്ന സത്സംഗത്തിലും പതിവായി പങ്കെടുത്തുകൊണ്ടിരുന്നു. ഋഷികേശിലെ കാണാത്ത പല സ്ഥലങ്ങളും സന്ദർശിക്കാൻ എനിക്കു വേണ്ടുവോളം സമയം കിട്ടിയിരുന്നു. തോണിയിൽ മിക്ക ദിവസങ്ങളിലും അക്കരെപോയി പല ആശ്രമങ്ങളും സന്ദർശിക്കുകയുണ്ടായി. ഏറ്റവും പഴക്കം ചെന്ന ആശ്രമം സ്ഥാപിച്ചത് മഹാനായ ബാബാ കാലീ കംബളിവാലാ ആയിരുന്നു. അദ്ദേഹത്തിന് ഈ പേര് കിട്ടാൻ ഒരു കാരണമുണ്ട്. അദ്ദേഹത്തിന് സ്വന്തമായി ആകെ ഉണ്ടായിരുന്നത് കാലീകംബളി (കറുത്ത കമ്പിളിവസ്ത്രം) മാത്രമായിരുന്നു. അദ്ദേഹത്തിന്റെ പേരിൽ കുറഞ്ഞ ചെലവിൽ താമസസൗകര്യവും ഭക്ഷണവും കിട്ടാനുള്ള സൗകര്യവും അലഞ്ഞുതിരിയുന്ന സന്ന്യാസിമാർക്കുവേണ്ടി ഒരുക്കിയിട്ടുണ്ട്. അത്തരം കേന്ദ്രങ്ങൾ കാലീകംബളിവാലാക്ഷേത്രങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. ഹിമാലയത്തിലെ തീർത്ഥാടകരായ അലഞ്ഞുതിരിയുന്ന സന്ന്യാസിമാർക്കുവേണ്ടി തീർത്ഥാടകർ സഞ്ചരിക്കുന്ന പാതയോരങ്ങളിലാണ് ഈ കേന്ദ്രങ്ങൾ സ്ഥിതി ചെയ്യുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പ്രസ്തുത സംരംഭത്തിനു തുടക്കം കുറിച്ചത്. ഈ സന്ന്യാസിവര്യനെപ്പറ്റി പല കഥകളും കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒരെണ്ണം മാത്രം പറയാമെന്നു വിചാരിക്കുന്നു.

ഗുജ്ജാർ വിഭാഗത്തിൽപെട്ട സുൽത്താന എന്നുപേരുള്ള കുപ്രസിദ്ധനായ ഒരു കൊള്ളക്കാരൻ ഉണ്ടായിരുന്നു. അയാളുടെ സംഘം സമ്പന്നരായ തീർത്ഥാടകസംഘത്തെ ആക്രമിച്ച് കൊള്ളയടിച്ചിരുന്നു. അയാളുടെ പേര് കേൾക്കുമ്പോൾതന്നെ എല്ലാവരും പേടിച്ചുവിറയ്ക്കും. കൊള്ളയടിക്കുന്നതിന് അയാളുടേതായ, ഒരു പ്രത്യേക ശൈലി ഉണ്ടായിരുന്നു. പട്ടാപ്പകൽ ആയിരുന്നു അയാൾ കൊള്ളയടിച്ചിരുന്നത്. മുൻകൂട്ടി അറിയിക്കുമായിരുന്നു. ആക്രമിക്കാൻ പോകുന്നുവെന്ന് അറിയിച്ചിട്ടായിരുന്നു അയാളുടെ വരവ്. ഒരിക്കൽ അയാൾ ബാബാ കാലീകംബളീവാലായ്ക്ക് ഇന്ന സമയത്ത് ആശ്രമം കൊള്ളയടിക്കാൻ വരുന്നുവെന്ന് സൂചന നല്കി. സ്വർഗ്ഗാശ്രമം കൊള്ളയടിക്കാൻവേണ്ടി വാളും തോക്കുമായി കൊള്ളക്കാരനും സംഘവും എത്തി. ആശ്രമത്തിലെ ജീവനക്കാരും ഭക്തജനങ്ങളും പേടിച്ചുവിറച്ചു. ഭണ്ഡാരത്തിൽ സൂക്ഷിച്ചിരിക്കുന്ന പണവും പണ്ടങ്ങളും കൊള്ളയടിക്കാൻ എത്തുന്ന കാര്യം ഓർത്ത് ബാബായൊഴിച്ച് എല്ലാവരും കിടിലംകൊണ്ടു.

ബാബാ കൊള്ളക്കാരനുവേണ്ടി സദ്യ ഒരുക്കി ആശ്രമത്തിന്റെ പുമുഖത്ത് കാത്തിരുന്നു.

ആറു പേരുള്ള ഒരു സംഘവുമായി കൊള്ളക്കാരൻ ആശ്രമത്തിൽ എത്തി. എല്ലാവരും വാളും തോക്കുമായിട്ടാണ് എത്തിയത്. സംഘത്തലവൻ കുതിരപ്പുറത്തുനിന്ന് ഇറങ്ങിയ ഉടൻതന്നെ ബാബാ മുന്നോട്ട് ചെന്ന് അയാളെ ആശ്രമത്തിലേക്ക് സ്വാഗതം ചെയ്തു. അദ്ദേഹം സംഘത്തലവനോടും സംഘത്തോടും പുമുഖത്തിരുന്ന് ദാഹം തീർത്ത് വിശ്രമിക്കാൻ ആവശ്യപ്പെട്ടു. അതിനുശേഷം പണവും പണ്ടങ്ങളും സൂക്ഷിച്ചുവച്ചിരുന്ന ഭണ്ഡാരത്തിന്റെ താക്കോൽ സംഘത്തലവന്റെ കൈയിൽ കൊടുത്തു. എന്നിട്ടു പറഞ്ഞു. "നിങ്ങൾക്ക് ആവശ്യമുള്ളതെന്തും ഇവിടെനിന്നും എടുത്തുകൊണ്ടുപോകാം. ഞാൻ ഒരുതരത്തിലുമുള്ള ഹിംസയും രക്തച്ചൊരിച്ചിലും ആഗ്രഹിക്കുന്നില്ല. നിങ്ങൾക്ക് ആരെയെങ്കിലും വധിക്കണമെങ്കിൽ അതിനുപകരമായി എന്നെ വധിക്കൂ. കാരണം, എനിക്ക് മരണവും ജീവിതവും ഒരുപോലെയാണ്. ഈ സ്ഥലത്തെ പോലീസ് മേധാവി എന്റെ ഒരു ഭക്തനാണ്. എനിക്ക് അയാളുടെ സഹായം സ്വീകരിക്കാമായിരുന്നു. അപ്പോഴും സംഭവിക്കുന്നത് ഹിംസയും രക്തച്ചൊരിച്ചിലും ആയിരിക്കും. ചിലരുടെ ജീവൻ നഷ്ടപ്പെട്ടെന്നും വരും. അതൊന്നും ഞാൻ ആഗ്രഹിക്കുന്നില്ല....."

ബാബാജി തുടർന്നു: "നിങ്ങൾക്ക് എടുക്കാനുള്ളതെല്ലാം എടുത്തു കഴിഞ്ഞാലും ഉടനെ പൊയ്ക്കളയരുത്. ഞാൻ നിങ്ങൾക്കും കൂടെയുള്ള വർക്കുംവേണ്ടി സദ്യ ഒരുക്കിയിട്ടുണ്ട്. ഭക്ഷണം കഴിച്ചതിനുശേഷം കുറച്ചു സമയം ഇവിടെ ഇരുന്ന് വിശ്രമിച്ചതിനുശേഷം പോയാൽ മതി. എനിക്ക് നിങ്ങളോട് പകയോ ശത്രുതയോ ഇല്ല. ഒരു പ്രാണിയോടും ഇല്ല. നിങ്ങൾക്ക് ഉചിതമായതു ചെയ്യാം."

കൊള്ളക്കാരൻ നാളിതുവരെ ബാബായെപ്പോലെ ഒരാളെ അഭിമുഖീകരിച്ചിട്ടില്ലായിരുന്നു. കൊള്ളക്കാരൻ ശിരസ്സു കുനിച്ച് ബാബായെ വന്ദിച്ചു; അദ്ദേഹത്തോട് ക്ഷമായാചനം ചെയ്തു. ഭണ്ഡാരം കൊള്ളയടിക്കുന്നതിനു പകരം കുറെ സ്വർണ്ണനാണയങ്ങൾ ആശ്രമത്തിന് നല്കിയിട്ടാണ് സുൽത്താന പോയത്. പോകുന്ന സമയത്ത് സദ്യയ്ക്ക് നന്ദിപറയാൻ അയാൾ മറന്നില്ല.

ഞാൻ വേറെ ചില ആശ്രമങ്ങളും സന്ദർശിച്ചു. യോഗനികേതൻ, പരമാർത്ഥ നികേതൻ, ഗീതാഭവൻ, അതീന്ദ്രിയ ധ്യാനത്തിലൂടെ വിഖ്യാതനായ മഹേഷ് യോഗിയുടെ എയർകണ്ടിഷൻ ചെയ്ത ഗുഹകൾ എന്നിവയും സന്ദർശിച്ചു. മഹേഷ് യോഗി ഈ ഗുഹകൾ അദ്ദേഹത്തിന്റെ ശിഷ്യന്മാരായ 'ബീറ്റിൽസി'നു വേണ്ടി നിർമ്മിച്ചവയാണ്. ഈ സ്ഥലങ്ങൾ സന്ദർശിച്ചതിനുശേഷം കുന്നിന്റെ പുറത്ത് സ്ഥിതി ചെയ്തിരുന്ന നീലകണ്ഠമഹാദേവക്ഷേത്രത്തിലേക്കു പോയത് ദുർഘടം പിടിച്ച പാതയിലൂടെ ആയിരുന്നു.

കാട്ടിലെ ഇടുങ്ങിയ പാതയിലൂടെയാണ് ലക്ഷ്മൺഝൂലയിൽ എത്തിയത്. ലക്ഷ്മൺഝൂലയിൽ ഇരുവശത്തും ധാരാളം ചെറിയ പർണ്ണശാലകളും ഓലമേഞ്ഞ കുടിലുകളും കണ്ടു. ഗംഗാതീരത്തുള്ള ഈ കുടിലുകളിലും പർണ്ണ ശാലകളിലും യോഗികളും, സന്ന്യാസിമാരും ഏകാന്തതയിൽ വസിച്ചിരുന്നു. നദിയെ അഭിമുഖീകരിച്ചുകൊണ്ട് സൗകര്യപ്രദമായ ചുറ്റും പാറക്കെട്ടുള്ള

ചെറിയ ഒരു ഗുഹ ഉണ്ടായിരുന്നു. അവിടെയാണ് മസ്തരാം ബാബാ വസിച്ചിരുന്നത്. തടിച്ചുകൊഴുത്ത പൊക്കം കുറഞ്ഞ അദ്ദേഹം സദാസമയവും ബ്രഹ്മാനന്ദ ലഹരിയിൽ മുഴുകി ഇരിക്കും. അദ്ദേഹത്തിന്റെ ശിഷ്യന്മാർ ഗുഹയ്ക്ക് സമീപത്ത് സജ്ജമാക്കിയിരുന്ന തടികൊണ്ടുണ്ടാക്കിയ ഒരു അടച്ചുകെട്ടലിനുള്ളിലിരുന്ന് ഭക്തിഗാനങ്ങൾ ആലപിച്ചുകൊണ്ടിരിക്കും. മസ്ത്രാം ബാബാ അപൂർവ്വമായിട്ടേ സംസാരിച്ചിരുന്നുള്ളൂ.

പാറക്കെട്ടുകളുടെ അപ്പുറത്ത് കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ ഒരു പാറക്കുന്ന് കണ്ടു. അതിനു ചുറ്റും മണൽപ്പരപ്പ് ഉണ്ടായിരുന്നു. അത് റോഡിൽനിന്നു നോക്കുമ്പോൾ കാണാൻ കഴിയുമായിരുന്നില്ല. ഋഷികേശിൽ വരുമ്പോഴൊക്കെ ബാബാജി പോകാനിഷ്ടപ്പെട്ടിരുന്ന സ്ഥലമായിരുന്നു അത്. അദ്ദേഹത്തോടൊപ്പം എത്രയോ സായാഹ്നങ്ങളിൽ അവിടെയിരുന്നുകൊണ്ട് സ്ഫടിക ജലപ്രവാഹത്തിന്റെ ഭംഗി ആസ്വദിക്കുകയും ഗൗരവമാർന്ന ചർച്ചകളിൽ മുഴുകുകയും ചെയ്തിരുന്നു. അല്ലെങ്കിൽ ശാന്തമായ അന്തരീക്ഷത്തിൽ ഇരുന്ന് ധ്യാനിക്കും.

ലക്ഷ്മൺഝൂലായിലെങ്ങും പല സമ്പ്രദായങ്ങളിലെ സന്ന്യാസിമാരെയും ആശ്രമങ്ങളും കാണാമായിരുന്നു. രാമായണത്തിലെ ലക്ഷ്മണന്റെ പേരിലാണ് ലക്ഷ്മൺഝൂലാ അറിയപ്പെടുന്നത്. ഝൂലാ എന്ന വാക്കിന്റെ അർത്ഥം ഊഞ്ഞാൽ എന്നാണ്. ഊഞ്ഞാൽ എന്നുപറയാൻ കാരണം ഗംഗയ്ക്കു കുറുകെ നിർമ്മിച്ചിരിക്കുന്ന ഈ പാലം ഒരു തൂക്കുപാലമാണ്. ഈ പാലം കടന്നുകഴിയുമ്പോൾ ഋഷികേശിൽനിന്നുമുള്ള മെയിൻ റോഡിലെത്താം. ഈ റോഡിലൂടെയാണ് ഹിമാലയത്തിന്റെ മുകൾഭാഗത്തുള്ള ബദരീനാഥിലേക്ക് പോകുന്നത്.

ലക്ഷ്മൺഝൂലായിൽവച്ച് ഞാൻ തത്വാലാബാബായെ കാണുകയുണ്ടായി. നീണ്ട ജടയുള്ള ആ സന്ന്യാസി മിക്കവാറും നഗ്നനായിരുന്നു. സമീപത്തുള്ള കാട്ടിലെ ഒരു ഗുഹയിലാണ് അദ്ദേഹം വസിച്ചിരുന്നത്. അദ്ദേഹത്തിന്റെ ഭക്തന്മാരിൽ അധികം പേരും അദ്ദേഹം മരണമില്ലാത്ത മഹാവതാര ബാബാജി ആണെന്ന് വിശ്വസിച്ചിരുന്നു. എന്തുകൊണ്ടോ എനിക്ക് അദ്ദേഹത്തോട് വലിയ മതിപ്പ് തോന്നിയില്ല. പിന്നീട് ആരോ അദ്ദേഹത്തെ വെടിവച്ചുകൊന്നുവെന്ന് അറിയാനിടയായി. അദ്ദേഹം തന്റെ ഗുഹയിൽ നടന്നുകൊണ്ടിരുന്നപ്പോഴാണ് അത് സംഭവിച്ചത്. മരണവാർത്ത മിക്കവാറും എല്ലാ മാധ്യമങ്ങളും പത്രങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. ഇന്നും കൊലപാതകത്തിന്റെ കാരണങ്ങൾ ദുരൂഹമായി അവശേഷിക്കുന്നു.

അക്കാലത്ത് ആദ്ധ്യാത്മികാന്വേഷകർക്ക് എത്രയും മഹത്തായ ഒരു സ്ഥലമായിരുന്നു ഋഷികേശ്. തീർത്ഥാടനകാലത്ത് തീർത്ഥാടകർ പുണ്യസ്ഥലങ്ങളായ ബദരീനാഥ്, കേദാരനാഥ്, ഗംഗോത്രി, യമുനോത്രി എന്നിവിടങ്ങളിലേക്ക് ശാന്തിയും പവിത്രതയും നഷ്ടപ്പെടുത്തിക്കൊണ്ട് കൂട്ടംകൂട്ടമായി എത്തിച്ചേരും. അപ്പോൾ എല്ലായിടത്തും കേൾക്കുന്നത് അപസ്വരങ്ങളായിരിക്കും. തീർത്ഥാടകർക്ക് ഈ പുണ്യസ്ഥലങ്ങളിലെ അനവധി ആശ്രമങ്ങൾ സന്ദർശിക്കുന്നതിനും, വിവിധ സമ്പ്രദായങ്ങളിലെ സന്ന്യാസിമാരുമായി ബന്ധപ്പെടുന്നതിനും ഒരിടത്തും സ്ഥിരമായി വസിക്കാത്ത സന്ന്യാസിമാരെ ദർശിക്കുന്നതിനും

അവസരം കിട്ടുന്നു. അതിലൂടെ ഒരാൾക്ക് ഹൈന്ദവ സംസ്കാരത്തിന്റെ ഒരു വിശാലക്കാഴ്ച ലഭിക്കും.

ആ സ്ഥലം പരിശുദ്ധമായി സൂക്ഷിക്കപ്പെട്ടിരുന്നു. നദിയിൽ കുളിക്കുന്നവർ സോപ്പ് ഉപയോഗിച്ചിരുന്നില്ല. നദിയിലെ ജലം സ്ഫടികംപോലെ ശുദ്ധമായിരുന്നു. അന്ന് ഇന്നു കാണുന്ന രീതിയിലുള്ള റിസോർട്ടുകൾ ഇല്ലായിരുന്നു. പ്ലാസ്റ്റിക് കപ്പുകളും നശിക്കാത്ത കുപ്പക്കൂനകളും മറ്റും നദീതീരങ്ങളിൽ ഇന്നത്തെപ്പോലെ അന്ന് കാണപ്പെട്ടിരുന്നില്ല. ഒരാൾക്ക് കാണാൻ കഴിയുന്ന വിദേശീയർ ഒന്നുകിൽ തികഞ്ഞ ആത്മാർത്ഥത പുലർത്തുന്ന ആദ്ധ്യാത്മിക സാധകരായിരുന്നു അല്ലെങ്കിൽ ഹിമാലയത്തിന്റെ ഔന്നത്യവും പർവ്വതങ്ങളുടെ സൗന്ദര്യവും ആസ്വദിക്കാൻവേണ്ടി വന്നവരായിരുന്നു. എന്നിട്ടും എന്തുകൊണ്ടോ അന്തരീക്ഷം എന്നെ തൃപ്തിപ്പെടുത്തിയില്ല. ഇനിയും ഉയരങ്ങളിലേക്കു പോകാൻ മനസ്സ് വെമ്പൽകൊണ്ടു. മനസ്സ് എന്നോട് ഇങ്ങനെ മന്ത്രിച്ചു. ഈ കാണുന്നതൊക്കെ അതീവ മനോഹരമാണെങ്കിലും ഹിമാലയത്തിന്റെ അടിവാരങ്ങൾ മാത്രമാണ്. ഹിമാഛാദിതങ്ങളായ കൊടുമുടികൾ എന്നെ മാടിവിളിക്കുകയായിരുന്നു.

പിന്നെ മറ്റൊരു കാര്യംകൂടി പ്രസ്താവ്യമാണ്. ഞാൻ കണ്ടുമുട്ടിയിരുന്ന അനേകം സന്ന്യാസിമാരിൽ ഞാൻ എന്റെ സങ്കല്പത്തിൽ കണ്ടിരുന്ന ഹിമാലയ യോഗിയെ കാണാൻ കഴിഞ്ഞില്ല. അവരിൽ പലരും മഹാപണ്ഡിതന്മാർ ആയിരുന്നു; വിശാലമായ സന്ന്യാസിമഠങ്ങളിലെ മഠാധിപതികളും ആയിരുന്നു, ചിലർ യോഗശാസ്ത്രത്തിൽ പാരംഗതർ ആയിരുന്നു. വേറേ ചിലർ എപ്പോഴും ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്ന കഞ്ചാവിന് അടിപ്പെട്ട, വൈരാഗികൾ ആയിരുന്നു. അവർ വെറും പരിശുദ്ധയാചകർ ആയിരുന്നു. അവർക്ക് ഹിന്ദു ധർമ്മത്തിന്റെ അഗാധ തലങ്ങളെപ്പറ്റി യാതൊരറിവും ഇല്ലായിരുന്നു. അവസാനം സൂചിപ്പിച്ച ഇവരോട് എനിക്ക് അങ്ങേയറ്റത്തെ വെറുപ്പായിരുന്നു.

എന്തൊക്കെയായാലും ഞാൻ എന്റെ സാധനയ്ക്ക് വിഘ്നം വരുത്തിയിരുന്നില്ല. ഏറെ നേരം ഗംഗാപ്രവാഹത്തെ സാകൂതം നോക്കിയിരിക്കും. യോഗപരിശീലനവും ധ്യാനപരിശീലനവും നടത്തിക്കൊണ്ടിരുന്നു. അദ്ധ്യയനവും തുടർന്നുകൊണ്ടിരുന്നു. വായിക്കാൻ കഴിയുന്നത്ര ഗ്രന്ഥങ്ങൾ വായിച്ചു. എന്നിരുന്നാലും നിർവ്വചിക്കാനാവാത്ത എന്തോ ഒന്നിനുവേണ്ടിയുള്ള എന്റെ അന്വേഷണം തുടർന്നുകൊണ്ടിരുന്നു.

പൗർണ്ണമി രാവുകളിൽ നദീതീരം അതീവമനോഹരമായിരുന്നു. അപ്പോൾ നദിക്കരയിൽ ഇരിക്കുന്നത് ഹൃദ്യമായ ഒരു അനുഭവമായിരുന്നു. ഒരു രാത്രിയിൽ ഗംഗാപ്രവാഹം നോക്കി ആസ്വദിച്ചുകൊണ്ട് ഇരിക്കുകയായിരുന്നു. അന്നേരം എന്നോട് സൗഹൃദം പുലർത്തിയിരുന്ന പ്രായംചെന്ന ദക്ഷിണേന്ത്യക്കാരനായ ഒരു സന്ന്യാസി എന്റെ അരികിൽ വന്നിരുന്നു. പ്രകൃതി ഒരുക്കിയ മോഹനദൃശ്യത്തെ വാഴ്ത്തിക്കൊണ്ട് അദ്ദേഹം എന്നോടു പറഞ്ഞു: "ഞാൻ, നിങ്ങളോട് ചില കാര്യങ്ങൾ സംസാരിക്കാനാഗ്രഹിക്കുന്നു. "ആകാമല്ലോ" എന്നു പറഞ്ഞുവെങ്കിലും രാത്രിയുടെ വശ്യമനോഹാരിത ആസ്വദിക്കുന്നതിന് അദ്ദേഹത്തിന്റെ സംസാരം തടസ്സമാകുമല്ലോ എന്ന് മനസ്സിൽ വിചാരിച്ചു.

വൃദ്ധസന്ന്യാസി തുടർന്നു: "ഞാൻ എത്രയോ വർഷങ്ങളായിട്ട് ഈ പ്രദേശങ്ങളിൽ കഴിയുന്നു. ആദ്യകാലത്ത് ഇവിടുത്തെ ജീവിതം ആവേശകരമായ അനുഭവമായിരുന്നു. സത്സംഗങ്ങളും, ഭക്തിനിർഭരമായ ഗാനങ്ങളും, കാവിവസ്ത്രധാരികളായ സന്ന്യാസിമാരും, ഈ നദിയും, കുന്നുകളും എല്ലാം ആനന്ദം പകരുന്ന അനുഭവങ്ങളായിരുന്നു. എനിക്ക് ഉണ്ടായിരുന്ന നല്ല ഉദ്യോഗം ഞാൻ വേണ്ടെന്നുവച്ചു. ഭാര്യയെയും കുട്ടികളെയും ഉപേക്ഷിച്ചു. സന്ന്യാസത്തിന്റെ വശ്യമായ ഒരു ചിത്രം എന്റെ മുന്നിൽ അവതരിപ്പിച്ച സ്വാമി ഇപ്പോൾ ജീവിച്ചിരിപ്പില്ല."

ഒരു നിമിഷം മൗനം അവലംബിച്ചതിനുശേഷം അദ്ദേഹം തുടർന്നു: "ഒടുവിൽ മറകൾ ഓരോന്നായി നീങ്ങിത്തുടങ്ങിയപ്പോൾ കാപട്യം വെളിവായി. ആശ്രമങ്ങളിലെല്ലാംതന്നെ അധികാര വടംവലികളാണ് നടക്കുന്നത്. അതുപോലെതന്നെ ആശ്രമത്തിലെ കാര്യങ്ങളൊക്കെ ഒരു ചെറിയ ഉപജാപക സംഘമാണ് നടത്തുന്നത്. വളരെ വൈകിയാണ് കാര്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങിയത്. എന്റെ ഭാര്യ മറ്റാരെയോ വിവാഹം കഴിച്ച് സുഖമായി ജീവിക്കുന്നു. എന്റെ കുട്ടികൾ എന്നെ വെറുക്കുന്നു. ധ്യാനത്തിൽ എനിക്ക് ഒന്നുംതന്നെ ദർശിക്കാൻ കഴിയുന്നില്ല. ഞാൻ ഇന്നും കാമനകളുള്ള കോപിഷ്ഠനായ മനുഷ്യനാണ്. എനിക്ക് മാറ്റം ഒന്നും സംഭവിച്ചിട്ടില്ല. ഞാൻ സന്ന്യാസം സ്വീകരിച്ചു പോയതുകൊണ്ട് ഇനി ഈ വേഷംതന്നെ തുടരട്ടെ എന്നു വിചാരിക്കുന്നു. എന്നെക്കൊണ്ട് സമൂഹത്തിന് ഒരു പ്രയോജനവും ഇല്ല. ഞാൻ മരണവും കാത്തു കഴിയുന്നു. കുറഞ്ഞപക്ഷം ഭക്ഷണവും താമസസൗകര്യവും ആശ്രമത്തിൽ കിട്ടുമല്ലോ."

അദ്ദേഹത്തിന്റെ സംസാരം കേട്ടുകൊണ്ടിരുന്ന എന്റെ ക്ഷമ നശിച്ചതുപോലെ തോന്നി. ഞാൻ തെല്ല് അരിശത്തോടെ ചോദിച്ചു: "ഇതൊക്കെ താങ്കൾ എന്തിനാണ് എന്നോടു പറയുന്നത്?" ഞാൻ അദ്ദേഹത്തെ പാകതയുള്ള മുതിർന്ന ഒരു സന്ന്യാസിയായിട്ടാണു കരുതിയിരുന്നത്. പോരാഞ്ഞിട്ട് അദ്ദേഹം സ്വാമിജിയുടെ ഒരു പ്രധാന ശിഷ്യനും ആയിരുന്നു. അദ്ദേഹം എന്റെ ചോദ്യത്തിന് ഇങ്ങനെ മറുപടി നല്കി: "നിങ്ങൾ ഞാൻ പറയുന്നതു കേൾക്കൂ. നിങ്ങൾ നന്നേ ചെറുപ്പമാണ്. കാണാൻ സുന്ദരനാണ്. വിദ്യാസമ്പന്നനുമാണ്. അധികം വൈകിപ്പോകുന്നതിനു മുമ്പ് ഉപദേശിക്കുന്നതാണ് നല്ലതെന്നു തോന്നി. നിങ്ങൾക്ക് ഇവിടെനിന്നും ഒന്നും ലഭിക്കുകയില്ല. ഹിമാലയത്തിന്റെ ഭംഗി ആസ്വദിച്ചുവെന്നും സാഹസികയാത്ര നടത്താൻ കഴിഞ്ഞുവെന്നും അല്ലാതെ മറ്റൊന്നും നിങ്ങൾക്ക് നേടാൻ കഴിയുകയില്ല. അതുകൊണ്ട് നിങ്ങൾ മടങ്ങിപ്പോയിട്ട് ഒരു യാത്രാവിവരണം എഴുതൂ. നിങ്ങൾ വേറെ എന്തു ചെയ്യാനാണ്?"

അദ്ദേഹം വീണ്ടും വാചാലനായി: "ഒമ്പതുമുതൽ അഞ്ചു മണിവരെ പണിയെടുക്കുന്ന സാധാരണ മനുഷ്യന്റെ ജീവിതം നയിക്കണമെന്നില്ലെങ്കിൽ നിങ്ങൾക്കു സ്വയം ഒരു ഗുരുവായി ചമഞ്ഞുകൊണ്ട് ലക്ഷങ്ങൾ സമ്പാദിക്കാം. വിദേശീയരെ ആകർഷിക്കാനുള്ള എല്ലാ സാമഗ്രികളും നിങ്ങളിലുണ്ട്. അവർക്ക് നിങ്ങൾ ഏതെങ്കിലും നിസ്സാരമായ തത്ത്വോപദേശം നല്കൂ,

അവർ നിങ്ങളുടെ ചൂണ്ടയിൽ കൊത്തും. നിങ്ങൾ എയർകണ്ടീഷൻ ചെയ്ത ഗുഹകൾ കണ്ടിരിക്കുമല്ലോ....."

എന്റെ അരിശം മൂത്തു. ആ വൃദ്ധൻ എന്നെ പ്രലോഭിപ്പിച്ച് വഴിതെറ്റിക്കാൻ വന്ന സാത്താനാണെന്ന് എനിക്കു തോന്നി. ഞാൻ അദ്ദേഹത്തോടു കർക്കശ സ്വരത്തിൽ പറഞ്ഞു: "ദയവായി മതിയാക്കൂ. താങ്കളിൽനിന്ന് ഞാൻ ഇനി ഒന്നും കേൾക്കാൻ ആഗ്രഹിക്കുന്നില്ല."

"അങ്ങനെയോ?" ആ 'മഹായോഗി'ക്കും തന്റെ കോപം അടക്കാൻ കഴിഞ്ഞില്ല. അദ്ദേഹവും കയർത്തുകൊണ്ടു പറഞ്ഞു:

"നിങ്ങൾ നശിച്ചുപോകരുതേ എന്നുവിചാരിച്ചാണ് ഉപദേശിച്ചത്. ഫലമുണ്ടായില്ല. തന്റെ നാശം അടുത്തിരിക്കുന്നു. ഇനി ഞാൻ നിങ്ങളെ ശല്യം ചെയ്യുകയില്ല."

അദ്ദേഹം അവിടെനിന്നും എണീറ്റുപോയി. എങ്കിലും അദ്ദേഹത്തിന്റെ സംസാരം പലവിധത്തിലും എന്നെ അസ്വസ്ഥനാക്കി. മേലാൽ എനിക്ക് ഒരു സന്ന്യാസിയെയും മുഖവിലയ്ക്ക് എടുക്കാൻ കഴിയുകയില്ലെന്ന ചിന്തയ്ക്കു ഞാൻ അധീനനായി. ഋജുവായ, സംശയരഹിതമായ എന്റെ മനസ്സ് ശങ്കാകുലമായി. ഞാൻ തീർത്ഥാടനത്തിന്റെ പാതയിലൂടെ സഞ്ചാരം തുടരാൻ നിശ്ചയിച്ചു. ഞാൻ സ്ഥിരമായി ഒരിടത്തും താമസിക്കാത്ത ഒരു സന്ന്യാസിയെ തീർച്ചയായും കണ്ടെത്തും. അനന്തരാവകാശമുള്ള ഏതെങ്കിലും സ്ഥാപനവുമായി ബന്ധമില്ലാത്ത ഒരു സന്ന്യാസിയെ അന്വേഷിക്കും.

ഞാൻ സ്വാമി ചിദാനന്ദനുമായി ഒരു കൂടിക്കാഴ്ചയ്ക്കുവേണ്ടി സമയം ചോദിച്ചു. അദ്ദേഹം അതിനു സമ്മതിച്ചു. പ്രായംചെന്ന സന്ന്യാസിയുമായി നടത്തിയ സംഭാഷണത്തെപ്പറ്റി ഒന്നുംതന്നെ അദ്ദേഹത്തോട് പറഞ്ഞില്ല. പക്ഷേ, ഒരു കാര്യം അദ്ദേഹത്തോട് തുറന്നു പറഞ്ഞു. ഞാൻ സംതൃപ്തനല്ലെന്നും ബദരീനാഥും ഹിമാലയത്തിലെ ആരാധനാലയങ്ങളും സന്ദർശിക്കാൻ ആഗ്രഹിക്കുന്നുവെന്നും അദ്ദേഹത്തെ അറിയിച്ചു. നാളെത്തന്നെ യാത്ര പുറപ്പെടും എന്നുപറഞ്ഞിട്ട് അദ്ദേഹത്തിന്റെ അനുഗ്രഹങ്ങൾക്കുവേണ്ടി അഭ്യർത്ഥിച്ചു. സ്വാമി ചിദാനന്ദൻ ശിരസ്സിൽ കൈവച്ച് എന്നെ അനുഗ്രഹിച്ചു. അദ്ദേഹം എന്നോട് ഞാൻ ആശ്രമത്തിൽനിന്നും പോകുമെന്ന് അറിയാമായിരുന്നുവെന്ന് അറിയിച്ചു. ഇനിയും പല അനുഭവങ്ങൾ നേടാനുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. അദ്ദേഹം പറഞ്ഞു: "കുറഞ്ഞത് രണ്ടു കമ്പിളിപ്പുതപ്പെങ്കിലും കരുതിക്കൊള്ളണം. പണം ആവശ്യമുണ്ടെങ്കിൽ തരാം." ഞാൻ പണം സ്വീകരിച്ചില്ല. എന്റെ പക്കൽ പണം ഉണ്ടായിരുന്നു. ഞാൻ ശിരസ്സു കുനിച്ച് അദ്ദേഹത്തെ വണങ്ങി. എന്നിട്ട് അവിടെനിന്നും യാത്രയായി. അന്നേരം താൻ സ്വതന്ത്രനാണെന്ന തോന്നൽ എനിക്കുണ്ടായി. അതോടൊപ്പം ഹൃദയത്തിന് ലാഘവം അനുഭവപ്പെട്ടു.

പതിനാറ്

വസിഷ്ഠഗുഹ

പിറ്റേന്ന് അതിരാവിലെ അഞ്ചര മണിക്ക് ഞാൻ യാത്ര പുറപ്പെട്ടു. കഴിഞ്ഞ ദിവസം രാത്രിയിൽ ഞാൻ ഒരു തീരുമാനം എടുത്തിരുന്നു. യാത്രയ്ക്ക് ഒരു വാഹനവും ഉപയോഗിക്കുകയില്ലെന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സന്ന്യാസിമാരെപ്പോലെ ഞാനും ബദരീനാഥിലേക്ക് കാൽനടയായി പോകും എന്നായിരുന്നു നിശ്ചയം.

ബദരീനാഥിലേക്ക് പോകുന്ന റോഡ് തിരിഞ്ഞ് മനോഹരമായ ഗംഗാതീരത്തുകൂടിയാണ് പോകുന്നത്. ഗംഗയുടെ മറുഭാഗത്ത് പാറക്കെട്ടുകൾ നിറഞ്ഞ പർവ്വതങ്ങളും വനങ്ങളും ആയിരുന്നു. അന്നൊക്കെ മരക്കൊമ്പുകളിൽ മയിലുകൾ നൃത്തം ചെയ്യുന്നതു കാണാനും അവയുടെ ഉച്ചത്തിലുള്ള കൂജനങ്ങൾ കേൾക്കാനും കഴിയുമായിരുന്നു. ഉത്തരാഞ്ചലിൽ നദികളെ മെരുക്കി അണക്കെട്ടുകൾ നിർമ്മിക്കുന്നതിനു മുമ്പുള്ള കാര്യമാണ് ഈ പറഞ്ഞത്. ഇപ്പോൾ മയിലുകളെല്ലാം അപ്രത്യക്ഷമായിരിക്കുന്നു.

ആരുടെയും സംരക്ഷണം കൂടാതെ ഞാൻ ഒറ്റയ്ക്ക് സ്വതന്ത്രനായി നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഒരു കമ്പിളിപ്പുതപ്പും, കഴുത്തിൽ ചുറ്റിയിരുന്ന ഒരു ടവ്വലും, ഒരു ചെമ്പു ജലപാത്രവും മാത്രമാണ് എന്റെ പക്കൽ ഉണ്ടായിരുന്നത്. ഒരു തുണിസഞ്ചി തോളിൽ തൂക്കിയിട്ടിരുന്നു. ഒരു തീപ്പെട്ടിയും റൈറ്റിങ് പാഡും ഒരു പേനാക്കത്തിയും രണ്ടു പെൻസിലുമാണ് സഞ്ചിയിൽ ഉണ്ടായിരുന്നത്. ബ്രാഹ്മണരെപ്പോലെ ഞാൻ മഞ്ഞമുണ്ടുകൊണ്ട് താറുടുത്തിരുന്നു. കുറച്ചുഭാഗം മുണ്ഡനം ചെയ്ത ശിരസ്സിൽ കുടുമ ഉണ്ടായിരുന്നു. അറ്റം കൂർത്ത ഒരു വടി ഊന്നി നടന്നുകൊണ്ടിരുന്ന എന്നെ കാണുന്ന ആർക്കും ഞാൻ ഒരു സത്യാന്വേഷിയാണെന്നേ തോന്നൂ.

സായംസന്ധ്യയ്ക്കു മുമ്പ് വസിഷ്ഠഗുഹയിൽ എത്തുകയായിരുന്നു എന്റെ ലക്ഷ്യം. അവിടെ എത്തുന്നതിന് ഇരുപത്തിരണ്ടു കിലോ മീറ്റർ നടക്കണം. ഓരോ ദിവസവും ഏതാണ്ട് അതേദൂരം നടക്കണം എന്നാണ് ഞാൻ നിശ്ചയിച്ചത്. ഋഷികേശിൽനിന്ന് ഇരുനൂറ്റിനാല്പത് കിലോമീറ്റർ അകലെയാണ് ബദരീനാഥ്. ഉച്ചയ്ക്ക് തീക്ഷ്ണമായ ചൂട് അനുഭവപ്പെട്ടു. മനസ്സും അസ്വസ്ഥമായിരുന്നു. എന്റെ കാലുകളുടെ അവസ്ഥയും എന്നെ അലോസരപ്പെടുത്തി. ഞാൻ ധരിച്ചിരുന്ന റബ്ബർ ചെരുപ്പിന്റെ വള്ളി പൊട്ടിപ്പോയിരുന്നു. അതിനാൽ ചെരുപ്പു വേണ്ടെന്നു വച്ചു. നട്ടുച്ചനേരത്ത് അസഹ്യമായ ചൂടു കാരണം നിലത്ത് കാല് വയ്ക്കാൻതന്നെ പ്രയാസപ്പെട്ടു. എന്റെ ഉള്ളംകാലുകൾക്ക് പൊള്ളലേറ്റു. അധികദൂരം ചെരുപ്പില്ലാതെ നടന്നു ശീലം ഇല്ലാതിരുന്നതിനാൽ നിരപ്പില്ലാത്ത പരുക്കൻ വഴിയിലൂടെയുള്ള

സഞ്ചാരം ദുഷ്കരമായിരുന്നു. കഠിനമായ ചൂടിൽനിന്ന് രക്ഷകിട്ടാൻവേണ്ടി ഒരു ടവ്വൽകൊണ്ട് തലമറച്ചുകൊണ്ട് വളരെ ആയാസപ്പെട്ട് നടന്നുകൊണ്ടിരുന്നു. വളരെ ഉത്സാഹത്തോടെ സഞ്ചരിച്ചുകൊണ്ടിരുന്ന നഗ്നപാദരും ദൃഢപരിശീലനം ലഭിച്ചിട്ടുള്ളവരുമായ സന്ന്യാസിമാരുടെ കൂടെ യാത്ര ചെയ്യുന്നത് ഞാൻ ഒഴിവാക്കിയിരുന്നു. അവർ ഇടയ്ക്കിടെ മരത്തണലിൽ വിശ്രമിക്കും. അവിടെ ഇരുന്ന് കഞ്ചാവിന്റെയോ മറ്റു ലഹരിപദാർത്ഥങ്ങളുടെയോ പുക വലിക്കും. അവർ എന്നെയും അവരുടെ കൂട്ടത്തിൽ കൂടാൻ ക്ഷണിച്ചിരുന്നു. ഞാൻ അവരുടെ ക്ഷണം നിരസിച്ചിരുന്നു. ഇത്രയും ദൂരം സഞ്ചരിച്ച് ഞാൻ ഹിമാലയത്തിൽ എത്തിച്ചേർന്നതു കഞ്ചാവിന്റെ അടിമയാകാൻവേണ്ടിയായിരുന്നില്ല.

വിശപ്പ് എന്നെ വല്ലാതെ അലട്ടാൻ തുടങ്ങി. കുറച്ചു പണം അപ്പോഴും എന്റെ പക്കൽ ബാക്കിയുണ്ടായിരുന്നു. വഴിയോരത്തു കണ്ട ഒരു ഭക്ഷണശാലയിലേക്ക് വേഗം നീങ്ങി. ഒരു ഗഡ്വാലിയായിരുന്നു ഭക്ഷണശാലയുടെ ഉടമ. അയാൾക്ക് സന്ന്യാസിമാരോടു ബഹുമാനക്കുറവ് ഉണ്ടായിരുന്നു. അയാൾ എന്നിൽനിന്ന് രണ്ടു ചപ്പാത്തിക്കും ഉരുളക്കിഴങ്ങുകറിയും കഴിച്ചതിന് അമിതമായ വില വാങ്ങി. പിന്നീട് എന്റെ പക്കൽ ബാക്കിയുണ്ടായിരുന്നത് മുപ്പത് രൂപ മാത്രമാണ്.

ആ സ്ഥലത്ത് നല്ല തണൽ ഉണ്ടായിരുന്നു. ട്രക്ക് ഡ്രൈവർമാർ മണിക്കൂറിന് അഞ്ചു രൂപ നിരക്കിൽ വാടകയ്ക്ക് എടുത്തിരുന്ന തടിക്കട്ടിലുകളിലൊന്നിൽ കിടന്നു സുഖമായി ഉറങ്ങി.

ഞാൻ ഉണർന്നപ്പോൾ ചൂടിനു ശമനം തോന്നിയിരുന്നു. നിഴൽ നീളാൻ തുടങ്ങിയിരുന്നു. വഴിയോരത്തെ ഒരു ടാപ്പ് തുറന്നു തണുത്ത വെള്ളത്തിൽ കാലുകൾ കഴുകിയിട്ട് യാത്ര തുടർന്നു. സമയം സന്ധ്യയോടടുക്കാൻ തുടങ്ങിയപ്പോൾ ഞാനാകെ ഉത്കണ്ഠാകുലനായി. വസിഷ്ഠഗുഹ ദൃഷ്ടിപഥത്തിൽ പെട്ടിരുന്നില്ല. ഓരോ ചുവടും കൂടുതൽ കൂടുതൽ ഭാരിച്ചതായി അനുഭവപ്പെട്ടു. മുറിവേറ്റിരുന്ന ഉള്ളം കാലുകൾക്ക് അസഹ്യമായ നീറ്റൽ താങ്ങാൻ കഴിഞ്ഞില്ല. കാൽവണ്ണകളും വല്ലാതെ വേദനിച്ചു.

ഒടുവിൽ ഒരടിപോലും മുന്നോട്ടു വയ്ക്കാനുള്ള അവസ്ഥയിൽ ആയിരുന്നില്ല ഞാൻ. സഹായത്തിനായി ഞാൻ ഉള്ളാലെ പ്രാർത്ഥിച്ചു. അന്നേരം ഋഷികേശിൽനിന്നും വരികയായിരുന്ന ഒരു ജീപ്പ് എന്റെ അടുത്തുവന്നുനിന്നു. ഡ്രൈവർ ഹിന്ദിയിൽ ചോദിച്ചു: "എങ്ങോട്ടു പോകുന്നു?" ഞാൻ പറഞ്ഞു: ബദരീനാരായണിലേക്കാണു പോകേണ്ടത്. പക്ഷേ, ഇപ്പോൾ പോകുന്നത് വസിഷ്ഠ ഗുഹയിലേക്ക്. ജീപ്പ് ഡ്രൈവർ ഉടനേ പറഞ്ഞു: "ഇനിയും പോണം രണ്ടു കിലോ മീറ്റർ. ജീപ്പിൽ കയറിക്കൊള്ളൂ. അഞ്ചുമിനിട്ടുകൊണ്ട് എത്താം. അവിടെ വിളക്കുകളൊന്നും കാണുകയില്ല. ഇരുട്ടുവീഴാൻ തുടങ്ങിയിരിക്കുന്നു. സൈൻ ബോർഡുകളും ഇല്ല."

ഞാൻ ഒരു നിമിഷം ചിന്താധീനനായി. നടക്കാൻ നന്നേ പ്രയാസം തോന്നുന്നുണ്ടായിരുന്നു. യാത്രയ്ക്ക് ഒരു വാഹനവും ഉപയോഗിക്കുകയില്ലെന്ന് മനസ്സിൽ പ്രതിജ്ഞയെടുത്തിട്ടുമുണ്ട്. എന്നാൽ ഇപ്പോഴത്തെ സാഹചര്യങ്ങൾ ആകെ മാറിയിരിക്കുന്നു. ശ്രീരാമകൃഷ്ണപരമഹംസന്റെ വചനങ്ങൾ എന്റെ

മനസ്സിൽ വെളിച്ചം പകർന്നു: "ധർമ്മനിഷ്ഠയുള്ളവൻ ഒരിക്കലും ഒരു വിഡ്ഢിയെപ്പോലെ ജീവിക്കരുത്." "ശരി" എന്നു പറഞ്ഞുകൊണ്ട് ഞാൻ ജീപ്പിനുള്ളിലേക്കു കയറി. അത് പഴയ മോഡൽ വില്ലീസ് ജീപ്പായിരുന്നു. കടകട ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ജീപ്പ് വേഗത്തിലോടി. യുവാവായ ഡ്രൈവർ മലമ്പ്രദേശങ്ങളിൽ വണ്ടി ഓടിക്കാൻ സമർത്ഥനായിരുന്നു. ഒട്ടും വൈകാതെ ഒരു റോഡിനരികെ ജീപ്പ് നിർത്തിയിട്ട് ഡ്രൈവർ പറഞ്ഞു: "അങ്ങ് ഇവിടെ ഇറങ്ങിയാലും ഞാൻ അങ്ങയെ ആശ്രമത്തിലെത്തിക്കാം. അവിടെ കേരളത്തിൽനിന്നുമുള്ള ഒരു യുവബ്രഹ്മചാരി മഹാരാജ് ഉണ്ട്. മുഖ്യ സ്വാമി ഏതാനും കൊല്ലം മുമ്പ് അന്തരിച്ചു. വരൂ..."

ഞാൻ ജീപ്പിൽനിന്നും ഇറങ്ങി ഡ്രൈവറോടൊപ്പം കിഴുക്കാം തൂക്കായ വഴിയിലൂടെ താഴോട്ടിറങ്ങി ആശ്രമത്തിലേക്കു നടന്നു. ആ സ്ഥലത്ത് ഒരിടത്തും വൈദ്യുത വെളിച്ചം കാണാൻ കഴിഞ്ഞില്ല. റാന്തൽ വിളക്കുകളുടെ നേരിയ പ്രകാശത്തിൽ എനിക്ക് യാതൊന്നും വ്യക്തമായി കാണാൻ കഴിഞ്ഞിരുന്നില്ല. ബ്രഹ്മചാരിയുടെ ലക്ഷണമായ വെള്ളനിറമുള്ള വസ്ത്രവും കുടുമയും ധരിച്ച ഒരു യുവാവ് മുറിയിൽനിന്നും ഇറങ്ങിവന്ന് 'ഹരി ഓം' എന്നു പറഞ്ഞുകൊണ്ട് സ്വയം പരിചയപ്പെടുത്തി: "ഞാൻ ആത്മചൈതന്യ എന്ന ബ്രഹ്മചാരി ആണ്. നിങ്ങൾ ആരാണ്?"

ഉടനെ എന്റെ ഡ്രൈവർ സുഹൃത്തായ രാജേഷ് അറിയിച്ചു: "ഞാൻ ഇദ്ദേഹത്തെ വഴിയിൽവച്ച് കാൽ മുടന്തി മുടന്തി വിഷമിച്ച് നടന്നുവരുന്നതു കണ്ടു. ഇദ്ദേഹം ബദരീനാഥിലേക്കാണു പോകാനാഗ്രഹിക്കുന്നത്. ആദ്യം വസിഷ്ഠഗുഹയിലേക്ക് പോകണമെന്നു പറഞ്ഞു. ഞാൻ ഇദ്ദേഹത്തിന് ഒരു ലിഫ്റ്റ് കൊടുത്തു."

'ഹരി ഓം മഹാരാജ്' എന്ന അഭിവാദനത്തോടെ ഞാൻ ബ്രഹ്മചാരിയോട് സംസാരിച്ചു. അദ്ദേഹത്തിന്റെ സംസാരത്തിൽനിന്നുതന്നെ കേരളീയനാണെന്നു മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ ഞാൻ അദ്ദേഹത്തോട് മലയാളത്തിൽ പറഞ്ഞു: "ഞാൻ ബദരീനാഥിലേക്കു പുറപ്പെട്ടതാണ്. അതിനിടയിൽ വസിഷ്ഠ ഗുഹയെപ്പറ്റി കേൾക്കാനിടയായി. വസ്ഷിഠ ഗുഹ സന്ദർശിക്കണമെന്നു തോന്നി. അപ്പോഴേക്കും ഇരുട്ടു വ്യാപിക്കാൻ തുടങ്ങിയിരുന്നു. കാലുകൾക്കും പരുക്കേറ്റിരുന്നു..."

ബ്രഹ്മചാരി ഹൃദയാലു ആയിരുന്നു. അദ്ദേഹം പറഞ്ഞു: "വിഷമിക്കേണ്ടാ. നിങ്ങൾക്ക് ഈ രാത്രി ഇവിടെ തങ്ങാം."

അന്നേരം എന്നെ ആശ്രമത്തിലെത്തിച്ച ഗഡ്വാലി യുവാവ് യാത്ര ചോദിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ഇവിടെനിന്നും കുറച്ചു ദൂരെ ബ്യാസിയിലാണു താമസിക്കുന്നത്. ഞാൻ റോഡിനരികെ ഒരു കട നടത്തുന്നുണ്ട്. ചെറിയ തോതിലുള്ള ഒരു ഭക്ഷണശാല. എപ്പോൾ വേണമെങ്കിലും വരാം." ഇങ്ങനെ പറഞ്ഞുകൊണ്ട് അയാൾ ആദ്യം ബ്രഹ്മചാരിയുടെയും രണ്ടാമതായി എന്റെയും കാലുകളിൽ തൊട്ടുവന്ദിച്ചു. അയാൾ യാത്രയായി. ഒരല്പം കഴിഞ്ഞ് ജീപ്പ് പുറപ്പെടുന്ന ശബ്ദം രാത്രിയുടെ നിശ്ശബ്ദതയെ ഭഞ്ജിച്ചു.

"നിങ്ങൾ നന്നേ ക്ഷീണിതനാണ്." ബ്രഹ്മചാരി തുടർന്നു: "നിങ്ങൾക്ക് തങ്ങാനുള്ള ചെറിയ മുറി കാണിച്ചുതരാം. പുറത്ത് കുളിമുറി ഉണ്ട്. കുളി

കഴിഞ്ഞിട്ട് അല്പസമയം വിശ്രമിക്കൂ. അരമണിക്കൂറിനുള്ളിൽ വരാന്തയിൽ ഇരുന്ന് ഭക്ഷണം കഴിക്കാം. രാവിലെ ഞാൻ നിങ്ങൾക്ക് വസിഷ്ഠഗുഹ കാണിച്ചു തരാം." ബ്രഹ്മചാരി എന്നെ ചെറിയ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടു പോയി. മുറിയിൽ ഒരു കട്ടിലും രണ്ടു കമ്പിളിപ്പുതപ്പും ഉണ്ടായിരുന്നു. ഭക്ഷണ സമയത്ത് കാണാം എന്നു പറഞ്ഞിട്ട് അദ്ദേഹം മുറിയിൽനിന്നും പോയി. എനിക്കുവേണ്ടി മുറിയിൽ ഒരു റാന്തൽ കത്തിച്ചുവച്ചിരുന്നു.

ചപ്പാത്തിയും പരിപ്പും ചോറും ഉരുളക്കിഴങ്ങു കറിയുമായിരുന്നു അത്താഴത്തിനുള്ള വിഭവങ്ങൾ. ഭക്ഷണം കഴിച്ചതിനുശേഷം കുറച്ചു സമയം ബ്രഹ്മചാരിയോട് സംസാരിച്ചു. ഞാൻ യഥാർത്ഥ അന്വേഷിയാണെന്ന് അദ്ദേഹത്തിനു ബോധ്യമായതുപോലെ എനിക്കു തോന്നി. "നിങ്ങൾ ഉറങ്ങിക്കൊള്ളൂ. നമുക്ക് രാവിലെ കാണാം." എന്നു പറഞ്ഞിട്ട് ബ്രഹ്മചാരി പോയി. ഒരു കേരളീയനെ കണ്ടുമുട്ടിയതിൽ അദ്ദേഹം സന്തോഷിച്ചുവെന്ന് ഞാൻ മനസ്സിലാക്കി.

കാറ്റുവീശിയപ്പോൾ വല്ലാത്ത തണുപ്പ് അനുഭവപ്പെട്ടു. ഞാൻ കമ്പിളി പുതച്ചുകൊണ്ടു കിടന്നു. ക്ഷീണം കാരണം അല്പസമയത്തിനുള്ളിൽ ഉറക്കത്തിലാണ്ടു. ഉറങ്ങുന്നതിനുമുമ്പ് അവസാനമായി കേട്ട ശബ്ദം ചീവിടുകളുടേതായിരുന്നു.

പിറ്റേന്നു രാവിലെ ഉണർന്നപ്പോൾ നേരം വെളുത്തിട്ട് വളരെ നേരമായല്ലോ എന്നോർത്തു പെട്ടെന്നു കട്ടിലിൽനിന്നു ചാടിയെണീറ്റു. അന്നേരം അസഹ്യമായ വേദന കാരണം നിലവിളിച്ചുപോയി. ഉള്ളംകാലുകളിലെ വ്രണവും കാൽവണ്ണകളിലെ നീരും കാരണം കലശലായ വേദന അനുഭവപ്പെട്ടു. ചിലയിടത്ത് വ്രണം പൊട്ടുകയും ചെയ്തു. ശരീരമാസകലം വേദനിച്ചിരുന്നുവെങ്കിലും കാൽവണ്ണകളിലെ വേദന തീരെ സഹിക്കാൻ കഴിഞ്ഞില്ല. എങ്കിലും സത്യാന്വേഷണത്തിന്റെ പാത കൈവിടാൻ മനസ്സ് തയ്യാറായിരുന്നില്ല.

കൊച്ചുമുറിയിൽനിന്ന് മുടന്തി മുടന്തി പുറത്തേക്ക് ഇറങ്ങിയ ഉടനേ ഒരു വാട്ടർടാപ്പ് കണ്ടപ്പോൾ എനിക്ക് ആശ്വാസമായി. ശൗചാലയത്തിൽനിന്നും വളരെ ദൂരെ ആയിരുന്നില്ല അത്. വാട്ടർടാപ്പിൽനിന്നും കുറച്ച് അകലെയുള്ള ശൗചാലയം നിലത്തു കുഴിച്ച വെറും ഒരു കുഴി മാത്രമായിരുന്നു. ശുചീകരണം നടത്തിയിട്ട് ബ്രഹ്മചാരിയുടെ മുറി എന്നു കരുതിയ മുറിയിലേക്കു ഞാൻ സാവധാനം നടന്നു. ബ്രഹ്മചാരി ആ മുറിയിൽ ഉണ്ടായിരുന്നു. ലഘുവായ പ്രാതൽ കഴിച്ചു. അവലും പശുവിൻപാലുമായിരുന്നു വിഭവങ്ങൾ. കുറച്ചു സമയം ഞങ്ങൾ രണ്ടുപേരും മലയാളത്തിൽ സംസാരിച്ചു. ഞാൻ തികച്ചും ആത്മാർത്ഥതയുള്ള ആദ്ധ്യാത്മികസാധകനാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

എന്റെ ശാരീരികമായ മോശപ്പെട്ട അവസ്ഥയെ ഓർത്തിട്ട് അദ്ദേഹം സുഗമമായി നടക്കാൻ കഴിയുന്നതുവരെ ആശ്രമത്തിൽ തങ്ങാൻ എന്നോട് ആവശ്യപ്പെട്ടു. ഞാൻ സസന്തോഷം സമ്മതിച്ചു. അദ്ദേഹം എന്നോടൊപ്പം വസിഷ്ഠഗുഹയിലേക്ക് വന്നു. അദ്ദേഹത്തിന്റെ ഗുരുവിന്റെ സമാധിസ്ഥലവും കാണിച്ചുതന്നു. സമാധി സ്ഥിതി ചെയ്തിരുന്നത് നദിയുടെ പാറക്കെട്ടുള്ള കരയിലായിരുന്നു. അതിനു സമീപത്തായി ഉന്തിനില്ക്കുന്ന ഒരു പാറക്കെട്ടിൽ അരുന്ധതി ഗുഹ എന്നു അറിയപ്പെട്ടിരുന്ന ഒരു ഗുഹ ഉണ്ടായിരുന്നു. ഇതേ

അരുന്ധതി ഗുഹയിൽവച്ച് ഭാവിയിൽ ബാബാജിയോടൊപ്പം കുറെ നാളുകൾ കഴിച്ചുകൂട്ടുമെന്ന കാര്യം അന്ന് ഒരിക്കലും ചിന്തിച്ചിരുന്നില്ല.

വസിഷ്ഠഗുഹ പ്രകൃതിദത്തമായ അതിവിശാലമായ ഒരു തുരങ്കമാണ്. അത് അവസാനിക്കുന്നത് വിസ്താരമുള്ള ഒരു ഗുഹയിലാണ്. ഗുഹയ്ക്കുള്ളിൽ കൂരിരുട്ടാണ്. ഗുഹാകവാടത്തിലൂടെ കടന്നുവരുന്ന മങ്ങിയ വെളിച്ചവുമായി നിങ്ങളുടെ കണ്ണുകൾ പഴകുന്നതോടുകൂടി ഈ ഇരുട്ട് നിങ്ങൾക്ക് പ്രശ്നമാകുകയില്ല. ഗുഹയുടെ അങ്ങേ അറ്റത്ത് കറുത്തനിറത്തിലുള്ള ഒരു ശിവലിംഗം പ്രതിഷ്ഠിച്ചിട്ടുണ്ട്. ഈ തുരങ്കം ഒരിക്കൽ ഗുഹയുടെ അവസാനഭാഗവും കടന്ന് നദിയുടെ കരവരെ വ്യാപിച്ചിരുന്നതായി പറയപ്പെടുന്നു. ഗുഹയ്ക്കുള്ളിൽ ഇരിക്കുന്ന സമയത്ത് ബാഹ്യലോകത്തിൽനിന്നും പൂർണ്ണമായും വിഛേദിക്കപ്പെട്ട അവസ്ഥയിലായിരിക്കും. പുറംലോകത്തിലെ ശബ്ദകോലാഹലങ്ങളോ സംഭവങ്ങളോ യാതൊന്നും അറിയാൻ കഴിയുകയില്ല. നിതാന്ത നിശ്ശബ്ദതയ്ക്കു ഭംഗം വരുന്നത് വല്ലപ്പോഴും ചീവിടുകൾ തങ്ങളുടെ സാന്നിദ്ധ്യം അറിയിക്കുമ്പോഴായിരിക്കും. ശാന്തമായി അവിടെ ഇരിക്കുന്നയാളിന്റെ മനസ്സ് പൊടുന്നനേ ശാന്തി കൈവരിക്കുകയും പെട്ടെന്ന് ധ്യാനത്തിൽ മുഴുകുകയും ചെയ്യും.

അതിപ്രാചീനമായ ഈ ഗുഹയിലിരുന്നാണ് വസിഷ്ഠൻ തപസ്സു ചെയ്തത്. അടുത്തകാലത്ത് സ്വാമി പുരുഷോത്തമാനന്ദനും അവിടെ തപസ്സനുഷ്ഠിച്ചു. എനിക്ക് ആതിഥ്യം അരുളിയ മലയാളിബ്രഹ്മചാരി അനേകം വർഷങ്ങൾ അദ്ദേഹത്തെ സേവിക്കുകയുണ്ടായി. സ്വാമി പ്രസ്തുത ഗുഹയിൽ സ്ഥിരമായി വസിച്ചിരുന്നു. സ്വാമി പുരുഷോത്തമാനന്ദനും കേരളീയനായിരുന്നു. അദ്ദേഹം സ്വാമി നിർമ്മലാനന്ദന്റെ ശിഷ്യനായിരുന്നു. അദ്ദേഹവും ജനിച്ചത് കേരളത്തിലായിരുന്നു. അദ്ദേഹം തന്റെ നന്നേ ചെറുപ്പത്തിൽ മഹാനായ ശ്രീരാമകൃഷ്ണ പരമഹംസനെ കണ്ടിരുന്നു. പിൽക്കാലത്ത് അദ്ദേഹം രാമകൃഷ്ണാമിഷനിലെ പൗരോഹിത്യ ശ്രേണിയെ വിമർശിക്കുകയും സ്വന്തം നിലയിൽ കേരളത്തിലെ ഒറ്റപ്പാലത്ത് രാമകൃഷ്ണാശ്രമം സ്ഥാപിക്കുകയും ചെയ്തു.

സ്വാമി പുരുഷോത്തമാനന്ദൻ 1879-ൽ നവംബർ മാസം 23-ാം തീയതിയിലാണു ജനിച്ചത്. സ്വാമി നിർമ്മലാനന്ദന്റെ നിർദ്ദേശപ്രകാരം അദ്ദേഹം രാമകൃഷ്ണമിഷന്റെ പ്രഥമാദ്ധ്യക്ഷനായ സ്വാമി ബ്രഹ്മാനന്ദനിൽനിന്ന് ദീക്ഷ സ്വീകരിക്കുകയുണ്ടായി. അങ്ങനെ 1923-ൽ അദ്ദേഹം രാമകൃഷ്ണ പരമഹംസന്റെ നേരിട്ടുള്ള ശിഷ്യന്മാരിൽ ഒരാളായ സ്വാമി ശിവാനന്ദന്റെ ശിഷ്യത്വം സ്വീകരിച്ചു സന്ന്യാസിയായി. സ്വാമി ശിവാനന്ദൻ പരക്കെ അറിയപ്പെടുന്നത് മഹാപുരുഷ് മഹാരാജ് എന്ന പേരിലാണ്. 1928-ൽ വസിഷ്ഠ ഗുഹയിൽ എത്തിച്ചേർന്ന സ്വാമി പുരുഷോത്തമാനന്ദൻ അനേകം വർഷങ്ങൾ അവിടെ കഴിഞ്ഞിരുന്നു. ഗുഹയുടെ പുറത്തുള്ള തുറസ്സായ സ്ഥലത്താണ് അദ്ദേഹത്തിന്റെ സമാധി സ്ഥിതി ചെയ്യുന്നത്. സ്വാമി 1961-ൽ ഫെബ്രുവരി മാസം 13-ാം തീയതി പുണ്യദിനമായ മഹാശിവരാത്രി നാളിൽ രാത്രി പത്തടിച്ച് അമ്പതു മിനിട്ടായപ്പോൾ എൺപത്തിരണ്ടാമത്തെ വയസ്സിൽ സമാധിയായി.

ഞാൻ ആശ്രമത്തിൽ കഴിഞ്ഞിരുന്ന കാലത്ത് ആ സ്ഥലത്ത് ഏതാനും കുടീരങ്ങൾ മാത്രമാണ് ഉണ്ടായിരുന്നത്. ഒരു ചെറിയ അടുക്കളയും ഉണ്ടായിരുന്നു. ബ്രഹ്മചാരിയെ കൂടാതെ ഒരു പാചകക്കാരനും അയാൾക്ക് ഒരു സഹായിയും ഒന്നോ രണ്ടോ സന്ദർശകരും മാത്രമാണ് അവിടെ ഉണ്ടായിരുന്നത്. തികച്ചും ഏകാന്തമായ ആ സ്ഥലം ധ്യാനപരിശീലനത്തിന് ഏറ്റവും അനുയോജ്യമായിരുന്നു. അതിനാൽ ഞാൻ പതിനഞ്ചു ദിവസം അവിടെ തങ്ങി. ഗംഗയിലെ തണുത്ത വെള്ളത്തിൽ കുളിച്ചും ഗുഹയിലിരുന്ന് യോഗാഭ്യാസവും ധ്യാനവുമായി കഴിഞ്ഞു.

ആശ്രമത്തിലെ ആഹാരം ലളിതവും മിതവും എന്നാൽ മെച്ചപ്പെട്ടതും ആയിരുന്നു. ബ്രഹ്മചാരി വല്ലപ്പോഴും എന്നോട് മലയാളത്തിൽ സംസാരിക്കുന്നതിൽ ആനന്ദം കണ്ടെത്തിയിരുന്നു. അദ്ദേഹം ഗുരുവുമായി കഴിഞ്ഞിരുന്ന കാലത്തെ പല അനുഭവകഥകളും കേൾപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ആശ്രമത്തിൽ വരികയും അവിടെ തങ്ങുകയും ചെയ്തിട്ടുള്ള അനേകം സന്ന്യാസിമാരെപ്പറ്റിയും പല വിവരങ്ങൾ നല്കുകയുണ്ടായി.

പതിനഞ്ചുനാൾകൊണ്ട് കാലിലെ വ്രണങ്ങൾ കരിഞ്ഞു. അതിനാൽ എത്രയുംവേഗം അവിടെനിന്നും യാത്രയാകാൻ നിശ്ചയിച്ചു. ആ സ്ഥലം എന്തുകൊണ്ടും മഹത്തായ ഒരിടംതന്നെയായിരുന്നു. എന്നിരുന്നാലും എനിക്ക് എന്റേതായ വഴിയിലൂടെ പോകേണ്ടതുണ്ട്. പലപ്പോഴും പലതരം സന്ദേഹങ്ങൾ മനസ്സിൽ പൊന്തി വന്നിരുന്നു. ദോഷൈകദൃക്കായ പ്രായംചെന്ന സന്ന്യാസിയുടെ വാക്കുകൾ ഇടയ്ക്കിടെ ഓർത്തുപോകുമായിരുന്നു. എനിക്കു വേണ്ടിയിരുന്നത് എന്റെ സംശയങ്ങൾ എല്ലാം തീർത്തുതരാൻ കഴിയുന്ന ഒരു യഥാർത്ഥ ഗുരുവിനെയായിരുന്നു. അങ്ങനെയുള്ള ഒരു ഗുരു എവിടെയെങ്കിലും ഉണ്ടോ?

ഞാൻ എന്നോടുതന്നെ പറയുമായിരുന്നു: "ക്ഷമയോടെ കാത്തിരിക്കു. പ്രതീക്ഷ കൈവിടരുത്. യാത്ര തുടങ്ങിയതേയുള്ളൂ. ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്." ഒരു ദിവസം അതിരാവിലെ ഞാൻ ബ്രഹ്മചാരിയോട് നന്ദി പറഞ്ഞു. അദ്ദേഹത്തോടു വിട പറയുകയും ചെയ്തു. ഒരിക്കൽകൂടി ബദരീനാഥിലേക്കുള്ള യാത്ര തുടങ്ങി.

പതിനേഴ്

നാഗസന്ന്യാസിയും മഹാമന്ത്രപഠനവും

ഋഷികേശിൽനിന്നും ബദരീനാഥിലേക്കു പോകുന്നത് അഞ്ചു പ്രയാഗിലൂടെയാണ്. ഓരോ പ്രയാഗും ഭാരതത്തിന്റെ പുണ്യനദികളുടെ സംഗമം ആണ്. ഗംഗോത്രിയിൽനിന്നും താഴോട്ടൊഴുകുന്ന ഭാഗീരഥിയും ബദരീനാഥിൽനിന്ന് താഴോട്ടൊഴുകുന്ന അളകനന്ദയും ദേവപ്രയാഗിൽവച്ച് ഒരുമിച്ചു ചേരുന്നു. ഈ നദീസംഗമത്തിനു സമീപത്തുള്ള ചെറിയ പട്ടണത്തിൽ ഒരു ശ്രീരാമക്ഷേത്രമുണ്ട്. ശ്രീരാമൻ തന്റെ വാർദ്ധക്യകാലത്ത് ആ സ്ഥലത്ത് തപസ്സു ചെയ്തിരുന്നതായി വിശ്വസിക്കപ്പെടുന്നു. പർവ്വതനിരകളിലൂടെ ഗർജ്ജിച്ചുകൊണ്ട് നദീസംഗമത്തിലേക്ക് ഒഴുകിയെത്തുന്ന നദികൾ അതിമനോഹരമായ കാഴ്ചയാണ്.

പിന്നീട് രുദ്രപ്രയാഗിൽവച്ച് കേദാരനാഥിൽനിന്നും ഒഴുകിയെത്തുന്ന മന്ദാകിനി അളകനന്ദയുമായി ചേരുന്നു. അതിനുശേഷം കർണ്ണപ്രയാഗിൽ പിണ്ഡാരാ അളകനന്ദയുമായി ചേരുന്നു. പിന്നീട് കടന്നുപോകേണ്ടത് നന്ദപ്രയാഗിലൂടെയും വിഷ്ണു പ്രയാഗിലൂടെയും ആണ്. വിഷ്ണു പ്രയാഗിനു സമീപത്താണ് ജ്യോതിർമഠം സ്ഥിതി ചെയ്യുന്നത്. തദ്ദേശവാസികൾ അതിനെ ജോഷിമഠം എന്നുവിളിക്കുന്നു. മഹാനായ ആദിശങ്കരാചാര്യർ ജോഷിമഠം സ്ഥാപിച്ചുവെന്ന് വിശ്വസിക്കപ്പെടുന്നു. ഏറ്റവും വടക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന മഠമാണ് ജോഷിമഠം. ഭാരതത്തിൽ അദ്ദേഹം സ്ഥാപിച്ച മറ്റു മഠങ്ങൾ പടിഞ്ഞാറ് ദ്വാരകയും, കിഴക്ക് പുരിയും തെക്ക് ശൃംഗേരി മഠവും ആണ്.

കുറച്ചുകൂടി മുകൾഭാഗത്താണ് പാണ്ഡുകേശ്വർ എന്ന പ്രദേശം. അവിടെനിന്നും പൂക്കളുടെ താഴ്വര എന്നും ഹേമകുണ്ഡ്സാഹിബ് എന്നും അറിയപ്പെടുന്ന സിക്കുമതസ്ഥരുടെ പുണ്യതടാകത്തിലേക്ക് പോകാം. ഈ തടാകം സ്ഥിതി ചെയ്യുന്നത് സമുദ്രനിരപ്പിൽനിന്നും 15,000 അടി മുകളിലാണ്. പാണ്ഡുകേശ്വരിൽനിന്നും ഏറെ ദൂരെയാണ് ബദരീനാഥ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ക്ഷേത്രത്തിലെ മുഖ്യ പുരോഹിതൻ തണുപ്പുകാലത്ത് ആറുമാസം ജോഷിമഠത്തിലാണ് തങ്ങുന്നത്.

വസിഷ്ഠഗുഹയിൽനിന്നും ബദരീനാഥിലേക്കുള്ള ആകെ ദൂരം ഏകദേശം 220 കിലോമീറ്റർ ആണ്. ഇത്രയും ദൂരം താണ്ടുന്നതിന് എനിക്ക് ഇരുപത്തഞ്ചു ദിവസം വേണ്ടിവന്നു. ഇത്രയും ദൂരം കാൽനടയായി സഞ്ചരിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. സഞ്ചരിക്കുന്ന സന്ന്യാസി എന്ന പദത്തിന് ഞാൻ അർഹനായി. യാത്രയ്ക്ക് ഒരു വാഹനവും ഞാൻ ഉപയോഗിച്ചില്ല. പലപ്പോഴും സമയത്തിന് ആഹാരം കിട്ടാതെ വിഷമിച്ചു. മറ്റുള്ളവർ ഉപേക്ഷിച്ച ഷെഡ്ഡുകളിൽ തണുത്തുവിറച്ചുകൊണ്ട് ഉറങ്ങി. എന്നിരുന്നാലും യാത്ര ചെയ്യാനുള്ള ഉത്സാഹത്തിനും കൗതുകത്തിനും ഒരു കോട്ടവും സംഭവിച്ചില്ല.

ഭൗതികമായ അസൗകര്യങ്ങൾ ഒരിക്കലും എന്നെ അലട്ടിയിരുന്നില്ല. പക്ഷേ, മനസ്സിന്റെ കാര്യം പ്രശ്നമായിരുന്നു. ഏകാന്തവേളയിൽ മനസ്സ് അസ്വസ്ഥമാകുകയും പെട്ടെന്നുതന്നെ യാഥാർത്ഥ്യബോധം കൈവരിക്കുകയും ചെയ്തിരുന്നു. മലനിരകളുടെയും നദികളുടെയും അപൂർവ്വശോഭ മനസ്സിന് പ്രത്യാശ പകർന്നുതന്നു. മഞ്ഞുമാമലകളുടെ മുകളിൽ അജ്ഞാതനായ ആരോ ഒരാൾ എന്റെ മനസ്സിന്റെ സന്ദേഹങ്ങൾക്ക് തീർച്ചയായും ഉത്തരം നല്കുമെന്ന് മനസ്സ് മന്ത്രിച്ചുകൊണ്ടിരുന്നു. ഈ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് യാത്ര തുടർന്നുകൊണ്ടിരുന്നു.

ഈ യാത്രാവേളയിൽ ഉണ്ടായ രണ്ട് അനുഭവങ്ങൾ പരാമർശിക്കാനാഗ്രഹിക്കുന്നു.

ദേവപ്രയാഗിൽവച്ച് പൂർണ്ണനഗ്നനായ ഒരു നാഗസന്ന്യാസി എന്നോട് കുശലപ്രശ്നം ചെയ്തു. ഞാൻ ദേവപ്രയാഗിൽ എത്തിച്ചേർന്നപ്പോൾ എങ്ങും ഇരുട്ട് വ്യാപിച്ചിരുന്നു. ഈ ഇരുട്ടത്ത് എവിടെ തങ്ങുമെന്നും, എന്തു കഴിക്കുമെന്നും ആലോചിച്ച് വിഷമിച്ചുനിന്ന അവസരത്തിലാണ് നാഗസന്ന്യാസി എന്നോടു സംസാരിച്ചത്. ജടാധാരിയായ നാഗസന്ന്യാസി ചോദിച്ചു: "നിങ്ങൾ രാത്രിയിൽ തങ്ങാൻ ഇടം തിരക്കുകയാണെങ്കിൽ എന്റെകൂടെ വന്നോളൂ."

ഒരു നാഗസന്ന്യാസിയോടൊപ്പം കഴിയാൻ അവസരം കിട്ടിയത് ഒരു പുതിയ അനുഭവമായിരുന്നു. ഞാൻ ക്ഷണം സ്വീകരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കൂടെ പോയി. അദ്ദേഹം ഗംഗാതീരത്തുള്ള രാമക്ഷേത്രത്തിൽനിന്നും വളരെ അകലെയല്ല താമസിച്ചിരുന്നത്. അദ്ദേഹം താമസിച്ചിരുന്ന ചെറിയ പർണ്ണശാലയ്ക്കു മുന്നിൽ ധൂനി (പവിത്രാഗ്നി) കത്തിക്കൊണ്ടിരുന്നു. ഞാൻ നദിയിലിറങ്ങി കുളി കഴിഞ്ഞിട്ട് മടങ്ങിവന്ന സമയത്ത് അദ്ദേഹം ധൂനിക്കു മുന്നിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "ഇരിക്കൂ. അഗ്നിദേവനെ ഉപാസിക്കൂ, വന്ദിക്കൂ. ഭക്ഷണം കഴിച്ചതിനുശേഷം സിദ്ധി നല്കാം." ഞാൻ ആകാംക്ഷയോടെ ആരാഞ്ഞു: "സിദ്ധിയോ?" യോഗികൾ നേടിയെടുക്കുന്ന അലൗകികശക്തികളെയാണ് സിദ്ധി എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്റെ സംശയം ദൂരീകരിച്ചുകൊണ്ട് അദ്ദേഹം ആവർത്തിച്ചു: "അതെ, അതെ.... സിദ്ധി എന്താണെന്നു നിങ്ങൾ അറിയാൻ പോകുന്നു."

ചൂടുള്ള ചപ്പാത്തിയും ഉരുളക്കിഴങ്ങുകറിയും കഴിച്ചുകൊണ്ടിരുന്നതിനിടയിൽ അദ്ദേഹം എന്നോട് പല ചോദ്യങ്ങളും ചോദിച്ചു. എന്റെ ജീവിതത്തെപ്പറ്റിയും എന്റെ യാത്രാലക്ഷ്യത്തെപ്പറ്റിയും ആരാഞ്ഞു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: ഞാൻ ഒരു ആദ്ധ്യാത്മിക അന്വേഷകനാണെന്നും പേര് ശിവപ്രസാദ് എന്നാണെന്നും അറിയിച്ചു. ഒരു യഥാർത്ഥ ഗുരുവിനെ തേടി ബദരീനാഥിലേക്കു പോകുകയാണെന്നും പറഞ്ഞു. അദ്ദേഹം എന്നെ സൂക്ഷ്മമായി വിലയിരുത്താൻ ശ്രമിക്കുകയാണെന്ന് എനിക്കു ബോധ്യമായി. ഭക്ഷണം കഴിച്ചതിനുശേഷം അദ്ദേഹം ഉള്ളിലേക്കു ചെന്ന് കളിമണ്ണുകൊണ്ടുള്ള പുകവലിക്കാനുള്ള കുഴലുമായി മടങ്ങിവന്നു. കുഴലിൽ കഞ്ചാവും പുകയിലയും കത്തിച്ചുവച്ചു. അദ്ദേഹം ചമ്രം പടിഞ്ഞിരുന്നുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു: "ഭം ഭോലേ, ഹര ഹര മഹാദേവ ശംഭോ." പുകക്കുഴൽ ആഞ്ഞു വലിച്ചു. പുക വിട്ടുകൊണ്ട് പുകക്കുഴൽ എന്റെ നേർക്കുനീട്ടി. എന്നിട്ട് അദ്ദേഹം

പറഞ്ഞു: "നിങ്ങൾക്ക് സിദ്ധി വേണ്ടേ? നിങ്ങൾക്ക് ഇതിലൂടെ ശിവലോകത്തിൽ എത്താൻ കഴിയും. നിങ്ങൾക്ക് സിദ്ധികിട്ടും. ഞാൻ നിങ്ങളുടെ ഗുരു ആകാം. മഹാദേവൻ എന്റെയടുത്തേക്ക് ഉത്തമനായ ഒരു ശിഷ്യനെ എത്തിച്ചിരിക്കുന്നു. വലിക്കൂ... വലിക്കൂ... എങ്ങനെ വലിക്കണമെന്ന് അറിയാമോ..."

പുറത്തേക്കു വിട്ടുകൊണ്ടിരുന്ന പുകയുടെ ഗന്ധത്തിൽനിന്ന് അത് കഞ്ചാവ് ആണെന്നു ഞാൻ തിരിച്ചറിഞ്ഞു. തിരുവനന്തപുരത്തുള്ള എന്റെ ചില സുഹൃത്തുക്കൾ കഞ്ചാവു വലിക്കുകയുണ്ടായി. ചില അവസരങ്ങളിൽ ഞാനും വലിച്ചു. പക്ഷേ, എനിക്ക് അതിനോട് ആകർഷണം തോന്നിയില്ല. കഞ്ചാവിന് ഒരിക്കലും ധ്യാനാവസ്ഥയിലേക്ക് നിങ്ങളെ എത്തിക്കാൻ കഴിയുകയില്ല. താൽക്കാലികമായി ഒരു തോന്നൽ ഉളവാക്കാൻ മാത്രമേ കഴിയൂ. ദുശ്ശീലത്തിന് അടിമയായിത്തീരാനുള്ള വലിയ അപകടത്തിൽ നിങ്ങൾ പെടുകയും ചെയ്യും. ഞാൻ പുകവലിക്കാൻ തയ്യാറായില്ല. ഞാൻ വിസമ്മതിച്ചപ്പോൾ അദ്ദേഹം കോപാകുലനായി. അദ്ദേഹം ആക്രോശിച്ചു: "ഈ ധൂനിക്കു മുന്നിലിരുന്നുകൊണ്ട് ആരും ഒരു നാഗസന്ന്യാസി നല്കുന്ന സിദ്ധി വേണ്ടെന്നു പറയുകയില്ല. അദ്ദേഹം ശബ്ദം ഉയർത്തി പറഞ്ഞു: "വലിക്കൂ..."

വൈമനസ്യത്തോടെ പുകക്കുഴൽ വാങ്ങി മൂന്നുനാലുതവണ പുക ഉള്ളിലേക്കു വലിച്ചു. ഏതാനും മിനിട്ടുകൾ കഴിഞ്ഞപ്പോൾ അദ്ദേഹം പെട്ടെന്നു പറഞ്ഞു: "നിഗൂഢമായ ധ്യാനത്തിന്റെ ലോകത്തിലേക്ക് നിങ്ങളെ നയിച്ചതിനു ദക്ഷിണ തരൂ." "അദ്ദേഹവുമായി ഒരു തർക്കം ഒഴിവാക്കാൻവേണ്ടി ഞാൻ പത്തുരൂപ കൊടുത്തു. "ദക്ഷിണ പോരാ, പോരാ" എന്ന് ഉറക്കെ വിളിച്ചു പറഞ്ഞു.

"ഇതുമാത്രമേ എന്റെ കൈയിലുള്ളൂ" എന്നു പറഞ്ഞുകൊണ്ട് ഞാൻ പത്തു രൂപകൂടി കൊടുത്തു. അദ്ദേഹം പല്ലിളിച്ചു കാണിച്ച് സന്തോഷം പ്രകടിപ്പിച്ചു. "മതി... മതി നിങ്ങളെ ആശീർവദിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് നാഗസന്ന്യാസി എന്റെ ശിരസ്സിൽ കൈവച്ചു. "കുറച്ചു സിദ്ധികൂടി വേണോ" എന്നു ചോദിച്ചു. ഞാൻ മതി എന്നുപറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു. "നിങ്ങൾക്ക് വരാന്തയിലോ അകത്തോ കിടന്നുറങ്ങാം. നന്നേ ക്ഷീണിതനായിരുന്ന ഞാൻ കഞ്ചാവിന്റെ ലഹരികൂടി ആയപ്പോൾ പെട്ടെന്ന് നിദ്രാധീനനായി. എന്റെ സഞ്ചി തലയണയാക്കിക്കൊണ്ട് കമ്പിളി മൂടിപ്പുതച്ച് ഉറങ്ങി. ബാഗിൽ കുറച്ചു രൂപകൂടി ഉണ്ടായിരുന്നു. നാഗസന്ന്യാസി അത് തട്ടിയെടുക്കുമോ എന്നു ഭയന്നിരുന്നു. ഉറങ്ങുന്നതിനുമുമ്പ് പതിവുള്ള ധ്യാനം ശരിയായില്ല. എന്നെ മൊത്തത്തിൽ അന്ധകാരം ആവരണം ചെയ്തതുപോലെയും, ആത്മാവിനെ കെട്ടിയുള്ള കയറുകൊണ്ട് വരിഞ്ഞുകെട്ടിയതുപോലെയും അനുഭവപ്പെട്ടു. ഞാൻ ഉറങ്ങാൻ പോകുന്ന സമയത്തും നാഗസന്ന്യാസി കഞ്ചാവുപുക എടുത്തുകൊണ്ടിരിക്കുകയായിരുന്നു.

പിറ്റേന്നു നേരം വെളുക്കുന്നതിനുമുമ്പ് ഞാൻ ഉണർന്നു. നാഗസന്ന്യാസി ആ സമയത്ത് ഗാഢനിദ്രയിൽ ആയിരുന്നത് ആശ്വാസകരമായി. കൂർക്കം വലിക്കുന്നതു കേൾക്കാമായിരുന്നു. ശബ്ദമുണ്ടാക്കാതെ എന്റെ കമ്പിളിപ്പുതപ്പുകളും സഞ്ചിയും ജലപാത്രവും വടിയും എടുത്തുകൊണ്ട് അരണ്ട വെളിച്ചത്തിൽ പർണ്ണശാലയിൽനിന്നും പുറത്തേക്കിറങ്ങി. നേരം വെളുത്തു

കഴിഞ്ഞപ്പോൾ ഞാൻ ദേവപ്രയാഗിൽനിന്നും നാഗസിദ്ധനിൽനിന്നും വളരെ ദൂരെ എത്തിക്കഴിഞ്ഞിരുന്നു.

ഏതാനും ദിവസങ്ങൾക്കുശേഷം എനിക്ക് രുദ്രപ്രയാഗിൽനിന്നും കുറച്ചകലെയുള്ള ഇടതൂർന്ന ഒരു വനപ്രദേശത്ത് അലയേണ്ടി വന്നു. വഴിതെറ്റിപ്പോയി എന്നു മനസ്സിലായി. ഇരുട്ടു വീണു തുടങ്ങിയിരുന്നു. രാത്രിയിൽ എവിടെ കിടന്നുറങ്ങും എന്ന ചിന്ത അലട്ടി. അന്നേരം മധ്യവയസ്കനായ ഒരാൾ എന്റെ നേരേ വരുന്നതു കാണാനിടയായി. അയാൾ ഒരു കെട്ടു വിറക് ചുമന്നുകൊണ്ട് വരികയായിരുന്നു. "താങ്കൾ എങ്ങോട്ടാണു പോകുന്നത്", എന്ന് അയാൾ ചോദിച്ചു. ഞാൻ പറഞ്ഞു: "പോകേണ്ടതു ബദരീനാഥിലേക്കാണ്. എനിക്കു വഴി തെറ്റിപ്പോയി എന്നു തോന്നുന്നു. രാത്രിയിൽ തങ്ങാൻ ഇടവും കഴിക്കാൻ ഭക്ഷണവും കിട്ടാൻ എന്തെങ്കിലും മാർഗ്ഗം ഉണ്ടോ?" അയാളുടെ വാക്കുകൾ എനിക്ക് ആശ്വാസം പകർന്നു. അയാൾ പറഞ്ഞു: "ബാവാജിയുടെ ആശ്രമം വളരെ ദൂരെയല്ല. അദ്ദേഹം എന്റെ ഗുരു ആണ്. എന്റെ കൂടെ വരൂ."

നിഗൂഢമായ ജീവിതം നയിക്കുകയും എന്നും ജീവിച്ചിരിക്കുന്നതുമായ ഒരു ബാബാജി ഹിമാലയത്തിൽ വസിക്കുന്നുണ്ടെന്നു ഞാൻ കേട്ടിരുന്നു. ബാവാജി എന്നു കേട്ടയുടനേ ആ ബാബാജിയെപ്പറ്റിയാണു ഞാൻ പെട്ടെന്ന് ഓർത്തത്. അതിനാൽ ആവേശത്തോടെ പറഞ്ഞു: "മഹാനായ ബാബാജി നിങ്ങളുടെ ഗുരു ആണോ?"

ഏതു ബാവാജിയെപ്പറ്റിയാണു പരാമർശിക്കുന്നത് എന്ന കാര്യം അയാൾക്കു വ്യക്തമായില്ല. അയാളുടെ ഗുരു വൈഷ്ണവനായ ബാബാജി ആയിരുന്നു. വൈഷ്ണവ സന്ന്യാസിമാരെ ബാവാജി എന്നാണ് വിളിക്കുന്നത്.

ഞങ്ങൾ രണ്ടുപേരും കിഴുക്കാംതൂക്കായ പാതയിലൂടെ താഴേക്ക് ഇറങ്ങി നദീതീരത്തിൽ എത്തി. നദിക്കു സമീപമുള്ള സ്ഥലം പൂമരങ്ങളും ഫലവൃക്ഷങ്ങളുംകൊണ്ട് നിറഞ്ഞതായിരുന്നു. മദ്ധ്യഭാഗത്ത് ഗ്രാനൈറ്റിൽ പണിതീർത്ത ഒരു ചെറിയ ദേവാലയം കണ്ടു. ദേവാലയത്തിനുചുറ്റും അനേകം കുടിലുകൾ കാണപ്പെട്ടു. ഭക്ഷണം കഴിക്കാനുള്ള ഹാളും അടുക്കളയും കണ്ടു. ചേങ്ങലകളുടെ ശബ്ദവും മണിനാദവും മുഴങ്ങിക്കേൾക്കുന്നുണ്ടായിരുന്നു. അമ്പലത്തിൽ സന്ധ്യാപൂജ നടക്കുകയായിരിക്കും എന്നു വിചാരിച്ചു.

പുരുഷന്മാരും സ്ത്രീകളും ആരാധനയിൽ പങ്കെടുത്തിരുന്നു. നല്ല ഉയരവും വടിവൊത്ത ശരീരവുമുള്ള ഒരാൾ കൃഷ്ണന്റെയും രാധയുടെയും മനോഹരമായ പ്രതിമകൾക്കു മുന്നിൽ ഒരു കൈകൊണ്ട് ദീപം ഉഴിയുകയും മറ്റേ കൈകൊണ്ട് മണിയടിക്കുകയും ചെയ്തുകൊണ്ടിരുന്നു. കൗപീനം മാത്രം ധരിച്ചിട്ടുള്ള ആ മനുഷ്യൻ തലയിൽ കുടുമ കെട്ടിവച്ചിരുന്നു. മാറിൽ പൂണുനൂൽ ധരിച്ചിരുന്ന ആ മനുഷ്യന്റെ മുഖം ക്ലീൻഷേവ് ചെയ്തതായിരുന്നു.

ദീപാരാധനയ്ക്കുശേഷം പൂജാരി വന്ദിക്കാനായി ഓരോരുത്തരുടെയും അടുത്തേക്ക് ദീപം കൊണ്ടുപൊയ്ക്കൊണ്ടിരുന്നു. വൈഷ്ണവരുടെ അടയാള ചിഹ്നമായ 'U' എന്ന അക്ഷരത്തിന്റെ ആകൃതിയിലുള്ള ചന്ദന തിലകം പൂജാരിയുടെ നെറ്റിയിൽ ഞാൻ ശ്രദ്ധിച്ചു. കഴുത്തിലും ഭുജങ്ങളുടെ മുകൾഭാഗത്തും ചന്ദനവരകൾ കാണാമായിരുന്നു. കഴുത്തിൽ തുളസിമാല അണിഞ്ഞിരുന്നു. എന്നെ കൂട്ടിക്കൊണ്ടുപോയ ആൾ പൂജാരിയുടെ

പാദംതൊട്ടു വണങ്ങിയിട്ട് എന്തോ മന്ത്രിച്ചു. ബാവാജി പുഞ്ചിരി തൂകിക്കൊണ്ട് എന്റെ അടുത്തേക്കു വന്നു. ആചാരവിധിപ്രകാരം ഞാൻ അദ്ദേഹത്തിന്റെ പാദം തൊട്ടു വന്ദിച്ചു... "ജയ് ശ്രീകൃഷ്ണാ... ഭഗവാൻ അനുഗ്രഹിക്കട്ടെ." എന്നു പറഞ്ഞിട്ട് അദ്ദേഹം തുടർന്നു: "ഗംഗയിൽ പോയി കുളിച്ചിട്ടു വരൂ. പ്രസാദം കഴിച്ചതിനുശേഷം നമുക്ക് സംസാരിക്കാം. നമോ നാരായണ."

ഭക്ഷണം കഴിക്കുന്ന ഹാളിൽ തടികൊണ്ടുള്ള പരന്ന ഇരിപ്പിടത്തിൽ ബാവാജി അല്പം മാറി ചമ്രം പടിഞ്ഞ് ഇരുന്നു. ബാക്കിയുള്ളവർ തറയിൽ ചമ്രം പടിഞ്ഞ് ഇരുന്നു. എല്ലാവരും ഭഗവദ്ഗീതയിലെ പതിനഞ്ചാമത്തെ അദ്ധ്യായം ചൊല്ലി. അതിനുശേഷം ലളിതവും എന്നാൽ വളരെ സ്വാദിഷ്ഠവുമായ സന്ധ്യാഭക്ഷണം എല്ലാവർക്കും വിളമ്പി. സ്ത്രീകളും പുരുഷന്മാരും പ്രത്യേകം വരിയിലാണ് ഇരുന്നത്. വെള്ളവസ്ത്രധാരികളായ നാല് യുവതികളും ആറ് മധ്യവയസ്കരും ഉണ്ടായിരുന്നു. എല്ലാവരും നെറ്റിയിൽ ചന്ദനം കൊണ്ടുള്ള വൈഷ്ണവചിഹ്നം ചാർത്തിയിരുന്നു. ബാവാജി മാത്രമാണ് കാവിനിറമുള്ള ധോത്തി ധരിച്ചിരുന്നത്.

ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ ബാവാജി എന്നെ അദ്ദേഹത്തിന്റെ പർണ്ണശാലയിലേക്കു ക്ഷണിച്ചു. അദ്ദേഹം എന്നെ സംബന്ധിക്കുന്ന പല കാര്യങ്ങളും ചോദിച്ചു മനസ്സിലാക്കാൻ ശ്രമിച്ചു. എന്റെ കുട്ടിക്കാലത്തെപ്പറ്റിയും ആദ്ധ്യാത്മിക സാധനകളെപ്പറ്റിയും ആരാഞ്ഞു. ഞാൻ അദ്ദേഹത്തോട് എല്ലാം തുറന്നു പറഞ്ഞു. ഞാൻ ഏതു മതത്തിൽ പെട്ട ആളാണെന്ന കാര്യം അദ്ദേഹം ഒരിക്കൽപ്പോലും ചോദിച്ചില്ല. അത് എന്നെ അത്ഭുതപ്പെടുത്തി. എന്തുകൊണ്ടെന്നാൽ അവിടത്തെ അന്തേവാസികൾ എല്ലാവരും യാഥാസ്ഥിതികരായ ബ്രാഹ്മണർ ആണെന്നു ഞാൻ ഊഹിച്ചു. കൃഷ്ണഭക്തർ ആയിരുന്ന അവർ ശ്രീകൃഷ്ണ ചൈതന്യയുടെ അനുയായികൾ ആയിരുന്നു.

ഈശ്വരോപാസനയ്ക്കുള്ള ഏകമാർഗ്ഗം ഭക്തി ആണെന്ന് അവർ വിശ്വസിച്ചിരുന്നു. ഏറ്റവും ഉന്നതമായ സ്ഥാനം കൃഷ്ണനാണ് നല്കിയിരുന്നത്. അവർ കൃഷ്ണന്റെയും രാധയുടെയും മൂർത്തികൾക്കു മുന്നിൽ ആടുകയും പാടുകയും ചെയ്തുകൊണ്ട് ആരാധന നടത്തി. അവർ തികച്ചും സസ്യാഹാരികൾ ആയിരുന്നു. അവരുടെ സമ്പ്രദായത്തിൽ ചേർന്നു കഴിയുന്നവർ ഉടൻ തന്നെ ബ്രാഹ്മണരായിത്തീരും എന്ന് അവർ വിശ്വസിച്ചിരുന്നു. ശ്രീശങ്കരാചാര്യരുടെ അദ്വൈത വേദാന്തത്തിൽ വിശ്വസിക്കുന്നവരെ അവർ വെറുത്തിരുന്നു. ഈ ലോകം മായ ആണെന്നു പറയുന്ന അവരെ മായാവാദികൾ എന്നാണ് അവർ വിശേഷിപ്പിച്ചിരുന്നത്. ഈ വൈഷ്ണവ സമ്പ്രദായമനുസരിച്ച് ഈ ലോകം മായ അല്ല; മറിച്ച് യഥാർത്ഥമാണ്. കൃഷ്ണനാണ് ഈ ലോകത്തിന്റെ നിയന്താവ്.

സന്ന്യാസജീവിതത്തെ സംബന്ധിക്കുന്ന ബാവാജിയുടെ പല ആശയങ്ങളും എനിക്ക് യുക്തിസഹമായി തോന്നി. അദ്ദേഹം പറഞ്ഞു: "നിങ്ങൾ ലൗകികജീവിതം പരിത്യജിക്കാൻ ആകാംക്ഷ പുലർത്തുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. കാവിവസ്ത്രം ധരിച്ച് മുക്തി കൈവരിക്കാൻ ആഗ്രഹിക്കുന്നുണ്ടാകും. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കണം. നിങ്ങൾ ചെറിയ ഉയരത്തിൽ നിന്നും വീഴുകയാണെങ്കിൽ നിങ്ങൾക്കു നിസ്സാരമായ പരുക്കുകളേ ഏല്ക്കുക

യുള്ളൂ. നിങ്ങൾക്ക് എണീറ്റ് മുറിവുകൾ ചികിത്സിച്ചു ഭേദമാക്കാനും സ്വന്തം കാലിൽ നടക്കാനും കഴിയും. എന്നാൽ നിങ്ങൾ സന്ന്യാസത്തിന്റെ ഔന്നത്യത്തിൽനിന്നും നിലംപതിക്കുകയാണെങ്കിൽ നിങ്ങൾക്കു സാരമായ പരുക്കുകൾ ഏല്ക്കേണ്ടി വരും. ചിലപ്പോൾ അവ മാരകമായിരിക്കും. പിന്നീട് നിങ്ങൾക്ക് ഒരിക്കലും എണീക്കാൻപോലും കഴിഞ്ഞെന്നുവരില്ല. അതിനാൽ നിങ്ങൾ ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് വളരെയധികം ആലോചിക്കണം. കരുതലോടെ വേണം തീരുമാനമെടുക്കേണ്ടത്."

അദ്ദേഹം തുടർന്നു: "ഞങ്ങൾ വേദങ്ങൾ ഉദ്ഘോഷിക്കുന്ന സിദ്ധാന്തങ്ങളെ പൂർണ്ണമായും പിന്തുടരുന്നു. ഞങ്ങൾ സന്ന്യാസത്തിനുമുമ്പ് ഗൃഹസ്ഥാശ്രമ ജീവിതം നയിക്കുന്നു. ഞങ്ങൾ എല്ലാവരും വിവാഹിതരാണ്. ദൈവകൃപയുണ്ടെങ്കിൽ വിവാഹിതനായ ഒരാൾക്ക് ഈശ്വരനെ പ്രാപിക്കാൻ കഴിയും. ദൈവാനുഗ്രഹമില്ലെങ്കിൽ ഒരു സന്ന്യാസിക്കുപോലും ഈശ്വരസാക്ഷാത്കാരം ലഭിക്കുകയില്ല. ഞാനും വിവാഹിതനായിരുന്നു. ഭാര്യ അന്തരിച്ചതിനു ശേഷമാണ് സന്ന്യാസം സ്വീകരിച്ചത്."

അദ്ദേഹം ഉപദേശരൂപത്തിൽ പറഞ്ഞു: "ഞാൻ ഒരു കാര്യംകൂടി നിങ്ങളോട് പറയാനാഗ്രഹിക്കുന്നു. നിങ്ങൾ കഞ്ചാവ് വലിക്കുന്ന സന്ന്യാസിമാരോട് കൂട്ടുകൂടരുത്. അവർ എത്ര വലിയ ജ്ഞാനികൾ ആണെങ്കിലും അവരെ ത്യജിക്കണം. ഹിമാലയത്തിലെ മുകൾപ്പരപ്പിലേക്കാണല്ലോ നിങ്ങൾ പോകാനാഗ്രഹിക്കുന്നത്. അവിടെയും ഇത്തരക്കാരെ നിങ്ങൾക്കു കാണാൻ കഴിയും. അതിനാൽ നിങ്ങൾ ഞങ്ങളോടൊപ്പം കഴിയുകയാണെങ്കിൽ ഞങ്ങൾ വളരെയധികം സന്തോഷിക്കും. നിങ്ങൾക്ക് ഇവിടത്തെ ഭക്തിപ്രസ്ഥാനത്തിൽ പങ്കെടുക്കാം. പക്ഷേ, നിങ്ങൾ മുന്നോട്ടു പോകാനാണ് ആഗ്രഹിക്കുന്നതെന്നു ഞാൻ മനസ്സിലാക്കുന്നു. അങ്ങനെതന്നെയാകട്ടെ."

എന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് അദ്ദേഹം തുടർന്നു: "നിങ്ങൾ ഒരു ശുദ്ധാത്മാവ് ആണ്. നിങ്ങൾക്ക് ആഗ്രഹമുണ്ടെങ്കിൽ ഞാൻ ഒരു മഹാമന്ത്രം പറഞ്ഞു തരാം. അത് നിത്യവും ജപിക്കണം. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഇവിടെ വരാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ! ജയ് ശ്രീകൃഷ്ണാ."

ഞാൻ അദ്ദേഹത്തിന്റെ പാദം തൊട്ടുതൊഴുതുകൊണ്ട് അദ്ദേഹത്തോട് നന്ദി പറഞ്ഞു. ഞാൻ അദ്ദേഹത്തോട് മന്ത്രദീക്ഷയ്ക്ക് അഭ്യർത്ഥിച്ചു. അദ്ദേഹം മന്ത്രദീക്ഷ നല്കി. "ഓം നമോ ഭഗവതേ വാസുദേവായ." അതിനുശേഷം എനിക്ക് അനുവദിച്ച മുറിയിലേക്കു പോയി. അല്പസമയം മന്ത്രം മനസ്സിൽ ജപിച്ചു. ഞാൻ ശാന്തമായും സുഖമായും ഉറങ്ങി.

ഞാൻ അതിരാവിലെ എണീറ്റു. മഞ്ഞുകട്ടപോലെ തണുപ്പുള്ള ഗംഗാജലത്തിൽ കുളിച്ചു. എന്നിട്ട് ബാവാജിയുടെ അനുഗ്രഹം വാങ്ങാൻ അദ്ദേഹത്തിന്റെ അടുത്തു ചെന്നു. അദ്ദേഹം എന്റെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ചുകൊണ്ട് സ്നേഹംതുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു: "നിങ്ങളുടെ ആദ്ധ്യാത്മികമായ ആഗ്രഹങ്ങൾ സഫലീകരിക്കാൻ ശ്രീകൃഷ്ണന്റെ അനുഗ്രഹം ഉണ്ടാകട്ടെ." എന്നെ ബാവാജിയുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയ ദാമോദർ എന്ന സുഹൃത്തിനോട് വിട പറഞ്ഞു. വീണ്ടും ബദരീനാഥിനെ ലക്ഷ്യമാക്കിയുള്ള യാത്ര തുടർന്നു.

പതിനെട്ട്

ചെരുപ്പുകുത്തിയും സന്ന്യാസിയും

ഏതാനും ദിവസങ്ങൾ കഴിഞ്ഞ് നല്ല തണുപ്പുള്ള ഒരു സായാഹ്നത്തിൽ ഞാൻ കർണ്ണപ്രയാഗിലെത്തി. ഈ ചെറിയ പട്ടണത്തിന്റെ പ്രാന്ത പ്രദേശത്ത് നദീതീരത്തോടുചേർന്ന് ഒരു ശിവക്ഷേത്രമുണ്ട്. ക്ഷേത്രത്തിൽ നിന്നും ഒരു ബ്രാഹ്മണ പുരോഹിതൻ ഇറങ്ങിവരുന്നത് ഞാൻ കണ്ടു. രാത്രി യിൽ തങ്ങാൻപറ്റുന്ന ഒരിടത്തെപ്പറ്റി തിരക്കി. അദ്ദേഹം ക്ഷേത്രപരിസരത്തു കഴിയാനാണ് നിർദ്ദേശിച്ചത്. ഭക്ഷണത്തിന്റെ കാര്യമായിരുന്നു പ്രശ്നം. രണ്ടു വാഴപ്പഴവും ഒരു കഷണം ശർക്കരയും മാത്രമേ അദ്ദേഹത്തിനു തരാൻ കഴി യുകയുള്ളൂ. ആ സമയത്ത് അദ്ദേഹം പട്ടണത്തിലുള്ള തന്റെ ഭവനത്തിലേക്ക് പോകുകയായിരുന്നു. അടുത്ത ദിവസം ഭക്ഷണത്തിനുള്ള ഏർപ്പാടു ചെയ്യാം എന്നു പറഞ്ഞു.

ക്ഷീണവും വിശപ്പും ഉണ്ടായിരുന്ന എനിക്കു കഴിക്കാനായി എന്തെങ്കിലും കിട്ടുന്നതുതന്നെ വലിയ കാര്യമാണെന്ന് അദ്ദേഹത്തോട് പറഞ്ഞു. പുരോ ഹിതൻ വീട്ടിലേക്കു തിരിച്ചു. അതിനുമുമ്പ് അദ്ദേഹം എനിക്കുവേണ്ടി ഒരു മണ്ണെണ്ണവിളക്ക് കത്തിച്ചുവച്ചു. ഒരു പലകയിൽ വിരിച്ചിരുന്ന പായിൽ ഇരുന്നു. ഞാൻ പഴം കഴിക്കാൻ തുടങ്ങുന്ന സമയത്ത് പുറത്തുനിന്നും ഒരു ശബ്ദം കേട്ടു: "രാം രാം മഹാരാജ്" വാതിലിനുപുറത്ത് ഇരുണ്ടനിറമുള്ള പൊക്കം കുറഞ്ഞ, ഗാന്ധിത്തൊപ്പിയും കുർത്തായും പൈജാമയും ധരിച്ച ഒരാൾ നില്ക്കുന്നതു കണ്ടു. അയാൾ ആദരപൂർവ്വം തൊഴുകൈകളോടെ നില്ക്കുകയായിരുന്നു.

വിനയം തുളുമ്പുന്ന പതിഞ്ഞ സ്വരത്തിൽ അയാൾ പറഞ്ഞു: "മഹാരാജ്! എന്റെ പേര് രാമപ്രസാദ് എന്നാണ്. ഞാൻ ഇതേ പട്ടണത്തിൽ താമസിക്കുന്ന ഒരു ചെരുപ്പുകുത്തി ആണ്. എന്റെ ഭാര്യ ഇന്നലെ രാത്രിയിൽ ഒരു സ്വപ്നം കണ്ടു. ഒരു പുണ്യാത്മാവ് ഞങ്ങളുടെ വീട്ടിൽ വരുമെന്നും വീട്ടിൽനിന്നും ഭക്ഷണം കഴിക്കുമെന്നും ആണ് സ്വപ്നം കണ്ടത്. ഞാൻ തീണ്ടൽ ഉള്ള ആളാണ്. ഈ ക്ഷേത്രം ബ്രാഹ്മണരുടേതാണ്. എനിക്ക് അകത്തു പ്രവേശിക്കാൻ പാടില്ല. ബ്രാഹ്മണപുരോഹിതൻ ക്ഷേത്രത്തിൽനിന്നും പുറത്തേക്കു പോകുന്നതും അങ്ങ് ക്ഷേത്രത്തിലേക്ക് പ്രവേശിക്കുന്നതും ഞാൻ കണ്ടു. ഞാൻ രണ്ടും കല്പിച്ച് അകത്തേക്കു വന്നതാണ്. അങ്ങ് എന്നോട് ദേഷ്യപ്പെടരുത്. എന്നെ ശപിക്കുകയും ചെയ്യരുത്. അങ്ങേക്കു കഴിക്കാനുള്ള ആഹാരം കൊണ്ടു വരാമോ? എന്റെ ഭാര്യ പാചകം ചെയ്തതാണ്. ചപ്പാത്തിയും ദാലും കുറച്ചു ഹൽവായും ഉണ്ടാക്കിവച്ചിട്ട് അവൾ സ്വപ്നത്തിൽ കണ്ട പുണ്യാത്മാവിനെ കാത്തിരിക്കുന്നു. ഞാൻ അങ്ങയെ ഞങ്ങളുടെ വീട്ടിലേക്കു ക്ഷണിക്കുന്നത്

അതിരുകടന്ന പ്രവൃത്തിയായിരിക്കും. അനുവദിച്ചാൽ ആഹാരം ഇവിടെ എത്തിക്കാം."

ഇതുപറയുമ്പോൾ അയാളുടെ കണ്ണുകളിൽനിന്നും കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ഞാൻ ഇരുന്നിടത്തുനിന്ന് എണീറ്റുകൊണ്ടു പറഞ്ഞു: "ഞാൻ ഉടനേ നിങ്ങളുടെ വസതിയിലേക്കു വരുന്നുണ്ട്. നിങ്ങളുടെ ഭാര്യതന്നെ ഭക്ഷണം വിളമ്പിത്തരട്ടെ." ഞാൻ പറഞ്ഞത് അയാൾക്ക് വിശ്വസിക്കാനായില്ല. സന്തോഷത്തോടെ അയാൾ എന്നെ ഗ്രാമത്തിലെ ഹരിജനങ്ങൾക്ക് താമസിക്കുന്നതിനു മാറ്റിവച്ചിട്ടുള്ള ഭാഗത്തേക്കു കൊണ്ടുപോയി. വീടിന്റെ നടയിൽ എത്തിയ ഉടനേ അയാൾ എന്നോട് വിനയപൂർവ്വം പറഞ്ഞു: "മഹാരാജ്, ഒരു നിമിഷം ഇവിടെ നിന്നാലും" എന്നിട്ട് അയാൾ വരാന്ത ചൂണ്ടിക്കാണിച്ചുകൊണ്ട് ഭാര്യയെ ആഹ്ലാദം അലതല്ലുന്ന സ്വരത്തിൽ ഉറക്കെ വിളിച്ചു: "ലീലാവതി! പുണ്യാത്മാവ് വന്നിട്ടുണ്ട്."

ഞാൻ വിലക്കിയെങ്കിലും രണ്ടുപേരും അതു വകവയ്ക്കാതെ എന്റെ പാദങ്ങൾ കഴുകി. നല്ല ചൂടുള്ള കനലിൽ ചുട്ടെടുത്ത ചപ്പാത്തിയും നെയ്യിൽ പാചകം ചെയ്ത ഇലക്കറികളും എന്റെ മുമ്പിൽ വിളമ്പി. ഞാൻ സന്തോഷത്തോടെ ഭക്ഷണം കഴിക്കുന്നത് രണ്ടുപേരും നോക്കി നിന്നു. അവരുടെ നേത്രങ്ങളിലൂടെ ആനന്ദാശ്രുക്കൾ ഒഴുകിക്കൊണ്ടിരിക്കുന്നു. രാമപ്രസാദ് തലകുലുക്കിക്കൊണ്ട് ഭാര്യയോട് പറഞ്ഞു: "ലീലാവതി ! ഇവിടെ ഇപ്പോൾ എന്താണു സംഭവിച്ചുകൊണ്ടിരിക്കുന്നത്? എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. നിന്റെ സ്വപ്നം സത്യമായിത്തീർന്നു. നാം അനുഗൃഹീതരായി. നിനക്ക് തീർച്ചയായും സന്താനഭാഗ്യം ഉണ്ടാകും. മഹാരാജ് ഞങ്ങൾക്ക് ഒരു കുഞ്ഞ് ഉണ്ടാകാൻ വേണ്ടി ഞങ്ങളെ അനുഗ്രഹിക്കണം."

ഭക്ഷണത്തിനുശേഷം നല്ല രുചിയും മധുരവും ഉള്ള ഹൽവയും കഴിച്ചിട്ട് ഞാൻ ക്ഷേത്രത്തിലേക്കു മടങ്ങി. രാമപ്രസാദും ഒരു വിളക്കുമായി എന്നെ അനുഗമിച്ചിരുന്നു. കുറച്ചുസമയം ധ്യാനത്തിൽ മുഴുകിയിരുന്നു. അതിനു ശേഷം നിദ്രയിലാണ്ടു.

അതിരാവിലെ ബ്രാഹ്മണ പുരോഹിതന്റെ അലർച്ച കേട്ടു ഞാൻ ഞെട്ടിയുണർന്നു. അദ്ദേഹം കയർത്തുകൊണ്ടു പറഞ്ഞു: "താൻ തീണ്ടലുള്ള ഒരാളിന്റെ വീട്ടിൽനിന്ന് ഭക്ഷണം കഴിച്ചു. തനിക്ക് നേരം വെളുക്കുന്നതുവരെ കാത്തിരിക്കാമായിരുന്നു. താൻ ഏതു തരത്തിലുള്ള ബ്രഹ്മചാരിയാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ചെരുപ്പുകുത്തിയുടെ വീട്ടിൽ പോകുക, താണജാതിക്കാർ പാചകം ചെയ്ത ഭക്ഷണം കഴിക്കുക. ഇതൊക്കെ എനിക്കു സങ്കല്പിക്കാൻപോലും കഴിയുന്നില്ല. നിങ്ങളും കളങ്കപ്പെട്ടു, ക്ഷേത്രപരിസരവും അപവിത്രമായി. തന്നെ ഇവിടെനിന്നും തല്ലിപ്പുറത്താക്കുന്നതിനു മുമ്പ് കടന്നുപോ. പവിത്രനദിയിൽ മുങ്ങിക്കുളിച്ച് ശുദ്ധിവരുത്തൂ. പവിത്രജലം കൊണ്ട് ഞാൻ ഈ മുറി കഴുകി വൃത്തിയാക്കട്ടെ. ഉടനെ സ്ഥലം വിടൂ...."

ഞാൻ ഒന്നും മിണ്ടിയില്ല. എന്റെ സാധനങ്ങൾ എടുത്തുകൊണ്ട് പുറത്തേക്കിറങ്ങി. അദ്ദേഹത്തോട് സംസാരിച്ചിട്ട് ഒരു പ്രയോജനവും ഇല്ലെന്നു മനസ്സിലായി. എന്റെ മനസ്സ് വല്ലാതെ വേദനിച്ചു. ഒരാൾക്ക് മറ്റൊരാൾ എങ്ങനെ അസ്പൃശ്യനാകാൻ കഴിയും? മഹായോഗികൾ ജീവിച്ചിരിക്കുന്ന

പുണ്യഭൂമിയിയാണോ ഇത്? പലതരം സന്ദേഹങ്ങൾ മനസ്സിനെ പൊതിഞ്ഞു. ഞാൻ എന്റെ വഴിയിലൂടെ എല്ലാത്തിനും ശരിയായ ഉത്തരം കണ്ടത്താൻ ഉറച്ചു. അജ്ഞാനത്തിന്റെ അന്ധകാരം അകറ്റി അറിവിന്റെ വെളിച്ചം പകർന്നു തരാൻ കഴിയുന്ന മഹാനായ ഒരു യോഗിയെ എവിടെയെങ്കിലും വച്ച് കണ്ടെത്താൻ കഴിയുമോ?

ബദരീനാഥിൽ എത്തുന്നതിനുമുമ്പുള്ള അവസാനത്തെ ഏറ്റവും പ്രധാനപ്പെട്ട ആദ്ധ്യാത്മികകേന്ദ്രം ജോഷീമഠമാണ്. ഒരു സായാഹ്നത്തിൽ നാലുമണി സമയത്താണ് ഞാൻ ജോഷീമഠത്തിൽ എത്തിച്ചേർന്നത്. നല്ല തണുപ്പുള്ള ദിവസമായിരുന്നു. ജോഷീമഠത്തിൽ നിന്നുകൊണ്ട് മഞ്ഞുകൊണ്ടു മൂടപ്പെട്ട ഹിമാലയത്തിലെ വലിയ കൊടുമുടികൾ കാണാൻ കഴിയും. ബ്രാഹ്മണബ്രഹ്മചാരികൾക്കും സന്ന്യാസിമാർക്കും മാത്രമേ താമസിക്കാനുള്ള സൗകര്യം നല്കപ്പെട്ടിരുന്നുള്ളൂ എന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. മഠത്തിൽനിന്നും കുറച്ചകലെ ഒരു ധർമ്മശാല ഉണ്ടായിരുന്നു. ഞാൻ അവിടെ ഒരു ചെറിയ മുറി തരപ്പെടുത്തിയിട്ട് ജോഷീമഠം സന്ദർശിക്കാനായി മടങ്ങി.

ശങ്കരാചാര്യ ഗുഹയും വലിയ സ്ഫടികലിംഗവും ആഗ്രഹങ്ങൾ നിറവേറ്റിത്തരുമെന്ന് പറയപ്പെടുന്ന മരവും ഞാൻ കണ്ടു. സംസ്കൃതവും വേദാന്തവും അദ്ധ്യയനം ചെയ്യുന്നതിനുവേണ്ടി അനേകം ബ്രഹ്മചാരികളും സന്ന്യാസിമാരും അവിടെ താമസിച്ചിരുന്നു. അവിടത്തെ അദ്ധ്യേതാക്കളിൽ ഒരാളായിരിക്കും ഭാവിയിൽ അടുത്ത ശങ്കരാചാര്യർ ആകുന്നത്. ബ്രാഹ്മണസന്ന്യാസിമാരെ ദണ്ഡിസ്വാമികൾ എന്നു വിളിക്കുന്നു. എപ്പോഴും കൈയിൽ ഒരു ദണ്ഡ് (വടി) ഉണ്ടായിരിക്കുന്നതുകൊണ്ടാണ് അങ്ങനെ വിളിക്കുന്നത്. ഞാൻ ജാതിവ്യവസ്ഥയുടെ സങ്കീർണ്ണതകളെപ്പറ്റിയും മനുഷ്യമനസ്സിന്റെ വ്യതിയാനങ്ങളെപ്പറ്റിയും ആലോചിച്ചുകൊണ്ട് ഒരിടത്തു നില്ക്കുകയായിരുന്നു. അന്നേരം നല്ല പൊക്കമുള്ള തല മുണ്ഡനം ചെയ്ത ഒരു സന്ന്യാസി എന്റെയടുത്തേക്കു വന്നു ചോദിച്ചു:

"നിങ്ങൾ എങ്ങോട്ടു പോകുന്നു?"

"ബദരിനാഥിലേക്ക്."

" ഇവിടെ ഏതുസ്ഥലത്ത് തങ്ങുന്നു?"

"ധർമ്മശാലയിൽ. അബ്രാഹ്മണരെ ഇവിടെ തങ്ങാൻ അനുവദിക്കുകയില്ലെന്നു കേട്ടു."

"നിങ്ങൾ ജനനംകൊണ്ട് ബ്രാഹ്മണൻ അല്ലായിരിക്കും. കാഴ്ചയിൽ നിങ്ങൾ ഒരു ബ്രാഹ്മണൻ ആണെന്നേ തോന്നുകയുള്ളൂ."

"അങ്ങ് വിശ്വസിച്ചാലും. ഞാൻ ബ്രാഹ്മണൻ അല്ല."

"ഇവിടത്തെ കാര്യങ്ങൾ കേട്ടിട്ട് നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും. ഞാൻ ഒരു കാര്യം നിങ്ങളോട് പറയാം. ഈ വേർതിരിവുകളൊക്കെ അബദ്ധങ്ങളാണ്. ഞാൻ ബ്രാഹ്മണനാണ്. ദണ്ഡിസ്വാമി ആയിരുന്നു. ഒരു ദിവസം ഞാൻ എന്റെ ദണ്ഡ് ഗംഗയിലേക്ക് വലിച്ചെറിഞ്ഞു. ഞാൻ ഇപ്പോൾ സ്വതന്ത്രനാണ്. ഞാൻ ഇവിടെ വരുമ്പോഴൊക്കെ മഠാധിപതി എന്നെ ഇവിടെ തങ്ങാൻ അനുവദിക്കാറുണ്ട്. ഒരു ദണ്ഡി സ്വാമി ആയിരുന്ന കാലം തൊട്ട് അദ്ദേഹം എന്നെ അറിയുന്നതാണ്."

അദ്ദേഹം തുടർന്നു: " ദശനാമി സമ്പ്രദായത്തിന്റെ സ്ഥാപകന്റേതാണ് ഈ മഠം. ഒരിക്കൽ അദ്ദേഹം ഗംഗാസ്നാനം കഴിഞ്ഞ് മടങ്ങിവരികയായിരുന്നു. ആ സമയത്ത് വേടസമുദായത്തിൽപ്പെട്ട ഒരാൾ കുറെ പട്ടികളോടൊപ്പം തന്റെ നേർക്കു വരുന്നതുകണ്ടു. അയാളെ കണ്ടയുടനെ ശങ്കരാചാര്യർ അയാളോട് കയർത്തു: "എന്നെ തടസ്സപ്പെടുത്താതെ വഴിമാറിപ്പോ. എന്റെ മുമ്പിൽ നില്ക്കാൻ താഴ്ന്ന ജാതിക്കാരനായ തീണ്ടലുള്ള തനിക്ക് എങ്ങനെ ധൈര്യം കിട്ടി?" സംഭവിച്ചത് ചുരുക്കത്തിൽ പറയാം. ശങ്കരാചാര്യർ അഭിമുഖീകരിച്ചത് മഹായോഗിയായ ശിവനെത്തന്നെയായിരുന്നു. ശിവൻ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ശങ്കരാചാര്യർക്ക് ഉപദേശം നല്കുകയും ചെയ്തു. ജനനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യനെ അന്യോന്യം വേർതിരിച്ചു കാണരുതെന്ന് ഉദ്ബോധിപ്പിച്ചു.

പ്രായംചെന്ന സന്ന്യാസി തുടർന്നു: " എല്ലാവരിലും കുടികൊള്ളുന്നത് ഒരേ ആത്മാവാണ്. അതീന്ദ്രിയമായ ആത്മാവ്. ഇതുപോലുള്ള സ്ഥലങ്ങളിൽ നടമാടുന്ന പലതും കാണുമ്പോൾ എനിക്കു വല്ലാത്ത വിഷമം തോന്നുന്നു. പക്ഷേ, ഞാൻ നിസ്സഹായനാണ്. ഈ വ്യവസ്ഥയെ മാറ്റാൻ എന്നെക്കൊണ്ട് കഴിയുകയില്ല."

ഞാൻ കുറച്ചു സമയം അദ്ദേഹവുമായി വേദാന്തവിഷയങ്ങളെപ്പറ്റി ചർച്ചചെയ്തു. അതിനുശേഷം ഭക്ഷണം കഴിക്കാനും ഉറങ്ങാനുംവേണ്ടി എന്റെ മുറിയിലേക്കു മടങ്ങി. അടുത്ത ദിവസം രാവിലെ ഞാൻ വീണ്ടും നിരത്തിലേക്ക് ഇറങ്ങി. പീപ്പൽകോടി, ഗോവിന്ദഘാട്ട്, പാണ്ഡുകേശ്വർ എന്നീ സ്ഥലങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് ബദരീനാഥിൽ എത്തിച്ചേരാൻ നാലു ദിവസം വേണ്ടിവന്നു. മാർഗ്ഗമദ്ധ്യേ പറയത്തക്കതൊന്നുംതന്നെ സംഭവിച്ചിരുന്നില്ല. എന്നിരുന്നാലും എന്റെ മനസ്സാകെ അസ്വസ്ഥവും അസ്ഥിരവും ആയിരുന്നു. യാത്രാക്ലേശങ്ങൾ കാരണം ശരീരത്തിനും സ്വസ്ഥത നഷ്ടപ്പെട്ടു. ശരീരവും മനസ്സും ആകെ തളർന്നതുപോലെ അനുഭവപ്പെട്ടു.

പത്തൊമ്പത്

ബദരീനാഥിൽ എത്തിയ സത്യാന്വേഷകൻ

ഞാൻ ബദരീനാഥിൽ എത്തിയപ്പോൾ സമയം ഉച്ച കഴിഞ്ഞിരുന്നു. നരനാരായണ പർവ്വതനിരകളും മഞ്ഞുമൂടിക്കിടക്കുന്ന നീലകണ്ഠ പർവ്വതവും കണ്ണുകൾക്ക് ആനന്ദം പകർന്നു. ശക്തമായി ഒഴുകുന്ന അളകനന്ദയിലെ നിർമ്മലജലം ബദരീനാഥ് ക്ഷേത്രത്തിനുസമീപത്തുകൂടി പ്രവഹിച്ചുകൊണ്ടിരുന്നതു നോക്കി നിന്നപ്പോൾ എന്റെ ശാരീരികവും മാനസികവുമായ എല്ലാ ക്ലേശങ്ങൾക്കും അറുതി വന്നു. മനസ്സ് പ്രശാന്തമായി. ഉന്മേഷവും ഉത്സാഹവും മനസ്സിൽ അലതല്ലി.

ബദരീനാഥിലെ പുതിയ സ്ഥലങ്ങൾ കാണാൻ പുറപ്പെടുന്നതിനുമുമ്പ് ഞാൻ റാവൽജിയെ കാണാൻ ശ്രമിച്ചു. അദ്ദേഹം ബദരീനാരായണക്ഷേത്രത്തിലെ മുഖ്യ പുരോഹിതനാണ്. പ്രാചീനകാലം മുതൽതന്നെ കേരളത്തിൽനിന്നുമുള്ള നമ്പൂതിരി ബ്രാഹ്മണരാണ് ക്ഷേത്രത്തിലെ റാവൽജിമാർ. ബൗദ്ധ സ്വാധീനത്തിൽനിന്നും മോചിപ്പിച്ച് ബദരീനാരായണക്ഷേത്രം പുനഃസ്ഥാപിച്ചതിനുശേഷം ശ്രീശങ്കരാചാര്യർ ക്ഷേത്രത്തിലെ മുഖ്യപുരോഹിതൻ കേരളത്തിൽനിന്നുമുള്ള നമ്പൂതിരി ബ്രാഹ്മണൻ ആയിരിക്കുമെന്ന് വ്യവസ്ഥ ചെയ്തു. പുരോഹിതൻ റാവൽജി എന്ന പേരിലാണ് അറിയപ്പെടുന്നത്. മലയാളത്തിൽ ആരോടെങ്കിലും സംസാരിക്കാൻ മനസ്സ് വെമ്പൽകൊണ്ടു. മലയാളിയായ റാവൽജിയോട് സംസാരിക്കാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നു.

ആദ്യം തപ്തകുണ്ഡിലെ ചൂടുവെള്ളത്തിൽ കുളിച്ചു. തപ്തകുണ്ഡിൽ വർഷം മുഴുവനും പ്രകൃതിദത്തമായ ഉറവകളിൽനിന്നും വെള്ളം ഒഴുകിയെത്തും. കുളി കഴിഞ്ഞിട്ട് സൂക്ഷിച്ചുവച്ചിരുന്ന വൃത്തിയുള്ള വസ്ത്രം ധരിച്ചു. ബദരീനാഥ് ക്ഷേത്രകവാടത്തിൽ നിന്നുകൊണ്ട് ബദരീനാരായണനെ വന്ദിച്ചു. എന്നിട്ട് റാവൽജിയുടെ ഔദ്യോഗിക വസതിയിലേക്കു പോകാൻവേണ്ടി റോഡ് മുറിച്ചു കടന്നു. അദ്ദേഹത്തിന്റെ ഒരു സഹായിയോടു സംസാരിച്ചതിനുശേഷം മുഖമണ്ഡപത്തിൽ ഏതാനും മിനിട്ടു കാത്തിരുന്നു. കുറച്ചു കഴിഞ്ഞ് ഒരാൾ വന്ന് അദ്ദേഹത്തിന്റെ അടുത്തേക്ക് എന്നെ ആനയിച്ചു. റാവൽജിയുടെ പേര് കേശവൻ നമ്പൂതിരി എന്നായിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് പ്രസാദാത്മകത കളിയാടിയിരുന്നു. സുന്ദരനും സുമുഖനുമായ അദ്ദേഹത്തിന്റെ പെരുമാറ്റം അതീവഹൃദ്യമായിരുന്നു. മലയാളത്തിൽതന്നെയായിരുന്നു കൂടുതലും സംസാരിച്ചത്. സംസാരിച്ചതിന്റെ ഏകദേശ രൂപം ഇപ്രകാരമാണ്:

"എന്താ നിങ്ങളുടെ പേര്?

"ശിവപ്രസാദ്." ഞാൻ പറഞ്ഞു. ഞാൻ എന്റെ യഥാർത്ഥ പേര് അദ്ദേഹത്തോടു പറയുകയാണെങ്കിൽ യാഥാസ്ഥിതികനായ നമ്പൂതിരി ബ്രാഹ്മണന്റെ പ്രതികരണം എന്തായിരിക്കുമെന്ന് എനിക്ക് ആശങ്ക ഉണ്ടായിരുന്നു.

"ഈ ചെറുപ്രായത്തിൽ ഇവിടെ എത്തിച്ചേരാൻ നിങ്ങളെ എന്താണ് പ്രേരിപ്പിച്ചത്?"

കുട്ടിക്കാലം മുതല്ക്കേ എനിക്കുണ്ടായിരുന്ന ആദ്ധ്യാത്മിക താൽപര്യങ്ങളെപ്പറ്റി ഞാൻ വിശദീകരിച്ചു. ഞാൻ ധ്യാനം പരിശീലിക്കുന്നതും മഹദ് വ്യക്തികളെയും പുണ്യാത്മക്കളെയും കാണുന്നതും അദ്ദേഹത്തോടു പറയുകയുണ്ടായി. പ്ലാവിൻ ചുവട്ടിൽവച്ച് കണ്ടുമുട്ടിയ അത്ഭുതയോഗിയെപ്പറ്റി ഒന്നും പറഞ്ഞില്ല. അതു പറയാനുള്ള ശ്രമം വിജയിക്കുകയില്ലെന്ന് ആശങ്കപ്പെട്ടിരുന്നു. അതു പറയാൻ എന്റെ കണ്ഠനാളം ഒരിക്കലും അനുവദിച്ചിരുന്നില്ല.

ഹിമാലയത്തിനോടുള്ള എന്റെ ഒടുങ്ങാത്ത അഭിനിവേശത്തെപ്പറ്റിയും വിസ്തരിച്ചു. കുട്ടിക്കാലം മുതല്ക്കേ ഹിമാലയം എന്നെ ആകർഷിച്ചിരുന്നുവെന്നും ഇപ്പോൾ ഒരു ആദ്ധ്യാത്മികഗുരുവിനെ അന്വേഷിച്ചുകൊണ്ടുള്ള യാത്ര തുടരുകയാണെന്നും ഞാൻ അദ്ദേഹത്തോടു പറഞ്ഞു. ഹിമാലയസാനുക്കളിൽ അനേകം യോഗികൾ ഏകാന്തതയിൽ തപസ്സനുഷ്ഠിക്കുന്നതായി കേട്ടിട്ടുണ്ട്. തനിക്ക് ബോധ്യപ്പെട്ട ആരെയെങ്കിലും എനിക്കു വഴികാട്ടിയായി നിർദ്ദേശിക്കാൻ റാവൽജിക്കു കഴിയുമോ! ഞാൻ ആരാഞ്ഞു.

റാവൽജി ഹൃദയം തുറന്ന് ഉറക്കെ ചിരിച്ചുകൊണ്ട്, "പാവം" എന്നു പറഞ്ഞിട്ട് തുടർന്നു: "ബദരീനാഥക്ഷേത്രം സ്ഥാപിക്കാൻവേണ്ടി മഹാനായ ഒരു യോഗി കേരളത്തിൽനിന്നും എത്രയോ ദൂരം താണ്ടിയാണ് ഇവിടെ എത്തിച്ചേർന്നത് എന്ന കാര്യം നിങ്ങൾക്ക് അറിയാമോ? അതേ പ്രദേശത്തുനിന്നും നിങ്ങൾ ഒരു ഗുരുവിനെ അന്വേഷിച്ചുകൊണ്ട് ബദരീനാഥിൽ വന്നിരിക്കുന്നു. വളരെ നല്ല കാര്യം... "

ഒരു നിമിഷം മൗനം അവലംബിച്ചതിനുശേഷം അദ്ദേഹം പറഞ്ഞു: "അതിരിക്കട്ടെ. നിങ്ങൾ ആഗ്രഹിക്കുന്ന തരത്തിലുള്ള ആരുടെയും പേരുകൾ എനിക്കു തോന്നുന്നില്ല. തീർത്ഥാടനകാലത്ത് പുണ്യാത്മാക്കളും സന്ന്യാസിമാരും ഇവിടെ വരികയും കൊടും തണുപ്പുകാലത്ത് അവർ മടങ്ങിപ്പോകുകയും ചെയ്യുന്നു. ഞങ്ങളും താഴ്വാരത്തിലേക്കു പോകുന്നു. തണുപ്പുകാലത്ത് ജോഷീമഠത്തിൽ തങ്ങുന്നു. ബദരീനാഥ് സ്ഥിതി ചെയ്യുന്നത് സമുദ്രനിരപ്പിൽ നിന്ന് 11000 അടി ഉയരത്തിലാണ്. തണുപ്പുകാലത്ത് ഇവിടെയെല്ലാം തണുപ്പുകൊണ്ട് ഉറച്ചുപോകുന്നു.

"ഞാൻ ചില കിംവദന്തികൾ കേട്ടിട്ടുണ്ട്. നിഗൂഢമായ ജീവിതം നയിക്കുന്ന ചില മഹാത്മാക്കൾ വർഷം മുഴുവനും വ്യാസഗുഹയിലും മുച്കുന്ദഗുഹയിലും താമസിക്കുന്നുപോലും. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ അത്തരം കിംവദന്തികൾ ബദരീനാരായണന്റെ ഐന്ദ്രജാലിക പ്രഭാവത്തെ ഉയർത്തിക്കാട്ടാൻ മാത്രമാണ് സഹായകരമാകുന്നത്.

"നിങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങളാണു വേണ്ടതെങ്കിൽ ശങ്കരാചാര്യരുടെ ഉപനിഷത്തുകളുടെ വ്യാഖ്യാനങ്ങളും, വിവേകചൂഡാമണി തുടങ്ങിയ

മഹത്തായ കൃതികളും സമർത്ഥരായ വേദപണ്ഡിതന്മാരിൽനിന്നും അദ്ധ്യയനം ചെയ്യുന്നത് അഭികാമ്യമായിരിക്കും. നിങ്ങൾ സംസ്കൃതം പഠിച്ചിട്ടുണ്ടോ?"

ഞാൻ പറഞ്ഞു: "വളരെ കുറച്ചു മാത്രം. എന്നാൽ താങ്കൾ പരാമർശിച്ച കൃതികളുടെ ഇംഗ്ലിഷിലുള്ള തർജ്ജമകൾ വായിച്ചിട്ടുണ്ട്."

അദ്ദേഹം പറഞ്ഞു: " അതു മതിയാകുകയില്ല. പരിഭാഷകൾക്ക് പരിമിതിയുണ്ട്... അതിരിക്കട്ടെ... നിങ്ങൾക്കു തങ്ങാൻ ഒരിടം വേണ്ടേ? ഇവിടെ തങ്ങാനുള്ള സൗകര്യങ്ങൾ കുറവാണ്. എങ്കിലും ഞാൻ നിങ്ങൾക്കുവേണ്ടി ഒരു പർണ്ണശാല ഏർപ്പാടാക്കാം. കുറച്ചകലെ അളകനന്ദയ്ക്ക് അക്കരെയാണ് അത്. നിങ്ങൾക്കു രണ്ടു നേരത്തെ ഭക്ഷണത്തിനുള്ള ഏർപ്പാട് ഇവിടെ ചെയ്യാം. ഞാൻ എന്റെ സഹായിക്ക് വേണ്ടുന്ന നിർദ്ദേശങ്ങൾ നല്കുന്നതാണ്. ഇപ്പോൾ നിങ്ങൾക്കു വിശപ്പുണ്ടെങ്കിൽ പുറത്തുള്ള മുറിയിൽ ചെന്നാൽ കഴിക്കാൻ എന്തെങ്കിലും കിട്ടും. ബദരീനാരായണന്റെ അനുഗ്രഹത്താൽ പ്രസാദത്തിന് ഒരിക്കലും മുട്ടു വരാറില്ല.

"എന്റെ അഭിപ്രായത്തിൽ നിങ്ങൾ കുറച്ചു ദിവസം ഇവിടെ തങ്ങുക. മനോഹരമായ സ്ഥലങ്ങൾ കാണുക. എന്നിട്ട് കേരളത്തിലേക്കു മടങ്ങി വിദ്യാഭ്യാസം തുടരണം. ഭാരതീയതത്ത്വശാസ്ത്രത്തിൽ പിഎച്ച്.ഡി.പോലുള്ള ബിരുദം കരസ്ഥമാക്കി അച്ഛനമ്മമാരെ ശുശ്രൂഷിച്ചുകൊണ്ട് സംതൃപ്തമായ ജീവിതം നയിക്കൂ. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും ഇവിടെ വരാം. കുറച്ചു ദിവസം ഇവിടെ കഴിയാവുന്നതാണ്. അതുകൊണ്ട് ഹിമാലയത്തിൽ ഒരു ഗുരുവിനെ തേടിയുള്ള അലച്ചിലിൽ നിങ്ങളുടെ ഊർജ്ജവും സമയവും പാഴാക്കരുത്. ഒടുവിൽ നിങ്ങൾക്കു നിരാശപ്പെടേണ്ടിവരും. പിന്നീട് പിന്തിരിയാൻ വയ്യാത്ത അവസ്ഥയിൽ പെട്ടുപോകും."

"ഞാൻ ഒരു വിശേഷ മുന്നറിയിപ്പു കൂടി തരാൻ ആഗ്രഹിക്കുന്നു. അതിനു കാരണമുണ്ട്. ചില കള്ളസന്ന്യാസിമാർ വിദ്യാസമ്പന്നരായ യുവാക്കളെ ശിഷ്യന്മാരാക്കാൻ ആഗ്രഹിക്കുന്നു. അത്തരം വ്യാജസിദ്ധന്മാർക്ക് പറ്റിയ ഇരയാണ് നിങ്ങൾ. കൂടാതെ കുറെ കഞ്ചാവ്സ്വാമിമാരുണ്ട്. അവരിൽ മിക്കവരും മയക്കുമരുന്നുകൾക്ക് അടിമകളാണ്. മാദകപദാർത്ഥങ്ങളുടെ പ്രഭാവത്താൽ അവർ കാണുന്ന കാഴ്ചകളെ സത്യമായി കരുതുന്നു. അത്തരക്കാരെ ശ്രദ്ധിക്കണം. അവരെ മഹാമാരിയെപ്പോലെ അകറ്റി നിർത്തണം.

"നിങ്ങൾ ഇപ്പോൾ ഭക്ഷണം കഴിക്കൂ. എന്റെ സഹായി നിങ്ങൾക്കു പർണ്ണശാല കാണിച്ചുതരും. ബദരീനാരായണനുള്ള സന്ധ്യാരാധനയ്ക്കു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യേണ്ടതുണ്ട്. സന്ധ്യയ്ക്കുള്ള ദീപാരാധനയിൽ പങ്കെടുക്കൂ. അതിനുശേഷം ഇവിടെ വരൂ. നമുക്ക് കുറച്ചു സമയം സംസാരിക്കാം. ശരി, പിന്നെ കാണാം."

കേരളീയരീതിയിലുള്ള ഭക്ഷണം കഴിച്ചു. പുരോഹിതന്റെ സഹായി എന്നെയും കൂട്ടിക്കൊണ്ട് പാലം കടന്ന് കാലികമ്പിളിവാലാകുടീരത്തിലെത്തിച്ചു. ഗർജ്ജിച്ചുകൊണ്ട് ഒഴുകുന്ന അളകനന്ദ പകലും രാത്രിയും അത്ഭുതകരമായ കാഴ്ചയായിരുന്നു. ഞാൻ എന്നും ക്ഷേത്രാരാധനയിൽ പങ്കെടുക്കുകയും റാവൽജിയുടെ വസതിയിൽ ഭക്ഷണം കഴിക്കുകയും ചെയ്തു. അദ്ദേഹം വളരെ തിരക്കുള്ള വ്യക്തിയായിരുന്നു. ധാരാളം സന്ദർശകർ

അദ്ദേഹത്തെ കാണാൻ വന്നിരുന്നു. എന്നിരുന്നാലും മൂന്നു ദിവസത്തിനുള്ളിൽ ഒന്നോ രണ്ടോ തവണ അദ്ദേഹത്തെ സന്ദർശിക്കാൻ എനിക്ക് അവസരം കിട്ടി. അദ്ദേഹത്തിൽനിന്നുമാണ് എനിക്ക് ബദരീനാഥിനെപ്പറ്റിയും അതിനു ചുറ്റുമുള്ള സ്ഥലങ്ങളെപ്പറ്റിയും ഏറെ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞത്.

കേദാർഖണ്ഡ് എന്ന പ്രദേശത്തിൽപെടുന്ന സ്ഥലമാണ് ബദരീനാഥ്. നരനും നാരായണനും ഇവിടെയിരുന്നാണ് തപസ്സനുഷ്ഠിച്ചതെന്നു വിശ്വസിക്കപ്പെടുന്നു. ഈ സ്ഥലം അളകനന്ദ നദിയുടെ താഴ്വര പ്രദേശമാണ്. നരൻ എന്നും നാരായണൻ എന്നും വിളിക്കുന്ന രണ്ടു പർവ്വതങ്ങളുടെ ഇടയ്ക്കാണ് ഇതിന്റെ സ്ഥാനം. തപ്തകുണ്ഡിലെയും ബ്രഹ്മകപാലിലെയും ഉഷ്ണജല അരുവികൾ പവിത്രമായ സ്നാനത്തിനു പ്രസിദ്ധമാണ്. ബദരീനാഥക്ഷേത്രത്തിന്റെ പുനർനിർമ്മാണം നടത്തിയത് ശങ്കരാചാര്യർ ആണെന്നു കരുതപ്പെടുന്നു. ക്ഷേത്രത്തിലെ ബുദ്ധവിഗ്രഹം എടുത്തുമാറ്റിയിട്ട് തൽസ്ഥാനത്ത് നാരായണന്റെ വിഗ്രഹം പ്രതിഷ്ഠിക്കുകയുണ്ടായി. പഴയ ബുദ്ധവിഗ്രഹം ഒരു പഴയ കിണറ്റിൽ ഉപേക്ഷിക്കുകയുണ്ടായി. ഇതേപ്പറ്റി ചരിത്രപരമായ തെളിവുകൾ ഒന്നുംതന്നെ ലഭ്യമല്ല. ബദരി ഒരുകാലത്തെ ബൗദ്ധകേന്ദ്രം ആയിരുന്നുവെന്നത് നിരാകരിക്കാൻ കഴിയുകയില്ല. ബദരി സ്ഥിതി ചെയ്യുന്നതും ടിബറ്റൻ അതിർത്തിക്കു സമീപത്താണ്.

ബദരിയിൽനിന്നും അളകനന്ദയുടെ തീരത്തിലൂടെ ഏഴുകിലോമീറ്റർ സഞ്ചരിക്കുകയാണെങ്കിൽ മാന എന്ന ഗ്രാമത്തിൽ എത്തിച്ചേരാൻ കഴിയും. ഇന്ത്യയുടെ ഭാഗത്ത് സ്ഥിതി ചെയ്യുന്ന അവസാനത്തെ ഗ്രാമമാണ് മാന. ഇവിടെ വസിക്കുന്നവർ ടിബറ്റൻ വംശജരാണ്.

ബദരീനാഥക്ഷേത്രത്തിന്റെ വടക്കുഭാഗത്ത് രണ്ടുകിലോമീറ്റർ ദൂരെ ഗൗഡപാദശില എന്ന് അറിയപ്പെടുന്ന ഒരു പാറയുമുണ്ട്. അത് അളകനന്ദയുടെ ഇടതുഭാഗത്തുള്ള കരയിലാണ്. അവിടെ ശുകദേവന്റെ ശിഷ്യനായ ഗൗഡപാദരുടെ ആസ്ഥാനമായിരുന്നുവെന്നു കരുതപ്പെടുന്നു. ഗൗഡപാദർ അവിടെ ഇരുന്നാണ് മാണ്ഡൂക്യോപനിഷത്തിനു വ്യാഖ്യാനം രചിച്ചത്. ശങ്കരാചാര്യർ ഗൗഡപാദരെ സന്ദർശിക്കുകയും അദ്ദേഹം ആചാര്യസ്വാമികളോട് ഉപനിഷത്തുക്കൾക്ക് വ്യാഖ്യാനങ്ങൾ രചിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ആ ഭാഗത്തുള്ള എടുത്തു പറയേണ്ട ഒരു സ്ഥലമാണ് വ്യാസഗുഹ. അവിടെ വേദങ്ങൾ സമാഹരിച്ച വ്യാസൻ തങ്ങിയിരുന്നു. വ്യാസമഹർഷി ബദരായണൻ എന്നും അറിയപ്പെട്ടിരുന്നു. കുറുപരുത്തി മരങ്ങൾ (ബാദരം) നിറഞ്ഞ വനത്തിൽ വസിച്ചിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന് ഈ പേര് കിട്ടിയത്. ഈ വനത്തിനു സമീപത്താണ് മാന എന്ന ഗ്രാമം. വേനൽക്കാലത്ത് ചില സമയങ്ങളിൽ മഹാത്മാക്കൾ വ്യാസഗുഹയും സമീപപ്രദേശങ്ങളിലുള്ള മറ്റു ഗുഹകളും പതിവായി സന്ദർശിക്കാറുണ്ടെന്ന് എനിക്ക് അറിയാൻ കഴിഞ്ഞു. കേശവപ്രയാഗിൽവച്ച് അളകനന്ദ സരസ്വതി നദിയുമായി കൂടിച്ചേരുന്നു. സരസ്വതി നദി ഭൂഗർഭപാതയിലൂടെയാണ് അവിടെ വന്നു ചേരുന്നത്. മാനയിലെ മലയിടുക്കിലെ പാതയിലൂടെയാണ് സമുദ്രനിരപ്പിൽനിന്നും 18,000 അടി ഉയരത്തിലുള്ള ടിബറ്റിലേക്ക് പ്രവേശിക്കുന്നത്.

വീണ്ടും മുകളിലേക്കു സഞ്ചരിക്കുകയാണെങ്കിൽ വസുന്ധര വെള്ള ച്ചാട്ടവും സ്വർഗ്ഗാരോഹിണി എന്ന സ്ഥലവും കാണാൻ കഴിയും. മഹാഭാരത ത്തിൽ സ്വർഗ്ഗാരോഹിണിയെപ്പറ്റി സൂചനയുണ്ട്. ഇവിടെനിന്നുമാണ് യുധിഷ്ഠിരനെ ഇന്ദ്രന്റെ രഥത്തിൽ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയത്.

പ്രകൃതിസൗന്ദര്യം കളിയാടുന്ന സ്ഥലമാണ് ബദരീനാരായൺ. ചുറ്റും മഞ്ഞുകൊണ്ടുമൂടിയ കൊടുമുടികൾ. ഈ പ്രദേശത്തെ ചുംബിച്ചുകൊണ്ടാണ് അളകനന്ദ ഒഴുകുന്നത്. ഏകാന്തതയും ധ്യാനവും ആഗ്രഹിക്കുന്നവർക്ക് ഈ സ്ഥലം തികച്ചും അനുയോജ്യമായിരുന്നു. അനുയോജ്യമായിരുന്നു എന്നു പറയാൻ കാരണമുണ്ട്. വിനോദസഞ്ചാരികളുടെ അനിയന്ത്രിതമായ വരവോടെ ഈ സ്ഥലമാകെ മലിനപ്പെട്ടു കഴിഞ്ഞിരിക്കുന്നു. യാതൊരു ഉത്തരവാദിത്വബോധവും ഇല്ലാത്ത അവർ പവിത്രമായ സ്ഥാനങ്ങളെപ്പറ്റി ബോധവാന്മാരല്ല. പണം സമ്പാദിക്കാൻ ആർത്തിയുള്ള കച്ചവടക്കാർ നട ത്തുന്ന പീടികകൾ എവിടെയും കാണാൻ കഴിയും. അപകടസാധ്യതയെപ്പറ്റി മുൻകൂട്ടി കാണാൻ കഴിയാത്ത യാത്രക്കാരെ ഏതു വിധവും അവർ ചൂഷണ ത്തിനു വിധേയരാക്കുന്നു. ഞാൻ അടുത്തിടെ നടത്തിയ സന്ദർശനവേളയിൽ ഒരാൾ സുന്ദരിയായ ഒരു ഗഡ്വാലി പെൺകുട്ടിയെ ഒരു രാത്രിസമയത്തേക്ക് വിൽക്കാൻ ശ്രമിക്കുന്നത് കാണാനിടയായി.

ബദരീനാഥുമായി ബന്ധപ്പെട്ട പല ഓർമ്മകളും മനസ്സിൽ മായാതെ കിടപ്പുണ്ട്. അവയിൽ ആവേശകരമായ ആനന്ദം പകരുന്ന ഒരോർമ്മ പുനരാമർശനം അർഹിക്കുന്നു. മഞ്ഞുവീണുകൊണ്ടിരിക്കുന്ന പൗർണ്ണമി രാവിൽ ബദരീനാഥ് പ്രദേശമാകെ ഉജ്ജ്വലമായി തിളങ്ങിയിരുന്നു. ആ സ്ഥലം മുഴുവൻ ഉരുക്കിയ വെള്ളികൊണ്ടു നിർമ്മിക്കപ്പെട്ടതുപോലെ അനുഭവപ്പെട്ടു.

എന്നാൽ ഇത്തരം ഹൃദയം കവരുന്ന കാഴ്ചകൾ എന്തുകൊണ്ടോ മനസ്സിന് ആശ്വാസം പകർന്നില്ല. വിദ്യാസമ്പന്നനായ എന്നെപ്പോലുള്ള ഒരു യുവാവിന് ഇവിടെനിന്നും ഒന്നും കിട്ടാനില്ലെന്നും, അതിനാൽ ഞാൻ മടങ്ങി നാട്ടിൽ പോകുന്നതായിരിക്കും എന്തുകൊണ്ടും നല്ലത് എന്നുമുള്ള റാവൽജിയുടെ അഭിപ്രായപ്രകടനങ്ങൾ എന്റെ മനസ്സിൽ സന്ദേഹങ്ങൾക്ക് വഴിതെളിച്ചു. എന്റെ മനസ്സാകെ ഉലഞ്ഞു. ഒരു ദിവസം പർണ്ണശാലയുടെ മുന്നിലിരുന്നുകൊണ്ട് ഞാൻ ദൃഢനിശ്ചയം ചെയ്തു. ഞാൻ മാന ഗ്രാമ ത്തിൽ പോകും. അവിടെ ഏതെങ്കിലും ഗുഹയിൽ വസിക്കുന്ന ഒരു മഹാ യോഗിയെ അന്വേഷിച്ചു കണ്ടെത്തും. ഒരു യഥാർത്ഥ മഹാത്മാവിനെ എനിക്കു കണ്ടെത്താൻ കഴിയുകയില്ലെങ്കിൽ ഞാൻ അളകനന്ദയിൽ ചാടി ആത്മഹത്യചെയ്യും. ഒരുവേള ഞാൻ അനുകൂലമായ സാഹചര്യങ്ങളിൽ പുനർ ജനിക്കും. അപ്പോൾ ഇതുപോലുള്ള സന്ദേഹങ്ങളുടെയും നൈരാശ്യ ത്തിന്റെയും പീഡനങ്ങൾ അനുഭവിക്കേണ്ടിവരില്ല.

ഇരുപത്

ബാബാജീ ദർശനം

പിറ്റേന്ന് അതിരാവിലെ ഞാൻ മാനഗ്രാമം ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. ഉച്ചയോടെ ഞാൻ ഗ്രാമത്തിലെത്തി. ടിബറ്റൻ വംശജരായ ഇടയന്മാരാണ് അവിടത്തെ നിവാസികൾ. കൈത്തറികളിൽ അവർതന്നെ നെയ്തെടുത്ത പല നിറങ്ങൾ ഇടകലർന്ന പരുക്കൻ കമ്പിളിവസ്ത്രങ്ങളായിരുന്നു അവർ ധരിച്ചിരുന്നത്. എല്ലാവരും ബുദ്ധമതാനുയായികൾ ആയിരുന്നു. വ്യാസ ഗുഹയുടെ അടുത്ത് എത്തുന്നതുവരെ എന്റെ നടത്തം തുടർന്നു. പ്രകൃതി ദത്തമായ സാമാന്യം വലിപ്പമുള്ള ഗുഹയായിരുന്നു അത്.

സമീപപ്രദേശത്തുള്ള മറ്റു ഗുഹകൾ കണ്ടെത്താൻവേണ്ടി ഞാൻ പാറ കളിലൂടെ നടന്നുനീങ്ങിക്കൊണ്ടിരുന്നു. അതിനിടയിൽ ഒരു തുരങ്കത്തിലൂടെ ഒഴുകിയെത്തി സരസ്വതി അളകനന്ദയിൽ ചേരുന്നതു കണ്ടു. പാറക്കെട്ടുള്ള പ്രദേശത്തിലൂടെ വീണ്ടും നടന്ന് വസുന്ധര വെള്ളച്ചാട്ടത്തിനുസമീപമെത്തി. സ്വർഗ്ഗാരോഹിണിയിൽ എത്താനായിരുന്നു ഞാൻ ആഗ്രഹിച്ചിരുന്നത്. യുധിഷ്ഠിരനെ സ്വർഗ്ഗത്തിലേക്കു കൊണ്ടുപോയ കഥയിലും എന്തെങ്കിലും പൊരുൾ കാണാതിരിക്കുകയില്ല എന്നു വിചാരിച്ചു. ഒരുപക്ഷേ, അസാധാരണ ജീവികൾ അവിടെ ജീവിച്ചിരുന്നിരിക്കും.

അല്പസമയത്തിനുള്ളിൽ എങ്ങും ഇരുട്ട് വ്യാപിക്കും എന്ന കാര്യം ഓർത്തു. കാറ്റിന് മഞ്ഞുകട്ടയുടെ തണുപ്പായിരുന്നു. ഒരു മനുഷ്യനും കണ്ണിൽപെട്ടില്ല. വിശപ്പ് കലശലായി അനുഭവപ്പെടാൻ തുടങ്ങി. അതുകൊണ്ട് ഞാൻ മാന യിലേക്കു മടങ്ങിപ്പോകാമെന്നു വിചാരിച്ചു. അവിടെ സന്മനസ്സുള്ള ആരെങ്കിലും എനിക്കു ഭക്ഷണവും തങ്ങാൻ ഇടവും തരാതിരിക്കുകയില്ല. വീണ്ടും മനസ്സ് സംശയഗ്രസ്തമായി. നിരാശയും ഭയവും വിശപ്പും എന്റെ മനോവീര്യം കെടുത്തി. ഞാൻ ഒരു അന്വേഷണത്തിനു പുറപ്പെട്ടു. എനിക്കു ലക്ഷ്യം നേടാൻ കഴിഞ്ഞില്ല. ഞാൻ പരാജിതനായിരിക്കുന്നു. കഥാകൃത്തുക്കളുടെ ഭാവനയിൽ അല്ലാതെ യഥാർത്ഥത്തിൽ മഹാത്മാക്കൾ ആരും ഇല്ലതന്നെ. ഈ ചിന്ത മന സ്സിൽ വേരോടി. ഇങ്ങനെ ജീവിക്കുന്നതിനെക്കാൾ മരണമല്ലേ അഭികാമ്യം? അളകനന്ദയിൽ ചാടി ആത്മഹത്യ ചെയ്യാനുറച്ചു.

അപ്പോഴേക്ക് അന്തരീക്ഷമാകെ ഇരുട്ടുകൊണ്ടു മൂടപ്പെട്ടിരുന്നു. കൊടും തണുപ്പുള്ള കാറ്റ് വീശിയടിക്കുന്നുണ്ടായിരുന്നു. വീണ്ടും വ്യാസഗുഹാമുഖത്ത് എത്തി. ആ സമയത്ത് അവിടെ ധൂനി കത്തിജ്ജ്വലിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടു. വിറകുകൊള്ളികൾ ആളിക്കത്തിക്കൊണ്ടിരുന്നതിനാൽ തീനാള ങ്ങൾ നൃത്തം ചെയ്യുന്നതുപോലെ തോന്നി. കൊടുംതണുപ്പിന് അടിപ്പെട്ടിരുന്ന എന്നെ അഗ്നികുണ്ഡം അതിന്റെ അടുത്തേക്ക് മാടി വിളിച്ചു. മനസ്സിൽ ചിന്തിച്ചു.

അതു കത്തിച്ചത് ആരായിരിക്കും? ഏതെങ്കിലും ഇടയൻ ആയിരിക്കുമോ? അതോ ഒടുവിൽ ഞാൻ ഒരു യോഗിയെ കണ്ടെത്താൻ പോകുകയാണോ?

ഗുഹയ്ക്കുള്ളിൽനിന്നും ശബ്ദം കേട്ടു. ആ ശബ്ദം മുമ്പു കേട്ടിട്ടുള്ളതു പോലെ തോന്നി. എന്റെ മനസ്സിന്റെ അഗാധതലങ്ങളിൽ എവിടെയോ നിക്ഷിപ്തമായിരുന്ന ആ ശബ്ദം പൊടുന്നനേ വീണ്ടും കേൾക്കുകയാണോ? ഞാൻ വിറച്ചുകൊണ്ട് ഗുഹയുടെ അടുത്തേക്ക് ധൃതിയിൽ നടന്നു. അപ്പോൾ നീണ്ട തലമുടിയുള്ള, ഉയരം കൂടിയ, ശരീരം മറയ്ക്കാത്ത ഒരാൾ കണ്ണിൽപെട്ടു. അദ്ദേഹം ഹിന്ദുസ്ഥാനി ഭാഷയിലാണ് സംസാരിച്ചത്: "അകത്തേക്കു വരൂ മധു. നീ ഇത്രയും നാൾ എവിടെയൊക്കെ അലഞ്ഞു നടക്കുകയായിരുന്നു?"

"മധു" എന്ന പേര് മുമ്പു കണ്ടിരുന്ന ഒരു സ്വപ്നത്തിൽ കേട്ടിരുന്നതും മറന്നുകഴിഞ്ഞതുമായിരുന്നു. ഇദ്ദേഹം ആരാണ്? ഞാൻ പറഞ്ഞു: " ഞാൻ മധു അല്ല. ഞാൻ മും ..."

"കൂടുതൽ സംസാരിക്കേണ്ടാ...എനിക്കെല്ലാം അറിയാം. അങ്ങ് വഞ്ചിയൂരിൽ പ്ലാവിന്റെ ചുവട്ടിൽവച്ച് നടന്ന കാര്യം മുതൽ ഇങ്ങ് വടക്ക് വ്യാസഗുഹ വരെയുള്ള എല്ലാകാര്യങ്ങളും എനിക്ക് അറിയാം. വരൂ, അഗ്നികുണ്ഡത്തിനടുത്ത് ഇരിക്കൂ. ആദ്യം നിനക്കു കഴിക്കാൻ ഭക്ഷണം തരാം. അതിനുശേഷം ഉറങ്ങിക്കൊള്ളൂ. നമുക്ക് നാളെ സംസാരിക്കാം." "ഇവിടെ ഇരിക്കൂ" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം വലതുകൈകൊണ്ട് സ്നേഹപൂർവ്വം എന്റെ ഇടതുതോളിൽ തട്ടി. തൽക്ഷണം എനിക്ക് ഒരു കാര്യം ബോധ്യമായി. എനിക്ക് ഒമ്പത് വയസ്സായിരുന്നപ്പോൾ എന്റെ വീടിന്റെ പിൻഭാഗത്തുള്ള പ്ലാവിൻ ചുവട്ടിൽവച്ചു കണ്ടുമുട്ടിയത് ഇദ്ദേഹത്തെത്തന്നെയായിരുന്നു. അതേശബ്ദം തന്നെയാണ് ഇപ്പോൾ വീണ്ടും കേൾക്കുന്നത്. അതെ... ഞാൻ എന്റെ ഗുരുവിനെ കണ്ടെത്തിയിരിക്കുന്നു. ഇദ്ദേഹംതന്നെയാണ് എന്റെ അച്ഛനും അമ്മയും ഗുരുവും... എല്ലാം ഒന്നിൽ ലയിച്ചിരിക്കുന്നു. മൂന്നരക്കൊല്ലം അദ്ദേഹത്തോടൊപ്പം ഒരുമിച്ചു കഴിയാനുള്ള ഭാഗ്യം സിദ്ധിച്ചു.

അദ്ദേഹം ഗുഹയ്ക്കകത്തേക്കു പോയി. അല്പസമയം കഴിഞ്ഞു കമണ്ഡലുവുമായി മടങ്ങി വന്നു. അതിനുള്ളിൽ രണ്ടു ചപ്പാത്തിയും ഉരുളക്കിഴങ്ങുകറിയും ഉണ്ടായിരുന്നു. എന്റെ മുമ്പിൽ വച്ചിട്ട് വാത്സല്യം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു: "എടുത്തു കഴിക്കൂ..." ഞാൻ തല കുനിച്ച് അദ്ദേഹത്തിന്റെ കാൽതൊട്ടു വന്ദിച്ചു. എന്നിട്ടു പറഞ്ഞു: "ഞാൻ അങ്ങയെ ബാബാജി എന്നു വിളിക്കും. എനിക്കു വേറെ ഒരു ബാബായെയും അറിഞ്ഞുകൂടാ. അങ്ങുതന്നെയാണ് എന്റെ ബാബാ... എന്റെ പിതാവും... ജീവിതം മുഴുവൻ ഞാൻ അങ്ങയോട് കടപ്പെട്ടിരിക്കും. ഞാൻ ഇപ്പോൾ എത്തേണ്ടിടത്ത് എത്തിച്ചേർന്നിരിക്കുന്നു." എന്റെ കണ്ണുകൾ നിറഞ്ഞു. എനിക്ക് ഒന്നും കാണാൻ കഴിഞ്ഞില്ല.

അദ്ദേഹം സ്നേഹനിർഭരമായ സ്വരത്തിൽ പറഞ്ഞു: "സംഭവിക്കുന്നത് എല്ലാം നല്ലതിനുതന്നെ: ഇപ്പോൾ ഭക്ഷണം കഴിക്കൂ...."

ഞാൻ ഭക്ഷണം കഴിക്കുന്നത് എന്റെ ഗുരു സ്നേഹത്തോടെ നോക്കിയിരുന്നു. എന്റെ മുന്നിൽ അഗ്നികുണ്ഡവും ചുറ്റും ഹിമാലയസാനുക്കളും. അദ്ദേഹം പിന്നെയും അകത്തേക്ക് പോയിട്ട് കൈയിൽ ഒരു ജിലേബിയുമായിട്ടാണ്

വന്നത്. ഭക്ഷണത്തിനുശേഷം അദ്ദേഹം എനിക്ക് മധുരം കഴിക്കാൻ തന്നു. അളകനന്ദയിൽനിന്നുമുള്ള പരിശുദ്ധ ജലമാണ് കുടിക്കാൻ തന്നത്. ആഹാരം കഴിച്ചതിനുശേഷം എനിക്ക് ഉറക്കം വന്നു. യുഗങ്ങളായിട്ട് ഉറങ്ങാത്ത ഒരുവനെപ്പോലെയായിരുന്നു അന്നു രാത്രി ഞാൻ ഉറങ്ങിയത്.

ഭക്ഷണത്തിനുശേഷം ബാബാജി അഗ്നികുണ്ഡത്തിൽനിന്നും ലഭിച്ച നേരിയ പ്രകാശത്തിൽ എന്നെ ഗുഹയ്ക്കുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി. എനിക്കുവേണ്ടി അദ്ദേഹം നേരത്തേതന്നെ കിടക്കാനുള്ള ഏർപ്പാടു ചെയ്തിരുന്നതു കണ്ടു. കരിയിലകളുടെയും ചുള്ളിക്കമ്പുകളുടെയും മീതെ കട്ടിയുള്ള കമ്പിളി വിരിച്ചിരുന്നു. ചെറിയ കാറ്റ് വീശിക്കൊണ്ടിരുന്നതിനാൽ അഗ്നികുണ്ഡത്തിൽനിന്നും ചെറിയ ചൂട് കിട്ടിയിരുന്നതുകൊണ്ടായിരിക്കാം ഞാൻ പെട്ടെന്ന് ഉറങ്ങിപ്പോയത്. അതോ ബാബാജി എന്റെ സംരക്ഷകനായിട്ടുണ്ടല്ലോ എന്ന ചിന്തയായിരിക്കുമോ സുഖനിദ്രയ്ക്കുള്ള കാരണം? ബാബാജി മടക്കിയിട്ടിരിക്കുന്ന കമ്പിളിയിൽ നിവർന്ന് നിശ്ചലനായി അഗ്നികുണ്ഡത്തിലേക്ക് നോക്കിക്കൊണ്ട് ചമ്രം പടിഞ്ഞിരിക്കുന്നതാണ് ഉറങ്ങുന്നതിനുമുമ്പ് അവസാനമായി ഞാൻ കണ്ടത്.

ഇരുപത്തിയൊന്ന്

എന്റെ പ്രഥമ ദീക്ഷാസംസ്കാരം

എന്റെ പുതിയ ജീവിതത്തിനു തുടക്കം കുറിച്ചുകഴിഞ്ഞു. സ്നേഹവും കരുതലുമുള്ള ഒരു മാർഗ്ഗദർശകന്റെ സഹായത്തോടെ യാത്ര ആരംഭിച്ചു. പിറ്റേന്നു രാവിലെ പ്രഭാതം തുടങ്ങുന്നതിനു മണിക്കൂറുകൾക്കുമുമ്പ് അദ്ദേഹം എന്നെ വിളിച്ചുണർത്തി. ബാബാജി പറഞ്ഞു: " ഇതാണ് ബ്രാഹ്മ മുഹൂർത്തം. ഈ സമയം ശുദ്ധവായു ലഭിക്കും. ധ്യാനത്തിന് അനുയോജ്യ മാണ്. അളകനന്ദയിലെ മരവിപ്പിക്കുന്ന തണുത്ത വെള്ളത്തിൽ കുളിക്കുന്ന വിഡ്ഢിത്തം കാണിക്കേണ്ടാ. സന്നിപാതജ്വരം പിടിപെട്ടെന്നു വരും. ഇവിടെ സമീപത്ത് നല്ല ആശുപത്രികൾ ഒന്നുംതന്നെയില്ല. എന്റെ കമണ്ഡലുവിൽനിന്ന് വെള്ളമെടുത്ത് വായും മുഖവും ശുചിയാക്കൂ."

"നിന്റെ കൈയിൽ പല്ലു തേക്കാനുള്ള ബ്രഷ് ഉണ്ടോ?"

"ഉണ്ട്", ഞാൻ പറഞ്ഞു.

"എങ്കിൽ അത് ഉപയോഗിക്കൂ. പല്ലു തേക്കാൻ തീക്കുണ്ഡത്തിൽനിന്നും കുറച്ച് ചാരം എടുത്തുകൊള്ളൂ."

അപ്പോഴും അഗ്നികുണ്ഡം കത്തിക്കൊണ്ടിരിക്കുകയായിരുന്നു. ബാബാജി രാത്രി മുഴുവൻ ഉണർന്നിരുന്ന് തീ കെടാതെ നോക്കിയിരുന്നിരിക്കും എന്നോർത്ത് ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹത്തിന്റെ പ്രായോഗിക ബുദ്ധിയും കാര്യമാത്രപ്രസക്തവും, മാമൂലുകളിൽ കടിച്ചുതൂങ്ങാത്തതുമായ ജീവിത ശൈലിയും അനുകരണീയമായി തോന്നി. മരിച്ചാലും സാരമില്ല ധ്യാനത്തിനു മുമ്പ് കുളിച്ചിരിക്കണം എന്നു നിർബന്ധം പിടിക്കുന്ന ശൈലി ആയിരുന്നില്ല അദ്ദേഹത്തിന്റേത്. ജറുസലേമിലെ തെരുവീഥികളിലൂടെ അലഞ്ഞുനടന്നുകൊണ്ട് ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ടിരുന്ന മഹാനായ ആത്മീയഗുരുവിന്റെ വാക്കുകൾ ഞാൻ ഓർത്തുപോയി. "നിയമം മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ നിയമത്തിനുവേണ്ടിയല്ല."

ഞാൻ മടങ്ങിവന്നപ്പോൾ മടക്കിവച്ചിരുന്ന ഒരു കമ്പിളിപ്പുതപ്പ് തന്നിട്ട് പറഞ്ഞു: "ഇപ്പോൾ മുതൽ ഈ കമ്പിളിപ്പുതപ്പ് ഉപയോഗിക്കൂ. ഇത് നിനക്കു വേണ്ടിയുള്ളതാണ്. മറ്റാരും ഇത് ഉപയോഗിക്കരുത്."

ശരിയായ രീതിയിൽ പദ്മാസനത്തിൽ ഏങ്ങനെ ഇരിക്കണമെന്ന് അദ്ദേഹം പറഞ്ഞുതന്നു. എന്നിട്ട് ക്രിയായോഗത്തെ സംബന്ധിക്കുന്ന രഹസ്യങ്ങൾ പഠിപ്പിക്കാൻ തുടങ്ങി. ക്രിയായോഗവിദ്യ അദ്ദേഹത്തെ പഠിപ്പിച്ചത് അദ്ദേഹത്തിന്റെ വിഖ്യാതനായ ഗുരു മഹാവതാര ബാബാജിയാണ് എന്നറിഞ്ഞ് ഞാൻ ആവേശഭരിതനായി. അന്നത്തെ ബ്രാഹ്മമുഹൂർത്തം ഗുരുവിൽനിന്നും ലഭിച്ച പ്രഥമ ദീക്ഷയ്ക്ക് സാക്ഷ്യം വഹിച്ചു. ഞാൻ ധ്യാനിക്കാൻ തുടങ്ങിയ

പ്പോൾ അദ്ദേഹം എന്റെ നെഞ്ചിൽ മൃദുവായി സ്പർശിച്ചു. അതിനുശേഷം നെറ്റിയിൽ സ്പർശിച്ചു. പൊടുന്നനേ ഞാൻ അഗാധമായ ധ്യാനത്തിൽ മുഴുകി. ആനന്ദത്തിൽ ലയിച്ചു. എന്റെ മനസ്സ് പല മാനങ്ങളിലും വ്യാപരിച്ചു. എന്റെ ബോധമണ്ഡലത്തിന് അളവറ്റ രീതിയിൽ വ്യാപിക്കാൻ കഴിയുമെന്ന് സ്വപ്നത്തിൽപോലും മുമ്പ് വിചാരിച്ചിരുന്നില്ല. കുറച്ചു കഴിഞ്ഞു ഞാൻ ബോധമണ്ഡലത്തിലേക്ക് ഇറങ്ങിവന്നു. അന്നേരം ഞാൻ ബാബാജി പറയുന്നതു കേട്ടു: " മടങ്ങിവരൂ... മടങ്ങിവരൂ... ധൃതിപിടിക്കേണ്ടാ..."

സൂര്യൻ ഉദിച്ചുകഴിഞ്ഞിരുന്നു. പ്രകൃതി ഇത്രയും മനോഹരമാണെന്നു മുമ്പ് ഒരിക്കലും കരുതിയിരുന്നില്ല. എന്റെ മനസ്സ് പ്രകൃതിസൗന്ദര്യത്തിൽ മുഴുകി. വിദൂരതയിൽ സ്ഥിതി ചെയ്യുന്ന മഞ്ഞു മൂടിയ ഭംഗിയുള്ള കൊടുമുടികൾ കാണാമായിരുന്നു. നദിയുടെ ഒഴുക്കിന്റെ ശബ്ദവും കേൾക്കാമായിരുന്നു. എങ്ങും വ്യാപിച്ചുകൊണ്ടിരുന്ന പ്രകാശം മനസ്സിന് പ്രശാന്തത പ്രദാനം ചെയ്തു. ബാബാജി വാത്സല്യം ചൊരിയുന്ന പുഞ്ചിരി തൂകുകയായിരുന്നു. ആദ്യമായി അദ്ദേഹത്തിന്റെ ശരീരത്തിന്റെ ആകാരം വ്യക്തമായി കണ്ടു. സുന്ദരനായ അദ്ദേഹത്തിന് ഒരു യൂറോപ്യന്റെ നിറമായിരുന്നു. നല്ല ഉയരമുള്ള അദ്ദേഹത്തിന് നേരിയ ചാരനിറമുള്ള കണ്ണുകളായിരുന്നു. അദ്ദേഹത്തിന്റെ നീട്ടി വളർത്തിയ തലമുടിക്ക് തവിട്ടും കറുപ്പും കലർന്ന നിറമായിരുന്നു. തലമുടി കെട്ടിവച്ചിരുന്നു. ഒരു നേപ്പാളിയുടെ ലക്ഷണങ്ങൾ അദ്ദേഹത്തിൽ പ്രകടമായിരുന്നു. ചെറിയ താടിയും മീശയും ഉണ്ടായിരുന്ന മുഖത്ത് രോമങ്ങൾ വിരളമായിരുന്നു. ചെവികൾ തുളച്ച് ചെമ്പുവളയങ്ങൾ തൂക്കിയിരുന്നു. വലിയ രുദ്രാക്ഷങ്ങൾ കോർത്ത മാല കഴുത്തിൽ അണിഞ്ഞിട്ടുമുണ്ടായിരുന്നു.

നല്ല ഉറച്ച ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. മുട്ടോളം എത്തുന്ന കട്ടിയുള്ള കോട്ടൺ തുണി അരയിൽ ചുറ്റിയിരുന്നു. കൊടുംതണുപ്പത്ത് ഇതല്ലാതെ മറ്റു വസ്ത്രമൊന്നും ധരിച്ചിരുന്നില്ല. നഗ്നപാദനായ അദ്ദേഹത്തിന്റെ പക്കൽ ഉണ്ടായിരുന്നത് തടികൊണ്ടുണ്ടാക്കിയ കറുപ്പുനിറമുള്ള കമണ്ഡലുവും ധ്യാനത്തിലിരിക്കാനുള്ള ഒരു കമ്പിളിവിരിപ്പും, കഴുത്തിന്റെ പിന്നിൽ തൂക്കിയിട്ടുകൊണ്ടു പോകാവുന്ന ഒരു കൈക്കോടാലിയും മാത്രമായിരുന്നു.

ഞാൻ അദ്ദേഹത്തോട് പറഞ്ഞു: "എന്തുകൊണ്ടാണെന്ന് അറിഞ്ഞുകൂടാ, ഈ സ്ഥലവും പരിസരവുമൊക്കെ എനിക്കു സുപരിചിതമായി തോന്നുന്നു. ഞാൻ ഇവിടെ മുമ്പ് എപ്പോഴോ വന്നിരുന്നതുപോലെയുള്ള തോന്നൽ. അന്ന് അങ്ങും എന്റെ കൂടെ ഉണ്ടായിരുന്നുവോ?"

"അന്ന് ഞാൻ നിന്റെ കൂടെ ഇല്ലായിരുന്നു. എന്നാൽ എന്റെ മഹാനായ ഗുരു, വിഖ്യാതനായ ശ്രീ ഗുരുബാബാജി നിന്റെ കൂടെയുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ പ്രാരംഭശിഷ്യന്മാരിൽ ഒരാളായിരുന്നു. എന്റെ പേര് മഹേശ്വർനാഥ് എന്നാണ്. ഭാവിയിൽ എപ്പോഴെങ്കിലും ജനങ്ങൾ നിന്നെ 'എം' എന്നു വിളിക്കും. ആ വിളി നീ എന്നെ നിരന്തരം സ്മരിക്കാനിടയാക്കും. നീ കഴിവുകൾ ആർജ്ജിക്കുന്നതുവരെ ഗുരു ബാബാജി നിന്റെ കാര്യങ്ങൾ നോക്കാനുള്ള ചുമതല എന്നെ ഏല്പിച്ചിരിക്കുകയാണ്. "

ഞാൻ ആകാംക്ഷയോടെ അദ്ദേഹത്തോട് ആരാഞ്ഞു: "എനിക്ക് മഹാനായ ഗുരുബാബാജിയെ കാണാൻ കഴിയുമോ?" ഉടനേ ബാബാജി

അറിയിച്ചു: "കാണേണ്ട സമയത്തു കാണും. പക്ഷേ, ഒരു കാര്യം ശ്രദ്ധിക്കൂ. ക്രിയായോഗവിദ്യ അഭ്യസിക്കുന്നതിന്റെ ലക്ഷ്യം ഗുരു ബാബാജിയെ ദർശിക്കുന്നതിൽ ഒതുങ്ങി നില്ക്കുന്നില്ല. മറിച്ച് ബോധത്തിന്റെ ഉന്നതതലങ്ങളിൽ എത്തിച്ചേരുന്നതിനുവേണ്ടിയാണ്. അതാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതിനുവേണ്ടി കാത്തിരിക്കാം."

അദ്ദേഹം തുടർന്നു: "അതിനിടയിൽ പലതും ചെയ്യേണ്ടതുണ്ട്. ഞാൻ ഇവിടെ വ്യാസഗുഹയിൽ എല്ലായ്പോഴും വരാറില്ല. നിന്നെ സ്വീകരിക്കാൻവേണ്ടി ഞാൻ ഇവിടെ എത്തിയതാണ്. ഞാൻ ബദരിയിലെ ക്ഷേത്രം സ്ഥിതിചെയ്യുന്ന നാരായണ പർവ്വതത്തിലെ ചരൺപാദുകയ്ക്കു സമീപത്തുള്ള ഏതെങ്കിലും ഗുഹയിലാണ് വസിക്കുന്നത്. അവിടെ ചെന്നതിനുശേഷം അഭ്യാസങ്ങൾ തുടരാം. നമുക്ക് അങ്ങോട്ടു പോകാം."

അവിടെനിന്നും യുവശിഷ്യനും ഗുരുവും പുറപ്പെട്ടു. യുവത്വം തുളുമ്പി നിന്നിരുന്ന അദ്ദേഹം സാക്ഷാൽ ദക്ഷിണാമൂർത്തിയെ അനുസ്മരിപ്പിച്ചു. ബാബാജി വേഗത്തിലാണ് നടന്നുകൊണ്ടിരുന്നത്. ഞാൻ അദ്ദേഹത്തോടൊപ്പം എത്താൻ പാടുപെട്ടു. ചിലപ്പോൾ അദ്ദേഹം എനിക്ക് വിശ്രമിക്കാൻ സമയം തന്നു. എന്നിട്ടു പറയും: "കുറച്ചുകൂടി വേഗത്തിൽ നടക്കൂ. നിന്നിൽ വേണ്ടുവോളം ഊർജ്ജം ഉണ്ടല്ലോ!"

ഞങ്ങൾ ബദരീനാഥിൽ എത്തി. റോഡ് മുറിച്ചു കടന്നു ക്ഷേത്രത്തിന്റെ പിൻഭാഗത്തു പോയി. അവിടെനിന്നും മുകളിലോട്ടു കയറി. ഒടുവിൽ ചരൺപാദുകയിൽ എത്തി. ജൈനമതസ്ഥരുടെ പുണ്യസ്ഥലമാണ് ചരൺപാദുകം. അവിടെ ജൈനതീർത്ഥങ്കരന്മാരിൽ ഒരു തീർത്ഥങ്കരൻ വസിച്ചിരുന്നു. കുറച്ചുകൂടി മുന്നോട്ടു പോയിക്കഴിഞ്ഞാൽ പുൽമൈതാനങ്ങളും ഇരുഭാഗത്തും ഗുഹകളുമുള്ള ഇടുങ്ങിയ താഴ്വരകളും കാണാം. ചില ഗുഹകളിൽ വസിച്ചിരുന്ന യോഗികൾ ബാബാജിയെ അഭിവാദ്യം ചെയ്തു. വീണ്ടും മുകളിലോട്ടു പോയി. വിശാലമായ ഒരു ഗുഹയ്ക്കു സമീപം അദ്ദേഹം നിന്നു. ഗുഹാമുഖത്ത് പരുക്കൻ പാറകൾകൊണ്ട് തീ കത്തിക്കാനുള്ള സ്ഥലം ഒരുക്കിയിരുന്നു. അപ്പോഴും തീ നീറിക്കത്തിക്കൊണ്ടിരിക്കുകയായിരുന്നു.

ബാബാജി എന്റെ മുഖത്തേക്കു നോക്കി പറഞ്ഞു: "തൽക്കാലം ഇവിടെയായിരിക്കും നാം താമസിക്കുന്നത്. അകത്തേക്ക് ചെന്ന് കമ്പിളിപ്പുതപ്പും സഞ്ചിയും വച്ചിട്ട് വരൂ. അകത്ത് കട്ടിയുള്ള ഒരു വലിയ കമ്പിളിക്കുപ്പായം ഉണ്ട്. അത് എടുത്ത് ധരിക്കൂ. നിനക്കു രോഗം പിടിപെടാതെ നോക്കേണ്ടതുണ്ട്. നീലനിറമുള്ള തലപ്പാവ് ഒരു കുട്ടയിൽ വച്ചിട്ടുണ്ട്. അതെടുത്ത് തലയും ചെവിയും മൂടണം. ഇപ്പോൾ വിശ്രമിക്കൂ. വൈകുന്നേരം ആദ്യത്തെ പാഠം തുടങ്ങാം."

ഔപചാരികമായി പാഠങ്ങൾ പഠിക്കുന്നതിനും ചർച്ചകൾക്കുംവേണ്ടിയുള്ള സമയം സുനിശ്ചിതമായിരുന്നു. ബാബാജിയോടൊത്തു ജീവിക്കുക എന്നതുതന്നെ സവിശേഷമായ അദ്ധ്യയന പ്രക്രിയ ആണ്. എങ്ങനെയാണ് ഗുഹ വൃത്തിയാക്കുന്നതെന്നു ഞാൻ പഠിച്ചു. അടുത്തുള്ള അരുവിയിൽ നിന്നും വെള്ളം കോരിക്കൊണ്ടുവരുന്നത് എങ്ങനെയാണെന്നു മനസ്സിലാക്കി. വെള്ളത്തിന്റെ സ്ഥാനത്ത് ചിലപ്പോൾ കിട്ടുന്നത് മഞ്ഞുകട്ടകളായിരിക്കും.

വിറക് ശേഖരിക്കാനായി കൈക്കോടാലിയുമായി പോകേണ്ടിവരും. ക്ഷേത്രപരിസരത്തുള്ള കടക്കാരിൽനിന്ന് പലവ്യഞ്ജനങ്ങളും മലക്കറിയും ഗോതമ്പുമാവും ഗുജ്ജാർ ജാതിക്കാരിൽനിന്ന് എരുമപ്പാലും മറ്റും യാചിച്ചുവേണം വാങ്ങേണ്ടിയിരുന്നത്.

ഭിക്ഷ യാചിക്കുക എന്നത് എന്റെ അഹംബോധത്തിന് ഏറ്റ ഒരു വലിയ ആഘാതമായിരുന്നു. ബാബാജിയുടെ ശിഷ്യൻ എന്ന നിലയ്ക്ക് എനിക്ക് വേണ്ടുന്നതൊക്കെ കച്ചവടക്കാർ സന്തോഷത്തോടെ തരാൻ ഒരുക്കമായിരുന്നു. അവരുടെ പെരുമാറ്റത്തിൽനിന്ന് ബാബാജിയോട് അവർക്കുണ്ടായിരുന്ന ആദരവ് എത്രമാത്രമായിരുന്നുവെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അദ്ദേഹം കടകളുടെ മുമ്പിലൂടെ പോകുമ്പോൾ കടയുടമകൾ എണീറ്റു നിന്ന് 'രാം രാം മഹാരാജ് ' എന്നു പറഞ്ഞുകൊണ്ട് ആദരവ് പ്രകടിപ്പിച്ചിരുന്നു. ബാബാജിയും തലകുനിച്ച് വലതുകൈ നെഞ്ചിൽ വച്ചുകൊണ്ട് അവരെ അഭിവാദനം ചെയ്തിരുന്നു.

ആദ്യമായി ഭക്ഷണം പാചകം ചെയ്യാൻ എന്നെ പഠിപ്പിച്ചപ്പോഴാണ് ഭക്ഷണത്തിന്റെ മൂല്യം എന്താണെന്നു മനസ്സിലാക്കിയത്. ഭക്ഷണം ലളിതമായിരുന്നാലും പൂർണ്ണപ്രയോജനം കിട്ടുന്നതായിരിക്കണം. മലക്കറി ശരിയായി അരിയുന്ന കാര്യത്തിലും ആവശ്യത്തിനുമാത്രം വേവിക്കുന്ന കാര്യത്തിലും അദ്ദേഹം വിട്ടുവീഴ്ചയ്ക്ക് ഒരുക്കമായിരുന്നില്ല. ഒരിക്കൽ ബാബാജി എന്നോടു പറഞ്ഞു: "നിനക്ക് ഭംഗിയായി മലക്കറി അരിയാനും അരി വേവിക്കാനും കഴിയുന്നില്ലെങ്കിൽ ഈ ലോകത്തിലിരുന്നുകൊണ്ട് നിനക്ക് എങ്ങനെ പരമമായ സത്യത്തെ പ്രാപിക്കാൻ കഴിയും?" പിന്നീട് ഒരിക്കൽ ബാബാജി പറഞ്ഞു: "രാഷ്ട്രീയക്കാർ സത്യപ്രതിജ്ഞ ചെയ്യാറുണ്ടല്ലോ. *സത്യമേവ ജയതേ* എന്ന് അവർ ഉദ്ഘോഷിക്കുന്നു. എന്താണു വേണ്ടതെന്നു പറയാം. ദൈനംദിന ജീവിതത്തിൽ ചെയ്യുന്ന കർമ്മങ്ങളിൽ പൂർണ്ണത കൈവരിക്കാൻ ശ്രമിക്കൂ. പൂർണ്ണതയെ പ്രാപിക്കാൻ ഇതുതന്നെയാണ് ശരിയായ മാർഗ്ഗം."

രാവിലെ ധ്യാനവും യോഗാഭ്യാസവും കഴിഞ്ഞ് പഴങ്ങളും പാലും ഉൾപ്പെടുത്തിയ പ്രാതൽ കഴിക്കും. സാധാരണ പേരയ്ക്കായും ലിച്ചിയുമാണ് പഴങ്ങൾ. പ്രാതലിനുശേഷം പഠനത്തിനുള്ള സമയമാണ്. ഒരു മണിക്കൂറാണ് പഠനത്തിനുള്ള സമയം. ബാബാജി പറയും: " ഇപ്പോൾ പഠനം ഒരു മണിക്കൂർ സമയത്തേക്കു മതി. പഠിച്ചതൊക്കെ ദഹിച്ചു കിട്ടണമല്ലോ." പഠനസമയത്തിനുശേഷം ധൂനി കെടാതെ സൂക്ഷിക്കുന്നതിനും പാചകം ചെയ്യുന്നതിനുംവേണ്ടി വിറകു ശേഖരിക്കാൻ പോകും. ഏതാനും ദിവസത്തെ പരിശീലനം നല്കിക്കഴിഞ്ഞ് ബാബാജി പതിവനുസരിച്ച് കുന്നുകളിലേക്ക് പോകുകയും ഭക്ഷണം കഴിക്കാനുള്ള സമയത്ത് മടങ്ങിവരികയും ചെയ്തിരുന്നു. അദ്ദേഹം വളരെ കുറച്ച് ഭക്ഷണമേ കഴിച്ചിരുന്നുള്ളൂ.

ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ കുറച്ചു സമയം വിശ്രമിച്ചിരുന്നു. അതിനുശേഷം എനിക്ക് ഇഷ്ടമുള്ളിടത്ത് ചുറ്റിക്കറങ്ങാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. ചിലപ്പോൾ ബാബാജിയോടൊപ്പം പോയിരുന്നു. സന്ധ്യാസമയം ധ്യാനത്തിനുവേണ്ടിയുള്ളതായിരുന്നു. സന്ധ്യയ്ക്ക് ഞങ്ങൾ എവിടെയായിരുന്നാലും അവിടെത്തന്നെ ഇരുന്ന് ധ്യാനിച്ചിരുന്നു. അതിനുശേഷം ഒരു

മണിക്കൂർ അദ്ധ്യയനത്തിനുവേണ്ടിയുള്ളതായിരുന്നു. അഗ്നികുണ്ഡത്തിനടുത്തിരുന്ന് അനൗപചാരികമായി സംസാരിച്ചുകൊണ്ടിരിക്കും. ചിലപ്പോൾ മണിക്കൂറുകളോളം ചർച്ച തുടരും. തീജ്ജ്വാലകൾ ചാഞ്ഞും ചരിഞ്ഞും കത്തുകയും വിറകുകൊള്ളികളിൽനിന്ന് ചടചട ശബ്ദം പുറപ്പെടുകയും ചെയ്തുകൊണ്ടിരിക്കും. അതിനിടയിൽ എനിക്ക് ഉറക്കം വരികയാണെങ്കിൽ ഗുഹയ്ക്കുള്ളിൽ പോയി കിടന്നുറങ്ങും. ബാബാജി അഗ്നികുണ്ഡത്തിനു സമീപംതന്നെ ഇരിക്കും. ചിലപ്പോൾ അദ്ദേഹം കണ്ണടച്ചുകൊണ്ട് കിടക്കും. പക്ഷേ, അദ്ദേഹം ഉറങ്ങുകയായിരുന്നുവോ എന്ന കാര്യത്തിൽ എനിക്ക് സംശയമുണ്ടായിരുന്നു.

അദ്ദേഹവുമായി നടത്തിയിട്ടുള്ള സംവാദങ്ങൾ അതിവിപുലമായിരുന്നു. അവയൊക്കെ പ്രതിപാദിക്കുകയാണെങ്കിൽ വായനക്കാർക്ക് മുഷിച്ചിൽ അനുഭവപ്പെടും. അതിനാൽ സുപ്രധാനമായ ചില വിഷയങ്ങൾ മാത്രം സൂചിപ്പിക്കാം. എങ്കിലും ഒരു കാര്യം ഞാൻ തറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു, ഞാൻ ആർജ്ജിച്ചിട്ടുള്ള എല്ലാ അറിവും ബാബാജിയോടൊപ്പം കഴിഞ്ഞിരുന്ന മൂന്നരക്കൊല്ലംകൊണ്ടു നേടിയതാണ്.

ഇരുപത്തിരണ്ട്

കുണ്ഡലിനിയെ ഉണർത്തൽ

ബാബാജിയിൽനിന്ന് ലഭിച്ച ആദ്യത്തെ ശിക്ഷണത്തെപ്പറ്റി ഓർക്കുന്നു. സായംസന്ധ്യയ്ക്ക് ഞങ്ങൾ ധൂനിയുടെ മുൻപിൽ ഇരിക്കുകയായിരുന്നു. അഗ്നിജ്വാലകൾ മുന്നിൽ നർത്തനം ചെയ്തുകൊണ്ടിരുന്നു.

ബാബാജി പറഞ്ഞു: "അഗ്നിക്ക് എല്ലാ പ്രാചീനസംസ്കാരങ്ങളിലും പവിത്രത നല്കപ്പെട്ടിട്ടുണ്ട്. വൈദികകാലത്ത് നിത്യവും അഗ്നിദേവനെ ധ്യാനിച്ചിരുന്നു. എന്തുകൊണ്ടാണ് അഗ്നിക്ക് വളരെ പ്രാധാന്യം കല്പിക്കപ്പെട്ടതെന്ന് അറിയാമോ?"

"ആഹാരം പാചകം ചെയ്യാൻ അഗ്നി വേണമല്ലോ." ഞാൻ പറഞ്ഞു: "തണുപ്പുകാലത്ത് അത് ചൂട് പകർന്നുതരുന്നു. കൂടാതെ വന്യജീവികളെ അകറ്റിനിർത്താനും സഹായിക്കുന്നു. അതുകൊണ്ടായിരിക്കണം പ്രാചീനർ അഗ്നിക്ക് ഇത്രയും ആദരവ് നല്കിയത്."

ബാബാജി ചിരിച്ചുകൊണ്ട് പറഞ്ഞു: "നീ പറഞ്ഞതിലും കാര്യമുണ്ട്. വേറെയും ചില കാരണങ്ങൾകൂടിയുണ്ട്. പണ്ടുകാലത്ത് കത്തിക്കാൻ തീപ്പെട്ടി ഇല്ലായിരുന്നു. അതിനാൽ അഗ്നി ലഭിക്കാൻവേണ്ടി ആളുകൾ അഗ്നിദേവനെ ധ്യാനിച്ചുകൊണ്ട് ഉണങ്ങിയ കമ്പുകൾ കൂട്ടിയുരസ്സുന്ന അനുഷ്ഠാനം നടത്തിയിരുന്നു. തീപ്പൊരികൾ പുറപ്പെട്ടപ്പോൾ അത് അവർക്ക് അത്ഭുതക്കാഴ്ചയായിരുന്നു. അഗ്നി പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് അത് എവിടെ ആയിരുന്നുവെന്ന് പ്രാചീന ചിന്തകർ ചോദിക്കുകയുണ്ടായി. അവർ ഉത്തരം കണ്ടെത്തി. തീർച്ചയായും തടിയിൽ എപ്പോഴും അഗ്നി ഒളിഞ്ഞിരിക്കുന്നു. അത് പ്രകടമാകണമെങ്കിൽ അനുയോജ്യമായ സാഹചര്യങ്ങൾ ഉണ്ടായിരിക്കണം. അങ്ങനെ അഗ്നി ജീവചൈതന്യം അഥവാ ആത്മാവിന്റെ പ്രതീകമായി മാറി. സർവ്വവ്യാപി ആണെന്നുവരികിലും പ്രകടമാകുന്നതിനു സാഹചര്യങ്ങൾ വേണം."

ബാബാജി തുടർന്നു: "അഗ്നിയെ ആത്മാവിന്റെ പ്രതീകമായി പരിഗണിക്കുന്നതിനു മറ്റൊരു കാരണവുമുണ്ട്. അഗ്നി ജ്വലിക്കുന്നത് എപ്പോഴും മുകളിലോട്ടാണ്. കത്തിക്കൊണ്ടിരിക്കുന്ന വിറകുകൊള്ളി താഴോട്ടു പിടിച്ചാലും ജ്വാലകൾ മേല്പോട്ടായിരിക്കും പോകുന്നത്. മാത്രവുമല്ല, ഒരു വനം മുഴുവൻ കത്തിച്ചാമ്പലാകാൻ ഒരു തീപ്പൊരി മതിയാകും. ഒരു മെഴുകുതിരിയുടെ ജ്വാലയിൽനിന്നും ഒരായിരം മെഴുകുതിരികൾ ജ്വലിപ്പിക്കാൻ കഴിയും. എന്നാൽ കത്തിക്കാൻ ഉപയോഗിച്ച മെഴുകുതിരിയുടെ ജ്വാലയ്ക്ക് യാതൊരു കുറവും സംഭവിക്കുന്നില്ല. ഇതിനെക്കാൾ നന്നായി ആത്മാവിനെ പ്രതീകവത്കരിക്കുന്ന മറ്റേത് പ്രതീകമാണുള്ളത്?"

അതീവ ശ്രദ്ധയോടെ കേട്ടുകൊണ്ടിരുന്ന എന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് അദ്ദേഹം സംസാരം തുടർന്നു: "അഗ്നി സംഹാരരൂപി ആകുമ്പോൾ എല്ലാത്തിനെയും കത്തിച്ച് ചാമ്പലാക്കും. സ്നേഹത്തിന്റെയും അനുകമ്പയുടെയും അഗ്നിയാകട്ടെ എല്ലാ സ്വാർത്ഥതകളെയും ഭസ്മമാക്കും. തപസ്വികൾ തങ്ങളുടെ ശരീരത്തിൽ ഭസ്മം പുരട്ടുന്നത് തങ്ങൾ എല്ലാ പരിമിതികളിൽനിന്നും മുക്തരാണെന്ന് കാണിക്കാൻവേണ്ടിയാണ്.

"നാം കാണുന്ന അഗ്നി മാത്രമല്ല അഗ്നി. എല്ലാ ജ്വലനങ്ങളും അഗ്നിതന്നെയാണ്. മനുഷ്യശരീരത്തിന്റെ നിലനില്പിനുവേണ്ടി ആഹാരരസങ്ങളെ ധാതുരൂപേണ ഓജസ്സായും മാംസമായും പരിണമിപ്പിക്കുന്ന പ്രക്രിയ നിർവ്വഹിക്കുന്നത് ദഹനാഗ്നിയാണ്. അതുപോലെ കാമാഗ്നിയുണ്ട്. അത് താണതലത്തിലും ഉയർന്ന തലത്തിലും ഉണ്ട്."

"പണ്ടു പ്രണയിച്ച കാമുകിയെ old flame അഥവാ 'പഴയജ്വാല' എന്നല്ലേ പറയാറുള്ളത്? ആരുംതന്നെ 'പഴയജലം' എന്നും 'പഴയകാറ്റ്' എന്നും പറയാറില്ല. എന്തുകൊണ്ടെന്നാൽ പ്രേമം, ആഗ്രഹം, പ്രചോദനം, ഇവയെല്ലാംതന്നെ ഒരു തരം അഗ്നിയാണ്. ഇവയിൽ ഭാവനയെയും ഉൾപ്പെടുത്താം. അതിനാലാണ് നൂറ്റാണ്ടുകളായി അഗ്നി ഉപാസിക്കപ്പെടുന്നത്. നാഥ് സമ്പ്രദായത്തിൽപ്പെട്ട ഞങ്ങളെ സംബന്ധിച്ചിടത്തോളം അഗ്നി സ്വന്തം ആത്മാവിന്റെ ഭാഗംതന്നെയാണ്. ധൂനി (പവിത്രമായ അഗ്നി) കത്തിച്ചുവച്ചുകൊണ്ട് ഞങ്ങൾ അതിന്റെ ജ്വാലകൾ നോക്കിക്കൊണ്ട് മണിക്കൂറുകളോളം ഇരിക്കുന്നു. അഗ്നി ഞങ്ങളുടെ സുഹൃത്തും രക്ഷകനുമാണ്. ഞങ്ങളുടെ മനസ്സ് ജ്വാലകളുമായി സാത്മ്യം പ്രാപിക്കുന്നു. എന്നെ വിശ്വസിക്കൂ. പ്രകൃതിയിലുള്ള മറ്റെന്തിനെയുംപോലെ അഗ്നിക്കും അതിന്റേതായ ഒരു മനസ്സുണ്ട്. നമ്മുടെ മനസ്സുകൾ അഗ്നിയുമായി വളരെ അടുത്ത രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നു. അഗ്നിദേവൻ നമുക്ക് എന്തെങ്കിലും ആഗ്രഹമുണ്ടെങ്കിൽ അത് നിറവേറ്റിത്തരുന്നു.

"ഇനി ഒരു പ്രധാനപ്പെട്ട വിഷയത്തിലേക്കു കടക്കുകയാണ്. നമ്മളിൽ ഓരോരുത്തരിലും അഗ്നി കുടികൊള്ളുന്നുണ്ട്. അതാണ് കുണ്ഡലിനി. യഥാർത്ഥത്തിൽ അത് പ്രപഞ്ചശക്തി അഥവാ പ്രപഞ്ചാഗ്നിയുടെ ഭാഗംതന്നെയാണ്. അതുതന്നെയാണ് ധൂനിയിലൂടെയും പ്രകടമാകുന്നത്. കുണ്ഡലിനി ജ്വലിക്കുമ്പോൾ അത് സഹസ്രദളപദ്മത്തിൽ എത്തുകയും മനുഷ്യൻ ഈശ്വരനായിത്തീരുകയും ചെയ്യുന്നു. അതോടെ ബോധത്തിന്റെ വിശാലമായ മാനങ്ങളിൽ പ്രവേശിക്കാനും വിലയം പ്രാപിക്കാനും കഴിയും. എല്ലാ ദുഃഖങ്ങളും ഇല്ലാതാകും. എല്ലാം ശ്രദ്ധിച്ചു മനസ്സിലാക്കൂ."

ബാബാജി അതീവ ശ്രദ്ധയോടെ ധൂനിയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു: "ധൂനിയിൽ നൃത്തം ചെയ്യുന്ന എന്റെ ഹൃദയജ്വാലകളേ! വീണ്ടും വീണ്ടും ഉയരങ്ങളിലേക്ക് പോകൂ. എനിക്ക് അങ്ങയുടെ മഹനീയരൂപം കാണിച്ചു തരൂ." അഗ്നിജിഹ്വകളിൽ ഒരു ജിഹ്വ വളർന്ന് വലുതാകാൻ തുടങ്ങി. അതിനു കാരണം അപ്പോൾ വീശിയടിച്ച കാറ്റാണെന്ന ചിന്ത എന്റെ സംശയഗ്രസ്തമായ മനസ്സിൽ ഉദിച്ചു. അഗ്നിജ്വാല ആടിയുലയുന്ന ഒരു അഗ്നിസ്തംഭമായി പരിണമിച്ചു. അതിന്റെ ഉയരം വർദ്ധമാനമായിക്കൊണ്ടിരുന്നു. അല്പം അകലെ കാണപ്പെട്ട ദേവദാരു വൃക്ഷത്തോളം അത് ഉയർന്നു.

അന്നേരം എന്റെ കാതുകളിൽ പതിച്ച ശബ്ദം ഇതായിരുന്നു: "അല്ലയോ അഗ്നി, നിന്റെ അനുഗ്രഹങ്ങളാൽ മധുവിന്റെ ഉള്ളിലുള്ള അഗ്നി ഉണരട്ടെ." ഞാൻ അപ്പോൾ പേടിച്ചു വിറച്ചു. അഗ്നിയുടെ നീണ്ട നാവ് വളഞ്ഞ് എന്റെ നേർക്കു വരുന്നതു കണ്ട് ഞാൻ നടുങ്ങി. ഒരു നിമിഷത്തിനുള്ളിൽ അഗ്നി ജ്വാല എന്റെ നാഭിയെ സ്പർശിക്കുകയും എന്റെ ശരീരത്തെ മുഴുവൻ അഗ്നിക്കിരയാക്കുകയും ചെയ്തു. എല്ലാ തടസ്സങ്ങളെയും ഭസ്മമാക്കിക്കൊണ്ട് അത് തലച്ചോറിലെത്തി. ഉടനെ ഒരു പൊട്ടിത്തെറിയുണ്ടായി. അതോടൊപ്പം പലനിറങ്ങളിലും പലതരം തിളക്കങ്ങളിലും പ്രകാശം ചിതറി. എന്തൊരു ആശ്ചര്യം! എന്റെ നട്ടെല്ലിന്റെ കീഴ്ഭാഗത്ത് അത്യപൂർവ്വമായ ആനന്ദം പകരുന്ന കുളിർമ്മ അനുഭവപ്പെട്ടു. നട്ടെല്ലിന്റെ കീഴ്ഭാഗവും മുകൾഭാഗവും തമ്മിൽ ബന്ധം സ്ഥാപിക്കപ്പെട്ടു. അതോടെ വഴിയുടെ തടസ്സം ഇല്ലാതായി. ബാബാജിയുടെ അനുതാപപൂർണ്ണമായ പ്രോത്സാഹനംമൂലം എനിക്ക് തടസ്സങ്ങൾ തരണം ചെയ്യാൻ കഴിഞ്ഞു.

ഞാൻ കണ്ണു തുറന്നു. ആ സമയത്ത് അഗ്നിജ്വാലകൾ പൂർവ്വസ്ഥിതിയെ പ്രാപിച്ചിരുന്നു. നടക്കാൻ തുടങ്ങുന്ന കുഞ്ഞിന്റെ ആദ്യ ചുവടുവയ്പിനെ അമ്മ നോക്കുന്നതുപോലെ പുഞ്ചിരി തൂകിക്കൊണ്ട് അതീവ ഹർഷത്തോടെ ബാബാജി എന്നെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ നാവിൽനിന്നും വാക്കുകൾ ഉതിർന്നു വീണു: "കൊള്ളാം.... ഇന്നത്തേക്ക് ഇത് മതിയാകും. നീ ശാന്തനായിരുന്ന് ധ്യാനിക്കൂ. എന്നിട്ട് പോയി ഉറങ്ങൂ."

ഞാൻ അദ്ദേഹത്തോടു ചോദിച്ചു: "ബാബാജി ! ഞാൻ ഇന്നലെ ചോദിക്കണമെന്നു വിചാരിച്ചതാണ്. അങ്ങ് എപ്പോഴെങ്കിലും ഉറങ്ങാറുണ്ടോ? രാത്രി മുഴുവൻ അങ്ങ് ഉറങ്ങാതിരിക്കുന്നു എന്നാണ് ഞാൻ വിചാരിക്കുന്നത്. ശരിയല്ലേ?"

അദ്ദേഹം പ്രതിവചിച്ചു: "എനിക്ക് നിദ്രയുടെ ആവശ്യമില്ല. നിനക്ക് വേണം. എന്തുകൊണ്ടെന്നാൽ നിന്റെ ശരീരവും മനസ്സും തളരുന്നു. നിദ്രയിലൂടെ അവയ്ക്ക് വീണ്ടും വീര്യം കൈവരിക്കാൻ കഴിയും. എന്നെ ക്ഷീണവും തളർച്ചയും ബാധിക്കുന്നില്ല. കുറെ നാൾ സാധനകൾ ചെയ്യുമ്പോൾ നിനക്ക് അത് കുറച്ചൊക്കെ മനസ്സിലാക്കാൻ കഴിയും. വർഷങ്ങൾക്കുശേഷം നീ തിരക്കു പിടിച്ച ജീവിതം നയിക്കുമ്പോൾ ഇതിന്റെ പൊരുൾ നിനക്കു മനസ്സിലാകും."

അന്നു രാത്രി ഞാൻ അഗാധമായ ധ്യാനത്തിൽ മുഴുകി. എന്റെ മനസ്സ് അന്നോളം കടന്നുചെന്നിട്ടില്ലാത്ത പല മാനങ്ങളിലേക്കു കടന്നുചെല്ലുകയും മടങ്ങിവരികയും ചെയ്തപ്പോൾ എന്നെ അലട്ടിക്കൊണ്ടിരുന്ന പല ചോദ്യങ്ങൾക്കും ഉത്തരം കിട്ടി. അതിനുശേഷം ഞാൻ ബാബാജിയെ വന്ദിച്ചിട്ട് ഉറങ്ങുന്നതിന് ഗുഹയ്ക്കുള്ളിലേക്കു പോയി. ബാബാജി അപ്പോഴും ശിലകണക്കെ നിവർന്ന് അഗ്നിയിൽ കണ്ണുംനട്ട് ഇരിക്കുകയായിരുന്നു.

ഇരുപത്തിമൂന്ന്

പ്രായംചെന്ന ടിബറ്റൻ ലാമ

ഒരു ദിവസം ധ്യാനവും പ്രാതലും കഴിഞ്ഞപ്പോൾ ബാബാജിയുടെ അറിയിപ്പ് എന്നെ അത്ഭുതപ്പെടുത്തി. "ഇന്ന് നിനക്ക് നിർദ്ദിഷ്ടമായ പരിപാടികൾ ഉണ്ടായിരിക്കുകയില്ല. നിനക്ക് ഇഷ്ടമുള്ളിടത്തൊക്കെ ചുറ്റി സഞ്ചരിക്കാം. നിനക്ക് മലമുകളിൽ പുതിയ സ്ഥലങ്ങൾ കാണാനും പുതിയ ഗുഹകൾ കണ്ടുപിടിക്കാനും ആഗ്രഹമില്ലേ? എന്തായാലും ഇരുട്ടു വീഴുന്നതിനു മുമ്പ് മടങ്ങിയെത്തണം."

ദേശാന്തരഗമനവും പുതിയ സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സഞ്ചാരവും എനിക്ക് ഇഷ്ടപ്പെട്ട കാര്യമായിരുന്നു. ഞാൻ ജലപാത്രവും ഊന്നുവടിയും മാത്രം എടുത്തുകൊണ്ട് യാത്ര തിരിച്ചു. കിഴുക്കാംതൂക്കായ ഇടുങ്ങിയ പാതയിലൂടെ കയറി. മുമ്പ് ബാബാജിയുടെ കൂടെ ഒന്നോ രണ്ടോ പ്രാവശ്യം പോയിരുന്ന പരിചയം ഉണ്ടായിരുന്നു. കുറച്ചുദൂരം പിന്നിട്ടപ്പോൾ മുകളിലോട്ടു കയറുന്നത് വിഷമകരമായി തോന്നി. കഠിനമായ തണുപ്പും അനുഭവപ്പെട്ടു. കൂടാതെ മഴ ചാറാൻ തുടങ്ങി. അതിനുശേഷം നേരിയ തോതിൽ മഞ്ഞുവീഴ്ചയും ആരംഭിച്ചു.

പാതയുടെ ഇരുവശങ്ങളിലും ഏതാനും പ്രകൃതിദത്തമായ ഗുഹകൾ കണ്ടു. ബാബാജി മുന്നറിയിപ്പ് നല്കിയിരുന്നു. ഇത്തരം ഗുഹകളിൽ ഹിമാലയൻ കരടികൾ വസിക്കുന്നുണ്ടാകാമെന്ന്. അതുകൊണ്ട് ഒരു ഗുഹയിൽനിന്ന് നേരിയ മൂളൽ കേട്ട് ഞാൻ വല്ലാതെ ഭയന്നു. ഉടനെ അനുഭവപ്പെട്ട ധൂപത്തിന്റെ സുഗന്ധം ഗുഹയിൽനിന്നും പുറപ്പെട്ടതാണെന്നു മനസ്സിലായി.

വളരെ കരുതലോടെയും, ആവേശം കാരണം വിറച്ചുകൊണ്ടും ഞാൻ ഗുഹാമുഖത്തേക്ക് ഇഴഞ്ഞു നീങ്ങി. ഗുഹയ്ക്കുള്ളിൽ അങ്ങേയറ്റത്ത് ആഴത്തിലുള്ള കുഴിയിൽ കത്തിക്കൊണ്ടിരുന്ന അഗ്നികുണ്ഡത്തിൽനിന്നു പുറപ്പെടുന്ന നേരിയ വെളിച്ചത്തിൽ ഒരാൾ ഇരിക്കുന്നതു കാണാം. ശരീരത്തിൽ വസ്ത്രം ധരിച്ചിട്ടില്ലാത്ത ആ മനുഷ്യൻ സുഗന്ധദ്രവ്യങ്ങൾ അഗ്നിയിൽ ഹോമിച്ചുകൊണ്ട് എന്തൊക്കെയോ ജപിക്കുന്നുണ്ടായിരുന്നു. മൂളൽ സ്വരത്തിൽ ഉച്ചരിച്ചിരുന്നതുകൊണ്ട് ഒന്നും വ്യക്തമായി കേൾക്കാൻ കഴിഞ്ഞില്ല. ഞാൻ ദൂരെ ഒരു ഭാഗത്ത് ശാന്തമായി ഇരുന്നു. എന്റെ സാന്നിദ്ധ്യം മനസ്സിലാക്കിയെന്ന അറിയിപ്പിനു വേണ്ടി കാത്തിരുന്നു. ഞാൻ ഗുഹയിലേക്ക് പ്രവേശിച്ചത് ആ മനുഷ്യൻ അറിഞ്ഞുവെന്ന് എനിക്കു വ്യക്തമായിരുന്നു.

ഒരല്പം കഴിഞ്ഞ് ആ മനുഷ്യൻ എന്റെ നേർക്ക് നോക്കിയിട്ട് അടുത്തേക്കു വരാൻ ആംഗ്യം കാണിച്ചു. ഞാൻ അഗ്നികുണ്ഡത്തിനു സമീപത്തേക്കു നീങ്ങി. അപ്പോൾ എനിക്ക് ആ മനുഷ്യന്റെ രൂപം വ്യക്തമായി കാണാൻ കഴിഞ്ഞു.

മംഗോളിയൻ വംശജനായ പ്രായം ചെന്ന ആ മനുഷ്യന്റെ മുഖത്ത് ചുളിവുകൾ കാണാമായിരുന്നു. നരച്ച കുറച്ചു രോമങ്ങൾ മുഖത്ത് താടിയുടെയും, കട്ടി കുറഞ്ഞ മീശയുടെയും രൂപത്തിൽ കാണപ്പെട്ടു. തല മുഴുവൻ കഷണ്ടി ആയിരുന്നു. ഞാൻ അദ്ദേഹം ഒരു തരം ബൗദ്ധസന്ന്യാസിയാണെന്ന് ഊഹിച്ചു. എന്നെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഇംഗ്ലിഷിൽ നിറുത്തി നിറുത്തി സംസാരിച്ചു. കാക്ക കരയുന്നതുപോലെയുള്ള പരുക്കൻ ശബ്ദത്തിലാണ് അദ്ദേഹം സംസാരിച്ചത്. അദ്ദേഹം കൈകൂപ്പിക്കൊണ്ട് "ആശംസകൾ"! എന്നു പറഞ്ഞിട്ട് തുടർന്നു: "അവലോകതീശ്വരൻ (ബുദ്ധൻ) നിങ്ങളെ അനുഗ്രഹിക്കട്ടെ!" ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഞാൻ ആരാണെന്നും അവിടെ എത്തിച്ചേരാനുള്ള കാരണമെന്തെന്നും പറഞ്ഞു.

"എല്ലാം എനിക്കറിയാം," അദ്ദേഹം പറഞ്ഞു: "എനിക്ക് നിങ്ങളുടെ ബാബാജിയെ അറിയാം. ഞങ്ങൾ പലപ്പോഴും തമ്മിൽ കാണാറുണ്ട്. മഹായോഗിയായ മിലാരേപായുടെ കർഗ്യൂപാ സമ്പ്രദായത്തിൽപ്പെട്ട ഒരിടത്തും സ്ഥിരമായി താമസിക്കാത്ത ടിബറ്റൻ യോഗിയാണ് ഞാൻ. മിലാരേപാ എന്ന വാക്കിന്റെ അർത്ഥം പരുത്തിവസ്ത്രം എന്നാണ്. കഠിനമായ തണുപ്പുകാലത്തുപോലും ഞങ്ങൾ പരുത്തിവസ്ത്രം കൊണ്ടുള്ള കൗപീനം മാത്രമേ ധരിക്കൂ."

"താങ്കൾ എന്താണ് ജപിച്ചുകൊണ്ടിരുന്നത്? താങ്കൾക്ക് ഇംഗ്ലിഷ് നല്ല വശമുണ്ടോ?"

"നിങ്ങളുടെ രണ്ടാമത്തെ ചോദ്യത്തിനു മറുപടി പറയുകയില്ല. ക്രമേണ നിങ്ങൾ മനസ്സിലാക്കിക്കൊള്ളും. ആദ്യത്തെ ചോദ്യത്തിന് മറുപടി പറയാം. ഞാൻ ജപിച്ചുകൊണ്ടിരുന്നത് *''ഓം മണിപദ്മേ ഹും"* എന്ന ബൗദ്ധമന്ത്രമാണ്.

"കഠിനമായ തണുപ്പുകാലത്ത് താങ്കൾക്ക് വസ്ത്രം ധരിക്കാതെ എങ്ങനെ ജീവിക്കാൻ കഴിയുന്നു? ബാബാജിയും അങ്ങയെപ്പോലെതന്നെയാണ്."

"കുട്ടീ, ഞാൻ പറഞ്ഞുതരാം. മിലാരേപായുടെ വംശപരമ്പരയിൽപെട്ട ഞങ്ങൾ ഒരു പ്രത്യേകതരം പ്രാണായാമവും ഭാവനയിൽ ചിലതൊക്കെ കാണാൻ കഴിയുന്ന *'തുമ്മോ'*, എന്ന വിദ്യയും അഭ്യസിക്കുന്നവരാണ്. പ്രസ്തുത അഭ്യാസത്തിലൂടെ ശരീരത്തിനുള്ളിലെ അഗ്നി നാഭിയിൽ അതായത് 'മണിപൂര'ത്തിൽ കേന്ദ്രീകരിക്കുന്നു. അവിടെനിന്ന് അത് ശരീരം മുഴുവൻ വ്യാപിക്കുന്നു. നിങ്ങൾ എന്നെ ശ്രദ്ധിക്കൂ. ഞാൻ ഇപ്പോൾ ശരിക്കും വിയർക്കുകയാണ്. ഉള്ളിൽനിന്നും ചൂടു കിട്ടുന്നതുകൊണ്ടാണ് വിയർക്കുന്നത്. ഞങ്ങളിൽ ചില യോഗികൾക്ക് തണുപ്പുകാലത്തുപോലും നനഞ്ഞ വിരിപ്പുകളും മറ്റും ശരീരത്തിന്റെ പിന്നിൽ ചേർത്തു വയ്ക്കുകയാണെങ്കിൽ മിനിട്ടുകൾക്കുള്ളിൽ ഉണക്കിയെടുക്കാൻ കഴിയും.

"നിങ്ങളുടെ ശരീരത്തിലെ മണിപൂര എന്ന ചക്രത്തിലാണ് ഇന്നലെ നിങ്ങൾക്ക് അഗ്നിയുടെ സ്പർശം ലഭിച്ചത്. സമയവും സന്ദർഭവും വരുമ്പോൾ ബാബാജി നിങ്ങൾക്ക് തുമ്മോ മാതിരിയുള്ള വിദ്യ അഭ്യസിപ്പിച്ചു തരും."

എനിക്ക് എന്റെ ആകാംക്ഷയെ അടക്കാൻ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തോട് ആരാഞ്ഞു: "എന്റെ നാഭിയിൽ അഗ്നിസ്പർശം ഉണ്ടായ കാര്യം താങ്കൾക്ക് എങ്ങനെ അറിയാൻ കഴിഞ്ഞു? അതിനുശേഷം ബാബാജി

അവിടംവിട്ട് ഒരിടത്തേക്കും പോയിട്ടില്ല. ഒരു വേള ഞാൻ ഉറങ്ങിക്കൊണ്ടിരുന്നപ്പോൾ പോയിട്ടുണ്ടോ എന്നും താങ്കളോട് സംസാരിച്ചുവോ എന്നും എനിക്കറിഞ്ഞുകൂടാ. ഞാൻ അങ്ങനെ കരുതുന്നുമില്ല."

അദ്ദേഹം തുടർന്നു: "കുട്ടീ! ഞങ്ങൾക്ക് ആശയവിനിമയത്തിന് പ്രത്യേകമായ ചില മാർഗ്ഗങ്ങൾ ഉണ്ട്. അതെപ്പറ്റി പലർക്കും അറിഞ്ഞുകൂടാ. അതൊക്കെ നിഗൂഢമായ വിഷയമാണ്. പ്രശാന്തമായ മനസ്സിന് ഏതെങ്കിലും ഒന്നിൽ കേന്ദ്രീകരിക്കാൻ കഴിയുന്നു. ആ അവസ്ഥയിൽ ചിന്തകൾ കൈമാറാൻ കഴിയുന്നു. ഞാൻ പറഞ്ഞതു കേട്ടതിനുശേഷം പത്രമാസികകളിൽ വരുന്ന പരസ്യങ്ങൾ കണ്ടിട്ട് ഫീസു കൊടുത്താൽ ടെലിപ്പതി (ഇന്ദ്രിയസഹായമില്ലാതെയുള്ള പരസ്പര അന്തഃകരണജ്ഞാനവിദ്യ) അഭ്യസിക്കാമെന്ന വ്യാമോഹത്തിൽ വഞ്ചിതനാകരുത്. അതൊക്കെ വിഡ്ഢിത്തം ആയിരിക്കും. യഥാർത്ഥ ജ്ഞാനം അത്യന്തം ദുഷ്കരമാണ്."

ഞാൻ അദ്ദേഹത്തോട് വിനയപൂർവ്വം പറഞ്ഞു: "എനിക്ക് ഒന്നു രണ്ടു കാര്യങ്ങൾകൂടി അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്."

"എന്താണ് അറിയേണ്ടത്?"

"ചില പുസ്തകങ്ങളിൽ ടിബറ്റിന്റെ ചില ഭാഗങ്ങളിൽ അഭൗമമായ പ്രാചീന സംസ്കാരങ്ങളുടെ അവശിഷ്ടങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടെന്ന് പ്രതിപാദിക്കുന്നു. അത് ശരിയാണോ? മറ്റൊന്നുകൂടി അറിയാനുണ്ട്. യതി എന്ന് അറിയപ്പെടുന്ന ഭീതി ജനിപ്പിക്കുന്ന ഹിമമനുഷ്യൻ യഥാർത്ഥത്തിൽ ഉണ്ടോ? താങ്കൾ യതിയെ കണ്ടിട്ടുണ്ടോ?"

ടിബറ്റൻ യോഗി തുടർന്നു: "ഒന്നാമത്തെ ചോദ്യത്തിന് ആദ്യം ഉത്തരം പറയാം. അത്തരം ധാരാളം സ്ഥലങ്ങളുണ്ട്. ടിബറ്റിലെ അഗമ്യമായ ഒരു സ്ഥലത്ത് അത്തരത്തിലുള്ള ഒരു ഗുഹ ഞാൻ കണ്ടിട്ടുണ്ട്. അവിടെ ഞാൻ മനുഷ്യനോട് ഏറ്റവും കൂടുതൽ സാമ്യമുള്ള ചെറിയ ശരീരത്തോടുകൂടിയ നരവർഗ്ഗ മൃഗത്തിന്റെ ശരീരം സുരക്ഷിതമായി സൂക്ഷിച്ചുവച്ചിരിക്കുന്നത് കാണുകയുണ്ടായി. അതിന്റെ തലയോട്ടി മനുഷ്യന്റേതിനെക്കാൾ വലുതാണ്. ഇരുണ്ട തവിട്ടുനിറമാണ് അതിന്റേത്. എന്തായാലും അവ ഭൂമിയിൽ തന്നെ വസിച്ചിരുന്ന ഒരു വംശംതന്നെയായിരിക്കണം. അല്ലാതെ ഗ്രഹങ്ങളിൽ നിന്നോ ആകാശഗംഗയിൽനിന്നോ വന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഞങ്ങളുടെ അദ്ധ്യാപകർ ഇതെപ്പറ്റി ഇങ്ങനെ പറഞ്ഞിട്ടുണ്ട്. ഈ വംശത്തിന് രണ്ടു സംസ്കാരങ്ങൾ തമ്മിലുള്ള ഏറ്റുമുട്ടലിൽ വംശനാശം സംഭവിച്ചിരിക്കാം. ഉന്നതമായ നാഗരികത കൈവരിച്ചുവെങ്കിലും ഈ സംസ്കാരങ്ങൾക്ക് സ്നേഹം, അനുകമ്പ എന്നിവ ഒട്ടുംതന്നെ ഇല്ലാതിരുന്നിരിക്കണം. ഈ വഴിക്കുതന്നെയാണ് ഇന്നത്തെയും സാംസ്കാരിക പുരോഗതി. നമ്മുടെ വിധി എന്തായിരിക്കുമെന്ന് അത്ഭുതത്തോടെ ചിന്തിച്ചുപോകുകയാണ് ഞാൻ."

"ഇനി ഞാൻ യതിയെപ്പറ്റി പറയാം. യതി ഉണ്ട്. എന്നാൽ പലരും കണ്ടിട്ടുണ്ടെന്ന് അവകാശപ്പെടുന്നത് സത്യമല്ല. മാന മലയിടുക്കു കടന്നുപോകുമ്പോൾ ബദരീനാഥിൽനിന്നും കൈലാസത്തിലേക്കുള്ള യാത്ര പഴയ പാതയിലൂടെയാണ്. ആ പാത ഇപ്പോൾ ആരുംതന്നെ ഉപയോഗിക്കുന്നില്ല. ടിബറ്റിന്റെ ഭാഗത്തുള്ള ആ പാതയുടെ സമീപത്ത് ഒരു ബൗദ്ധസന്ന്യാസിമഠം ഉണ്ട്.

ടിബറ്റൻ ഭാഗത്തുള്ള ഈ സന്ന്യാസിമഠം തോലിംഗ് മഠം എന്നാണ് അറിയപ്പെടുന്നത്. തോലിംഗ് മഠത്തിൽനിന്ന് അത്ര വിദൂരമല്ലാത്ത ഒരു സ്ഥലത്ത് ഈ അടുത്ത കാലത്തുപോലും ലാമകൾ യതിയെ കണ്ടു. ഞാനും ഒരു യതിയെ കണ്ടിട്ടുണ്ട്. നിങ്ങൾ പോയി ബാബാജിയോട് അദ്ദേഹത്തിന് എപ്പോഴെങ്കിലും നിങ്ങളെ തോലിംഗ് മഠത്തിലേക്കോ കൈലാസത്തിലേക്കോ കൂട്ടിക്കൊണ്ടു പോകാൻ കഴിയുമോ എന്നു ചോദിക്കൂ. പോകേണ്ട വഴി അദ്ദേഹത്തിനു സുപരിചിതമാണ്. അദ്ദേഹം പലതവണ അവിടെ പോയിട്ടുണ്ട്. ഒരുപക്ഷേ, നിങ്ങൾക്കും ഒരു യതിയെ കാണാൻ കഴിഞ്ഞെന്നു വരും."

"ഞാൻ അതിനു ശ്രമിക്കാം" എന്നു പറഞ്ഞിട്ട് ഞാൻ അദ്ദേഹത്തോട് ചോദിച്ചു:

"അങ്ങ് ഒരു ലാമയാണോ?"

"അല്ല.... നിങ്ങൾ കരുതുന്ന രീതിയിൽ ഞാൻ ഒരു ലാമ അല്ല. പുണ്യാത്മക്കളെ പരാമർശിക്കാൻവേണ്ടി ലാമ എന്ന വാക്ക് ഉപയോഗിക്കുന്നുണ്ട്. പല തരത്തിലുള്ള ലാമകളുണ്ട്. വിവാഹിതരായ ലാമകളും അവിവാഹിതരായ ലാമകളുമുണ്ട്. ബുദ്ധനു മുമ്പുണ്ടായിരുന്ന ടിബറ്റിലെ ഷാമൻപോലുള്ള വിഭാഗവും ഉണ്ട്. ഈ വിഭാഗം ബോൺപാ എന്ന പേരിൽ അറിയപ്പെടുന്നു. ഞങ്ങളെപ്പോലെയുള്ളവർ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിന്റെ പ്രതീകങ്ങളൊന്നും പ്രദർശിപ്പിക്കാതെ അലഞ്ഞു തിരിഞ്ഞു ജീവിക്കുന്നു. ഇത്തരക്കാരെ ജോഗികൾ എന്നു വിളിക്കുന്നു. മിലാരേപാ അത്തരത്തിലുള്ള ഒരു ജോഗിയാണ്. കർഗ്യുപാസ് വിഭാഗത്തിൽപെട്ടവർ അദ്ദേഹത്തിന്റെ ഉപദേശങ്ങൾ സ്വീകരിക്കുന്നുവെങ്കിലും അവർക്ക് നേതൃത്വം നല്കുന്നത് കർമാപാ എന്ന സന്ന്യാസി ആണ്. അദ്ദേഹം ഔപചാരികമായ വേഷവും ധരിക്കുന്നുണ്ട്. ഭൗതികവും മതപരവുമായ അധികാരങ്ങളുള്ള ഉന്നതസ്ഥാനം വഹിക്കുന്ന ഒരു ലാമ ആദ്ധ്യാത്മിക ഔന്നത്യം പുലർത്തുന്ന വ്യക്തി ആയിരിക്കണമെന്നില്ല."

ഞാൻ രണ്ടും കല്പിച്ച് അദ്ദേഹത്തോട് ചോദിച്ചു: "ദലായി ലാമയ്ക്ക് താങ്കൾ നല്കുന്ന സ്ഥാനം എത്രമാത്രമാണ്?" എന്റെ ചോദ്യം കേട്ടിട്ട് ഒരു നിമിഷം മറുപടി പറയാൻ താൽപര്യം കാണിച്ചില്ല. എന്നിട്ട് വിദൂരതയിലേക്ക് നോക്കിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "പരേതനായ മഹാനായ പതിമൂന്നാമത് ദലായിലാമ പരക്കെ ആദരിക്കപ്പെട്ട ഒരു ആദ്ധ്യാത്മിക നേതാവായിരുന്നു. പ്രഥമ ദലായിലാമ നിയമിതനായത് രാഷ്ട്രീയ പരിഗണനയിൽ ആയിരുന്നു. മംഗോളിയൻ ആക്രമണകാരിയായ ചെങ്കിസ്ഖാന്റെ പ്രപൗത്രനായ കുബ്ലൈഖാൻ ആണ് ദലായിലാമയെ വാഴിച്ചത്. 'ദലായി' എന്ന വാക്കിന്റെ അർത്ഥം 'സമുദ്രം' എന്നാണ്. കുബ്ലൈഖാൻ ദലായി എന്ന പദവി സൃഷ്ടിച്ചതിന്റെ പിന്നിൽ ഒരു ലക്ഷ്യമുണ്ടായിരുന്നു. ചൈന ഭരിച്ചിരുന്ന കുബ്ലൈഖാൻ ടിബറ്റിലെ രാഷ്ട്രീയത്തിൽ ഒരു വലിയ പങ്കു വഹിക്കാൻ ആഗ്രഹിച്ചിരുന്നു രണ്ടാമത്തെ ദലായ്ലാമയാകട്ടെ അദ്ദേഹത്തിന്റെ ഒരു ബന്ധുവായിരുന്നു. രാഷ്ട്രീയവും മതവും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നു. ഞാൻ കൂടുതലായി മറ്റൊന്നും പറയാനാഗ്രഹിക്കുന്നില്ല."

വയോവൃദ്ധനായ ലാമ തുടർന്നു പറഞ്ഞു: "നിങ്ങൾക്ക് ഇപ്പോൾ വിശക്കുന്നുണ്ടാകും." അദ്ദേഹം എനിക്ക് കഴിക്കുന്നതിന് റ്റ്സാമ്പാ എന്ന ഭക്ഷണം തന്നു. വറുത്തുപൊടിച്ച ബാർളിയും ടിബറ്റൻ കാളക്കൊഴുപ്പും കുഴച്ച് ഉണ്ടാക്കിയ വിഭവമായിരുന്നു അത്. അതിന്റെ രുചി അരോചകമായിരുന്നതുകൊണ്ട് ഞാൻ പെട്ടെന്ന് അത് വിഴുങ്ങുകയായിരുന്നു എന്നു പറയുന്നതായിരിക്കും ശരി. എന്നിട്ട് പാലൊഴിക്കാത്ത ചായയും കുടിക്കാൻ തന്നു. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചതിനുശേഷം വിട പറഞ്ഞുകൊണ്ട് ഗുഹയിൽനിന്നും യാത്രയായി.

ഞാൻ മടങ്ങിയെത്തിയപ്പോൾ ബാബാജി ഗുഹാമുഖത്ത് ഇരിക്കുന്നതു കണ്ടു. അദ്ദേഹം പനയോലയിൽ എന്തോ കുറിച്ചുവച്ചിരുന്നത് ശ്രദ്ധയോടെ നോക്കിക്കൊണ്ടു ചോദിച്ചു: "പുതിയ സ്ഥലങ്ങൾ കണ്ടെത്തിയതിന്റെ അനുഭവം എങ്ങനെയുണ്ട്?" പുഞ്ചിരിയിട്ടുകൊണ്ട് വീണ്ടും ചോദിച്ചു: "പ്രായം ചെന്ന ടിബറ്റൻ യോഗിയുമായുള്ള സമാഗമം എങ്ങനെയായിരുന്നു? നീ അദ്ദേഹത്തോട് ധാരാളം ചോദ്യങ്ങൾ ചോദിച്ചു. അല്ലേ?"

"അതെ, ബാബാജി", ഞാൻ പറഞ്ഞു: "എന്നെ സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും അദ്ദേഹത്തിനറിയാം. ഇപ്പോൾ അതെപ്പറ്റി എനിക്ക് അതിശയം തോന്നുന്നില്ല. എങ്കിലും എനിക്ക് ഒരു കാര്യം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്..."

ഉടനെ ബാബാജി പറഞ്ഞു: "പിന്നീട് ആകാം. ഇപ്പോൾ കിടന്ന് അല്പമൊന്ന് മയങ്ങൂ. വൈകുന്നേരം ഒരു പ്രധാനപ്പെട്ട വിഷയത്തെപ്പറ്റിയായിരിക്കും ബോധനം നല്കാനുദ്ദേശിക്കുന്നത്."

ഞാൻ ഗുഹയ്ക്കുള്ളിലേക്കു കടന്നു. അവിടെ കിടന്ന ഞാൻ പെട്ടെന്ന് ഉറങ്ങിപ്പോയി.

ഇരുപത്തിനാല്

യോഗവും വേദാന്തവും നാഥസമ്പ്രദായവും

അന്നത്തെ പ്രഭാതം തണുപ്പുള്ളതായിരുന്നു. ചുറ്റും കാണപ്പെട്ട കൊടുമുടികൾ മഞ്ഞുതൊപ്പി ധരിച്ചുകൊണ്ട് നില്ക്കുകയായിരുന്നു. കഴിഞ്ഞ രാത്രിയിൽ മഞ്ഞുവീഴ്ച ഉണ്ടായിരുന്നു. ധൂനി കെടാതെ കത്തിച്ചുവച്ചിരുന്നു.

"ഇന്ന് നമുക്ക് ഉപനിഷത്തിൽ തുടങ്ങാം." ബാബാജി അറിയിച്ചു.

"ഉപനിഷത്തുക്കൾ ഗ്രഹിക്കാൻ വളരെ പ്രയാസമാണെന്ന് കേട്ടിട്ടുണ്ട്. അവ വലിയ പണ്ഡിതന്മാർക്കും സന്ന്യാസിമാർക്കുംവേണ്ടിയുള്ളതല്ലേ?" ഞാൻ സന്ദേഹം പ്രകടിപ്പിച്ചു.

"സാധാരണക്കാരിൽ അങ്ങനെ ഒരു ധാരണ നിലവിലുണ്ട്. അത് പുരോഹിതന്മാർ പറഞ്ഞു പരത്തിയ ആശയമാണ്. ഉപനിഷത്തുകൾ ജനങ്ങളെ ശരിയായ രീതിയിൽ പഠിപ്പിക്കുകയാണെങ്കിൽ അവർ യുക്തിപൂർവ്വം ചിന്തിക്കാൻ തുടങ്ങുകയും അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും മുക്തരാകുകയും ചെയ്യും. ജനങ്ങൾ ഉദ്ബുദ്ധരാകുകയും വിവേകപൂർവ്വം ചിന്തിക്കുകയും ചെയ്യുകയാണെങ്കിൽ തങ്ങൾക്ക് അവരുടെ മേലുള്ള ആധിപത്യത്തിനു കോട്ടംവരും എന്ന് പുരോഹിതന്മാർ ആശങ്കപ്പെട്ടു. രാജാക്കന്മാരിലും പ്രജകളിലും നിയന്ത്രണം ചെലുത്തിയിരുന്ന കൗശലക്കാരായ പുരോഹിതന്മാരാകട്ടെ ജനങ്ങളുടെയും ഈശ്വരന്റെയും ഇടയിൽ മദ്ധ്യവർത്തികളായിട്ടാണ് കഴിഞ്ഞിരുന്നത്. തങ്ങളുടെ സ്വാധീനത്തിന് ഭംഗം വരാതിരിക്കാൻവേണ്ടി പുരോഹിതന്മാർ ഉപനിഷത്തുകളുടെ പഠനം നിരുത്സാഹപ്പെടുത്തിക്കൊണ്ടിരുന്നു. നമ്മുടെ മഹത്തായ സംസ്കാരത്തിന് മങ്ങൽ ഏറ്റതിന് ഒരു പ്രധാനകാരണം പരിശുദ്ധമായ ഈ അറിവിനെ അവഗണിച്ചതാണ്.

"ഉപനിഷത്തുകൾ സന്ന്യാസിമാർക്കുവേണ്ടിയുള്ളതാണ് എന്ന മിഥ്യയും പുരോഹിതന്മാർ കണ്ടുപിടിച്ചതാണ്. ഉപനിഷത്തുകളെ അവലോകനം ചെയ്യുന്ന ആർക്കും ഒരു കാര്യം വ്യക്തമാകും. ഉപനിഷത്തുക്കൾ ഉദ്ബോധിപ്പിച്ചത് വിവാഹിതരും സന്താനങ്ങളും ഉള്ള മഹർഷിമാരായിരുന്നു. ചിലരാകട്ടെ ജനക മഹാരാജാവിനെപ്പോലെയുള്ള മഹാരാജാക്കന്മാരായിരുന്നു. നമുക്ക് ഗായത്രീമന്ത്രം പ്രദാനം ചെയ്ത വിശ്വാമിത്ര മഹർഷിയാകട്ടെ മഹർഷിയാകുന്നതിനുമുമ്പ് ക്ഷത്രിയനായിരുന്നു.

"വേദങ്ങളുടെ സമാഹർത്താവും, ബ്രഹ്മസൂത്രത്തിന്റെ രചയിതാവും വിഖ്യാതനുമായ വ്യാസമഹർഷിക്ക് ജന്മം നല്കിയത് ഒരു മുക്കുവ സ്ത്രീ ആയിരുന്നു. ഏതു സമുദായത്തിൽ അഥവാ ഏതു വംശത്തിൽ ജനിച്ചുവെന്നതിനല്ലായിരുന്നു, മറിച്ച് യോഗ്യതയ്ക്കായിരുന്നു വില കല്പിച്ചിരുന്നത്. നിങ്ങൾക്ക് ഒരു ആത്മാവ് ഉണ്ടെന്നും അത് അഭൗതികമാണെന്നും ചിന്തിക്കുക

യാണെങ്കിൽ അതിന് ജനിയിതാക്കൾ ഉണ്ടായിരിക്കുമോ? മഹർഷിമാർ തങ്ങളുടെ സന്താനങ്ങളെ ഉപനിഷത്തുകൾ അദ്ധ്യയനം ചെയ്യുന്നതിന് മറ്റു മഹർഷിമാരുടെ അടുത്തേക്ക് അയച്ചിരുന്നു. ഉപനിഷത്തുകൾ രചിക്കപ്പെട്ട കാലം അത്യന്തം പ്രബുദ്ധമായ ഒരു കാലം ആയിരുന്നു. ജാതിക്കും മതത്തിനും അതീതമായി സത്യസന്ധരായ അന്വേഷകർക്ക് അദ്ധ്യയനം ചെയ്യാൻ അവസരം നല്കിയിരുന്നു.

"പരബ്രഹ്മം എന്ന സത്യത്തെ സാക്ഷാത്കരിക്കണമെങ്കിൽ വിവേകത്തിലൂടെ മാത്രമേ കഴിയൂ എന്നും അതിനുവേണ്ടി ഉപനിഷത്തുകളുടെ അദ്ധ്യയനത്തിലേക്ക് മടങ്ങണമെന്നും നമ്പൂതിരി ബ്രാഹ്മണനും വേദാന്തിയുമായ ആദിശങ്കരാചാര്യർ ഉദ്ഘോഷിച്ചപ്പോൾ പുരോഹിതവർഗ്ഗം അദ്ദേഹത്തെ പ്രച്ഛന്ന ബുദ്ധൻ എന്നു വിളിച്ച് അധിക്ഷേപിച്ചു. ആചാരാധിഷ്ഠിതമായ മതത്തിന് അദ്ദേഹം വലിയ ഒരു പ്രഹരമാണ് നല്കിയത്. പുരോഹിതന്മാർക്ക് ജനങ്ങളുടെ മേലുള്ള ആധിപത്യം നഷ്ടപ്പെടുമോ എന്ന ഭയമായിരുന്നു. പുരോഹിതന്മാർ തങ്ങളുടെ പ്രവൃത്തിയിലൂടെ കൗശലക്കാർ ആണെന്നു തെളിയിച്ചു. അവർക്ക് ആദിശങ്കരാചാര്യർ സ്ഥാപിച്ച മഠങ്ങളിൽപ്പോലും സ്വാധീനം ചെലുത്താൻ കഴിഞ്ഞു. ഇന്ന് ഈ മഠങ്ങളെല്ലാംതന്നെ ആചാരാനുഷ്ഠാനങ്ങൾക്ക് പ്രാധാന്യം നല്കുന്ന സ്ഥാപനങ്ങളായിത്തീർന്നിരിക്കുന്നു.

"ഉപനിഷത്ത് അധ്യയനം ചെയ്യുന്ന അദ്ധ്യേതാവിന് അനിവാര്യമായ ചില ഗുണങ്ങൾ ഉണ്ടായിരിക്കണം. അയാൾക്ക് ശുദ്ധമായ, മുൻവിധികൾക്ക് വിധേയമാകാത്ത ഒരു മനസ്സും, നല്ല ബൗദ്ധികക്ഷമതയും, ആരോഗ്യമുള്ള ശരീരവും വേണം. സ്വാദ്ധ്യായം ചെയ്യുന്ന പ്രക്രിയയിൽ അഗാധമായ അന്വേഷണം വേണ്ടിവരുന്നതിനാൽ രോഗഗ്രസ്തനായ ഒരാൾക്ക് ആവശ്യത്തിനു വേണ്ട ഊർജ്ജം ഉണ്ടായെന്നുവരില്ല. ആരോഗ്യമില്ലാത്ത ശരീരത്തിനു ക്ഷമിക്കാനുള്ള കഴിവും കാണുകയില്ല. അന്വേഷണത്തിന് ക്ഷമ അനിവാര്യമാണ്. ചുരുക്കത്തിൽ യോഗപരിശീലനവും, ആരോഗ്യത്തിനു പറ്റിയ ഭക്ഷണവും, ശാന്തമായ ഒരു ജീവിതചര്യയും അനുപേക്ഷണീയമാണ്."

"ബാബാജീ! കൂടാതെ നല്ല ഒരു ഗുരുവും അത്യാവശ്യമല്ലേ?"

"തീർച്ചയായും യോഗ്യനായ ഒരു ഗുരു കൂടിയേ തീരൂ. ഗുരുവിന്റെ കടമ മാർഗ്ഗനിർദ്ദേശം നല്കുകയാണ്. ശാശ്വതമായി ഗുരുവിനെ ആശ്രയിക്കാൻ ഇടയാക്കുന്ന ആളായിരിക്കരുത് അദ്ദേഹം. ശിഷ്യൻ സ്വന്തം കാലിൽ നില്ക്കാൻ പ്രാപ്തിയുള്ളവനായിത്തീരണം. അതിനുവേണ്ടി ഗുരു ശിഷ്യനു വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള അറിവ് പകർന്നു കൊടുക്കുകയും വേണം. വേദാന്താദ്ധ്യാപനത്തിന്റെ ആത്മാവാണ് സ്വാതന്ത്ര്യം.

"ഞാൻ ഉപനിഷത്തുകൾ എന്നു പ്രതിപാദിക്കുമ്പോൾ ഉദ്ദേശിക്കുന്നത് പ്രാചീനമായ പതിനൊന്ന് ഉപനിഷത്തുകളെയാണ്. അവയുടെ പേരുകൾ പറയാം. *ഈശാവാസ്യോപനിഷത്ത്, കേനോപനിഷത്ത്, ഛാന്ദോഗ്യോപനിഷത്ത്, ബൃഹദാരണ്യകോപനിഷത്ത്, മുണ്ഡകോപനിഷത്ത്, മാണ്ഡൂക്യോപനിഷത്ത്, കഠോപനിഷത്ത്, പ്രശ്നോപനിഷത്ത്, ശ്വേതാശ്വതരോപനിഷത്ത്, ഐതരേയോപനിഷത്ത്, തൈത്തിരിയോപനിഷത്ത്.* പിൽക്കാലത്തെ അനേകം

ഉപനിഷത്തുക്കൾ അവയുടെ വിശുദ്ധരൂപത്തിൽ ലഭ്യമല്ല. ചില ഉപനിഷത്തുകൾ ആകട്ടെ ചില സങ്കുചിത ആശയങ്ങളെ സമർത്ഥിക്കാൻവേണ്ടി ചമച്ചതാണ്. അതിനാൽ അവയെപ്പറ്റി പരാമർശിക്കാനാഗ്രഹിക്കുന്നില്ല.

ഉപനിഷദ് എന്ന വാക്ക് *ഉപ* എന്ന ധാതുവിൽനിന്ന് രൂപംകൊണ്ടതാണ്. അതിന്റെ അർത്ഥം സമീപത്ത് എന്നാണ്. അതുകൊണ്ട് അർത്ഥമാക്കുന്നത് ഗുരുവിന്റെ സമീപത്തിരിക്കുന്നയാൾ ഉപനിഷത്ത് മനസ്സിലാക്കുന്നുവെന്നാണ്. അഥവാ വാക്കുകളിലൂടെ വ്യക്തമാക്കാനാവാത്ത ബഹുവിധ മാനങ്ങളുള്ള സത്യത്തെ ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ അറിയുക എന്നാണ്. അല്ലെങ്കിൽ പരിമിതമായ മാനങ്ങളിൽ മാത്രം സാധാരണഗതിയിൽ വ്യാപരിക്കാൻ കഴിയുന്ന മനസ്സിലേക്ക് ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ സത്യത്തെ വിശദീകരിച്ചുകൊടുക്കുക എന്നാണ്.

"സാധാരണഗതിയിൽ അലഞ്ഞുതിരിയുന്ന മനസ്സിനെ ഒരിടത്ത് ഇരിക്കാൻ (*ഷദ്*) പഠിപ്പിക്കുന്നു. *ഉപ-നി-ഷദ്* എന്ന വാക്കിന്റെ അവസാനത്തെ പദഭാഗം അർത്ഥമാക്കുന്നത് വിചാരത്തിന്റെ അനാവശ്യമായ ചലനങ്ങളെ നിലയ്ക്ക് നിർത്തി വിശ്രാന്തി നല്കുക എന്നാണ്. അസ്വസ്ഥതകളിൽനിന്നും മുക്തമാകുന്ന മനസ്സ് ശാന്തി കൈവരിക്കുന്നു.

*സാമവേദ*ത്തിന്റെ ഭാഗമായ *കേനോപനിഷ*ത്തിൽ ഇങ്ങനെ പറയുന്നു: "യാതൊന്നു മനസ്സുകൊണ്ട് അറിയുന്നില്ല, യാതൊന്നിനാൽ മനസ്സ് അറിയപ്പെട്ടതായി പറയുന്നു, അതിനെത്തന്നെ ബ്രഹ്മമായി നീ അറിയുക. സാധാരണ നിലയിൽ വാക്കുകളാൽ ഉപാസിക്കപ്പെടുന്നത് ബ്രഹ്മമല്ല."

"സംസ്കൃതം പഠിച്ചുകഴിയുമ്പോൾ മൂലകൃതികൾ വായിച്ചു കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും. സംസ്കൃതഭാഷയെ അവഗണിച്ചതിന്റെ പരിണതഫലമാണ് നമ്മുടെ നാട്ടിൽ എങ്ങും വ്യാപിച്ചിരിക്കുന്ന അജ്ഞാനാന്ധകാരം. ആളുകൾ മൂലകൃതികൾ വായിക്കാതെ വികലമായ പരിഭാഷകളും വ്യാഖ്യാനങ്ങളും വായിച്ച് വഴിതെറ്റിപ്പോകുന്നു. പലപ്പോഴും പരിഭാഷകരും വ്യാഖ്യാതാക്കളും തങ്ങളുടെ ഇടുങ്ങിയ വിശ്വാസങ്ങൾക്ക് അനുയോജ്യമായി ശാസ്ത്രഗ്രന്ഥങ്ങളെ വളച്ചൊടിക്കുകയാണ് ചെയ്യുന്നത്. *കേനോപനിഷത്തും, ഈശാവാസ്യോപനിഷത്തും മാണ്ഡൂക്യോപനിഷത്തും* നമുക്ക് ഓരോന്നായി പഠിക്കാം.

"ബാബാജീ! ഒരു സംശയം. ഉപനിഷത്തിലെ ആശയങ്ങളോട് ബുദ്ധന്റെ ഉപദേശങ്ങൾക്ക് അടുപ്പമുണ്ടോ?"

"ഉപനിഷത്തിലെ ആശയങ്ങളോട് ശങ്കരാചാര്യർക്ക് യോജിപ്പുണ്ടായിരുന്നതുകൊണ്ടാണ് യാഥാസ്ഥിതികരായ പുരോഹിതന്മാർ അദ്ദേഹത്തെ പ്രച്ഛന്നബുദ്ധൻ എന്നു വിളിച്ചത്. ശങ്കരാചാര്യസ്വാമികളുടെ ഗുരുവായ മഹാനായ ഗൗഡപാദരും മാണ്ഡൂക്യോപനിഷത്തിന് പ്രസിദ്ധിയാർജ്ജിച്ച ഒരു വ്യാഖ്യാനം എഴുതിയിട്ടുണ്ട്. അദ്ദേഹത്തെ പലരും ബുദ്ധമതാനുയായിയായി കരുതുന്നുണ്ട്. അതിനു കാരണവുമുണ്ട്. ഗൗഡപാദരുടെ 'അജാതവാദസിദ്ധാന്ത'മനുസരിച്ച് ഈ ലോകം മിഥ്യാഭ്രമമോ മിഥ്യാബോധമോ ആണ്. സത്യമായ ബ്രഹ്മം മാത്രമാണ് നിലനില്ക്കുന്നത്. ബ്രഹ്മം എന്ന പദത്തിന്റെ സ്ഥാനത്ത് ബുദ്ധമതത്തിൽ പ്രയോഗിക്കപ്പെടുന്ന 'ശൂന്യം' എന്ന പദം

പ്രയോഗിക്കുകയാണെങ്കിൽ മഹാനായ ബൗദ്ധമതപ്രചാരകനായ നാഗാർജ്ജുനന്റെ 'പ്രജ്ഞപരമിത' എന്ന ആശയം കിട്ടും."

"ബാബാജീ! ഇതൊക്കെ തത്ത്വചിന്താപരമായ കാര്യങ്ങളാണ്. എനിക്ക് യോഗവിദ്യയെപ്പറ്റി പറഞ്ഞുതരുമോ?"

"ശരി" ബാബാജി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "മധു ശ്രദ്ധിച്ചു കേൾക്കൂ. യോഗവിദ്യ ഒരു പ്രാചീനശാസ്ത്രമാണ്. പതഞ്ജലി മഹർഷിയാണ് അതിനെ ക്രോഡീകരിച്ചത്. പതഞ്ജലിയുടെ അഷ്ടാംഗ യോഗശാസ്ത്രം ഒരു അമൂല്യനിധിയാണ്. എട്ട് അംഗങ്ങളോടുകൂടിയ ഈ ശാസ്ത്രത്തിന്റെ മുഖ്യ ലക്ഷ്യം 'ചിത്തവൃത്തിനിരോധം', അതായത് ചിത്തവൃത്തികളെ നിരോധിക്കുക എന്നതാണ്. ധ്യാനം പരിശീലിക്കുന്ന യോഗി ആസനം, പ്രാണായാമം, ബന്ധം, മുദ്രകൾ, ക്രിയ എന്നിവ നിയമങ്ങളനുസരിച്ച് അഭ്യസിക്കുകയാണെങ്കിൽ സമാധിയുടെ അവസ്ഥയിലേക്കു പ്രവേശിക്കുന്നതാണ്."

"സമാധി പല തരത്തിലുണ്ട്. സമാധി അടിസ്ഥാന ആവശ്യമാണ്. അതിനു ശേഷം ഉപനിഷത്തിലെ തത്ത്വങ്ങൾ മനസ്സിലാക്കുന്ന മനസ്സിന് ബോധത്തിന്റെ ഉന്നതതലങ്ങളിൽ വ്യാപരിക്കാനും സാഹചര്യങ്ങളിൽനിന്നു സ്വതന്ത്രമാകാനും കഴിയും. യോഗവിദ്യയുടെ പരമമായ ലക്ഷ്യം മുക്തി അഥവാ കൈവല്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ അവസ്ഥയാണ്."

ഞാൻ ചോദിച്ചു: "ബാബാജീ! യോഗശക്തികളെപ്പറ്റി അറിയാനാഗ്രഹിക്കുന്നു. സിദ്ധി കൈവരിക്കുന്ന യോഗി സർവ്വശക്തിമാനും, സർവ്വവ്യാപിയും സർവ്വജ്ഞനും ആണെന്നു കേട്ടിട്ടുണ്ട്. ശരിയാണോ?"

ബാബാജി ഉറക്കെ ചിരിച്ചുകൊണ്ടു പറഞ്ഞു: "എല്ലാവർക്കും താൽപര്യം യോഗസിദ്ധികളിലാണ്. 'യോഗശക്തികൾ എങ്ങനെ വികസിപ്പക്കാം' എന്ന പേരിൽ ഒരു പുസ്തകം മാർക്കറ്റിൽ ഇറങ്ങുകയാണെങ്കിൽ അത് ചൂടപ്പംപോലെ വിറ്റഴിയും. സത്യം പറയാം. യോഗശക്തികൾ ഉണ്ട്. എന്നാൽ അപൂർവ്വമായി മാത്രം. അത്ഭുതകൃത്യങ്ങൾ എന്നു പറയപ്പെടുന്ന പല പ്രകടനങ്ങളും ഇന്ദ്രജാലവിദ്യകളാണ്. യോഗപരിശീലനത്തിലൂടെ മനസ്സ് ഏകാഗ്രമായിത്തീരുന്നു. മനസ്സിനെ ഏകാഗ്രപ്പെടുത്താൻ ഒരു സാധാരണക്കാരന് വർഷങ്ങളോളം വേണ്ടിവരും. എന്നാൽ യോഗാഭ്യാസം ചെയ്യുന്ന ആൾ ചുരുങ്ങിയ സമയംകൊണ്ട് മനസ്സിനെ ഏകാഗ്രമാക്കുന്നു.

"കൂടാതെ മനസ്സ് സ്ഥിരത കൈവരിക്കുന്നതോടെ പ്രശാന്തമാകുന്നു. അതോടെ മനസ്സിന് ശാന്തി ലഭിക്കുന്നു. സ്വാത്മകേന്ദ്രിതമായ മനസ്സ് ആ അവസ്ഥയിൽനിന്നു മുക്തമാകുകയും അന്യ മനസ്സുകളോട് ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. യോഗിക്ക് അന്യമനസ്സുകളിലെ ചിന്തകൾ വായിച്ചെടുക്കാൻ കഴിയുന്നു. പരിശീലനത്തിന്റെ ആദ്യഘട്ടത്തിൽപോലും അതിനു കഴിയുന്നു. സത്യത്തിൽ ആകെ ഒരു മനസ്സേയുള്ളൂ. ഇത് സൈദ്ധാന്തിക തലത്തിൽ അല്ല, പ്രായോഗികതലത്തിലാണ് എന്നാൽ വിഭജിക്കപ്പെട്ട മനസ്സിന്റെ ഉടമകൾക്ക് യോഗികളുടെ ചിന്തകളും പ്രവൃത്തികളും അസാധാരണവും അത്ഭുതകരവും ആയി അനുഭവപ്പെടും.

"എന്നാൽ ഒരു കാര്യം ഞാൻ നിന്നോട് തറപ്പിച്ചു പറയാനാഗ്രഹിക്കുന്നു. സ്ത്രീ-പുരുഷ സംയോഗത്തിലൂടെ ജനിച്ച ഒരു സ്ത്രീക്കോ ഒരു പുരുഷനോ

ഒരിക്കലും സർവ്വജ്ഞനും, സർവ്വശക്തനും സർവ്വവ്യാപിയും ആകാൻ കഴിയുകയില്ല. വ്യക്തി എത്രതന്നെ ഔന്നത്യം പ്രാപിച്ചാലും അതിനു കഴിയുകയില്ല. എത്ര ദീർഘകാലം നല്ല ഭക്ഷണത്തിലൂടെയും യോഗാഭ്യാസം ചെയ്ത് പുനരുജ്ജീവനത്തിലൂടെയും ജീവിച്ചിരുന്നാലും ഒരു നാൾ ശരീരം വെടിയുകതന്നെ ചെയ്യും. നൂറ്റാണ്ടുകളായി ജീവിച്ചിരിക്കുന്ന എന്റെ ഗുരുവായ ഗുരു ബാബാജിയും ഒരു ദിവസം മരിക്കും. എന്നെങ്കിലും ഒരു ദിവസം ഞാനും മരിക്കും.

"ഒരു സാധാരണ മനുഷ്യൻ അത്ഭുതകൃത്യം എന്നു വിശേഷിപ്പിക്കുന്ന ഒരു കാര്യം യഥാർത്ഥത്തിൽ ചില പ്രകൃതി നിയമങ്ങളുടെ പരിണതഫലമാണ്. അയാൾക്ക് അതുവരെയും മനസ്സിലാക്കാനോ കണ്ടെത്താനോ കഴിയാത്തതായിരിക്കും. യോഗിക്ക് പ്രകൃതിയിലെ ചില നിയമങ്ങൾ അറിയാം. അവയെ എങ്ങനെ പ്രവർത്തിപ്പിക്കണമെന്നും അറിയാം."

എനിക്കു നാഥസമ്പ്രദായത്തെപ്പറ്റി അറിയണമെന്ന ആഗ്രഹം ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തോട് ആരാഞ്ഞു. "ഒരിക്കൽ അങ്ങ് നാഥസമ്പ്രദായത്തിൽപെടുന്നുവെന്ന് പറഞ്ഞിരുന്നു. പ്രസ്തുത സമ്പ്രദായത്തെപ്പറ്റി കൂടുതൽ അറിയാൻ എനിക്കാഗ്രഹമുണ്ട്."

"ഞാൻ കുറച്ചു കാര്യങ്ങൾ പറഞ്ഞു തരാം. കൂടുതൽ കാര്യങ്ങൾ ക്രമേണ നീ മനസ്സിലാക്കും. വളരെ പ്രാചീനമാണ് നാഥസമ്പ്രദായം. ശിവമഹാദേവ് ആണ് ഈ സമ്പ്രദായത്തിന്റെ സ്ഥാപകൻ. ആദിനാഥ് എന്ന പേരിലും അദ്ദേഹം അറിയപ്പെടുന്നു. അടുത്ത ആചാര്യൻ മഹാനായ മത്സ്യേന്ദ്രനാഥ് ആയിരുന്നു. അദ്ദേഹം വിഖ്യാതനായ ഗോരഖ്നാഥിന്റെ ഗുരുവായിരുന്നു. വടക്കൻ പാരമ്പര്യം അനുസരിച്ച് ബാലക്നാഥ് എന്നും വിളിക്കപ്പെടുന്ന ആചാര്യനുണ്ട്. അദ്ദേഹത്തെ എല്ലായ്പോഴും കൗമാരപ്രായത്തിൽ കണ്ടിരുന്നതുകൊണ്ടാണ് അങ്ങനെ വിളിച്ചിരുന്നത്. അദ്ദേഹംതന്നെയാണ് എന്റെ ഗുരുവായ ഗുരു ബാബാജി. കഴിഞ്ഞ ജന്മത്തിൽ നിന്റെയും ഗുരുവായിരുന്നു അദ്ദേഹം.

"നാഥന്മാർ അസാമാന്യമായ കഴിവുള്ള യോഗികൾ ആയിരുന്നു. യോഗവിദ്യയെ സംബന്ധിക്കുന്ന സുപ്രധാന കൃതികൾ രചിച്ചിട്ടുള്ളത് അവരായിരുന്നു. *ഗോരക്ഷശതകം, ഘേരണ്ഡ സംഹിത, ഹഠയോഗ പ്രദീപിക* തുടങ്ങിയ കൃതികൾ നാഥയോഗികൾ രചിച്ചവയാണ്. ആസനങ്ങൾ, പ്രാണായാമം, ക്രിയായോഗം, ബന്ധങ്ങൾ, മുദ്രകൾ എന്നിവയിൽ പരിശീലനങ്ങൾ നടത്തിയിട്ടുള്ളതും പൂർണ്ണത കൈവരിച്ചിട്ടുള്ളതും അവരാണ്. അവർ ചുറ്റിസഞ്ചരിച്ചുകൊണ്ടിരുന്ന യോഗികൾ ആയിരുന്നു. സാമാന്യജനങ്ങൾക്കിടയിൽ അവർ 'കാൻഫടകാ' എന്ന പേരിലും അറിയപ്പെട്ടിരുന്നു. അതിനു കാരണം ഞാൻ ചെയ്തിട്ടുള്ളതുപോലെ തങ്ങളുടെ കാതുകളിലെ അസ്ഥി തുളച്ച് ചെറിയ വളയങ്ങൾ ധരിച്ചിരുന്നതാണ്."

ഞാൻ കൗതുകത്തോടെ പറഞ്ഞു: "ഞാൻ അങ്ങയുടെ കാതിലെ വളയം ഒന്നു പരിശോധിച്ചു നോക്കട്ടെ. വളയങ്ങൾ ധരിക്കുന്നതിന് എന്റെ കാതുകൾ എപ്പോഴായിരിക്കും തുളയ്ക്കുന്നത്?"

ഉടനെ ബാബാജി പറഞ്ഞു: "നിന്റെ കാതുകളിലെ അസ്ഥി തുളയ്ക്കേണ്ടി വരില്ല. എന്തുകൊണ്ടെന്നാൽ നീ ഇവിടെനിന്നും മടങ്ങിപ്പോയിട്ട് സാധാരണക്കാരെപ്പോലെ ജീവിക്കും. എങ്കിലും നിന്റെ, കാതിലെ തരുണാസ്ഥിക്കു

പകരം കീഴ്ച്ചെവിയിൽ തുളയിട്ട് ചെമ്പുവളയങ്ങൾ ഇടും. എന്നോടൊപ്പം കഴിയുന്നതുവരെ അവ ധരിച്ചാൽ മതി. ഇവിടെനിന്നും മടങ്ങിപ്പോകുമ്പോൾ അവ ഊരി മാറ്റാവുന്നതാണ്. കുറച്ചുദിവസം കഴിയുമ്പോൾ ദ്വാരം സ്വയം അടഞ്ഞുകൊള്ളും.

"മറ്റൊരു പ്രത്യേകതകൂടി പറയാം. നാഥന്മാർ എവിടെ താമസിച്ചാലും അവിടെ അവർ എപ്പോഴും ധൂനി കത്തിച്ചു വയ്ക്കും. ഷിർദ്ദിയിലെ സായിനാഥൻ ധൂനി സ്ഥിരമായി കത്തിച്ചുവച്ചിരുന്നു. ഇന്നും അത് കെടാതെ സൂക്ഷിക്ക പ്പെടുന്നുണ്ട്. നിനക്ക് ഒരു പ്രത്യേക സൗജന്യം തരുന്നു. നിനക്ക് അപ്രകാരം ചെയ്യേണ്ടതില്ല. എന്തെന്നാൽ നിന്റെ കർമ്മമണ്ഡലം മറ്റൊരു തരത്തിലുള്ള തായിരിക്കും. നിനക്ക് വേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ ചില വിശേഷ അവസരങ്ങളിൽ മാത്രം ധൂനി കത്തിക്കാവുന്നതാണ്."

"ബാബാജി! അങ്ങ് എനിക്ക് ക്രിയാ പ്രാണായാമം (തപ്തപ്രാണായാമവും ശീതളപ്രാണായാമവും) പഠിപ്പിച്ചു തന്നു. ക്രിയായോഗത്തെപ്പറ്റി കൂടുതൽ അറിയാനാഗ്രഹിക്കുന്നു."

"ഞാൻ പിന്നീട് കൈലാസയാത്രയ്ക്കുപോകുമ്പോൾ വിശദീകരിച്ചു തരാം. നാം ടിബറ്റിലെ തോലിംഗ്മഠത്തിലേക്കു കാൽനടയായി സഞ്ചരിച്ചായിരിക്കും കൈലാസത്തിലേക്കു പോകുന്നത്. അവിടെവച്ച് നിന്റെ കീഴ്ച്ചെവികൾ തുളച്ച് ചെമ്പു വളയങ്ങൾ ഇടും. തോലിംഗ്മഠത്തിലും ടിബറ്റിലും പോകാൻ നിനക്ക് ആഗ്രഹമുണ്ടോ?"

എന്റെ മനസ്സിലെ ആഗ്രഹം അദ്ദേഹത്തിന് വായിച്ചെടുക്കാൻ കഴിഞ്ഞ തോർത്ത് ഞാൻ അത്ഭുതപ്പെട്ടു. പ്രായം ചെന്ന ടിബറ്റൻ യോഗി തോലിംഗ്മഠ ത്തിനെപ്പറ്റി പരാമർശിച്ച ദിവസം മുതൽ എന്റെ മനസ്സ് ആ പ്രദേശം കാണുന്ന തിന് ആഗ്രഹിച്ചിരുന്നു. പലപ്പോഴും എന്റെ ആഗ്രഹം ബാബാജിയോട് പറയണ മെന്ന് ആഗ്രഹിച്ചിരുന്നു. ഏതെങ്കിലും കാരണവശാൽ അദ്ദേഹത്തോട് ചോദിക്കുന്നത് മാറ്റിവച്ചുകൊണ്ടിരുന്നു. ഞാൻ അറിയാതെ ഉറക്കെ പറഞ്ഞു പോയി: "ബാബാജി! അത് ഒരു വലിയ സംഭവമായിരിക്കും! മഹായോഗിയായ ശിവന്റെ ആസ്ഥാനമായ കൈലാസം!"

"അതെ നാം തോലിംഗ്മഠവും കൈലാസവും സന്ദർശിക്കും. ഇപ്പോൾ ഉച്ചഭക്ഷണത്തിനുള്ള സമയമായി. ധൂനിക്കുവേണ്ടി കുറച്ചു വിറകും കൊണ്ടു വരൂ. ഒറ്റയിരുപ്പിൽ അധികം അദ്ധ്യയനം ചെയ്യുന്നത് ഒറ്റയിരുപ്പിൽ ഇരുന്ന് അമിത ഭക്ഷണം കഴിക്കുന്നതുപോലെയാണ്. ഉള്ളിൽ ചെല്ലുന്നത് ദഹിക്കുക യില്ല. ഓം ശാന്തി ശാന്തി ശാന്തി."

അന്നത്തെ അദ്ധ്യയനസമയം കഴിഞ്ഞു.

ഇരുപത്തിയഞ്ച്

തോലിംഗ്മഠവും പർവ്വത മനുഷ്യനും

ഒരു ദിവസം സായാഹ്നത്തിൽ ബാബാജിയുടെ പൊടുന്നനേയുള്ള ഈ പ്രഖ്യാപനം കേട്ട ഞാൻ സന്തോഷംകൊണ്ട് മതിമറന്നു: "മധു! നാം മറ്റന്നാൾ പടിഞ്ഞാറൻ ടിബറ്റിലെ തോലിംഗ്മഠത്തിലേക്ക് യാത്ര തിരിക്കും." ബാബാജിയോടൊപ്പമുള്ള ആദ്യത്തെ യാത്രയായിരുന്നു അത്.

പിറ്റേന്നു രാവിലെ ഞങ്ങൾ റാവൽജിയെ സന്ദർശിക്കാൻ പോയി. ബാബാജിയോടൊപ്പം എന്നെ കാണുന്ന അവസരത്തിൽ റാവൽജിയുടെ പ്രതികരണം എന്തായിരിക്കും എന്നോർത്ത് എനിക്ക് ചെറിയ അമ്പരപ്പ് ഉണ്ടായിരുന്നു. പക്ഷേ, അത്ഭുതകരമായ ഒരനുഭവമാണ് ഉണ്ടായത്. ബാബാജിയെ കണ്ടയുടനേ റാവൽജി വളരെ ആദരവോടെ എണീറ്റ് കൈകൂപ്പിക്കൊണ്ട് സ്വാഗതം ചെയ്തു. "നമസ്തേ. സ്വാമിജി വരണം," എന്ന് മലയാളത്തിൽ പറഞ്ഞു. എനിക്ക് എന്റെ കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ബാബാജിയെ കാണുമ്പോൾ ഒരിക്കലും ഒരു മലയാളി ആണെന്നു തോന്നുകയില്ല, ഒരു കാശ്മീരി ആണെന്നേ തോന്നുകയുള്ളൂ. അദ്ദേഹം ഒരിക്കലും എന്നോട് മലയാളത്തിൽ സംസാരിച്ചിരുന്നില്ല. ഒരു പക്ഷേ, അദ്ദേഹം കേരളീയൻതന്നെയാണോ എന്നും ശങ്കിച്ചു. എന്തായാലും ഞാൻ അദ്ദേഹത്തെ ആദ്യമായി കണ്ടതും കേരളത്തിൽ വച്ചായിരുന്നുവല്ലോ. റാവൽജി ബാബാജിയോട് പറഞ്ഞു:

"ഞാൻ ഈ യുവാവിന് മുമ്പ് മുന്നറിയിപ്പ് നല്കിയിരുന്നു. ഈ തീർത്ഥാടന കേന്ദ്രത്തിൽ വ്യാജഗുരുക്കന്മാർ സുലഭമാണല്ലോ. അവരുടെ കെണിയിൽ പെട്ടുപോകാതെ നാട്ടിലേക്ക് മടങ്ങിപ്പോയി പ്രയോജനകരമായ കാര്യങ്ങളിൽ ഏർപ്പെടാൻ ഉപദേശിച്ചു. ഇയാൾ അങ്ങയെ കണ്ടെത്തിയത് ദൈവാനുഗ്രഹം തന്നെ. അതോ, അങ്ങാണോ ഈ യുവാവിനെ കണ്ടെത്തിയത്?"

ബാബാജി അദ്ദേഹത്തോടു പറഞ്ഞു: "ഞങ്ങൾക്കു തമ്മിൽ ഒരു പൂർവ്വ ബന്ധം ഉണ്ട്. ഈ യുവാവുമായി നിങ്ങൾ സംസാരിച്ചിട്ടുണ്ട് എന്നറിയുന്നതിൽ സന്തോഷിക്കുന്നു. നാളെ ഞങ്ങൾ രണ്ടുപേരും തോലിംഗ്മഠത്തിലേക്ക് പോകുകയാണ്. എനിക്ക് നിങ്ങളിൽനിന്ന് ഒരു ചെറിയ സഹായം വേണ്ടിയിരിക്കുന്നു."

എന്തുവേണമെങ്കിലും ചെയ്യാം എന്ന് റാവൽജി ഉറപ്പു കൊടുത്തു.

ഞങ്ങൾ അന്നു രാത്രി വ്യാസഗുഹയിൽ കഴിച്ചുകൂട്ടി. നേരം വെളുത്തപ്പോൾ മാന മലയിടുക്കിലേക്ക് തിരിച്ചു. ഞങ്ങളുടെ കൂടെ ചുമട്ടുകാരൻ കൂടിയായ ഒരു നേപ്പാളി പാചകക്കാരൻ ഉണ്ടായിരുന്നു. ഫതേഹ് ബഹാദൂർ എന്ന അരോഗദൃഢഗാത്രനായ അയാൾക്ക് എന്നെക്കാൾ അല്പംകൂടി പ്രായം ഉണ്ടായിരുന്നു. മാന ഗ്രാമത്തിലെ ടിബറ്റൻ ഗ്രാമത്തലവൻ ഒരു ചെറിയ

കുതിരയെയും ഞങ്ങൾക്കുവേണ്ടി ഏർപ്പാടു ചെയ്തു. ഒരു മാർവാടി വ്യാപാരി ദാനം ചെയ്ത കൂടാരവും ഞങ്ങൾ മൂന്നുപേർക്കും മതിയാകുമായിരുന്നു. കൂടാതെ അദ്ദേഹം സഞ്ചികളിൽ നിറയെ കമ്പിളിവസ്ത്രങ്ങളും, ഗ്യാസ് സ്റ്റൗവ്വും, കുറെ പാത്രങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും തന്നിരുന്നു. റാവൽജി തന്ന കുറച്ചു പണവും എന്റെ പക്കൽ ഉണ്ടായിരുന്നു. കട്ടിക്കമ്പിളി കൊണ്ടുള്ള കാശ്മീരി വേഷമാണ് ഞാൻ ധരിച്ചത്. ചെമ്മരിയാട്ടിൻതോലു കൊണ്ടുള്ള തൊപ്പിയും സോക്സും ഷൂവും ധരിച്ചു. ബാബാജി പതിവു പോലെ ശരീരത്തിൽ ഒരു കോട്ടൺഷീറ്റ് ചുറ്റിയിരുന്നു. തവിട്ടുനിറത്തിലുള്ള ക്യാൻവാസ് ഷൂസും ധരിച്ചിരുന്നു. ഫതേഹ് ബഹാദൂർ കട്ടിയുള്ള രോമം നിറഞ്ഞ തുകൽ വസ്ത്രമാണ് ധരിച്ചിരുന്നത്. കാലിൽ കട്ടിയുള്ള ലെതർ ബൂട്ടും ധരിച്ചിരുന്നു. ഇന്ത്യാക്കാരായ വ്യാപാരികളെയും ടിബറ്റൻ വ്യാപാരികളെയും അതിനുമുമ്പ് അനുഗമിച്ചിരുന്നതുകൊണ്ട് തനിക്ക് വഴിയൊക്കെ സുപരിചിതമാണെന്ന് ഫതേഹ് ബഹാദൂർ അറിയിച്ചു. വിഷമിക്കേണ്ടാ, ഞാനും പല തവണ ആ വഴികളിലൂടെ സഞ്ചരിച്ചിട്ടുണ്ടെന്ന് ബാബാജിയും പറഞ്ഞു.

യാത്ര പുറപ്പെട്ട സമയത്ത് ഞാൻ ബാബാജിയോട് കൈലാസത്തിൽ എത്താൻ എത്ര സമയം എടുക്കുമെന്ന് ആരാഞ്ഞു. അതൊരു പ്രാചീനമായ വഴി ആണെന്നും ആ വഴിയിലൂടെയായിരുന്നു ശ്രീരാമനും പാണ്ഡവരും ശുകദേവൻ ഉൾപ്പെടെയുള്ള മഹർഷിമാരും കൈലാസത്തിലേക്കു പോയത് എന്ന് ബാബാജി പറഞ്ഞു. അദ്ദേഹം അറിയിച്ചു: "നമ്മൾ ആദ്യം തോലിംഗ്മഠത്തിൽ പോകും. അവിടെ ചെന്നതിനുശേഷം കൈലാസയാത്രയെപ്പറ്റി തീരുമാനിക്കും." അമംഗള സൂചകമായി എന്തെങ്കിലും സംഭവിച്ചാൽ എന്തു ചെയ്യാൻ കഴിയും? എന്നാൽ തോലിംഗ്മഠത്തിൽ ചെന്നതിനുശേഷം എനിക്ക് രോഗം പിടിപെട്ടതിനാൽ മടങ്ങിപ്പോരേണ്ടിവന്നു. പിന്നീട് കൈലാസത്തിൽ പോകാനുള്ള എന്റെ ആഗ്രഹം സാധിക്കുന്നതിന് നാല്പതു കൊല്ലംകൂടി കഴിയേണ്ടിവന്നു. എനിക്ക് അറുപത് വയസ്സ് ആയതിനുശേഷമാണ് ഞാൻ നാലഞ്ചു സുഹൃത്തുക്കളോടൊപ്പം കൈലാസത്തിലേക്ക് പോയത്. അന്ന് പോയത് മറ്റൊരു വഴിയിൽകൂടിയാണ്. കാഠ്മണ്ഡുവിൽനിന്നാണ് ഞങ്ങൾ പുറപ്പെട്ടത്.

സരസ്വതിയുടെയും അളകനന്ദയുടെയും സംഗമഭൂമിയായ കേശവപ്രയാഗിൽനിന്നും സരസ്വതിയുടെ കരയിലൂടെ വടക്കോട്ട് യാത്ര ചെയ്തു. ആ പാതയിലൂടെയുള്ള യാത്ര സുഗമമായിരുന്നില്ല. കൊടിയ തണുപ്പും അനുഭവപ്പെട്ടിരുന്നു. ഒരു ദിവസം പത്തു കിലോമീറ്ററിലധികം നടക്കാൻ കഴിയുമായിരുന്നില്ല. ഭക്ഷണം പ്രശ്നമായിരുന്നില്ല. നേപ്പാളി പോർട്ടറായ ഫതേഹ് ബഹാദൂർ അയാളുടെ ഗ്യാസ് സ്റ്റൗവ്വിൽ ചപ്പാത്തിയും ഉരുളക്കിഴങ്ങു കറിയും പാചകം ചെയ്തിരുന്നു. കുതിർന്ന പട്ടാണിപ്പയറും ശർക്കരയും ഞങ്ങൾക്കു വേണ്ടുവോളം ഊർജ്ജം പകർന്നുതന്നു. മുകളിലോട്ട് കയറുന്തോറും അനുഭവപ്പെട്ടിരുന്ന ഓക്സിജന്റെ കുറവ് ബാബാജി പഠിപ്പിച്ചുതന്ന പ്രത്യേക പ്രാണായാമംമൂലം പരിഹരിച്ചു. വേണ്ടുവോളം ഇടമുണ്ടായിരുന്ന ടെന്റിനുള്ളിൽ ഞങ്ങൾ മൂന്നുപേരും രാത്രി കഴിച്ചുകൂട്ടി.

പരുക്കൻ പാതയിലൂടെയുള്ള യാത്ര ദുഷ്കരമായിരുന്നു. വ്യാസഗുഹ പിന്നിട്ടതിനുശേഷം ഒരിടത്തും പാതയില്ലായിരുന്നു. മഞ്ഞുകൂമ്പാരത്തിന്റെയും

ഉരുണ്ടപാറകളുടെയും ഇടയിലൂടെ വേണം പോകേണ്ടിയിരുന്നത്. ഞങ്ങൾ സരസ്വതിയെ പിന്തുടർന്നു പോയി. ഞങ്ങൾക്കു ചുറ്റും മഞ്ഞുകൊണ്ടു മൂടിയ പർവ്വതങ്ങളായിരുന്നു. സരസ്വതിയുടെ പല കൈവഴികളെയും മറികടന്നുവേണമായിരുന്നു ഞങ്ങൾക്ക് പോകേണ്ടത്. അവയെല്ലാം തണുത്ത് ഉറഞ്ഞ് കട്ടപിടിച്ചു കിടക്കുകയായിരുന്നു. വളരെ ബുദ്ധിമുട്ടി ഒരു വിധത്തിൽ കടന്ന് അക്കരെയെത്തി. ബദരീനാഥിൽനിന്നുമുള്ള അമ്പതോളം കിലോമീറ്റർ ദൂരം ഒട്ടുംതന്നെ വഴങ്ങാത്തതായിരുന്നു. എല്ലാ വഴികളും മഞ്ഞുകൊണ്ടു മൂടപ്പെട്ടിരുന്നു. വഴുതിവീഴാനുള്ള സാധ്യത ഏറെയായിരുന്നു. ചിലയിടങ്ങളിലെ മഞ്ഞ് ഫതേഹ് ബഹാദൂർ മൺവെട്ടികൊണ്ട് കോരിമാറ്റിയിരുന്നു.

മാനയിലെ മലയിടുക്കിനു സമീപം ഞങ്ങൾ എത്തിച്ചേർന്നു. അത് സമുദ്ര നിരപ്പിൽനിന്നും 18,000 അടി ഉയരത്തിലായിരുന്നു. കഠിനാദ്ധ്വാനികളായ പർവ്വതാരോഹകർ മാത്രമേ അവിടെ എത്തിച്ചേരാനുള്ള സാഹസം കാണിച്ചിരുന്നുള്ളൂ. പ്രാചീനകാലം മുതൽക്ക് പ്രസിദ്ധമായിരുന്ന ആ മലയിടുക്കിന് വെള്ളിയുടെ തിളക്കം ആയിരുന്നു. ആരുടെയും മനം കവരുന്ന അത്ഭുതകരമായ കാഴ്ചയായിരുന്നു അത്. കുറെ കഴിഞ്ഞ് കടും നീലനിറമുള്ള ഒരു പർവ്വതം കാണപ്പെട്ടു. അത് നീലപർവ്വതമാണ് എന്ന് ബാബാജി പറഞ്ഞു. അവിടെ ഒരു കാലത്ത് കാക്കാദുശുണ്ഡി എന്ന മഹാമുനി വസിച്ചിരുന്നു.

പതിനൊന്നാമത്തെ ദിവസം രാത്രിയിൽ മാനമലയിടുക്കിൽനിന്നും ഏകദേശം പന്ത്രണ്ടു കിലോമീറ്റർ താഴെ കൂടാരമടിച്ചു. കൂടാരത്തിന്റെ കവാടത്തിനു പുറത്ത് എന്റെ സഹായത്തോടെ ഫതേഹ് ബഹാദൂർ ധൂനി കത്തിച്ചുവച്ചു. ബാബാജി വലതു കൈകൊണ്ട് അതിനെ രക്ഷിക്കാനെന്നപോലെ ഒരു വൃത്തം വരയ്ക്കുന്നതുപോലെ ചലിപ്പിച്ചു. തണുത്ത കാറ്റ് വീശിയടിച്ചുകൊണ്ടിരുന്നുവെങ്കിലും ഏതാനും മണിക്കൂർ ധൂനി കത്തിക്കൊണ്ടിരുന്നു. അന്നു രാത്രി ക്ഷീണം കാരണം ഉറങ്ങുന്നതിനുമുമ്പ് ഞാൻ ബാബാജിയോട് അദ്ദേഹം കേരളീയനാണോ എന്ന് ആരാഞ്ഞു.

"അല്ല" എന്നുപറഞ്ഞിട്ട് അദ്ദേഹം തുടർന്നു: "ഞാൻ കേരളീയനല്ല. എന്നാൽ കേരളത്തിൽ സഞ്ചരിച്ചിട്ടുണ്ട്. അന്ന് തിരുവനന്തപുരത്ത് നീയുമായുള്ള ബന്ധം പുനസ്ഥാപിക്കുന്നതിനുവേണ്ടി വന്നിരുന്നു. കോവളം കടൽത്തീരത്തിനു സമീപമുള്ള അഗസ്ത്യകൂടത്തിൽനിന്നും മടങ്ങിവരികയായിരുന്നു. ഞാൻ ഗുരുവായൂരിലും ശബരിമലയിലും സന്ദർശനം നടത്തിയിരുന്നു."

ഞാൻ ഉടനേ ചോദിച്ചു: "അങ്ങ് എന്റെ ചോദ്യത്തിനു മറുപടി പറഞ്ഞില്ല. അങ്ങ് റാവൽജിയോട് ഒരു മലയാളിയെപ്പോലെയാണല്ലോ മലയാളത്തിൽ സംസാരിച്ചത്. പക്ഷേ, അങ്ങ് എന്നോട് മുമ്പ് ഒരു വാക്കുപോലും മലയാളത്തിൽ സംസാരിച്ചിട്ടില്ല."

"എന്നെപ്പറ്റി എന്താണ് ചിന്തിക്കുന്നതെന്ന് എനിക്കറിയാം." പുഞ്ചിരിച്ചുകൊണ്ട് ബാബാജി തുടർന്നു: "ബാബാജി സർവ്വജ്ഞനാണ് എന്നല്ലേ ചിന്തിച്ചത്? മനുഷ്യമസ്തിഷ്കമുള്ള ആർക്കുംതന്നെ സർവ്വജ്ഞനാകാൻ കഴിയുകയില്ല. പക്ഷേ, വേണമെങ്കിൽ ഒരാൾക്ക് തന്റെ മനസ്സിനെ മറ്റൊരാളിന്റെ മനസ്സിനോട് ബന്ധപ്പെടുത്തിക്കൊണ്ട് ആവശ്യമുള്ളപ്പോൾ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും. ചില കാര്യസാധ്യത്തിനായി ആ മനസ്സിനെ ഉപയോഗി

ക്കാൻ കഴിയും. അത്തരത്തിലുള്ള ഒരു പ്രകടനമാണ് എന്റെ മലയാളത്തിലുള്ള സംസാരം... ശരി, നീ കിടന്ന് ഉറങ്ങിക്കൊള്ളൂ. നാളത്തെ നമ്മുടെ യാത്ര വളരെ കടുപ്പമുള്ളതായിരിക്കും. നീ നിന്റെ മണിപൂരചക്രത്തിൽ രംഗ് ബീജാക്ഷരത്തിലും, വിശേഷാൽ തുമ്മോ പ്രാണായാമത്തിലൂടെയും അഗ്നിജ്വലിപ്പിക്കൂ. തീവ്രമായ നാഭിക്രിയയും ചെയ്യൂ. അപ്പോൾ നിനക്ക് ആവശ്യത്തിന് ചൂടു ലഭിക്കും." ബാബാജി എന്റെ സമീപത്ത് ഇരിക്കുമ്പോൾതന്നെ ഞാൻ ഉറങ്ങി.

പിറ്റേന്നു രാവിലെ മലയിടുക്കിന്റെ മുകളിലേക്കു കയറാൻ തുടങ്ങി. എവിടെയും ഹിമാനികളും മഞ്ഞു പൊതിഞ്ഞ പാറകളും കാണപ്പെട്ടു. എനിക്കു കടുത്ത തലവേദനയും ഓക്കാനവും അനുഭവപ്പെട്ടു. ഓക്സിജന്റെ കുറവുമൂലമാണെന്ന് ബാബാജി പറഞ്ഞു. വളരെ അനുഭവസമ്പത്തുള്ള നേപ്പാളി പോർട്ടർക്കും കടുത്ത തലവേദനയുണ്ടായി. ബാബാജി ഞങ്ങളോട് ശ്വാനശ്വസനക്രിയ ചെയ്യാൻ ഉപദേശിച്ചു. ഒരു നായയെപ്പോലെ നാക്ക് പുറത്തേക്ക് ഇട്ടുകൊണ്ട് ശ്വാസം മുകളിലോട്ട് എടുക്കുകയും കീഴ്പോട്ട് വിടുകയും ചെയ്യുന്ന ഒരു ശ്വസനപ്രക്രിയ ആയിരുന്നു അത്. ഒട്ടും വൈകാതെതന്നെ ഞങ്ങൾ മനോഹരമായ നീല പർവ്വതം കടന്നു. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഞങ്ങൾ മാന മലയിടുക്കിന്റെ മുകൾപ്പരപ്പിൽ എത്തി. അവിടെ ഉറഞ്ഞുകിടക്കുന്ന 'ദേവസരസ്സ്' എന്നു വിളിക്കുന്ന ഒരു തടാകമുണ്ടായിരുന്നു. ബാബാജി അവിടെ കുറച്ചുസമയം ഇരുന്ന് ധ്യാനിക്കാൻ പറഞ്ഞു.

എനിക്ക് ആ പ്രദേശത്തിലാകെ ദിവ്യത്വം കളിയാടിയിരുന്നതായി തോന്നി. വസ്ത്രംകൊണ്ട് മാറു മറയ്ക്കാതെ പത്മാസനത്തിൽ അചഞ്ചലനായി ഹിമാലയത്തിലെ മഞ്ഞുമൂടിയ കൊടുമുടികൾക്ക് നടുവിൽ ബാബാജി ധ്യാനത്തിൽ മുഴുകി. എന്റെ മുന്നിൽ ഇരിക്കുകയായിരുന്ന ദിവ്യമായ രൂപത്തിന്റെ മുന്നിൽ ഞാനും ധ്യാനനിരതനായി. എന്റെ നശ്വരമായ നേത്രങ്ങൾകൊണ്ട് എനിക്ക് മറ്റ് ഏതു ദേവനെയാണ് ദർശിക്കാൻ കഴിയുക?

അത്ഭുതകരമായ ഒരു കാര്യം നടന്നു. തലവേദനയ്ക്ക് പെട്ടെന്ന് ശമനമുണ്ടായി. ആത്മാവിന് ശാന്തി ലഭിച്ചതുപോലെ തോന്നി. കൊടുംതണുപ്പിന്റെ സ്ഥാനത്ത് സുഖകരമായ നേരിയ ചൂട് അനുഭവപ്പെട്ടു. ബാബാജിയും ഞാനും രണ്ടു അസ്തിത്വങ്ങൾ അല്ല പ്രത്യുത ഒറ്റ അസ്തിത്വംതന്നെയാണെന്ന് ഒരു നിമിഷം തോന്നിപ്പോയി. ഞാൻ ശൂന്യ വായുവിൽ പൊങ്ങിക്കിടക്കുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. ഞാൻ ശരിക്കും അന്തരീക്ഷത്തിൽ ചരിക്കുകയാണോ എന്ന് അറിയുന്നതിനുവേണ്ടി കണ്ണു തുറന്നു നോക്കി. അപ്പോഴേക്കും ഞാൻ അഗാധമായ ധ്യാനത്തിൽനിന്ന് ഉണർന്നു. ബാബാജി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "ഇത്രയും മതി കുട്ടീ. ധൃതി കാണിക്കേണ്ടാ." ഫതേഹ് ബഹാദൂർ എന്നെ നോക്കി 'ഛോട്ടാ ജോഗി' എന്നു പറഞ്ഞുകൊണ്ടു ചിരിച്ചു.

ഞങ്ങൾ ഇന്ത്യയുടെ അതിർത്തി അവസാനിക്കുന്ന മറുഭാഗത്തുകൂടി താഴോട്ട് ഇറങ്ങാൻ തുടങ്ങി. അവിടെനിന്നാണ് ടിബറ്റിന്റെ അതിർത്തി തുടങ്ങുന്നത്. കൂടുതൽ കൂടുതൽ തണുപ്പ് അനുഭവപ്പെട്ടു. ചുറ്റും മഞ്ഞല്ലാതെ മറ്റൊന്നും കാണാൻ കഴിഞ്ഞിരുന്നില്ല. വൈകുന്നേരം ആയപ്പോൾ ഞങ്ങൾ മൂന്നുപേരും പൊക്കം കുറഞ്ഞ കുതിരയും ടിബറ്റൻ സമതലത്തിൽ എത്തി. അവിടത്തെ മണ്ണിന്റെ നിറം ചുവന്നതായിരുന്നു. മഞ്ഞിലും മഞ്ഞുകട്ടയിലും

കൂടിയുള്ള നടത്തം പിന്നീട് വേണ്ടിയിരുന്നില്ല. ചെറിയ പുൽത്തകിടി കാണുകയുണ്ടായി. അവിടെ ഞങ്ങൾ കൂടാരമടിച്ചു. അപരിചിതരെ കണ്ടിട്ടും ഭയലേശമെന്യേ ഏതാനും കാട്ടുകുതിരകൾ അവിടെ മേഞ്ഞുകൊണ്ടിരുന്നു.

അനേകം ദിവസങ്ങളുടെ ഇടവേളയ്ക്കുശേഷം ധൂനി കത്തിക്കുകയുണ്ടായി. ഒരു മണിക്കൂർ ധ്യാനിച്ചതിനുശേഷം ഫതേഹ് ബഹാദൂർ തയ്യാറാക്കിയ ചപ്പാത്തിയും ഉരുളക്കിഴങ്ങുകറിയും കഴിച്ചു. അയാൾ തൊട്ടടുത്ത ഒരു അരുവിയിൽനിന്നും വെള്ളം കൊണ്ടുവന്നു. പാൽ ചേർക്കാത്ത ചായയും കുടിച്ചുകൊണ്ട് നർമ്മസംഭാഷണത്തിൽ മുഴുകി. നക്ഷത്രങ്ങൾ ശോഭിച്ച രാത്രിയായിരുന്നു അന്നത്തേത്. ഭയാനകമായ മുരളൽ കേട്ട് രാത്രിയിൽ ഞാൻ ഞെട്ടിയുണർന്നു. കുറച്ച് അകലെനിന്നുമാണ് മുരളൽ കേട്ടത്. ബാബാജി എന്നോട് ഉറങ്ങിക്കൊള്ളൂ എന്നുപറഞ്ഞുകൊണ്ട് എന്നെ സമാധാനിപ്പിച്ചു. അദ്ദേഹം പറഞ്ഞു: "പേടിക്കാനൊന്നും ഇല്ല. പുള്ളിപ്പുലികൾ കാട്ടുകുതിരകളെ വേട്ടയാടുകയാണ്. നമുക്ക് ഉപദ്രവം ഉണ്ടാകുകയില്ല. പേടിക്കേണ്ട കാര്യമില്ല." അന്നേരം കുതിരകളുടെ ദയനീയമായ കരച്ചിൽ കേട്ടു. പിന്നീട് അന്തരീക്ഷം നിശ്ശബ്ദമായി. കുറച്ചുകഴിഞ്ഞ് പുള്ളിപ്പുലികളുടെ സംതൃപ്തിയെ സൂചിപ്പിക്കുന്ന മൂളലും കേൾക്കുകയുണ്ടായി. ഞാൻ വീണ്ടും കിടന്നുറങ്ങി.

പിറ്റേന്ന് രാവിലെ ഞങ്ങൾ തോലിംഗ്മഠം ലക്ഷ്യമാക്കി യാത്ര തുടങ്ങി. ആറു ദിവസത്തെ സുഖകരമായ യാത്രയ്ക്കുശേഷം ഞങ്ങൾ മഠത്തിൽ എത്തി. ബദരീനാഥിൽനിന്ന് അവിടെ എത്തിച്ചേരുന്നതിന് ഞങ്ങൾക്ക് ഇരുപത്തിയൊന്നു ദിവസം വേണ്ടിവന്നു. ഞങ്ങളെ ആകർഷിച്ച ആദ്യത്തെ കാഴ്ച ഭീമാകാരമായ ബൗദ്ധവിഗ്രഹമായിരുന്നു. വിഗ്രഹത്തിന്റെ ശിരസ്സിന് സന്ന്യാസിമഠത്തിനോളംതന്നെ ഉയരം ഉണ്ടായിരുന്നു. സന്ന്യാസിമഠത്തിനു സമീപത്തുതന്നെ കൂടാരമടിക്കുന്നതിന് ഞങ്ങൾക്ക് അനുവാദം കിട്ടി.

ബാബാജിയോടൊപ്പം ഞങ്ങൾ സന്ന്യാസിമഠം സന്ദർശിച്ചു. സന്ന്യാസിമഠത്തിൽ ഹിന്ദുദേവതകളുടെയും പ്രതിഷ്ഠകൾ കണ്ടു. ശക്തിസ്വരൂപിണിയായ ഭദ്രകാളിയുടെ പ്രതിമയും അവിടെ കാണുകയുണ്ടായി. സന്ന്യാസിമഠത്തിന്റെ സംരക്ഷകനായ ലാമ ഞങ്ങൾക്ക് പല വിവരങ്ങളും പറഞ്ഞുതന്നു. അദ്ദേഹം പറഞ്ഞു: "ഞങ്ങൾ യഥാർത്ഥ ബദരീനാഥക്ഷേത്രം തോലിംഗ് മഠത്തിലാണ് എന്നു വിശ്വസിക്കുന്നു. ഇവിടെ എത്തിച്ചേരാനുള്ള പ്രയാസംകൊണ്ടാണ് പിന്നീട് പുതിയ ബദരീനാഥക്ഷേത്രം പണികഴിപ്പിച്ചത്."

അദ്ദേഹം ഞങ്ങളെയും കൂട്ടിക്കൊണ്ട് ഉയർന്ന പദവി അലങ്കരിക്കുന്ന ലാമയെ കാണാൻ പോയി. അദ്ദേഹത്തെ റിൻപോച്ചേ എന്നാണ് വിളിക്കുന്നത്. റിൻപോച്ചേ ബാബാജിയോട് അങ്ങേയറ്റത്തെ ആദരവ് പ്രകടിപ്പിച്ചു. ബാബാജിയും അദ്ദേഹത്തോട് ആദരവ് പ്രകടിപ്പിച്ചു. രണ്ടുപേരും ടിബറ്റൻ ഭാഷയിൽ സംസാരിക്കുന്നതു കണ്ട് ഞാൻ അത്ഭുതപ്പെട്ടു. റിൻപോച്ചേ എന്നെ അനുഗ്രഹിച്ചു. ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ വീണ് നമസ്കരിച്ചു.

മഠത്തിൽ പത്ത് സന്ന്യാസിമാർ താമസിച്ചിരുന്നു. മഠത്തിനോടു ചേർന്ന് വിശാലമായ ഒരു പാചകശാലയും ഉണ്ടായിരുന്നു. എന്നാൽ ബാബാജി കൂടാരത്തിൽ തങ്ങാനാണ് താൽപര്യം കാണിച്ചത്. ഫതേഹ് ബഹാദൂർ ഞങ്ങൾക്കുവേണ്ടി ആഹാരം പാകം ചെയ്തു. ഭക്ഷണത്തിനുശേഷം ബാബാജി

എന്നോടു പറഞ്ഞു: "ഇന്നു രാത്രി നിന്നെ ഔപചാരികമായി നാഥ് സമ്പ്രദായത്തിലേക്ക് ചേർക്കാനുള്ള ദീക്ഷ നല്കും. കാത് തുളച്ച് വളയങ്ങൾ ഇടുന്നത് ഹിമാലയത്തിൽ കഴിയുന്നതുവരെ മതി. നാട്ടിലേക്ക് മടങ്ങുമ്പോൾ അവ ഊരി മാറ്റാവുന്നതാണ്."

രാത്രിയിൽ ധൂനിയുടെ മുന്നിൽവച്ച് നാഥ് സമ്പ്രദായത്തിലേക്കു ചേർക്കുന്നതിനുവേണ്ടി ഗുഹ്യമായ മന്ത്രദീക്ഷ എനിക്കു തന്നു. ബാബാജി അതീവ വൈദഗ്ദ്ധ്യത്തോടെ എന്റെ കീഴ്ചെവികൾ തുളച്ചു. എന്റെ കാതുകളിൽ ചെമ്പു വളയങ്ങൾ ഇട്ടു. എന്നെ കണ്ടാൽ ഒരു യോഗിയെപോലെ തോന്നണമെന്ന എന്റെ ആഗ്രഹം സഫലമായി. ബാബാജി പറഞ്ഞു: "നാഥ് സമ്പ്രദായത്തിൽ പെടുന്നവർ എല്ലാവരും എവിടെ പോയാലും ധൂനി കത്തിക്കാറുണ്ട്. നിന്നെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥ ബാധകമായിരിക്കുകയില്ല. എന്നാൽ ശിവരാത്രി, ഗുരു പൗർണ്ണമിപോലെയുള്ള വിശേഷാൽദിവസങ്ങളിൽ ധൂനി കത്തിക്കണം. നാട്ടിൽ പോയാൽ നിനക്ക് കാതിലെ വളയങ്ങൾ ഉപേക്ഷിക്കാം. സാധാരണ വസ്ത്രം ധരിക്കാം. അതിനു കാരണമുണ്ട്. നിനക്ക് ഈ ലോകത്തിൽ ഒരു പ്രത്യേക ദൗത്യമാണ് നിർവ്വഹിക്കാനുള്ളത്. ഈ ഭൂമിയിൽ മറ്റുള്ളവർ ജീവിക്കുന്നതുപോലെ ജീവിക്കൂ. അതേസമയം മനസ്സ് എല്ലായ്പോഴും ബോധത്തിന്റെ ഉന്നതമായ തലത്തിൽ വർത്തിക്കട്ടെ. ഇന്നു മുതൽ നീ നാഥ് സമ്പ്രദായത്തിലെ ഒരു കണ്ണിയാണ്. നീ മധുകർനാഥ് എന്ന് അറിയപ്പെടും. 'എം' എന്ന ചുരുക്കപ്പേരിലും."

ഞാൻ ബാബാജിയെ സാഷ്ടാംഗം പ്രണമിച്ചു. ദീർഘമായ യാത്ര ചെയ്തതിന്റെ ക്ഷീണം കാരണം ഫതേഹ് ബഹാദൂർ സുഖനിദ്രയിലാണ്ടു. ഞങ്ങൾ രണ്ടുപേരും ധൂനിയുടെ മുന്നിൽ ഇരിക്കുകയായിരുന്നു. ഞാൻ ബാബാജിയോടു ചോദിച്ചു: "ലാമ യഥാർത്ഥ ബദരീനാഥ് തോലിംഗ്മഠത്തിലെ ബുദ്ധനാണെന്നു പറഞ്ഞുവല്ലോ. യഥാർത്ഥ സ്ഥിതി എന്താണ്?" ബാബാജി പറഞ്ഞു: "പ്രാചീനകാലത്ത് ബൗദ്ധക്ഷേത്രങ്ങളും ബൗദ്ധസന്യാസിമാരും ഭാരതത്തിലുടനീളം കാണാമായിരുന്നു. ഒരുപക്ഷേ, ബദരീനാഥിലെ വിഗ്രഹവും കാലുകൾ പിണച്ചുവച്ചിരുന്ന ബുദ്ധവിഗ്രഹം ആയിരുന്നിരിക്കാം. അതിനെ ശങ്കരാചാര്യർ കാലുകൾ പിണഞ്ഞിരിക്കുന്ന നാരായണനായിട്ട് മാറ്റി. ഒരിടത്തുംതന്നെ നാരായണൻ പത്മാസനത്തിൽ ഇരിക്കുന്നതായി കാണാൻ കഴിയുകയില്ല. അതിൽനിന്ന് എന്താണ് അർത്ഥമാക്കേണ്ടത്? ബുദ്ധമതാനുയായി എന്നതോ ഹിന്ദു എന്നതോ പ്രാധാന്യം അർഹിക്കുന്ന വിഷയമല്ല. പരിശുദ്ധമായ ജീവിതവും ഈശ്വരഭക്തിയും ആണ് പരമപ്രധാനമായിട്ടുള്ളത്. ആദ്ധ്യാത്മികമായി വളരെ പുരോഗമിച്ച പുണ്യാത്മാവ് ആണ് റിൻപോച്ചേ എന്ന് നിനക്ക് മനസ്സിലായിരിക്കും. അതുകൊണ്ട് ഇത്തരം വിവാദവിഷയങ്ങളിൽ പെടാതിരിക്കുന്നതാണ് കരണീയം."

പിറ്റേന്ന് രാവിലെ നല്ല പൊക്കമുള്ള ടിബറ്റുകാരെ കാണുകയുണ്ടായി. ഖം ജില്ലയിൽനിന്നു വന്നവരായിരുന്നു അവർ. കുന്നിൻപ്രദേശങ്ങളിലെ കൊച്ചു കുടിലുകളിലായിരുന്നു അവർ താമസിച്ചിരുന്നത്. അവരിൽ ചിലർ ദൂതന്മാരായി ജോലി നോക്കുന്നവരായിരുന്നു. അവർക്ക് അതിന് പ്രത്യേക പരിശീലനം ലഭിച്ചിരുന്നു. അവർ നീണ്ട വടിയും കൂടെ കൊണ്ടുപോകും.

പോൾവാൾട്ട് ചാടുന്നതുപോലെ ചാടിക്കൊണ്ട് അവർക്ക് ദീർഘദൂരം സഞ്ചരിക്കാൻ കഴിയും. ചുരുക്കത്തിൽ അവരുടെ കൂടുതൽ സഞ്ചാരവും വായുവിലായിരുന്നു. അവർ പ്രത്യേകരീതിയിലുള്ള ഒരു ശ്വസന പ്രക്രിയ അഭ്യസിച്ചിരുന്നതിനാൽ അവർക്ക് കമ്പിന്റെ ഒരറ്റം നിലത്ത് ഊന്നിക്കൊണ്ട് വളരെ ദൂരത്തേക്ക് പറന്നെത്താൻ കഴിയും.

മൂന്നു ദിവസം വിശ്രമിച്ചതിനുശേഷം ഞങ്ങൾ കൈലാസത്തിലേക്കു പോകാൻവേണ്ടി കിഴക്കോട്ടു തിരിച്ചു. മൂന്നുദിവസത്തെ യാത്രയ്ക്കുശേഷം ഞങ്ങൾ ദാപാ എന്ന ഗ്രാമത്തിലെത്തി. അവിടെ ഒരു ബുദ്ധക്ഷേത്രം ഉണ്ടായിരുന്നു. സമീപത്തായി ലാമായും മറ്റനേകം സന്ന്യാസിമാരും താമസിക്കുന്ന ഒരു മഠവും. മഠത്തിനു സമീപത്തുള്ള ഒരു വലിയ വ്യാപാരകേന്ദ്രത്തിൽ വ്യാപാരത്തിനായി ഇന്ത്യയിൽനിന്നും വ്യാപാരികൾ എത്തിയിരുന്നു. ഞങ്ങൾക്ക് ദാപാ കഴിഞ്ഞ് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അതിനിടയിൽ അപ്രതീക്ഷിതവും ദൗർഭാഗ്യകരവുമായ ചിലതൊക്കെ സംഭവിച്ചു. ഞാൻ രോഗബാധിതനായി. എനിക്കു കടുത്ത ജ്വരം ബാധിച്ചു. കമ്പിളിപുതച്ചിട്ടും തീക്കുണ്ഡത്തിനു സമീപം ഇരുന്നിട്ടും ഞാൻ വിറയ്ക്കുകയായിരുന്നു. കടുത്ത തലവേദനയും അനുഭവപ്പെട്ടു. ആരോ ഒരു വലിയ ചുറ്റികകൊണ്ട് എന്റെ തലയ്ക്ക് അടിക്കുന്നതുപോലെ തോന്നി.

ലാമാമഠത്തിലെ വൈദ്യൻ എനിക്ക് പച്ചിലമരുന്നുകൾ തന്നു. എങ്കിലും ജ്വരത്തിന് കുറവുണ്ടായില്ല. ഒരു രാത്രി ഞാനൊറ്റയ്ക്ക് കൂടാരത്തിൽ കിടക്കുകയായിരുന്നു. കലശലായ പനി കാരണം ഞാൻ അർദ്ധബോധാവസ്ഥയിൽ ആയിരുന്നു. അന്നേരം വേദനകൊണ്ടു പുളഞ്ഞു മോങ്ങുന്നതുപോലെ ഒരു ശബ്ദം കേട്ടു. ഞാൻ കൂടാരത്തിന്റെ പ്രവേശനകവാടത്തിലേക്ക് നോക്കി. അപ്പോൾ ഗൊറില്ലാ എന്നു തോന്നിക്കുന്നതിന്റെ നിഴൽരൂപം കാണാനിടയായി. ഒരുപക്ഷേ, മിഥ്യാഭ്രമമായിരുന്നിരിക്കാം. ഞാൻ നിലവിളിക്കാനാഗ്രഹിച്ചു. പക്ഷേ, ശബ്ദം പുറത്തേക്കു വന്നില്ല. ഞാൻ ഭയം കാരണം വിറച്ചു.

ഫതേഹ് ബഹാദൂർ കത്തിച്ചുവച്ചിരുന്ന വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ആ രൂപം എന്റെ അടുത്തേക്ക് വരുന്നതു കണ്ടു. വിചിത്രമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണ് വന്നത്. ഈ രൂപത്തിന്റെ ശരീരം രോമാവൃതമായിരുന്നു. അത് എന്തോ ഒന്ന് എന്റെ വായിലേക്ക് ഇട്ടു. പനിയായിരുന്നുവെങ്കിലും വായിൽ ഇട്ടുതന്ന ദ്രാവകരൂപത്തിലുള്ള പദാർത്ഥത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞു. ആ രൂപം പെട്ടെന്ന് അവിടെനിന്നും ഇറങ്ങിപ്പോയി. ഞാൻ പുറത്ത് ഒരു നിലവിളി കേട്ടു. ഉടനേ ഫതേഹ് ബഹാദൂർ കൂടാരത്തിനുള്ളിലേക്ക് ഓടിവന്ന് കിതച്ചുകൊണ്ടു പറഞ്ഞു: "പർവ്വതമനുഷ്യൻ! താങ്കൾക്ക് സുഖമാണല്ലോ?" "അതെ" എന്നു മാത്രമേ എനിക്ക് പറയാൻ കഴിഞ്ഞുള്ളൂ. ഞാൻ നിദ്രാധീനമായി.

പിറ്റേന്ന് യാത്ര ചെയ്യാൻ കഴിയുന്ന വിധത്തിൽ ഞാൻ സുഖം പ്രാപിച്ചു. പക്ഷേ, ബാബാജി പ്രഖ്യാപിച്ചു: "ഈ പ്രാവശ്യം കൈലാസയാത്ര വേണ്ടാ. വളരെ കൊല്ലങ്ങൾക്കുശേഷം ഒരു സംഘത്തോടൊപ്പം നീ കൈലാസയാത്ര നടത്തുകയും മാർഗ്ഗമദ്ധ്യേ ഗുരുപൂർണ്ണിമ ആഘോഷിക്കുകയും ചെയ്യും. നമുക്ക് ഇപ്പോൾ ബദരീനാഥിലേക്ക് മടങ്ങാം." എനിക്കു സമ്മതിക്കുകയല്ലാതെ

മറ്റു വികല്പം ഒന്നും ഇല്ലായിരുന്നു. ബദരീനാഥിലേക്കുള്ള മടക്കയാത്ര ആരംഭിച്ചു. ഞാൻ കൂടുതൽ സമയവും പൊക്കം കുറഞ്ഞ കുതിരപ്പുറത്ത് ഇരുന്നാണ് യാത്ര ചെയ്തത് ഞാൻ ബാബാജിയോട് ആരാഞ്ഞു: "ഞാൻ ഇന്നലെ രാത്രിയിൽ കണ്ടത് യതിയെ ആയിരുന്നോ?"

ബാബാജി പറഞ്ഞു: "നാം ഒന്നും അനുമാനിക്കേണ്ടാ. അങ്ങനെയാണെങ്കിൽപ്പോലും മനസ്സിൽ വച്ചിരുന്നാൽ മതി. പല ആൾക്കാരും യതി ഉണ്ടെന്ന് വിശ്വസിക്കുന്നില്ല. ജ്വരത്തിന്റെ വിഭ്രാന്തിയാണെന്നു പറഞ്ഞ് തള്ളിക്കളയാനാണ് സാധ്യത."

ബദരീനാഥിൽ എത്തിച്ചേരാൻ പതിനാറു ദിവസമേ വേണ്ടിവന്നുള്ളൂ. എന്റെ യാത്ര മിക്കവാറും കുതിരപ്പുറത്തായിരുന്നു. മാർഗ്ഗമദ്ധ്യേ ഞാൻ ശരിക്കും പ്രകൃതിസൗന്ദര്യം ആസ്വദിച്ചു. പ്രകൃതിയിൽനിന്നും ലഭിച്ചത് ഒരുതരത്തിലുള്ള ദിവ്യാനുഭൂതി ആയിരുന്നു. മഞ്ഞുമൂടിയ കൊടിമുടികളും, മനം കവരുന്ന പുഴകളും, ഉറഞ്ഞുകിടക്കുന്ന തടാകങ്ങളും, മഞ്ഞുമൂടിയ കൊടുമുടികളിൽ പതിക്കുമ്പോഴത്തെ ഉദയസൂര്യന്റെ അപൂർവ്വഭംഗിയും അവിസ്മരണീയമായ അനുഭവങ്ങളായിരുന്നു. ബദരീനാഥിൽ എത്തിക്കഴിഞ്ഞപ്പോൾ ഫതേഹ് ബഹാദൂറിന് കൂടാരവും കുതിരയും മടക്കിക്കൊടുത്ത് അയാളോട് വിട പറഞ്ഞു. ബാബാജി അയാൾ പ്രതീക്ഷിച്ചിരുന്നതിനെക്കാൾ നല്ല പ്രതിഫലമാണ് നല്കിയത്. മനസ്സില്ലാമനസ്സോടെയാണ് ഫതേഹ് ബഹാദൂർ ഞങ്ങളോടു യാത്ര പറഞ്ഞത്. അപ്പോഴേക്ക് എന്റെ ആരോഗ്യം സാധാരണ നിലയിൽ ആയിക്കഴിഞ്ഞിരുന്നു.

ചരൺ പാദുക ഗുഹയിൽ എത്തിയതിനുശേഷം എന്റെ ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുന്നതുവരെ ബാബാജി എന്നെ ശുശ്രൂഷിച്ചു. എന്റെ ആഹാരകാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. രണ്ട് ആഴ്ചകൊണ്ട് ഞാൻ പൂർവ്വസ്ഥിതിയിലായി. ബാബാജി ഒരു ദിവസം പറഞ്ഞു: "പൂക്കളുടെ താഴ്വരയിലേക്കും, ഹേമകുണ്ഡ് സാഹിബിലേക്കും അതിനുശേഷം അഞ്ചു കേദാരങ്ങളിലേക്കും പോകാൻ ഒരുങ്ങിക്കൊള്ളൂ."

ഇരുപത്തിയാറ്

പൂക്കളുടെ താഴ്‌വരയും ഹേമകുണ്ഡും

അന്ന് തണുപ്പുള്ള പ്രഭാതമായിരുന്നു. ബാബാജിയും ഞാനും പാണ്ഡുകേശ്വറിനു സമീപത്തുള്ള ഗോവിന്ദ്ഘാട്ടിലേക്ക് തിരിച്ചു. എനിക്ക് യാത്ര ചെയ്യാനുള്ള കഴിവ് വർദ്ധിച്ചതുപോലെ തോന്നി. ബാബാജി വേഗത്തിൽ നടക്കുമ്പോൾ ഞാനും ഒപ്പം ചേർന്നു. എനിക്കും കാലിൽ ഇടാൻ ചെരുപ്പു വേണമെന്നു തോന്നിയില്ല. രണ്ടുപേരും നഗ്നപാദരായി നടന്നു. ഗുരുവും ശിഷ്യനും.

രാത്രികളിൽ ഞങ്ങൾ ദേവാലയപരിസരത്തും ധർമ്മശാലകളിലും തങ്ങി. മൂന്നു ദിവസംകൊണ്ട് ഞങ്ങൾ ഗോവിന്ദ്ഘാട്ടിൽ എത്തി. അന്നു രാത്രിയിൽ ഞങ്ങൾ തങ്ങിയത് ഗോവിന്ദ്ഘാട്ടിലെ ഗുരുദ്വാരയിൽ ആയിരുന്നു. യാത്രക്കാർക്ക് ഒരു വലിയ സേവനമാണ് ഗുരുദ്വാരയിൽനിന്നും ലഭിച്ചിരുന്നത്. ഏതൊരു സഞ്ചാരിക്കും ഗുരുദ്വാരയിൽ മൂന്നു ദിവസം തുടർച്ചയായി താമസിക്കാനുള്ള അനുവാദമുണ്ടായിരുന്നു. ആവശ്യമുള്ളവർക്ക് ഭക്ഷണവും കമ്പിളിവസ്ത്രവും സൗജന്യമായി ലഭിച്ചിരുന്നു.

പിറ്റേന്നു രാവിലെ ഞങ്ങൾ ഘംഗാരിയായിലേക്ക് തിരിച്ചു. പതിന്നാലു കിലോമീറ്റർ ദൂരെയാണ് ആ സ്ഥലം. ലക്ഷ്മൺ ഗംഗയ്ക്കു സമീപത്തുകൂടി വേണം പോകേണ്ടത്. കിഴുക്കാംതൂക്കായ സ്ഥലത്തുകൂടി കയറി വേണം പോകേണ്ടിയിരുന്നത്. ഞങ്ങൾ കടന്നുപോകുന്ന വഴിയിലായിരുന്നു ഭ്യാന്തർഗ്രാമം. ഗ്രാമം പിന്നിട്ടപ്പോൾ പിന്നീട് ഇറക്കം ആയിരുന്നു. നദീതീരത്തുകൂടി മുന്നോട്ടു പോകാൻ കഴിയുമായിരുന്നു. പ്രകൃതിസൗന്ദര്യം നിശ്ശബ്ദം നുകരുകയായിരുന്നു ബാബാജി. ഏറെ നേരം ഞങ്ങൾ പരസ്പരം ഉരിയാടിയില്ല. വാക്കുകൾ അപ്പോൾ പ്രസക്തമല്ലായിരുന്നു. അത് ആനന്ദത്തിന്റെ നിശ്ശബ്ദവേളയായിരുന്നു.

എവിടെ നോക്കിയാലും മനോഹരമായ പൂക്കൾ കാണാമായിരുന്നു. ഒരു സസ്യശാസ്ത്രജ്ഞനെപ്പോലെ അദ്ദേഹം ചെടികളെപ്പറ്റിയും പൂക്കളെപ്പറ്റിയും സംസാരിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: "ഇത് കോബ്രാ ലില്ലിപ്പൂവ് ആണ്. ഇത് സൂര്യകാന്തിപ്പൂവ്പോലെയുള്ള ഇമേലാ എന്ന പൂവാണ്." അവസാനമായി ഒരു കയറ്റംകൂടി കയറിയതിനുശേഷം ഞങ്ങൾ ഘംഗാരിയായിൽ എത്തി. ലക്ഷ്മൺ ഗംഗയിലെ ചെറിയ പാലം കടന്ന് അക്കരെ കയറി. സമുദ്രനിരപ്പിൽനിന്നും 15,000 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഹേമകുണ്ഡ് തടാകത്തിൽനിന്നാണ് ലക്ഷ്മൺ ഗംഗ ഉത്ഭവിക്കുന്നത്. അതിന്റെ ഇടതുവശത്തുള്ള പാതയിലൂടെ സഞ്ചരിച്ച് പൂക്കളുടെ താഴ്‌വര എന്ന് അറിയപ്പെടുന്ന സ്ഥലത്തെത്തിച്ചേരാവുന്നതാണ്. കുറച്ചുകൂടി മുന്നോട്ടു യാത്ര ചെയ്തു കഴിഞ്ഞാൽ പുഷ്പവതി നദിയിലെ ഇരുമ്പുപാലം കാണാൻ കഴിയും.

ഇവിടെവച്ചാണ് ഈ നദി വേഗത്തിൽ ഒച്ചയോടുകൂടി ലക്ഷ്മൺഗംഗയിൽ ചേരുന്നത്. ഒരിനം നീല നിറമുള്ള ഉമ്മത്തിൻചെടികൾ ബാബാജി കാണിച്ചു തന്നു.

ഞങ്ങൾ പാലം കടന്നു. ഇടുങ്ങിയ പാതയിലൂടെ മുകളിലോട്ടു കയറി ഒരു ഹിമാനി (ഗ്ലേസിയർ) യുടെ ഭഗ്നാവശിഷ്ടത്തിലെത്തി. ഹിമാനിയെ പിന്നിട്ടു കൊണ്ട് മുമ്പോട്ടു പോയി. ഏകദേശം മൂന്നു കിലോമീറ്റർ സഞ്ചരിച്ചപ്പോൾ തടികൊണ്ടുള്ള ഒരു പാലം കടന്ന് താഴ്വരയിൽ എത്തി. അതിന്റെ സൗന്ദര്യം എന്നെ വല്ലാതെ മോഹിപ്പിച്ചു. താഴ്വരയുടെ വശ്യമനോഹാരിത അതിശയിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. വിവിധ ഇനം പൂക്കളുടെ തകിടികൾ അവിടെ കാണാൻ കഴിഞ്ഞിരുന്നു. ഏതോ ദിവ്യമായ ശക്തി പലയിനം പൂക്കളെ പല തകിടികളിലായി ചിട്ടയോടെ അണിയിച്ചൊരുക്കി വച്ചിരിക്കുന്നതു പോലെ അനുഭവപ്പെട്ടു.

താഴ്വരയെപ്പറ്റിയും പൂക്കളെപ്പറ്റിയും ബാബാജിയുടെ അസാമാന്യമായ അറിവ് ആരെയും അത്ഭുതപ്പെടുത്തുന്നതായിരുന്നു. അദ്ദേഹം ഓരോ പൂവിന്റെയും പേരെടുത്തു പറഞ്ഞുകൊണ്ടിരുന്നു. ഈ കാണുന്നത് 'ഹിമാലയൻ ബോൾസം' ആണ്. അതാ കാണുന്നത് 'ഹിമാലയൻ ഹോഗ്‌വീഡ് ആണ്. ആ വെളുത്ത പൂക്കൾ നോക്കൂ. എഡൽവൈസ് പൂക്കൾ ആണ്. ആൽപ്സ് പർവ്വതത്തിന്റെ പ്രതീകമായി കരുതപ്പെടുന്ന പൂവാണ്. വിചിത്രനാമങ്ങളായിരുന്നു ചില പൂക്കളുടേത്. ട്രെയിലിങ് ബ്ലൂഹ്ളവേഴ്സ്, 'ഫർഗെറ്റ് മീ നാട്ട്സ്' 'ബ്ലൂ പോപ്പീസ്', 'ബ്ലൂ ജെറാനിയംസ്', 'ആസ്റ്റേർസ്' ഇങ്ങനെ അദ്ദേഹം പല പൂക്കളെയും പരിചയപ്പെടുത്തി.

'ഈ മറഞ്ഞിരിക്കുന്ന സ്വർഗ്ഗം' ആളുകൾ എങ്ങനെ കണ്ടുപിടിച്ചു? ഞാൻ ബാബാജിയോട് ആരാഞ്ഞു:

"തദ്ദേശവാസികൾക്കും യോഗിമാർക്കും ഈ സ്ഥലം പരിചിതമായിരുന്നു. ഇവിടെ ഗന്ധർവ്വന്മാരും അപ്സരസ്സുകളും ജീവിച്ചിരുന്നുവെന്ന് ഈ സ്ഥലത്തിലുള്ളവർ വിശ്വസിക്കുന്നു. എന്റെ ഗുരുവായ ഗുരു ബാബാജി എന്നെയും കൂട്ടി ഇവിടെ വരുന്നതിന് അതിയായ താൽപര്യം കാണിച്ചിരുന്നു. അദ്ദേഹം എപ്പോഴും സന്ദർശിച്ചുകൊണ്ടിരുന്ന ഒരു ചെറിയ ഗുഹ ഇവിടെ ഉണ്ട്. നമുക്ക് പോയി കണ്ണു തുറന്നു വച്ചുകൊണ്ട് ധ്യാനിക്കാം. പ്രകൃതി ഒരുക്കിയിരിക്കുന്ന ദൃശ്യങ്ങളൊക്കെ ദൈവികമാണ്. നാം ഉള്ളിൽ തിരയുന്ന ദൈവികതയെ നമുക്ക് ഇവിടെ കൺമുന്നിൽ കാണാൻ കഴിയും.

"നീ ഈ സ്ഥലം ആരു കണ്ടുപിടിച്ചുവെന്ന് ചോദിച്ചുവല്ലോ. ഇത്രയും മനോഹരമായ സ്ഥലം ഉണ്ടെന്ന് ബാഹ്യലോകം അറിയുന്നത് പർവ്വതാരോഹകനും സസ്യശാസ്ത്രജ്ഞനുമായ ഫ്രാങ്ക് സ്മിത്ത് 1931-ൽ ഈ താഴ്വര സന്ദർശിച്ചതോടെയാണ്. ഇവിടത്തെ പ്രകൃതിസൗന്ദര്യം അദ്ദേഹത്തെ അതിശയിപ്പിച്ചു. അദ്ദേഹം ഈ താഴ്വരയ്ക്ക് പൂക്കളുടെ താഴ്വര എന്ന പേരു നല്കുകയും ചെയ്തു. നമുക്ക് ഇപ്പോൾ ഗുഹയിലേക്കു പോകാം."

സമൃദ്ധമായി കാണപ്പെട്ട വെള്ളപ്പൂക്കളുടെ നടുവിലൂടെ നടന്ന് ഞങ്ങൾ ഒരു ചെറിയ ഗുഹയുടെ സമീപമെത്തി. ഒരു വലിയ ശില ഗുഹയെ മറച്ചിരുന്നു. ബാബാജി പറഞ്ഞു: "ഞാനും എന്റെ ഗുരുവും ഇവിടെ വന്നിരുന്ന് ധ്യാനി

ച്ചിട്ടുണ്ട്. ഇപ്പോൾ നാം രണ്ടുപേരും ഇവിടെയിരുന്ന് ധ്യാനിക്കും." പ്രകൃതി കനിഞ്ഞ ആ സ്ഥലത്തിൽ ഇരുന്ന് ഞാൻ ധ്യാനത്തിൽ മുഴുകി. നിറങ്ങളുടെ വൈവിധ്യവും മാദകമായ സുഗന്ധവും ഞങ്ങളെ തഴുകി. ബാബാജി നിശ്ശബ്ദതയിലാണ്ടു.

അല്പ സമയം കഴിഞ്ഞ് ഞാൻ മൗനം ഭഞ്ജിച്ചു: "എനിക്കിപ്പോഴാണ് *ഈശാവാസ്യോപനിഷത്തിലെ*, ഈശാവാസ്യം ഇദം സർവ്വം" എന്നതിന്റെ പൊരുൾ മനസ്സിലായത്. ദീർഘകാലമായി ഞാൻ മനസ്സിലാക്കിയിരുന്നത് ഇങ്ങനെയായിരുന്നു. എല്ലാത്തിലും ഈശ്വരൻ ഒളിഞ്ഞിരിക്കുന്നു. എന്നാൽ ഇപ്പോൾ എനിക്ക് ഒരു കാര്യം ബോധ്യമായി. നാം കാണുന്നതും, സ്പർശിക്കുന്നതും, ഗന്ധം ആസ്വദിക്കുന്നതും, രുചിച്ചു നോക്കുന്നതും ഒന്നും ഈശനിൽ നിന്ന് വിഭിന്നമല്ല. അതിനാൽ നാം ഒരിടത്തും ഈശ്വരനെ തേടേണ്ടതില്ല."

"കൊള്ളാം? എന്നു പറഞ്ഞിട്ട് ബാബാജി തുടർന്നു: "ഇപ്പോൾ നിന്റെ ബുദ്ധിക്ക് തെളിച്ചം കിട്ടിത്തുടങ്ങിയിരിക്കുന്നു. ആദ്യം നമുക്ക് മാർഗ്രെറ്റ് ലെഗ്ഗെയുടെ സ്മാരകം കാണാൻ പോകാം. അതിനുശേഷം നമുക്ക് ഘംഗേരിയായിലേക്ക് പോകാം." ഞങ്ങൾ എണീറ്റ് കുറെ ദൂരം നടന്നു. ബാബാജി പറഞ്ഞു: "മാർഗ്രെറ്റ് ലെഗ്ഗെ ഒരു സസ്യശാസ്തജ്ഞയായിരുന്നു. അവർ എഡിൻബറോയിലെ ബോട്ടാണിക്കൽ ഗാർഡൻസിൽനിന്നും ഇന്ത്യയിൽ വരികയും 1939-ൽ 'വാലീ ഓഫ് ഫ്ളവേഴ്സ്' കണ്ടുപിടിക്കുകയും ചെയ്തു. അവർ ഈ താഴ്‌വരയിൽ കാൽവഴുതി വീണ് മരണമടഞ്ഞു. തദ്ദേശീയരായ ആളുകൾ അവരുടെ മൃതദേഹം സംസ്കരിച്ചു. പിന്നീട് അവരുടെ സഹോദരി ഇവിടെ വരികയും അവർക്കുവേണ്ടി ഒരു സ്മാരകം പണികഴിപ്പിക്കുകയും ചെയ്തു. സ്മാരകശിലാഫലകത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. "എനിക്കു തുണയായ ആ കുന്നിൻമുകളിലേക്കാണ് എന്റെ കണ്ണുകൾ നോക്കുന്നത്."

ഞങ്ങൾ കഴിയുന്നിടത്തോളം വേഗത്തിൽ നടന്നു. രാത്രിക്കുമുമ്പ് ഘംഗാരിയായിൽ എത്തി. തണുത്ത കാറ്റ് വീശിയടിച്ചുകൊണ്ടിരുന്നു. അന്നത്തെ രാത്രിയിൽ ഞങ്ങൾ തങ്ങിയത് പാറകൊണ്ട് നിർമിച്ച ഒരു കുടീരത്തിൽ ആയിരുന്നു. അതിന്റെ ഉടമസ്ഥൻ ബാബാജിക്ക് സുപരിചിതനായ രാജസ്ഥാനി സന്ന്യാസിയായിരുന്നു. അദ്ദേഹത്തിന് ബാബാജിയോട് അങ്ങേയറ്റത്തെ ആദരവുണ്ടായിരുന്നു. അദ്ദേഹം എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തിത്തന്നു.

പിറ്റേന്നു രാവിലെ ഞങ്ങൾ ഹേമകുണ്ഡ് സാഹിബിലേക്കുള്ള യാത്ര ആരംഭിച്ചു. കിഴുക്കാം തൂക്കായ ഹേമകുണ്ഡിൽ കയറുക പ്രയാസകരമായിരുന്നു. 'വാഹെ ഗുരു' എന്ന മന്ത്രധ്വനിയുമായി ധാരാളം സിക്കുമതസ്ഥരായ ഭക്തജനങ്ങൾ കൂട്ടം കൂട്ടമായി വന്നുകൊണ്ടിരുന്നു. വിശ്വാസം പകർന്നു നല്കിയ ശക്തിയുമായി അവർ ഹേമകുണ്ഡിലേക്ക് കയറിക്കൊണ്ടിരുന്നു. യാത്രക്കാർക്ക് വിശ്രമിക്കുന്നതിന് ഇടയ്ക്ക് ഒരു വിശ്രമസങ്കേതം ഉണ്ടായിരുന്നു. ഞങ്ങൾ ഏതാനും മിനിട്ടുകൾ മാത്രമേ അവിടെ വിശ്രമിച്ചുള്ളൂ. ഒരു കപ്പ് കാപ്പി കുടിച്ചിട്ട് യാത്ര തുടർന്നു. സമുദ്രനിരപ്പിൽനിന്നും 15,000 അടി ഉയരമുള്ള ഹേമകുണ്ഡിൽ എത്തി. പ്രതീക്ഷിച്ചതുപോലെതന്നെ അതികഠിനമായ ശൈത്യം അനുഭവപ്പെട്ടു.

ഹേമകുണ്ഡ് തടാകത്തിനു സമീപത്ത് അവസാനത്തെ ഗുരുവായ ഗുരു ഗോവിന്ദസിംഗ് ഒരു പൂർവ്വ ജന്മത്തിൽ അനേകദിവസം ധ്യാനത്തിലും തപസ്സിലും മുഴുകി കഴിഞ്ഞിരുന്നുവെന്ന് സിക്കുമതസ്ഥർ വിശ്വസിക്കുന്നു. ആ സ്ഥലത്തെ വായുവിൽ ഓക്സിജന്റെ അളവ് കുറവായിരുന്നു. ബാബാജി എന്നോട് ശ്വസനതാളത്തിന് വ്യത്യാസം വരുത്താൻ ആവശ്യപ്പെട്ടു. എനിക്ക് അനുഭവപ്പെട്ടിരുന്ന തലവേദനയ്ക്ക് പെട്ടെന്നു ശമനം കിട്ടി.

'ഹേമകുണ്ഡ്' എന്ന വാക്കിന്റെ അർത്ഥം 'മഞ്ഞുതടാകം' എന്നാണ്. ഈ തടാകം മനോഹരമായ ഒരു കാഴ്ചയാണ്. അതിലെ ജലം പരിശുദ്ധമാണ്. അതിന്റെ പകുതി ഭാഗം ഉപരിതലം കട്ടിപിടിച്ചിരുന്നു. ചുറ്റും കാണപ്പെട്ട എല്ലാ കൊടുമുടികളും മഞ്ഞുകൊണ്ട് മൂടപ്പെട്ടിരുന്നു. പ്രകൃതിയിലുടനീളം അപൂർവ്വമായ വശ്യത കളിയാടിയിരുന്നു. മരവിപ്പിക്കുന്ന തണുത്ത ജലത്തിൽ ഭക്തന്മാരായ സിക്കുകാർ പെട്ടെന്ന് മുങ്ങിക്കയറിയിരുന്നു. ന്യുമോണിയാ പിടിപെടാനുള്ള സാധ്യതയെ വകവയ്ക്കാതെയാണ് അവർ സ്നാനം ചെയ്തിരുന്നത്.

ഞങ്ങൾ ഗുരുദ്വാരയിൽ പോയി. ചൂടുള്ള 'കിച്ചടി'യും ചപ്പാത്തിയും കഴിച്ചു. 'ഖാദ പ്രസാദ്' എന്നു പറയുന്ന മധുരവും കഴിച്ചു. പുതയ്ക്കാനുള്ള കമ്പിളിയും ലഭിച്ചു. നന്നേ ക്ഷീണിച്ചിരുന്നതുകൊണ്ട് ഞാൻ നേരത്തേ ഉറങ്ങി.

അടുത്ത ദിവസം രാവിലെ ഞങ്ങൾ ലക്ഷ്മണ ക്ഷേത്രദർശനത്തിനു പോയി. അങ്ങനെ ഒരു ക്ഷേത്രം ഉണ്ടെന്നുള്ള കാര്യം പലർക്കും അറിഞ്ഞു കൂടായിരുന്നു. ക്ഷേത്രത്തിൽ ചെന്നപ്പോൾ ഞങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. വളരെ കഷ്ടപ്പെട്ട് യാത്ര ചെയ്താണ് ഞങ്ങൾ ക്ഷേത്രത്തിൽ എത്തിച്ചേർന്നത്. തീക്ഷ്ണമായ ശൈത്യം അനുഭവപ്പെട്ടു. ശിലകൊണ്ട് നിർമ്മിച്ച ക്ഷേത്രം ജീർണ്ണിച്ച അവസ്ഥയിൽ ആയിരുന്നു. ഭക്തജനങ്ങളെ കൊള്ളയടിക്കാനുള്ള പുരോഹിതനും ദേവാലയത്തിൽ ഇല്ലായിരുന്നു. ഏതോ ഒരാൾ ലക്ഷ്മണൻ എന്ന സങ്കല്പത്തിൽ പ്രതിഷ്ഠയുടെ സ്ഥാനത്ത് ഒരാളിന്റെ രൂപം കൊണ്ടുവച്ചിരുന്നു. ദേവാലയത്തിലെ ഗർഭഗൃഹത്തിൽ അത് ചുമരിനോടു ചേർത്ത് ചാരിവച്ചിരിക്കുന്നു. അതിനെ ആരും കഴുകി വൃത്തിയാക്കാറുമില്ല.

"ഞാനും എന്റെ ഗുരുവും ഒരു രാത്രി മുഴുവൻ ഇവിടെ തങ്ങിയിരുന്നു." എന്നുപറഞ്ഞിട്ട് ബാബാജി തുടർന്നു: "പർവ്വതങ്ങളിൽനിന്നും വരുന്ന അത്ഭുതകരമായ പ്രകാശം തടാകത്തിലേക്ക് പതിക്കുന്നതുനോക്കൂ. ഇത്തവണ നമുക്ക് രാത്രിയിൽ ഇവിടെ തങ്ങാൻ കഴിയുമെന്നു തോന്നുന്നില്ല. ഇവിടെ മരവിപ്പിക്കുന്ന തണുപ്പാണ്. നിന്റെ പനി മാറിയിട്ട് അധികം ദിവസം ആയില്ലല്ലോ." ഞങ്ങൾ ഒരു മണിക്കൂറോ മറ്റോ അവിടെ ഇരുന്നു. പ്രകൃതി ഒരുക്കിവച്ചിട്ടുള്ള ദിവ്യ ദൃശ്യങ്ങൾ ആസ്വദിച്ചുകൊണ്ട് ശാന്തമായിരുന്നു. ഞങ്ങൾ ഇരുന്നതിനു ചുറ്റുമുള്ള സ്ഥലത്ത് വളരെ അപൂർവ്വമായി കാണാറുള്ള ബ്രഹ്മകമൽ എന്നു പറയുന്ന ഒരുതരം നീലത്താമര സമൃദ്ധമായി വളരുന്നുണ്ടായിരുന്നു. അന്നേരം ബാബാജിയുടെ മനസ്സ് ആദ്ധ്യാത്മികമായി വളരെ ഉയർന്ന ഒരു തലത്തിൽ ആയിരുന്നു. അദ്ദേഹത്തിന്റെ മുഖത്ത് ഉജ്ജ്വലമായ പ്രകാശം പരന്നു. ശാന്തി കളിയാടി. പെട്ടെന്ന് അദ്ദേഹം പറഞ്ഞു: "നമുക്കു പോകാം."

ഞങ്ങൾ ഗുരുദ്വാരയിലേക്കു മടങ്ങി. ചൂടു ചപ്പാത്തിയും ദാലും വിതരണം ചെയ്യുന്ന കൃത്യസമയത്താണ് ഞങ്ങൾ അവിടെ എത്തിയത്. ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ ഘംഗാരിയായിലേക്ക് ഇറങ്ങാൻ തുടങ്ങി. സന്ധ്യയ്ക്ക് ഞങ്ങൾ ഘംഗാരിയായിലെത്തി. അന്നത്തെ രാത്രി ജുനാ അഖാഡാ സമ്പ്രദായത്തിലെ രാജസ്ഥാനി സന്ന്യാസിയുടെ കുടീരത്തിൽ തങ്ങി.

ബാബാജി രാത്രിയിൽ കുറച്ചു സമയം നടക്കാനിറങ്ങി. കുടീരത്തിൽ ഞാനും സന്ന്യാസിയും മാത്രമാണ് ഉണ്ടായിരുന്നത്. രണ്ടുപേരും ധൂനിക്കു മുന്നിൽ ഇരിക്കുകയായിരുന്നു. സന്ന്യാസി തന്റെ പുകക്കുഴലിൽ പുകയിലയും കഞ്ചാവും നിറച്ചു. എന്നിട്ട് കത്തിച്ചുകൊണ്ടു ചോദിച്ചു: "നിങ്ങൾ വിശുദ്ധമായ പുക വലിക്കുന്നോ?" ഞാൻ വേണ്ടാ എന്നു പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "നിങ്ങളുടെ ബാബാജിയും ഇതുതന്നെയാണ് പറഞ്ഞത്." അദ്ദേഹം തുടർന്നു: "നിങ്ങളുടെ സമ്പ്രദായം രാജയോഗമാണ്. ആന്തരികമായ പരമസത്തയിൽ ശ്രദ്ധ ഊന്നുന്നതിന് നിങ്ങൾക്കൊക്കെ ഇതിന്റെയൊന്നും ആവശ്യമില്ലായിരിക്കാം. ബാബാജിയെപ്പോലെ ഒരു ഗുരുവിനെ കിട്ടിയ നിങ്ങൾ ഭാഗ്യവാനാണ്. ബാബാജി വളരെ പുരോഗമിച്ച ഒരു യോഗിയാണ്. അദ്ദേഹം അങ്ങനെയൊന്നും ആരെയും ശിഷ്യനാക്കുകയില്ല. ആത്മാർത്ഥതയുള്ള അന്വേഷകർ എന്നു കരുതിയവരെപ്പോലും അദ്ദേഹം ശിഷ്യന്മാരായി സ്വീകരിച്ചില്ല! ഒരുപക്ഷേ, നിങ്ങൾ തമ്മിൽ പൂർവ്വജന്മബന്ധങ്ങൾ വല്ലതും കാണും. നിങ്ങളിലേക്ക് സ്നേഹവാത്സല്യത്തോടെ നോക്കുന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. നിങ്ങളെ സ്വന്തം കുഞ്ഞിനെ എന്നപോലെയാണ് കരുതുന്നത്. എനിക്ക് ശരിക്കും ആശ്ചര്യം തോന്നുന്നു."

പുകയിൽനിന്ന് മാറി ഇരുന്നുകൊണ്ട് ഞാൻ ധ്യാനിക്കാൻ തുടങ്ങി. ഞാൻ അഗാധമായ ധ്യാനത്തിൽ മുഴുകി. മനസ്സിൽ ഉണ്ടായിരുന്ന പല സംശയങ്ങൾക്കും എനിക്ക് ഉത്തരം കിട്ടി. സന്ന്യാസി തന്ന കമ്പിളിയും പുതച്ചുകൊണ്ട് ഉറങ്ങാൻ കിടന്നിട്ടും ബാബാജി മടങ്ങിയെത്തിയിരുന്നില്ല. ഞാൻ സുഖമായി ഉറങ്ങി.

ഇരുപത്തിയേഴ്

സിദ്ധരുമായുള്ള കൂടിക്കാഴ്ച

പിറ്റേന്നു രാവിലെ ഞങ്ങളുടെ യാത്ര തുടങ്ങിയത് കല്പേശ്വർ ലക്ഷ്യം വച്ചായിരുന്നു.

അഞ്ചു കേദാരങ്ങളിൽ കേദാർനാഥ് ആണ് ഏറ്റവും പ്രശസ്തമായിട്ടുള്ളത്. ഏറ്റവും ഹൃദയഹാരിയായതും കേദാർനാഥ്തന്നെയാണ്. എല്ലാവർഷവും ആയിരക്കണക്കിന് തീർത്ഥാടകർ സമുദ്രനിരപ്പിൽനിന്നും 12,500 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ തീർത്ഥാടനകേന്ദ്രത്തിലേക്ക് വരുന്നുണ്ട്. കൊടും തണുപ്പിനെ ധീരമായി നേരിട്ടുകൊണ്ടും കുത്തനെയുള്ള മല കയറിയുമാണ് തീർത്ഥാടകർ ലക്ഷ്യത്തിലെത്തുന്നത്.

മറ്റു നാലു കേദാരങ്ങൾ അത്ര പ്രശസ്തമല്ല. തദ്ദേശവാസികൾക്കും അലഞ്ഞുനടക്കുന്ന സന്ന്യാസിമാർക്കും മാത്രമേ അവ അറിയൂ. അറിയപ്പെടുന്ന തീർത്ഥാടനകേന്ദ്രങ്ങളിലാണ് ആൾത്തിരക്ക് കൂടുതൽ. മറ്റു കേന്ദ്രങ്ങളിൽ ആൾത്തിരക്കു കുറവാണ്. അതുകൊണ്ട് സ്വാഭാവികമായ സൗന്ദര്യവും ചുറ്റുപാടുകളും ഭദ്രമായി നിലനിർത്തപ്പെടുന്നു. ഇവയിൽ ആദ്യത്തെ കേദാരത്തിലേക്കാണ് ബാബാജി എന്നെയും കൂട്ടിക്കൊണ്ടു പോയത്. ബദരി തൊട്ടു തുടങ്ങുകയാണെങ്കിൽ ഒന്നാമത്തെ കേദാരമാണ് കല്പേശ്വർ.

ഗോവിന്ദ്ഘട്ടിൽനിന്നും തിരിച്ച് ജോഷീമഠിലേക്ക് പോകുന്ന റോഡിലൂടെയാണ് ഞങ്ങൾ നടന്നുകൊണ്ടിരുന്നത്. ഉച്ചയോടെ ഞങ്ങൾ മെയിൻ റോഡിൽ നിന്നും പുറത്തു കടന്ന് കാൽനടപ്പാതകളിലൂടെ സഞ്ചരിക്കാൻ തുടങ്ങി. ഞങ്ങളുടെ ഇടതുഭാഗത്ത് വിഷ്ണു ഗംഗാ ഒഴുകിക്കൊണ്ടിരുന്നു. അധികം വൈകാതെ ചെളിമണ്ണുനിറഞ്ഞ കാൽനടപ്പാത അവസാനിച്ചു. ബാബാജിക്ക് വഴിയൊക്കെ സുപരിചിതമായിരുന്നു. കാട്ടിലൂടെയും, ചിലപ്പോൾ പാറകളിലൂടെയും, ചിലപ്പോൾ ഇവ രണ്ടിന്റെയും ഇടയിലൂടെയും യാത്ര ചെയ്ത് കൊണ്ട് ഞങ്ങൾ ഒരു ചെറിയ ഗ്രാമത്തിൽ എത്തി. ചെയിംഖൽ എന്നാണ് ഗ്രാമത്തിന്റെ പേര്.

അവിടെ താമസിച്ചുകൊണ്ടിരുന്ന ചെറിയ ഗഡ്വാലി സമൂഹം ഞങ്ങളെ സ്വാഗതം ചെയ്യാനെത്തി. അവർക്ക് ബാബാജിയെ അറിയാമായിരുന്നു. സ്വാഗതം ചെയ്യാൻ ഗ്രാമത്തലവനും എത്തിയിരുന്നു. കണ്ടംവച്ച കോട്ടു ധരിച്ചിരുന്ന ആ മനുഷ്യന്റെ മുഖം പ്രായാധിക്യം കാരണം ചുക്കിച്ചുളുങ്ങിയതായിരുന്നു. അദ്ദേഹം കുനിഞ്ഞ് ബാബാജിയുടെ കാലിൽ തൊട്ടുതൊഴുതു. എന്നിട്ട് പറഞ്ഞു: "ബാബാജിക്ക് ഒരു ശിഷ്യനെ കിട്ടിയിരിക്കുകയാണല്ലോ." ബാബാജി പുഞ്ചിരി തൂകിക്കൊണ്ട് അദ്ദേഹത്തെ അനുഗ്രഹിച്ചു. അദ്ദേഹം ഞങ്ങൾക്കു വേണ്ടി സദ്യയൊരുക്കി. അവസാനത്തെ ഇനം ഒരു കഷണം കൽക്കണ്ടവും

പാലു ചേർക്കാത്ത ചായയുമായിരുന്നു. ഗ്രാമവാസികൾ മുഴുവൻ ഞങ്ങൾക്കു ചുറ്റും തടിച്ചുകൂടിയിരുന്നു. ബാബാജിയുടെ അനുഗ്രഹം വാങ്ങാൻ ചില സ്ത്രീകൾ കുഞ്ഞുങ്ങളെയും കൊണ്ടുവന്നിരുന്നു. ഗ്രാമവാസികൾ ബാബാജിയോട് കുറച്ചുദിവസം അവിടെ തങ്ങണമെന്ന് അഭ്യർത്ഥിച്ചു. എന്നാൽ ബാബാജി അവിടെനിന്നും പോകാൻ ഉറച്ചു കഴിഞ്ഞിരുന്നു.

ഭക്ഷണം കഴിച്ചതിനുശേഷം അല്പസമയം കഴിഞ്ഞ് ഞങ്ങൾ ചെയിംഖൽ ഗ്രാമത്തിൽനിന്നും തിരിച്ചു. കുത്തനെയുള്ള കയറ്റം കയറി വേണം യാത്ര ചെയ്യേണ്ടിയിരുന്നത്. ഞങ്ങൾ ബക്രിയിലേക്കാണ് പൊയ്ക്കൊണ്ടിരുന്നത്. ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഞങ്ങൾ ബക്രിയിൽ എത്തി. കല്പേശ്വർ ബക്രിക്ക് അടുത്താണ്. ബക്രിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ ഒരു ശിവ ക്ഷേത്രം ഉണ്ടായിരുന്നു. കുന്നിൽ താമസിക്കുന്നവർ വർഷത്തിൽ ഒരിക്കൽ അവിടെ പൂജ നടത്തിവന്നിരുന്നു.

രണ്ടു മണിക്കൂർ കഴിഞ്ഞുള്ള ഞങ്ങളുടെ യാത്ര ഒരു കാട്ടിലൂടെയായിരുന്നു. ആ കാട്ടിലാകെ മാരിഗോൾഡ് ചെടികൾ (സ്വർണ്ണനിറമുള്ള പൂക്കളുള്ള ഒരിനം ചെടി) സമൃദ്ധമായി വളർന്നിരുന്നതിനാൽ ആ ചെടികൾ കണ്ണുകൾക്ക് ഒരു ദൃശ്യവിരുന്ന് ഒരുക്കി. ഒരു ഭാഗത്തുകൂടി ഒരു പുഴ ഒഴുകുന്നുണ്ടായിരുന്നു. ശുദ്ധസ്ഫടിക ജലമാണ് അതിലൂടെ ഒഴുകിക്കൊണ്ടിരുന്നത്. കുറച്ചുകൂടി മുന്നോട്ടു പോയപ്പോൾ ഒരു വെള്ളച്ചാട്ടം കാണുകയുണ്ടായി. അതിലെ ശുദ്ധജലം കടുംനീലവും കറുപ്പും കലർന്ന നിറമുള്ള പാറയുടെ ചെങ്കുത്തായ ഭാഗത്തെ സ്പർശിച്ചുകൊണ്ടാണ് താഴത്തേക്കു പതിച്ചുകൊണ്ടിരുന്നത്. ബാബാജി പറഞ്ഞു: "ഈ ജലത്തിൽ ആയുർവേദത്തിൽ ശിലാജിത്ത് എന്നു വിളിക്കുന്ന ഒരു തരം വിശേഷപ്പെട്ട അരക്ക് കലർന്നിട്ടുണ്ട്. അതിനാൽ ഇത് ഔഷധമുള്ളതാണ്."

പ്രകൃതിയുടെ മലിനപ്പെടാത്ത സ്ഥലങ്ങളിൽ ഒന്നായ ഇവിടെ പ്രകൃതിദത്തമായ ഒരു ഗുഹയുണ്ട്. അതിനുള്ളിൽ കല്പേശ്വരനായ ശിവൻ ശിലകൊണ്ടുള്ള ലിംഗരൂപത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ഒരു വളച്ചുവാതിലൂടെ വേണം അകത്തേക്കു കടക്കേണ്ടത്. വാതിലിനു സമീപത്തായി പിത്തളയിൽ തീർത്ത ഒരു മണി തൂക്കിയിട്ടിരുന്നു. ബാബാജിയും ഞാനും ആ മണി അടിച്ചുകൊണ്ട് ഞങ്ങളുടെ ആഗമനം അറിയിച്ചു. എന്നിട്ട് ഗുഹാക്ഷേത്രത്തിനുള്ളിലേക്ക് പ്രവേശിച്ചു. തൊട്ടടുത്ത ദേവഗ്രാമം എന്ന ഗ്രാമത്തിൽനിന്നുള്ള പുരോഹിതനാണ് ക്ഷേത്രത്തിൽ പൂജ നടത്തിയിരുന്നത്. ദേവഗ്രാമം ഉർഗും താഴ്വരയിൽ പെട്ടതാണ്. പുരോഹിതൻ ബാബാജിക്ക് ആദരവോടെ അഭിവാദനങ്ങൾ അർപ്പിച്ചു. അദ്ദേഹം ബാബാജിയുടെ പാദങ്ങൾ തൊട്ടുവന്ദിക്കുകയും ചെയ്തു.

ഇരുട്ടുവീഴാൻ തുടങ്ങിയ സമയമായിരുന്നു. പുരോഹിതൻ ബാബാജിയോട് ദീപാരാധന തുടങ്ങാനുള്ള അനുവാദം വാങ്ങി. സാമാന്യം വലിയ ഒരു എണ്ണവിളക്ക് കത്തിച്ചു. പുരോഹിതൻ ദീപാരാധന നടത്തിക്കൊണ്ടിരുന്നപ്പോൾ ബാബാജി ഓം നമശ്ശിവായ എന്ന മന്ത്രം ഉരുവിട്ടുകൊണ്ടിരുന്നു. ഞാനും എന്റെ കൈയിൽ സൂക്ഷിച്ചിരുന്ന വെള്ളികൊണ്ടുണ്ടാക്കിയ ചെറിയ മണി മുഴക്കിക്കൊണ്ടിരുന്നു. ദീപത്തിന്റെ പ്രകാശത്തിൽ ലിംഗത്തിന്റെ സ്ഥാനത്ത്

ശിലകൊണ്ടുണ്ടാക്കിയ അനേകം ലിംഗങ്ങൾ ചിതറിക്കിടക്കുന്നതു കണ്ടു. ആരാധനയ്ക്കുശേഷം ഞങ്ങൾ ഒരിടത്ത് നിശ്ശബ്ദരായി ഇരുന്നു. ആ നിശ്ശബ്ദത ശാന്തിയും സ്നേഹവും നിറഞ്ഞതായിരുന്നു. അത് അവിടെയെങ്ങും വ്യാപിച്ചിരിക്കുന്നതായി അനുഭവപ്പെട്ടു.

പുരോഹിതൻ ഞങ്ങൾക്ക് അഭിഷേകം ചെയ്ത് പവിത്രമാക്കപ്പെട്ട തേൻ പ്രസാദമായി തന്നു. രുചിയേറിയതും സുഗന്ധമുള്ളതുമായിരുന്നു അത്. അദ്ദേഹം ബാബാജിയോട് അദ്ദേഹത്തോടൊപ്പം ദേവഗ്രാമത്തിൽ പോയി തങ്ങാമെന്നു പറഞ്ഞു. പക്ഷേ, ബാബാജി യാത്രക്കാർക്കുവേണ്ടി പണികഴിപ്പിച്ചിട്ടുള്ള റെസ്റ്റ് ഹൗസിൽ തങ്ങാനാണ് താൽപര്യം കാണിച്ചത്. റെസ്റ്റ് ഹൗസിന്റെ വാതിൽ തുറന്നിട്ടിരിക്കുകയായിരുന്നു. വാതിലിനു മുന്നിൽ തീ കത്തിക്കാനുള്ള ഒരു കുഴി ഉണ്ടായിരുന്നു. പുരോഹിതൻ കുറച്ചു സമയത്തിനുള്ളിൽ വിറകും ഭക്ഷണവുമായി മടങ്ങിയെത്തും എന്നു പറഞ്ഞിട്ട് അവിടെനിന്നും പോയി. ബാബാജി വന്നിട്ടുള്ള വിവരം ഗ്രാമത്തലവനെ അറിയിക്കാൻകൂടിയാണ് അദ്ദേഹം പോയത്. ഞങ്ങളുടെ അടുത്ത് ആ സമയത്ത് വേറെ ആരും ഇല്ലായിരുന്നു. മേഘങ്ങൾക്കിടയിലൂടെ ആകാശത്ത് ചന്ദ്രൻ പ്രത്യക്ഷപ്പെട്ടു. നക്ഷത്രദീപങ്ങളും പ്രകാശം ചൊരിഞ്ഞു. ഞങ്ങൾ മുറിയിൽനിന്നു പുറത്തേക്ക് ഇറങ്ങി അവിടെയിരുന്നു. നല്ല തണുപ്പുണ്ടായിരുന്നതുകൊണ്ട് ബാബാജി എന്നോട് കമ്പിളികൊണ്ട് ശരീരം ശരിക്കും മറയ്ക്കാനും മഫ്ളർ കഴുത്തിൽ ചുറ്റാനും പറഞ്ഞു.

ബാബാജി പറഞ്ഞു: "എന്റെ ഗുരുവിന്റെ ഏറ്റവും മുതിർന്ന ശിഷ്യരിൽ ഒരാൾ കല്പേശ്വറിൽ ഈ സ്ഥലത്ത് താമസിച്ചിട്ടുണ്ട്. ഇപ്പോൾ അദ്ദേഹം രുദ്രനാഥിലാണ് താമസിക്കുന്നത്. അവിടെവച്ച് അദ്ദേഹത്തെ കാണാൻ കഴിയും എന്ന് ആശിക്കാം."

ഞാൻ ബാബാജിയോടു പറഞ്ഞു: "ഞാൻ ചില കാര്യങ്ങൾ അറിയാനാഗ്രഹിക്കുന്നു."

"ചോദിക്കാമല്ലോ," ബാബാജി പ്രോത്സാഹിപ്പിച്ചു.

"അങ്ങ് എവിടെയാണ് ജനിച്ചത്? അങ്ങേക്ക് ഇപ്പോൾ എന്തു പ്രായമുണ്ട്?"

ബാബാജി ചിരിച്ചുകൊണ്ടു പറഞ്ഞു: "അതൊന്നും പ്രാധാന്യം അർഹിക്കുന്ന കാര്യങ്ങൾ അല്ല. എന്റെ മാതാപിതാക്കൾ കാശ്മീരികൾ ആണ്. എന്റെ വയസ്സിനെപ്പറ്റി പറയുകയാണെങ്കിൽ കാഴ്ചയിൽ തോന്നിക്കുന്നതിനെക്കാൾ വളരെ കൂടുതലാണ് എന്റെ പ്രായം എന്നു മാത്രം പറയാം. മഹായോഗിയായ ശ്യാംചരൺ ലാഹിരി എന്റെ ഗുരുവായ ശ്രീഗുരു ബാബാജിയെ സന്ദർശിച്ച സമയത്ത് ഞാനായിരുന്നു അദ്ദേഹത്തെ ഗുഹയിൽ ഗുരുവിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടു പോയത്."

ഞാൻ അത്ഭുതത്തോടെ പറഞ്ഞു: "അത് നടന്നത് നൂറുകൊല്ലം മുമ്പായിരുന്നു. അങ്ങയെ കണ്ടാൽ മുപ്പതു വയസ്സിൽ കൂടുതൽ തോന്നുകയില്ല."

"ശരിയായ ഭക്ഷണത്തിലൂടെയും കായകല്പം അഭ്യസിക്കുന്നതിലൂടെയും ഒരാൾക്ക് ദീർഘകാലം ജീവിച്ചിരിക്കാനും യൗവനം നിലനിർത്താനും കഴിയും. നിനക്കും വല്ലപ്പോഴും കായകല്പം പരിശീലിക്കാവുന്നതാണ്. ഭാവിയിൽ

സമൂഹത്തിൽനിന്നുമുള്ള സമ്മർദ്ദങ്ങളെ അതിജീവിക്കുന്നതിനു പരിശീലനം സഹായകരമാകും."

"ബാബാജി ഏതു തരത്തിലുള്ള സമ്മർദ്ദങ്ങളെയാണ് ഉദ്ദേശിക്കുന്നത്? എന്റെ ജീവിതം ഇവിടെ എത്രയും സുഖകരമാണ്. ഒരു സമ്മർദ്ദവും അനുഭവപ്പെടുന്നില്ല. ഞാൻ എന്നും അങ്ങയുടെകൂടെയായിരിക്കും കഴിയുന്നത്. ഈ ഹിമാലയ സാനുക്കളിൽ അങ്ങയുടെകൂടെ ജീവിക്കും. ഞാൻ സമതലത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ല."

ബാബാജി സ്നേഹപുരസ്സരം എന്റെ നേർക്കു നോക്കി. എന്നിട്ട് പറഞ്ഞു: "നീ ആഗ്രഹിക്കുന്നില്ല. അത് സത്യമാണ്. പക്ഷേ, നീ പോയേ തീരൂ." ഒരു നിമിഷം എന്തോ ആലോചിച്ചിട്ട് അദ്ദേഹം തുടർന്നു: "നിനക്ക് എന്റെ ഗുരുവിനു വേണ്ടി പല കാര്യങ്ങളും ചെയ്യാനുണ്ട്. ഇപ്പോൾ ഉടനേ അല്ല. അതുകൊണ്ട് വിഷമിക്കേണ്ടാ. നമുക്ക് കുറെ നാൾ പ്രകൃതിരമണീയമായ ഈ സ്ഥലത്ത് ഒരുമിച്ചു കഴിയാം."

ഞാൻ വിനയപുരസ്സരം പറഞ്ഞു: "അങ്ങു കൂടെയുള്ളപ്പോൾ എന്നെ ഒരു പ്രശ്നവും അലട്ടുകയില്ല. അങ്ങയുടെ സാന്നിദ്ധ്യമാണ് എനിക്ക് പ്രധാനമായിട്ടുള്ളത്. അങ്ങയുടെ ഗുരുവിനെപ്പോലെ അങ്ങും ശരീരത്തിന്റെ യൗവനം കാത്തു സൂക്ഷിക്കണം. എന്നിട്ട് എനിക്ക് നിർദ്ദേശങ്ങൾ തന്നുകൊണ്ടിരിക്കണം."

"അതിനു കഴിയുമെന്നു തോന്നുന്നില്ല. എന്റെ ഗുരുവായ ശ്രീഗുരു ബാബാജിക്കു മാത്രമേ അതിനു കഴിയുകയുള്ളൂ. അദ്ദേഹം ഈ ലോകത്തിൽ വസിക്കുന്നത് ചില പ്രത്യേകമായ ലക്ഷ്യങ്ങൾ നിറവേറ്റാൻവേണ്ടിയാണ്. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം പ്രത്യേക ദൗത്യങ്ങൾ ഒന്നുംതന്നെയില്ല. ഭാവിയിൽ ഒരിക്കൽ ഈ ലോകത്തോട് യാത്ര പറയേണ്ടതുണ്ട്. അതുവരെയും എനിക്ക് എന്റെ ശരീരം നല്ലപോലെ സംരക്ഷിക്കാൻ കഴിയും."

ബാബാജിയുടെ സംസാരം എനിക്കേറ്റ ഒരു വലിയ ആഘാതമായിരുന്നു. വികാരം കാരണം ശരീരം വിറയ്ക്കാൻ തുടങ്ങി. വിറയാർന്ന സ്വരത്തിൽ ഞാൻ അഭ്യർത്ഥിച്ചു: "ബാബാജി ഒരിക്കലും ഈ ലോകം വെടിയരുത്."

"പാവം കുട്ടി!" ഇതായിരുന്നു ബാബാജിയുടെ പ്രതികരണം. അദ്ദേഹം തുടർന്നു: "മാർഗ്ഗനിർദ്ദേശങ്ങൾക്ക് ഭൗതികശരീരം വേണമെന്നില്ല. മാത്രവുമല്ല ഈ ശരീരത്തോട് അത്യധികമായ ആസക്തി പുലർത്തുന്നതും ശരിയല്ല. നിനക്ക് നല്കിയിട്ടുള്ള എല്ലാ പരിശീലനങ്ങളും നീ സ്വതന്ത്രനായി കഴിയാൻ വേണ്ടിയാണ്. സ്വന്തം കാലിൽ നില്ക്കാൻവേണ്ടിയാണ്. ഒരു ഗുരുവിനെ ആശ്രയിക്കുന്നതുപോലും ആ സ്വാതന്ത്ര്യത്തെ ഹനിക്കും. അതുകൊണ്ട് സ്വതന്ത്രനായി ജീവിക്കൂ....."

അപ്പോഴേക്ക് ഗ്രാമത്തലവനെയും കൂട്ടിക്കൊണ്ട് പുരോഹിതൻ എത്തി. അവർ വിറകും ഭക്ഷണവും കൊണ്ടുവന്നിരുന്നു. ബാബാജി ആ ഗ്രാമത്തിൽ വന്നത് വിശ്രമിക്കാൻവേണ്ടിയല്ലെന്ന് അറിഞ്ഞപ്പോൾ ഗ്രാമത്തലവന് വിഷമം തോന്നി.

ഗ്രാമത്തലവനോട് ബാബാജി ആരാഞ്ഞു: "എങ്ങനെയുണ്ട് ആരോഗ്യം?"

"അങ്ങയുടെ അനുഗ്രഹത്താൽ സുഖമായി കഴിയുന്നു. അങ്ങയുടെകൂടെ യുവാവായ ഒരു യോഗികൂടിയുണ്ടല്ലോ. മുഖത്ത് നല്ല തേജസ്സുണ്ട്." ഇത്രയും പറഞ്ഞിട്ട് ഗ്രാമത്തലവൻ എന്റെ നേർക്കു നോക്കി പറഞ്ഞു: "നിങ്ങൾ ഭാഗ്യവാനാണ്. നിങ്ങൾക്ക് ബാബാജിയെപ്പോലെ ഒരു ഗുരുവിനെയാണല്ലോ കിട്ടിയിരിക്കുന്നത്."

അവർ ധൂനി കത്തിച്ചു. ഭക്ഷണം അകത്തു വച്ചിട്ട് അവിടെനിന്നും പോയി. പോകുന്നതിനുമുമ്പ് ഗ്രാമത്തലവൻ അഭ്യർത്ഥിച്ചു: "നാളെ ഞങ്ങളുടെ ഗ്രാമം സന്ദർശിക്കാൻ കനിവുണ്ടാകണം. ഞങ്ങളെ അനുഗ്രഹിക്കണം."

"തീർച്ചയായും" ബാബാജി പറഞ്ഞു.

ഞങ്ങൾ രണ്ടുപേരും ധൂനിയുടെ മുന്നിൽ ഇരുന്നു ധ്യാനിച്ചു. ജ്വാലകൾ സാനന്ദം നൃത്തം ചെയ്തു. ശരീരത്തിന് ഉഷ്ണം പകർന്നുതന്നു. അതോടൊപ്പം മനസ്സിന് ശാന്തിയും. ധ്യാനത്തിനുശേഷം ചപ്പാത്തിയും ഉരുളക്കിഴങ്ങുകറിയും കഴിച്ചു. ചപ്പാത്തി മുക്കിത്തിന്നാൻവേണ്ടി വേണ്ടുവോളം കാട്ടുതേനും അവിടെ വച്ചിരുന്നു. അടുത്ത ദിവസം വളരെ ദൂരം യാത്ര ചെയ്യേണ്ടതിനാൽ നേരത്തേ കിടന്നുറങ്ങാൻ ബാബാജി നിർദ്ദേശിച്ചു.

അടുത്ത ദിവസത്തെ പ്രഭാതം അത്ഭുതകരമായ പല കാഴ്ചകളും സമ്മാനിച്ചു. ഒരു ഭാഗത്ത് മനോഹരമായി ഒഴുകുന്ന നദിയും മറുഭാഗത്ത് ചേതോഹരങ്ങളായ പർവ്വതനിരകളും ചുറ്റും സ്വർണ്ണ നിറമുള്ള പൂക്കൾ ചൂടിയ മാരിഗോൾഡ് ചെടികളും ഞങ്ങളുടെ മനം കവർന്നു. ഞങ്ങൾ നദിയിൽ മുങ്ങിക്കുളിച്ചു. കുറച്ചു കഴിഞ്ഞ് യാത്ര തുടങ്ങി. ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരുന്നത് ഗഡ്വാലിലെ ഏറ്റവും മനോഹരമായ താഴ്വരയിലൂടെയായിരുന്നു. ഞങ്ങൾ കുറച്ചു സമയം കഴിഞ്ഞപ്പോൾ ദേവഗ്രാം എന്ന ഗ്രാമത്തിൽ എത്തിച്ചേർന്നു. ആ കൊച്ചു ഗ്രാമത്തിലെ എല്ലാ നിവാസികളും ഗ്രാമത്തലവന്റെ നേതൃത്വത്തിൽ ഞങ്ങളെ സ്വാഗതം ചെയ്യാൻ തടിച്ചുകൂടിയിരുന്നു. ഞങ്ങളെ ഗ്രാമത്തലവൻ അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ആ ഭവനത്തിലെ ലാളിത്യം ഞങ്ങളെ ആകർഷിച്ചു. സ്ത്രീകൾ ഞങ്ങളുടെ പാദങ്ങൾ കഴുകി. എന്നിട്ട് ഞങ്ങളെ ഇരുത്തിയത് പ്രത്യേകം സജ്ജമാക്കിയ ഇരിപ്പിടത്തിൽ ആയിരുന്നു. ഭക്ഷണം വിഭവസമൃദ്ധമായിരുന്നു. കുട്ടികൾ കൗതുകത്തോടെ ഞങ്ങളുടെ നേർക്ക് വിരൽചൂണ്ടി അമർത്തിച്ചിരിക്കുന്നുണ്ടായിരുന്നു.

ചില ഗ്രാമവാസികളോട് ബാബാജി സംസാരിച്ചു. കൂടക്കൂടെ ബാബാജി പ്രസ്തുത ഗ്രാമം സന്ദർശിക്കാറുണ്ട്. അതിനാൽ അവർക്ക് ബാബാജി സുപരിചിതനായിരുന്നു. ഞാൻ സ്വയം പറഞ്ഞു: "അദ്ദേഹം എന്നും ഒരു സഞ്ചാരി." ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞിരിക്കും. ഗ്രാമവാസികൾ വൈമനസ്യത്തോടെ ഞങ്ങളെ യാത്ര തുടരാൻ അനുവദിച്ചു. വഴിമദ്ധ്യേയുള്ള ആവശ്യത്തിനായി അവർ രണ്ടു സഞ്ചിനിറച്ച് ഭക്ഷണവും ഒരു കുപ്പി തേനും തന്നയച്ചു. ഞങ്ങൾ നടന്നു നീങ്ങവേ ഗ്രാമത്തലവൻ ബാബാജിയോടു പറഞ്ഞു: "അങ്ങ് രുദ്രനാഥിൽ വച്ച് ജോഗി മഹാരാജിനെ കാണുമ്പോൾ അദ്ദേഹത്തെ എന്റെ പ്രണാമങ്ങൾ അറിയിച്ചാലും."

ഹരിതാഭമായ ഉർഗും താഴ്വരയിലൂടെ ഞങ്ങൾ നടക്കുകയായിരുന്നു. ചെറിയ ചാറ്റൽമഴ മാറാതെ പെയ്തുകൊണ്ടിരുന്നു. അതിമനോഹരമായ

ഒരു മാരിവല്ല് ഞങ്ങൾക്ക് സ്വാഗതമരുളി. ഞങ്ങൾ രണ്ടു മണിക്കൂർ നടന്നു. അതിനിടയിൽ അധികമൊന്നും സംസാരിച്ചില്ല. എപ്പോഴത്തെയുംപോലെ ബാബാജി മുന്നിലും ഞാൻ പിന്നിലും ആയിട്ടാണ് നടന്നുകൊണ്ടിരുന്നത്. അദ്ദേഹം ചുറുചുറുക്കോടെ നടന്നുകൊണ്ടിരുന്നു. ഞാൻ ഒരു പർവ്വതത്തിലെ കോലാടിന്റെ ഗതിവേഗത്തോടെ അദ്ദേഹത്തിന്റെ പിന്നിൽ നടന്നുകൊണ്ടി രുന്നു. അദ്ദേഹത്തിന്റെ ഓരോ ചലനത്തെയും അനുകരിക്കാൻ ശിഷ്യനായ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു.

പെട്ടെന്ന് നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ട് ഒരു മനുഷ്യശബ്ദം കേൾക്കുക യുണ്ടായി. നിരനിരയായി നിൽക്കുകയായിരുന്ന ദേവദാരു വൃക്ഷങ്ങളെ പിന്നിട്ടുകൊണ്ട് താഴ്വരയിലൂടെയുള്ള യാത്ര സുഖകരമായിരുന്നു. അതിനിട യിലാണ് ഞങ്ങൾ ദുമാഖ് എന്ന കൊച്ചുഗ്രാമത്തിലേക്ക് പ്രവേശിച്ചത്. നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടുള്ള ശബ്ദം കൊച്ചുകുട്ടികളുടേത് ആയിരുന്നു. അവർ ഉല്ലാസത്തോടെ കളിച്ചു ചിരിച്ചു രസിച്ചുകൊണ്ട് ഓടിവരിക യായിരുന്നു. ഗ്രാമത്തലവന്റെ മൂത്ത പുത്രൻ ബാബാജിയെ സ്വാഗതം ചെയ്യുകയും കഴിഞ്ഞ തവണ സ്വാഗതം ചെയ്യാൻ തന്റെ അച്ഛൻ ഉണ്ടായിരുന്ന കാര്യം ഓർമ്മിപ്പിക്കുകയും ചെയ്തു. ഇപ്പോൾ അച്ഛൻ ജീവിച്ചിരിപ്പില്ല. ഗ്രാമ ത്തലവന്റെ മൂത്ത പുത്രൻ വളരെ വ്യസനത്തോടെയാണ് അച്ഛന്റെ മരണ വാർത്ത ബാബാജിയെ അറിയിച്ചത്. അയാൾ ഞങ്ങളെ കൂട്ടിക്കൊണ്ട് ഗ്രാമത്തല വന്റെ വീട്ടിലേക്കു പോയി. രണ്ടുപേരും ആ ഭവനത്തിൽനിന്നുമാണ് ഭക്ഷണം കഴിച്ചത്. ചപ്പാത്തിയും ഉരുളക്കിഴങ്ങും ദാലും ആയിരുന്നു വിഭവങ്ങൾ.

ദുമാഖ് എന്ന കൊച്ചുഗ്രാമം ഞങ്ങൾക്ക് കൊച്ചു സ്വർഗ്ഗംപോലെ അനുഭവ പ്പെട്ടു. നീലത്തടാകത്തിനു സമീപത്ത് ചരിഞ്ഞുകിടക്കുന്ന താഴ്വരയിലൂടെ പാടിയൊഴുകുന്ന പുഴകൾ കണ്ണുകൾക്ക് ഉത്സവമായി. ഞാൻ പുഴയിൽനിന്നും വെള്ളം കോരി കുടിച്ചു. പുഴയിലെ ജലത്തിന് ഔഷധഗുണം ഉണ്ടെന്ന് ഗ്രാമീണർ അവകാശപ്പെട്ടു. ഗ്രാമം മുഴുവൻ വൻദേവദാരു വൃക്ഷങ്ങൾ തല ഉയർത്തി നിന്നിരുന്നു. ബാബാജി എന്നെയും കൂട്ടിക്കൊണ്ട് ഒരു കുന്നിന്റെ മുകളിലേക്കുപോയി. അവിടെ നിന്നുകൊണ്ട് ചക്രവാളത്തെ തൊട്ടുനില്ക്കുന്ന ദ്രോണഗിരി മലനിര ചൂണ്ടിക്കാട്ടി. ഞങ്ങൾ ഗ്രാമവാസികളോട് വിട പറഞ്ഞു. പിന്നെയും യാത്ര തുടർന്നു.

ഒരു വലിയ കയറ്റം കയറി ഞങ്ങൾ സന്ധ്യയ്ക്ക് പനാറിൽ എത്തി. ബാബാജി പറഞ്ഞു: "കാകഭുശുണ്ഡി തടാകം ഇവിടെനിന്നും വളരെ അകലെയല്ല. പക്ഷേ, നമുക്ക് ഇപ്പോൾ അവിടെ പോകാൻ കഴിയുകയില്ല. രാവിലെ ആകാശം തെളിഞ്ഞതാണെങ്കിൽ നന്ദാദേവി പർവ്വതനിര കാണാം. സമീപത്ത് പ്രകൃതിദത്തമായ ഒരു ചെറിയ ഗുഹ ഉണ്ട്. മുമ്പ് ഒരിക്കൽ ഞാൻ ഒരു രാത്രിയിൽ എന്റെ ഗുരുവിനോടൊപ്പം അവിടെ തങ്ങിയിട്ടുണ്ട്. ഇന്നു രാത്രി നമുക്ക് അവിടെ കഴിച്ചുകൂട്ടാം. ഈ പ്രദേശങ്ങളൊക്കെ എപ്പോഴും വരാൻ ആഗ്രഹിക്കുന്ന സ്ഥലങ്ങളാണ്."

എന്റെ ഉള്ളിൽ പ്രതീക്ഷയുടെ ദീപം തെളിഞ്ഞു. ഒരുവേള ഗുരു ബാബാജി ഇവിടെ വന്ന് ഞങ്ങളെ അനുഗ്രഹിക്കുമോ? ഇടുങ്ങിയ താഴ്വരയിലെ വഴിയിലൂടെ താഴോട്ടിറങ്ങിയ ഞങ്ങൾ ഒട്ടും വൈകാതെ ഒരു വലിയ

ഗുഹയുടെ സമീപത്ത് എത്തി. അപ്പോഴേക്കും ഇരുട്ടു വ്യാപിക്കാൻ തുടങ്ങിയിരുന്നു. ഗുഹയ്ക്കുള്ളിൽനിന്നു പുറത്തേക്ക് പ്രകാശം വരുന്നതു കണ്ട് ഞാൻ അതിശയിച്ചു. ആവേശം കാരണം ശരീരം വിറച്ചു. എന്റെ പ്രാർത്ഥന സഫലമാകാൻ പോകുകയാണോ? ബാബാജി തിടുക്കത്തിൽ പറഞ്ഞു: പെട്ടെന്നു വരൂ. ഒരു കൊടുങ്കാറ്റിനു സാധ്യതയുണ്ട്. മഞ്ഞു വീഴാനും ഇടയുണ്ട്.

എല്ലായ്പോഴും ശാന്തമായി കണ്ടിരുന്ന ബാബാജി ഗുഹയ്ക്കുള്ളിലേക്കു കയറിയപ്പോൾ അതിശയം പ്രകടിപ്പിച്ചു: "ഓഹോ?" വിശാലമായ ഗുഹയുടെ മധ്യഭാഗത്ത് ധൂനി കത്തിച്ചുവച്ചിരുന്നു. ഞങ്ങളുടെ മുൻപിൽ ഇരുണ്ട നിറമുള്ള ഉയരം കുറഞ്ഞ തടിച്ചുകൊഴുത്ത ആരോ ഇരിക്കുന്നുണ്ടായിരുന്നു. നീണ്ട കറുത്ത തലമുടി തോളിലേക്ക് വീണു കിടന്നിരുന്നു. നീട്ടി വളർത്തിയ താടിയും ഉണ്ടായിരുന്നു. ബാബാജി ധരിക്കുന്നതുപോലെയുള്ള ഉടുവസ്ത്രമാണ് അദ്ദേഹവും ധരിച്ചിരുന്നത്.

അദ്ദേഹം ഞങ്ങളുടെ നേർക്കുനോക്കിക്കൊണ്ട് സന്തോഷസൂചകമായി "കൊള്ളാമല്ലോ!" എന്നുപറഞ്ഞു. എന്നിട്ട് ഉടനേ എണീറ്റ് ഞങ്ങളുടെ നേർക്കു കുതിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ഇപ്പോൾ മഹാനായ മഹേശ്വർ നാഥിനെ പിടികൂടിയിരിക്കുന്നു. അതും മുൻകൂട്ടി അറിയിക്കാതെ! ഞാൻ രുദ്രനാഥിൽ ആയിരിക്കും എന്നാവാം നിങ്ങൾ കരുതിയത്. ഞാനിതാ ഇപ്പോൾ പനാറിൽ നിങ്ങളുടെ മുന്നിൽ ഉണ്ട്." അന്നേരം ബാബാജി അദ്ദേഹത്തിന്റെ പാദം നമസ്കരിക്കാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: "മഹേഷ് ഇതിന്റെയൊന്നും ആവശ്യമില്ല." ഇത്രയും പറഞ്ഞിട്ട് അദ്ദേഹം എന്റെ തോളിൽ കൈവച്ചുകൊണ്ട് എന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചുനോക്കിയിട്ടു പറഞ്ഞു: "ഈ യുവാവിനുവേണ്ടി ശ്രീഗുരുജിയുടെ മനസ്സിൽ ചില പദ്ധതികൾ ഉണ്ട്. ആ മഹാത്മാവ് നിന്നെപ്പറ്റിയുള്ള സൂചനകൾ എനിക്കു നല്കിയിട്ടുണ്ട്. അതുകൊണ്ട് മധു ഒരുങ്ങിക്കൊള്ളൂ. കഠിനമായ സാധനകൾ അനുഷ്ഠിക്കാൻ തയ്യാറായിക്കൊള്ളൂ. നിനക്ക് ലഭിക്കാവുന്ന ഏറ്റവും ശ്രേഷ്ഠനായ ഗുരുവാണ് മഹേഷ്."

ബാബാജി എനിക്ക് അപരിചിതനായ മഹത്വ്യക്തിയെ പരിചയപ്പെടുത്തിത്തന്നു. "ഇദ്ദേഹം ശ്രീഗുരുവിന്റെ മുതിർന്ന ശിഷ്യന്മാരിൽ ഒരാളാണ്. തെങ്കാശി സിദ്ധർ എന്നാണ് അറിയപ്പെടുന്നത്. ഇദ്ദേഹം അനേകം വർഷങ്ങൾ തെങ്കാശിവെള്ളച്ചാട്ടത്തിനു സമീപത്ത് താമസിച്ചിരുന്നു. ശ്രീഗുരു ബാബാജിയാണ് ഇദ്ദേഹത്തോട് ഹിമാലയത്തിലേക്കു വരാൻ നിർദ്ദേശിച്ചത്. ഇദ്ദേഹത്തിന് തമിഴും മലയാളവും സംസാരിക്കാൻ കഴിയും."

സിദ്ധർ എന്നെ നോക്കിക്കൊണ്ട് പറഞ്ഞു: "നീ തമിഴ് സംസാരിക്കും, അല്ലേ? തിരുവനന്തപുരം ഒരു അതിർത്തി പ്രദേശമാണല്ലോ. അവിടെയുള്ള അനേകം പേർക്ക് തമിഴ്ഭാഷ വശമുണ്ട്. ശരിയല്ലേ?"

"ശരിയാണ് സിദ്ധരേ," ഞാൻ തമിഴിൽ സംസാരിച്ചു. "എനിക്ക് തമിഴിൽ നല്ലപോലെ സംസാരിക്കാൻ കഴിയും. എനിക്ക് ധാരാളം തമിഴ് സംസാരിക്കുന്ന സുഹൃത്തുക്കൾ ഉണ്ട്."

"വളരെ നല്ല കാര്യം?" സിദ്ധർ അഭിപ്രായപ്പെട്ടു. നിങ്ങൾക്ക് ചോറ് കഴിക്കാൻ ആഗ്രഹം കാണും. അല്ലേ?... ഞാൻ രണ്ടുപേർക്കുംവേണ്ടി ചോറും

സാമ്പാറും ഉണ്ടാക്കിവച്ചിട്ടുണ്ട്. ചൂടോടെ കഴിക്കാം. പാൽപ്പായസവും ഉണ്ടാക്കിയിട്ടുണ്ട്." ധൂനിക്കു സമീപം വച്ചിരുന്ന മൺപാത്രങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നമുക്ക് ചൂടോടെ ഭക്ഷണം കഴിക്കാം."

'ഓം' മന്ത്രധ്വനിക്കുശേഷം എല്ലാവരും ഭക്ഷണം കഴിച്ചു. എനിക്ക് ഭക്ഷണം ഏറ്റവും ആസ്വാദ്യകരമായിരുന്നു. സിദ്ധർ എന്നോട് ദീർഘനേരം സംസാരിച്ചു. എന്റെ ഗുരുവിനോടൊപ്പം അദ്ദേഹം ദക്ഷിണഭാരതത്തിൽ സഞ്ചരിച്ചിട്ടുണ്ടെന്നു പറഞ്ഞു. ബാബാജി ഒന്നും പറയാതെ എല്ലാം കേട്ടുകൊണ്ടിരുന്നു. ഞാനുമായുള്ള ബന്ധം പുനസ്ഥാപിക്കുന്നതിനുവേണ്ടി ബാബാജി തിരുവനന്തപുരത്ത് വന്നിരുന്നപ്പോൾ അദ്ദേഹവും ബാബാജിയുടെ കൂടെ ഉണ്ടായിരുന്നുവെന്ന് അറിയിച്ചു. അദ്ദേഹം പിന്നീട് കോവളം കടൽത്തീരത്തിനു സമീപമുള്ള അഗസ്ത്യകൂടത്തിൽ ധ്യാനിക്കുന്നതിനുവേണ്ടി പോയി. ആ സമയത്ത് ബാബാജി എന്നെ കണ്ടെത്താനുള്ള തിരക്കിൽ ആയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

അദ്ദേഹം സിദ്ധസമ്പ്രദായത്തിലെ പ്രധാനപ്പെട്ട ഉപദേശങ്ങൾ എനിക്ക് ചുരുക്കത്തിൽ പറഞ്ഞുതന്നു. അഗസ്ത്യമുനിയുടെ ശിഷ്യനായ തിരുമൂലാർ മുനി രചിച്ച 'തിരുമന്തിരം' എന്ന കൃതി വായിക്കാൻ അദ്ദേഹം എന്നോട് പറഞ്ഞു. എന്നിട്ട് അദ്ദേഹം എനിക്ക് തമിഴ്സിദ്ധന്മാരും, നാഥ് സമ്പ്രദായക്കാരും കാശ്മീരിലെ ശൈവമതക്കാരും ഗുരുബാബാജിയും തമ്മിലുള്ള ബന്ധം വിശദീകരിച്ചുതന്നു. ഇതൊക്കെ കേട്ടുകൊണ്ടിരുന്ന എന്റെ മനസ്സിൽ ഒരു സംശയം ഉദിച്ചു. ഞാൻ അദ്ദേഹത്തോട് ആരാഞ്ഞു: "ചില ആളുകൾ ശ്രീഗുരുവിനെ "മഹാവതാർ ബാബാജി" എന്ന് പരാമർശിക്കുന്നത് കേട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് അദ്ദേഹത്തെ അപ്രകാരം വിളിക്കുന്നത്? "സിദ്ധർ എന്റെ ചോദ്യത്തിന് ശാന്തസ്വരത്തിൽ ഉത്തരം നല്കി: "ആദ്യകാലത്ത് ആരും തന്നെ ഗുരു ബാബാജിയെ അങ്ങനെ വിളിച്ചിരുന്നില്ല. എന്നാൽ പിന്നീട് അദ്ദേഹത്തിൽനിന്നും നേരിട്ട് ശിഷ്യത്വം നേടാത്ത ഒരു എഴുത്തുകാരൻ അമിതാവേശത്തോടെ അദ്ദേഹത്തെ 'മഹാവതാർ ബാബാജി' എന്ന പദപ്രയോഗംകൊണ്ട് വിശേഷിപ്പിച്ചു. പക്ഷേ, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾക്ക് അദ്ദേഹം 'ഗുരുബാബാ' ആണ്. അദ്ദേഹത്തെ ആഹ്വാനം ചെയ്യാനുള്ള മന്ത്രം 'ശ്രീ ഗുരുഭ്യോ നമഃ' എന്നാണ്. അതീവ ശ്രദ്ധയോടെയും അത്യന്തം വിനയത്തോടെയും അദ്ദേഹത്തെ സ്മരിച്ചുകൊണ്ട് പ്രസ്തുത മന്ത്രം ജപിക്കുന്ന ആളിന് ഉടനേ ഗുരുവിന്റെ അനുഗ്രഹം ലഭിക്കുന്നു."

അദ്ദേഹം പറഞ്ഞു: "ഇപ്പോൾ കിടന്നുറങ്ങിക്കൊള്ളൂ. നാളെ ഒരു വലിയ കയറ്റം കയറിവേണം രുദ്രനാഥിലേക്ക് പോകേണ്ടത്. ഞാൻ കുറെ ദിവസം ഇവിടെത്തന്നെ കാണും. ഞാൻ ഒരാളെ കാത്തിരിക്കുകയാണ്."

ഞാൻ ധൂനിയുടെ സമീപത്തുള്ള ഒരിടം ഉറങ്ങാനായി തിരഞ്ഞെടുത്തു. ചില കാര്യങ്ങൾ ചർച്ച ചെയ്യുന്നതിൽ ബാബാജിയും സിദ്ധരും മുഴുകി. ഞാൻ 'ശ്രീ ഗുരുഭ്യോനമഃ' എന്ന മന്ത്രം ജപിച്ചുകൊണ്ട് കിടന്നുറങ്ങി. ഞാൻ സ്വപ്നത്തിൽ ശ്രീ ഗുരു ബാബാജിയെ ദർശിച്ചു. അദ്ദേഹം എന്നെ സ്വന്തം കരങ്ങളിൽ എടുത്തുകൊണ്ടു പോകുന്നത് കണ്ടു.

സംപൂജ്യനായ സിദ്ധരോട് യാത്ര ചോദിച്ചുകൊണ്ട് ഞങ്ങൾ രാവിലെ രുദ്രനാഥിലേക്ക് പുറപ്പെട്ടു. ചുറ്റുമുള്ള എല്ലാ കുന്നുകളും മഞ്ഞുകൊണ്ട് മൂടപ്പെട്ടിരുന്നു. തണുത്ത കാറ്റ് വീശിയടിക്കുന്നുണ്ടായിരുന്നു. എന്നാൽ ആകാശം തെളിഞ്ഞതായിരുന്നു. രാത്രിയിലെ മഞ്ഞുവീഴ്ചമൂലമാണ് കുന്നുകൾ മഞ്ഞുകൊണ്ടു മൂടപ്പെട്ടത്. സൂര്യൻ ഉദിച്ചതോടെ വിദൂരതയിൽ കണ്ട കൊടുമുടികളുടെ ധവളശോഭയ്ക്ക് പൊടുന്നനേ ഒരു മാറ്റമുണ്ടായി. കൊടുമുടികളുടെ അഗ്രഭാഗങ്ങൾ സ്വർണ്ണത്തിന്റെ പീതവർണ്ണത്താൽ ആശ്ചര്യജനകമായി പ്രശോഭിച്ചു.

ഞങ്ങൾ വൈകുന്നേരം രുദ്രനാഥിൽ എത്തി. അതികഠിനമായ യാത്ര ചെയ്താണ് അവിടെ എത്തിച്ചേർന്നത്. ഉച്ച സമയത്ത് കുറച്ചു കടല മാത്രം കഴിച്ചു. അടുത്തുള്ള പുഴയിൽനിന്ന് വെള്ളം കുടിച്ചിട്ട് ഒരിടത്ത് ഇരുന്ന് അല്പംനേരം വിശ്രമിച്ചു. അവിടെ നിന്നുകൊണ്ട് ഞങ്ങൾക്ക് മഞ്ഞുകൊണ്ടു മൂടിയ നന്ദാദേവി മലനിര വ്യക്തമായി കാണാൻ കഴിഞ്ഞു. അതിനു കുറച്ചു വലതുഭാഗത്താണ് ദ്രോണഗിരി പർവ്വതനിരകൾ.

കല്പേശ്വരത്തിൽ ഉള്ളതുപോലെ രുദ്രനാഥിൽ ക്ഷേത്രം ഇല്ലായിരുന്നു. എന്നാൽ ചെറിയ ഒരു ആരാധനാലയം ഉണ്ടായിരുന്നു. ഇഷ്ടികയാൽ നിർമ്മിച്ചിരുന്ന ഒരു ചെറിയ കെട്ടിടത്തിനുള്ളിലായിരുന്നു വിഗ്രഹം. ആരാധനാലയം പർവ്വതത്തിന്റെ ചരിഞ്ഞ ഭാഗത്തായിരുന്നു. മഞ്ഞുമൂടിയ നന്ദാദേവി പർവ്വതനിരകളെ അഭിമുഖീകരിക്കുന്ന ആ പ്രദേശം സമുദ്രനിരപ്പിൽനിന്നും 8,200 അടി ഉയരത്തിൽ ആയിരുന്നു. ആരാധനാലയത്തോടു ചേർന്ന ഒരു ചെറിയ പുരയിൽ ഞങ്ങൾ രാത്രി കഴിച്ചുകൂട്ടി. ആ പുര പുരോഹിതനുവേണ്ടി പണിയിച്ചതായിരുന്നു. ഞങ്ങളുടെ ഭാഗ്യത്തിന് അന്ന് അദ്ദേഹം ഗോരേശ്വരിൽ പോയിരിക്കുകയായിരുന്നു. അദ്ദേഹം അടുത്ത ദിവസം എത്തിച്ചേരും എന്ന് പുരോഹിതന്റെ സഹായി ഞങ്ങളോടു പറഞ്ഞു. ഞങ്ങൾ പിറ്റേന്ന് തുംഗനാഥിലേക്കു പുറപ്പെടാൻ നിശ്ചയിച്ചു.

ഇരുപത്തിയെട്ട്

പല മാർഗ്ഗങ്ങളിലേക്കും നയിച്ച കേദാർനാഥ്

തുംഗനാഥ്, മദമഹേശ്വർ എന്നീ സ്ഥലങ്ങളിലെ യാത്ര പൂർത്തിയാക്കിയതിനുശേഷം ഞങ്ങൾ ഗുപ്താക്ഷിയിലൂടെയും സോനപ്രയാഗിലൂടെയും കേദാർനാഥിൽ എത്തി. അവിടെവച്ച് രണ്ടു കസ്തൂരിമാനുകളെ കാണാൻ കഴിഞ്ഞുവെന്നതൊഴിച്ചാൽ എടുത്തുപറയത്തക്ക കാര്യങ്ങളൊന്നും ഉണ്ടായില്ല.

ശ്രീഗുരു ബാബാജിയെ കാണാനുള്ള അഭിലാഷം ഞാൻ മനസ്സിൽ കാത്തുസൂക്ഷിച്ചിരുന്നു. കേദാരനാഥിൽ വച്ച് ഗുരുബാബാജിയുടെ ദർശനം ലഭിക്കുമെന്നാണ് എന്റെ പ്രതീക്ഷയെന്ന് പറഞ്ഞപ്പോൾ ബാബാജി ലഘുവായി ശാസിച്ചുകൊണ്ടു പറഞ്ഞു: "ക്രിയായോഗ പരിശീലനത്തിന്റെയും ആദ്ധ്യാത്മിക സാധനകളുടെയും ലക്ഷ്യം ബാബാജി മഹാരാജിനെ സന്ദർശിക്കുക എന്നത് അല്ല. സ്വയം ആദ്ധ്യാത്മികമായ ഒരു പരിവർത്തനത്തിനു വിധേയമായി ഉയർന്ന ആദ്ധ്യാത്മികതലത്തിൽ എത്തിച്ചേരലാണ് ലക്ഷ്യം. ശ്രീഗുരു ബാബാ ആഗ്രഹിക്കുന്നുവെങ്കിൽ ആവശ്യപ്പെടാതെതന്നെ മുന്നിൽ എത്തുന്നതായിരിക്കും. എവിടെയെങ്കിലുംവച്ച് എപ്പോഴെങ്കിലും ഗുരുവിനെ ദർശിക്കാനുള്ള സൗഭാഗ്യം എനിക്കു കിട്ടുമെന്ന് ഞാൻ പ്രത്യാശിക്കുന്നു."

മന്ദാകിനി നദിയിലെ പാലം കടന്നാൽ ഒരു ഇടുങ്ങിയ പാതയുണ്ട്. അത് ദേവാലയത്തിലേക്കുള്ള പാതയാണ്. ദേവാലയത്തിന്റെ ഇടതുവശത്ത് ഏതാനും കുടീരങ്ങൾ നിർമ്മിച്ചിരിക്കുന്നു. നിലവിലുണ്ടായിരുന്ന ഗുഹകൾക്കു അനുബന്ധമായും ഗുഹകളെ അനുകരിച്ചുമാണ് കുടീരങ്ങൾ നിർമ്മിച്ചിരിക്കുന്നത്. അവിടെ യോഗികൾ ഏകാന്തതയിൽകഴിയുന്നു. അവയിൽ ഒരെണ്ണം ബാബാജിക്ക് വളരെ ഇഷ്ടപ്പെട്ടതാണ്. കൂടക്കൂടെ കേദാരനാഥിൽ വരാൻ ഇഷ്ടപ്പെട്ടിരുന്ന ഉത്തരേന്ത്യക്കാരനായ ഒരു വ്യാപാരി നിർമ്മിച്ചതാണ് പ്രസ്തുത കുടീരം. അദ്ദേഹം ബാബാജിയുടെ ഏതാനും ശിഷ്യന്മാരിൽ ഒരാളായിരുന്നുവെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അദ്ദേഹത്തെ ഒന്നു രണ്ടു തവണ കണ്ടിട്ടുമുണ്ട്. 1983-ൽ ന്യൂഡൽഹിയിൽവച്ച് അദ്ദേഹം നിര്യാതനായി.

ബാബാജിയും ഞാനും കേദാരനാഥിൽ എത്തി. അപ്പോൾ ആ കുടീരം ശുചീകരിച്ച് താമസയോഗ്യമായി വച്ചിരിക്കുന്നതായി കാണപ്പെട്ടു. ഒരു മൂലയിൽ ഒരാഴ്ച ധൂനി കത്തിക്കാനുള്ള വിറക് സംഭരിച്ചുവച്ചിരുന്നു. വ്യാപാരി അദ്ദേഹത്തിന്റെ പാചകക്കാരനോട് ഞങ്ങൾക്കു ദിവസവും രണ്ടുനേരം ഭക്ഷണം തരാനും തിളപ്പിച്ച പാൽ തരാനും നിർദ്ദേശം നല്കിയിരുന്നു.

ഗുഹയിൽനിന്നും അത്ഭുതകരമായ കാഴ്ചകൾ കാണാൻ കഴിഞ്ഞു. സൂര്യാസ്തമന സമയത്ത് മഞ്ഞുമൂടിയ കേദാരനാഥിന് കമനീയമായ ചുവപ്പു നിറമായിരുന്നു. ലിംഗം പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രത്തിനു മുകളിലൂടെ കൊടുമുടികൾ കാണാൻ കഴിയും. അപരിമേയമായ മഹാശക്തിയെ ആരാധിക്കാൻ പറ്റിയ രീതിയിൽ പ്രതീകാത്മകമായി ക്ഷേത്രത്തിൽ ലിംഗരൂപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. മഹായോഗിയായ ശിവന്റെ വികാരോത്തേജിതമായ രുദ്രരൂപമാണ് അവിടെയുള്ളത്. നല്ല വെൺമയുള്ള ഹിമവസ്ത്രധാരികളായ കേദാരത്തിന്റെ സുഹൃത്തുക്കളെയും ചുറ്റും കാണാൻ കഴിയും. അതിശൈത്യമാണ് അനുഭവപ്പെട്ടിരുന്നതെങ്കിലും ബാബാജിയും ഞാനും സന്തോഷകരമായ അനേകം ദിവസങ്ങൾ അവിടെ ചെലവഴിച്ചു.

ഞങ്ങൾ എല്ലാ ദിവസവും ലിംഗദർശനത്തിന് ക്ഷേത്രത്തിൽ പോയിരുന്നു. ക്ഷേത്രത്തിലെ തെക്കേ ഇന്ത്യയിൽനിന്നുമുള്ള ഏറ്റവും മുതിർന്ന പുരോഹിതൻ ബാബാജിയെ അളവറ്റ് ആദരിച്ചിരുന്നു. ക്ഷേത്രത്തിനുള്ളിൽ ഞങ്ങൾക്ക് ഇഷ്ടമുള്ളിടത്തോളം സമയം ഇരിക്കാൻ അനുവദിച്ചിരുന്നു. ശ്രീകോവിലിനുള്ളിൽനിന്നും പ്രസരിച്ചിരുന്ന ഊർജ്ജം ഞങ്ങൾക്ക് തികച്ചും അനുഭവവേദ്യമായി. അതിനാൽ എനിക്ക് അനായാസേന ധ്യാനത്തിൽ മുഴുകാൻ കഴിഞ്ഞു.

ധ്യാനത്തിനുശേഷം ഞങ്ങൾ 'ഭൈരവ്' എന്ന കുന്നിൽ പോയിരുന്നു. കുന്നിന്റെ മുകളിൽനിന്നുമുള്ള കാഴ്ചകൾ ഞെട്ടിപ്പിക്കുന്നവയായിരുന്നു. ഞങ്ങൾ അവിടെ ധാരാളം സമയം കണ്ണുതുറന്നുവച്ചുകൊണ്ട് ധ്യാനത്തിൽ നിമഗ്നരായി ഇരുന്നിരുന്നു. ഭൈരവ് കുന്നിനോടു ചേർന്നുള്ള ഒരു ചെറിയ കുന്നിൽ ഭൈരവനാഥിന്റെ ബിംബങ്ങൾ പ്രതിഷ്ഠിച്ചിട്ടുള്ള രണ്ടു കുടീരങ്ങൾ ഉണ്ട്. ഒരു കുടീരത്തിൽ 'ഉദാസിസാധു'വും മറ്റൊന്നിൽ കഞ്ചാവ് വലിക്കുന്ന നാഗസന്ന്യാസിയുമാണ് താമസിച്ചിരുന്നത്. രണ്ടുപേരും ബാബാജിയെ കാണാൻ വരികയും അനുഗ്രഹം വാങ്ങി പോവുകയും ചെയ്തു.

ഉച്ചസമയത്ത് ഞങ്ങൾ ഭക്ഷണം കഴിക്കുന്നതിനു ഗുഹയിലെത്തും. അവിടെ പാചകക്കാരൻ ഞങ്ങളുടെ ഭക്ഷണം ഒരുക്കിവച്ചിരിക്കും. ചിലപ്പോഴൊക്കെ ദില്ലിയിലെ വ്യാപാരി നേരിട്ടുവന്ന് ബാബയുടെ അനുഗ്രഹം വാങ്ങിപ്പോയിരുന്നു. ആ സമയം അദ്ദേഹം തന്റെ സംശയനിവാരണത്തിനു വേണ്ടിയും വിനിയോഗിച്ചിരുന്നു. ഞങ്ങൾ ഗുഹയിൽത്തന്നെ വൈകുന്നേരങ്ങൾ ചെലവഴിച്ചു. ബാബാജി എനിക്ക് 'തോകരക്രിയ'യും ഉയർന്ന തലത്തിലുള്ള 'ക്രിയായോഗ' പരിശീലനവും നല്കിയിരുന്നു. എനിക്ക് എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അത് തീർക്കുന്നതിനുവേണ്ടി ക്ഷമയോടെ വിശദീകരിച്ചു തന്നിരുന്നു. രാത്രിയിൽ ലഘുവായ ഭക്ഷണത്തിനുശേഷം ധൂനിയെ അഭിമുഖീകരിച്ചുകൊണ്ട് വളരെയധികം സമയം ധ്യാനത്തിൽ കഴിഞ്ഞിരുന്നു. അതിനുശേഷം ഞാൻ ഉറങ്ങാൻ കിടക്കും. എന്നാൽ ബാബാജി പ്രതിമ കണക്കെ നിശ്ചലനായി ധൂനിയെ നോക്കിയിരിക്കും. സന്തോഷം പ്രദാനം ചെയ്ത ആറു ദിവസങ്ങൾ അതിവേഗം കടന്നുപോയി.

ഏഴാമത്തെ ദിവസം ബാബാജി എന്നോടു പറഞ്ഞു: "ഞാൻ നാലു ദിവസം ഇവിടെ കാണുകയില്ല. ഞാൻ എന്റെ ഗുരുവിന്റെകൂടെ ആയിരിക്കും.

അദ്ദേഹം ഇപ്പോൾ അത്ര ദൂരെയല്ല. പക്ഷേ, നിന്നെ എന്റെ കൂടെ കൊണ്ടു പോകാൻ കഴിയുകയില്ല. നാളെ രാവിലെ ഗുരു ബാബാജി പറഞ്ഞയച്ച മൂന്നു പേർ നിന്റെയടുത്ത് വരും. അവർ നിന്നെയും കൂട്ടിക്കൊണ്ട് ഒരു രഹസ്യ സങ്കേതത്തിലേക്ക് പോകും. അവിടെ വച്ച് ചില ക്രിയാവിധികൾ നടത്തും. അവയിലൂടെ നിന്റെ തലച്ചോറിന് ബഹുവിധ മാനങ്ങളുള്ള മണ്ഡലങ്ങളിലേക്ക് വ്യാപരിക്കാൻ കഴിയും. അവിടെവച്ച് നിനക്ക് ചില സങ്കേതവാക്കുകൾ ഉരുവിട്ടുതരും. അത് നീയും ഞാനും മാത്രമേ അറിയൂ. നിനക്ക് സുരക്ഷിതനായി അവരുടെ കൂടെ പോകാൻ കഴിയും. ഞാൻ അവിടെ ഉണ്ടായിരിക്കും. ഇപ്പോൾ എന്തായാലും വിശ്രമിക്കൂ. തുടർന്നു പരിശീലനം നടത്തൂ. ഇന്നു രാത്രിയിൽ ഭക്ഷണം ഒന്നും കഴിക്കരുത്. ധാരാളം വെള്ളം കുടിക്കണം."

ഇത്രയും പറഞ്ഞതിനുശേഷം അദ്ദേഹം സ്നേഹപൂർവ്വം എന്റെ ശിരസ്സിൽ സ്പർശിച്ചു. എന്നിട്ട് അദ്ദേഹം യാത്രയായി. ഞാൻ അദ്ദേഹത്തിലൂടെ എനിക്ക് ശ്രീഗുരുബാബയെ കാണാൻ അതിയായ ആഗ്രഹം ഉണ്ട് എന്ന ഒരു സന്ദേശം എത്തിക്കണമെന്ന് വിചാരിച്ചു എന്നാൽ അങ്ങനെ ചെയ്യുന്നത് ബുദ്ധിപൂർവ്വം അല്ല എന്നുവിചാരിച്ച് മിണ്ടാതിരുന്നു. ഒന്നും പറയേണ്ടതില്ലെന്ന കാര്യം അദ്ദേഹത്തിന് അറിയാമായിരുന്നു. കാരണം, എല്ലാത്തിനും ഒരു സമയമുണ്ട്.

പിറ്റേന്നു രാവിലെ മൂന്നുപേർ എന്റെയടുത്ത് വന്നു. മൂന്നുപേരെയും കണ്ടാൽ ഒരുപോലെയിരിക്കും. അവരുടെ ശരീരത്തിൽ ഒരിടത്തും ഒരു രോമംപോലും കാണാൻ കഴിഞ്ഞില്ല. നല്ല ആകർഷകമായ നിറമായിരുന്നു അവരുടേത്. അര മുതൽ മുട്ടോളം എത്തുന്ന ശുഭ്രവസ്ത്രം ധോത്തിപോലെ ഉടുത്തിരുന്നു. കാലിൽ മെതിയടി ധരിച്ചിരുന്നതുകൊണ്ട് ശബ്ദം പുറപ്പെടുവിച്ചുകൊണ്ടാണ് അവർ നടന്നിരുന്നത്. അവരുടെ തവിട്ടും കറുപ്പും കലർന്ന നിറമുള്ള തലമുടി തോളറ്റത്ത് വീണു കിടന്നിരുന്നു. ചില ജൈനമുനികൾ തങ്ങളുടെ മുഖം പ്രത്യേകരീതിയിലുള്ള മാസ്ക്കൊണ്ട് മറച്ചുപിടിക്കുന്നതുപോലെ ആഗതർ പച്ചനിറമുള്ള നീളത്തിലുള്ള തുണ്ടുതുണികൾകൊണ്ട് മുഖം മറച്ചിരുന്നു. അവരുടെ മുഖത്ത് കാണാൻ കഴിഞ്ഞത് അവരുടെ വിശാലമായ നെറ്റിയും തവിട്ടുനിറമുള്ള കണ്ണുകളും മാത്രമാണ്.

അവർ ഒരുമിച്ച് ഒറ്റ സ്വരത്തിലാണ് ഹിന്ദിയിൽ സംസാരിച്ചത്. അവരുടെ സ്വരം സൗമ്യവും എന്നാൽ ദൃഢതയാർന്നതുമായിരുന്നു. അവർ ഒറ്റസ്വരത്തിൽ പറഞ്ഞു: "മധു! ഞങ്ങൾ നിങ്ങളെ ചില ക്രിയാവിധികൾ അഭ്യസിപ്പിക്കാൻ വേണ്ടി ഒരു രഹസ്യസങ്കേതത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ വന്നവരാണ്. ഞങ്ങളുടെ കൂടെ വരൂ."

ഉടനേ ഞാൻ അവരോടു പറഞ്ഞു: "ബാബാജി പറഞ്ഞ സങ്കേതവാക്ക് പറയൂ."

അവർ ഒരുമിച്ച് സങ്കേതവാക്ക് മന്ത്രിച്ചു. ഞാൻ ഒരു മടിയും കൂടാതെ അവരെ പിന്തുടർന്നു. ഞങ്ങൾ താഴോട്ടിറങ്ങി ഒരു ക്ഷേത്രത്തിന്റെ പിന്നിലൂടെ നടന്നു. ഒരിടത്ത് എത്തിയപ്പോൾ അവർ അവിടെ ഒരു നിമിഷം നിന്നിട്ട് പറഞ്ഞു: "ഇവിടെവച്ചാണ് ആദിശങ്കരൻ രഹസ്യപാതയിലൂടെ സഞ്ചരിച്ച് മഹാനായ ശ്രീഗുരുവിനെ സന്ദർശിച്ചത്. അതിനുശേഷം അദ്ദേഹം പൊതു ജനദൃഷ്ടിയിൽനിന്നും അപ്രത്യക്ഷനായി."

പത്തു മിനിട്ടുകൂടി നടന്നു കഴിഞ്ഞപ്പോൾ അവർ പറഞ്ഞു: "ഇപ്പോൾ ഞങ്ങൾ നിങ്ങളുടെ കണ്ണുകെട്ടുന്നതായിരിക്കും." അവർ കറുത്ത തുണികൊണ്ട് എന്റെ കണ്ണുകൾ കെട്ടി. എന്നിട്ട് മുന്നോട്ടു കൊണ്ടുപോയി. അതിനുശേഷം അവർ ഒരു വാതിൽ തുറക്കുന്ന ശബ്ദം കേട്ടു. അവർ എന്നെ കോവണിയിലൂടെ താഴോട്ടു കൊണ്ടുപോയി. ആ ഭാഗത്തെ ശാന്തതയും തണുത്ത കാറ്റിന്റെ പെട്ടെന്നുള്ള അഭാവവും തങ്ങൾ ഇപ്പോൾ ഭൂഗർഭതുരങ്കത്തിലായിരിക്കും എന്ന് ഊഹിക്കാൻ പ്രേരിപ്പിച്ചു.

ഞങ്ങൾ ഒരിടത്ത് നിന്നപ്പോൾ കത്തിച്ചുവച്ചിരിക്കുന്ന ചന്ദനത്തിരിയുടെ സുഗന്ധം അനുഭവപ്പെട്ടു. അവിടെവച്ച് കണ്ണിലെ കെട്ട് അഴിച്ചുമാറ്റപ്പെട്ടു. അപ്പോൾ ഞാൻ നിന്നിരുന്നത് എണ്ണവിളക്ക് കത്തിച്ചുവച്ചിരുന്ന വിശാലമായ ഭൂഗർഭഗുഹയിൽ ആയിരുന്നു. മദ്ധ്യഭാഗത്തുള്ള അഗ്നികുണ്ഡത്തിൽനിന്നും സുഗന്ധം എല്ലായിടത്തേക്കും വ്യാപിച്ചുകൊണ്ടിരുന്നു. ഒരറ്റത്ത് ബാബാജി ഇരിക്കുന്നതു കണ്ടപ്പോൾ എനിക്ക് ആശ്വാസമായി. അദ്ദേഹം പറഞ്ഞു. "പേടിക്കാനൊന്നുമില്ല. നിന്റെ തലച്ചോറിന്റെ ചില കേന്ദ്രങ്ങളെ പ്രയോഗക്ഷമ മാക്കേണ്ടതുണ്ട്. ധ്യാനത്തിലൂടെയല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെയാണ് അത് ചെയ്യുന്നത്. അധികസമയം ഇല്ലാത്തതുകൊണ്ടാണ് ഇപ്രകാരം ചെയ്യു ന്നത്. ഞങ്ങൾ കുറച്ചു ധൃതിയിലാണ്. ഈ കേന്ദ്രങ്ങളെ പ്രയോഗക്ഷമ മാക്കിയില്ലെങ്കിൽ ഉയർന്ന മാനങ്ങളിൽ എത്തിച്ചേരാനുള്ള മാർഗ്ഗങ്ങൾ തുറന്നുകിട്ടാൻ അനേകം ജന്മങ്ങൾ വേണ്ടിവരും. ഇപ്പോൾ പ്രാചീനർ ഉപ യോഗിച്ചിരുന്ന സോമരസം കുടിക്കൂ. നിനക്കുവേണ്ടി ഇത് പ്രത്യേകമായി തയ്യാറാക്കിയതാണ്." ഇളംപച്ച നിറമുള്ള ദ്രാവകംനിറച്ച ഒരു വെള്ളിക്കിണ്ണം അദ്ദേഹം എന്റെ നേർക്കു നീട്ടി.

ഞാൻ വജ്രാസനത്തിൽ ഇരുന്നുകൊണ്ട് കടുത്ത മധുരമുള്ള ഔഷധം പാനം ചെയ്തു. അപ്പോൾ എനിക്കുണ്ടായ അനുഭവം മുമ്പ് കോളേജിൽ പഠിച്ചിരുന്നപ്പോൾ എന്റെ സുഹൃത്തായ രൺജിത്തിനോടൊപ്പം അരക്കുപ്പി ബിയർ കുടിച്ചപ്പോൾ ഉണ്ടായ അനുഭവംപോലെയായിരുന്നു. അനുഭവ ത്തിന് പെട്ടെന്നു മാറ്റം സംഭവിക്കാൻ തുടങ്ങി. ലഹരി കൂടുതൽ കൂടുതൽ തീക്ഷ്ണമാകാൻ തുടങ്ങി. എന്നെ കൂട്ടിക്കൊണ്ടുവന്ന മൂന്നുപേരും എന്റെ മുമ്പിൽ ചമ്രം പടിഞ്ഞിരുന്ന് സാമവേദസ്തോത്രങ്ങൾ ചൊല്ലിക്കൊണ്ടിരുന്നു. സ്തോത്രങ്ങൾ ചൊല്ലുന്നതിന്റെ ഒഴുക്കിൽ എന്റെ മനസ്സും ലയിച്ചുചേർന്നു. മനസ്സ് വികസിക്കുകയും ശരീരത്തിൽനിന്നും പുറത്തേക്ക് ഒഴുകുന്നതു പോലെയും തോന്നി. വിവിധ വർണ്ണങ്ങളിലുള്ള തീവ്രമായ പ്രകാശം കാണുക യുണ്ടായി. അപ്പോൾ ഞാൻ പറഞ്ഞുകേട്ടിട്ടുള്ള എൽ.എസ്.ഡി. അനു ഭവങ്ങളെപ്പറ്റി ഓർത്തുപോയി.

ബാബാജി കരുതലോടെ എന്നെ ഒരു ശിലാഫലകത്തിന്റെ അടുത്തേക്ക് കൊണ്ടുപോയി. അതിൽ ശവാസനത്തിൽ എന്നപോലെ എന്നെ കിടത്തി. അദ്ദേഹം സംസാരിച്ചു. അപ്പോൾ എനിക്ക് അദ്ദേഹത്തിന്റെ ശബ്ദം ദൂരെ എവിടെനിന്നോ വരുന്നതുപോലെ തോന്നി. "കണ്ണടയ്ക്കൂ" അദ്ദേഹം പറഞ്ഞു: "നിന്റെ ആത്മാവ് ശരീരം വെടിയട്ടെ." തൽക്ഷണം ഞാൻ അത്ഭുത കരമായ ഒരു കാഴ്ച കണ്ടു. ഞാൻ ഗുഹയുടെ ഇടതുഭാഗത്തുള്ള ഭിത്തിയോട്

ചേർന്നു നിന്നുകൊണ്ട് ശിലാഫലകത്തിൽ നിവർന്നു കിടക്കുന്ന എന്റെ ശവശരീരം കണ്ടു.

ബാബാജിയുടെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മൂന്നുപേരും സ്തോത്രങ്ങൾ ഉരുവിടുന്നത് നിർത്തി. എന്നിട്ട് കറുത്തനിറമുള്ള അർദ്ധഗോളാകൃതിയിലുള്ള ഒരു സാധനം എന്റെ തലയുടെ സമീപത്ത് കൊണ്ടുവച്ചു. അർദ്ധഗോളത്തിൽനിന്നും അവർ രണ്ടു സ്വർണ്ണക്കമ്പികൾ ഊരിയെടുത്ത് തലയുടെ രണ്ടു ഭാഗങ്ങളെയും കൂട്ടിച്ചേർത്തു കെട്ടി. എന്നിട്ട് അവർ ആ സൂത്രത്തിന്റെ മുകൾ ഭാഗം ബലമായി അമർത്തി. ഞാൻ സുരക്ഷിതനായി നിന്നിരുന്ന സ്ഥലത്ത് നിന്നുകൊണ്ട് ഇതാണ് കണ്ടത്. എന്റെ ശരീരം അപസ്മാരം പിടിപെട്ടവനെപ്പോലെ ചലിക്കാൻ തുടങ്ങി. അതു കണ്ടുകൊണ്ടു നില്ക്കുകയായിരുന്ന ഞാൻ ഞടുങ്ങി. ഞാൻ വീണ്ടും എന്റെ സ്വന്തം ശരീരത്തിലേക്കു മടങ്ങി. അപ്പോൾ ശരീരത്തിൽ അപസ്മാര രോഗികളുടെ കോച്ചൽ അനുഭവപ്പെട്ടു.

നട്ടെല്ലിന് തീവ്രമായ പൊള്ളുന്ന വേദന അനുഭവപ്പെട്ടു. നട്ടെല്ലിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ചൂടു കാരണം എന്റെ മുഴുവൻ ശരീരവും പ്രത്യേകിച്ച് എന്റെ ശിരസ്സും അഗ്നിക്കിരയായതുപോലെ തോന്നി. ഞാൻ ഏറക്കുറെ എന്റെ ജീവിതം അവസാനിച്ചുവെന്നു കരുതി. ഈ പ്രതിസന്ധിയിൽനിന്നും എനിക്കു മോചനമില്ലെന്നും വിചാരിച്ചു. പെട്ടെന്ന് വല്ലാത്തൊരു അലർച്ചയുടെ ശബ്ദം കേട്ടു. അതേ ശബ്ദം ഉത്തരക്ഷണത്തിൽ ആശ്വാസദായകമായ ഒരു മൂളലായി പരിണമിച്ചു. അത് എന്റെ ബോധത്തെ തഴുകി. ആരോ ഒരാൾ വളരെ സമയമെടുത്ത് ഇമ്പമാർന്ന സ്വരത്തിൽ 'ഓം' എന്ന് ഉച്ചരിക്കുന്നതുപോലെ തോന്നി. ശരീരത്തിലെ കോച്ചൽ അപ്രത്യക്ഷമായി. ചൂടു ശമിച്ചു. തണുപ്പുള്ള രാത്രിയിൽ അഗ്നികുണ്ഡത്തിൽനിന്നും ലഭിക്കുന്ന ചൂടിൽനിന്നും ശരീരത്തിനു കിട്ടുന്ന ആശ്വാസംപോലെയുള്ള ഒരു അനുഭവമാണ് അപ്പോൾ ഉണ്ടായത്. ആ സുഖം ശരീരത്തിനും മനസ്സിനും ഒരുപോലെ ലഭിച്ചു. എന്റെ ശിരസ്സിനു മുകളിൽനിന്നും അത്യപൂർവ്വമായ ഒരു ആനന്ദലഹരി നട്ടെല്ലിലൂടെ കീഴ്പോട്ട് ഒഴുകാൻ തുടങ്ങി. ആപാദചൂഡം ആനന്ദലഹരിയിൽ മുഴുകി. അത്യത്ഭുതകരമായ പരമാനന്ദത്തിൽ ഞാൻ വിലയം പ്രാപിച്ചു.

ഞാൻ കണ്ണുകൾ തുറന്ന് ചുറ്റും നോക്കി. എല്ലാം പുതുപുത്തനായി അനുഭവപ്പെട്ടു. എല്ലാത്തിനും പുതിയൊരു ജീവന്റെ സ്പന്ദനം ലഭിച്ചതുപോലെ തോന്നി. ഞാൻ ഒരു പുതിയ മനുഷ്യനായിത്തീർന്നു. പഴയ മനുഷ്യനിൽനിന്നും ഉയർത്തെണീറ്റ പുതിയ മനുഷ്യനായി മാറി. പഴയതൊക്കെ മൺമറഞ്ഞു. ഞാൻ വ്യതിരിക്തമായ ഒറ്റപ്പെട്ട സത്തയല്ലാതായിത്തീർന്നു. ബോധത്തിന്റെ കേന്ദ്രബിന്ദുവായ ഞാൻ എല്ലാത്തിലും ഉണ്ട്. നിസ്സാരമായ മൺതരിയിലും ആകാശഗംഗയിലും ഞാൻ വ്യാപിച്ചിരിക്കുന്നു. എല്ലാ അതിർവരമ്പുകളും ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. ഞാൻ ബാബാജിയെ കണ്ടു. ഞാൻതന്നെയാണ് അദ്ദേഹം എന്നും അദ്ദേഹംതന്നെ എന്നെ നോക്കുകയാണെന്നും തോന്നുകയുണ്ടായി.

ബാബാജി എന്നെ നോക്കി പറഞ്ഞു: "നീ ഇപ്പോൾ പുനർജനിച്ചിരിക്കുന്നു. ദ്വിജൻ എന്ന വാക്കിന്റെ യഥാർത്ഥം ആണ് സംഭവിച്ചിരിക്കുന്നത്. സാവധാനം

ഉണർന്നെണീൽക്കൂ. എന്തുകൊണ്ടെന്നാൽ പുതിയ ആത്മാവുമായി പൊരുത്തപ്പെടാൻ സമയമെടുക്കും. പുതിയതായി ജനിച്ച ഒരു കുഞ്ഞിനെപ്പോലെ നിനക്ക് തറയിൽ ഇഴയേണ്ടി വരും; പിന്നീട് എണീറ്റിരിക്കും. അതിനുശേഷം പിച്ചവച്ചു നടക്കും. പിന്നീട് പരിശീലനംകൊണ്ട് നേരേ നില്ക്കാൻ പഠിക്കും. ഒടുവിൽ പൂർണ്ണത കൈവരിച്ച് ആത്മവിശ്വാസത്തോടെ കാൽ നീട്ടിവച്ചു നടക്കും.

"ഞാൻ നിന്നെ അനുഗ്രഹിക്കുന്നു. ശ്രീഗുരു ബാബാജി തന്റെ പഴയ ശിഷ്യനായ മധുവിനെ ഋഷികേശിൽവച്ച് അധികം വൈകാതെ എപ്പോഴെങ്കിലും കാണും എന്ന് വാഗ്ദാനം നല്കിയിട്ടുണ്ട്. നമുക്ക് ഇനി നമ്മുടെ ഗുഹയിലേക്കു മടങ്ങിപ്പോകാം. ഒരിക്കൽകൂടി കണ്ണടച്ചുകൊണ്ട് പത്മാസനത്തിൽ ഇരിക്കൂ." ഞാൻ അദ്ദേഹത്തിന്റെ ആജ്ഞ അനുസരിച്ചു. ശക്തമായി വീശിയ കാറ്റ് എന്നെയും വഹിച്ചുകൊണ്ട് എവിടെയോ കൊണ്ടിട്ടതുപോലെ എനിക്കു തോന്നി. നിമിഷങ്ങൾക്കുള്ളിൽ ഞാൻ താഴോട്ട് ഇറങ്ങിവരുന്നതുപോലുള്ള തോന്നൽ ഉണ്ടായി. പെട്ടെന്ന് എന്റെ ചലനം നിലച്ചു. അപ്പോൾ ബാബാജി പറഞ്ഞു: "കണ്ണുകൾ തുറക്കൂ." ഞാൻ കണ്ണു തുറന്നു. അപ്പോൾ ഞങ്ങൾ രണ്ടു പേരും മലഞ്ചരിവിന്റെ മുകളിലുള്ള തങ്ങളുടെ വാസസ്ഥലമായ ഗുഹയിൽ ഇരിക്കുന്നതാണ് കണ്ടത്. ബാബാജി പറഞ്ഞു: "ഇത്തരത്തിലുള്ള ഗമനാഗമന പ്രക്രിയ ഇനി ഒരിക്കലും ആവർത്തിക്കപ്പെടുകയില്ല." ഒരു നിമിഷം കഴിഞ്ഞ് അദ്ദേഹം തുടർന്നു: "ഈ ഭൂമിയിൽ നിന്റെ കാലാവധി പൂർത്തിയാകുന്ന സമയത്ത് നിർദ്ദിഷ്ടമായ ഒരു കാരണംമൂലം ആവർത്തിച്ചേക്കും. ശരി, നീ ലാലാജിയുടെ അടുത്തുപോയി നിനക്കുള്ള ഭക്ഷണത്തിന് ഏർപ്പാടാക്കൂ. അപ്പോഴേക്കും ഞാൻ ധൂനി കത്തിക്കട്ടെ."

ഞങ്ങൾ കേദാരനാഥിൽ നാലു ദിവസംകൂടി തങ്ങി. ആ ദിവസങ്ങളിൽ ഞാൻ ബാദരായണ വ്യാസനാൽ വിരചിതമായ *ബ്രഹ്മസൂത്രത്തെപ്പറ്റിയുള്ള* കാര്യങ്ങൾ ബാബാജിയുമായി ചർച്ച ചെയ്ത് സംശയനിവൃത്തി വരുത്തി. കൂടാതെ രഹസ്യവാദ (മിസ്റ്റിക്) ഗ്രന്ഥമായ *പിസ്റ്റിസ് സോഫിയായും* ചർച്ചയ്ക്കു വിഷയമായി.

ഇരുപത്തിയൊൻപത്

ആകാശത്തുനിന്നൊരു അത്ഭുതം

അഞ്ചാമത്തെ ദിവസം ഞങ്ങൾ ഋഷികേശിലേക്കുള്ള ഇറക്കം ആരംഭിച്ചു. സോനപ്രയാഗ്, ഗുപ്തകാശി, രുദ്രപ്രയാഗ് എന്നീ സ്ഥലങ്ങളിലൂടെയാണ് പോകേണ്ടിയിരുന്നത്. രണ്ടു നദികളുടെ സംഗമഭൂമിയുടെ സമീപത്തുള്ള ഈ പ്രദേശത്ത് രണ്ടു ദിവസം ഒരു വൈഷ്ണവ ഭൈരാഗി സന്ന്യാസിയോടൊപ്പമാണ് കഴിച്ചു കൂട്ടിയത്. അടുത്തദിവസം ഞങ്ങൾ ദേവപ്രയാഗിൽ എത്തി. അവിടെ പ്രായം ചെന്ന ഒരു നേപ്പാളി യോഗിയോടൊപ്പം കഴിയാനുള്ള അവസരം കിട്ടി. അദ്ദേഹത്തിന് വളരെ മുമ്പ് പശുപതിനാഥിൽ വച്ച് അല്പസമയത്തേക്ക് ശ്രീഗുരു ബാബാജിയെ ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിരുന്നു. അദ്ദേഹം തന്റെ അനുഭവം വിവരിക്കുന്നത് കോരിത്തരിപ്പോടെ കേട്ടുകൊണ്ടിരുന്നു.

ഒരു പ്രഭാതത്തിലായിരുന്നു ഞങ്ങൾ ദേവപ്രയാഗിൽനിന്നും പുറപ്പെട്ടത്. വൈകുന്നേരമായപ്പോൾ ഞങ്ങൾ വസിഷ്ഠ ഗുഹയിൽ എത്തി. മുമ്പ് ഞാൻ അവിടെ അനേകം ദിവസങ്ങൾ ചെലവഴിച്ചിട്ടുണ്ട്. കാലിലെ മുറിവുകളും വ്രണങ്ങളും കരിയുന്നതും കാത്ത് കഴിഞ്ഞിരുന്ന എന്നെ പരിചരിച്ചത് കേരളത്തിൽനിന്നുമുള്ള ഒരു ബ്രഹ്മചാരി ആയിരുന്നു. ബ്രഹ്മചാരി അതിനുമുമ്പ് ബാബാജിയെ കണ്ടിട്ടില്ലായിരുന്നു. എന്നാൽ ബ്രഹ്മചാരിയുടെ ഗുരുവായ ശ്രീ പുരുഷോത്തമാനന്ദിനെ ബാബാജിക്ക് അറിയാമായിരുന്നു. വളരെമുമ്പ് വസിഷ്ഠഗുഹയിൽ വച്ച് ബാബാജി അദ്ദേഹത്തെ പരിചയപ്പെട്ടിരുന്നു. ബ്രഹ്മചാരി ബാബാജിക്ക് ഒരു സന്ന്യാസിവര്യൻ അർഹിക്കുന്ന എല്ലാ ആദരവുകളും നല്കി.

ബാബാജി വസിഷ്ഠഗുഹയിൽ തങ്ങാൻ ആഗ്രഹിച്ചിരുന്നില്ല. വസിഷ്ഠ ഗുഹയുടെ സമീപത്തുകൂടി പാറക്കെട്ടുകളുള്ള ഗംഗാതീരത്തുകൂടി കുറച്ചു ദൂരം മുന്നോട്ടു പോയിക്കഴിഞ്ഞാൽ ശ്രദ്ധിച്ചുനോക്കിയാൽ മാത്രം കാണാൻ കഴിയുന്ന ഒരു ഗുഹയുണ്ട്. അതിന്റെ തൊട്ടടുത്തുനിന്നിരുന്ന അരയാൽ മരത്തിന്റെ വേരുകൾ അതിനെ ഭംഗിയായി മറച്ചിരുന്നു. അരുന്ധതിഗുഹ എന്ന പേരിലാണ് അത് അറിയപ്പെട്ടിരുന്നത്. അവിടെ രണ്ടുപേർക്ക് തങ്ങാനുള്ള ഇടം ഉണ്ടായിരുന്നു. അതിന്റെ മുന്നിലുള്ള വിശാലമായ പരന്ന പാറ വരാന്തയുടെ പ്രയോജനം ചെയ്യുന്നതായിരുന്നു. അദ്ദേഹത്തിന് ആ ഗുഹ വളരെ ഇഷ്ടമാണെന്നും അവിടെ പലതവണ താമസിച്ചിട്ടുണ്ടെന്നും എന്നോടു പറഞ്ഞു. വഴുതി വീഴാൻ സാധ്യതയുള്ള പാറകളിൽ സൂക്ഷിച്ചു കയറിയാണ് ഗുഹയുടെ മുന്നിലെത്തിയത്. വരാന്തപോലെയുള്ള പാറ ധൂനി കത്തിക്കാൻ അനുയോജ്യമായിരുന്നു. ഗംഗാജലത്തിൽ സ്നാനം ചെയ്യുകയും സന്ധ്യയ്ക്കു

മുമ്പുതന്നെ തൊട്ടടുത്ത കാട്ടിൽനിന്നും ഉണങ്ങിയ വിറകു ശേഖരിക്കുകയും ചെയ്തു. വസിഷ്ഠഗുഹയിൽനിന്ന് രണ്ടുപേർക്ക് ദിവസവും ഒരു നേരത്തേ ഭക്ഷണം ഞാൻ ഏർപ്പാടു ചെയ്തു. അരുന്ധതിഗുഹയിൽ ഒരാഴ്ച സുഖകരമായി കഴിഞ്ഞു.

അരുന്ധതി ഗുഹയിൽ എത്തിച്ചേർന്ന സായാഹ്നത്തിൽ എന്തുകൊണ്ടോ എനിക്ക് നല്ല ക്ഷീണം തോന്നിയിരുന്നു. ബാബാജി ചിലപ്പോഴൊക്കെ അദ്ദേഹത്തിന്റെ കാല് തിരുമ്മിക്കൊടുക്കാൻ എന്നെ അനുവദിച്ചിരുന്നു. അത് എനിക്ക് ഏറെ സന്തോഷം നല്കുന്ന കാര്യമായിരുന്നു. അന്നു വൈകുന്നേരം അദ്ദേഹത്തിന്റെ കാല് തിരുമ്മിക്കൊണ്ടിരുന്ന സമയത്ത് ഞാനറിയാതെ ഉറങ്ങിപ്പോയി. എനിക്ക് എപ്പോൾ ഉറക്കം വന്നുവെന്നോ എനിക്ക് എന്തു സംഭവിച്ചുവെന്നോ ഞാൻ അറിഞ്ഞില്ല. രാത്രിയിൽ ഞാൻ ഇടയ്ക്ക് ഉണർന്നു. എന്തോ ഒന്ന് എന്റെ കാലിൽ പിടിച്ചിരിക്കുന്നതുപോലെ തോന്നി. എന്റെ മനസ്സിലൂടെ കടന്നുപോയ ആദ്യ ചിന്ത ഏതോ വന്യജീവി എന്നെ വലിച്ചിഴച്ചുകൊണ്ടുപോകുന്നു എന്നായിരുന്നു. ഞാൻ എണീറ്റിരിക്കാൻ ശ്രമിച്ചു. അന്നേരം ബാബാജിയുടെ സാന്ത്വനവാക്കുകളാണ് ഞാൻ കേട്ടത്: "കുഞ്ഞ് ഉറങ്ങിക്കൊള്ളൂ. നീ വല്ലാതെ ക്ഷീണിച്ചിരിക്കുന്നു. നിന്റെ മാംസപേശികൾക്ക് വിശ്രമം വേണം." അപ്പോഴാണ് ഞാൻ മനസ്സിലാക്കിയത്. എന്റെ വലതു കാൽ അദ്ദേഹത്തിന്റെ മടിയിലായിരുന്നു. അത് അദ്ദേഹം തിരുമ്മിക്കൊണ്ടിരിക്കുകയായിരുന്നു.

പെട്ടെന്ന് 'ബാബാജി' എന്നു വിളിച്ചുകൊണ്ട് ഞാൻ കാല് പുറകോട്ട് വലിച്ചപ്പോൾ അദ്ദേഹം സ്നേഹം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു: "ശാന്തമായി ഉറങ്ങിക്കൊള്ളൂ. നീ എന്തിനാണ് വെറുതെ ഭയക്കുന്നത്? നിന്റെ കാല് എന്റെ മടിയിൽ വച്ചതുകൊണ്ട് നീ നരകത്തിലൊന്നും പോകുകയില്ല. തെറ്റു ചെയ്യുന്നവരുടെ ലോകത്തെക്കാൾ വലിയ നരകം ഒരിടത്തും ഇല്ല. നീ സുഖമായിട്ടുറങ്ങൂ. നിന്നെ ഞാൻ രാവിലെ വിളിച്ചുണർത്താം." രാത്രിയിലെ ഇരുട്ടിൽ ഞാൻ നിശ്ശബ്ദം കരഞ്ഞു. ആ മഹാത്മാവിന്റെ അനുകമ്പയാൽ തരളിതനായ ഞാൻ വീണ്ടും സുഖമായി ഉറങ്ങി.

ആ ആഴ്ച മുഴുവൻ ഞങ്ങൾ അരുന്ധതിഗുഹയിൽ അത്യധികമായ ആഹ്ലാദത്തോടെയാണ് കഴിഞ്ഞത്. അദ്ദേഹം കണ്ണുതുറന്നുവച്ചുകൊണ്ട് ധ്യാനം ചെയ്യുന്നത് എങ്ങനെയാണെന്ന് എന്നെ പഠിപ്പിച്ചു. സുന്ദരമായ ഒരു സായാഹ്നത്തിൽ അതെപ്പറ്റി അദ്ദേഹം എന്നോട് പറഞ്ഞു: "പല ആളുകൾക്കും കണ്ണടച്ചുകൊണ്ട് ധ്യാനിക്കുന്നത് എളുപ്പമാണ്. തങ്ങൾ ധ്യാനിച്ചുകൊണ്ടിരിക്കുന്നു എന്നായിരിക്കും അവർ ചിന്തിക്കുന്നത്. പക്ഷേ, വാസ്തവം മറ്റൊന്നാണ്. അവരുടെ മനസ്സിന് ബാഹ്യവിഷയങ്ങളിൽ വ്യാപരിക്കാതിരിക്കാൻ കഴിയുന്നില്ല. അവർ മനസ്സിനുള്ളിൽ മറ്റൊരു ലോകം ആവാഹിച്ചെടുത്ത് അതിൽ വ്യാപരിക്കുന്നു. വീണ്ടും അവർ ചിന്തകളിൽ കുടുങ്ങുന്നു. അതിനുപകരം നിങ്ങൾ കണ്ണുകൾ തുറന്നുവയ്ക്കൂ. എന്നിട്ട് താഴെ ഒഴുകിക്കൊണ്ടിരിക്കുന്ന ഗംഗയെ നിരീക്ഷിക്കൂ. ജീവിതംപോലെ അത് നിരന്തരം മുന്നോട്ട് പോയിക്കൊണ്ടേയിരിക്കുന്നു. അത് ഒരിടത്തും നില്ക്കുന്നില്ല. കെട്ടിക്കിടക്കുന്ന കുളത്തിലെ വെള്ളംപോലെ ദുഷിക്കുന്നുമില്ല. എന്നും മാറിക്കൊണ്ടിരിക്കുന്നു. എന്നും പുതുമയുള്ളതായിരിക്കുന്നു. എന്നും ശുദ്ധമായിരിക്കുന്നു.

എന്നും വികാസം പ്രാപിക്കുന്ന ബ്രഹ്മംപോലെയാണ് അത്. 'ബ്രഹ്' എന്ന ധാതുവിന്റെ അർത്ഥംതന്നെ വികാസം എന്നാണ്.

"ഇപ്രകാരം നിങ്ങൾ നിരീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങൾ ഈ പ്രപഞ്ചത്തിന്റെ ജീവിതവുമായി താദാത്മ്യം പ്രാപിക്കും. ഒരുതരം ഏകീഭാവം സംജാതമാകും. അന്തമില്ലാത്തതാണ് ജീവിതം. ഒന്നിനെയും ഭാവനയിൽ കാണാതിരിക്കൂ. മറിച്ച് തുറന്ന മനസ്സോടെ എല്ലാത്തിനെയും നിരീക്ഷിക്കൂ. നിശ്ചിതമായ ലക്ഷ്യം അരുത്. ഈശാവാസ്യോപനിഷത്തിൽ പറയുന്നതു പോലെ 'തേനത്യക്തേന ഭുഞ്ജീഥ' ത്യജിച്ചുകൊണ്ട് അനുഭവിക്കൂ.

അരുന്ധതിഗുഹയിൽ വച്ചു നടന്ന രണ്ട് അസാധാരണ സംഭവങ്ങളിൽ ഒന്ന് ദോശയെ സംബന്ധിക്കുന്നതാണ്. ഗുഹയിൽ തങ്ങിയ അവസാനനാളിൽ രാവിലെ ക്രിയായോഗം അഭ്യസിക്കുകയായിരുന്നു. ഞാൻ എന്റെ ശ്രദ്ധ രണ്ടു പുരികങ്ങൾക്കും മദ്ധ്യഭാഗത്തുള്ള വെളുത്ത രണ്ടു ദളങ്ങളുള്ള കേന്ദ്രത്തിൽ അതായത് ആജ്ഞാചക്രത്തിൽ കേന്ദ്രീകരിക്കുകയായിരുന്നു. പക്ഷേ, എത്ര ശ്രമിച്ചിട്ടും എനിക്ക് ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിഞ്ഞില്ല. എന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിക്കപ്പെട്ടത് എന്റെ പ്രിയ ഭക്ഷണമായ മസാലദോശയിലായിരുന്നു. അത് എനിക്ക് എത്രമാത്രം പ്രിയപ്പെട്ടതാണെന്ന വസ്തുത മനസ്സിലാക്കിയത് അന്നായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം മസാലദോശ എന്റെ മന സ്സിനെ വിടാതെ പിന്തുടരുന്ന ഒരാശയമായിരുന്നു. എത്രതന്നെ ശ്രമിച്ചിട്ടും ആ ചിന്ത മനസ്സിൽനിന്നും ഒഴിഞ്ഞുപോകുന്നില്ലായിരുന്നു.

ബാബാജി എന്റെ അടുത്തേക്കു വന്ന് എന്റെ തോളിൽ തട്ടിക്കൊണ്ടു ചോദിച്ചു: "നീ എന്താണ് ധ്യാനിക്കുന്നത്?" ഞാൻ മറുപടി നല്കി: "ആജ്ഞാ ചക്രം." അദ്ദേഹം തുടർന്നു ചോദിച്ചു: "അതിന് മസാലദോശയുടെ രൂപം ആയിരിക്കും. അല്ലേ?" ഇത്രയും പറഞ്ഞിട്ട് അദ്ദേഹം ചിരിക്കാൻ തുടങ്ങി.

ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു: "ബാബാജി എന്നെ സഹായിക്കണം. എന്റെ മനസ്സിൽ എന്തു നടക്കുന്നു എന്ന് അങ്ങേക്ക് അറിയാം. അതുകൊണ്ട് ചിരിക്കരുത്. എന്നെ സഹായിക്കുകയാണ് വേണ്ടത്."

"എന്നോട് ക്ഷമിക്കൂ" എന്നു പറഞ്ഞിട്ട് അദ്ദേഹം തുടർന്നു: "ഇനി ഞാൻ ചിരിക്കുകയില്ല. നിന്റെ മനസ്സിനെ വിടാതെ പിന്തുടരുന്ന ചിന്തയെ ഇല്ലാതാക്കാം. നാളെ നമുക്ക് ഋഷികേശിൽ പോയി അതിനു പരിഹാരം കാണാം. അതിനു ഞാൻ സഹായിക്കാം. അതിനു ആദ്യം ചെയ്യേണ്ടത് മതിയാവോളം മസാലദോശ കഴിക്കലാണ്. ഋഷികേശിലെ മദ്രാസ് കഫേയിൽ ഒന്നാന്തരം മസാലദോശ കിട്ടും. നിനക്ക് കഴിക്കാവുന്നിടത്തോളം ഞാൻ വാങ്ങിത്തരും. അതോടെ പ്രസ്തുത ചിന്തയിൽനിന്നും നീ മോചിതനാകും. താന്ത്രികവിദ്യയിൽ പ്രമാണ വാക്യമുണ്ട്: "യോഗോ ഭോഗാ യതയെ." അതിന്റെ അടിസ്ഥാനം ഒരു സത്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. അനുഭവിച്ചു വേണം ആഗ്രഹത്തിന് അറുതിവരുത്തേണ്ടത്. അതിനാൽ അല്പസമയം വിശ്രമിച്ചിട്ട് വീണ്ടും ശ്രമിച്ചുനോക്കൂ."

മസാലദോശ കഴിക്കാനുള്ള ആഗ്രഹം അടുത്ത ദിവസം നിറവേറ്റപ്പെടുമെന്ന ചിന്ത പ്രയോജനം ചെയ്തു. ദോശയെപ്പറ്റിയുള്ള വിചാരം മനസ്സിൽ നിന്ന് മായ്ക്കപ്പെടുകയും പരിശീലനം വിജയകരമായതിൽ ഞാൻ അത്ഭുത പ്പെടുകയും ചെയ്തു.

മറ്റൊരു അനുഭവം ഭയാനകമായിരുന്നു. അരുന്ധതിഗുഹയിൽ തങ്ങാൻ തുടങ്ങിയതിനുശേഷം മൂന്നാമത്തെ രാത്രിയിലാണ് അത് സംഭവിച്ചത്. ഒരു ശബ്ദം കേട്ട് രാത്രിയിൽ ഉണർന്നു. ഇടിമുഴക്കം ആയിരിക്കും എന്നാണ് ആദ്യം കരുതിയത്. ഞാൻ കണ്ണുതുറന്നു നോക്കിയപ്പോൾ ബാബാജി പതിവുപോലെ ധ്യാനത്തിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം എനിക്ക് എതിരേ തിരിഞ്ഞിരിക്കുകയായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ മുതുകാണ് ഞാൻ കണ്ടത്. ധൂനി കത്തിക്കൊണ്ടിരുന്നതിനാൽ അദ്ദേഹത്തിന്റെ നിഴൽരൂപവും കണ്ടു. ഞാൻ പുറത്തേക്കു നോക്കി. രണ്ടു മേഘപാളികളുടെ മദ്ധ്യത്തിൽ പൂർണ്ണ ചന്ദ്രന്റെ വലിപ്പത്തിലുള്ള എന്തോ ഒന്ന് പ്രകടമായി. എന്നാൽ അത് ചന്ദ്രനായിരുന്നില്ല. ആകാശത്തിൽ ചന്ദ്രനിൽനിന്നും ചൊരിയുന്ന നിലാവിന്റെ വെളിച്ചത്തിന്റെ സ്ഥാനത്ത് കണ്ടത് ജ്വലിക്കുന്ന അഗ്നിഗോളത്തെയായിരുന്നു. അത് ഗുഹയെ ലക്ഷ്യമാക്കി നീങ്ങിക്കൊണ്ടിരുന്നു. ഗുഹയോട് അടുക്കുന്തോറും ഇടിമുഴക്കത്തിന്റെ ശബ്ദം കൂടുതൽ ഉച്ചത്തിൽ മുഴങ്ങിക്കേട്ടു. ആ അത്ഭുത പ്രതിഭാസം ഗുഹയിലേക്കു കടന്നുവരികയും നേരേ ധൂനിയിൽ വന്നിറങ്ങുകയും ചെയ്തു. വന്നിറങ്ങിയത് ഇടിവെട്ടുന്ന ശബ്ദം പുറപ്പെടുവിച്ചുകൊണ്ടായിരുന്നു.

ഭയാകുലമായ അവസ്ഥയിൽ എനിക്ക് എണീറ്റിരിക്കാൻപോലും കഴിഞ്ഞില്ല. പക്ഷേ, ആ സമയത്തും ഒരു ശിലാപ്രതിമയെപ്പോലെ അചഞ്ചലനായി, തന്നെ ഒന്നും ബാധിക്കാത്തതുപോലെ ബാബാജി ഇരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ശ്രദ്ധ എന്നിലേക്കു തിരിച്ചുവിടാൻ ഉറക്കെ നിലവിളിക്കാൻ ആഗ്രഹിച്ചു. പക്ഷേ, എനിക്ക് ശബ്ദം പുറപ്പെടുവിക്കാൻ കഴിഞ്ഞില്ല. ഒരു വിധത്തിൽ ഞാൻ എണീറ്റിരുന്നു. എന്റെ ശരീരം മുഴുവൻ ഭയം കാരണം വിറയ്ക്കുകയായിരുന്നു.

ഭയചകിതമായ കണ്ണുകൾക്കു മുന്നിൽ കണ്ടത് അതിവിചിത്രമായ ഒരു ദൃശ്യമായിരുന്നു. പൊടുന്നനേ ഇടിമുഴക്കത്തിന്റെ ശബ്ദം പൂർണ്ണമായും നിലയ്ക്കുകയും അവിടെയാകെ നിശ്ശബ്ദത വ്യാപിക്കുകയും ചെയ്തു. രണ്ടടി വ്യാസമുള്ള അഗ്നികന്ദുകം പെട്ടെന്ന് രണ്ടായി പിളർന്നു. കൊടും ഭീതി കാരണം രോമങ്ങൾ എണീറ്റുനിന്നപ്പോൾ ശരീരത്തിനു വല്ലാത്ത തരിപ്പ് അനുഭവപ്പെട്ടു. അന്നേരം മുന്നിൽ കണ്ടത് പത്തി വിടർത്തിയ മൂർഖൻ പാമ്പിനെ ആയിരുന്നു. നീലനിറമുള്ള വൈദ്യുതി വെളിച്ചംപോലെ അത് തിളങ്ങിക്കൊണ്ടിരുന്നു. വയലറ്റ് നിറത്തിലുള്ള സുതാര്യമായ കണ്ണാടിപോലുള്ള ഒരു സാമഗ്രിക്കുള്ളിൽ വൈദ്യുത ഫിലമെന്റുകൾ കത്തിച്ചുവച്ചിരിക്കുന്നതുപോലെ തോന്നി. സർപ്പത്തിന്റേതുപോലുള്ള ആകൃതിയുള്ള ആ ജീവിയുടെ കണ്ണുകൾ തിളങ്ങി. അത് സൗമ്യമായ സീൽക്കാരം പുറപ്പെടുവിച്ചു.

ആ ജന്തു ശരീരം വളച്ച് പത്തികൊണ്ട് ബാബാജിയുടെ പാദങ്ങൾ സ്പർശിച്ചു. ആ നിമിഷത്തിൽ എന്റെ ഭയം കെട്ടടങ്ങി. ബാബാജി തന്റെ വലതുകൈകൊണ്ട് അതിന്റെ ശിരസ്സിൽ സ്പർശിച്ചിട്ട് ഒരു കാര്യം ചെയ്തു. ഒരു നിമിഷം ഞാൻ അതിശയത്തിലാണ്ടു. ഞാൻ കണ്ടുകൊണ്ടിരുന്നത് നിസ്സാരമെന്ന് പറഞ്ഞു തള്ളിക്കളയാവുന്ന സ്വപ്നമായിരുന്നോ അഥവാ സത്യമായിരുന്നോ? അദ്ദേഹം സീൽക്കാരത്തിലൂടെ ആ ജീവിക്ക് മറുപടി നല്കി.

നീല നിറമുള്ള ആ സർപ്പം നിവർന്ന് ബാബാജിയുടെ മുൻപിൽ ഇരുന്നു. കുറച്ചു നേരം രണ്ടുപേരും സീൽക്കാരഭാഷയിലൂടെയുള്ള സംസാരം തുടർന്നു. ബാബാജി എന്റെ നേർക്ക് തിരിഞ്ഞുകൊണ്ട് പറഞ്ഞു: "മധു! അടുത്തേക്കു വരൂ. സർപ്പലോകത്തിലെ ഉപമുഖ്യനെ കാണൂ." ഞാൻ മുന്നോട്ടു നീങ്ങി ബാബാജിയുടെ പിന്നിൽ കരുതലോടെ ഇരുന്നു. സർപ്പത്തിൽനിന്നും സീൽക്കാരം പുറപ്പെട്ടു. ബാബാജി പറഞ്ഞു: "നാഗരാജനെ വന്ദിക്കൂ." ഞാൻ സർപ്പത്തിനെ നമിച്ചു. അടുത്തിരുന്നപ്പോഴാണ് അതിനു നല്ല വലിപ്പമുണ്ടെന്ന് മനസ്സിലായത്. അതിന്റെ കണ്ണുകളിൽ വിവേകം ജ്വലിച്ചുനില്ക്കുന്നതുപോലെ തോന്നി. അത് ശീൽക്കാരം പുറപ്പെടുവിച്ചു. എന്നിട്ട് നാക്കുകൊണ്ട് എന്റെ ശിരസ്സിൽ സ്പർശിച്ചു. അന്നേരം എനിക്ക് അല്പംപോലും ഭയം തോന്നിയിരുന്നില്ല. എന്നിരുന്നാലും എന്റെ ശരീരത്തിൽ നേരിയ തോതിലുള്ള വൈദ്യുതാഘാതം ഏറ്റതുപോലെ അനുഭവപ്പെട്ടു.

അതിനുശേഷം അത് ഗോളത്തിന്റെയടുത്തേക്ക് ഇഴഞ്ഞുപോയി. രണ്ടായി വിഭജിക്കപ്പെട്ടിരുന്ന ഗോളം അടഞ്ഞ് ഒന്നായി മാറി. ഇതിനകം സർപ്പം ഗോളത്തിനുള്ളിൽ ആയിക്കഴിഞ്ഞിരുന്നു. ഉടനേ ഒരു ഇടിമുഴക്കം കേട്ടു. ഗോളം മുകളിലോട്ട് ഉയർന്നുപോയി മേഘങ്ങൾക്കിടയിൽ മറഞ്ഞു. എനിക്ക് ബാബാജിയോട് എന്തൊക്കെയാണ് സംഭവിച്ചതെന്നു ചോദിക്കാതിരിക്കാൻ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തോടു ചോദിച്ചു: "ഇവിടെ ഇപ്പോൾ എന്താണ് സംഭവിച്ചത്? ഞാൻ ഇത് ആരോടെങ്കിലും പറയുകയാണെങ്കിൽ ആരും വിശ്വസിക്കുകയില്ല. ആളുകൾ എനിക്കു കിറുക്കാണെന്നു പറയും. അല്ലെങ്കിൽ ഞാൻ ചമച്ച കെട്ടുകഥയാണെന്നു പറയും. അതുകൊണ്ട് നടന്നതൊക്കെ സ്വന്തം മനസ്സിൽ സൂക്ഷിക്കുകയേയുള്ളൂ. എങ്കിലും അങ്ങ് നടന്നുകഴിഞ്ഞത് എന്താണെന്ന് ദയവായി ഒന്നു വിശദീകരിച്ചുതന്നാൽ കൊള്ളാം."

ബാബാജി പ്രതിവചിച്ചു: "നീ പറഞ്ഞത് നേരാണ്. അധികം ആളുകളും നീ പറയുന്നതു വിശ്വസിക്കുകയില്ല. എന്നിരുന്നാലും പൊതുജനങ്ങളോട് നിന്റെ അനുഭവം അറിയിക്കണം. നീ നിന്റെ ആത്മകഥ എഴുതുമ്പോൾ അത് ചെയ്യാവുന്നതാണ്. ആരെങ്കിലും വിശ്വസിക്കുന്നതിനെയും വിശ്വസിക്കാതിരിക്കുന്നതിനെയും കാര്യമാക്കേണ്ടതില്ല. എങ്കിലും ഒരു വസ്തുത ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. സത്യം പലപ്പോഴും കഥയെക്കാൾ വിചിത്രമാണ്.

"ആകാശഗംഗയിൽ ഏഴു ഗ്രഹങ്ങളും പതിനെട്ട് ചന്ദ്രഗോളങ്ങളും ഉള്ള ഒരു നക്ഷത്രമണ്ഡലം ഉണ്ട്. ഈ ഗ്രഹങ്ങളിൽ ഒന്നിനെയാണ് സർപ്പലോകം എന്നു വിളിക്കുന്നത്. സർപ്പലോകത്തിൽ പൂർണ്ണമായും വസിക്കുന്നത് വളരെ വികാസം പ്രാപിച്ച ഫണമുള്ള നാഗങ്ങളാണ്. ഈ സർപ്പങ്ങളെ നാഗദേവതകൾ എന്നു വിളിക്കുന്നു. നീ കണ്ടതായ നാഗം സർപ്പലോകത്തിൽ ഉപമുഖ്യന്റെ സ്ഥാനം വഹിക്കുന്ന നാഗമാണ്. ഈ നാഗം നാഗരാജാവ് എന്നാണ് അറിയപ്പെടുന്നത്. സർപ്പലോകത്തിൽ പരമോന്നതമായ സ്ഥാനം വഹിക്കുന്നത് അഞ്ചു ഫണങ്ങളുള്ള സ്വർണ്ണനിറമുള്ള നാഗമാണ്. ഭാരതീയ പ്രാചീന ഗ്രന്ഥങ്ങളിൽ അതിനെയാണ് അനന്തൻ എന്ന പേരിൽ പരാമർശിക്കുന്നത്.

"സഹസ്രാബ്ദങ്ങൾക്കുമുമ്പ് മാനവസമൂഹം മാനസിക വികാസത്തിന്റെ കാര്യത്തിൽ വെറും ശൈശവാവസ്ഥയിൽ ആയിരുന്നപ്പോൾ അവർ സർപ്പ

ലോകവുമായി നിരന്തരം സമ്പർക്കം പുലർത്തിയിരുന്നു. വിവേകശാലികളും വികാസം പ്രാപിച്ചവരുമായ നാഗന്മാർ ഭൂലോകവുമായി നിരന്തരം സമ്പർക്കം പുലർത്തുകയും ഭൂമിയിൽ ദീർഘകാലം മനുഷ്യരെ പഠിപ്പിക്കുകയും വിദ്യ അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു. എല്ലാ പ്രാചീന സംസ്കാരങ്ങളിലും കാണപ്പെടുന്ന സർപ്പാരാധന ഒരു തരത്തിൽ പ്രാചീനകാലത്ത് നിലവിലുണ്ടായിരുന്ന ശ്രേഷ്ഠരായ നാഗവംശത്തോട് ആദരപൂർവ്വം പ്രകടിപ്പിക്കുന്ന ഒരു ഉപചാരമാണ്. അവർ സ്വായത്തമാക്കിയിരുന്ന അഗാധമായ വിവേകത്തെയാണ് നാഗവിഗ്രഹങ്ങളിലൂടെ നാം ആരാധിക്കുന്നത്. അവർ പണ്ട് കുണ്ഡലിനിവിദ്യയുടെ രഹസ്യം മനുഷ്യരെ അഭ്യസിപ്പിച്ചു. പ്രസ്തുത വിദ്യയെ സർപ്പാകാരത്തിൽ പ്രതീകവൽക്കരിക്കുകയും ചെയ്തു. അഷ്ടാംഗയോഗസൂത്രം ലോകത്തിനു പ്രദാനം ചെയ്ത പതഞ്ജലി നാഗവംശജനായിരുന്നു. അദ്ദേഹം ചിത്രീകരിക്കപ്പെട്ടിട്ടുള്ളത് പകുതി മനുഷ്യന്റെയും പകുതി സർപ്പത്തിന്റെയും രൂപത്തിലാണ്. പുരാതന ഈജിപ്റ്റിലെ ഫരോരാജാവിന്റെ ശിരസ്സിലെ സർപ്പവും യോഗേശ്വരനായ ശിവന്റെ കഴുത്തിൽ അണിഞ്ഞിരിക്കുന്ന സർപ്പവും പ്രതിനിധാനം ചെയ്യുന്നത് നാഗന്മാരായ ഗുരുക്കന്മാർ പണ്ട് ചില മനുഷ്യർക്ക് നല്കിയിരുന്ന വിവേകത്തെയും ശക്തിയെയുമാണ്.

"പക്ഷേ അതിനുശേഷം പലതും സംഭവിച്ചു. മനുഷ്യരാശി കൂടുതൽ ശക്തമായതോടുകൂടി കൂടുതൽ സ്വാർത്ഥമതികളും കൗശലക്കാരുമായിത്തീർന്നു. മനുഷ്യർ മൊത്തത്തിൽ അല്ലെങ്കിൽ അവരിൽ ഭൂരിപക്ഷം പേരും സ്വാർത്ഥലാഭത്തിനുവേണ്ടി സർപ്പങ്ങളെ കൊല്ലാൻ തുടങ്ങി. ബുദ്ധിപരതയിലും ആദ്ധ്യാത്മികതയിലും മികവുറ്റ നാഗന്മാർ തങ്ങൾക്ക് ഭീഷണി ഉയർത്തുമോ എന്നു ഭയന്ന ചില മനുഷ്യർ അവരോടുള്ള കടപ്പാടുകളെല്ലാം വിസ്മരിച്ചുകൊണ്ട് അവരെ വകവരുത്താൻ തുടങ്ങി.

"ഒരു ഘട്ടത്തിൽ ഭൂലോകത്തിൽ വളരെ വർദ്ധിച്ച രീതിയിൽ സർപ്പങ്ങളെ കൂട്ടക്കൊല ചെയ്യാൻ തുടങ്ങി. അതിനാൽ നാഗരാജാവ് ഭൂലോകത്തിൽനിന്നും സർപ്പങ്ങളെ തിരിച്ചു വിളിക്കാൻ തീരുമാനിച്ചു. അതിനുശേഷം ആദ്ധ്യാത്മിക രംഗത്ത് പുരോഗതി കൈവരിച്ചിട്ടുള്ള ചിലരുമായിട്ടുമാത്രം അവർ ബന്ധം പുലർത്തിപ്പോന്നു. ഒറ്റ രാത്രികൊണ്ട് എല്ലാ നാഗങ്ങളെയും ഭൂലോകത്തിൽ നിന്നും സർപ്പലോകത്തിലേക്ക് കൊണ്ടുപോയി. എന്നാലും ചില നാഗങ്ങൾ ഭൂമിയിൽ അവശേഷിച്ചു. ആ നാഗങ്ങൾ രോഗം ബാധിച്ചവയോ, വാർദ്ധക്യം ബാധിച്ചവയോ, നാഗരാജാവിനോട് എതിർപ്പുള്ളവയോ മനുഷ്യരുമായി യോജിച്ചു കഴിയാമെന്നു കരുതിയവയോ ആയിരുന്നു.

"ഇന്ന് ഭൂമിയിൽ വസിക്കുന്ന സർപ്പങ്ങളും പാമ്പുകളും ഭൂമിയിൽ അവശേഷിച്ചവയുടെ സന്തതികളാണ്. കാലക്രമേണ ഇവയുടെ വംശപരമ്പരയ്ക്കു മുമ്പുണ്ടായിരുന്ന മഹത്ത്വവും കഴിവും നഷ്ടപ്പെട്ടുകൊണ്ടിരുന്നു. ഇതൊക്കെയാണെങ്കിലും മനുഷ്യരിലെ ദിവ്യാത്മാക്കൾക്കു നാഗങ്ങളുമായി സമ്പർക്കം പുലർത്തുന്നതിനുള്ള പല മാർഗ്ഗങ്ങളും ഉണ്ട്.

"ഒരിക്കൽ ഷിർദ്ദിയിലെ സായിനാഥൻ മൂന്നു ദിവസം തന്റെ ശരീരം വെടിഞ്ഞിട്ട് മറ്റൊരു ലോകത്തിലേക്ക് പോയിരുന്നു. നാലാമത്തെ ദിവസം മരിച്ചുവെന്നു കരുതിയ അദ്ദേഹത്തെ ജീവനോടെയിരിക്കുന്നതു കണ്ട്

ജനം അത്ഭുതപ്പെട്ടു. അദ്ദേഹം തന്റെ അനുയായികളോട് ഞാൻ മറ്റൊരു ലോകത്തിൽ പോയി ഒരു വഴക്കു തീർത്തിട്ട് വന്നു എന്നു പറഞ്ഞു."

"മറ്റൊരു ലോകം എന്ന് ഷിർദ്ദിയിലെ സായിനാഥൻ വിശേഷിപ്പിച്ചത് സർപ്പ ലോകത്തെയാണ്. അദ്ദേഹം സൂചിപ്പിച്ച വഴക്ക് ഇനിയും തീർന്നിട്ടില്ല. അതെപ്പറ്റി ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. നാഗരാജാവ് ഈ ലോകത്തിലെ ശ്രീഗുരുബാബയിൽനിന്ന് സഹായം അഭ്യർത്ഥിച്ചിരുന്നു. ശ്രീഗുരുബാബാ യുടെ നിർദ്ദേശമനുസരിച്ചാണ് നാഗരാജാവ് ചർച്ചയ്ക്കായി എന്റെയടുത്ത് വന്നത്."

ഞാൻ ബാബാജിയോട് പറഞ്ഞു: "എനിക്ക് എല്ലാംതന്നെ അതിവിചിത്രമായി തോന്നുന്നു. അങ്ങ് പറയുന്നതുകൊണ്ട് ഒരുപക്ഷേ, ഞാൻ എന്റെ ജീവിതകഥ എഴുതും. എന്നാൽ അത് വായിക്കുന്ന വായനക്കാർ അതൊക്കെ ഒരു ഭ്രാന്തന്റെ പിച്ചുംപേയും ആണെന്നു കരുതി വിശ്വസിക്കുകയില്ല, അല്ലെങ്കിൽ അതൊക്കെ ഞാൻ ചമച്ച കെട്ടുകഥയാണെന്നു പറയും. അങ്ങനെ പറഞ്ഞാലും ഞാൻ വകവയ്ക്കുകയില്ല. പറയാതിരിക്കുന്നതല്ലേ അഭികാമ്യം?"

അതുകേട്ട് ബാബാജി ഉറക്കെ ചിരിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ പറഞ്ഞത് ആവർത്തിക്കുന്നു. സത്യം പലപ്പോഴും കഥയെക്കാൾ വിചിത്രമാണ്. അവർ വായിക്കുന്നതു കഥയാണെന്നു കരുതിയാൽപ്പോലും കുഴപ്പമില്ല. ഏതു കഥയ്ക്കും ഭാവനയെ ഉത്തേജിപ്പിക്കാനുള്ള കഴിവുണ്ട്. അതിനാൽ ഒരു ഘട്ടത്തിൽ അവർക്ക് ബോധത്തിന്റെ ചില ഉയർന്ന തലങ്ങളെപ്പറ്റിയുള്ള ബോധോദയം ഉണ്ടാകും. അപ്പോൾ അവർ ഒരു കാര്യം മനസ്സിലാക്കും. ശുഷ്കമായ യുക്തിവാദങ്ങളിലൂടെയോ ഇന്ന് ലഭ്യമായിരിക്കുന്ന ബൗദ്ധിക ക്ഷമതയിലൂടെയോ ബോധത്തെ ഗ്രഹിക്കാൻ കഴിയുകയില്ല.

"എന്തായാലും നീയും ഒരു കാര്യം അറിയുന്നത് നല്ലതാണ്. നീ ജീവിത കഥ എഴുതാൻ തുടങ്ങുന്ന കാലത്ത് ശാസ്ത്രലോകത്തിനു ബാഹ്യശൂന്യാകാശ ത്തെപ്പറ്റിയും മറ്റു ഗ്രഹങ്ങളെപ്പറ്റിയും വളരെയധികം ജ്ഞാനം ലഭിച്ചു കഴിഞ്ഞിരിക്കും. മറ്റു ഗ്രഹങ്ങളിലും നക്ഷത്രമണ്ഡലങ്ങളിലും ജീവൻ ഉണ്ടോ അഥവാ ഉണ്ടായിരുന്നുവോ എന്ന കാര്യത്തെപ്പറ്റിയുള്ള സംശയങ്ങൾക്കുള്ള അടിസ്ഥാന കാരണം ജലത്തിന്റെ ലഭ്യതയാണ്. ജീവന്റെ നിലനില്പിനും വികാസത്തിനും അനുപേക്ഷണീയമായ ജലം ഒട്ടുംപ്രതീക്ഷിക്കാൻ കഴിയാത്ത പ്രപഞ്ചത്തിന്റെ വിവിധ ഭാഗങ്ങളിൽ ലഭിക്കുന്നതോടെ ചിന്താഗതികളിൽ മാറ്റം വരും. എന്തായാലും മുൻവിധികൾ ഇല്ലാത്ത ശാസ്ത്രജ്ഞരുടെ ശ്രദ്ധ നിന്റെ കഥയിൽ പതിയാതിരിക്കുകയില്ല. അല്ലാതെ നിലവിലുള്ള മൂല്യങ്ങ ളെയും ചട്ടങ്ങളെയും വ്യവസ്ഥകളെയും അംഗീകരിക്കാത്തതിനെയെല്ലാം അശാസ്ത്രീയം എന്നുപറഞ്ഞുകൊണ്ട് തള്ളിക്കളയുന്നത് അങ്ങേയറ്റത്തെ വിഡ്ഢിത്തമാണ്. അതിനോട് എനിക്ക് ഒരിക്കലും യോജിക്കാൻ കഴിയുകയില്ല. അത്തരം ചിന്തകൾ പ്രത്യാശയ്ക്ക് ഇടം നല്കുന്നില്ല."

ഒരു നിമിഷം സംസാരം നിർത്തിയിട്ട് അദ്ദേഹം പറഞ്ഞു: "നിനക്ക് ഇപ്പോൾ നല്ല ക്ഷീണമുണ്ട്. നീ കിടന്ന് ഉറങ്ങിക്കൊള്ളൂ."

മുപ്പത്

ശ്രീഗുരുബാബാജി ദർശന സുകൃതം

'മസാലദോശ തിന്നൽ', 'നാഗരാജാവിന്റെ ആഗമനം' എന്നീ രണ്ടു സംഭവങ്ങൾ കഴിഞ്ഞതിനുശേഷം ഞങ്ങൾ രാവിലെ ഋഷികേശിലേക്കു തിരിച്ചു. ഗംഗയുടെ ഇടതുകരയിലെ ഇടുങ്ങിയ പാതയിലൂടെ നടന്നുകൊണ്ടിരുന്ന ഞങ്ങൾ വശ്യതയാർന്ന പ്രകൃതിസൗന്ദര്യം ശരിക്കും ആസ്വദിച്ചു. നദിയുടെ ഒഴുക്കിന്റെ മധുരസ്വരവും, പക്ഷികളുടെ കളകൂജനവും പർവ്വതങ്ങളും സന്ന്യാസിമാരുടെ കുടീരങ്ങളും ഞങ്ങളുടെ ശ്രദ്ധയാകർഷിച്ചിരുന്നു. ദുരാഗ്രഹികളായ പട്ടണവാസികളുടെ വാസസ്ഥലങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു സന്ന്യാസിമാർ താമസിച്ചിരുന്ന ലളിതമായ കുടീരങ്ങൾ. വഴിമദ്ധ്യേ ഒരു കുന്നിന്റെ ചെരിഞ്ഞ ഭാഗത്ത് അനേകം മയിലുകളെ കണ്ടു. അവയിൽ ഒരാൺമയിൽ പീലികൾ വിടർത്തി മനോഹരമായി നൃത്തം ചെയ്യുന്നത് ഞങ്ങൾ കൺകുളിർക്കെ കണ്ടു. ഹനുമാൻ കുരങ്ങുകളും നീണ്ടവാലുള്ള ലംഗൂർ ഇനത്തിൽപെട്ട കുരങ്ങുകളും ആ പ്രദേശത്ത് സുലഭമായി കാണപ്പെട്ടു.

ലക്ഷ്മണത്ധൂലയിൽ എത്തിയിട്ടേ ഞങ്ങൾ നടത്തത്തിനു വിരാമമിട്ടുള്ളൂ. ലക്ഷ്മണത്ധൂലയിൽ ഗംഗയുടെ കുറുകെ ദുർബ്ബലമായ ഇടുങ്ങിയ കയർ കൊണ്ടുള്ള പാലമായിരുന്നു. അനേകം യോഗികളും സന്ന്യാസിമാരും ലക്ഷ്മണത്ധൂലയിൽ താമസിച്ചിരുന്നു. കൂടാതെ ആ സ്ഥലത്ത് വിവിധ സമ്പ്രദായങ്ങളിലെ അനേകം വലിയ ആശ്രമങ്ങളും ഉണ്ടായിരുന്നു. ആ സ്ഥലത്തിലൂടെ സഞ്ചരിക്കുന്നവരുടെ കാതുകൾക്ക് മധുരസ്വരത്തിലുള്ള ഭക്തിഗാനങ്ങളും പലതരം വാദ്യഘോഷങ്ങളും ആനന്ദം പകർന്നുകൊണ്ടിരുന്നു. ലക്ഷ്മണത്ധൂല മനോഹരമായ ഒരു പ്രദേശംതന്നെയാണ്.

മാർഗമദ്ധ്യേ ഞങ്ങൾ ഒരു കുളിക്കടവിൽ ഇറങ്ങി. തണുത്ത ഗംഗാജലത്തിൽ മുങ്ങിക്കുളിച്ചിട്ട് യാത്ര തുടർന്നു. ഒരു 'അന്നക്ഷേത്ര'ത്തിൽനിന്നും കിട്ടിയ ചപ്പാത്തിയും ദാലും ഗംഗയുടെ തീരത്തിരുന്നു കഴിച്ചു. നിശ്ചിന്തനായി തുടർന്നുകൊണ്ടിരുന്ന യാത്ര വളരെ ഉല്ലാസകരമായ ഒരു അനുഭവമായിരുന്നു. ബാബാജി കൂടെ ഉണ്ടായിരുന്നതുകൊണ്ടാണ് അങ്ങനെ തോന്നിയത്. അദ്ദേഹം എനിക്ക് എന്റെ പിതാവും മാതാവും ഗുരുവും സുഹൃത്തും കൂടിയായിരുന്നു.

ഞങ്ങൾ കുറച്ചു സമയം ഒരു അരയാലിന്റെ ചുവട്ടിലിരുന്നു വിശ്രമിച്ചു. അതു കഴിഞ്ഞ് യാത്ര തുടർന്നു. ഉച്ചകഴിഞ്ഞ് 'മുനി-കീ-രേത്തി' എന്ന സ്ഥലത്തെത്തി. എനിക്ക് ഋഷികേശ് വളരെ ഇഷ്ടപ്പെട്ടു. ഋഷികേശിന് അത്ഭുതകരമായ ഏതോ ആകർഷണശക്തി ഉണ്ടായിരുന്നു. അക്കാര്യം എന്റെ ആദ്യ സന്ദർശനത്തിൽത്തന്നെ എനിക്കു ബോധ്യമായി. ഞാൻ ആദ്യമായി

ഋഷികേശിൽ വന്നപ്പോൾ ഡിവൈൻ ലൈഫ് സൊസൈറ്റിയിലാണ് തങ്ങിയത്. ഇപ്പോൾ വീണ്ടും ബാബാജിയോടൊപ്പം അതേ സ്ഥലം സന്ദർശിക്കാൻ കഴിഞ്ഞതു ഞാൻ ഭാഗ്യമായി കരുതി. മനസ്സിന് അപൂർവ്വമായ ശാന്തി ലഭിച്ചതുപോലെ തോന്നി. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എനിക്ക് ആനന്ദം പകർന്നു.

ബദരീനാഥിലേക്ക് പോകുന്ന തിരക്കുള്ള റോഡ് ഗംഗയുടെ ഒരു വശത്താണ്. മറുവശത്ത് ഡിവൈൻ ലൈഫ് സൊസൈറ്റിയും യോഗനികേതനും സ്ഥിതി ചെയ്യുന്നു. ഗംഗയുടെ മറുകരയിലാണ് മിക്കവാറും മറ്റ് ആശ്രമങ്ങൾ സ്ഥിതി ചെയ്യുന്നത്. ദേശാടനം ചെയ്യുന്നവർ സഞ്ചരിക്കുന്ന വഴിയിലൂടെയാണ് ഞങ്ങൾ സഞ്ചരിച്ചുകൊണ്ടിരുന്നത്. ആ വഴി ഗംഗയുടെ മറുകരയിലായിരുന്നു. ഗംഗയുടെ തീരങ്ങളിലായിരുന്നു അനേകം പുണ്യാത്മാക്കളുടെ വാസസ്ഥലങ്ങൾ. ചിലർ ചെറിയ കുടിലുകളിൽ ഏകാന്തവാസത്തിലായിരുന്നു. മറ്റുള്ളവർ വലിയ ആശ്രമങ്ങളിലെ അന്തേവാസികൾ ആയിരുന്നു.

ബാബാജി എന്നെയും കൂട്ടിക്കൊണ്ട് നേരേ പോയത് മൗനിബാബ വസിക്കുന്ന ഗുഹയിലേക്ക് ആയിരുന്നു. അത് നീലകണ്ഠക്ഷേത്രത്തിലേക്കുള്ള വഴിയിൽ നീലകണ്ഠമലയുടെ മുകളിലായിരുന്നു. ഗംഗയുടെ തീരത്തുകൂടി സഞ്ചരിക്കുമ്പോൾ ചില വനങ്ങളിൽ ആനകൾ ചുറ്റി സഞ്ചരിക്കുന്നത് ഇന്നും കാണാൻ കഴിയും. പ്രസ്തുത വനങ്ങൾ മിക്കവയും ഇപ്പോൾ രാജാജി നാഷനൽ പാർക്കിന്റെ ഭാഗമാണ്. നിബിഡമായ വനത്തിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് അനേകം എയർകണ്ടീഷൻ ചെയ്ത ഗുഹകൾ കാണാൻ കഴിയും. ലോകപ്രശസ്തിയാർജ്ജിച്ച ശ്രീ മഹേഷ് യോഗി നിർമ്മിച്ചതാണ് അവ. അദ്ദേഹമായിരുന്നു ലോകമെങ്ങും അറിയപ്പെടുന്ന അതീന്ദ്രിയ ധ്യാനത്തിന്റെ ഉപജ്ഞാതാവും പ്രചാരകനും. കുന്നിലൂടെ ഒരു മണിക്കൂർ യാത്ര ചെയ്താൽ മൗനിബാബയുടെ ഗുഹയിൽ എത്താൻ കഴിയും.

ബാബാജിയും മൗനിബാബായും തമ്മിൽ ഒരു കരാറുണ്ടാക്കിയിരുന്നു. ബാബാജി ഋഷികേശിൽ പോകുമ്പോൾ മൗനിബാബായുടെ ഗുഹയിൽ തങ്ങും. അപ്പോൾ മൗനിബാബാ നീലകണ്ഠമലയുടെ മുകളിലുള്ള കുടീരത്തിലേക്കു താമസം മാറ്റുന്നു. ടെലിഫോണിൽകൂടിയുള്ള ആശയവിനമയത്തെക്കാൾ കാര്യക്ഷമതയോടെ ആദ്ധ്യാത്മികമായ ചില മാർഗ്ഗങ്ങളിലൂടെ അവർ പരസ്പരം ആശയവിനിമയം നടത്തിയിരുന്നു.

ഞങ്ങൾ മൗനിബാബായുടെ ഗുഹയിൽ എത്തി. അവിടെ അദ്ദേഹത്തിന്റെ യുവശിഷ്യൻ ഞങ്ങളെ അഭിവാദ്യം നല്കി സ്വീകരിച്ചു. ബാബാജി ആ യുവാവിനെ 'മോനേ' എന്നാണ് സംബോധന ചെയ്തത്. ഇരുണ്ടനിറമുള്ള ദൃഢഗാത്രനായ യുവാവ് കൗപീനവേഷധാരിയായിരുന്നു. യുവാവിന്റെ താടിയും അയാളുടെ ശിരസ്സിലെ മുടിച്ചുരുളുകളും ഭയാവഹമായി തോന്നി. യുവാവ് ബാബാജിയുടെ പാദങ്ങളിൽ വീണു നമസ്കരിച്ചു. എന്നെക്കാൾ ആ യുവാവിന് പ്രായം കൂടുതൽ ഉള്ളതിനാൽ ബാബാജി എന്നോട് ആ യുവാവിനോട് ആദരവ് പ്രകടിപ്പിക്കാൻ പറഞ്ഞു. ഞാൻ യുവാവിനെ നമസ്കരിച്ചപ്പോൾ യുവാവും എന്നെ നമസ്കരിക്കുകയുണ്ടായി. ബാബാജിയുടെ ശിഷ്യനായതുകൊണ്ടാണ് യുവാവ് എന്നെ ആദരിച്ചത്.

വിശാലമായ ഗുഹയുടെ പ്രവേശനദ്വാരത്തിൽതന്നെ ധൂനി കത്തിച്ചു വച്ചിരുന്നു. കൂടാതെ തടികൊണ്ടുള്ള രണ്ടു പലകകളും കമ്പിളിപ്പുതപ്പുകളും ഒരുക്കിവച്ചിരുന്നു. കട്ടിലുകൾക്കു പകരമായിരുന്നു ആ സംവിധാനം. യുവസന്ന്യാസി പറഞ്ഞു: "ഞാൻ പാത്രത്തിൽ ശുദ്ധജലം നിറച്ചു വച്ചിട്ടുണ്ട്. രണ്ടുപേർക്കും കഴിക്കാനായി ചപ്പാത്തിയും ദാലുകറിയും ഇവിടെ വച്ചിട്ടുണ്ട്. ഈ യുവാവിനുവേണ്ടി എന്റെ ഗുരു കുറച്ച് കൽക്കണ്ടവും കൊടുത്തയച്ചിട്ടുണ്ട്. ബാബാ പറഞ്ഞതനുസരിച്ച് ഞാൻ എന്നും രാവിലെയും സന്ധ്യയ്ക്കും ഭക്ഷണം എത്തിക്കാം. അദ്ദേഹം രണ്ടുപേർക്കും പ്രണാമങ്ങൾ അറിയിച്ചിട്ടുണ്ട്. ഏതാനും ദിവസങ്ങൾക്കുള്ളിൽ അദ്ദേഹം വന്ന് രണ്ടുപേരെയും കാണുന്നതായിരിക്കും. എന്തെങ്കിലും കൂടുതലായി വേണമെന്നുവരികിൽ ദയവായി എന്നെ അറിയിച്ചാൽ മതി." ബാബാജിയെ സാഷ്ടാംഗം പ്രണമിച്ചിട്ട് യുവസന്ന്യാസി അവിടെനിന്നും പോയി.

അപ്പോൾ ബാബാജി പറഞ്ഞു: "ഞാൻ ഒരു കാര്യം പറയാൻ മറന്നുപോയി. നീലകണ്ഠിൽവച്ച് മൗനിബാബാ ഗുരുബാബാജിയെ ദർശിച്ചിട്ടുണ്ട്. മൗനി ബാബായ്ക്ക് അദ്ദേഹത്തിൽനിന്നും അനുഗ്രഹം ലഭിച്ചിട്ടുണ്ട്." അന്നേരം ഞാൻ അദ്ദേഹത്തെപ്പോലെയുള്ള ഒരാൾക്ക് എങ്ങനെ മറവിയുണ്ടായി എന്നു വിചാരിച്ച് അത്ഭുതപ്പെടുകയായിരുന്നു.

ഗുഹയിൽ ഇരുപതുദിവസം സുഖമായി കഴിഞ്ഞു. പ്രായോഗിക യോഗവിദ്യയെപ്പറ്റി പല കാര്യങ്ങളും എനിക്കു പഠിക്കാൻ കഴിഞ്ഞു. അതുപോലെ വിശുദ്ധഗ്രന്ഥങ്ങളിലെ അന്തസ്സത്തയും ഉൾകൊള്ളാൻ കഴിഞ്ഞു. പല വിശിഷ്ടഗ്രന്ഥങ്ങളെപ്പറ്റിയും ബാബാജി എന്നോടു ചർച്ച ചെയ്തത് എനിക്ക് വളരെ ഗുണകരമായി ഭവിച്ചു. അവയിൽ *ഉപനിഷത്തുകൾ, യോഗശാസ്ത്രം, ഹഠയോഗപ്രദീപിക, ഷട്ചക്രനിരൂപണം, ഗോരക്ഷാശതകം, കുളാർണ്ണവതന്ത്രം, മഹാനിർവ്വാണതന്ത്രം* നാഗാർജ്ജുനൻ രചിച്ച ബൗദ്ധഗ്രന്ഥമായ *പ്രജ്ഞപരമിത* എന്നീ കൃതികൾ പെടുന്നു. ചർച്ച ചെയ്യുമ്പോൾ അദ്ദേഹത്തിന് സാന്ദർഭികമായിപ്പോലും ഗ്രന്ഥങ്ങളുടെ സഹായം വേണ്ടിവന്നിരുന്നില്ല. അദ്ദേഹത്തിന്റെ മസ്തിഷ്കത്തിൽ എല്ലാ അറിവുകളും ഭദ്രമായി വച്ചിട്ടുണ്ടായിരുന്നു. ഞാൻ കൂടുതൽ വിവരണങ്ങൾ നല്കാൻ ഉദ്ദേശിക്കുന്നില്ല. അതിനു തുനിയുകയാണെങ്കിൽ അവസാനിപ്പിക്കാനാവാത്ത രീതിയിൽ എഴുതിക്കൊണ്ടേയിരിക്കും. അതിനുപകരം ഞാൻ മൂന്നു സംഭവങ്ങൾ പ്രതിപാദിക്കാനാഗ്രഹിക്കുന്നു. അതിനു പ്രാധാന്യവും സാംഗത്യവും ഉണ്ട്.

ഒന്നാമതായി പറയാൻ ആഗ്രഹിക്കുന്നത് ഋഷികേശിലെ മദ്രാസ് കഫേയിലെ എന്റെ ആദ്യ സന്ദർശനത്തെപ്പറ്റിയാണ്. അത് ഒരു തെക്കേ ഇന്ത്യാക്കാരൻ ചെറിയ തോതിൽ തുടങ്ങിയ ഒരു കഫേ ആയിരുന്നു. അയാൾ ഋഷികേശിൽ എത്തിയത് ഒരു സന്ന്യാസി ആകാൻവേണ്ടിയായിരുന്നു. അതു നടക്കാതെ പോയപ്പോൾ ഒരു ചെറിയ റസ്റ്റാറന്റ് തുടങ്ങി. ധാരാളമായി ഋഷികേശിലേക്ക് വന്നുകൊണ്ടിരുന്ന ദക്ഷിണ ഭാരതീയരെ മുന്നിൽകണ്ടുകൊണ്ടായിരുന്നു പ്രസ്തുത സംരംഭം. അനേകം വർഷങ്ങൾക്കുശേഷം അജ്ഞാതനായ ഒരാൾ അയാളെ ആക്രമിക്കുകയും അയാളെ കൊലപ്പെടുത്തുകയും ചെയ്തു. ആ ഹോട്ടൽ തദ്ദേശവാസികൾ കൈവശപ്പെടുത്തുകയുണ്ടായി.

ഗുഹയിൽ വന്നതിനുശേഷം രണ്ടാമത്തെ ദിവസം ബാബാജി എനിക്ക് ഇരുപത് രൂപാ തന്നു. എന്നിട്ട് പറഞ്ഞു: "നീ മദ്രാസ് കഫേയിൽ പോയി മതിയാവോളം മസാലദോശ കഴിക്കണം. പൂർണ്ണമായും തൃപ്തിപ്പെടണം."

ഞാൻ തോണിയിൽ കയറി നദിയുടെ അക്കരയിൽ പോയി. കഴിഞ്ഞ തവണ ഋഷികേശിൽ വന്നപ്പോൾ കഫേയിൽ പോയിരുന്നതുകൊണ്ട് കഫേയിലേക്കുള്ള വഴി അറിയാമായിരുന്നു. കഫേയിൽ ചെന്ന് ഞാൻ ഒരു മസാലദോശയ്ക്കു പറഞ്ഞു. അത് രുചിയോടെ കഴിച്ചു. ഒരെണ്ണംകൂടി വാങ്ങി. അതും കഴിച്ചു. ഒരു കപ്പ് കാപ്പികൂടി കുടിച്ചപ്പോൾ പിന്നീട് ഒന്നും കഴിക്കാൻ വയ്യാത്ത അവസ്ഥയിലായി. ഏമ്പക്കം വിട്ടുകൊണ്ട് ഞാൻ റസ്റ്റാറന്റിൽ നിന്നും പുറത്തേക്കിറങ്ങി. ഒരു കാര്യം പറയട്ടെ. ജീവിതത്തിൽ അതിനു ശേഷം മസാലദോശ കഴിക്കണമെന്ന ആഗ്രഹം ഒരിക്കലും തോന്നിയിട്ടില്ല. ഇപ്പോഴും വല്ലപ്പോഴും മസാലദോശ കഴിക്കാറുണ്ട്. എന്നാൽ മസാലദോശ കഴിക്കണമെന്ന ആഗ്രഹം മനസ്സിൽ ഉണ്ടാകാറില്ല.

രണ്ടാമത്തെ സംഭവം ഒരു അമേരിക്കൻ യുവതിയുമായുള്ള യാദൃച്ഛികമായ പരിചയപ്പെടലാണ്. യുവതിയുടെ യഥാർത്ഥപേര് ഞാൻ വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. യുവതിയുടെ സ്വകാര്യത സംരക്ഷിക്കാൻവേണ്ടിയാണ് പേര് വെളിപ്പെടുത്താത്തത്. സംഭവം വിവരിക്കുമ്പോൾ യുവതിയെ പരാമർശിക്കാൻ വേണ്ടി 'ജെന്നി' എന്ന കപടനാമം ഉപയോഗിക്കാം.

മിക്കവാറും എല്ലാ ദിവസങ്ങളിലും രാവിലെ അദ്ധ്യയനത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള സമയം കഴിഞ്ഞ് ഉച്ചഭക്ഷണത്തിനു മുമ്പുള്ള സമയത്ത് ഞാൻ ഒറ്റയ്ക്ക് ഗുഹയിൽനിന്നും പുറത്തിറങ്ങി ചുറ്റുമുള്ള സ്ഥലങ്ങളിൽ കുറച്ചു സമയം അലഞ്ഞു നടന്നിരുന്നു. ബാബാജി അതിന് അനുവദിച്ചിരുന്നു. കുറച്ചു സമയം ഞാൻ ഗംഗയുടെ തീരത്ത് കുളിർകാറ്റ് ആസ്വദിച്ചുകൊണ്ട് ഇരിക്കും. അപ്പോൾ ഒഴുക്കിന്റെ മധുരസ്വരം കാതുകൾക്ക് സുഖം പകരും. കുളികഴിഞ്ഞിട്ടായിരിക്കും ഉച്ചഭക്ഷണം കഴിക്കാൻ പോകാറുള്ളത്.

ഒരു ദിവസം ഞാൻ എന്നും ഇരിക്കാറുള്ള എനിക്കിഷ്ടപ്പെട്ട ഒരു പാറപ്പുറത്ത് ഇരിക്കുകയായിരുന്നു. എനിക്ക് മറ്റൊന്നും ചെയ്യാനില്ലായിരുന്നു. ഞാൻ ഇരുന്നിരുന്ന പാറയുടെ സമീപത്തുള്ള മറ്റൊരു പാറയിൽ ഇളം നീലവസ്ത്രം ധരിച്ച സ്വർണനിറത്തിൽ തലമുടിയുള്ള ഒരു യുവതി ഇരിക്കുന്നത് ശ്രദ്ധിക്കാനിടയായി. അവൾ തന്റെ പാദങ്ങൾ ഗംഗാജലത്തിൽ മുക്കിവച്ചിരുന്നു. ഞാൻ അവളുടെ ഗൗരവമുള്ള മുഖത്തിൽ കടുത്ത വിഷാദം വ്യാപിച്ചിരിക്കുന്നതു ശ്രദ്ധിച്ചു. അവളുടെ ശരീരത്തിന്റെയും തലമുടിയുടെയും നിറത്തിൽനിന്ന് അവൾ യൂറോപ്പിൽനിന്നോ അമേരിക്കയിൽനിന്നോ വന്നവളായിരിക്കും എന്ന് ഊഹിച്ചു.

ഞാൻ ശ്രദ്ധിച്ചിരിക്കവെ യുവതി പെട്ടെന്ന് ഛർദ്ദിക്കാൻ തുടങ്ങുന്നതു കണ്ടു. ഛർദ്ദിക്കുന്നത് ഗംഗാജലത്തിൽ വീഴാതിരിക്കാൻവേണ്ടി പെട്ടെന്ന് അവൾ മുഖം തിരിച്ചു. അവൾ ഛർദ്ദിച്ചുകൊണ്ടിരുന്ന സമയത്ത് കൈകൾ കൊണ്ട് ഉദരം ബലമായി അമർത്തി പിടിക്കുന്നുണ്ടായിരുന്നു. ഛർദ്ദിച്ചു കഴിഞ്ഞതിനുശേഷം അവൾ ഒരു ഫ്ളാസ്കിൽനിന്നും അല്പം വെള്ളമെടുത്തു കുടിച്ചു. അപ്പോഴാണ് അവൾ എന്നെ കാണാനിടയായത്. എന്റെ സാന്നിദ്ധ്യം

യുവതിക്ക് അമ്പരപ്പ് ഉണ്ടാക്കിയിരിക്കുമോ എന്നു ഞാൻ സന്ദേഹിച്ചു. അവളുടെ മുഖം വല്ലാതെ വിളറിയിരുന്നു. അവൾ തന്റെ പാദത്തിലേക്ക് നോക്കി ഇരുന്നു.

എന്റെ മനസ്സിലാകെ യുവതിയോടുള്ള സഹാനുഭൂതി നിറഞ്ഞു. ഞാൻ അവളുടെ അടുത്തേക്ക് ചെന്ന് സംസാരിക്കാൻ ആഗ്രഹിച്ചു. അവളെ സമാശ്വസിപ്പിക്കാൻ മനസ്സ് വിതുമ്പി. ഏതെങ്കിലും തരത്തിൽ എനിക്ക് അവളെ സഹായിക്കാൻ കഴിയുമോ എന്ന ചിന്ത എന്റെ മനസ്സിൽ ഉദയം ചെയ്തു. എന്നാൽ എന്തുചെയ്യണമെന്നറിയാതെ ഞാൻ കുഴഞ്ഞു. ഞാൻ സ്വതന്ത്രനായി ജീവിക്കുന്ന മനുഷ്യനാണ്. ലൗകികതയിൽ കുടുങ്ങാൻ പാടില്ല. ഒരുപക്ഷേ, അനുകമ്പയ്ക്കു പിന്നിലുള്ള ചേതോവികാരം ലൈംഗികാകർഷണമായിരിക്കുമോ? അന്നേരം ബാബാജിയുടെ വാക്കുകൾ ഓർമ്മിച്ചു: "നിനക്ക് ദിവസവും പതിമൂന്നു മണിക്കൂർ എന്ന കണക്കിൽ പതിമൂന്നുകൊല്ലം നന്നായി ധ്യാനിക്കാൻ കഴിയും എന്നിരിക്കട്ടെ. ഉത്ക്കടമായ വ്യഥ അനുഭവിക്കുന്ന ഒരു സഹജീവിയുടെ രോദനം നിനക്കു കേൾക്കാൻ കഴിയുന്നില്ലെങ്കിൽ പതിമൂന്നു കൊല്ലത്തെ സാധന പാഴായിപ്പോകും. ധ്യാനത്തിന് നിന്റെ മനസ്സിനെ ആർദ്രമാക്കാൻ കഴിയുന്നില്ലെങ്കിൽ അതിനെ ജനാലയിലൂടെ വലിച്ചെറിയൂ. ആ ധ്യാനം നിഷ്ഫലമാണ്."

"ഞാനെന്തൊരു വിഡ്ഢിയാണ്?" എന്ന് സ്വയം പറഞ്ഞുകൊണ്ട് ഞാൻ എണീറ്റു. ഞാൻ മെല്ലെ അവളുടെ സമീപത്തുചെന്നു. എന്നിട്ടു ചോദിച്ചു: "എനിക്ക് നിങ്ങളെ ഏതെങ്കിലും തരത്തിൽ സഹായിക്കാൻ കഴിയുമോ?"

ആദ്യം അവൾ അല്പമൊന്ന് അമ്പരന്നു. അവൾ ആത്മസംയമനം പാലിച്ചുകൊണ്ട് പറഞ്ഞു:

"ആരെങ്കിലും എന്നെ സഹായിച്ചാൽ കൊള്ളാമെന്നുണ്ട്. പക്ഷേ, അതിന് ആർക്കും കഴിയുമെന്നു തോന്നുന്നില്ല."

"എന്തുകൊണ്ട് കഴിയുകയില്ല?" ഞാൻ ആകാംക്ഷാഭരിതനായി.

"കാരണം പറയാൻ തുടങ്ങിയാൽ അത് ഒരു നീണ്ടകഥ ആയിരിക്കും. എന്റെ ദുഃഖഭാരം നിങ്ങളെക്കൊണ്ട് ചുമപ്പിക്കാൻ ആഗ്രഹിക്കുന്നില്ല."

"ഞാൻ അറിയാൻ ആഗ്രഹിക്കുന്നു. ദയവായി പറയൂ." ഞാൻ തൊട്ടടുത്തുള്ള പാറയിൽ ഇരുന്നു.

"ശരി, നിങ്ങൾക്ക് നിർബന്ധമാണെങ്കിൽ പറയാം."

അവൾ അവളുടെ കഥ പറഞ്ഞു. അമേരിക്കയിലെ ഫിലാഡെൽഫിയ ആണ് അവളുടെ നാട്. അവൾ ഒരു മൈക്രോ ബയോളജിസ്റ്റ് ആയിരുന്നു. ദേശാടനം അവളുടെ ഇഷ്ടവിനോദം ആണ്. നാലുകൊല്ലം മുമ്പ് അവൾ ഇന്ത്യയിൽ വന്നിരുന്നു. പല സ്ഥലങ്ങളും സന്ദർശിച്ച കൂട്ടത്തിൽ ഹരിദ്വാറും ഋഷികേശും സന്ദർശിച്ചിരുന്നു. അജ്ഞാതമായ ഏതോ കാരണത്താൽ അവൾക്ക് തീർത്ഥാടനകേന്ദ്രമായ ഋഷികേശും ഗംഗാനദിയും വളരെ ഇഷ്ടപ്പെട്ടു. അതിനാൽ എല്ലാ വർഷവും പതിവായി ഇന്ത്യയിൽ വരികയും ഈ സ്ഥലത്ത് താമസിക്കുകയും ചെയ്തിരുന്നു. താൻ ഒരു ഹിന്ദുമതവിശ്വാസി അല്ലെന്നും, തനിക്ക് ഗുരുക്കന്മാരിലും ആശ്രമങ്ങളിലും വിശ്വാസമില്ലെന്നും അവൾ തുറന്നു പറഞ്ഞു. അവൾ ഗംഗാതീരത്ത് ഇരിക്കാനും ഋഷികേശിലെ കുന്നുകളിൽ ചുറ്റിക്കറങ്ങാനുമാണ് എല്ലാ കൊല്ലവും വന്നിരുന്നത്.

ആറുമാസം മുമ്പാണ് കഷ്ടകാലം തുടങ്ങിയത്. ദഹനക്കേടിനും കൂടക്കൂടെ ഉണ്ടാകുന്ന വയറുവേദനയ്ക്കും ചികിത്സയ്ക്കായി അവൾ ഒരു ഡോക്ടറെ സമീപിച്ചു. അവൾ പല വൈദ്യപരിശോധനകൾക്ക് വിധേയയായി. ഒടുവിൽ ഡോക്ടർ അവൾക്ക് വൻകുടലിൽ കാൻസർ രോഗമാണെന്ന് അറിയിച്ചു. രണ്ടു മാസക്കാലം അവൾ ഒരു ഓങ്കോളജിസ്റ്റിന്റെ ചികിത്സയിൽ കഴിഞ്ഞു. രോഗത്തിന് വളരെയധികം ശമനം ഉണ്ടായി. പക്ഷേ, രണ്ടാഴ്ച കഴിഞ്ഞ് രോഗം പൂർവ്വാധികം കലശലായി. വീണ്ടും രണ്ടുമാസംകൂടി ചികിത്സ തുടർന്നു. എന്നിട്ടും രോഗശാന്തി ലഭിച്ചില്ല. രോഗം ഗുരുതരമായി. രണ്ടുമാസത്തിൽ കൂടുതൽ അവൾ ജീവിച്ചിരിക്കുകയില്ലെന്ന് ഡോക്ടർമാർ അഭിപ്രായപ്പെട്ടു. വേദനയിൽനിന്ന് ആശ്വാസം നല്കുന്ന മരുന്നുകൾ കഴിച്ച് കഴിയാനാണ് ചികിത്സകർ അവളെ ഉപദേശിച്ചത്.

വയറിന് ആഹാരം സ്വീകരിക്കാൻ കഴിയുമായിരുന്നില്ല. ദ്രവരൂപത്തിൽ എന്തെങ്കിലും കഴിച്ചാൽപോലും ഛർദ്ദിക്കും. മലത്തിലൂടെ രക്തവും പോയിരുന്നു. ഋഷികേശിൽ വരാനുള്ള തീരുമാനമെടുത്ത നിർണ്ണായകമായ നാളുകളിലായിരുന്നു ഇതൊക്കെ സംഭവിച്ചത്. അവൾ രണ്ടും കല്പിച്ച് താൻ ഏറ്റവും ഇഷ്ടപ്പെടുന്ന ഋഷികേശിലേക്കും ഏറ്റവും സ്നേഹിക്കുന്ന ഗംഗയുടെ അടുത്തേക്കും പോകാൻ ഉറച്ചു. തന്റെ അന്ത്യം സംഭവിച്ചാലും അത് ഋഷികേശിലാകട്ടെ അഥവാ ഗംഗാതീരത്തിലാകട്ടെ എന്ന് അവൾ മനസ്സിൽ വിചാരിച്ചു. രോഗം തന്റെ ശരീരത്തെ കാർന്നുതിന്നേക്കാം. എന്നാൽ തന്റെ മനസ്സിനും ആത്മാവിനും ഋഷികേശിൽ ശാന്തി ലഭിക്കുമെന്ന് ആശിച്ചു. പാവനമായ ഗംഗ അവളുടെ മനസ്സിനു തീർച്ചയായും ആശ്വാസം പകരും എന്ന് അവൾ പ്രതീക്ഷിച്ചു.

അവളുടെ സഹോദരനും അമ്മയും അച്ഛനും സുഹൃത്തുക്കളും അവളുടെ തീരുമാനത്തെ അമിതമായ ആവേശമായി കരുതി. പക്ഷേ, അവൾ സ്വന്തം തീരുമാനത്തിൽ ഉറച്ചുനിന്നു. അവൾ ടൂറിസ്റ്റ് വിസയും ടിക്കറ്റും തരപ്പെടുത്തി ഇന്ത്യയിലേക്ക് തിരിക്കുകയും ചെയ്തു. അവൾ ഋഷികേശിൽ എത്തി രണ്ടാഴ്ച കഴിഞ്ഞു. രോഗനില അനുദിനം വഷളായിക്കൊണ്ടിരുന്നു. ഒരു കവിൾ വെള്ളംപോലും അവൾക്ക് വയറിൽ എത്തിക്കാൻ കഴിഞ്ഞിരുന്നില്ല. വെള്ളം ഉദരത്തിൽ എത്തിയാൽ ഉടനെ ഛർദ്ദിക്കും. താൻ ഇനി അധികം നാൾ ഈ ലോകത്തിൽ കാണുകയില്ല എന്ന ചിന്ത അവളെ ഗ്രസിച്ചു. താൻ മരിക്കുകയാണെങ്കിൽ വിവരം സഹോദരനെ അറിയിക്കാൻ ഞാൻ സഹായിക്കുമോ എന്ന് അവൾ എന്നോടു ചോദിച്ചു. സ്വർഗ്ഗാശ്രമത്തിലായിരുന്നു അവൾ തങ്ങിയിരുന്നത്. പ്രസ്തുത ആശ്രമത്തിലേക്ക് ഞാനും അവളുടെ കൂടെ പോകുമെങ്കിൽ സഹോദരന്റെ ടെലിഫോൺ നമ്പരും പോസ്റ്റാഫീസിലെ പബ്ലിക് ടെലിഫോണിൽനിന്നും വിളിക്കുന്നതിനുള്ള പണവും തരാമെന്നു പറഞ്ഞു. മൂന്നു ദിവസം കഴിഞ്ഞുള്ള തീയതി രേഖപ്പെടുത്തിയ ഒരു റിട്ടേൺ ടിക്കറ്റും അവളുടെ പക്കൽ ഉണ്ടായിരുന്നു. അത്രയും നാൾ അവൾ ജീവിച്ചിരിക്കുമോ എന്ന കാര്യത്തിൽ അവൾക്ക് ആശങ്ക ഉണ്ടായിരുന്നു.

ഇത്രയും പറഞ്ഞിട്ട് അവൾ സംസാരം നിർത്തി. അവൾക്ക് വീണ്ടും ഛർദ്ദിക്കണമെന്നു തോന്നി. അവൾ മുഖം കഴുകി. വെള്ളം വായിലൊഴിച്ച്

കുലുക്കിത്തുപ്പി. ഞാൻ യുവതിയോട് പറഞ്ഞു: "ജെന്നി ഞാൻ പറയുന്നത് ഒന്നു ശ്രദ്ധിക്കൂ. ജെന്നിക്ക് ഗുരുക്കന്മാരിൽ വിശ്വാസമില്ലെന്ന് എനിക്കറിയാം. എന്നിരുന്നാലും എന്റെ കൂടെ വന്ന് എന്റെ ഗുരുവിനെ ഒന്നു കാണുന്നതിൽ വിരോധമുണ്ടോ? അദ്ദേഹം തികച്ചും വ്യത്യസ്തൻ ആണ്. എന്തു സംഭവിക്കും എന്ന് എനിക്ക് പറയാൻ കഴിയുകയില്ല. എന്നാൽ അദ്ദേഹത്തിന്റെ അനുഗ്രഹം ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടും. അതുകൊണ്ട് ജെന്നി ഞാൻ പറയുന്നത് കേൾക്കൂ."

ഉടനെ അവൾ പറഞ്ഞു: "ശരി, അങ്ങനെയാകട്ടെ. നിങ്ങൾ ഒരു നല്ല മനുഷ്യനാണ്. ഞാൻ വരാം. എപ്പോഴാണ് ഞാൻ വരേണ്ടത്?"

ഞാൻ പറഞ്ഞു: "ജെന്നി ഇവിടെത്തന്നെ അല്പസമയം കാത്തിരിക്കൂ. ഞാൻ അദ്ദേഹത്തിന്റെയടുത്ത് ചെന്ന് എപ്പോഴായിരിക്കും അദ്ദേഹത്തിന് സൗകര്യം എന്ന് ചോദിച്ചിട്ട് വരാം. ഞാൻ മടങ്ങിവരുന്നതുവരെ ജെന്നി ഇവിടെത്തന്നെ ഇരിക്കണം."

"ശരി" അവൾ സമ്മതിച്ചു.

ഞാൻ ഗുഹയിലേക്കു നടക്കുകയായിരുന്നില്ല; കഴിയുന്നതും വേഗത്തിൽ ഓടുകയായിരുന്നു. ഞാൻ ഗുഹയുടെ മുന്നിലെത്തിയപ്പോൾ ബാബാജി അവിടെ നില്ക്കുന്നുണ്ടായിരുന്നു. അന്നേരം ഞാൻ കിതയ്ക്കുകയായിരുന്നു. അണപ്പൊന്ന് നിർത്തി ശ്വാസം നേരേയാക്കിയിട്ട് സംസാരിക്കാമെന്നു വിചാരിച്ചു. ബാബാജി പറഞ്ഞു: "ഓട്ടം നല്ല വേഗത്തിൽ ആയിരുന്നു അല്ലേ?"

അപ്പോൾ ഒന്നും ആലോചിക്കാതെ ഞാൻ പറഞ്ഞുപോയി: "ബാബാജീ, ഒരു അമേരിക്കൻ യുവതിയെ ഞാൻ അങ്ങയുടെ അടുത്തേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു."

"അങ്ങിനെയോ? ഒരു യോഗി ഇപ്പോൾ ഒരു അമേരിക്കൻ യുവതിയെ കണ്ടുമുട്ടിയിരിക്കുന്നു..."

ഞാൻ ചുരുക്കത്തിൽ ഇത്രയും പറഞ്ഞു: "ബാബാജീ! ഞാൻ..... ഒരു യുവതിക്ക് കലശലായ രോഗം ബാധിച്ചിരിക്കുന്നു. ഞാൻ അങ്ങയുടെ അടുത്തേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുന്നു."

"അവളെ ഒരാശുപത്രിയിലേക്ക് കൊണ്ടുപോകൂ. ഡിവൈൻ ലൈഫ് സൊസൈറ്റിയിൽ ഒരു ആശുപത്രി ഉണ്ട്. ഞാൻ ഒരു ഡോക്ടർ അല്ല. ഞാൻ ഒരു അമേരിക്കൻ യുവതിയെയും ഇപ്പോൾ കാണാൻ ആഗ്രഹിക്കുന്നില്ല."

ഞാൻ കണ്ണുനീർവാർത്തുകൊണ്ട് അദ്ദേഹത്തോട് അഭ്യർത്ഥിച്ചു: "അങ്ങ് അവളോട് ദയ കാണിക്കണം. അവൾക്ക് അങ്ങയുടെ അനുഗ്രഹം വേണം. അങ്ങ് അവളോട് ഒന്നും പറയണമെന്നില്ല. അങ്ങയുടെ പവിത്ര ദൃഷ്ടി അവളിൽ പതിച്ചാൽ മതിയാകും. ബാബാജി ദയവായി....."

ബാബാജി സ്നേഹപുരസ്സരം എന്റെ തോളിൽ കൈവച്ചു. എന്നിട്ട് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "യഥാർത്ഥത്തിൽ ഞാൻ നിന്നെ പരീക്ഷിക്കുകയായിരുന്നു. തീർച്ചയായും ഞാൻ അവളെ കാണും. അവളെ ഇങ്ങോട്ട് കൂട്ടിക്കൊണ്ടു വരുമോ? അതോ ഞാൻ താഴോട്ട് വരണോ?"

"ഞാൻ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരാം", എന്നു പറഞ്ഞുകൊണ്ട് തൊടുത്തുവിട്ട അമ്പുപോലെ ഞാൻ പാഞ്ഞു. ബാബാജിയോടു നന്ദി പറയാൻ

പോലും ഞാൻ മറന്നുപോയി. അവൾ എന്നെയും പ്രതീക്ഷിച്ച് അവിടെത്തന്നെ ഇരിക്കുന്നുണ്ടായിരുന്നു.

ഞാൻ പറഞ്ഞു: "അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. നമുക്ക് അദ്ദേഹത്തിന്റെ അടുത്തേക്കു പോകാം."

അവൾ ക്ഷീണിതയായിരുന്നതുകൊണ്ട് വളരെ സാവധാനത്തിലാണ് നടന്നുകൊണ്ടിരുന്നത്. അവൾ നടക്കാൻ നന്നേ പ്രയാസപ്പെട്ടിരുന്നു. പലപ്പോഴും അവൾക്ക് താങ്ങ് കൊടുക്കേണ്ടിവന്നു. രണ്ടുപേരും ഗുഹാമുഖത്ത് എത്തി. അപ്പോൾ അവൾ മറിഞ്ഞുവീഴുമോ എന്നു തോന്നിപ്പോയി. ബാബാജി ഹിന്ദിയിൽ പറഞ്ഞു: "ഇവൾക്ക് കമണ്ഡലുവിൽനിന്ന് കുറച്ചുവെള്ളം കുടിക്കാൻ കൊടുക്കൂ. എന്നിട്ട് ഈ കമ്പിളി വിരിപ്പിൽ ഇരിക്കട്ടെ."

ഛർദ്ദിക്കുമോ എന്ന ഭയം ഉള്ളിൽ ഉണ്ടായിരുന്നതുകൊണ്ട് വളരെ ശ്രദ്ധിച്ചാണ് ജലപാനം ചെയ്തത്. അവൾ നിലത്ത് ഇരുന്നു കഴിഞ്ഞപ്പോൾ ബാബാജിയും അവളുടെ മുമ്പിൽ ഇരുന്നു. അദ്ദേഹം വലതുകൈ മുന്നോട്ടു നീട്ടി ശിരസ്സിൽ വച്ച് അവളെ അനുഗ്രഹിച്ചു. അമേരിക്കൻ ഉച്ചാരണത്തിലുള്ള ഇംഗ്ലിഷിൽ അവൾ അവളുടെ കഥ പറയാനാരംഭിച്ചു. അവൾ സംസാരിക്കുന്നത് വേഗത്തിലായിപ്പോകുന്നു എന്ന് ഓർമ്മിപ്പിക്കാനായി ഞാൻ ഇടപെട്ടപ്പോൾ ബാബാജി പറഞ്ഞു: "അവൾ പറയുന്നത് എനിക്ക് വ്യക്തമാകുന്നുണ്ട്. അവൾ സംസാരം തുടരട്ടെ." അവൾ സംസാരിച്ച ഇംഗ്ലിഷ് ഭാഷയുടെ അതേ ഉച്ചാരണത്തിൽ ആയിരുന്നു ബാബാജിയും ഇംഗ്ലിഷിൽ സംസാരിച്ചത്. അവൾ തന്റെ കഥ വിസ്തരിച്ചു കേൾപ്പിച്ചതിനുശേഷം പറഞ്ഞു: "ഞാൻ ഇനി ഒന്നരമാസമേ ജീവിച്ചിരിക്കുകയുള്ളൂ എന്നാണ് എന്നെ ചികിത്സിച്ച ഡോക്ടർമാർ പറയുന്നത്. ഞാൻ ഈ ലോകത്തിൽ അധികംനാൾ കാണുകയില്ല. ഈ സാഹചര്യത്തിലാണ് ഞാൻ അങ്ങയെ ദർശിക്കാൻ എത്തിയിരിക്കുന്നത്."

ബാബാജി അവളുടെ മുഖത്തേക്കു നോക്കി. അദ്ദേഹത്തിന്റെ നേത്രങ്ങളിൽ അനുകമ്പയുടെ അനന്തസാഗരം അലയടിക്കുന്നതുപോലെ തോന്നി. അദ്ദേഹം വാത്സല്യം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു: "കുഞ്ഞേ! എല്ലാവരും ഒരു ദിവസം ഈ ലോകത്തോട് യാത്ര പറയും. നീയും ഞാനും ഇവനും ഈ ലോകത്തോട് വിട പറയും. മരണത്തെ ആർക്കും കീഴ്പെടുത്താൻ കഴിയുകയില്ല. അത് അനിവാര്യമാണ്. അത് ഏവരുടെയും സന്തത സഹചാരിയാണ്. അതിനാൽ ഈ സത്യം ശാന്തമായി അംഗീകരിക്കൂ. മരണവുമായി സന്ധി ചെയ്യൂ. അത് നിങ്ങളുടെ സുഹൃത്തായി മാറും. ഞാൻ നിനക്ക് ലളിതമായ ഒരു ധ്യാനവും ശ്വസനക്രിയയും പഠിപ്പിച്ചുതരാം. അത് പരിശീലിക്കുകയാണെങ്കിൽ വേദനയ്ക്ക് ശമനമുണ്ടാകും. അതുകൊണ്ട് സമാധാനത്തോടെ നാട്ടിലേക്ക് മടങ്ങൂ. എല്ലാ മഹാത്മാക്കളും നിന്നിൽ അനുഗ്രഹങ്ങൾ വർഷിക്കട്ടെ."

അദ്ദേഹം ജെന്നിയെ ദിവസവും രണ്ടുനേരം അഭ്യസിക്കുന്നതിന് ധ്യാനവും ശ്വസനക്രിയയും പഠിപ്പിച്ചു. അവളുടെ മുഖത്തുണ്ടായിരുന്ന വിഷാദഭാവം കുറച്ചുസമയത്തിനുള്ളിൽത്തന്നെ അപ്രത്യക്ഷമായി. തൽസ്ഥാനത്ത് അത്യപൂർവ്വമായ ശാന്തിയും പ്രസാദാത്മകതയും കളിയാടി. ബാബാജി എന്നോട് സ്വർഗ്ഗാശ്രമംവരെ അവളെ അനുഗമിക്കാൻ ആവശ്യപ്പെട്ടു. ഞങ്ങൾ താഴോട്ട്

പോയിക്കൊണ്ടിരുന്നപ്പോൾ രണ്ടു മണിക്കൂറിനിടയ്ക്ക് ഒരിക്കൽപ്പോലും ഛർദ്ദിക്കാതിരുന്നതിനെപ്പറ്റി ഓർത്ത് ജെന്നി അതിശയിച്ചു. അവളുടെ അതിശയം എന്നോടു പറയുകയും ചെയ്തു. സ്വർഗ്ഗാശ്രമത്തിൽ എത്തിയപ്പോൾ അവൾ എന്നോട് അകമഴിഞ്ഞ നന്ദി പ്രകടിപ്പിച്ചു. ഞാൻ ഗുഹയിലേക്കു മടങ്ങി.

"എങ്ങനെയുണ്ട് അവൾക്ക്?" എന്നെ കണ്ടയുടനെ ബാബാജി ചോദിച്ചു. അവൾക്ക് ഇപ്പോൾ നല്ല സുഖം തോന്നുന്നുണ്ടെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു.

"നീ ഇപ്പോൾ കഴിഞ്ഞ ജന്മങ്ങളിൽ കൊടുത്തു തീർക്കേണ്ടിയിരുന്ന കടം കൊടുത്തുതീർത്തിരിക്കുകയാണ്. അനേകം ജന്മങ്ങൾക്കുമുമ്പ് നിനക്ക് സുഖമില്ലാതിരുന്നപ്പോൾ അവളുടെ ശുശ്രൂഷ ലഭിച്ചിരുന്നു. ഇപ്പോൾ അവളുടെ ദുരിതത്തിൽ നീ ഒരു ആശ്രയമായി. ഇതെപ്പറ്റി കൂടുതൽ ഒന്നും ചോദിക്കരുത്. ഒരു കാര്യം കൂടി. ഞാൻ അവളെ വീണ്ടും കാണാൻ ആഗ്രഹിക്കുന്നില്ല."

"ശരി ബാബാജി" എന്നു മാത്രം വൈമനസ്യത്തോടെ പറഞ്ഞു. എനിക്ക് കഴിഞ്ഞ ജന്മത്തിൽ ജെന്നിയുമായി ഏതുതരത്തിലുള്ള ബന്ധമായിരുന്നു ഉണ്ടായിരുന്നതെന്ന് അറിയാൻ അതിയായ മോഹമുണ്ടായിരുന്നു. പക്ഷേ, അദ്ദേഹത്തോട് ചോദിക്കാനുള്ള സാഹസം കാട്ടിയില്ല. അനുഭവങ്ങളിലൂടെ എന്താണ് ചെയ്യേണ്ടത്, എന്താണ് ചെയ്യാൻ പാടില്ലാത്തത് എന്നൊക്കെ ഇതിനകം എനിക്കു മനസ്സിലായിക്കഴിഞ്ഞിരുന്നു.

ജെന്നി നാട്ടിലേക്ക് യാത്ര തിരിക്കുന്ന ദിവസം ബാബാജിയുടെ അനുമതിയോടെ അവൾക്കു യാത്രാമംഗളങ്ങൾ നേരുന്നതിനുവേണ്ടി ഞാൻ പോയിരുന്നു. അവളുടെ ആരോഗ്യനില വളരെ മെച്ചപ്പെട്ടതായി തോന്നി. കഴിഞ്ഞ രണ്ടു ദിവസത്തിനുള്ളിൽ രണ്ടു പ്രാവശ്യമേ ഛർദ്ദിച്ചുള്ളൂ എന്നു പറഞ്ഞു. അവൾ ചായയും ബിസ്ക്കറ്റും കഴിക്കുന്നുണ്ടെന്നും പറഞ്ഞു. അവൾ പറഞ്ഞു: "ബാബാജിയോട് എന്റെ ശതകോടി കൃതജ്ഞതകൾ അറിയിക്കൂ. അദ്ദേഹം 'എന്റെ ജീസസ് ക്രൈസ്റ്റ്' ആണ്."

അവൾ എന്നോട് സമ്പർക്കം പുലർത്താൻ ആഗ്രഹം പ്രകടിപ്പിച്ചു. പക്ഷേ, എനിക്ക് എന്റേതായ മേൽവിലാസമോ ഒരു ടെലിഫോൺ നമ്പരോ ഇല്ലായിരുന്നു. പരസ്പരം പിരിയുന്നതിനുമുമ്പ് എന്നെ അമ്പരപ്പിച്ചുകൊണ്ട് അവൾ എന്നെ ആശ്ലേഷിക്കുകയും എന്റെ കവിളിൽ ചുംബിക്കുകയും ചെയ്തു. അമ്പരപ്പോടെ ഞാൻ തിരിഞ്ഞു നടന്നു. ഗുഹയിലേക്കു മടങ്ങി. ഗുഹയിൽ എത്തിയ ഉടനെ ബാബാജി ഇത്രമാത്രം ചോദിച്ചു: "അമ്പരന്നുപോയി, അല്ലേ?" അന്നേരം അദ്ദേഹം അടക്കിച്ചിരിക്കുകയാണെന്നു തോന്നിപ്പോയി.

കാലം കറങ്ങിത്തിരിഞ്ഞുകൊണ്ടിരുന്നു. വൈകാതെതന്നെ ജെന്നി വിസ്മൃതിയിൽ വിലയം പ്രാപിച്ചു. അവളെപ്പറ്റി വല്ലപ്പോഴും ഓർത്താലായി. അത്രതന്നെ. ബാബാജിയും ഒന്നും പറഞ്ഞിരുന്നില്ല.

മൂന്നുവർഷം കഴിഞ്ഞ് ഞാൻ ഋഷികേശിൽ എത്തിയിരുന്നു. അത് ഒരു ആദ്ധ്യാത്മിക അന്തർയോഗത്തിൽ പങ്കെടുക്കാൻവേണ്ടിയായിരുന്നു. ബാബാജി കൈലാസപർവ്വതത്തിൽ പോയിരിക്കുകയായിരുന്നു. അദ്ദേഹം എന്നെ കൂടെ കൊണ്ടുപോയില്ല. ഞാൻ ദിവസവും അനുഷ്ഠിക്കേണ്ട സാധന

കളെപ്പറ്റി വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിട്ടാണ് അദ്ദേഹം പോയത്. അന്തർയോഗം തീർന്നതിനുശേഷം എനിക്ക് അദ്ദേഹത്തിന്റെ മടക്കയാത്രയും പ്രതീക്ഷിച്ചിരിക്കണമായിരുന്നു.

ഒരു ദിവസം വൈകുന്നേരം സ്വർഗ്ഗാശ്രമത്തിനു സമീപമുള്ള ഗംഗാതീരത്ത് ഞാൻ ഇരിക്കുകയായിരുന്നു. ഒരു സുന്ദരി നദിയുടെ തീരത്തിലേക്കു പോകുന്നത് കാണാനിടയായി. എനിക്ക് എന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അത് ജെന്നിതന്നെയല്ലേ എന്നു മനസ്സ് മന്ത്രിച്ചു. മുമ്പ് കണ്ടിരുന്നതിനെക്കാൾ വണ്ണംവച്ചിരിക്കുന്നു. എന്നാലും അവൾ ജെന്നിതന്നെയാണ് എന്ന് ഉറപ്പിക്കാൻ വേണ്ടി ഞാൻ അവളുടെ പുറകിൽ നിന്നുകൊണ്ട് മന്ദസ്വരത്തിൽ വിളിച്ചു: "ജെന്നീ!"

ഒരു നിമിഷം തിരിഞ്ഞ് അവൾ എന്റെ മുഖത്തേക്ക് നോക്കി. എന്നിട്ട് അവൾ ഉറക്കെ പറഞ്ഞു: "ഭഗവാനേ! എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. മധു ഇവിടെ ഉണ്ടായിരുന്നുവോ?" അവൾ ചാടിയെണീറ്റ് ആശ്ലേഷിച്ചുകൊണ്ട് എന്റെ കവിളിൽ ചുംബിച്ചു. എന്നിട്ട് ആകാംക്ഷ മുറ്റി നിന്ന സ്വരത്തിൽ ചോദിച്ചു: "മധു! നിങ്ങൾക്കെന്തുപറ്റി? നിങ്ങൾ അണിഞ്ഞിരിക്കുന്നത് മോടിയുള്ള വസ്ത്രങ്ങളാണല്ലോ. മനോഹരമായ ചുരുണ്ട മുടിയൊക്കെ വെട്ടിക്കളഞ്ഞിരിക്കുന്നു! നമുക്ക് ഇവിടെ ഇരുന്ന് സംസാരിക്കാം. ഞാൻ ഇവിടെ പലയിടത്തും നിങ്ങളെ തിരയുകയായിരുന്നു. നിങ്ങളുടെ ഗുഹയിൽ രണ്ടു പ്രാവശ്യം പോയിരുന്നു. അവിടെ നഗ്നനായ സന്ന്യാസിമാത്രമാണ് ഉണ്ടായിരുന്നത്. അദ്ദേഹത്തിന് ഇംഗ്ലിഷിൽ സംസാരിക്കാൻ കഴിയുമായിരുന്നില്ല."

ഫിലഡെൽഫിയയിൽ എത്തിച്ചേർന്നതിനുശേഷം എന്തൊക്കെ സംഭവിച്ചുവെന്ന് അവൾ പറയാൻ തുടങ്ങി. അവളുടെ ആരോഗ്യം മെച്ചപ്പെടാൻ തുടങ്ങി. വല്ലപ്പോഴും മാത്രമേ ഛർദ്ദിച്ചിരുന്നുള്ളൂ. പിന്നീട് ഛർദ്ദിക്കാതെയായി. വയറ്റുവേദന ഇല്ലാതായതുകൊണ്ട് വേദനസംഹാരി ഗുളികകൾ കഴിക്കുന്നില്ല. എല്ലാത്തിനും കാരണം ബാബാജി പഠിപ്പിച്ചു കൊടുത്ത ധ്യാനവും ശ്വസനക്രിയയും ആണ്. ഇപ്പോൾ സാധാരണ രീതിയിലുള്ള ഭക്ഷണം കഴിക്കുന്നുണ്ട്. ഡോക്ടർ രണ്ടു മാസത്തെ കാലാവധി നല്കി എഴുതിത്തള്ളിയതായിരുന്നു അവളെ. എന്നാൽ മുമ്പത്തെക്കാൾ ആരോഗ്യവതിയായി അവൾ ജീവിച്ചിരിക്കുന്നു. ഡോക്ടർ പറഞ്ഞ കാലാവധി കഴിഞ്ഞ് വീണ്ടും രാണ്ടാഴ്ചയ്ക്കുശേഷം അവൾ ഡോക്ടറെ കാണാൻ പോയിരുന്നു. അവളെ ആരോഗ്യവതിയായി കണ്ട് ഡോക്ടർ അത്ഭുതപ്പെട്ടു.

അവൾക്ക് വീണ്ടും പല പരിശോധനകൾ നടത്തിയ ഡോക്ടർ അവളുടെ രോഗം പൂർണ്ണമായും ശമിച്ചു എന്ന് അറിയിച്ചു. അതൊരു അപൂർവ്വസംഭവമായി ഡോക്ടർ കരുതി. അത് ഒരു അത്ഭുതംതന്നെയായിരുന്നു. എന്നെ ബന്ധപ്പെടാൻ അവൾക്ക് ഒരു വഴിയുമില്ലായിരുന്നു. അതിനിടയിൽ അവൾക്ക് ഒരു ലബോറട്ടറിയിൽ ജോലി കിട്ടി. ദീർഘകാലം അവൾക്ക് അവധി കിട്ടിയില്ല. ഒടുവിൽ രണ്ടാഴ്ച അവധി അനുവദിച്ചു കിട്ടിയപ്പോൾ ഒട്ടും സമയം പാഴാക്കാതെ ഉടനെ അവൾ ഇന്ത്യയിലേക്കു തിരിച്ചു. അങ്ങനെ വീണ്ടും ഋഷികേശിലെത്തി. അടുത്തദിവസം അവൾ ഡൽഹിയിൽനിന്നും അമേരിക്കയിലേക്ക് തിരിക്കും.

അവൾ പറഞ്ഞു: "ഞാൻ നിങ്ങളെ കാണാതെ വിഷമിച്ചിരിക്കുകയായിരുന്നു. ഞാൻ ബാബാജിയെ നേരിട്ട് കാണുന്നുണ്ട്. എന്റെ സ്നേഹം അദ്ദേഹത്തെ അറിയിക്കണം."

ഉടനേ ഞാൻ പറഞ്ഞു : "നിങ്ങൾക്ക് അദ്ദേഹത്തെ ഇപ്പോൾ കാണാൻ കഴിയുകയില്ല. ടിബറ്റിലെ കൈലാസത്തിലേക്കു പോയിരിക്കുകയാണ്. രണ്ടു മാസം കഴിഞ്ഞിട്ടേവരികയുള്ളൂ. ഞാൻ അദ്ദേഹത്തെ കാണുമ്പോൾ നിങ്ങളുടെ കൃതജ്ഞത അറിയിക്കാം.

"എന്നെ സംബന്ധിച്ചാണെങ്കിൽ ബാബാജിയോടൊപ്പം ഞാൻ മൂന്നര കൊല്ലം ജീവിച്ചു. എന്നോട് അദ്ദേഹം നാട്ടിലേക്കു മടങ്ങിപ്പോകാൻ പറഞ്ഞു. എല്ലാ കൊല്ലവും ഒരു മാസം അദ്ദേഹത്തോടൊപ്പം കഴിച്ചുകൂട്ടും. കാണുന്നത് എവിടെവച്ചായിരിക്കും എന്നത് അദ്ദേഹം നിശ്ചയിക്കും. നമ്മൾ തമ്മിൽ കണ്ടുമുട്ടാൻ കഴിഞ്ഞത് ഭാഗ്യംതന്നെ. എല്ലാം ബാബാജിയുടെ നിശ്ചയം ആയിരിക്കാം."

അവൾ നർമ്മരസം കലർത്തി പറഞ്ഞു: "ഊരും പേരും ഇല്ലാത്ത മനുഷ്യാ, ഇനിയെങ്കിലും നിങ്ങൾക്ക് സ്വന്തം മേൽവിലാസവും ഫോൺനമ്പരും തരാമല്ലോ." ഞങ്ങൾ രണ്ടുപേരും കുറച്ചു ദൂരം പഴയ കാര്യങ്ങൾ പറഞ്ഞു കൊണ്ട് ഒരുമിച്ചു നടന്നു. ഋഷികേശ് ഇപ്പോൾ പഴയതുപോലെയല്ല. എവിടെയും തിരക്കും ബഹളവും തന്നെ. ഞങ്ങൾ മദ്രാസ് കഫേയിൽ പോയി കാപ്പി കുടിച്ചു. ബാബാജി എങ്ങനെയാണ് എന്റെ ജീവിതത്തിലേക്ക് കടന്നു വന്നതെന്ന് അവളോടു പറഞ്ഞു. ഞങ്ങൾ സ്വർഗ്ഗാശ്രമത്തിലേക്കു പോയി. ആശ്രമത്തിൽ അവൾ ഒരു മുറി വാടകയ്ക്ക് എടുത്തിരുന്നു.

രാവിലെ അവളെ യാത്രയാക്കാൻ ബോട്ടു ജെട്ടിയിൽ പോയി. മറുകരയിൽ ഒരു ടാക്സിക്കാർ അവളെ കാത്തുകിടക്കുകയായിരുന്നു. അവൾ നേരേ ഡൽഹിക്കുപോകും. അവിടെനിന്നും അർദ്ധരാത്രിക്കുള്ള വിമാനത്തിൽ അമേരിക്കയിലേക്കും.

അവൾ അവളുടെ മേൽവിലാസം എനിക്കു തന്നിരുന്നു. ഞാൻ ഒരിക്കലും അവൾക്ക് ഒരു കത്തുപോലും അയച്ചില്ല. കത്തെഴുതുന്ന കാര്യത്തിൽ ഞാൻ മടിയനാണ്. എഴുതുന്നത് മാറ്റിവച്ചുകൊണ്ടിരിക്കും.

ബാബാജി ഋഷികേശിൽ മടങ്ങിയെത്തി. ജെന്നിയെപ്പറ്റിയുള്ള എല്ലാ വിവരങ്ങളും ഞാൻ അദ്ദേഹത്തിനു നല്കി. അവൾ നന്ദി പ്രകാശിപ്പിച്ച കാര്യവും അറിയിച്ചു. അപ്പോൾ അദ്ദേഹം ഇത്രമാത്രം പറഞ്ഞു: "അവൾ നല്ല കുട്ടിയാണ്. അവൾക്ക് എന്റെ എല്ലാ അനുഗ്രഹങ്ങളും ഉണ്ട്. അവളെ ഞാൻ കാത്തുസൂക്ഷിക്കും. അവൾക്ക് വേണ്ടതു ചെയ്യും."

മാസാവസാനത്തിൽ ഞാൻ നാട്ടിലേക്ക് മടങ്ങി വീട്ടിലെത്തി. രണ്ടു മാസത്തിനുശേഷം അമേരിക്കയിൽനിന്നും എനിക്ക് ഒരു കത്ത് കിട്ടി. അത് ജെന്നിയുടെ കത്തായിരിക്കും എന്നു വിചാരിച്ചുകൊണ്ട് ഞാൻ ആകാംക്ഷയോടെ കത്ത് പൊട്ടിച്ചു. അത് ഒരു കവറിംഗ് ലെറ്ററോടൊപ്പമുള്ള കത്തായിരുന്നു. കവറിംഗ് ലെറ്റർ ഇപ്രകാരമാണ്:

പ്രിയപ്പെട്ട മിസ്റ്റർ എം,

ഞാൻ ബെർനാഡ് ആണ്. ജെന്നിയുടെ സഹോദരൻ. ജെന്നി ഇന്ത്യയിൽനിന്നും മടങ്ങിവന്നതിനുശേഷം ഒക്ടോബർ മാസം 16-ാം തീയതി രാത്രിയിൽ ഉറങ്ങിക്കിടക്കവേ മരണമടഞ്ഞു. ഹൃദയാഘാതമാണ് മരണത്തിന് കാരണമെന്ന് മെഡിക്കൽ റിപ്പോർട്ട് പറയുന്നു. അവളുടെ കിടക്കയിൽ രസകരമായ ഒരു കത്ത് കിടപ്പുണ്ടായിരുന്നു. അത് ഞങ്ങളെ സംബന്ധിച്ചിടത്തോളം അത്ഭുതകരമായിരുന്നു. ആ കത്ത് നിങ്ങളുടെ മേൽവിലാസം എഴുതിയ കവറിൽ ഇട്ടിരിക്കുകയായിരുന്നു. നിങ്ങൾക്ക് അയച്ചു തരാൻവേണ്ടി അവൾ എഴുതിയ കത്തായതുകൊണ്ട് അത് നിങ്ങൾക്ക് അയച്ചുതരുന്നത് ഉചിതമായിരിക്കും എന്ന് ഞങ്ങൾ വിചാരിച്ചു. അടുത്തദിവസംതന്നെ അയച്ചുതരാൻ കഴിഞ്ഞില്ല. കത്തിന് മറുപടി അയയ്ക്കണമെന്ന് ഞാൻ നിങ്ങളെ നിർബന്ധിക്കുന്നില്ല. എന്നാൽ ജെന്നിയെ കരുതി നിങ്ങൾ മറുപടി അയയ്ക്കുകയാണെങ്കിൽ ഞങ്ങൾക്കെല്ലാവർക്കും വിശേഷിച്ചും എന്റെ അമ്മയ്ക്ക് വളരെ സന്തോഷമായിരിക്കും.

നന്ദിപൂർവ്വം

ബെർനാഡ്

മറ്റൊരു കവറിൽ ആണ് ജെന്നിയുടെ കത്ത്. ഞാൻ കത്ത് പൊട്ടിച്ചു വായിച്ചു:

പ്രിയപ്പെട്ട മധു,

നിങ്ങളെ വീണ്ടും കാണാൻ കഴിഞ്ഞത് അത്ഭുതകരമായ ഒരു അനുഭവമായിരുന്നു. ഗുരുജിയെ നിങ്ങൾ തീർച്ചയായും എന്റെ കൃതജ്ഞത അറിയിച്ചിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. എനിക്ക് ഇപ്പോൾ നല്ല ആരോഗ്യവും ഉന്മേഷവും ഉണ്ട്. എന്നാൽ ഇന്നലെ രാത്രിയിൽ വിചിത്രമായ ചിലതൊക്കെ സംഭവിച്ചു. അത് നിങ്ങളെയും അറിയിക്കാനാഗ്രഹിക്കുന്നു. ഞാൻ ദീർഘമായ ഒരു സ്വപ്നം കണ്ടു. ബാബാജി പ്രസാദാത്മകത നിറഞ്ഞ മുഖവുമായി പുഞ്ചിരിയിട്ടുകൊണ്ട് എന്നോടു ചോദിച്ചു:

"നിനക്ക് സൗഖ്യമാണല്ലോ."

"അതെ ഗുരുജി" ഞാൻ അറിയിച്ചു.

"പ്രിയപ്പെട്ട കുട്ടീ? ഇപ്പോൾ നിന്റെ വീട്ടിലേക്ക് പോകാനുള്ള സമയമായല്ലോ. നിന്റെ യഥാർത്ഥമായ വീട്ടിലേക്ക് നിന്നെ സ്വാഗതം ചെയ്യാൻ ഞാൻ അവിടെ ഉണ്ടാകും."

മഴവില്ലിന്റെ നിറങ്ങളുള്ള ഉജ്ജ്വലപ്രഭയിൽ അദ്ദേഹം അപ്രത്യക്ഷനായി. മധു! ഈ സ്വപ്നത്തിന്റെ അർത്ഥം എന്താണ്? അദ്ദേഹം എന്നെ ഹിമാലയത്തിലേക്ക് ക്ഷണിക്കുകയാണോ? അദ്ദേഹത്തെ

കാണുമ്പോൾ ഒന്നു ചോദിച്ചു മനസ്സിലാക്കുമോ? എന്നെങ്കിലും തമ്മിൽ കാണാം. മറുപടി അയക്കൂ. ബന്ധം തുടരൂ.

സ്നേഹപൂർവ്വം

ജെന്നി

കത്ത് വായിച്ചതിനുശേഷം നേരേ കിടപ്പുമുറിയിലേക്ക് പോയി. ഞാൻ വിങ്ങിക്കരഞ്ഞു. മുമ്പ് ഒരിക്കലും അതുപോലെ കരഞ്ഞിട്ടില്ല. എനിക്ക് നഷ്ടപ്പെട്ടത് നല്ലൊരു സുഹൃത്തിനെയാണ്. ബാബാജി പറഞ്ഞതിന്റെ അർത്ഥം എന്തായിരിക്കും എന്ന ചിന്തയിൽ മുഴുകി.

രാത്രിയിൽ ഞാൻ ബാബാജിയെ ധ്യാനിച്ചു. എന്റെ ഹൃദയപത്മത്തിൽ ബാബാജി പ്രകടമായി. ഞാൻ ബാബാജിയോട് ചോദിച്ചു: "ബാബാജി! ജെന്നിക്ക് എന്തുപറ്റിയെന്ന് പറയൂ. ഇത്തരം ചോദ്യങ്ങൾ ചോദിക്കുന്നത് അങ്ങേക്ക് ഇഷ്ടമില്ല എന്ന് എനിക്കറിയാം. മാത്രവുമല്ല ഞാൻ അങ്ങയെ ആശ്രയിക്കുന്നതും അങ്ങ് ഇഷ്ടപ്പെടുന്നില്ല. ഈ ഒരു പ്രാവശ്യത്തേക്കുമാത്രം എന്റെ ചോദ്യത്തിന് ഉത്തരം തരൂ. ദയവായി മറുപടി തരൂ. ജെന്നി എന്റെ നല്ല സുഹൃത്തായിരുന്നു. അങ്ങും അവളെ ഇഷ്ടപ്പെട്ടിരുന്നുവല്ലോ."

അന്നു രാത്രിയിൽ സ്വപ്നത്തിലൂടെ എനിക്ക് മറുപടി കിട്ടി. സാധാരണ ധരിക്കാറുള്ള വെള്ളവസ്ത്രത്തിനുപകരം ഊതവർണ്ണത്തിലുള്ള ഉടുവസ്ത്രമാണ് ധരിച്ചിരുന്നത്. അദ്ദേഹം പറഞ്ഞു: "ഇതുപോലുള്ള ചോദ്യങ്ങൾ ചോദിച്ച് എന്നെ ശല്യപ്പെടുത്തരുത്. ധ്യാനത്തിൽ ഇരിക്കുമ്പോൾ നീ എന്നെ അലട്ടരുത്. ധ്യാനം കൂടുതൽ ഉയർന്ന തലത്തിലുള്ള വികാസം പ്രാപിക്കുന്നതിനുവേണ്ടിയും മറ്റുള്ളവരെ സഹായിക്കാൻവേണ്ടിയും ഉള്ളതാണ്. എപ്പോഴും എന്നെ വിളിക്കാൻവേണ്ടിയുള്ളതല്ല."

"എന്തായാലും നീ ചോദിച്ച സ്ഥിതിക്ക് പറയാം. ഞാൻ ജെന്നിയെ വീട്ടിലേക്ക് വിളിച്ചത് അവൾക്ക് വിശ്രമിക്കാനുള്ള സ്ഥലത്തിലേക്കാണ്. ലോകത്തിൽ കഠിനമായി പരിശ്രമിച്ചിട്ട് എല്ലാവരും ഒടുവിൽ വിശ്രമിക്കുന്ന സ്ഥലത്തേക്കുതന്നെയാണ് ഞാൻ അവളെയും ക്ഷണിച്ചത്. അവൾ ഇവിടെത്തന്നെയുണ്ട്. അവളെ സ്വാഗതം ചെയ്യാൻ ഞാൻ ഇവിടെയുണ്ടായിരുന്നു. കുറച്ചു വിശ്രമിച്ചതിനുശേഷം ഇന്ത്യയിൽ എവിടെയെങ്കിലും അനുയോജ്യമായ സ്ഥലത്ത് പുനർജ്ജനിക്കുന്നതിന് യോജിച്ച ഒരു ഗർഭാശയം കണ്ടെത്താൻ ഞാൻ അവളെ സഹായിക്കും. അവളുടെ ആദ്ധ്യാത്മികമായ ഉയർച്ചയ്ക്ക് ഞാൻ വേണ്ടതു ചെയ്യും. ഈ വിഷയത്തെപ്പറ്റി കൂടുതൽ ചോദ്യങ്ങൾ ചോദിക്കരുത്."

സ്വർണനിറമുള്ള മേഘങ്ങൾക്കിടയിൽ ബാബാജി അപ്രത്യക്ഷനായി. ഞാൻ ഉണർന്നു. അപ്പോൾ മനസ്സിനു ലാഘവം തോന്നി. എന്റെ സുഹൃത്തും മാർഗ്ഗദർശിയുമായ അദ്ദേഹത്തിന് മനസ്സിൽ നന്ദി പറഞ്ഞു.

മൂന്നാമത്തെ സംഭവം എന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും അവിസ്മരണീയവുമാണ്. അന്നോളം മനോമന്ദിരത്തിൽ പ്രതിഷ്ഠിച്ച് ആരാധിച്ചുകൊണ്ടിരുന്ന മഹാഗുരുവായ ശ്രീഗുരുബാബാജിയെ ഒടുവിൽ

ദർശിക്കാനുള്ള ഭാഗ്യം സിദ്ധിക്കുകയുണ്ടായി. ദർശനപുണ്യം കിട്ടിയത് എങ്ങനെയാണെന്ന് പറയാം:

നീലകണ്ഠപർവ്വതത്തിനു ചുറ്റുമുള്ള വനങ്ങളിലൂടെ ബാബാജിയും ഞാനും നടന്നുകൊണ്ടിരിക്കുകയായിരുന്നു. കാട്ടിൽ വളരെ ദൂരെനിന്നും ആന ചിന്നം വിളിക്കുന്ന ശബ്ദം കേട്ടു. ഞങ്ങൾ അതിഗഹനമായ ഒരു വിഷയത്തെപ്പറ്റിയുള്ള ചർച്ചയിൽ മുഴുകിയിരുന്നതിനാൽ ആനയുടെ ചിന്നംവിളിയെ ഗൗരവമായി എടുത്തില്ല. ഒട്ടും വൈകാതെ എന്നെ ക്രിയായോഗം അഭ്യസിപ്പിക്കും എന്ന് ബാബാജി എന്നോടു പറഞ്ഞു. പക്ഷേ, അത് അഭ്യസിക്കുന്നതിന് ഒരാൾ അർഹനായിരിക്കണം. അതിന് അയാൾക്ക് ഇരുപത്തിയൊന്ന് യോഗ്യതകൾ വേണം. അവ എന്തൊക്കെയാണെന്ന് അദ്ദേഹം വിവരിക്കുകയും ചെയ്തു.

അദ്ദേഹം വിവരിച്ച ഇരുപത്തൊന്നു വ്യവസ്ഥകൾ പാലിക്കാൻ വളരെ ബുദ്ധിമുട്ടുണ്ടെന്നും അർഹതയുള്ള ഒരാളെ കണ്ടെത്തുക പ്രയാസകരമാണെന്നും ഞാൻ അഭിപ്രായപ്പെട്ടു. അദ്ദേഹം എന്റെ അഭിപ്രായത്തോട് വിയോജിപ്പു പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: "അങ്ങനെ ചിന്തിക്കുന്നത് ആളുകളുടെ സ്വഭാവത്തെ വിലകുറച്ചു കാണുന്നതുപോലെയാണ്." ഒരു ശരാശരി മനുഷ്യനെക്കൊണ്ട് ഈ വ്യവസ്ഥകൾ പാലിക്കാൻ കഴിയുകയില്ലെന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. പട്ടികയിലെ വ്യവസ്ഥകളുടെ എണ്ണം കുറച്ച് ഒന്നു മയപ്പെടുത്താൻ ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. ഒരു മണിക്കൂർ സമയം ഈ വിഷയത്തെപ്പറ്റി വാദപ്രതിവാദം നടന്നു. ഇതുപോലെയുള്ള വാദപ്രതിവാദം അപൂർവ്വമായിട്ടേ സംഭവിച്ചിരുന്നുള്ളൂ, ഒടുവിൽ അദ്ദേഹം വ്യവസ്ഥകൾ പത്തെണ്ണമായി കുറച്ചു. അപ്പോഴും ഞാൻ അദ്ദേഹത്തോട് ലിസ്റ്റിലെ നാലു വ്യവസ്ഥകൾ മാത്രം മതിയാകുമെന്ന് പറയുകയും അങ്ങനെ നിശ്ചയിക്കാൻ കേണപേക്ഷിക്കുകയും ചെയ്തു. അത് മനുഷ്യരാശിയോടു കാണിക്കുന്ന വലിയ അനുകമ്പ ആയിരിക്കുമെന്നും ഞാൻ പറഞ്ഞു.

അതു കേട്ടിട്ട് അദ്ദേഹം പറഞ്ഞു: "കാലം മാറി. ഇപ്പോൾ ശിഷ്യന്മാർ ഗുരുവിനെ അനുകമ്പ എന്താണെന്ന് പഠിപ്പിക്കുന്നു. ഇതാണ് സ്ഥിതി. അന്നേരം എന്റെ കണ്ണുകൾ നിറഞ്ഞു. ബാബാജി എന്നെ ആശ്വസിപ്പിക്കാൻ ഒരുമ്പെടുന്ന സമയത്ത് വിസ്മയകരമായ ചിലതൊക്കെ സംഭവിച്ചു. അത്യന്തം ഹൃദ്യവും അപൂർവ്വവുമായ പരിമളം അവിടെയാകെ വ്യാപിച്ചു. ബാബാജി എന്നോടു പറഞ്ഞു: "ശരി. ഞാൻ നിന്നെ വിഷമിപ്പിച്ചുവെന്നു തോന്നുന്നു. എനിക്കതിൽ ഖേദമുണ്ട്. ഇപ്പോൾ നീ കണ്ണുനീർ തുടച്ചുകൊണ്ട് ഇവിടെ നില്ക്കൂ. ഇപ്പോൾ നിന്റെ ആഗ്രഹം നിറവേറ്റപ്പെടാൻ പോകുന്നു." ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം എന്റെയടുത്ത് ചേർന്നുനിന്നു. ഞങ്ങൾ രണ്ടു പേരും നിന്നിരുന്നത് നീലകണ്ഠപർവ്വതത്തിലേക്ക് പോകുന്ന വഴിയെ അഭിമുഖീകരിച്ചുകൊണ്ടാണ്. വൻതേക്കുമരങ്ങൾക്കിടയിലൂടെ ഞങ്ങളുടെ മുമ്പിൽ അലൗകികമായ ഒരു സുന്ദരരൂപം പ്രകടമായി. തേജോമയമായ രൂപം എന്നെ കോൾമയിർ കൊള്ളിച്ചു. എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത് ശ്രീഗുരു ബാബാജിതന്നെയായിരുന്നെന്ന് അന്തർജ്ഞാനത്തിലൂടെ എനിക്കു മനസ്സിലാകാൻ കഴിഞ്ഞു. എന്നോടുള്ള സ്നേഹവും അനുകമ്പയുംമൂലം എനിക്ക് ദർശനം തരാൻ വന്നതായിരുന്നു.

എന്റെ പ്രിയപ്പെട്ട ഗുരു ആ ദിവ്യരൂപത്തിന്റെ പവിത്രമായ പാദങ്ങളിൽ സാഷ്ടാംഗം പ്രണമിച്ചു. അദ്ദേഹം ചെയ്തതുപോലെ ഞാനും ആ പാദങ്ങളെ നമസ്കരിച്ചു. "എഴുന്നേൽക്കൂ" എന്റെ ശ്രവണപുടങ്ങളിൽ അമൃതവർഷം ചൊരിയുന്നതുപോലെ തോന്നി. എന്റെ കാതുകൾക്ക് ആനന്ദം പകർന്നു കൊണ്ട് ആ സ്വരം വീണ്ടും കേട്ടു: "നിനക്കുവേണ്ടിയാണ് ഞാൻ ഇപ്പോൾ ഇവിടെ വന്നിരിക്കുന്നത്." ഇതു പറഞ്ഞുകൊണ്ട് അദ്ദേഹം ബാബാജിയുടെ നേർക്കുനോക്കി പറഞ്ഞു: "മഹേഷ്! നീ മധു പറയുന്നത് കേൾക്കണം. കാലം വളരെ മാറിയിരിക്കുന്നു. വ്യവസ്ഥകൾക്ക് അയവു വരുത്തേണ്ടിയിരിക്കുന്നു. വ്യവസ്ഥകളുടെ എണ്ണം കുറയ്ക്കണം."

"അങ്ങയുടെ ആഗ്രഹംപോലെ." എന്റെ ഗുരു അദ്ദേഹത്തോടു പറഞ്ഞു.

സ്വർണനിറമുള്ള തേജോമയനായ ശ്രീഗുരുബാബാജിയെ ഞാൻ ഇമവെട്ടാതെ നോക്കി. കാൽമുട്ടോളം ഇറക്കമുള്ള വെളുത്ത ഉടുവസ്ത്രമല്ലാതെ മറ്റൊന്നും ധരിച്ചിരുന്നില്ല. നീണ്ടതലമുടി തോളിൽ വീണുകിടന്നിരുന്നു. അദ്ദേഹത്തിൽ ദിവ്യത്വം കളിയാടിയിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽ നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന സുഗന്ധം എന്റെ ആത്മാവിനെ തഴുകി. അദ്ദേഹം എന്റെ നേർക്കു തിരിഞ്ഞു. കാരുണ്യം ചൊരിയുന്ന അദ്ദേഹത്തിന്റെ കണ്ണുകളിലേക്കു ഞാൻ നോക്കി. തൽക്ഷണം എന്റെ മനസ്സ് ക്ഷിപ്രഗതിയിൽ അനേകം ജന്മങ്ങളിലൂടെ കടന്നുപോകുകയും എനിക്ക് അദ്ദേഹവുമായുള്ള ബന്ധം എന്തായിരുന്നുവെന്നു മനസ്സിൽ തെളിയുകയും ചെയ്തു.

"എന്റെയടുത്തേക്കു വരൂ." അദ്ദേഹം തന്റെ കരങ്ങൾ എന്റെ തോളിൽ ചുറ്റി. എന്നിട്ട് എന്റെ താടിയിൽ മൃദുലമായി സ്പർശിച്ചുകൊണ്ട് പറഞ്ഞു: "മധു, എന്റെ കുഞ്ഞേ! നിന്റെ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനു നിനക്ക് ഈ ജന്മത്തിലൂടെ കടന്നുപോകേണ്ടതുണ്ട്. നിന്റെ കർമ്മങ്ങൾ എല്ലാം ചെയ്തു തീർത്തതിനുശേഷം ഒടുവിൽ നീ എന്റെയടുത്തേക്ക് വരും. മഹേഷ് ദയയുള്ളവനാണ്. അവനാണ് നിനക്കുവേണ്ടി വിശേഷാൽ നിയോഗിക്കപ്പെട്ടിട്ടുള്ള മാർഗ്ഗദർശകൻ." കണ്ണുനീർധാര എന്റെ മുഖത്തുകൂടി ഒഴുകി. പരമമായ ആനന്ദം ശരീരത്തെയാകെ തഴുകി. അതുപോലെ ഒരാനന്ദം മുമ്പ് ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിരുന്നില്ല.

അദ്ദേഹം എന്റെ ഗുരുവിന്റെ നേർക്ക് ഒന്നുനോക്കി. എന്നിട്ട് പറഞ്ഞു: "നീ ഈ യുവാവിന്റെ സംരക്ഷണം പൂർണ്ണമായി ഏറ്റെടുത്തതിന് നിന്നോട് നന്ദിയുണ്ട്. മഹേഷ്, എനിക്ക് നിന്നോട് ഒരു സുപ്രധാന വിഷയത്തെപ്പറ്റി സംസാരിക്കാനുണ്ട്. വ്യാഴാഴ്ച രാത്രിയിൽ എന്നെ സൂക്ഷ്മശരീരത്തിൽ വന്ന് കാണൂ."

ശ്രീഗുരുബാബാജി കൈകൾ പൊക്കി ആശീർവ്വദിച്ചു. ഞങ്ങൾ ഒരിക്കൽക്കൂടി അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. ഞങ്ങൾ നിലത്തുനിന്നും മുഖം ഉയർത്തുന്നതിനിടയിൽ അദ്ദേഹം പൊയ്ക്കഴിഞ്ഞിരുന്നു. അപ്പോഴും അവിടെ സുഗന്ധം ഉണ്ടായിരുന്നു. ഞങ്ങൾ ഗുഹയിലേക്ക് നിശ്ശബ്ദരായി മടങ്ങി. ആ സമയത്തും ശ്രീഗുരുബാബാജി എന്റെ മനസ്സിലാകെ നിറഞ്ഞു നില്ക്കുകയായിരുന്നു. ധ്യാനത്തിനുശേഷം ഞാൻ ഉറങ്ങാൻ കിടന്നു. പതിവുപോലെ ബാബാജി ധൂനിയുടെ മുന്നിൽ നിവർന്ന് ഒരു ശിലപോലെ നിശ്ചലനായി ഇരുന്നു. എന്നാൽ അദ്ദേഹം ഒരു പൂവുപോലെ മൃദുലമായിരുന്നു.

മുപ്പത്തിയൊന്ന്

യഥാർത്ഥ പുണ്യാത്മാവ്

ഞങ്ങളുടെ യാത്രയുടെ അടുത്ത ലക്ഷ്യം ഉത്തരകാശി ആയിരുന്നു. ഗംഗയുടെ ഉത്ഭവസ്ഥലങ്ങളായ ഗംഗോത്രിയിലേക്കും ഗോമുഖിലേക്കുമുള്ള പ്രവേശനമാർഗ്ഗമാണ് ഉത്തരകാശി. ടെഹറിയിലൂടെയും, നരേന്ദ്ര നഗറിലൂടെയും മറ്റു സ്ഥലങ്ങളിലൂടെയും യാത്ര ചെയ്താണ് ഞങ്ങൾ ഉത്തരകാശിയിലെത്തിച്ചേർന്നത്. ടെഹറിയിലൂടെ യാത്ര ചെയ്തുകൊണ്ടിരുന്നപ്പോൾ ബാബാജി ഒരു സ്ഥലം കാണിച്ചു തന്നു. അവിടെവച്ചാണ് യോഗി രാമതീർത്ഥൻ വല്ലാത്ത നൈരാശ്യം ബാധിച്ച് നദിയിൽ ചാടി ആത്മഹത്യ ചെയ്തത്.

അന്നൊക്കെ ഉത്തരകാശി ഹിമാലയത്തിലെ ശാന്തമായ ഒരു ചെറിയ പട്ടണമായിരുന്നു. ബനാറസ്സിൽ എന്നപോലെ ഭാഗീരഥി എന്നും അറിയപ്പെടുന്ന ഗംഗ കുറച്ചു ദൂരം തെക്കുനിന്നും വടക്കോട്ട് ഒഴുകുകയാണിവിടെ. ബനാറസ്സിലെപ്പോലെതന്നെ പ്രാചീനവും മനോഹരവുമായ ഒരു ശിവക്ഷേത്രമുണ്ട്. ഉത്തരകാശിയിലെ ശിവൻ കാശി വിശ്വനാഥൻ എന്ന് അറിയപ്പെടുന്നു. യോഗികളുടെയും നാഥനായ ശിവൻ വിശ്വത്തിന്റെയും നാഥൻതന്നെയാണ്.

ഉത്തരകാശിയിൽ ഒരു ചെറിയ സന്ന്യാസിസമൂഹം ശുദ്ധവായു ശ്വസിച്ചുകൊണ്ട് ലളിതമായ ജീവിതസാഹചര്യങ്ങളിൽ സമാധാനത്തോടെ ജീവിച്ചിരുന്നു. മത്സരങ്ങളിലും രാഷ്ട്രീയകാര്യങ്ങളിലും ഇടപെടാതെ നടക്കാനിറങ്ങിയും ധ്യാനിച്ചും കഴിഞ്ഞിരുന്നു. ഉത്തരകാശിയിൽ രണ്ടോ മൂന്നോ അന്നക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. അവിടെ സന്ന്യാസിമാർക്ക് ദിവസവും രണ്ടുനേരം ഭക്ഷണം നല്കിയിരുന്നു. ഈ അന്നക്ഷേത്രങ്ങൾ നടത്തിയിരുന്നത് കാലീകമ്പിളിവാല ആശ്രമവും പഞ്ചാബ് സിന്ധ് ആശ്രമവും ആണ്. ആദ്ധ്യാത്മിക സാധനകൾ അനുഷ്ഠിക്കാനും ഏകാന്ത ജീവിതം നയിക്കാനും ആഗ്രഹിക്കുന്നവർക്കുവേണ്ടി കുടീരങ്ങൾ സജ്ജമാക്കിയിരുന്നു. ചുരുക്കത്തിൽ ധ്യാനിക്കാൻ തികച്ചും അനുയോജ്യമായ സ്ഥലമായിരുന്നു ഉത്തരകാശി. ഇന്ത്യയിലെ പല ആശ്രമങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും നടത്തുന്നുണ്ട്. അതിനാൽ അവിടെയുള്ള സന്ന്യാസിമാർക്ക് വളരെ തിരക്കുപിടിച്ച ജീവിതം നയിക്കേണ്ടി വരുന്നു. ഈ ആശ്രമങ്ങൾ സന്ന്യാസിമാരെ കൂടക്കൂടെ ഏകാന്തവാസത്തിനും ഊർജ്ജം വീണ്ടെടുക്കുന്നതിനുംവേണ്ടി ഉത്തരകാശിയിലേക്ക് അയയ്ക്കാറുണ്ട്.

ബാബാജി അദ്ദേഹത്തിനും എനിക്കുംവേണ്ടി അടുത്തടുത്തുള്ള രണ്ടു കുടീരങ്ങൾ ഏർപ്പാടാക്കി. ഞാൻ പഞ്ചാബ് സിന്ധ് അന്നക്ഷേത്രത്തിൽനിന്ന് ദിവസവും രണ്ടുനേരം ലളിതമായ ഭക്ഷണം വാങ്ങിക്കൊണ്ടു വരും. ബാബാജി വല്ലപ്പോഴും മാത്രം കഴിക്കും. അദ്ദേഹം തനിക്കു കഴിക്കാനുള്ള ഭക്ഷണം

അലഞ്ഞു നടക്കുന്ന പട്ടികൾക്കു തിന്നാൻ കൊടുക്കും. അദ്ദേഹം പട്ടികളെ സ്നേഹിച്ചിരുന്നു, പട്ടികളും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു.

ബാബാജി അദ്ദേഹത്തിന്റെ ശിഷ്യനായ കൃഷ്ണാനന്ദശർമ്മയെ എന്നെ സംസ്കൃതം പഠിപ്പിക്കാൻ ചുമതലപ്പെടുത്തി. വേദങ്ങളിൽ പൊതുവേയും സാമവേദത്തിൽ പ്രത്യേകിച്ചും അദ്ദേഹം അസാമാന്യമായ വൈദഗ്ധ്യം നേടിയിരുന്നു. ഞങ്ങൾ ഉത്തരകാശിയിൽ എത്തി രണ്ടാഴ്ച കഴിഞ്ഞപ്പോൾ ബാബാജി ഗംഗോത്രിയിലേക്ക് യാത്രയായി. ഉത്തരകാശിയിൽത്തന്നെ ഏഴു മാസം കഴിയാനാണ് എന്നോട് അദ്ദേഹം നിർദ്ദേശിച്ചത്. ഏപ്രിൽ മധ്യത്തിൽ മടങ്ങിയെത്തും അദ്ദേഹം എന്നും അറിയിച്ചു. അദ്ദേഹം മടങ്ങിവന്നതിനു ശേഷം ഞങ്ങൾ ഒരുമിച്ച് ഗംഗയുടെ ഉത്ഭവസ്ഥാനമായ ഗോമുഖിലേക്ക് കാൽനടയായി പോകും എന്നും പറഞ്ഞു. കൂടാതെ അവിടെനിന്നും തപോവനത്തിലേക്കും വാസുകി തടാകത്തിലേക്കും പോകാമെന്നും.

ഉത്തരകാശിയിലെ എന്റെ ജീവിതം അത്ഭുതകരമായ പല അനുഭവങ്ങൾക്കും സാക്ഷ്യം വഹിച്ചു. ബാബാജി പഠിപ്പിച്ച സവിശേഷമായ യോഗരീതികൾ പരിശീലിക്കുന്നതിനും സംസ്കൃതം പഠിക്കുന്നതിനും അവിടെ വേണ്ടുവോളം സമയം കിട്ടിയിരുന്നു. പല ആശ്രമങ്ങളിലും പോകാനും വിവിധ വിഭാഗങ്ങളിൽ പെട്ട സന്ന്യാസിമാരുമായി ആശയവിനിമയം നടത്താനും അവസരം കിട്ടി. ഉത്തരകാശിയിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ഇടം കാശി വിശ്വനാഥ ക്ഷേത്രത്തിലെ തിരുമുറ്റം ആയിരുന്നു. അവിടെ ഇരിക്കുമ്പോൾ പ്രത്യേകതരത്തിലുള്ള ഒരു സ്പന്ദനം ലഭിച്ചിരുന്നു. ഉന്നതമായ ആദ്ധ്യാത്മിക സാധനകൾ അനുഷ്ഠിക്കുന്ന നിരവധി മഹാനുഭാവന്മാരെ പരിചയപ്പെടാൻ അവിടെവച്ച് കഴിഞ്ഞു. ക്ഷേത്രത്തിലെ ശ്രീകോവിലിൽനിന്നും പുറത്തേക്ക് ഇറങ്ങിയ ഉടനെ എനിക്ക് അഗാധമായ ധ്യാനത്തിനുള്ള പ്രചോദനം ലഭിച്ചിരുന്നു. ഉടനേ ഞാൻ ശാന്തമായ ഒരു സ്ഥലത്ത് ചെന്നിരുന്ന് ഉച്ചഭക്ഷണം വാങ്ങാൻ പോകുന്ന സമയംവരെ ധ്യാനിക്കും. ഒന്നോ രണ്ടോ തവണ പുരോഹിതന്മാർക്ക് എന്നെ ധ്യാനത്തിൽനിന്ന് വിളിച്ചുണർത്തേണ്ടിവന്നിട്ടുണ്ട്.

ഒരു ദിവസം ഞാൻ ശരിക്കും അഗാധമായ ധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ധ്യാനത്തിൽനിന്നും ഉണർന്നപ്പോൾ ചുരുണ്ട തലമുടികളും രക്തവർണ്ണനേത്രങ്ങളുമുള്ള നഗ്നനായ ഒരജ്ഞാതൻ തറയിൽ കൈമുട്ടൂന്നിയിരുന്നുകൊണ്ട് ഒരു വിചിത്ര ജീവിയെ നിരീക്ഷിക്കുന്ന രീതിയിൽ എന്നെ നോക്കുന്നതാണ് കണ്ടത്. അയാൾ എന്റെ തുറന്ന കണ്ണുകളിലേക്ക് ഉറ്റുനോക്കി. ഞാൻ ഒരു എക്സ്-റേ മഷീന്റെ മുമ്പിൽ ഇരിക്കുകയാണോ എന്ന് എനിക്കു തോന്നി. അയാൾ പല്ലില്ലാത്ത മോണകൊണ്ട് ഇളിച്ചു കാണിച്ചു. എന്നിട്ട് ഒരു ഭ്രാന്തന്റെ അംഗവിക്ഷേപങ്ങളോടെ നൃത്തം ചെയ്തുകൊണ്ട് ഉച്ചത്തിൽ പറഞ്ഞു. "സിദ്ധോ, ഭാലോ, ഭാലോ, ഹോയേ ഗ്യാലൂ." എനിക്ക് എണീറ്റ് അയാളോട് എന്തെങ്കിലും പറയാൻ കഴിയുന്നതിനു മുമ്പ് അയാൾ ചെറുതായൊന്ന് ചൂളമടിച്ചുകൊണ്ട് തൊടുത്തുവിട്ട അസ്ത്രംപോലെ അമ്പലമുറ്റത്തു നിന്നും പുറത്തേക്കു പാഞ്ഞ് എന്റെ കൺമുമ്പിൽനിന്നും അപ്രത്യക്ഷനായി.

രാമകൃഷ്ണ സന്ന്യാസി സമൂഹത്തിലെ ഒരു മുതിർന്ന സന്ന്യാസി രണ്ടു മാസത്തെ ഏകാന്തവാസത്തിനും അന്തർയോഗത്തിനുമായി ഉത്തരകാശിയിൽ

വന്നിട്ടുണ്ടായിരുന്നു. എന്നോട് അദ്ദേഹം സൗഹൃദം പുലർത്തിയിരുന്നു. പലപ്പോഴും ഞങ്ങൾ ഒരുമിച്ചാണ് ക്ഷേത്രത്തിലേക്ക് പോയിരുന്നതും അവിടെ തിരുമുറ്റത്ത് ഇരുന്ന് ധ്യാനിച്ചിരുന്നതും. അന്നും അദ്ദേഹവും എന്റെ അടുത്തിരുന്ന് ധ്യാനിക്കുകയായിരുന്നു. ആ സംഭവിച്ചതൊക്കെ അദ്ദേഹവും കണ്ടിരുന്നു. എന്താണ് അവിടെ സംഭവിച്ചതെന്നും അതിന്റെ അർത്ഥമെന്താണെന്നും ഞാൻ അദ്ദേഹത്തോട് ആരാഞ്ഞു. അദ്ദേഹം എപ്പോഴത്തേയുംപോലെ സൗമ്യമായ സ്വരത്തിൽ പറഞ്ഞു: "ആ മനുഷ്യൻ ദിവ്യസ്നേഹത്താൽ ഉദാസീനനായിത്തീർന്ന ഒരു പരമഹംസനാണ്. അദ്ദേഹം ഉച്ചരിച്ച വാക്കുകൾ ബംഗാളി ഭാഷയിലെയാണ്. സിദ്ധോ എന്ന വാക്കിന് രണ്ട് അർത്ഥമുണ്ട്. നല്ല പാകമായത് എന്നും സിദ്ധൻ എന്നും. ഭാലോ എന്നാൽ നല്ലതെന്നും മഹാത്മാവ് എന്നും അർത്ഥമുണ്ട്. *ഹോയീ ഗ്യാലൂ* എന്നു വച്ചാൽ അതൊക്കെ നടന്നു കഴിഞ്ഞു എന്നാണ് അർത്ഥം.

"ആ മനുഷ്യൻ നിങ്ങളുടെ ആദ്ധ്യാത്മിക നിലവാരത്തെപ്പറ്റിയാണ് സൂചിപ്പിച്ചതെങ്കിൽ നിങ്ങൾ ഭാഗ്യവാനാണ് എന്നാണ് എനിക്കു പറയാനുള്ളത്. നിങ്ങളുടെ ഗുരുവായ ബാബാജി ഇന്നലെ എന്നോട് നിങ്ങളെപ്പറ്റി പറഞ്ഞു. ആദ്ധ്യാത്മികമായി ഉയർന്ന അവസ്ഥയിൽ നിങ്ങളെ എത്തിച്ചതായി അദ്ദേഹം പറഞ്ഞു. നിങ്ങൾ സമാധിയിൽ ആയിരുന്നപ്പോൾ ഞാൻ പലപ്പോഴും നിങ്ങളെ ശ്രദ്ധിച്ചിട്ടുണ്ട്. നിങ്ങൾ ബോധത്തിന്റെ ഉയർന്ന തലത്തിൽ ആയിരുന്നുവെന്ന് എനിക്കു തോന്നിയിരുന്നു."

രാമകൃഷ്ണ മിഷൻ സ്ഥാപിച്ച ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യനായ സ്വാമി വിവേകാനന്ദൻ ഈ വാക്കുകൾ ഉച്ചരിച്ചിരുന്നു. ശ്രീ വിവേകാന്ദൻ ആദ്ധ്യാത്മികസാധകരെ പരീക്ഷിച്ചുനോക്കിയിരുന്നു. അദ്ദേഹത്തിന് തൃപ്തികരമാണെങ്കിൽ അദ്ദേഹവും "സിദ്ധവോ സിദ്ധവോ" എന്നു പറഞ്ഞിരുന്നു. "നന്നായിട്ട് പാകമായി, നന്നായിട്ട് പാകമായി" എന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. അജ്ഞാതമനുഷ്യനും അതേ വാക്കുകൾ പറഞ്ഞതോർത്ത് ഞാൻ വിസ്മയിച്ചു.

ദശനാമി സമ്പ്രദായത്തിലെ ലക്ഷ്മണപുരി എന്നു പേരുള്ള ഒരു സന്ന്യാസി ഒരു ദിവസം എന്നോട് ഒരു കാര്യം പറഞ്ഞു. ആദ്ധ്യാത്മികമായി വളരെയധികം പുരോഗതി നേടിയ ഒരു സന്ന്യാസി ഗംഗയുടെ തീരങ്ങളിൽ അലഞ്ഞു നടക്കുകയായിരുന്നു. ഇദ്ദേഹത്തെ നേരത്തേതന്നെ പരിചയമുള്ള വളരെ അറിയപ്പെടുന്ന ഒരു മഠത്തിലെ സന്ന്യാസി ഉത്തരകാശി സന്ദർശിക്കാൻ എത്തിയിരുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഈ അലഞ്ഞുനടക്കുന്ന സന്ന്യാസി പെട്ടു. അലഞ്ഞു നടക്കുന്ന സന്ന്യാസിയെ കണ്ടയുടനേ അദ്ദേഹം സാഷ്ടാംഗം പ്രണാമം ചെയ്തു. തുടർന്ന് അദ്ദേഹം ചിലരോട് പ്രസ്തുത സന്ന്യാസിയുടെ മുൻകാല ജീവിതം വിശദീകരിച്ചു.

അദ്ദേഹം പറഞ്ഞതനുസരിച്ച് ആ പുണ്യാത്മാവ് നല്ല സാമ്പത്തികഭദ്രതയുള്ളതും പ്രശസ്തവുമായ ഒരു ദശനാമി വിഭാഗത്തിലെ മഠത്തിൽ അന്തേവാസിയായിരുന്നു. പശ്ചിമ ഇന്ത്യയിലെ ആ മഠം ശങ്കരാചാര്യർ സ്ഥാപിച്ചതായിരുന്നു. മഠത്തിലെ മഠാധിപതിസ്ഥാനം വഹിക്കാനുള്ള സമയമായപ്പോൾ അദ്ദേഹം

സ്ഥലം വിട്ടു. ഒരു കുറിപ്പ് എഴുതിവച്ചിട്ടാണ് പോയത്. തനിക്ക് സ്ഥാനമാനങ്ങളോടും മഠാധിപതി എന്ന പദവിയോടും മോഹമില്ലെന്ന് കുറിപ്പിൽ എഴുതിയിരുന്നു. താൻ ഒരിടത്തും സ്ഥിരമായി താമസിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും താൻ മഠം ഉപേക്ഷിച്ചു പോകുന്നത് സ്വന്തം ഇഷ്ടപ്രകാരമാണെന്നും അദ്ദേഹം എഴുതിവച്ചിരുന്നു. താൻ എവിടെയായിരുന്നാലും സർവ്വേശ്വരന്റെ കാരുണ്യം തനിക്കുണ്ടാകുമെന്നും കുറിച്ചു.

അദ്ദേഹം ഒരു ദണ്ഡി സ്വാമിയായിരുന്നു. കൈയിൽ കൊണ്ടുനടന്നിരുന്ന ദണ്ഡ് അദ്ദേഹത്തിന്റെ പ്രത്യേക പദവിയെയാണ് സൂചിപ്പിച്ചിരുന്നത്. ഉത്തരകാശിയിൽ എത്തിയതിനുശേഷം തന്റെ ദണ്ഡും കമണ്ഡലുവും ഗംഗയിലേക്ക് എറിഞ്ഞു. മുൻപേ പരിചയമുള്ള ആ സ്വാമി കണ്ടുമുട്ടുന്നതുവരെ ആ പുണ്യാത്മാവിനെപ്പറ്റി ആർക്കും യാതൊന്നും അറിഞ്ഞുകൂടായിരുന്നു. ആർക്കും തന്നെ അദ്ദേഹത്തിന്റെ പേര് എന്താണെന്ന് അറിയാൻ പാടില്ലായിരുന്നു. അതിനാൽ പുണ്യാത്മാവ് എന്ന അർത്ഥമുള്ള 'സ്വാമി' എന്ന വാക്കാണ് അദ്ദേഹത്തെ സംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്നത്.

മിക്കവാറും സമയങ്ങളിൽ സ്വാമി ഗംഗയുടെ തീരങ്ങളിൽ നടക്കുകയോ ഇരിക്കുകയോ ചെയ്തിരുന്നു. രാത്രിയിൽ ക്ഷേത്ര തിരുമുറ്റത്ത് കിടന്നുറങ്ങും. അദ്ദേഹം ആരോടും സംസാരിച്ചിരുന്നില്ല. ആഹാരത്തിനുവേണ്ടി അന്നക്ഷേത്രത്തിൽ പോകാറില്ലായിരുന്നു. തെക്കേ ഇന്ത്യയിൽനിന്നു വന്ന ഒരു യുവസന്ന്യാസി സ്വന്തം ദൗത്യമായി അദ്ദേഹത്തിനുവേണ്ടി ഒരു നേരത്തെ ആഹാരം അന്നക്ഷേത്രത്തിൽനിന്നും വാങ്ങിക്കൊണ്ടുപോയി കൊടുക്കും. അദ്ദേഹം കൈക്കുമ്പിളിൽ കൊള്ളുന്ന അത്രയും ഭക്ഷണമേ സ്വീകരിച്ചിരുന്നുള്ളൂ. കുടിക്കുന്നത് ഗംഗാജലവും.

കാലിന്റെ കണ്ണവരെ നീളമുള്ള പഴയ കാവി വസ്ത്രമാണ് അദ്ദേഹം ധരിച്ചിരുന്നത്. അദ്ദേഹം ഒരു കമ്പിളിപ്പുതപ്പ് കൂടെ കൊണ്ടുനടന്നിരുന്നു. അതുതന്നെയായിരുന്നു അദ്ദേഹത്തിനു ധ്യാനിക്കാൻ ഇരിക്കുന്നതിനുള്ള വിരിപ്പും രാത്രിയിൽ തണുപ്പിൽനിന്ന് രക്ഷനേടാനുള്ള പുതപ്പും.

ഇത്രയും വിവരങ്ങൾ നല്കിയിട്ട് ലക്ഷ്മണപുരി എന്നോടു പറഞ്ഞു "നിങ്ങൾ അദ്ദേഹത്തെ ഒന്ന് ദർശിക്കുന്നത് നല്ലതാണ്." എനിക്കും അതിനുള്ള ആഗ്രഹം ജനിച്ചു. ഒരു ദിവസം നല്ല സൂര്യപ്രകാശമുണ്ടായിരുന്ന ഒരു പ്രഭാതത്തിൽ അദ്ദേഹത്തെ കാണുന്നതിനുള്ള ആഗ്രഹവുമായി ഗംഗയുടെ തീരങ്ങളിലെത്തി. അദ്ദേഹത്തെ അധികം സമയം കാത്തുനില്ക്കേണ്ടി വന്നില്ല. നല്ല ഉയരമുള്ള മെലിഞ്ഞ കാവി വസ്ത്രം ധരിച്ച സന്ന്യാസി ഗംഗയുടെ തീരത്തുടെ മെല്ലെ വരുന്നതു കണ്ടു. ലക്ഷ്മണപുരി വിവരിച്ചുതന്നിരുന്ന അതേ രൂപം തന്നെയായിരുന്നു അദ്ദേഹത്തിന്റേത്. ഞാൻ നിന്നിരുന്ന സ്ഥലത്തുനിന്നും അത്ര അകലത്തിൽ അല്ലാത്ത ഒരു പാറപ്പുറത്ത് കയറി ഗംഗയിലേക്ക് നോക്കിക്കൊണ്ട് ചമ്രം പടിഞ്ഞിരുന്നു.

ഞാൻ ധൈര്യം സംഭരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്ന് മുമ്പിൽ നിശ്ശബ്ദനായി നിന്നു. അദ്ദേഹം എന്റെ നേർക്കു തിരിഞ്ഞു നോക്കി. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചതിനുശേഷം ആദരവോടെ ഒന്നും മിണ്ടാതെ നിന്നു. അദ്ദേഹം ആരോടും ഒന്നും സംസാരിക്കാറില്ല എന്നായിരുന്നു

ഞാൻ അദ്ദേഹത്തെപ്പറ്റി കേട്ടിരുന്നത്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ശല്യപ്പെടുത്തണോ എന്നു വിചാരിച്ചു. എന്നാൽ പ്രതീക്ഷിക്കാതിരുന്നത് സംഭവിച്ചു. സംസാരത്തിനു തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു. അദ്ദേഹം സ്നേഹം വാർന്നൊഴുകുന്ന സൗമ്യമായ സ്വരത്തിൽ ചോദിച്ചു.

"എന്താ പേര്?"

"മധു." ഞാൻ പറഞ്ഞു.

"ഇവിടെ എന്തു ചെയ്യുന്നു. എന്തെങ്കിലും പഠിക്കുകയാണോ?"

"സത്യം അന്വേഷിക്കുന്നു." ഞാൻ വിനയപൂർവ്വം പറഞ്ഞു.

അദ്ദേഹത്തിന്റെ കണ്ണുകൾ അനുകമ്പയാൽ ആർദ്രമായി. "പാവം കുട്ടി." എന്നു മൗനസ്വരത്തിൽ പറഞ്ഞിട്ട് തുടർന്നു. "കുട്ടീ, സത്യാന്വേഷണം കഠിനമായ പ്രവൃത്തിയാണ്. അതിനുവേണ്ടി ഞാൻ എത്രയോ വർഷങ്ങൾ കഠിനാദ്ധ്വാനം ചെയ്തു. എനിക്ക് ഇപ്പോൾ എഴുപത് വയസ്സായി. ഞാൻ കൊണ്ടുനടന്നിരുന്ന ദണ്ഡുപോലും ഉപേക്ഷിച്ചു. എന്തെങ്കിലും കിട്ടിയാൽ അത് കഴിക്കും. എന്നിട്ടും സത്യം ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. വേദാന്തസംബന്ധമായി കിട്ടാവുന്ന പുസ്തകങ്ങൾ എല്ലാം വായിച്ചു, എന്നിട്ടും എനിക്ക് ബ്രഹ്മത്തെ അറിയാൻ കഴിഞ്ഞിട്ടില്ല. അതിരിക്കട്ടെ. കുട്ടിക്ക് ഒരു ഗുരു ഉണ്ടോ?"

"ഉണ്ട്", ഞാൻ സാഭിമാനം അറിയിച്ചു: "അദ്ദേഹം അത്ഭുതവ്യക്തിയാണ്. അദ്ദേഹം ശ്രീഗുരു ബാബാജിയുടെ നേരിട്ടുള്ള ശിഷ്യനാണ്. അക്കാര്യത്തിൽ ഞാൻ അനുഗൃഹീതനാണ്."

ഉടനേ വയോധികനായ സന്ന്യാസി പറഞ്ഞു: "ഞാൻ പ്രസിദ്ധനായ ബാബാജിയെപ്പറ്റി കേട്ടിട്ടുണ്ട്. പല കഥകളും കേൾക്കുന്നുണ്ട്. അതിനാൽ എതു വിശ്വസിക്കണം, ഏതു വിശ്വസിക്കാൻ പാടില്ല എന്നു തീരുമാനിക്കുക പ്രയാസകരമാണ്. ഗുരുക്കന്മാർ പലരും വഞ്ചകരാണ്. ആശ്രമങ്ങൾ പലതും രാഷ്ട്രീയ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായി അധഃപതിച്ചിരിക്കുന്നു. അതിനാൽ യഥാർത്ഥ സാധകർ ചിന്താക്കുഴപ്പത്തിൽ പെട്ടുപോകുന്നു. അതിരിക്കട്ടെ, നിങ്ങൾ മഹാനായ ബാബാജിയെ കണ്ടിട്ടുണ്ടോ?"

"കണ്ടിട്ടുണ്ട്." ഞാൻ പറഞ്ഞു. "ഒരിക്കൽ മാത്രം. എന്റെ ഗുരുവിനെ ഞാൻ ബാബാജി എന്നാണ് വിളിക്കുന്നത്. അദ്ദേഹം മടങ്ങിവരുമ്പോൾ അങ്ങേക്ക് വിരോധമില്ലെങ്കിൽ അങ്ങയെ സന്ദർശിക്കാൻ അദ്ദേഹത്തോടു പറയാം."

"ഏതാനും ആഴ്ചകൾക്കു മുമ്പുവരെ എന്റെ മിഥ്യാഭിമാനം എനിക്കു സഹായം വേണ്ടിയിരിക്കുന്നുവെന്ന് സമ്മതിക്കാൻ എന്നെ അനുവദിച്ചിരുന്നില്ല. ഇപ്പോൾ എനിക്കു സഹായം ആവശ്യപ്പെടാൻ മടി തോന്നുന്നില്ല. എത്ര നാൾ കൂടി ഈ ശരീരം ഈ രീതിയിൽ കഴിയുമെന്ന് ആർക്കറിയാം? ദയവായി അദ്ദേഹത്തോടു പറയൂ. ഞാൻ ഇന്ന് അധികം സമയം സംസാരിച്ചുവെന്നു തോന്നുന്നു. കുട്ടി പൊയ്ക്കൊള്ളൂ..... " പെട്ടെന്നാണ് അദ്ദേഹം സംഭാഷണത്തിനു വിരാമമിട്ടത്. ഞാൻ അദ്ദേഹത്തെ നമസ്കരിച്ചിട്ട് അവിടെനിന്നും പോയി. ബാബാജി ഉത്തരകാശിയിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ അദ്ദേഹത്തെയും കൂട്ടിക്കൊണ്ട് സ്വാമിയെ കാണാൻ പോയി.

ആ പുണ്യാത്മാവിനെപ്പറ്റി കൂടുതൽ പറയുന്നതിനുമുമ്പ് എന്നെ സംസ്കൃതം പഠിപ്പിച്ച അധ്യാപകനെപ്പറ്റി ചില കാര്യങ്ങൾ പറയാം. എന്റെ സംസ്കൃതാദ്ധ്യാപ

കനായ ശ്രീ കൃഷ്ണാനന്ദ ശർമ്മ അഗാധ പണ്ഡിതനായിരുന്നു. അദ്ദേഹം തൈത്തിരിയോപനിഷത്തിലെ വരികൾ ചൊല്ലിക്കൊണ്ടാണ് ആദ്യത്തെ ക്ലാസ്സ് സമാരംഭിച്ചത്. ശരിയായ സ്വരഭേദത്തോടെയും, ശരിയായ ഊന്നൽ നല്കികൊണ്ടും വാക്കുകൾ എനിക്ക് ഉച്ചരിക്കാൻ കഴിഞ്ഞതിനാൽ അദ്ദേഹം സന്തോഷിച്ചു. ഞാൻ ഗുരുമുഖത്തുനിന്നും ഒരിക്കൽ കേട്ടു കഴിഞ്ഞാൽ അതുപോലെ ചൊല്ലുന്നതു കേട്ടിട്ട് അദ്ദേഹം എന്നോടു ചൊല്ലാനുള്ള രീതി മുമ്പ് എവിടെനിന്നെങ്കിലും അഭ്യസിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞു. ഇല്ല എന്ന് ഞാൻ അദ്ദേഹത്തെ അറിയിച്ചപ്പോൾ ഞാൻ കള്ളം പറയുകയാണെന്നാണ് അദ്ദേഹം വിചാരിച്ചത്. ഞാൻ കള്ളം പറയുകയല്ലെന്നും എനിക്ക് സ്വാഭാവികമായി ചൊല്ലാൻ കഴിയുന്നതാണെന്നും അദ്ദേഹത്തോട് വിനയപുരസ്സരം പറഞ്ഞു. അപ്പോൾ അദ്ദേഹം എന്തോ ആലോചിച്ചുകൊണ്ടു പറഞ്ഞു: "നിങ്ങൾ കഴിഞ്ഞ ജന്മത്തിൽ ഒരുപക്ഷേ ചൊല്ലിപ്പഠിച്ചിരിക്കണം. എനിക്ക് മറ്റൊരു കാരണവും പറയാനില്ല. അല്ലെങ്കിൽ ഇത് ബാബാജിയുടെ ഇന്ദ്രജാലമാണ്."

ഉത്തരകാശിയിൽവച്ചാണ് ഞാൻ ഭക്ഷണത്തിന്റെ പ്രേരണാശക്തി അഥവാ പ്രചോദനത്തെപ്പറ്റി ശരിക്കും മനസ്സിലാക്കിയത്. ഭഗവദ്ഗീത കാണാപ്പാഠം പഠിക്കുവാൻപോലും അത് കാരണമാകുമെന്നു ബോധ്യമായി. ഭഗവദ്ഗീത ചൊല്ലുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നു. ഭംഗിയായി ചൊല്ലുന്ന രീതി ബാബാജിയിൽനിന്ന് ഞാൻ അഭ്യസിച്ചിരുന്നു. എന്റെ ഗുരുവിൽനിന്നാണ് അത് അഭ്യസിച്ചതെന്ന് അദ്ദേഹം എന്നോടു പറയുകയുണ്ടായി. പക്ഷേ, ഞാൻ എല്ലായ്പോഴും പുസ്തകം മുമ്പിൽ വച്ചുകൊണ്ടാണ് ചൊല്ലിയിരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം കാണാപ്പാഠം പഠിക്കുക എന്നത് ദാരുണമായ ഒരു അനുഭവമായിരുന്നു. വായിച്ച് ആസ്വദിക്കുക മാത്രമാണ് ഞാൻ ചെയ്തുപോന്നിരുന്നത്. മനപ്പാഠമാക്കുക എന്നത് സമയവും ഊർജ്ജവും നഷ്ടപ്പെടുത്തുകയാണ് എന്ന മിഥ്യയായ ധാരണയാണ് ഞാൻ പുലർത്തിയിരുന്നത്. ഉത്തരകാശിയിൽവച്ചാണ് മനപ്പാഠമാക്കുന്നതിനോടുള്ള വിപ്രതിപത്തി ഞാൻ വെടിഞ്ഞത്. അതോടെ ഒട്ടും വൈകാതെതന്നെ ഞാൻ ഭഗവദ്ഗീത ഹൃദിസ്ഥമാക്കി.

പല ആശ്രമങ്ങളിലും ഇടയ്ക്കിടെ സദ്യ നല്കിയിരുന്നു. സദ്യയിൽ പങ്കെടുക്കാൻ സന്ന്യാസിമാരെയും ബ്രഹ്മചാരികളെയും ക്ഷണിച്ചിരുന്നു. സദ്യ കഴിക്കുന്നതിനുമുമ്പ് സന്ന്യാസിമാർ ഭഗവദ്ഗീതയിലെ പതിനഞ്ചാമത്തെ അദ്ധ്യായമായ പുരുഷോത്തമയോഗം ചൊല്ലും. യുവസന്ന്യാസിമാർക്കും മുതിർന്ന സന്ന്യാസിമാർക്കും ഭഗവദ്ഗീതയിലെ പതിനഞ്ചാമത്തെ അദ്ധ്യായം പുസ്തകം നോക്കാതെ ചൊല്ലാൻ കഴിഞ്ഞിരുന്നു. അതിനു കഴിയാത്തവർക്ക് ആദരവ് ലഭിച്ചിരുന്നില്ല. അതിനാൽ രണ്ടു സദ്യയ്ക്കു പോയതിനുശേഷം ഞാൻ ഭഗവദ്ഗീത മനപ്പാഠമാക്കാൻ ഉറച്ചു. മൂന്നാമത്തെ സദ്യയ്ക്കു പോയപ്പോൾ ഞാൻ പതിനഞ്ചാമത്തെ അദ്ധ്യായം ഒരു വിധത്തിൽ പറഞ്ഞൊപ്പിച്ചു. നാലാമത്തെ തവണ ഭംഗിയായി ചൊല്ലി. മൃഷ്ടാന്ന ഭോജനം കിട്ടുന്നതിനുവേണ്ടി പതിനഞ്ചാം അധ്യായം കാണാപ്പാഠം പഠിക്കുക എന്നത് ഒരു ചെറിയ വില മാത്രമാണ്.

ഒരു സദ്യയിൽവച്ചാണ് ഞാൻ സ്വാമി വെങ്കിടേശാനന്ദനെ പരിചയപ്പെട്ടത്. അദ്ദേഹം എന്നെ അന്നു വൈകുന്നേരം തന്റെ കുടീരത്തിലേക്കു ക്ഷണിച്ചു. അദ്ദേഹം ഋഷികേശിലെ സ്വാമി ശിവാനന്ദ സരസ്വതിയുടെ പ്രമുഖ

ശിഷ്യനായിരുന്നു. വേദാന്തത്തിലുള്ള വിപുലമായ ജ്ഞാനവും ഉൾക്കാഴ്ചയും കാരണം അദ്ദേഹം പരക്കെ ആദരിക്കപ്പെട്ടിരുന്നു. ഞങ്ങൾ പല സായാഹ്നങ്ങളിലും ഒത്തുകൂടി. അദ്ദേഹവുമായി ഞാൻ നടത്തിയിട്ടുള്ള ചർച്ചകളിൽ നിന്ന് എനിക്കു വലിയ പ്രയോജനം കിട്ടുകയുണ്ടായി.

വളരെ കൊല്ലങ്ങൾക്കുശേഷം സ്വാമി വെങ്കിടേശാനന്ദനും ജെ. കൃഷ്ണമൂർത്തിയും തമ്മിൽ നടത്തിയ ഒരു സജീവമായ ചർച്ച കേൾക്കാനുള്ള അവസരം എനിക്കു കിട്ടി. ആദ്ധ്യാത്മിക സാധനയ്ക്ക് ഒരു ഗുരു അനുപേക്ഷണീയമാണ് എന്നായിരുന്നു സ്വാമി വെങ്കിടേശാനന്ദൻ വാദിച്ചത്. എന്നാൽ പതിവുപോലെ ജെ. കൃഷ്ണമൂർത്തി ആദ്ധ്യാത്മികസാധനയ്ക്ക് ഗുരു ആവശ്യമില്ലെന്നും സത്യാന്വേഷണത്തിന് ഗുരു തടസ്സമാണെന്നും വാദിച്ചു. ഒരു നിഗമനത്തിലും എത്തിച്ചേരാകാനാകാതെ ചർച്ച അവസാനിക്കുകയുണ്ടായി.

ബാബാജി മേയ്മാസത്തിൽ ഉത്തരകാശിയിൽ മടങ്ങിയെത്തി. അഞ്ചു ദിവസം ഞങ്ങൾ ഒരുമിച്ചു കഴിഞ്ഞു. അതിനുശേഷം ഗംഗയുടെ ജന്മസ്ഥലമായ ഗോമുഖിലേക്കു പോകാനായിരുന്നു. പരിപാടി. ബാബാജി ഉത്തരകാശിയിലെത്തി രണ്ടുദിവസം കഴിഞ്ഞപ്പോൾതന്നെ ഞാൻ പ്രായം ചെന്ന ഒരു പുണ്യാത്മാവിനെ സന്ദർശിച്ചിരുന്ന കാര്യം അദ്ദേഹത്തോട് പറയുകയുണ്ടായി. ഉടനേ അദ്ദേഹം അറിയിച്ചു: "അതൊക്കെ എനിക്കറിയാം. ഞാൻ അദ്ദേഹത്തെ കാണണമെന്ന് നീ ആഗ്രഹിക്കുന്നു അല്ലേ?"

ഉടനേ ഞാൻ പറഞ്ഞു: "അങ്ങേക്കു മാത്രമേ അദ്ദേഹത്തെ സഹായിക്കാൻ കഴിയൂ."

പിറ്റേന്ന് ഞങ്ങൾ വയോധികനായ സന്ന്യാസിയെ കാണാൻ പുറപ്പെട്ടു. ഞങ്ങൾ ഗംഗയുടെ തീരത്ത് എത്തിയപ്പോൾ അദ്ദേഹം ഇഷ്ടപ്പെട്ട പാറപ്പുറത്ത് ഇരിക്കുകയായിരുന്നു. ഞങ്ങളെ കണ്ടയുടനേ അദ്ദേഹം പാറപ്പുറത്തു നിന്നും നിലത്തിറങ്ങി. അദ്ദേഹത്തിന്റെ അടുത്ത് എത്തിയ ഉടനേ അദ്ദേഹം കൈകൂപ്പി ബാബാജിയെ വന്ദിച്ചു. ഞാനും അദ്ദേഹത്തെ തൊഴുതു. ബാബാജി അദ്ദേഹത്തോടു പറഞ്ഞു: "സ്വാമിജിക്ക് നമസ്കാരം. നാം തമ്മിൽ സംസാരിക്കുമ്പോൾ മധുവിനോട് മാറിയിരിക്കാൻ പറയണോ?"

അദ്ദേഹം പറഞ്ഞു: " യോഗിജി മഹാരാജിന് എന്റെ പ്രണാമങ്ങൾ. മധു ഇരുന്നോട്ടെ. ഒരുപക്ഷേ, നമ്മുടെ സംഭാഷണത്തിൽനിന്ന് മധുവിന് പലതും ഗ്രഹിക്കാൻ കഴിഞ്ഞെന്നുവരും." ഞങ്ങൾ രണ്ടു പേരും അവിടെ ഇരുന്നു. ബാബാജി അദ്ദേഹത്തിന്റെ സ്വതഃസിദ്ധമായ ശൈലിയിൽ യാതൊരു വളച്ചുകെട്ടും കൂടാതെ സംഭാഷണം ആരംഭിച്ചു. "എനിക്ക് അങ്ങയുടെ പാണ്ഡിത്യത്തോട് അങ്ങേയറ്റത്തെ ആദരവുണ്ട്. ആശ്രമത്തിലെ മഠാധിപതി സ്ഥാനം വേണ്ടെന്നു വയ്ക്കാനുള്ള അങ്ങയുടെ ധീരമായ തീരുമാനത്തെയും ഞാൻ അഭിനന്ദിക്കുന്നു. അതുപോലെതന്നെ അങ്ങ് ദണ്ഡും പദവികളും വലിച്ചെറിഞ്ഞു. എന്നിട്ട് ഇപ്പോൾ ചുറ്റി സഞ്ചരിക്കുന്ന ഒരു സാധാരണ സന്ന്യാസിയുടെ ജീവിതം നയിക്കുന്നു. അങ്ങു ചെയ്തതെല്ലാം തീർച്ചയായും മഹത്തായ കാര്യങ്ങളാണ്. എങ്കിലും ബ്രഹ്മസാക്ഷാത്കാരത്തിൽനിന്നും അങ്ങ് അകലത്തിലാണ് വർത്തിക്കുന്നത്. അതിനു കാരണമുണ്ട്. അതിനു പ്രധാന

തടസ്സം അങ്ങ് തലയിൽ കയറ്റിവച്ചിരിക്കുന്ന അപാരമായ അറിവിന്റെയും പാണ്ഡിത്യത്തിന്റെയും ഭാരമാണ്. സത്യം അറിയുന്നതിനുള്ള തടസ്സം ഇതുതന്നെയാണ്. ഞാൻ തുടർന്നു സംസാരിക്കുന്നത് ഉചിതമായിരിക്കുമോ എന്ന് ശങ്കിക്കുന്നു."

"അങ്ങ് സംസാരം തുടരൂ. അങ്ങ് പറയുന്നത് ഞാൻ ഗ്രഹിക്കാൻ തുടങ്ങുന്നു."

"അങ്ങയിൽ അറിവും പാണ്ഡിത്യവും വിപുലമായി നിറഞ്ഞിരിക്കുന്നതിനാൽ സത്യത്തിനു കടന്നുവരാൻ ഇടമില്ലാതായിരിക്കുന്നു. അതിനാൽ സത്യം അങ്ങയിലേക്കു കടക്കാൻ പുറത്ത് കാത്തു നില്ക്കുകയാണ്. അതിനാൽ എല്ലാ ഭാരവും വലിച്ചെറിയൂ. ശൂന്യതയെ ആശ്ലേഷിക്കൂ. അപ്പോൾ താങ്കൾക്ക് നേടേണ്ടത് നേടാൻ കഴിയും."

"ഞാൻ പലപ്പോഴും ഈശാവാസ്യോപനിഷത്തിലെ ഒരു ശ്ലോകത്തിന്റെ അർത്ഥത്തെപ്പറ്റി ആലോചിച്ച് അത്ഭുതപ്പെട്ടിട്ടുണ്ട്. അതായത് 'അറിവിനെ ആരാണോ ഉപാസിക്കുന്നത് അയാൾ കൂടുതൽ ഇരുട്ടിലേക്കു പ്രവേശിക്കുന്നു. ഞാൻ ഈ വരിയുടെ പരമ്പരാഗതമായ അർത്ഥത്തെ ഒരിക്കലും അംഗീകരിച്ചിട്ടില്ല. 'അറിവ്' എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് അപരാവിദ്യയെയാണ്. അത്യാവശ്യമല്ലാത്ത അറിവ് എന്നൊക്കെ പറയാം. ഋഷികൾ കാര്യങ്ങൾ വളച്ചുകെട്ടാതെ പറയുന്നവരാണ്. അതാണ് അവർ പറയാൻ ഉദ്ദേശിച്ചിരുന്നതെങ്കിൽ അവർക്ക് 'അപരാ' എന്ന വാക്കുതന്നെ ഉപയോഗിക്കാമായിരുന്നു. ഇപ്പോൾ ഞാൻ എല്ലാം മനസ്സിലാക്കാൻ തുടങ്ങുന്നു. അങ്ങ് ദയവായി സംസാരം തുടരൂ."

"തീർച്ചയായും."

"എങ്കിൽ സത്യം ഭൂതകാലത്തിന്റേതു മാത്രമായിരിക്കുകയില്ല. അത് ശാശ്വതമായ വർത്തമാനകാലം" ആണ്. അതിനാൽ സത്യം ഒരിക്കലും ഓർമ്മയിൽ സൂക്ഷിക്കപ്പെടേണ്ടതല്ല. എന്തെന്നാൽ ഓർമ്മ ഭൂതകാലത്തിന്റെ ഒരു പ്രതിഭാസമാണ്. അത് മരിച്ചുകഴിഞ്ഞ ഒന്നാണ്. നേരേമറിച്ച് സത്യം ഇപ്പോൾ ഉള്ളതാണ്. അത് നിലനില്ക്കുന്നതും ഭാവിയിലേക്ക് ഒഴുകിക്കൊണ്ടിരിക്കുന്നതും ജീവന്റെ സ്പന്ദനം ഉൾക്കൊള്ളുന്നതും ആയതിനാൽ അറിവിന് അതിനെ സ്പർശിക്കാൻപോലും സാധ്യമല്ല."

"കേനോപനിഷത്തിൽ പരാമർശിക്കുന്നതുപോലെ മനസ്സിനു സത്യത്തെ ഗ്രഹിക്കാൻ കഴിയുന്നില്ല. അറിവിന്റെ സംഭരണകേന്ദ്രമായ തലച്ചോറിൽ ചപ്പും ചവറും അടിഞ്ഞുകൂടിക്കിടക്കുന്നു. അവിടെനിന്നും ഇവയൊക്കെ മാറ്റി മനസ്സിനെ ശൂന്യമാക്കിയാൽ മാത്രമേ ശാശ്വതമായ നിലനില്പുള്ള സത്യത്തിന് ഇടം കിട്ടുകയുള്ളൂ."

"മനസ്സിന്റെ കവാടങ്ങളിലും ജനലുകളുടെ ചില്ലുകളിലും അഹങ്കാരത്തിന്റെയും കടമെടുത്ത അറിവുകളുടെയും കറുത്ത മാലിന്യങ്ങൾ പറ്റിപ്പിടിച്ചിരിക്കുന്നു. സത്യത്തിന്റെ പ്രകാശത്തിന് കടന്നുവരാൻ കഴിയുന്നില്ല. അതിനാൽ മനസ്സിന്റെ കവാടങ്ങളും ജനാലകളും തുറക്കപ്പെടട്ടെ. എങ്കിലേ ആനന്ദം പ്രദാനം ചെയ്യുന്ന ദിവ്യമായ ഇളംകാറ്റിന് കടന്നുവരാൻ കഴിയുകയുള്ളൂ. ഞാൻ പറഞ്ഞത് വ്യക്തമായിക്കാണുമെന്നു വിശ്വസിക്കുന്നു."

ദീർഘമായ മൗനത്തിനുശേഷം വന്ദ്യവയോധികൻ പറഞ്ഞു:

"എത്ര മഹത്തായ ശാന്തത! ജീവിതത്തിൽ ഒരിക്കലും ഇതുപോലെ ശാന്തമായി എനിക്ക് ഒരിടത്തും ഇരിക്കാൻ കഴിഞ്ഞിട്ടില്ല. ഞാൻ തുറന്നു പറയട്ടെ. ജീവിതത്തിൽ ഒന്നോ രണ്ടോ തവണ മാത്രം പ്രത്യേകിച്ച് ഒന്നും ചെയ്യാതെ നദിയെ നോക്കിക്കൊണ്ടിരുന്നപ്പോഴും അല്ലെങ്കിൽ നിർമ്മലമായ ആകാശത്തെ നോക്കിക്കൊണ്ടിരുന്നപ്പോഴും ശാന്തതയുടെ പടിവാതിൽക്കൽ നില്ക്കുന്ന അനുഭവം ഉണ്ടായിട്ടുണ്ട്."

ബാബാജി ഉപദേശിക്കുന്ന സ്വരത്തിൽ പറഞ്ഞു: "സ്വാഭാവികമായി ലഭിക്കുന്ന ശാന്തതയെ തടസ്സപ്പെടുത്തരുത്. അതിനെ നിലനിർത്തുക. സത്യത്തെ സാക്ഷാത്കരിക്കാൻ ശ്രീഗുരുബാബാജി നിങ്ങളെ അനുഗ്രഹിക്കട്ടെ."

"എനിക്ക് നിങ്ങളെ വീണ്ടും കാണാൻ കഴിയുമെന്നു തോന്നുന്നില്ല. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞങ്ങൾ ഗോമുഖിലേക്കു പോകുകയാണ്." ഇത്രയും പറഞ്ഞിട്ട് ബാബാജി എണീറ്റു. അദ്ദേഹം ആ സന്ന്യാസിയോട് യാത്ര ചോദിച്ചു. കണ്ണുനീർ വാർത്തുകൊണ്ട് അദ്ദേഹം ബാബാജിയെ സാഷ്ടാംഗപ്രണാമം ചെയ്യാനൊരുങ്ങി. ഉടനേ ബാബാജി അദ്ദേഹത്തിന്റെ തോളിൽ പിടിച്ചുകൊണ്ട് സാഷ്ടാംഗം പ്രണമിക്കാൻ അനുവദിച്ചില്ല.

"താങ്കൾ കാവിവസ്ത്രം ധരിക്കുന്ന സർവ്വസംഗപരിത്യാഗികളിൽ ഒരാളാണ്. കൂടാതെ താങ്കൾ തികച്ചും ആത്മാർത്ഥത പുലർത്തുന്നു. ബാഹ്യലോകത്തിന്റെ ദൃഷ്ടിയിൽ താങ്കൾക്ക് എന്നെക്കാൾ പ്രായം കൂടുതലുണ്ട്. അതിനാൽ എന്നെ പാദനമസ്കാരം ചെയ്യാൻ താങ്കളെ അനുവദിക്കുകയില്ല. ഞാൻ താങ്കളുടെ കണ്ണുകളിൽ എന്നോടുള്ള സ്നേഹം ദർശിക്കുന്നുണ്ട്. അതു മാത്രം മതിയാകും."

ഗംഗാതീരത്ത് നില്ക്കുകയായിരുന്ന അദ്ദേഹത്തോട് ഞങ്ങൾ വിടവാങ്ങി. ദൃഷ്ടിയിൽനിന്നും മറയുന്നതുവരെ അദ്ദേഹം ഞങ്ങളെ നോക്കിക്കൊണ്ട് അവിടെ നില്ക്കുകയായിരുന്നു. ഞാൻ ബാബാജിയോടു പറഞ്ഞു: "ബാബാജീ, എനിക്കും സത്യത്തിന്റെ മാർഗ്ഗം തെളിയിച്ചുതരൂ. ഇന്ന് എനിക്ക് വളരെയധികം കാര്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞു. അങ്ങ് വളരെ ദയാലു ആണ്."

ബാബാജി ഒന്നു ചിരിച്ചു. എന്നിട്ട് അദ്ദേഹം എന്റെ തോളിൽ കൈവച്ചുകൊണ്ട് പറഞ്ഞു: "എല്ലാത്തിനും ഒരു സമയമുണ്ട്.. വ്യാഴാഴ്ചയായിരിക്കും നാം ഗോമുഖിലേക്ക് പുറപ്പെടുന്നത്."

മുപ്പത്തിരണ്ട്

ശ്രീവിദ്യാദീക്ഷ

അടുത്ത വ്യാഴാഴ്ച ദിവസം ഭാഗീരഥിയുടെ ഉത്ഭവസ്ഥാനമായ ഗോമുഖിലേക്കു പുറപ്പെട്ടു. ഭാഗീരഥിയുടെ മറ്റൊരു പേരാണ് ഗംഗ. പ്രാചീന ഭാരതത്തിലെ മഹാകാവ്യങ്ങളിൽ ഭാഗീരഥി നദിയുടെ പേര് ഭഗീരഥത്തിൽ നിന്ന് കിട്ടിയതാണെന്നു പറയുന്നു. ഭഗീരഥൻ ജനിച്ചത് സഗര രാജവംശത്തിലായിരുന്നു. ഗംഗയെ ഭൂമിയിലേക്ക് ആനയിച്ചത് ഉന്നതകുലജാതനായ ഭഗീരഥൻ ആയിരുന്നു. മുമ്പ് സ്വർഗ്ഗത്തിലായിരുന്നു ഗംഗ. അക്കഥ ഇപ്രകാരമാണ്:

സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഹിമാലയത്തിനു പ്രായം വളരെ കുറവായിരുന്നു. പ്രതാപശാലിയായ സഗര മഹാരാജാവ് അനേകം യുദ്ധങ്ങൾ ചെയ്യുകയും എത്രയോ രാജ്യങ്ങൾ കീഴടക്കുകയും ചെയ്തു. അദ്ദേഹം ഒരു അശ്വമേധയാഗം നടത്തി. യാഗാശ്വത്തെ ചുറ്റുമുള്ള രാജ്യങ്ങളിലൂടെ സ്വതന്ത്രമായി സഞ്ചരിക്കാൻ വിടും. ഏതെങ്കിലും രാജ്യത്തെ രാജാവ് കുതിരയെ ബന്ധിക്കുകയാണെങ്കിൽ യുദ്ധത്തിൽ ജയിച്ചുവേണം കുതിരയെ സ്വന്തമാക്കേണ്ടത്.

സഗരന്റെ യജ്ഞം വിജയകരമായി സമാപിക്കുകയാണെങ്കിൽ അദ്ദേഹം അതിശക്തനായിത്തീരുമെന്നും ഒടുവിൽ സ്വർഗ്ഗം കൈയടക്കി തന്നെ അധികാരഭ്രഷ്ടനാക്കുമെന്നും സ്വർഗ്ഗാധിപതിയായ ഇന്ദ്രൻ ശങ്കിച്ചു. ഇന്ദ്രൻ തന്റെ മായാശക്തി പ്രയോഗിച്ച് കുതിരയെ മോഷ്ടിച്ചു. എന്നിട്ട് കുതിരയെ കപില മഹാമുനിയുടെ ആശ്രമത്തിൽ ഒളിപ്പിച്ചു.

സഗരന്റെ ശക്തരായ അറുപതിനായിരം പുത്രന്മാർ കുതിരയെ തേടിയലഞ്ഞു. ഒടുവിൽ അവർ കപിലമുനിയുടെ ആശ്രമത്തിൽ കുതിരയെ കണ്ടെത്തി. അവർ മുനിയെ ഒരു പാഠം പഠിപ്പിക്കുമെന്നു ഭീഷണിപ്പെടുത്തി. ആ സമയത്ത് മുനി ധ്യാനത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ബഹളം കേട്ട് ധ്യാനത്തിൽനിന്നും ഉണർന്നു. അദ്ദേഹത്തിന്റെ കോപാഗ്നിയിൽ പെട്ട് ഒരാളൊഴിച്ച് ബാക്കി എല്ലാവരും ഭസ്മമായി. പശ്ചാത്താപം പ്രകടിപ്പിച്ചതിനാൽ ഒരാൾ മാത്രം രക്ഷപ്പെട്ടു.

രക്ഷപ്പെട്ട സഗരപുത്രന്റെ മകൻ അംശുമാൻ പിതൃസഹോദരന്മാരുടെ മോക്ഷത്തിനുവേണ്ടി കഠോരമായ തപസ്സനുഷ്ഠിച്ചു. കപിലൻ രാജകുമാരനെ കുതിരയെയും കൊണ്ടുപോകാൻ അനുവദിച്ചു എന്നിട്ട് ഇങ്ങനെ പറഞ്ഞു: "സ്വർഗ്ഗത്തിലെ ഗംഗയെ ഭൂമിയിലേക്ക് കൊണ്ടുവരികയും ഗംഗാജലം മരിച്ചവരുടെ ഭസ്മത്തെ സ്പർശിക്കുകയും ചെയ്യുകയാണെങ്കിൽ മരിച്ചവർക്ക് മോക്ഷം കിട്ടും." അംശുമാൻ കഠിനമായി പ്രയത്നിച്ചു. ഗംഗയെ ബോധ്യപ്പെടുത്തുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. അദ്ദേഹത്തിന് ഗംഗയെ കൊണ്ടുവരാൻ

കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ പുത്രനായ ദിലീപ മഹാരാജാവും ശ്രമിച്ചു പരാജയപ്പെട്ടു. ഒടുവിൽ അദ്ദേഹത്തിന്റെ പൗത്രനായ ഭഗീരഥൻ കഠോരമായ തപസ്സനുഷ്ഠിച്ച് ഗംഗയെ പ്രസാദിപ്പിച്ചു. ഗംഗ ഭൂമിയിലേക്കു വരാൻ സമ്മതിച്ചു. പക്ഷേ, ഒരു പ്രശ്നം പരിഹരിക്കേണ്ടിയിരുന്നു. ഗംഗയുടെ ശക്തമായ പ്രവാഹത്തെ താങ്ങാനുള്ള കഴിവ് ഭൂമിക്കില്ലായിരുന്നു. മാത്രവുമല്ല ഒഴുക്കിന്റെ ആഘാതത്തിൽ ഭൂമി പിളർന്നു പോകാനും സാധ്യതയുണ്ടായിരുന്നു.

ഗംഗ ഭൂമിയിലേക്ക് ഇറങ്ങിവരുമ്പോൾ ഭൂമിയെ രക്ഷിക്കാൻ ഒരു ശക്തിക്കു മാത്രമേ കഴിയൂ. അത് മഹായോഗിയായ മഹേശ്വരനായ ശിവന്റെ ശക്തിയാണ്. അദ്ദേഹത്തിന്റെ പീഠം കൈലാസത്തിൽ ആയിരുന്നു. അതുകൊണ്ട് ഭഗീരഥൻ ശിവനെ അനുനയിപ്പിച്ചു. ഭഗീരഥന്റെ ഭക്തിയിൽ ശിവൻ പ്രീതനായി. അദ്ദേഹം ഗംഗയുടെ അതിശക്തമായ മഹാപ്രവാഹത്തെ തടഞ്ഞുനിർത്തി ശിരസ്സിൽ വഹിച്ചുകൊള്ളാമെന്നും ശിരസ്സിൽനിന്നും ഭൂമിയിലേക്ക് അതിന്റെ ശക്തി ലഘൂകരിച്ച് തന്റെ ജടയിലൂടെ ശാന്തമായി ഭൂമിയിലേക്ക് ഒഴുക്കാമെന്നും സമ്മതിച്ചു. ഗംഗയെ ഭൂമിയിലേക്കു വരാൻ ഭഗീരഥൻ അനുനയിപ്പിച്ചതുകൊണ്ടാണ് ഗംഗയ്ക്ക് ഭാഗീരഥി എന്ന പേര് ലഭിച്ചത്. ഗംഗ ഭൂമിയിൽ ആദ്യം ഇറങ്ങിയത് ഗോമുഖത്തിൽ ആണെന്നു കരുതപ്പെടുന്നു.

ഭൈരവഘാട്ടിലൂടെയും ഗംഗോത്രി ഗ്രാമത്തിലൂടെയും ആണ് ഗോമുഖിലേക്ക് പോകേണ്ടത്. ഗംഗോത്രി ഗ്രാമത്തിൽ ഗംഗാദേവീ ക്ഷേത്രം സ്ഥിതി ചെയ്യുന്നു. അവിടെ അനേകം ആശ്രമങ്ങൾ ഉണ്ട്. വേനൽക്കാലം മുഴുവൻ അസംഖ്യം സന്ന്യാസിമാർ അവിടെ താമസിക്കുന്നു. ഗംഗോത്രിയിൽ അതിശക്തമായി പ്രവഹിച്ചു പതിച്ചതിനുശേഷമാണ് ഗംഗ ഉത്തരകാശിയിൽ എത്തുന്നത്. ഗംഗോത്രിയിൽ നിന്നുകൊണ്ടു തിളങ്ങുന്ന സുദർശൻ കൊടുമുടി കാണാൻ കഴിയും.

ഗംഗോത്രിയിൽ ഉദ്ദാസീൻ സന്ന്യാസവിഭാഗത്തിന്റെ 'ജ്ഞാന അഖാഡ' എന്ന മഠത്തിന്റെ വക ഒരു കുടീരത്തിലാണ് ഞങ്ങൾ രണ്ടു ദിവസം തങ്ങിയത്. കുന്നിൽനിന്നും താഴോട്ടിറങ്ങുമ്പോഴുള്ള നദിയുടെ ആരവം എന്നെ അത്യധികം ആകർഷിച്ചു. ഗംഗോത്രിയിൽ എത്തിച്ചേരാൻ നാലു ദിവസം വേണ്ടിവന്നു. ഗംഗോത്രിയിലേക്ക് തിരിക്കുന്നതിന്റെ തലേന്നാൾ രാത്രിയിൽ ധൂനിയുടെ മുമ്പിൽ ഇരിക്കുകയായിരുന്ന ബാബാജി പെട്ടെന്ന് എന്നോടുപറഞ്ഞു: "വന്ദ്യ വയോധികനായ സന്ന്യാസി ശാന്തിയോടെ ശരീരം വെടിഞ്ഞു." എന്തോ ചോദിക്കാനായി നാവു ചലിപ്പിക്കാൻ തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം പറഞ്ഞു: "ഇപ്പോൾ ഈ വിഷയത്തെപ്പറ്റി കൂടുതലായി ഒന്നും ചോദിക്കരുത്."

പിന്നീട് ഞങ്ങൾ ഗോമുഖിൽനിന്നും ഉത്തരകാശിയിലേക്കു മടങ്ങുകയായിരുന്നു. അന്നേരം ബാബാജി പറഞ്ഞു: "നമ്മൾ ഗോമുഖിൽനിന്നും തിരിച്ച് നാലു ദിവസം കഴിഞ്ഞപ്പോൾ പ്രായം ചെന്ന പുണ്യാത്മാവായ സ്വാമി ലക്ഷ്മണപുരി ഇഹലോകവാസം വെടിഞ്ഞു. മരിക്കുന്ന സമയത്ത് അദ്ദേഹം തനിക്ക് ഇഷ്ടപ്പെട്ട പാറപ്പുറത്ത് ഇരുന്നുകൊണ്ട് സുസ്മേരവദനനായി ഗംഗയെ നോക്കികൊണ്ട് ഇരിക്കുകയായിരുന്നു. ഉത്തരകാശിയിലെ ഗവൺമെന്റ് ആശുപത്രിയിലെ "ഡോക്ടറുടെ റിപ്പോർട്ടിൽ മരണകാരണം ഹൃദയാഘാതമാണെന്നു പറയുന്നു."

പിറ്റേന്ന് രാവിലെ ഞങ്ങൾ ഗംഗോത്രിയിൽനിന്നും ഗോമുഖിലേക്കും തപോവനത്തിലേക്കും തിരിച്ചു. വിശുദ്ധമായ ഗംഗോത്രി ഗ്രാമം പിന്നിട്ടു കഴിഞ്ഞപ്പോൾ എല്ലാം ശാന്തമായി അനുഭവപ്പെട്ടു. ഭാഗീരഥി നദിയുടെ മറു കരയിൽ ധാരാളം പ്രകൃതിദത്ത ഗുഹകൾ ഉണ്ടായിരുന്നു. നാല് മണിക്കൂർ യാത്ര ചെയ്ത് ഞങ്ങൾ ചിർബാസയിലെത്തി. ധാരാളം കാറ്റാടിമരങ്ങളുള്ള സ്ഥലമായിരുന്നു അത്. അവിടെ നിന്നുകൊണ്ട് വിദൂരതയിലുള്ള ഗംഗോത്രി ഹിമാനി (ഗ്ലേസിയർ) യുടെ തിളക്കം കാണാമായിരുന്നു.

അരമണിക്കൂർ വിശ്രമിച്ചു. കുതിർത്ത കടല തിന്ന് വെള്ളം കുടിച്ചു. വീണ്ടും യാത്ര തുടർന്നു. ആ പ്രദേശത്താകെ വെൺചന്ദനമരത്തോട്ടങ്ങൾ ഉണ്ടാ യിരുന്നു. ഞങ്ങൾ ഭോസായിലെത്തി. വെൺചന്ദനമരങ്ങൾ ഉള്ളതുകൊണ്ടാണ് ആ പ്രദേശത്തിന് ഈ പേരു കിട്ടിയത്. ഭോജ് ബാസായിൽ ഞങ്ങൾ ചുവന്ന വസ്ത്രം ധരിച്ച താന്ത്രികനായ സന്ന്യാസിയുടെ ആതിഥ്യം സ്വീകരിച്ചു. അദ്ദേഹ ത്തിന് ബാബാജി സുപരിചിതനായിരുന്നു. അദ്ദേഹം ചപ്പാത്തിയും ദാലും ഇലക്കറിയും അടങ്ങിയ രുചികരമായ ഭക്ഷണം ഞങ്ങൾക്കുവേണ്ടി ഒരുക്കി യിരുന്നു. അദ്ദേഹം ബാബാജിയോട് കുറച്ചു ദിവസം അവിടെ തങ്ങാൻ അഭ്യർത്ഥിച്ചു. ബാബാജിക്കു ഗോമുഖിൽ തങ്ങാനാണ് ആഗ്രഹം അതുകൊണ്ട് ഉച്ചഭക്ഷണം കഴിഞ്ഞ് ഞങ്ങൾ യാത്ര തിരിച്ചു.

ഭോജ്ബാസായിൽ നിന്നാൽ ഭാഗീരഥി കൊടുമുടികൾ കാണാം. കുറച്ച് കഴിഞ്ഞ് സമുദ്ര നിരപ്പിൽനിന്ന് 21000, അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ശിവലിംഗ കൊടുമുടിയുടെ പിരമിഡിന്റെ ആകൃതിയിലുള്ള ഭാഗം കണ്ടു. ഒരു മണിക്കൂർകൊണ്ട് ഞങ്ങൾ ഗോമുഖിൽ എത്തി. അവിടെനിന്നുമുള്ള കാഴ്ചകൾ മനസ്സിനെ പരിഭ്രമിപ്പിക്കുന്നവയായിരുന്നു. ഒരു പശുവിന്റെ മുഖത്തിന്റെ ആകൃതിയിൽ മഞ്ഞുമൂടിയ മുമ്പോട്ട് ഉന്തിനില്ക്കുന്ന ഭാഗത്തു നിന്നാണ് ഗംഗാജലം ആവിർഭവിക്കുന്നത്. മുന്നോട്ട് ഉന്തി നില്ക്കുന്ന പ്രസ്തുത ഭാഗത്തിന് അപ്പുറത്താണ് ഗംഗോത്രി ഹിമാനി. അത് ഇരുപത്തഞ്ച് കിലോമീറ്റർ ദൂരം മഞ്ഞുകൊണ്ടു മൂടപ്പെട്ട ഭാഗമാണ്. ഗംഗയിലൂടെ ഒഴുകുന്ന ജലത്തിൽ ഹിമപാളികൾ കാണാം. എവിടെ നോക്കിയാലും മഞ്ഞ് അല്ലാതെ മറ്റൊന്നും ദൃശ്യമായിരുന്നില്ല. ആനന്ദാതിരേകത്താൽ ഞാൻ തുള്ളിച്ചാടുകയും നിലത്തു കിടന്ന് ഉരുളുകയും ചെയ്തു. ബാബാജി പുഞ്ചിരി തൂകിക്കൊണ്ട് പറഞ്ഞു: "ശാന്തനാകൂ... നമുക്ക് പെട്ടെന്ന് നദിയിൽ ഒന്നു മുങ്ങിക്കയറാം." ഒട്ടുംതന്നെ സമയമെടുക്കാതെ ഒന്നു മുങ്ങിയിട്ട് കരയിൽ കയറി. എത്രയും പെട്ടെന്ന് ശരീരത്തിലെ ജലം തുടച്ചുമാറ്റി. ഉടനേ മേഘങ്ങൾക്കിടയിലൂടെ സൂര്യൻ പ്രത്യക്ഷപ്പെട്ടു. വെയിലേറ്റ് ശരീരവും വസ്ത്രവും ഉണങ്ങി.

ഗോമുഖിനും തപോവനത്തിനും ഇടയ്ക്ക് ഏതാനും ഗുഹകൾ ഉണ്ട്. അവയിലൊന്നിൽ ബാബാജിയുടെ സുഹൃത്ത് താമസിച്ചിരുന്നു. അദ്ദേഹത്തെ ദാദാ (സഹോദരൻ) എന്നു മാത്രമേ വിളിച്ചിരുന്നുള്ളൂ. ബംഗാളിയായ അദ്ദേഹം എല്ലാ വേനൽക്കാലത്തും അവിടെ തങ്ങിയിരുന്നു. അദ്ദേഹം കിഴുക്കാം തൂക്കായ ഗ്ലേസിയറിന്റെ ഇടതുഭാഗത്തുകൂടി കയറിയാണ് ഗുഹയിലേക്കു പ്രവേശിച്ചിരുന്നത്. അദ്ദേഹത്തിന് ഗുഹയിൽ എത്താൻ അര മണിക്കൂർ സമയം വേണ്ടിവന്നിരുന്നു. ദാദാജി ഞങ്ങളെ പ്രതീക്ഷിച്ച് ഇരിക്കുകയായിരുന്നു. അതു

മഞ്ഞു മൂടിയ ജനവാസമില്ലാത്ത പ്രദേശമായിരുന്നിട്ടും അദ്ദേഹം എങ്ങനെയോ ധൂനി കത്തിച്ചുവച്ചിരുന്നു. ഗുഹയുടെ പ്രവേശനദ്വാരത്തിൽ വച്ചിരുന്ന വലിയ പാറക്കഷണങ്ങൾ ഭിത്തിയുടെ പ്രയോജനം ചെയ്തു. തറയിൽ നിരത്തിയിരുന്ന പലകകൾ ആണ് കിടക്കാൻ ഉപയോഗിച്ചിരുന്നത്. ഞങ്ങൾക്ക് കമ്പളിപ്പുതപ്പുകളും തന്നു.

ചോറും ഉരുളക്കിഴങ്ങും ആയിരുന്നു ഉച്ചയ്ക്കുള്ള ആഹാരം. ആ ഗുഹയിൽ രാത്രി കഴിച്ചുകൂട്ടി. ബാബാജിയെ കിട്ടിയത് നിങ്ങളുടെ ഭാഗ്യമാണെന്ന് ദാദാജി എന്നോടു പറഞ്ഞു. അദ്ദേഹം തുടർന്നു പറഞ്ഞു: "ഞാൻ പലപ്പോഴും അദ്ദേഹത്തോട് എന്നെ ശിഷ്യനാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. അപ്പോൾ അദ്ദേഹം പറയുന്നത് നമുക്ക് സുഹൃത്തുക്കളായി കഴിഞ്ഞാൽ മതിയെന്നാണ്."

പിറ്റേന്ന് ഞങ്ങൾ നടന്ന് തപോവനത്തിലേക്കു പോയി. തപോവനത്തിൽ എത്താൻ രണ്ടുമണിക്കൂർ വേണ്ടിവന്നു. അവിടെ നിന്നുകൊണ്ട് ശിവലിംഗ് കൊടുമുടി കാണാമായിരുന്നു. മഞ്ഞുമൂടിയ കൊടുമുടികളിൽ സൂര്യപ്രകാശം തട്ടി പ്രകാശിക്കുമ്പോൾ പ്രകൃതി മനോഹരമായ ദൃശ്യങ്ങൾ ഒരുക്കിയത് കണ്ടപ്പോൾ ചിത്രക്കുഴലിൽകൂടി കാണുമ്പോഴത്തെ അനുഭവമാണ് ഉണ്ടായത്. വലതു ഭാഗത്ത് ഭൃഗുപന്ത്, മേരു എന്നീ കൊടുമുടികൾ കാണാമായിരുന്നു. ശിവലിംഗത്തിന്റെ ഇടതു ഭാഗത്തായിരുന്നു മാന പർവ്വതവും വളരെ പൊക്കമുള്ള കൈലാസ പർവ്വതവും കണ്ടത്. കിഴക്കുഭാഗത്തായിരുന്നു സുദർശൻ കൊടുമുടി.

അരമണിക്കൂർ നടന്ന് ഞങ്ങൾ ഒരു കുന്നിന്റെ മുകൾഭാഗത്തെത്തി. കീഴ്പോട്ടു നോക്കിയാൽ ഗംഗോത്രി ഹിമാനി വ്യാപിച്ചു കിടക്കുന്നതു കാണാം. ഞങ്ങൾ കുറച്ചുകൂടി മുന്നോട്ടു നടന്ന് ഗംഗോത്രി ഹിമാനിയുടെയും കീർത്തി ഹിമാനിയുടെയും സംഗമ ഭൂമിയിലെത്തി. വലതു ഭാഗത്തായി വളരെ അകലെയുള്ള കേദാരനാഥും ഇടതുഭാഗത്തായി സതോപന്തും കാണപ്പെട്ടു. പിന്നീട് ഞങ്ങൾ അഞ്ചുദിവസമാണ് ഗുഹയിൽ കഴിഞ്ഞത്. ദാദാജി ഒരാഴ്ചത്തേക്കുള്ള വ്യഞ്ജനങ്ങളും വിറകും സംഭരിച്ചുവച്ചിരിക്കാനുള്ള ദയവ് കാട്ടി.

ഒരു ദിവസം ബാബാജി ദാദാജിയോടു പറഞ്ഞു. "ദാദാ, നിങ്ങൾ നാളെ മധുവിന് ശ്രീവിദ്യദീക്ഷ നല്കണം."

ദാദാജി എതിർത്തുകൊണ്ട് പറഞ്ഞു: "സർവ്വഥാ യോഗ്യനായ അങ്ങ് ഉള്ളപ്പോൾ അങ്ങുതന്നെ ദീക്ഷ നല്കുന്നതല്ലേ നല്ലത്?"

ബാബാജി പറഞ്ഞു: " അത് നിങ്ങൾതന്നെ ചെയ്താൽ മതി. അതിനു പ്രത്യേകമായ കാരണങ്ങൾ ഉണ്ട്."

ദാദാജി സമ്മതിച്ചു. ലോപാമുദ്രവിഭാഗത്തിൽപെട്ട ശ്രീവിദ്യ എന്ന ഷോഡശാക്ഷരി ദീക്ഷ നല്കാൻ ദാദാജി തയ്യാറായി. പതിനാറ് അക്ഷരങ്ങൾ ഉള്ളതുകൊണ്ടാണ് ശ്രീവിദ്യാമന്ത്രത്തെ ഷോഡശാക്ഷരി എന്നു വിളിക്കുന്നത്. മന്ത്രം ആരംഭിക്കുന്നത് 'ക' എന്ന അക്ഷരത്തിലാണ്. ദാദാജി പറഞ്ഞു: "ക്രിയായോഗ നട്ടെല്ലിന്റെ മധ്യഭാഗത്തുള്ള പാത കുണ്ഡലിനിയുടെ പ്രവാഹത്തിനുവേണ്ടി തുറന്നു കൊടുക്കുന്നു. ശ്രീവിദ്യാമന്ത്രത്തിന്റെ ശബ്ദസ്പന്ദനങ്ങൾ കുണ്ഡലിനി ശക്തി മൂലാധാരത്തിൽനിന്നും മസ്തിഷ്ക കേന്ദ്രത്തിലേക്കും നട്ടെല്ലിലേക്കും പ്രവഹിക്കാൻ സഹായിക്കുന്നു.

"ബാബാജി ശ്രീവിദ്യയിൽ പാരംഗതനാണ്. ഞാൻ ചക്രധർമ്മത്തിന്റെ സാങ്കേതികത്വമാണ് അദ്ദേഹത്തിന്റെ ആജ്ഞപ്രകാരം പറഞ്ഞുതരുന്നത്."

പിറ്റേന്ന് ഞാൻ ബാബാജിയോട് ചോദിച്ചു: "അങ്ങ് എന്റെ ഗുരുവാണ്. അങ്ങയിൽനിന്നും പലതും നേടിക്കഴിഞ്ഞ എനിക്ക്, മറ്റാരിൽനിന്നും വിശേഷിച്ച് എന്തെങ്കിലും നോടാനാവുമോ? ഞാൻ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ ക്ഷമിക്കണം."

ബാബാജി പറഞ്ഞു: "മോനേ, നീ പല വിധത്തിലുള്ള ആദ്ധ്യാത്മിക സാധകരെ കണ്ടുമുട്ടും. ആദ്ധ്യാത്മിക ഗുരുക്കൾ എന്ന് അവകാശപ്പെടുന്നവരുമായും ഇടപഴകേണ്ടതായി വരും. അതിനാൽ ആദ്ധ്യാത്മിക വിഷയത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളെപ്പറ്റിയും നീ അറിഞ്ഞിരിക്കണം. എനിക്ക് ഇതൊക്കെ അറിയാം, നിനക്ക് ഒന്നും അറിഞ്ഞുകൂടാ എന്ന് മറ്റുള്ളവരെകൊണ്ട് പറയിക്കാൻ ഇടവരരുത്. ആദ്ധ്യാത്മിക വളർച്ചയ്ക്കു സാധകൻ ശ്രീവിദ്യ അറിഞ്ഞിരിക്കണം. അത് നീ അറിയുന്നില്ലെങ്കിൽ പ്രയോജനം സിദ്ധിക്കുകയില്ലല്ലോ."

"പലതരം സിദ്ധാന്തങ്ങളും പലതരം പരിശീലനങ്ങളും ഉണ്ട്. അവയുടെ സഹായത്താൽ പല ആകൃതികളുള്ള വസ്തുക്കൾക്ക് രൂപം കൊടുക്കാനുള്ള ഒരു മൂശ ഉണ്ടാക്കുന്നു. പക്ഷേ, ഒരു കാര്യം ഓർത്തിരിക്കണം. രൂപം കൊടുക്കപ്പെടുന്ന പദാർത്ഥത്തെ പുറത്തേക്ക് എടുക്കണമെങ്കിൽ മൂശയെ തട്ടിയുടയ്ക്കണം."

"അതുകൊണ്ട് മൂശ അത്യാവശ്യംതന്നെ. അതുപോലെ അതിനെ തച്ചുടയ്ക്കേണ്ടതും അത്യാവശ്യമാണ്. കാര്യം മനസ്സിലായോ."

"ബാബാജി! ഞാൻ കാര്യങ്ങൾ മനസ്സിലാക്കാൻ തുടങ്ങുന്നു." ഞാൻ വിനയപൂർവ്വം പറഞ്ഞു.

ഗോമുഖിൽനിന്നും ഞങ്ങൾ ഋഷികേശിലേക്കു മടങ്ങി.

മുപ്പത്തിമൂന്ന്

ജർമ്മൻകാരനിൽനിന്നും പഠിച്ച പാഠങ്ങൾ

മൂന്നരവർഷക്കാലം ഞാൻ ബാബാജിയോടൊപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തോടൊപ്പം ഞാൻ ഗോമുഖിലേക്ക് ഒരു തവണയും ഗംഗോത്രിയിലേക്ക് രണ്ടുതവണയും, യമുനോത്രിയിലേക്ക് ഒരു തവണയും ബദരീനാഥിലേക്കും കേദാരനാഥിലേക്കും രണ്ടു തവണയും യാത്ര ചെയ്തു. ഗംഗോത്രിയിലേക്കുള്ള ഞങ്ങളുടെ രണ്ടാമത്തെ യാത്രയിൽ ഞാൻ ഒരു ജർമ്മൻകാരനായ നാഡീരോഗ ചികിത്സാവിദഗ്ധനെ (ന്യൂറോളജിസ്റ്റ്) പരിചയപ്പെട്ടു. അദ്ദേഹം ബാബാജിയുടെ ഒരു ശിഷ്യനായിരുന്നു. ബാബാജി അദ്ദേഹത്തെ ജർമ്മൻകാരൻ എന്നേ വിളിച്ചിരുന്നുള്ളൂ. വ്യക്തിപരമായ കാരണങ്ങളാൽ അദ്ദേഹം തന്റെ പേര് വെളിപ്പെടുത്താനാഗ്രഹിച്ചിരുന്നില്ല. ഞാനും അദ്ദേഹത്തെപ്പറ്റി പരാമർശിക്കുമ്പോൾ ജർമ്മൻകാരൻ എന്നേ പറയൂ. അദ്ദേഹം ഞങ്ങളെ കാണുന്നതിനുവേണ്ടി ഗംഗോത്രിയിലെ കുടീരത്തിൽ വന്നു.

ബാബാജി അദ്ദേഹത്തെ എനിക്കു പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു. "ഈ ജർമ്മൻകാരന്റെ നാട് സ്റ്റുട്ട്ഗാർട്ട് ആണ്. ഇദ്ദേഹം ന്യൂറോളജിസ്റ്റ് ആണ്. പത്തുവർഷമായി എന്റെ ശിഷ്യനും. ഇദ്ദേഹം ഒരു മാസം ഗംഗോത്രിയിൽ ആയിരിക്കും. നീ ശരീരശാസ്ത്ര (അനാട്ടമി)ത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ പഠിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. മസ്തിഷ്ക സുഷുമ്ന വ്യവസ്ഥകളെപ്പറ്റിയുള്ള അറിവും നീ നേടണം.

"സ്വന്തം ആത്മാവിനെ അറിയുക എന്നു വച്ചാൽ സ്വന്തം മസ്തിഷ്കം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് അറിയുകകൂടിയാണ്. നാം സാധാരണ ഗതിയിൽ മനസ്സ് എന്ന് പറയുന്നത് മസ്തിഷ്കംതന്നെയാണ്. ഈ വസ്തുത ശരിയായി മനസ്സിലാക്കുകയാണെങ്കിൽ സാധാരണ ചിന്തയെക്കാൾ ഉത്കൃഷ്ടമായ ബോധത്തിന്റെ ഉന്നതമായ തലങ്ങളിൽ അന്വേഷണാർത്ഥം സഞ്ചരിക്കാൻ കഴിയും."

"ഞാൻ ഈ ജർമ്മൻകാരനുമായി സമ്പർക്കം പുലർത്തുന്നത് വാക്കുകളിലൂടെ അല്ല. നിന്നെക്കുറിച്ച് വളരെ കാര്യങ്ങൾ ഈ ജർമ്മൻകാരന് അറിയാം."

ഡോക്ടർക്ക് ഒരു ജർമ്മൻകാരനു കാണുമെന്നു പ്രതീക്ഷിക്കുന്ന എല്ലാ സവിശേഷതകളും ഉണ്ടായിരുന്നു. വിഷയത്തെ സമീപിക്കുന്നത് വളരെ ഗൗരവത്തോടുകൂടി ആയിരുന്നു. തന്റെ ആശയത്തെ വ്യക്തമായി അവതരിപ്പിക്കുന്നതിന് അദ്ദേഹം ചിത്രങ്ങളെയും ചാർട്ടുകളെയും ആശ്രയിച്ചു. ഞാൻ സെറിബെല്ലം (തലയുടെ പിൻഭാഗത്തുള്ളതും ചലനങ്ങളെ നിയന്ത്രിക്കുന്നതുമായ ലഘുമസ്തിഷ്കം) എന്താണെന്ന് അദ്ദേഹത്തിൽനിന്നും പഠിച്ചു. 'ലിംബിക് സിസ്റ്റം' അഥവാ 'റെപ്റ്റിലിയൻ ബ്രെയിൻ, എന്നു വിളിക്കപ്പെടുന്ന

മദ്ധ്യമസ്തിഷ്കത്തെപ്പറ്റിയും പലതും ഗ്രഹിച്ചു. മഹാമസ്തിഷ്കത്തെപ്പറ്റിയും പൂർവ്വമസ്തിഷ്കത്തെപ്പറ്റിയും, പൂർവ്വമസ്തിഷ്കത്തിന്റെ രണ്ട് അർദ്ധ ഗോളങ്ങളെപ്പറ്റിയും ഉള്ള വിലപ്പെട്ട അറിവുകൾ അദ്ദേഹത്തിൽനിന്നും ലഭിച്ചു. സുഷുമ്നാ നാഡിയെപ്പറ്റിയും സ്വതന്ത്ര നാഡീവ്യവസ്ഥയെപ്പറ്റിയും അനുതാപ നാഡീവ്യവസ്ഥയെപ്പറ്റിയും എനിക്ക് അദ്ദേഹം വിശദീകരിച്ചുതന്നു. നാഡീജാല ത്തെപ്പറ്റിയും മസ്തിഷ്കത്തിലെ നാഡീവ്യവസ്ഥയെപ്പറ്റിയും സുഷുമ്നാനാഡി യെപ്പറ്റിയും പലതും മനസ്സിലാക്കി. ഘടനയെ സംബന്ധിക്കുന്ന പല കാര്യ ങ്ങളും ജർമ്മൻകാരനിൽനിന്നും പഠിക്കുകയുണ്ടായി.

യഥാർത്ഥ മസ്തിഷ്കം കീറിമുറിച്ചു കണ്ടില്ല എന്നതൊഴിച്ചാൽ മസ്തിഷ്ക ത്തിന്റെ രണ്ട് അർദ്ധഗോളങ്ങളും പരസ്പരം ബന്ധിപ്പിച്ചിട്ടുള്ളതും അനുപൂരക ങ്ങളായി പ്രവർത്തിക്കുന്നവയും ആണെങ്കിൽപ്പോലും രണ്ടിനും സവിശേ ഷവും വ്യതിരിക്തവുമായ വ്യക്തിത്വങ്ങളുണ്ടെന്ന് 1700 കളിലെയും 1800 കളി ലെയും നാഡീരോഗവിദഗ്ദ്ധന്മാർ മുതൽ സംശയിക്കപ്പെട്ടിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്.

ജർമ്മൻകാരൻ ജർമ്മനിയിലെ പരീക്ഷണശാലയിൽവച്ച് പല പരീക്ഷണ ങ്ങളും നടത്തുകയുണ്ടായി. ഹഠയോഗ പ്രദീപിക, ഷട്ചക്രനിരൂപണ എന്നീ യോഗവിദ്യയെ പ്രതിപാദിക്കുന്ന പ്രാചീനഗ്രന്ഥങ്ങളിൽ ലഭ്യമായ വിവരങ്ങളെ ആധുനിക നാഡീരോഗചികിത്സാശാസ്ത്രവുമായി അദ്ദേഹം താരതമ്യം ചെയ്യുകയുണ്ടായി. ഈ വിഷയത്തിൽ അദ്ദേഹം തന്റെ അന്വേഷണം തുടരു കയും നാഡീരോഗചികിത്സാശാസ്ത്രത്തിന്റെ സാങ്കേതികപദങ്ങൾ ഉപ യോഗിച്ച് ബോധത്തിന്റെ വികാസത്തെ സംബന്ധിക്കുന്ന പുതിയ കണ്ടു പിടിത്തം നടത്തുന്നതിൽ വ്യാപൃതനാകുകയും ചെയ്തു.

അതിനിടയിൽ ഞാൻ ഒളിവർ സാക്സ് രചിച്ച പല ഗ്രന്ഥങ്ങളും വായിച്ചു. അന്റോനിയോ ആർ. ഡമോസിയോ രചിച്ച *'ഡെസ്കാർടെസ് എറർ'* എന്ന കൃതിയും എന്റെ സുഹൃത്ത് ഡോക്ടർ വി.എസ്. രാമചന്ദ്രൻ രചിച്ച *'ഫാന്റംസ് ഇൻ ബ്രയിൻ'* എന്ന കൃത്രിയും മറ്റു കൃതികളും വായിച്ചു കഴിഞ്ഞപ്പോൾ ജർമ്മൻ ശാസ്ത്രജ്ഞന്റെ ആശയങ്ങളിൽ ആധുനിക ന്യൂറോളിജിസ്റ്റുകൾക്ക് ഈ വിഷയത്തിൽ പഠനം തുടരാൻ വേണ്ടുന്ന അടിസ്ഥാനം ഉണ്ടെന്ന് വ്യക്തമായി. നിർഭാഗ്യവശാൽ ആധുനിക ഗ്രന്ഥകാരന്മാർക്കു പ്രാചീന യോഗ വിദ്യയെ സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനം ഇല്ല. ഇതിനെക്കാൾ ഏറ്റവും നിർഭാഗ്യകരമായ ഒന്നു സംഭവിച്ചു. ഞാൻ ഈ ഡോക്ടറുമായി പരിചയപ്പെട്ട് മൂന്നു വർഷം കഴിഞ്ഞപ്പോൾ അദ്ദേഹം ഒരു റോഡപകടത്തിൽ മരണമടഞ്ഞു. അങ്ങനെ അദ്ദേഹത്തിന്റെ ഗവേഷണം അലസിപ്പോയി.

അദ്ദേഹം തന്റെ ഗവേഷണങ്ങൾക്ക് അനുയോജ്യമായ സാഹചര്യങ്ങളിൽ പുനർജനിക്കുമെന്ന് പറയുകയുണ്ടായി. എപ്പോൾ, എവിടെ, എങ്ങനെ എന്നീ കാര്യങ്ങളെപ്പറ്റി എനിക്ക് ഒന്നുംതന്നെ പറയാൻ കഴിയുകയില്ല. എന്നാൽ ബാബാജിയും ജർമ്മൻകാരനും തമ്മിൽ കണ്ടുമുട്ടിയതിനെപ്പറ്റി എനിക്കു പറയാൻ കഴിയും. ആ സമാഗമത്തെപ്പറ്റിയുള്ള രസകരമായ കഥ ജർമ്മൻകാരൻ പറഞ്ഞത് ഇപ്രകാരമാണ്:

"എന്റെ ഹിമാലയയാത്രയ്ക്ക് രണ്ടുകാരണങ്ങൾ ഉണ്ട്. ഒന്നാമത്തെ കാരണം ഹിമാച്ഛാദിതമായ പർവ്വതങ്ങളോടുള്ള ആകർഷണമാണ്. ഒന്നു രണ്ട് ജർമ്മൻ യാത്രക്കാർ ഹിമാലയം കണ്ടിട്ട് നല്കിയ ഉദ്വേഗജനകമായ വിവരണം കേട്ട് എന്റെ ഉള്ളിലും ഹിമാലയദർശനത്തിനുള്ള അദമ്യമായ ആഗ്രഹം ജനിച്ചു. ഹൈന്ദവ ദർശനങ്ങളിലും തന്ത്രവിദ്യയിലും യോഗവിദ്യയിലും എനിക്കുള്ള താൽപര്യമായിരുന്നു രണ്ടാമത്തെ കാരണം. സർ ജോൺ വുഡ്റോഫ് എഴുതിയ *ദി സർപ്പന്റ് പവർ'* എന്ന പുസ്തകം ഞാൻ വായിക്കാനിടയായി. അതിൽ പ്രതിപാദിക്കപ്പെട്ട കുണ്ഡലിനി ശക്തിയുടെ സഞ്ചാരമാർഗ്ഗത്തിനു മസ്തിഷ്കത്തോടും സുഷുമ്നാ നാഡിയോടും സാദൃശ്യമുള്ളതായി കണ്ടു. പ്രാചീന യോഗികൾക്ക് ശരീരഘടനാ ശാസ്ത്രത്തെപ്പറ്റിയും മസ്തിഷ്കത്തിന്റെ ശരീരശാസ്ത്രത്തെപ്പറ്റിയും നല്ല അവഗാഹമുണ്ടായിരുന്നതുകൊണ്ടാണ് അവർക്ക് ചക്രത്തെപ്പറ്റിയും ബ്രഹ്മരന്ധ്രത്തെപ്പറ്റിയും പ്രതിപാദിക്കാൻ കഴിഞ്ഞിരുന്നത്.

"ഈ വസ്തുതയാണ് എന്റെ ഹിമാലയയാത്രയുടെ പ്രചോദനം. ഞാൻ ഹിമാലയത്തിലേക്ക് പോകാനും അവരെ കാണാനും നിശ്ചയിച്ചു. അപ്പോഴേക്കും ഞാൻ തികച്ചും യോഗ്യത നേടിയ ഒരു ന്യൂറോളജിസ്റ്റ് ആയിക്കഴിഞ്ഞിരുന്നു. ഞാൻ സ്റ്റുട്ട് ഗാർട്ടിലെ ഒരു ആശുപത്രിയിൽ സേവനമനുഷ്ഠിക്കുകയായിരുന്നു. എന്റെ യാത്രയുടെ ഉദ്ദേശ്യം ആരോടും വെളിപ്പെടുത്താതെ ഞാൻ ഒരു മാസത്തെ അവധിയെടുത്തു. അന്നൊക്കെ ശാസ്ത്രജ്ഞന്മാർ യോഗശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ യാതൊരു താൽപര്യവും കാണിച്ചിരുന്നില്ല ആ മനോഭാവം തികച്ചും അശാസ്ത്രീയമാണെന്നു ഞാൻ കരുതി.

"അന്ന് ഹിമാലയത്തിലേക്കുള്ള യാത്ര അത്ര സുഗമമല്ലായിരുന്നു. ആദ്യം ഞാൻ വിമാനത്തിൽ ഡൽഹിയിലെത്തി. അവിടെനിന്നും ട്രെയിൻ മാർഗ്ഗം ഹരിദ്വാറിലെത്താൻ ഒരു ദിവസമെടുത്തു. ഹരിദ്വാറിൽനിന്നും ഇഴഞ്ഞു നീങ്ങിയ ഒരു പഴഞ്ചൻ ബസ്സിലായിരുന്നു ഋഷികേശിലേക്കുള്ള യാത്ര. ഋഷികേശിലെത്താൻ അര ദിവസം വേണ്ടിവന്നു. ഡിവൈൻ ലൈഫ് സൊസൈറ്റിയിലെ ആശ്രമത്തിൽ തങ്ങാൻ ഇടം കിട്ടി. ആശ്രമത്തിന്റെ തലവനായ സ്വാമി ശിവാനന്ദന്റെ സഹായം എനിക്കു കിട്ടി. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല. ഞാൻ അലഞ്ഞുനടക്കേണ്ട ആവശ്യമില്ലെന്നും അറിയാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ അദ്ദേഹം എനിക്കു പറഞ്ഞു തരാമെന്നും പറഞ്ഞു. പക്ഷേ, അതുകൊണ്ടുമാത്രം ഞാൻ തൃപ്തനായില്ല. എന്റെ ദൃഷ്ടികൾ ഹിമാലയത്തിനു വേണ്ടി ദാഹിക്കുകയായിരുന്നു. അതിനാൽ ഏതാനും ദിവസം കഴിഞ്ഞ് ഞാൻ ഒരു ബസ്സിൽ കയറി ഉത്തരകാശിയിലേക്ക് തിരിച്ചു. അന്നൊക്കെ ഉത്തരകാശിയിലെത്താൻ ഒരു ദിവസമെടുക്കും. റോഡുകൾ അപകടസാധ്യതയുള്ളവയായിരുന്നു. അതിനെക്കാൾ അപകടകാരിയായിരുന്നു വണ്ടി ഓടിച്ചിരുന്ന ഗഢ്വാലി ഡ്രൈവർ.

"ഉത്തരകാശിയിൽനിന്നും മറ്റൊരു ബസ്സിൽ കയറി അടുത്ത ദിവസം ഗംഗോത്രിയിലെത്തി. ഗംഗ്രോത്രിയിലെ ഒരു പഴയ ആശ്രമത്തിൽ തങ്ങാൻ ഇടം കിട്ടി. ഞാൻ ഗോമുഖിലേക്കു പോകാൻ തീരുമാനിച്ചു. ഒരു ദിവസം ഞാൻ ഗംഗോത്രിയിലെ ക്ഷേത്രത്തിനു സമീപത്തുകൂടി നടക്കുകയായിരുന്നു.

അന്നേരം സുന്ദരനും സുമുഖനും അരോഗദൃഢഗാത്രനുമായ ഒരു യോഗി എന്റെ നേർക്ക് വരികയായിരുന്നു. വെള്ള ഉടുവസ്ത്രം മാത്രം ധരിച്ചിരുന്ന അദ്ദേഹത്തിന്റെ തലമുടിക്കു തവിട്ടു കലർന്ന കറുപ്പു നിറമായിരുന്നു. ആരെയും ആകർഷിക്കുന്ന തേജസ്സ് അദ്ദേഹത്തിൽ കളിയാടിയിരുന്നു. എന്നെ അദ്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം എന്റെ മുന്നിൽ വന്നു. എന്നിട്ട് അദ്ദേഹം ജർമ്മൻ ഭാഷയിൽ പറഞ്ഞു: "ഗുടെൻ ടാഗ്."

"എനിക്ക് എന്റെ ചെവികളെ വിശ്വസിക്കാൻ കഴിഞ്ഞില്ല 'ഗുടെൻ ടാഗ്' എന്ന് ഞാനും പ്രതിവചിച്ചു. അന്നേരം അപരിചിതൻ എന്നോടു പറഞ്ഞു. എനിക്ക് ജർമ്മൻ ഭാഷയിൽ പ്രാവീണ്യം ഇല്ല. അതുകൊണ്ട് നമുക്ക് ഇംഗ്ലിഷിൽ സംസാരിക്കാം. അദ്ദേഹത്തിന്റെ തുടർന്നുള്ള സംസാരം എന്നെ കൂടുതൽ അദ്ഭുതപ്പെടുത്തി. "ഡോക്ടർ" നമുക്ക് എവിടെയെങ്കിലും ഇരുന്ന് സംസാരിക്കാം. എന്റെ കുടീരത്തിൽ വരൂ." അങ്ങനെയാണ് ഞങ്ങൾ തമ്മിൽ കണ്ടുമുട്ടിയത്.

ബാബാജി ആദ്യത്തെ ദിവസംതന്നെ ജർമ്മൻകാരന് ക്രിയായോഗ ദീക്ഷ നല്കി. അത് കഴിഞ്ഞ ഏഴു വർഷമായി ജർമ്മൻകാരൻ പരിശീലിക്കുന്നുണ്ടായിരുന്നു. ബാബാജിയിൽനിന്ന് യോഗവിദ്യയും വേദാന്തവും പഠിച്ചുകൊണ്ടിരുന്ന അദ്ദേഹം ബാബാജിയെ സ്വന്തം ഗുരുവായി കരുതിയിരുന്നു. എന്നാൽ കഴിഞ്ഞ ജന്മത്തിൽ അദ്ദേഹം ശ്രീഗുരുബാബായുടെ ശിഷ്യനായിരുന്നുവെന്ന് ബാബാജി അദ്ദേഹത്തോടു പറഞ്ഞു.

യോഗാഭ്യാസത്തിലൂടെ ബോധത്തിനു ഭവിക്കുന്ന മാറ്റങ്ങളെപ്പറ്റിയുള്ള ശാസ്ത്രീയപഠനമായിരുന്നു ജർമ്മൻകാരന്റെ ദൗത്യം. എനിക്ക് അറിയാനുള്ളതെല്ലാം അദ്ദേഹത്തിൽനിന്ന് ഗ്രഹിച്ചു. ഞാൻ ജർമ്മൻ ഡോക്ടറോട് വിടപറഞ്ഞിട്ട് ഋഷികേശിലേക്കു മടങ്ങി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഗോമുഖിലേക്കു യാത്ര തിരിക്കാനായിരുന്നു അദ്ദേഹത്തിന്റെ നിശ്ചയം.



എന്റെ മുത്തശ്ശി



എന്റെ അച്ഛനമ്മമാർ



രണ്ടു സഹോദരിമാർ



ഞാൻ ആറുമാസം പ്രായമുള്ളപ്പോൾ



മൂന്നാം വയസ്സിൽ



16-ാം വയസ്സിൽ അരിസ്റ്റോട്ടിലിന്റെ കൃതി വായിക്കുന്നു



പതിന്നാല് വയസ്സുവരെ ഞാൻ താമസിച്ചിരുന്ന വഞ്ചിയൂരെ വീട്



പത്മനാഭസ്വാമിക്ഷേത്രം



ഞാൻ പഠിച്ച സ്കൂൾ - ഗവ. മോഡൽ ഹൈസ്കൂൾ, തൈക്കാട്



തക്കലയിലെ പീർ മുഹമ്മദ് സാഹിബിന്റെ ശവകുടീരം



സുനന്ദയും
ഞാനും, വിവാഹ
ത്തിനു തൊട്ടുമുമ്പ്



കുടുംബാംഗങ്ങളോടൊപ്പം തുംഗനാഥിൽ,
ഇടത്തുനിന്ന് റോഷൻ, എം, സുനന്ദ, അയിഷ



സുനന്ദയ്ക്കും അവരുടെ മാതാപിതാക്കൾ, സഹോദരങ്ങൾ,
ഞങ്ങളുടെ മക്കൾ എന്നിവർക്കൊപ്പം




ബദരീനാഥക്ഷേത്രം



കേദാർനാഥക്ഷേത്രം




ശ്രീഗോപാലസ്വാമി



ശ്രീ കാലടി മസ്താൻ



പൂന്തുറസ്വാമി




ശ്രീനാരായണഗുരു



സ്വാമി അഭേദാനന്ദ



ശ്രീ ഷിർദ്ദി സായിബാബ



ശ്രീ ചട്ടമ്പിസ്വാമി



ഗണേഷ്പുരിയിലെ നിത്യാനന്ദ അവധൂത. ചെറുപ്രായത്തിൽ




കന്യാകുമാരിയിലെ മായിമാ



ശ്രീരാമകൃഷ്ണ പരമഹംസർ



സ്വാമി വിവേകാനന്ദൻ




രമണമഹർഷി തന്റെ
സുഹൃത്തിനൊപ്പം




ശ്രീ ഗുരുബാബാജിയുടെ
മഹാനായ യോഗിശിഷ്യൻ
ശ്രീ ശ്യാംചരൺ ലാഹിരി



ശ്രീരാമകൃഷ്ണമഠത്തിലെ മുതിർന്ന
സന്ന്യാസിയായ സ്വാമി തപസ്യാനന്ദ



അൽമോറയിലെ നീംകരോലി ബാബ



ശ്രീ ജിദ്ദു കൃഷ്ണമൂർത്തി



ഋഷികേശിലെ ഡിവൈൻ ലൈഫ്
സൊസൈറ്റിയിലെ സ്വാമി ചിദാനന്ദ




നയനാസ്വാമി



പുരുഷോത്തമാനന്ദ സ്വാമി



മഞ്ഞുമൂടിയ കേദാർനിരകൾ



ഋഷികേശിൽ അർദ്ധ മത്സ്യേന്ദ്രിയാസനത്തിൽ



ഗംഗാനദി, ഋഷികേശിൽ



വസിഷ്ഠ ഗുഹയുടെ സമീപത്തുള്ള അരുന്ധതി ഗുഹ



മരുത്വാമലയിലെ ഗുഹ



ഗംഗാനദി ചീഡ്ബാസയിൽ




ബദരീനാഥക്ഷേത്രത്തിനു പിന്നിലെ ചരൺപാദുകയിൽ



ഗംഗാനദിയുടെ ഉത്ഭവസ്ഥാനമായ ഗോമുഖ്



മായിമാ വസിച്ചിരുന്ന കന്യാകുമാരിയിലെ കടൽത്തീരം



ശ്രീ മഹേശ്വർനാഥിന്റെ ഗുരു. ശ്രീ ഗുരുബാബാജി



റായൽപദിലെ നീൽബാഗ്സ്കൂൾ



തിരുവനന്തപുരത്ത് ഒന്നിച്ചു പഠിച്ച സുഹൃത്തുക്കൾക്കൊപ്പം (ഇടത്തുനിന്നും
രഞ്ജിത്ത്, സദാശിവൻ, ഡോ. നാരായണ പ്രസാദ്



ആദ്യകാല പരിചിതരിൽ
ഒരാൾ, ദൽഹിയിൽ
നിന്നുള്ള വിവേക് മഹേന്ദു



പ്രിയ സുഹൃത്തുക്കൾ ശ്രീ രാമസ്വാമി പിള്ളയും
ന്യൂറോളജിസ്റ്റ് ഡോ. മാർത്താണ്ഡം പിള്ളയും




ഹാൻസ് കേലിക്ഹൗസുമൊത്ത് ജർമ്മനിയിലെ ഐനിൽ



സുഹൃത്ത് ജെറിജോൺസിനൊപ്പം അമേരിക്കയിലെ പോർട്ട്ലാന്റിൽ



സുഹൃത്തുക്കളായ ന്യൂറോളജിസ്റ്റ് ഡോ. വി. എസ്. രാമചന്ദ്രൻ, സീതാറാം നായിഡു എന്നിവരുടെകൂടെ





ബാംഗ്ലൂരിലെ ഭാരതീയ വിദ്യാഭവനിൽ നടന്ന പ്രഭാഷണം

അമേരിക്കയിലെ പോർട്ട്ലാന്റിൽ നടന്ന പ്രഭാഷണം



ഐക്യരാഷ്ട്രസംഘടനയുടെ മതനേതാക്കളുടെ യോഗത്തിൽ സിറിയൻ കത്തോലിക്ക ബിഷപ്പ് ജോസഫ് മാർത്തോമ്മക്കൊപ്പം, ന്യൂയോർക്ക്, 2000



അതേ സമ്മേളനത്തിൽ ബ്രഹ്മകുമാരീസ് അധ്യക്ഷയോടൊപ്പം



രാഷ്ട്രപതിയായിരുന്ന ഡോ. എ. പി. ജെ. അബ്ദുൾകലാമിന്റെ പീഷൽ ഗ്രോവ് സന്ദർശനത്തിനിടെ, ജസ്റ്റിസ് വെങ്കിടചെല്ലയ്യക്കും ഡോ. അജയകുമാർ സിങ്ങിനുമൊപ്പം ഞാനും സുനന്ദയും



സത്സംഗ് വിദ്യാലയത്തിന്റെ ആരംഭകാലത്ത് വിദ്യാർത്ഥികൾക്കൊപ്പം



എന്റെ ഗുരുനാഥൻ, ശ്രീ മഹേശ്വർനാഥ് ബാബാജി



കൈലാസയാത്രയിലെ കൈലാസ പരിക്രമണത്തിന്റെ ആരംഭസ്ഥാനമായ യമദ്വാറിൽ



പീഷൽ ഗ്രോവ് സ്കൂളിലെ തടാകത്തിനടുത്ത്



പീഷൽ ഗ്രോവ് സ്കൂളിൽവച്ചു നടന്ന സാധനാ ശിബിരം (ഇടത്തുനിന്ന് അജയ്, കൈസർ, ഗീത, രാധിക, ശോഭ, അഞ്ജലി, അഭിജിത്ത്, ശ്രീധർ)



സുഹൃത്തുക്കൾക്കൊപ്പം വസതിയിൽ (ഇടത്തുനിന്നും ഡോ. വിജയൻ നാരായണ റഡ്ഡി, ശോഭ റെഡ്ഡി, പ്രഭ റെഡ്ഡി)



സത്സംഗ് വിദ്യാലയത്തിലെ പ്രധാനാധ്യാപികയ്ക്കും വിദ്യാർത്ഥികൾക്കും ഒപ്പം



മദനപ്പള്ളിയിലെ വസതിയിലുള്ള ധ്യാനമണ്ഡപം



ബ്രിഗ്. നാരായൺ, ഡോ. അജയ കുമാർ സിങ് ഐ. പി. എസ്, ശ്രീ അച്യുത് റാവു ഐ. പി. എസ്. എന്നീ സുഹൃത്തുക്കൾക്കൊപ്പം




മദനപ്പള്ളി സത്സംഗ വിദ്യാലയത്തി
സുഹൃത്തുക്കളായ അനിത റെഡ്ഡ
ജയശ്രീ, അച്യുത് റാവു, ഭൂഷണ്
ഉമ നാരായൺ എന്നിവർക്കൊപ



സുഹൃത്തുക്കളായ കാത്യായനി രത്തൻ, ദീപക് രത്തൻ എന്നിവർക്കൊപ്പം



ഹൃദയകമലത്തിലെ രത്നത്തിന്റെ സ്പാനിഷ് പതിപ്പ് പ്രസിദ്ധീകരിക്കുന്ന വേളയിൽ ഫെഡറിക്കോ ഗ്രാൻഡിക്കൊപ്പം, അർജന്റീനയിലെ ബ്യൂണസ് ഐറിസിൽ.



അമേരിക്കയിലേക്കുള്ള ആദ്യ സന്ദർശനത്തിനിടെ ഗ്രാന്റ്കന്യോണിൽ



ജർമ്മനിയിൽവച്ച് ഒരു സുഹൃത്തിനുവേണ്ടി ചിത്രം വരയ്ക്കുന്നു



ജർമ്മനിയിലെ ഫ്രീബർഗ് കത്തിഡ്രലിനു സമീപം



കൈലാസയാത്ര : ഹോർച്ചു വിലെ കർഗ്യപേ എന്ന ബൗദ്ധവിഹാരത്തിൽ

അമൃത്സറിലെ സുവർണ്ണക്ഷേത്രം






പവിത്രകൈലാസം

ബാബാജി ഒരു സിക്കുകാരന്റെ വേഷത്തിൽ പ്രത്യക്ഷപ്പെട്ട മുംബൈയിലെ താജ്മഹൽ ഹോട്ടൽ





കൈലാസയാത്രയ്ക്കിടെ ഗുരുപൂർണിമാദിനത്തിൽ പര്യാങ്ങൽ



ഭാഗീരഥീനിരകൾ




ഗംഗാനദി ഗംഗോത്രിയിലെ സൂര്യകുണ്ഡിൽ



ബദരിനാഥിനുമപ്പുറം മാനയിലെ വ്യാസഗുഹയിൽവച്ചു നടന്ന സത്സംഗം
(ഇടത്തേ അറ്റത്ത് പ്രദീപ്, വലത്തേ അറ്റത്ത് വിരാജ്, ബാലാജി)



തിരുവനന്തപുരത്തുവച്ചു നടന്ന പ്രഭാഷണത്തിനിടെ തിരുവിതാംകൂർ മഹാരാജാവ് ശ്രീ മാർത്താണ്ഡവർമ്മയ്ക്കൊപ്പം



ഡോ. കരൺസിങ്ങിനൊപ്പം അദ്ദേഹത്തിന്റെ ഭവനത്തിൽ



ശ്രീ കൃഷ്ണദാസ്ജിക്കൊപ്പം



2010ലെ പൂർണ്ണകുംഭമേളയുടെ സമയത്ത് സാധുസംഘത്തിനൊപ്പം ഹരിദ്വാറിൽ

മുപ്പത്തിനാല്

തിരുവനന്തപുരത്തേക്കുള്ള മടക്കയാത്ര

ബാബാജിയെ കണ്ടുമുട്ടിയിട്ട് വർഷം മൂന്നു കഴിഞ്ഞു. അദ്ദേഹത്തോടൊപ്പമുള്ള അത്ഭുതകരമായ ജീവിതം അവസാനിക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല. ഞാൻ ഹിമാലയത്തെ സ്നേഹിച്ചു, ബാബാജിയെ സ്നേഹിച്ചു. പൂർണ്ണസ്വാതന്ത്ര്യത്തോടെ ഒന്നും കൂടെ കൊണ്ടുപോകാതെ ചുറ്റി സഞ്ചരിക്കുന്ന ജീവിതത്തെ സ്നേഹിച്ചു. സംസ്കാരസമ്പന്നർ എന്ന് അവകാശപ്പെടുന്ന ദുരാഗ്രഹികളുടെയും സ്വാർത്ഥമതികളുടെയും സങ്കീർണ്ണവും ക്ലേശഭരിതവുമായ ജീവിതത്തിൽനിന്ന് അകന്നു കഴിഞ്ഞത് ഭാഗ്യം തന്നെയായിരുന്നു. ബാബാജി എനിക്ക് ഈശ്വരൻതന്നെയായിരുന്നു. അദ്ദേഹത്തിന്റെകൂടെയുള്ള മാസ്മരികമായ പർവ്വതവാസവും നദികളുമായുള്ള അടുപ്പവും എനിക്ക് സ്വർഗ്ഗതുല്യമായിരുന്നു. ഈ ജീവിതസൗഭാഗ്യം എന്നെങ്കിലും ഇല്ലാതാകും എന്ന ചിന്ത ഒരിക്കൽപോലും എന്റെ മനസ്സിലേക്കു കടന്നുവന്നിട്ടില്ല. പക്ഷേ, ബാബാജിയാകട്ടെ എന്റെ സ്വപ്നങ്ങൾ തകർക്കുന്ന രീതിയിൽ ചില കാര്യങ്ങൾ ചെയ്തു. പക്ഷേ, അന്നത്തെ പ്രഭാതത്തിൽ അദ്ദേഹത്തിൽനിന്നും തികച്ചും അപ്രതീക്ഷിതമായതും മനസ്സിനെ നൊമ്പരപ്പെടുത്തുന്നതുമായ അനുഭവമാണ് ഉണ്ടായത്. രാവിലെ ധ്യാനത്തിനുശേഷം അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിക്കുന്നതിന് സമീപത്തു ചെന്നപ്പോൾ അദ്ദേഹത്തിന്റെ മുഖഭാവം ഗൗരവം കലർന്നതായിരുന്നു. അദ്ദേഹം പറഞ്ഞു "മധു, ഞാൻ ഒരു കാര്യം ശ്രദ്ധിക്കുന്നുണ്ട്. പലകാര്യങ്ങളിലും നീ മാനസികമായി എന്നെ ആശ്രയിക്കുന്നു. ആദ്ധ്യാത്മിക ബോധനത്തിന്റെ പ്രാധാന ലക്ഷ്യം ഒരു വ്യക്തിയെ സ്വതന്ത്രമായി ജീവിക്കാൻ പഠിപ്പിക്കുക എന്നതാണ്. സ്വന്തം സ്വാതന്ത്ര്യമാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. പരിമിതമായ ആത്മബോധത്തിന്റെ കൂടുപൊളിച്ച് പുറത്തേക്കു വരുന്ന യോഗിയുടെ ബോധം കൂട്ടിൽനിന്ന് സ്വതന്ത്രമായിക്കഴിഞ്ഞിരിക്കുകയാണ് പിന്നീട് ആ വ്യക്തിക്ക് ഒരു ഊന്നുവടിയുടെ ആവശ്യമില്ല. അയാൾക്ക് ഒരു ഗുരുവിനെപ്പോലും വേണ്ടിവരില്ല."

പെട്ടെന്ന് മനസ്സിനേറ്റ ആഘാതത്തെ തുടർന്ന് ഉണ്ടായ ക്രോധം എന്നെ അദ്ഭുതപ്പെടുത്തി. മനസ്സിൽ അലയടിച്ച ക്രോധം ഉടനേ വാക്കുകളിലൂടെ ബഹിർഗമിച്ചു: "ഞാൻ എന്തു ചെയ്യണമെന്നാണ് അങ്ങ് പറയുന്നത്? " ഞാൻ അദ്ദേഹത്തിന്റെ നേത്രങ്ങളിലേക്ക് ഉറ്റു നോക്കിക്കൊണ്ടാണ് ചോദിച്ചത്. ഞാൻ തുടർന്നു: "ഞാൻ എല്ലാം വേണ്ടെന്നു വച്ച് ഇറങ്ങിത്തിരിച്ചവനാണ്. എല്ലാ ബന്ധങ്ങളെയും ഉപേക്ഷിച്ചു. അമ്മയെപ്പോലും മറന്നു. എന്റെ ഏക അവലംബം അങ്ങു മാത്രമാണ്. ഇപ്പോൾ അങ്ങനെ അല്ല എന്നു തോന്നുന്നു.

അങ്ങ് എന്നിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നതെന്ന് ദയവായി പറയൂ. ഞാൻ അത് ചെയ്യാം."

"നീ ഇവിടെനിന്നും പോകണം." ഒരു നിമിഷത്തെ മൗനത്തിനുശേഷം അദ്ദേഹം പറഞ്ഞു: "നീ ഇവിടെനിന്നും പോകുകയും സ്വതന്ത്രമായി ജീവിക്കുകയും വേണം. ഇനിയുള്ള ജീവിതം അങ്ങനെയാകട്ടെ." അതുകേട്ട് ഞാൻ കരഞ്ഞില്ല, പരാതിപ്പെട്ടില്ല, ഒഴികഴിവു പറയാൻ ഒരുങ്ങിയുമില്ല. ഞാൻ അദ്ദേഹത്തോട് ദൃഢസ്വരത്തിൽ പറഞ്ഞു: "ശരി ബാബാജി, അങ്ങയുടെ ആഗ്രഹം ഈ നിമിഷം നിവർത്തിക്കാം." എന്നു പറഞ്ഞുകൊണ്ട് ക്രോധാവേഗത്തോടെ വസ്ത്രവും സഞ്ചിയും കമ്പിളിപ്പുതപ്പും വടിയും ജലപാത്രവും എടുത്ത് പുറത്തേക്ക് ഇറങ്ങി. അതിനുമുമ്പ് അദ്ദേഹത്തിന്റെ പാദങ്ങൾ വന്ദിച്ചു. അദ്ദേഹം നിശ്ശബ്ദമായി കരങ്ങൾ ശിരസ്സിൽ വച്ചുകൊണ്ട് എന്നെ നോക്കി നിന്നു. ഞാൻ കാഴ്ചയിൽനിന്നും മറയുന്നതുവരെ അദ്ദേഹം അതേ നില്പിൽ നിന്നു.

ഗംഗയുടെ തീരത്തു പോയിരുന്ന് ഞാൻ ഉറക്കെ കരഞ്ഞു. പൊട്ടിച്ചിതറാൻ പോകുന്നതുപോലെ എന്റെ ശരീരമാകെ കുലുങ്ങി. കുടുകുടെ ഒഴുകിയ കണ്ണുനീർധാര ക്രോധഭയങ്ങളെ കഴുകിക്കളഞ്ഞു. മഹാനായ മഹേശ്വർനാഥിന്റെയും ശ്രീഗുരു ബാബാജിയുടെയും ശിഷ്യനായ യോഗിക്കു യോജിച്ച ആത്മസംയമനം ഞാൻ സ്വായത്തമാക്കി. ഞാൻ ഉത്തരകാശിയെ ലക്ഷ്യമാക്കി യാത്രയായി.

ഞാൻ ടെഹറിയിലേക്കു പോകുന്ന റോഡിലൂടെ ഒരു മണിക്കൂറിലധികം നടന്നു കഴിഞ്ഞപ്പോൾ മഴ പെയ്യാൻ തുടങ്ങി. നനഞ്ഞുകൊണ്ട് നടന്ന ഞാൻ മഴയിൽ കുതിർന്നു. കുറച്ചു കഴിഞ്ഞ് മഴ തോർന്നു. സൂര്യൻ ആകാശത്ത് പ്രകടമായി. ഞാൻ സ്വയം പറഞ്ഞു: "ഇതാണ് അലഞ്ഞു നടക്കുന്ന യോഗിയുടെ യഥാർത്ഥ ജീവിതം. മഴ ശരീരത്തെ കുതിർത്തു. സൂര്യൻ ശരീരത്തിനു ചൂടു പകർന്നു. യോഗി ആഹാരം യാചിച്ചു വാങ്ങി കഴിക്കും. ഇടം കിട്ടുന്നിടത്ത് കിടന്നുറങ്ങും." അന്നേരം എന്റെ ഹൃദയത്തിൽ അത്യപൂർവ്വമായ ഒരാനന്ദം അലതല്ലി. ആനന്ദത്തിൽ സ്വാതന്ത്ര്യത്തിന്റെ മാധുര്യം കലർന്നിരുന്നു.

ചന്ദ്രഭാഗയുടെ തീരത്തിൽ മയിലുകൾ ആനന്ദനൃത്തം ചെയ്യുന്നത് ഞാൻ കണ്ടു. മയിലുകളുടെ ആനന്ദാതിരേകം എന്റെ ഉള്ളിലേക്കു കടന്നു. ഞാനും ആ മയിലുകളിൽ ഒന്നായി മാറി സ്വാതന്ത്ര്യത്തിന്റെ അമൃതം നുകർന്നുകൊണ്ടു നൃത്തമാടി. മയിലുകളും ഞാനും രണ്ടെന്നുള്ള അവസ്ഥ കൈവിട്ട് ഒന്നായി മാറി. അന്നേരം കാലൊച്ച കേട്ടു. ഞാൻ മനസ്സിന്റെ പൂർവ്വനില കൈവരിച്ചു. ആരോ എന്റെ പിന്നിലൂടെ നടക്കുന്ന ശബ്ദം തിരിഞ്ഞു നോക്കാനുള്ള പ്രലോഭനത്തെ തടഞ്ഞുകൊണ്ട് മുന്നോട്ടു നോക്കി ശിരസ്സുയർത്തിക്കൊണ്ട് ഞാൻ നടന്നു. ആ സമയത്ത് എന്റെ തോളിലേറ്റ മൃദുല കരസ്പർശം അത്യന്തം സുപരിചിതമായിരുന്നു. ഞാൻ എന്നോടു പറഞ്ഞു: "ഇത് അതാകാൻ ഇടയില്ല." അപ്പോൾ സ്നേഹമസൃണമായ സ്വരം മുഴങ്ങിക്കേട്ടു: "മധു!"

ഞാൻ തിരിഞ്ഞു നോക്കിയപ്പോൾ ബാബാജി മുമ്പിൽ നില്ക്കുന്നു. അദ്ദേഹം സ്നേഹപൂർവ്വം എന്നെ നോക്കിക്കൊണ്ടു നില്ക്കുന്നു. ഞാൻ കണ്ണീരു തടഞ്ഞ് ഗൗരവം പൂണ്ടു. ബാബാജി ചോദിച്ചു:

"അപ്പോൾ നീ പോവുകയാണ്, അല്ലേ."

" അതെ ബാബാജി, ഞാൻ പോവുകയാണ്. എന്നോട് പൊയ്ക്കൊള്ളാൻ അങ്ങല്ലേ പറഞ്ഞത്."

"ഞാൻ പോകാൻ പറഞ്ഞു. നീ പോയി അല്ലേ? ഞാൻ മടങ്ങി വരാൻ പറഞ്ഞാൻ നീ മടങ്ങിവരുമോ?"

'ഇല്ല' എന്നു പറയാൻ മനസ്സിന്റെ ഒരു ഭാഗം നിർദ്ദേശിച്ചു. പെട്ടെന്ന് മന സ്സിന്റെ മറ്റെ ഭാഗത്തുനിന്നും പ്രബലമായ മറ്റൊരു നിർദ്ദേശമാണുണ്ടായത്. ഞാൻ പറഞ്ഞു:

"ഞാൻ തീർച്ചയായും മടങ്ങിവരും."

"എങ്കിൽ വരൂ." ബാബാജി പറഞ്ഞു: "നമുക്ക് മടങ്ങിപ്പോകാം. ഞാൻ നിന്നെ പരീക്ഷിക്കുകയായിരുന്നു. വരൂ. പോകാം."

ഞാൻ ശാന്തനായി അദ്ദേഹത്തിന്റെ പിന്നാലെ ഋഷികേശിലേക്കു പോയി. ഞങ്ങൾ മെല്ലെ നടക്കുകയായിരുന്നു. എന്റെ ഹൃദയത്തിലൂടെ സ്നേഹവും നന്ദിയും കവിഞ്ഞൊഴുകുകയായിരുന്നു.

ആറുമാസം കഴിഞ്ഞു. കാര്യങ്ങളൊക്കെ ഭംഗിയായി നടക്കുന്നുവെന്ന ചിന്ത മനസ്സിൽ കൊണ്ടുനടന്നു. ഞാൻ എന്നും ഹിമാലയാന്തരീക്ഷത്തിൽ കഴിയും എന്നു ചിന്തിച്ചുറച്ചു കഴിയുന്നതിനിടയിലാണ് ഒരു ദിവസം എന്റെ ആത്മ സംതൃപ്തിക്ക് ഉലച്ചിൽ സംഭവിച്ചത്. അതിനു ഹേതു ബാബാജി ആയിരുന്നു.

ഒരു ദിവസം ധൂനിക്കു സമീപം ഇരിക്കുകയായിരുന്ന അദ്ദേഹത്തിന്റെ പ്രസ്താവന എന്നെ നടുക്കി. അദ്ദേഹം പറഞ്ഞു: "മധു, നീ പഠിക്കേണ്ടതെല്ലാം പഠിച്ചുകഴിഞ്ഞു. നിന്റെ ഹൃദയപത്മം വിരിഞ്ഞു കഴിഞ്ഞു. നാട്ടിലേക്കു പോകാ നുള്ള സമയമായി, ഇനി ബാഹ്യലോകത്തിലേക്കു പോകണം. എന്നോടു വിട പറഞ്ഞിട്ട് കുടുംബത്തിൽ ചെന്നു ചേരണം."

ഞാൻ എന്റെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ബാബാജിയോടു പറഞ്ഞു: "ബാബാജി എന്നെ പറയാൻ അനുവദിക്കൂ. അങ്ങ് എങ്ങോട്ടാണ് എന്നെ അയയ്ക്കുന്നത്? കള്ളവും ചതിയും നിറഞ്ഞ ലോകത്തിലേക്കാണ് എന്നെ അങ്ങു പറഞ്ഞുവിടുന്നത്. അവിടെ സ്വാർത്ഥതയും മോഹവും കൊടികുത്തി വാഴുന്നു. ഈ നിർമ്മലമായ ദിവ്യഭൂമിയിൽ എന്നെ കഴിയാൻ അനുവദിക്കൂ. ഇവിടെ ഞാൻ ഒരു അല്ലലും അറിയാതെ സുഖമായി കഴിയുന്നു. ഞാൻ അങ്ങയെ എപ്പോഴും ശല്യപ്പെടുത്തുകയില്ലെന്ന് വാക്കു തരുന്നു. ഞാൻ ഇവിടെനിന്നും മറ്റൊരിടത്തേക്ക് മാറിത്താമസിക്കാം. അങ്ങ് വിളിക്കുമ്പോൾ മാത്രം ഞാൻ ഇങ്ങോട്ടു വരാം." ഇത്രയും പറഞ്ഞുകഴിഞ്ഞപ്പോൾ മനോനിയന്ത്രണം കൈവിട്ട ഞാൻ നിർലജ്ജം വിങ്ങിപ്പൊട്ടി കരഞ്ഞുപോയി.

ബാബാജി എനിക്ക് സാന്ത്വനം പകർന്നുകൊണ്ട് പറഞ്ഞു: "സ്വയം നിയ ന്ത്രിക്കൂ. ഞാൻ അപൂർവ്വമായിട്ടേ ശിഷ്യന്മാരെ സ്വീകരിക്കുകയുള്ളൂവെന്ന് നിനക്കറിയാമല്ലോ. ഗുരുവിന്റെ ആജ്ഞയനുസരിച്ചാണ് ഞാൻ നിന്നെ ശിഷ്യനായി സ്വീകരിച്ചത്. ഞാൻ നിന്നെ സ്നേഹിക്കുകയും സംരക്ഷിക്കു കയും ചെയ്യും. എന്നാൽ എന്റെ ഗുരുവിന്റെ ആജ്ഞയ്ക്ക് എതിരായി എനിക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. മൂന്നരവർഷത്തെ പരിശീലനം പൂർത്തിയായി ക്കഴിഞ്ഞാൽ ഉടനെ നിന്നെ നാട്ടിലേക്ക് പറഞ്ഞയയ്ക്കണമെന്ന് ആജ്ഞാപി

ച്ചിരുന്നു. മറ്റുള്ളവർക്ക് ബോധനം നല്കാനുള്ള ദൗത്യമാണ് നിനക്ക് നിർവ്വഹിക്കാനുള്ളത്.

"മറ്റൊരു കാര്യം. നിനക്ക് ഇത്രത്തോളം സ്വാർത്ഥനും ഇടുങ്ങിയ ചിന്താഗതിക്കാരനുമാകാൻ എങ്ങനെ കഴിയുന്നു? സംസ്കാരസമ്പന്നനെന്ന് അവകാശപ്പെടുന്ന നീ ലോകത്തിലെ ദുഃഖങ്ങളെയും യാതനകളെയും ഭയക്കുന്നു. ലോകത്തിൽ ആത്മാർത്ഥതയുള്ള കുറെ നല്ല ആളുകൾ ഉണ്ട്. നീ ആർജ്ജിച്ച അറിവ് അവർക്ക് പ്രയോജനകരമാകും. ചിലർ തങ്ങൾ സമർത്ഥന്മാരാണ് എന്ന മിഥ്യാബോധത്തിന് അടിപ്പെട്ട്, ജ്ഞാനികളാണെന്ന് അഹങ്കരിച്ചുകൊണ്ട് മറ്റുള്ളവരെ തരം താഴ്ത്തിക്കാണുന്നു. ഇങ്ങനെ തരം താണവർ എന്നു കരുതപ്പെടുന്നവർക്കു ശരിയായ ജ്ഞാനം പകർന്നുകൊണ്ട് ഉയർന്ന ബോധതലത്തിലേക്ക് അവരെ നയിക്കേണ്ടതുണ്ട്.

"സമൂഹത്തിലെ ഇത്തരം ആൾക്കാരെ രോഗികളായിട്ടാണ് കാണുന്നതെങ്കിൽ അവരെ ചികിത്സിക്കുന്നതിന് ഒരു ഡോക്ടർ വേണം. അതുകൊണ്ട് കരുണ കാണിക്കുക. മാനവരാശിയുടെ ദുഃഖങ്ങൾ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങളിൽ വ്യാപൃതനാകുക. മഹാനായ ബോധിസത്വന്റെ പ്രതിജ്ഞ ഇപ്രകാരമായിരുന്നു. 'ഈ ലോകത്തിലെ എല്ലാ ജീവികളും നിർവ്വാണം പ്രാപിക്കുന്നതുവരെ ഞാൻ വീണ്ടും വീണ്ടും ജന്മമെടുത്തുകൊണ്ടിരിക്കും.' എത്ര ഉദാത്തമായ ആദർശമായിരുന്നു അത്. കുഞ്ഞേ ഇതെപ്പറ്റി നിന്റെ അഭിപ്രായം എന്താണ്?"

അപ്പോഴേക്ക് എന്തു പറയണമെന്ന് ഞാൻ മനസ്സിൽ ഉറച്ചു കഴിഞ്ഞിരുന്നു. ഞാൻ പറഞ്ഞു: "നാട്ടിലേക്കു മടങ്ങുന്നത് അത്ര ഇഷ്ടത്തോടെ ആയിരിക്കുകയില്ല. എന്നാൽ അങ്ങയുടെയും ശ്രീഗുരുബാബായുടെയും ഇഷ്ടം നിറവേറ്റപ്പെടും."

"നല്ല കുട്ടി." എന്നു പറഞ്ഞിട്ട് ബാബാജി തുടർന്നു: "നിന്റെ വൈകാരികമായ പ്രതികരണം പ്രതീക്ഷിച്ചതായിരുന്നു. ഒരു കണക്കിന് അത് ശരിയുമാണ്. നിനക്ക് ഇപ്പോൾ എല്ലാം നിർവ്വഹിക്കാനുള്ള കഴിവുണ്ട്."

"ബാബാജി! എനിക്ക് ഒന്നു ചോദിക്കാനുണ്ട്. അങ്ങ് പറയുന്നതിന്റെ അർത്ഥം എനിക്ക് അങ്ങയെ ഒരിക്കലും കാണാൻ കഴിയുകയില്ല എന്നാണോ അതോ.... "

"ഒരിക്കലും അങ്ങനെ വിചാരിക്കരുത്. തീർച്ചയായും കാണും. കാണേണ്ടത് അത്യാവശ്യമാണെന്നു തോന്നുമ്പോൾ തീർച്ചയായും കാണും. തമ്മിൽ കാണുന്നത് ചിലപ്പോൾ സ്വപ്നത്തിലായിരിക്കും, ചിലപ്പോൾ ധ്യാനത്തിലായിരിക്കും. എവിടെവച്ച് എപ്പോൾ കാണണമെന്ന സൂചനയും നല്കും.

"വിവിധ മതങ്ങളുടെ സന്ദേശങ്ങൾ കഴിയുന്നിടത്തോളം ഉൾക്കൊള്ളാൻ ശ്രമിക്കണം. നിലവിലുള്ള ആശ്രമങ്ങളിൽ കഴിയുകയും വേണം. പ്രസിദ്ധിയാർജ്ജിച്ചവരും അല്ലാത്തവരും ആയ ഗുരുക്കന്മാരുമായി സമ്പർക്കം പുലർത്തണം. എവിടെ വേണമെന്നും ആരെ വേണമെന്നും നിനക്ക് തീരുമാനിക്കാവുന്നതാണ്. എന്നിരുന്നാലും ഒരു സ്ഥലത്തിന്റെയും ഒരു വ്യക്തിയുടെയും പേര് പറയാം. കുറച്ചു സമയമെങ്കിലും ചെലവഴിക്കേണ്ടത് രാമകൃഷ്ണമിഷനും

കാലത്തിന്റെ അവസാനത്തോടടുക്കുമ്പോൾ കാണേണ്ട വ്യക്തി ജെ. കൃഷ്ണമൂർത്തിയും ആയിരിക്കണം.

"നാട്ടിലേക്കു മടങ്ങിച്ചെന്നു കഴിഞ്ഞാൽ സാധാരണ വേഷമാണ് ധരിക്കേണ്ടത്. ജീവിക്കുന്നത് സാധാരണക്കാരെപ്പോലെ ആയിരിക്കണം. പ്രത്യേകിച്ച് കഴിവുകൾ ഉള്ളതായോ, സവിശേഷമായ അറിവുകൾ ഉണ്ടെന്നോ ഭാവിക്കാതിരിക്കുക. എല്ലാം രഹസ്യമായി വയ്ക്കുക. നിനക്ക് സവിശേഷമായ കഴിവുകൾ ഉണ്ടെന്ന് ആരെങ്കിലും മനസ്സിലാക്കുകയാണെങ്കിൽ അവരോട് അക്കാര്യം രഹസ്യമായി വയ്ക്കാനും പരസ്യപ്പെടുത്താതിരിക്കാനും പറയണം.

"കുറെ വർഷത്തേക്ക് മറ്റുള്ളവരെ പഠിപ്പിക്കുകയോ ഉപദേശിക്കുകയോ വേണ്ടാ. അതിനുള്ള അനുമതി കിട്ടിയിട്ട് തുടങ്ങിയാൽ മതി. അത് എപ്പോഴായിരിക്കും എന്ന് സ്വയം മനസ്സിലായിക്കൊള്ളും. അതിനുശേഷം പഠിപ്പിക്കുന്നതിനുള്ള ഘട്ടം വരും. അപ്പോഴും ശാന്തമായി പ്രവർത്തനം തുടരുക. ഉപദേശം തേടി ഗൗരവത്തോടെ സമീപിക്കുന്നവർക്കു മാത്രം ഉപദേശം നല്കിയാൽ മതി. അതിനുവേണ്ടിയുള്ള പ്രചരണം നടത്തുകയോ, ആളുകളെ കൂട്ടാൻ ശ്രമം നടത്തുകയോ ചെയ്യരുത്. ആയിരക്കണക്കിനു വിത്തുകൾ തരിശുഭൂമിയിൽ പാഴാക്കിക്കളയുന്നതിനെക്കാൾ നല്ലത് ഏതാനും നല്ല വിത്തുകൾ നല്ല മണ്ണിൽ വിതയ്ക്കുന്നതാണ്."

"ബാബാജി! എനിക്ക് ഗുരുതരമായ ഒരു പ്രശ്നം നേരിടേണ്ടിവരും. എനിക്കുവേണ്ടി എന്റെ അച്ഛനമ്മാർ ഒരു പെൺകുട്ടിയെ കണ്ടുപിടിച്ചേക്കും. അപ്പോൾ ഞാൻ എന്താണ് ചെയ്യേണ്ടത്?"

"അതെപ്പറ്റിയോർത്ത് വ്യാകുലപ്പെടാതിരിക്കൂ. ഞാനും അതെപ്പറ്റി പറയാൻ പോകുകയായിരുന്നു. നീ കല്യാണം കഴിച്ച് കുട്ടികളും കുടുംബവുമായി കഴിയണമെന്നാണ് ശ്രീഗുരുവും ആഗ്രഹിക്കുന്നത്. കുടുംബനാഥൻ എന്ന നിലയ്ക്ക് നീ മറ്റുള്ളവർക്ക് ഒരു മാതൃകയായിത്തീരുക. ബോധത്തിന്റെ ഉയർന്ന മണ്ഡലങ്ങളിൽ വ്യാപരിക്കുന്നതിന് ഒരു സന്ന്യാസിക്കേ കഴിയൂ എന്ന് ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നു. ഇതിന് യാതൊരു അടിസ്ഥാനവുമില്ല. വർഷങ്ങൾക്കു മുമ്പ് ശ്യാം ചരൺ ലാഹിരി വിവാഹിതനായി. നീയും അദ്ദേഹത്തിന്റെ മാർഗ്ഗം പിന്തുടരണം. നീ വിവാഹം കഴിക്കുന്ന പെൺകുട്ടിക്ക് നിന്റെ മനസ്സിനെ പാകപ്പെടുത്തുന്നതിൽ ഒരു വലിയ പങ്കു വഹിക്കാൻ കഴിയും. നീ ജെ. കൃഷ്ണമൂർത്തിയുമായി ബന്ധപ്പെട്ടതിനുശേഷമായിരിക്കും ഒരു പെൺകുട്ടി നിന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നത്."

ഞാൻ പല വിഷയങ്ങളും ബാബാജിയുമായി വിശദമായി ചർച്ച ചെയ്തു. പിറ്റേന്ന് ഋഷികേശിൽനിന്നും യാത്ര തിരിച്ചു. ബാബാജി എനിക്ക് കുറച്ചു പണം തന്നു. ഡൽഹിയിലെ ഒരു ശ്രീ അഗർവാളിന്റെ മേൽവിലാസവും തന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: "ഡൽഹിയിൽ എത്തിയിട്ട് ശ്രീ അഗർവാളിനെ കാണണം. നിനക്ക് *താലബ്യക്രിയ* പറഞ്ഞുതരും. എന്നിട്ട് തിരുവനന്തപുരത്തേക്ക് പോകാം. ശ്രീ. അഗർവാൾ തിരുവനന്തപുരത്തേക്ക് പോകാനുള്ള ടിക്കറ്റും കുറച്ചു പണവുംകൂടി തരും." ബാബാജി ആദ്യമായി എന്നെ ഗാഢം പുണർന്നു. ഞാൻ നിറകണ്ണുകളോടെ വിട പറഞ്ഞു.

ഡൽഹിയിൽ റയിൽവേ സ്റ്റേഷനിലെ എക്സിറ്റ് ഗേറ്റിൽ ശ്രീ അഗർവാൾ എന്നെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. "നിങ്ങൾ വരുന്ന കാര്യം ബാബാജി എഴുതിയിരുന്നു." അദ്ദേഹം ഗ്രേറ്റർ കൈലാസിലെ സ്വന്തം ഭവനത്തിലേക്ക് കാറിൽ കൂട്ടിക്കൊണ്ടുപോയി. അടുത്ത ദിവസം രാവിലെ അദ്ദേഹം എനിക്ക് *താലബ്യക്രിയ* പഠിപ്പിച്ചുതന്നു. അടുത്ത ദിവസം ഒരു തയ്യൽക്കാരൻ രണ്ടുജോടി ട്രൗസറും ഷർട്ടുമായി എത്തി. അഗർവാൾ എന്നോട് പറഞ്ഞു: "ഇതൊക്കെ ബാബാജി പറഞ്ഞിട്ടാണ്. നിങ്ങൾ ധരിച്ചിരിക്കുന്ന ബ്രഹ്മചാരിയുടെ വേഷം ഉപേക്ഷിക്കണം. എന്നിട്ട് ഇവ ധരിക്കൂ. എന്റെ കണക്കായിട്ട് ഒരു ബാഗും ഒരു ജോടി ചെരുപ്പും തരുന്നുണ്ട്."

മൂന്നാമത്തെ ദിവസം ശ്രീ അഗർവാൾ മദ്രാസിലേക്കു പോകാനുള്ള ഒരു സ്ലീപ്പർ ടിക്കറ്റും കുറച്ചു പണവും തന്നിട്ട് പറഞ്ഞു: "മദ്രാസിൽ എത്തിയിട്ട് തിരുവനന്തപുരത്തേക്കുള്ള റ്റിക്കറ്റ് എടുക്കണം. ബാബാജി പറഞ്ഞിട്ടുള്ള കാര്യമൊക്കെ ഓർമ്മയുണ്ടല്ലോ. സാധാരണക്കാരെപ്പോലെ ജീവിക്കണം. നിങ്ങളുടെ ആദ്ധ്യാത്മികമായ താൽപര്യങ്ങളൊക്കെ മറച്ചുവയ്ക്കണം. എല്ലാ സാധനകളും രഹസ്യമായിട്ടുവേണം നടത്തേണ്ടത്."

ശ്രീ അഗർവാൾ എന്നെ മദ്രാസ് മെയിലിൽ കയറ്റിയിരുത്തിയതിനുശേഷം പതിഞ്ഞ സ്വരത്തിൽ പറഞ്ഞു: "ശ്രീ ഗുരുവിന്റെ അനുഗ്രഹം ഉണ്ടാകട്ടെ!"

മുപ്പത്തിയഞ്ച്

ദൗത്യത്തിനുള്ള തയ്യാറെടുപ്പുകൾ

വൈകുന്നേരം ട്രെയിൻ തിരുവനന്തപുരത്തെത്തി. സ്റ്റേഷൻ എപ്പോഴത്തെയുംപോലെ മന്ദതയിലാണെന്നു തോന്നി. ഞാൻ ട്രെയിനിൽ നിന്നിറങ്ങി ഏറ്റവും അടുത്തുള്ള ഒരു സലൂണിൽ ചെന്നു. എന്നിട്ട് എന്റെ അച്ഛന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു 'ഡീസന്റ് ഹെയർക്കട്ട്' നടത്തി. എന്റെ തോളറ്റംവരെ നീണ്ടുകിടന്ന ചുരുണ്ട തലമുടി ബാർബർ വെട്ടിക്കളഞ്ഞു. മുഖക്ഷൗരവും ചെയ്തു. നല്ല ഇരുട്ടുണ്ടായിരുന്നത് ആശ്വാസമായി. എന്റെ പരിചയക്കാരോട് ദീർഘമായ അസാന്നിദ്ധ്യത്തെപ്പറ്റി വിശദീകരിക്കുന്നതിൽ നിന്ന് രക്ഷപ്പെടാൻ ഇരുട്ട് ഉപകരിച്ചു. എന്തായാലും കാൽനടയായിത്തന്നെ വീട്ടിലേക്കു പോയി. നാല്പത്തഞ്ചു മിനിട്ടു സമയംകൊണ്ട് വീട്ടിലെത്തി. വീട്ടുകാർ അവിടെനിന്നും താമസം മാറിയിരിക്കുകയില്ലെന്നു ഞാൻ പ്രത്യാശിച്ചു.

ഞാൻ വളരെ കരുതലോടെ വാതിൽ തുറന്നു. തോട്ടത്തിലേക്കു കടന്നു. ഒരു മാറ്റവും കണ്ടില്ല. എല്ലാം മുമ്പത്തെപ്പോലെതന്നെയായിരുന്നു. ആദ്യം ഞാൻ സ്വീകരണമുറിയിലേക്കാണ് കടന്നത്. അവിടെ അച്ഛൻ തനിക്ക് ഇഷ്ടപ്പെട്ട കൈയുള്ള കസേരയിൽ ഇരുന്ന് ഒരു പുസ്തകം വായിക്കുകയായിരുന്നു. വായിച്ചുകൊണ്ടിരുന്ന പുസ്തകം പോൾ ബ്രണ്ടൺ രചിച്ച *'സെർച്ച് ഇൻ സീക്രട്ട് ഇന്ത്യ'* ആയിരുന്നു. ഞാൻ കടന്നുവരുന്നത് കണ്ട് അദ്ദേഹം പുസ്തകം അടച്ചു. എന്നിട്ട് അദ്ദേഹം എന്റെ നേർക്കു നോക്കി. അദ്ദേഹത്തിൽ കണ്ട ശാന്തത എന്നെ അത്ഭുതപ്പെടുത്തി. സൗമ്യതയോടെയാണ് സംസാരിച്ചതും. "എവിടെയായിരുന്നു ഇത്രയും നാൾ? വല്ല അപകടത്തിലും പെട്ട് മരിച്ചുവെന്നാണ് കരുതിയത്. ഇനി എപ്പോഴെങ്കിലും വീടു വിട്ടു പോകുകയാണെങ്കിൽ എവിടെ ഉണ്ടെന്നെങ്കിലും അറിയിക്കുക. പോയി അമ്മയെ ചെന്ന് കാണൂ."

ഞാൻ ആദ്യം ഊണു കഴിക്കുന്ന മുറിയിലേക്കു പോയി. എന്നിട്ട് അടുക്കളയിലേക്കു ചെന്നു. എപ്പോഴത്തെയുംപോലെ അമ്മ പാചകം ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. എന്നെ കണ്ടയുടനെ അമ്മയുടെ കൈയിലിരുന്ന തവി അറിയാതെ താഴെ വീണു. എന്നെ ആശ്ലേഷിച്ചുകൊണ്ട് അമ്മ പൊട്ടിക്കരയാൻ തുടങ്ങി. അവർ കരഞ്ഞുകൊണ്ടു ചോദിച്ചു: "ഞങ്ങളെ ഇവിടെ ഉപേക്ഷിച്ചിട്ട് നീ എവിടെയാണ് പോയത്? നീ ഒരു കത്തുപോലും അയച്ചില്ല. നിന്റെ സഹോദരിമാർ എന്തുമാത്രം വിഷമിച്ചുവെന്ന് അറിയാമോ?"

"ഞാൻ ഹിമാലയത്തിലായിരുന്നു." ഞാൻ പറഞ്ഞു: "ഒരു പ്രത്യേക ഉദ്ദേശ്യമുണ്ടായിരുന്നു. കൂടുതലൊന്നും പറയാൻ കഴിയുകയില്ല. ഞാൻ നല്ല കാര്യങ്ങൾ ചെയ്യുകയായിരുന്നു. വഴിതെറ്റിപ്പോയിട്ടില്ല."

ഉടനെ അമ്മ പറഞ്ഞു: "ഇനി പോകുമ്പോൾ എവിടെയാണ് പോകുന്നതെന്ന് പറഞ്ഞിട്ടു പോകണം. നിന്നെ ആരും വിലക്കുകയില്ല. പോയി സഹോദരി

മാരെ കാണൂ." ഞാൻ സഹോദരിമാരുടെ മുറിയിലേക്കു പോയി. എന്നെ കണ്ട് അവർ ആകെ അമ്പരന്നുപോയി. എന്റെ ഇളയസഹോദരി എന്നെക്കാൾ പതിന്നാലു വയസ്സ് ഇളയതായിരുന്നു. 'ചേട്ടാ' എന്നു വിളിച്ചുകൊണ്ട് അവൾ എന്റെയടുത്തേക്ക് ഓടി വന്നു.

വികാരനിർഭരമായ പുനഃസമാഗമം ആയിരുന്നു അത്. അന്നുരാത്രി ഊണു കഴിക്കാനിരുന്നപ്പോൾ അമ്മ എനിക്കിഷ്ടപ്പെട്ട മുട്ടക്കറി വിളമ്പി.

എനിക്ക് ഇപ്പോൾ പ്രായം അറുപത് വയസ്സാണ്. ഈ സമയത്ത് യുണൈറ്റഡ് സ്റ്റേറ്റ്സിൽ മിച്ചിഗനിലെ കീനിവൗകൗണ്ടിയിൽ ലേക്ക് സുപ്പീരിയറിനു സമീപത്തുള്ള കോപ്പർ ഹാർബറിലെ തടികൊണ്ടുണ്ടാക്കിയ ഒരു കാബിനിൽ ഇരിക്കുകയാണ്. ഇവിടെ ഇരുന്നുകൊണ്ട് മനോഹരമായ ഫാനീഹോ തടാകത്തിന്റെ സൗന്ദര്യം ആസ്വദിക്കുകയാണ്. അതോടൊപ്പംതന്നെ അതീത കാലത്തെ പല സംഭവങ്ങളും അയവിറക്കുകയും അവയെ സമയക്രമം അനുസരിച്ച് രേഖപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. കൃത്യമായ തീയതികൾ ഓർമ്മിച്ചെടുക്കാൻ കഴിയുന്നില്ലെങ്കിലും കഴിവതും കാലക്രമമനുസരിച്ച് രേഖപ്പെടുത്താൻ ശ്രമിക്കുന്നതായിരിക്കും.

ഞാൻ തിരുവനന്തപുരത്ത് മടങ്ങിവന്ന ആദ്യവർഷംതന്നെ കന്യാകുമാരിയിലെ നഗ്ന സന്ന്യാസിനിയായ മായിമായെ സന്ദർശിക്കുന്നതിന് രണ്ടുതവണ പോകുകയുണ്ടായി. അവരെ സന്ദർശിച്ചപ്പോഴെല്ലാം അവർ വാത്സല്യപൂർവ്വം എന്നെ ആശ്ലേഷിച്ചു. കന്യാകുമാരിക്കു പോകുന്നതിനിടയിൽ ഞാൻ ശുചീന്ദ്രത്തിനു സമീപമുള്ള മരുത്വാമലയിൽ പോകുകയും അവിടെയുള്ള ഗുഹയിൽ കുറച്ചുസമയം ചെലവഴിക്കുകയും ചെയ്തു. മരുത്വാമല എനിക്ക് വളരെ ഇഷ്ടപ്പെട്ടതിനാൽ ഞാൻ വരാന്ത്യങ്ങളിൽ അവിടെ പതിവായി പോയിരുന്നു. പലപ്പോഴും എന്റെ അടുത്ത സുഹൃത്തുക്കൾ എന്നെ അനുഗമിച്ചിരുന്നു. രൺജിത്ത് എന്റെ കൂടെ രണ്ടുപ്രാവശ്യം വന്നിരുന്നു. ഞാൻ സ്നേഹപൂർവ്വം തോമാച്ചൻ എന്നു വിളിക്കുന്ന തോമസ് കുര്യൻ ഒരിക്കൽ കൂടെ വന്നിരുന്നു. തമിഴ് സുഹൃത്തായ ശിവാനന്ദനും ഒരിക്കൽ കൂടെയുണ്ടായിരുന്നു.

ഒരവസരത്തിൽ ഞാൻ മരുത്വാമലയിലെ ഗുഹയിൽ രണ്ടു രാത്രി ചെലവഴിച്ചു. രണ്ടാമത്തെ രാത്രിയിൽ ആരുടേയോ ഉച്ചത്തിലുള്ള സംസാരം എന്റെ ധ്യാനത്തിന് ഭംഗം വരുത്തി. 'നൈനാ നൈനാ' എന്ന് ആരോ വിളിച്ചു പറയുന്നത് കേട്ടു. ഞാൻ കണ്ണു തുറന്നു നോക്കിയപ്പോൾ മെലിഞ്ഞ ഉയരം കുറഞ്ഞ ഒരാൾ എന്റെ കണ്ണിൽപെട്ടു. പുറത്തോട്ട് ഉന്തിയ കണ്ണുകളായിരുന്നു അയാളുടേത്. അയാൾ കീറിയ പഴയ ഒരു നിക്കർ ധരിച്ചിരുന്നു. ഞാൻ കണ്ണു തുറക്കുന്നതു കണ്ടിട്ട് ആവേശത്തോടെ തമിഴിൽ പറഞ്ഞു: "ഞാൻ നിനക്ക് ശിവരാജയോഗം പഠിപ്പിക്കാൻ വന്നതാണ്. തലച്ചോറിന് ഏഴ് ചക്രങ്ങൾകൂടി ഉണ്ടെന്ന് തിരുമൂലർ ഉപദേശിച്ചിട്ടുണ്ട്. ശ്രീഗുരുവിന്റെ ആജ്ഞ. ഇപ്പോൾ നീ അത് പഠിക്കുക."

അദ്ദേഹത്തോട് ആദരവ് പ്രകടിപ്പിക്കാൻവേണ്ടി ഞാൻ എണീറ്റു. അദ്ദേഹം ഇരുന്നു കഴിഞ്ഞ് എന്നോടും മുമ്പിൽ ഇരിക്കാൻ ആവശ്യപ്പെട്ടു. ഗുഹാമുഖത്തുനിന്നും പൗർണ്ണമി ചന്ദ്രന്റെ കുളിർമ്മ പകരുന്ന പ്രകാശത്തിൽ

അദ്ദേഹം അത്യന്തം ലളിതമായ ഭാഷയിൽ ശിവരാജയോഗത്തെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ എന്നെ പഠിപ്പിച്ചു. എന്നിട്ട് പഠിച്ചത് പ്രയോഗത്തിൽ കാണിക്കാൻ ആവശ്യപ്പെട്ടു. എന്റെ പരിശീലനം തൃപ്തികരമാണെന്നു ബോധ്യപ്പെട്ടതിനാൽ അദ്ദേഹം സന്തോഷംകൊണ്ട് കൈകൊട്ടി. എന്നിട്ട് ചാടിയെണീറ്റ് വേഗത്തിൽ പുറത്തേക്കു പോയി അപ്രത്യക്ഷനാകുകയും ചെയ്തു. അനേകം കൊല്ലങ്ങൾക്കുശേഷം എന്റെ സുഹൃത്തായ മദനഗോപാലിനോടൊപ്പം ഒരിക്കൽ മരുത്വാമലയിൽ പോയിരുന്നപ്പോൾ എന്നെ യോഗ പഠിപ്പിച്ച യോഗിയെ വീണ്ടും കാണാനിടയായി. യോഗിയുടെ സംസാരം കേട്ട സുഹൃത്ത് അദ്ദേഹം അർത്ഥമില്ലാത്ത ഭാഷയിൽ എന്തോ പുലമ്പുകയാണെന്ന് അഭിപ്രായപ്പെട്ടു. എന്നാൽ അദ്ദേഹം ഒരു പ്രധാനപ്പെട്ട കാര്യം എനിക്കു വ്യക്തമാക്കിത്തരാൻ ശ്രമിക്കുകയാണെന്ന് എനിക്കറിയാമായിരുന്നു.

ഞാൻ രണ്ടുതവണ സ്വാമി അഭേദാനന്ദനെ സന്ദർശിച്ചു. ഞാൻ പൂന്തുറയിലും പോയിരുന്നു. അവിടെ പൂന്തുറസ്വാമിയുടെ പിൻഗാമി എന്ന് അവകാശപ്പെട്ട വ്യാജസിദ്ധനെ കണ്ടു. അക്കാലത്ത് തിരുവനന്തപുരത്ത് ഗീതാപ്രഭാഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന സ്വാമി ചിന്മയാനന്ദനെയും കാണുകയുണ്ടായി.

ഞാൻ എല്ലായ്പോഴും പോകാൻ ഇഷ്ടപ്പെട്ടിരുന്ന സ്ഥലങ്ങളാണ് തിരുവനന്തപുരം പബ്ലിക് ലൈബ്രറിയും ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറിയും അമേരിക്കൻ ലൈബ്രറിയും. ബാബാജി നിർദ്ദേശിച്ചിരുന്ന പല പുസ്തകങ്ങളും അവിടെനിന്നും എടുത്ത് വായിച്ചു. നിർദ്ദേശിക്കാത്ത പുസ്തകങ്ങളിൽ നോവൽ മുതലായവ ഉൾപ്പെട്ടിരുന്നു. ബാബാജി നിർദ്ദേശിച്ചിരുന്ന പുസ്തകങ്ങൾ തത്ത്വശാസ്ത്രം, മനശ്ശാസ്ത്രം, ശരീരഘടനാശാസ്ത്രം, ശരീരശാസ്ത്രം എന്നീ വിഷയങ്ങളിൽ പെട്ടവയായിരുന്നു. പി. ജി. വോഡ്ഹൗസ്, കോനൻ ഡൊയ്ൽ, ഡിക്കൻസ്, ജെയിംസ് ജോയ്സ് തുടങ്ങിയവരുടെ നോവലുകൾ വായിച്ചു. പി. ജി. വോഡ്ഹൗസിന്റെ നോവലുകൾ ഇപ്പോഴും വായിക്കാൻ ഇഷ്ടപ്പെടുന്നു. ബാബാജി വായിക്കാൻ നിർദ്ദേശിച്ച ബ്ലാവാറ്റ്സ്കിയുടെയും ജെ. കൃഷ്ണമൂർത്തിയുടെയും പുസ്തകങ്ങൾ എനിക്ക് വളരെ ഇഷ്ടപ്പെട്ടവയാണ്. ഞാൻ എല്ലായ്പോഴും ഇഷ്ടപ്പെടുന്ന പുസ്തകമാണ്. ജെ. കൃഷ്ണമൂർത്തിയുടെ *കമെന്ററീസ് ഓൺ ലിവിങ്*. ഓരോ തവണ വായിക്കുമ്പോഴും അതിൽനിന്ന് എനിക്ക് എന്തെങ്കിലും പുതിയ അറിവ് കിട്ടാറുണ്ട്.

എനിക്ക് പുതിയ സൗഹൃദങ്ങൾ വളർത്തിയെടുക്കാൻ കഴിഞ്ഞു. എന്റെ സുഹൃത്തുക്കളായ പ്രേം കുക്കിലിയ, ഗോവിന്ദൻ നായർ എന്നിവർ കുലീന കുടുംബങ്ങളിൽ പെട്ടവർ ആയിരുന്നു. മറ്റു ചിലർ സാധാരണ പശ്ചാത്തലത്തിൽ പെട്ടവരായിരുന്നു. എന്റെ ദൃഷ്ടിയിൽ എല്ലാവരും തുല്യരായിരുന്നു.

സാധാരണ പശ്ചാത്തലത്തിൽനിന്ന് വന്ന ചിലരിൽ അറിയപ്പെടുന്ന കുറ്റവാളികളും ഉണ്ടായിരുന്നു. മദ്യപിച്ച് വഴക്കു കൂടുന്നവരും തമ്മിൽ തല്ലുന്നവരും ഉണ്ടായിരുന്നു. ഞാൻ അതൊന്നും ഗൗരവമായി എടുത്തില്ല. എന്തെന്നാൽ ഞാൻ അവരിൽ മാറ്റത്തിന്റെ വിത്തുകൾ വിതയ്ക്കാൻ ആഗ്രഹിച്ചിരുന്നു. അവർ ഭാവിയിലെ നല്ലവർ ആയിരിക്കും എന്ന് ആശിച്ചിരുന്നു. ബാബാജി എന്റെ കണ്ണുകൾ തുറന്നു തന്നിരുന്നു. പുതിയ ജീവിതാവബോധം

നല്കിയിരുന്നു. മോശപ്പെട്ട കുറ്റവാളികളിൽനിന്നായിരിക്കാം ഭാവിയിലെ സന്ന്യാസികൾ ജനിക്കുന്നതെന്ന് അദ്ദേഹം പഠിപ്പിച്ചിരുന്നു. ബാബാജി എല്ലായ് പോഴും പറഞ്ഞിരുന്നു. "രോഗികൾക്കാണ് ഡോക്ടറുടെ സേവനം വേണ്ടത്."

ഇടയ്ക്ക് സമയം കിട്ടുമ്പോഴൊക്കെ അച്ഛൻ ഏറ്റെടുത്ത റോഡുപണിയിൽ മേൽനോട്ടം വഹിച്ചിരുന്നു. വൈകുന്നേരങ്ങളിൽ ഞാൻ ദീർഘദൂരം ഒറ്റയ്ക്കു നടക്കാൻ പോയിരുന്നു. ഞാൻ ഹിന്ദു ദേവാലയങ്ങളും മുസ്ലിം പള്ളികളും ക്രിസ്ത്യൻ പള്ളികളും പതിവായി സന്ദർശിച്ചു. കവിതകൾ രചിക്കുകയും ചെയ്തിരുന്നു. പക്ഷേ, ഒരിക്കലും പ്രസിദ്ധീകരിച്ചിരുന്നില്ല. പത്രങ്ങൾക്കുവേണ്ടി ലേഖനങ്ങൾ എഴുതാനും ശ്രമിച്ചിരുന്നു. അങ്ങനെ ഒരു വർഷം കഴിഞ്ഞു. എന്നിട്ടും ബാബാജിയിൽനിന്നും സൂചനകൾ ഒന്നുംതന്നെ ലഭിച്ചില്ല. ഒരുവേള സ്വതന്ത്രനായി ജീവിക്കാൻ അദ്ദേഹം എന്നെ പഠിപ്പിക്കുകയായിരിക്കും എന്ന് ഞാൻ കരുതി.

ഒരു രാത്രി ഉറങ്ങുന്നതിനുമുമ്പ് ഞാൻ അദ്ദേഹത്തിന് ഒരു സന്ദേശം അയച്ചു. അദ്ദേഹം എനിക്കു പഠിപ്പിച്ചുതന്ന സാങ്കേതികവിദ്യ പ്രയോഗിച്ചാണ് സന്ദേശമയച്ചത്. ഇതായിരുന്നു സന്ദേശം "എന്നോട് ബന്ധപ്പെടുകയില്ലെങ്കിൽ അങ്ങയെ തിരഞ്ഞ് ഞാൻ ഹിമാലയത്തിലേക്ക് വീണ്ടും വരും. പ്രണാമങ്ങൾ." അന്നു രാത്രിയിൽ ബാബാജി എനിക്ക് സ്വപ്നദർശനം തന്നു. അദ്ദേഹത്തിന്റെ വേഷം എന്നെ അതിശയിപ്പിച്ചു. പച്ച നിറത്തിലുള്ള നീണ്ട വസ്ത്രവും വെള്ള നിറത്തിലുള്ള തലപ്പാവും ആയിരുന്നു ധരിച്ചിരുന്നത്. അദ്ദേഹം അറിയിച്ചു: "ആജ്മീറിലേക്ക് വരൂ. ഞാൻ അവിടെ നിന്നെ കാത്തിരിക്കും."

മുപ്പത്തിയാറ്

സൂഫിഗുരുവിൽനിന്നും ലഭിച്ച പാഠങ്ങൾ

ഞാൻ അച്ഛനമ്മമാരോട് ആജ്മീറിലേക്ക് പോകുകയാണ് എന്നു പറഞ്ഞപ്പോൾ അവർ വലിയ എതിർപ്പൊന്നും പ്രകടിപ്പിച്ചില്ല. യാത്രച്ചെലവിന് അമ്മ കുറച്ചു പണം തരുകയും ചെയ്തു. എന്റെ പക്കലും കുറെ പണമുണ്ടായിരുന്നു. യാത്രയ്ക്ക് അതു മതിയായിരുന്നു. അന്നത്തെ കാലത്ത് അത് ഒരു നീണ്ട യാത്രയായിരുന്നു. ആദ്യം മദ്രാസിൽ പോകണം. പിന്നെ ഡൽഹിക്ക്. അവിടെനിന്നും ജയ്പൂരിലേക്കും. പിന്നീട് ലോക്കൽ ട്രെയിനിൽ ആജ്മീറിലേക്കും പോണം. ഞാൻ ആജ്മീർ ഷെറീഫ് സമുച്ചയത്തിൽ എത്തി. അവിടെയായിരുന്നു മഹാനായ സൂഫിസന്ന്യാസി ഖാജാ മൊയിനുദീൻ ചിസ്തിയുടെ ശവകുടീരം സ്ഥിതി ചെയ്തിരുന്നത്. അദ്ദേഹത്തോട് മുസ്ലിങ്ങളും മുസ്ലിങ്ങളല്ലാത്തവരും ഒരുപോലെ ഭക്ത്യാദരം പുലർത്തുന്നു. അവിടെ എല്ലായ്പോഴും ഭക്തന്മാരുടെ നിരന്തരപ്രവാഹം കാണാവുന്നതാണ്. ഭക്തന്മാർ ഭക്തി പ്രകടിപ്പിക്കുന്നതിനും പുണ്യവാളനിലൂടെയുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുംവേണ്ടി അവിടെ എത്തിച്ചേരുന്നു.

മിക്കവാറും എല്ലാ തീർത്ഥാടന കേന്ദ്രങ്ങളെയുംപോലെ ആജ്മീറിലും വിശ്വാസത്തെ മുതലെടുത്ത് തട്ടിപ്പ് നടത്തുന്നവർ ഒട്ടും കുറവല്ല. തങ്ങൾ പുണ്യാളനോട് മധ്യസ്ഥപ്രാർത്ഥന നടത്തി ആഗ്രഹങ്ങൾ നിറവേറ്റിപ്പിച്ചു കൊടുക്കുമെന്നു പറഞ്ഞ് അതിനുവേണ്ടി പ്രതിഫലം പറ്റുകയും ചെയ്യുന്നു. അവരിൽ ചിലർ സൂഫി സന്ന്യാസിയുടെ നേരിട്ടുള്ള വംശാവലിയിൽ പെട്ടവരാണെന്ന് അവകാശപ്പെടുകയും തങ്ങളുടെ പ്രാധാന്യത്തെ ഉറപ്പിക്കാൻ വേണ്ടി സവിശേഷമായതും നിറപ്പകിട്ടുള്ളതുമായ വേഷം ധരിക്കുകയും ചെയ്യുന്നു.

ശവകുടീരത്തിൽ സമർപ്പിക്കുന്നതിനുവേണ്ടിയുള്ള പൂക്കളും, ഷാളുകളും സുഗന്ധദ്രവ്യങ്ങളും മറ്റു സാധാനങ്ങളും വിൽക്കുന്ന അനേകം പീടികകൾ ആജ്മീറിലുടനീളം കാണാൻ കഴിയും. ഞാൻ ആജ്മീറിൽ എത്തിയത് ഒരു വാരാന്ത്യത്തിൽ ആയിരുന്നു. ആജ്മീർ ഷെരീഫിൽ നല്ല തിരക്കായിരുന്നു. ഒരു ഉടുമുണ്ടു മാത്രം ധരിച്ച, ശരീരം മറയ്ക്കാത്ത ജടാധാരിയായ ബാബാജിയുടെ സുപരിചിതമായ രൂപം ആൾക്കൂട്ടത്തിൽ തിരഞ്ഞു. ആ രൂപം അവിടെ അസ്ഥാനത്തും വിചിത്രവുമായി തോന്നി. നീണ്ടകുപ്പായവും തലപ്പാവും ധരിച്ച മുസ്ലിം ഫക്കീർമാരുടെ വേഷത്തിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു അത്.

പള്ളിവളപ്പിൽ വലതു വശത്തായി ഒരു പഴയ പള്ളിയുണ്ട്. പ്രസ്തുത പള്ളിയിൽ ഖാജാ മൊയിനുദീൻ ചിസ്തി ആരാധന നടത്തിയിരുന്നു എന്നു

വിശ്വസിക്കപ്പെടുന്നു. അത് ശവക്കല്ലറയുടെ സമീപത്താണ്. അവിടെയാണ് ശവകുടീരം പണിയിച്ചിരിക്കുന്നത്. ഞാൻ ആ ഭാഗത്തേക്കു തിരിയുകയും പള്ളിയിലേക്കു കടക്കാൻ തുടങ്ങുകയും ചെയ്തു.

പ്രാർത്ഥനയ്ക്കുള്ള സമയമായിരുന്നില്ല. വളരെ കുറച്ച് ആളുകൾ മാത്രം പള്ളിക്കുള്ളിൽ ഉണ്ടായിരുന്നു. അവർ ജപമാല ചുഴറ്റുകയോ, ഖുറാൻ വായിക്കുകയോ, നിശ്ശബ്ദധ്യാനത്തിൽ മുഴുകുകയോ ചെയ്തിരുന്നു. അപ്പോൾ കണ്ട കാഴ്ച എന്നിൽ അത്ഭുതമുളവാക്കി. നീണ്ട കുപ്പായവും തലപ്പാവും ധരിച്ചുകൊണ്ട് മുസൽമാൻ പ്രാർത്ഥിക്കുന്ന ആസനത്തിൽ ഇരുന്നവരിൽ ഒരാൾ ബാബാജി ആയിരുന്നു. പ്രസ്തുത ആസനത്തെ യോഗികൾ വജ്രാസനം എന്നു വിളിക്കും. സ്വപ്നത്തിൽ ദർശിച്ച അതേ വേഷവും രൂപവും ആയിരുന്നു അദ്ദേഹത്തിന്റേത്. പച്ചനിറമുള്ള വേഷവും വെള്ളനിറമുള്ള തലപ്പാവും.

അദ്ദേഹം എന്നെ അടുത്തേക്കു വിളിച്ചു. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗ പ്രണാമം ചെയ്യാൻ ഒരുമ്പെട്ടപ്പോൾ അദ്ദേഹം എന്നെ പെട്ടെന്ന് പിടിച്ച് മുസ്‌ലിങ്ങൾ ചെയ്യുന്നതുപോലെ മൂന്നു തവണ ആശ്ലേഷിച്ചു. ആശ്ലേഷിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം എന്റെ ചെവിയിൽ മന്ത്രിച്ചു: "സാഷ്ടാംഗപ്രണാമം അരുത്. ഇസ്‌ലാമിക നിയമം നിനക്ക് അറിഞ്ഞുകൂടേ? എല്ലാ നമസ്കാരങ്ങളും ദൈവത്തിനുള്ളതാണ്. മുഹമ്മദിനുപോലും അതില്ല. മറ്റുള്ളവരുടെ വികാരങ്ങൾക്ക് മുറിവേല്ക്കാത്ത രീതിയിൽ സാഹചര്യങ്ങൾക്കു യോജിച്ച രീതിയിൽ വേണം പെരുമാറേണ്ടത്. 'ഓരോരുത്തരും കഴിവനുസരിച്ച് നല്കുക, ആവശ്യത്തിനു മാത്രം സ്വീകരിക്കുക' എന്നതാണ് സൂഫികളുടെ പ്രമാണവാക്യം. റോമാ നഗരത്തിൽ വസിക്കുമ്പോൾ റോമാക്കാരെപ്പോലെ ജീവിക്കുക."

ഞാൻ ബാബാജിയുടെ കരം ഗ്രഹിച്ച് വിരലുകൾ ചുംബിച്ചു. "വജ്രാസനത്തിൽ ഇരിക്കൂ." ബാബാജി പറഞ്ഞു: "ശവകുടീരത്തിന്റെ നേർക്ക് തിരിഞ്ഞിരുന്ന് നിശ്ശബ്ദമായി ധ്യാനിക്കൂ." അപൂർവ്വമായ ആനന്ദാനുഭൂതി എന്റെ മനസ്സിൽ അലയടിക്കുകയും അത് ശിരസ്സിലേക്കു പ്രവഹിക്കുകയും ചെയ്തു. മസ്തിഷ്കത്തിനുള്ളിൽ പച്ചനിറത്തിലും ഊതനിറത്തിലുമുള്ള മനോഹര ദീപങ്ങൾ കത്തുന്നതുപോലെ അനുഭവപ്പെട്ടു. ബാഹ്യലോകത്തിലെ ബഹളത്തിൽനിന്നും വിട്ടുമാറി അതേ അവസ്ഥയിൽതന്നെ ശാശ്വതമായി ഇരിക്കാൻ മനസ്സ് കൊതിച്ചു. പക്ഷേ, അതിനിടയിൽ ബാബാജി "എന്റെ തോളിൽ തട്ടി എന്നെ ധ്യാനത്തിൽനിന്നും ഉണർത്തിക്കൊണ്ടു പറഞ്ഞു: "വരൂ നമുക്ക് പോകാം." എന്നിട്ട് അദ്ദേഹം എന്നെയും കൂട്ടിക്കൊണ്ട് ശവകുടീരവും പരിസരവും ഒക്കെ ചുറ്റി നടന്നു കണ്ടു.

നല്ല തിരക്കുണ്ടായിരുന്നുവെങ്കിലും ഞങ്ങൾ ആദ്യം പോയത് ശവകുടീര മന്ദിരത്തിലേക്കായിരുന്നു. തിരക്ക് നിയന്ത്രിക്കാൻ അവിടെ കാവൽക്കാർ നില്പുണ്ടായിരുന്നു. അവർ ബാബാജിയുടെ മുഖത്തേക്ക് ഒന്നു നോക്കിയിട്ട് ഞങ്ങളെ ആദരവോടെ അകത്തേക്കു കടത്തിവിട്ടു. അകം മനോഹരമായിരുന്നു. ശവക്കല്ലറ ഇരിക്കുന്ന ഭാഗം തികച്ചും ഭക്തിസാന്ദ്രമായിരുന്നു. ശവകുടീരം ചുവപ്പും പച്ചയും നിറമുള്ള സൂര്യപടം പട്ടുകൊണ്ട് അലങ്കരിച്ചിരുന്നു. മുഖ്യ കാവൽക്കാരൻ ഞങ്ങളെ ഒരു മൂലയിൽ കൂടുതൽ സമയം നില്ക്കാൻ അനുവദിച്ചു. എല്ലാവരും അറബി ഭാഷയിൽ പ്രാർത്ഥിക്കുകയും ജപിക്കുകയും

ചെയ്തുകൊണ്ടിരുന്നു. ഞാൻ കോൾമയിർക്കൊണ്ട് കണ്ണുനീർ വാർത്തു. ബാബാജി അദൃശ്യനായ ആരോടോ അടക്കം പറയുന്ന ശബ്ദത്തിൽ സംസാരിക്കുകയായിരുന്നു. അല്പസമയം കഴിഞ്ഞ് അദ്ദേഹം തലകുനിച്ച് വന്ദിക്കുകയും നമുക്കു പോകാൻ സമയമായി എന്ന് അറിയിക്കുകയും ചെയ്തു. പുറത്തേക്കുള്ള വഴി കാണിച്ചിട്ട് മുഖ്യ കാവൽക്കാരൻ ബാബാജിയുടെ കരങ്ങൾ ആദരപൂർവ്വം ചുംബിച്ചു.

ഞങ്ങൾ ശവക്കല്ലറ പ്രദക്ഷിണം വച്ചിട്ട് ദേവാലയ സമുച്ചയത്തിൽനിന്നും പുറത്തേക്ക് ഇറങ്ങി. പത്തു മിനിട്ടു നടന്നപ്പോൾ ഞങ്ങൾ ഉസ്മാനിച്ചില്ലയിൽ എത്തി. ഉസ്മാനിച്ചില്ല എന്ന സ്ഥലത്താണ് ഖാജാ മൊയിനുദ്ദീൻ ചിസ്തി നാല്പതുദിവസം ഏകാന്തവാസം നടത്തിയത്. സൂഫി സമ്പ്രദായത്തിലെ പദാവലിയിൽ ഏകാന്തതയിൽ നാല്പതു ദിവസത്തെ പ്രാർത്ഥനയാണ് ചില്ല എന്ന് അറിയപ്പെടുന്നത്. ഒരു കായലിനെ അഭിമുഖീകരിക്കുന്ന ആ സ്ഥലത്ത് ശാന്തിയും സമാധാനവും കളിയാടിയിരുന്നു. രാജസ്ഥാനിലെ മറ്റു പല സ്ഥലങ്ങളിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു ആ സ്ഥലം. അവിടെ വച്ച് ബാബാജി എനിക്ക് ഖാജാ മൊയിനുദ്ദീൻ ചിസ്തിയുടെ ജീവിതകഥ ചുരുക്കി പറഞ്ഞു തന്നു. അദ്ദേഹം സ്ഥാപിച്ച സമ്പ്രദായവും അദ്ദേഹത്തിന്റെ ഉപദേശങ്ങളും വിവരിച്ചുതന്നു.

ഖാജാ മൊയിനുദ്ദീൻ ചിസ്തി അസ്ഫഹാനു സമീപത്തുള്ള സൻജാനിൽ 1135-ൽ ജനിച്ചു. മൊയിനുദ്ദീൻ ഹസൻ എന്നായിരുന്നു ആദ്യത്തെ പേര്. അദ്ദേഹത്തിന്റെ അച്ഛന്റെ പേര് ഗയാസ് ഉദീൻ ഹസൻ എന്നായിരുന്നു. അദ്ദേഹം ഖൊറാസാൻ എന്ന സൂഫിസംഘത്തിലെ അംഗമായിരുന്നു. മൊയിനുദ്ദീൻ ഹസന്റെ മാതാവായ ബീബീ മാഹ്നൂർ ജിലാസിലെ മഹാനായ സൂഫി ആചാര്യനായ ഷേഖ് മൊഹിയുദീൻ അബ്ദുൾ ഖാദരിയുടെ കുടുംബത്തിൽ പെട്ടവരായിരുന്നു. അദ്ദേഹമാണ് ഖാദരിയാ എന്ന സൂഫി സമ്പ്രദായം സ്ഥാപിച്ചത്. അദ്ദേഹം പതിനഞ്ചാമത്തെ വയസ്സിൽ അനാഥനായിത്തീരുകയും സൂഫി ആചാര്യനായ ഇബ്രാഹിം ഖാൻഡൂസിയെ അദ്ദേഹത്തിന്റെ തോട്ടത്തിൽ വച്ച് കാണാനിടയാകുകയും ചെയ്തു. യുവാവിൽനിന്നും കുറച്ച് മുന്തിരിപ്പഴങ്ങൾ കഴിച്ചിട്ട് കുറച്ചു മധുരപലഹാരം അദ്ദേഹം കഴിക്കാൻ കൊടുത്തു. കുറച്ചു നേരം മധുരപലഹാരം ആസ്വദിച്ച് കഴിച്ച യുവാവിന് പെട്ടെന്ന് മാറ്റം സംഭവിച്ചു. യുവാവിന് ലൗകിക ജീവിതത്തോട് വിരക്തി തോന്നുകയും സത്യാന്വേഷണത്തിൽ വ്യാപൃതനാകുകയും ചെയ്തു.

പ്രസ്തുത യുവാവ് വീട് ഉപേക്ഷിച്ച് ബാഗ്ദാദിൽ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചു. സൂഫിസ്വാധീനമേഖലകളായ സമർഖണ്ഡിലും ബുഖാറായിലും ഇസ്ലാമിക പഠനകേന്ദ്രങ്ങളിലും സഞ്ചരിച്ചു. ആ യുവാവ് ബാഗ്ദാദിൽവച്ച് മഹാനായ സൂഫി ആചാര്യനായ അബ്ദുൾ ഖാദിർ ജിലാനിയെ സന്ദർശിച്ചു. അതിനുശേഷം മെക്കായിലേക്കും മെദീനായിലേക്കും പോയി. മടക്കയാത്രയിൽ ഇറാനിലെ ഹാരുൺ സന്ദർശിച്ചു. അവിടെവച്ചാണ് അദ്ദേഹം തന്റെ ആചാര്യനെ സന്ദർശിച്ചത്. ആചാര്യൻ തന്റെ ശിഷ്യനെ കാത്തിരിക്കുകയായിരുന്നു.

അദ്ദേഹം ഹാരുണിലെ ഖാജാ ഉസ്മാൻ ചിസ്തി വിഭാഗത്തിലെ ആചാര്യനായിരുന്നു. ഈ വിഭാഗം സ്ഥാപിച്ചത് സിറിയായിലെ ഖാജാ അബു ഇഷാഖ് ആയിരുന്നു. അതുകൊണ്ടുതന്നെയാണ് അദ്ദേഹം ഖാജാ മൊയിനുദ്ദീൻ ചിസ്തി ആയിത്തീർന്നത്. ചിലർ കരുതുന്നതുപോലെ ചിസ്തി വിഭാഗത്തിന്റെ സ്ഥാപകനല്ല.

തന്റെ ഗുരുവിന്റെകൂടെ മൂന്നു കൊല്ലം താമസിച്ചിരുന്ന കാലത്ത് ലളിതജീവിതത്തിൽ ഉഗ്രനിഷ്ഠ പുലർത്തി. മൊയിനുദ്ദീൻ ചിസ്തി വീണ്ടും സഞ്ചാരം തുടർന്നു. അദ്ദേഹം പല സന്ന്യാസിമാരെയും സാധകരെയും കണ്ടു. സുഹർവദി സമ്പ്രദായത്തിലെ ഷേഖ് അബു നജീബ് സുഹർവദിയും അവരിൽ പെടുന്നു. അദ്ദേഹം അനേകം സൂഫി ശവകുടീരങ്ങൾ സന്ദർശിക്കുകയും അനേകം സൂഫി സന്ന്യാസികളുമായി ബന്ധപ്പെടുകയും ചെയ്തു, അവരിൽ പ്രമുഖൻ താബ്രിസിലെ അബു സെയ്ദും, അസ്ട്രാബാദിലെ നാസിറുദ്ദീനും ഹസൻ ഖിർഖാനിയും ആയിരുന്നു. അവരുമായുള്ള അഭിമുഖങ്ങളിൽ രസകരമായ പല അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.

അമ്പത്തിനാലാമത്തെ വയസ്സിൽ ഷേഖ് ഉസ്മാൻ ഹാരൗൺ അദ്ദേഹത്തെ തന്റെ അനന്തരഗാമിയായി പ്രഖ്യാപിക്കുകയും സ്വന്തം ഊന്നുവടിയും പ്രാർത്ഥിക്കുമ്പോൾ പുതച്ചിരുന്ന കമ്പിളിപ്പുതപ്പും അദ്ദേഹത്തിനു നല്കുകയും ചെയ്തു. അതിനുശേഷം ഖാജാ മൊയിനുദ്ദീൻ ചിസ്തി ഹജ്ജിനു പോകുകയും കാബായെ വലം വയ്ക്കുകയും പ്രവാചകനായ മുഹമ്മദിന്റെ ശവകുടീരം സ്ഥിതിചെയ്യുന്ന മദീനയിൽ എത്തിച്ചേരുകയും ചെയ്തു. അവിടെവച്ച് അദ്ദേഹത്തിന് ഒരു വെളിപാട് ഉണ്ടായി. അതിനെ അനുസരിച്ചുകൊണ്ട് അദ്ദേഹം ഇന്ത്യയിലെ ആജ്മീറിൽ എത്തി.

അദ്ദേഹം ആജ്മീറിൽ ആദ്യമായി എത്തിയത് 1191-ൽ ആയിരുന്നു. 1200-ൽ ബാൽക്കിലും ബാഗ്ദാദിലും യാത്രചെയ്തു. പിന്നീട് മുൾട്ടാൻ, ഡൽഹി എന്നീ സ്ഥലങ്ങളിലൂടെ ആജ്മീറിൽ എത്തി. ഡൽഹിയിൽവച്ച് അദ്ദേഹം ഖൊറോസ്സാനിൽനിന്നും വന്ന ഖുതുബ്ഷായെ സന്ദർശിച്ചു. ഖുതുബ്ഷാ അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു. സൂഫി സന്ന്യാസിയായ ബാബാഫരീദ് ഗഞ്ചേഷകാറും അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിച്ചു.

ഖാജായുടെ ജീവിതത്തിന്റെ അന്ത്യനാളുകളിൽ ഖൊറോസ്സാനിലെ ഖുതുബ്ഷാ ഖാജാ മൊയിനുദ്ദീൻ ചിസ്തിയോടൊപ്പം ആജ്മീറിൽ ഉണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹം ഖുതുബ്ഷായ്ക്ക് തന്റെ ഗുരുവായ ഖാജാ ഉസ്മാൻ ഹാരൂണി നല്കിയ വേഷവും, തലപ്പാവും ചെങ്കോലും കൊടുത്തിട്ട് ഇങ്ങനെ പറഞ്ഞു. ഞാൻ ഏതാനും ദിവസങ്ങൾക്കുള്ളിൽ ലോകം വിട്ടു പോകും. അതിനാൽ നീ ഡൽഹിയിൽ പോയി താമസിക്കൂ. അദ്ദേഹം ഖുതുബ്ഷായോട് പറഞ്ഞ അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു: "നിങ്ങൾ എവിടെ ജീവിച്ചാലും ഒരു പൂർണ്ണമനുഷ്യനായി ജീവിക്കൂ."

ഖുതുബ്ഷായെ ഡൽഹിയിലേക്കു പറഞ്ഞയച്ചതിനുശേഷം ഖാജാ മൊയിനുദീൻ ചിസ്തി 1229 മേയ്മാസത്തിൽ രാത്രിയിൽ പ്രാർത്ഥനയ്ക്കുശേഷം നേരം വെളുക്കുന്നതുവരെ ആരും ശല്യം ചെയ്യരുതെന്ന് നിർദ്ദേശിച്ചിട്ട് കിടക്കാൻ പോയി. രാത്രി മുഴുവൻ ശയനമുറിയിൽനിന്നും സാരംഗിയിൽ

നിന്നും പുറപ്പെടുന്നതുപോലെയുള്ള മധുരനാദം കേട്ടുകൊണ്ടിരുന്നതായി പറയപ്പെടുന്നു. രാവിലെ കിടപ്പുമുറിയുടെ കതക് ആളുകൾ തുറന്നപ്പോൾ അദ്ദേഹം എന്തുകൊണ്ട് രാവിലത്തെ പ്രാർത്ഥനയ്ക്കു വന്നില്ല എന്നു വിചാരിച്ച അവർക്ക് ദാരുണമായ കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. അദ്ദേഹം മരിച്ചു കിടക്കുന്നു. എന്നാൽ അദ്ദേഹത്തിന്റെ മുഖത്ത് ആനന്ദദ്യോതകമായ പുഞ്ചിരി കളിയാടിയിരുന്നു.

ഖാജാ മൊയ്നുദീൻ ചിസ്തി അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്ന് ബാബാജി പറഞ്ഞു. ലഭിച്ചിട്ടുള്ള പുസ്തകങ്ങൾ അനിസ്-ഉൽ-അർവാഹ്, ഹാദിസ്-ഉൽ-മാരിഫ്, കാൻജുൽ ഇസ്രാർ, കാസ്ഫുൾ ഇസ്രാർ എന്നിവയാണ്.

ഖാജാ മൊയ്നുദീൻ ചിസ്തി ഭാരതത്തിലെ സൂഫി പ്രസ്ഥാനത്തിൽ ഭക്തിമാർഗ്ഗത്തിന്റെ ഉപജ്ഞാതാവായിരുന്നു. യാഥാസ്ഥിതിക ഇസ്ലാം മതം ആരാധനയ്ക്ക് ഖുറാൻ ഗാനരൂപത്തിൽ വായിക്കുകയല്ലാതെ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നത് അംഗീകരിക്കുന്നില്ല. സൂഫികളുടെ ചിസ്തി സമ്പ്രദായത്തിൽ ആരാധനയ്ക്ക് സംഗീതം പ്രധാനമായ പങ്കു വഹിക്കുന്നു. ആദ്ധ്യാത്മികസാധനയിൽ ഗാനാലാപനം ഒരു പ്രധാന ഘടകമാണ്. ആദ്ധ്യാത്മികസാധനയ്ക്ക് ഉപയോഗിക്കുന്ന സംഗീതത്തെ 'സമ' എന്നു വിളിക്കുന്നു. ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുമ്പോൾ ആലാപനം ചെയ്യുന്ന ആളും ശ്രോതാവും ഭക്തിയുടെ ആനന്ദലഹരിയിൽ ആറാടും.

പ്രേമത്തിനുവേണ്ടി എല്ലാം ഉപേക്ഷിക്കുകയും സർവ്വതും സമർപ്പിക്കുകയും ചെയ്യുക എന്നതാണ് ചിസ്തി സമ്പ്രദായത്തിന്റെ അടിസ്ഥാന തത്ത്വം. പരമാത്മാവ് മൂടുപടത്തിനുള്ളിൽ മറഞ്ഞിരിക്കുന്ന പ്രേയസിയാണ്. ഗാനാലാപകൻ പ്രിയതമനാണ്. പ്രേയസിയുടെ സുന്ദരമുഖം കാണാൻ പ്രിയതമൻ വെമ്പൽകൊള്ളുകയാണ്. പ്രിയതമയുമായി ഒരു നിമിഷമെങ്കിലും ഒരുമിച്ചു കഴിയുന്നതിനുവേണ്ടി ഉത്കണ്ഠപ്പെട്ടാണ് പ്രിയതമൻ കഴിയുന്നത്. പ്രേമത്തിന്റെ മുന്തിരിച്ചാറിന്റെ ലഹരിയിൽ പരിമിതമായ സ്വന്തം വ്യക്തിത്വം മറന്ന് പരമാത്മാവാകുന്ന പ്രേയസിയിൽ രമിച്ചിരിക്കാനാണ് ഭക്തനായ പ്രിയതമൻ കാംക്ഷിക്കുന്നത്. പരമാത്മാവുമായുള്ള പ്രേമത്തിൽ അഹംബോധത്തെ നശിപ്പിച്ച് ശാശ്വതമായ ദിവ്യാനന്ദം അനുഭവിക്കുന്നതിനെയാണ് 'ഫനാ' എന്നു പറയുന്നത്.

കവ്വാലി ഗായകരും ഗസൽ ഗായകരും ഖാജാ മൊയിനുദ്ദീൻ ചിസ്തിയോടും ചിസ്തി സൂഫി സമ്പ്രദായത്തോടും വളരെയധികം കടപ്പെട്ടിരിക്കുന്നു. ഭാരതത്തിലെ സൂഫി ആരാധനാലയങ്ങളിൽ, വിശേഷിച്ചും ആജ്മീർ, നിസാമുദ്ദീൻ, ദില്ലി എന്നീ സ്ഥലങ്ങളിൽ രാത്രിയും പകലും ചില നിശ്ചിത സമയങ്ങളിൽ ഹാർമോണിയം, തബല എന്നീ പക്കമേളങ്ങളോടെ മനം കവരുന്ന ഗസലുകളും കവ്വാലികളും ആലപിക്കപ്പെടുന്നുണ്ട്.

സമയം വൈകുന്നേരമായിരുന്നു. സൂര്യൻ അസ്തമിക്കാൻ തുടങ്ങുന്ന സമയത്ത് ചുറ്റുമുള്ള പള്ളികളിൽനിന്നും പ്രാർത്ഥനയ്ക്കുള്ള ആഹ്വാനം കേട്ടു. ബാബാജി പറഞ്ഞു: "ഞാൻ ഇപ്പോൾ നിന്നെയും കൂട്ടിക്കൊണ്ട് അടുത്തു താമസിക്കുന്ന ജീവിച്ചിരിക്കുന്ന ഒരു സൂഫിയുടെ അടുത്തേക്ക് പോകുകയാണ്. കുട്ടിക്കാലത്ത് പ്രാർത്ഥനയ്ക്ക് ഇരുന്ന രീതി ഓർമ്മയുണ്ടോ?"

"ശരിക്ക്, ഓർക്കുന്നില്ല."

"സാരമില്ല, മറ്റുള്ളവർ ചെയ്യുന്നതുപോലെ ചെയ്താൽ മതി. സെയ്ദ് ഗുദ്രിഷാഹ് സാഹബ് വൈകുന്നേരത്തെ പ്രാർത്ഥനായോഗത്തിനു നമ്മെ ചിലപ്പോൾ ക്ഷണിച്ചെന്നു വരും. അദ്ദേഹത്തിന്റെ ഭവനത്തിന്റെ തൊട്ടടുത്ത് ഒരു ചെറിയ പള്ളിയുണ്ട്. തമ്മിൽ കാണുമ്പോൾ 'സലാം' പറയാനും കൈയിൽ ചുംബിക്കാനും മറക്കരുത്."

ഞങ്ങൾ പടികളിറങ്ങി ഹാളിലേക്കു നടന്നു. വെള്ളനിറമുള്ള തൊപ്പി ധരിച്ച ഒരു യുവാവ് ഞങ്ങളെ വാതിലിനടുത്തുവച്ച് അഭിവാദനം ചെയ്തു. ബാബാജി എന്തെങ്കിലും പറയുന്നതിനുമുമ്പ് കാഴ്ചയിൽ ജ്ഞാനിയാണെന്നു തോന്നിപ്പിക്കുന്ന നരച്ച താടിയുള്ള പ്രായം ചെന്ന തലപ്പാവ് ധരിച്ച ഒരാൾ വാതിലിനു പുറത്തേക്ക് ഇറങ്ങുകയായിരുന്നു. ബാബാജിയെ കണ്ടയുടനേ അദ്ദേഹത്തിന്റെ മുഖം പ്രസാദാത്മകമായി. പല്ലില്ലാത്ത മോണ കാട്ടി അദ്ദേഹം ചിരിച്ചു. അദ്ദേഹം ആവേശത്തോടെ മുന്നോട്ടു ചാഞ്ഞ് ബാബാജിയെ ഗാഢം പുണർന്നു. എന്നിട്ട് അദ്ദേഹം ബാബാജിയുടെ കരങ്ങൾ ചുംബിച്ചു. അദ്ദേഹത്തിന്റെ കണ്ണുകളിലൂടെ കണ്ണുനീർ പ്രവഹിച്ചുകൊണ്ടിരുന്നു. അദ്ദേഹം സ്നേഹപൂർവ്വം "ബാവാജി!" എന്നു വിളിച്ചു. അദ്ദേഹം ഉറുദുവിലാണ് സംസാരിച്ചത്. അദ്ദേഹം പറഞ്ഞു: "ബാബാജിക്ക് ആയിരം സലാം. കാണാൻ കഴിഞ്ഞത് ഭാഗ്യവായി കരുതുന്നു. ഭാഗ്യവാനായ ഈ യുവാവ് ആരാണ്?"

ബാബാജി അദ്ദേഹത്തിന് എന്നെ പരിചയപ്പെടുത്തി. അച്ഛനമ്മമാർ എനിക്കിട്ട പേരാണ് ബാബാജി പറഞ്ഞത്. അപ്പോൾ സന്തോഷം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "അപ്പോൾ പ്രാർത്ഥനയിൽ കൂടാമല്ലോ. അതിനുശേഷം ദർഗായിലേക്ക് പോകാം. അവിടെ കവ്വാലി ഗായകന്റെ മെഹ്ഫിൽ ഉണ്ട്. നല്ല ബിരിയാണിയും ഒരുക്കി വച്ചിട്ടുണ്ട്. സസ്യാഹാരം വേണമെങ്കിൽ അതിനുള്ള ഏർപ്പാടാക്കാം."

ഔപചാരികമായ അംഗശുദ്ധി വരുത്തിയിട്ട് ഞങ്ങൾ പ്രാർത്ഥനയ്ക്കായി പോയി. വളരെ കുറച്ചു പേരേ അവിടെ ഉണ്ടായിരുന്നുള്ളൂ. ആചാരക്രമമനുസരിച്ചുള്ള പ്രാർത്ഥന നയിച്ചത്. സെയ്ദ് ഗുദ്രിഷാഹ് ആയിരുന്നു. ഞങ്ങൾ കുറച്ചു സമയം ധ്യാനത്തിൽ മുഴുകിയിരുന്നു. അതിനുശേഷം ഞങ്ങളെ ദർഗായിലേക്ക് കൂട്ടിക്കൊണ്ടുപോയി. പോകുന്ന വഴിയിലും ദർഗായിലും ധാരാളം ആളുകൾ എല്ലായിടത്തും അദ്ദേഹത്തെ നമിക്കുന്നതു കണ്ടു. അതിൽ നിന്ന് ആ സ്ഥലത്തെ സമാദരണീയനായ വ്യക്തിയാണ് അദ്ദേഹമെന്ന് എനിക്ക് ഊഹിക്കാൻ കഴിഞ്ഞു.

കവ്വാലി ഗായകർ ശവകുടീരത്തിനു പുറത്ത് ഇരുന്നുകൊണ്ടാണ് പാടിയത്. ഹാർമോണിയവും തബലയും പക്കമേളത്തിനുണ്ടായിരുന്നു. വികാരം ഉൾക്കൊണ്ടുകൊണ്ട് പൂർണ്ണമായും ലയിച്ചാണ് അവർ പാടിയത്. ഉത്കടമായ പ്രേമവും വിരഹവേദനയും പ്രിയനുമായുള്ള സമാഗമത്തിനുള്ള തീവ്രമായ ഇച്ഛയും ഗാനങ്ങളുടെ വിഷയമായിരുന്നു. എല്ലാ ഗാനങ്ങളും എന്റെ ഹൃദയത്തെ അഗാധമായി സ്പർശിച്ചു.

ഗാനാലാപത്തിനുശേഷം ഗുദ്രിഷാഹ് സാഹബ് ഞങ്ങളെ അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അതിഥികൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള

രണ്ടു മുറികളിൽ ഒന്നു ഞങ്ങൾക്കായിരുന്നു. "രാത്രി പ്രാർത്ഥന കഴിഞ്ഞിട്ട് നമുക്ക് ഒരുമിച്ചിരുന്ന് അത്താഴം കഴിക്കാം" എന്നു പറഞ്ഞിട്ട് അദ്ദേഹം അവിടെനിന്നും പോയി.

ബാബാജി എന്നോടു പറഞ്ഞു: "നിന്റെ ഇവിടത്തെ വരവിന് ഒരു ഉദ്ദേശ്യ മുണ്ട്. ഞാൻ ഷാഹ് സാഹബിനോട് പറഞ്ഞ് ഏർപ്പാടു ചെയ്തിട്ടുണ്ട്. മൂന്ന് ആഴ്ച നീ ഇവിടെ ഒരു വിദ്യാർത്ഥി ആയിരിക്കും. സൂഫി സിദ്ധാന്തത്തെപ്പറ്റി പഠിക്കാനും ഔപചാരികമായി അതിന്റെ ഭാഗമാകാനും നിനക്ക് അവസരം കിട്ടും. അതിനുശേഷം നിനക്ക് വീട്ടിലേക്കു മടങ്ങാം. എന്നിട്ട് എന്റെ അടുത്ത വിളി പ്രതീക്ഷിക്കുക. ജ്ഞാനേശ്വരന്റെ വംശപരമ്പരയിൽ പെട്ട ഒരു നാഥ യോഗിയെ കാണുന്നതിനുവേണ്ടി എനിക്ക് മഹാരാഷ്ട്രയിലേക്കു പോകേണ്ടി യിരിക്കുന്നു. പൂനയ്ക്കു സമീപം അലന്ദിയിലാണ് മഹാനായ ജ്ഞാനേശ്വരന്റെ സമാധി. ഞാൻ നിന്നെ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. നീ നിന്റെ പുതിയ ചില സുഹൃത്തുക്കളെ സംരക്ഷിക്കാൻവേണ്ടി സംഘട്ടനങ്ങളിൽ ചെന്നു പെ ടരുത്."

രാത്രിയിലെ പ്രാർത്ഥന കഴിഞ്ഞപ്പോൾ ഷാഹ് സാഹബ് ഞങ്ങളെ കൂട്ടിക്കൊണ്ടുപോകാൻ വന്നു. അത്താഴവിരുന്നിൽ ഞങ്ങളെ കൂടാതെ അദ്ദേഹ ത്തിന്റെ ആറോ, ഏഴോ, ശിഷ്യന്മാരും ഉണ്ടായിരുന്നു. ഞങ്ങൾ ഭക്ഷണം കഴിക്കാൻ പായിൽ ചമ്രം പടിഞ്ഞ് ഇരുന്നു. ചീനക്കളിമൺപാത്രങ്ങളിലാണ് ഭക്ഷണം വിളമ്പിയത്. ഷാഹ് സാഹബ് അറിയിച്ചു: "ബാബാജിക്കുവേണ്ടി ഞങ്ങൾ സസ്യാഹാരം തയ്യാറാക്കിയിട്ടുണ്ട്. യുവാവിന് സസ്യാഹാരമാണ് വേണ്ട തെങ്കിൽ അങ്ങനെയാകാം." അപ്പോൾ ബാബാജി എന്നെ അത്ഭുതപ്പെടുത്തി ക്കൊണ്ടു പറഞ്ഞു: "ഇന്ന് ഞങ്ങൾ കഴിക്കുന്നത് ബിരിയാണിയും കബാബും ആയി രിക്കും." എന്നിട്ട് എന്നെ നോക്കി കണ്ണിറുക്കിക്കൊണ്ട് പറഞ്ഞു: "ഈ യുവാവിന് ബിരിയാണി വളരെ ഇഷ്ടമാണ്. ലോകത്തിൽ ഏറ്റവും നന്നായിട്ട് ബിരിയാണി ഉണ്ടാക്കുന്നത് ഇയാളുടെ അമ്മയാണെന്നാണ് ഇയാളുടെ വിചാരം."

അതുകേട്ട് എല്ലാവരും ചിരിച്ചു. മൗനപ്രാർത്ഥനയ്ക്കുശേഷം ആഹാരം കഴിക്കാൻ തുടങ്ങി. ഞാൻ അന്നു കഴിച്ചതുപോലെ അത്രയും രുചിയുള്ള ബിരി യാണി മുമ്പ് ജീവിതത്തിൽ ഒരിക്കലും കഴിച്ചിരുന്നില്ല. ഭക്ഷണം കഴിഞ്ഞതിനു ശേഷം ഷാഹ് സാഹബ് സൂഫി സിദ്ധാന്തം പഠിക്കാൻ ഒരു വിദ്യാർത്ഥികൂടി എത്തിയിട്ടുണ്ടെന്ന് പ്രഖ്യാപിച്ചു. മൂന്ന് ആഴ്ച അവിടെ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. അത് കേട്ട് ഓരോരുത്തരും എന്നെ ആശ്ലേഷിച്ചുകൊണ്ട് സ്വാഗതമരുളി.

ഷാഹ് സാഹിബിന്റെയടുത്ത് എന്നെ വിട്ടിട്ട് ബാബാജി യാത്രയായി. ഇത്തവണ അദ്ദേഹത്തോടു വിട പറഞ്ഞപ്പോൾ ഞാൻ വ്യാകുലപ്പെട്ടില്ല. ഞാൻ ഏതു സാഹചര്യത്തിലും ശാന്തത കൈവിടാതിരിക്കാൻ ഇതിനകം അഭ്യസിച്ചുകഴിഞ്ഞിരുന്നു. അങ്ങനെ അടുത്ത മൂന്നാഴ്ചക്കാലം ഞാൻ ഷാഹ് സാഹബിന്റെ ശിഷ്യനായി.

ആദ്യത്തെ ഏതാനും ദിവസങ്ങളിൽ സൂഫി തത്ത്വശാസ്ത്രവും സിദ്ധാന്ത ങ്ങളും ആണ് പഠിപ്പിച്ചത്. കൂടാതെ സൂഫികളുടെ പലതരം വിഭാഗങ്ങളെപ്പറ്റിയും

അറിവു പകർന്നുതന്നു. പിന്നീടുള്ള ദിവസങ്ങളിൽ സൂഫികളുടെ അനുഷ്ഠാനങ്ങളെപ്പറ്റിയും വിവിധ തരം സാധനകളെപ്പറ്റിയും പ്രായോഗികമായ പരിശീലനങ്ങളാണ് നല്കപ്പെട്ടത്. ഞാൻ പഠിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യം ഇതായിരുന്നു. ഇസ്ലാം മതത്തിന്റെ സ്ഥാപകൻ നല്കിയ ഒരു ബോധനം ഇപ്രകാരമായിരുന്നു: "സ്വന്തം ആത്മാവിനെ അറിയുന്ന വ്യക്തി പരമാത്മാവിനെയും അറിയുന്നു." 'ഖൽബി'ന്റെ പൊരുളും മനസ്സിലാക്കി. ഖൽബ് എന്നു വച്ചാൽ അത് ആദ്ധ്യാത്മിക ഹൃദയമാണെന്നും അതിനെ എങ്ങനെ വേണം എന്നിൽ ഉണർത്തേണ്ടതെന്നും ഞാൻ മനസ്സിലാക്കി. ജലാലുദ്ദീൻ റൂമി സമാരംഭിച്ച മെവ്‌ലവി എന്ന പ്രസ്ഥാനത്തിലെ അംഗങ്ങൾ ദാരിദ്ര്യം സ്വമേധയാ വരിച്ച മുസ്‌ലിം ഭക്തജനങ്ങളാണ്. അവർ അനുഭവിക്കുന്ന കഷ്ടപ്പാടുകളെപ്പറ്റിയും എന്തുകൊണ്ട് അപ്രകാരം അനുഭവിക്കേണ്ടി വന്നു എന്നതിനെപ്പറ്റിയും ഞാൻ അദ്ധ്യയനം നടത്തി. അദ്ദേഹത്തിന്റെ കാവ്യകൃതിയായ 'മസ്നവി'യെപ്പറ്റിയും ഗദ്യകൃതിയായ 'ഫിഹി മാ ഫിഹി' യെപ്പറ്റിയും കുറെ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞു. 'ഫിഹി മാ ഫിഹി' എന്നതിന്റെ ഏകദേശ തർജ്ജമ ഇങ്ങനെയാണ്: 'അതാണ്: എന്നാൽ അത് അല്ല.'

ഖാദറിയ സമ്പ്രദായത്തിന്റെ സ്ഥാപകനായ അബ്ദുൾ ഖാദിർ ജിലാനിയുടെ കൃതികളും ഞാൻ പഠിക്കുകയുണ്ടായി. ഒമർ ഖയ്യാമിന്റെ റുബായിയാത്തിന്റെ രഹസ്യവാദപരമായ അർത്ഥവും ഞാൻ മനസ്സിലാക്കാൻ ശ്രമിച്ചു. ചിസ്തി കവ്വാലി ഗായകരുടെ ഗാനങ്ങൾ ശ്രവിക്കുകയും ചില ഗാനങ്ങൾ പാടാൻ പഠിക്കുകയും ചെയ്തു. നഖ്ശാബന്ദി, റിഫായി, സുഹർവദി എന്നീ സൂഫി വിഭാഗങ്ങളിലെ പല കൃതികളും മുല്ലാ നസിറുദ്ദീന്റെ കഥകളും വായിക്കാനിടയായ എനിക്ക് അത്ഭുതകരവും അതിവ്യാപ്തവുമായ അറിവിന്റെ മേഖലകളുമായി പരിചയപ്പെടാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ ചട്ടക്കൂട്ടിനുള്ളിൽ ഇത്ര വ്യാപ്തമായ ജ്ഞാനം നിക്ഷിപ്തമാണെന്ന വസ്തുത മുമ്പ് എനിക്ക് അറിയാൻ കഴിഞ്ഞിരുന്നില്ല. ഫരിദുദ്ദീൻ അത്താറിനാൽ വിരചിതമായ മന്ത്വിഖ്-ഉത്-തെയിർ (പക്ഷികളുടെ സമ്മേളനം) എന്നെ അത്യധികം സ്വാധീനിക്കുകയുണ്ടായി.

എനിക്ക് കർക്കശവും ചിട്ടയുള്ളതുമായ പഠനവും ധ്യാനവും പരിശീലിക്കേണ്ടി വന്നു. പകൽ സമയം ധ്യാനത്തിനും ഉപവാസത്തിനുംവേണ്ടിയുള്ളതായിരുന്നു. പലതരം സാധനകളിലൂടെ എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കുന്ന ആത്മാവിനെ നേരിട്ട് അനുഭവിച്ച് അറിയാൻ കഴിഞ്ഞു. പരിശീലനം സമാപിച്ചു കഴിഞ്ഞപ്പോൾ വായനയ്ക്കും അദ്ധ്യയനത്തിനുംവേണ്ടി നിർദ്ദേശിക്കപ്പെടുകയുണ്ടായി. അവയിൽ ഒരു പ്രമുഖ ആധികാരിക പഠനഗ്രന്ഥമാണ് 'കസ്ഫ്-ഉൾ-മെഹ്ബുബ്' (മൂടുപടം മാറ്റിയുള്ള വെളിപാട്). ഈ മഹത്തായ കൃതി രചിച്ചത് അലിഹുജ്‌വിരി ആണെന്ന് ഷാഹ് സാഹബ് എന്നോടു പറഞ്ഞു. അദ്ദേഹം അത്യന്തം ആദരവോടെ ബാബാജിയെ പരാമർശിച്ചുകൊണ്ടു പറഞ്ഞു: "ബാബാജി ഒരു മഹാത്മാവാണ്. ദൈവത്തിന്റെ കാരുണ്യംകൊണ്ടാണ് നിങ്ങൾ അദ്ദേഹത്തെ കണ്ടെത്തിയത്. നിങ്ങൾക്ക് ഇനി യാതൊന്നും ആവശ്യമില്ല. നിങ്ങളുടെ യാത്ര ഏതാണ്ട് പൂർണ്ണമായി കഴിഞ്ഞിരിക്കുന്നു. നിങ്ങൾ

നിങ്ങളുടെ മാർഗ്ഗം സ്വയം തിരഞ്ഞെടുക്കുക. അള്ളാഹു നിങ്ങൾക്ക് തുണയായിരിക്കട്ടെ."

അങ്ങേയറ്റത്തെ ആദരവോടെയാണ് ഞാൻ അദ്ദേഹത്തോട് വിട പറഞ്ഞത്. ഞാൻ സ്നേഹപൂർവ്വം അദ്ദേഹത്തെ ആശ്ലേഷിച്ചു. എന്നിട്ട് ഞാൻ റയിൽവേ സ്റ്റേഷനിലേക്കു പോയി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞാൻ എന്റെ ഭവനത്തിൽ മടങ്ങിയെത്തി.

മുപ്പത്തിയേഴ്

രാമകൃഷ്ണ മിഷൻ

ഞാൻ ആജ്മീറിൽനിന്നും മടങ്ങിയെത്തിയ വർഷം എന്റെ പേര് ഫാർമസി കോഴ്സിനു ചേരാനുള്ള വിദ്യാർത്ഥികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ഏതെങ്കിലും പ്രയോജന കരമായ തൊഴിൽ ചെയ്യുകയാണെങ്കിൽ എന്റെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന പ്രകൃതത്തിന് അറുതി വരുത്താൻ കഴിയുമെന്ന് അച്ഛനമ്മാർ വിചാരിച്ചു. എന്റെ വകയിൽ ഒരു സഹോദരന്റെ ഭാര്യ വടക്കൻ കേരളത്തിൽ കണ്ണൂരിൽ ഡോക്ടറായിരുന്നു. എനിക്ക് കോഴിക്കോട് മെഡിക്കൽ കോളജിൽ ഫാർമസി ഡിപ്ലോമോ കോഴ്സിന് അഡ്മിഷൻ ശരിപ്പെടുത്തിത്തരാമെന്ന് അവർ ഏറ്റിരുന്നു. അവർ മുമ്പും ഇന്നും എന്റെ ഒരു നല്ല സുഹൃത്താണ്. ആ നിർദ്ദേശം എനിക്കും സ്വീകാര്യമായിരുന്നു. എന്റെ അച്ഛനമ്മാരും അങ്ങനെ ആഗ്രഹിച്ചിരുന്നു. അച്ഛൻ മദ്രാസിൽ ഒരു ഫാർമസ്യൂട്ടിക്കൽ സ്ഥാപനം തുടങ്ങാൻ പദ്ധതി തയ്യാറാക്കിയിരുന്നു. ഞാൻ കോഴ്സ് പൂർത്തിയാക്കിയാൽ അത് പ്രയോജനകരമായിരിക്കും എന്ന് അദ്ദേഹം വിചാരിച്ചു.

എനിക്ക് ഇഷ്ടപ്പെട്ട കോഴ്സായിരുന്നു അത്. എന്തെന്നാൽ ആ കോഴ്സു പഠിക്കുമ്പോൾ ശരീരഘടനാ ശാസ്ത്രവും (അനാട്ടമി) ശരീരശാസ്ത്രവും (ഫിസിയോളജി) പഠിക്കാനുള്ള അവസരമുണ്ടാകും. ഈ വിഷയങ്ങൾ പഠിക്കുമ്പോൾ ശസ്ത്രക്രിയയെ സംബന്ധിക്കുന്ന അറിവു കിട്ടുന്നതോടൊപ്പം ആശുപത്രിയിൽ ശവങ്ങൾ തിരിച്ചറിയുന്നതിനുവേണ്ടി സൂക്ഷിക്കുന്ന സ്ഥലത്ത് പോകാനും കഴിയും. പ്രസ്തുത കോഴ്സിനു പഠിക്കാനുള്ള വിഷയങ്ങളിൽ ജൈവരസതന്ത്രവും (ഓർഗാനിക് കെമിസ്ട്രി) ഫാർമോക്കോളജിയും (ഔഷധങ്ങളുടെ ഘടന, ഔഷധഗുണങ്ങൾ, പ്രയോഗമുറകൾ, ഫലങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം) ഉൾപ്പെടുത്തിയിരുന്നു. ആദ്യത്തെ വർഷം നിർബാധം കടന്നു പോയി, രണ്ടാം വർഷത്തെ രണ്ടാമത്തെ പകുതിയിൽ കൂടക്കൂടെ സംഭവിക്കാറുള്ളതുപോലെ മനസ്സ് അസ്വസ്ഥമാകുകയും സഞ്ചാരത്തിനുള്ള അഭിനിവേശം പ്രബലമാകുകയും ചെയ്തു. ആരുമറിയാതെ സ്ഥലം വിടാൻ തീരുമാനിച്ചു. ആയിടെ ഒരു ദിവസം രാത്രിയിൽ ഞാൻ ഗംഗയുടെ തീരത്ത് ശ്രീരാമകൃഷ്ണപരമഹംസനോട് ബാബാജി സംസാരിച്ചുകൊണ്ടു നില്ക്കുന്നതായി സ്വപ്നം കണ്ടു. അത് ഒരു നിമിത്തമായി പരിഗണിച്ചുകൊണ്ട് ഒരു ദിവസം രാവിലെ ആരെയും അറിയിക്കാതെ കോഴിക്കോട്ടുനിന്നും പോയി.

എന്തുകൊണ്ടോ ചെന്നൈയിൽ എത്തിയശേഷം ചില കാരണങ്ങളാൽ ഞാൻ മുംബൈക്കുള്ള ട്രെയിനാണ് കയറിയത്. രാമകൃഷ്ണമിഷന്റെ ആസ്ഥാനമായ കൽക്കത്തയിലേക്കു പോകുന്നതിന് ആവശ്യത്തിനുള്ള പണം എന്റെ

പക്കൽ ഇല്ലായിരുന്നു. രാമകൃഷ്ണമിഷന്റെ മനോഹരമായ ഒരു കേന്ദ്രം ബോംബേയിലെ ഖർ എന്ന സ്ഥലത്ത് ഉണ്ടെന്ന് എന്റെ ഒരു സഹയാത്രികൻ എന്നോടു പറഞ്ഞു. അയാൾ ഖറിൽ ആണ് താമസിക്കുന്നതെന്നും എനിക്ക് താൽപര്യമുണ്ടെങ്കിൽ ആ സ്ഥലത്ത് ഇറക്കിവിടാം എന്നും പറഞ്ഞു. ഞാൻ സമ്മതിച്ചു. അങ്ങനെ ഞാൻ ഒരു ദിവസം ഉച്ചസമയത്ത് ഖറിലെ രാമകൃഷ്ണമിഷനിൽ എത്തി.

ബോംബേയിലെ ബഹളത്തിനിടയ്ക്ക് സന്തോഷവും ആശ്വാസവും തരുന്ന ഇടമായിരുന്നു അത്. അവിടെ അത്യാകർഷകമായ ഒരു ദേവാലയമുണ്ടായിരുന്നു. ശ്രീരാമകൃഷ്ണനെയാണ് പ്രസ്തുത ദേവാലയത്തിൽ പ്രതിഷ്ഠിച്ചിരുന്നത്. ഞാൻ ആരാധനാലയത്തിനു മുമ്പിൽ അല്പസമയം ഇരുന്നു ധ്യാനിച്ചു. എന്റെ അഭ്യർത്ഥന സ്വീകരിച്ചുകൊണ്ട് എനിക്ക് സ്വാമി ഹിരൺമയാനന്ദനെ കാണാനുള്ള അനുവാദം തന്നു. സ്വാമി ഹിരൺമയാനന്ദൻ രാമകൃഷ്ണമിഷൻ കേന്ദ്രത്തിന്റെ അദ്ധ്യക്ഷനും ഒരു മുതിർന്ന സന്ന്യാസിയും ആയിരുന്നു. അദ്ദേഹം മഹാപുരുഷമഹാരാജിന്റെ ശിഷ്യനായിരുന്നു. ശ്രീരാമകൃഷ്ണന്റെ നേരിട്ടുള്ള ഒരു ശിഷ്യനായിരുന്നു അദ്ദേഹം. ഞാൻ പറഞ്ഞതൊക്കെ വളരെ ശാന്തതയോടെ കേൾക്കുകയും എന്നെ ഒരു ബ്രഹ്മചാരിയായി സ്വീകരിക്കാൻ തയ്യാറാകുകയും ചെയ്തു. എന്നാൽ പല കാരണങ്ങളാൽ എന്റെ അഹിന്ദു നാമം രഹസ്യമാക്കി വയ്ക്കണമെന്നു പറയുകയുണ്ടായി. എനിക്ക് അദ്ദേഹം ശിവപ്രസാദ് എന്ന നാമം നല്കി. അന്നുമുതൽ ഒന്നരവർഷക്കാലം ഞാൻ ബ്രഹ്മചാരി ശിവപ്രസാദ് ആയിരുന്നു.

രാമകൃഷ്ണമിഷൻ സമാരംഭിച്ചത് പ്രഗല്ഭനായ സ്വാമി വിവേകാനന്ദൻ ആയിരുന്നു. അദ്ദേഹം 'മാനവസേവയാണ് മാധവസേവ' എന്ന തത്ത്വത്തിൽ ദൃഢമായി വിശ്വസിച്ചിരുന്നു. പല ആശ്രമങ്ങളിലും അവിടത്തെ അന്തേവാസികൾ ഭക്ഷണം കഴിക്കുകയും ഉറങ്ങുകയും അല്ലാതെ സാമൂഹ്യസേവന രംഗത്ത് യാതൊന്നും ചെയ്യുന്നില്ല. ഇതിനു വിപരീതമായി രാമകൃഷ്ണമിഷനിലെ സന്ന്യാസിവൃന്ദം സാമൂഹ്യസേവനരംഗത്ത് കർമ്മനിരതരാണ്. മിഷൻ ആശുപത്രികളും അനാഥാലയങ്ങളും സ്കൂളുകളും കോളജുകളും നടത്തുന്നതു കൂടാതെ മിഷന്റെ കീഴിലുള്ള പ്രസിദ്ധീകരണ വിഭാഗത്തിന്റെ ചുമതലയും സന്ന്യാസിമാർക്കും ബ്രഹ്മചാരികൾക്കുമാണ്. ഇത്തരം പ്രവർത്തനങ്ങൾ അവരെ ആലസ്യത്തിൽനിന്നും അലംഭാവത്തിൽനിന്നും മുക്തരാക്കുന്നു.

ഏതു തരത്തിലുള്ള സേവനമാണ് വിദ്യാസമ്പന്നനായ ഞാൻ ചെയ്യാൻ ആഗ്രഹിക്കുന്നത് എന്ന് എന്നോട് ആരായുകയുണ്ടായി. ഞാൻ ദേവാലയ ശുചീകരണത്തിലും ദേവാലയ സംരക്ഷണത്തിലും താൽപര്യമുണ്ടെന്നു പറഞ്ഞു. എല്ലാവരിൽനിന്നും അകന്നു കഴിയുന്ന യാഥാസ്ഥിതികനായ ഭാതുക് മഹാരാജ് എന്ന സന്ന്യാസി പുരോഹിതനോട് ആലോചിച്ചതിനുശേഷം ആ ജോലിക്ക് എന്നെ നിയോഗിച്ചു. അതിനുശേഷം ആശ്രമത്തിൽ വേറെയും പല ജോലികൾ ചെയ്തു. ദേവാലയത്തിനുള്ളിൽ ഇരുന്നുകൊണ്ട് മലക്കറിയും പഴങ്ങളും നുറുക്കുക, പൂജാപുഷ്പങ്ങൾ ശേഖരിക്കുക, എന്നീ കാര്യങ്ങളും ചെയ്തിരുന്നു. ഒടുവിൽ ശ്രീകോവിൽ ശുചീകരിക്കുന്നതിനും ശ്രീരാമകൃഷ്ണന്റെ മാർബിൾ പ്രതിമ സംരക്ഷിക്കുന്നതിനും ഞാൻ നിയോഗിക്കപ്പെട്ടു.

അവിടെ സ്ഥാപിച്ചിരുന്നത് ജീവൻ ഉണ്ടെന്നു തോന്നിപ്പിക്കുന്ന പ്രതിമയായിരുന്നു.

ജോലിയൊഴിഞ്ഞ സമയങ്ങളിൽ ഞാൻ പ്രതിഭാധനനായ സ്വാമി ഗൗതമാനന്ദനിൽനിന്ന് വേദങ്ങൾ ചൊല്ലാനും ഗീതങ്ങൾ ആലപിക്കാനും ആഭ്യസിച്ചു. അദ്ദേഹം മഹാനായ സ്വാമി യതീശ്വരാനന്ദന്റെ ശിഷ്യനായിരുന്നു. പിന്നീട് അദ്ദേഹം രാമകൃഷ്ണമിഷന്റെ മദ്രാസിലെ കേന്ദ്രമായ രാമകൃഷ്ണാമഠത്തിൽ അദ്ധ്യക്ഷനായി ചുമതലയേറ്റു. മദ്രാസിലെ മഠം മിഷന്റെ ഏറ്റവും പഴയ കേന്ദ്രങ്ങളിൽ ഒന്നാണ്. സ്വാമി വിവേകാനന്ദനും പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ടിരുന്നു. ഈ കേന്ദ്രത്തിലെ പ്രഥമാദ്ധ്യക്ഷനായ രാമകൃഷ്ണാനന്ദസ്വാമി ശ്രീരാമകൃഷ്ണന്റെ നേരിട്ടുള്ള ശിഷ്യൻ ആയിരുന്നു.

മിഷനിൽ കഴിഞ്ഞിരുന്ന ഒന്നരവർഷക്കാലം എനിക്കു വളരെയധികം കാര്യങ്ങൾ പഠിക്കാൻ കഴിഞ്ഞു. ജീവിതയാത്രയിൽ അവശ്യം വേണ്ടുന്ന പല സദ്ഗുണങ്ങളും അഭ്യസിച്ചത് അവിടെ കഴിഞ്ഞിരുന്ന കാലത്തായിരുന്നു. കേന്ദ്രത്തിൽ നല്ല ഒരു ലൈബ്രറി ഉണ്ടായിരുന്നു. ധാരാളം നല്ല ഗ്രന്ഥങ്ങൾ ഉണ്ടായിരുന്ന ആ ലൈബ്രറിയിൽനിന്നും ശ്രീരാമകൃഷ്ണന്റെയും അദ്ദേഹത്തിന്റെ സ്വന്തം ശിഷ്യന്മാരുടെയും ജീവിതത്തെ സംബന്ധിക്കുന്ന സാഹിത്യം മുഴുവൻ ഞാൻ വായിക്കുകയുണ്ടായി. എനിക്ക് ഇഷ്ടപ്പെട്ട ഗ്രന്ഥങ്ങൾ 'എം' രചിച്ച 'ഗോസ്പെൽ ഓഫ് രാമകൃഷ്ണ, ' സ്വാമി ശാരദാനന്ദൻ രചിച്ച 'രാമകൃഷ്ണാ ദി ഗ്രേറ്റ് മാസ്റ്റർ,' 'ദി കംപ്ലീറ്റ് വർക്ക്സ് ഓഫ് സ്വാമി വിവേകാനന്ദാ' എന്നിവയും ശ്രീരാമകൃഷ്ണന്റെ സ്വന്തം ശിഷ്യന്മാരുടെ ജീവചരിത്രങ്ങളും ആയിരുന്നു.

എനിക്ക് രാമകൃഷ്ണമിഷനിലെ മാതൃകാ പുരുഷന്മാരായ പല സന്ന്യാസിമാരെയും സന്ദർശിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിട്ടുണ്ട്. രാമകൃഷ്ണമിഷന്റെ അദ്ധ്യക്ഷനും ശാരദാദേവിയുടെ ശിഷ്യനുമായ സ്വാമി വീരേശ്വരാനന്ദാ, പ്രശസ്തനായ സ്വാമി രംഗനാഥാനന്ദാ എന്നിവർ എടുത്തു പറയേണ്ടവർ ആണ്. കൽക്കത്തയിൽ സ്ഥാപിക്കപ്പെട്ട 'രാമകൃഷ്ണാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ' സ്വാമി രംഗനാഥാനന്ദന്റെ ശ്രമഫലമായി രൂപംകൊണ്ടതാണ്. ആ വർഷം ദുർഗ്ഗാ പൂജ ആഘോഷവേളയിൽ അനേകം മുതിർന്ന സന്ന്യാസിമാരുമായി ആശയവിനിമയം ചെയ്യുന്നതിനുള്ള അവസരം കിട്ടി. ഖർ കേന്ദ്രത്തിൽ അവരിൽ പലരും വന്നിരുന്നു. അവരിൽ പല സന്ന്യാസിമാരും താന്ത്രിക വിദ്യയിൽ പ്രാവീണ്യം നേടിയിരുന്നു. ആദ്ധ്യാത്മികമായി ഉന്നത നിലവാരം പുലർത്തിയിരുന്നവർ ആയിരുന്നു അവരിൽ മിക്കവരും.

ഞാൻ ഒരു സന്ന്യാസി ആയിത്തീരണമെങ്കിൽ രാമകൃഷ്ണമഠത്തെക്കാൾ അനുയോജ്യമായ മറ്റൊരിടം ഇല്ലായിരുന്നു. എന്നാൽ ഞാൻ ഒരു ഗൃഹനാഥനാകാൻ വിധിക്കപ്പെട്ടവൻ ആയിരുന്നു. എനിക്കുവേണ്ടിയുള്ള ബാബാജിയുടെ പദ്ധതി മറ്റൊരു തരത്തിലുള്ളതായിരുന്നു. ഒന്നരക്കൊല്ലം കഴിഞ്ഞ് ഞാൻ രാമകൃഷ്ണാമിഷനും, ഖറും വിട്ടു. വീണ്ടും സ്വതന്ത്രമായ സഞ്ചാരം തുടങ്ങി.

ശ്രീരാമകൃഷ്ണനെയും സ്വാമി വിവേകാനന്ദനെയുംകുറിച്ചുള്ള എല്ലാ പുസ്തകങ്ങളും വായിച്ചു കഴിഞ്ഞപ്പോൾ രണ്ടു സ്ഥലങ്ങൾ സന്ദർശിക്കാനുള്ള ആഗ്രഹം ജനിച്ചു. ശ്രീരാമകൃഷ്ണൻ തന്റെ ജീവിതത്തിലെ അധികം സമയവും ചെലവഴിച്ച ഹൂഗ്ലി നദീതീരത്തുള്ള ദക്ഷിണേശ്വരത്ത് സ്ഥിതി ചെയ്യുന്ന

കാളിക്ഷേത്രവും നദിയുടെ മറുകരയിൽ സ്ഥിതി ചെയ്യുന്ന ശ്രീരാമകൃഷ്ണമിഷന്റെ ആസ്ഥാനവും ആണ് കാണാനാഗ്രഹിച്ചത്.

ബാബാജിയിൽനിന്നും എന്തെങ്കിലും സൂചന കിട്ടുമെന്നു പ്രതീക്ഷിച്ചു. പക്ഷേ, അതുണ്ടായില്ല. ഞാൻ ബോംബേ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ ചെന്ന് കൽക്കത്തയിലേക്കുള്ള ടിക്കറ്റെടുത്തു. ടിക്കറ്റിനുള്ള പണം കഷ്ടിച്ച് എന്റെ പക്കൽ ഉണ്ടായിരുന്നു. ഹൗറാ സ്റ്റേഷനിൽനിന്നും ദക്ഷിണേശ്വരംവരെയുള്ള ദൂരം കാൽനടയായിട്ടാണ് സഞ്ചരിച്ചത്. ഏറെ നാളുകളായി കൃത്യസമയത്ത് നല്ല ഭക്ഷണം ശീലമാക്കിയിരുന്ന ഞാൻ ദക്ഷിണേശ്വരത്ത് എത്തിയപ്പോഴേക്കും വിശപ്പും ക്ഷീണവും കാരണം വലഞ്ഞു. ക്ഷേത്രത്തിന്റെ പ്രവേശനകവാടത്തിൽ കണ്ട സുപരിചിതമായ രൂപം എനിക്ക് അങ്ങേയറ്റത്തെ ആഹ്ലാദവും അളവറ്റ ആവേശവും പകർന്നു. എനിക്കു പ്രിയങ്കരനായ ബാബാജിയെ കണ്ടയുടനേ എന്റെ ക്ഷീണവും വിശപ്പും എന്നിൽനിന്നും തൽക്ഷണം ചോർന്നുപോയി. അദ്ദേഹത്തിന്റെ പാദസ്പർശനത്തിനുവേണ്ടി ഞാൻ മുന്നോട്ടു കുതിച്ചു. അദ്ദേഹം എന്നെ സ്നേഹപൂർവ്വം ഗാഢം പുണർന്നുകൊണ്ടു പറഞ്ഞു. "ബ്രഹ്മചാരി മഹാരാജ് ! ആദ്യം ഭക്ഷണം ആകാം.... "

രുചികരമായ ഭക്ഷണം കഴിച്ചതിനുശേഷം ഞങ്ങൾ ക്ഷേത്രസമുച്ചയത്തിലേക്കു പ്രവേശിച്ചു. നൂറ്റിയമ്പതുവർഷം മുമ്പാണ് ആ ക്ഷേത്രം റാണി റാസ്മണി പണിയിച്ചത്. ഒരു ഭാഗത്ത് ഒരു ചെറിയ ഗോപാലകൃഷ്ണക്ഷേത്രം ഉണ്ട്. പ്രധാനക്ഷേത്രം ഭദ്രകാളിയുടേതാണ്. ക്രോധവും ക്രൗര്യവും മുഖത്ത് കളിയാടുന്ന മുഖമാണ് ഭദ്രകാളിയുടേത്. ദേവി യഥാർത്ഥത്തിൽ പരിശുദ്ധമായ ഊർജ്ജത്തിന്റെ പ്രതീകമാണ്. വിശുദ്ധശക്തിയാണ്. എന്നാൽ അതിന്റെ സ്ഫോടകാത്മകരൂപമാണ് ഈ വിധത്തിൽ കാണുന്നത്. ദേവാലയത്തിനുള്ളിലേക്കു കടക്കുമ്പോൾ വലതുഭാഗത്ത് പന്ത്രണ്ട് ലിംഗങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. അവ പന്ത്രണ്ട് ജ്യോതിർ ലിംഗങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ശിവന്റെ പത്നിയാണ് ഭദ്രകാളി.

പ്രധാന കവാടം കടന്ന് ക്ഷേത്രത്തിനുള്ളിലേക്കു പ്രവേശിച്ചയുടനേ ഞാൻ കോൾമയിർകൊണ്ടു. എന്നിൽ എന്തോ ഭാവമാറ്റം സംഭവിച്ചതായി അനുഭവപ്പെട്ടു. സാധാരണ കാണാത്ത രീതിയിലുള്ള ഗൗരവഭാവത്തോടെ ബാബാജി പ്രധാനക്ഷേത്രമായ ഭദ്രകാളി ക്ഷേത്രത്തിലേക്കു നോക്കുകയായിരുന്നു. അന്ന് ഒരു സാധാരണ ദിവസമായതിനാൽ ദർശനത്തിനെത്തിയവരുടെ നീണ്ടനിര ഇല്ലായിരുന്നു. ഏതാനും മിനിട്ടുകൾക്കുള്ളിൽ ഞങ്ങൾ പടികൾ കയറി രൗദ്രഭാവത്തിലുള്ള ജഗദംബയെ ദർശിച്ചു.

ദക്ഷിണേശ്വരക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള ഭദ്രകാളിയുടെ രൂപം അത്യന്തം ഭയാനകമാണ്. തന്ത്രശാസ്ത്രത്തിൽ പ്രതിപാദിതമായ ദശമഹാവിദ്യകൾ എന്നു വിളിക്കപ്പെടുന്ന പത്തു മഹാശക്തികളിൽ ഒന്നിനെയാണ് അവിടെ പ്രതീകാത്മകമായി പ്രതിഷ്ഠിച്ചിട്ടുള്ളത്. അതിൻപ്രകാരം ദേവിയുടെ നിറം കറുപ്പാണ്. ഭയാനകമായ നേത്രങ്ങളിൽ ക്രോധം ജ്വലിച്ചു നില്ക്കുന്നു. വായിൽനിന്നും പുറത്തേക്കു വീണുകിടക്കുന്ന നാവിൽനിന്നും രക്തം ഉതിർന്നു വീണുകൊണ്ടിരിക്കുന്നു. താഴോട്ടു വീണുകിടക്കുന്ന കട്ടിയുള്ള തലമുടി കാറ്റിൽ പറന്നുകൊണ്ടിരിക്കുന്നു. നഗ്നയായ ദേവിയുടെ ശരീരത്തെ

മറയ്ക്കുന്നതു മുറിച്ചു മാറ്റപ്പെട്ട ശിരസ്സുകൾ കോർത്ത ഹാരവും മനുഷ്യ കരങ്ങൾ തുന്നിയുണ്ടാക്കിയ പാവാടയും ആണ്. ദേവി ചതുർഭുജ ആണ്. ദേവിയുടെ ഒരു കൈ താഴോട്ടു പിടിച്ചിരിക്കുന്നു. മറ്റേ കൈ വരം നല്കാനായി മേല്പോട്ട് ഉയർത്തിപ്പിടിച്ചിരിക്കുന്നു. മൂന്നാമത്തെ കൈയിൽ ഇരിക്കുന്ന വാളിൽനിന്നും രക്തം ഇറ്റിറ്റു വീണുകൊണ്ടിരിക്കുന്നു. നാലാമത്തെ കരത്തിൽ രക്തം വാർന്നൊഴുകുന്ന ഛേദിച്ച മനുഷ്യശിരസ്സാണ്.

ക്രുദ്ധയായ ദേവി രൗദ്രഭാവത്തിൽ തന്റെ മുമ്പിൽ നിഷ്ക്രിയനായി കമിഴ്ന്നു കിടക്കുന്ന ശിവന്റെ നെഞ്ചിൽ ഒരു കാലൂന്നിക്കൊണ്ട് മറ്റേ കാല് നൃത്തമുദ്രയിൽ ഉയർത്തിപ്പിടിച്ചു നില്ക്കുന്നു. ആകക്കൂടി രക്തപങ്കിലമായ രൂപമായിരുന്നു ദേവിയുടേത്. എന്റെ ദൃഷ്ടികൾ ദേവിയിൽ പതിച്ചയുടനേ എന്നിൽ എന്തോ അസാധാരണമായി സംഭവിച്ചു. എന്റെ നട്ടെല്ലിനു താഴെ സുപ്താവസ്ഥയിൽ നിഷ്ക്രിയമായി കിടക്കുന്ന ജ്വലിക്കുന്ന ഊർജ്ജത്തെ സജീവമാക്കി മുകളിലോട്ട് പ്രവഹിപ്പിക്കാൻ ബാബാജി എന്നെ അഭ്യസിപ്പി ച്ചിരുന്നു. പ്രസ്തുത ഊർജ്ജം സ്വമേധയാ ശിരസ്സിലേക്കു പ്രവഹിക്കാൻ തുടങ്ങി. എന്റെ നട്ടെല്ലിനുള്ളിലൂടെ പ്രവഹിക്കാൻ തുടങ്ങിയപ്പോൾ ശരീരത്തി ലാകെ വ്യക്തമായ കമ്പനം അനുഭവപ്പെട്ടു. പ്രവാഹം മൂർദ്ധാവിൽ എത്തിയ പ്പോൾ അത് മഴവില്ലിന്റെ വർണ്ണങ്ങളായി ചിന്നിച്ചിതറി. ഞാൻ വിലപിച്ചു കൊണ്ട് താഴെ വീണു.

ഞാൻ ഉണർന്നപ്പോൾ ക്ഷേത്രത്തിനു മുൻവശത്തുള്ള ഡാൻസ് ഹാളിന്റെ ഒരു മൂലയിൽ ബാബാജിയുടെ മടിയിൽ തലവച്ചുകൊണ്ട് കിടക്കുകയായിരുന്നു. അദ്ദേഹം എന്റെ ശിരസ്സിൽ മന്ദം മന്ദം തലോടിക്കൊണ്ടു പറഞ്ഞു: " നിനക്ക് താങ്ങാൻ കഴിയുന്നതിനും അധികമായിപ്പോയി. ശരീരത്തിന് അതിന്റെ ശക്തി യായ സ്വാധീനത്തെ താങ്ങാനുള്ള കഴിവില്ല. എന്തായാലും ഞാൻ കൂടെയുണ്ടാ യിരുന്നതു നന്നായി. അല്ലാത്തപക്ഷം ഭ്രാന്തുപിടിച്ചേനേ."

"ആനന്ദാതിരേകത്താൽ എന്റെ ശരീരം മുഴുവൻ കമ്പനം അനുഭവ പ്പെടുന്നു. ഇതുപോലെയുള്ള ഒരനുഭവം മുമ്പ് ഒരിക്കലും ഉണ്ടായിട്ടില്ല." ഞാൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.

"എല്ലാം ശരിയാകും. നീ ഇപ്പോൾ എണീറ്റു നില്ക്കൂ. നമുക്ക് ചുറ്റും നടന്നു കാണാം."

ഞങ്ങൾ ദേവാലയ സമുച്ചയം ചുറ്റിനടന്നു കാണാൻ തുടങ്ങി. അനുഭവിച്ചു കൊണ്ടിരുന്ന ആനന്ദം കുറഞ്ഞുകൊണ്ടിരുന്നു. ഞങ്ങൾ പ്രസിദ്ധമായ ഗോപാല കൃഷ്ണ ക്ഷേത്രം ദർശിച്ചു. കൃഷ്ണന്റെ ചെറിയ വിഗ്രഹമാണ് അവിടെ ഉണ്ടായിരുന്നത്. ഒരിക്കൽ പൂജാരി വിഗ്രഹം കുളിപ്പിച്ചുകൊണ്ടിരുന്നപ്പോൾ വിഗ്രഹം കൈയിൽനിന്നും താഴെ വീഴുകയും ഒരു കാൽ ഒടിയുകയും ചെയ്തു. ധർമ്മശാസ്ത്രപണ്ഡിതന്മാർ അതേപ്പറ്റി ചർച്ച ചെയ്യുകയും പ്രസ്തുത വിഗ്രഹത്തെ ആരാധിക്കുന്നത് അശുഭകരമാണെന്നു വിധിക്കുകയും ചെയ്തു.

ക്ഷേത്രം സ്ഥാപിച്ച റാണി റാസ്മണി കാളിക്ഷേത്രത്തിലെ യുവ പൂജാരിയും പുണ്യാത്മാവുമായ ഗദാധര ചതോപാദ്ധ്യായയുമായി (പിൽക്കാലത്ത് അദ്ദേഹത്തിന്റെ ഭക്തന്മാരാണ് ശ്രീരാമകൃഷ്ണ പരമഹംസൻ എന്ന പേര് നല്കിയത്) ഈ വിഷയത്തെപ്പറ്റി ആലോചിക്കാമെന്നു കരുതി. യുവാവായ

ശ്രീരാമകൃഷ്ണൻ ഇത്രമാത്രം പറഞ്ഞു: "ഇവിടെയുള്ള പണ്ഡിതന്മാരുടെ പാണ്ഡിത്യമൊന്നും എനിക്കില്ല. എങ്കിലും ഞാനൊന്നു ചോദിക്കട്ടെ. റാണിയുടെ മരുമകൻ നിലത്തു വീണ് ഒരു കാല് ഒടിയുകയാണെങ്കിൽ അദ്ദേഹത്തെ ഗംഗയിലേക്കു വലിച്ചെറിഞ്ഞിട്ട് പകരം മറ്റൊരാളെ സ്വീകരിക്കുമോ? അതിരിക്കട്ടെ, ബിംബത്തിന്റെ ഒടിഞ്ഞ കാല് ഞാൻ ശരിപ്പെടുത്താം. പൊട്ടൽ ആരും തിരിച്ചറിയുകയില്ല. എല്ലാം മഹതി തീരുമാനിക്കുന്നതുപോലെ. " ശ്രീരാമകൃഷ്ണൻ തന്നെ അത് ശരിയാക്കി പുനഃപ്രതിഷ്ഠിക്കുകയും ചെയ്തു. ഇന്നും ആ മൂർത്തിയാണ് ആരാധിക്കപ്പെടുന്നത്.

ഞങ്ങൾ പന്ത്രണ്ടു ലിംഗങ്ങൾ ദർശിക്കുകയും അവയെ പ്രദക്ഷിണം വയ്ക്കുകയും ചെയ്തു. പന്ത്രണ്ടു ലിംഗങ്ങളും സർവ്വേശ്വരനും സർവ്വമംഗളദായകനുമായ സദാശിവന്റെ പ്രതീകങ്ങളാണ്. ഞങ്ങൾ ക്ഷേത്രസമുച്ചയത്തിൽ നിന്നും പുറത്തിറങ്ങി. പിന്നീട് ഞങ്ങൾ നേരേ പോയത് ശ്രീരാമകൃഷ്ണൻ തന്റെ ജീവിതത്തിന്റെ സിംഹഭാഗവും ചെലവഴിച്ചിരുന്ന ചെറിയ മുറിയിലേക്കായിരുന്നു. സ്വാമി വിവേകാനന്ദൻ ഉൾപ്പെടെ പിൽക്കാലത്ത് അതിപ്രശസ്തരായിത്തീർന്നവർ ആ മുറിയിൽ എത്രയോ പ്രാവശ്യം വന്നിട്ടുണ്ട്. സ്വാമി വിവേകാനന്ദന്റെ യഥാർത്ഥ നാമം നരേന്ദ്രനാഥ ദത്ത എന്നായിരുന്നു. ഭൈരവി ബ്രാഹ്മണി, ഗോപാൽ മാ, തോത്താപുരി തുടങ്ങിയ സാധകരും സത്യാന്വേഷികളും ഈ മുറിയിൽ ശ്രീരാമകൃഷ്ണപരമഹംസനോടൊപ്പം വളരെ സമയം ചെലവഴിച്ചിട്ടുണ്ട്.

എന്റെ ശരീരത്തിന് വീണ്ടും കമ്പനം അനുഭവപ്പെട്ടു. കണ്ണുനീർ അനവരതം ഒഴുകാൻ തുടങ്ങി. ഞാൻ ബാബാജിയോടൊപ്പം ശ്രീരാമകൃഷ്ണപരമഹംസൻ ശയിച്ചിരുന്ന കട്ടിലിനു സമീപം ഇരുന്നു. കണ്ണടച്ചുകൊണ്ടിരുന്ന ഞാൻ വീഡിയോവിൽ കാണുന്നതുപോലുള്ള ദൃശ്യങ്ങൾ കണ്ടു. ഗുരുവും ശിഷ്യന്മാരും കളിതമാശകൾ പറഞ്ഞ് പൊട്ടിച്ചിരിക്കുന്നു. അവർ ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുന്നു. ഏറെ സമയം കഴിഞ്ഞ് ബാബാജിയുടെ ശബ്ദം കാതിൽ വീണു: "നമുക്കു പോകാം." രണ്ടു പേരും പുറത്തേക്ക് ഇറങ്ങി. എന്നിട്ട് വരാന്തയ്ക്കു സമീപം നിന്നു. ഈ വരാന്തയിൽവച്ചാണ് ശ്രീരാമകൃഷ്ണ പരമഹംസൻ ഒരു വേശ്യയുടെ പാദങ്ങളിൽ നമസ്കരിച്ചത്. അദ്ദേഹം പറഞ്ഞു: "അല്ലയോ ജഗന്മാതാവായ കാളീ! നീ എത്ര മനോഹരിയാണ്, നീ പതിനായിരക്കണക്കിനു രൂപങ്ങളിൽ പ്രത്യക്ഷപ്പെടുന്നു."

പിന്നീട് ഞങ്ങൾ നഹാബത്ത് സന്ദർശിച്ചു. അവിടെയാണ് ശ്രീരാമകൃഷ്ണപരമഹംസന്റെ പത്നിയായ വിശുദ്ധമാതാവ് ശാരദാ ദേവി താമസിച്ചുകൊണ്ട് ഭർത്താവിനുവേണ്ടിയുള്ള ഭക്ഷണം തയ്യാറാക്കിയിരുന്നത്. അവിടെനിന്നും ഞങ്ങൾ ഗംഗാതീരത്തേക്കു പോയി. ബാബാജി എനിക്കു പഞ്ചവടിത്തോട്ടം കാണിച്ചു തന്നു. അവിടെ വച്ചായിരുന്നു ശ്രീരാമകൃഷ്ണപരമഹംസൻ താന്ത്രികവിദ്യാധ്യാപികയായ ഭൈരവി ബ്രാഹ്മണിയുടെ മാർഗ്ഗദർശിത്വത്തിൽ താന്ത്രികാനുഷ്ഠാനങ്ങൾ അഭ്യസിച്ചത്. കുണ്ഡലിനി ദീക്ഷയും അവരിൽ നിന്നാണ് അദ്ദേഹത്തിനു ലഭിച്ചത്. ഭൈരവി ബ്രാഹ്മണി ശ്രീരാമകൃഷ്ണ പരമഹംസനെ അല്പമെങ്കിലും ആഹാരം കഴിക്കാൻവേണ്ടി അനുനയി

പ്പിക്കുന്നത് താൻ നേരിൽ കണ്ടിട്ടുണ്ടെന്ന് ബാബാജി എന്നോടു പറഞ്ഞു. കുറച്ചു കൊല്ലങ്ങൾക്കു മുമ്പായിരുന്നുവെങ്കിൽ ബാബാജിക്ക് എങ്ങനെ കാണാൻ കഴിഞ്ഞുവെന്ന് ചോദ്യം ചെയ്യുമായിരുന്നു. കാഴ്ചയിൽ ബാബാജിക്ക് മുപ്പത് വയസ്സേ തോന്നിച്ചിരുന്നുള്ളൂ. എന്നാൽ എനിക്ക് പിന്നീട് സമയം, സ്ഥലം എന്നിവയെ സംബന്ധിക്കുന്ന പരമ്പരാഗതമായ സങ്കല്പങ്ങളുടെ നിർത്ഥകത ബോധ്യമായി.

ഭൈരവി ബ്രാഹ്മണി ബനാറസ്സിലെ നഗ്നസന്ന്യാസിയായ ത്രൈലംഗ സ്വാമിയുടെ ശിഷ്യയാണെന്നു ബാബാജി പറഞ്ഞു. അവർ ആദ്ധ്യാത്മികമായി വളരെ ഉന്നതി പ്രാപിച്ച ഒരു യോഗിനി ആയിരുന്നുവെന്നും അദ്ദേഹം പറഞ്ഞു. ശ്രീരാമകൃഷ്ണപരമഹംസൻ ഒരു സാധാരണ സാധകൻ അല്ലെന്നും ഒരു തരത്തിലുള്ള അവതാരപുരുഷനാണെന്നും യോഗിനി വിശ്വസിച്ചിരുന്നു. ഇതു സംബന്ധിച്ച് ഒരു രസകരമായ കഥ ബാബാജി എനിക്കു പറഞ്ഞുതന്നു.

ശ്രീരാമകൃഷ്ണപരമഹംസനെ ഔപചാരികമായി ഒരു അവതാരപുരുഷൻ എന്നു പ്രഖ്യാപിക്കുന്നതിനുവേണ്ടി ഭൈരവി ബ്രാഹ്മണി മതപണ്ഡിതരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി. ഭൂരിപക്ഷം പണ്ഡിതന്മാരും ശ്രീരാമകൃഷ്ണന് അസാധാരണമായ കഴിവുകൾ ഉണ്ടെന്നും ഒരു അവതാരപുരുഷനു വേണ്ടുന്ന പല ഗുണങ്ങളും അദ്ദേഹത്തിനുണ്ടെന്നും അഭിപ്രായപ്പെട്ടു. ഒടുവിൽ അവർ ശ്രീരാമകൃഷ്ണപരമഹംസനോടുതന്നെ ഈ വിഷയത്തെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്ന് ആരായാൻ തീരുമാനിച്ചു.

അതിന് ഏതാനും ദിവസം മുമ്പ് ശ്രീരാമകൃഷ്ണപരമഹംസൻ അർദ്ധ സമാധിയുടെ അവസ്ഥയിൽ ആയിരുന്ന സമയത്ത് ക്ഷേത്രത്തിനു സമീപം കാൽ വഴുതിവീഴുകയും വീഴ്ചയിൽ ഒരു കൈയ്ക്ക് ഒടിവു സംഭവിക്കുകയും ചെയ്തു. തീരുമാനമെടുക്കാനുള്ള സമിതിക്കു മുമ്പാകെ ശ്രീരാമകൃഷ്ണ പരമഹംസൻ തന്റെ ഒടിഞ്ഞ കൈയും കെട്ടിത്തൂക്കി ഹാജരായി. സമിതി അദ്ദേഹത്തോട് അഭിപ്രായം ആരാഞ്ഞപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് പറഞ്ഞു: "ശാസ്ത്രങ്ങളിൽ ഈ വിഷയത്തെപ്പറ്റി എന്താണ് പറയുന്നതെന്ന് എനിക്ക് അറിഞ്ഞു കൂടാ. നിങ്ങളുടെ അഭിപ്രായം എന്താണെന്നും എനിക്ക് അറിഞ്ഞുകൂടാ. നിങ്ങൾ എന്നെ ഒരു അവതാരം ആണെന്നു പറയുകയാണെങ്കിൽ എനിക്ക് പറയാനുള്ളത് പറയാം... ഇത് ഒടിഞ്ഞ കൈയും കെട്ടിത്തൂക്കിയുള്ള ആദ്യത്തെ അവതാരമായിരിക്കും." എന്തായാലും ഭൈരവി ബ്രാഹ്മണി ശ്രീരാമകൃഷ്ണപരമഹംസൻ ഒരു അവതാരംതന്നെയാണെന്ന് ഉറച്ചു വിശ്വസിച്ചു.

ഞാൻ ബാബാജിയോട് ചോദിച്ചു: "ഈ വിഷയത്തിൽ താങ്കളുടെ അഭിപ്രായം എന്താണ്?"

"അതെ, അദ്ദേഹം അവതാരംതന്നെയാണ്."

ദക്ഷിണേശ്വരത്തിൽനിന്നും ഒരു തോണിയിൽ കയറി രാമകൃഷ്ണമിഷന്റെ ആസ്ഥാനമായ ബേലൂർ മഠത്തിലേക്കു പോയി, ധാരാളം മരങ്ങളുള്ള അനേകം ഏക്കർ വ്യാപിച്ചു കിടക്കുന്ന ബേലൂർ മഠത്തിൽ ഏതു സമയത്തും ഏകദേശം ഇരുന്നൂറോളം സന്ന്യാസിമാരും ബ്രഹ്മചാരികളും ഉണ്ടായിരിക്കും. മഠം പല ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും മനം കവരുന്ന കെട്ടിടം

ശ്രീരാമകൃഷ്ണക്ഷേത്രമാണ്. ക്ഷേത്രം പണിയിച്ചിരിക്കുന്നത് ബ്രൗൺ നിറത്തിലുള്ള കല്ലും ഗ്രാനൈറ്റുംകൊണ്ടാണ്. മാർബിൾകൊണ്ടുള്ള തറയും അത്യാകർഷകമായ കുംഭഗോപുരങ്ങളും ക്ഷേത്രത്തിനു ഭംഗി പകരുന്നു. വാസ്തു നിർമ്മാണകല ഇതിന്റെ നിർമ്മാണത്തിൽ അത്ഭുതകരമായ സംഭാവന നല്കിയിരിക്കുന്നു.

ക്ഷേത്രത്തിലെ ശ്രീകോവിലിനുള്ളിൽ വെണ്ണക്കല്ലിൽ നിർമ്മിച്ച ശ്രീരാമകൃഷ്ണപരമഹംസന്റെ പ്രതിമ പ്രതിഷ്ഠിച്ചിട്ടുണ്ട്. ചമ്രം പടിഞ്ഞ് സമാധിയിൽ ഇരിക്കുന്ന രൂപത്തിലാണ് പ്രതിഷ്ഠ. പ്രതിഷ്ഠ ഇരിക്കുന്ന പീഠത്തിനു താഴെയാണ് അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അസ്ഥിയും ചിതാഭസ്മവും സ്വാമി വിവേകാനന്ദൻതന്നെയാണ് ശിരസ്സിൽ വഹിച്ചുകൊണ്ടുവന്ന് അവിടെ പ്രതിഷ്ഠിച്ചത്. അതിനുശേഷം ഞങ്ങൾ നദീതീരത്തുള്ള ചില ആരാധനാലയങ്ങളിൽ പോയി. ഈ ആരാധനാലയങ്ങളിലാണ് സ്വാമി വിവേകാനന്ദൻ ഉൾപ്പെടെയുള്ള ശ്രീരാമകൃഷ്ണ പരമഹംസന്റെ ശിഷ്യന്മാരുടെയും വിശുദ്ധ മാതാവായ ശാരദാദേവിയുടെയും ഭൗതികാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്നത്.

ബാബാജി എന്നെ അടുത്തുള്ള ഒരു കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്കു കൂട്ടിക്കൊണ്ടുപോയി. ബാൽക്കണിയിൽ നിന്നാൽ ഗംഗാനദി കാണാം. ബാൽക്കണിയിലേക്കു തുറക്കുന്ന ജനാലയിലൂടെ സുസജ്ജവും മനോഹരവുമായ ഒരു ശയനമുറി കണ്ടു. ഈട്ടിത്തടികൊണ്ടുള്ള ഒരു വലിയ കട്ടിലും മനോഹരമായ ഒരു മേശയും വൃത്താകൃതിയിലുള്ള കണ്ണാടിയോടു കൂടിയ ഒരു ഡ്രസ്സിങ് ടേബിളും ഒരു സോഫായും റൈറ്റിങ്ടേബിളും കുഷനുള്ള കസേരയും നിലത്ത് തുർക്കി കമ്പിളിപ്പുതപ്പും കിടക്കുന്നതു കണ്ടു.

ഞാൻ മുറിയുടെ വാതിൽ ഏതു ഭാഗത്താണെന്ന് അന്വേഷിച്ചു; അത് വലതുവശത്തായിരുന്നു. പക്ഷേ, പൂട്ടിയിട്ടിരിക്കുകയായിരുന്നു. വാതിലിനു മുകളിൽ ' വിവേകാനന്ദന്റെ മുറി' എന്ന എഴുതിയ ബോർഡ് തൂക്കിയിട്ടിരിക്കുന്നു. അദ്ദേഹം ഉപയോഗിച്ചിരുന്ന അനേകം വാദ്യോപകരണങ്ങൾ മുറിയുടെ ഒരു മൂലയിൽ കൂട്ടിയിട്ടിരുന്നു. മറ്റൊരു മൂലയിൽ അദ്ദേഹത്തിന്റെ മനോഹരമായ വാക്കിങ് സ്റ്റിക്കും, തുകൽ ചെരുപ്പുകളും, ബ്രീഫ്കേസും സൂക്ഷിച്ചുവച്ചിരുന്നു. ഇത്രയും ആഡംബരപൂർണ്ണമായ അന്തരീക്ഷത്തിൽ സ്വാമി വിവേകാനന്ദനെപ്പോലെയുള്ള ഒരു സന്ന്യാസിക്ക് എങ്ങനെ ജീവിക്കാൻ കഴിഞ്ഞുവെന്ന് ആലോചിച്ച് ഞാൻ അത്ഭുതപ്പെട്ടു.

അന്നേരം മൗനം ഭഞ്ജിച്ചുകൊണ്ട് ബാബാജി പറഞ്ഞു: "ആന്തരികമായും ബാഹ്യമായും സ്വാമിജി ഒരു രാജയോഗിയാണ്. ഈ ദൃശ്യപ്രപഞ്ചത്തിൽ കാണുന്നതിന്റെയൊക്കെ അധിപൻ ആണ് അദ്ദേഹം. യോഗികൾ എങ്ങനെ ജീവിക്കുന്നു എന്നതും, ഓരോ കാര്യത്തിലും അവർ എങ്ങനെ ഇടപെടുന്നു എന്നതും അവരുടെ ജീവിതലക്ഷ്യത്തെ ആശ്രയിച്ചിരിക്കുന്നു. ബാഹ്യമായി കാണുന്നതിനല്ല പ്രാധാന്യം കല്പിക്കപ്പെടേണ്ടത്, മറിച്ച് അവരുടെ മനോഭാവമാണ് മുഖ്യമായിട്ടുള്ളത്. അദ്ദേഹം വളരെ പ്രശസ്തനായിത്തീർന്നതിനുശേഷമാണ് അദ്ദേഹത്തിന്റെ ബാഹ്യമായ ജീവിതം ശ്രദ്ധിക്കപ്പെട്ടത്. വിശേഷിച്ചും ബേലൂർ മഠം നിർമ്മിച്ചതിനുശേഷം എന്നു വേണമെങ്കിൽ പറയാം.

എന്നാൽ അതിനു മുമ്പ് ചെറുപ്പകാലത്ത് അദ്ദേഹത്തിന് എണ്ണമറ്റ യാതനകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. ഒരു നേരത്തെ ഭക്ഷണംപോലും കിട്ടാതെ അദ്ദേഹം വലഞ്ഞിട്ടുണ്ട്. അതിനുശേഷവും ഒരു കമണ്ഡലുവുമായി ഒരിക്കൽ കൂടി സന്ന്യാസിയുടെ വേഷം ധരിച്ച് അലഞ്ഞുനടന്നിട്ടുണ്ട്. നിസ്വനായി സഞ്ചരിച്ചു. ഇതൊക്കെ ആയിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

"ഒരു കാര്യംകൂടി മനസ്സിലാക്കൂ. ജനകൻ വിദേഹരാജ്യത്തിലെ രാജാവ് ആയിരുന്നു. എന്നിട്ടും അദ്ദേഹം ഒരു ഋഷിയായിരുന്നു; രാജർഷിയായിരുന്നു. നീയും ഒരു രാജർഷി ആയി ജീവിക്കണം."

ഞാൻ എതിർത്തുകൊണ്ട് പറഞ്ഞു. "ബാബാജി ഞാൻ ജീവിതത്തിൽ പലതും ഇഷ്ടപ്പെടുന്നു. നല്ല കാറുകൾ ഓടിക്കാൻ എനിക്ക് ഇഷ്ടമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. എന്നിരുന്നാലും ഹിമാലയത്തിൽ ആരുടെയും സംരക്ഷണം കൂടാതെ അലഞ്ഞുനടക്കാൻ അങ്ങ് എന്നെ അനുവദിക്കുകയാണെങ്കിൽ അതായിരിക്കും എനിക്കേറ്റവും ഇഷ്ടം."

ബാബാജി പറഞ്ഞു: "മിതത്വം പാലിച്ചാൽ എല്ലാം നല്ലതുതന്നെ. വണ്ടി ഓടിക്കുമ്പോൾ വേഗം കൂടുന്നുണ്ട്. ശ്രദ്ധവേണം."

ബേലൂർ മഠത്തിലെ ഡൈനിങ് ഹാളിലിരുന്ന് ഞങ്ങൾ രണ്ടുപേരും രുചിയുള്ള ഭക്ഷണം കഴിച്ചു. അതിനുശേഷം മുൻവശത്തുള്ള പ്രധാന കവാടത്തിലേക്കു നടന്നു. പ്രധാനകവാടത്തിനു പുറത്ത് ഇറങ്ങിക്കഴിഞ്ഞപ്പോൾ ബാബാജി എന്റെ കൈയിൽ കുറച്ചു പണം തന്നിട്ടു പറഞ്ഞു: "ഇപ്പോൾ നീ വീട്ടിലേക്കു മടങ്ങിപ്പോകണം ഇനിയും ഒരു അവസരം ഉണ്ടാകുന്നതുവരെ കാത്തിരിക്കണം. നീ വീണ്ടും ബേലൂർ മഠത്തിൽ വരികയും ഏറെ നാളുകൾ ഇവിടെ തങ്ങുകയും ചെയ്യും." ഇത്രയും പറഞ്ഞിട്ട് ബാബാജി നടന്നകന്നു. ഞാൻ മടങ്ങിവരും എന്ന അദ്ദേഹത്തിന്റെ പ്രവചനം കുറെ വർഷം കഴിഞ്ഞു സത്യമായി ഭവിച്ചു.

ഞാൻ വീട്ടിലേക്കുള്ള മടക്കയാത്രയിൽ ഭുവനേശ്വറും പുരിയും സന്ദർശിച്ചു. ജഗന്നാഥക്ഷേത്രത്തിൽവച്ച് അഭൂതപൂർവ്വമായ ആദ്ധ്യാത്മികാനുഭൂതിക്കു വശംവദനായ ഞാൻ ഏതോ ചേതോവികാരത്താൽ തറയിൽ ഇരുന്നു. ആ സമയത്ത് എന്റെ കൺമുമ്പിലൂടെ ചൈതന്യമഹാപ്രഭുവിന്റെ ജീവിതത്തിലെ സംഭവങ്ങൾ കടന്നുപോയി. നിതായി, ഗൗരംഗാ എന്നീ യുവാക്കൾ ഇലത്താളങ്ങളുടെയും ചെണ്ടയുടെയും മേളത്തിനൊത്ത് ജഗന്നാഥിനു മുമ്പിൽ ആനന്ദനൃത്തം ചെയ്യുന്നതു കണ്ടു.

ഞാൻ ചൈതന്യമഹാപ്രഭുവിന്റെ വാസസ്ഥലം സന്ദർശിച്ചു. കടൽക്കരയിൽ ഒരു ചെറിയ സ്ഥലത്തായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ കൂടെ ഉറ്റ സുഹൃത്തും ശിഷ്യനും ആയിരുന്ന ഹരിദാസ് പ്രഭുവും താമസിച്ചിരുന്നു. ഹരിദാസ് പ്രഭു ജന്മംകൊണ്ട് മുസൽമാൻ ആയിരുന്നു. അതിനാൽ അദ്ദേഹത്തിനു ജഗന്നാഥക്ഷേത്രത്തിൽ പ്രവേശനം നിഷേധിക്കുകയുണ്ടായി. ചൈതന്യമഹാപ്രഭു ക്ഷേത്രദർശനം കഴിഞ്ഞ് നിത്യവും ഹരിദാസ് പ്രഭുവിന്റെ വസതി സന്ദർശിച്ചിരുന്നു. ഹരിദാസ് പ്രഭു ജീവിതത്തിന്റെ അന്ത്യനിമിഷത്തിൽ ചൈതന്യമഹാപ്രഭുവിന്റെ പാദങ്ങൾ തന്റെ നെഞ്ചിനോട് ചേർത്തുപിടിച്ചു കൊണ്ട് 'ഹരി ഹരി' എന്ന് ഉരുവിട്ടുവെന്നു പറയപ്പെടുന്നു.

മുപ്പത്തിയെട്ട്

ശ്രീദേവിയും നീംകരോലി ബാബയും

വീട്ടിൽ മടങ്ങിയെത്തി എട്ടുമാസം കഴിഞ്ഞ് ഞാൻ വീണ്ടും തെരുവിലേക്ക് ഇറങ്ങി. ഈ പ്രാവശ്യം എന്റെ യാത്ര ഡൽഹിയിലേക്ക് ആയിരുന്നു. ഡൽഹിയിൽ എന്റെ നല്ല സുഹൃത്തായ ബാലചന്ദ്രൻനായരോടൊപ്പം പണിയെടുത്തു. മുമ്പൊരിക്കൽ ട്രെയിനിൽവച്ചായിരുന്നു ബാലചന്ദ്രൻ നായരെ ഞാൻ പരിചയപ്പെട്ടത്. ഞങ്ങൾ നല്ല സുഹൃത്തുക്കളായി. അദ്ദേഹത്തിന് എന്നെക്കാൾ പ്രായം കൂടുതൽ ഉണ്ടായിരുന്നു. അയാൾ ഡൽഹിയിൽ 'ആക്സെന്റ്' എന്ന പേരിൽ ഒരു ആദ്ധ്യാത്മിക സാംസ്കാരികമാസിക നടത്തുകയായിരുന്നു. ഞാനും ആ മാസികയിൽ പണിയെടുത്തു. എഡിറ്റിങ്ങിന്റെ ബാലപാഠങ്ങൾ പഠിച്ചത് ബാലചന്ദ്രൻ നായരിൽനിന്നായിരുന്നു. ഞാൻ മാസികയ്ക്കുവേണ്ടി പല വിശദീകരണചിത്രങ്ങൾ വരച്ചിരുന്നു. ഞാൻ ബാലചന്ദ്രൻ നായരെ ചേട്ടൻ എന്നാണു വിളിച്ചിരുന്നത്. കേരളത്തിലെ തീരദേശ പ്രദേശമായ കാഞ്ഞങ്ങാടിലാണ് അയാൾ ഇപ്പോൾ താമസിക്കുന്നത്. അയാൾ ആദ്ധ്യാത്മികവിഷയങ്ങളെ ആധാരമാക്കി ശ്രീകാന്ത് എന്ന തൂലികാനാമത്തിൽ നല്ല പുസ്തകങ്ങൾ പ്രകാശനം ചെയ്തിട്ടുണ്ട്.

കുറച്ചു ദിവസം ഡൽഹിയിൽ കഴിഞ്ഞതിനുശേഷം ഞാൻ ഹിമാലയത്തിലേക്കു തിരിച്ചു. ഇത്തവണ യാത്ര ചെയ്തത് മറ്റൊരു ദിശയിലൂടെയായിരുന്നു. ഹൽദ്വാനിയിലൂടെ യാത്ര ചെയ്ത് ഹീരാകുണ്ഡ് ബാബയുടെ ഗുഹ സന്ദർശിക്കുകയുണ്ടായി. വളരെ മുമ്പ് ജീവിച്ചിരുന്ന അദ്ദേഹം ഗുരുബാബയുടെ ശിഷ്യനായ ഒരു വലിയ സിദ്ധനായിരുന്നു. അവിടെനിന്നും റാണീഖേത്തിലേക്കും ദ്വാരാഹാട്ടിലേക്കും അവിടെനിന്നും കുകുർചീനയിലേക്കും പോയി. ഗുരുബാബായുടെ ശിഷ്യനും മഹായോഗിയുമായ ശ്യാമചരൺ ലാഹിരിയുടെ ഗുഹയിലേക്ക് പോകുകയായിരുന്നു എന്റെ ലക്ഷ്യം.

പാണ്ഡവർ വനവാസക്കാലത്ത് താമസിച്ചിരുന്നു എന്ന് തദ്ദേശവാസികൾ വിശ്വസിക്കുന്ന പാണ്ഡുഖലിയിലൂടെയായിരുന്നു യാത്ര. പാറക്കുന്നിൽ നിന്നും കൈയും കാലും അള്ളിപ്പിടിച്ച് താഴോട്ടിറങ്ങി ഗുഹയിലെത്തി. ഗുഹയിൽ ആരും താമസിച്ചിരുന്നില്ല. ഗുഹയിൽ ശാന്തിയും പവിത്രതയും കളിയാടിയിരുന്നു. ഗുഹയ്ക്കുള്ളിൽ ഇരുന്ന് ക്രിയായോഗം ചെയ്തുകൊണ്ടിരുന്നപ്പോൾ ബോധത്തിന്റെ സവിശേഷമായ ഒരു തലത്തിൽ എത്തുകയുണ്ടായി. എന്റെ ഹൃദയചക്രത്തിൽ ശ്രീഗുരുബാബായുടെ വ്യക്തമായ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിഞ്ഞു. സമാധിയിൽനിന്നും ഉണർന്ന ഞാൻ കുഴയ്ക്കുന്ന വഴികളുള്ള തുരങ്കത്തിലൂടെ യാത്ര ചെയ്തു ഗുഹയുടെ വലതുഭാഗത്തുള്ള പ്രവേശനദ്വാരത്തിൽ എത്താമെന്നു പ്രതീക്ഷിച്ചു.

ബാബാജിയുടെ അസാന്നിദ്ധ്യം മനസ്സിനെ വേദനിപ്പിച്ചിരുന്നു. അദ്ദേഹം എന്നെ കാണുമെന്നുള്ള പ്രബലമായ വിശ്വാസം മനസ്സിൽ കിടന്നിരുന്നു. ഞാൻ തുരങ്കത്തിനുള്ളിലേക്കു കടന്നു. അകത്ത് വെളിച്ചമില്ലായിരുന്നുവെങ്കിലും തുരങ്കത്തിന്റെ ഇരുവശത്തും സ്പർശിച്ചുകൊണ്ട് വഴി മനസ്സിലാക്കി മുമ്പോട്ട് പോയി. ഹിമാലയൻ കരടികളുടെയും പാമ്പുകളുടെയും സാന്നിദ്ധ്യത്തെയോർത്ത് ഗുഹയുടെ പ്രവേശനദ്വാരത്തിലേക്കു മടങ്ങിപ്പോയാലോ എന്നു വിചാരിച്ചു. അന്നേരം ഒരറ്റത്ത് മങ്ങിക്കത്തുന്ന പ്രകാശം കണ്ടപ്പോൾ ധൈര്യം വീണ്ടെടുത്തുകൊണ്ടു മുന്നോട്ടു പോകാൻതന്നെ ഉറച്ചു. പ്രകാശം അധികരിക്കാൻ തുടങ്ങി. അപ്പോൾ തുരങ്കം അവസാനിക്കുന്നിടത്ത് മറ്റൊരു വലിയ ഗുഹ ഉള്ളതായി മനസ്സിലാക്കി. പ്രസ്തുത ഗുഹയുടെ പ്രവേശനദ്വാരം കിഴക്കുവശത്തായിരുന്നു.

ധൂനി കത്തിജ്ജ്വലിക്കുകയായിരുന്നു. എന്റെ ഹൃദയം ആനന്ദംകൊണ്ട് തുള്ളിച്ചാടി. ബാബാജി പദ്മാസനത്തിൽ ഇരിക്കുന്നതു കണ്ടു. അദ്ദേഹം നിവർന്ന് അഗ്നിയിൽ നോക്കി ഇരിക്കുകയായിരുന്നു. അദ്ദേഹം എന്റെ നേർക്കു നോക്കിയില്ല. ഇത്രമാത്രം പറഞ്ഞു: "മധുജി, വരൂ. കണ്ടിട്ട് കുറെ നാളായല്ലോ." ഞാൻ സാഷ്ടാംഗം പ്രണമിച്ചു. ഞങ്ങൾ ഏറെ നേരം സംസാരിച്ചു. പതിവുപോലെ കഴിക്കാൻ ചപ്പാത്തിയും, ദാലും, ഇലക്കറിയും തന്നു. അദ്ദേഹം എന്നോട് ധ്യാനത്തിനുശേഷം ഉറങ്ങിക്കൊള്ളാൻ പറഞ്ഞു. അദ്ദേഹം പറയുകയുണ്ടായി:

"പഞ്ച്കുലി എന്നുപറയുന്ന ഈ സ്ഥലം അനേകം മഹാന്മാരായ യോഗികളുടെയും സിദ്ധന്മാരുടെയും അന്ത്യവിശ്രമത്തിനുള്ള സ്ഥലമാണ്. ഈ കുന്നിൽ പല സ്ഥലത്തും അവരുടെ ശവകുടീരങ്ങൾ കാണാൻ കഴിയും. ഒരു കാലത്ത് ഈ സ്ഥലം എനിക്കും ശ്രീഗുരുവിനും വളരെ ഇഷ്ടപ്പെട്ടതായിരുന്നു. അടുത്തകാലത്തായി ഞങ്ങൾ ഇവിടെ കൂടക്കൂടെ വരാറില്ല." ഞാൻ ഉറങ്ങാനുള്ള വട്ടം കൂട്ടി. ബാബാജിയുടെ അനുമതിക്കുവേണ്ടി കാത്തിരുന്നു. അന്നേരം ഗുഹയ്ക്കുള്ളിലേക്കു ഹൃദ്യമായ സുഗന്ധം വ്യാപിക്കുന്നതായി അനുഭവപ്പെട്ടു. ഞാൻ ഏഴുന്നേറ്റിരുന്നില്ല എങ്കിലും നിദ്രയുടെ ആലസ്യത്തെ അകറ്റി ഉണർവ്വോടെ കിടന്നു.

തൂവെള്ള വസ്ത്രം ധരിച്ച, നല്ല തിളക്കമാർന്ന ഒരു മനുഷ്യരൂപം ഗുഹയ്ക്കുള്ളിലേക്ക് ഒഴുകി വരുന്നതായി കണ്ടു. ആ രൂപം ധൂനിയുടെ മുന്നിൽ ഇറങ്ങി നിന്നപ്പോഴാണ് അത് ഒരു സ്ത്രീയുടെ രൂപമാണെന്നു മനസ്സിലായത്. അത്യന്തം രൂപവതിയായ അവരുടെ തലമുടി നീണ്ടു കറുത്തതായിരുന്നു. ബാബാജി എണീറ്റ് അവരെ നമസ്കരിച്ചു. ഞാനും ഉറക്കച്ചടവോടെ എണീറ്റ് അവരെ നമസ്കരിച്ചു. "വളരെക്കാലം മുമ്പുതന്നെ നമുക്ക് പരിചയമുള്ള യുവാവാണല്ലോ" എന്നു മധുരസ്വരത്തിൽ പറഞ്ഞുകൊണ്ട് എന്നോട് അടുത്തേക്കു ചെല്ലാൻ പറഞ്ഞു.

ഞാൻ അവരുടെ അടുത്തേക്കു നീങ്ങി. അവർ വിരലുകൾകൊണ്ട് എന്റെ തലയിൽ തലോടി. സ്നേഹപൂർവ്വം എന്റെ കവിളിൽ തട്ടി. എന്നിട്ട് അവർ എന്നെ മാറോട് ചേർത്തുപിടിച്ചു. അവരിൽനിന്നും പുറപ്പെട്ടുകൊണ്ടിരുന്ന അലൗകികമായ പരിമളം എന്റെ ആത്മാവിനെ തഴുകുകയും അത് ശരീരത്തിലെ ഓരോ കോശത്തിലും വ്യാപിക്കുകയും ചെയ്തു. മാതാവിൽ

നിന്നും അകറ്റപ്പെട്ട കുഞ്ഞിന്റെ മാതാവുമായുള്ള പുനസ്സമാഗമംപോലെയായിരുന്നു എനിക്കുണ്ടായ അനുഭവം. അവർ മധുരസ്വരത്തിൽ ബാബാജിയോടു പറഞ്ഞു: "നിങ്ങൾ ഇവിടെ ഉണ്ടാകുമെന്ന് ശ്രീഗുരുബാബാ എന്നോട് പറഞ്ഞു. അപ്പോൾ ഈ യുവാവിനെ കണ്ടിട്ടുപോകാമെന്നു വിചാരിച്ചു. എനിക്ക് ഇപ്പോൾ പോകേണ്ടിയിരിക്കുന്നു." ഒഴുകി അവിടെ വന്നുചേർന്നതുപോലെ അവർ അവിടെനിന്നും ഒഴുകിപ്പോയി.

ബാബാജി പറഞ്ഞു: "ഏതായാലും ഇവിടെ ഇപ്പോൾ അപൂർവ്വമായത് നടന്നിരിക്കുന്നു. അതാണ് ശ്രീദേവി. ഉയർന്ന ആദ്ധ്യാത്മികതലത്തിൽ കഴിയുന്ന ഈ മഹതി ഗുരുബാബായുടെ സഹോദരിയാണ്. അവർ ആരുടെ മുമ്പിലും പ്രകടമാകാതെ ജീവിക്കുന്നവരാണ്. നീ ഏതായാലും ഭാഗ്യവാനാണ്."

ഞാൻ പറഞ്ഞു: "ബാബാജി! എല്ലാം അങ്ങയുടെ അനുഗ്രഹം." ഇങ്ങനെ പറഞ്ഞുകൊണ്ട് ഞാൻ ഉറങ്ങാൻ കിടന്നു. അസാധാരണമായ സംഭവത്തെപ്പറ്റി ആലോചിക്കുകയായിരുന്നു. ഞാൻ മടങ്ങി വീട്ടിൽ എത്തിയതിനുശേഷം ഇപ്പോൾ നടന്നുകഴിഞ്ഞ കാര്യത്തെക്കുറിച്ച് പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ എന്ന ചിന്ത ഒരു നിമിഷം മനസ്സിലൂടെ കടന്നുപോയി.

അടുത്ത ദിവസം ഞങ്ങൾ ഗുഹയിൽനിന്നും പുറപ്പെട്ടു. ഞങ്ങൾ ദ്വാർഹാട്ടിൽ എത്തി. തമ്മിൽ പിരിയുന്നതിനുമുമ്പ് ബാബാജി എനിക്കുതന്ന ചില നിർദ്ദേശങ്ങൾ ഇവയായിരുന്നു. ആദ്യം ഞാൻ പോകേണ്ടത് പിത്തോർഗഢ് ജില്ലയിൽ സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച മായാവതി അദ്വൈതാശ്രമത്തിലേക്ക് ആയിരിക്കണം. അതിനുശേഷം മിഹിർതോലായിലെ ഉത്തരബൃന്ദാവൻ ആശ്രമത്തിൽ ചെന്ന് ആശ്രമത്തിലെ തലവനായ ശ്രീ മാധവ് ആശീഷിനെ കാണണം. റാണിഖേത്തിനും അൽമോറായ്ക്കും ഇടയ്ക്കുള്ള കായാൻചിയിൽ പോയി അവധൂതമഹാരാജ് നീം കരോലിബാബായെ സന്ദർശിക്കണം. എന്നിട്ട് കൽക്കത്തയിലെ ബേലൂർമഠത്തിൽ പോകുന്നതിനുമുമ്പ് ബനാറസ്സിൽ പോയി രാമകൃഷ്ണസേവാശ്രമത്തിൽ തങ്ങണം.

ഞാൻ ദ്വാർഹാർട്ടിൽനിന്നും ബസ്സിൽ ലോഹഘാട്ടിലെത്തി. അവിടെനിന്നും മായാവതിയിലേക്കു പോകുന്ന വാടകജീപ്പിൽ എനിക്ക് ഇടം കിട്ടി. ഞാൻ മായാവതി ആശ്രമത്തിലെ തലവനെ സന്ദർശിച്ചു. പക്ഷേ, ഇപ്പോൾ അദ്ദേഹത്തിന്റെ പേര് ഓർക്കുന്നില്ല. അദ്ദേഹം പ്രബുദ്ധഭാരത് എന്ന മാസികയുടെ പത്രാധിപരും ആയിരുന്നു. നേരത്തേ അനുമതി വാങ്ങിയില്ലെങ്കിൽ ആരെയും ആശ്രമത്തിൽ തങ്ങാൻ അനുവദിക്കാറില്ലെന്നും എന്റെ കാര്യത്തിൽ വിശേഷമായ പരിഗണനയാണ് കാണിക്കുന്നതെന്നും അദ്ദേഹം എന്നോടു പറഞ്ഞു. അദ്ദേഹം എനിക്ക് രണ്ടു ദിവസം ആശ്രമത്തിൽ തങ്ങാനുള്ള അനുവാദം തന്നു.

ഹിമാലയത്തിൽ ഞാൻ തങ്ങിയിട്ടുള്ളതിൽവച്ച് ഏറ്റവും മനോഹരമായ ആശ്രമമായിരുന്നു അത്. അദ്വൈതാശ്രമം സ്വാമി വിവേകാനന്ദൻ സ്ഥാപിച്ചത് വേദാന്തത്തെ സ്നേഹിക്കുന്നവർക്കുവേണ്ടിയും, വിഗ്രഹാരാധനയിൽ താൽപര്യമില്ലാത്തവർക്കുംവേണ്ടിയായിരുന്നു. അവിടെ ശ്രീരാമകൃഷ്ണ പരമഹംസന്റെ മൂർത്തി പ്രതിഷ്ഠിച്ചിട്ടുള്ള ദേവാലയമൊന്നും ഇല്ലായിരുന്നു.

അതിനാൽ അവിടെ ദിവസവും പൂജ ഇല്ലായിരുന്നു. വിവേകാനന്ദസ്വാമികൾ താമസിച്ചിരുന്ന മുറി കണ്ടിട്ട് ഞാൻ ആവേശം കൊണ്ടു.

മായാവതിയിലെ അദ്വൈതാശ്രമത്തിൽ വച്ച് എനിക്ക് സ്വാമി ദേവാത്മാനന്ദനെ പരിചയപ്പെടാൻ കഴിഞ്ഞു. ഇറാഖി ഡോക്ടറായ അദ്ദേഹം രാമകൃഷ്ണ മിഷനിൽ സന്ന്യാസം സ്വീകരിച്ചു. ഞങ്ങൾ നല്ല സുഹൃത്തുക്കളായി. ഞാൻ ബനാറസ്സിലേക്കു പോകുകയാണെന്ന് അറിയിച്ചപ്പോൾ അദ്ദേഹം രാമകൃഷ്ണസേവാശ്രമത്തിലെ അധ്യക്ഷന്റെ പേർക്ക് ഒരു കത്ത് തന്നു. താനും ഏതാനും ദിവസങ്ങൾക്കുള്ളിൽ അവിടെ എത്തുമെന്നു പറയുകയും ചെയ്തു. ഞാൻ മായാവതിയിൽനിന്നും മിഹിർത്തോലായിലേക്കു തിരിച്ചു. അവിടെ ശ്രീകൃഷ്ണപ്രേമിന്റെ ഉത്തര ബൃന്ദാവൻ ആശ്രമവും സന്ദർശിച്ചു. കൃഷ്ണപ്രേം അടുത്ത സുഹൃത്തുക്കുളുടെയിടയിൽ ഗോപാൽദാസ് എന്നാണ് അറിയപ്പെട്ടിരുന്നത്. ഗോപാൽ ദാസ് 1965-ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ ശിഷ്യനും പിന്തുടർച്ചക്കാരനുമായ ശ്രീ മാധവ് ആശീഷിനെ കാണാനുള്ള ഭാഗ്യം എനിക്കുണ്ടായി.

അൽമോറായിൽനിന്നും മുപ്പത്തിയഞ്ചു കിലോമീറ്റർ അകലെയാണ് മിഹിർത്തോലയിലെ ആശ്രമം. ആശ്രമത്തിൽ മനോഹരമായ ഒരു ചെറിയ കൃഷ്ണ ക്ഷേത്രമുണ്ട്. ബംഗാളിലെ പുണ്യവതിയായ യശോദാമായി ആണ് ആ ക്ഷേത്രം സ്ഥാപിച്ചത്. അവർ കൽക്കത്താ ഹൈക്കോടതിയിലെ ജസ്റ്റിസ് ചക്രവർത്തിയുടെ മകളായിരുന്നു. കുമാരിപൂജയിൽ ദിവ്യമാതാവിന്റെ പ്രതിരൂപമായി സ്വാമിവിവേകാനന്ദനാൽത്തന്നെ ആരാധിക്കപ്പെട്ടവൾ എന്ന ബഹുമതിയും 7-ാമത്തെ വയസ്സിൽത്തന്നെ അവർക്കു ലഭിച്ചിരുന്നു. ജസ്റ്റിസ് ചക്രവർത്തി തിയോസൊഫിക്കൽ സൊസൈറ്റിയിലെ ആനിബസന്റിന്റെ അടുത്ത സുഹൃത്തായിരുന്നു. അദ്ദേഹവും ഒരു തിയോസൊഫിസ്റ്റ് ആയിരുന്നതിനാൽ ഒരിക്കലും വാർദ്ധക്യം ബാധിക്കാത്ത യോഗികൾ ഹിമാലയത്തിൽ ഉണ്ടെന്ന് വിശ്വസിച്ചിരുന്നു.

എന്നിരുന്നാലും യശോദാമായി ഒരു യാഥാസ്ഥിതിക വൈഷ്ണവ സാധക ആയിരുന്നു. അവർക്ക് കൃഷ്ണൻതന്നെയായിരുന്നു സർവ്വസ്വവും. ലൗകികജീവിതം വെടിയുന്നതിനുമുമ്പ് കൃഷ്ണപ്രേമിന്റെ പേര് പ്രൊഫസ്സർ റൊണാൾഡ് നിക്സൺ എന്നായിരുന്നു. കേംബ്രിഡ്ജ് യൂണിവേഴ്സിറ്റി ബിരുദധാരിയും സമർത്ഥനുമായ അദ്ദേഹം ലഖ്നൗ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലിഷ് സാഹിത്യാധ്യാപകനായിരുന്നു. സംസ്കൃതഭാഷയിലും പാലി ഭാഷയിലും അദ്ദേഹം അഗാധമായ അവഗാഹം നേടിയിരുന്നു. അദ്ദേഹം ഹിന്ദിയും ബംഗാളിയും അനർഗളമായി സംസാരിച്ചിരുന്നു. ഈ വസ്തുതകളെല്ലാം ഞാൻ മനസ്സിലാക്കിയത് ശ്രീ മാധവ് ആശീഷിൽനിന്നും ആയിരുന്നു. അദ്ദേഹവും ഒരു ബ്രിട്ടീഷുകാരനായിരുന്നുവല്ലോ.

ഒരു ഏകാന്തമായ സ്ഥലത്തായിരുന്നു ആശ്രമം സ്ഥിതി ചെയ്തിരുന്നത്. അതിനുചുറ്റും ദേവദാരുവൃക്ഷങ്ങളുള്ള പർവ്വതങ്ങളും താഴ്വരകളുമായിരുന്നു. ആശ്രമകവാടത്തിനുള്ളിൽ കടന്നയുടനെ ഒരു ദിവ്യോദ്യാനത്തിൽ ആണെന്ന പ്രതീതിയുണ്ടായി. ചുറ്റും മനോഹരമായ പൂക്കളും പച്ചപ്പും കാണാമായിരുന്നു.

എല്ലാത്തിനുമുപരി എങ്ങും ശാന്തി കളിയാടിയിരുന്നു. ഹരിതഭംഗിയുടെ പശ്ചാത്തലത്തിൽ ദേവാലയത്തിന്റെ ഹരിതവർണ്ണത്തിലുള്ള താഴികക്കുടം എന്നെ ഹഠാദാകർഷിക്കുകയുണ്ടായി. ചെരുപ്പ് വെളിയിൽ ഇട്ടിട്ട് ദേവാലയത്തിലെ പടികൾ കയറി. ദേവാലയത്തിനുള്ളിൽ പ്രവേശിച്ചു. അത് പരമ്പരാഗതമായ ശൈലിയിൽ നിർമ്മിക്കപ്പെട്ട ഒരു വൈഷ്ണവക്ഷേത്രമായിരുന്നു. അവിടെ പ്രതിഷ്ഠിച്ചിരുന്നത് രാധയെയും കൃഷ്ണനെയുമായിരുന്നു. എല്ലാ അനുഷ്ഠാനങ്ങളും വൈഷ്ണവ ശൈലിയിലായിരുന്നു നടത്തിയിരുന്നത്.

എല്ലാ ചടങ്ങുകളും കൃത്യസമയത്ത് നടത്തിയിരുന്നു. ദീപാരാധന സമയത്ത് ചേങ്ങലകളുടെയും മണിനാദങ്ങളുടെയും മുഴക്കം ഭക്തിസാന്ദ്രമായ അന്തരീക്ഷം സൃഷ്ടിച്ചു. ഉച്ചയ്ക്കു നിവേദ്യസമയത്ത് ശംഖൊലിയാണ് മുഴങ്ങിയിരുന്നത്. ഗൗഡ വൈഷ്ണവ പാരമ്പര്യമനുസരിച്ച് ആശ്രമത്തിലെ എല്ലാ പരിപാടികളും ക്ഷേത്രത്തെ ചുറ്റിപ്പറ്റിയുള്ളതായിരുന്നു. ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചിട്ടുള്ള രാസബിഹാരി കൃഷ്ണനും രാധയ്ക്കും ജീവൻ ഉണ്ടെന്നുള്ള സങ്കലപ്പത്തിൽ അവരെ ഉറക്കുകയും ഉണർത്തുകയും ചെയ്യുന്ന ചടങ്ങുകളും നടത്തിയിരുന്നു.

സന്ധ്യയ്ക്കു ദീപാരാധന സമയമായിരുന്നു. ഞാൻ ദേവാലയത്തിനുള്ളിൽ നില്ക്കുകയായിരുന്നു. ഒരു പാശ്ചാത്യൻ വൈഷ്ണവശൈലിയിലുള്ള വേഷം ധരിച്ച് നെറ്റിയിൽ വൈഷ്ണവ രീതിയിൽ തിലകക്കുറികൾ ചാർത്തി, ശിരസ്സിൽ കുടുമയും ആയിട്ട് ദേവാലയത്തിനുള്ളിലേക്കു പ്രവേശിച്ചു. അദ്ദേഹം എന്നെ ഒന്നു നോക്കുകമാത്രം ചെയ്തിട്ട് ശ്രീകോവിലേക്കു കടന്നു. നല്ല ഉയരമുണ്ടായിരുന്ന ഈ പാശ്ചാത്യൻ വളരെ വിദഗ്ദ്ധമായിട്ടാണ് പൂജാദികർമ്മങ്ങൾ ചെയ്തത്. ഒരു പിഴവും സംഭവിച്ചില്ല. ഞാനുൾപ്പെടെ രണ്ടു മൂന്നുപേരേ അപ്പോൾ അവിടെയുണ്ടായിരുന്നുള്ളൂ. പൂജ കഴിഞ്ഞ് അദ്ദേഹം ശ്രീകോവിലിൽനിന്നും ഇറങ്ങി നേരേ എന്റെയടുത്തേക്കു വന്നു. ഞാൻ അദ്ദേഹത്തിന്റെ പാദം തൊട്ടു തൊഴുതു. അദ്ദേഹം ഇംഗ്ലിഷിൽ പറഞ്ഞു: "ഞാൻ മാധവ് ആശീഷ് ആണ്. യശോദാമായിയുടെയും ശ്രീകൃഷ്ണ പ്രേമിന്റെയും എളിയ ശിഷ്യനാണ്. ഇപ്പോൾ വന്നതേയുള്ളോ?"

ഞാൻ പറഞ്ഞു: "അതെ മഹാരാജ്. ഞാൻ ഹിമാലയത്തിൽ സഞ്ചരിക്കുകയായിരുന്നു. എന്റെ ഗുരു എന്നോട് ഈ ആശ്രമം സന്ദർശിക്കണമെന്ന് പറഞ്ഞു. എനിക്ക് ഒരു ദിവസം ഈ ആശ്രമത്തിൽ തങ്ങാൻ കഴിയുമോ?"

അദ്ദേഹം പറഞ്ഞു: "നിങ്ങൾക്ക് ഇവിടെ സ്വന്തം വീട്ടിൽ കഴിയുന്നതുപോലെ കഴിയാം. നിങ്ങൾക്ക് തങ്ങാനുള്ള മുറി ഞാൻ കാണിച്ചു തരാം. ഭാഗ്യത്തിന് ഇപ്പോൾ അതിഥികൾ കുറവാണ്."

പിന്നീട് രാത്രിയിൽ നല്ല രുചിയുള്ള സസ്യഭക്ഷണത്തിനുശേഷം അദ്ദേഹം തന്റെ ഭവനത്തിലേക്ക് സംസാരിക്കുന്നതിനുവേണ്ടി ക്ഷണിച്ചു. അദ്ദേഹംതന്നെ സംസാരത്തിനു തുടക്കമിട്ടുകൊണ്ടു പറഞ്ഞു: "നിങ്ങൾ വേറൊന്നും വിചാരിക്കരുത്. എനിക്ക് പുകവലിക്കുന്ന ദുശ്ശീലമുണ്ട്." അദ്ദേഹം പുകക്കുഴലിൽ പുകയില നിറച്ച് കത്തിച്ചു വലിക്കാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: "ഇവിടെ ആചാരക്രമങ്ങളെല്ലാം വൈഷ്ണവ രീതിയിലാണ്. നിങ്ങൾക്ക് നിങ്ങളുടെ ബാബായുടെ നിർദ്ദേശങ്ങൾ പിന്തുടരാം. അതായിരിക്കും നിങ്ങൾക്ക് നല്ലത്.

ഓരോരുത്തർക്കും അവരുടേതായ മാർഗ്ഗമാണ് നല്ലത്. ഞാൻ നിങ്ങളുടെ കണ്ണുകളിൽ അത്ഭുതകരമായ എന്തോ ഒന്ന് കാണുന്നുണ്ട്. നിങ്ങളുടെ ബാബാജി നിങ്ങൾക്ക് ഏതെങ്കിലും വൈഷ്ണവമന്ത്രം പറഞ്ഞുതന്നിട്ടുണ്ടോ?"

"ഉണ്ട്. *തോകരക്രിയ* പഠിപ്പിച്ചപ്പോൾ പറഞ്ഞുതന്നിട്ടുണ്ട്. അതിൽ ചൊല്ലേണ്ടമന്ത്രമാണ് "ഓം നമോ ഭഗവതേ വാസുദേവായ."

വികാരഭരിതനായി അദ്ദേഹം പറഞ്ഞു: "ഹരി...ഹരി... ജയ് ശ്രീകൃഷ്ണ! ഹിമാലയത്തിൽ മഹാഗുരുക്കന്മാർ ഉണ്ടെന്നുള്ളതിൽ ഒരു സംശയവുമില്ല. ഒരുപക്ഷേ, ഞങ്ങളുമായി നിങ്ങൾക്ക് ഏതോ ബന്ധമുണ്ട്. എന്നാൽ പരിചയപ്പെടാൻ വൈകിപ്പോയി. എപ്പോഴെങ്കിലും ഇവിടെ വീണ്ടും വരിക." അനേകം വർഷങ്ങൾക്കുശേഷം കാശ്മീരിലെ ഡോക്ടർ കരൺസിംഗിൽനിന്നും ആശീഷ് ദാസ് എന്ന് അദ്ദേഹം വിളിച്ചിരുന്ന ശ്രീ മാധവ് ആശീഷ് കാൻസർ രോഗം ബാധിച്ച് അന്തരിച്ചുവെന്ന് അറിഞ്ഞു. കാൻസർ രോഗം ആ പുണ്യാത്മാവിനെയും വെറുതെ വിട്ടില്ല. ഗോപാൽ ദാ രചിച്ച *'യോഗാ ഓഫ് ദി ഭഗവദ് ഗീത', 'യോഗാ ഓഫ് ദി കഠോപനിഷത്ത്'* എന്നീ രണ്ടു പുസ്തകങ്ങളും ഞാൻ വായിക്കുകയുണ്ടായി. ആദ്ധ്യാത്മികാന്വേഷകരായ സാധകർക്ക് ഈ രണ്ടു പുസ്തകങ്ങളും വളരെയധികം പ്രയോജനം ചെയ്യുന്നവയാണ്.

അടുത്ത ദിവസം ഞാൻ ശ്രീ മാധവ് ആശീഷിനോട് വിട പറഞ്ഞു. കായാംചിയിലേക്കാണ് പുറപ്പെട്ടത്. നീം കരോലീബാബായെ ദർശിക്കാൻ വേണ്ടിയാണ് കായാംചിയിലേക്കു പുറപ്പെട്ടത്.

ഭാഗ്യം എനിക്ക് അനുകൂലമായിരുന്നു. ഞാൻ കായാംചിയിൽ എത്തിയപ്പോൾ നീം കരോലിബാബ കഴിഞ്ഞദിവസം അവിടെ എത്തിയിട്ടുണ്ട്. എന്നും ഏതാനും ദിവസം അവിടെ ഉണ്ടായിരിക്കുമെന്നും വിവരം കിട്ടി. നീം കരോലിബാബാ തങ്ങാറുണ്ടായിരുന്ന എല്ലാ ആശ്രമങ്ങളിലും ഹനുമാന്റെ ഒരു വലിയ പ്രതിമ സ്ഥാപിച്ചിരുന്നു. വായുഭഗവാന്റെ പുത്രനും ഊർജ്ജസ്വലനുമായ ഹനുമാനെ അയോദ്ധ്യയിലെ രാജാവായ രാമന് ഇഷ്ടമായിരുന്നു. ഹനുമാന്റെ പ്രതിഷ്ഠയ്ക്കു സമീപത്ത് ഒരു ദേവീക്ഷേത്രവും ഉണ്ടായിരുന്നു.

ബാബായെ ദർശിക്കാൻ സന്ദർശകർ എത്തിയിരുന്നു. അദ്ദേഹം ഒരു ഉയർന്ന തിട്ടയിൽ ഇരിക്കുകയായിരുന്നു. നൂറിൽപ്പരം ആളുകൾ മുമ്പിൽ വരിവരിയായി നിരന്നിരിപ്പുണ്ട്. മുമ്പിലുള്ള ഏതാനും വരികളിൽ പാശ്ചാത്യർ ആണ് ഇരുന്നിരുന്നത്. ബാബായെ കാണുമ്പോൾ ഒരു ഭ്രാന്തന്റെ രൂപമാണ് മനസ്സിൽ തോന്നുക. വളരെയധികം തടിച്ചുകൊഴുത്ത ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. നരച്ച തലമുടി ക്രോപ്പു ചെയ്തിരിക്കുന്നു. കീഴോട്ടു ഞാണുകിടക്കുന്ന നരച്ച മീശ അദ്ദേഹത്തിന്റെ കൊഴുത്ത വട്ടമുഖത്തിന് ഒരു അലങ്കാരമായിരുന്നു. വസ്ത്രംകൊണ്ട് മാറ് മറച്ചിരുന്നില്ല. വീർത്ത വയറിനു ചുറ്റും കറുപ്പും വെളുപ്പും ചുവപ്പും കുറുക്കുവരകൾകൊണ്ട് ചതുരക്കള്ളികളായി തിരിച്ചിട്ടുള്ള കമ്പിളിവസ്ത്രമാണ് ചുറ്റിയിരുന്നത്. ഏതു കാലാവസ്ഥയിലും അദ്ദേഹത്തിന്റെ സ്ഥിരമായ വേഷം ഇതായിരുന്നുവെന്ന് എനിക്കു പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു.

അദ്ദേഹം ചടുലമായ അംഗവിക്ഷേപങ്ങളോടെ ഉറക്കെ ചിരിച്ചുകൊണ്ടിരുന്നു. ചിലപ്പോൾ കൊഴുത്ത ശരീരത്തെ ഇടത്തോട്ടും വലത്തോട്ടും ചായ്ച്ചുകൊണ്ട് സ്വയം ആനന്ദിച്ചിരുന്നു. ചോദ്യങ്ങൾക്കുള്ള ഉത്തരം അദ്ദേഹം ഏതാനും മുറിഞ്ഞ വാക്യങ്ങളിലൂടെ നല്കിയിരുന്നു. ഉത്തരം നല്കുന്നതിനിടയിൽ 'രാം രാം' എന്ന് ഉറക്കെ ജപിക്കുന്നുമുണ്ട്. ഒരാൾ അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സു നമിച്ച സമയത്ത് അദ്ദേഹം അയാളുടെ മുതുകത്ത് ഇടിച്ചുകൊണ്ട് ചോദിച്ചു: "നിങ്ങൾ ഈശ്വരനെ എവിടെയാണ് അന്വേഷിക്കുന്നത്? ഈശ്വരൻ എല്ലായിടത്തും ഉണ്ട്. എപ്പോഴും 'രാം രാം' എന്നു ജപിക്കൂ." ഇത്രയും പറഞ്ഞിട്ട് ഇംഗ്ലിഷിൽ പറഞ്ഞു: "വെരി ഗുഡ്.... രാം രാം...."

ഈ രംഗമൊക്കെ ഞാൻ ദൂരെ നിന്നുകൊണ്ട് കാണുകയായിരുന്നു. അന്നേരം കയറിവന്ന, ഒരു പ്രാധാന്യവുമില്ലാത്ത എന്നെപ്പോലെ ഒരാളെ അദ്ദേഹം ശ്രദ്ധിക്കുമെന്ന് ഞാൻ തീരെ കരുതിയിരുന്നില്ല. എന്റെ ധാരണ തെറ്റായിപ്പോയി. അദ്ദേഹത്തിന്റെ നോട്ടം എന്നിൽ പതിച്ചു. അദ്ദേഹം കഴുത്തു നീട്ടി എന്റെ നേർക്കു നോക്കിക്കൊണ്ടു പറഞ്ഞു: "ബാബാജി കാ ബച്ചാ." (ബാബാജിയുടെ കുഞ്ഞ്). അദ്ദേഹം വളരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: "വരൂ! വരൂ! എന്റെയടുത്തേക്ക് വരൂ." എന്റെ സമീപത്തുണ്ടായിരുന്ന ഒരാൾ എന്നോട് പറഞ്ഞു: "അദ്ദേഹത്തിന്റെ അടുത്തേക്ക് പോകൂ. അദ്ദേഹം നിങ്ങളെ വിളിക്കുന്നു."

ഞാൻ അദ്ദേഹത്തിന്റെ അടുത്തേക്കു ചെന്നപ്പോൾ മുകളിലോട്ട് കയറിച്ചെല്ലാൻ പറഞ്ഞു. ഞാൻ പടികൾ കയറി അദ്ദേഹത്തിന്റെ അരികിൽ നിന്നു. അദ്ദേഹത്തിന്റെ ശരീരത്തിൽനിന്നും സുഗന്ധം പുറപ്പെട്ടുകൊണ്ടിരുന്നു. അദ്ദേഹം എന്നെ പിടിച്ചു മുമ്പോട്ടുവലിച്ചു. ഞാൻ മറിഞ്ഞ് അദ്ദേഹത്തിന്റെ മടിയിൽ വീണു. അത്ഭുതകരമെന്നേ പറയേണ്ടൂ. ഞാൻ അദ്ദേഹത്തിന്റെ മടിയിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം പറഞ്ഞു: "കൊള്ളാം... കൊള്ളാം...." എന്നിട്ട് കമ്പിളിയുടെ മടക്കുകളിൽനിന്നും ഒരു അഴുകിയ ആപ്പിൾ തന്നിട്ട് തിന്നാൻ പറഞ്ഞു. ചീത്തയായ ആപ്പിൾ ആയതിനാൽ അത് തിന്നാൻവേണ്ടിയുള്ളതാണോ എന്നു ചോദിച്ചു. അദ്ദേഹം എന്നോട് അത് തിന്നാൻ ആവശ്യപ്പെട്ടപ്പോൾ ഞാൻ ഗത്യന്തരമില്ലാതെ അതു തിന്നു. ഞാൻ പെട്ടെന്ന് അതു തിന്നു തീർത്തു. അത്ഭുതമെന്നു പറയട്ടെ അതിന് ദുസ്വാദൊന്നും ഇല്ലായിരുന്നു.

അദ്ദേഹം എന്നോടു പറഞ്ഞു: "ബാബാജിയെ എന്റെ അഭിവാദനങ്ങൾ അറിയിക്കൂ. ഇനി നിങ്ങൾക്ക് പോകാം." എന്നെ അദ്ദേഹം മടിയിൽനിന്നും തള്ളിമാറ്റി. എന്നിട്ട് എന്റെ ചന്തിയിൽ ഇടിച്ചു. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചിട്ട് നേരത്തേ ഇരുന്ന സ്ഥലത്ത് പോയി. ആ രാത്രി ഞാൻ ആശ്രമത്തിൽ തങ്ങി. ആരോ തങ്ങാനുള്ള ഇടവും ഭക്ഷണവും തന്നു. അന്നു രാത്രിയിൽ എനിക്ക് ഉറക്കം വന്നില്ല. മുഴുവൻ സമയവും ധ്യാനത്തിൽ കഴിഞ്ഞു. പിറ്റേന്ന് രാവിലെ അദ്ദേഹത്തെ ദൂരെ നിന്ന് വന്ദിച്ചതിനു ശേഷം ആശ്രമത്തിൽനിന്നും യാത്രയായി.

കഴിഞ്ഞ ദിവസം രാത്രിയിൽ ഭക്ഷണത്തിനുമുമ്പ് നീം കരോലീ ബാബായെക്കുറിച്ച് അത്ഭുതകരമായ പല കഥകളും കേൾക്കാനിടയായി. എന്നെ ഏറ്റവും സ്വാധീനിച്ച രസകരമായ കഥ എൽ.എസ്.ഡി കഥയായിരുന്നു. അക്കാലത്ത്

ഹിപ്പികളും അതുപോലെ കുത്തഴിഞ്ഞ ജീവിതം നയിക്കുന്ന ചിലരും ബാബായിൽ ആകൃഷ്ടരായിരുന്നു. അതിനു പ്രധാന കാരണക്കാരൻ റിച്ചാർഡ് ആൽപെർട്ട് ആയിരുന്നു. പിന്നീട് അദ്ദേഹം തന്റെ പേര് രാംദാസ് എന്നു മാറ്റുകയുണ്ടായി.

ഒരു ദിവസം ഒരു പാശ്ചാത്യൻ രഹസ്യമായി ഒരു ചെറിയ കുപ്പി പോക്കറ്റിൽ ഇടുന്നത് നീം കരോലീ ബാബാ ശ്രദ്ധിക്കാനിടയായി. അദ്ദേഹം ആ ഹിപ്പിയോട് ആരാഞ്ഞു:

"കുപ്പിക്കുള്ളിൽ എന്താണ്?"

"മരുന്ന്" എന്നായിരുന്നു ഹിപ്പിയുടെ മറുപടി.

"എന്തു മരുന്നാണ് അത്?"

"ബാബാജി, അത് എൽ.എസ്.ഡി. ആണ്."

"അത് എനിക്ക് തരൂ?"

"പക്ഷേ, ഇത് അപകടകാരിയായ മരുന്നാണ്."

"അത് എനിക്ക് തരൂ." ബാബാ നിർബന്ധിച്ചു.

ഭയവും ആശങ്കയും കാരണം വിറച്ചുകൊണ്ട് കുപ്പി ബാബായ്ക്ക് കൈമാറി. ബാബാ കുപ്പിയുടെ മൂടി മാറ്റിയിട്ട് എട്ടു പത്ത് എൽ.എസ്.ഡി. ഗുളികകൾ ഒരുമിച്ച് വായ്ക്കകത്തിട്ടു വിഴുങ്ങി. ഇത്രയും ഗുളികകൾ ഒരുമിച്ചു കഴിച്ചാൽ സംഭവിക്കാവുന്ന ഫലത്തെയോർത്ത് അവിടെ സന്നിഹിതരായിരുന്ന എല്ലാ പാശ്ചാത്യരും അന്തംവിട്ട് ബാബായെ നിസ്സഹായരായി നോക്കി നിന്നു.

ഒന്നുരണ്ടു മിനിട്ടു കഴിഞ്ഞപ്പോൾ നീം കരോലീ ബാബായുടെ പെരുമാറ്റം അത്യന്തം വിചിത്രമായിരുന്നു. അദ്ദേഹം അലറുകയും നിലവിളിക്കുകയും, നാക്കു പുറത്തേക്കിട്ടുകൊണ്ട് കണ്ണുകൾ ചുഴറ്റുകയും ചെയ്തു. അദ്ദേഹം ശരീരത്തെ വട്ടത്തിൽ കറക്കാൻ തുടങ്ങി. മയക്കുമരുന്നുകൾ പ്രവർത്തിക്കുകയാണെന്ന് ഹിപ്പികൾ ധരിച്ചു. ഇതിനും അപ്പുറം സംഭവിക്കും എന്നാണ് അവർ കരുതിയത്. അതിനിടയിൽ ബാബാജിയുടെ വിചിത്രമായ പെരുമാറ്റം പെട്ടെന്നു നിലച്ചു. അദ്ദേഹം സ്വസ്ഥത കൈവരിച്ചു. മുമ്പത്തെപ്പോലെ അദ്ദേഹത്തിന്റെ മുഖത്ത് പ്രസാദാത്മകത കളിയാടി. ബാബാ അത്യുച്ചത്തിൽ ചിരിച്ചുകൊണ്ടു പറഞ്ഞു: "ഒന്നും സംഭവിച്ചില്ല. നോ എൽ.എസ്.ഡി. സേ രാം നാം; രാമനാമം ജപിക്കൂ."

അവിടെയുണ്ടായിരുന്ന പാശ്ചാത്യരെ സംബന്ധിച്ചിടത്തോളം അവർക്ക് ഒരിക്കലും സങ്കല്പിക്കാൻ കഴിയാത്ത അത്ഭുതമാണ് അന്ന് സംഭവിച്ചത്. ആ അത്ഭുതമാകട്ടെ "പദാർത്ഥത്തിനുമേൽ മനസ്സിന്റെ വിജയം" ഉദ്ഘോഷിക്കുന്ന ഒരു പ്രകടനമായിരുന്നു.

മുപ്പത്തിയൊൻപത്

ബനാറസ്സിലെ അഘോരി

അൽമോറയിൽനിന്നും ഞാൻ ഡൽഹിയിലേക്കു പോയി. അവിടെനിന്നും ബനാറസ്സിലേക്കുംപോയി. ഞാൻ നേരേ പോയത് രാമകൃഷ്ണമിഷന്റെ സേവാശ്രമത്തിലേക്ക് ആയിരുന്നു. മുമ്പു പറഞ്ഞതുപോലെതന്നെ ഇറാക്കി ഡോക്ടറായ സ്വാമി ദേവാത്മാനന്ദാ വാഗ്ദാനം നല്കിയിരുന്നതുപോലെ അവിടെ ഉണ്ടായിരുന്നു. അദ്ദേഹം എനിക്ക് സേവാശ്രമത്തിലെ മുതിർന്ന സ്വാമിയെ പരിചയപ്പെടുത്തിത്തന്നു. ഞാൻ അദ്ദേഹത്തിന്റെ പേര് ഇപ്പോൾ ഓർക്കുന്നില്ല. അദ്ദേഹവും വളരെ ദയാലുവായ ഡോക്ടറായിരുന്നു. രണ്ടുപേരും എന്നോട് ഒരേ രീതിയിൽ അഭിപ്രായപ്പെട്ടു. ഞാൻ തീർച്ചയായും രാമകൃഷ്ണമിഷന്റെ ജനറൽ സെക്രട്ടറിമാരിൽ ഒരാളായ ബേലൂർമഠത്തിലെ സ്വാമി ഹിരൺമയാനന്ദന് എഴുതണമെന്നും ബേലൂർമഠത്തിൽ ഒരു ബ്രഹ്മചാരിയാകുന്നതിന് അനുവാദം ചോദിക്കണമെന്നും രണ്ടുപേരും പറഞ്ഞു. അതുവരെയും എനിക്ക് സേവാശ്രമത്തിൽ കഴിയുകയും ചെയ്യാം.

ഞാൻ സ്വാമി ഹിരൺമയാനന്ദന് എഴുതി. മറുപടി കാത്ത് ബനാറസ്സിൽ ഒരു മാസം താമസിച്ചു. പ്രാചീനനഗരമായ ബനാറസ് ചുറ്റിക്കാണുന്നതിനുള്ള നല്ലൊരവസരമായിരുന്നു അത്.

പ്രാചീനകാലം മുതൽക്ക് ബനാറസ് കാശി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പ്രകാശം എന്നാണ് 'കാശി' എന്ന വാക്കിന്റെ അർത്ഥം. ഈ പുണ്യനഗരം വിദ്യാഭ്യാസത്തിന്റെയും സംസ്കാരത്തിന്റെയും മതപരമായ പുരാതന പാരമ്പര്യങ്ങളുടെയും കേന്ദ്രമായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ ഫാഹിയാൻ ഈ നഗരത്തെപ്പറ്റിയുള്ള വിവരണം നല്കിയിട്ടുണ്ട്. താൻ ഹെംഗ് (ഗംഗാ) നദിയെ പിന്തുടർന്ന് കാശി രാജ്യത്തിലെ ബനാറസ്സിൽ എങ്ങനെ എത്തിയെന്നു വിവരിക്കുന്നു. ഏഴാം നൂറ്റാണ്ടിൽ ഹുവാൻ റ്റ്സാങ്ങും കാശിയെ വാരാണസി എന്നാണ് വിളിക്കുന്നത്. മുഗളന്മാർ എട്ടാം നൂറ്റാണ്ടിൽ കാശിയെ മൊഹമ്മദാബാദ് എന്ന് നാമകരണം ചെയ്തുവെങ്കിലും കാശി തുടർന്നും കാശി എന്നോ വാരാണസി എന്നോ അറിയപ്പെട്ടു. പുരാണങ്ങളിലും ഈ പുണ്യനഗരിയെ അവിമുക്തക്ഷേത്രം, മഹാശ്മശാനം, ആനന്ദവനം എന്നീ പേരുകളിൽ പരാമർശിക്കുന്നുണ്ട്. എങ്കിലും കാശി എന്ന ജനപ്രിയ നാമത്തിലാണ് ഭൂരിപക്ഷം ഹിന്ദുക്കളുടെയിടയിലും ഈ നഗരം അറിയപ്പെടുന്നത്.

തീർത്ഥാടകരുടെ തിരക്കും, ദുർഗന്ധപൂരിതമായ ഇടവഴികളും, അപകടകാരികളായ കാളക്കൂറ്റൻമാരുടെ സൈരവിഹാരവും, ചതിയന്മാരായ കുരങ്ങുകളും, മാലിന്യവും ഈച്ചകളും, എങ്ങനെയും ധനമാർജ്ജിക്കണമെന്നു ദുർമ്മോഹമുള്ള പുരോഹിതന്മാരും സുലഭമാണെങ്കിലും വാരാണസിയിൽ എനിക്ക് വളരെയധികം മനശ്ശാന്തി ലഭിച്ചിരുന്നു.

ആശ്രമത്തിൽനിന്നും വളരെ അകലെ അല്ലാത്ത ദശാശ്വമേധഘാട്ടിൽ എന്നും പോകുന്നത് ഞാൻ ശീലമാക്കിയിരുന്നു. ലക്കും ലഗാനുമില്ലാത്ത സൈക്കിൾ റിക്ഷാകളുടെയും, കാവി വസ്ത്രധാരികളായ സന്ന്യാസിമാരുടെയും നഗ്നരായ നാഗന്മാരുടെയും യാചകരുടെയും ഇടയിലൂടെയായിരുന്നു യാത്ര. ഘാട്ടിൽ അനേകം മഠങ്ങൾ ഉണ്ടായിരുന്നു. അവ പല വിഭാഗങ്ങളിലുംപെട്ട സന്ന്യാസിമാരുടെയും യോഗികളുടെയും വക ആയിരുന്നു. പാശ്ചാത്യനാടുകളിൽനിന്നും എത്തിച്ചേർന്നിട്ടുള്ള ഹിപ്പികളും മറ്റും സന്ന്യാസിമാരുമായി ഇടകലർന്ന് സഞ്ചരിക്കുന്നതു കാണാമായിരുന്നു. ശ്രീ യോഗിരാജ് മഠത്തിലെയും ശ്രീ 108 ഭഗവാൻദാസ്ജി കാ മഠത്തിലെയും, ഖായ്ചങ്ക മഠത്തിലെയും രാമാവത് സന്ന്യാസിമാർ ചരസിന്റെയും കഞ്ചാവിന്റെയും പുകവലിക്കുന്നത് കാണുകയുണ്ടായി.

മണികർണ്ണികാഘാട്ടും ഹരിശ്ചന്ദ്രഘാട്ടും ഞാൻ സന്ദർശിച്ചു. പ്രശസ്ത ഘാട്ടുകളിൽ ദിവസവും അനേകം ശവശരീരങ്ങൾ ദഹിപ്പിക്കുന്നു. ശാങ്കര വിഭാഗത്തിൽപെട്ട ദശനാമി സന്ന്യാസികളാണ് കൂടുതലായി കാണപ്പെടുന്നതെങ്കിലും വൈഷ്ണവരുടെ കേന്ദ്രങ്ങളും ഉണ്ട്. ഞാൻ കഴിയുന്നിടത്തോളം കേന്ദ്രങ്ങൾ സന്ദർശിക്കാൻ ശ്രമിച്ചു. ബൗദ്ധ, ജൈന, സിഖ്, നിർമ്മൽ, ഉദാസീൻ, കബീർപന്ഥ്, നാനക്പന്ഥ്, രാമാനന്ദി, രാമാനുജി, വല്ലഭ, മാധവ, നിംബാർക്ക, ഗൗഡിയ, വീരശൈവ, ബാബാജി ഉൾപ്പെടുന്ന ഗോരഖ് പന്ഥ് അഥവാ നാഥ്സമ്പ്രദായ എന്നീ വിഭാഗങ്ങളുടെ കേന്ദ്രങ്ങളും സന്ദർശിച്ചു. അനേകം പണ്ഡിതന്മാരെയും പുണ്യാത്മാക്കളെയും സന്ദർശിച്ചു. പ്രസിദ്ധിയാർജ്ജിച്ച ദണ്ഡിസന്ന്യാസിയെയും പണ്ഡിതവരേണ്യനായ സ്വാമി കർപത്രിജിയെയും കാണാൻ ഭാഗ്യം സിദ്ധിച്ചു. സ്വാമി കർപത്രിജിയാണ് എനിക്കു കാശി എന്ന വാക്കിന്റെ അർത്ഥം പ്രകാശം എന്നാണെന്നും കാശിയിൽ ജീവിക്കുന്ന ഒരാൾക്കു മാത്രമേ ബ്രഹ്മപ്രകാശം അഥവാ ബ്രഹ്മജ്ഞാനം ലഭിക്കുകയുള്ളൂവെന്നും പറയുകയുണ്ടായി. വേദാന്തസംബന്ധമായ പല കാര്യങ്ങളും എനിക്ക് അദ്ദേഹത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു.

സ്വാമി ഹിരൺമയാനന്ദനിൽനിന്നും കത്തു കിട്ടുന്നതിനു മുന്നു ദിവസം മുമ്പ് കാശി വിശ്വനാഥക്ഷേത്രത്തിൽ ശിവലിംഗദർശനത്തിനുവേണ്ടി പോയി. ശിവലിംഗം സ്പർശിക്കുകയും ദർശിക്കുകയും ചെയ്തിട്ട് ഞാൻ പുറത്തിറങ്ങി മണികർണികാഘാട്ടിലേക്ക് തിരിച്ചു. അവിടെ അനേകം ശരീരങ്ങൾ അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടു. കടവിലെ പടികളിറങ്ങിവെ ഏകാന്തമായ ഒരു ഇടം കണ്ടു. ഞാൻ ഗംഗയെ നോക്കിക്കൊണ്ട് അവിടെ ഇരുന്നു. ഞാൻ അവിടെ ഇരുന്ന സമയത്ത് എന്റെ ചിന്തകൾ ബാബാജിയെപ്പറ്റി ആയിരുന്നു. അദ്ദേഹം ഇപ്പോൾ എവിടെ ആയിരിക്കും? അദ്ദേഹം ഇപ്പോൾ ഹിമാലയത്തിൽ ചുറ്റിക്കറങ്ങുകയായിരിക്കുമോ? ഇപ്പോൾ എന്റെ അടുത്ത് അദ്ദേഹം ഉണ്ടായിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു? അദ്ദേഹം അനേകം വർഷങ്ങൾ ബനാറസ്സിൽ ഉണ്ടായിരുന്നുവെന്ന് എന്നോടു പറഞ്ഞിട്ടുണ്ട്. സന്ദർഭവശാൽ അദ്ദേഹം ബനാറസ്സിൽ ഉണ്ടെങ്കിൽ എന്നിൽനിന്നും മറഞ്ഞിരിക്കാനുള്ള സാധ്യതയില്ല:

സമയം സന്ധ്യയായി. ദേവാലയങ്ങളിൽ മണിമുഴക്കം കേട്ടു. കടവുകളിലും ഗംഗാനദിക്ക് ആരതി ഉഴിയുന്നുണ്ടായിരുന്നു.

"മധു!" സുപരിചിതമായ ശബ്ദത്തിലുള്ള വിളികേട്ട് ഞാൻ ഒന്നു ഞെട്ടി. ഇത്രയും സ്നേഹസ്നിഗ്ദ്ധമായ സ്വരത്തിൽ ബാബാജിയല്ലാതെ മറ്റാരാണ് ഈ പേരു വിളിക്കുക? ഞാൻ ഇരിക്കുന്നിടത്തുനിന്നും മൂന്നു ചുവട് അകലെയാണ് അദ്ദേഹം നിന്നിരുന്നത്. ഞാൻ സന്തോഷംകൊണ്ട് മതിമറന്ന് 'ബാബാജി' എന്നു വിളിച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാലിൽ തൊട്ടു വണങ്ങി. 'എങ്ങനെയുണ്ട് ബ്രഹ്മചാരി മഹാരാജ്' എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം പുഞ്ചിരിച്ചു. എന്നിട്ട് എന്റെ തോളിൽ കൈവച്ചു.

"സുഖംതന്നെ. അങ്ങയുടെ കുറവു മാത്രമേയുള്ളൂ."

"ഇന്ന് ഞാൻ നിന്നോടൊപ്പം ഒന്നോ രണ്ടോ മണിക്കൂറേ ചെലവഴിക്കുകയുള്ളൂ. വൈരുദ്ധ്യങ്ങളുടെ വിചിത്രമായ നഗരിയാണ് കാശി. ദീപങ്ങളുടെ നഗരമാണ്. എത്രയോ മഹാത്മാക്കൾ ഇവിടെ വാഴുന്നു. അവരിൽ പലരും നാം അറിയാത്തവരാണ്. ത്രൈലംഗ സ്വാമിയെപ്പോലെയുള്ളവരുടെ പ്രശസ്തിക്കു പിന്നിൽ സവിശേഷമായ ഉദ്ദേശ്യമുണ്ട്. അതുപോലെതന്നെയാണ് ശ്യാമചരൺ ലാഹിരിയും. പക്ഷേ, പലരും അറിയപ്പെടാതെ പോകുന്നു. നാം അറിയുന്നവരെക്കാൾ മഹത്തുക്കളാണ് അറിയപ്പെടാത്തവർ.

"ഈ മണികർണ്ണികയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ശ്മശാനത്തിൽ ബാഹ്യലോകം അറിയാത്ത ഒരു മഹാത്മാവിനെ നിനക്കു പരിചയപ്പെടുത്തിത്തരാൻ ഞാൻ ആഗ്രഹിക്കുന്നു. ബാഹ്യലോകം ധരിച്ചുവച്ചിരിക്കുന്നത് അദ്ദേഹം പകുതി വെന്ത മനുഷ്യമാംസം ഭക്ഷിക്കുന്നുവെന്നും മുഴു ഭ്രാന്തനെപ്പോലെ പെരുമാറുന്നുവെന്നും ആണ്. അദ്ദേഹം ഒരിക്കലും കുളിക്കുന്നില്ല. അദ്ദേഹത്തിന്റെ നഗ്നമായ ശരീരം പൊടികൊണ്ട് പൊതിഞ്ഞിരിക്കുന്നു. ശ്മശാനഭൂമിയിലെ ജീർണ്ണിച്ച പുരയിൽ ആണ് അദ്ദേഹത്തിന്റെ വാസം. മനുഷ്യരുടെയും മൃഗങ്ങളുടെയും അസ്ഥികളുടെ നടുവിലാണ് അദ്ദേഹം ഇരിക്കുന്നത്. പക്ഷേ, ഇവയൊക്കെ അദ്ദേഹത്തെ ആരും ശല്യപ്പെടുത്താതിരിക്കാനുള്ള മറകൾ മാത്രമാണ്. മറ്റുള്ളവരെ പറ്റിക്കുന്നതിനുവേണ്ടിയുള്ള കപട തന്ത്രങ്ങളാണ്. അതിലൂടെ അദ്ദേഹത്തിനു ശാന്തമായി സ്വാതന്ത്ര്യത്തോടെ ഏകാന്തതയിൽ ഇരുന്ന് ആദ്ധ്യാത്മികമായ പരമാനന്ദം അനുഭവിക്കാൻ കഴിയുന്നു. അർഹതയുള്ളവർക്ക് അത് പങ്കുവയ്ക്കുകയും ചെയ്യുന്നു. വരൂ, നമുക്ക് അദ്ദേഹത്തിന്റെ അടുത്തേക്കു പോകാം."

ഇരുട്ടുവീണു തുടങ്ങിയിരുന്ന സമയത്ത് ശ്മശാന ഭൂമിയിലൂടെ നടന്ന് മണികർണ്ണികാ കടവിന്റെ ഒരു ഒഴിഞ്ഞ കോണിലെത്തി. നേരേ നോക്കിയാൽ തകരം കൊണ്ടുമേഞ്ഞ ഒരു ചെറിയ പുര കാണാം. ആ പുരയിൽനിന്നും ഉറക്കെയുള്ള അസഭ്യവാക്കുകൾ കേൾക്കാമായിരുന്നു. ഹിന്ദിഭാഷയിലെ പുഴുത്ത തെറികളാണ് പുറപ്പെട്ടുകൊണ്ടിരുന്നത്. ഞങ്ങൾ രണ്ടുപേരും തകരംകൊണ്ട് മേഞ്ഞ പുരയുടെ സമീപമെത്തിയപ്പോൾ തടിച്ചുകൊഴുത്ത ഒരാൾ അവിടെ ഇരിക്കുന്നതു കണ്ടു. താടി നീട്ടി വളർത്തിയ അയാൾ നഗ്നനായിരുന്നു. ഭയം ജനിപ്പിക്കുന്ന ചുരുണ്ട മുടി അയാൾ തലപ്പാവുപോലെ തലയിൽ ചുറ്റിക്കെട്ടിയിരുന്നു. ഒരു മൂലയിൽ ഇരിക്കുകയായിരുന്ന അയാളുടെ മുന്നിൽ

ഒരു സ്ത്രീയും പുരുഷനും നില്ക്കുന്നുണ്ടായിരുന്നു. പുരയുടെ നടുക്ക് കത്തിച്ചുവച്ചിരുന്ന മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ അയാൾക്കു ചുറ്റും ചിതറിക്കിടക്കുന്ന അസ്ഥികൾ കണ്ടു. എന്നെ മുന്നോട്ടുപോകുന്നതിൽ നിന്ന് വിലക്കിക്കൊണ്ട് ബാബാജി മന്ത്രിച്ചു: "നില്ക്കൂ...അദ്ദേഹം തന്റെ ജോലി പൂർത്തിയാക്കട്ടെ."

അഘോരി അലറുന്ന ശബ്ദത്തിൽ പറയുകയായിരുന്നു: "എടോ മഹാപാപി! താൻ എന്നെ വിഡ്ഢിയാക്കാമെന്നു വിചാരിച്ചു. അല്ലേ? താൻ കൊള്ള പ്പലിശയ്ക്ക് പണം കൊടുത്ത് എത്രയോ സാധുക്കളുടെ രക്തം ഊറ്റിക്കുടിച്ചു. എത്രയോ സാധുക്കളെ ചതിച്ച് അവരുടെ ഭൂമി കൈക്കലാക്കി. പലിശ തന്നു തീർക്കാൻ കഴിയാത്ത ഒരു സ്ത്രീ ആത്മഹത്യ ചെയ്തുവല്ലേ. കൊടും പാതക ങ്ങൾ ചെയ്തിട്ട് എന്നെ പ്രീതിപ്പെടുത്താൻവേണ്ടി മധുരപലഹാരങ്ങളുമായി എത്തിയിരിക്കുന്നു. താൻ ചെയ്ത പാപങ്ങളുടെ കറ കഴുകിക്കളയാൻ ഇതുകൊണ്ടാകുമോ? എനിക്ക് തന്റെ മധുരപലഹാരം ആവശ്യമില്ല: ഇത് എനിക്കു വിഷത്തിനു തുല്യമാണ്. തന്നെ ചവിട്ടിപ്പുറത്താക്കുന്നതിനുമുമ്പ് താൻ ഇവിടെനിന്നും പോകുന്നതായിരിക്കും നല്ലത്."

സിൽക്കു ഷർട്ടു ധരിച്ച പണം പലിശയ്ക്കു കൊടുക്കുന്ന അയാൾ എന്തോ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. അഘോരി പ്രതികരിച്ചത് അയാൾ കൊണ്ടു വന്ന മധുരപലഹാരങ്ങളുടെ പെട്ടികൾ വലിച്ചെറിഞ്ഞുകൊണ്ടാണ്. അവയിൽ ഒരു പെട്ടി എന്റെ തലയിൽ കൊള്ളാതെ തലയ്ക്കു മീതേ പാഞ്ഞു. പേടിച്ചു വിറച്ചുകൊണ്ട് സിൽക്കു ഷർട്ട് ധരിച്ചയാൾ അവിടെനിന്നും പലായനം ചെയ്തു. ഞങ്ങളുടെ മുന്നിലൂടെയാണ് അയാൾ പ്രാണരക്ഷാർത്ഥം ഓടിപ്പോയത്.

പിന്നീട് ആ സ്ത്രീമാത്രം അവശേഷിച്ചു. അവളുടെ കൗശലം കണ്ട് ഞാൻ അതിശയിച്ചു. അവളുടെ മുന്നിൽ നടന്ന സംഭവം കണ്ടിട്ടും അവൾക്ക് എങ്ങനെ അവിടെ നില്ക്കാൻ കഴിഞ്ഞുവെന്ന് ആലോചിച്ച് ഞാൻ അതിശയിച്ചു. അഘോരി ആ സ്ത്രീയുടെ നേർക്കു തിരിഞ്ഞു ചോദിച്ചു: "നിങ്ങൾക്ക് എന്തുവേണം? എനിക്കിപ്പോൾ ഭ്രാന്ത് ആണ്. എന്തു ചെയ്യും എന്ന് എനിക്കു തന്നെ അറിഞ്ഞുകൂടാ."

സ്ത്രീ നിന്നിടത്ത് നിന്നുകൊണ്ടു പറഞ്ഞു: "മഹാത്മാക്കൾ ഇങ്ങനെ പെരുമാറുമെങ്കിലും അവരുടെ ഹൃദയം പവിത്രമാണെന്ന് ഞാൻ കേട്ടിട്ടുണ്ട്. അതുകൊണ്ട് എനിക്ക് അങ്ങയെ പേടിയില്ല. ഞാൻ ലൗകിക ജീവിതം ശരിക്കും ആസ്വദിച്ചുകഴിഞ്ഞു. എനിക്ക് ഈ മായാലോകത്തിൽനിന്നും മോചനം വേണം. സത്യം അറിയണം. അങ്ങ് എന്തുപറഞ്ഞാലും അത് ചെയ്യാൻ തയ്യാറാണ്. ഞാൻ അങ്ങയുടെ മുമ്പിൽ എന്നെത്തന്നെ സമർപ്പിക്കുന്നു."

അഘോരി പൊട്ടിച്ചിരിച്ചുകൊണ്ട് പറഞ്ഞു: "ഓഹോ! ഒരു വലിയ സാധക എത്തിയിരിക്കുന്നു. നടിക്കാൻ മിടുക്കിയായ നീ പലരെയും വഞ്ചിച്ചിട്ടുള്ളവൾ ആണ്. ഇപ്പോൾ എന്നെയും വഞ്ചിക്കാമെന്നു വിചാരിക്കുന്നു. സമർപ്പണം ചെയ്യാൻ വന്നിരിക്കുന്നു. നീ എന്തിനും തയ്യാറാണ് എന്നല്ലേ പറഞ്ഞത്? ശരി, നീ ഇപ്പോൾ നിന്റെ വസ്ത്രങ്ങൾ എല്ലാം അഴിച്ചു മാറ്റൂ. ഞാൻ നിന്റെ മാറിടം ചുംബിക്കാൻ ആഗ്രഹിക്കുന്നു...."

സ്ത്രീ ആഘാതമേറ്റതുപോലെ തരിച്ചുനിന്നു. എന്നിട്ട് അവൾ നിലവിളിച്ചു പറഞ്ഞു: "എടോ നീചാ! വൃത്തികെട്ടവനേ! ഞാൻ തന്നെ ഒരു പാഠം പഠിപ്പിക്കും. താമസംവിനാ താൻ ഇരുമ്പഴികൾക്കുള്ളിൽ ആകും." അവൾ അഘോരിയെ ശപിച്ചുകൊണ്ട് അവിടെനിന്നും പാഞ്ഞുപോയി.

ഞങ്ങൾ രണ്ടുപേരും സംഭവങ്ങൾക്കു സാക്ഷിയായി പുരയുടെ പുറത്ത് ഇരുട്ടത്ത് നില്ക്കുകയായിരുന്നു. അഘോരി സന്തോഷംകൊണ്ട് കൈകൊട്ടിച്ചിരിച്ചുകൊണ്ട് പ്രഖ്യാപിച്ചു: "വിഡ്ഢികൾ! അവർ എന്നെപ്പറ്റി എന്തു വിചാരിക്കുന്നു. ഞാൻ രണ്ടുപേരെയും വിരട്ടിയോടിച്ചു. അല്ലയോ യോഗിമഹാരാജ്! ഇരുട്ടത്ത് മറഞ്ഞു നില്ക്കേണ്ടാ. ദയവായി കടന്നുവന്നാലും. രണ്ടുപേരെയും കാത്തുനിറുത്തിയതിൽ അതിയായി ഖേദിക്കുന്നു."

ഞങ്ങൾ പുരയ്ക്കുള്ളിലേക്കു കടന്നു. ഉടനേ അഘോരി ആദരവോടെ എണീറ്റുനിന്നു. ഞങ്ങൾ രണ്ടുപേരെയും അദ്ദേഹം സ്വാഗതം ചെയ്തു. ദയവായി ഇരുന്നാലും എന്നു പറഞ്ഞു. ഞങ്ങൾ ഇരുന്നതിനുശേഷം അഘോരിയും ഇരുന്നു. അഘോരിയുടെ ശരീരമാകെ അഴുക്കും പൊടിയും പൊതിഞ്ഞിരുന്നുവെങ്കിലും ആ ശരീരത്തിൽനിന്നും ഹൃദ്യമായ സുഗന്ധം പുറപ്പെടുന്നുണ്ടായിരുന്നു. റോസാപ്പൂവിന്റെ പരിമളമാണ് അനുഭവപ്പെട്ടത്.

"യോഗി മഹാരാജനെ കണ്ടിട്ട് നാളുകൾ ഏറെയായല്ലോ. എന്റെ നാടകം താങ്കൾക്ക് ശരിക്കും ഇഷ്ടപ്പെട്ടുവെന്ന് തോന്നുന്നു. ഈ യുവാവിനെയല്ലേ അങ്ങ് കണ്ടെത്തിയത്?.... കുട്ടീ! എന്നെക്കണ്ട് ഭയന്നോ?....."

"ഇല്ല." ഞാൻ പറഞ്ഞു.

ഉടനേ ബാബാജി അറിയിച്ചു: "ഞാൻ താങ്കളെ കാണിക്കാൻ കൂടെ കൊണ്ടുവന്നതാണ്. ഞങ്ങൾക്ക് പോകാൻ അല്പം ധൃതിയുണ്ട്. ശ്രീഗുരുബാബ അങ്ങയെ ദർശിക്കണമെന്ന് എന്നോട് ആജ്ഞാപിച്ചിരുന്നു. താങ്കൾ എങ്ങനെ ആളുകളെ മാറ്റിയെടുക്കുന്നു എന്നത് ഈ യുവാവും കാണട്ടെ എന്നു വിചാരിച്ചു. ഇതുവരെയും ഇതുപോലെയുള്ള കാര്യങ്ങൾ കണ്ടിട്ടില്ല."

"യോഗി മഹാരാജ്! അങ്ങ് ഈ യുവാവിനെ ഇതുമാത്രം കാണിച്ചുകൊടുത്താൽ പോരാ. ഇതിനെക്കാൾ മഹത്തായതും കാണിച്ചുകൊടുക്കണം. ഇതും കൂടിയാകട്ടെ...."

മുമ്പിൽ കണ്ടത് അത്യത്ഭുതകരമായ കാഴ്ചയായിരുന്നു. അഘോരിയുടെ ശരീരം പൊടുന്നനേ അപ്രത്യക്ഷമായി. തൽസ്ഥാനത്ത് അതീവ സുന്ദരനായ ഒരു യുവാവിന്റെ രൂപം പ്രകടമായി. ചുവന്ന സിൽക്കുകൊണ്ടുള്ള കൗപീനമാണ് ധരിച്ചിരുന്നത്. കഴുത്തിൽ രുദ്രാക്ഷമാല അണിഞ്ഞിരുന്നു. ശ്രീഗുരുബാബയിലല്ലാതെ മറ്റൊരാളിലും ഇത്രയും ശോഭയാർന്ന യുവചൈതന്യം ദർശിച്ചിട്ടില്ല.

ഞങ്ങൾ അവിടെനിന്നും മടങ്ങുമ്പോൾ ബാബാജി പറഞ്ഞു: "നീ ഇപ്പോൾ കണ്ടതാണ് യോഗിയുടെ യഥാർത്ഥരൂപം. നേരത്തേ കണ്ടത് കപടവേഷം ആയിരുന്നു. നേരേ ആശ്രമത്തിലേക്കു പോകൂ. ശ്മശാനത്തിൽവച്ച് കണ്ടതൊന്നും ആരോടും പറയരുത്. നിനക്ക് ബേലൂർ മഠത്തിൽനിന്നും കത്ത് ഉടനേ കിട്ടും. ബേലൂർമഠത്തിൽ പോയി അവിടെ കുറെ സമയം ചെലവഴിക്കൂ. സമയമാകുമ്പോൾ ഞാൻ ബന്ധപ്പെടാം." ഞാൻ അദ്ദേഹത്തെ സാഷ്ടാംഗ

പ്രണാമം ചെയ്തു. നിവർന്ന് എണീറ്റപ്പോൾ അദ്ദേഹം അപ്രത്യക്ഷനായി കഴിഞ്ഞിരുന്നു.

ഞാൻ വളരെ വൈകിയാണ് ആശ്രമത്തിൽ മടങ്ങിയെത്തിയത്. ഞാൻ എന്റെ ചെറിയ മുറിയിലേക്കു പോയി. കുറച്ചു സമയം ധ്യാനിച്ചു. എന്നിട്ട് ഉറങ്ങാൻ കിടന്നു.

എനിക്ക് സ്വാമി ഹിരൺമയാനന്ദനിൽനിന്നും ബേലൂർമഠത്തിലേക്കു പോകാനുള്ള അനുവാദം കിട്ടി. പ്രാരംഭ പരിശീലനഘട്ടത്തിനുമുമ്പുള്ള പരിശീലന കേന്ദ്രത്തിൽ ചേരാൻവേണ്ടി അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയായ സ്വാമി ആത്മാനന്ദന്റെ മുമ്പിൽ റിപ്പോർട്ടു ചെയ്യണമായിരുന്നു. എന്നെ ഇന്റർവ്യൂ ചെയ്തതിനുശേഷം അദ്ദേഹത്തിനു സംതൃപ്തി തോന്നുകയും പ്രീ പ്രൊബേഷനറി ട്രെയിനിങ് സെന്ററിൽ പ്രവേശനം നല്കുകയും ചെയ്തു. അദ്ദേഹം നല്ല ഒരു മനുഷ്യനാണെന്ന് എനിക്കു ബോധ്യപ്പെട്ടു.

ബേലൂർ മഠത്തിൽവച്ച് എനിക്ക് രാമകൃഷ്ണമിഷനിലെ പല മുതിർന്ന സന്ന്യാസിമാരുമായി പരിചയപ്പെടാനുള്ള അവസരം കിട്ടി. പ്രസിഡന്റിന്റെയും ജനറൽ സെക്രട്ടറിയുടെയും ആശീർവാദവും എനിക്കു ലഭിച്ചു.

രണ്ടുമാസത്തിനുശേഷം ഞാൻ ശ്രീ ചന്ദൻ മഹാരാജുമായി പരിചയപ്പെട്ടു. അദ്ദേഹംതൊട്ടടുത്ത സംസ്ഥാനമായ ബീഹാറിലെ ദേവഗഢിൽ ആൺകുട്ടികൾക്കുവേണ്ടിയുള്ള ബോർഡിങ് സ്കൂളായ രാമകൃഷ്ണ വിദ്യാപീഠിന്റെ തലവനായിരുന്നു. ഈ വിദ്യാപീഠിലേക്ക് എന്നെ സ്ഥലം മാറ്റി. അദ്ദേഹത്തിന്റെ അഭ്യർത്ഥന മാനിച്ചായിരുന്നു സ്ഥലംമാറ്റം. വിദ്യാപീഠിലെ ജീവിതം തികച്ചും വ്യത്യസ്തമായിരുന്നു. ഞാൻ സീനിയർ വിദ്യാർത്ഥികളെ ഇംഗ്ലിഷ് പഠിപ്പിച്ചു. സീനിയർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലെ വാർഡന്റെ ചുമതലയും വഹിച്ചു. താൽപര്യമുള്ള വിദ്യാർത്ഥികളെ ഒഴിവുള്ള സമയങ്ങളിൽ കരാട്ടെയും മാജിക്കും പഠിപ്പിച്ചു. അച്ചടക്കം കുറവായിരുന്ന സീനിയർ വിദ്യാർത്ഥികളുമായി എനിക്ക് സൗഹൃദം പുലർത്താൻ കഴിഞ്ഞു. അവർ എനിക്ക് ഇരട്ടപ്പേരുകളും തന്നു. 'കരാട്ടേ മഹാരാജ്' എന്നും 'മാജിക്ക് മഹാരാജ്' എന്നും ആയിരുന്നു പേരുകൾ.

എനിക്ക് കേന്ദ്രത്തിന്റെ തലവനോടൊപ്പം ഹൂഗ്ലി ജില്ല മുഴുവൻ ചുറ്റി സഞ്ചരിച്ച് കാണാനും ശ്രീരാമകൃഷ്ണ പരമഹംസനുമായി ബന്ധപ്പെട്ട കമർപുകാർ, ജയറാം വാടി എന്നീ സ്ഥലങ്ങൾ സന്ദർശിക്കാനും അവസരമുണ്ടായി. ബംഗാളിലെ ഗ്രാമങ്ങൾ എന്നെ വളരെയധികം ആകർഷിച്ചു.

വിദ്യാപീഠിൽനിന്നും വളരെ അകലെ അല്ലായിരുന്നു പ്രസിദ്ധമായ വൈദ്യനാഥ ശിവക്ഷേത്രം. ഈ ക്ഷേത്രം പന്ത്രണ്ട് ജ്യോതിർലിംഗങ്ങളിൽ ഒന്നായി ഗണിക്കപ്പെടുന്നു. ഞാൻ രണ്ടുതവണ ഈ ക്ഷേത്രം ദർശിച്ചു. വേറൊരു ക്ഷേത്രത്തിലും കാണാത്ത ഒരു അപൂർവ്വത ഈ ക്ഷേത്രത്തിന് അവകാശപ്പെട്ടതാണ്. ദേവാലയ പരിസരത്തുള്ള പീടികയിൽനിന്ന് ഭക്തന്മാർക്കു കഞ്ചാവ് വാങ്ങാനും അത് നേർച്ചയ്ക്കായി കൊടുത്ത് അത് പ്രസാദമായി തിരികെ വാങ്ങി ഉപയോഗിക്കാനും വൈദ്യനാഥശിവക്ഷേത്രത്തിൽ അവസരം ഒരുക്കിയിട്ടുണ്ട്. ഇതുപോലുള്ള അവസരം ലോകത്തിൽ

ആംസ്റ്റെർഡാമിലെ ഒരു ക്ഷേത്രത്തിൽ മാത്രമേയുള്ളൂ. ശ്രീശ്യാം ചരൺ ലാഹിരിയിൽനിന്ന് ക്രിയായോഗ അഭ്യസിച്ച ബാലചന്ദ്ര ബ്രഹ്മചാരി നിർമ്മിച്ച ധ്യാനത്തിനുവേണ്ടിയുള്ള ഗുഹകൾ ക്ഷേത്രത്തിനു സമീപത്തുതന്നെ ഉണ്ട്.

ഞാൻ ദേവഗഢിൽ ഏകദേശം ഒരു കൊല്ലത്തോളം പ്രവർത്തിച്ചു. അപ്പോഴേക്കും എനിക്ക് ബാബാജിയിൽനിന്ന് സൂചന ലഭിച്ചു. ഒരു രാത്രിയിൽ ബാബാജി സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. അദ്ദേഹം പറഞ്ഞു: "അദ്ധ്യാപക ജീവിതം മതിയാക്കൂ. വീട്ടിലേക്കു മടങ്ങൂ." അദ്ദേഹം ഇത് മൂന്നു പ്രാവശ്യം വ്യക്തമായി പറഞ്ഞു.

പിറ്റേന്ന് ഞാൻ ദേവഗഢിൽനിന്നും യാത്രയായി. ദിവസങ്ങൾക്കുള്ളിൽ ഞാൻ വീട്ടിൽ മടങ്ങിയെത്തി. അപ്പോഴേക്കും എന്റെ അച്ഛനമ്മമാർ ചെന്നൈയിലേക്കു താമസം മാറ്റിയിരുന്നു. ഒരു ദിവസം ഉച്ചയ്ക്ക് ചെന്നൈയിലെ വീട്ടിൽ പ്രത്യക്ഷപ്പെട്ടു. കൂടക്കൂടെയുള്ള എന്റെ ദീർഘകാലത്തെ അപ്രത്യക്ഷമാകലും പിന്നീട് പെട്ടെന്നുള്ള പ്രത്യക്ഷപ്പെടലും വീട്ടുകാർക്കു ചിരപരിചിതമായ ഒരു കാര്യമായിക്കഴിഞ്ഞതിനാൽ അവരിൽനിന്ന് പ്രത്യേകിച്ച് പ്രതികരണമൊന്നും ഉണ്ടായില്ല. ഏതായാലും ഞാൻ ജീവനോടെ ഇരിപ്പുണ്ട് എന്ന കാര്യത്തിൽ അവർ ആശ്വാസം കൊണ്ടു.

ഞാൻ വീട്ടിൽ സ്ഥിരതാമസമാക്കി. അച്ഛന്റെ ഫാർമസി ബിസിനസ്സിൽ സഹായിക്കാനും തുടങ്ങി. സമയം കിട്ടിയിരുന്നപ്പോഴെല്ലാം ശ്രീരാമകൃഷ്ണാമിഷനും മറ്റു ആദ്ധ്യാത്മിക കേന്ദ്രങ്ങളും സന്ദർശിച്ചിരുന്നു. ഞങ്ങളുടെ വീട് കടൽക്കരയിൽനിന്നും അധികം ദൂരെ അല്ലായിരുന്നു. അതിനാൽ ഞാൻ കൂടക്കൂടെ ബീച്ചിൽ പോകാറുണ്ടായിരുന്നു. ജെ.കൃഷ്ണമൂർത്തിയുടെ കൃതികൾ വായിച്ചിട്ടുണ്ടായിരുന്നു. എനിക്ക് വസന്ത്വിഹാറിലെ കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഹെഡ്ക്വാർട്ടേഴ്സിൽ വച്ച് അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാനുള്ള അവസരം കിട്ടി. അദ്ദേഹത്തിന്റെ വ്യക്തിത്വം എന്നെ അത്യധികം സ്വാധീനിച്ചു. അദ്ദേഹത്തിന്റെ പ്രസംഗം വളച്ചുകെട്ടില്ലാത്തതും ഹൃദയത്തെ സ്പർശിക്കുന്നതുമായിരുന്നു. എന്നാൽ അദ്ദേഹത്തെ നേരിട്ടുകാണണമെന്ന ആഗ്രഹം ഇല്ലായിരുന്നു.

ഞാൻ സ്കൂളിൽ പഠിക്കുന്ന കാലം മുതൽ എനിക്ക് സ്വാമി തപസ്യാനന്ദനെ പരിചയമുണ്ടായിരുന്നു. അന്ന് അദ്ദേഹം തിരുവനന്തപുരത്തുള്ള രാമകൃഷ്ണമിഷൻ കേന്ദ്രത്തിന്റെ അദ്ധ്യക്ഷനായിരുന്നു. അദ്ദേഹം ഇപ്പോൾ ചെന്നൈ കേന്ദ്രത്തിന്റെ അദ്ധ്യക്ഷനും, ലോകാടിസ്ഥാനത്തിൽ രാമകൃഷ്ണമിഷന്റെ ഉപാദ്ധ്യക്ഷനാണെന്നും അറിയാൻ കഴിഞ്ഞു. മറ്റൊരു കാര്യവും അറിയാൻ കഴിഞ്ഞു. സന്ന്യാസദീക്ഷ നല്കുന്നതിനുള്ള അധികാരം ബേലൂർ മഠത്തിലെ മിഷൻ പ്രസിഡന്റിനെക്കൂടാതെ സ്വാമി തപസ്യാനന്ദനിലും നിക്ഷിപ്തമായിരുന്നു. അനുയോജ്യമായവർക്കു മൂലമന്ത്രം ഉപദേശിച്ചു കൊടുക്കാൻ അദ്ദേഹത്തിന് അധികാരമുണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിൽനിന്നും മന്ത്രദീക്ഷ കിട്ടാൻ അതിയായി ആഗ്രഹിച്ചു. ഒരു ഞായറാഴ്ച ദിവസം ഞാൻ മഠത്തിൽ ചെന്ന് എന്റെ അഭിലാഷം അദ്ദേഹത്തോടു പ്രകടിപ്പിച്ചു. അദ്ദേഹം സന്തോഷത്തോടെ പറഞ്ഞു: "മറ്റെന്നാൾ ഗുരുപൂർണ്ണിമയാണ്. മന്ത്രദീക്ഷയ്ക്കായി ഒരുങ്ങിവന്നുകൊള്ളൂ. സ്നാനം ചെയ്തിട്ടുവേണം വരേണ്ടത്. പുതിയ

ഒരു മുണ്ടും കുറച്ചു പൂക്കളും കൊണ്ടുവരണം. ശ്രീരാമകൃഷ്ണനു ദക്ഷിണ അർപ്പിക്കാനായി കുറച്ചു പണവും വേണം."

ഗുരുപൂർണ്ണിമ ദിനത്തിൽ എനിക്ക് ശ്രീരാമകൃഷ്ണമന്ത്രദീക്ഷ ലഭിച്ചു. ദീക്ഷ നല്കിയ സമയത്ത് സ്വാമി തപസ്യാനന്ദന്റെ മുഖം പ്രഫുല്ലമായിരുന്നു. എന്റെ ഹൃദയം ആനന്ദംകൊണ്ട് തുടിച്ചു. എന്റെ ഹൃദയചക്രത്തിൽ ശ്രീരാമകൃഷ്ണദേവൻ വിരാജിക്കുന്നതായി അനുഭവപ്പെട്ടു.

ഞാൻ അച്ഛനമ്മമാരോടൊപ്പം ചെന്നൈയിൽ എട്ടുമാസം ചെലവഴിച്ചു. ബാബാജിയിൽനിന്നും ഏതു നിമിഷവും കിട്ടാവുന്ന മറ്റൊരു സൂചനയ്ക്കു വേണ്ടി ഞാൻ കാത്തിരുന്നു.

നാല്പത്

ആളന്ദിയും ഷിർദ്ദിയും

ചെന്നൈയിലെ തിയോസൊഫിക്കൽ സൊസൈറ്റി ഹെഡ്ക്വാർട്ടേഴ്സിനോട് ചേർന്ന് എലിയറ്റ്സ് ബീച്ച് എന്ന പേരിലുള്ള ഒരു പ്രൈവറ്റ് ബീച്ചിൽ വൈകുന്നേരം തിരകളെ നോക്കി ഇരിക്കുകയായിരുന്നു ഞാൻ. ചുട്ടുപൊള്ളുന്ന വേനൽക്കാലമായിരുന്നിട്ടും ബീച്ചിലെ ശാന്തമായ അന്തരീക്ഷത്തിൽ ഞാൻ ഉറങ്ങിപ്പോയി. അപ്പോഴാണ് ബാബാജിയിൽനിന്നുള്ള സൂചന ലഭിക്കുന്നത്. ബാബാജിയുടെ സുപരിചിതമായ ശബ്ദം കേട്ടുണർന്നു: "ആളന്ദിയിലെ ജ്ഞാനേശ്വരന്റെ സമാധിയിലേക്കു പോകുക. മൂന്നുദിവസത്തിനുള്ളിൽ പുറപ്പെടണം."

അടുത്തദിവസം രാമകൃഷ്ണമഠം ലൈബ്രറിയിൽ അരമണിക്കൂർ സമയം ചെലവഴിച്ചാണ് സ്ഥലം എവിടെയാണെന്നു മനസ്സിലാക്കാനായത്. മഹാരാഷ്ട്രയിലെ മഹാനായ ഭക്തകവിയും സന്ന്യാസിയുമായ ജ്ഞാനേശ്വരന്റെ ലഘു ജീവചരിത്രത്തിൽനിന്ന് ആളന്ദി പൂനെയിൽനിന്നും പതിനെട്ടു കിലോമീറ്റർ അകലെയാണെന്നു മനസ്സിലാക്കി. രണ്ടു ദിവസം കഴിഞ്ഞ് ഞാൻ പൂനെയിലേക്കുള്ള ട്രെയിനിൽ കയറി. പൂനെയിൽനിന്നും ബസ്സിൽ കയറി ആളന്ദിയിലെത്തി.

പ്രശാന്ത സുന്ദരമായ ഒരു കൊച്ചുഗ്രാമമാണ് ആളന്ദി. ഞാൻ ജ്ഞാനേശ്വരന്റെ സമാധി മന്ദിരത്തിലെത്തി. സമാധിക്കു ചുറ്റും ധാരാളം ആളുകൾ ഇരിക്കുന്നുണ്ടായിരുന്നു. ചിലർ ഭഗവദ്ഗീതയ്ക്കു ജ്ഞാനേശ്വരൻ രചിച്ച തർജ്ജമസഹിതമുള്ള വ്യാഖ്യാനം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു. കൂടുതൽ പേരും മഹാരാഷ്ട്രയിൽനിന്നുമുള്ള മുതിർന്നവർ ആയിരുന്നു. എനിക്ക് ബാബാജിയെ ആ പരിസരത്തിലൊന്നും കാണാൻ കഴിഞ്ഞില്ല. സമാധിയിൽനിന്ന് അധികം അകലെയല്ലാത്ത ഒരു അരയാൽ ചുവട്ടിൽ ഇരുന്ന ഞാൻ ധ്യാനത്തിൽ മുഴുകിപ്പോയി.

ജ്ഞാനേശ്വരന്റെ ജീവിതത്തെ സംബന്ധിക്കുന്ന ചെറിയ പരിചയക്കുറിപ്പ് നല്കാനാഗ്രഹിക്കുന്നു. ജ്ഞാനേശ്വരന്റെ അച്ഛനമ്മമാർ ലൗകികജീവിതം ഉപേക്ഷിച്ച് ബനാറസ്സിൽ പോയി സന്ന്യാസം സ്വീകരിച്ചു. അവിടെ നാഥ സമ്പ്രദായത്തിലെ മഹാനായ ഒരു ഗുരുവിനെ കാണുകയുണ്ടായി. അദ്ദേഹം അവരെ മഹാരാഷ്ട്രയിൽ മടങ്ങിച്ചെന്ന് കുടുംബജീവിതം നയിക്കാൻ ഉപദേശിച്ചു. അദ്ദേഹം അവർക്ക് മൂന്നു സന്താനങ്ങൾ ജനിക്കുമെന്നു പ്രവചിച്ചു. പക്ഷേ, അതിനിടയിൽ തദ്ദേശീയരായ യാഥാസ്ഥിതികർ അവർക്ക് ജാതിഭ്രഷ്ട് കല്പിച്ചു. സാമൂഹ്യനിയമം അനുസരിച്ചാണ് അവർ അപ്രകാരം ചെയ്തത്. അക്കാലത്ത് സന്ന്യാസജീവിതം പരിത്യജിച്ച് വീണ്ടും കുടുംബജീവിതത്തിലേക്കു മടങ്ങുന്നവർക്ക് ജാതിഭ്രഷ്ട് കല്പിച്ചിരുന്നു. അതിനാൽ

അവർക്കു നഗരാതിർത്തിയിൽ താമസിക്കേണ്ടിവന്നു. ഏറ്റവും താഴ്ന്ന ജാതിക്കാരോടൊപ്പം അവർക്കു ജീവിക്കേണ്ടിവന്നു.

അവർക്ക് ജനിച്ച ആദ്യത്തെ പുത്രന്റെ പേര് നിവൃത്തിനാഥ് എന്നായിരുന്നു. നിവൃത്തിനാഥ് ഗഹിന നാഥിന്റെ ശിഷ്യത്വം സ്വീകരിച്ചു. രണ്ടാമത്തെ പുത്ര നായിരുന്നു ജ്ഞാനേശ്വരൻ. ജ്ഞാനേശ്വരൻ സഹോദരന്റെ ശിഷ്യനായി. ആദ്ധ്യാത്മികമായി വളരെ ഉന്നതി കൈവരിച്ച ജ്ഞാനേശ്വരൻ സ്വന്തം സഹോദരനെക്കാൾ പ്രശസ്തനായി. അവരുടെ സഹോദരിയായ മുക്താ ബായിയും ആദ്ധ്യാത്മികജീവിതം നയിച്ച് യോഗിനിയായിത്തീർന്നു. ഈ കൂടപ്പിറപ്പുകളുടെ ജീവിതത്തെ സംബന്ധിക്കുന്ന പല അത്ഭുതകഥകളും മഹാരാഷ്ട്രയിൽ പ്രചാരത്തിലുണ്ട്.

ആ കഥകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടത് പോത്തിനെക്കൊണ്ട് വേദം ചൊല്ലിക്കുന്ന കഥയാണ്.

യാഥാസ്ഥിതികരായ പുരോഹിതർ വേദങ്ങളുടെ അഖണ്ഡജപത്തിനുള്ള ഒരുക്കങ്ങൾ ചെയ്തു. ഏറ്റവും നന്നായിട്ടു ചൊല്ലുന്ന വ്യക്തിക്കു വേദപാരംഗ തൻ എന്ന പദവി നല്കപ്പെടും. അനേകം പണ്ഡിതന്മാർ എത്തിച്ചേർന്നു. അവരിൽ ഒരാൾ ജ്ഞാനേശ്വരൻ ആയിരുന്നു. പണ്ഡിതന്മാർക്ക് ജ്ഞാനേ ശ്വരനെപ്പറ്റി ചില വിവരങ്ങൾ കിട്ടിയിരുന്നു. അതിനാൽ അവർ ജ്ഞാനേശ്വരൻ യജ്ഞത്തിൽ പങ്കെടുക്കുന്നതിനെ എതിർത്തു. സന്ന്യാസ ജീവിതം വെടിഞ്ഞ് വീണ്ടും കുടുംബജീവിതം നയിച്ചതിനാൽ ജാതി ഭ്രഷ്ട് കല്പിക്കപ്പെട്ട ഒരാളിന്റെ പുത്രനെ യജ്ഞത്തിൽ പങ്കെടുക്കാൻ അനുവദിക്കരുതെന്ന വാദം ഉയർന്നു. യാഥാസ്ഥിതികർ ജ്ഞാനേശ്വരനെ ശകാരിക്കുകയും അവിടെനിന്നും പോകാൻ ആവശ്യപ്പെടുകയും ചെയ്തു. മാത്രവുമല്ല വെറും ബാലനായ ജ്ഞാനേ ശ്വരന് എത്രത്തോളം വേദം ചൊല്ലാൻ കഴിയുമെന്ന കാര്യത്തിലും അവർക്കു സന്ദേഹമുണ്ടായിരുന്നു. വേദം എന്താണെന്ന് അറിയാമോ എന്നുപോലും അവർ ബാലനോടു ചോദിച്ചു.

ബാലൻ പറഞ്ഞു: "വേദം ചൊല്ലുന്നത് അത്ര വലിയ കാര്യമൊന്നും അല്ല. ഒരു പോത്തിനുപോലും വേദം ചൊല്ലാൻ കഴിയും." എന്നുപറഞ്ഞുകൊണ്ട് ജ്ഞാനേശ്വരൻ സമീപത്തുകൂടി പോയിക്കൊണ്ടിരുന്ന ഒരു പോത്തിന്റെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ചുകൊണ്ട് അതിനോട് വേദങ്ങൾ ഉരുവിടാൻ പറഞ്ഞു. പോത്ത് കൃതൃതയോടെ വേദങ്ങൾ ഉരുവിടാൻ തുടങ്ങി. താൻ പറഞ്ഞതിനെ തെളിയിച്ചു കാണിച്ചുകൊടുത്തിട്ട് ജ്ഞാനേശ്വരൻ സദസ്സിൽ നിന്നും ഇറങ്ങിപ്പോയി.

അദ്ദേഹം വളരെ ചെറിയ പ്രായത്തിൽതന്നെ ഗീതയ്ക്ക് *ജ്ഞാനേശ്വരി* എന്ന പേരിൽ ഭാഷ്യം രചിച്ചു. അത് മഹാരാഷ്ട്രയിൽ ഗീതയെക്കാൾ പ്രചുര പ്രചാരം നേടിയ കൃതിയാണ്. ഒരു ദിവസം ജ്ഞാനേശ്വരൻ തന്റെ ജീവിത ദൗത്യം പൂർത്തിയായി എന്നും ബാഹ്യലോകം വെടിയാനുള്ള സമയം ആയി എന്നും പ്രഖ്യാപിച്ചു. തനിക്ക് ഇരിക്കാനുള്ള ഒരു വലിയ ശവക്കുഴി തോണ്ടിയിട്ട് അതിനുള്ളിൽ പദ്മാസനത്തിൽ ഇരുന്നു. ചില പ്രാണായാമക്രിയകളിലൂടെ അദ്ദേഹം സമാധിയടഞ്ഞു. അദ്ദേഹത്തിന്റെ അഭിലാഷപ്രകാരം ശവക്കുഴി

പലകക്കല്ലുകൊണ്ട് മൂടുകയും തൽസ്ഥാനത്ത് സമാധിമന്ദിരം പണിയുകയും ചെയ്തു.

പ്രസ്തുത സമാധി ജ്ഞാനേശ്വരന്റെ ജീവസമാധി എന്ന പേരിലാണ് അറിയപ്പെടുന്നത്. എന്തുകൊണ്ടെന്നാൽ അദ്ദേഹം തന്റെ സൂക്ഷ്മശരീരത്തിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്ന് ആളുകൾ വിശ്വസിക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ സന്ന്യാസിവര്യനായി കരുതുന്നു. എന്നാൽ നാഥ് സമ്പ്രദായത്തിൽ പെട്ടവർ അദ്ദേഹത്തെ മഹാനായ യോഗിയായിട്ടാണ് കരുതുന്നത്.

ഞാൻ ജ്ഞാനേശ്വരന്റെ സമാധിയുടെ മുന്നിൽ ഇരുന്നു. അന്നേരം എന്നിലുള്ള ശക്തി ഉണർന്ന് നട്ടെല്ലിന്റെ താഴെനിന്നും പ്രവഹിച്ച് അനായാസേന ഹൃദയചക്രത്തിലൂടെ മൂർദ്ധാവിൽ എത്തി.ആനന്ദസാഗരത്തിൽ ആറാടിക്കൊണ്ടിരുന്ന എനിക്കു വെള്ളിയുടെ നിറമാർന്ന ഉജ്ജ്വലമായ പ്രകാശം കാണാൻ കഴിഞ്ഞു. ആ സമയത്ത് എനിക്കു ബാഹ്യലോകത്തെപ്പറ്റി യാതൊരു അറിവും ഇല്ലായിരുന്നു. ഞാൻ യഥാർത്ഥമായ ലോകത്തിലേക്കു മടങ്ങിവന്നപ്പോൾ ചുറ്റും നല്ല ഇരുട്ടായിരുന്നു. ഞാൻ അടുത്തുള്ള സത്രത്തിൽ അഭയം തേടി. അവിടെനിന്ന് ലളിതമായ ഭക്ഷണവും കിട്ടിയിരുന്നു. ദിവസങ്ങൾ നാലു കഴിഞ്ഞു. എന്നിട്ടും ബാബാജിയിൽനിന്നും ഒരു സൂചനയും കിട്ടിയില്ല. ഞാൻ ധ്യാനവുമായി കഴിഞ്ഞു.

അഞ്ചാമത്തെ ദിവസം അതിരാവിലെ നാലുമണിക്ക് ഞാൻ സമാധിക്കരികെ പോയി ധ്യാനിച്ചു. പ്രായം ചെന്ന, താഴോട്ട് ഞാന്നുകിടക്കുന്ന മേൽമീശയുള്ള മുതിർന്ന ഒരാൾ ജ്ഞാനേശ്വരി വായിച്ചുകൊണ്ടിരുന്നതല്ലാതെ ആരും അവിടെ ഇല്ലായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ അടുത്തുചെന്ന് ഇരിക്കാം എന്നു മനസ്സിൽ വിചാരിച്ചുകൊണ്ടിരുന്ന സമയത്ത് നീട്ടിവളർത്തിയ തലമുടിയും കൗപീനധാരിയുമായ ഒരു കൗമാരപ്രായക്കാരൻ എന്റെയടുത്തേക്കു വരുന്നതു കാണാനിടയായി. കുമാരൻ പുഞ്ചിരി തൂകിക്കൊണ്ട് എന്നെ ആശ്ലേഷിച്ചു. തത്സമയം എന്റെ ശരീരത്തിനും മനസ്സിനും, അത്യപൂർവ്വമായ ആനന്ദലബ്ധിയുണ്ടായി. അത് ജ്ഞാനേശ്വരൻ ആയിരിക്കും എന്ന ചിന്തയാണ് മനസ്സിലൂടെ കടന്നുപോയത്. കുമാരൻ വ്യക്തതയാർന്ന സ്വരത്തിൽ ഹിന്ദിയിൽ പറഞ്ഞു: "എന്റെ സഹോദരൻ മഹേശ്വർനാഥ് സായീനാഥിന്റെ ആസ്ഥാനമായ ഷിർദ്ദിയിൽ നിങ്ങളെ കാത്തിരിക്കുന്നു. ഇന്നുതന്നെ അങ്ങോട്ടു പോകൂ."

കുമാരൻ നേരേ സമാധിമന്ദിരത്തിലേക്കു പോയി അരയാൽവൃക്ഷത്തിന്റെ പിന്നിൽ മറഞ്ഞു. ഞാൻ ഉടനേ വൃക്ഷത്തിന്റെ അടുത്തേക്ക് ചെന്നുനോക്കി. അവിടെ എനിക്ക് ആരെയും കാണാൻ കഴിഞ്ഞില്ല. അപ്പോഴാണ് താൻ കണ്ടതെല്ലാം ഒരു ദിവ്യദർശനം ആയിരുന്നുവെന്ന് എനിക്കു മനസ്സിലായത്. എന്തെങ്കിലും അത്ഭുതം കണ്ടുവെന്ന തോന്നലൊന്നും കൂടാതെ പ്രായം ചെന്നയാൾ അപ്പോഴും ജ്ഞാനേശ്വരി വായനയിൽ മുഴുകി ഇരിക്കുകയായിരുന്നു.

ഞാൻ പൂനെയിൽനിന്നും ഷിർദ്ദിയിലേക്കുള്ള ബസ്സിൽ കയറി. രാത്രി വൈകിയാണ് അവിടെ എത്തിയത്. സമാധിസമുച്ചയത്തിന്റെ പ്രവേശനകവാടത്തിൽ ബാബാജി നില്ക്കുന്നുണ്ടായിരുന്നു. "വരൂ... വരൂ" എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം ചോദിച്ചു: "യുവ യോഗിയെ കണ്ടോ? ഇവിടെയെല്ലാം ഇപ്പോൾ അടഞ്ഞുകിടക്കുകയാണ്. എങ്കിലും നമുക്ക് സായീനാഥൻ ഉറങ്ങാറുള്ള

ചാവടിയിൽ പോകാം. ഞങ്ങൾ സമാധിയും ഗുരുസ്ഥാനും ധൂനി കത്തിച്ചു വച്ചിരുന്ന ദ്വാരകമായിയും കടന്ന് ചാവടി എന്നു വിളിക്കുന്ന ചെറിയ കെട്ടിടത്തിനു മുന്നിലെത്തി. അവിടെ ആരെയും കണ്ടില്ല. ഏതാനും പട്ടികൾ അലഞ്ഞു നടക്കുന്നതു കണ്ടു. ചാവടിയിലേക്കു പ്രവേശിക്കാനുള്ള തടികൊണ്ടുള്ള വാതിൽ പൂട്ടിയിട്ടിരുന്നു. ഇവിടെ ഇപ്പോൾ എന്തു ചെയ്യാൻ കഴിയും എന്ന ചിന്ത മനസ്സിലൂടെ കടന്നുപോയി. അപ്പോൾ ബാബാജി പറഞ്ഞു: "നമുക്ക് അകത്തേക്കു പോകാം."

തൽക്ഷണം ഞാൻ പറഞ്ഞു: "വാതിൽ പൂട്ടിയിട്ടിരിക്കുകയാണ്."

"എനിക്ക് അറിയാം." അദ്ദേഹം പറഞ്ഞു: "കണ്ണടച്ചുപിടിച്ചുകൊണ്ട് വാതിലിലൂടെ പ്രവേശിക്കുന്ന രീതിയിൽ മുമ്പോട്ടു പോകുക."

"പക്ഷേ, ബാബാജീ?....."

"കണ്ണുകൾ തുറക്കരുത്. ഞാൻ പറയുന്നത് അനുസരിക്കൂ."

ഞാൻ കണ്ണടച്ചുകൊണ്ട് എന്റെ വലതുകാൽ മുന്നോട്ടുവച്ചു. തുണികൊണ്ടുള്ള ഒരു സ്ക്രീൻ തള്ളിമാറ്റുന്ന ലാഘവത്തോടെ മുന്നോട്ടുപോയി. വാതിൽ ദേഹത്തു തട്ടുമ്പോഴും ഇതേ അനുഭവമായിരുന്നു. ഒരു നിമിഷത്തിനുള്ളിൽ ആ തോന്നലും ഇല്ലാതായി. ബാബാജി അന്നേരം കണ്ണു തുറക്കാൻ ആവശ്യപ്പെട്ടു.

ഞാൻ കണ്ണു തുറന്നപ്പോൾ രണ്ടുപേരും ചാവടിക്കുള്ളിൽ ആയിരുന്നു. അപ്പോഴും വാതിൽ പൂട്ടിക്കിടക്കുകയായിരുന്നു. ബാബാജി എന്റെ അരികിൽ നില്ക്കുന്നുണ്ടായിരുന്നു. പൂട്ടിയിട്ടിരുന്ന മുറിയിൽ എങ്ങനെ പ്രവേശിക്കാൻ കഴിഞ്ഞുവെന്ന അത്ഭുതം മനസ്സിൽ തങ്ങിക്കിടന്നിരുന്നു. അതിനെക്കാൾ അത്ഭുകരവും അവിശ്വസനീയമായിരുന്നു മറ്റൊരു സംഭവം.

കീറിയ പഴയ തുണികൾ കയറുപോലെ ചുറ്റിക്കെട്ടി മേൽക്കൂരയിൽ താഴോട്ടു തൂക്കിയിട്ടിരിക്കുന്നതിന്റെ താഴത്തെ അറ്റത്ത് വീതികുറഞ്ഞ പലക ഊഞ്ഞാലെന്നപോലെ ചേർത്ത് കെട്ടിവച്ചിരുന്നതിൽ ഷിർദ്ദി സായിബാബ ശയിക്കുന്നതു കണ്ടു. അദ്ദേഹം 1918-ൽ സമാധിയായതായാണ് വിശ്വസിക്കുന്നത്. ആശ്ചര്യവും ഭയവും കലർന്ന ഭാവത്തോടെ ആ ഭാഗത്തേക്കു ദൃഷ്ടി പതിപ്പിച്ചപ്പോൾ ശരീരമാകെ കോൾമയിർകൊണ്ടു. വല്ലാതെ പേടിച്ചുവിറച്ചു. അദ്ദേഹം എണീറ്റ് പലകപ്പുറത്ത് ഇരുന്നു. തറയിൽനിന്നും ആറടി ഉയരത്തിലുള്ള പലകയിൽനിന്ന് അദ്ദേഹത്തിന് താഴോട്ട് എങ്ങനെ ഇറങ്ങാൻ കഴിയും എന്നോർത്ത് അതിശയിച്ചു. അദ്ദേഹം വളരെ ശാന്തതയോടെ സാവധാനത്തിൽ താഴോട്ട് ഒഴുകിയിറങ്ങി. സാധാരണ അദ്ദേഹം തലയിൽ കെട്ടാറുള്ള തുണി ഇല്ലായിരുന്നു. തല മുണ്ഡനം ചെയ്തിരുന്നു. അദ്ദേഹം അടുത്തുവന്നു നിലയുറപ്പിച്ചപ്പോൾ ആറടി ഉയരമുള്ള അദ്ദേഹത്തിന്റെ ശരീരം ഫയൽവാന്റേതാണെന്നു തോന്നി.

അദ്ദേഹം മുസ്ലിംശൈലിയിൽ ബാബാജിയെ ആശ്ലേഷിച്ചു. എന്നിട്ട് പരസ്പരം നാസികയിൽ മൃദുലമായി ചുംബിച്ചു. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. അദ്ദേഹം എന്നെ പിടിച്ച് എണീല്പിച്ചു നിർത്തിക്കൊണ്ട് പറഞ്ഞു: "കുട്ടിക്ക് എന്റെ സലാം. നിനക്കു മഹാനായ ഗുരുവിനെ കിട്ടിയിരിക്കുന്നു. എനിക്കും ഒരു ഗുരു ഉണ്ടായിരുന്നു. ഞാൻ ഒന്നുമാത്രമേ

ചെയ്തിട്ടുള്ളൂ. ഞാൻ അദ്ദേഹത്തെ എപ്പോഴും തുറിച്ചുനോക്കിക്കൊണ്ടിരിക്കും. അള്ളാഹ് മാലിക് ഹേ (ഈശ്വരനാണ് ഉടമസ്ഥൻ) രാം...രാം...."

ബാബാജി പറഞ്ഞു: "ബാബാ! ഇവനെ അനുഗ്രഹിക്കൂ."

"അള്ളാഹ് മാലിക് ഹേ. ഞാൻ ചെയ്യുന്ന ജോലിതന്നെ നീയും ചെയ്യുക. പക്ഷേ, മറ്റൊരു വിധത്തിൽ ആയിരിക്കണം. ഒന്നും അത്ര എളുപ്പമല്ല കുട്ടീ. ഈ ലോകത്തിനു ഭ്രാന്താണ്. ലോകം എന്നെ ഭ്രാന്തൻ എന്നു കരുതുന്നു. ഹു അള്ളാഹ് രാം രാം, നീ കബീറിന്റെ ജോലി ചെയ്യൂ. ഗുരുവിന്റെ ആശീർവാദങ്ങൾ സ്വീകരിക്കൂ." പലകക്കട്ടിലിന്റെ ഷീറ്റിന്റെ താഴെ ചെന്ന് കറൻസി നോട്ടുകളുടെ ഒരു കെട്ടെടുത്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു: "അള്ളാഹ് ഭലാ കരേഗാ (ദൈവം സംരക്ഷിക്കും). ഈ പണം വാങ്ങൂ. ഗനഗപൂർ, പിതാപൂർ, അക്കാൽക്കോട്ട് എന്നീ സ്ഥലങ്ങളിലേക്കു പോകൂ. പൊയ്ക്കൊള്ളൂ."

ഞാൻ പണം വാങ്ങാൻ മടിച്ചുനിന്നപ്പോൾ ബാബാജി മന്ത്രിച്ചു: "വാങ്ങിക്കോ." ഞാൻ പണം വാങ്ങി. ഒരിക്കൽകൂടി സാഷ്ടാംഗം പ്രണമിച്ചു. ബാബാജിയും സായീനാഥനും പരസ്പരം ആശ്ലേഷിച്ചു. ബാബാജി തമാശരൂപത്തിൽ പറഞ്ഞു: "അടുത്ത പ്രാവശ്യം അടഞ്ഞുകിടക്കുന്ന വാതിലിലൂടെ അകത്തേക്ക് കടക്കുന്നത് സൂക്ഷിച്ചുവേണം. നിന്റെ മൂക്ക് പരന്ന തായി മാറും." അപ്പോഴും പുറത്ത് നല്ല ഇരുട്ടായിരുന്നു. തീർച്ചയായും നേരം വെളുക്കും എന്നു വിചാരിച്ചു.

ബാബാജി പറഞ്ഞു: "പണം സൂക്ഷിക്കണം. നാളെത്തന്നെ യാത്ര തുടങ്ങിക്കൊള്ളൂ. ഞാൻ ഇപ്പോൾ പോവുകയാണ്. ആവശ്യം വരുമ്പോൾ കാണാം." സായീനാഥൻ നിർദ്ദേശിച്ച സ്ഥലങ്ങളിലേക്കു പോകാനുള്ള വഴി പറഞ്ഞുതന്നിട്ട് ബാബാജി യാത്രയായി.

പ്രഭാതത്തിൽ ഞാൻ ഗുരുസ്ഥാനവും, സമാധിയും, സദാ ധൂനി കത്തിക്കൊണ്ടിരിക്കുന്ന ദ്വാരകമായിയും ചാവടിയും സന്ദർശിച്ചു. ചാവടിയിൽ നിന്നുകൊണ്ട് സായിബാബയുടെ വലിപ്പത്തിലുള്ള ചിത്രം കണ്ടു. രാത്രിയിലെ അത്ഭുതകരമായ അനുഭവത്തെപ്പറ്റി ഓർത്തു. പ്രാതൽ കഴിച്ചതിനുശേഷം കോപ്പർഗാംവ് റെയിൽവേ സ്റ്റേഷനിലേക്കു പോകുന്ന ബസ്സിൽ കയറി. സ്റ്റേഷനിൽ ട്രെയിൻ വരുന്നതും കാത്തുനിന്നു.

ഈ അദ്ധ്യായം സമാപിക്കുന്നതിനു മുമ്പ് സായിബാബയുടെ ലഘുവായ ഒരു ജീവചരിത്ര കുറിപ്പ് നല്കാമെന്നു കരുതുന്നു.

മഹാരാഷ്ട്രയിലെ അറിയപ്പെടാത്ത ഒരു കൊച്ചുഗ്രാമമാണ് ഷിർദ്ദി. 1800-കളുടെ അവസാനത്തിൽ അലഞ്ഞു നടക്കുന്ന യുവാവായ ഒരു വിശുദ്ധ പുരുഷൻ ഷിർദ്ദിയിലെത്തി. കാഴ്ചയിൽ അദ്ദേഹം ഒരു മുസ്ലിം ഫക്കീർ എന്നു തോന്നിച്ചിരുന്നു. അദ്ദേഹത്തിന്റെ ഊരും പേരും ആർക്കും അറിഞ്ഞു കൂടായിരുന്നു. ഖണ്ഡോബാ ക്ഷേത്രത്തിലെ പൂജാരിയായ മഹാലഷപതി റോഡു മുറിച്ചു കടന്നുവരുന്ന അദ്ദേഹത്തെ കണ്ടയുടനെ 'യാ സായി' (പുണ്യാത്മാവേ വരൂ) എന്നു പറഞ്ഞു. ഇപ്പോൾ സായിബാബായുടെ സമാധി സ്ഥിതി ചെയ്യുന്നതും പ്രസ്തുത റോഡിനു സമീപത്താണ്. പൂജാരി വിളിച്ച 'സായി' എന്ന വാക്ക് അദ്ദേഹത്തിന്റെ പേരായി മാറി. അദ്ദേഹത്തെ അന്നുമുതൽ എല്ലാവരും സായിബാബാ എന്നു വിളിക്കാൻ തുടങ്ങി.

ഒരു വർഷത്തോളം അദ്ദേഹം ഷിർദ്ദിയിൽ താമസിച്ചു. ഒരു വേപ്പുമരച്ചുവട്ടിലായിരുന്നു അദ്ദേഹം കിടന്നുറങ്ങിയിരുന്നത്. അദ്ദേഹം ആ സ്ഥലത്തിന് ഗുരുസ്ഥാൻ (ഗുരുവിന്റെ സ്ഥലം) എന്ന പേര് നല്കി. വളരെ കാലത്തിനു ശേഷം അവിടം സന്ദർശിച്ച ഒരു വിശുദ്ധ വ്യക്തിയുടെ നിർദ്ദേശപ്രകാരം ആ സ്ഥലം കുഴിച്ചു നോക്കിയപ്പോൾ ഒരു ഗുഹയിലേക്കു നയിക്കുന്ന ഒരു തുരങ്കം കാണപ്പെട്ടു. ആ ഗുഹയ്ക്കുള്ളിൽ മൂന്ന് എണ്ണവിളക്കുകൾ കത്തിക്കൊണ്ടിരുന്നു. ഇന്നും അവ ഉജ്ജ്വലമായി കത്തിക്കൊണ്ടിരിക്കുന്നു. ഈ സ്ഥലംതന്നെയാണ് ഇന്ന് ഗുരുസ്ഥാൻ എന്ന പേരിൽ അറിയപ്പെടുന്നത്. ചെറിയ കാലാവധിക്കുശേഷം സായിബാബാ അവിടെനിന്നും പോകുകയും പിന്നീട് ചാന്ദ്പട്ടീൽ എന്നൊരാളിന്റെ വിവാഹപാർട്ടിയോടൊപ്പം മടങ്ങിയെത്തുകയും ചെയ്തു. അടുത്ത ഗ്രാമത്തിലെ ഒരു മുസൽമാൻ ആയിരുന്നു ചാന്ദ്പാട്ടീൽ. പിന്നീട് ഒരിക്കലും ഷിർദ്ദി വിട്ട് അദ്ദേഹം ഒരിടത്തേക്കും പോയിട്ടില്ല. അദ്ദേഹം ജീർണ്ണിച്ച പഴയ ഒരു മുസ്ലിം പള്ളിയിൽ സ്ഥിരതാമസമാക്കി. അതിനെ ദ്വാരകമായി എന്നു പുനർനാമകരണം ചെയ്തു. ശ്രീകൃഷ്ണഭഗവാൻ ജീവിച്ചിരുന്ന നഗരമായിരുന്നു ദ്വാരക.

ദ്വാരകമായിയിലെ സായിബാബാ സായിനാഥൻ എന്നും അറിയപ്പെടുന്നു. അദ്ദേഹം അവിടെ പവിത്ര അഗ്നിയായ ധൂനി കത്തിച്ചു. മിക്കവാറും പകൽ സമയത്ത് അദ്ദേഹം അവിടെത്തന്നെ കഴിച്ചുകൂട്ടി. ധൂനി കത്തിച്ചുവയ്ക്കുന്നത് നാഥ് സമ്പ്രദായത്തിലെ ഒരു പ്രധാനപ്പെട്ട അനുഷ്ഠാനമാണ്. വൈകുന്നേരങ്ങളിൽ അദ്ദേഹം എണ്ണവിളക്കു കത്തിച്ചുവച്ച് പാടുകയും ചിലങ്കകൾ അണിഞ്ഞ് നൃത്തം ചെയ്യുകയും ചെയ്തു. പിന്നീട് അവിടെ ഒരു ചാവടി പണിയുകയും രാത്രിയിൽ അവിടെ തങ്ങുകയും ചെയ്തു. അദ്ദേഹത്തിനു കിടക്കാനുള്ള കിടക്ക എന്നത് ഒരു ചെറിയ പലക ആയിരുന്നു. അത് തറയിൽ നിന്നും ആറടി ഉയരത്തിൽ തൂക്കിയിട്ടിരുന്നു. ചാവടിയുടെ മേൽക്കൂരയിൽ പഴന്തുണികൾ ചേർത്തുവച്ച് കയറുപോലെയാക്കി തൂക്കിയിട്ടിരുന്നതിന്റെ താഴത്തെ അറ്റത്താണ് പലക ചേർത്തു കെട്ടിവച്ചിരുന്നത്. അതിൽ ആരുടെയും സഹായം കൂടാതെ കയറിയിരുന്നത് എല്ലാവരെയും അത്ഭുതപ്പെടുത്തി. പഴന്തുണിയിൽ പൊതിഞ്ഞ ഒരു ഇഷ്ടികയായിരുന്നു അദ്ദേഹത്തിന്റെ തലയണ.

കാലിന്റെ കണ്ണുവരെ ഇറക്കമുള്ള നീണ്ട ഒരു വെളുത്ത കുപ്പായം അദ്ദേഹം ധരിച്ചിരുന്നു. തുണികൊണ്ടുള്ള ഒരു തലക്കെട്ടും അണിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ വസ്ത്രം മിക്കവാറും കീറി മുഷിഞ്ഞതായിരുന്നു. തല മുണ്ഡനം ചെയ്തിരുന്നു. വെട്ടി ശരിപ്പെടുത്തിയ താടിയും മീശയും കണ്ടാൽ മുസ്ലിം ഫക്കീർ ആണെന്നു തോന്നും. അദ്ദേഹം സദാ സമയവും രാം രാം എന്നും അള്ളാഹ് മാലിക് എന്നും പറഞ്ഞുകൊണ്ടിരിക്കും. വിചിത്രമായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റങ്ങൾ. ചിലപ്പോൾ ഭ്രാന്തനെപ്പോലെ കോപാകുലനാകും. ചിലപ്പോൾ തല്ലുമെന്നു ഭീഷണിപ്പെടുത്തും. ചിലപ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വം സ്നേഹവും അനുകമ്പയും നിറഞ്ഞതായിരിക്കും. എന്തായാലും എല്ലാവരും അദ്ദേഹത്തെ അളവറ്റനിലയിൽ സ്നേഹിച്ചു.

അദ്ദേഹം ഷിർദ്ദിയിൽ അനേകം കൊല്ലങ്ങൾ ജീവിച്ചു. അനേകം അത്ഭുതങ്ങൾ കാണിക്കുകയും അദ്ദേഹത്തെ സമീപിച്ച എല്ലാവരുടെയും

ദുഃഖങ്ങൾ അകറ്റുകയും ചെയ്തു. 1886-ൽ ഡോക്ടർമാർ അദ്ദേഹം മരിച്ചതായി പ്രഖ്യാപിച്ചുവെങ്കിലും മൂന്നു ദിവസം കഴിഞ്ഞ് അദ്ദേഹത്തിന് ജീവൻ വീണുകിട്ടുകയും ചെയ്തു. 1918 ഒക്ടോബർ 15-ാം തീയതി അദ്ദേഹം സമാധിയായി. പ്രാണൻ വെടിയുന്നതിനുമുമ്പ് അദ്ദേഹം പറഞ്ഞു: "ഞാൻ ദേഹം വെടിഞ്ഞാലും ഷിർദ്ദിയിൽ കാണും. സത്യസന്ധതയും ഭക്തിയും ഉള്ളവർ എപ്പോൾ വിളിച്ചാലും ഞാൻ അതു കേൾക്കും." എന്റെ സംശയഗ്രസ്തമായ മനസ്സിന് അദ്ദേഹത്തിന്റെ ഭക്തജനങ്ങളോടുള്ള പ്രതിജ്ഞ ഉൾക്കൊള്ളാനായില്ല. ഒരുപക്ഷേ, അത് മാറ്റിയെടുക്കാൻവേണ്ടിയായിരിക്കണം സ്നേഹസമ്പന്നനായ ബാബാജി എന്നെയും കൂട്ടിക്കൊണ്ട് ഷിർദ്ദിയിൽ പോയത്.

നാല്പത്തിയൊന്ന്

കൂടുതൽ യാത്രകളും പുതിയ ഉൾക്കാഴ്ചകളും

ഷിർദ്ദിയിൽനിന്നും നേരേ പോയത് ഗണഗ്പുരിലേക്കായിരുന്നു. അവിടെനിന്നും നർസോ വാഡിയിലേക്കാണ് പോയത്. ദത്താത്രേയന്റെ* അവതാരമെന്ന് വിശ്വസിക്കപ്പെടുന്ന മഹാത്മാവായ സ്വാമി നരസിംഹസരസ്വതി ജീവിതത്തിൽ ഏറിയകാലം ചെലവഴിച്ചത് നർസോവാഡിയിലായിരുന്നു. അവിടെ നിന്നും പോയത് സ്വാമി സമർത്ഥ് എന്നുകൂടി അറിയപ്പെടുന്ന അക്കൽകോട്കർ മഹാരാജിന്റെ സമാധി സ്ഥിതി ചെയ്യുന്ന അക്കൽക്കോട്ടിലേക്കായിരുന്നു. അദ്ദേഹവും ദത്താത്രേയന്റെ അവതാരമാണെന്നു വിശ്വസിക്കപ്പെടുന്നു.

അദ്ദേഹം ഷിർദ്ദിയിലെ സായിബാബായുടെ സമകാലീനനായിരുന്നു. 1878-ൽ ഇഹലോകവാസം വെടിഞ്ഞ അക്കൽകോട്കർ മഹാരാജ് വടവൃക്ഷ മഹാരാജ് എന്ന പേരിലും അറിയപ്പെടുന്നുണ്ട്. അദ്ദേഹം അക്കൽക്കോട്ടിലെ ഒരു അരയാൽ ചുവട്ടിൽ ജീവിച്ചതുകൊണ്ടാണ് ഈ പേര് കിട്ടാനിടയായത്. അദ്ദേഹം ദിവ്യശക്തികളുള്ള ഒരു മഹാപുരുഷൻ ആയിരുന്നു. അദ്ദേഹം അനേകം അത്ഭുതങ്ങൾ കാണിച്ചിട്ടുണ്ട്. മഹാരാഷ്ട്രയിലും വടക്കൻ കർണ്ണാടകത്തിലും അദ്ദേഹത്തിന്റെ അനേകം ആരാധകർ ഉണ്ട്. നല്ല ഉയരമുള്ള അരോഗദൃഢഗാത്രനായിരുന്നു അദ്ദേഹം. കൗപീനമല്ലാതെ മറ്റു വസ്ത്രങ്ങളൊന്നും ധരിച്ചിരുന്നില്ല. സ്വന്തം ഭക്തന്മാരുടെമുമ്പിൽ വിദൂരസ്ഥലങ്ങളിൽപ്പോലും അദ്ദേഹം പ്രത്യക്ഷപ്പെട്ടിരുന്നതായി വിശ്വസിക്കപ്പെടുന്നു. അതേ സമയം അദ്ദേഹം അക്കൽക്കോട്ടിൽത്തന്നെ കഴിഞ്ഞിരുന്നു. മഹാരാഷ്ട്രയിലെ രാജകുടുംബാംഗങ്ങളിൽപെട്ടവരും ഗുജറാത്തിലെ സിന്ധ്യാ രാജകുടുംബാംഗങ്ങളും അദ്ദേഹത്തിന്റെ അനുയായികൾ ആയിരുന്നു.

അക്കൽക്കോട്ടിലെ ഒരു ചെറിയ സത്രത്തിൽ ഞാൻ മൂന്നു ദിവസം തങ്ങി. മൂന്നാമത്തെ ദിവസം രാത്രിയിൽ എനിക്ക് അക്കൽകോട്കർ മഹാരാജ് സ്വപ്നത്തിൽ ദർശനം തന്നു. അദ്ദേഹം പറഞ്ഞു: "ഞാനും ഷിർദ്ദിയിലെ ബാബായും ഒന്നുതന്നെയാണ്. നീ ഇനി പീതാപുരിൽ പോയി ശ്രീപാദവല്ലഭനെ വണങ്ങു."

* സൃഷ്ടികർത്താവായ ബ്രഹ്മാവും സ്ഥിതികാരനായ മഹാവിഷ്ണുവും യോഗേശ്വരനായ ശിവനും ഒരുമിച്ചു ചേർന്നുള്ള അവതാരമായാണ് ദത്താത്രേയനെ കരുതുന്നത്. മതപരമായ നിയമങ്ങളുൾപ്പെടെ എല്ലാ നിയമങ്ങളും ലംഘിക്കുകയും ഒരു കാറ്റിനെപ്പോലെ സ്വതന്ത്രമായി സഞ്ചരിക്കുകയും ചെയ്യുന്ന പുണ്യപുരുഷന്മാരായ അവധൂതന്മാരുടെ ധർമ്മദൈവമായാണ് ദത്താത്രേയനെ വിശേഷിപ്പിക്കുന്നത്. നഗ്നരായി നടക്കുന്ന അവധൂതന്മാർ ദിഗംബരന്മാർ എന്നറിയപ്പെടുന്നു. അവ ധൂതന്മാർക്കുള്ള അനുശാസനങ്ങളും ചര്യകളുമാണ് അവധൂതഗീതയുടെ ഉള്ളടക്കം.

ഞാൻ ആന്ധ്രാപ്രദേശിൽ കാക്കിനാഡയ്ക്കു സമീപമുള്ള പീതാപുരിയിലേക്കു തിരിച്ചു. അവിടെ പാദവല്ലഭ ദേവാലയത്തിൽ തൊഴുതു. പാദവല്ലഭനും ദത്താത്രേയന്റെ ഒരവതാരമായി കരുതപ്പെടുന്നു. കർണ്ണാടകത്തിലെ ഗുൽബർഗ ജില്ലയിലെ മാനിക് നഗരിയിലേക്കായിരുന്നു പിന്നീടുള്ള യാത്ര. അവിടെയാണ് ദത്താത്രേയന്റെ അവതാരമെന്നു കരുതപ്പെടുന്ന മാനിക് പ്രഭുവിന്റെ സമാധി സ്ഥിതി ചെയ്യുന്നത്. അവിടെ ധ്യാനത്തിൽ മുഴുകിയിരുന്ന സമയത്ത് ബാബാജിയുടെ ആജ്ഞ ലഭിച്ചു: "ചെന്നൈയിൽ നിന്റെ സുഹൃത്തായ ബാലചന്ദ്രമേനോന്റെ ഭവനത്തിൽ പോകൂ. അവിടെനിന്നും ഒരു ഭിക്ഷാംദേഹിയുടെ വേഷത്തിൽ അരുണാചല ശിവന്റെ വാസഭൂമിയായ തിരുവണ്ണാമലയിലേക്കു പോകൂ. കുറച്ചു സമയം രമണമഹർഷിയുടെ സമാധി സ്ഥലത്ത് ചെലവഴിക്കുക." ഞാൻ ബാബാജിയുടെ നിർദ്ദേശമനുസരിച്ച് ചെന്നൈയിലേക്കു പുറപ്പെട്ടു.

ഒരു ദിവസം അതിരാവിലെ ഒരു ഭിക്ഷാംദേഹിയുടെ വേഷത്തിൽ എന്റെ സുഹൃത്തായ മേനോന്റെ ഭവനത്തിൽനിന്നും പുറപ്പെട്ടു. ബസ്സിലും, ട്രെയിനിലും ചിലപ്പോൾ കാൽനടയായും യാത്ര ചെയ്തു. ഞാൻ ആദ്യം സന്ദർശിച്ചത് ശ്രീരംഗത്തുള്ള രംഗനാഥ സ്വാമിക്ഷേത്രം ആയിരുന്നു. ഇത് ഒരു വിഷ്ണുക്ഷേത്രമാണ്. ഇവിടെ വിഷ്ണുവിനെ പ്രതിഷ്ഠിച്ചിട്ടുള്ളത് അഞ്ചു ഫണങ്ങളുള്ള അനന്തനിൽ ശയിക്കുന്ന രൂപത്തിലാണ്. ശ്രീരാമാനുജാചാര്യന്റെ അനുയായികളായ വിശിഷ്ടാദ്വൈത വേദാന്ത സമ്പ്രദായക്കാരുടെ ഏറ്റവും സുപ്രധാനമായ ക്ഷേത്രങ്ങളിൽ ഒന്നാണ് ശ്രീരംഗത്തെ ക്ഷേത്രം.

അവിടെനിന്നും വളരെ ദൂരെയല്ലായിരുന്നു വിശുദ്ധ മറിയത്തിന്റെ പള്ളിയായ വേളാങ്കണ്ണിമാതാ പള്ളി. ഞാൻ ആ പള്ളിയിൽ പോയി. എല്ലാവർഷവും ആയിരക്കണക്കിനാളുകൾ വേളാങ്കണ്ണിമാതാവിനെ ദർശിക്കുകയും കുറച്ചു സമയം നിശ്ശബ്ദരായി പള്ളിയുടെ പരിസരത്ത് ഇരിക്കുകയും ചെയ്യുന്നു. പള്ളിക്കുള്ളിലെ അന്തരീക്ഷം തികച്ചും ശാന്തിപൂർണ്ണമായിരുന്നു.

അതിനുശേഷം പോയത് നാഗോറിലേക്ക് ആയിരുന്നു. അവിടെയാണ് സൂഫി സന്ന്യാസിവര്യനായ അബ്ദുൾഖാദറിന്റെ ശവകുടീരവും ആരാധനാലയവും സ്ഥിതി ചെയ്യുന്നത്. അദ്ദേഹം ജനങ്ങളുടെ ഇടയിൽ നാഗോർ ആണ്ടവൻ എന്ന പേരിലാണ് പരക്കെ അറിയപ്പെടുന്നത്. അദ്ദേഹത്തെപ്പറ്റിയുള്ള അത്ഭുതകരമായ പല കഥകളും പറഞ്ഞുകേൾക്കുന്നുണ്ട്. അദ്ദേഹം ഭൂമിക്കടിയിലുള്ള ഒരു നിലവറയിൽ ദിവസങ്ങളോളം അപ്രത്യക്ഷനായി കഴിഞ്ഞിരുന്നു. അവിടെനിന്നും പുറത്തേക്ക് ഇറങ്ങി അദ്ദേഹം കുട്ടികൾക്കു മധുരപലഹാരങ്ങൾ വിതരണം ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു കൊച്ചുകുട്ടിയെ എടുത്ത് ചുമലിൽ വച്ചുകൊണ്ട് ഒരു മിനിട്ട് കണ്ണടയ്ക്കാൻ ആവശ്യപ്പെട്ടു. എന്നിട്ട് കണ്ണുതുറക്കാൻ പറഞ്ഞു. കുട്ടി കണ്ണു തുറന്നപ്പോൾ കണ്ടത് വിശുദ്ധനഗരമായ മെക്കയായിരുന്നു. ഇതേ പ്രക്രിയയിൽ കുഞ്ഞിനെ നാഗോറിലേക്കു കൊണ്ടുവന്നു. ഭയക്കുകയും അമ്പരക്കുകയും ചെയ്ത കുട്ടിയുടെ മാതാപിതാക്കൾ കുട്ടിക്ക് ഹാജി എന്ന വിശിഷ്ട നാമം നല്കി. മെക്കയിൽ തീർത്ഥാടനത്തിനുപോയി ഹജ്ജ് അനുഷ്ഠിക്കുന്നവർക്കുള്ള പേരാണ് ഹാജി.

നാഗോറിൽനിന്നായിരുന്നു ഞാൻ തിരുവണ്ണാമലൈയിലേക്കു പുറപ്പെട്ടത്. വളഞ്ഞുതിരിഞ്ഞ വഴികളിലൂടെ ആയിരുന്നു യാത്ര. അതിനു കാരണം വന്ദ്യവയോധികനായ കാഞ്ചീമഠത്തിലെ ശങ്കരാചാര്യനായ ശ്രീ ചന്ദ്രശേഖരേന്ദ്ര സരസ്വതിയെ കാണാനുള്ള ആഗ്രഹമായിരുന്നു.

അദ്ദേഹത്തെ കാണാനുള്ള സാധ്യത വിരളമായിരുന്നു. അടുത്ത കാലത്ത് അദ്ദേഹം പൊതുജനങ്ങളുമായി സമ്പർക്കം പുലർത്താറില്ലെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. അല്പനേരത്തേക്ക് അദ്ദേഹം പൊതുജനങ്ങൾക്കു ദർശനം നല്കുന്ന സമയത്ത് ദൂരെ നിന്നുകൊണ്ട് അദ്ദേഹത്തെ ദർശിക്കാമെന്ന് വിചാരിച്ചു. അദ്ദേഹം മൗനവ്രതത്തിൽ ആയിരുന്നതിനാൽ അദ്ദേഹത്തോട് സംസാരിക്കുകയോ ചോദ്യങ്ങൾ ചോദിക്കുകയോ അരുത് എന്ന് അധികാരികൾ എന്നോടു പറഞ്ഞിരുന്നു. വൈകുന്നേരം ആയപ്പോൾ അദ്ദേഹം മൗനവ്രതം അവസാനിപ്പിച്ചുവെന്ന് ഒരു വാർത്ത പരന്നു. ഏതാനും വാക്കുകൾ മാത്രം സന്ദർശകരോടു സംസാരിക്കുമെന്നും അറിഞ്ഞു. ഓലമേഞ്ഞ ഒരു പുരയുടെ മുന്നിൽ സന്ദർശകർ വരിയായി നിലത്തിരുന്നു.

ദുർബ്ബലമായ മെലിഞ്ഞ ശരീരമായിരുന്നു അദ്ദേഹത്തിന്റേത്. അരയിൽ ചുറ്റിയിരുന്ന കാവിവസ്ത്രമല്ലാതെ മറ്റൊന്നും അദ്ദേഹം ധരിച്ചിരുന്നില്ല. തലയും കാവിവസ്ത്രംകൊണ്ട് മറച്ചിരുന്നു. കൈയിൽ ഒരു ദണ്ഡ് ഉണ്ടായിരുന്നു. അതിൽനിന്നും അദ്ദേഹം ശ്രീശങ്കരാചാര്യർ ആരംഭിച്ച ദശനാമി സമ്പ്രദായത്തിലെ സന്ന്യാസിയാണെന്നു വ്യക്തമായിരുന്നു. അദ്ദേഹം നല്ല കട്ടിയുള്ള ചില്ലുകളുള്ള കണ്ണട ധരിച്ചിരുന്നു. നെറ്റിയിൽ ഭസ്മം പൂശിയിരുന്നു. ശൈവ സമ്പ്രദായക്കാരുടെ അടയാളമാണ് ഭസ്മക്കുറി. അല്പം ദൂരെ മാറി ഇരുന്നുകൊണ്ട് അദ്ദേഹത്തിനു പ്രണാമം അർപ്പിച്ചിട്ട് കടന്നുപൊയ്ക്കൊണ്ടിരുന്നപ്പോൾ അദ്ദേഹം തന്റെ വലതുകൈ ഉയർത്തി അനുഗ്രഹിക്കുകയും ചിലപ്പോൾ ഏതാനും വാക്കുകൾ സംസാരിക്കുകയും ചെയ്തു. പൂണുനൂൽ ധരിച്ച ബലിഷ്ഠകായന്മാരായ ബ്രാഹ്മണർ ആൾത്തിരക്ക് നിയന്ത്രിച്ചുകൊണ്ടിരുന്നു.

വരിയായി ഇരുന്ന ആളുകൾക്കിടയിൽ ഞാനും ഇരുന്നു. ഞാൻ അദ്ദേഹത്തിന്റെ മുന്നിൽ എത്തിയപ്പോൾ അദ്ദേഹം എന്നോടു തമിഴിൽ പേര് എന്താണെന്നു ചോദിച്ചു.

വായ്പൊത്തി നില്ക്കുകയായിരുന്ന ഞാൻ പറഞ്ഞു: "മധു." എന്റെ യടുത്ത് നില്ക്കുകയായിരുന്ന ബ്രാഹ്മണൻ വായ്പൊത്തി നില്ക്കണമെന്ന് എന്നോട് നിർബന്ധിച്ചിരുന്നു. ഞാൻ വിടുന്ന ശ്വാസം അദ്ദേഹത്തെ സ്പർശിക്കാതിരിക്കാൻവേണ്ടിയാണ് അപ്രകാരം ചെയ്യേണ്ടിയിരുന്നത്.

ഞാൻ എന്റെ പേര് പറഞ്ഞുകഴിഞ്ഞപ്പോൾ അദ്ദേഹം നേരിയ പുഞ്ചിരിയോടെ ചോദിച്ചു:

"നിങ്ങളുടെ ഗുരു നിങ്ങൾക്ക് നല്കിയ പേരാണ്. അല്ലേ? നീ ജസ്റ്റിസ് ഇസ്മെയിലിനെപ്പറ്റി കേട്ടിട്ടുണ്ടോ?"

"ഇല്ല." ഞാൻ അറിയിച്ചു.

"അയാളും നിന്നെപ്പോലെയാണ്. പക്ഷേ, അദ്ദേഹം കമ്പരാമായണത്തിൽ അവഗാഹം നേടിയ ആളാണ്. നിനക്ക് ഒരുപാട് കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ഏറ്റവും പ്രധാനം സത്സംഗം ആണ്."

ഇത്രയും പറഞ്ഞിട്ട് അദ്ദേഹം വലതുകൈ ഉയർത്തി എന്നെ ആശീർവ്വദിച്ചു. അവിടെ ഉണ്ടായിരുന്ന പരിചാരകർ എന്നെ ഉന്തിത്തള്ളി പുറത്തേക്കു കൊണ്ടുപോയി. അനേകം വർഷങ്ങൾക്കുശേഷം എന്റെ പ്രവർത്തനങ്ങളെ ഏകോപിച്ചു കൊണ്ടുപോകുന്നതിനുവേണ്ടി എന്റെ സുഹൃത്തുക്കൾ ഒരു ട്രസ്റ്റ് രൂപീകരിക്കാൻ ആലോചിച്ചു. അതിന് ഉചിതമായ ഒരു പേരെന്തായിരിക്കണമെന്നു ചിന്തിച്ചപ്പോൾ എന്റെ മനസ്സിലേക്കു പെട്ടെന്ന് കടന്നുവന്ന പേരാണ് സത്സംഗ് ഫൗണ്ടേഷൻ. സത് എന്ന വാക്കിന്റെ അർത്ഥം സത്യം എന്നാണ്. 'സംഗ' എന്ന വാക്കിന്റെ അർത്ഥം കൂട്ടം എന്നാണ്. സത്സംഗ് എന്ന വാക്കിനു സത്യാന്വേഷകരായ ആൾക്കാരുടെ കൂട്ടം എന്ന അർത്ഥം കിട്ടും. സത്യത്തിനുവേണ്ടി താൽപര്യമുള്ളവരുടെ ഒത്തുചേരൽ എന്നും അർത്ഥം നല്കാവുന്നതാണ്. അന്ന് ആചാര്യൻ പറഞ്ഞ വാക്കും ട്രസ്റ്റിന് നല്കപ്പെട്ട പേരിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്ന് ആലോചിക്കുമ്പോൾ അതിശയം തോന്നുന്നു.

തിരുവണ്ണാമലൈയിൽ എത്തിച്ചേർന്ന ഞാൻ ആദ്യം കാണണമെന്ന് ആഗ്രഹിച്ചത് രാംസൂരത് കുമാർ എന്ന പേരിലും അറിയപ്പെടുന്ന പംഖാബാബായെ ആയിരുന്നു. കാഞ്ചിയിലെ സർവ്വീസിൽനിന്നും വിരമിച്ച ഒരു പ്രൊഫസറിൽ നിന്നാണ് ഞാൻ അദ്ദേഹത്തെപ്പറ്റി കേൾക്കാനിടയായത്. അദ്ദേഹം കുട്ടികളെപ്പോലെയാണെന്നും, എന്നാൽ പലപ്പോഴും ഭ്രാന്തന്മാരെപ്പോലെ പെരുമാറുമെന്നും പ്രൊഫസർ പറഞ്ഞിരുന്നു. അദ്ദേഹം മുമ്പ് ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റിയിലും പ്രൊഫസറായിരുന്നു. അദ്ദേഹത്തിന് ഇംഗ്ലിഷും ഹിന്ദിയും നല്ലപോലെ സംസാരിക്കാൻ കഴിഞ്ഞിരുന്നു.

ക്ഷേത്രംവക രഥത്തിനു സമീപത്തുള്ള ഒരു കുടിലിൽവച്ച് പംഖാബാബായെ കണ്ടു. അദ്ദേഹത്തിനു ചുറ്റും ഏതാനും പേർ നില്ക്കുന്നുണ്ടായിരുന്നു. നരച്ച നീണ്ട തലമുടിയും നരച്ച നീണ്ട താടിയും, തടിച്ചുകൊഴുത്ത ശരീരവുമുള്ള അദ്ദേഹം കാഴ്ചയിൽ സുന്ദരനായിരുന്നു. അദ്ദേഹം ധോത്തിയും പാശ്ചാത്യ ശൈലിയിൽ തുന്നിയ ക്രീം നിറത്തിലുള്ള ഒരു കോട്ടുമാണു ധരിച്ചിരുന്നത്. ഒരു പക്ഷേ അവ കഴുകിയിട്ട് മാസങ്ങളോളം ആയിക്കാണും എന്ന് കാഴ്ചയിൽ മനസ്സിലാകും.

അദ്ദേഹം അകത്തിരുന്നുകൊണ്ട് എന്റെ നേർക്കു തുറിച്ചുനോക്കി. അദ്ദേഹം കൈവീശി സ്വാഗതം ചെയ്തുകൊണ്ട് വ്യക്തവും സ്നേഹം തുളുമ്പുന്നതുമായ സ്വരത്തിൽ പറഞ്ഞു: "ഇവിടെ ഇരിക്കൂ." ഞാൻ അകത്തേക്കു കയറി ഇരുന്നു. അപ്പോൾ അദ്ദേഹം കുറച്ചുകൂടി അടുത്തേക്ക് ഇരിക്കാൻ പറഞ്ഞിട്ട് ചോദിച്ചു:

"പേര് എന്താണ്."

"മധു." ഞാൻ പറഞ്ഞു.

"മധു... മധു..." എന്റെ പേര് പറയുമ്പോൾ അദ്ദേഹം ആ പേര് ആസ്വദിക്കുകയാണോ എന്ന് എനിക്കു തോന്നി. അദ്ദേഹം ചോദിച്ചു:

"മധു! നിനക്ക് നമാസ് അറിയാമോ?"

ഞാൻ പറഞ്ഞു: "അറിയാം. പക്ഷേ, ഞാൻ ചെയ്യാറില്ല. ഞാൻ ധ്യാനിക്കാറുണ്ട്."

"ധ്യാനം... നമാസ്... രണ്ടും ഒന്നുതന്നെയാണ്. മെഡിറ്റേഷൻ... മധു... എല്ലാം എം.എം.ആണ്. യം.....യം.....യൂ ആർ എം..... ഹാ ഹാ ഹാ" ഇങ്ങനെ പറഞ്ഞു കൊണ്ട് അദ്ദേഹം പൊട്ടിച്ചിരിക്കാൻ തുടങ്ങി. ആ ചിരി താഴോട്ടിറങ്ങി വയറിന്റെ ഭാഗംവരെ എത്തിയിട്ട് അത്യുച്ചത്തിലുള്ള പൊട്ടിച്ചിരിയായി പരിണമിച്ചു: "എം... എം..... ഹാ..... ഹാ....."

അദ്ദേഹം ചിരിച്ചുകൊണ്ടിരുന്നപ്പോൾ ചിരിയോടൊപ്പം അദ്ദേഹത്തിന്റെ ശരീരമാകെ കുലുങ്ങുന്നുണ്ടായിരുന്നു. അതിനിടയിൽ അദ്ദേഹം തന്റെ വലതു കൈ ഉയർത്തി ബലമായി എന്റെ തോളിൽ പ്രഹരിച്ചു. ഉടനെ എന്റെ കൈയിൽവച്ചിരുന്ന തുണിസഞ്ചിയിൽനിന്നും കുറെ നിലക്കടലകൾ നിലത്തുവീണ് ഉരുണ്ട് അദ്ദേഹത്തിന്റെ കാല്ക്കൽ എത്തി.

അദ്ദേഹം സസന്തോഷം പറഞ്ഞു: "കൊള്ളാമല്ലോ. ഈ പാവം യാചകനായ എനിക്ക് നിലക്കടല വളരെ ഇഷ്ടമാണ്." എന്നിട്ട് അദ്ദേഹം ആനന്ദത്തോടെ ഏതാനും നിലക്കടലകൾ പെറുക്കി തിന്നാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു:

"നല്ല രുചിയുണ്ട്... ഇപ്പോൾ നിങ്ങൾ എങ്ങോട്ടാണ് പോകുന്നത്?"

"രമണാശ്രമത്തിലേക്ക്." ഞാൻ വിനയപൂർവ്വം അറിയിച്ചു.

അദ്ദേഹം വീണ്ടും പൊട്ടിച്ചിരിച്ചു: "രമണൻ അവിടെ ഇല്ലല്ലോ. രമണന്റെ സമാധിയാണല്ലോ അവിടെയുള്ളത്. രമണനെ ഒരു സ്ഥലത്ത് കുടിയിരുത്താൻ ആർക്കു കഴിയും? അദ്ദേഹം ഇവിടെയുണ്ട്, അവിടെയുണ്ട്, എല്ലായിടത്തും ഉണ്ട്." അദ്ദേഹം എന്റെ തോളിൽ ഒരിക്കൽകൂടി തട്ടിക്കൊണ്ട് പറഞ്ഞു. "പൊയ്ക്കൊള്ളൂ. സന്തോഷമായിരിക്കൂ."

ഞാൻ പോകാൻവേണ്ടി എണീറ്റു. അപ്പോൾ ആരുടെയോ ശബ്ദം എന്റെ ചെവിയിൽ പതിച്ചു: "എനിക്ക് ഒന്നും വേണ്ടാ സ്വാമി. എനിക്ക് മനശ്ശാന്തി മാത്രം മതി."

"മനശ്ശാന്തിയോ?" പംഖാബാബ ഗർജ്ജിക്കുന്ന സ്വരത്തിൽ ചോദിച്ചു. അപ്പോഴും അദ്ദേഹം ചിരിക്കുന്നുണ്ടായിരുന്നു. "അയാൾക്ക് മനശ്ശാന്തി വേണം പോലും. പാവം ഈ യാചകന്റെ മനസ്സ് പല കഷണങ്ങളായി ഹാ .... ഹാ...."

ഞാൻ തുണിസഞ്ചി കൈയിലെടുത്തു. അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. എന്നിട്ട് അവിടെനിന്നും പുറത്തേക്ക് ഇറങ്ങി.

ഞാൻ ഇറങ്ങാൻ സമയത്ത് അദ്ദേഹം ഉച്ചത്തിൽ എന്നോട് പറഞ്ഞു: "എം... എം... ഞാൻ പറയുന്നതു കേൾക്കൂ. രമണനോട് പറയൂ. മനസ്സ് പല കഷണങ്ങളായിക്കഴിഞ്ഞു. അതുകൊണ്ട് മനസ്സ് ഇല്ല."

ഞാൻ രമണാശ്രമത്തിലെ ഓഫീസിലേക്കു കയറിച്ചെന്നു. താമസിക്കാനുള്ള സൗകര്യം ഏർപ്പാടാക്കാമോ എന്ന് ആരാഞ്ഞു. എനിക്ക് ഡോർമിറ്ററിയിൽ തങ്ങാൻ അനുമതി കിട്ടി. അവിടെ രണ്ടു സന്ന്യാസിമാർ ഉണ്ടായിരുന്നു. ആശ്രമാന്തരീക്ഷം പ്രശാന്തമായിരുന്നു. അരുണാചലത്തിലെ മല വിശുദ്ധവെളിച്ചം ലോകത്തിനു നല്കുന്ന മലയാണ്. പ്രാചീനകാലം മുതൽക്ക് ശിവന്റെ പവിത്രമായ ആസ്ഥാനമാണെന്നു കരുതപ്പെടുന്ന മലയും സമീപത്താണ്. സ്കന്ദപുരാണം അരുണാചലത്തെ ശിവന്റെ വിശുദ്ധഹൃദയം ആണെന്ന് ഉദ്ഘോഷിക്കുന്നു. ഭക്തജനങ്ങൾ ഭക്തിപുരസ്സരം അരുണാചലത്തെ

പ്രദക്ഷിണം വയ്ക്കുന്നു. പ്രത്യേകിച്ചും പൗർണ്ണമിനാളുകളിൽ വലിയ തിരക്കായിരിക്കും.

രമണമഹർഷിയുടെ പേരിലാണ് ആശ്രമം അറിയപ്പെടുന്നത്. ഒരു വലിയ ആദ്ധ്യാത്മിക കേന്ദ്രമായിരുന്ന അരുണാചലത്തോട് തന്റെ യൗവന നാളുകളിൽ രമണൻ ആകൃഷ്ടനായി. ഇന്ത്യയിലും വിദേശരാജ്യങ്ങളിലും ജീവിക്കുന്ന അസംഖ്യം പേർക്ക് ശ്രീ രമണമഹർഷിയുടെ പേര് സുപരിചിതമാണ്. എന്നിരുന്നാലും അദ്ദേഹത്തെപ്പറ്റി അറിയാത്തവർക്കുവേണ്ടി അദ്ദേഹത്തെപ്പറ്റിയുള്ള ഒരു ലഘുവിവരണം ഇവിടെ കൊടുക്കുന്നു:

തമിഴ്നാട്ടിലെ തിരുച്ചിയിലെ ഒരു ഒറ്റപ്പെട്ടുനില്ക്കുന്ന ചെറിയ ഗ്രാമത്തിൽ ഒരു ബ്രാഹ്മണകുടുംബത്തിൽ 1879 ഡിസംബർ മാസം 30-ാം തീയതി രമണൻ ഭൂജാതനായി. വെങ്കടരമണൻ എന്നായിരുന്നു മുഴുവൻ പേര്. എന്നാൽ പിന്നീട് അത് ചുരുക്കി രമണൻ എന്നാക്കി. ആരെയും തന്നിലേക്ക് ആകർഷിക്കുന്ന ബുദ്ധിമാനായ ഒരു ബാലൻ ആയിരുന്നു രമണൻ. രമണന്റെ പ്രവർത്തനങ്ങൾ ഗൃഹാന്തരീക്ഷത്തിൽ മാത്രം ഒതുങ്ങിനിന്നിരുന്നില്ല. ബാലനെ ഗാഢമായ നിദ്രയിൽനിന്ന് വിളിച്ചുണർത്തുക പ്രയാസകരമായ ഒരു കാര്യമായിരുന്നു. വെങ്കടരമണനു പന്ത്രണ്ട് വയസ്സുള്ളപ്പോൾ അദ്ദേഹത്തിന്റെ പിതാവ് സുന്ദരം അയ്യർ അന്തരിച്ചു. അതിനുശേഷം വെങ്കടരമണൻ തന്റെ അമ്മാവനോടൊപ്പം താമസിക്കുന്നതിന് മധുരയിൽ പോയി. സുബ്ബ അയ്യർ എന്നായിരുന്നു അമ്മാവന്റെ പേര്. വെങ്കട രമണനു പതിനാറ് വയസ്സായിരുന്നപ്പോൾ അസാധാരണവും സ്വാഭാവികവുമായ ഒരു സംഭവം ഉണ്ടായി. പ്രസ്തുത സംഭവത്തെക്കുറിച്ച് അദ്ദേഹംതന്നെ ഇപ്രകാരം പറഞ്ഞിട്ടുണ്ട്:

"എന്റെ നല്ല ഭാവിക്കുവേണ്ടി ഞാൻ മധുരയിലേക്കു തിരിക്കുന്നതിന് ഏകദേശം ആറാഴ്ച മുമ്പ് എന്റെ ജീവിതത്തിൽ ഒരു വലിയ മാറ്റം സംഭവിച്ചു. അത് പെട്ടെന്നുണ്ടായതായിരുന്നു. ഞാൻ എന്റെ അമ്മാവന്റെ ഭവനത്തിലെ ഒന്നാമത്തെ നിലയിൽ ഒറ്റയ്ക്ക് ഇരിക്കുകയായിരുന്നു. അന്ന് എന്നെ ഒരു രോഗവും ബാധിച്ചിരുന്നില്ല. എന്റെ ആരോഗ്യത്തിന് ഒരു കുഴപ്പവും ഇല്ലായിരുന്നു. എന്നാൽ പെട്ടെന്ന് അതിശക്തമായ മരണഭയം എന്നെ ഗ്രസിച്ചു. അങ്ങനെ സംഭവിക്കുന്നതിനു ശാരീരികമായ ഒരു കാരണവും ഇല്ലായിരുന്നു. കാരണം കണ്ടുപിടിക്കാൻ ഞാൻ ശ്രമിച്ചതുമില്ല: ഞാൻ മരിക്കാൻ പോകുന്നു എന്ന ചിന്ത എന്നെ വേട്ടയാടാൻ തുടങ്ങി. അതുകൊണ്ട് എന്തു പ്രതിവിധിയാണ് ചെയ്യേണ്ടത് എന്നതിനെപ്പറ്റി ഡോക്ടറോടോ, മുതിർന്നവരോടോ, സുഹൃത്തുക്കളോടോ അഭിപ്രായം ചോദിക്കണമെന്ന ചിന്തയും മനസ്സിലുദിച്ചില്ല. പ്രശ്നം ഞാൻതന്നെ പരിഹരിക്കും എന്ന വിചാരം മനസ്സിൽ ഉറച്ചു."

"മരണഭയത്തിന്റെ ആഘാതം എന്റെ മനസ്സിനെ ഉള്ളിലേക്കു വലിച്ചു. പ്രത്യേകിച്ച് വാക്കുകളൊന്നും കൂടാതെ ഞാൻ സ്വയം പറഞ്ഞു: ഇപ്പോൾ മരണം വന്നിരിക്കുന്നു. എന്താണ് അതിന്റെ അർത്ഥം? മരണം എന്നാൽ എന്താണ്? ഈ ശരീരം നശിക്കുന്നു. അപ്പോൾത്തന്നെ മരണത്തിന് ഒരു നാടകീയ പരിവേഷം നല്കപ്പെടുന്നു. ഞാൻ എന്റെ കൈകാലുകൾ നിവർത്തിവച്ച് അനങ്ങാതെ കിടന്നു. മരിച്ചുകഴിഞ്ഞ വിറങ്ങലിച്ച ശവംപോലെയാണ് കിടന്നത്. ഞാൻ പരിശോധനവിധേയനായാൽപ്പോലും ആർക്കുംതന്നെ

ഒരു സംശയവും ജനിക്കാത്ത രീതിയിൽ ശവമാണെന്നു തോന്നിപ്പിക്കുന്ന രീതിയിൽ ചലിക്കാതെ കിടന്നു. ഞാൻ എന്റെ ശ്വാസം പിടിച്ചു വച്ചു. ചുണ്ടുകൾ ഒരു ശബ്ദവും പുറപ്പെടുവിക്കാൻ കഴിയാത്ത രീതിയിൽ ദൃഢമായി ചേർത്തുവച്ചു. 'ഞാൻ' എന്ന വാക്കോ മറ്റേതെങ്കിലും വാക്കോ പുറപ്പെടാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. ആ അവസ്ഥയിൽ ഞാൻ എന്നോടു നിശ്ശബ്ദം പറഞ്ഞു: ഇപ്പോൾ ഈ ശരീരം മരിച്ചുകഴിഞ്ഞു. ഇതിനെ ദഹിപ്പിക്കാൻ വേണ്ടി ശ്മശാനത്തിലേക്കു കൊണ്ടുപോകും. എന്നിട്ട് ദഹിപ്പിച്ച് ഭസ്മമാക്കും. എന്നാൽ ശരീരത്തിനു മരണം സംഭവിക്കുന്നതോടെ എനിക്കു മരണം സംഭവിക്കുന്നുണ്ടോ? ഞാൻ ഈ ശരീരമാണോ? ഈ ശരീരം നിശ്ശബ്ദവും ജഡവുമാണ്. എന്നാൽ ഞാൻ എന്റെ വ്യക്തിത്വത്തെപ്പറ്റി പൂർണ്ണമായും ബോധവാനാണ്. എന്നിലുള്ള 'ഞാൻ' എന്നതിന്റെ ശബ്ദം അതിൽനിന്നും വേറിട്ടിരിക്കുന്നു.

"അതുകൊണ്ട് ഞാൻ ശരീരത്തെക്കാൾ ശ്രേഷ്ഠമായ ആത്മാവാണ്. ശരീരം മരിക്കുന്നു. എന്നാൽ അതിനെ ആത്മാവ് അതിലംഘിച്ച് മുന്നിട്ടു നില്ക്കുന്നു. മരണത്തിന് ആത്മാവിനെ സ്പർശിക്കാൻ കഴിയുന്നില്ല. അതായത് ഞാൻ മരണമില്ലാത്ത ആത്മാവ് ആണ്."

"ഇതൊക്കെ ശുഷ്കമായ ചിന്തയല്ല. മറിച്ച് എന്നിലൂടെ കടന്നുപോയ വ്യക്തമായ സത്യമായിരുന്നു. ചിന്താപ്രക്രിയയിലൂടെയല്ലാതെ നേരിട്ടറിഞ്ഞ വസ്തുതയായിരുന്നു. 'ഞാൻ' തികച്ചും യഥാർത്ഥമായ വസ്തുതയായിരുന്നു. ഇന്നത്തെ അവസ്ഥയിൽ യഥാർത്ഥമായതും അതുമാത്രമാണ്. ബോധതലത്തിൽ ശരീരവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും 'എന്നിൽ' കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. ആ നിമിഷം മുതൽ 'ഞാൻ' അഥവാ 'അഹംബോധം' ശക്തമായ ആകർഷണത്തോടുകൂടി സ്വയം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. മരണഭയം എന്നെന്നേക്കുമായി അപ്രത്യക്ഷമായിരിക്കുന്നു. ആ സമയം മുതൽ അഹംബോധത്തോട് അവിച്ഛിന്നമായ മനോലയം സംഭവിച്ചിരിക്കുന്നു.

"സംഗീതത്തിലെ സ്വരങ്ങൾപോലെ മറ്റു ചിന്തകൾ വന്നും പോയും ഇരിക്കും. പക്ഷേ, 'ഞാൻ എന്ന ഭാവം' സ്ഥായിയായ ശ്രുതിപോലെ മറ്റെല്ലാ സ്വരങ്ങളോടും ഇഴുകിച്ചേരുന്നു. ശരീരം സംസാരിക്കുകയോ വായിക്കുകയോ, മറ്റെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയോ, ചെയ്തിരുന്നപ്പോഴും ഞാൻ 'ഞാനെന്നഭാവ'ത്തിൽ കേന്ദ്രീകരിച്ചിരുന്നു. ഈ പ്രതിസന്ധിക്കുമുമ്പ് എനിക്ക് എന്റെ ആത്മാവിനെപ്പറ്റി വ്യക്തമായ ജ്ഞാനമില്ലാതിരുന്നു. അതിനോട് ബോധപൂർവ്വമായ ആകർഷണവും ഇല്ലാതിരുന്നു. എനിക്കു പ്രകടമായതോ നേരിട്ടുള്ളതോ ആയ യാതൊരു ബന്ധവും ഇല്ലാതിരുന്നു. ശാശ്വതമായി അതിൽ രമിക്കണമെന്ന ചിന്ത തീരെ ഇല്ലാതിരുന്നു."

പ്രസ്തുത സംഭവത്തിന്റെ ഫലമായി അദ്ദേഹം ഒട്ടും വൈകാതെ മധുര ഉപേക്ഷിച്ചുപോയി. പോകുന്നതിനുമുമ്പ് ഒരു കുറിപ്പ് എഴുതി വച്ചിരുന്നു. അതിൽ തന്നെ ആരും അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും സത്യാന്വേഷണം എന്ന മഹത്തായ ധർമ്മം അനുഷ്ഠിക്കാൻവേണ്ടി പോകുകയാണെന്നും എഴുതിയിരുന്നു. എല്ലായ്പോഴും അദ്ദേഹത്തെ ആകർഷിച്ചിട്ടുള്ള ഒരു പദ

മാണ് 'അരുണാചലം'. എന്നാൽ ഇപ്പോഴാകട്ടെ ആത്മാവിൽ അഭിരമിക്കാനുള്ള ഉൽക്കടമായ അഭിവാഞ്ഛ അദമ്യമായി അനുഭവപ്പെട്ടു. തൽഫലമായി അദ്ദേഹം അരുണാചലത്തിലേക്കു പോകാൻവേണ്ടി ട്രെയിനിൽ കയറി. 1896 സെപ്റ്റംബർ മാസത്തിൽ ഏതോ സമയത്ത് അദ്ദേഹം തിരുവണ്ണാമലൈ റെയിൽവേ സ്റ്റേഷനിൽ എത്തി. തനിക്ക് ഏറ്റവും പ്രിയപ്പെട്ട അരുണാചല ശിവന്റെ സന്നിധാനത്തിൽ എത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. അരുണാചലം ഒരു ദീപമായി അദ്ദേഹത്തിന്റെ കൺമുന്നിൽ തെളിഞ്ഞു.

സ്വാനുഭവത്തെപ്പറ്റി ശ്രീ രമണൻതന്നെ പറഞ്ഞിട്ടുണ്ട്. അരുണാചല ശിവക്ഷേത്രത്തിൽ കടന്നപ്പോൾത്തന്നെ അദ്ദേഹത്തിന്റെ ഹൃദയം വല്ലാതെ വിതുമ്പി. ശ്രീകോവിലിൽ പ്രവേശിച്ച അദ്ദേഹം പരമാനന്ദത്തിൽ മുഴുകി അരുണാചലേശ്വര ലിംഗത്തെ പുണർന്നു. മധുരയിൽവച്ച് അഗ്നിയിൽ കിടന്ന് ദഹിക്കുമ്പോഴുള്ള കഠിനമായ വേദന അനുഭവിച്ചിരുന്നു. അതൊക്കെ അരുണാചലത്തിൽ ദർശിച്ച ദിവ്യജ്യോതിയിൽ വിലയം പ്രാപിച്ചു. പരമമായ സത്യം കണ്ടെത്തിയതോടെ യാത്രയും അവസാനിച്ചു. ഹൃദയാന്തർഭാഗത്തിലാണ് പരമാനന്ദം അനുഭവിക്കുന്ന ആത്മാവിന്റെ വാസം. ആ സത്യം ഉൾക്കൊണ്ട അദ്ദേഹം ആത്മാവിന്റെ പരമോന്നതമായ അവസ്ഥയിൽ ഏകാന്തവാസം തുടർന്നു.

ആദ്യം അദ്ദേഹം ക്ഷേത്രത്തിലെ ഭൂഗർഭത്തിലുള്ള നിലവറയിൽ താമസിച്ചിരുന്നു. ശേഷാദ്രി സ്വാമി എന്ന പുണ്യാത്മാവ് അദ്ദേഹത്തെ കണ്ടെത്തുകയും ഈ പ്രഖ്യാപനം നടത്തുകയും ചെയ്തു: "ആരും തിരിച്ചറിയാത്ത ഒരു രത്നം ഇവിടെ ഇരിപ്പുണ്ടായിരുന്നു." തന്നെ കടിച്ചിരുന്ന തേളുകളെപ്പോലും ഈ ദയാനിധി പരിചരിച്ചിരുന്നു. അദ്ദേഹം മറ്റൊരു ദേവാലയത്തിലെ ഒഴിഞ്ഞ സ്ഥലത്തേക്കു മാറിത്താമസിക്കും. അങ്ങനെ അദ്ദേഹം മാറി മാറി താമസിച്ചുകൊണ്ടിരുന്നു. അദ്ദേഹം ആരോടും ഒന്നും പറഞ്ഞിരുന്നില്ല. അതിനാൽ അദ്ദേഹം മൗനിയായ ബ്രാഹ്മണസ്വാമി എന്ന് അറിയപ്പെടാൻ തുടങ്ങി. പരസ്യത്തിൽനിന്നും ഒഴിഞ്ഞു നില്ക്കാൻവേണ്ടി അദ്ദേഹം മലയിലേക്കു താമസം മാറ്റി. അവിടെ അദ്ദേഹം പല ഗുഹകളിലും ഏകാന്തമായ ദേവാലയങ്ങളിലും തന്റെ സമയം ചെലവഴിച്ചു. ഒടുവിൽ അദ്ദേഹം വിരൂപാക്ഷ ഗുഹയിൽ പതിനേഴു കൊല്ലം തുടർച്ചയായി താമസിച്ചു.

ഏതാനും പരിചാരകന്മാരും ഭക്തന്മാരും എപ്പോഴും അദ്ദേഹത്തിനോടൊപ്പമുണ്ടായിരുന്നു. മഹാപണ്ഡിതനും ആദ്ധ്യാത്മികസാധകനുമായ കാവ്യകാന്താഗണപതിശാസ്ത്രി അദ്ദേഹത്തിന്റെ അടുത്ത് വന്നിരുന്നു. പരമസത്യത്തെ സാക്ഷാത്കരിച്ച ഒരു മഹാഋഷി അവിടെ ജീവിച്ചിരിപ്പുണ്ടെന്ന് ലോകം മുഴുവൻ അറിയാൻ ഇടയായത് അദ്ദേഹം കാരണമാണ്. ഉപനിഷത്തുക്കൾ ഉദ്ഘോഷിക്കുന്ന പരമസത്യം അറിഞ്ഞ മഹാനാണ് ശ്രീ രമണൻ എന്ന് അദ്ദേഹം ലോകത്തോട് പറഞ്ഞു. ചിലർ അദ്ദേഹത്തെ ഭഗവാൻ എന്നുവിളിച്ചു. എന്നാൽ അദ്ദേഹം തിരുവണ്ണാമലൈയിൽ വന്നപ്പോൾ നയിച്ചിരുന്ന ലളിതജീവിതംതന്നെ തുടർന്നു.

വിരൂപാക്ഷ ഗുഹയിൽനിന്നും രമണ മഹർഷി സ്കന്ദാശ്രമത്തിലേക്കു മാറിത്താമസിച്ചു. മലഞ്ചരിവിൽ ഒരു ഭക്തൻ പണികഴിപ്പിച്ച ആശ്രമമായിരുന്നു

അത്. രമണമഹർഷിയുടെ മാതാവ് ഇഹലോകവാസം വെടിഞ്ഞപ്പോൾ അവരെ അടക്കം ചെയ്തതു സ്കന്ദാശ്രമത്തിൽനിന്നും അറിപം അകലെയായിരുന്നു. പിന്നീട് അമ്മയുടെ ശവകുടീരത്തിനു സമീപത്ത് ഉയർന്നുവന്ന വലിതമായ ആശ്രമത്തിലേക്ക് മഹർഷി താമസം മാറി. 1950-ൽ ഈ ലോകത്തോട് വിട പറയുന്നതുവരെ അദ്ദേഹം അവിടെത്തന്നെ കഴിഞ്ഞു. ഇംഗ്ലിഷ്ഭാഷ വശമുള്ള ഭാരതീയ ജനസമൂഹത്തിനും ലോകജനതയ്ക്കും രമണ മഹർഷി പ്രശസ്തനാകാൻ കാരണക്കാരൻ പോൾ ബ്രണ്ടൻ എന്ന ബ്രിട്ടീഷ് പത്ര പ്രവർത്തകനായിരുന്നു. പോൾ ബ്രണ്ടൺ അദ്ദേഹത്തെ നേരിട്ടു കാണുകയും അദ്ദേഹത്തെപ്പറ്റി അനേകം ലേഖനങ്ങൾ എഴുതുകയും ചെയ്തു.

രമണമഹർഷി യാത്ര ചെയ്തിട്ടില്ല. അദ്ദേഹം തിരുവണ്ണാമലൈയിൽത്തന്നെ ജീവിച്ചു. പില്ക്കാലത്ത് അദ്ദേഹത്തെ സന്ദർശിക്കാൻ ദൂരസ്ഥലങ്ങളിൽ നിന്നും എത്തിയിരുന്ന ആൾക്കൂട്ടങ്ങൾക്ക് അദ്ദേഹത്തിന്റെ ദർശനം സുലഭ മായിരുന്നു. അദ്ദേഹം തന്റെ മൗനത്തിലൂടെ പലതും അവരെ പഠിപ്പിച്ചു. അദ്ദേഹം ഏതാനും വാക്കുകളേ പറഞ്ഞിരുന്നുള്ളൂ. പക്ഷേ, അദ്ദേഹത്തിന്റെ സാന്നിദ്ധ്യം എല്ലാവർക്കും അവാച്യമായ മനശ്ശാന്തിയും സൗഖ്യവും പകർന്നു. അദ്ദേഹത്തെ സന്ദർശിച്ചവരുടെ ആകുലതകളും വ്യാകുലതകളും സംഘർഷങ്ങളും ശമിക്കുകയുണ്ടായി.

ഞാൻ മൂന്നു ദിവസം തിരുവണ്ണാമലൈയിൽ തങ്ങി. ശ്രീ രമണമഹർഷി യുടെ സമാധിയിലും, സ്കന്ദാശ്രമത്തിലും, വിരൂപാക്ഷഗുഹയിലും അരുണാചല മലയിലെ മറ്റുപല സ്ഥലങ്ങളിലും ഇരുന്ന് ധ്യാനിച്ചു. അവസാനത്തെ ദിവസം ഞാൻ ആമപ്പാറയിൽ ഇരുന്ന് അവിടത്തെ ശാന്തത നല്കിയ ആനന്ദം അനുഭവിക്കുകയായിരുന്നു. എന്തുകൊണ്ടാണെന്ന് അറിഞ്ഞുകൂടാ, അന്ന് സാധാരണ അനുഭവപ്പെടാറുള്ളതുപോലെ ബാബാജിയുടെ ഭൗതികമായ അസാന്നിദ്ധ്യം എനിക്ക് അനുഭവപ്പെട്ടില്ല. തിരുവണ്ണാമലൈയിൽവച്ച് അദ്ദേഹ വുമായുള്ള സമാഗമം ഉണ്ടാകുമെന്നു പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അതു നടന്നില്ല. എന്നിട്ടും എന്റെ മനസ്സ് സ്വസ്ഥമായിരുന്നു.

അതികഠിനമായ ചൂട് അനുഭവപ്പെട്ടിരുന്നു. കാറ്റ് വീശുമ്പോഴും ചൂടിനു ശമനമുണ്ടായിരുന്നില്ല. എന്നാൽ എന്റെ മനസ്സിനു സുഖകരമായ ഊഷ്മളത യാണ് അനുഭവപ്പെട്ടത്. അത് നെഞ്ചിലൂടെ വ്യാപിച്ച് ശിരസ്സിലേക്കുകടന്നു. കാറ്റ് വീശിയപ്പോൾ ഒരു തുണ്ടുകടലാസ്സ് പറന്നുവന്ന് എന്റെ കാല്ക്കൽ വീണു. അത് അച്ചടിച്ച പുസ്തകത്തിന്റെ പേജിലെ ഒരു ഭാഗമായിരുന്നു. കൗതുക ത്തോടെ ഞാൻ അത് എടുത്തു വായിച്ചു. അത് ശ്രീ രമണ മഹർഷിയുടെ വരികൾ ആയിരുന്നു. ഞാൻ വായിച്ചു:

"അഗാധമായ വിനയം ജീവിതത്തെ ഭദ്രമാക്കും. മറ്റുള്ളർക്കുവേണ്ടി നല്കപ്പെടുന്നതെല്ലാം സ്വന്തം ആത്മാവിനു നല്കുന്ന നേർച്ചയാണ്. ബാഹ്യ വസ്തുക്കൾ സ്വന്തമാക്കാൻ ആഗ്രഹിക്കാത്തതുതന്നെയാണ് വൈരാഗ്യം. സ്വന്തം ആത്മാവിനെ മുറുകെ പിടിക്കുന്നതിനെയാണ് ജ്ഞാനം എന്നു പറയുന്നത്. വൈരാഗ്യവും ജ്ഞാനവും ഒന്നുതന്നെ. ഓരോരുത്തരും അവനവനിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്ന് ആത്മാവിനെ കണ്ടെത്തണം.

ഗുരുവും ഈശ്വരനും ഒന്നാണ്. ഗുരുവിന്റെ അനുഗ്രഹം കിട്ടിയ ശിഷ്യൻ ഒരിക്കലും ഉപേക്ഷിക്കപ്പെടുകയില്ല, എന്നാൽ ശിഷ്യൻ.....”

അവസാനത്തെ വാക്യം പൂർണ്ണമായിരുന്നില്ല. എങ്കിലും വായിച്ച ഭാഗം എന്റെ മനസ്സിൽ പതിഞ്ഞു. ഞാൻ ബാബാജിയെ പെട്ടെന്ന് ഓർത്തു. ബാബാജി എന്റെ മനസ്സിന്റെ ഒരു ഭാഗമാണ്. സ്വന്തം ആത്മാവിന്റെ ഒരു ഭാഗം എങ്ങനെ ആത്മാവിനു നഷ്ടപ്പെടുത്താൻ കഴിയും? ഇത്തരം ചിന്തകൾ മനസ്സിലൂടെ കടന്നുപോയി.

തിരുവണ്ണാമലൈയിൽനിന്നും ഞാൻ ചെന്നൈയിലേക്കു മടങ്ങി. അതിനു ശേഷമുള്ള പത്തുമാസം ഞാൻ വീട്ടിൽത്തന്നെയുണ്ടായിരുന്നു. അച്ഛന്റെ ഫാർമസി സംബന്ധമായ ബിസിനസ്സിൽ സഹായിച്ചു. സായാഹ്നങ്ങളിൽ കടൽത്തീരത്ത് നടക്കാൻ പോയിരുന്നു. ഞാൻ രണ്ടുതവണ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഹെഡ് ക്വാർട്ടേഴ്സിൽ പോയിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കുകയും ചെയ്തു. ഞാൻ കൃഷ്ണമൂർത്തിയെ കാണണമെന്ന് ബാബാജി പറഞ്ഞിരുന്നുവെങ്കിലും എന്തുകൊണ്ടോ ആ ദിവസങ്ങളിൽ അദ്ദേഹത്തെ കാണണമെന്നു തോന്നിയില്ല. ഞായറാഴ്ചകളിൽ ഞാൻ തിയോസൊഫിക്കൽ ലൈബ്രറിയിൽ സമയം ചെലവഴിച്ചിരുന്നു. അല്ലെങ്കിൽ പുരാതനമായ കപാലേശ്വര ക്ഷേത്രത്തിൽ പോയിരുന്നു. ചിലപ്പോൾ ഷിർദ്ദി സായിബാബാ ക്ഷേത്രത്തിലോ എഗ്മോർ റെയിൽവേസ്റ്റേഷനു സമീപത്തുള്ള സൂഫി വിശുദ്ധനായ മോത്തിബാബായുടെ ദർഗയിലോ പോയിരുന്നു.

ഇടയ്ക്കുള്ള സമയത്ത് ‘പ്രോബ്’ എന്ന മാസികയിൽ ദക്ഷിണേന്ത്യയിലെയും ഹിമാലയത്തിലെയും ക്ഷേത്രങ്ങളെ സംബന്ധിച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഒരു ദിവസം ‘ദി ആൻഡമാൻ ടൈംസ്’ എന്ന പേരിലുള്ള ഒരു ചെറുകിട ന്യൂസ്പേപ്പറിനെപ്പറ്റി വായിക്കാനിടയായി. ഈ പത്രം ആൻഡമാൻ ദ്വീപ്സമൂഹത്തിലെ പോർട്ട് ബ്ലയർ എന്ന സ്ഥലത്തു നിന്നുമാണ് ഇറങ്ങിയിരുന്നത്. വർത്തമാനപ്പത്രങ്ങളിൽനിന്നും പുസ്തകങ്ങളിൽനിന്നും ആൻഡമാൻ ദ്വീപസമൂഹങ്ങളെപ്പറ്റി വിവരങ്ങൾ ശേഖരിച്ചതിനുശേഷം ഞാൻ അവിടേക്കു പോകാൻ തീരുമാനിച്ചു. ഞാൻ പത്രാധിപർക്ക് കത്തയച്ചു. അദ്ദേഹം പത്രത്തിനുവേണ്ടി എന്റെ സേവനം സ്വീകരിക്കാൻ തയ്യാറായി. അതിനാൽ ഞാൻ പോർട്ട് ബ്ലയറിലേക്കു യാത്രയായി. ഇത്തവണ യാത്രയായത് അച്ഛനമ്മമാരെ അറിയിച്ചിട്ടായിരുന്നു. എനിക്ക് ഒരു ജോലി കിട്ടി. ഞാൻ ഒരു പത്രപ്രവർത്തകൻ ആകാൻ പോകുന്നു. അതറിഞ്ഞ് വീട്ടിൽ എല്ലാവരും സന്തോഷഭരിതരായി.

നാല്പത്തിരണ്ട്

മുംബൈയിലെ താജിൽ ബാബാജി

വിനോദസഞ്ചാരവകുപ്പ് ആൻഡമാൻ ദ്വീപസമൂഹത്തെപ്പറ്റിയുള്ള പരസ്യത്തിൽ അതിനെ 'സുവർണ്ണ സൂര്യന്റെ നാട്' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ശരിക്കും മനോഹരമായ ഭൂപ്രദേശമാണ് ആൻഡമാൻ ദ്വീപ സമൂഹം. എന്റെ പക്കൽ പ്രസ്സ് അക്രഡിറ്റേഷൻ കാർഡ് ഉണ്ടായിരുന്നതിനാൽ ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹത്തിലെ ഏതു ഭാഗത്തും സഞ്ചരിക്കാൻ കഴിയുമായിരുന്നു. പല സ്ഥലങ്ങളിലും സാധാരണ വിനോദസഞ്ചാരികൾക്കു സഞ്ചാരസ്വാതന്ത്ര്യം അനുവദിച്ചിരുന്നില്ല. ജറാവാ ആദിവാസികൾ വസിക്കുന്ന ജറാവാ റിസർവ്വ് പ്രദേശത്തും എനിക്കു സഞ്ചരിക്കാൻ കഴിഞ്ഞു. ജറാവാകൾ മനുഷ്യമാംസം ഭക്ഷിക്കുന്നവരാണെന്നു പറയപ്പെടുന്നു. കൂടാതെ സെന്റിനെലിസ് എന്നു വിളിക്കപ്പെടുന്ന നല്ല ഉയരമുള്ള നഗ്നരായി ജീവിക്കുന്ന നീഗ്രോയിഡ് വംശജർ താമസിക്കുന്ന സ്ഥലത്തും പോകാൻ കഴിഞ്ഞു. ഒറ്റപ്പെട്ടു കിടക്കുന്ന വടക്കൻ സെന്റിനെൽ ദ്വീപസമൂഹത്തിലാണ് നീഗ്രോയിഡ് വംശജർ വസിക്കുന്നത്. അവർക്ക് ഉപ്പിന്റെ ഉപയോഗംപോലും അറിഞ്ഞുകൂടാ.

ദ്വീപ് സമൂഹത്തിലെ രാഷ്ട്രീയ നേതാക്കൾ നിസ്സാരകാര്യങ്ങളെ ചൊല്ലി വഴക്കു കൂടുന്നത് ശ്രദ്ധയിൽ പെട്ടു. എന്റെ കൈയിൽ പ്രസ്സ് കാർഡ് ഉണ്ടായിരുന്നതിനാൽ എനിക്ക് ഏത് ഓഫീസിലും കയറി ചെല്ലാൻ കഴിഞ്ഞിരുന്നു. വാർത്തകൾ ശേഖരിക്കുന്നതിനും അവ എഡിറ്റു ചെയ്യുന്നതിനുമുള്ള കഴിവ് ഞാൻ ആർജ്ജിച്ചു. എഡിറ്റു ചെയ്യുമ്പോൾ പത്രത്തിന്റെ സ്ഥലപരിമിതിക്കുള്ളിൽ വാർത്തകളെ ഒതുക്കി നിർത്താനും അത്യാവശ്യമായ വിവരങ്ങൾ ഒന്നും ചോർന്നു പോകാതിരിക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ പരിശീലനം ചെറുകഥകൾ എഴുതാനുള്ള പരീക്ഷണത്തിനു പ്രചോദനമായി ഭവിച്ചു. ഞാൻ ആയിടെ 'ദി ഐലന്റ് ബോയി' എന്ന ശീർഷകത്തിൽ ഒരു ചെറുകഥ എഴുതി ഡൽഹിയിൽനിന്നും ഇറങ്ങുന്ന ഹിന്ദുസ്ഥാൻ ടൈംസ് പത്രത്തിൽ പ്രസിദ്ധീകരിച്ചു. ഞാൻ അനേകം ലേഖനങ്ങൾ എഴുതി. അവയൊക്കെ വൻകരയിലെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ചരിത്രപരമായി പോർട്ട് ബ്ലയറിനു വളരെ പ്രാധാന്യമുണ്ട്. രണ്ടാംലോക മഹായുദ്ധക്കാലത്ത് കുറച്ചുകാലം ജപ്പാൻകാർ പോർട്ട് ബ്ലയർ കൈയടക്കിവച്ചിരുന്നു. അത് അവർ ചെന്നൈയിൽ (അപ്പോഴത്തെ മദ്രാസ്) ബോംബിടുന്നതിനുള്ള ബേസ് ആയി കരുതിയിരുന്നു. പോർട്ട് ബ്ലയറിൽ നഗരത്തിനു സമീപം നിർമ്മിക്കപ്പെട്ടിട്ടുള്ള ധാരാളം തുരങ്കങ്ങളും ബങ്കറുകളും ഇപ്പോഴും കാണാൻ കഴിയും. പോർട്ട് ബ്ലയറിൽ ബ്രിട്ടീഷ് ഭരണകാലത്ത് കുപ്രസിദ്ധമായ ജയിലറകൾ ഉണ്ടായിരുന്നു. വലിയ ക്രിമിനൽ കുറ്റം ചെയ്തവരെ അവിടെ പാർപ്പി

ച്ചിരുന്നു. പിന്നീട് അവിടെ വീര സവർക്കറെപ്പോലെയുള്ള വിപ്ലവകാരികളായ രാഷ്ട്രീയത്തടവുകാരെയും പാർപ്പിച്ചിരുന്നു. എഴുതാൻ ധാരാളം വിഷയങ്ങൾ ഉണ്ടായിരുന്നു. ധ്യാനത്തിന് അനുയോജ്യമായ സ്ഥലമായിരുന്നതിനാൽ എഴുത്തും ധ്യാനവും ഒരുമിച്ചു നടത്തി. ഏതു ഭാഗത്തുനിന്നും ബീച്ചിലെത്താൻ ഏതാനും മിനിട്ടുകൾ മതിയാകും.

ആൻഡമാനിൽ ഒരു വർഷം മുഴുവൻ ആനന്ദകരമായ ജീവിതമാണ് നയിച്ചത്. അതോടൊപ്പംതന്നെ വളരെ കരുതലോടെയാണ് ജീവിച്ചത്. എന്തെന്നാൽ ധനാഢ്യരായ മാപ്പിള വ്യാപാരികളും എസ്റ്റേറ്റ് ഉടമകളും എന്നെ അവരുടെ മരുമകനാക്കാനുള്ള ശ്രമം നടത്തിയിരുന്നു. വൻകരയിൽ നിന്നും ദ്വീപുകളിൽ വന്ന് താമസമാക്കിയിട്ടുള്ള ധനാഢ്യർ തങ്ങളുടെ പെൺമക്കളെ വൻകരയിലെ കാണാൻ കൊള്ളാവുന്ന യുവാക്കളായ വിദ്യാസമ്പന്നർക്ക് വിവാഹം കഴിച്ചു കൊടുക്കാൻ അതീവ താൽപര്യം കാണിച്ചിരുന്നു. പെൺകുട്ടികൾ സുന്ദരികളും മിടുക്കികളും ആയിരുന്നു. കല്യാണക്കാര്യത്തെപ്പറ്റി എനിക്ക് നേരത്തേ ചില മുന്നറിയിപ്പുകൾ കിട്ടിയിരുന്നതിനാൽ ഞാൻ അക്കാര്യത്തിൽ ജാഗ്രത പുലർത്തിയിരുന്നു.

ആൻഡമാനിലെ ജീവിതത്തിൽ ചെറിയ ഒരു അസുഖം ബാധിച്ചതല്ലാതെ മറ്റു വൈഷമ്യങ്ങളൊന്നും നേരിടേണ്ടിവന്നില്ല. ശുദ്ധീകരിക്കാത്ത വെള്ളം കുടിച്ചതിനാൽ അമീബമൂലം കുറച്ചു ദിവസം അസുഖം ബാധിച്ചു. രാത്രിയിൽ കൊതുകുവല ഉപയോഗിച്ചിരുന്നതിനാൽ മസ്തിഷ്കത്തെ ബാധിക്കുന്ന മലേറിയ പിടിപെട്ടില്ല. ആദ്ധ്യാത്മികമായി പ്രാധാന്യം അർഹിക്കുന്ന ഒന്നും തന്നെ സംഭവിച്ചില്ല. വർഷാവസാനം ഞാൻ ജോലി രാജിവച്ച് കപ്പലിൽ കൽക്കത്തയിലേക്കു തിരിച്ചു. കൽക്കത്തയിലെത്താൻ മൂന്നു ദിവസം വേണ്ടിവന്നു.

കൽക്കത്തയിൽ എത്തിയ ഞാൻ ഒരിക്കൽക്കൂടി ബേലൂർ മഠവും ദക്ഷിണേശ്വരത്തിലെ കാളിക്ഷേത്രവും സന്ദർശിച്ചു. ദക്ഷിണേശ്വരത്തുതന്നെ സ്ഥിതിചെയ്തിരുന്ന യോഗോദാ സത്സംഗ് സൊസൈറ്റിയുടെ മുഖ്യകാര്യാലയവും സന്ദർശിക്കുകയുണ്ടായി. അവിടത്തെ സംഘത്തിലെ മുതിർന്ന അമേരിക്കൻ സ്വാമിയായ സ്വാമി ശാന്താനന്ദനെ പരിചയപ്പെടുകയും ക്രിയായോഗയെപ്പറ്റി ഒരു സ്വകാര്യചർച്ച നടത്തുകയും ചെയ്തു. അദ്ദേഹം തികഞ്ഞ മാന്യനും സൗമ്യനും ആയിരുന്നു.

ദക്ഷിണേശ്വരത്തുനിന്നും ഞാൻ നഗരത്തിലേക്കു മടങ്ങി. പരിചിതനായ ഒരു വ്യക്തിയിൽനിന്ന് പ്രസിദ്ധ ക്രിയായോഗ ഗുരുവായ ശ്യാമചരൺ ലാഹിരി മഹാശയന്റെ പൗത്രനായ ശ്രീ സത്യചരൺ ലാഹിരി തന്റെ ഒരു അനുയായിയോടൊപ്പം നഗരത്തിൽ വന്നിട്ടുണ്ട് എന്ന് അറിയാൻ കഴിഞ്ഞു. മഹാനായ ശ്രീ ശ്യാമചരൺ ലാഹിരി ശ്രീ ഗുരുബാബായുടെ ശിഷ്യനായിരുന്നു. മുത്തച്ഛനെപ്പോലെതന്നെ ശ്രീ സത്യചരൺ ലാഹിരി ആദ്ധ്യാത്മികമായി ഔന്നത്യം പ്രാപിച്ച വ്യക്തിയായിരുന്നു. അദ്ദേഹം വലിയ ജ്ഞാനിയും സംസ്കാരസമ്പന്നനുമായിരുന്നു. ഒരു മണിക്കൂർ സമയം അദ്ദേഹവുമായി ആദ്ധ്യാത്മിക വിഷയങ്ങളെപ്പറ്റി ചർച്ച ചെയ്യാൻ അവസരം കിട്ടി. ശ്രീ ശ്യാമചരൺ ലാഹിരി മഹാശയനെ സംബന്ധിക്കുന്ന അതുവരെയും അറിയപ്പെടാത്ത പല വിവരങ്ങളും അറിയാൻ കഴിഞ്ഞു. ഞങ്ങൾ രണ്ടുപേരും

ക്രിയായോഗത്തെപ്പറ്റിയും ചർച്ച ചെയ്തു. ക്രിയായോഗം കറസ്പോണ്ടന്റ് കോഴ്സിലൂടെ പഠിക്കേണ്ട വിഷയമല്ലെന്നുള്ള എന്റെ അഭിപ്രായത്തോട് അദ്ദേഹം യോജിച്ചു. ഗുരുവും ശിഷ്യനും തമ്മിലുള്ള ആത്മബന്ധത്തിലൂടെയാണ് ക്രിയായോഗ അഭ്യസിക്കാൻ കഴിയുന്നത്.

അദ്ദേഹം ഉള്ളുതുറന്ന് ചിരിച്ചുകൊണ്ട് മുംബൈയിൽവച്ചുണ്ടായ ഒരു സംഭവം വിവരിച്ചു. ഒരിക്കൽ മുംബൈ സന്ദർശനവേളയിൽ ശ്രീ സത്യചരൺ ലാഹിരിയെ ഒരു സ്ത്രീ സമീപിക്കുകയുണ്ടായി. താൻ ഹിമാലയത്തിൽ പോയിരുന്നുവെന്നും അവിടെവച്ച് ശ്രീ ഗുരുബാബയെ ദർശിച്ചിരുന്നുവെന്നും അവർ അവകാശപ്പെട്ടു. അദ്ദേഹത്തിന്റെ പേര് മഹാവതാർ ബാബാജി എന്നാണ് പറഞ്ഞത്. ശ്രീഗുരുബാബാജിയെ പരാമർശിക്കാൻ സ്വാമി യോഗാനന്ദ പരമഹംസൻ ഉപയോഗിച്ച പദമായിരുന്നു അത്. ഗുരുബാബാജിയുടെ അടുത്തിരുന്ന് മൂന്നു മണിക്കൂർ ധ്യാനിച്ചുവെന്നും അവർ അവകാശപ്പെട്ടു. ഇത്രയും പറഞ്ഞതിനുശേഷം അവർ ശ്രീ സത്യചരൺ ലാഹിരിയോട് ക്രിയായോഗ ദീക്ഷ നല്കാൻ അഭ്യർത്ഥിച്ചു. അദ്ദേഹം വിസമ്മതിച്ചു. അദ്ദേഹം പറഞ്ഞു: "ഇക്കാലത്ത് ആളുകൾ ആദ്ധ്യാത്മികതയെയും ഒരു കച്ചവടച്ചരക്കാക്കി മാറ്റിയിരിക്കുന്നു. ഞാൻ പറയുന്നത് ശ്രദ്ധിക്കൂ. ഭാവിയിൽ അണ്ടനും അടകോടനുമെല്ലാം താൻ ബാബാജിയുടെ ശിഷ്യൻ എന്ന് അവകാശപ്പെട്ടേക്കാം. കച്ചവടം പൊടിപൊടിക്കുകയും ചെയ്യും."

കൽക്കത്തയിൽനിന്നും ഞാൻ ബനാറസ്സിലേക്കു പോയി. ഇത് ബനാറസ്സിലേക്കുള്ള രണ്ടാമത്തെ യാത്രയാണ്. കാശിവിശ്വനാഥക്ഷേത്രം ഒരിക്കൽകൂടി ദർശിക്കണമെന്നും ബുദ്ധൻ ആദ്യമായി ഉപദേശം നല്കിയ സാരനാഥിൽ പോകണമെന്നും ആഗ്രഹിച്ചിരുന്നു. സാരനാഥിൽനിന്നാണ് അദ്ദേഹം തന്റെ ധർമ്മചക്രത്തെ ആദ്യമായി ചലിപ്പിച്ചത്. രാജ്ഘട്ടിലെ കൃഷ്ണമൂർത്തി ഫൗണ്ടേഷൻ നടത്തുന്ന വസന്ത കോളജും സ്കൂളും കൃഷ്ണമൂർത്തി സെൻററും മാർഗ്ഗമദ്ധ്യേ സന്ദർശിക്കുകയുണ്ടായി.

യാത്രയ്ക്കുവേണ്ടി വേണ്ടുവോളം പണം കരുതിവച്ചിരുന്നതിനാൽ മുംബൈയിൽ പോകുന്നതിനും എലഫന്റാ ഗുഹകൾ സന്ദർശിക്കുന്നതിനും മനസ്സിൽ ആഗ്രഹം ഉദിച്ചു. വളരെമുമ്പ് ബാബാജി ഈ ഗുഹകളെപ്പറ്റി പറഞ്ഞിട്ടുണ്ടായിരുന്നു. കാശ്മീരിൽ അനന്തനാഗിനു സമീപമുള്ള ഭാൻജോയിലെ ഗുഹാക്ഷേത്രങ്ങളിൽ എന്നപോലെ പ്രാചീനകാലത്ത് എലഫന്റാ ഗുഹകൾ ദീക്ഷാ ചടങ്ങുകൾക്ക് ഉപയോഗിച്ചിരുന്നു. ഗേറ്റ് വേ ഓഫ് ഇന്ത്യയിൽനിന്നും കുറച്ചുദൂരം ബോട്ടിൽ യാത്ര ചെയ്താൽ അവിടെ എത്തിച്ചേരും. വിനോദസഞ്ചാരികൾ യാത്ര ചെയ്യുന്ന ഒരു ബോട്ടിൽ കയറി ഗുഹകളിൽ എത്തിച്ചേർന്നു.

എലഫന്റാ കേവ്സിനെ മറാത്തിയിൽ ഘരപുരി ഗുഹകൾ എന്നാണ് വിളിക്കുന്നത്. ഇവ സ്ഥിതിചെയ്യുന്നത് അറബിക്കടലിലെ ഒരു ദ്വീപിൽ ആണ്. സംസ്കൃതത്തിൽ ഇതിന്റെ മൂലകനാമം അഗ്രഹാരപുരി എന്നായിരുന്നുവെന്ന് ബാബാജി പറഞ്ഞിരുന്നു. അഗ്രഹാരം എന്ന വാക്കിന്റെ അർത്ഥം 'ഏറ്റവും നല്ല കണ്ഠഹാരം' എന്നാണ്. ഈ പദം ബ്രാഹ്മണ സമൂഹം താമസിക്കുന്ന സ്ഥലത്തെ സൂചിപ്പിക്കാനും ഉപയോഗിക്കുന്നു. അതെപ്പറ്റി ബാബാജിയുടെ വിശദീകരണം ഇങ്ങനെയായിരുന്നു: പണ്ട് ആദ്ധ്യാത്മികമായ നിഗൂഢരഹസ്യങ്ങൾ ഉപ

ഒരു സംശയവും ജനിക്കാത്ത രീതിയിൽ ശവമാണെന്നു തോന്നിപ്പിക്കുന്ന രീതിയിൽ ചലിക്കാതെ കിടന്നു. ഞാൻ എന്റെ ശ്വാസം പിടിച്ചു വച്ചു. ചുണ്ടുകൾ ഒരു ശബ്ദവും പുറപ്പെടുവിക്കാൻ കഴിയാത്ത രീതിയിൽ ദൃഢമായി ചേർത്തുവച്ചു. 'ഞാൻ' എന്ന വാക്കോ മറ്റേതെങ്കിലും വാക്കോ പുറപ്പെടാൻ കഴിയാത്ത അവസ്ഥയിലായിരുന്നു. ആ അവസ്ഥയിൽ ഞാൻ എന്നോടു നിശ്ശബ്ദം പറഞ്ഞു: ഇപ്പോൾ ഈ ശരീരം മരിച്ചുകഴിഞ്ഞു. ഇതിനെ ദഹിപ്പിക്കാൻ വേണ്ടി ശ്മശാനത്തിലേക്കു കൊണ്ടുപോകും. എന്നിട്ട് ദഹിപ്പിച്ച് ഭസ്മമാക്കും. എന്നാൽ ശരീരത്തിനു മരണം സംഭവിക്കുന്നതോടെ എനിക്കു മരണം സംഭവിക്കുന്നുണ്ടോ? ഞാൻ ഈ ശരീരമാണോ? ഈ ശരീരം നിശ്ശബ്ദവും ജഡവുമാണ്. എന്നാൽ ഞാൻ എന്റെ വ്യക്തിത്വത്തെപ്പറ്റി പൂർണ്ണമായും ബോധവാനാണ്. എന്നിലുള്ള 'ഞാൻ' എന്നതിന്റെ ശബ്ദം അതിൽനിന്നും വേറിട്ടിരിക്കുന്നു.

"അതുകൊണ്ട് ഞാൻ ശരീരത്തെക്കാൾ ശ്രേഷ്ഠമായ ആത്മാവാണ്. ശരീരം മരിക്കുന്നു. എന്നാൽ അതിനെ ആത്മാവ് അതിലംഘിച്ച് മുന്നിട്ടു നില്ക്കുന്നു. മരണത്തിന് ആത്മാവിനെ സ്പർശിക്കാൻ കഴിയുന്നില്ല. അതായത് ഞാൻ മരണമില്ലാത്ത ആത്മാവ് ആണ്."

"ഇതൊക്കെ ശുഷ്കമായ ചിന്തയല്ല. മറിച്ച് എന്നിലൂടെ കടന്നുപോയ വ്യക്തമായ സത്യമായിരുന്നു. ചിന്താപ്രക്രിയയിലൂടെയല്ലാതെ നേരിട്ടറിഞ്ഞ വസ്തുതയായിരുന്നു. 'ഞാൻ' തികച്ചും യഥാർത്ഥമായ വസ്തുതയായിരുന്നു. ഇന്നത്തെ അവസ്ഥയിൽ യഥാർത്ഥമായതും അതുമാത്രമാണ്. ബോധതലത്തിൽ ശരീരവുമായി ബന്ധപ്പെട്ടിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും 'എന്നിൽ' കേന്ദ്രീകരിച്ചിരിക്കുകയായിരുന്നു. ആ നിമിഷം മുതൽ 'ഞാൻ' അഥവാ 'അഹംബോധം' ശക്തമായ ആകർഷണത്തോടുകൂടി സ്വയം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. മരണഭയം എന്നെന്നേക്കുമായി അപ്രത്യക്ഷമായിരിക്കുന്നു. ആ സമയം മുതൽ അഹംബോധത്തോട് അവിച്ഛിന്നമായ മനോലയം സംഭവിച്ചിരിക്കുന്നു.

"സംഗീതത്തിലെ സ്വരങ്ങൾപോലെ മറ്റു ചിന്തകൾ വന്നും പോയും ഇരിക്കും. പക്ഷേ, 'ഞാൻ എന്ന ഭാവം' സ്ഥായിയായ ശ്രുതിപോലെ മറ്റെല്ലാ സ്വരങ്ങളോടും ഇഴുകിച്ചേരുന്നു. ശരീരം സംസാരിക്കുകയോ വായിക്കുകയോ, മറ്റെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുകയോ, ചെയ്തിരുന്നപ്പോഴും ഞാൻ 'ഞാനെന്നഭാവ'ത്തിൽ കേന്ദ്രീകരിച്ചിരുന്നു. ഈ പ്രതിസന്ധിക്കുമുമ്പ് എനിക്ക് എന്റെ ആത്മാവിനെപ്പറ്റി വ്യക്തമായ ജ്ഞാനമില്ലാതിരുന്നു. അതിനോട് ബോധപൂർവ്വമായ ആകർഷണവും ഇല്ലാതിരുന്നു. എനിക്കു പ്രകടമായതോ നേരിട്ടുള്ളതോ ആയ യാതൊരു ബന്ധവും ഇല്ലാതിരുന്നു. ശാശ്വതമായി അതിൽ രമിക്കണമെന്ന ചിന്ത തീരെ ഇല്ലാതിരുന്നു."

പ്രസ്തുത സംഭവത്തിന്റെ ഫലമായി അദ്ദേഹം ഒട്ടും വൈകാതെ മധുര ഉപേക്ഷിച്ചുപോയി. പോകുന്നതിനുമുമ്പ് ഒരു കുറിപ്പ് എഴുതി വച്ചിരുന്നു. അതിൽ തന്നെ ആരും അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും സത്യാന്വേഷണം എന്ന മഹത്തായ ധർമ്മം അനുഷ്ഠിക്കാൻവേണ്ടി പോകുകയാണെന്നും എഴുതിയിരുന്നു. എല്ലായ്പോഴും അദ്ദേഹത്തെ ആകർഷിച്ചിട്ടുള്ള ഒരു പദ

ദേശിച്ചിരുന്നവരെയും മന്ത്രദീക്ഷ നല്കിപ്പോന്നിരുന്നവരെയും ബ്രാഹ്മണർ എന്നു വിളിച്ചിരുന്നു. അങ്ങനെയുള്ള ബ്രാഹ്മണഗുരുക്കന്മാർ പ്രസ്തുത ഗുഹകളിൽ വസിച്ചിരുന്നു. ഏതോ കാരണവശാൽ പോർച്ചുഗീസുകാർ ആ ഗുഹകൾക്ക് എലഫന്റാ എന്ന പേര് നല്കുകയുണ്ടായി. പതിനേഴാം നൂറ്റാണ്ടിൽ അവർ അവിടെയുണ്ടായിരുന്ന പല ശില്പങ്ങളെയും ഉന്നം വയ്ക്കാനുള്ള അഭ്യാസത്തിനു (target practice) വേണ്ടി ഉപയോഗിച്ച് നശിപ്പിച്ചുകളഞ്ഞു. എലഫന്റാകേവ്സ് പാറയിൽ പണിതീർത്ത ഒരു സമുച്ചയമാണ്. അവിടെ വിശാലമായ ഗുഹയും മുറ്റങ്ങളും ആരാധനാസ്ഥലങ്ങളും ഉണ്ട്. അവിടത്തെ കൊത്തുപണികൾ ഏവരെയും ആകർഷിക്കുന്നവയാണ്. ഒരു ശിവക്ഷേത്രവും ഉണ്ട്. അവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത് അർദ്ധനാരീശ്വരനെയാണ്. യോഗികളുടെ അധിഷ്ഠാന ദേവനാണ് ശിവൻ. പകുതിഭാഗം സുന്ദരിയായ സ്ത്രീയുടെ രൂപവും പകുതിഭാഗം പുരുഷന്റെ രൂപവുമാണ്.

അർദ്ധനാരീശ്വരനെ പൂർണ്ണയോഗിയുടെ പ്രതീകമായിട്ടാണ് ബാബാജി വിശദീകരിച്ചു തന്നിരുന്നത്. ഒരു പൂർണ്ണയോഗിയിൽ സമതുലിതാവസ്ഥയിൽ സ്ത്രീയുടെയും പുരുഷന്റെയും സ്വഭാവങ്ങൾ സമ്മേളിച്ചിരിക്കുന്നു. അത് സാധ്യമാക്കുന്നത് നട്ടെല്ലിന് ഇരുപാർശ്വങ്ങളിലുള്ള ഇഡ-പിംഗള നാഡികളിൽകൂടി സഞ്ചരിക്കുന്ന ക്രിയാശക്തിയെ യോഗി ഉണർത്തി സുഷുമ്നാ മാർഗ്ഗത്തിലൂടെ സഞ്ചരിപ്പിക്കുമ്പോഴാണ്. അപ്പോൾ ജ്ഞാനിയായ യോഗിക്ക് പരമമായ സത്തയെ പ്രാപിക്കാൻ കഴിയുന്നുണ്ട്. അതുതന്നെയാണ് ശിവതത്ത്വം. അത് പ്രാപിക്കുമ്പോൾ പരമാനന്ദം ലഭിക്കുന്നു. ആ അവസ്ഥയിൽ ഒരു സാധാരണ മനുഷ്യൻ അതിമാനുഷനായിത്തീരുന്നു.

ഗുഹയുടെ പുറത്ത് ഇരുപതടി ഉയരമുള്ള ത്രിമൂർത്തി ശിവന്റെ ശില്പം ഉണ്ട്. അതായത് സൃഷ്ടി, സ്ഥിതി, സംഹാരം ഈ മൂന്നു ഭാവങ്ങളും ഒരേ മൂർത്തിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. വിശാലമായ മുറിയിൽ ആനന്ദനൃത്തം ചെയ്യുന്ന ശിവന്റെ പ്രതിഷ്ഠയുണ്ട്. നർത്തകരുടെ രാജാവായ ശിവനെ നടരാജൻ എന്നാണ് വിളിക്കുന്നത്. എല്ലാ ശില്പങ്ങളും അത്യാകർഷങ്ങളാണ്. വളരെമുമ്പ് അവയെ കണ്ടിരുന്ന ഓർമ്മകൾ എന്റെ മനസ്സിലൂടെ ക്ഷിപ്രഗതിയിൽ കടന്നുപോയി. അല്പസമയം ഞാൻ ധ്യാനത്തിൽ മുഴുകിപ്പോയി. അതിനിടയിൽ വൻകരയിലേക്ക് മടങ്ങണമെന്ന വിചാരമുണ്ടായി. ഞാൻ ബോട്ടിൽ കയറി ഗേറ്റ് വേ ഓഫ് ഇന്ത്യയിലേക്കു മടങ്ങി.

ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ നിന്നാൽ മനോഹരമായ താജ്മഹൽ പാലസ് ഹോട്ടൽ കാണാൻ കഴിയും. ഇതിന്റെ ഉടമസ്ഥത ടാറ്റാ കുടുംബത്തിനാണ്. ചാരുതയാർന്ന ഈ സൗധത്തിൽനിന്ന് ശില്പഭംഗി വാർന്നൊഴുകുന്നു. ഇതിന്റെ ഗേറ്റിലൂടെ ഒരു നൂറ്റാണ്ടായി എത്രയോ രാജാക്കന്മാരും, വൻകിട വ്യവസായികളും, രാഷ്ട്രീയ പ്രവർത്തകരും, പ്രഗല്ഭമതികളും, സമൂഹത്തിന്റെ ഉന്നതതലത്തിലുള്ളവരും ഇതിനകം കടന്നുപോയിരിക്കുന്നു. ഗേറ്റ് വേ ഓഫ് ഇന്ത്യയെക്കാൾ അത്യുത്കൃഷ്ടമായ ഒരു സ്മാരകത്തിന്റെ പദവിയാണ് മുംബൈയിലെ പൗരന്മാർ താജിന് നല്കിയിട്ടുള്ളത്. ഞാൻ താജിന്റെ പ്രവേശന കവാടത്തിനുസമീപം പോയി നിന്നു. എന്നിട്ട് പ്രത്യേകവേഷം ധരിച്ച കാവൽക്കാരെ കൗതുകത്തോടെ നോക്കിനിന്നുകൊണ്ട് എനിക്ക്

അതിനുള്ളിൽക്കടന്ന് വളരെയധികം പണച്ചെലവുള്ള ഒരു കപ്പ് കാപ്പി കുടിക്കാൻ കഴിയുമോ എന്ന് ആലോചിച്ചു. ഞാൻ താജിന്റെ ഉൾഭാഗത്ത് ചുറ്റും ഒന്നു കണ്ണോടിച്ചു. അന്നേരം കറുത്ത തിളക്കവും മിനുസവുമുള്ള ഒരു മേർസിഡെസ് കാർ കവാടത്തിനുള്ളിലേക്ക് നീങ്ങിയിട്ട് നിന്നു. യൂണിഫാം ധരിച്ച ഡ്രൈവർ കാറിൽനിന്നും ചാടിയിറങ്ങി കാറിന്റെ വാതിലുകൾ തുറന്നു. മുൻവശത്തെ വാതിലിൽനിന്നും ക്ലീൻഷേവ് ചെയ്ത കാഴ്ചയിൽ പാഴ്സിയാണെന്നു തോന്നിപ്പിക്കുന്ന ഒരു മധ്യവയസ്കൻ പുറത്തേക്ക് ഇറങ്ങി. ആ മനുഷ്യൻ വിലയേറിയ പാന്റും കോട്ടുമാണ് ധരിച്ചിരുന്നത്. പുറകുവശത്തെ വാതിലിൽനിന്നും നല്ല ആകാരസൗഷ്ഠവമുള്ള സുന്ദരിയായ ഒരു യുവതി പുറത്തേക്കിറങ്ങി. അവൾ ഇളം തവിട്ടുനിറമുള്ള പാശ്ചാത്യശൈലിയിലുള്ള വസ്ത്രമാണ് ധരിച്ചിരുന്നത്. കൂടാതെ ഒരു സർദാറും (സിഖ്) ഉണ്ടായിരുന്നു. സർദാറിന് നല്ല ഉയരമുണ്ടായിരുന്നു. സുന്ദരനും സുമുഖനുമായ അയാൾ കടും നീലനിറമുള്ള പാന്റും കോട്ടും. അതേ നിറമുള്ള തലപ്പാവുമാണ് ധരിച്ചിരുന്നത്. സർദാറും യുവതിയും കൂളിങ് ഗ്ലാസ് ധരിച്ചിരുന്നു.

സർദാർ എന്റെ സവിശേഷമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ചു. അദ്ദേഹത്തിൽ ഏതോ സുപരിചിതത്വം അനുഭവപ്പെട്ടു. ഞാൻ സർദാറിലേക്ക് ആകർഷിക്കപ്പെടാനുള്ള കാരണം എന്താണെന്ന് ഒരു നിമിഷം ആലോചിച്ചുപോയി. അദ്ദേഹത്തിന്റെ പ്രൗഢിയോടെയുള്ള നടത്തമായിരുന്നോ, അതോ അദ്ദേഹത്തിന്റെ ഉയരം ആയിരുന്നോ, അദ്ദേഹത്തിന്റെ നിറവും ആകാരസൗഷ്ഠവവും ആയിരുന്നോ? ഈ ചിന്തകളിൽ മുഴുകിയിരുന്നതിനിടയിൽ അദ്ദേഹം മുഖത്തുനിന്നു കൂളിങ് ഗ്ലാസ്സ് മാറ്റി. അപ്പോൾ ഞാൻ അദ്ദേഹത്തിന്റെ കണ്ണുകൾ സുവ്യക്തമായി കണ്ടു. അദ്ദേഹം യഥാർത്ഥത്തിൽ എന്നെ നോക്കുകയായിരുന്നു. അതെ, എന്റെ വിലയിരുത്തലിൽ തെറ്റു സംഭവിച്ചില്ല. അത് തീർച്ചയായും അദ്ദേഹംതന്നെയായിരുന്നു. അത് ബാബാജി ആയിരുന്നു, എന്റെ സുഹൃത്തും ഗുരുവും ആയ ബാബാജി. അത്യന്തം രസകരമായ ഒരു സാഹചര്യമായിരുന്നു അത്. ഞാൻ ചിരി അടക്കാൻ ശ്രമിച്ചു. സർദാർ കൂടെയുണ്ടായിരുന്നവരോട് എന്തോ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. അവർ ഹോട്ടലിനുള്ളിലേക്കു പോയി. അപ്പോൾ അദ്ദേഹം എന്റെയടുത്തേക്ക് വന്നിട്ടു പറഞ്ഞു: "മധു! എന്തിനാണ് വിഡ്ഢിച്ചിരി ചിരിക്കുന്നത്? മറ്റുള്ളവരുടെ മുന്നിൽ എന്നെ സാഷ്ടാംഗം പ്രണമിക്കരുത്."

ഞാൻ ചിരി അമർത്താൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു: "താങ്കൾ ഈ ലോകത്ത് എന്തിനുവേണ്ടിയാണ് സർദാർ എന്ന വേഷത്തിൽ പ്രകടനം നടത്തുന്നത്? ബാബാജി, ഇത് എന്തിനുവേണ്ടിയാണെന്ന് പറഞ്ഞു തരുമോ?

"വരൂ" എന്നുപറഞ്ഞുകൊണ്ട് അദ്ദേഹം എന്നോടൊപ്പം റോഡു മുറിച്ചുകൊണ്ട് ഗേറ്റ് വേ ഓഫ് ഇന്ത്യയിൽ എത്തി. അദ്ദേഹം പറഞ്ഞു: "എന്റെ കൂടെ ചിലരെ നീ കണ്ടുവല്ലോ. അവർ പാർസികളാണ്. വലിയ ധനാഢ്യ കുടുംബത്തിൽ പെട്ടവരാണ്. പാശ്ചാത്യശൈലിയിൽ ജീവിക്കുന്നവർ. ഭർത്താവ് വൻകിട വ്യവസായ സാമ്രാജ്യത്തിന്റെ അധിപനും അദ്ദേഹത്തിന്റെ ഭാര്യ വിദേശത്ത് വിദ്യാഭ്യാസം നേടിയവളും ആണ്. അവൾ മദ്യപാനത്തിന് അടിമയായിപ്പോയി. ഞാൻ അവളുടെ അച്ഛന്റെ ഗുരുവായിരുന്നു. അദ്ദേഹം മരണശയ്യയിൽ

കിടക്കുമ്പോൾ അദ്ദേഹത്തിന്റെ ഒരേയൊരു മകളെ ഞാൻ സംരക്ഷിക്കാം എന്നു വാക്കുകൊടുത്തു. ഞാൻ ഇപ്പോൾ ആ വാഗ്ദാനം പാലിക്കുകയാണ്. അവൾ ധരിച്ചുവച്ചിരിക്കുന്നത് ഞാൻ ഒരു സിഖ് വ്യാപാരിയാണെന്നും ആത്മീയ ശക്തിയുള്ള ആളാണെന്നും ആണ്. അവളുടെ അച്ഛന്റെ ഗുരു ആയിരുന്നു എന്ന കാര്യവും അവൾ അംഗീകരിക്കുന്നു. ദമ്പതിമാരെ അത്ഭുതപ്പെടുത്തുന്ന കാര്യം കാഴ്ചയിൽ തോന്നിപ്പിക്കുന്ന എന്റെ യൗവനമാണ്. എനിക്കാണെങ്കിൽ പെൺകുട്ടിയുടെ പിതാവുമായി അമ്പതുകൊല്ലത്തെ പരിചയം ഉണ്ട്."

"ഇപ്പോൾ അവരുടെ സ്ഥിതി എങ്ങനെയുണ്ട്?" ഞാൻ സാകൂതം ആരാഞ്ഞു.

"അല്പംകൂടി സമയമെടുക്കും. അവൾ നേരേയാകും. ഞാൻ പ്രയോഗിച്ച രീതി കേട്ടാൽ നീ അതിശയിക്കും. ഞാനും അവളോടൊപ്പം ഇരുന്ന് ചിലപ്പോൾ മദ്യപിക്കാറുണ്ട്. താമസം വിനാ അവൾ മദ്യപാനം പാടേ ഉപേക്ഷിക്കും. നീയും ഭാവിയിൽ നിന്റെ കഴിഞ്ഞ ജന്മവുമായി ബന്ധപ്പെട്ടിട്ടുള്ള ചില സുഹൃത്തുക്കളെ രക്ഷപ്പെടുത്താൻവേണ്ടി ഇതേ മാർഗ്ഗം സ്വീകരിച്ചേക്കും. ഞാൻ കുറച്ചു കഴിഞ്ഞ് ബാറിൽ പോയി അവളോടൊപ്പം മദ്യപിക്കും. അതിരിക്കട്ടെ, നീ എലഫന്റാ കേവ്സ് സന്ദർശിച്ചോ?"

"ബാബാജി! അത്ഭുതകരമായ പല ശില്പങ്ങളും കണ്ടു."

"ശരി, ഞാൻ ഇപ്പോൾ പോകുകയാണ്. നിനക്ക് ഇപ്പോഴും താജിനുള്ളിൽ ചെന്ന് ഒരു കപ്പ് കാപ്പി കുടിക്കണമെന്ന ആഗ്രഹമുണ്ടോ?"

"ഇല്ല ബാബാജി. അത് ഒരു നിമിഷത്തിൽ അറിയാതെയുണ്ടായ ചിന്തയായിരുന്നു."

"ശരി, നീ മുംബൈ വിടുന്നതിനുമുമ്പ് ഹാജി അലിയുടെ ദർഗാ സന്ദർശിക്കണം. അതിനുശേഷം ഡൽഹിയിൽ പോയി കുറെനാൾ കഴിയണം. നിനക്ക് അവിടെ പത്രപ്രവർത്തകന്റെ ജോലി കിട്ടും. ഒരു വർഷം കഴിഞ്ഞ് നീ ചെന്നൈയിൽ പോയി ജിദ്ദു കൃഷ്ണമൂർത്തിയെ കാണണം. നീ അവസാനമായി ബന്ധപ്പെടുന്ന മഹദ്വ്യക്തിയായിരിക്കും അദ്ദേഹം. നിന്റെ പൂർണ്ണമായ ആദ്ധ്യാത്മിക വളർച്ചയ്ക്ക് ഉതകുന്ന പല കാര്യങ്ങളും നിനക്ക് അദ്ദേഹത്തിൽ നിന്നും ലഭിക്കും. ഡൽഹിയിൽ ചെന്നതിനുശേഷം കാശ്മീരിലേക്കും പോയിട്ട് അനന്തനാഗിലെ ഗുഹാക്ഷേത്രങ്ങൾ ദർശിക്കണം. സാഷ്ടാംഗ പ്രണാമം അരുത്. നിർബന്ധമാണെങ്കിൽ പാദം സ്പർശിച്ചുകൊള്ളൂ."

സർദാർ ബാബാജി നടന്നകന്നു. അദ്ദേഹം താജ്മഹൽ പാലസ് ഹോട്ടലിനുള്ളിലേക്കു കടന്നു. ഞാൻ അറബിക്കടലിലെ പാറക്കെട്ടുകളുള്ള ദ്വീപിൽ കരയോടു ചേർന്ന സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള ഹാജി അലി ദർഗാ സന്ദർശിച്ചു. അവിടേക്ക് പോകാൻ വൻകരയിൽനിന്ന് ഒരു റോഡ് ഉണ്ട്.

ദാദറിൽ റോഡരികെയുള്ള ഒരു ചെറിയ റെസ്റ്റോറന്റിൽനിന്ന് രുചികരമായ മറാത്തി ഭക്ഷണം കഴിച്ചു. ന്യൂഡൽഹിയിലേക്ക് പോകാനുള്ള ടിക്കറ്റ് എടുത്തു. ഭാഗ്യത്തിന് തൊട്ടടുത്ത ദിവസംതന്നെ സ്ലീപ്പർടിക്കറ്റ് ലഭ്യമായിരുന്നു. അന്നത്തെ രാത്രി ബോംബേ സെൻട്രൽ സ്റ്റേഷനു സമീപമുള്ള ഒരു ലോഡ്ജിൽ ഉറങ്ങി. അടുത്ത ദിവസം ഡൽഹിയിലേക്ക് പോകുന്ന ട്രെയിനിൽ കയറി.

നാല്പത്തിമൂന്ന്

ലക്ഷ്മൺ ജൂ, ഒജ. കൃഷ്ണമൂർത്തി എന്നിവരുമായുള്ള സമാഗമം

ന്യൂഡൽഹി റയിൽവേസ്റ്റേഷനിൽ ഇറങ്ങി. സ്റ്റേഷനു സമീപം പഹാഡ് ഗഞ്ചിലെ ഒരു ലോഡ്ജിൽ മുറിയെടുത്തു. പെട്ടെന്ന് കുളിയും മറ്റും കഴിഞ്ഞിട്ട് ഒരു ഓട്ടോറിക്ഷയിൽ *'ഓർഗനൈസർ'* എന്ന ഇംഗ്ലിഷ്മാസികയുടെ ഓഫീസിലേക്ക് പോയി. തീവ്ര വലതുപക്ഷ ഹിന്ദുസംഘടനയായ ആർ.എസ്. എസ്.എന്ന പ്രസ്ഥാനത്തിന്റെ മുഖപത്രം ആണ് 'ഓർഗനൈസർ' എന്ന വസ്തുത എനിക്ക് അറിയാൻ പാടില്ലായിരുന്നു. ഈ ജേർണലിന്റെ മേൽവിലാസമേ എന്റെ പക്കൽ ഉണ്ടായിരുന്നുള്ളൂ. മേൽവിലാസം തന്നത് എന്റെ സുഹത്തായ ഒരു മിസ്റ്റർ നായരായിരുന്നു. അദ്ദേഹം ഡൽഹിയിൽ നിന്നും പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന 'ആക്സന്റ്' എന്ന മാസികയുടെ പ്രസിദ്ധീകരണം നിർത്തിയിട്ട് ചെന്നൈയിലേക്ക് പോയിക്കഴിഞ്ഞിരുന്നു. ബാബാജിയുടെ ശിഷ്യനായ പഞ്ചാബി വ്യവസായി ഇതിനകം മരണമടഞ്ഞിരുന്നു.

മിസ്റ്റർ നായരാണ് ഓർഗനൈസറിന്റെ ചെന്നൈ പത്രലേഖകനെ എനിക്കു പരിചയപ്പെടുത്തിത്തന്നത്. അദ്ദേഹത്തിന്റെ പേര് ഇപ്പോൾ എന്റെ ഓർമ്മയിൽ ഇല്ല. അദ്ദേഹമാണ് ഹിന്ദുമതത്തെപ്പറ്റി ഒരു ലേഖനം എഴുതാൻ എന്നെ പ്രേരിപ്പിച്ചത്. 'ഞാൻ അഹിന്ദുവായിട്ട് ജനിച്ചിട്ടും ഹിന്ദുവെന്ന് വിളിക്കപ്പെടുന്നതിൽ എന്തുകൊണ്ട് അഭിമാനിക്കുന്നു?' ഇതായിരുന്നു ലേഖനത്തിന്റെ വിഷയം. എന്റെ ലേഖനത്തിൽ ഹിന്ദുമതം എന്ന വാക്കിന്റെ അർത്ഥം എന്താണെന്നും താൻ ഹിന്ദുസ്ഥാൻ എന്ന പ്രാചീന ദേശത്തിൽ ജനിച്ചതിൽ അഭിമാനിക്കുന്നുവെന്നും എഴുതിയിരുന്നു. ഈ ലേഖനം ഓർഗനൈസറിൽ പ്രസിദ്ധീകരിച്ചു. ലേഖനത്തിന്റെ തലക്കെട്ട് 'ഹിന്ദുവെന്ന് വിളിക്കപ്പെടുന്നതിൽ ഞാൻ എന്തുകൊണ്ട് അഭിമാനിക്കുന്നു?' എന്നായിരുന്നു. ഹൈന്ദവതത്ത്വശാസ്ത്രത്തെപ്പറ്റിയും ഹിന്ദുമതത്തെപ്പറ്റിയും ഏതാനും ലേഖനങ്ങൾകൂടി ഈ മാസികയിൽ പ്രസിദ്ധീകരിച്ചു. അന്നത്തെ പത്രാധിപരായിരുന്ന കെ.ആർ.മൽക്കാനിയെ പരിചയപ്പെടാനും സൗഹൃദം സ്ഥാപിക്കാനും കഴിഞ്ഞു. ഞാൻ ഡൽഹിയിൽ വരുമ്പോൾ അദ്ദേഹത്തെ കാണണമെന്നു പറഞ്ഞ് എനിക്ക് ഒരു കത്തെഴുതിയിരുന്നു.

ശ്രീ മൽക്കാനിയെ കണ്ടപ്പോൾ അദ്ദേഹം സാധാരണ ആർ.എസ്.എസ്. കാരിൽനിന്നും തികച്ചും വ്യത്യസ്തനാണെന്ന ഒരു തോന്നലുണ്ടായി. അദ്ദേഹം പാശ്ചാത്യവേഷമാണ് ധരിച്ചിരുന്നത്. ആർ.എസ്.എസ്സിനെപ്പറ്റി ആരോപിക്കപ്പെടുന്ന ക്രിസ്ത്യൻ വിരോധവും മുസ്ലിം വിരോധവും അദ്ദേഹത്തിൽ ലവലേശംപോലും കാണാൻ കഴിഞ്ഞില്ല. അദ്ദേഹത്തെപ്പോലെ വ്യത്യസ്തരായ വേറെയും ആൾക്കാരുണ്ടായിരുന്നു. നാനാജി ദേശ്മുഖിനെ

പ്പോലെയുള്ള മുതിർന്ന ആർ.എസ്.എസ്സുകാർ അങ്ങേയറ്റം നിഷ്പക്ഷത പുലർത്തുന്നവരാണ്. മൽക്കാനിജി എന്നെ നാനാജി ദേശ്മുഖിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. എന്നെ പരിചയപ്പെടുത്തിക്കൊടുത്തു. അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന സബ് എഡിറ്റർ ബാലശങ്കറിനെയും പരിചയപ്പെടുത്തി. എന്നെപ്പോലെ ബാലശങ്കറും മലയാളിയായിരുന്നു.

ബാലശങ്കർ എനിക്കുവേണ്ടി ഡൽഹിയിൽ താമസസൗകര്യം ഏർപ്പെടുത്തിത്തന്നു. കേരളത്തിൽനിന്നുമുള്ള ഏതാനും ആർ.എസ്.എസ്സുകാരോടൊപ്പം ഒരു വീട്ടിൽ താമസിക്കാനാണ് ഏർപ്പാടുണ്ടാക്കിയത്. ആഹാരവും അവർ അവിടെത്തന്നെ പാചകം ചെയ്തിരുന്നു. അവിടെ താമസിച്ചിരുന്ന സമയത്ത് ആർ.എസ്.എസ്സിന്റെ സിദ്ധാന്തങ്ങളെപ്പറ്റിയും സംഘടനയുടെ ആന്തരികഘടനയെപ്പറ്റിയും അറിയാൻ കഴിഞ്ഞു. സംഘടനാതലത്തിൽ ആർ.എസ്.എസ്സുകാർ തമ്മിൽ അത്ഭുതകരമായ ഏകോപനം ഉണ്ടായിരുന്നു. കാണാൻ കഴിയുമെന്ന് ഒരിക്കലും പ്രതീക്ഷിക്കപ്പെടാത്ത ഇടങ്ങളിൽപ്പോലും ആർ.എസ്.എസ്സുകാരുടെ സാന്നിദ്ധ്യം സജീവമാണ്. ഒരു ഉദാഹരണം പറയാം. ഡൽഹിയിൽ എന്നോടൊപ്പം താമസിച്ചിരുന്ന ആർ.എസ്.എസ്.യുവാവ് പ്രധാനമന്ത്രിയായിരുന്ന പി.വി.നരസിംഹറാവുവിന്റെ മന്ത്രാലയത്തിലെ ഓഫീസിൽ നിയമിതനായി. ഞാൻ ഭഗവദ്ഗീതയെപ്പറ്റി നടത്തിയ പ്രഭാഷണത്തിന്റെ കാസറ്റ് പ്രധാനമന്ത്രി നരസിംഹറാവു കേട്ടുകൊണ്ടിരിക്കുന്നത് താൻ കണ്ടുവെന്ന് അയാൾ ഒരിക്കൽ എനിക്കെഴുതുകയുണ്ടായി.

അതുപോലെതന്നെ മാദ്ധ്യമങ്ങളിലും, ജുഡീഷ്യറിയിലും, സേനാവിഭാഗങ്ങളിലും, ഓഫീസുകളിലും ഒക്കെ ആർ.എസ്.എസ്സുകാരെയോ അവരുടെ അനുഭാവികളെയോ കാണാൻ കഴിയും. അവരുടെ ആദർശ് സംഹിതയെപ്പറ്റി എന്തുതന്നെ പറഞ്ഞാലും എന്റെ ദൃഷ്ടിയിൽ അവർ വളരെ പരിശ്രമശാലികളും തികഞ്ഞ അച്ചടക്കം പാലിക്കുന്നവരുമാണ്.

എന്തുകൊണ്ടോ നാനാജി ദേശ്മുഖ് എന്നെ കണ്ടതു മുതൽ വളരെ ഇഷ്ടപ്പെട്ടു. എന്റെ ലേഖനങ്ങൾ വായിക്കുകയും ഇഷ്ടപ്പെടുകയും ചെയ്ത അദ്ദേഹം എന്നോട് അടുത്ത തിങ്കളാഴ്ച ശ്രീ ദേവേന്ദ്ര സ്വരൂപ് അഗർവാളിനെ കാണാൻ ആവശ്യപ്പെട്ടു. ശ്രീ ദേവേന്ദ്ര സ്വരൂപ് അഗർവാൾ ദീനദയാൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ഡി.ആർ.ഐ) ഡയറക്ടറും ഇൻസ്റ്റിറ്റ്യൂട്ടിന്റെ സൈദ്ധാന്തിക ഗവേഷണ ത്രൈമാസികയായ *മന്ഥൻ* മാസികയുടെ എഡിറ്ററും ആയിരുന്നു. നാനാജി പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകനും ചെയർമാനും ആയിരുന്നു. ഡി.ഏ.വി.കോളജിലെ ചരിത്രവിഭാഗം പ്രൊഫസറായിരുന്ന ശ്രീ അഗർവാൾ എന്നെ ഇന്റർവ്യൂ ചെയ്തു. അദ്ദേഹം 'മന്ഥൻ' മാസികയുടെ ഇംഗ്ലിഷ് പതിപ്പ് എഡിറ്റു ചെയ്യാൻ സഹായിയായി എന്നെ നിയമിച്ചു. ഡി.ആർ.ഐയുടെ ഹൈടെക് ഹെഡ്ക്വാർട്ടേഴ്സിൽ എനിക്ക് ഒരു മുറി കിട്ടി. ഹിന്ദിപ്പതിപ്പ് എഡിറ്റു ചെയ്യുന്നതിൽ സഹായിച്ചിരുന്ന ശ്രീ ചന്ദ്രകാന്ത് ഭരദ്വാജ് എന്ന മുതിർന്ന പത്രപ്രവർത്തകനോടൊപ്പമാണ് ഞാൻ താമസിച്ചിരുന്നത്. അദ്ദേഹം എന്നും ഓഫീസിൽ വരാതിരുന്നതുകൊണ്ട് മിക്കപ്പോഴും മുറി എനിക്കുമാത്രമായി ഉപയോഗിക്കാൻ കഴിഞ്ഞു. ഒരു നല്ല ലൈബ്രറി ഉണ്ടായിരുന്നതു കൂടാതെ എപ്പോൾ വേണമെങ്കിലും ചായ കിട്ടുന്നതിനുള്ള

ഏർപ്പാടുണ്ടായിരുന്നത് വളരെ സൗകര്യമായി തോന്നി. ഒരു യുവാവിനെ സംബന്ധിച്ചിടത്തോളം എഴുതാനും, വായിക്കാനും, ചിന്തിക്കാനും അനുകൂലമായ സാഹചര്യമാണ് അവിടെ ഉണ്ടായിരുന്നത്.

കെട്ടിടത്തിന്റെ നാലാമത്തെ നിലയിലാണ് നാനാജി താമസിച്ചിരുന്നത്. ദേവേന്ദ്രജിയും ഞാനും ഉച്ചയ്ക്കുള്ള ഭക്ഷണം അവിടെനിന്നു കഴിച്ചിരുന്നു. അദ്ദേഹം ഉള്ളപ്പോൾ പട്ടണത്തിൽ ഞങ്ങളോടൊപ്പം ഭക്ഷണം കഴിച്ചിരുന്നു. ഭക്ഷണം കഴിക്കുന്ന സമയത്ത് നടത്തിയിരുന്ന സംഭാഷണത്തിൽനിന്ന് വളരെയധികം കാര്യങ്ങൾ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു. ആർ.എസ്.എസ്സിലെ അതിശക്തനായ നേതാവായിരുന്ന അദ്ദേഹം അനേകവർഷം പാർലമെന്റംഗമായിരുന്നു. ആർ.എസ്.എസ്സിന്റെ രാഷ്ട്രീയപ്രസ്ഥാനമായ ജനസംഘം സ്ഥാനാർത്ഥിയായിരുന്നു. ശ്രീമതി ഇന്ദിരാഗാന്ധിയുടെ സ്വേച്ഛാധിപത്യപ്രവണതകൾക്കെതിരെയും അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചുകൊണ്ടുള്ള ഓർഡിനൻസിനെതിരെയും സമരമുഖങ്ങൾ തുറക്കുന്നതിൽ അദ്ദേഹം സുപ്രധാനമായ പങ്കുവഹിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റായ പ്രായം ചെന്ന ജയപ്രകാശ് നാരായണനെപ്പോലെയുള്ളവരെ വിപ്ലവപ്രസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിസ്തുലമാണ്.

സമരം വിജയിക്കുകയും ഇന്ദിരാഗാന്ധിയുടെ ഗവൺമെന്റിനെ താഴെയിറക്കാൻ കഴിയുകയും ചെയ്തു. തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കപ്പെട്ടു. തിരഞ്ഞെടുപ്പിനുശേഷം ജനതാപാർട്ടി അധികാരത്തിലേറി. നാനാജി ജനതാപാർട്ടിയുടെ ജനറൽ സെക്രട്ടറി ആയിരുന്നു. മുമ്പൊരിക്കലും ഉണ്ടാകാത്ത രീതിയിൽ വലതുപക്ഷവും സോഷ്യലിസ്റ്റുകളും ചേർന്ന് തട്ടിക്കൂട്ടി ഉണ്ടാക്കിയ പാർട്ടിയായിരുന്നു ജനതാപാർട്ടി. ജനതാപാർട്ടിയുടെ ഭരണം രണ്ടോ മൂന്നോ കൊല്ലമേ നീണ്ടുനിന്നുള്ളൂ. ആഭ്യന്തരകലഹങ്ങളും, ചിലരുടെ അധികാരക്കൊതിയും കാരണം പുതിയ പരീക്ഷണം എന്നു കരുതപ്പെട്ട ഭരണം അവസാനിക്കാനിടയായി.

നാനാജി പാർട്ടിയിൽനിന്നും രാജിവയ്ക്കുകയും രാഷ്ട്രീയത്തിൽനിന്ന് വിരമിക്കുകയും ചെയ്തു. അദ്ദേഹം സാമൂഹ്യസേവന രംഗത്തിലേക്ക് ഇറങ്ങുകയും ആ രംഗത്ത് വിലപ്പെട്ട സംഭാവനകൾ നല്കുകയും ചെയ്തു. സാധാരണ രാഷ്ട്രീയക്കാരുടെ സ്വഭാവത്തിൽനിന്ന് വ്യത്യസ്തമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം തന്റെ തെറ്റുകൾ തിരുത്താൻ എല്ലായ്പോഴും സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ഒരു കാലത്ത് ശക്തമായി എതിർത്ത ഇന്ദിരാഗാന്ധിയോടുപോലും അദ്ദേഹത്തിന് വ്യക്തിപരമായി യാതൊരു വിരോധവും ഇല്ലായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നോടു പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു: "അവർ ഒരു വലിയ നേതാവാണ്. ഒരു വലിയ സംഘടനയിലെ തീരുമാനമെടുക്കുന്ന ഒരു ചെറിയ സംഘമാണ് അവരെ വഴിതെറ്റിച്ചത്. അതിന്റെ ഫലമായിട്ടാണ് അവർ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്."

നാനാജിയോടൊപ്പം ജോലി ചെയ്തിരുന്നതിനാലും, അദ്ദേഹത്തോടൊപ്പം പലയിടങ്ങളിലും സഞ്ചരിക്കാൻ അവസരം ലഭിച്ചിരുന്നതിനാലും എന്റെ അനുഭവമണ്ഡലം ഏറെ വിപുലമായി. സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ പല ആശയസംഹിതകൾ മനസ്സിലാക്കാനും തൊഴിലാളികളും

നേതാക്കന്മാരുമായി ഇടപഴകാനും അവസരമുണ്ടായി. ഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നവരുമായും പരിചയപ്പെട്ടു. അന്നത്തെ പ്രമുഖ ആർ.എസ്.എസ്. നേതാക്കളായ ശ്രീ ബാലാസാഹബ് ദേവരസ്, ശ്രീ സുദർശൻ എന്നിവരും സോഷ്യലിസ്റ്റു നേതാക്കളായ ജോർജ്ജ് ഫെർനാണ്ടസ്സും മറ്റും നാനാജിയുടെ സുഹൃത്തുക്കളും സഹപ്രവർത്തകരും ആയിരുന്നു. ഇവരോടൊപ്പം എനിക്ക് അടുത്ത ബന്ധം പുലർത്താനും ആശയവിനിമയം നടത്താനും കഴിഞ്ഞു.

ഒരു വർഷത്തിനുള്ളിൽ *'മന്ഥൻ'* എന്ന പത്രികയുടെ ഇംഗ്ലിഷ് പതിപ്പിന്റെ ജോയിന്റ് എഡിറ്ററായി ഞാൻ നിയമിക്കപ്പെട്ടു. ഞാൻ പല പുസ്തകങ്ങളും നിരൂപണം ചെയ്തു. ജേർണലിനുവേണ്ടി പല വിഷയങ്ങൾ കൈകാര്യം ചെയ്തു. എനിക്ക് മതം രാഷ്ട്രീയത്തിൽ ചെലുത്തുന്ന വലിയ പങ്കിനെപ്പറ്റി മനസ്സിലാക്കാൻ കഴിഞ്ഞു. പറയത്തക്ക ജോലിയൊന്നും ഇല്ലാതിരുന്ന സമയങ്ങളിൽ ഞാൻ ഡൽഹിയിലെ സ്മാരകങ്ങൾ കാണാൻ പോയി. ചരിത്രപ്രധാനമായ ആഗ്രയിലെയും ഫതേഹ്പൂർ സിക്രിയിലെയും പല സ്ഥലങ്ങൾ സന്ദർശിച്ചു. ഡൽഹിയിൽനിന്നും വളരെ ദൂരത്തിൽ അല്ലാത്ത ഹരിദ്വാറും, ഋഷികേശും, മഥുരയും ബ്രിന്ദാവനും ഞാൻ വീണ്ടും സന്ദർശിച്ചു. ഹരിദ്വാറിലും ഋഷികേശിലും ബാബാജി എപ്പോഴും പോകാറുള്ള ഇഷ്ടപ്പെട്ട സ്ഥലത്തൊക്കെ ഞാൻ പോകുകയുണ്ടായി. പക്ഷേ, എനിക്ക് ബാബാജിയെ കാണാൻ കഴിഞ്ഞില്ല. അതിലൊന്നും ഞാൻ കുണ്ഠിതപ്പെട്ടില്ല. എന്തുകൊണ്ടെന്നാൽ ഞാൻ ബാബാജിയെ ആശ്രയിക്കുന്നത് ബാബാജി ഇഷ്ടപ്പെട്ടിരുന്നില്ല. ഞാൻ എന്റെ സ്വന്തം കാലിൽ നില്ക്കണമെന്നായിരുന്നു അദ്ദേഹം എപ്പോഴും ആഗ്രഹിച്ചിരുന്നത്.

എന്നെ സ്വതന്ത്രനായി നില്ക്കാൻ പ്രാപ്തനാക്കിയതിനും ധ്യാനം പരിശീലിപ്പിച്ചുതന്നതിനും ഞാൻ അദ്ദേഹത്തോട് എന്നും കടപ്പെട്ടിരിക്കുന്നു. കണ്ണടച്ചുകൊണ്ടും കണ്ണുതുറന്നുവച്ചുകൊണ്ടും തടസ്സം കൂടാതെ ധ്യാനത്തിൽ മുഴുകിയിരുന്നു. രാവിലെയും സന്ധ്യയ്ക്കും മുടക്കം വരുത്തിയിരുന്നില്ല. എനിക്ക് എന്തെങ്കിലും അനിതരസാധാരണമായ കഴിവുണ്ടെന്ന വസ്തുത മറ്റുള്ളവരിൽനിന്നും മറച്ചുപിടിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഞാൻ ജീവിക്കാൻവേണ്ടി പണിയെടുക്കുകയും അതോടൊപ്പംതന്നെ ആന്തരികമായി പരമമായ ആദ്ധ്യാത്മികാനന്ദം അനുഭവിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഒരു ഗവേഷണമാസികയുടെ ഇടുങ്ങിയ മേഖലയിൽ ഒതുങ്ങിനിന്നുള്ള പ്രവർത്തനത്തോട് ആയിടെ മുഷിച്ചിൽ അനുഭവപ്പെട്ടു. പത്രപ്രവർത്തനത്തിന്റെ വിശാലമായ രംഗത്തേക്കു കടക്കാനാഗ്രഹിച്ചു.

ഇന്ത്യാ ഇന്റർനാഷണൽ സെന്ററിൽ വച്ച് മാനവമൈത്രി സമ്മേളനം നടക്കുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ *ന്യൂ വേവ്* ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായ ഗണേശ് ശുക്ലയുമായും പരിചയപ്പെട്ടു. ജേർണലിന് ഇടതുപക്ഷച്ചായ്വ് ഉണ്ടായിരുന്നുവെങ്കിലും അതിന്റെ ഉള്ളടക്കവും ശൈലിയും എനിക്ക് ഇഷ്ടപ്പെട്ടു. ഞാൻ ആഴ്ചപ്പതിപ്പിൽ പ്രവർത്തിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അത് അദ്ദേഹം സസന്തോഷം സമ്മതിച്ചു. പിറ്റേന്ന് ഞാൻ 'മന്ഥൻ' മാഗസിനിൽനിന്നും രാജി വയ്ക്കുകയും *ന്യൂ വേവിൽ* ചേരുകയും

ചെയ്തു. 'മന്ഥ'ന്റെ പത്രാധിപർ അതറിഞ്ഞ് വിഷമിച്ചുവെങ്കിലും നാനാജിക്ക് ഞാൻ എന്തുകൊണ്ട് ഒരു മാറ്റം ആഗ്രഹിക്കുന്നുവെന്നത് ഉൾക്കൊള്ളാൻ കഴിഞ്ഞു.

*ന്യൂ വേവി*നുവേണ്ടി പ്രവർത്തിച്ചുകൊണ്ടിരുന്ന സമയത്ത് രണ്ടു പ്രധാന സംഭവങ്ങൾ നടന്നു. രണ്ടു സംഭവങ്ങളും എന്റെ ആദ്ധ്യാത്മിക ജീവിതത്തെ നേരിട്ടു ബാധിക്കുന്നവയായിരുന്നു. ഒന്ന് എന്റെ കാശ്മീർ യാത്ര ആയിരുന്നു. കാശ്മീരി ശൈവസമ്പ്രദായത്തിലെ ഒരു വലിയ ആചാര്യനായ സ്വാമി ലക്ഷ്മൺ ജൂവിനെ സന്ദർശിക്കാനുള്ള ഭാഗ്യമുണ്ടായി. മറ്റൊന്ന് ഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽവച്ച് ജെ.കൃഷ്ണമൂർത്തിയെ സന്ദർശിക്കാൻ കഴിഞ്ഞതാണ്.

കാശ്മീരിന്റെ പ്രകൃതിസൗന്ദര്യം പ്രസിദ്ധമാണല്ലോ. പ്രാചീനകാലം മുതൽക്ക് ആര്യൻ സംസ്കാരത്തിന്റെ പ്രമുഖ കേന്ദ്രം എന്ന നിലയിലും പ്രസിദ്ധമാണ്. ലോകപ്രശസ്ത ഗണിതശാസ്ത്രജ്ഞനായ പൈതഗോറസ് താൻ ആർജ്ജിച്ചിട്ടുള്ള ഗണിതശാസ്ത്രപരവും ആദ്ധ്യാത്മികവുമായ അറിവിന് കാശ്മീരി ബ്രാഹ്മണരോട് കടപ്പെട്ടിരിക്കുന്നുവെന്ന് പ്രഖ്യാപിക്കുകയുണ്ടായി. മഹാനായ ചൈനീസ് സഞ്ചാരിയും ചരിത്രകാരനുമായ ഹുവാൻ റ്റ്സാങ് എ.ഡി. 631-ൽ കാശ്മീരിലേക്ക് ജ്ഞാനാർജ്ജനത്തിനായി പോകുകയും കാശ്മീരിപണ്ഡിറ്റുകളുടെ അഗാധമായ അറിവിനെയും പാണ്ഡിത്യത്തെയും പ്രശംസിക്കുകയും ചെയ്തിട്ടുണ്ട്. എ.ഡി.760-ൽ ഓങ്കോങ് എന്ന മറ്റൊരു ചൈനീസ് സഞ്ചാരി കാശ്മീരിൽ പോകുകയും അവിടെ ഒരു ബൗദ്ധഭിക്ഷുവായി ജീവിക്കുകയും ചെയ്തു. കാശ്മീരിൽ മുന്നൂറിൽപ്പരം ബൗദ്ധമഠങ്ങൾ ഉണ്ടായിരുന്നുവെന്ന് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മഠങ്ങൾ ബൗദ്ധമതത്തെപ്പറ്റിയും ബൗദ്ധതത്ത്വശാസ്ത്രത്തെപ്പറ്റിയും പഠിക്കുന്ന കേന്ദ്രങ്ങളായിരുന്നു.

കാശ്മീരിലെ ശൈവസമ്പ്രദായം ശിവഭക്തന്മാർക്ക് ദാർശനികതലത്തിലും അനുഷ്ഠാനങ്ങളുടെ തലത്തിലും ഉറച്ച ഒരു അടിത്തറ പ്രദാനം ചെയ്തു. ആത്മവിദ്യയുടെ അദ്ധ്യയനത്തിനും അനുശീലനത്തിനുംവേണ്ടി കാശ്മീർ വഹിച്ച പങ്ക് പ്രശംസനീയമാണ്.

ജീവിതത്തിൽ ഒരിക്കലെങ്കിലും കാശ്മീരിൽ പോയിട്ടുള്ള ഒരാൾ തീർച്ചയായും മുഗൾ ചക്രവർത്തി കാശ്മീരിനെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള ഈ പ്രസ്താവന തികച്ചും ശരിയാണെന്ന് തലകുലുക്കി സമ്മതിക്കും. അദ്ദേഹം കാശ്മീരിനെ ഭൂമിയിലെ സ്വർഗ്ഗം എന്നാണ് വിശേഷിപ്പിച്ചത്. അദ്ദേഹം പേർഷ്യൻ ഭാഷയിൽ പറഞ്ഞത് ഇപ്രകാരമായിരുന്നു: "അഗർ ഫിർദസ് ബർ റൂ ജമീൻ അസ്ത്, ഹമീൻ അസ്ത്, ഓ ഹമീൻ അസ്ത്, ഓ ഹമീൻ അസ്ത് (ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് ഇതുതന്നെയാണ്, ഇതുതന്നെയാണ്, ഇതുതന്നെയാണ്). ഈ ഭൂപ്രദേശം കിഴക്ക് ടിബറ്റിനാലും, വടക്കുഭാഗത്ത് ചൈനീസ് തുർക്കിസ്ഥാൻ, റഷ്യ എന്നീ പ്രദേശങ്ങളാലും പടിഞ്ഞാറ് അഫ്ഗാനിസ്ഥാൻ എന്ന ദേശത്താലും ചുറ്റപ്പെട്ടു കിടക്കുന്നു. കാശ്മീരികളുടെ ജീവിതത്തെയും സംസ്കാരത്തെയും സമ്പന്നമായ പല സംസ്കാരങ്ങളും സ്വാധീനിച്ചിരിക്കുന്നു. ഷാഹ് ഹമധാനിയെപ്പോലുള്ള

മഹാന്മാരായ സൂഫി സന്ന്യാസിമാർ കാശ്മീരിന് സങ്കരസംസ്കാരമാണ് നല്കിയിരിക്കുന്നത്. വളരെ കുറച്ചുപേർ മാത്രം അറിയുന്ന ഒരു സത്യമുണ്ട്. അതുല്യമായ ഉപനിഷത്തുകൾ പേർഷ്യൻ ഭാഷയിൽ ആദ്യമായി പരിഭാഷപ്പെടുത്തിയത് ക്രൂരനായ മുഗൾ ചക്രവർത്തി ഔറംഗസേബിന്റെ സഹോദരൻ ദാരാ ഷിക്കോ ആയിരുന്നു. മഹാത്മാവായ ദാരാ ഷിക്കോ ശ്രീനഗറിൽ താമസിച്ചുകൊണ്ട് കാശ്മീരിൽ സൂഫിസത്തെപ്പറ്റി ഗാഢമായി പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് ഈ പരിഭാഷ തയ്യാറാക്കിയത്.

കാശ്മീരിൽ പോയ സമയത്ത് എന്റെ ഏറ്റവും പ്രധാനപ്പെട്ട ആഗ്രഹം മഹായോഗിയായ ലക്ഷ്മൺ ജൂയെ കാണുക എന്നതായിരുന്നു. കൂടാതെ ബാബാജി നിർദ്ദേശിച്ചിരുന്ന അഞ്ചാം നൂറ്റാണ്ടിലും ആറാം നൂറ്റാണ്ടിലും നിർമ്മിക്കപ്പെട്ട ഭാംജോയിലെ ക്ഷേത്രങ്ങൾ ദർശിക്കാനും ആഗ്രഹമുണ്ടായിരുന്നു. അനന്തനാഗിനു സമീപമാണ് ഭാംജോ സ്ഥിതി ചെയ്യുന്നത്. പണ്ടുകാലത്ത് ഈ ക്ഷേത്രങ്ങളിൽവച്ച് അദ്ധ്യാത്മവിദ്യയെ സംബന്ധിക്കുന്ന ഉന്നതമായ കാര്യങ്ങളിൽ ദീക്ഷ നല്കപ്പെട്ടിരുന്നു. പ്രാചീനകാലത്ത് ഈജിപ്റ്റിലെ പിരമിഡ് ദേവാലയങ്ങളിലെ വിശുദ്ധരഹസ്യങ്ങളുടെ നിഗൂഢാർത്ഥങ്ങൾ വെളിവാക്കാൻ കഴിയുന്ന ഹെയ്റോഫൻസ് (Hierophants) എന്ന ആൾക്കാർ ജ്ഞാനസമ്പാദനാർത്ഥം കാശ്മീരിൽ എത്തിയിരുന്നു. അവർ പ്രത്യേക പരിശീലനം നേടി മടങ്ങിപ്പോയിരുന്നു. യേശുക്രിസ്തുവും കുറെക്കാലം കാശ്മീരിൽ കഴിഞ്ഞിരുന്നതായി വിശ്വസിക്കപ്പെടുന്നു.

ഗുഹകൾ സന്ദർശിച്ചതിനുശേഷം അനേകം സൂഫി ആരാധനാലയങ്ങൾ സന്ദർശിച്ചു. അവയിൽ പ്രസിദ്ധമായ ഹസരത്ബാൽ എന്ന ആരാധാനലയവും പെടുന്നു. ആദിശങ്കരാചാര്യമലയിൽ കയറുകയും ശങ്കരാചാര്യർ അവിടെ പ്രതിഷ്ഠിച്ചതും ഇപ്പോഴും നിലനിലനില്ക്കുന്നതുമായ ലിംഗം ദർശിക്കുകയും ചെയ്തു.

കാശ്മീർ യാത്രയിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവം ശ്രീലക്ഷ്മൺ ജൂവുമായുള്ള കൂടിക്കാഴ്ചയാണ്. അദ്ദേഹം കാശ്മീരി ശൈവദർശനത്തിൽ അഗാധമായ പാണ്ഡിത്യം നേടിയിരുന്നു.

ഒരു ഞായറാഴ്ചദിവസം ഏകദേശം മൂന്നരമണി സമയത്ത് ശ്രീലക്ഷ്മൺ ജൂവിന്റെ ആശ്രമത്തിലെത്തി. അദ്ദേഹം സ്വാമിജി എന്ന ചുരുക്കപ്പേരിലാണ് പരക്കെ അറിയപ്പെട്ടിരുന്നത്. ഞായറാഴ്ച ദിവസമാണ് അദ്ദേഹം പൊതുജനങ്ങൾക്ക് ദർശനം നല്കിയിരുന്നത് എന്ന് അറിയാൻ കഴിഞ്ഞു. സുന്ദരമായ ആശ്രമത്തിനോടു ചേർന്ന് വർണ്ണപ്പൂക്കളുള്ള മനോഹരമായ ഒരു ഉദ്യാനവും ഉണ്ടായിരുന്നു. ആശ്രമത്തിൽത്തന്നെയായിരുന്നു അദ്ദേഹത്തിന്റെ താമസവും. ആശ്രമം സ്ഥിതി ചെയ്തിരുന്നത് മുഗൾഗാർഡനോട് ചേർന്നുള്ള പർവ്വതത്തിന്റെ ഒരു ഭാഗത്തായിരുന്നു. ആശ്രമം ദാൽ തടാകത്തെ അഭിമുഖീകരിച്ചാണ് സ്ഥിതി ചെയ്തിരുന്നത്. നിഷാത്ബാഗ് എന്ന പേരിൽ അറിയപ്പെടുന്ന ആ സ്ഥലം വിശാല പ്രകൃതിദൃശ്യത്തോടു കൂടിയതാണ്. യുവാക്കളും, പ്രായം ചെന്നവരും ഉൾപ്പെട്ട എല്ലാത്തരം ആൾക്കാരെയും അവിടെ കാണാൻ കഴിഞ്ഞു. ആശ്രമത്തിൽ തടിച്ചുകൂടിയിരുന്ന ആൾക്കാരിൽ ഞാനും പെട്ടു. എല്ലാവരും സ്വാമിജിയെ ദർശിക്കാൻവേണ്ടി കാത്തുനില്ക്കുകയായിരുന്നു.

ബാബാജി അദ്ദേഹത്തെപ്പറ്റി എന്നോടു പറഞ്ഞിരുന്നു. കാശ്മീരി ശൈവദർശനത്തെപ്പറ്റി ഏറ്റവും ആധികാരികമായി പറയാൻ കഴിയുന്ന ഇന്നു ജീവിച്ചിരിപ്പുള്ള ഏക വ്യക്തി ലക്ഷ്മൺ ജൂ ആണ്. സൈദ്ധാന്തികതലത്തിലും പ്രായോഗികതലത്തിലും അദ്ദേഹം നൈപുണ്യം നേടിയിരുന്നു.

അല്പസമയം കഴിഞ്ഞപ്പോൾ ആൾക്കൂട്ടം പെട്ടെന്നു നിശ്ശബ്ദമായി. ശിരസ്സുയർത്തി നോക്കിയപ്പോൾ ഞാൻ സ്വാമിജിയെ കണ്ടു. മെലിഞ്ഞ ശരീരമുള്ള അദ്ദേഹത്തിന് ആറടി ഉയരം ഉണ്ടായിരുന്നു. ക്ലീൻ ഷേവ് ചെയ്ത അദ്ദേഹം കാഴ്ചയിൽ സുന്ദരനായിരുന്നു. ക്രോപ്പ് ചെയ്ത തലമുടി നരച്ചിരുന്നു. കാശ്മീരിശൈലിയിലുള്ള നീണ്ട കുപ്പായം ധരിച്ചിരുന്നു. പൂമുഖത്തു നിന്നും ഇറങ്ങിവന്ന അദ്ദേഹത്തിന് എഴുപതു വയസ്സ് തോന്നിച്ചിരുന്നു. എന്നിരുന്നാലും യുവസഹജമായ പ്രസരിപ്പ് അദ്ദേഹത്തിൽ കണ്ടു. കുലീനത അദ്ദേഹത്തിൽ കളിയാടിയിരുന്നു. ഞാൻ ആൾക്കൂട്ടത്തിനിടയിൽ ശാന്തനായി നില്ക്കുകയായിരുന്നു. അദ്ദേഹത്തെ ശിരസ്സ് നമിച്ചു വണങ്ങി. അദ്ദേഹത്തെ നേരിട്ടു കാണാൻ അവസരം ലഭിക്കുമോ എന്നു ശങ്കിച്ചു നില്ക്കുകയായിരുന്നു. ചില ആൾക്കാരോട് അദ്ദേഹം കുശലപ്രശ്നം നടത്തുകയും, ചിലരെ ആശീർവദിക്കുകയും ചെയ്തതിനുശേഷം എന്നെ ആശ്ചര്യപ്പെടുത്തിക്കൊണ്ട് എന്റെ നേരേ വരികയും എന്റെയടുത്ത് വന്നു നില്ക്കുകയും ചെയ്തു. എന്റെ നേർക്ക് പ്രസാദാത്മകമായി നോക്കുകയും എന്റെ കരം ഗ്രഹിക്കുകയും ചെയ്തു. അദ്ദേഹം എന്നിൽ എന്തോ അന്വേഷിക്കുന്നതുപോലെ അദ്ദേഹത്തിന്റെ കണ്ണുകൾ എന്നിലൂടെ പരതി നടന്നു. അന്നേരം എനിക്ക് അവാച്യമായ ആനന്ദാനുഭൂതി അനുഭവവേദ്യമായി. എന്റെ ശരീരമാകെ ആനന്ദംകൊണ്ടു വിറച്ചു.

അദ്ദേഹത്തെ കാണുന്നതിനുവേണ്ടി കാത്തുനില്ക്കുകയായിരുന്ന പലരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അദ്ദേഹം പറഞ്ഞു: "നമുക്ക് പോകാം." അദ്ദേഹം എന്നെയും കൂട്ടിക്കൊണ്ട് ധ്യാനമണ്ഡപത്തിലേക്കു പോയി. ഒരു പരുക്കൻ കമ്പിളിവിരിപ്പിൽ ഇരുന്നിട്ട് എന്നോടും അടുത്തു വിരിച്ചിട്ടിരുന്ന കമ്പിളി വിരിപ്പിൽ ഇരിക്കാൻ പറഞ്ഞു. അദ്ദേഹം പറഞ്ഞു: "അടുത്തോട്ടു ചേർന്നിരിക്കൂ. കുട്ടീ, ഞാൻ നിന്നെ പ്രതീക്ഷിച്ച് ഇരിക്കുകയായിരുന്നു. എന്താ, ഞാൻ പറയുന്നത് വിശ്വാസമായില്ലേ? നീ ഒരു സംശയാലുവാണ്."

അദ്ദേഹം തന്റെ കുപ്പായത്തിനുള്ളിലേക്കു കൈകടത്തിയിട്ട് ഒരു രുദ്രാക്ഷമാല പുറത്തേക്കെടുത്തു. എന്നെ അതു കാണിച്ചുകൊണ്ട് ചോദിച്ചു: "ഇതു കണ്ടാൽ തിരിച്ചറിയുമോ? വലിയ കറുത്ത രുദ്രാക്ഷങ്ങൾ കോർത്ത ഇതുപോലെയുള്ള ഒരു രുദ്രാക്ഷമാലയാണ് ബാബാജിയും അദ്ദേഹത്തിന്റെ കഴുത്തിൽ അണിഞ്ഞിരിക്കുന്നത്. എനിക്ക് ഇരുപതു വയസ്സ് ആയിരുന്നപ്പോൾ ബാബാ മഹേശ്വർനാഥ് ഇത് എനിക്കു തന്നതാണ്. ഞാൻ പറഞ്ഞതുകൊണ്ട് നിനക്കല്ലാതെ മറ്റാർക്കും ഇക്കാര്യം അറിഞ്ഞുകൂടാ. ഈ രുദ്രാക്ഷമാല കിട്ടിയതിന്റെ അടുത്ത വർഷത്തിൽ ഞാൻ അഭിനവഗുപ്തന്റെ ഭാഷ്യവും ചേർത്ത് ഭഗവദ്ഗീത പ്രസിദ്ധീകരിച്ചു. ഞാൻ അതു ചെയ്തത് ബാബയുടെ ആഗ്രഹപ്രകാരമാണ്. നിന്റെ ഗുരു നിന്നെ ഇങ്ങോട്ട് പറഞ്ഞയച്ചതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. വ്യക്തിപരമായി അദ്ദേഹം എന്റെ ഗുരു

അല്ലെങ്കിൽക്കൂടി ഞാൻ എന്റെ ഗുരുവായ സ്വാമി മേഹ്താബ് കാക്കിനെപ്പോലെയും, എന്റെ മഹാഗുരുവായ സ്വാമി രാമിനെപ്പോലെയും അദ്ദേഹത്തെ ആദരിക്കുന്നു. നീ ഏതായാലും അനുഗൃഹീതനാണ്. എന്തെന്നാൽ ബാബാ നിന്നെ കണ്ടെത്തുകയും ശ്രീഗുരുബാബയുമായുള്ള നിന്റെ ബന്ധം പുനസ്ഥാപിക്കുകയും ചെയ്തിരിക്കുന്നു."

എന്റെ കണ്ണുകളിലൂടെ കണ്ണുനീർ കുടുകുടെ ഒഴുകുകയായിരുന്നു. ഞാൻ പറഞ്ഞു: "സ്വാമിജീ, ഞാൻ ഇപ്പോൾ എന്തു പറയാനാണ്. എന്നെപ്പറ്റി എല്ലാം അങ്ങ് അറിയുന്നുണ്ടല്ലോ."

ഞങ്ങൾ അരമണിക്കൂർ സമയം കാശ്മീരി ശൈവസിദ്ധാന്തത്തെപ്പറ്റിയും അനുഷ്ഠാനമുറകളെപ്പറ്റിയും ചർച്ച ചെയ്തു. എന്റെ ദൈനംദിന ക്രിയകളിൽ അദ്ദേഹം ചെറിയ ഭേദഗതികൾ നിർദ്ദേശിക്കുകയും എന്നോട് 'പ്രത്യാഭിജ്ഞാനഹൃദയം', 'വിജ്ഞാന ഭൈരവ', 'പരത്രിശ്കവി - വാരണ' എന്നീ കൃതികൾ വായിക്കാനും നിർദ്ദേശിച്ചു. തമ്മിൽ പിരിയുന്നതിനുമുമ്പ് അദ്ദേഹം എനിക്ക് രണ്ടു ചെറിയ പുസ്തകങ്ങൾ തന്നു. അദ്ദേഹം സംസ്കൃതത്തിൽനിന്നും ഇംഗ്ലിഷിലേക്ക് തർജ്ജമ ചെയ്ത രണ്ടു പുസ്തകങ്ങളായിരുന്നു അവ. സംസ്കൃത പുസ്തകങ്ങളുടെ പേര് 'ബോധപഞ്ചദശിക' എന്നും 'പരപ്രവേശിക' എന്നും ആണ്. അവയുടെ ഇംഗ്ലിഷ് പരിഭാഷകൾ 'ഫിഫ്റ്റീൻ വേർസസ് ഓഫ് വിസ്ഡം', 'എൻട്രൻസ് ഇൻടു സുപ്രീം റിയാലിറ്റി' എന്നിവയാണ്.

ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചതിനുശേഷം വിട പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു: "നീ ബാബാജിയെ കാണുമ്പോൾ അദ്ദേഹത്തിന് എന്റെ പ്രണാമങ്ങൾ അർപ്പിക്കൂ. അമൃതേശ്വരഭൈരവൻ നിന്നെ മുക്തനാക്കട്ടെ?"

കാശ്മീരിൽനിന്നും ഞാൻ ഡൽഹിയിലേക്കു മടങ്ങി.

ഡൽഹിയിൽ എത്തി രണ്ടാഴ്ച കഴിഞ്ഞപ്പോൾ ഡൽഹിയിലെ കോൺസ്റ്റിറ്റ്യൂഷൻ ക്ലബ്ബിൽവച്ച് വൈകുന്നേരങ്ങളിൽ ആഴ്ചയിൽ രണ്ടു ദിവസം ജെ. കൃഷ്ണമൂർത്തിയുടെ പ്രഭാഷണം ഉണ്ടായിരിക്കുമെന്ന് അറിയാൻ കഴിഞ്ഞു. ചില കാരണങ്ങളാൽ എനിക്ക് ആദ്യത്തെ ദിവസം പ്രഭാഷണത്തിനെത്താൻ കഴിഞ്ഞില്ല. രണ്ടാമത്തെ ദിവസം പ്രഭാഷണം തുടങ്ങുന്നതിനും ഏതാനും മിനിട്ടു മുമ്പുതന്നെ ഞാൻ അവിടെ എത്തി. ശ്രോതാക്കൾ ജീവിതത്തിന്റെ പല മേഖലകളിൽനിന്നുമെത്തിയ സമൂഹത്തിലെ ഉന്നതവർഗ്ഗത്തിൽ പെട്ടവരായിരുന്നു. അവരിൽ വൻകിട വ്യവസായികളും, വ്യാപാരികളും, വിവിധ പാർട്ടികളിലെ വലിയ രാഷ്ട്രീയനേതാക്കളും, ബുദ്ധിജീവികളും, ശാസ്ത്രജ്ഞന്മാരും, മാധ്യമപ്രവർത്തകരും ഉൾപ്പെട്ടിരുന്നു. പത്രപ്രവർത്തകൻ എന്ന നിലയിൽ എനിക്ക് അദ്ദേഹത്തെ ശരിക്കും കാണത്തക്ക രീതിയിൽ നല്ല ഒരു സീറ്റ് നേടാൻ കഴിഞ്ഞു.

കൃത്യം ആറുമണിക്ക് അദ്ദേഹം അകത്തേക്കു വന്നു. ഇളം തവിട്ടുനിറമുള്ള സിൽക്ക് ഷർട്ടും വെള്ള പൈജാമായും ധരിച്ചിരുന്ന അദ്ദേഹം വന്നയുടനെ പ്ലാറ്റ്ഫാമിൽ ചമ്രം പടിഞ്ഞിരുന്നു. നരച്ച തലമുടിയും സുന്ദരമായ മുഖവുമുള്ള അദ്ദേഹം കൈകൂപ്പി വണങ്ങി സംസാരിക്കാൻ തുടങ്ങിയ

പ്പോൾ ആധുനിക ബുദ്ധന്റെ പ്രതീതി ജനിപ്പിച്ചു. മുഖവുര ഒന്നും കൂടാതെ നേരേ വിഷയത്തിലേക്ക് കടന്നു. ദീപം കത്തിക്കുക തുടങ്ങിയ നാടകീയദൃശ്യം ഒന്നുംതന്നെ ഇല്ലായിരുന്നു. വർഷങ്ങൾക്കുമുമ്പ് അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ ആദ്യത്തെ വരികൾ ഞാൻ ഇപ്പോഴും വ്യക്തമായി ഓർക്കുന്നു: "ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. നാം ഇവിടെ കൂടിയിരിക്കുന്നത് ഏതെങ്കിലും വിശ്വാസത്തിന്റെയോ, ആദർശത്തിന്റെയോ സംഘടനയുടെയോ പ്രചാരകന്മാരായിട്ടല്ല. ലോകത്ത് സംഭവിക്കുന്നതിനെപ്പറ്റി നാം ഇവിടെ ഒരുമിച്ചിരുന്ന് ആലോചിക്കുകയാണ്."

ഒരു മണിക്കൂറോളം സമയം പൂർണ്ണമായും നിശ്ശബ്ദമായിരുന്നു. കൃഷ്ണമൂർത്തി ഒരു മണിക്കൂറോളം ഹിംസയുടെ അകം പുറം തുറന്നുകാട്ടിക്കൊണ്ട് സംസാരിച്ചു. നൂറ്റാണ്ടുകളായി എങ്ങനെ മതം അക്രമം ചെയ്യാൻ പ്രോത്സാഹിപ്പിക്കുകയും പ്രേരിപ്പിക്കുകയും ചെയ്തുവെന്ന് അദ്ദേഹം വിശദീകരിച്ചു. ആ സമയമത്രയും സദസ്സ് പരിപൂർണ്ണ നിശ്ശബ്ദത പാലിച്ചു. അദ്ദേഹം മനുഷ്യരാശിയോട് ആത്മപരിശോധനയ്ക്ക് ആഹ്വാനം ചെയ്തു. അദ്ദേഹം കൈകൂപ്പിക്കൊണ്ട് എല്ലാവരോടും സ്വന്തം മനസ്സുകളിലേക്ക് ആഴങ്ങളിൽ ഇറങ്ങിച്ചെന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ടു. അങ്ങനെ പരിശോധിക്കുമ്പോൾ ഹിംസയിലൂടെ വളരെയധികം പാതകങ്ങൾ ഈ ലോകത്തിൽ തങ്ങൾ കാരണം നടന്നിട്ടുണ്ടെന്നും നാം ബോധപൂർവ്വം നിത്യവും ഹിംസയിൽ വ്യാപരിക്കുകയാണെന്നും മനസ്സിലാകും.

അദ്ദേഹത്തിന്റെ പ്രസംഗം ഒരു ആശയസംഹിതയുടെയോ ഒരു തത്ത്വശാസ്ത്രത്തിന്റെയോ വിശദീകരണമായിരുന്നില്ല. എന്നാൽ അത് അർദ്ധബോധതലത്തിലേക്കും അബോധതലത്തിലേക്കും നടത്തിയ ഒരു യാത്രയായിരുന്നു. അഥവാ സ്വയം കണ്ടെത്തലിനുവേണ്ടിയുള്ള യാത്ര ആയിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണത്തിൽ ശ്രോതാക്കൾ ലീനചിത്തരായിരുന്നു. കൃഷ്ണമൂർത്തി പ്രസംഗം അവസാനിപ്പിച്ചു കഴിഞ്ഞിട്ടും ശ്രോതാക്കൾ ഏതാനും മിനിട്ട് അനങ്ങാതിരുന്നു. അതിനുശേഷം അദ്ദേഹം കൈകൂപ്പി നമസ്തേ എന്നുപറഞ്ഞുകൊണ്ട് പ്ലാറ്റ്ഫാമിൽനിന്നും പോയി. അദ്ദേഹത്തിന്റെ അന്നത്തെ പ്രസംഗം എന്നെ വ്യക്തിപരമായി അദ്ദേഹത്തോട് അടുപ്പിച്ചു. അതോടെ അദ്ദേഹവുമായി ഒരു ആത്മബന്ധം സംജാതമായി. അദ്ദേഹം നടന്നുനീങ്ങവേ പെട്ടെന്ന് ഒരിടത്ത് നിന്നിട്ട് എന്റെ കണ്ണുകളിലേക്ക് സൂക്ഷിച്ചു നോക്കി, എന്നിട്ട് അദ്ദേഹം തിരിഞ്ഞുനടന്നുപോയി.

എന്റെ ശരീരമാകെ ഒരു ഊർജ്ജം പകർന്നുകിട്ടിയതായി അനുഭവപ്പെട്ടു. ഞാൻ ബസ്സിൽ കയറി എന്റെ മുറിയിൽ എത്തിയിട്ടും ആ ഊർജ്ജം എന്നെ വിട്ടുമാറിയിരുന്നില്ല. പരമാനന്ദത്തിൽ മുഴുകി ആത്മവിസ്മൃതിയിലാണ്ട എനിക്ക് ആ അനുഭൂതി അവർണനീയമായിത്തോന്നി. ഞാൻ മുറിയിലേക്കു കടന്നു. മുകളിലത്തെ നിലയിൽ എന്റെ സുഹൃത്ത് ഷെരിഡാൻ താമസിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പിൽക്കാലത്ത് രാഷ്ട്രപതി അബ്ദുൾക്കലാമിന്റെ പേഴ്സണൽ സെക്രട്ടറിയായി. സുഹൃത്ത് എന്റെ കാലുകൾ ആടുന്നത് കണ്ടിട്ട് ഞാൻ മദ്യപിച്ചുവോ എന്നു ചോദിച്ചു. എന്നിൽനിന്നും ആനന്ദലഹരി ആ

രാത്രി മുഴുവനും വിട്ടുമാറാതെനിന്നു. നേരം വെളുക്കാറായപ്പോഴാണ് ഞാൻ ഉറങ്ങിയത്.

തൊട്ടടുത്ത ദിവസംതന്നെ ഞാൻ *ന്യൂവേവി* ലെ ജോലി രാജിവച്ചു. ശ്രീ ഗണേശ് ശുക്ലയ്ക്ക് രാജിക്കത്ത് നല്കി. അതിന്റെ അടുത്ത ദിവസം ഞാൻ ട്രെയിനിൽ കയറി ബനാറസ്സിലേക്കു തിരിച്ചു. ബനാറസ്സിൽ എനിക്ക് ജൂനാ മഠത്തിൽ തങ്ങാൻ അനുവാദം കിട്ടി. അതിനടുത്ത് രാജ്ഘാട്ടിൽ ആണ് കൃഷ്ണമൂർത്തി സെന്റർ സ്ഥിതി ചെയ്തിരുന്നത്. എന്തുകൊണ്ടോ എനിക്ക് സെന്ററിലേക്കു പോകണമെന്ന ചിന്തയുണ്ടായില്ല. ഞാൻ ഒരു കൊല്ലം മുഴുവൻ ഗംഗാതീരത്തുള്ള പല ഘാട്ടുകളിലും സഞ്ചരിച്ചുകൊണ്ടിരുന്നു, ഇടയ്ക്കൊക്കെ കാശിവിശ്വനാഥക്ഷേത്രവും സന്ദർശിച്ചു. മറ്റൊന്നിനും വിധേയമാകാത്ത പരമമായ സ്വാതന്ത്ര്യം ഞാൻ നുകർന്നു.

നാല്പത്തിനാല്

വസന്ത് വിഹാർ

ഒരു പൗർണ്ണമി രാത്രിയിൽ മണികർണികാ ഘാട്ടിലൂടെ കടന്നുപോകുകയായിരുന്ന ഒരു ബോട്ടിനെ ശ്രദ്ധിച്ചുകൊണ്ട് നില്ക്കുകയായിരുന്ന എനിക്ക് ജെ. കൃഷ്ണമൂർത്തിയെ നേരിൽ കാണണമെന്ന അദമ്യമായ ആഗ്രഹം മനസ്സിലുദിച്ചു. അടുത്ത ദിവസം ഞാൻ രാജ്ഘാട്ടിലെ കൃഷ്ണമൂർത്തി സെന്ററിൽ പോയി. സെന്ററിന്റെ അദ്ധ്യക്ഷനായ ശ്രീ ഉപാസനിയുമായി സംസാരിച്ചു. ഒരാഴ്ചയ്ക്കുള്ളിലോ മറ്റോ ജെ.കൃഷ്ണമൂർത്തി ചെന്നൈയിൽ എത്തിച്ചേരാൻ ഇടയുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം അതിനു മുമ്പുതന്നെ എന്നോട് ചെന്നൈയിൽ എത്തിച്ചേരാൻ പറഞ്ഞു. എന്നിട്ട് വിഖ്യാതസ്വാതന്ത്ര്യസമരസേനാനിയും കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ അപ്പോഴത്തെ ഉപാദ്ധ്യക്ഷനുമായ ശ്രീ അച്യുത് പട്വർദ്ധനെ കാണാൻ ഉപദേശിച്ചു. കൃഷ്ണമൂർത്തി എത്തിച്ചേരുമ്പോൾ ഒരു കൂടിക്കാഴ്ചയ്ക്കുള്ള അവസരം അദ്ദേഹം ഒരുക്കിത്തരുമെന്നു പറഞ്ഞു.

ഞാൻ അദ്ദേഹത്തോട് നന്ദി പ്രകടിപ്പിച്ചു. ചെന്നൈയിലേക്കു പോകാനുള്ള ടിക്കറ്റ് എടുക്കുന്നതിനുവേണ്ടി ഞാൻ റയിൽവേ സ്റ്റേഷനിലേക്കു പോയി. രണ്ടു ദിവസം കഴിഞ്ഞ് യാത്ര ചെയ്യാനുള്ള സ്ലീപ്പർ ടിക്കറ്റ് കിട്ടി. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഞാൻ ചെന്നൈയിൽ എത്തി. അച്ഛനമ്മമാർ താമസിക്കുന്ന സ്ഥലത്തേക്കു പോകുന്നതിനുപകരം നേരെ പോയത് ഗ്രീൻവേയ്സ് റോഡിലേക്ക് ആയിരുന്നു. ഗ്രീൻവേയ്സ് റോഡിലാണ് കൃഷ്ണമൂർത്തി ഫൗണ്ടേഷൻ സ്ഥിതി ചെയ്തിരുന്നത്. കൃഷ്ണമൂർത്തി ആഗതനാകുമ്പോൾ തീർച്ചയായും കൂടിക്കാഴ്ചയ്ക്കുള്ള അവസരം ശ്രീ അച്യുത് പട്വർദ്ധൻ ഒരുക്കിത്തരുമെന്നു ഞാൻ പ്രത്യാശിച്ചു. ഞാൻ സെന്ററിന്റെ ഓഫീസിൽ എത്തി. ശ്രീ അച്യുത് പട്വർദ്ധനെ കാണണമെന്ന് അഭ്യർത്ഥിച്ചു. ഓഫീസ് മാനേജരായ ശ്രീ പട്ടാഭി ഇന്റർകോമിൽ അദ്ദേഹത്തെ ബന്ധപ്പെടുത്തിത്തന്നു. അതിനുശേഷം ഓഫീസ് മാനേജർ എന്നെയും കൂട്ടിക്കൊണ്ട് വിശാലമായ ഒരു ഹാളിലേക്കു പോയി. ശ്രീ അച്യുത് പട്വർദ്ധനെ കാണാൻവേണ്ടി എന്നോട് അവിടെ കാത്തിരിക്കാൻ പറഞ്ഞു. അരമണിക്കൂറിനുള്ളിൽ അദ്ദേഹം ഹാളിലേക്കു കടന്നുവന്നു.

അറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി എന്ന നിലയിൽ ഞാൻ അദ്ദേഹത്തെപ്പറ്റി മുമ്പു കേട്ടിട്ടുണ്ടായിരുന്നു. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് വിരേതിഹാസം രചിച്ച ധീര വിപ്ലവകാരിയായിരുന്നു അദ്ദേഹം. അദ്ദേഹവും അരുണാ ആസഫ് ആലിയും ചേർന്ന് ഇന്ത്യയിലെ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലെ യൂണിയൻ ജാക്ക് പതാക താഴെ ഇറക്കുകയും തൽസ്ഥാനത്ത് ദേശീയപതാക നാട്ടുകയും ചെയ്തു. അത്യന്തം സാഹസികമായ ഈ കൃത്യം ചെയ്യുന്ന സമയത്ത് അദ്ദേഹത്തിന് നന്നേ ചെറുപ്പമായിരുന്നു.

കാഴ്ചയിൽ മതിപ്പുള്ളവാക്കുന്ന ഒത്ത ശരീരമുള്ള ആളെയാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ എന്റെ മുന്നിലെത്തിയത് തീരെ ചെറിയ ഒരു മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ കണ്ണുകൾ തീക്ഷ്ണവും ഊർജ്ജസ്വലവുമായിരുന്നു. എഴുതുപതുവയസ്സുള്ള അദ്ദേഹത്തിന് അത്രയും പ്രായം ഉണ്ടെന്നു തോന്നുമായിരുന്നില്ല. നല്ല ചുറുചുറുപ്പും ഉപചാരശീലവുമുള്ള വ്യക്തി ആയിരുന്നു അദ്ദേഹം. അദ്ദേഹം എന്നെ കാണുന്നതിനുമുമ്പുതന്നെ എന്നെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ചിരുന്നു. എന്നെപ്പറ്റി രാജ്ഘാട്ടിലെ ഉപാസിനി അദ്ദേഹത്തോട് ഫോണിൽ സംസാരിച്ചിരുന്നു. എന്നെപ്പറ്റി അദ്ദേഹം ഡൽഹിയിലെ നാനാജി ദേശ്മുഖിനോടും ആരാഞ്ഞിരുന്നു. നാനാജി അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തായിരുന്നു. എന്റെ യോഗ്യതകളും പശ്ചാത്തലവും മനസ്സിലാക്കിയ അദ്ദേഹത്തിന്റെ എന്നോടുള്ള പെരുമാറ്റം ഹൃദ്യമായിരുന്നു.

കൃഷ്ണമൂർത്തി ഒരു മാസത്തിനുള്ളിൽ എത്തിച്ചേരുമെന്ന് അദ്ദേഹം എന്നോടു പറഞ്ഞു. അതുവരെയും എനിക്ക് വസന്ത് വിഹാറിൽ താമസിക്കാമെന്നും അദ്ദേഹം പറഞ്ഞു. വസന്ത് വിഹാർ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഹെഡ്ക്വാർട്ടേഴ്സ് ആയിരുന്നു. കൃഷ്ണമൂർത്തിയുമായി ഒരു സ്വകാര്യ അഭിമുഖം ഏർപ്പാടാക്കിത്തരാമെന്നും അദ്ദേഹം അറിയിച്ചു. ഡൈനിങ് ഹാളിനു സമീപമുള്ള ഒരു ചെറിയ മുറി എനിക്ക് താമസിക്കാൻ അനുവദിച്ചുകിട്ടി. ഡൈനിങ് ഹാളിൽ അച്യുത്ജിയോടൊപ്പം ഇരുന്ന് ഭക്ഷണം കഴിച്ചിരുന്നു. ചിലപ്പോഴൊക്കെ ഉച്ചഭക്ഷണസമയത്തും അത്താഴത്തിനും അതിഥികൾ കാണും. വസന്ത് വിഹാർ പരിസരത്ത് എല്ലാവരും സസ്യാഹാരമാണു കഴിച്ചിരുന്നത്. മദ്യപാനത്തിനും പുകവലിക്കും കർശനമായ വിലക്കുണ്ടായിരുന്നു. എന്തുകൊണ്ടും എനിക്ക് അനുയോജ്യമായ അന്തരീക്ഷമാണ് അവിടെ ഉണ്ടായിരുന്നത്. വസന്ത് വിഹാർ പരിസരത്തിന് അഞ്ചര ഏക്കർ വിസ്തൃതി ഉണ്ടായിരുന്നു. ധാരാളം മരങ്ങളും ഉണ്ടായിരുന്നു. അടുത്തുതന്നെ വ്യാപിച്ചുകിടക്കുന്ന തിയോസൊഫിക്കൽ സൊസൈറ്റിയുടെ എസ്റ്റേറ്റുകളും ഉണ്ടായിരുന്നു. ഈ സ്ഥലങ്ങളിലൊക്കെ അച്യുത്ജിയോടൊപ്പം നടക്കാൻ പോകാറുണ്ടായിരുന്നു. അവിടെ ഞങ്ങളെ കാറിൽ കൊണ്ടാക്കിയിട്ട് തിരികെ കാറിൽ വിളിച്ചുകൊണ്ടുപോകുമായിരുന്നു.

പ്രായത്തിലും സമൂഹത്തിലെ പദവിയിലും വലിയ അന്തരം ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നുവെങ്കിലും അതൊന്നും ഞങ്ങളുടെ സൗഹൃദത്തിന് ബാധകമായിരുന്നില്ല. എന്നെക്കാൾ മൂന്നിരട്ടി പ്രായം അദ്ദേഹത്തിന് ഉണ്ടായിരുന്നു. രാഷ്ട്രീയരംഗത്തും സാമൂഹ്യരംഗത്തും ഏറെ അറിയപ്പെടുന്ന വ്യക്തി ആയിരുന്നു അദ്ദേഹം. ഞാൻ അദ്ദേഹത്തോട് പല വിഷയങ്ങളെപ്പറ്റിയും ചർച്ച ചെയ്തിരുന്നു. ഉന്നതപദവിയുള്ള അദ്ദേഹത്തിൽനിന്ന് എനിക്കു പലതും പഠിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായ ഒരു സംഭവത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞത് എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. ശ്രീ. അച്യുത്ജി യുവാവായിരുന്നപ്പോൾ മഹാത്മാഗാന്ധി നേതൃത്വം നല്കിയ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നതിന് അദ്ദേഹം കൃഷ്ണമൂർത്തിയുടെ അനുവാദം ചോദിച്ചു. കൃഷ്ണമൂർത്തി നല്കിയ മറുപടി ഇപ്രകാരമായിരുന്നു. കൃഷ്ണമൂർത്തിയെ സംബന്ധിച്ചിടത്തോളം സ്വാതന്ത്ര്യം

പരമമായ ഒന്നാണ്. പ്രസ്തുത സ്വാതന്ത്ര്യം മുൻവിധികളിൽനിന്നും വിഭജനങ്ങളിൽനിന്നും, ഹിംസയിൽനിന്നുമുള്ള സ്വാതന്ത്ര്യം ആണ്. നടന്നു കൊണ്ടിരിക്കുന്ന സ്വാതന്ത്ര്യ സമരത്തിലൂടെ അത്തരത്തിലുള്ള സ്വാതന്ത്ര്യം നേടാൻ കഴിയുമോ എന്നായിരുന്നു കൃഷ്ണമൂർത്തി ചോദിച്ചത്. അദ്ദേഹം അച്യുത്ജിയോട് പറഞ്ഞു: "നിങ്ങൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ പങ്കെടുക്കൂ. എന്നോട് അനുവാദം ചോദിക്കരുത്." ബ്രിട്ടീഷുകാർ ഇന്ത്യവിട്ടതിനുശേഷം ഇന്ത്യാ-പാക് വിഭജനം നടന്നു. പിന്നീടുണ്ടായത് രക്തപങ്കിലമായ ഹിംസയും രക്തച്ചൊരിച്ചിലും ആയിരുന്നു. സ്വാതന്ത്ര്യലബ്ധിക്കുശേഷം അച്യുത്ജി കൃഷ്ണമൂർത്തിയെ വീണ്ടും കണ്ടു. കൃഷ്ണമൂർത്തി പുച്ഛത്തോടെ അദ്ദേഹത്തോടു ചോദിച്ചു: "വിവേകശൂന്യമായ ഹിംസയെയും വിഭജനത്തിന്റെ ഫലമായി ഉണ്ടായ രക്തച്ചൊരിച്ചിലിനെയുമാണോ സ്വാതന്ത്ര്യം എന്നു വിളിക്കേണ്ടത്."

ഞാൻ കൃഷ്ണമൂർത്തിയുടെ വരവും പ്രതീക്ഷിച്ചു കാത്തിരുന്നു. അതിനിടയിൽ ഞാൻ അദ്ദേഹത്തെപ്പറ്റിയുള്ള സാഹിത്യം മിക്കവാറും എല്ലാം തന്നെ വായിക്കുകയും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ ഓഡിയോ ടേപ്പുകൾ കേൾക്കുകയും ചെയ്തു. കൃഷ്ണമൂർത്തിയുമായുള്ള എന്റെ സമാഗമത്തെപ്പറ്റി പ്രതിപാദിക്കുന്നതിനുമുമ്പ് അദ്ദേഹത്തിന്റെ ഒരു ലഘു ജീവചരിത്രക്കുറിപ്പ് തരാനാഗ്രഹിക്കുന്നു.

1873-ൽ ആണ് എല്ലാത്തിനും തുടക്കം കുറിച്ചത്. റഷ്യൻ കുലീന കുടുംബത്തിൽ ജനിച്ച ഹെലീനാ പെട്രോവ്നാ ബ്ളാവട്സ്കി എന്ന മഹതി 1873-ൽ ആണ് ഇന്ത്യയിൽ കുടിയേറിപ്പാർത്തത്. അവരോടൊപ്പം കേണൽ ഹെൻട്രി സ്റ്റീൽ ഓൽക്കോട്ടും എത്തിയിരുന്നു. അവർ രണ്ടുപേരും ചേർന്ന് നിഗൂഢരഹസ്യപ്രതിഭാസങ്ങളെപ്പറ്റി സൂക്ഷ്മാന്വേഷണം നടത്തിയിരുന്നു. അതിനുവേണ്ടി അവർ തിയോസൊഫിക്കൽ സൊസൈറ്റി (ബ്രഹ്മവിദ്യാ സംഘം) എന്ന പേരിൽ ഒരു പ്രസ്ഥാനം സമാരംഭിച്ചു. ബ്ളാവട്സ്കി എച്ച്.പി. ബി.എന്ന ചുരുക്കപ്പേരിലാണ് അറിയപ്പെട്ടിരുന്നത്. അവർ വിവാദാസ്പദയായ വ്യക്തി ആയിരുന്നു. ആത്മവിദ്യയിലൂടെ പദാർത്ഥങ്ങൾ അവർ സൃഷ്ടിച്ചതിനെ ദൈവത്തിൽനിന്നും നേരിട്ടു ലഭിച്ച ജ്ഞാനത്തിലൂടെയാണെന്നു ചിലർ വിശ്വസിച്ചു. മറ്റുചിലർ അതിനെ വെറും കൺകെട്ടുവിദ്യയാണെന്നു പറഞ്ഞ് തള്ളിക്കളഞ്ഞു. ആൽഡസ് ഹക്സ്ലി അവരെ കപടവേഷക്കാരി എന്നും വഞ്ചകി എന്നും വിളിച്ച് അധിക്ഷേപിച്ച് അവരുടെ അവകാശവാദത്തെ തള്ളിക്കളഞ്ഞു.

എച്ച്.പി.ബി. താൻ ജ്ഞാനികളായ ഹിമാലയത്തിലെ ഗുരുക്കന്മാർക്കു വേണ്ടിയാണു പ്രവർത്തിക്കുന്നതെന്നും അവർ തിയോസൊഫിക്കൽ സൊസൈറ്റി സ്ഥാപിക്കാൻ കല്പിച്ചുവെന്നും അവകാശപ്പെട്ടു. രണ്ടു ഗുരുക്കന്മാർ മോര്യയും കുതുമിലാൽ സിംഗും ആയിരുന്നു. അവരോടൊപ്പം ടിബറ്റിലും കാറക്കോറം മലഞ്ചരിവുകളിലും താമസിച്ചിരുന്നുവെന്നും അവർ അവകാശപ്പെട്ടു. താൻ അവരിൽ ഒരാളിന്റെ ശിഷ്യയാണെന്നും പറഞ്ഞിരുന്നു.

ആരെയും ഭ്രമിപ്പിക്കുന്ന, മോടിയാർന്ന ജീവിതം നയിച്ചിരുന്ന അവരുടെ പാണ്ഡിത്യം അപാരമായിരുന്നു. കാന്തികശക്തിയുള്ള വ്യക്തിത്വമായിരുന്നു

അവരുടേത്. ആരെയും ആകർഷിക്കാനും സ്വാധീനിക്കാനുമുള്ള അവരുടെ കഴിവ് അളവറ്റതായിരുന്നു. വലിയ വാഗ്മിയും നിരീശ്വരവാദിയും ഫാബിയൻ സൊസൈറ്റിയിലെ അംഗവും, ജോർജ് ബെർനാഡ് ഷായുടെ സുഹൃത്തും ആയ ആനി ബസന്റിനെ അവർക്ക് സ്വാധീനിക്കാൻ കഴിഞ്ഞു. ബ്ളാവട്സ്കി രചിച്ച 'സീക്രട്ട് ഡോക്ട്രിൻ' എന്ന കൃതി നിരൂപണം ചെയ്യുന്നതിനു വേണ്ടി ആനി ബസന്റിനു നല്കി. ആ കൃതി അവരെ വല്ലാതെ സ്വാധീനിച്ചു. ആനി ബസന്റ് അവരെ കാണുകയും അവരുടെ ശിഷ്യയാകുകയും ചെയ്തു. കൃഷ്ണമൂർത്തിയുടെ വ്യക്തിത്വരൂപീകരണത്തിൽ ആനി ബസന്റ് ഒരു വലിയ പങ്കാണു വഹിച്ചിരുന്നത്.

കൃഷ്ണമൂർത്തിയുടെ ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ച മറ്റൊരു വ്യക്തി സി.ഡബ്ല്യു. ലെഡ്ബീറ്റർ ആണ്. അദ്ദേഹം ചർച്ച് ഓഫ് ഇംഗ്ലണ്ടിന്റെ പുരോഹിതനായിരുന്നു. എന്നാൽ അദ്ദേഹം പൗരോഹിത്യം ഇടയ്ക്കുവച്ച് ഉപേക്ഷിക്കുകയുണ്ടായി. അഗാധ പണ്ഡിതനായിരുന്ന അദ്ദേഹം ബഹുമുഖ-വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അദ്ദേഹം പ്രകൃത്യാതീതമായ നിഗൂഢരഹസ്യങ്ങളെപ്പറ്റിയും മാന്ത്രികവിദ്യയെപ്പറ്റിയും രചിച്ചിട്ടുള്ള രചനകൾ മനസ്സിനെ വശീകരിക്കുന്നവ ആയിരുന്നു. അവ വായിച്ചിട്ടുള്ളവർ അവയുടെ വാസ്തവത്തെപ്പറ്റി സംശയിക്കുകയും കെട്ടുകഥകളായിരിക്കുമെന്നു കരുതുകയും ചെയ്തു. സി.ഡബ്ല്യു. ലെഡ്ബീറ്റർ തന്റെ നീട്ടി വളർത്തിയ താടിയും ആകാരസൗഷ്ഠവവും കാരണം ബൈബിളിൽ വിവരിക്കുന്ന പ്ര വാചകന്റെ സാദൃശ്യം ജനിപ്പിച്ചിരുന്നു. അദ്ദേഹവും ബ്ളാവട്സ്കിയെ സന്ദർശിക്കുകയും അവരുടെ ശിഷ്യത്വം സ്വീകരിക്കുകയും ചെയ്തു. ഒട്ടും വൈകാതെതന്നെ അദ്ദേഹത്തിന് ഒരു പ്രമുഖ തിയോസൊഫിസ്റ്റ് (ബ്രഹ്മ വിദ്യാവാദി) എന്ന നിലയിൽ അംഗീകാരം ലഭിച്ചു. ബ്ളാവട്സ്കിയുടെ മരണാനന്തരം വൈറ്റ് ലോഡ്ജിലെ ആദ്ധ്യാത്മിക വിദ്യാഗുരുക്കന്മാരുമായി നേരിട്ടു ബന്ധം പുലർത്തുന്നത് താനാണെന്ന് അദ്ദേഹം അവകാശപ്പെട്ടിരുന്നു. വൈറ്റ് ലോഡ്ജിലെ ഗുരുക്കന്മാർക്കുവേണ്ടി അദ്ദേഹംതന്നെയാണ് ദീക്ഷ നല്കി പ്പോന്നതും ആശീർവാദങ്ങൾ നല്കിയിരുന്നതും. ബ്രഹ്മവിദ്യയെ സംബന്ധി ക്കുന്ന പല കാര്യങ്ങളിലും ആനി ബസന്റ് അദ്ദേഹത്തെ വളരെയധികം ആശ്രയിച്ചിരുന്നു.

ബ്രഹ്മവിദ്യാവാദികളുടെയിടയിൽ ഒരു ലോകരക്ഷകന്റെ അവതാരത്തിന് സമയമായി എന്ന ആശയം പ്രചരിപ്പിക്കുന്നതിൽ ലെഡ്ബീറ്റർ വലിയ പങ്കാണു വഹിച്ചിട്ടുള്ളത്. പുതിയ രക്ഷകനായിരിക്കും മൈത്രേയബുദ്ധൻ. മൈത്രേയബുദ്ധന്റെ അവതാരം ഒരു വിശേഷരീതിയിൽ ആയിരിക്കും. ഭൂമിയിൽ ജനിച്ചു കഴിഞ്ഞ ശരീരത്തിലേക്കായിരിക്കും ഭഗവാൻ പ്രവേശി ക്കുന്നത്. അതിനുവേണ്ടി തിരഞ്ഞെടുക്കപ്പെടുന്ന ആൾ അങ്ങേയറ്റം വിശുദ്ധനും ഗുണങ്ങളുടെ വിളനിലവും ആയിരിക്കണം. ആ വ്യക്തിക്ക് പ്രത്യേകമായ പരിശീലനം ലഭിച്ചിരിക്കുകയും ചെയ്യും. അതിനാൽ പ്രമുഖ ബ്രഹ്മവിദ്യാ വാദികൾ അനുയോജ്യനായ ഒരു യുവാവിനെ കണ്ടെത്താനുള്ള ശ്രമം തുടങ്ങി. ഈ യുവാവായിരിക്കും ഭാവിയിലെ മൈത്രേയബുദ്ധൻ. യുവാവിന്റെ ശരീരത്തിലായിരിക്കും മൈത്രേയബുദ്ധൻ വാഴുന്നത്.

ഹെലീനാ പെട്രോവ്നാ ബ്ലാവട്സ്കി ജീവിച്ചിരുന്നപ്പോൾത്തന്നെ തിയോസൊഫിക്കൽ സൊസൈറ്റിയുടെ ആസ്ഥാനം സ്ഥാപിക്കാൻവേണ്ടി ചെന്നൈയിലെ അഡയാറിൽ മുന്നൂറു ഏക്കർ വിസ്തൃതിയുള്ള ഒരു തോട്ടം സ്വന്തമാക്കി. തോട്ടത്തിലെ മനോഹരമായ വളപ്പിൽ ധാരാളം വൃക്ഷങ്ങൾ ഉണ്ടായിരുന്നു. ആസ്ഥാനം അഡയാർ നദീതീരത്തിൽ ആണ്. യൂറോപ്യൻ ശൈലിയിലായിരുന്നു നിർമ്മിക്കപ്പെട്ട കെട്ടിടസമുച്ചയം. സ്വന്തമായ ഒരു ബീച്ച് ഈ സൊസൈറ്റിക്ക് മാത്രം അവകാശപ്പെടാവുന്നതാണ്. അഡയാർ നദീതീരത്തുവച്ചാണ് ലെഡ്ബീറ്റർ കൃഷ്ണമൂർത്തിയെയും അദ്ദേഹത്തിന്റെ സഹോദരനായ നിത്യാനന്ദനെയും അവരുടെ ചെറിയ പ്രായത്തിൽ കണ്ടെത്തിയത്. അദ്ദേഹം മൂർത്തിയിൽ ഒരു കാന്തിവലയം കണ്ടെന്നു പ്രഖ്യാപിച്ചു. പഞ്ചേന്ദ്രിയങ്ങൾക്ക് അനുഭവഗോചരമല്ലാത്ത വസ്തുക്കളെ കാണാനുള്ള തന്റെ സിദ്ധിയിലൂടെയാണ് അതു മനസ്സിലാക്കിയതെന്ന് അദ്ദേഹം അവകാശപ്പെട്ടു. കൃഷ്ണമൂർത്തി പരിശുദ്ധനും, പാപരഹിതനും ഗുണസമ്പന്നനും തേജസ്വിയും ആയതിനാൽ മൈത്രേയബുദ്ധനാകാൻ യോഗ്യനാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

വളരെ വിസ്തരിച്ചു പറയേണ്ട കാര്യങ്ങൾ വളരെ ചുരുക്കി പറയാൻ ശ്രമിക്കുകയാണ്. കോന്ത്രപ്പല്ലും തലയിൽ പേനുമുള്ള കൃഷ്ണനെയും കൃഷ്ണന്റെ ഇളയസഹോദരനായ നിത്യനെയും അവരുടെ അച്ഛനായ കൃഷ്ണയ്യായുടെ വീട്ടിൽനിന്നും ലെഡ്ബീറ്റർ കൂട്ടിക്കൊണ്ടുപോയി. കൃഷ്ണയ്യാ സർവ്വീസിൽ നിന്നും വിരമിച്ച താഴത്തെ ഗ്രേഡിലുള്ള ഉദ്യോഗസ്ഥനായിരുന്നു. ലെഡ്ബീറ്റർ നേരിട്ടും അദ്ദേഹം തിരഞ്ഞെടുത്ത മറ്റു ചിലരും രണ്ടുപേർക്കും പരിശീലനങ്ങൾ നല്കി. തനി സായിപ്പന്മാരെപ്പോലെ പെരുമാറാനും ജീവിക്കാനും പഠിക്കുന്നതുവരെ അവർക്ക് പരിശീലനം തുടർന്നു. തിയോസൊഫിക്കൽ സൊസൈറ്റി കുട്ടികളെ ദത്തെടുക്കുന്നതിനുമുമ്പ് കൃഷ്ണൻ വലിയ സാമർത്ഥ്യമൊന്നും പ്രകടിപ്പിച്ചിരുന്നില്ല. പരീക്ഷകളൊന്നും പാസ്സായിരുന്നില്ല. കേംബ്രിഡ്ജിലോ ഓക്സ്ഫോർഡിലോ ചേരുന്നതിനുള്ള യോഗ്യതയും നേടിയിരുന്നില്ല. എന്നാൽ കൃഷ്ണന്റെ സഹോദരൻ സമർത്ഥനും പഠിക്കാൻ മിടുക്കനും ആയിരുന്നു. എന്നിരുന്നാലും തിയോസോഫിസ്റ്റുകൾ രണ്ടുപേരെയും പാശ്ചാത്യനാടുകളിലേക്ക് കൊണ്ടുപോയി. തിയോസോഫിസ്റ്റുകളുടെ ശക്തമായ പ്രചരണത്തിന്റെ ഫലമായി രണ്ടുപേരും പരക്കെ അറിയപ്പെട്ടു. രണ്ടു യുവാക്കളും ജനപ്രീതി നേടി.

ഭാവിയിലെ ലോകരക്ഷകനായ കൃഷ്ണമൂർത്തിയുടെ വളർച്ച രാജകുമാരനെപ്പോലെയായിരുന്നു. കൃഷ്ണമൂർത്തി അണിഞ്ഞിരുന്നത് രാജകീയ വേഷമായിരുന്നു. സഞ്ചരിച്ചിരുന്നത് വിലയേറിയ കാറുകളിലും. ഇംഗ്ലണ്ടിലെയും, യൂറോപ്പിലെയും, അമേരിക്കയിലെയും ഉന്നതവൃത്തങ്ങളിലുള്ളവർ വിരുന്നുസത്കാരങ്ങളിൽ അദ്ദേഹത്തിനുവേണ്ടി പാനാശംസ നേർന്നു. അതിനിടയിൽ ഒരു ദുരന്തം സംഭവിച്ചു. ക്ഷയരോഗം ബാധിച്ച് കൃഷ്ണമൂർത്തിയുടെ സഹോദരൻ അന്തരിച്ചു. തിയോസൊഫിക്കൽ സൊസൈറ്റിയിലെ ഗുരുക്കന്മാർ സഹോദരനെ മരിക്കാൻ ഇടയാക്കുകയില്ലെന്ന് കൃഷ്ണമൂർത്തി വിശ്വസിച്ചിരുന്നു. സഹോദരന്റെ മരണത്തോടെ

കൃഷ്ണമൂർത്തിക്ക് തിയോസൊഫിയിലും ലെഡ്ബീറ്ററിലും വിശ്വാസം നശിച്ചു. സൊസൈറ്റിയുടെ പൗരോഹിത്യശ്രേണിയുടെ ഘടനയിൽനിന്നും അദ്ദേഹം മാറി നില്ക്കുകയും ചെയ്തു. ഒടുവിൽ 1929 ആഗസ്റ്റ് 3-ാം തീയതി ഹോളൻഡിലെ ഒമ്മെൻ എന്ന സ്ഥലത്തുവച്ചു നടന്ന തിയോസൊഫിസ്റ്റുകളുടെ അന്താരാഷ്ട്രസമ്മേളനത്തിൽ കൃഷ്ണമൂർത്തി പങ്കെടുത്തില്ല. മാത്രവുമല്ല അദ്ദേഹം തിയോസൊഫിക്കൽ സൊസൈറ്റിയോടും അതിന്റെ ആശയങ്ങളോടും വിട പറഞ്ഞു. 'ഓർഡർ ഓഫ് ദി സ്റ്റാർ' എന്ന സംഘത്തിന്റെ ഒരു വിഭാഗത്തെ അദ്ദേഹം പിരിച്ചുവിടുകയും ചെയ്തു. അതിന്റെ തലവനും അദ്ദേഹം തന്നെയായിരുന്നു. അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി: "വഴികളില്ലാത്ത ഭൂമിയാണ് സത്യം. ഒരു വഴിയിലൂടെയും അതിനെ സമീപിക്കാൻ കഴിയുകയില്ല."

അദ്ദേഹത്തിന്റെ പ്രസ്താവന ആനി ബസന്റ് ഉൾപ്പടെയുള്ള ശ്രോതാക്കളെ ഞെട്ടിച്ചു. അദ്ദേഹം പറഞ്ഞു: "ഞാൻ ഈ സംഘത്തെ പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ ഞാനാണ് തലവൻ. നിങ്ങൾക്ക് വേറേ സംഘടനകൾക്ക് രൂപം നല്കാനും നേതൃത്വം വഹിക്കാൻ ആരെയെങ്കിലും പ്രതീക്ഷിക്കാനും കഴിയും. എനിക്ക് അതൊന്നും പ്രശ്നമല്ല. പുതിയ കാരാഗൃഹങ്ങൾ പണിയുന്നതിലും അവയെ മോടിപിടിപ്പിക്കുന്നതിലും എനിക്ക് ഒട്ടും താൽപര്യമില്ല. എനിക്ക് ഒറ്റ കാര്യത്തിലേ താൽപര്യമുള്ളൂ. മനുഷ്യർ പൂർണ്ണമായും സ്വാതന്ത്ര്യം അനുഭവിക്കട്ടെ. ആ സ്വാതന്ത്ര്യം യാതൊരു വ്യവസ്ഥയ്ക്കും വിധേയമാകാതിരിക്കട്ടെ." കൃഷ്ണമൂർത്തിയുടെ പ്രഖ്യാപനം ആനി ബസന്റിനേറ്റ കനത്ത ആഘാതമായിരുന്നു. അതിൽനിന്ന് അവർക്ക് മോചനം കിട്ടിയില്ല. അധികം താമസിയാതെ അവർ അന്തരിച്ചു. കൃഷ്ണമൂർത്തി വേറിട്ട വഴിയിലൂടെ സഞ്ചരിക്കാൻ തുടങ്ങി. അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ ഒരാളായ രാജഗോപാൽ അദ്ദേഹത്തിനു തുണയായി. രാജഗോപാലിനെയും കണ്ടെത്തിയത് ലെഡ്ബീറ്റർ ആയിരുന്നു. ലോകാടിസ്ഥാനത്തിൽ കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളും രചനകളും പുസ്തകങ്ങളായി പ്രസിദ്ധീകരിക്കുന്നതിലും രാജഗോപാൽ നിസ്തുലമായ പങ്കുവഹിച്ചിട്ടുണ്ട്. കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങൾ സമാഹരിച്ച് എഡിറ്റ് ചെയ്ത് പ്രകാശിപ്പിച്ച ആദ്യത്തെ വാള്യമാണ് "കമന്ററീസ് ഓൺ ലിവിങ്."

വർഷങ്ങൾക്കുശേഷം രാജഗോപാൽ കൃഷ്ണമൂർത്തിയുമായി തെറ്റിപ്പിരിഞ്ഞു. പരുഷമായ വാക്കുകൾ പരസ്പരം പ്രയോഗിക്കുകയും നിയമയുദ്ധങ്ങൾ നടത്തുകയും ചെയ്തു. കൃഷ്ണമൂർത്തിക്ക് രാജഗോപാലിനെ നിഷ്പ്രഭനാക്കാൻ കഴിഞ്ഞു. കൃഷ്ണമൂർത്തി രാഷ്ട്രീയ സ്വാധീനമുള്ള തന്റെ പുതിയ സുഹൃത്തുക്കളുടെ സഹായത്തോടെ പുതിയ സ്ഥാപനങ്ങൾക്ക് രൂപം നല്കി. കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ, ദി കൃഷ്ണമൂർത്തി ട്രസ്റ്റ് ഇംഗ്ലണ്ട്, കാലിഫോർണിയായിലെ ഓജൈ എന്ന സ്ഥലത്ത് ആസ്ഥാനമായുള്ള കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഓഫ് അമേരിക്ക എന്നീ സ്ഥാപനങ്ങൾക്ക് രൂപം നല്കപ്പെടുകയുണ്ടായി. ഈ സ്ഥാപനങ്ങൾ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളുടെ പ്രസിദ്ധീകരണത്തിലും അദ്ദേഹത്തിന്റെ ഇന്ത്യയിലെയും വിദേശങ്ങളിലെയും പ്രവർത്തനമേഖലകളിലും വ്യാപരിക്കുന്നുണ്ട്.

തിയോസൊഫിക്കൽ സൊസൈറ്റിയുടെ ഹെഡ്ക്വാർട്ടേഴ്സിൽനിന്നും അകലെയല്ലാത്ത, വസന്തവിഹാറിലെ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഇന്ത്യയിലെ ഹെഡ്ക്വാർട്ടേഴ്സിലാണ് അദ്ദേഹത്തെ പ്രതീക്ഷിച്ചു ഞാൻ കഴിഞ്ഞത്.

നവംബർ അവസാനത്തിലാണ് കൃഷ്ണമൂർത്തി ചെന്നൈയിൽ എത്തിയത്. അദ്ദേഹം രാത്രിയിലെ ഫ്ളൈറ്റിൽ വന്നതിനാൽ അടുത്ത ദിവസം ഉച്ചഭക്ഷണസമയത്താണ് അദ്ദേഹത്തെ എനിക്കു കാണാൻ കഴിഞ്ഞത്.

അച്യുത് പട്വർദ്ധന്റെ ഇളയ സഹോദരനായ പദ്മാകർ പട്വർദ്ധൻ തന്റെ ദക്ഷിണേന്ത്യൻ ഭാര്യയായ സുനന്ദയോടൊപ്പം കൃഷ്ണമൂർത്തി എത്തുന്നതിന് ഏതാനും ദിവസം മുമ്പ് യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയിരുന്നു. പദ്മാകർ പട്വർദ്ധൻ കൃഷ്ണമൂർത്തി ബുള്ളറ്റിന്റെ എഡിറ്റർ ആയിരുന്നു. അവർ മറ്റുള്ളവരെ സംശയദൃഷ്ടികളോടെ നോക്കിയിരുന്നു. എന്നെപ്പോലെയുള്ള ഒരു സാധാരണക്കാരനെ കൃഷ്ണമൂർത്തിയിൽനിന്നും അകറ്റി നിർത്താനും ആഗ്രഹിച്ചിരുന്നു. അച്യുത്ജി എനിക്കുവേണ്ടി ശുപാർശ ചെയ്തതുകൊണ്ട് ഡൈനിങ് ഹാളിൽ കൃഷ്ണമൂർത്തിയുടെ കൂടെ ഇരുന്ന് ഭക്ഷണം കഴിക്കാനുള്ള അനുമതി കിട്ടി.

വളരെ ദിവസങ്ങൾ കഴിഞ്ഞുമാത്രമേ വസന്ത്വിഹാറിൽ പൊതുജനങ്ങൾക്കുവേണ്ടിയുള്ള പ്രഭാഷണങ്ങളും സമ്മേളനങ്ങളും നടക്കൂ. അതിനാൽ അവിടെ അന്തേവാസികളുടെ എണ്ണം കുറവായിരുന്നു. ഉച്ചഭക്ഷണസമയത്തും അത്താഴം കഴിക്കുന്ന സമയത്തും ആരും അധികമൊന്നും സംസാരിച്ചിരുന്നില്ല. ഒരു വലിയ തുക സംഭാവനയായി നല്കാനിടയുണ്ടെന്നു കരുതപ്പെടുന്ന വ്യക്തിയെയും, ഫൗണ്ടേഷന് പ്രയോജനം ചെയ്യുമെന്നു കരുതപ്പെടന്ന സുപ്രധാന വ്യക്തികളെയും കൃഷ്ണമൂർത്തിയോടൊപ്പം ഇരുന്ന് ഭക്ഷണം കഴിക്കാൻ ക്ഷണിച്ചിരുന്നു. എനിക്ക് ലഭിച്ച സീറ്റ് കൃഷ്ണമൂർത്തിയിൽനിന്നും പരമാവധി ദൂരെ ഉള്ളതായിരുന്നു. കൃഷ്ണമൂർത്തി വന്നതിനുശേഷം മൂന്നു നാലു ദിവസം കഴിഞ്ഞ് ശ്രീമതി സുനന്ദാ പട്വർദ്ധൻ എന്നോട് കൃഷ്ണജി (കൃഷ്ണമൂർത്തിയെ അവർ കൃഷ്ണജി എന്നാണ് വിളിച്ചിരുന്നത്) എന്നെ സ്വകാര്യമായി കാണാൻ ആഗ്രഹിക്കുന്നുവെന്നും മുകളിലത്തെ നിലയിലെ ബെഡ്റൂമിൽ അരമണിക്കൂർ അഥവാ അദ്ദേഹം ആഗ്രഹിക്കുന്നിടത്തോളം സമയം അനുവദിച്ചിട്ടുണ്ടെന്നും പറഞ്ഞു. അച്യുത്ജിയായിരിക്കും അതിനുള്ള ഏർപ്പാടു ചെയ്തതെന്ന് എനിക്കു മനസ്സിലായി.

മുകളിലത്തെ നിലയിലുള്ള അദ്ദേഹത്തിന്റെ കിടപ്പുമുറി അതി പവിത്രമായിട്ടാണു കരുതപ്പെടുന്നത്. അന്യരെ സ്റ്റെയർകേസിന്റെ പടികൾ കയറാൻ പോലും അനുവദിച്ചിരുന്നില്ല. അപ്പോൾ ആ മുറിയിലേക്കു ചെല്ലാൻ ഒരു അവസരം ലഭിച്ച ഞാൻ അതൊരു മഹാഭാഗ്യമായി കരുതി. ചെറിയ അങ്കലാപ്പോടെ ഞാൻ മുറിയിലേക്കു കടന്നപ്പോൾ അദ്ദേഹം നിലത്തു കമ്പിളിവിരിപ്പിൽ ചമ്രം പടിഞ്ഞ് ഇരിക്കുന്നതുകണ്ടു. എന്നെ കണ്ട മാത്രയിൽ പറഞ്ഞു: "വാതിൽ അടയ്ക്കൂ. എന്നിട്ട് എന്റെയടുത്ത് ഇരിക്കൂ." ഞാൻ വളരെ ശ്രദ്ധിച്ചു കമ്പിളിവിരിപ്പിന്റെ ഒരറ്റത്ത് ഇരുന്നു.

"അല്ല, അവിടല്ല; ഇങ്ങോട്ടുകയറി ഇരിക്ക്." അദ്ദേഹം നിർദ്ദേശിച്ചു. ഞാൻ കുറച്ചുകൂടി മുന്നോട്ട് അദ്ദേഹത്തെ അഭിമുഖീകരിച്ചുകൊണ്ട് ഇരുന്നു.

ഒരു മിനിട്ടുസമയം എന്റെ ഇടതുകൈ പിടിച്ചതിനുശേഷം പിടിവിട്ടു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ എനിക്ക് ആശങ്കയോ ഭയമോ തോന്നിയില്ല. മറിച്ച് നല്ലൊരു സുഹൃത്തിനൊപ്പം ഇരിക്കുകയാണെന്ന തോന്നലാണ് ഉണ്ടായത്. എൺപതു വയസ്സിലും അദ്ദേഹത്തിന്റെ മുഖം ആകർഷകമായിരുന്നു. ഡൽഹിയിലും ചെന്നൈയിലും അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ പോയിരുന്നപ്പോൾ അദ്ദേഹത്തെ കണ്ടിട്ടുണ്ട്. ബെർനാഡ്ഷാ ആദ്യമായി കൃഷ്ണമൂർത്തിയെ സന്ദർശിച്ചപ്പോൾ പറഞ്ഞതിന്റെ അർത്ഥം ഞാൻ അപ്പോൾ മനസ്സിലാക്കുകയായിരുന്നു. ബെർനാഡ്ഷാ പറയുകയുണ്ടായി. "യുവാവായ കൃഷ്ണമൂർത്തി ഞാൻ കണ്ടിട്ടുള്ളവരിൽ ഏറ്റവും സുന്ദരനാണ്."

എന്റെ നേർക്കു നോക്കി ഒരു കുസൃതിച്ചിരിയോടെ അദ്ദേഹം പറഞ്ഞു: "അടുത്ത് ഇരിക്കണമെന്നല്ലേ ഉപനിഷത്തുകളിൽ പറഞ്ഞിട്ടുള്ളത്. ഞാൻ ഉപനിഷത്തുകൾ അധികമൊന്നും വായിച്ചിട്ടില്ല."

"അങ്ങ് പറയുന്നത് എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. തിയോസൊഫിയിൽ പരിശീലനം നേടിയിരുന്ന കാലത്ത് അങ്ങ് തീർച്ചയായും ഉപനിഷത്തുക്കൾ അദ്ധ്യയനം ചെയ്തിട്ടുണ്ടാകുമല്ലോ."

"എനിക്ക് ഓർക്കാൻ കഴിയുന്നില്ല. ഒരുപക്ഷേ, അദ്ധ്യയനം ചെയ്തിരിക്കാം." ഇങ്ങനെ പറഞ്ഞുകൊണ്ട് അദ്ദേഹം സംഭാഷണത്തിന്റെ ഗതി മറ്റൊരു ദിശയിലേക്ക് മാറ്റിക്കൊണ്ടു പറഞ്ഞു:

"നിങ്ങൾ നിങ്ങളെപ്പറ്റിയുള്ള കാര്യങ്ങൾ പറയൂ. നിങ്ങൾ ഹിമാലയത്തിൽ ഒരു ഗുരുവിന്റെ കൂടെ സഞ്ചരിച്ചിരുന്നുവെന്ന് അച്യുത് പട്വർദ്ധൻ പറഞ്ഞു. ആരാണ് അദ്ദേഹം? അദ്ദേഹം എന്താണ് ചെയ്തത്? ഞാൻ ഒരു ഗുരുവിൽ വിശ്വസിക്കുന്നില്ല എന്ന കാര്യം നിങ്ങൾക്ക് അറിയാമായിരിക്കുമല്ലോ."

"ഞാൻ ബഹുമാനപുരസ്സരം അങ്ങയോട് ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. എനിക്ക് അങ്ങയുടെ അഭിപ്രായത്തോട് യോജിക്കാൻ കഴിയുകയില്ല. സ്വന്തം കഴിവിൽ വിശ്വാസം അർപ്പിക്കാൻ കഴിയുന്നതുവരെ ഒരു ഗുരു ആവശ്യമാണെന്നു ഞാൻ വിചാരിക്കുന്നു. ഞാൻ ബാബാജി എന്നു വിളിക്കുന്ന എന്റെ ഗുരുവും ശിഷ്യൻ സ്വന്തം കാലിൽ നില്ക്കാനുള്ള കഴിവു നേടണമെന്നു വ്യക്തമാക്കിത്തന്നിട്ടുണ്ട്. അദ്ദേഹത്തിനു സ്വന്തമായ ഒരു സംഘടനയോ പരസ്യമോ യാതൊന്നും തന്നെയില്ല. അദ്ദേഹത്തിന് സ്വന്തമായ ഒരു വാസസ്ഥലംപോലും ഇല്ല. എപ്പോഴും അലഞ്ഞു നടക്കുന്ന അദ്ദേഹം മിക്കവാറും ഗുഹകളിലാണ് വസിക്കുന്നത്.

"ഞാൻ അങ്ങയുടെ ജീവിതവീക്ഷണത്തെപ്പറ്റി കേട്ടിട്ടുണ്ട്. സത്യം സംഘടനയുടെ രൂപത്തിൽ ആകുമ്പോൾ സത്യത്തിന്റെ സത്യസന്ധത നഷ്ടപ്പെടുമെന്ന് അങ്ങുതന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും അങ്ങ് 'കൃഷ്ണമൂർത്തി ഫൗണ്ടേഷൻ' എന്ന സംഘടനയ്ക്ക് മാർഗ്ഗദർശനം നല്കുന്നു. ബാബാജിക്ക് സംഘടന ഒന്നുംതന്നെ ഇല്ല. അദ്ദേഹം ഒരു സ്വതന്ത്രമനുഷ്യനാണ്."

ഒരു കാര്യം ഞാൻ പറയട്ടെ. ഞാൻ പറഞ്ഞതെല്ലാം കൃഷ്ണമൂർത്തി ശ്രദ്ധാപൂർവ്വം ഗൗരവത്തോടെ കേട്ടുകൊണ്ടിരുന്നു. എന്നോട് സംസാരിക്കുന്നതു മതിയാക്കാൻ അദ്ദേഹത്തിന് വേണമെങ്കിൽ പറയാമായിരുന്നു. പക്ഷേ, അദ്ദേഹം അപ്രകാരം ചെയ്തില്ല. അദ്ദേഹം പറഞ്ഞു:

"നിങ്ങൾ പറയുന്നതാണ് ശരി. ഞാൻ സത്യം തുറന്നുപറയുകയാണ്. ഞാൻ നാടൃങ്ങളൊക്കെ കണ്ടു മടുത്തുകഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് അറിയാമല്ലോ. ഞാൻ എത്രയോവർഷം മുമ്പ് തിയോസൊഫിക്കൽ സൊസൈറ്റിയുടെ ദീക്ഷാസമ്പ്രദായത്തെയും പദവികളുടെ അധികാരശ്രേണിയെയും ചോദ്യം ചെയ്തുകൊണ്ട് പ്രസ്ഥാനത്തെ തൃജിച്ചവനാണ്. നിങ്ങൾ കുറച്ചുനാൾ ഇവിടെ താമസിക്കുകയാണെങ്കിൽ നിങ്ങൾക്ക് പലതും അറിയാൻ കഴിയും. ചവറുകളുടെ കൂമ്പാരം എടുക്കാൻ വയ്യാതെയാകുമ്പോൾ ഞാൻ ഇതിനെയും വലിച്ചെറിയും. ഞാൻ ഇപ്പോൾ പറഞ്ഞതൊന്നും പുറത്ത് ആരോടും പറയരുത്." ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം ചിരിച്ചുകൊണ്ട് എന്റെ തോളിൽ തട്ടി. എന്നിട്ട് അദ്ദേഹം തുടർന്നു:

"നിങ്ങൾ ബാബാജിയുടെ ശിഷ്യനാണെന്ന് അവകാശപ്പെടുകയാണല്ലോ. അദ്ദേഹത്തിൽ നിങ്ങൾ തൃപ്തനാണെങ്കിൽ എന്തിനാണ് നിങ്ങൾ ഇവിടെ വന്നത്?"

"ബാബാജി നിർദ്ദേശിച്ചതുകൊണ്ടാണ് ഞാൻ ഇവിടെ വന്നത്. അങ്ങയെ കാണണമെന്ന് ബാബാജി പറഞ്ഞിരുന്നു."

"ഈ ഭൂമിയിൽ വച്ചുതന്നെ കാണണമായിരുന്നോ?... അതിരിക്കട്ടെ, നിങ്ങൾക്ക് വേണമെങ്കിൽ കുറെ നാൾ ഇവിടെ കഴിയാം. ഞാൻ നിങ്ങളെപ്പറ്റി കേട്ടറിഞ്ഞതുവച്ച് എന്റെ അഭിപ്രായത്തിൽ നിങ്ങൾ ഒരിടത്തും സ്ഥിരമായി താമസിക്കാതെ അലഞ്ഞു നടക്കുന്ന ആളാണ്. നിങ്ങൾ എത്ര നാള് ഇവിടെ താമസിക്കും എന്നും എനിക്കറിഞ്ഞുകൂടാ. പക്ഷേ, അത് ഒരു പ്രശ്നമല്ല."

"എനിക്ക് എന്നെപ്പറ്റിപ്പോലും ഒന്നും അറിഞ്ഞുകൂടാ. എനിക്ക് ഒന്നും തറപ്പിച്ചു പറയാൻ കഴിയുകയില്ല."

"എന്നോട് തുറന്നുപറയൂ. നിങ്ങളുടെ ബാബാജി ബ്രഹ്മവിദ്യാവാദി ഗുരുക്കന്മാരെപ്പറ്റി എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ? വൈറ്റ് ലോഡ്ജിനെപ്പറ്റിയും നിങ്ങൾ അറിയുന്ന മറ്റു കാര്യങ്ങളെപ്പറ്റിയും അദ്ദേഹത്തിന്റെ അഭിപ്രായം എന്തായിരുന്നു?"

"ഹിമാലയത്തിൽ അനേകം ശ്രേഷ്ഠരായ ഗുരുക്കന്മാർ ഉണ്ട്. ബാബാജിയും ശ്രീഗുരുബാബാ എന്നു ഞങ്ങൾ വിളിക്കുന്ന ബാബാജിയുടെ ഗുരുവും അവരിൽ പെടുന്നു. ശ്രീ ഗുരുബാബായുടെ ചില ശിഷ്യന്മാരെ ഞാൻ നേരിൽ കണ്ടിട്ടുണ്ട്. ബ്ളാവട്സ്കി കാര്യങ്ങൾ അതിശയോക്തി കലർത്തി പറഞ്ഞു വെന്ന് ബാബാജി വിശ്വസിക്കുന്നു. അവരുടെ ശിഷ്യന്മാരാകട്ടെ, കാര്യങ്ങൾ കുറച്ചുകൂടി പെരുപ്പിച്ചുപറഞ്ഞു. ഒടുവിൽ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കപ്പെട്ടത് യഥാർത്ഥ ചിത്രങ്ങളായിരുന്നില്ല, മറിച്ച് വെറും ഹാസ്യചിത്രങ്ങൾ ആയിരുന്നു."

കൃഷ്ണമൂർത്തി കരതലങ്ങൾ ചേർത്തുവച്ച് തിരുമ്മി. അദ്ദേഹം ചിന്താധീനനായി കാണപ്പെട്ടു. അദ്ദേഹം പറഞ്ഞു:

"അദ്ദേഹം പറഞ്ഞതുതന്നെയാണ് എന്റെയും അഭിപ്രായം. ബാബാജി കഴിവുള്ള ആൾതന്നെയാണ്. നിങ്ങൾ ഇവിടെ എന്തുചെയ്യാനാണ് ആഗ്രഹിക്കുന്നത്?"

"ഞാൻ കഴിയുന്നിടത്തോളം എല്ലാ കാസറ്റുകളും ഇട്ടു കേൾക്കാനാഗ്രഹിക്കുന്നു... എനിക്കു തരുന്ന എന്തു ജോലിയും ചെയ്യാൻ ഞാൻ തയ്യാറാണ്. പ്രഭാഷണങ്ങൾ കേട്ട് അവ എഴുതിയെടുക്കാനും ആഗ്രഹമുണ്ട്."

"നിങ്ങൾ *കമെന്ററീസ് ഓൺ ലിവിങ്* വായിച്ചിട്ടുണ്ടോ?

"വായിച്ചിട്ടുണ്ട്. ഒരു പ്രാവശ്യം....."

"ഫസ്റ്റ് ആൻഡ് ലാസ്റ്റ് ഫ്രീഡം എന്ന പുസ്തകവും വായിക്കൂ."

"തീർച്ചയായും വായിക്കാം..... ഞാൻ അങ്ങയോട് ഒരു ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നു."

"ചോദിക്കാമല്ലോ. നിങ്ങളുടെ പേര് മും..... പേര് മറന്നുപോയി."

"മുംതാസ്." ഞാൻ പറഞ്ഞു.

"എം... അതായിരിക്കും വിളിക്കാൻ എളുപ്പം."

"അങ്ങയുടെ പ്രഭാഷണങ്ങളിൽ ലൈംഗികബന്ധം, പ്രേമം, അസൂയ, ക്രോധം തുടങ്ങിയവയെപ്പറ്റി പരാമർശിക്കുന്നതു കേൾക്കുമ്പോൾ അവയെപ്പറ്റി അങ്ങേക്ക് നല്ല അറിവ് ഉണ്ടെന്നു തോന്നിപ്പോകുന്നു. മിക്കവരും അങ്ങ് ബ്രഹ്മചാരി ആണെന്നു കരുതുന്നു. എങ്കിൽ എങ്ങനെ ഇവയെല്ലാം അറിയുന്നു."

അദ്ദേഹം എന്റെ മുഖത്തേക്ക് ഗൗരവത്തോടെ സൂക്ഷിച്ചു നോക്കിക്കൊണ്ട് പറഞ്ഞു: "നേരിട്ടുള്ള അനുഭവമാണ് യഥാർത്ഥമായ അറിവ്. ലോകത്തിന് എന്റെ വ്യക്തിപരമായ അനുഭവങ്ങളെപ്പറ്റി എന്തറിയാം? ആളുകൾ എന്നെപ്പറ്റി എന്തു ചിന്തിക്കുന്നു എന്നതിനെ ഞാൻ ഗൗരവമായി എടുക്കാറില്ല: ഞാൻ പറയുന്നതു ശ്രദ്ധിക്കൂ. വ്യക്തിപരമായി എനിക്കറിയാൻ പാടില്ലാത്ത കാര്യത്തെപ്പറ്റി ഞാൻ ഒരിക്കലും സംസാരിക്കാറില്ല. ഞാൻ പറഞ്ഞു കഴിഞ്ഞുവല്ലോ. ഇനി നിങ്ങൾക്ക് നിങ്ങളുടേതായ നിഗമനത്തിൽ എത്താം"

"ഈ സന്ദർഭത്തിൽ എനിക്ക് ഒരു ചോദ്യംകൂടി ചോദിക്കാനുണ്ട്. ഒരാളുടെ ആദ്ധ്യാത്മികവികാസത്തിന് വിവാഹം അനിവാര്യമാണോ?"

"സത്യസന്ധമായി പറയുകയാണെങ്കിൽ, നിങ്ങൾ ഉപയോഗിച്ച 'ആദ്ധ്യാത്മികവികാസം' എന്ന് വാക്കുകൊണ്ട് എന്താണ് അർത്ഥമാക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. ജീവിതകാലം മുഴുവൻ ഒരാളുടെ ജീവിതത്തെ ലൈംഗികത വിടാതെ പിന്തുടരുന്നതിനെക്കാൾ നല്ലത് വിവാഹം കഴിക്കുന്നതോ ലൈംഗികബന്ധത്തിൽ പെടുന്നതോ ആയിരിക്കും. വിവാഹചിന്തയുടെ ചിതയിൽ നീറുന്നതിനെക്കാൾ നല്ലത് വിവാഹം കഴിക്കുന്നതായിരിക്കും."

കൃഷ്ണമൂർത്തിയെപ്പോലെയുള്ള ഒരു പ്രമുഖ വ്യക്തിയുടെ വിലയേറിയ സമയം കൂടുതൽ അപഹരിക്കുന്നതു ശരിയല്ലെന്നു വിചാരിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തോടു പറഞ്ഞു:

"ഞാൻ അങ്ങയുടെ സമയം കൂടുതൽ എടുക്കാൻ ആഗ്രഹിക്കുന്നില്ല. വളരെ നന്ദി."

ഞാൻ കൈകൂപ്പിക്കൊണ്ട് പോകാൻ എണീറ്റു. അദ്ദേഹവും എന്റെ നേർക്ക് കൈകൂപ്പിക്കൊണ്ടു പറഞ്ഞു:

"നിങ്ങൾ പോകുന്നതിനുമുമ്പ് ഒരു കാര്യം ശ്രദ്ധയിൽ പെടുത്താൻ ആഗ്രഹിക്കുന്നു. അന്തേവാസികളിൽ ചിലർ ഞാനുമായി മുപ്പതുവർഷത്തെ പരിചയം അവകാശപ്പെടും. എന്റെ ഉപദേശങ്ങൾ അവർ വ്യാഖ്യാനിച്ചുതരും.

അതിനെ സൗമ്യതയോടെ അവഗണിക്കണം. അവർ യാതൊന്നും മനസ്സിലാക്കിയിട്ടില്ല എന്നതാണ് സത്യം."

ഞാൻ അദ്ദേഹം പറയുന്നതു കേട്ട് അത്ഭുതപ്പെട്ടു. മുമ്പ് സ്വാമി രംഗനാഥാനന്ദൻ എനിക്ക് ഇതുപോലെയുള്ള ഒരു മുന്നറിയിപ്പ് നല്കിയിരുന്നു. വർഷങ്ങൾക്കുമുമ്പു ഞാൻ രാമകൃഷ്ണാ മിഷനിലെ യുവാവായ ബ്രഹ്മചാരി ആയിരുന്നു. സ്വാമി രംഗനാഥാനന്ദൻ എന്നോടു പറഞ്ഞു: "ആശ്രമം ഒരു ചെറിയ ലോകമാണ്. ഇവിടെ പലതരത്തിലുള്ള ആൾക്കാരെ കാണാൻ കഴിയും. എല്ലാവരെയും വലിയ സാധകർ എന്നൊന്നും കരുതേണ്ടാ. അവർ ദിവ്യാത്മാക്കളും അല്ല. നിങ്ങൾ നിങ്ങളുടെ കടമകൾ നിർവ്വഹിക്കുക; സാധനകൾ ചെയ്യുക. ജാഗ്രതയോടെ ജീവിക്കുക."

ആ കൂടിക്കാഴ്ചയ്ക്ക് അവസരം ഒരുക്കിയതിന് ഞാൻ അച്യുത്ജിയോട് നന്ദി പറഞ്ഞു. കൂടിക്കാഴ്ചയെപ്പറ്റി അറിയാൻ കൗതുകം കാണിച്ചവരുടെ മുന്നിൽ ഞാൻ നിശ്ശബ്ദത പാലിച്ചു. കൃഷ്ണമൂർത്തിയുമായി സ്വകാര്യ സംഭാഷണം നടത്താനുള്ള ആഗ്രഹം മനസ്സിൽ പ്രബലമായി കിടന്നിരുന്നു. വസന്തവിഹാറിലെ ചില ശക്തികൾ അതിനു തടസ്സം സൃഷ്ടിച്ചിരുന്നു. അവർ എന്റെ ഓരോ ചലനവും ശ്രദ്ധിച്ചിരുന്നു. അല്ലാത്തപക്ഷം ആരും അറിയാതെ എനിക്കു വേണമെങ്കിൽ മുകളിലത്തെ നിലയിൽ പോയി അദ്ദേഹത്തെ സന്ദർശിക്കാൻ കഴിയുമായിരുന്നു. ഞാൻ എന്റെ സമയം മുഴുവൻ അദ്ദേഹത്തിന്റെ രചനകൾ വായിക്കാനും, ടേപ്പുകൾ കേൾക്കുന്നതിനും ഉപയോഗിച്ചു. ചിലപ്പോൾ അച്യുത്ജിയോടൊപ്പം നടക്കാനിറങ്ങും. നടക്കാൻ പോകുമ്പോൾ അദ്ദേഹം എന്നെ കൂട്ടിനു വിളിച്ചിരുന്നു. നടക്കുന്ന സമയത്ത് ഞങ്ങൾ പല വിഷയങ്ങളും ചർച്ച ചെയ്തിരുന്നു. ഹൈന്ദവദർശനം, മഹാത്മാഗാന്ധി, സോഷ്യലിസം, സ്വാതന്ത്ര്യസമരപ്രസ്ഥാനം, തിയോസൊഫി എന്നീ വിഷയങ്ങൾ കൂടാതെ കൃഷ്ണമൂർത്തിയും ചർച്ചാവിഷയങ്ങൾ ആയിരുന്നു. അധികം വൈകാതെതന്നെ പട്വർദ്ധൻ കുടുംബത്തിന്റെ വിശ്വാസപാത്രമാകാൻ എനിക്കു കഴിഞ്ഞു. അതിനാൽ ഭരണപരമായ ചില ചുമതലകൾ എനിക്കു ലഭിച്ചു.

പ്രഭാഷണങ്ങൾ തുടങ്ങാനുള്ള സമയം അടുത്തുവരുന്തോറും ഇന്ത്യയിലെയും വിദേശത്തിലെയും കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ അംഗങ്ങളുടെ വരവു തുടങ്ങി. കൃഷ്ണമൂർത്തിയുടെ സുഹൃത്തും പഴയ സഹപ്രവർത്തകയും ഫൗണ്ടേഷന്റെ മറ്റൊരു ഉപാദ്ധ്യക്ഷയുമായ പുപുൽ ജയകർ എത്തിച്ചേർന്നു. അധികാരപ്രമത്തയായ അവർ രാഷ്ട്രീയരംഗത്ത് ശക്തമായ സ്വാധീനമുള്ളവരും പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അടുത്ത സുഹൃത്തും ആയിരുന്നു. ഫെസ്റ്റിവൽ ഓഫ് ഇന്ത്യയുടെ ചെയർപേഴ്സൺ കൂടി ആയിരുന്ന അവർക്ക് കാബിനറ്റ് മന്ത്രിയുടെ പദവി ലഭിച്ചിരുന്നു. എന്നിരുന്നാലും എന്നോടുള്ള അവരുടെ സമീപനം സൗമ്യവും സ്നേഹപൂർണ്ണവും ആയിരുന്നു. ഒരു കാര്യം എന്റെ ശ്രദ്ധയിൽ പെടാതിരുന്നില്ല. അവർ എന്റെ സംഘടനാവൈഭവത്തെ വിലയിരുത്തുകയായിരുന്നു.

ധാരാളം പ്രമുഖ വ്യക്തികൾ എത്തിക്കൊണ്ടിരുന്നു. ഫൗണ്ടേഷന്റെ കീഴിലുള്ള അനേകം സ്കൂളുകളിലെ അദ്ധ്യാപകരും പ്രിൻസിപ്പൽമാരും വരാൻ തുടങ്ങി. അവരിൽ പലരും ഫൗണ്ടേഷന്റെ ഗവേണിങ് ബോഡി മെമ്പറന്മാർ ആയിരുന്നു. ഋഷിവാലീ സ്കൂളിലെ കഴിവുറ്റ ഹെഡ്മിസ്ട്രസ് ആയ മിസ്സിസ് റെബേക്കാ തോമസുമായും അവരുടെ ഭർത്താവ് മിസ്റ്റർ തോമസുമായും ഞാൻ സൗഹൃദത്തിലായി. മിസ്റ്റർ തോമസ് ഫൗണ്ടേഷന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ട്രഷറർ ആയിരുന്നു. മനുഷ്യന്റെ നന്മയിലോ ആത്മാർത്ഥതയിലോ വിശ്വാസമില്ലാത്ത അദ്ദേഹം പ്രായോഗികബുദ്ധിയുള്ള ആളായിരുന്നു. അദ്ദേഹം കൃഷ്ണമൂർത്തിയുടെ ആശയങ്ങളോട് അകന്നു കഴിഞ്ഞിരുന്നു. അവരുമായുള്ള എന്റെ അടുപ്പത്തിനുള്ള പ്രധാന കാരണം അവർ രണ്ടുപേരും തിരുവനന്തപുരത്തുകാരാണെന്നുള്ളതും മലയാളം സംസാരിക്കാൻ കഴിയുന്നവരാണെന്നുള്ളതുമായിരുന്നു. മിസ്റ്റർ തോമസിന് എന്റെ വീട്ടുകാരെയും അറിയാമായിരുന്നു.

പരാമർശം അർഹിക്കുന്ന ചിലരിൽ പുപുൽ ജയകറിന്റെ പുത്രിയായ രാധികാ ഹെർസ്ബർഗർ പെടുന്നു. തികഞ്ഞ ആത്മാർത്ഥതയും സന്മനോഭാവവും ഉള്ള സരളചിത്തയായ രാധികയ്ക്ക് ബുദ്ധനെപ്പറ്റിയുള്ള പഠനങ്ങൾക്ക് ഡോക്ടർ ബിരുദം ലഭിച്ചിട്ടുണ്ട്. കാനഡായിലെ ഒൺറ്റാരിയോ സർവ്വകലാശാലയിൽ സിംബോളിക് ലോജിക്ക് പഠിപ്പിച്ചിരുന്ന പ്രൊഫസ്സർ ഡോക്ടർ ഹാൻസ് ഹെർസ്ബർഗർ ആണ് രാധികയുടെ ഭർത്താവ്.

ബുദ്ധിജീവികളും സോഷ്യലിസ്റ്റുകളും വിദ്യാഭ്യാസവിചക്ഷണരും ബുദ്ധമതപണ്ഡിതന്മാരും തിയോസൊഫിസ്റ്റുകളും സമൂഹത്തിലെ ഉന്നതതലത്തിൽ ഉള്ളവരും വസന്തവിഹാറിൽ വന്നുപൊയ്ക്കൊണ്ടിരുന്നു. ഗവേണിങ് ബോഡി മെമ്പറന്മാർക്ക് മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായ പദവിയാണ് ലഭിച്ചിരുന്നത്. അതിനാൽ അവരോട് വ്യത്യസ്തമായ സമീപനമാണു പുലർത്തേണ്ടതെന്ന് എനിക്കും നിർദ്ദേശം ലഭിച്ചിരുന്നു. അവരിൽ പലരുടെയും സ്വഭാവം നല്ലതായിരുന്നുവെങ്കിലും, ചിലരാകട്ടെ തങ്ങൾ എല്ലാവരെക്കാളും ഉയർന്നവരാണെന്നു കരുതിയിരുന്നു.

പ്രഭാഷണങ്ങൾ കേൾക്കാൻ ആൾക്കാരുടെ തിരക്ക് ഉണ്ടായിരുന്നു. ബുദ്ധനെപ്പോലെ പ്രശാന്തതയോടെയുള്ള ചമ്രം പടഞ്ഞുള്ള ഇരിപ്പു കണ്ടപ്പോൾ ഡൈനിങ് ഹാളിലിരുന്നു തമാശപറയുന്ന കൃഷ്ണമൂർത്തിതന്നെയാണോ അത് എന്നു ശങ്കിച്ചുപോയി. വസന്തവിഹാറിലെ പ്രഭാഷണങ്ങൾ കഴിഞ്ഞാൽ അദ്ദേഹം ഋഷിവാലീ സ്കൂളിൽ പോകും. എന്നിട്ട് ചെന്നൈയിലേക്കു മടങ്ങിയതിനുശേഷം അമേരിക്കയിലേക്കു തിരികെപ്പോകും. വസന്തവിഹാറിൽ തിരക്ക് അപ്രത്യക്ഷമായി. അച്യുത്ജിയും, അദ്ദേഹത്തിന്റെ സഹോദരൻ പദ്മാകറും ഭാര്യ സുനന്ദയും കൃഷ്ണമൂർത്തിയോടൊപ്പം ഋഷിവാലിയിലേക്ക് പോയി. അതിനുശേഷം വസന്ത് വിഹാറിൽ ശേഷിച്ചതു ഞാനും, അടുക്കളയിൽ പണിയെടുക്കുന്നവരും, ഇന്ത്യൻ എക്സ്പ്രസ് പത്രത്തിന്റെ സബ് എഡിറ്ററായ കെ. കൃഷ്ണമൂർത്തിയും മാത്രമായിരുന്നു. ഈ പത്രപ്രവർത്തകൻ കൃഷ്ണമൂർത്തിയുടെ യഥാർത്ഥ ആരാധകനായിരുന്നു. അദ്ദേഹ

ത്തിന്റെ പ്രഭാഷണത്തിലെ ഒരു വാക്കുപോലും ചോർന്നുപോകാതെ എഴുതിയെടുക്കാൻ ഈ സബ് എഡിറ്റർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

കൃഷ്ണമൂർത്തി ഋഷിവാലിയിൽനിന്നും പത്തു ദിവസം കഴിഞ്ഞു മടങ്ങിയെത്തി. എന്നിട്ട് അദ്ദേഹം കാലിഫോർണിയായിലേക്കു യാത്രയായി. പട്വർദ്ധൻ കുടുംബം ചെന്നൈയിൽ മടങ്ങിയെത്തി. ആ കുടുംബവുമായി നല്ല സൗഹൃദത്തിലായ എന്നെ ഭരണച്ചുമതലകൾ ഏല്പിച്ചു. ചില ദിവസങ്ങളിൽ ഞാൻ എന്റെ മാതാപിതാക്കളെ കാണാൻ പോയിരുന്നു. അവർ താമസിച്ചിരുന്നത് ലെയ്ത് കാസിൽ സ്ട്രീറ്റിൽ ആയിരുന്നു. വസന്തവിഹാറിന്റെ അടുത്തുതന്നെയായിരുന്നു അത്. ആയിടെ എന്റെ സഹോദരിക്ക് ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് (ഐ.ഏ.എസ്) സെലക്ഷൻ കിട്ടി. അവർ ഒരു മദ്യനിർമ്മാതാവിനെ വിവാഹം കഴിക്കുകയും ബാംഗ്ലൂരിലേക്കു താമസം മാറ്റുകയും ചെയ്തു. കോളജ് വിദ്യാർത്ഥിനിയായിരുന്ന ഇളയ സഹോദരി അച്ഛനമ്മമാരോടൊപ്പമാണു കഴിഞ്ഞിരുന്നത്.

ഒരു വർഷം കടന്നുപോയി. കൃഷ്ണമൂർത്തി വീണ്ടും വന്നു. ഇത്തവണ അദ്ദേഹത്തെ സ്വീകരിക്കുന്നതിനുവേണ്ടി പട്വർദ്ധൻ കുടുംബത്തോടൊപ്പം ഞാനും എയർപോർട്ടിൽ പോയിരുന്നു. അദ്ദേഹത്തോടൊപ്പം അദ്ദേഹത്തിന്റെ പേഴ്സണൽ ഫിസിഷ്യൻ ആയ ഡോക്ടർ പർച്യൂറും ഉണ്ടായിരുന്നു. കൂടാതെ കൃഷ്ണമൂർത്തിയുടെ അടുത്ത സുഹൃത്തായ മിസ്സിസ്സ് മേരീ സിംബാളിസ്റ്റും ഒപ്പം ഉണ്ടായിരുന്നു. 'ടെൻ കമാൻഡ്മെന്റ്സ്' എന്ന വിഖ്യാത ഹോളിവുഡ് ഫിലിമിന്റെ നിർമ്മാതാവായ സാം സിംബാളിസ്റ്റിന്റെ പുത്രിയാണ് മേരീ സിംബാളിസ്റ്റ്. ഇന്ത്യയിലെയും വിദേശത്തെയും ഫൗണ്ടേഷന്റെ പ്രവർത്തകരുമായി അടുത്തിടപഴകാൻ എനിക്കു വേണ്ടുവോളം അവസരം കിട്ടി. എയർപോർട്ടിൽ വച്ച് കണ്ടയുടനെ അദ്ദേഹം എന്നെ തിരിച്ചറിഞ്ഞു. അതിനു ശേഷം സമയം കിട്ടുമ്പോഴെല്ലാം എന്നോട് അല്പസമയം സംസാരിക്കുമായിരുന്നു. ഫൗണ്ടേഷന്റെ പരിസരത്ത് അദ്ദേഹം നടക്കാൻ പോകുമ്പോൾ ഞാനും അദ്ദേഹത്തിന്റെ കൂടെ പോകാറുണ്ടായിരുന്നു. കെട്ടിടങ്ങളിൽ വരുത്തിയ പരിഷ്കാരങ്ങളെപ്പറ്റി അദ്ദേഹത്തോടു സംസാരിച്ചു. ഒരു ദിവസം ഉച്ചഭക്ഷണത്തിനു ക്ഷണിക്കാൻവേണ്ടി അദ്ദേഹത്തിന്റെയടുത്തു പോയിരുന്നു. യാദൃച്ഛികമായി മാജിക്കിൽ എനിക്കുള്ള താൽപര്യത്തെപ്പറ്റിയും കഴിവിനെപ്പറ്റിയും പരാമർശിക്കാൻ ഇടയായി.

ഒരുവേള നിഷേധാത്മകമായ ഉത്തരം പ്രതീക്ഷിച്ചുകൊണ്ട് അദ്ദേഹം എന്നോടു ചോദിച്ചു:

"നിങ്ങൾക്ക് അന്തരീക്ഷത്തിൽ പൊങ്ങിക്കിടക്കാൻ കഴിയുമോ?"

"കഴിയും." ഞാൻ പറഞ്ഞു.

"ഗൗരവത്തോടെ പറയുകയാണോ?" അദ്ദേഹം വീണ്ടും ചോദിച്ചു.

"അങ്ങ് അനുവദിക്കുകയാണെങ്കിൽ ഡൈനിങ് ഹാളിൽവച്ച് ഉച്ചഭക്ഷണ സമയത്ത് മാജിക് കാണിക്കാം."

"ആകട്ടെ." അദ്ദേഹം പറഞ്ഞു.

പിറ്റേന്ന് ഞാൻ ഡൈനിങ് ടേബിളിനുസമീപത്ത് ഒരു സ്പെഷ്യൽ ബെഞ്ച് ഒരുക്കി വച്ചു. കൃഷ്ണമൂർത്തിയുടെയും ഏതാനും അതിഥികളു

ടെയും സാന്നിദ്ധ്യത്തിൽ മായാജാല പ്രകടനം നടത്തി. ആരൊക്കെ സന്നിഹിതരായിരുന്നുവെന്നു കൃത്യമായി ഓർക്കുന്നില്ല. ഞാൻ ഒരു വിരിപ്പുകൊണ്ട് മുഖം മറച്ചിരുന്നു. ഞാൻ ബെഞ്ചിൽ കിടന്നു. ഞാൻ അന്തരീക്ഷത്തിലേക്കു പൊങ്ങുകയും ചെയ്തു. കൃഷ്ണമൂർത്തി അതിശയം പ്രകടിപ്പിച്ചുകൊണ്ട് ഉറക്കെ വിളിച്ചു പറഞ്ഞു: "ജീസസ് ഉയർത്തെണീറ്റു." മായാജാല പ്രകടനത്തിനുശേഷം ഞാൻ അദ്ദേഹത്തോട് അല്പം മുമ്പു കണ്ടതു കൺകെട്ടു വിദ്യയാണെന്നും ഈ ട്രിക്ക് ആർക്കും ലളിതമായി ചെയ്യാൻ കഴിയുന്നതാണെന്നും പറഞ്ഞപ്പോൾ അദ്ദേഹത്തിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം തമാശയായി പറഞ്ഞു: "അപ്പോൾ എന്നെ വിഡ്ഢിയാക്കി. അല്ലേ?"

വസന്ത് വിഹാറിൽ പ്രഭാഷണങ്ങൾ പുനരാരംഭിച്ചു. പ്രഭാതങ്ങളിൽ ചോദ്യോത്തരവേളകൾ ആയിരുന്നു. അന്നൊക്കെ എനിക്കു വലിയ തിരക്കായിരുന്നു. വിദേശ അതിഥികളുടെ കാര്യങ്ങൾ നോക്കിയിരുന്നതു ഞാനായിരുന്നു. പ്രഭാഷണങ്ങൾ കഴിഞ്ഞപ്പോൾ കൃഷ്ണമൂർത്തി ഇംഗ്ലണ്ടിലേക്കു പോയി. അതിഥികളും യാത്രയായി. ഒരിക്കൽകൂടി വസന്ത് വിഹാറിലെ അന്തരീക്ഷം തികച്ചും ശാന്തമായി. എന്റെ ചുറ്റി സഞ്ചാരത്തിന് വിരാമമിടാൻ കൃഷ്ണമൂർത്തിയുടെ സംസാരം ഇടയായി. എയർപോർട്ടിൽ സുരക്ഷാ പരിശോധനകൾ നടന്നുകൊണ്ടിരുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു: "ഞാൻ മടങ്ങിവരുമ്പോൾ തീർച്ചയായും നാം തമ്മിൽ കാണണം."

വസന്ത് വിഹാറിലെ അനേകം വർഷത്തെ താമസം സംഭവബഹുലമായിരുന്നു. ജീവിതത്തിന്റെ വിവിധ മേഖലകളിലെ പല തരത്തിലുള്ള ആൾക്കാരുമായി ഇടപെടാനുള്ള അവസരമുണ്ടായി. സമൂഹത്തിലെ വിശിഷ്ട വ്യക്തികളായിരുന്നു മിക്കവരും. കൃഷ്ണമൂർത്തിയിൽ ദിവ്യതം ദർശിച്ചിരുന്ന ഭക്തന്മാർ അവരിൽ ഉണ്ടായിരുന്നു; നിരീശ്വരവാദികൾ ഉണ്ടായിരുന്നു; ബുദ്ധിജീവികൾ ഉണ്ടായിരുന്നു; കലാകാരന്മാരുടെ വലിയ സംഘം ഉണ്ടായിരുന്നു. അങ്ങനെ വന്നിട്ടുള്ളവരിൽ അധികംപേരും പൂപുൽ ജയകർ എന്ന വന്പിച്ച രാഷ്ട്രീയ സ്വാധീനമുള്ള മഹതിയിൽനിന്നും എന്തെങ്കിലും ഔദാര്യം നേടാൻ വന്നവരായിരുന്നു. അക്കൂട്ടത്തിൽ ഉണ്ടായിരുന്ന വളരെ ചുരുക്കം യഥാർത്ഥ ആദ്ധ്യാത്മികാന്വേഷകരാകട്ടെ കുരുക്കുവഴികളിൽപെട്ട് ശരിയായ വഴി അറിയാതെ കുഴങ്ങുകയായിരുന്നു.

അത്തരം നിരുപദ്രവികളായ, സമാധാനപ്രിയരായ ചെറിയ വിഭാഗം ആൾക്കാരെ വിശേഷിപ്പിക്കാൻ 'അൾട്രാ കൃഷ്ണമൂർത്തീസ്' എന്ന വാക്കല്ലാതെ മറ്റ് ഏതു വാക്കാണ് പറ്റിയത്? ഇന്ത്യയുടെ പുരാതനമായ സംസ്കാരത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാത്ത ഇക്കൂട്ടർ തങ്ങളുടെ അജ്ഞതയെ മറച്ചുപിടിക്കാൻവേണ്ടി പ്രാചീന ഗ്രന്ഥങ്ങളിലെ അറിവ് ആവശ്യമില്ലാത്തതാണ് എന്ന കൃഷ്ണമൂർത്തിയുടെ വാക്കുകൾ ഉദ്ധരിക്കുന്നു. ബാബാജിയുടെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് അഗാധമായ ജ്ഞാനം ഉൾക്കൊള്ളുന്ന ഹിന്ദുമത ഗ്രന്ഥങ്ങൾ വായിച്ചിരുന്ന എനിക്കു പാരമ്പര്യത്തെയും അച്ചടക്കത്തെയും പാടേ അവഗണിക്കുന്ന ഇവരുടെ മനോഭാവം വേദനാജനകമായി അനുഭവപ്പെട്ടു.

എന്തായാലും കൃഷ്ണമൂർത്തിയുടെ സംഘടനയുമായുള്ള എന്റെ പത്തു വർഷത്തെ അടുപ്പം അനുഭവത്തിലൂടെ പലതും അറിയാനുള്ള അവസരം ഒരുക്കിത്തന്നു. പ്രഭാഷണങ്ങൾ കേട്ടുകൊണ്ടിരുന്ന സമയത്ത് അവ എന്നിലേക്ക് ആവേശം പകർന്നിരുന്നു. എന്റെ ദൈനംദിന ജീവിതത്തെ ചിട്ടപ്പെടുത്തുന്നതിൽ ചെറിയ തോതിലെങ്കിലും അവ സ്വാധീനിച്ചിട്ടുണ്ട്.

1985 ഏപ്രിൽ മാസത്തിൽ എനിക്ക് ബാബാജിയിൽനിന്നും സൂചന ലഭിച്ചു. ആർക്കും അനുകരിക്കാൻ കഴിയാത്ത അദ്ദേഹത്തിന്റേതായ നിഗൂഢമായ ശൈലിയിലാണ് സന്ദേശം ലഭിച്ചത്. ഒരു ദിവസം ഞാൻ വസന്തവിഹാറിന്റെ ഗേറ്റിൽ നില്ക്കുകയായിരുന്നു. അന്നേരം ഞാൻ ചിന്താക്കുഴപ്പത്തിലായിരുന്നു. ഞാൻ പുറത്തേക്ക് ഇറങ്ങി നടക്കണമോ അതോ ജോൺ ബാൽഡോക്ക് രചിച്ച 'എസ്സൻസ് ഓഫ് റൂമി' വായിക്കണമോ? ആ സമയത്ത് കാവി വസ്ത്രധാരിയായ ഒരു സന്ന്യാസി റോഡിലൂടെ നടന്നുവരുന്നതു കാണാനിടയായി. അടുത്തെത്തിയപ്പോൾ അദ്ദേഹം നഗ്നപാദനാണെന്നു കണ്ടു. ഭംഗിയായി ക്ഷൗരം ചെയ്ത മുഖവും ഉച്ചിയിൽ കുടുമയും നല്ല തേജസ്സുള്ള മുഖവുമായിരുന്നു അദ്ദേഹത്തിന്റേത്. നെറ്റിയിൽ ചന്ദനംകൊണ്ടുള്ള വൈഷ്ണവ തിലകം ചാർത്തിയിരുന്നു. എന്റെ തൊട്ടുമുന്നിൽ വന്നുനിന്നിട്ട് അദ്ദേഹം, "രാധേ രാധേ" എന്ന് അഭിവാദനം പറഞ്ഞു. ഞാനും മറുപടി നല്കി: "രാധേ രാധേ." എന്നിട്ട് തൽക്ഷണം ഞാൻ അദ്ദേഹത്തിന്റെ പാദം സ്പർശിച്ചു. ഭാഗ്യത്തിന് ആ സമയത്ത് ചുറ്റും കൃഷ്ണമൂർത്തിയുടെ അനുയായികളായ സമൂഹത്തിലെ ഉന്നതവർഗ്ഗത്തിൽപെട്ട ആരുംതന്നെ ഇല്ലായിരുന്നു. ആരെങ്കിലും ഉണ്ടായിരുന്നുവെങ്കിൽ ഞാൻ എന്തു വിഡ്ഢിത്തമാണു കാണിക്കുന്നതെന്ന് അവർ വിചാരിക്കുമായിരുന്നു.

വിശേഷിച്ച് മുഖവുരയൊന്നും കൂടാതെ സന്ന്യാസി പറഞ്ഞു: "നാലുദിവസത്തിനുള്ളിൽ നിങ്ങൾ ബാബാജിയെ കാണണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. നിങ്ങൾക്ക് അദ്ദേഹത്തെ മൗനിബാബായുടെ ഗുഹയിൽവച്ചു കാണാം. കഴിവതും വേഗം പുറപ്പെടുക. രാധേ രാധേ."

അദ്ദേഹം നടന്നകന്നു. റോഡിന്റെ അറ്റത്ത് അപ്രത്യക്ഷനായി. ഞാൻ പെട്ടെന്നു പുറപ്പെടാനുള്ള ഒരുക്കം തുടങ്ങി. ആദ്യം ഞാൻ സെക്രട്ടറിയോട് എനിക്ക് അടിയന്തിരമായി ഹിമാലയത്തിലേക്കു പോകേണ്ടിയിരിക്കുന്നു എന്നുപറഞ്ഞു. രണ്ടാഴ്ചത്തെ അവധിക്ക് അപേക്ഷിക്കുകയും ചെയ്തു. ലീവ് അനുവദിച്ചു കിട്ടി. ഞാൻ റയിൽവേ സ്റ്റേഷനിലേക്കു തിരിച്ചു. അടുത്ത ദിവസം ഡൽഹിയിലേക്കു പോകാനുള്ള ടിക്കറ്റെടുത്തു.

നാല്പത്തിയഞ്ച്

ബാബാജി ദേഹം വെടിയുന്നു

ഋഷികേശിൽ എത്തിയ ഞാൻ നേരേ മൗനിബാബായുടെ ഗുഹയിലേക്കു തിരിച്ചു. ബാബാജി ഗുഹയിൽ തനിച്ചായിരുന്നു. 'അലേക് നിരഞ്ജൻ' എന്നു പറഞ്ഞുകൊണ്ട് ബാബാജി എന്നെ സ്വാഗതം ചെയ്തു. ഞാൻ അദ്ദേഹത്തെ സാഷ്ടാംഗം പ്രണമിച്ചു. അദ്ദേഹം പറഞ്ഞു: "മൗനി ബാബാ ഉത്തരകാശിയിൽ പോയിരിക്കുകയാണ്. നിന്നെ കണ്ടിട്ട് നാളുകൾ ഏറെയായി. നിന്റെ മുഖത്ത് സന്തോഷം കളിയാടുന്നുണ്ട്."

"അതെ ബാബാജി. നാം തമ്മിൽ കണ്ടിട്ട് ഏറെ നാളുകളായി. ഒരുപക്ഷേ, അതും അങ്ങയുടെ ഇച്ഛ അനുസരിച്ചായിരിക്കും. ഞാൻ അങ്ങയെ ആശ്രയിക്കുന്നില്ല എന്നു തെളിയിക്കാൻ ഒരവസരം അങ്ങ് തന്നതായിരിക്കും. എന്തായാലും എനിക്കിപ്പോൾ വളരെ സന്തോഷം തോന്നുന്നു. എപ്പോഴും കാണപ്പെടുന്നതുപോലെ ഇപ്പോഴും അങ്ങ് ഊർജ്ജസ്വലനാണ്."

"പ്രശംസിച്ചതു മതി. ഇനി ഞാൻ പറയുന്നതു കേൾക്കൂ. ഒരു സുപ്രധാന കാര്യം നിർവ്വഹിക്കപ്പെടേണ്ടതുണ്ട്. നീതന്നെ അതു ചെയ്യണം. എനിക്ക് ഇവിടെ നിന്നും പോകേണ്ടിയിരിക്കുന്നു."

"എവിടേക്കാണ് ബാബാജി? ഞാനും കൂടെ വരാമോ?"

"എന്റെ കുട്ടീ! നിനക്ക് വരാൻ കഴിയുകയില്ല. നിനക്ക് ഈ ലോകത്തിൽ പലതും ചെയ്തുതീർക്കാനുണ്ട്. ഞാൻ എന്റെ ശരീരം വെടിയാൻ ആഗ്രഹിക്കുന്നു."

ഇടിമിന്നലേറ്റതുപോലെ ഞാൻ പുളഞ്ഞു. "എങ്കിൽ ബാബാജി,...." വാക്കുകൾ തടസ്സപ്പെട്ടു. മിഴികണ്ണുകളോടെ ഞാൻ അദ്ദേഹത്തെ തുറിച്ചുനോക്കി.

"ആത്മനിയന്ത്രണം പാലിക്കൂ. നിന്നെ ഒരു യോഗിയായിട്ടാണു ഞാൻ കരുതിയിരുന്നത്. ഒരു കാര്യം ചെയ്യൂ. ഏതാനും തവണ സാവധാനത്തിൽ ശ്വാസമെടുക്കൂ. ശ്വാസം പുറത്തേക്കു വിടൂ. ഇപ്പോൾ എങ്ങനെയുണ്ട്?"

"ആശ്വാസം തോന്നുന്നു ബാബാജി. അങ്ങ് പറഞ്ഞതു കേട്ടപ്പോൾ പെട്ടെന്നുണ്ടായ ആഘാതമായിരുന്നു അതിനുകാരണം. ഇപ്പോൾ ഞാൻ എന്തും അനുസരിക്കാൻ തയ്യാറാണ്. ഞാൻ എന്തു ചെയ്യണമെന്ന് അങ്ങ് പറയൂ." കണ്ണുകളിൽനിന്നും കണ്ണുനീർ തൂകാതിരിക്കാൻ ഞാൻ പണിപ്പെടുകയായിരുന്നു.

"എന്റെ ജോലി തീർന്നു കഴിഞ്ഞു. നിനക്ക് ഏറെ ചെയ്തുതീർക്കാനുണ്ട്. ആദ്യം ഞാൻ ചില പ്രധാനപ്പെട്ട കാര്യങ്ങൾ ചുരുക്കിപ്പറയാം. എന്നിട്ട് ഞാൻ പോയതിനുശേഷം എന്റെ ശരീരത്തെ എന്തുചെയ്യണമെന്നു പറഞ്ഞുതരാം. ഞാൻ ഈ ലോകത്തോട് വിട പറയുന്ന കാര്യം എന്റെ ഗുരു ശ്രീഗുരുബാബായ്ക്കും എന്റെ സുഹൃത്തായ നാഗരാജിനും നിനക്കും മാത്രം അറിയാം. ഞാൻ പറയുന്നതു ശ്രദ്ധിച്ചു കേൾക്കൂ."

യോഗികൾ സ്വമേധയാ തങ്ങളുടെ ശരീരം വെടിയുന്നതിനുമുമ്പ് അവർ അവസാനമായി ചെയ്യുന്ന ക്രിയകൾ എന്തൊക്കെയാണെന്നു ബാബാജി എന്നെ പഠിപ്പിച്ചു. ഒരു യോഗി ശരീരം ത്യജിക്കാൻ തീരുമാനിച്ചു കഴിഞ്ഞാൽ ഉടനേ ശരീരധർമ്മങ്ങളെ അവസാനിപ്പിക്കുന്നു. ശാന്തമായി ശരീരം ഉപേക്ഷിക്കുന്നു. ബാബാജി മറ്റുള്ളവരെ ക്രിയായോഗ പഠിപ്പിക്കാനുള്ള അനുവാദം തന്നുകൊണ്ടു പറഞ്ഞു: "നിനക്ക് ഭാവിയിൽ ക്രിയായോഗ പഠിപ്പിക്കാവുന്നതാണ്. എന്നാൽ പഠിക്കുന്നയാൾക്ക് രണ്ടു ഗുണങ്ങൾ അനിവാര്യമായി വേണം—ആത്മാർത്ഥതയും സത്യസന്ധതയും."

അതിനുശേഷം അദ്ദേഹം എന്നെ സമാധിയുടെ അവസ്ഥയിൽ എത്തിച്ചു. ഞാൻ കഴിഞ്ഞ കാലങ്ങളിലേക്കു കടന്നു. ഇത്തവണ കൂടുതൽ വിവരങ്ങൾ അറിവായി. ശ്രീഗുരുബാബായും ഞാനുമായുള്ള ബന്ധം മനസ്സിലാക്കാൻ കഴിഞ്ഞു. പണ്ട് അദ്ദേഹം നാഥയോഗി ആയിരുന്നു. ഞാൻ ശ്രീകൃഷ്ണന്റെ വംശമായ യദുവംശത്തിലെ ഒരു യോദ്ധാവായിരുന്നു. രാജസ്ഥാനിലെ ജയ്സൽമേറിൽ രാജ്യം പടുത്തുയർത്തുന്നതിൽ ഞാൻ പങ്കുവഹിച്ചിരുന്നു. അപ്പോൾ അദ്ദേഹം ആദ്യമായി എന്റെ ഗുരുവായി.

സമാധിയിൽനിന്നും ഉണർന്നുകഴിഞ്ഞപ്പോൾ ബാബാജി എന്നോട് റാണാമാരോടുള്ള എന്റെ കർമ്മബന്ധത്തെപ്പറ്റി പറയുകയുണ്ടായി. പിന്നീടുള്ള എന്റെ ജന്മങ്ങളിൽ ഇന്ത്യയിലെ രാജകുടുംബങ്ങളിലെ അംഗങ്ങളിൽ പലരും എന്റെ സഹപ്രവർത്തകരും ശിഷ്യന്മാരും ആയിരുന്നു. ബാബാജി എന്റെ കർത്തവ്യത്തെ ഓർമ്മിപ്പിച്ചുകൊണ്ടു പറഞ്ഞു: കഴിഞ്ഞ ജന്മങ്ങളിൽ പലരുമായി പലതരത്തിലും ഞാൻ ബന്ധപ്പെട്ടിരുന്നു. ഈ ജന്മത്തിൽ അവരിൽ ചിലരെ കാണാനിടയാകുകയാണെങ്കിൽ തിരിച്ചറിയും. അവരിൽ ആരെങ്കിലും സഹായം ചോദിക്കുകയാണെങ്കിൽ ഒരിക്കലും വിസമ്മതിക്കരുത്.

ഞാൻ വിവാഹം കഴിക്കണമെന്ന് ബാബാജി ആവർത്തിച്ചു പറഞ്ഞു. വൈകാരികമായ സാഹചര്യങ്ങളെ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള പക്വത വിവാഹജീവിതത്തിലൂടെ മാത്രമേ ആർജ്ജിക്കാൻ കഴിയുകയുള്ളൂ എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "ഒരു ആദ്ധ്യാത്മിക സാധകന് വിവാഹം കഴിക്കാതിരിക്കുന്നത് വലിയ യോഗ്യതയൊന്നും അല്ല. എന്തായാലും നീ തീർച്ചയായും വിവാഹം കഴിക്കണം. ഭാവിയിൽ നിന്നെ കാണാൻ വരുന്നവർ വിവാഹിതരായിരിക്കും. അവിവാഹിതനായ നിനക്ക് വിവാഹിതരായ അവരെ എങ്ങനെ സഹായിക്കാനും ഉപദേശിക്കാനും കഴിയും?"

ബാബാജി എന്നോട് മറ്റൊരു കാര്യവും നിർബന്ധിച്ചു പറഞ്ഞു. ഞാൻ എന്റെ ആത്മകഥ എഴുതണമെന്നു നിർദ്ദേശിച്ചു. അത് കൈലാസയാത്രയ്ക്കും മാനസസരോവർ യാത്രയ്ക്കും കുറച്ചു മുമ്പു തുടങ്ങണമെന്നും യാത്ര കഴിഞ്ഞ് ഒരു കൊല്ലത്തിനകം പൂർത്തിയാക്കണമെന്നും പറഞ്ഞു. മറ്റു ചില കാര്യങ്ങൾ പറഞ്ഞതിന് രഹസ്യസ്വഭാവമുള്ളതിനാൽ അവ വെളിപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നില്ല.

അദ്ദേഹം ശരീരം വെടിഞ്ഞു കഴിഞ്ഞാൽ ഞാൻ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങൾ നല്കി. ഞാൻ ശ്രദ്ധിച്ചു കേട്ടുകൊണ്ടിരുന്നിട്ടു ചോദിച്ചു:

"ശരീരം വെടിയുന്നത് കുറച്ചുനാൾ കഴിഞ്ഞിട്ടു പോരേ?"

ഉടനേ അദ്ദേഹം പറഞ്ഞു: "എന്റെ കുട്ടീ, ഞാൻ എന്തെങ്കിലും ചെയ്യുമ്പോൾ അതിന്റെ പിന്നിൽ ഏതെങ്കിലും വ്യക്തമായ കാരണങ്ങൾ ഉണ്ടാകും എന്ന് നിനക്കും അറിവുള്ളതാണല്ലോ. ഞാൻ ഇഹലോകവാസം വെടിയാൻ നിശ്ചയിച്ചു കഴിഞ്ഞു. എന്റെ മാനസികമായ കഴിവുകളുടെ എൺപതു ശതമാനം നിന്നിലേക്കു മാറ്റുന്നതായിരിക്കും. ഇക്കാര്യം അതീവ ജാഗ്രതയോടെ മറ്റു ആൾക്കാരിൽനിന്നും മറച്ചുവയ്ക്കുകയും ഒരു സാധാരണ മനുഷ്യനെപ്പോലെ ജീവിക്കുകയും വേണം. സ്വന്തം കഴിവുകളും സിദ്ധികളും പ്രകടമാക്കാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. നിനക്ക് അതിനു കഴിയും എന്ന് എനിക്കു വിശ്വാസമുണ്ട്. ശ്രീ ഗുരു ഉടനേ എത്തുകയും നിന്നെ അനുഗ്രഹിക്കുകയും ചെയ്യും.

"ഞാൻ പോയിക്കഴിഞ്ഞാൽ നീ കൃഷ്ണമൂർത്തി ഫൗണ്ടേഷനിലേക്കു പോകണം. അധികം വൈകാതെ കൃഷ്ണമൂർത്തിയും ലോകത്തോട് വിട പറയും. അദ്ദേഹത്തിന്റെ ദൗത്യം നിർവ്വഹിക്കപ്പെട്ടു കഴിഞ്ഞു. അതിനു ശേഷമുള്ള എല്ലാ കാര്യങ്ങളും ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുക. ഞാൻ നിന്റെ ഹൃദയത്തിനുള്ളിൽ കാണും എന്ന കാര്യം എപ്പോഴും ഓർക്കുക. ഇനി നീ ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞുതരാം."

നീലകണ്ഠമലയുടെ അടിവാരത്തിൽ, മൗനിബാബായുടെ ഗുഹയുടെ സമീപത്തുള്ള വനത്തിൽ ബാബാജി എനിക്ക് ഒരു സ്ഥലം കാണിച്ചുതന്നു. ബാബാജി എനിക്ക് ഒരു പാരയും, മൺവെട്ടിയും, പിക്കാക്സും തന്നു. ഒരു നിശ്ചിത അളവിൽ ഒരു വലിയ കുഴി ഞാൻ കുഴിക്കണം. അത്തരം പണികളിൽ മുമ്പ് എനിക്ക് അനുഭവമൊന്നും ഇല്ലായിരുന്നു. ഞാൻ തനിയെ വേണം ആ ജോലി ചെയ്യേണ്ടിയിരുന്നത്. ബാബാജി എനിക്ക് ശാരീരികമായും മാനസികവുമായും വേണ്ടുന്ന കരുത്തു തരും എന്ന് അറിയാമായിരുന്നു.

രണ്ടു ദിവസംകൊണ്ട് ഞാൻ കുഴി എടുത്തു. കൈയൊക്കെ വല്ലാതെ തഴമ്പിച്ചു. മൂന്നാമത്തെ ദിവസം വ്യാഴാഴ്ചയായിരുന്നു. എനിക്കു ചില നിർദ്ദേശങ്ങൾകൂടി തന്നു. കുഴി കുഴിച്ച സ്ഥലത്ത് അന്നു രാത്രിയിൽ ഞങ്ങൾ രണ്ടു പേരും പോയി. തെളിഞ്ഞ ആകാശത്ത് പൗർണ്ണമിചന്ദ്രൻ പ്രശോഭിക്കുന്നുണ്ടായിരുന്നു. കുളിമയാർന്ന ഇളംതെന്നൽ ഞങ്ങളെ തഴുകി. അന്നേരം ബാബാജി "നമുക്ക് ശ്രീ ഗുരുബാബയെ കാത്ത് ഇരിക്കാം." എന്നു പറഞ്ഞു.

മുമ്പ് അരുന്ധതി ഗുഹകൾക്കുമുകളിൽ കണ്ടതുപോലെയുള്ള ഒരു പ്രകാശഗോളം ചക്രവാളത്തിൽ പ്രകടമായി. അത് പൂർണ്ണചന്ദ്രന്റെ സമീപമെത്തിയപ്പോൾ ആകാശത്ത് ഒരേ സമയത്ത് രണ്ടു ചന്ദ്രന്മാർ ഉള്ളതുപോലെ തോന്നി. വേഗത്തിൽ ചലിച്ചുകൊണ്ട് ഞങ്ങളുടെ അടുത്തേക്കു വന്നുകൊണ്ടിരുന്നപ്പോൾ അതിന്റെ വലിപ്പവും വർദ്ധിച്ചുകൊണ്ടിരുന്നു. ഈ പ്രാവശ്യം ഇടിമുഴക്കത്തിന്റെ ശബ്ദം കൂടാതെ, ശാന്തമായി ഞങ്ങളുടെ മുന്നിൽ വന്നിറങ്ങി.

പ്രകാശമാനമായ ഗോളം തുറന്നു. അതിനുള്ളിൽനിന്നും ആദ്യം ശ്രീഗുരുവും തൊട്ടുപിന്നാലെ തിളക്കമാർന്ന നീലവർണ്ണശരീരമുള്ള നഗ്നനായ ഒരു അതിസുന്ദരനും പുറത്തേക്കിറങ്ങി. ഞങ്ങൾ രണ്ടുപേരും അവരെ സാഷ്ടാംഗം പ്രണമിച്ചു. ശ്രീഗുരുബാബാ എന്നോടു പറഞ്ഞു: "നീ നാഗരാജിനെ

മുമ്പു കണ്ടിട്ടുണ്ട്. പക്ഷേ, അന്ന് മറ്റൊരു രൂപത്തിൽ ആയിരുന്നു. ഇത്തവണ വേറൊരു രൂപത്തിൽ വന്നിരിക്കുന്നു. സർപ്പലോകത്തിൽ ഉള്ളവർക്ക് ഇഷ്ട മുള്ള രൂപമെടുക്കാൻ കഴിയും. ഇനി കാര്യത്തിലേക്കു കടക്കാം.

"നിന്റെ ഗുരുവായ ബാബാജിയുടെ ശരീരത്തിൽനിന്നും മനസ്സിൽ നിന്നും ചില തത്ത്വങ്ങൾ എടുത്ത് നിന്നിലേക്ക് മാറ്റാൻ ഞങ്ങൾ തീരുമാനിച്ചു കഴിഞ്ഞു. ഭാവി ജീവിതത്തിൽ നിനക്കു ധാരാളം കാര്യങ്ങൾ ചെയ്തുതീർക്കാനു ള്ളതുകൊണ്ടാണു ഞങ്ങൾ അങ്ങനെ ചെയ്യാൻ പോകുന്നത്. നിന്റെ ഗുരു സ്വന്തമായി ഒരു സംഘടനയോ ബാനറോ ഇല്ലാതെയാണു പ്രവർത്തിച്ചത്. പക്ഷേ, നിന്റെ പ്രവർത്തനം അതിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കും. 1991 വരെ നീയും നിന്റെ ഗുരുവിനെപ്പോലെ നിശ്ശബ്ദമായി പ്രവർത്തിക്കും. അതിനുശേഷം നിന്നെ കൂടുതൽ കൂടുതൽ ആളുകൾ അറിഞ്ഞുതുടങ്ങും. ഒരിക്കലും പിന്നോട്ടു പോകരുത്. കർമ്മപഥത്തിൽ മുന്നോട്ടു പോകണം. എങ്കിലേ ജീവിതദൗത്യം വിജയകരമായി നിർവ്വഹിക്കാൻ കഴിയൂ. അനുഗൃഹീത മായ നമ്മുടെ നാട്ടിൽ ജനങ്ങൾക്കിടയിൽ അങ്ങേയറ്റത്തെ സ്വാർത്ഥതയും ഹിംസയും കൊടികുത്തി വാഴുന്നു. എന്താ മഹേഷ്, ശരിയല്ലേ?"

"അതെ." ബാബാജി പറഞ്ഞു. അദ്ദേഹം തുടർന്നു : "ഞാൻ ഇത് അങ്ങയിൽ നിന്നും കേൾക്കാൻ ആഗ്രഹിച്ചതാണ് ഇപ്പോൾ സമയം ആയിരിക്കുന്നു. അങ്ങ് എന്നെ അനുഗ്രഹിച്ചാലും. എന്നെയും അങ്ങയോടൊപ്പം ചേർക്കൂ."

ശ്രീഗുരുവും നാഗരാജും ഞാനും നോക്കിനില്ക്കവേ ബാബാജി കുഴിയിലേക്ക് ഇറങ്ങിച്ചെന്നു. അദ്ദേഹം പത്മാസനത്തിൽ ഇരുന്നു. ഏതാനും നിമിഷത്തേക്ക് അദ്ദേഹം ശക്തിയായി ശ്വാസം എടുക്കുകയും ശ്വാസം പുറ ത്തേക്കു വിടുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ നേത്രങ്ങൾ നെറ്റിയിൽ ഭ്രൂമദ്ധ്യത്തിൽ കേന്ദ്രീകരിച്ചിരുന്നു. അവസാനമായി ശ്വാസം പുറ ത്തേക്കു വിട്ടത് ഏറ്റവും ശക്തിയോടെ ആയിരുന്നു. അദ്ദേഹം പെട്ടെന്ന് നിശ്ശബ്ദനായി. അതോടെ ശരീരവും പൂർണ്ണമായും നിശ്ചലമായി.

അദ്ദേഹത്തിന്റെ ഭ്രൂമദ്ധ്യത്തിൽനിന്നും മഴവില്ലിന്റെ നിറമുള്ള പ്രകാശം പുറപ്പെടുകയും അത് എന്റെ ഹൃദയത്തിനുള്ളിലേക്കു കടക്കുകയും ചെയ്തു. അതോടെ എന്റെ ആന്തരികമായ വ്യക്തിത്വത്തിനു ശാശ്വതമായ മാറ്റം സംഭവിച്ചു. അപ്പോൾ മുതൽ ബാബാജിയുടെ ഊർജ്ജം എന്നിലൂടെ പ്രവർ ത്തിക്കാൻ തുടങ്ങി. തത്സമയം അദ്ദേഹത്തിന്റെ ശിരസ്സിൽനിന്നും പുറപ്പെട്ട ഉജ്ജ്വലമായ പ്രകാശം ആകാശത്തിലേക്ക് ഉയർന്നു. നിമിഷങ്ങൾക്കകം അത് ചക്രവാളത്തിൽ അപ്രത്യക്ഷമായി.

ശ്രീ ഗുരു എന്നോടു പറഞ്ഞു: "എല്ലാം കഴിഞ്ഞു. നിന്റെ ഗുരു എന്താണോ നിന്നോടു പറഞ്ഞിട്ടുള്ളത്, അതു ചെയ്യൂ. എനിക്കിപ്പോൾ പോകേണ്ടി യിരിക്കുന്നു. എന്നെ എങ്ങനെ ബന്ധപ്പെടണമെന്ന് അറിയാമല്ലോ." ഞാൻ ശ്രീഗുരു ബാബായെയും നാഗരാജിനെയും സാഷ്ടാംഗം പ്രണമിച്ചു. അവർ അവരുടെ വിമാനത്തിൽ കയറി യാത്രയായി.

ഞാൻ രാത്രി മുഴുവൻ പണിയെടുത്ത് ശവകുടീരം മണ്ണുകൊണ്ടു മൂടി. മൺവെട്ടിയിൽ കോരിയെടുത്ത ആദ്യമണ്ണ് കുഴിയിലേക്ക് ഇട്ടത് അത്യന്തം

വേദനാജനകമായ അനുഭവമായിരുന്നു. ഉടനേ ഞാൻ സംയമനം പാലിച്ചു കൊണ്ട് ഒരുതരം നിർവ്വികാരതയോടെ കുഴി മുഴുവനും മണ്ണുകൊണ്ടു മൂടി.

കുഴിക്കുള്ളിലെ ബാബാജിയുടെ ശരീരം മണ്ണുകൊണ്ടു മൂടപ്പെട്ടു. അദ്ദേഹം നിർദ്ദേശിച്ചിരുന്നതുപോലെ ഉപരിതലം നല്ലപോലെ ഉറപ്പുള്ളതാക്കി. മുകൾപ്പരപ്പിൽ പുല്ലുകൾ നട്ടു. വെള്ളം തളിക്കുകയും ചെയ്തു. ബാബാജി ഭൗതികാവശിഷ്ടത്തിനുമുകളിൽ ശവകുടീരം പണിയരുതെന്നും തിരിച്ചറിയാനുള്ള ഒരു ഫലകംപോലും അവിടെ വയ്ക്കരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. പവിത്രമായ ആ സ്ഥലത്തെ നമസ്കരിച്ചതിനുശേഷം ഞാൻ അവിടെനിന്നും പോയി.

ഞാൻ ഗുഹയിലേക്കു മടങ്ങിയെത്തിയപ്പോൾ നേരം വെളുത്തു കഴിഞ്ഞിരുന്നു. ഉദയസൂര്യൻ ആകാശത്തിന് ശോഭ പകർന്നു. കിളികൾ ചിലച്ചുകൊണ്ടിരുന്നു. ഇളംതെന്നൽ മന്ദമായി ഒഴുകി. പെട്ടെന്ന് എന്റെ ഹൃദയം വിങ്ങിപ്പൊട്ടി. ഞാൻ പൊട്ടിക്കരയാൻ തുടങ്ങി. അന്നേരം എന്റെ ശരീരമാകെ വിറയ്ക്കുകയായിരുന്നു. സ്നേഹവും കടപ്പാടും വിയോഗവും കണ്ണുനീരായി മാറി നിർബാധം ഒഴുകി. നന്നേ ക്ഷീണിതനായ ഞാൻ കമ്പിളി വിരിച്ചു കിടന്നു. കരഞ്ഞുകിടന്ന് ഉറങ്ങി. ഉണർന്നെണീറ്റപ്പോൾ മനസ്സ് ശാന്തമായിരുന്നു. ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ മനസ്സ് ഒരുങ്ങിക്കഴിഞ്ഞിരുന്നു.

നാല്പത്തിയാറ്

കൃഷ്ണമൂർത്തിയുടെ അന്ത്യം

ഞാൻ ഋഷികേശിൽ രണ്ടു ദിവസം ചുറ്റി സഞ്ചരിച്ചു. മൂന്നാമത്തെ ദിവസം ട്രെയിനിൽ ഡൽഹിയിലേക്കു തിരിച്ചു. ഡൽഹിയിൽ നിന്നും അമൃതസറിലേക്ക് പോകുന്ന ബസ്സിൽ കയറി. സിഖുകാരുടെ പ്രധാന ആരാധനാകേന്ദ്രമായ അമൃതസറിലെ സുവർണ്ണക്ഷേത്രം സന്ദർശിക്കാൻ പലപ്പോഴും ആഗ്രഹിച്ചിരുന്നു. സിഖുകാരുടെ വിശുദ്ധഗ്രന്ഥമായ ഗ്രന്ഥ സാഹിബിനോട് ബാബാജിക്ക് അളവറ്റ ആദരവ് ഉണ്ടായിരുന്നു. ഈശ്വരനും ഗുരുവിനും നല്കുന്ന അതേ സ്ഥാനമാണ് സിഖുകാർ ഗ്രന്ഥസാഹിബിനും നല്കുന്നത്. അതിനാൽ സുവർണ്ണക്ഷേത്രം എന്നും അറിയപ്പെടുന്ന ഹർമന്ദിർ സാഹബ് ക്ഷേത്രത്തിൽ ആരാധനയ്ക്കായി ഗ്രന്ഥസാഹിബും വച്ചിട്ടുണ്ട്.

അമൃത്സറിൽ ദേവാലയത്തിന്റെ പണി ആരംഭിച്ചത് സിഖുകാരുടെ നാലാമത്തെ ഗുരുവായ ഗുരു രാംദാസ് ആണ്. അഞ്ചാമത്തെ ഗുരുവായ ഗുരു അർജൻ പണി പൂർത്തിയാക്കി. ദേവാലയത്തിന്റെ സ്വർണ്ണ താഴികക്കുടങ്ങളും പണി കഴിപ്പിച്ചു. ഹർമന്ദിർ സാഹബ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത് അമൃതസരസ്സ് എന്ന് അറിയപ്പെടുന്ന നീരുറവയിൽനിന്നുണ്ടായ തടാകത്തിന്റെ മധ്യഭാഗത്തിലാണ്. അമൃതസർ പട്ടണത്തിന് പേര് ലഭിച്ചത് ഈ അമൃതസരസ്സു കാരണമാണ്. പട്ടണം സ്ഥിതി ചെയ്യുന്നത് പാകിസ്ഥാന്റെ അതിർത്തിയായ വാഗായ്ക്ക് അടുത്താണ്.

ഞാൻ രാവിലെ ദേവാലയത്തിൽ പ്രവേശിച്ചു. ഹർമന്ദിർ സാഹബിൽ ഗ്രന്ഥസാഹബിന്റെ പാരായണം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഭക്തി പുരസ്സരം ആലപിക്കപ്പെട്ട കീർത്തനങ്ങൾ ആത്മാവിനെ പുളകം കൊള്ളിച്ചു. ഞാൻ ആനന്ദലഹരിയിൽ ആറാടി. അന്നു ഞാൻ ഗ്രന്ഥസാഹിബിൽ ഉൾപ്പെടുത്തിയിട്ടുള്ള കബീറിന്റെ ഗീതങ്ങളും കേട്ടു. ഒരു ഗീതത്തിൽ അദ്ദേഹം പറയുന്നു: "സ്നേഹശൂന്യമായ ഹൃദയം മരിച്ചതിനു തുല്യമാണ്. അത് ശ്മശാനമാണ്." വിശുദ്ധഗ്രന്ഥത്തെ വന്ദിച്ചതിനുശേഷം അവിടെനിന്നും കിട്ടിയ പ്രസാദം കഴിച്ചു. ഞാൻ ദേവാലയപരിസരത്തുനിന്നും പുറത്തേക്കിറങ്ങി.

ബസ്സിൽ കയറി ഡൽഹിയിൽ എത്തിയ ഞാൻ നോർത്ത് ഡൽഹി റയിൽവേ സ്റ്റേഷനിലേക്ക് തിരിച്ചു. ചെന്നൈയിലേക്കു പോകാനുള്ള ടിക്കറ്റ് എടുത്തു. ജനറൽ കമ്പാർട്ടുമെന്റിലായിരുന്നു യാത്ര. രണ്ടുദിവസത്തെ യാത്ര ക്ലേശപൂർണ്ണമായിരുന്നു. സമ്പന്നർക്കും പ്രതാപശാലികൾക്കും പാവപ്പെട്ടവരുടെ യാത്രാദുരിതം എന്താണെന്ന് അറിഞ്ഞുകൂടാ.

ഞാൻ ചെന്നൈയിൽ മടങ്ങിയെത്തി. വസന്ത് വിഹാറിലെ പതിവുജോലികളിൽ ഞാൻ വ്യാപൃതനായി. ആദ്യമൊക്കെ വിഷമം തോന്നിയിരുന്നു. അവധി

ദിവസങ്ങൾ ചെലവഴിക്കാൻവേണ്ടിയായിരുന്നു എന്റെ ഋഷികേശ് യാത്ര എന്നു നടിച്ചു. വല്ലാത്ത പിരിമുറക്കം അനുഭവപ്പെട്ടു.

ആ വർഷം ഒക്ടോബറിൽ കൃഷ്ണമൂർത്തിക്ക് സുഖമില്ലെന്ന് കേൾക്കാനിടയായി. എന്നിരുന്നാലും ഇന്ത്യയിലേക്ക് വരുന്നുണ്ടെന്ന് അറിഞ്ഞു.

കൃഷ്ണമൂർത്തി മടങ്ങിയെത്തി. അദ്ദേഹം വാരണാസിയിലേക്കു പുറപ്പെട്ടു. അവിടെവച്ച് ഏതാനും ബുദ്ധമത പണ്ഡിതന്മാരുമായി ചർച്ചയ്ക്ക് ഏർപ്പാടു ചെയ്തിരുന്നു. ജഗന്നാഥ് ഉപാദ്ധ്യായ ആയിരുന്നു അവരിലൊരാൾ. അദ്ദേഹം മൈത്രേയ ബുദ്ധനാൽ രചിക്കപ്പെട്ടതെന്നു കരുതപ്പെടുന്ന മഹായാന ഗ്രന്ഥമായ 'കാലചക്രതന്ത്ര'ത്തിന് നിരൂപണം എഴുതി പ്രസിദ്ധീകരിക്കാനുള്ള ഒരുക്കത്തിലാണ്. പ്രസിദ്ധീകരിക്കുന്ന ചടങ്ങിലും പങ്കെടുക്കാൻ കൃഷ്ണമൂർത്തിക്ക് പരിപാടിയുണ്ടായിരുന്നു. ചർച്ചയിൽ പങ്കെടുത്ത മറ്റൊരു പണ്ഡിതൻ വിദേശത്തുള്ള ടിബറ്റൻ ഗവൺമെന്റിന്റെ തലവനായ സാൻദുംഗ് റിൻപോച്ചെയും ആയിരുന്നു. "ലോകത്തിന്റെ ഒരു ഭാഗമായ ഇന്ത്യയിൽ ദീർഘകാലം നിലനില്ക്കുന്ന പവിത്രമായിട്ടുള്ള എന്തെങ്കിലും ഉണ്ടോ? അങ്ങനെ ഒന്ന് ഉണ്ടെങ്കിൽ ലോകത്തിന്റെ ഈ ഭാഗത്തിൽ എന്തുകൊണ്ട് സർവ്വത്ര അഴിമതി കാണപ്പെടുന്നു?" കൃഷ്ണമൂർത്തിയുടെ ഈ ചോദ്യങ്ങൾക്ക് തൃപ്തികരമായ മറുപടി നല്കപ്പെട്ടില്ല:

അക്കാലത്ത് രോഗബാധിതനായ അദ്ദേഹത്തിന്റെ ചിന്ത മരണം എന്ന വിഷയവുമായി ബന്ധപ്പെട്ടായിരുന്നു. മരണാനന്തരം എന്തു സംഭവിക്കുന്നു? ഇതും ചിന്താവിഷയമായിരുന്നു. സ്വിറ്റ്സർലൻഡിലെ സാനെൻ എന്ന സ്ഥലത്തുനിന്നും ഇന്ത്യയിലേക്കു മടങ്ങുന്നതിനുമുമ്പ് അദ്ദേഹം വിടപറയാനുള്ള സമയം സമാഗതമായിരിക്കുന്നു എന്നുപറഞ്ഞു. സാനെൻ എന്ന സ്ഥലത്ത് നടത്തിയ അവസാനത്തെ പ്രഭാഷണത്തിൽ അദ്ദേഹം നചികേതസ്സിന്റെ കഥ ഉദ്ധരിക്കുകയുണ്ടായി. നചികേതസ്സ് എന്ന ബാലൻ മരണത്തിന്റെ അധിഷ്ഠാന ദേവതയായ യമന്റെ അടുത്തേക്ക് ഉത്തരങ്ങൾക്കുവേണ്ടി അയയ്ക്കപ്പെട്ടു. കഠോപനിഷത്തിലെ കഥ ആയിരുന്നു അത്.

1929-ൽ അദ്ദേഹംതന്നെ രേഖപ്പെടുത്തിയ ചില ആശയങ്ങൾ അദ്ദേഹത്തിന്റെ ചിന്താഗതിയെ വെളിവാക്കുന്നു: "അനിവാര്യമായതു സംഭവിക്കുകയും കൃഷ്ണമൂർത്തി മരിക്കുകയും ചെയ്യുന്നുവെന്ന് സങ്കല്പിക്കുക. വ്യക്തി എന്ന നിലയിലുള്ള കൃഷ്ണമൂർത്തി നിങ്ങൾ സത്യം എന്നു കരുതുന്ന തത്ത്വങ്ങളുടെ പ്രതിനിധി ആയിരുന്നു. അതിനാൽ നിങ്ങൾ ആ മനുഷ്യനുവേണ്ടി ദേവാലയം പണിയും. അവിടെ പല ചടങ്ങുകൾക്കും രൂപം നല്കും. എനിക്കുവേണ്ടി വലിയ ഫൗണ്ടേഷനുകൾ സ്ഥാപിക്കും. കൃഷ്ണമൂർത്തി എന്ന വ്യക്തിയെ ദേവാലയത്തിനുള്ളിൽ തളച്ചിടും. അപ്പോൾ നിങ്ങൾക്ക് മറ്റൊരു ഗുരുവിനെ കിട്ടിയെന്നുവരും. പ്രസ്തുത ദേവാലയത്തിലെ നൂലാമാലകൾ ഇല്ലാതാക്കാൻവേണ്ടിയാണ് പുതിയ ഗുരു ശ്രമിക്കുന്നത്. നിങ്ങൾ ആ ഗുരുവിനുവേണ്ടിയും ദേവാലയം പണിയും. ഈ പ്രക്രിയ ഇപ്രകാരം തുടർന്നുകൊണ്ടിരിക്കും. ഇതാണ് മനുഷ്യമനസ്സിന്റെ സ്വഭാവം."

കൃഷ്ണമൂർത്തി അദ്ദേഹത്തിന്റെ പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഫൗണ്ടേഷനുകളെ പിടിച്ചുലയ്ക്കാനും തകർത്തുകളയാനും കഠിനമായി ശ്രമിച്ചു.

അദ്ദേഹത്തിനെയൊഴിച്ച് മറ്റാരുംതന്നെ അത് ആഗ്രഹിച്ചിരുന്നില്ല. മറ്റുള്ളവരാകട്ടെ ആ ദേവാലയങ്ങൾക്കുള്ളിൽ ശീലമാക്കിയ സുരക്ഷിതത്വബോധത്തിൽ സംതൃപ്തരായിരുന്നു.

നവംബർ മാസത്തിൽ ഋഷി വാലിയിൽ എത്തിച്ചേർന്ന ക്ഷീണിതനായ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമായിക്കൊണ്ടിരുന്നു. ആശങ്കപ്പെടുത്തുന്ന തരത്തിൽ അദ്ദേഹത്തിന്റെ ശരീരത്തിന്റെ തൂക്കവും കുറഞ്ഞുകൊണ്ടിരുന്നു. ഋഷിവാലിയിൽവച്ച് നടത്തിയ അദ്ദേഹത്തിന്റെ അവസാനത്തെ പ്രഭാഷണത്തെ അദ്ദേഹം തന്റെ അവസാനത്തെ പ്രകടനം എന്നു വിശേഷിപ്പിക്കുകയുണ്ടായി. അദ്ദേഹം അദ്ധ്യാപകരോടും വിദ്യാർത്ഥികളോടും ചർച്ച ചെയ്യുമ്പോഴൊക്കെ മറ്റു സ്കൂളുകളിൽനിന്നും തങ്ങളുടെ സ്കൂളുകൾ എന്തുകൊണ്ട് വ്യത്യസ്ത പുലർത്തുന്നുവെന്നതിനു വ്യക്തമായ കാരണങ്ങൾ പറയാൻ അവരോട് ആവശ്യപ്പെട്ടിരുന്നു. അവരുടെ ഉത്തരങ്ങൾ അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല എന്നതാണ് വാസ്തവം.

ഡിസംബർ 22-ാം തീയതി ചെന്നൈയിൽ പ്രഭാഷണങ്ങൾ നടത്തുന്നതിനു വേണ്ടി അദ്ദേഹം എത്തി. അദ്ദേഹത്തിന്റെ തൂക്കം ഒരുപാട് കുറയുകയും കലശലായ പനി ബാധിക്കുകയും ചെയ്തിരുന്നു. ആ സ്ഥിതിയിൽ പ്രഭാഷണങ്ങൾ ചെയ്യാൻ കഴിയുമോ എന്ന കാര്യത്തിൽപോലും ആശങ്കയുണ്ടായിരുന്നു. അദ്ദേഹവുമായി അടുത്തുകഴിഞ്ഞിരുന്നവർക്കും അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി ഗുരുതരമാണെന്നറിയാമായിരുന്നു. അദ്ദേഹം സ്വയം നല്കിയിരുന്ന സൂചനകളും അദ്ദേഹത്തിന്റെ ജീവിതം അവസാനിച്ചുകൊണ്ടിരിക്കുകയാണെന്ന ചിത്രമാണു നല്കിയത്.

മുൻവിധികളോടെയും സ്വയം അടച്ചിട്ടിരിക്കുന്ന മനസ്സുകളുമായി തന്റെ മുന്നിലിരിക്കുന്ന ശ്രോതാക്കളുടെ ഉള്ളിലേക്ക് തന്റെ ആശയങ്ങളെ പ്രഭാഷണങ്ങളിലൂടെ കടത്തിവിടുന്നതിന് അദ്ദേഹത്തിന് വളരെയധികം ഊർജ്ജം വിനിയോഗിക്കേണ്ടിവന്നിരുന്നു. അത്തരം ആൾക്കാരെപ്പറ്റി അദ്ദേഹം ഒരിക്കൽ 'ഇത് എന്തൊരു തലമുറ' എന്നു പറയുകയുണ്ടായി. തന്റെ പേരിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഫൗണ്ടേഷനുകളിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന അലംഭാവം കാണിക്കുന്നവരെയും, തനിക്ക് ഇല്ലാത്ത യോഗ്യത ഉണ്ടെന്നു നടിക്കുന്നവരെയും മാറ്റി അവരുടെ സ്ഥാനത്ത് മറ്റു ചിലരെ നിയോഗിക്കുക എന്നതും ഭാരിച്ച ചുമതലയായിരുന്നു. പിന്തുടർച്ചാവകാശത്തെ ചൊല്ലിയുള്ള മുറവിളികളും അണിയറയിൽ കേൾക്കാൻ തുടങ്ങി.

ഫൗണ്ടേഷൻ പിരിച്ചുവിടാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ വിജയം കണ്ടില്ല. സ്ഥാപനങ്ങളിൽ പല പദവികൾ വഹിച്ചിരുന്നവർ തങ്ങളുടെ ശക്തികേന്ദ്രങ്ങളിൽ സുരക്ഷിതരായിരുന്നു. അവർ സ്ഥാനങ്ങൾ വെടിയാൻ തയ്യാറായിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ അദ്ദേഹംതന്നെ സംഘടനയിൽനിന്ന് അകന്നു കഴിയുകയും താൻ ഒരു ഫൗണ്ടേഷന്റെയും ഭാഗമല്ലെന്ന് പറയുകയും ചെയ്തു. അക്കാലത്ത് ഞാൻ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഒരു അംഗംപോലും ആയിരുന്നില്ല. എന്നുവരികിലും ഫൗണ്ടേഷന്റെ ഒരു വിശേഷാൽ യോഗത്തിൽ പങ്കെടുക്കുന്നതിന് അദ്ദേഹം തന്റെ ഒരു സുഹൃത്തുമുഖേന എന്നെ ക്ഷണിച്ചു. അന്നത്തെ ആ പ്രത്യേകയോഗത്തിന്റെ അവസാനം

അദ്ദേഹം തന്റെ പേരുമായി ബന്ധപ്പെട്ട എല്ലാ സ്ഥാപനങ്ങളിൽനിന്നു ബന്ധം വിടർത്തുകയുണ്ടായി. അപ്പോൾ മൂന്നുവർഷം മുമ്പ് ഞാനുമായുള്ള ഒരു സ്വകാര്യ സംഭാഷണത്തിൽ അദ്ദേഹം പറഞ്ഞ വാക്കുകൾ ഓർത്തുപോയി. അദ്ദേഹം പറഞ്ഞിരുന്നു: "കുറച്ചുകാലം നിങ്ങൾ ഇവിടെ കഴിയുകയാണെങ്കിൽ നിങ്ങൾക്ക് പലതും കാണാൻ കഴിയും. ഈ ചപ്പു ചവറുകൂമ്പാരം എനിക്കു ചുമക്കാൻ പറ്റുകയില്ലെങ്കിൽ ഒരുപക്ഷേ, ഞാൻ കുഴിച്ചുമൂടും."

അദ്ദേഹം എല്ലാ കാര്യങ്ങളും ഗൗരവമായിത്തന്നെ കണക്കിലെടുത്തിരുന്നു. ഭാവിയിൽ ആരെങ്കിലും തന്റെ അനന്തരാവകാശി എന്നുപറഞ്ഞുകൊണ്ടു വരാതിരിക്കാൻവേണ്ടി കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ നിയമാവലിയിൽ ഒരു വകുപ്പുകൂടി അനുബന്ധമായി ചേർത്തു: "ഫൗണ്ടേഷനോ, ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കോ, അതിലെ ഏതെങ്കിലും അംഗത്തിനോ യാതൊരു സാഹചര്യത്തിലും കൃഷ്ണമൂർത്തിയുടെ പ്രഭാഷണപരമ്പരകളിൽ അധികാരം ഉണ്ടായിരിക്കുന്നതല്ല. ഇത് കൃഷ്ണമൂർത്തിയുടെ പ്രഖ്യാപനത്തിന് അനുസൃതമാണ്. അതിൻപ്രകാരം ഒരിടത്തും ആർക്കും അവയിൽ അധികാരം ഉണ്ടായിരിക്കുന്നതല്ല."

അക്കാലത്തെ ഈ സാഹചര്യങ്ങളിലാണ് എനിക്ക് കൃഷ്ണമൂർത്തിയുമായി ഏറ്റവും കൂടുതൽ അടുക്കാൻ അവസരമുണ്ടായത്. ഹെഡ്ക്വാർട്ടേഴ്സിൽ താൽക്കാലികമായി പല പദവികൾ വഹിച്ചിരുന്നവരെ സ്ഥാനഭ്രഷ്ടരാക്കുന്നതിൽ കൃഷ്ണമൂർത്തി വിജയിച്ചു. അവരിൽ കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ പഴയ സെക്രട്ടറിയും ഉൾപ്പെട്ടിരുന്നു. ഭരണപരമായ കാര്യങ്ങളുടെ നടത്തിപ്പിനു വേണ്ടി പലപ്പോഴും എന്നെ ആശ്രയിച്ചിരുന്നു. കൃഷ്ണമൂർത്തി പുതിയ ഒരു സെക്രട്ടറിയെ നിയമിച്ചു. പുതിയ സെക്രട്ടറി മഹേശ് സക്സേന രാജസ്ഥാനിൽ നിന്നും വിരമിച്ച ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ആയിരുന്നു. അദ്ദേഹം നിയമിതനായപ്പോൾ അദ്ദേഹത്തിനും എന്റെ സഹായം ഏറെ വേണ്ടിവന്നു. കൃഷ്ണമൂർത്തി എന്നോട് സ്നേഹത്തോടെ കഴിഞ്ഞിരുന്നു. അദ്ദേഹം തന്റെ കിടപ്പുമുറിയിലും എനിക്ക് സ്വാതന്ത്ര്യം തന്നിരുന്നു.

ചുരുക്കം പറഞ്ഞാൽ ഫൗണ്ടേഷന്റെ പഴയ നടത്തിപ്പുകാർ ആരെയും തന്നെ അദ്ദേഹത്തിന്റെ ചുറ്റുവട്ടത്തു കാണുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. മേലിൽ ഞാനായിരിക്കും ബെഡ്റൂമിൽനിന്നും പ്രസംഗപീഠംവരെ അദ്ദേഹത്തെ അനുഗമിക്കുന്നത് എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. പ്രഭാഷണത്തിനുമുമ്പ് മൈക്രോഫോൺ ഘടിപ്പിക്കുന്നതും, പ്രഭാഷണം കഴിഞ്ഞാലുടൻ അത് എടുത്തുമാറ്റുന്നതും ഞാനായിരുന്നു. അദ്ദേഹത്തിന്റെ ശരീരത്തിന്റെ തൂക്കം കുറഞ്ഞുകൊണ്ടേയിരുന്നു. ഒപ്പം പനിയും കൂടിക്കൊണ്ടിരുന്നു. ഡോക്ടർക്ക് കൃത്യമായ കാരണമൊന്നും പറയാൻ കഴിഞ്ഞില്ല. പ്രഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾത്തന്നെ പലപ്പോഴും അദ്ദേഹത്തിന് 104 ഡിഗ്രി പനിയുണ്ടായിരുന്നു. എന്നിരുന്നാലും സംസാരത്തിന് അല്പം വ്യക്തത കുറഞ്ഞിരുന്നുവെന്നല്ലാതെ അതൊന്നും ശ്രോതാക്കളുടെ ശ്രദ്ധയിൽപെട്ടിരുന്നില്ല. മുമ്പത്തെപ്പോലെതന്നെ പ്രഭാഷണങ്ങൾ ശ്രോതാക്കളെ ആവേശം കൊള്ളിച്ചിരുന്നു.

അവസാനത്തെ പ്രഭാഷണം നടന്നത് 1986 ജനുവരി 4-ന് ആയിരുന്നു. ലഘുവായ തന്റെ പ്രഭാഷണം ഇങ്ങനെ പറഞ്ഞുകൊണ്ട് അവസാനിപ്പിച്ചു: "ഇത് എന്റെ അവസാനത്തെ പ്രഭാഷണമാണ്. നിങ്ങൾ എന്റെകൂടെ അല്പ സമയം ശാന്തമായി ഇരിക്കാൻ ആഗ്രഹിക്കുന്നുണ്ടോ?... അല്പസമയം ശാന്തമായിരിക്കാം." അന്നുരാത്രിയിൽ അദ്ദേഹത്തിനു പനി കൂടുകയും പിച്ചും പേയും പറയുകയും ചെയ്തു. പിറ്റേന്നു രാവിലെ അദ്ദേഹം ശാന്തമായിരുന്ന് ടെന്നിസന്റെ കവിതകൾ ചൊല്ലുന്നതു കേട്ടു. അദ്ദേഹം പ്രത്യേക രീതിയിലാണു ചൊല്ലിയത്. അതു കേട്ടപ്പോൾ സംസ്കൃതത്തിലുള്ള മന്ത്രം ജപിക്കുകയാണോ എന്നു തോന്നിപ്പോയി.

അദ്ദേഹം അധികനാൾ ജീവിച്ചിരിക്കുകയില്ലെന്ന ശക്തമായ ഒരു തോന്നൽ എനിക്കുണ്ടായി. ആ മുറിയിൽ ഉണ്ടായിരുന്ന പല സാധനങ്ങളിലും എന്റെ ശ്രദ്ധ പതിയേണ്ടിയിരുന്നു. ഒരു പഴയ കസേര കിടപ്പുണ്ടായിരുന്നു. അടുത്ത തവണ വരുമ്പോൾ കസേരയൊക്കെ നന്നാക്കിയിടാം എന്നു പറഞ്ഞപ്പോൾ അദ്ദേഹം തന്റെ ദുർബ്ബലമായ കരങ്ങൾ എന്റെ തോളിൽ വയ്ക്കുകയും എന്റെ കണ്ണുകളിലേക്ക് നോക്കുകയും ചെയ്തു. എന്നിട്ട് അദ്ദേഹം വികാരം തുളുമ്പുന്ന സ്വരത്തിൽ പറഞ്ഞു: "എന്റെ സർക്കസ് അവസാനിച്ചു. മടങ്ങിവരുമെന്നു തോന്നുന്നില്ല." എന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. ഞാൻ അദ്ദേഹത്തിന്റെ മുറിയിൽനിന്നും പുറത്തേക്ക് ഇറങ്ങുന്ന സമയത്ത് രാധികാ ഹെർസ് ബെർഗർ കോണിപ്പടികൾ കയറിവരുന്നതു കണ്ടു. അവർക്കും അദ്ദേഹത്തിന്റെ അന്ത്യം അടുത്തു എന്നത് അറിയാമായിരുന്നതുപോലെ എനിക്കു തോന്നി.

അന്നു രാത്രിയിൽ അദ്ദേഹം ഓജൈയിലേക്കു പുറപ്പെട്ടു. അദ്ദേഹത്തെ യാത്രയാക്കാൻ ഞാൻ എയർപോർട്ടിൽ പോയിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യനില കണക്കിലെടുത്തുകൊണ്ട് എയർപോർട്ട് അധികാരികൾ അദ്ദേഹത്തിന്റെ കാർ റൺവേവരെ പോകാൻ അനുവദിച്ചു. അദ്ദേഹത്തെ ഞാൻ അവസാനമായി കണ്ടത് അവിടെവച്ചായിരുന്നു. യാത്ര അയയ്ക്കാൻ ഞങ്ങൾ മൂന്നുപേരുണ്ടായിരുന്നു. ഞങ്ങൾ തൊഴുകൈയോടെ അദ്ദേഹത്തിന് യാത്രാമംഗളം നേർന്നു. അദ്ദേഹവും പ്രത്യഭിവാദനം ചെയ്തു.

കഷ്ടിച്ച് ഒരു മാസം ആയിരിക്കും. 1986 ഫെബ്രുവരി മാസം 17-ാം തീയതി ഓജൈയിൽവച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന്റെ പാൻക്രിയാസ്സിന് ക്യാൻസർ പിടിപെട്ടു എന്നായിരുന്നു ഡോക്ടർമാർ പറഞ്ഞത്. അദ്ദേഹം അന്തരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുമ്പ് അദ്ദേഹത്തിന്റെ സംസാരം റിക്കാർഡു ചെയ്തിരുന്നു. വിസ്തരിച്ചുള്ള ചടങ്ങുകൾ യാതൊന്നും കൂടാതെ തന്റെ ഭൗതികശരീരം വൈദ്യുതിശ്മശാനത്തിൽ ദഹിപ്പിക്കണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചിരുന്നു. ടേപ്പിൽ റിക്കാർഡു ചെയ്തിരുന്ന ഉള്ളടക്കം വെളിപ്പെടുത്താനുള്ള സ്വാതന്ത്ര്യം എനിക്കില്ല. എന്തുകൊണ്ടെന്നാൽ അത് പൊതുജനങ്ങളെ ഉദ്ദേശിച്ചുള്ളതല്ലായിരുന്നു. എന്നിരുന്നാലും അദ്ദേഹം പറഞ്ഞിട്ടുള്ള ഒരു കാര്യം ഞാൻ വെളിപ്പെടുത്താനാഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞു: "എന്റെ ശരീരത്തിൽ അസാധാരണമായ ഊർജ്ജം പ്രവർത്തിച്ചുകൊണ്ടിരുന്നു. പക്ഷേ, അത് ആരും അറിഞ്ഞിരുന്നില്ല."

നാല്പത്തിയേഴ്

വിവാഹവും നീൽബാഗിലെ താമസവും

കൃഷ്ണമൂർത്തി അന്തരിച്ചതിനുശേഷം സെക്രട്ടറി എന്ന നിലയിൽ മഹേശ് സക്സേനയ്ക്ക് കുറെ നാളുകൾ തന്റെ പ്രവർത്തനങ്ങൾ ഒരു വിധം സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞു. സർവ്വീസിൽ നിന്നും വിരമിച്ച ഉയർന്ന പോലീസുദ്യോഗസ്ഥൻ ആയതുകൊണ്ട് അദ്ദേഹത്തിന് ഭരണപരമായ നൈപുണ്യം വേണ്ടുവോളം ഉണ്ടായിരുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിന് എന്നെയും കൂടെക്കൂട്ടി. പല കോണുകളിൽനിന്നുമുള്ള എതിർപ്പുകൾ ഉണ്ടായിട്ടുപോലും എന്നെ ജോയിന്റ് സെക്രട്ടറിയായി നിയമിച്ചു. കൃഷ്ണമൂർത്തിയുടെ ദേഹവിയോഗത്തിനുശേഷം ആദ്യം നടന്ന ഗവേണിങ് ബോഡി മീറ്റിങ്ങിൽ ഞാനും ഗവേണിങ് ബോഡിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു.

പക്ഷേ, എന്തുകൊണ്ടോ മഹേശ് സക്സേനയ്ക്ക് കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ അന്തരീക്ഷവുമായി പൊരുത്തപ്പെട്ടുപോകാൻ കഴിഞ്ഞില്ല. അദ്ദേഹം മുമ്പു ജീവിച്ച ജീവിതവും ജീവിത പശ്ചാത്തലവും തികച്ചും വ്യത്യസ്തമായിരുന്നു. വസന്ത്വിഹാർ ഹെർഡ്കാർട്ടേഴ്സിനു പുതുമുഖവുമായി ഇണങ്ങിച്ചേരാൻ കഴിഞ്ഞില്ല. വസന്ത്വിഹാർ പരിസരത്ത് തവിട്ടുനിറമുള്ള മുട്ടോളം ഇറക്കമുള്ള നിക്കറും ഇട്ടുകൊണ്ട് ചുറ്റിക്കറങ്ങിയിരുന്ന സക്സേനായെ കാണുന്നവർ അദ്ദേഹത്തെ ഡ്യൂട്ടിയിൽ നില്ക്കുന്ന പോലീസുകാരനായിട്ടേ കരുതിയിരുന്നുള്ളൂ. വസന്ത്വിഹാറിൽ താമസിക്കുന്നവരും സന്ദർശകരും പതിവായി കേൾക്കാറുണ്ടായിരുന്ന 'ഹലോ സർ' 'ഗുഡ് മോർണിങ്' എന്നീ അഭിവാദനങ്ങൾ നിറുത്തലാക്കപ്പെട്ടു. അതിനുപകരം പരമ്പരാഗതമായ 'നമസ്തേ' പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്തു.

ഏതാനും ദിവസം കഴിഞ്ഞ് സ്വകാര്യ സംഭാഷണത്തിൽ അദ്ദേഹം എന്നോടു ചില കാര്യങ്ങൾ തുറന്നു സമ്മതിച്ചു. കാര്യങ്ങൾ ഭംഗിയായിട്ടല്ല നടക്കുന്നത്. പട്ടാളച്ചിട്ടയിൽ ജീവിച്ചുപോന്ന അദ്ദേഹം തന്റെ കീഴിൽ പണിയെടുക്കുന്നവരിൽനിന്നും അനുസരണശീലം പ്രതീക്ഷിച്ചിരുന്നു. ചിന്താസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും അദ്ദേഹത്തിന് ഒട്ടുംതന്നെ ദഹിക്കാത്ത കാര്യങ്ങളായിരുന്നു. അതോടൊപ്പം അദ്ദേഹത്തിൽ കുടികൊണ്ടിരുന്ന നിരാശാബോധവും, ഒരിക്കലും വിട്ടുമാറാത്ത ചില പെരുമാറ്റരീതികളും ശ്രദ്ധിച്ചിരുന്ന എനിക്ക് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു ചില തകരാറുകൾ ഉണ്ടെന്നു മനസ്സിലാക്കാൻ കഴിഞ്ഞു. എല്ലാംകൊണ്ടും അവിടത്തെ ജീവിതവുമായി പൊരുത്തപ്പെടാനാകാതെ ഒടുവിൽ അദ്ദേഹം ജോലി രാജിവച്ച് ബനാറസ്സിലേക്കു മടങ്ങി. ഈ തീരുമാനം നേരത്തേ എടുക്കേണ്ടതായിരുന്നു.

കുറെ മാസങ്ങൾ കഴിഞ്ഞ് ഞാൻ കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽ ഒരംഗമായി തിരഞ്ഞെടുക്കപ്പെട്ടു. അത് എന്റെ ജീവിതത്തിൽ ഒരു പുതിയ

അദ്ധ്യായത്തിന് തുടക്കം കുറിച്ചു. സുന്ദരിയായ ഇരുപത്തഞ്ചു വയസ്സുള്ള ഒരു പെൺകുട്ടി വസന്ത്‌വിഹാറിൽ വരികയും എന്നെ കാണുകയും ചെയ്തു. അവളുടെ പേര് സുനന്ദാ സനദി എന്നായിരുന്നു. കുറെ വർഷം സുനന്ദാ ഋഷിവാലി സ്കൂളിൽ ഇംഗ്ലിഷ് അദ്ധ്യാപിക ആയിരുന്നു. ഇംഗ്ലിഷിൽ ബിരുദാനന്തരബിരുദം നേടിയിട്ടുള്ള സുനന്ദ അദ്ധ്യാപനം അല്ലാത്ത മറ്റേതെങ്കിലും തൊഴിൽ കിട്ടാനുള്ള സാധ്യത തേടുകയായിരുന്നു ചെന്നൈയിൽ. സുനന്ദയുടെ അച്ഛൻ വിരമിച്ച ഒരു സൈനികോദ്യോഗസ്ഥനായിരുന്നു. അവളുടെ അമ്മ താമസിച്ചിരുന്നത് ചെന്നൈയിലെ പ്രാന്തപ്രദേശമായ പുരുഷവൽക്കത്തിൽ ആയിരുന്നു. ഒരിക്കൽ ഞാൻ ആ പെൺകുട്ടിയെ ഋഷിവാലിയിൽ വച്ചു കണ്ടിട്ടുണ്ട്. പക്ഷേ, പരസ്പരം ഔപചാരികമായി കണ്ടിട്ടില്ല. ഏതാനും മാസങ്ങൾക്കുമുമ്പ് സുനന്ദയുടെ ഒരു പൂർവ്വ വിദ്യാർത്ഥിയിൽനിന്ന് സുനന്ദയുടെ സ്വഭാവം നല്ലതാണെന്നും നല്ല അദ്ധ്യാപിക ആണെന്നും അറിയാനിടയായി.

അന്ന് വസന്ത് വിഹാറിൽ എന്റെ ഒരു ജോലി കൃഷ്ണമൂർത്തി ബുള്ളറ്റിന്റെ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നതായിരുന്നു. ഇംഗ്ലിഷ് സാഹിത്യത്തിൽ ബിരുദാനന്തരബിരുദം നേടിയ സുനന്ദയ്ക്ക് ബുള്ളറ്റിന്റെ പ്രസിദ്ധീകരണത്തിൽ സഹായിക്കാൻ കഴിയുമെന്നു വിചാരിച്ചു. ഞാൻ ആ വിവരം സക്സേനയെ അറിയിച്ചു അദ്ദേഹം സുനന്ദയ്ക്ക് ആ ജോലി നല്കി. തുടക്കത്തിൽ അവൾ എല്ലാ ദിവസവും ഹെഡ്ക്വാർട്ടേഴ്സിൽ താമസിക്കുകയും വാരാന്ത്യത്തിൽ വീട്ടിലേക്കു പോകുകയും ചെയ്യാനായിരുന്നു തീരുമാനം. അതായിരുന്നു സുനന്ദയ്ക്കും സൗകര്യം.

അത്രയ്ക്ക് അടുത്ത പരിചയമോ ഇടപഴകലോ ഇല്ലായിരുന്നുവെങ്കിലും എന്റെ യൗവനാരംഭംമുതൽ ഞാൻ പല സ്ത്രീകളുമായും ഇടപെട്ടിട്ടുണ്ട്. എനിക്ക് വയസ്സ് മുപ്പത്തിയഞ്ച് കഴിഞ്ഞിരുന്നു. എങ്കിലും ബന്ധത്തിലൊന്നും പെടാതെ കഴിയുകയായിരുന്നു. വിവാഹത്തെ സംബന്ധിക്കുന്ന ബാബാജിയുടെ നിർദ്ദേശം ഏറ്റവും സ്വീകാര്യമായിരുന്നു. അത് ബോധത്തെ വികാസത്തിലേക്ക് നയിക്കുന്നതിന് അനുയോജ്യവും ആയിരിക്കും. അദ്ദേഹത്തിന്റെ നിർദ്ദേശം മനസ്സിൽ സജീവമായി കിടക്കുന്നുണ്ടായിരുന്നു. സുനന്ദയെ സംബന്ധിച്ചാണെങ്കിൽ അവൾ ആത്മാർത്ഥതയുള്ളവളും, സ്നേഹമുള്ളവളും, സുന്ദരിയും കുലീന കുടുംബത്തിൽ പെട്ടവളും ആയിരുന്നു.

ഒരിക്കൽ ഞാൻ കൃഷ്ണമൂർത്തിയോട് വിവാഹത്തെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹം സെയിന്റ് പോളിന്റെ വാക്കുകൾ ഉദ്ധരിക്കുകയുണ്ടായി: "എരിഞ്ഞു കഴിയുന്നതിനെക്കാൾ ഭേദം വിവാഹം കഴിക്കലാണ്." ഞാൻ എരിഞ്ഞു കഴിയുകയായിരുന്നില്ല. എന്നാൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സുനന്ദയുമായി ഒരുമിച്ച് ജോലി ചെയ്യുന്നതിനിടയിൽ എനിക്ക് ഒരു കാര്യം മനസ്സിലായി. പ്രേമത്തിന്റെ ഇളംതെന്നൽ ഞങ്ങളെ തഴുകിക്കൊണ്ടിരുന്നു. ദൈവം ഞങ്ങളുടെ ഹൃദയങ്ങളെ കൂട്ടിയിണക്കിക്കൊണ്ടിരുന്നു. ഞങ്ങൾ രണ്ടുപേരും വിവാഹിതരാകാൻ തീരുമാനിച്ചു. എന്നാൽ അത് അത്ര എളുപ്പമായിരുന്നില്ല.

സുനന്ദ ഉഡുപ്പിയിലെ സാരസ്വത ബ്രാഹ്മണ കുടുംബത്തിലെ അംഗമായിരുന്നു. അവളുടെ അമ്മയുടെ വീട് ധാർവാഡിൽ ആയിരുന്നു. ഞാൻ ബ്രാഹ്മണനല്ലായിരുന്നു. മാത്രവുമല്ല, ഞാൻ ഹിന്ദുവായി ജനിച്ചവനും അല്ല.

എന്റെ വരുമാനമാണെങ്കിൽ ഓണറേറിയമായി കിട്ടുന്ന ഒരു ചെറിയ തുക ആയിരുന്നു. എനിക്ക് സ്വന്തമായി ഒരു വീടും ഇല്ലായിരുന്നു. ഇവയെപ്പറ്റിയെല്ലാം ആലോചിച്ചതിനുശേഷമാണ് ഞങ്ങൾ വിവാഹിതരാകാനുള്ള തീരുമാനം എടുത്തത്. ഒരു നിബന്ധനയ്ക്കു വിധേയമായി സുനന്ദയുടെ അച്ഛനമ്മമാർ വിവാഹത്തിനു സമ്മതിച്ചു. വിവാഹം ഹൈന്ദവരീതിയിലായിരിക്കും; വൈദിക വിധിപ്രകാരമായിരിക്കും. എനിക്ക് സുനന്ദയുടെ തീരുമാനത്തെ പ്രശംസിക്കാതിരിക്കാൻ കഴിയുകയില്ല. ഒന്നാമത്തെ കാരണം, ചുരുങ്ങിയ കാലം പരിചയമുള്ള എന്നിൽ അർപ്പിച്ച വിശ്വാസം. രണ്ടാമത്തേത് വിവാഹത്തിനു തയ്യാറാകുന്നതിലൂടെ അവൾ പ്രകടിപ്പിച്ച അസാമാന്യ ധീരത. എന്തൊക്കെയായാലും അവളുടെ അച്ഛനമ്മമാരുടെ തുറന്ന മനസ്സും വാഴ്ത്തപ്പെടേണ്ടതുതന്നെ.

ഞാൻ ഈ വരികൾ കുറിക്കുമ്പോൾ ഞങ്ങൾ വിവാഹിതരായിട്ട് ഇരുപത്തിമൂന്നു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഞങ്ങൾക്ക് മുതിർന്ന രണ്ടു കുട്ടികളും ഉണ്ട്. ജീവിതത്തിൽ ഞങ്ങൾ തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഇല്ലായിരുന്നു എന്നു പറയാൻ കഴിയുകയില്ല. മൊത്തത്തിൽ പറയുകയാണെങ്കിൽ ഞങ്ങളുടെ കുടുംബത്തിന്റെ അടിത്തറ ഭദ്രമാണ്. ഞങ്ങൾ പരസ്പരം സ്നേഹിക്കുകയും പ്രശ്നങ്ങൾ കൂട്ടായ തീരുമാനങ്ങളിലൂടെ പരിഹരിക്കുകയും ചെയ്യുന്നു.

അഞ്ചര ഏക്കർ വിസ്താരമുള്ള ഒരു മനോഹരമായ വളപ്പിലാണ് കൃഷ്ണമൂർത്തി ഫൗണ്ടേഷന്റെ ഹെഡ്ക്വാർട്ടേഴ്സ് സ്ഥിതി ചെയ്തിരുന്നത്. വസന്ത്വിഹാറിൽ ഞങ്ങൾ ഒരുമിച്ചു ജോലി ചെയ്യുകയും ഒരുമിച്ചു ജീവിക്കുകയും ചെയ്തു. ക്രമേണ അവിടത്തെ അന്തരീക്ഷത്തിൽ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരുന്നു. അനുകൂലമല്ലാത്ത പല സാഹചര്യങ്ങളും സംജാതമായി. ഓരോ ദിവസം കഴിയുന്തോറും സക്സേനയുടെ ശാരീരികവും മാനസികവുമായ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരുന്നു. അടുത്തു കഴിഞ്ഞിരുന്ന എല്ലാവരെയും അദ്ദേഹം സംശയദൃഷ്ടിയോടെ നോക്കാൻ തുടങ്ങി. ഞാൻ മനസ്സിലാക്കിയിടത്തോളം അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി മോശമാകാനുള്ള പ്രധാനപ്പെട്ട കാരണം അദ്ദേഹത്തിന്റെ പാരമ്പര്യാധിഷ്ഠിത മനസ്സിന് കൃഷ്ണമൂർത്തിയുടെ ചിന്താഗതികളുമായി പൊരുത്തപ്പെട്ടുപോകാനുള്ള കഴിവില്ലായ്മ ആയിരുന്നു. അദ്ദേഹം എന്നോടും ശത്രുതാഭാവം പുലർത്താൻ തുടങ്ങി. അതിനും കാരണമുണ്ടായിരുന്നു. ഞാൻ സുനന്ദയെ വിവാഹം കഴിക്കുന്നത് അദ്ദേഹത്തിന് ഇഷ്ടമല്ലായിരുന്നു. വിവാഹം കഴിച്ചു കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഞങ്ങളോടുള്ള വൈമനസ്യം വർദ്ധിച്ചു.

അതിനിടയിൽ സുനന്ദ ഗർഭവതിയായി. ഒരു കുഞ്ഞിനെ വളർത്തുന്നതിന് വസന്ത് വിഹാറിലെ അന്തരീക്ഷം അനുകൂലമായിരിക്കുമോ എന്ന വിഷയം ഞങ്ങളെയും ചിന്താധീനരാക്കി. അപ്പോഴാണ് ദൈവാനുഗ്രഹത്താൽ അനുകൂലമായ സാഹചര്യം ഉണ്ടായത്. ഒരു ദിവസം രാത്രിയിൽ എനിക്ക് സ്വപ്നത്തിൽ ബാബാജിയുടെ ദർശനം കിട്ടി. എനിക്ക് വസന്ത്വിഹാറിൽനിന്നും പോകാനുള്ള സമയമായി എന്ന് അദ്ദേഹം അറിയിച്ചു. അടുത്ത ദിവസം ഞങ്ങൾക്ക് ഒരു വിവരം കിട്ടി. ഋഷിവാലി സ്കൂൾ മാനേജ്മെന്റ് നീൽബാഗ് സ്കൂൾ വിലയ്ക്കു വാങ്ങാൻ പോകുന്നുവെന്നും സ്കൂൾ അധികൃതർ

നീൽബാഗ് സ്കൂളിൽ താമസിച്ചുകൊണ്ട് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ തയ്യാറുള്ള ഒരു ടീച്ചറെ തിരയുകയാണെന്നും അറിഞ്ഞു.

ആന്ധ്രാപ്രദേശിന്റെ അതിർത്തിക്കു സമീപമുള്ള കർണ്ണാടക സ്റ്റേറ്റിലെ ഗ്രാമീണജില്ലകളുടെ ഉൾപ്രദേശത്ത് കിടക്കുന്ന പ്രദേശമാണ് റായൽപാഡ്. റായൽപാഡിനടുത്താണ് നീൽബാഗ് സ്കൂൾ. ധാരാളം മരങ്ങളുള്ള ഏഴര ഏക്കർ സ്ഥലത്തിനുള്ളിലാണ് സ്കൂൾ സ്ഥിതി ചെയ്തിരുന്നത്. ഋഷിവാലി സ്കൂൾ ആന്ധ്രാപ്രദേശിൽ ആയിരുന്നു. അവിടെനിന്നും ഒന്നരമണിക്കൂർകൊണ്ട് നീൽബാഗിൽ എത്താൻ കഴിയും. സംസ്കൃതഭാഷാ പണ്ഡിതനും, ശില്പിയും വിദ്യാഭ്യാസ വിചക്ഷണനുമായ ഡേവിഡ് ഹോർസ്ബൊറോ എന്ന സ്കോട്ട് ലണ്ടുകാരൻ നീൽബാഗിൽ ഭൂമി വിലയ്ക്കു വാങ്ങി അവിടെ ഇംഗ്ലിഷ്ശൈലി യുള്ള കെട്ടിടം പണിഞ്ഞ് ഒരു സ്കൂൾ തുടങ്ങി. സ്കൂളിനോടു ചേർന്ന കെട്ടിടത്തിലായിരുന്നു അദ്ദേഹം താമസിച്ചുകൊണ്ടിരുന്നത്. അടുത്തുള്ള ഗ്രാമത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പഠിക്കാൻവേണ്ടിയായിരുന്നു സ്കൂൾ തുടങ്ങിയത്. അദ്ദേഹത്തിന്റെ ഭവനത്തിനുചുറ്റും സ്കൂൾ വളർന്നു. അവിടെ സൗജന്യ വിദ്യാഭ്യാസമാണ് നല്കിയിരുന്നത്. ഋഷിവാലി സ്കൂൾ തുടങ്ങിയ കാലത്ത് അദ്ദേഹം ആ സ്കൂളിൽ ജോലി ചെയ്തിരുന്നു. പിന്നീട് ബ്രിട്ടീഷ് കൗൺസിലിന്റെ വിദ്യാഭ്യാസ വിഭാഗത്തിൽ ജോലി ചെയ്തു. അദ്ദേഹം പാവപ്പെട്ട ഗ്രാമീണരായ കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുക മാത്രമല്ല ചെയ്തത്. നവീകരിച്ച വിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രാവീണ്യം നേടാൻ അധ്യാപകരെ പരിശീലിപ്പിക്കുകയും ചെയ്തു.

നിർഭാഗ്യവശാൽ ഡേവിഡിന് കരൾരോഗം ബാധിക്കുകയും അറുപതാമത്തെ വയസ്സിൽ മരണമടയുകയും ചെയ്തു. അദ്ദേഹത്തിന്റെ അനന്തരാവകാശികൾക്ക് സ്കൂളും സ്വത്തുവകകളും നടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ വന്നു. അതേ പേരിൽ ഇംഗ്ലണ്ടിൽ സ്കൂൾ തുടങ്ങുന്ന കാര്യവും അവർ ആലോചിച്ചു. ഈ സാഹചര്യത്തിലാണ് ഋഷിവാലി സ്കൂൾ മാനേജ്മെന്റ് മുന്നോട്ടു വരികയും നീൽബാഗ് സ്കൂൾ വിലയ്ക്കു വാങ്ങാൻ തീരുമാനിക്കുകയും ചെയ്തത്. പ്രകൃതി ഭംഗിയുള്ള പ്രദേശമായിരുന്നു അത്. എന്നാൽ തനി നാട്ടിൻ പുറമായിരുന്നു. ഡേവിഡിന്റെ സുഹൃത്തായ ബേക്കർ എന്ന വാസ്തുശില്പി യുടെ മേൽനോട്ടത്തിലായിരുന്നു കെട്ടിടനിർമ്മാണം നടന്നിരുന്നത്. ബ്രിട്ടീഷ് കെട്ടിട നിർമ്മാണ മാതൃക സ്വീകരിച്ചുകൊണ്ട് ചെളികൊണ്ടാണു കെട്ടിട പണി ചെയ്യിച്ചത്. തടികൊണ്ടുള്ള ഇരിപ്പിടത്തോടുകൂടിയ പാശ്ചാത്യരീതി യിലുള്ളവയായിരുന്നു ടോയിലറ്റുകളും ബാത്ടബ്ബുകളും.

നീൽബാഗ് സ്കൂൾ വാങ്ങുന്നതിനു മുന്നിട്ടിറങ്ങിയത് എന്റെ ഉറ്റ സുഹൃത്തു കൂടിയായ ഡോക്ടർ രാധികാ ഹെർസ്ബെർഗർ ആയിരുന്നു. അവരായിരുന്നു ഋഷിവാലി സ്കൂളിന്റെ ഡയറക്ടർ. ഞങ്ങൾ നീൽബാഗിലേക്കു താമസം മാറ്റാൻ ആഗ്രഹിക്കുന്നുവെന്ന് അവരോട് പറഞ്ഞപ്പോൾ അവർ അതിയായി സന്തോഷിച്ചു. ഞങ്ങളെ അവർ ഏറക്കുറെ മനസ്സിലാക്കിയിരുന്നു. സുനന്ദ ഗർഭവതിയാണെന്ന് അവർക്ക് അറിയാമായിരുന്നു. ഞങ്ങൾ നീൽബാഗിലേക്കു തിരിച്ചു.

ഞങ്ങൾ നീൽബാഗിൽ പത്തുകൊല്ലം ചെലവഴിച്ചു. എന്റെ ജീവിതത്തിലെ സുപ്രധാനമായ കാലമായിരുന്നു അത്. വിവാഹത്തിനുശേഷം ഞങ്ങൾ സ്വന്തം വീട്ടിൽ എന്നപോലെ ആയിരുന്നു അവിടെ താമസിച്ചിരുന്നത്. ഞങ്ങൾ താമസിച്ചിരുന്നത് ഒരു പ്രത്യേകം കെട്ടിടത്തിൽ ആയിരുന്നു. സുനന്ദ വിദ്യാഭ്യാസസംബന്ധമായ കാര്യങ്ങളിൽ മുഴുകിയിരുന്നു. ഭരണപരമായ കാര്യങ്ങളിൽ ഞാൻ മേൽനോട്ടം വഹിച്ചു. ഞങ്ങളുടെ രണ്ടു കുട്ടികളും, മകൻ റോഷനും മകൾ ഐഷയും ഒമ്പതും ഏഴും വയസ്സ് ആകുന്നതുവരെ വളർന്നത് അവിടത്തെ അന്തരീക്ഷത്തിലായിരുന്നു. അക്കാലത്ത് എന്റെ ജീവിതത്തിലെ സുപ്രധാനമായ ഒരു കാര്യവും നടന്നു. ഞാൻ ആദ്യമായി ബാംഗ്ളൂരിൽ പൊതുജനങ്ങളുടെ മുന്നിൽ ഒരു പ്രഭാഷണം നടത്തി. പിന്നീട് തുടരെത്തുടരെ പ്രഭാഷണങ്ങൾ ചെയ്തുകൊണ്ടിരുന്നു. മാത്രവുമല്ല സത്സംഗ് ഫൗണ്ടേഷനു തുടക്കം കുറിച്ചതും നീൽബാഗിൽവച്ചായിരുന്നു. ഡൽഹിയിൽനിന്നും വിവേക് മഹേന്ദ്രു തിരുവനന്തപുരത്തുള്ള എന്റെ പഴയ സുഹൃത്തായ രാധാകൃഷ്ണനോടൊപ്പം എന്നെ കാണാൻ വന്നതും പിൽക്കാലത്ത് അദ്ദേഹം ബാബാജിയുടെ ആശയങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധനായതും എന്റെ ജീവിതത്തിലെ മറക്കാനാവാത്ത അനുഭവമാണ്. മാത്രവുമല്ല, ഞാൻ ആദ്യമായി ഒരു പുസ്തകം എഴുതിയതും നീൽബാഗിൽ വച്ചായിരുന്നു. പുസ്തകത്തിന്റെ പേര് 'ദി ലിറ്റിൽ ഗൈഡ് ടു ഗ്രേറ്റർ ഗ്ലോറി ആൻഡ് എ ഹാപ്പിയർ ലൈഫ്' എന്നാണ്. ഒട്ടുംതന്നെ അപ്രധാനമല്ലാത്ത മറ്റൊരു കാര്യം ഞാൻ കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽനിന്ന് രാജിവച്ചതും അക്കാലത്തായിരുന്നു എന്നതാണ്.

നാല്പത്തിയെട്ട്

നീൽബാഗും സത്സംഗ് ട്രെയിനും

ഞാൻ നീൽബാഗിൽ ചെലവഴിച്ച പത്തുവർഷക്കാലം ആദ്ധ്യാത്മികമായും ഭൗതികമായും വളരെയേറെ സുപ്രധാനവും, അതോടൊപ്പം പ്രയോജനപ്രദവുമായിരുന്നു. ധാരാളം മരങ്ങളും എവിടെ നോക്കിയാലും പച്ചപ്പും കാണാമായിരുന്ന നീൽബാഗ് ധ്യാനം പരിശീലിക്കുന്ന എനിക്ക് അനുകൂലമായ അന്തരീക്ഷമാണ് ഒരുക്കിത്തന്നത്. വിവാഹാനന്തരം ഞങ്ങൾക്കു ലഭിച്ച ആദ്യത്തെ ഭവനമായിരുന്നു നീൽബാഗ്. ഞങ്ങൾക്കു പരസ്പരം മനസ്സിലാക്കാനും സുദൃഢമായ ആത്മബന്ധം ഊട്ടിയുറപ്പിക്കാനും നീൽബാഗിലെ താമസം സഹായകരമായി. ഞങ്ങളുടെ കുട്ടികൾക്കും നീൽബാഗിലെ താമസം ഇഷ്ടമായി. പ്രകൃതിയുമായി ഇണങ്ങിച്ചേർന്ന ജീവിതമായിരുന്നു അവരുടേത്. സ്വതന്ത്രമായ അന്തരീക്ഷത്തിൽ അവർക്ക് വളരാൻ കഴിഞ്ഞു.

എല്ലാ ആഴ്ചയിലും ഒരു ദിവസം ഞാൻ മോട്ടോർബൈക്കിൽ ഋഷിവാലി സ്കൂളിലേക്കു പോയിരുന്നു. ആ സ്കൂളിലെ ഒമ്പതാം സ്റ്റാൻഡേർഡ് വിദ്യാർത്ഥികളെ സാംസ്കാരിക വിഷയങ്ങൾ പഠിപ്പിക്കുകയും ഉച്ചയ്ക്കുശേഷം കമ്മിറ്റി മീറ്റിങ് ഉണ്ടെങ്കിൽ അതിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അധികം വൈകാതെ ഞാൻ ഒരു പഴയ കാർ വിലയ്ക്കുവാങ്ങി. അന്നത്തെ സാഹചര്യത്തിൽ പുതിയ കാർ വാങ്ങാൻ കഴിയുമായിരുന്നില്ല. ഞങ്ങൾ ആ കാറിൽ സകുടുംബം ബാംഗ്ളൂരിൽ പോകാറുണ്ടായിരുന്നു. ബാംഗ്ളൂരിൽ സഹോദരിയും കുടുംബവും താമസിച്ചിരുന്നു. അച്ഛനമ്മമാരും താമസിച്ചിരുന്നതു ബാംഗ്ളൂരിൽ ആയിരുന്നു. വഴിമദ്ധ്യേ ഞങ്ങൾ ഒരു തടാകത്തിനരികിൽ കാറിൽ നിന്നിറങ്ങി അവിടത്തെ പ്രകൃതിഭംഗി ആസ്വദിച്ചിരുന്നു. അവിടെ വെളുത്ത പക്ഷികളും കുരങ്ങുകളും ധാരാളം ഉണ്ടായിരുന്നു. അവയെ നോക്കിനില്ക്കുന്നത് രസകരമായ അനുഭവമായിരുന്നു. എന്തുകൊണ്ടും ഞങ്ങൾക്കു നീൽബാഗിലെ ജീവിതം ഏറെ ഇഷ്ടപ്പെട്ടു. സുനന്ദയായിരുന്നു ഹെഡ്മിസ്ട്രസ്. സുനന്ദയ്ക്ക് സ്കൂൾ വളരെ ഇഷ്ടമായിരുന്നു. ഡേവിഡ് ഹോർസ്ബൊറോയിൽ നിന്നും പരിശീലനം നേടിയ ഇന്ദിരാ സീതാരാമൻ എന്ന അദ്ധ്യാപിക സുനന്ദയെ ആത്മാർത്ഥമായി സഹായിച്ചിരുന്നു. നീൽബാഗിൽവച്ച് എനിക്ക് അവരുടെ ഭർത്താവായ സീതാരാമനെ പരിചയപ്പെടാൻ കഴിഞ്ഞു. അന്നുമുതൽ ഞങ്ങൾ നല്ല സുഹൃത്തുക്കളായി.

നീൽബാഗിൽവച്ചായിരുന്നു ഞാൻ എന്റെ ആദ്യത്തെ പുസ്തകം എഴുതിയത്-ദി ലിറ്റിൽ ഗൈഡ് ടു ഗ്രേറ്റർ ഗ്ളോറി ആൻഡ് എ ഹാപ്പിയർ ലൈഫ്. പുസ്തകം രചിച്ചിട്ടും പ്രസിദ്ധീകരിക്കാനുള്ള നടപടിയൊന്നും എടുത്തിട്ടില്ലായിരുന്നു. എന്തെന്നാൽ പൊതുജനമദ്ധ്യത്തിലേക്ക് ഇറങ്ങി സന്ദേശം

നല്കാനുള്ള സമയം ആയില്ലായിരുന്നു. കഴിയുന്നിടത്തോളം എന്റെ അറിവും അനുഭവങ്ങളും എന്നിൽത്തന്നെ ഒതുക്കിവയ്ക്കാൻ ഞാൻ ശ്രമിച്ചിരുന്നു. ബാബാജിയിൽനിന്ന് അദ്ദേഹത്തിന്റേതായ ശൈലിയിൽ ഒരു സൂചനയും ലഭിച്ചിരുന്നില്ല. അതിനാൽ കഴിവുകൾ പ്രകടിപ്പിക്കാനുള്ള ശ്രമം നടത്തിയിരുന്നില്ല. ബാബാജിക്ക് എല്ലാത്തിനും അദ്ദേഹത്തിന്റേതായ പദ്ധതികൾ ഉണ്ടായിരുന്നു.

ഞാൻ എന്റെ ആദ്ധ്യാത്മികമായ അനുഭവങ്ങളും സാഹസിക പ്രവൃത്തികളും മറ്റും എന്നെ ബന്ധപ്പെട്ടുകൊണ്ടിരുന്ന വ്യക്തികൾക്ക് അറിയാൻ ഇടകൊടുത്തിരുന്നില്ല. എന്നിരുന്നാലും എന്റെ പഴയ സുഹൃത്തുക്കൾക്കും, സ്കൂളിലും കോളജിലും കൂടെ പഠിച്ചിരുന്നവർക്കും എന്റെ ആദ്ധ്യാത്മികമായ താൽപര്യങ്ങളെപ്പറ്റിയും അന്വേഷണങ്ങളെപ്പറ്റിയും അറിയാമായിരുന്നു. അവരിൽ ഒരാളായ പ്രേം കുക്കിലിയാ അന്ന് ബാംഗ്ളൂരിൽ ജോലി ചെയ്യുകയായിരുന്നു. അയാൾ ഒരു ദിവസം ജുവലേഴ്സ് സ്ട്രീറ്റിലെ മംഗയ്യാചെട്ടി ആൻഡ് സൺസ് എന്ന ജുവലറിയിൽ പഴയ ആഭരണത്തിനുപകരം പുതിയ ആഭരണം വാങ്ങാനോ മറ്റോ പോയി. ജുവലറി നടത്തിയിരുന്ന രണ്ടുപേരിൽ ഇളയ ആളിന്റെ പേര് മോഹൻകുമാർ എന്നായിരുന്നു. മോഹൻ കുമാറിനോട് സംസാരിക്കവേ അയാളുടെ മേശപ്പുറത്ത് സ്വാമി മുക്താനന്ദ രചിച്ച ഒരു ആദ്ധ്യാത്മിക ഗ്രന്ഥം കിടക്കുന്നതുകണ്ടു. പ്രേം കുക്കിലിയാ പ്രസ്തുത പുസ്തകത്തെപ്പറ്റി ചോദിച്ചപ്പോൾ തനിക്ക് ആദ്ധ്യാത്മിക വിഷയങ്ങളിൽ താൽപര്യമുണ്ടെന്ന് മോഹൻകുമാർ പറഞ്ഞു.

പ്രേം കുക്കിലിയാ സന്ദർഭവശാൽ മോഹൻകുമാറിനോട് തനിക്ക് ഒരു സുഹൃത്ത് ഉണ്ടെന്നും അയാൾ ഒരു ഹിന്ദു അല്ലെങ്കിൽപ്പോലും ഹൈന്ദവദർശനങ്ങളിലും, ആദ്ധ്യാത്മിക വിഷയങ്ങളിലും സജീവമായ താൽപര്യം പുലർത്തുന്നുണ്ടെന്നും, യോഗ പരിശീലിച്ചിട്ടുണ്ടെന്നും ഹിമാലയത്തിൽ പലയിടങ്ങളിലും സഞ്ചരിച്ചിട്ടുണ്ടെന്നും ഇന്ദ്രജാലം പഠിച്ചിട്ടുണ്ടെന്നും പറഞ്ഞു. അതു കേട്ട് മോഹൻകുമാർ എന്നെ കാണണമെന്ന അതിയായ ആഗ്രഹം പ്രകടിപ്പിച്ചു. അപ്പോൾ പ്രേം കുക്കിലിയാ മോഹൻകുമാറിനോട് തന്റെ സുഹൃത്ത് ഇപ്പോൾ റായൽപ്പാഡ് എന്ന വിദൂരഗ്രാമത്തിലാണ് താമസിക്കുന്നതെന്നും കാറിൽ പോകുകയാണെങ്കിൽ അവിടെയെത്താൻ മൂന്നു മണിക്കൂർ സമയം വേണ്ടിവരുമെന്നും പറഞ്ഞു. കൂടക്കൂടെ ഞാൻ ബാംഗ്ളൂരിൽ വരാറുണ്ടെന്ന കാര്യവും എന്റെ സുഹൃത്ത് അയാളോടു പറഞ്ഞു. എന്റെ അളിയന്റെ കുടുംബവും അച്ഛനമ്മമാരും ബാംഗ്ളൂരിൽ ഉണ്ടെന്നും സുഹൃത്ത് അയാളോടു പറഞ്ഞു. അന്നൊക്കെ നീൽബാഗിൽ ടെലിഫോൺ സൗകര്യം ഇല്ലായിരുന്നു. സുഹൃത്ത് എന്നെ കാണുമ്പോൾ മോഹൻകുമാറിന്റെ താൽപര്യം എന്നെ അറിയിക്കാമെന്നും വാക്കുകൊടുത്തു.

മൂന്നാഴ്ച കഴിഞ്ഞ് ഞാൻ ബാംഗ്ളൂരിൽ പോയി. എന്റെ അളിയന്റെ വീട്ടിൽ പോകുന്ന വഴിക്ക് ഞാൻ പ്രേം കുക്കിലിയായുടെ ആഫീസിൽ കയറി. അയാൾ മോഹൻകുമാറിനെ കണ്ട കഥയൊക്കെ എന്നോടു പറഞ്ഞു. ഞാൻ വലിയ താൽപര്യം കാണിച്ചില്ല. പിന്നീട് അതൊക്കെ മറക്കുകയും ചെയ്തു. ഞാൻ അടുത്ത തവണ ബാംഗ്ളൂരിൽ പോയപ്പോൾ ഓയിൽ പെയിന്റും ബ്രഷും

വാങ്ങാൻവേണ്ടി കമ്മേഴ്സ്യൽ സ്ട്രീറ്റിലെ റിലയൻസ് സ്റ്റേഷനേഴ്സിൽ ചെന്നു. എന്റെ പക്കൽ ഉണ്ടായിരുന്ന ഏതാനും ആഭരണങ്ങളെപ്പറ്റി ഓർത്തു. അവ ക്ലീൻ ചെയ്യുന്നതിനുവേണ്ടി സുനന്ദ എന്നെ ഏല്പിച്ചവയായിരുന്നു. അവളുടെ അമ്മയുടെ ആഭരണങ്ങൾ ആയിരുന്നു അവ. ആഭരണക്കട നോക്കിനടന്ന ഞാൻ ജുവല്ലേഴ്സ് സ്ട്രീറ്റിൽ മംഗയ്യാചെട്ടി ആൻഡ് സൺസ് എന്ന ബോർഡുകണ്ടു. ആ കടയുടെ പേര് മുമ്പ് പ്രേം കുക്കിലിയാ പറഞ്ഞിരുന്നതു ഞാൻ ഓർത്തു. കടയ്ക്കുള്ളിലേക്കു കയറിയ ഞാൻ പ്രായം ചെന്ന ഒരാളും ഒരു യുവാവും ഡെസ്കിന്റെ അരികിൽ ഇരിക്കുന്നതുകണ്ടു. പ്രായം ചെന്നയാൾ ധൃതിയിൽ പണം എണ്ണിക്കൊണ്ടിരിക്കുകയായിരുന്നു. ഞാൻ യുവാവിനോട് എന്റെ ആവശ്യം അറിയിച്ചു. ഞാൻ എന്റെ സുഹൃത്തായ പ്രേം കുക്കിലിയാ വന്നിരുന്നത് ഇതേ കടയിൽ ആയിരുന്നുവോ എന്ന് അന്വേഷിച്ചു.

മോഹൻകുമാർ ആയിരുന്നു യുവാവ്. അയാൾ 'അതെ' എന്നു പറഞ്ഞു. ഞാൻ പ്രേം കുക്കിലായുടെ സുഹൃത്താണെന്ന് അയാളോടു പറഞ്ഞു. അപ്പോൾ അയാൾ എന്നോട് ഹിമാലയത്തിൽ പോയിട്ടുള്ള പ്രേമിന്റെ സുഹൃത്തിനെ അറിയാമോ എന്നു ചോദിച്ചു. എന്റെ ജീൻസ് പാന്റും റെഡ് റ്റീഷർട്ടും കണ്ടിട്ട് ഹിമാലയത്തിൽ പോയിരുന്ന പ്രേമിന്റെ യോഗിയായ സുഹൃത്ത് ഒരിക്കലും ഞാനായിരിക്കുമെന്ന് കരുതിയില്ല.

ഞാൻ അയാളോടു കള്ളം പറയണമെന്നു വിചാരിച്ചില്ല. പ്രേം പരാമർശിച്ച സുഹൃത്ത് ഞാൻതന്നെയാണെന്ന് അയാളോടു പറഞ്ഞു. ഉടനേ മോഹൻ കുമാർ സ്വയം പരിചയപ്പെടുത്തിക്കൊണ്ടു പറഞ്ഞു: "ഞാൻ ഇവിടത്തെ ലോക്കൽ തിയോസൊഫിക്കൽ സൊസൈറ്റിയുടെ സെക്രട്ടറിയാണ്. സൊസൈറ്റിയിൽ ഒരു പ്രഭാഷണം നടത്താമോ?" ഞാൻ മുമ്പ് പൊതുജന മദ്ധ്യത്തിൽ പ്രഭാഷണം നടത്തിയിട്ടില്ലെന്നും എന്റെ ആദ്ധ്യാത്മിക ജീവിത ത്തെപ്പറ്റി വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നില്ലെന്നും പറഞ്ഞു. ഹിമാലയത്തിലെ യാത്രയെപ്പറ്റി എന്തെങ്കിലും സംസാരിച്ചാൽമതിയെന്ന് മോഹൻകുമാർ നിർദ്ദേശിച്ചു. ഞാൻ അതെപ്പറ്റി ആലോചിക്കാം എന്നു പറഞ്ഞ് ആഭരണങ്ങൾ ക്ലീൻ ചെയ്യാൻ കൊടുത്തിട്ട് അവിടെനിന്നും എത്രയും വേഗം പോയി.

മോഹൻകുമാറുമായുള്ള സമാഗമത്തിനു പിന്നിൽ ബാബാജിയുടെ ആഗ്രഹമുണ്ടായിരിക്കാം എന്ന് എന്റെ മനസ്സിൽ സന്ദേഹമുദിച്ചു. അത് ശരിയായിരുന്നുവെന്ന് രണ്ടു ദിവസം കഴിഞ്ഞ് ഉറപ്പായി. രണ്ടാമത്തെ ദിവസം രാത്രിയിൽ കണ്ട ദീർഘമായ സ്വപ്നത്തിൽ ബാബാജി പ്രത്യക്ഷപ്പെട്ടു. കണ്ടാൽ ചിരി വരുന്ന രൂപത്തിലായിരുന്നു അദ്ദേഹം പ്രകടമായത്. കണ്ട സ്വപ്ന ത്തിലും ഞാൻ ഉറക്കെ ചിരിക്കുകയായിരുന്നു. എന്റെ രൂപം ഒരു ട്രെയിനിന്റെ ആകൃതിയിൽ ആയിരുന്നു. ട്രെയിനിന്റെ പുറത്ത് ഒട്ടിച്ചിരുന്ന ബാനറിൽ 'സത്സംഗ്' എന്ന് എഴുതിയിരുന്നു. റയിൽവേ ഗാർഡിന്റെ വേഷത്തിൽ ബാബാജി പ്ലാറ്റ്ഫോമിൽ നില്ക്കുകയായിരുന്നു. എന്നാൽ കാലിൽ ഷൂസും തൊപ്പിയും ധരിച്ചിട്ടില്ലായിരുന്ന ഗാർഡ് വീണ്ടും വീണ്ടും വിസിൽ അടിച്ചുകൊണ്ടിരുന്നു. ട്രെയിൻ വേഗത്തിൽ ഓടാൻ തുടങ്ങി. ഞാൻ ഉണർന്നു കഴിഞ്ഞിട്ടും എനിക്കു ചിരി അടക്കാൻ കഴിഞ്ഞില്ല. എനിക്കു സ്വപ്നത്തിന്റെ അർത്ഥം ഉൾക്കൊള്ളാൻ കഴിഞ്ഞു. പൊതുജനങ്ങളുടെ മദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാനുള്ള പച്ചക്കൊടി

എന്റെ മുമ്പിൽ കാട്ടിക്കഴിഞ്ഞിരിക്കുന്നുവെന്ന് എനിക്കു ബോധ്യമായി. അതുവരെയും ശാന്തമായി നടത്തിയിരുന്ന സ്വകാര്യമായ കുടുംബജീവിതത്തിന് അന്നു മുതൽ ഒരു മാറ്റം വരാൻ പോകുന്നതായി തോന്നി. എന്റെ എല്ലാ ഉത്കണ്ഠകളും ഞാൻ ഉള്ളിൽ ഒതുക്കി. ദിവ്യശക്തികൾ എന്നിലൂടെ ചില കാര്യങ്ങൾ ചെയ്യിക്കുമ്പോൾ മഹത്തായ കാര്യങ്ങൾക്കുവേണ്ടി വ്യക്തിപരമായ കാര്യങ്ങൾക്കു പ്രാധാന്യം കൊടുക്കാൻ പാടില്ലെന്നു മനസ്സിൽ ഉറപ്പിച്ചു.

രണ്ടാഴ്ച കഴിഞ്ഞ് ക്ലീൻ ചെയ്ത ആഭരണങ്ങൾ തിരികെ വാങ്ങാൻ വേണ്ടി ജുവല്ലറിയിൽ പോയിരുന്നു. മോഹൻകുമാർ അന്നും പ്രഭാഷണത്തിന്റെ കാര്യം പറഞ്ഞു. ഞാൻ സസന്തോഷം പ്രഭാഷണം ചെയ്യാമെന്ന് ഏറ്റു. അടുത്ത ദിവസം ഞായറാഴ്ച ആയിരുന്നു. തിയോസൊഫിക്കൽ സൊസൈറ്റിയുടെ കൻറ്റോൺമെന്റ് ലോഡ്ജിൽവച്ചായിരുന്നു പ്രഭാഷണം. വൈകുന്നേരം അഞ്ചു മണിക്കാണ് പ്രഭാഷണത്തിന്റെ സമയം. അത് എന്റെ ആദ്യത്തെ സത്സംഗം ആയിരുന്നു. പ്രഭാഷണം കേൾക്കുന്നതിനു മുപ്പതിൽപ്പരം ശ്രോതാക്കൾ ഉണ്ടായിരുന്നു. പ്രഭാഷണം തീർന്നു കഴിഞ്ഞപ്പോൾ പലരും ഹസ്തദാനം നല്കി എന്നെ അനുമോദിക്കുകയും ഇത്രയും നല്ല പ്രഭാഷണം മുമ്പു കേട്ടിട്ടില്ല എന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അന്നേരം ഞാൻ നിശ്ശബ്ദനായി നിന്നുകൊണ്ട് മനസ്സിൽ ബാബാജിക്ക് നന്ദി പറയുകയായിരുന്നു.

സർക്കാരുദ്യോഗസ്ഥനായ രഘു എന്ന ഒരാൾ എന്നെ സമീപിക്കുകയും ഇതുപോലെയുള്ള പ്രഭാഷണങ്ങൾ തുടർച്ചയായി നടത്താൻ കഴിയുമോ എന്ന് ആരായുകയും ചെയ്തു. വിസിൽ മുഴങ്ങിക്കഴിഞ്ഞു. സത്സംഗ് ട്രെയിൻ ചലിക്കാൻ തുടങ്ങി.

അന്നത്തെ സത്സംഗത്തിൽവച്ച് സർവ്വീസിൽനിന്നും വിരമിച്ച ഇന്ത്യൻ വ്യോമസേനയിലെ ഫൈറ്റർ പൈലറ്റായിരുന്ന ഗ്രൂപ്പ് ക്യാപ്റ്റൻ രത്നാകർ സനദിയുമായി പരിചയപ്പെട്ടു. സംസാരിച്ചപ്പോഴാണ് അദ്ദേഹം സുനന്ദയുടെ ബന്ധു ആണെന്നു മനസ്സിലായത്. സുനന്ദയുടെ അച്ഛൻ രമേശ് സനദിയും ഇന്ത്യൻ സൈന്യത്തിൽ ലഫ്റ്റനന്റ് കേണൽ എന്ന പദവിയിൽനിന്നും വിരമിച്ച ആളായിരുന്നു. കബ്ബൺ റോഡിലെ വിശാലമായ ഭവനത്തിന്റെ തോട്ടത്തിലെ പ്ലാവിൻ ചുവട്ടിൽവച്ച് അനേകം സത്സംഗങ്ങൾ നടക്കുകയുണ്ടായി. രത്നാകർ സനദിയാണ് ഞാൻ രചിച്ച ലിറ്റിൽ ഗൈഡ് എന്ന പുസ്തകം പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചതും പ്രോത്സാഹിപ്പിച്ചതും. അത് നേരത്തേതന്നെ ടൈപ്പ് ചെയ്ത് അച്ചടിക്കാൻ പാകത്തിൽ വച്ചിരിക്കുകയായിരുന്നു.

പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് ഒരു പ്രസാധകനെ വേണ്ടിയിരുന്നു. പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി സത്സംഗ് ഫൗണ്ടേഷൻ രൂപീകൃതമായി. സത്സംഗങ്ങൾ സംഘടിപ്പിക്കുന്ന ചുമതലയും സത്സംഗ് ഫൗണ്ടേഷന്റെ ചുമതലയിൽ ആയി. എന്നെ സത്സംഗ് ഫൗണ്ടേഷന്റെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. രത്നാകർ സനദി ആയിരുന്നു ട്രഷറർ. മോഹൻകുമാർ ആയിരുന്നു സെക്രട്ടറി. ഏതാനും സുഹൃത്തുക്കൾ ആദ്യകാല അംഗങ്ങളും ആയി. എന്നാൽ പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള ഫണ്ട് ഇല്ലായിരുന്നു. തക്കസമയത്ത് തന്നെപ്പറ്റി മൗറിസ് എന്നുമാത്രം പരിചയപ്പെടുത്തിയ ഒരു ഇറ്റലിക്കാരൻ സഹായഹസ്തവുമായി മുന്നോട്ടുവന്നു. എന്റെ ആദ്യത്തെ

പുസ്തകം പ്രസിദ്ധീകരിക്കാനുള്ള ചെലവ് അദ്ദേഹം വഹിച്ചു. ഞാൻ ഇത് എഴുതിക്കൊണ്ടിരിക്കുമ്പോൾ 'ദി ലിറ്റിൽ ഗൈഡ് ടു ഗ്രേറ്റർ ഗ്ലോറി ആൻഡ് എ ഹാപ്പിയർ ലൈഫ്' എന്ന എന്റെ പുസ്തകത്തിന്റെ മൂന്നാമത്തെ പതിപ്പ് ഇറങ്ങാൻ പോകുകയാണ്. മൗറിസും രത്നാകറും ആണ് ആദ്യമായി 'എം' എന്നു വിളിച്ചത്. അത് പിന്നീട് 'ശ്രീ.എം' എന്നും 'മിസ്റ്റർ എം' എന്നും മാറി. ഞാൻ വിചാരിക്കുന്നത് 'എം' എന്നത് 'മധു' എന്ന പേരിനെ പ്രതിനിധീകരിക്കുന്നു എന്നാണ്. ശ്രീഗുരു ബാബായും ബാബാജിയും എന്നെ 'മധു' എന്ന പേരു പറഞ്ഞാണ് വിളിച്ചിട്ടുള്ളത്.

നീൽബാഗിൽവച്ചായിരുന്നു ഡൽഹിയിൽനിന്നും വന്ന അപരിചിതനായ വിവേക് മഹേന്ദ്രുവിനെ ആദ്യമായി പരിചയപ്പെട്ടത്. അദ്ദേഹത്തിലൂടെയാണ് ഞാൻ ജർമ്മനിയിലെ ആഖെൻ എന്ന സ്ഥലത്തെ നിവാസിയായ ഹാൻസ് കെല്ലിഖാസുമായി ബന്ധപ്പെട്ടത്. വിവേകിനെപ്പോലെതന്നെ ഹാൻസ്കെല്ലിഖാസും ഇന്നും എന്റെ ഉറ്റ സുഹൃത്താണ്. വിവേക് മഹേന്ദ്രു സ്വിച്ച് ഗിയർ കമ്പനിയുടെ ഡയറക്ടന്മാരിൽ ഒരാളായിരുന്നു. ഈ കമ്പനിയുടെ ഫാക്ടറികളും ഓഫീസുകളും ജലന്ധർ, ന്യൂഡൽഹി, നൊയിഡ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്: തിരുവനന്തപുരത്തെ എന്റെ പഴയ സുഹൃത്തുക്കളിൽ ഒരാളായ രാധാകൃഷ്ണൻ നായർ ചെന്നൈയിൽ പ്രസ്തുത കമ്പനിയുടെ സെയിൽസ് മാനേജരായിരുന്നു. മതപരമായ കാര്യങ്ങളിലും മാനസിക ശക്തിയിലും താൽപര്യം ഉണ്ടായിരുന്ന വിവേക് ഈ വിഷയങ്ങളെപ്പറ്റി പല പ്പോഴും തന്റെ സെയിൽസ് സ്റ്റാഫുമായി സംസാരിച്ചിരുന്നു. ഒരിക്കൽ വിവേക് ചെന്നൈ സന്ദർശിച്ചപ്പോൾ രാധാകൃഷ്ണൻ നായർ എന്നെപ്പറ്റി അദ്ദേഹത്തോട് സംസാരിച്ചു. മാത്രവുമല്ല ലിറ്റിൽ ഗൈഡ് എന്ന പുസ്തകത്തിന്റെ ഒരു കോപ്പിയും അദ്ദേഹത്തിന് നല്കി. അന്നുതന്നെ ചെന്നൈയിൽനിന്നും മുന്നൂറ്റിയമ്പതു കിലോമീറ്റർ അകലെയുള്ള നീൽബാഗിൽ വരാൻ വിവേക് തീർച്ചയാക്കി. അന്ന് ഉച്ചയ്ക്കുശേഷം ബാംഗ്ലൂരിൽനിന്നു നീൽബാഗിലേക്കു പോകുന്ന എന്നോടൊപ്പം ചേരുകയും ആധ്യാത്മികമായ വിഷയങ്ങൾ സംസാരിച്ചുകൊണ്ട് സഞ്ചരിക്കുകയുംചെയ്തു. അതിനുശേഷം ഞങ്ങൾ പരസ്പരം കാണാറുണ്ട്. ഇപ്പോഴും ഞങ്ങൾ നല്ല സുഹൃത്തുക്കളാണ്.

ഇതുപോലെ ഈ പുസ്തകം പല ഭവനങ്ങളിലും എത്തിച്ചേർന്നു. സമർപ്പിതമാനസരായ അനേകംപേർ എനിക്കു താങ്ങും തണലുമായി. സത്സംഗ് കുടുംബം വളർന്നുകൊണ്ടേയിരിക്കുന്നു.

നാല്പത്തിയൊൻപത്

കൈലാസ - മാനസസരോവർ യാത്ര

എന്റെ പുസ്തകം കാണാനിടയായ ഒരു പ്രമുഖവ്യക്തി കാശ്മീർ രാജകുടുംബത്തിലെ ഡോക്ടർ കരൺസിംഗ് ആയിരുന്നു. അന്യാദൃശമായ രാജ്യതന്ത്രജ്ഞതയും, അഗാധമായ പാണ്ഡിത്യവും, ആത്മാർത്ഥതയോടെയുള്ള ആദ്ധ്യാത്മിക സാധനയും അദ്ദേഹത്തിന്റെ വ്യക്തിത്വത്തിനു ശോഭ പകരുന്നു. അദ്ദേഹം അനേകം ആത്മീയ ഗുരുക്കന്മാരെ സന്ദർശിക്കുകയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തിട്ടുണ്ട്. ഹിമാലയത്തിലെ മിഹിർത്തോലാ ആശ്രമത്തിലെ ശ്രീകൃഷ്ണപ്രേമിൽനിന്ന് അദ്ദേഹത്തിനു ദീക്ഷ (മന്ത്രോപദേശം) ലഭിച്ചിട്ടുണ്ട്.

ഒരു ബാംഗ്ളൂർ സന്ദർശനവേളയിൽ *ലിറ്റിൽ ഗൈഡ്* എന്ന പുസ്തകം അദ്ദേഹം കാണാനിടയായി. അതിൽ സത്സംഗ് ഫൗണ്ടേഷന്റെ സെക്രട്ടറിയായ മോഹൻകുമാറിന്റെ അഡ്രസ്സും ടെലിഫോൺ നമ്പരും കൊടുത്തിരുന്നു. ഡോക്ടർ കരൺസിംഗ് ടെലിഫോണിലൂടെ മോഹൻകുമാറുമായി ബന്ധപ്പെട്ടു. ഞാൻ ബാംഗ്ളൂരിൽ ഉണ്ടെന്ന് അറിഞ്ഞ അദ്ദേഹം എന്നെ കാണണമെന്ന ആഗ്രഹം പ്രകടിപ്പിച്ചു. ഡോക്ടർ കരൺസിംഗ് രാജഭവനിൽ ആണ് തങ്ങിയിരുന്നത്. അവിടെവച്ച് സമാഗമത്തിനുള്ള അവസരമൊരുക്കി. പ്രഥമ സന്ദർശനത്തിൽത്തന്നെ ഞങ്ങൾ തമ്മിൽ വളരെ അടുത്തു. അദ്ദേഹം മഹാമനസ്കനും വിനയാന്വിതനുമാണ്. വിഖ്യാതമായ രാജകുടുംബം അനുവർത്തിച്ചു പോരുന്ന യുഗങ്ങൾ പഴക്കമുള്ള പ്രതാപവും ഔപചാരികതകളും ഒന്നും പുലർത്താതെ അത്യന്തം ലാളിത്യത്തോടെയായിരുന്നു അദ്ദേഹത്തിന്റെ പെരുമാറ്റം. ആദ്ധ്യാത്മികവും ഭൗതികവുമായ വിഷയങ്ങളിൽ അദ്ദേഹം അഗാധമായ അറിവ് ആർജ്ജിച്ചിരുന്നു. എന്നിട്ടും അദ്ദേഹത്തിന്റെ പെരുമാറ്റം അന്തസ്സും വിനയവും കലർന്നതായിരുന്നു.

അദ്ദേഹവുമായി ആദ്യം ഉണ്ടായ അടുപ്പം മറ്റ് അനേകം ബന്ധങ്ങൾക്കു വഴിതെളിച്ചു. മുൻപത്തെ പല രാജകുടുംബാംഗങ്ങളുമായി ബന്ധപ്പെടാൻ അവസരം ലഭിച്ചു. ഒരുപക്ഷേ, എന്റെ കഴിഞ്ഞ ജന്മങ്ങളിൽ രാജകുടുംബാംഗങ്ങളുമായി ഉണ്ടായിരുന്ന ബന്ധമായിരിക്കണം ഈ ജന്മത്തിൽ അതിനുള്ള കാരണമായി വർത്തിച്ചത്. ഡോക്ടർ കരൺസിംഗ് രൂപവത്കരിച്ച ട്രസ്റ്റിന്റെ കീഴിലുള്ള രാമായണ വിദ്യാപീഠിന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ വച്ചുള്ള എന്റെ ആദ്യത്തെ സത്സംഗം നടന്നു. പിന്നീട് ഞാൻ രചിച്ച രണ്ടു പുസ്തകങ്ങൾക്ക് അദ്ദേഹം അവതാരിക എഴുതുകയുമുണ്ടായി. 'ദീ ജുവൽ ഇൻ ദി ലോട്ടസ്' എന്ന പുസ്തകത്തിനും 'വിസ്ഡം ഓഫ് ദി റിഷിസ്' എന്ന പുസ്തകത്തിനും. അദ്ദേഹവുമായുള്ള ബന്ധം ഇപ്പോഴും തുടർന്നുകൊണ്ടിരി

ക്കുന്നു. എന്റെ ഹൃദയത്തിൽ അദ്ദേഹത്തിന് ഏറ്റവും ഉയർന്ന സ്ഥാനമാണ് നല്കിയിട്ടുള്ളത്. അദ്ദേഹത്തെ നേരിൽ കാണാനുള്ള സന്ദർഭം ഞാൻ ഒരിക്കലും പാഴാക്കാറില്ല. ഡൽഹിയിൽ പോകുമ്പോൾ അദ്ദേഹവുമായി ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാറുണ്ട്.

ഡാക്ടർ കരൺസിംഗിനെ കാണുന്നതിനുമുമ്പ് ഞാൻ കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽനിന്നും രാജിവച്ചു കഴിഞ്ഞിരുന്നു. രാജിവയ്ക്കുന്നതിനു പല കാരണങ്ങൾ ഉണ്ടായിരുന്നു. കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽനിന്നും തികച്ചും വ്യത്യസ്തമായ ആശയങ്ങൾക്കും ലക്ഷ്യങ്ങൾക്കുംവേണ്ടിയായിരുന്നു സത്സംഗ് ഫൗണ്ടേഷൻ രൂപവത്കരിക്കപ്പെട്ടത്. സത്സംഗ് ഫൗണ്ടേഷന്റെ പ്രസിഡന്റ് എന്ന നിലയിൽ എനിക്കു കൂടുതൽ സമയവും ഊർജ്ജവും ചെലവഴിക്കേണ്ടിയിരുന്നു. അതിനാൽ കൃഷ്ണമൂർത്തി ഫൗണ്ടേഷനിൽ തുടരുന്നത് ശരിയായിരിക്കുകയില്ല എന്നു കരുതി. മാത്രവുമല്ല, കൃഷ്ണമൂർത്തിയുടെ നിര്യാണത്തോടെ ആ സ്ഥാപനത്തോടുള്ള എന്റെ താൽപര്യത്തിനു മങ്ങലേറ്റു. എന്നാൽ അദ്ദേഹത്തോടുള്ള സ്നേഹത്തിനും ആദരവിനും ഒരു കുറവും വന്നിരുന്നില്ല. അദ്ദേഹം അന്തരിച്ചതോടെ ഫൗണ്ടേഷന്റെ ആത്മാവ് നഷ്ടപ്പെട്ടുവെന്നും അവശേഷിക്കുന്നത് അതിന്റെ ശരീരം മാത്രമാണെന്നും തോന്നുകയുണ്ടായി.

രാജിവയ്ക്കാനുള്ള എന്റെ തീരുമാനം ആദ്യം അച്യുത് പട്വർദ്ധനെ അറിയിച്ചതിനുശേഷം ഞാൻ എന്റെ രാജിക്കത്ത് അയച്ചുകൊടുത്തു. കൃഷ്ണമൂർത്തി ആദ്യമായി എന്നെ കണ്ടശേഷം എന്നെപ്പറ്റി അദ്ദേഹത്തോട് പറഞ്ഞുവത്രെ: "നിങ്ങളുടെ കൂട്ടിൽ ഈ കിളി അധികം നാൾ കിടക്കുകയില്ല." എന്തായാലും സുനന്ദയും ഞാനും നീൽബാഗിൽ തുടർച്ചയായി ജോലി ചെയ്യുകയും ജീവിക്കുകയും ചെയ്തു. വൈമനസ്യത്തോടെ എന്റെ രാജിക്കത്ത് സ്വീകരിച്ചിട്ട് ഒരു മാസം കഴിഞ്ഞ് ആദ്യമായി വിദേശത്ത് പ്രഭാഷണം നടത്തുന്നതിന് ഞാൻ പുറപ്പെട്ടു.

നാസായിലെ സീനിയർ സയന്റിസ്റ്റായ ഡോക്ടർ രാമാനന്ദ പ്രസാദ് എന്റെ നല്ല സുഹൃത്തായ മോഹൻ കുമാറിൽനിന്ന് എന്നെപ്പറ്റി അറിയാനിടയായി. അദ്ദേഹം അമേരിക്കയിൽ ഗീതാ സൊസൈറ്റി രൂപവത്കരിച്ചു. ബൈബിൾ സൊസൈറ്റി സൗജന്യമായി ബൈബിൾ വിതരണം ചെയ്യുന്നതുപോലെ ഗീതാ സൊസൈറ്റിയും ഗീതയുടെ പരിഭാഷ സൗജന്യമായി വിതരണം ചെയ്തിരുന്നു. ഡോക്ടർ രാമാനന്ദ പ്രസാദ് ബാംഗ്ളൂരിൽ എന്നെ വന്നുകാണുകയും എന്നെ യുണൈറ്റഡ് സ്റ്റേറ്റ്സിലേക്ക് ക്ഷണിക്കുകയും ചെയ്തു. അദ്ദേഹം താമസിച്ചിരുന്നത് കാലിഫോർണിയായിൽ ഫ്രീമൊണ്ട് എന്ന സ്ഥലത്തായിരുന്നു. എങ്കിലും അദ്ദേഹം അമേരിക്കയിൽ പല സ്ഥലങ്ങളിലും ചർച്ചകളും പ്രഭാഷണങ്ങളും നടത്താനുള്ള ഏർപ്പാടുകൾ ചെയ്യാമെന്നു പറഞ്ഞു.

ബാബാജിയിൽ നിന്നുമുള്ള പ്രത്യേക സൂചനയ്ക്കു കാത്തുനില്ക്കാതെ ഞാൻ പോകാമെന്നു സമ്മതിച്ചു. എന്തെന്നാൽ അപ്പോഴേക്കും എന്റെ പ്രവർത്തനത്തിനുള്ള സമയം ആയിക്കഴിഞ്ഞിരുന്നു. 'എം'ന് മേലാൽ തന്റെ സ്വകാര്യ ജീവിതത്തിൽ ഒതുങ്ങിക്കഴിയാൻ പറ്റുകയില്ല. അതിനാൽ ഞാൻ രണ്ടായിരമാണ്ടിൽ ആദ്യമായി അമേരിക്കയിലേക്കു യാത്ര തിരിച്ചു. എന്റെ പഴയ

പ്രിയ സുഹൃത്തായ തോമസ് കുര്യനാണ് ചെന്നൈയിൽനിന്നും സാൻഫ്രാൻസിസ്കോയിലേക്കുള്ള ടിക്കറ്റ് വാങ്ങിയത്. എന്റെ ആദ്യത്തെ വിദേശയാത്ര ആയിരുന്നു അത്. മഹേന്ദ്രു കുടുംബത്തിന്റെ പഴയ സുഹൃത്തും, ഡൽഹിയിൽ വച്ച് വിവേക് മഹേന്ദ്രു എനിക്ക് പരിചയപ്പെടുത്തിത്തന്നതുമായ എന്റെ നല്ല സുഹൃത്ത് ഹാൻസ് കെല്ലിഖാസ് ജർമ്മനിയിലെ ആഖെൻ എന്ന സ്ഥലത്തേക്ക് എന്നെ ക്ഷണിച്ചു. അതിനുശേഷം ഞാൻ എല്ലാ വർഷവും അമേരിക്കയിലും ജർമ്മനിയിലും പോകുന്നുണ്ട്.

ചെറിയ തോതിൽ പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യപ്പെട്ടിരുന്നു. ബാബാജിയുടെ ശൈലിയിലാണ് കാര്യങ്ങൾ മുന്നോട്ടു പോയിക്കൊണ്ടിരുന്നത്. അദ്ദേഹം പറയുമായിരുന്നു: "അളവിൽ അല്ല കാര്യം, ഗുണമേന്മയാണ് പ്രധാനം. ആദ്ധ്യാത്മികമായ വികാസം വ്യക്തിയിൽ അധിഷ്ഠിതമാണ്. അത് ഒരു സാമൂഹ്യപ്രശ്നമല്ല. ധ്യാനരീതികൾ വിതരണം ചെയ്യപ്പെടാനുള്ളതല്ല. അതുകൊണ്ട് പ്രയോജനം ഉണ്ടാകുകയില്ല. ഓരോ വ്യക്തിയും പ്രാധാന്യം അർഹിക്കുന്നു. നിന്റെ പ്രവർത്തനങ്ങൾ തുടങ്ങിക്കഴിയുമ്പോൾ പ്രചരണ കോലാഹലങ്ങൾ പാടില്ല."

സാവധാനമായും എന്നാൽ ഉറപ്പോടെയും കാര്യങ്ങൾ മുന്നോട്ടു പൊയ് ക്കൊണ്ടിരുന്നു. സത്സംഗ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളും പുരോഗമിച്ചു കൊണ്ടിരുന്നു. അതോടൊപ്പം എന്റെ കുട്ടികളും വളർന്നുകൊണ്ടിരുന്നു. അതിനിടയിൽ നീൽബാഗ് സ്കൂൾ സാമ്പത്തികപ്രതിസന്ധിയിൽ പെട്ടു. കൃഷ്ണമൂർത്തി ഫൗണ്ടേഷനുവേണ്ടി റിഷിവാലി സ്കൂളാണ് നീൽബാഗ് സ്കൂൾ നടത്തിക്കൊണ്ടിരുന്നത്. സാമ്പത്തിക ബുദ്ധിമുട്ടുകാരണം മാനേജ്മെന്റ് വിഷമത്തിലായി. സ്കൂൾ വിലയ്ക്കുവാങ്ങാനായി ഒരാൾ മുമ്പോട്ടുവന്ന കാര്യം എന്നെ അറിയിക്കുകയുണ്ടായി. ഞാൻ സ്കൂൾ വില്ക്കുന്നതിനോട് യോജിച്ചു. ആയിടെ ഞാനും അവിടെനിന്നും പുറത്തേക്കു പോകണമെന്നും സത്സംഗ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി കൂടുതൽ സമയം വിനിയോഗിക്കണമെന്നും ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു.

റിഷിവാലി സ്കൂളിന്റെ ഡയറക്ടറും എന്റെ പ്രിയ സുഹൃത്തും ആയ ഡോക്ടർ രാധികാ ഹെർട്സ്ബെർഗർ, സുനന്ദ റിഷിവാലി സ്കൂളിലേക്കു മടങ്ങണമെന്നുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഞങ്ങൾ അതിനു സമ്മതിച്ചു. റിഷിവാലിയിൽ എന്റെ രണ്ടു കുട്ടികളെയും പന്ത്രണ്ടാം സ്റ്റാൻഡേർഡുവരെ സൗജന്യമായി പഠിപ്പിക്കാമെന്നും ഡയറക്ടർ അറിയിച്ചു. ഇതിനകം ഞാൻ ചില തീരുമാനങ്ങൾ എടുത്തുകഴിഞ്ഞിരുന്നു. ബാബാജിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അല്ലാതെ മറ്റു പ്രവർത്തനങ്ങളിൽ വ്യാപരിക്കുകയില്ല എന്ന തീരുമാനത്തിൽ ഉറച്ചുനിന്നു. നീൽബാഗ് വിറ്റു കഴിഞ്ഞതോടെ എന്റെ ജീവിതത്തിലും വഴിത്തിരിവുണ്ടായി. അലഞ്ഞു തിരിഞ്ഞു നടന്ന പഴയ ജീവിതം വീണ്ടും സമാഗതമായി.

എന്റെ മനസ്സ് മഹാനായ യേശുദേവന്റെ ഈ തിരുവചനങ്ങളിൽ രമിച്ചു: "പാമ്പുകൾക്ക് മാളമുണ്ട്; പറവകൾക്ക് ആകാശമുണ്ട്: പക്ഷേ, മനുഷ്യപുത്രനു തലചായ്ക്കാൻ മണ്ണിൽ ഒരു ഇടമില്ല." എന്തായാലും അധികം നാൾ ഈ അവസ്ഥയിൽ കഴിയേണ്ടിവന്നില്ല. ഞാൻ മദനപ്പള്ളിയിലെ പ്രാന്തപ്രദേശത്ത്

കാൽ ഏക്കറിലധികം ഭൂമി വിലയ്ക്കുവാങ്ങിയിരുന്നു. എല്ലാ ആഴ്ചകളിലും ഞാൻ റിഷിവാലിസ്കൂളിലേക്ക് പോകുകയും അവിടെനിന്നും മടങ്ങുകയും. ചെയ്തിരുന്നത് മദനപ്പള്ളി എന്ന ചെറിയ പട്ടണത്തിലൂടെയായിരുന്നു. പട്ടണത്തിന്റെ തിരക്കുപിടിച്ച ഭാഗത്തുനിന്നും വളരെ ദൂരെയായിരുന്നതിനാൽ വാങ്ങിയ ഭൂമിക്ക് വില വളരെ കുറവായിരുന്നു. ആ പ്രദേശത്ത് ലംബാനി ആദിവാസികൾ ആണ് കൂടുതലും താമസിച്ചിരുന്നത്. അവരെ നല്ല അയൽക്കാരായി ആരും കരുതിയിരുന്നില്ല. അവരെ മോഷ്ടാക്കളും കൊള്ളക്കാരുമായിട്ടാണ് പൊതുവേ കരുതിയിരുന്നത്. പക്ഷേ, ഞാൻ ആ ഭൂമി വാങ്ങിച്ചതിൽ സന്തുഷ്ടനായിരുന്നു. മദനപ്പള്ളിയിലെ വ്യാപാരസ്ഥാപനങ്ങളുടെ തിരക്കിൽനിന്നൊഴിഞ്ഞ സ്ഥലമായതുകൊണ്ടാണ് ഞാൻ ഇഷ്ടപ്പെട്ടത്. കുന്നുകളുടെയും താഴ്വരകളുടെയും നെൽപ്പാടങ്ങളുടെയും മധ്യത്തിലായിരുന്നു ഞാൻ വിലയ്ക്കുവാങ്ങിയ ഭൂമി. എന്റെ ലംബാനി അയൽക്കാരിൽനിന്നുമുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഞാൻ ഒരു കാര്യം തറപ്പിച്ചു പറയാൻ ആഗ്രഹിക്കുന്നു. എനിക്ക് അവരിൽനിന്നും ഒരു പ്രശ്നവും നേരിടേണ്ടിവന്നിട്ടില്ല. എന്റെ അഭിപ്രായത്തിൽ ഒരു ജനവിഭാഗത്തെയും മൊത്തത്തിൽ അധിക്ഷേപിക്കുന്നത് ഒരിക്കലും ശരിയല്ല. എന്തു സംഭവിക്കും എന്നൊന്നും വിചാരിക്കാതെ ഒരു വികാരാവേശത്തിലാണ് ഞാൻ മദനപ്പള്ളിയിലെ ഭൂമി വിലയ്ക്കുവാങ്ങിയത്. അത് ഒരു ലാഭക്കച്ചവടം ആയിരുന്നു എന്ന് ഇന്നു തോന്നുന്നു.

ഏതായാലും മദനപ്പള്ളിയിൽ ഭൂമി വാങ്ങിയത് നന്നായി. നീൽബാഗിലാണ് ഭൂമി വാങ്ങിയിരുന്നുവെങ്കിൽ ആ സ്ഥലം ഗ്രാമീണജില്ലയിൽ ഉൾപ്പെട്ടിരുന്നതുകൊണ്ട് ചുവപ്പുനാടയും മറ്റു നൂലാമാലകളും കാരണം കൃഷിഭൂമിയുടെ കൈമാറ്റത്തിനും വിലയാധാരപ്രമാണം എഴുതുന്നതിനും ഒരു വർഷമെങ്കിലും എടുക്കുമായിരുന്നു. ഞാൻ എന്റെ സമ്പാദ്യമെല്ലാം മദനപ്പള്ളിയിൽ വാങ്ങിയ ഭൂമിയിൽ മുടക്കി. പണം പലിശയ്ക്കുകൊടുക്കുന്ന ആളിൽനിന്നു വലിയ പലിശയ്ക്കു കടംവാങ്ങി കെട്ടിടംപണി തുടങ്ങി. ഒരു വർഷത്തിനകം താമസിക്കാൻവേണ്ടി സാമാന്യം ഭേദപ്പെട്ട ഒരു ഭവനം നിർമ്മിച്ചു. നീൽബാഗ് സ്കൂൾ വിറ്റു കഴിഞ്ഞപ്പോൾ ഉടനേ ഞങ്ങൾ പുതിയ ഭവനത്തിലേക്കു താമസം മാറ്റി. 'സ്നോ വൈറ്റ്' എന്നാണ് ഭവനത്തിനു നല്കിയ പേര്. ഹിമാലയസാനുക്കളുടെ ധവളശോഭയെ അനുസ്മരിക്കുന്നതായിരുന്നു ആ പേര്.

എന്റെ ഭാര്യയും കുട്ടികളും റിഷിവാലി സ്കൂളിലേക്കും ഞാൻ സ്നോ വൈറ്റിലേക്കും താമസം മാറ്റി. മദനപ്പള്ളിയിലെ ഭവനം സത്സംഗ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള കേന്ദ്രമായി. സത്സംഗ് ഫൗണ്ടേഷനാകട്ടെ ചിറകുമുളയ്ക്കുന്ന ഒരു പക്ഷി ആയിരുന്നു ആ സമയത്ത്. ഭാവിയിൽ അത് ലോക വിഹായസ്സിൽ പറന്നുയരും എന്ന് ഞാൻ പ്രത്യാശിച്ചു. സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിക്കുന്ന തീരെ പാവപ്പെട്ട കുട്ടികൾക്കു വിദ്യാഭ്യാസം സൗജന്യമായി നല്കുന്നതിനുവേണ്ടി ഒരു വിദ്യാലയവും തുടങ്ങി. വിദ്യാലയം തുടങ്ങിയത് ഒരു ക്ലാസ്സുമുറിയും പതിനഞ്ചു വിദ്യാർത്ഥികളും നിയമിക്കപ്പെട്ട അദ്ധ്യാപകർ ആരും ഇല്ലാതെയുമായിരുന്നു. ഈ വരികൾ എഴുതുന്ന സമയത്ത് പ്രസ്തുത വിദ്യാലയം നല്ല ഒരു വിദ്യാഭ്യാസ കേന്ദ്രമായി വളർന്നു

കഴിഞ്ഞു. ഏകദേശം നൂറ്റിയിരുപതു വിദ്യാർത്ഥികൾ ഇവിടെനിന്നും സൗജന്യ വിദ്യാഭ്യാസം നേടുന്നുണ്ട്.

ഏതാനും വർഷങ്ങൾക്കുശേഷം 'പീപ്പൽ ഗ്രോവ് സ്കൂൾ' (പി.ജി. എസ്) എന്ന പേരിൽ ഐ.സി.എസ്.ഇ. ബോർഡിങ് സ്കൂൾ തുടങ്ങി. എന്റെ സുഹൃത്തായ രമേശ് റെഡ്ഡിയുടെ മാതാവ് ശ്രീമതി വാരാണസി രുക്മിണി രാമസ്വാമി റെഡ്ഡി ദാനം നല്കിയ ധാരാളം അരയാൽവൃക്ഷങ്ങളുള്ള മനോഹരമായ താഴ്വരയിലാണ് പ്രസ്തുത സ്കൂൾ സ്ഥാപിതമായത്. കുന്നുകളുടെയും കാടുകളുടെയും ഗ്രാമീണ ഭംഗിയുടെയും, തിരുപ്പതിയിൽ നിന്ന് വളരെ ദൂരെയല്ലാത്ത ഒരു തടാകത്തിന്റെയും നടുക്കാണ് ഈ വിദ്യാലയം. ഭാരതത്തിലെ മുൻ രാഷ്ട്രപതി ഡോക്ടർ അബ്ദുൾ കലാം ഈ സ്കൂൾ സന്ദർശിച്ച വേളയിൽ വിദ്യാർത്ഥികളുമായി ആശയവിനിമയം നടത്തിക്കൊണ്ട് പറയുകയുണ്ടായി: "എത്ര മനോഹരമായ സ്ഥലം! നിങ്ങൾ ഭാഗ്യവാന്മാരാണ്. ഇവിടെ നിങ്ങൾക്ക് നിങ്ങളുടെ സർഗ്ഗ പ്രതിഭകൾ വികസിപ്പിക്കാൻ കഴിയും." ഇവിടെ കുട്ടികൾ വിദ്യ അഭ്യസിക്കുകമാത്രമല്ല ചെയ്യുന്നത്. നാം ജീവിതം എന്നു വിളിക്കുന്ന വിവിധ മാനങ്ങളുള്ള യാഥാർത്ഥ്യത്തെപ്പറ്റിയും അറിയാനുള്ള അവസരം ഇവിടെ ലഭിക്കുന്നു. ഒരു അരയാൽച്ചുവട്ടിൽ ബാബാജി ഇരിക്കുന്നതായി ഞാൻ സങ്കല്പിക്കാറുണ്ട്. അവിടെ ഇരുന്നുകൊണ്ട് അരയാൽ മരത്തിന്റെ സസ്യശാസ്ത്രനാമമായ 'ഫൈക്കസ് റിലിജ്യോസ' എന്ന പദത്തെ വ്യാഖ്യാനിക്കുകയാണ് അദ്ദേഹം. അഥവാ മരത്തിൽ ഇരിക്കുന്ന കിളികൾ ഏതു വംശത്തിൽപെട്ടതാണെന്നും പറഞ്ഞുകൊണ്ടിരിക്കുകയാണ്.

സത്സംഗ് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നു. വളരെ വേഗത്തിൽ അല്ലായിരുന്നുവെങ്കിലും പ്രവർത്തനങ്ങൾക്കു സ്ഥിരതയുണ്ടായിരുന്നു. സ്കൂളുകൾ, മാനവമൈത്രിയുടെ സന്ദേശം പരത്തുന്ന മാനവ ഏകതാ മിഷൻ എന്നിവ സ്വന്തം മേഖലയിൽ സ്തുത്യർഹമായ സേവനം നടത്തിക്കൊണ്ടിരിക്കുന്നു. ഈ ജഗത്തിൽ മറഞ്ഞിരിക്കുന്ന യഥാർത്ഥ സത്യത്തെ അന്വേഷിക്കാനാഗ്രഹിക്കുന്ന നാട്ടിലും വിദേശത്തുമുള്ള ആദ്ധ്യാത്മിക സാധകർക്ക് നേരിട്ട് മാർഗ്ഗനിർദ്ദേശം നല്കുന്നതിന് ഞാൻ യാത്രകളും നടത്തിയിരുന്നു. ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളെ സഹായിക്കാൻ ആത്മാർത്ഥമായി മുന്നോട്ടു വന്നവരുടെ സഹകരണത്തിലൂടെയാണ് ഇവയൊക്കെ നടത്താൻ കഴിഞ്ഞത്.

സഹായിക്കുന്നവരെ വിശേഷിപ്പിക്കാൻ കൂടുതൽ നല്ല ഒരു വാക്കുകിട്ടാത്തതുകൊണ്ട് അവരെ 'ദാതാക്കൾ' എന്നുവിളിക്കുന്നു. ശ്രീരാമകൃഷ്ണ പരമഹംസനും തന്റെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ സഹായിച്ച മാഥൂർ ബാബുവിനെയും മറ്റു ധനാഢ്യരെയും പരാമർശിക്കാൻ 'ദാതാക്കൾ' എന്ന വാക്കാണ് ഉപയോഗിച്ചിരുന്നത്. സത്സംഗ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻവേണ്ടി ചിലർ ധനം നല്കിയിട്ടുണ്ട്. മറ്റു ചിലർ ഭൗതികസൗകര്യങ്ങളും വിലയേറിയ സമയവും ഇതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. മൂന്നാമതൊരു കൂട്ടർ ആത്മാർത്ഥതയുള്ള ആദ്ധ്യാത്മിക സാധകരും സത്യാന്വേഷികളുമായിരുന്നു. യഥാർത്ഥത്തിൽ എനിക്കു താൽപര്യം ഇവരിൽ ആയിരുന്നു. ഇവർക്കാണ് ഞാൻ ഏറ്റവും പ്രാധാന്യം

നല്കിയതും. കർമ്മബന്ധങ്ങൾ കാരണം അവർ എന്റെ അടുത്തു വന്നവരായിരുന്നു. എനിക്ക് അവരോട് കടപ്പാടുണ്ട്. ബാബാജി എന്റെ അടുത്തേക്ക് അയച്ചവരായിരുന്നു അവർ. ഞാൻ ബാബാജിയുടെ കൈയിലെ ഒരു ഉപകരണം മാത്രമായിരുന്നു.

ഞാൻ ആരുടെയും പേര് എടുത്തുപറയുന്നില്ല. അത് അവർക്കു വിഷമകരമായിരിക്കും. മാത്രവുമല്ല ഓരോരുത്തരുടെയും പേര് പറയാൻ തുടങ്ങിയാൽ അത് ഒരിക്കലും അവസാനിക്കാത്ത ഒരു ലിസ്റ്റായിരിക്കും. ബാബാജിയുടെ അനുഗ്രഹങ്ങൾ തീർച്ചയായും അവർക്കുണ്ടാകും. അദ്ദേഹത്തിന്റെ കൃപാകടാക്ഷം അവരെ പരമമായ സത്യത്തിലേക്കു നയിക്കുകയും ചെയ്യും. എന്നെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഞാൻ ബാബാജിയുടെ ദാസനാണ്. അദ്ദേഹം എന്റെ മുന്നിൽ എത്തിച്ചവർക്കുവേണ്ടി എന്തു ത്യാഗം സഹിക്കാനും ഞാൻ ഒരുക്കമാണ്. കഷ്ടപ്പാടുകൾ നിറഞ്ഞതാണെങ്കിലും അവരോടൊപ്പമുള്ള മഹത്തായ യാത്രയിൽ പങ്കെടുക്കാനും സദാ സന്നദ്ധനാണ്.

ഏതാനും വർഷം മുമ്പ് ആത്മീയ യാത്രയുടെ ഭാഗമായി എന്റെ അടുത്ത കുറെ സുഹൃത്തുക്കളെ കൂട്ടിക്കൊണ്ട് ബദരി, കേദാർ, ഗോമുഖ്, ഋഷികേശ്, ആജ്മേർ, ദക്ഷിണേശ്വർ, കന്യാകുമാരി, ബാലക്നാഥ്, ഗോരഖ്പൂർ, അയോദ്ധ്യാ തുടങ്ങിയ സ്ഥലങ്ങളിലേക്ക് തീർത്ഥയാത്ര നടത്തി. കൈലാസത്തിലേക്കും മാനസ സരോവരിലേക്കുമുള്ള യാത്രയായിരുന്നു ഏറ്റവും പ്രയാസകരം. എന്നെ സംബന്ധിച്ചിടത്തോളം പ്രസ്തുത യാത്ര സുപ്രധാനമായിരുന്നു. ഞങ്ങൾ അതിനുമുമ്പ് നടത്തിയിട്ടുള്ള പല യാത്രകളിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു കൈലാസ-മാനസസരോവർ യാത്ര എന്ന് എന്റെ കൂടെയുണ്ടായിരുന്ന അമ്പതുപേരും അഭിപ്രായപ്പെട്ടു.

അനേകം വർഷം മുമ്പ് ഞാൻ ബാബാജിയോടൊപ്പം കൈലാസത്തിലേക്കുള്ള യാത്ര പൂർത്തിയാക്കിയില്ല എന്ന കാര്യം ഓർക്കുമല്ലോ. അന്ന് ഇടയ്ക്കുവച്ച് യാത്ര അവസാനിപ്പിക്കുകയുണ്ടായി. എന്റെ അനാരോഗ്യം കാരണമാണ് യാത്ര പൂർത്തിയാക്കാൻ കഴിയാത്തത്. ബാബാജി അന്ന്, ഞാൻ വർഷങ്ങൾക്കുശേഷം അനേകം പേരോടൊപ്പം കൈലാസത്തിൽ വരും എന്ന് പറഞ്ഞിരുന്നു.

എന്റെ ഒരു നല്ല സുഹൃത്താണ് കൈലാസ-മാനസസരോവർ യാത്ര സംഘടിപ്പിക്കാൻവേണ്ടി മുന്നിട്ടിറങ്ങിയത്. അതിനുവേണ്ടി സുഹൃത്തിനു പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവന്നു. ഞാൻ യാത്രയെപ്പറ്റി കൂടുതൽ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. എന്നോടൊപ്പം യാത്ര ചെയ്തിരുന്ന നഗരവാസികളുടെ ബുദ്ധിമുട്ടുകളൊക്കെ ഒരു സുഹൃത്ത് തന്റെ യാത്രാവിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും എന്റെ ചില വ്യക്തിപരമായ അനുഭവങ്ങൾ മാത്രം പറയാനാഗ്രഹിക്കുന്നു. മാനസസരോവർ കാഴ്ചയിൽ പെട്ടപ്പോൾ ഉണ്ടായ അനുഭവവും, കൈലാസപർവ്വതത്തെ യമദ്വാറിൽനിന്ന് കണ്ടപ്പോൾ ഉണ്ടായ അനുഭവവും ആണ് എടുത്തുപറയാനുള്ളത്. ഈ രണ്ട് അനുഭവങ്ങൾ കൂടാതെ മറ്റൊരു അനുഭവവും പരാമർശിക്കാനാഗ്രഹിക്കുന്നു. സമുദ്ര നിരപ്പിൽ നിന്നും 18,500 ഉയരെയുള്ള ഡോൾമോ ലാപാസ്സ് കയറിയതിനുശേഷം എല്ലാവരും രാത്രിയിൽ കൂടാരങ്ങളിൽ തങ്ങുകയായിരുന്നു. അത്രയും

ഉയരമുള്ള സ്ഥലത്ത് ഓക്സിജൻ അപര്യാപ്തമായതിനാൽ ഞങ്ങളിൽ പലരും ശ്വാസമെടുക്കാൻവേണ്ടി കിതയ്ക്കുന്നുണ്ടായിരുന്നു.

ഞാൻ മാനസസരോവർ കണ്ടപ്പോൾ കഴിഞ്ഞ ജന്മങ്ങളിൽ കണ്ടിട്ടുള്ള ഓർമ്മകൾ മനസ്സിൽ അലയടിച്ചു. സരസ്സിന് വൈഡൂര്യത്തിന്റെ വർണ്ണമായിരുന്നു. ടിബറ്റിലൂടെ ഇന്ത്യയിലേക്ക് ഒഴുകുന്ന ബ്രഹ്മപുത്രാ നദിയുടെ സ്രോതസ്സാണ് മാനസരോവർ. ജലാശയത്തിലേക്ക് നോക്കിനിന്നപ്പോൾ എന്റെ നട്ടെല്ലിനുള്ളിലൂടെ ദിവ്യമായ ആനന്ദം ഒഴുകിക്കൊണ്ടിരുന്നതുപോലെ അനുഭവപ്പെട്ടു. കഴിഞ്ഞ ജന്മത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന ഞാൻ എന്റെ കൺമുമ്പിൽ എന്നെ ഒരു കൗപീനധാരിയായ യോഗിയുടെ രൂപത്തിൽ കണ്ടു. ആ കൗപീനധാരിയായ യോഗി മഞ്ഞുമൂടിയ ഗുർലാ മന്ദാതാ പർവ്വത നിരയിലെ ഒരു ഗുഹയിൽ ധ്യാനനിരതനായിരിക്കുന്നത് കണ്ടു. ദൂരെ വലതു ഭാഗത്ത് ശിരസ്സുയർത്തി നില്ക്കുന്ന കൈലാസപർവ്വതവും കണ്ടു.

ഞാൻ മാനസസരോവറിൽ ഒന്നു മുങ്ങിയിട്ടു കയറാനുദ്ദേശിച്ചുകൊണ്ട് നില്ക്കുകയായിരുന്നു. അന്നേരം ഞാൻ ഒരു യുവസന്ന്യാസിയെ കണ്ടു. ജടപിടിച്ച തലമുടിയോടുകൂടിയ കൗപീനധാരിയായ സന്ന്യാസിയുടെ കൈയിൽ നാഥ സമ്പ്രദായത്തിന്റെ സൂചകമായ തീക്കനൽ എടുക്കാനുള്ള കൊടിൽ ഉണ്ടായിരുന്നു. ഞാൻ കണ്ട സമയത്ത് സന്ന്യാസി വെള്ളത്തിൽ നിന്നും കരയിലേക്കു കയറുകയായിരുന്നു. അതീവ സുന്ദരനായിരുന്നു യുവസന്ന്യാസി. അദ്ദേഹത്തിന്റെ അധരങ്ങളിൽ പുഞ്ചിരി കളിയാടിയിരുന്നു. ഞാൻ എന്റെയടുത്തു നില്ക്കുകയായിരുന്ന എല്ലാവരുടേയും മുഖത്തേക്ക് ദൃഷ്ടിപായിച്ചു. ആരുടെയും മുഖത്ത് ഒരു ഭാവമാറ്റവും ഉണ്ടായിരുന്നില്ല. അവരിൽ ആരുംതന്നെ യുവസന്ന്യാസിയെ കണ്ടില്ല എന്നതു വ്യക്തമായിരുന്നു. എന്തിനോവേണ്ടി എനിക്കുമാത്രം നല്കപ്പെട്ട ഒരു ദർശനം ആയിരുന്നു അത്.

ഞാൻ അദ്ദേഹം വെള്ളത്തിൽനിന്നും കരയിലേക്കു കയറുന്നതും കാത്തു നിന്നു. അദ്ദേഹം എന്റെ അടുത്തേക്കുവന്നു. ഞാൻ അത്യന്തം ആദരവോടെ അദ്ദേഹം പറയുന്നതു കേൾക്കാൻ ശ്രദ്ധിച്ചുനിന്നു. അദ്ദേഹം പറഞ്ഞു: "ഞാൻ ജലന്ദരിപ്പയുടെയും ഗുരു ഗോരഖിന്റെയും ശിഷ്യനായ സിദ്ധിനാഥ് ആണ്. ശ്രീ ഗുരു നിങ്ങൾക്കുവേണ്ടി കാത്തു നില്ക്കുകയാണ്. അലേക് നിരഞ്ജൻ." അദ്ദേഹം നടന്നകന്നു. ആരും ഒന്നും കേട്ടില്ല; ആരും ഒന്നും കണ്ടതുമില്ല. ഞാൻ നിലത്ത് കമഴ്ന്നുകിടന്ന് വന്ദിച്ചു. എല്ലാവരും ധരിച്ചത് ഞാൻ മാനസസരോവറിനെയും കൈലാസപർവ്വതത്തെയും വന്ദിക്കുന്നുവെന്നായിരുന്നു. അതിനുശേഷം മാനസരോവറിൽ ഒരു പ്രാവശ്യം മുങ്ങിയിട്ടു കയറി. മറ്റുള്ളവരും അങ്ങനെ ചെയ്തു. വെള്ളത്തിനു നല്ല തണുപ്പായിരുന്നു. എങ്കിലും ആ തണുപ്പ് ഊർജ്ജം തരുന്നതും പവിത്രീകരിക്കുന്നതും ആയിരുന്നു. ഞാൻ മറ്റൊരു തലത്തിലേക്ക് ഉയർത്തപ്പെട്ടതുപോലെ എനിക്കു തോന്നി.

ഞങ്ങൾ പിന്നീട് യമദ്വാറിൽ എത്തി. മഹത്തായ കൈലാസ പർവ്വതത്തെ വളരെ അടുത്തുനിന്ന് കണ്ടു. കൈലാസം ഹിന്ദുക്കൾക്കും ബുദ്ധമതക്കാർക്കും ടിബറ്റിലെ ബോൺപാമാർക്കും ഒരുപോലെ പവിത്രമാണ്. ഞങ്ങളുടെ മുകളിൽ ഉയർന്നുനില്ക്കുന്ന ഹിമശിഖരത്തെ കണ്ടപ്പോൾ ധ്യാനിക്കാനുള്ള അസാധാരണമായ പ്രചോദനം എനിക്കുണ്ടായി.

ഞങ്ങളുടെ കൂട്ടത്തിലുള്ള കുറെപ്പേർ ചെറിയ കുതിരകളും പോർട്ടർമാരും എത്തുന്നതിനുവേണ്ടി കാത്തിരുന്നു. ഞാനും മറ്റു ചിലരും കാൽനടയായി സഞ്ചരിക്കാമെന്നു വിചാരിച്ചു. ഞങ്ങൾ യമദ്വാറിൽ അരമണിക്കൂർ കാത്തിരുന്നു. ഞാൻ കൈലാസത്തെ അഭിമുഖീകരിക്കുന്ന ഒരു പാറപ്പുറത്ത് കയറിയിരുന്നു. ഞാൻ ധ്യാനത്തിൽ മുഴുകിപ്പോയി. ശിവൻ താണ്ഡവനൃത്തം ചെയ്യുമ്പോൾ കൊട്ടുന്ന ഉടുക്കിന്റെ ശബ്ദം എന്റെ കാതുകൾക്കുള്ളിൽ കേട്ടു. കുറച്ചു കഴിഞ്ഞ് ഉടുക്കിന്റെ ശബ്ദത്തിന്റെ സ്ഥാനത്ത് ഭം ഭം ഭം എന്ന ശബ്ദം എന്റെ ശിരസ്സിനുള്ളിൽ മുഖരിതമായി. ഞാൻ എന്റെ ഉൾക്കണ്ണിലൂടെ കൂമ്പാരാകൃതിയിലുള്ള ചുഴലിക്കാറ്റ് എന്റെ നേർക്ക് അടുക്കുന്നതു കണ്ടു. അത് എന്നെ വിഴുങ്ങുമെന്നു തോന്നി. ഉടനേ ഞാൻ നാഥ് സമ്പ്രദായത്തിലെ ഗുരുക്കന്മാരുടെ അഭിവാദനം കേട്ടു: "അലേക് നിരഞ്ജൻ." തൽക്ഷണം ചുഴലിക്കാറ്റ് അപ്രത്യക്ഷമായി. എങ്ങും നിശ്ശബ്ദത കളിയാടി. ഞാൻ എന്റെ കണ്ണുകൾ തുറന്നു. ഞാൻ 'ശിവോഹം' എന്നു പറഞ്ഞു. ഞാൻ എണീറ്റ് നടന്നു. യാത്രയിൽ ഉടനീളവും പിന്നീടും 'ശിവോഹം' എന്ന ധ്വനി എന്നോടൊപ്പം ഉണ്ടായിരുന്നു.

പിറ്റേന്നും കാൽനടയായുള്ള സഞ്ചാരം തുടർന്നു. ഡോൾമോലാ പാസ്സിലൂടെ കുറുകെ നടന്ന് സമുദ്രനിരപ്പിൽനിന്നും 18,500 ഉയരത്തിൽ സ്ഥിതി ചെയ്തിരുന്ന ഞങ്ങളുടെ താവളത്തിൽ ഏകദേശം രാത്രി എട്ടുമണിക്ക് എത്തി. എല്ലാവരും വല്ലാതെ ക്ഷീണിച്ചിരുന്നു. വായുവിൽ ഓക്സിജൻ വളരെ കുറവായിരുന്നു. എങ്കിലും അന്നേ ദിവസം സുഗമമല്ലാത്ത വഴികളിലൂടെ ഇരുപത്തിരണ്ടു കിലോമീറ്റർ ദൂരം സഞ്ചരിച്ചു.

കൂടാരത്തിൽ വിശ്രമിക്കുകയായിരുന്ന ഞാൻ സുഹൃത്തുക്കളോട് ഭക്ഷണത്തിനുശേഷം എന്നെ ശല്യപ്പെടുത്തരുതെന്നു പറഞ്ഞു. ഞങ്ങളിൽ പലരുടെയും മൂക്കിൽനിന്നും രക്തം സ്രവിക്കുന്നുണ്ടായിരുന്നു. ഞാനും എന്റെ മൂക്കിലെ രക്തം തുടച്ചുകളഞ്ഞു. മുഖം കഴുകിയതിനുശേഷം കൂടാരത്തിന്റെ ഒരു ഒഴിഞ്ഞ കോണിൽ ധ്യാനിക്കാനായി ഇരുന്നു. ഞാൻ ആജ്ഞാചക്രത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. രക്തം ശിരസ്സിലേക്കു പ്രവഹിച്ചു. എന്റെ നട്ടെല്ലിലൂടെ പ്രകാശരേഖ മുകളിലോട്ട് സഞ്ചരിച്ചു. നിമിഷങ്ങൾക്കുള്ളിൽ ഞാൻ ശരീരം വിട്ട് പുറത്തേക്കു വന്നു. അപ്പോൾ രജതവർണ്ണമായ തിളങ്ങുന്ന ഒരാവരണം എന്നെ പൊതിഞ്ഞിരുന്നു.

സ്വയം പ്രകാശിക്കുന്ന തേജോമയനായ ഞാൻ പല തലങ്ങളിലൂടെയും അതിവേഗത്തിൽ സഞ്ചരിക്കാൻ തുടങ്ങി. ദിവ്യാത്മാക്കൾ വസിക്കുന്ന നല്ല തിളക്കമാർന്നതും നിർമ്മലവുമായ നീല വെളിച്ചമുള്ള ലോകത്തിൽ എത്തി. ഞാൻ എന്റെ മുന്നിൽ ഒരു സ്ഫടികക്കൊട്ടാരം കണ്ടു. കൊട്ടാരത്തിന്റെ മുറ്റത്ത് പത്തി വിടർത്തി നില്ക്കുന്ന രണ്ടു നാഗങ്ങൾ എന്നെ കണ്ടയുടനെ പത്തി ചലിപ്പിച്ചുകൊണ്ട് അകത്തേക്കു പ്രവേശിക്കാനുള്ള അനുവാദം തന്നു. കൊട്ടാരത്തിനുള്ളിലെ വിശാലമായ മുറിയിൽ രക്തവർണ്ണത്തിലുള്ള ഒരു കട്ടിൽ കണ്ടു. അത് മഹാദേവന്റേതായിരുന്നു. കട്ടിൽ ശൂന്യമായിരുന്നു. എന്നാൽ ശൂന്യമായ ഭാഗം സ്വയം പ്രകാശിച്ചുകൊണ്ടിരുന്നു. ഇടയ്ക്കിടെ

വെട്ടിത്തിളങ്ങുമ്പോൾ അവിടെ ശിരസ്സിൽ ചന്ദ്രക്കലയും കഴുത്തിൽ ചുറ്റിക്കിട ക്കുന്ന കരിനാഗവും ധവളശോഭയാർന്ന ശരീരവും നീലനിറമുള്ള പവിഴം പോലെ ശോഭിക്കുന്ന തൃക്കണ്ണുമുള്ള ശിവരൂപം പ്രത്യക്ഷപ്പെട്ടിരുന്നു.

ഭോലേനാഥശിവന്റെ സമീപത്ത് ഇരുവശങ്ങളിലും അഞ്ചുപേർ ഉപ വിഷ്ടരായിരുന്നു. ഒരാൾ ബാബാജി ആയിരുന്നു. ബൈബിളിൽ പ്രതിപാദിത മായ പ്രവാചകന്റെ രൂപമായിരുന്നു ഒരാൾക്ക്. അടുത്തത്, കൊടിൽ കൈവശ മുള്ള ഒരു നാഥയോഗി. താടി വളർത്തിയ, വെളുത്ത തലപ്പാവു ധരിച്ച മറ്റൊരാൾ. ശാന്തതയും, കാരുണ്യവും പ്രതിഫലിച്ചിരുന്ന അദ്ദേഹത്തിന്റെ കണ്ണുകൾ അന്യാദൃശങ്ങൾ ആയിരുന്നു. മറ്റൊരാളിന്റെ ആകൃതി മംഗോളിയാക്കാരു ടേതായിരുന്നു. ജടപിടിച്ച തലമുടി കെട്ടിവച്ചിരുന്നു. ചുരുട്ടിവച്ച വലിയ മീശയുണ്ടാ യിരുന്ന അദ്ദേഹം ചുവപ്പുനിറമുള്ള അയഞ്ഞ വസ്ത്രമാണ് ധരിച്ചിരുന്നത്. എല്ലാവരുടേയും ശരീരം എന്റേതുപോലെ സ്വയം പ്രകാശിച്ചുകൊണ്ടിരുന്നു. അന്തരീക്ഷമാകെ മുല്ലപ്പൂവിന്റെ മണമായിരുന്നു. ഞാൻ അനേകം തവണ സാഷ്ടാംഗ പ്രണാമം ചെയ്തതിനുശേഷം നിലത്ത് ചമ്രം പടിഞ്ഞിരുന്നു. ബാബാജി നിശ്ശബ്ദതയെ ഭഞ്ജിച്ചു:

"മധു! നിനക്ക് കൈലാസത്തിലേക്ക് സ്വാഗതം. ഈ ഇരിക്കുന്നതാണ് മഹാനായ ജൂതഗുരുവായ യേശു. അദ്ദേഹത്തിന്റെ അടുത്തിരിക്കുന്നത് ഗുരു ഗോരഖ്നാഥ് ആണ്. സ്നേഹം തുളുമ്പുന്ന കണ്ണുകളുമായി ഇരിക്കുന്നത് ഗുരു നാനക്ദേവ് ആണ്. മീശവച്ച ചുവന്ന കുപ്പായം ധരിച്ചയാൾ പദ്മസംഭവൻ എന്നും അറിയപ്പെടുന്ന ഗുരു റിൻപോച്ചേ ആണ്. ഞങ്ങൾ എല്ലാവരും ശ്രീഗുരു ബാബാജിയുടെ ശിഷ്യന്മാരാണ്. ശൂന്യതയിൽ തിളങ്ങുന്നത് അദ്ദേഹം തന്നെയാണ്. അദ്ദേഹംതന്നെയാണ് സിംഹാസനത്തിൽ ഇരിക്കുന്ന ആദി നാഥനും ശിവമഹാദേവനും. മഹാനായ പീർസായിനാഥനും, ഗരീബ് നവാസ് എന്ന് അറിയപ്പെടുന്ന സംപൂജ്യനായ ഷേഖ് ക്വാജാമൊയിനുദീൻ ചിസ്തിക്കും ഇവിടെ എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അവർ നിന്നോടുള്ള സ്നേ ഹവും ആശീർവാദങ്ങളും അറിയിച്ചിട്ടുണ്ട്. അവരിൽ കൈലാസവാസിയായ ശങ്കരഭഗവത്പാദരും ഉൾപ്പെടുന്നു. ഈ യോഗികൾ ആരുംതന്നെ ഇന്ന് ഇവിടെ പ്രകടമാകാൻ ആഗ്രഹിക്കുന്നവരല്ല."

ഞാൻ പറഞ്ഞു: "ബാബാജി! എനിക്ക് ഇവിടെ പ്രവേശനം നല്കി യതിന് അങ്ങയോടും ശ്രീഗുരുബാബായോടും നന്ദി പറയുന്നു. നിങ്ങളെ എല്ലാവരെയുംപോലെ ഞാനും ഇവിടെ വസിക്കാനാഗ്രഹിക്കുന്നു. എനിക്കു തിരികെ നാട്ടിലേക്ക് പോകണമെന്ന വിചാരമില്ല. ലോകം മുഴുവൻ കലിയുഗ ത്തിലെ ഇരുട്ടു വ്യാപിച്ചിരിക്കുകയാണ്. ഞാൻ എന്റെ ജോലികൾ എല്ലാം നിർവ്വഹിച്ചു കഴിഞ്ഞു. അങ്ങ് എന്റെയടുത്തേക്ക് പറഞ്ഞുവിട്ടവർക്ക് അവരുടെ കാര്യം നോക്കാനുള്ള പ്രാപ്തിയുണ്ട്. അങ്ങ് അവരെ സഹായിക്കും എന്ന് എനിക്ക് ഉറപ്പുണ്ട്.

"എനിക്കിപ്പോൾ അറുപതു വയസ്സായി. എനിക്ക് ഗുരുതരമായ രോഗം ബാധിക്കുകയോ അല്ലെങ്കിൽ ശരീരം ദുർബ്ബലമാകുകയോ ചെയ്യുന്നതിനു മുമ്പ് ശരീരം ഇവിടെ വെടിയാനാണ് ആഗ്രഹിക്കുന്നത്. ഞാൻ ആരെയും ആശ്രയിക്കാൻ ആഗ്രഹിക്കുന്നില്ല."

ബാബാജി പറഞ്ഞു: "നീ ഇപ്പോഴും ആ പഴയ മാനസികാവസ്ഥയിൽ തന്നെയാണല്ലോ. മുമ്പ് ഞാൻ എന്നെ വിട്ടിട്ട് നാട്ടിലേക്കു പോകാൻ പറഞ്ഞപ്പോൾ നിന്റെ മാനസികാവസ്ഥ ഇതുപോലെയായിരുന്നു. നീ മടങ്ങിപ്പോകണമെന്ന് ഞാൻ ഒരിക്കൽക്കൂടി പറയുന്നു. ആദ്ധ്യാത്മികമായും ഭൗതികമായും നിന്നെ ആശ്രയിക്കുന്നവർക്കും, കൂട്ടുകാർക്കും സ്വന്തം കാലിൽ നില്ക്കാനുള്ള വളർച്ച കിട്ടിയിട്ടില്ല. നീ സ്വന്തം ഇഷ്ടപ്രകാരം വിവാഹം ചെയ്ത ഭാര്യയ്ക്കും കുട്ടികൾക്കും നിന്നെ ആവശ്യമുണ്ട്. കുടുംബങ്ങളോടുള്ള ആദ്ധ്യാത്മികവും ഭൗതികവും ആയ ഉത്തരവാദിത്വങ്ങളിൽനിന്നും നീ ഇതുവരെയും മുക്തനായിട്ടില്ല. ഒന്നിനും ധൃതി പാടില്ല. കർത്തവ്യങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുക.

"മാത്രവുമല്ല, നിന്റെ ആദ്ധ്യാത്മികമായ ചുമതലകൾ ആര് ഏറ്റെടുക്കുമെന്നും, ആര് അത് മുന്നോട്ടുകൊണ്ടുപോകുമെന്നും തീരുമാനിച്ചിട്ടില്ല. തീരുമാനമാകുന്നതുവരെയെങ്കിലും നീ നാട്ടിൽ ഉണ്ടായിരിക്കണം. നിന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നവുമില്ല. എപ്പോൾ വേണമെങ്കിലും നിനക്ക് ഇവിടെ വരികയും എപ്പോൾ വേണമെങ്കിലും പോകുകയും ചെയ്യാം. അതു തന്നെയാണ് ഞങ്ങൾ എല്ലാവരും ചിന്തിക്കുന്നത്. അതുതന്നെയാണ് ശ്രീഗുരു ബാബായും ചിന്തിക്കുന്നത്. എപ്പോഴത്തെയും പോലെ നിനക്ക് സ്വന്തമായ തീരുമാനം എടുക്കാവുന്നതാണ്."

ഞാൻ നമ്രശിരസ്കനായി നിശ്ശബ്ദനായി നിന്നു. ഗുരു റിൻപോച്ചേ എന്നെ 'മധുപാ' എന്നു സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: "നീ ബോധിസത്വന്റെ പാത പിന്തുടരൂ. എല്ലാവരെയും നിർവ്വാണത്തിലേക്കു നയിക്കാൻ ബോധിസത്വൻ വീണ്ടും വീണ്ടും ജനിക്കും. അജ്ഞാനിയാണ് സ്വന്തം മോക്ഷത്തെപ്പറ്റി മാത്രം ചിന്തിക്കുന്നത്. ഓം വജ്രസത്വ ഹും."

മഹാനായ യേശു പറഞ്ഞു: "അല്ലയോ മനുഷ്യപുത്രാ! ഒരാത്മാവിനെയെങ്കിലും രക്ഷപ്പെടുത്താൻ കഴിയുമെങ്കിൽ അതിനുവേണ്ടി നിന്റെ ശരീരത്തെ കുരിശിലേറ്റാൻ തയ്യാറാകൂ."

നാനക്ദേവ് പറഞ്ഞു: "ദൈവം കൃപാലു ആണ്. നീ ദൈവത്തിന്റെ കൃപാപാത്രം ആകൂ. സത്നാം ഹരി ഹരി യാ റബ്."

ശിവഗോരക്ഷ് പറഞ്ഞു: "ധൂനി പവിത്രമാണ്. അത് എപ്പോഴും കത്തിക്കൊണ്ടിരിക്കണം. അത് കെടാൻ ഇടവരുത്തരുത്. ധൂനി കത്തിക്കുന്ന ഉത്തരവാദിത്വം മറ്റൊരാൾ ഏറ്റെടുക്കുന്നതുവരെ ധൂനി കത്തിക്കണം. ധൂനി. ശാശ്വതമായി കത്തിക്കൊണ്ടിരിക്കട്ടെ. അലേക് നിരഞ്ജൻ...ഭം ഭോലേ."

ഞാൻ പറഞ്ഞു: "ഞാൻ അങ്ങയുടെ അനുസരണയുള്ള സേവകനാണ്. ഞാൻ ഇതുവരെയും ധരിച്ചിരുന്നത് വ്യക്തിയുടെ മോക്ഷം അയാളുടെ ആത്മാവിനെ തൃപ്തിപ്പെടുത്തും എന്നായിരുന്നു. ഇപ്പോൾ ഈ ചിന്ത മനസ്സിൽ നിന്നും വേരോടെ പിഴുതെറിയപ്പെട്ടു കഴിഞ്ഞു. ഈ ചിന്ത ധൂനിയിലെ ജ്ഞാനാഗ്നിയിൽ ചാരമായി കഴിഞ്ഞു. ജയ് ഭോലേനാഥ് ഭം ഭോലേ ജയ് ജഗന്നാഥ്... റബ്-ഇൽ-ആലിമീൻ. ഞാൻ മടങ്ങിപ്പോകുന്നു. ശ്രീഗുരു എന്നെ അനുഗ്രഹിക്കൂ."

ശൂന്യമായ സ്ഥലത്ത് ഉജ്ജ്വലമായ പ്രകാശം വെട്ടിത്തിളങ്ങിക്കൊണ്ടിരുന്ന ഭാഗത്തുനിന്നും ശ്രീഗുരുബാബായുടെ മധുരമായ സ്വരം കേട്ടു: "മധു! ശ്രീ മധു!...

ഞാൻ എല്ലായ്പോഴും നിന്റെ കൂടെ ഉണ്ട്. എന്റെ ഉള്ളിലെ അഗ്നിയിലെ ഒരു സ്ഫുലിംഗമാണ് നീ. ശാന്തിയും ആനന്ദവും നിന്നോടൊപ്പം എല്ലായ്പോഴും ഉണ്ടായിരിക്കും."

ഞാൻ അദ്ദേഹത്തിന്റെ പാദങ്ങളിൽ നമസ്കരിച്ചു. അപ്പോൾ ശ്രീ ഗുരുഭ്യോ നമഃ എന്ന മന്ത്രം ചൊല്ലിക്കൊണ്ടിരുന്നു. പെട്ടെന്ന് ഞാൻ എന്റെ ശരീരത്തിലേക്കു തിരിച്ചുവന്നു. ആ സമയത്ത് ഞാൻ കൂടാരത്തിനുള്ളിൽ പത്മാസനത്തിൽ ഇരിക്കുകയായിരുന്നു. ഞാൻ കൈയിൽ കെട്ടിയിരുന്ന വാച്ചിലേക്ക് നോക്കി. സമയം രാത്രി പന്ത്രണ്ട് അടിച്ച് ഒരു മിനിട്ടായിരുന്നു. ഈ അനുഭവങ്ങളെല്ലാം ഉണ്ടായത് ഭൂമിയിലെ സമയപ്രകാരം ഒരു മിനിട്ടിനുള്ളിൽ ആയിരുന്നു.

പെട്ടെന്നുണ്ടായ തലവേദന കാരണം തല കുടുങ്ങുന്നതുപോലെ തോന്നി. എന്റെ മൂക്കിലൂടെ ധാരാളമായി രക്തമൊഴുകി. രക്തം തുടച്ചുകളയാൻവേണ്ടി ഞാൻ എന്റെ എല്ലാ ടവ്വലുകളും ഉപയോഗിച്ചു. രക്തമൊഴുക്ക് നിലച്ചപ്പോൾ എന്റെ തലവേദന ശമിച്ചു. എന്റെ ശിരസ്സിലേക്കു പ്രവഹിച്ച രക്തം മുഴുവൻ വാർന്നുപോയതുകൊണ്ടാകാം തലവേദന ശമിച്ചതെന്നു വിചാരിച്ചു. ഞാൻ വാട്ടർബോട്ടിലിൽ സൂക്ഷിച്ചിരുന്ന വെള്ളംകൊണ്ട് മൂക്കും മുഖവും നന്നായി കഴുകി. കാലുകൾ നിവർത്തി. വീണ്ടും കാലുകൾ മടക്കി പത്മാസനത്തിൽ ഇരുന്നു. ഞാൻ അഗാധമായ ധ്യാനത്തിൽ മുഴുകി. ചെറിയ കുതിരകളും ടിബറ്റൻ കാളകളും ഉൾപ്പെടെ എല്ലാവരും എനിക്കു ചുറ്റും ഉള്ളതുപോലെ തോന്നി.

രാവിലെ യാത്ര തുടർന്നു. കാൽനടയായി സഞ്ചരിച്ച് മാനസസരോവറിൽ എത്തി. ഞങ്ങളുടെ കൂട്ടത്തിലൊരാൾക്ക് കുതിരപ്പുറത്തുനിന്നും വീണ് വാരിയെല്ലിലും നട്ടെല്ലിലും ചെറിയ മുറിവേറ്റതൊഴിച്ചാൽ പറയത്തക്ക വലിയ അപകടമൊന്നും ഉണ്ടായില്ല. നല്ല സുഹൃത്തായ ഡോക്ടർകൂടി ഞങ്ങളുടെ സംഘത്തിൽ ഉണ്ടായിരുന്നു. അദ്ദേഹത്തിനു നേരിയ ഉത്കണ്ഠ ഉണ്ടായിരുന്നു. ശ്രീഗുരുബാബായുടെ കൃപയാൽ അയാൾക്ക് ഒന്നും സംഭവിക്കുകയില്ലെന്ന് എനിക്ക് ഉറപ്പുണ്ടായിരുന്നു.

അൻപത്

യാത്ര തുടരുന്നു

ഇത് അവസാനത്തെ അദ്ധ്യായമാണ്. ഇതിനു ദൈർഘ്യം തീരെ കുറവായിരിക്കും. ഈ അദ്ധ്യായം എഴുതുന്നത് ഹരിദ്വാറിലെ എന്റെ കൂടാരത്തിൽ ഇരുന്നുകൊണ്ടാണ്. ഇവിടെനിന്നും വളരെ ദൂരെയല്ല തണുത്ത ഗംഗാജലം ഒഴുകിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ എൺപത്തഞ്ചോളംപേർ വരുന്ന ഒരു വലിയ സംഘമായിട്ടാണ് പൂർണ്ണ കുംഭമേളയിൽ പങ്കെടുക്കാൻ വേണ്ടി ഇവിടെ വന്നിരിക്കുന്നത്. പന്ത്രണ്ടു വർഷത്തിൽ ഒരിക്കലാണ് പൂർണ്ണ കുംഭമേള ആഘോഷിക്കുന്നത്. പൂർണ്ണ കുംഭമേളയിൽ പങ്കെടുക്കുന്നതിനു വേണ്ടി ഭാരതത്തിന്റെ നാനാഭാഗത്തുനിന്നും നൂറുകണക്കിനു പുണ്യാത്മാക്കളും സന്ന്യാസിമാരും ഇവിടെ എത്തുന്നു. അവരെ കാണുന്നതിനും അവരിൽനിന്നും അനുഗ്രഹങ്ങൾ വാങ്ങുന്നതിനും പുണ്യനദിയിൽ സ്നാനം ചെയ്യുന്നതിനും ആയിരക്കണക്കിന് ആളുകളാണ് എത്തിച്ചേരുന്നത്. ഞങ്ങളുടെ ക്യാമ്പ് സ്ഥിതിചെയ്യുന്നത് മേളയുടെ തിക്കും തിരക്കും ബഹളവും ഇല്ലാത്ത ശാന്തമായ ഒരിടത്താണ്. എന്നിരുന്നാലും ഞങ്ങൾക്കു വേണമെന്നു തോന്നിയാൽ അപ്പോൾ ഇവിടെനിന്നും കുറച്ചു നടന്നുചെന്ന് മേളയിലെ പരിപാടികളിലെല്ലാം പങ്കെടുക്കാൻ കഴിയും.

ഞാൻ ആത്മകഥ ഇവിടെ അവസാനിപ്പിക്കുകയാണ്. എല്ലാവരോടും നന്ദി പ്രകടിപ്പിക്കുന്നതിനുമുമ്പ് ഞാൻ ചില പ്രധാനപ്പെട്ട കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുന്നു. ഞാൻ ഇതു പറയുന്നത് പവിത്രാഗ്നി ധൂനിയെയും ജഗദീശ്വരനെയും സാക്ഷിയാക്കിക്കൊണ്ടാണ്.

ഞാൻ എന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുള്ള കാര്യങ്ങളോട് വസ്തുതാപരമായി യോജിപ്പില്ലാത്തതും, യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് എന്നെ മഹത്ത്വവത്കരിക്കാൻ ശ്രമിക്കുന്നതുമായ എന്റെ ഏതെങ്കിലും ജീവചരിത്രം എന്റെ കാലശേഷം പുറത്തിറങ്ങുകയാണെങ്കിൽ നിങ്ങൾ അതിനെ ഒരു ആധികാരികമായ കൃതിയായി അംഗീകരിക്കരുത്.

മറ്റൊരു പ്രധാനകാര്യംകൂടി പറയട്ടെ. ഞാൻ നാളിതുവരെ ആരെയും എന്റെ ആദ്ധ്യാത്മിക പിൻഗാമിയായി തിരഞ്ഞെടുത്തിട്ടില്ല. എന്നോട് വളരെ അടുത്തു കഴിയുന്ന ആത്മാർത്ഥതയും പ്രതിബദ്ധതയും ഉള്ള പലരും ഉണ്ട്. എന്നാൽ വമ്പിച്ച ചുമതലകൾ ഏറ്റെടുക്കാൻ സന്നദ്ധതയുള്ള ആരെയും എനിക്ക് ഇതുവരെയും കാണാൻ കഴിഞ്ഞിട്ടില്ല. ഒരുപക്ഷേ, അവരിൽനിന്നും ആരെങ്കിലും അതിനുവേണ്ടതായ കഴിവുകൾ വികസിപ്പിച്ചേക്കാം. അല്ലെങ്കിൽ ഇന്ന് എന്നോടൊപ്പം ഉള്ള ചിലരെപ്പോലെ എന്നോട് പൂർവ്വജന്മബന്ധമുള്ള പക്വതയാർന്ന ഒരാൾ ആവിർഭവിച്ചേക്കാം. ഞാൻ ക്ഷമയോടെ കാത്തിരിക്കും. സമയമാകുമ്പോൾ ഞാൻ വ്യക്തമായ സൂചനകൾ നല്കാം.

എന്റെ ആദ്ധ്യാത്മിക പിൻഗാമിയെ സംബന്ധിക്കുന്ന ചില വസ്തുതകൾ വ്യക്തമാക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലും കാരണവശാൽ ഞാൻ ജീവിച്ചിരിക്കുമ്പോൾ എന്റെ ആദ്ധ്യാത്മിക പിൻഗാമിയായി ആരുടെയും പേര് നിർദ്ദേശിച്ചിട്ടില്ലെങ്കിൽ ഞാൻ എന്റെ സുഹൃത്തുക്കൾക്ക് മുന്നറിയിപ്പ് നല്കുന്നു. ഞാൻ സ്വപ്നത്തിൽ ദർശനം നല്കി പിൻഗാമി ആക്കി എന്ന് അവകാശപ്പെട്ടുകൊണ്ട് ഏതെങ്കിലും പുരുഷനോ സ്ത്രീയോ, ശക്തമായ ഭാഷയിലൂടെ യോഗ്യതകൾ നിരത്തി അവകാശവാദം ഉന്നയിച്ചെന്നു വരാം. നിരർത്ഥകങ്ങളായ അവകാശവാദങ്ങളുമായി മുന്നോട്ടുവരുന്നവരെ വിശ്വസിക്കരുത്. എന്റെ ആശയം വ്യക്തമാക്കാനും ജനങ്ങൾക്ക് നിർദ്ദേശം നല്കാനും ഇത്തരം മാധ്യമങ്ങൾ ഒരിക്കലും സ്വീകരിക്കുകയില്ലെന്ന് ഞാൻ ഇതിലൂടെ പ്രഖ്യാപിക്കുന്നു.

സത്സംഗ് ഫൗണ്ടേഷനിലും അതിന്റെ സ്കൂളുകളിലും ഭരണപരമായ ചുമതലകൾ വഹിക്കുന്നത് ആത്മാർത്ഥതയും കഴിവും ഉള്ള സുമനസ്സുകളാണ്. ഞാൻ അന്തരിക്കുന്നതിനുമുമ്പ് അവരിൽ ആരെയെങ്കിലും എന്റെ ഏക പിൻഗാമി എന്ന് ദൃഢമായി ഉദ്ഘോഷിച്ചിട്ടില്ലെങ്കിൽ ആർക്കുംതന്നെ യാതൊരു പരിതഃസ്ഥിതിയിലും എന്റെ പിൻഗാമി എന്ന് അവകാശപ്പെടാൻ കഴിയുകയില്ല.

ഇത്രയും പറഞ്ഞുകൊണ്ട്, ബാബാജിയുടെ പദ്ധതി പ്രാവർത്തികമാക്കാൻ എന്നെ സഹായിച്ച എല്ലാവരോടും ഞാൻ കൃതജ്ഞത പ്രകടിപ്പിക്കുന്നു.

ആദ്യമായി ഞാൻ എന്റെ അമ്മയോടും അച്ഛനോടും കൃതജ്ഞത പറയുന്നു. അവർ എനിക്കു ജന്മം നല്കി. അതിനാൽ എനിക്ക് വിധിക്കപ്പെട്ട കർമ്മങ്ങൾ ചെയ്യാൻ കഴിഞ്ഞു. അവരെ എന്റെ ആദ്യത്തെ ദാതാക്കൾ എന്നു വിശേഷിപ്പിക്കുന്നു. വെറിപിടിച്ച എന്നെപ്പോലെയുള്ള ഒരു ഭർത്താവിന്റെ വിലക്ഷണ പ്രകൃതങ്ങളൊക്കെ സഹിച്ച് എന്നോടൊപ്പം ജീവിച്ച ഭാര്യയ്ക്കും നന്ദി പറയുന്നു. എന്നെ മനസ്സിലാക്കുകയും എന്റെ വിചിത്രമായ സ്വഭാവങ്ങളോട് അനുകമ്പ കാണിക്കുകയും ചെയ്ത മക്കളോടും ഞാൻ കടപ്പെട്ടിരിക്കുന്നു. എന്റെ കുട്ടിക്കാലം മുതൽ ഇന്നോളം ആദ്ധ്യാത്മികമായും ലൗകികമായും എന്റെ എല്ലാ പ്രവർത്തനങ്ങളിലും നിസ്സ്വാർത്ഥമായി സഹായിച്ച എല്ലാ ദാതാക്കളോടും ഞാൻ നന്ദി പറയുന്നു.

ഇവരോടൊപ്പംതന്നെ, അജ്ഞാതരായ എത്രയോ ആളുകൾ നിശ്ശബ്ദരായി എന്നെ സഹായിച്ചിട്ടുണ്ട്. എല്ലാവർക്കും എന്റെ സാഷ്ടാംഗ പ്രണാമങ്ങൾ. അങ്ങേയറ്റത്തെ വിനയത്തോടുകൂടി, ഞാൻ ശിരസ്സ് നമിച്ച് എല്ലാവരുടെയും പാദങ്ങൾ ചുംബിക്കുന്നു. ശ്രീ ഗുരു എല്ലാവരിലും കാരുണ്യം വർഷിക്കട്ടെ.

ഇവിടെ ആത്മകഥ അവസാനിക്കുന്നു. എന്നാൽ ഇത് ആനന്ദദായകമായ ഒരു ആദ്ധ്യാത്മികയാത്രയുടെ തുടക്കമാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

ശ്രീ എം തിരുവനന്തപുരത്തു ജനിച്ചു പത്തൊമ്പതര വയസ്സിൽ അപരിചിതനായ ഒരു സന്ന്യാസിയിൽ ആകൃഷ്ടനായും ഹിമാലയ യാത്രയ്ക്കുള്ള വ്യഗ്രത പിടിച്ചുനിർത്താനാകാതെയും വീടു വിട്ടിറങ്ങി.

ബദരിനാഥക്ഷേത്രത്തിനുമപ്പുറം വ്യാസ ഗുഹയിൽ വച്ച് അദ്ദേഹം തന്റെ ഗുരു നാഥനെ കണ്ടെത്തി. മഞ്ഞുമൂടിയ ഹിമാലയൻ മലനിരകളിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചുകൊണ്ട് അദ്ദേഹത്തോടൊപ്പം മൂന്നര വർഷം കഴിച്ചുകൂട്ടി. ഗുരുനാഥൻ മഹേശ്വരനാഥബാബാജിയിൽനിന്നും കിട്ടിയ പാഠങ്ങൾ അദ്ദേഹത്തിന്റെ ബോധമനസ്സിനെ പൂർണ്ണമായും മാറ്റിമറിച്ചു.

ഗുരുനാഥന്റെ നിർദേശാനുസരണം സാമൂഹ്യപരമായ കടമകൾ നിറവേറ്റാനായി തിരിച്ചു സാധാരണ ജീവിതത്തിലേക്കു മടങ്ങി. ഒരു സാധാരണക്കാരനായി ജീവിക്കുകയും ഉപജീവനത്തിനായി ജോലികളിലേർപ്പെടുകയും ചെയ്തു. അതേസമയംതന്നെ താൻ പഠിച്ചതും അനുഭവിച്ചതുമായ കാര്യങ്ങൾ മറ്റുള്ളവർക്ക് പകർന്നുനൽകാൻ തയ്യാറാകുകയും ചെയ്തു. ഇന്ന് അദ്ദേഹം ലോകം മുഴുവൻ സഞ്ചരിച്ച് തന്റെ അനുഭവവും അറിവും പങ്കുവയ്ക്കുന്നു.

ഉൾക്കാമ്പറിയൂ, സിദ്ധാന്തങ്ങൾ കൊണ്ട് പ്രയോജനമില്ല എന്ന് പലപ്പോഴും പറയുന്ന ശ്രീ എം മിക്കവാറും എല്ലാ മതതത്ത്വങ്ങളിലും അവഗാഹമുള്ള ആളാണ്.

വിവാഹിതനും രണ്ടു കുട്ടികളുടെ പിതാവുമായ ശ്രീ എം, സത്സംഗ് ഫൗണ്ടേഷന് നേതൃത്വം നൽകുകയും അധ്യാപകനായി ലളിതജീവിതം നയിക്കുകയും ചെയ്യുന്നു.

www.satsang.foundation.org
e-mail: misterm@gmail.com



ഗുരുസമക്ഷം

ഒരു ഹിമാലയൻ യോഗിയുടെ ആത്മകഥ

ശ്രീ എം

ഇന്ത്യയുടെ തെക്കേ തീരത്തുനിന്നും വിസ്മയാനുഭൂതികൾ നിറഞ്ഞ ഹിമാലയൻ കൊടുമുടികളിലെത്തി തന്റെ മഹാഗുരുനാഥനെ കണ്ടെത്തിയ യുവാവിന്റെ വിസ്മയകരമായ യാത്ര.

Apprenticed to a Himalayan Master - A Yogi's Autobiography എന്ന പ്രശസ്ത കൃതിയുടെ വിവർത്തനം

വിവർത്തനം: ഡി. തങ്കപ്പൻനായർ

കവർ ഡിസൈൻ: ഡി സി ഡിസൈൻ സ്റ്റുഡിയോ

ഡി സി ബുക്സ്

www.dcbooks.com

00014

ISBN 81-264-0343-3

ആത്മകഥ

₹ 399